©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ
# സംബന്ധിച്ച സമിതി
# (2023-2026)

## മൂന്നാമത് റിപ്പോർട്ട്

(2024 ജൂലൈ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[1-1-2022 മുതൽ 31-12-2022 വരെ സമിതി പരിഗണിച്ച ഉറപ്പുകളും ഉറപ്പുകളിന്മേൽ സർക്കാർ സമർപ്പിച്ച നടപടി റിപ്പോർട്ടുകളും അധിക വിവര റിപ്പോർട്ടുകളും സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2023-2026)

## മൂന്നാമത് റിപ്പോർട്ട്

(2024 ജൂലൈ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[1-1-2022 മുതൽ 31-12-2022 വരെ സമിതി പരിഗണിച്ച ഉറപ്പുകളും ഉറപ്പുകളിന്മേൽ സർക്കാർ സമർപ്പിച്ച നടപടി റിപ്പോർട്ടുകളും അധിക വിവര റിപ്പോർട്ടുകളും സംബന്ധിച്ച്]

966/2024.

# ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | .. | v |
| ആമുഖം | | | .. | vii |
| അദ്ധ്യായം | : I | റിപ്പോർട്ട് | .. | 1 |
| അനുബന്ധം | : I | പതിനാലാം കേരള നിയമസഭയുടെ പതിനെട്ട്, പത്തൊൻപത്, ഇരുപത്തി രണ്ട് സമ്മേളനങ്ങളിലും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് സമ്മേളനങ്ങളിലും മന്ത്രിമാർ നൽകിയ ഉറപ്പുകൾ. | .. | 9 |
| | II | പതിമൂന്ന്, പതിനാല് എന്നീ കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ . | .. | 191 |
| | III | പതിമൂന്നാം കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അധികവിവര റിപ്പോർട്ടുകൾ. | .. | 849 |
| | IV | പതിമൂന്ന്, പതിനാല്, പതിനഞ്ച് കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽനിന്നും നടപടി റിപ്പോർട്ടുകൾ ലഭിക്കുവാനുള്ള ഉറപ്പുകളുടെ പട്ടിക | .. | 981 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2023-2026)

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. കെ. പി. എ. മജീദ്, എം.എൽ.എ.

<u>അംഗങ്ങൾ :</u>

ശ്രീ. കെ. ആൻസലൻ, എം.എൽ.എ.

ശ്രീ. ആന്റണി ജോൺ, എം.എൽ.എ.

ശ്രീ. പി. വി. അൻവർ, എം.എൽ.എ.

ഡോ. എൻ. ജയരാജ്, എം.എൽ.എ.

ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ജ്യോതി എൽ., ജോയിന്റ് സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

# ആമുഖം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2023-2026)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനെട്ട്, പത്തൊൻപത്, ഇരുപത്തിരണ്ട് സമ്മേളനങ്ങളിലും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് സമ്മേളനങ്ങളിലും മന്ത്രിമാർ നൽകിയ ഉറപ്പുകൾ, പതിമൂന്ന്, പതിനാല് കേരള നിയമസഭകളുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ, പതിമൂന്നാം കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച അധിക വിവര റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ഉറപ്പുകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സമിതി നൽകിയ ശിപാർശകളും നിർദേശങ്ങളും റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.

2024 ജൂലൈ മാസം 1-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. പി. എ. മജീദ്,
അദ്ധ്യക്ഷൻ,
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 4.

## റിപ്പോർട്ട്

പതിനഞ്ചാം കേരള നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2021-2023) 2021 ജൂൺ 15-ന് നിലവിൽ വരുകയും 15-12-2023-ന് പുനഃസംഘടിപ്പിക്കുകയും ചെയ്യുകയുണ്ടായി. സമിതിയുടെ 1-1-2022 മുതൽ 31-12-2022 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളുടെ വിവരണമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ സമിതി രണ്ട് ജില്ലാ സന്ദർശന യോഗങ്ങളും അഖിലേന്ത്യാ പഠന പര്യടനവും ഉൾപ്പെടെ 24 യോഗങ്ങൾ ചേരുകയുണ്ടായി. അഖിലേന്ത്യാ പഠന പരിപാടിയുടെ ഭാഗമായി സമിതി ആൻഡമാൻ ആൻഡ് നിക്കോബാർ, ഒഡീഷ, പശ്ചിമബംഗാൾ എന്നിവിടങ്ങൾ സന്ദർശിച്ചു. സമിതി യോഗങ്ങളിലെ ശരാശരി ഹാജർനില 71% ആയിരുന്നു. സമിതി യോഗങ്ങളിൽ പതിനാലാം കേരള നിയമസഭയുടെ പതിനെട്ട്, പത്തൊൻപത്, ഇരുപത്തിരണ്ട് സമ്മേളനങ്ങളിലും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് സമ്മേളനങ്ങളിലും സഭാതലത്തിൽ മന്ത്രിമാർ നൽകിയ ഉറപ്പുകൾ പരിശോധിക്കുകയും അവ കരട് ഉറപ്പുകളായി അംഗീകരിച്ച് തുടർനടപടികൾക്കായി സർക്കാരിലേക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ പതിമൂന്ന്, പതിനാല് കേരള നിയമസഭകളുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ പരിശോധിച്ച് തൃപ്തികരമായവ അംഗീകരിക്കുകയും തുടർനടപടികൾ ആവശ്യമുള്ളതിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2) അനൗദ്യോഗിക പ്രമേയങ്ങൾ, അനൗദ്യോഗിക ബില്ലുകൾ എന്നിവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഒഴികെ മന്ത്രിമാർ സഭാതലത്തിൽ നൽകുന്ന ഉറപ്പുകൾ, വാഗ്ദാനങ്ങൾ മുതലായവ എത്രമാത്രം നടപ്പിലാക്കിയിട്ടുണ്ടെന്നും നടപ്പിലാക്കിയിട്ടുള്ള പക്ഷം ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെയാണോ അവ നടപ്പാക്കിയിട്ടുള്ളതെന്നും സമിതി പരിശോധിക്കുകയുണ്ടായി.

3) ഉറപ്പുകൾ നടപ്പിലാക്കുന്നതിൽ ഒഴിവാക്കാമായിരുന്ന കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുമ്പോൾ അലംഭാവവും ഉദാസീനതയും നിഷേധാത്മക സമീപനങ്ങളും ബന്ധപ്പെട്ട ചില വകുപ്പുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതായി പലപ്പോഴും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവണതയ്ക്കെതിരെ മുൻകാല സമിതികൾ കർശന നിലപാട് സ്വീകരിച്ചിരുന്നുവെങ്കിലും ഉറപ്പുകൾ നടപ്പാക്കുന്നതിൽ നാളിതുവരെയും ആശാവഹമായ പുരോഗതി ഉണ്ടായതായി കാണുന്നില്ല. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വർഷങ്ങൾ കഴിഞ്ഞാലും ബന്ധപ്പെട്ട വകുപ്പുകൾ കാര്യക്ഷമമായ മേൽനടപടികൾ സ്വീകരിച്ചുവരുന്നില്ല എന്നും കാണുന്നു. പല സന്ദർഭങ്ങളിലും ബന്ധപ്പെട്ട വകുപ്പുകൾ തുടർനടപടി സ്വീകരിച്ചാൽ തന്നെ അത് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം

സമിതിയ്ക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്നതായും കാണുന്നു. ഇത്തരം നടപടികൾ വിഷയങ്ങളുടെ കാലിക പ്രസക്തി നഷ്ടപ്പെടുത്തുന്നതിനോടൊപ്പം സമിതിയുടെ സുഗമമായ പ്രവർത്തനത്തെയും തടസ്സപ്പെടുത്തുന്നു. ഇക്കാര്യം സമിതിയുടെ വിവിധ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും അതിന്മേൽ നാളിതുവരെയും നടപടികൾ ഉണ്ടായിട്ടില്ലെന്ന വസ്തുത എടുത്തുപറയുവാൻ സമിതി ആഗ്രഹിക്കുന്നു.

4) നിയമസഭയിൽ നൽകുന്ന ഉറപ്പുകൾക്ക് അതിന്റേതായ ഗൗരവം നൽകി നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ നടപ്പാക്കണമെന്നും നടപ്പിലാക്കിയ വിവരം മറുപടി റിപ്പോർട്ടായി യഥാസമയം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടോയെന്ന് പരിശോധിക്കണമെന്നും ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5) പലപ്പോഴും താൽക്കാലിക മറുപടി നൽകിയ ശേഷം അന്തിമ മറുപടി നൽകാതിരിക്കുന്ന പ്രവണത പല വകുപ്പുകളുടെയും ഭാഗത്തുനിന്നും ഉണ്ടാകാറുണ്ട്. ഇത് തീർത്തും നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്ന വസ്തുത എടുത്ത് പറയുന്നതോടൊപ്പം ഉറപ്പുകൾ സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കണമെന്നും ഉറപ്പുകൾ നടപ്പാക്കുന്നതിൽ പ്രായോഗികമായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ അക്കാര്യം അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6) 13-7-2021 മുതൽ 31-12-2021 വരെ സമിതി പരിഗണിച്ച ഉറപ്പുകളും ഉറപ്പുകളിന്മേൽ സർക്കാർ സമർപ്പിച്ച നടപടി റിപ്പോർട്ടുകളും അധികവിവര റിപ്പോർട്ടുകളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 28-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

7) കൂടാതെ പതിമൂന്നാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ 'മാലിന്യമുക്ത കേരളം പദ്ധതി' സംബന്ധിച്ച് 162-ാം നമ്പർ ഉറപ്പിനെ അടിസ്ഥാനമാക്കി ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2019-2021) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം എന്ന വിഷയം പഠനവിധേയമാക്കി നിയമസഭയിൽ ഒരു പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുവാൻ തീരുമാനിച്ചത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം മെച്ചപ്പെടുത്തുവാനുള്ള പദ്ധതികളിൽ കുടുംബശ്രീ, വിവിധ സന്നദ്ധസംഘടനകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വിവിധ വകുപ്പുകൾ സ്വീകരിച്ചു വരുന്ന നടപടികൾ നേരിട്ട് വിലയിരുത്തുന്നതിനും സമിതി (2019-2021) കോവളം, അതിരപ്പിള്ളി, ആലപ്പുഴ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ചിരുന്നു. തുടർന്ന് 2021 ജൂൺ 15-ന് പുനഃസംഘടിപ്പിക്കപ്പെട്ട നിലവിലെ സമിതി (2021-2023) വയനാട്, മൂന്നാർ, കുമരകം തുടങ്ങിയ വിനോദസഞ്ചാരകേന്ദ്രങ്ങൾ

സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുമുണ്ടായി. ഇതു സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ട് (സമിതിയുടെ രണ്ടാമത് റിപ്പോർട്ട്) 2023 സെപ്റ്റംബർ 13-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

8) പതിനാലാം കേരള നിയമസഭയുടെ പതിനെട്ട്, പത്തൊൻപത്, ഇരുപത്തിരണ്ട് സമ്മേളനങ്ങളിലും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് സമ്മേളനങ്ങളിലും മന്ത്രിമാർ നൽകിയ ഉറപ്പുകൾ സമിതി പരിശോധിക്കുകയുണ്ടായി. മത്സ്യബന്ധന തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട 27 ഉറപ്പുകൾ, വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട 26 ഉറപ്പുകൾ, ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട 24 ഉറപ്പുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട 20 ഉറപ്പുകൾ, കൃഷി, സഹകരണം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 16 വീതം ഉറപ്പുകൾ, ഊർജ്ജ വകുപ്പുമായി ബന്ധപ്പെട്ട 15 ഉറപ്പുകൾ, ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 14 ഉറപ്പുകൾ, വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട 13 ഉറപ്പുകൾ, തൊഴിലും നൈപുണ്യവും വകുപ്പുമായി ബന്ധപ്പെട്ട 11 ഉറപ്പുകൾ, വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട 10 ഉറപ്പുകൾ, പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട 9 ഉറപ്പുകൾ, ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട 8 ഉറപ്പുകൾ, ആരോഗ്യ-കുടുംബക്ഷേമം, വിവരസാങ്കേതികവിദ്യ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് 6 വീതം ഉറപ്പുകൾ, ധനകാര്യം, പൊതുമരാമത്ത്, കായിക യുവജനകാര്യം, ആഭ്യന്തരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് 5 വീതം ഉറപ്പുകൾ, ഗതാഗതം, നികുതി, വനിതാശിശുവികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് 4 വീതം ഉറപ്പുകൾ, തദ്ദേശസ്വയംഭരണം, സാംസ്കാരികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് 3 വീതം ഉറപ്പുകൾ, ഭവനനിർമ്മാണം, പിന്നാക്കവിഭാഗ വികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് 2 വീതം ഉറപ്പുകൾ, സാമൂഹ്യനീതി, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, പരിസ്ഥിതി, പൊതുഭരണം, നിയമം, ആസൂത്രണ സാമ്പത്തികകാര്യം, ശാസ്ത്രസാങ്കേതികം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ഓരോ ഉറപ്പുകൾ എന്ന ക്രമത്തിൽ ആകെ 286 ഉറപ്പുകൾ വിവിധ യോഗങ്ങളിലായി സമിതി അംഗീകരിക്കുകയും തുടർനടപടി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലേക്കായി അതത് വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉറപ്പുകളുടെ പട്ടിക റിപ്പോർട്ടിൽ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

9) പതിമൂന്ന്, പതിനാല്, പതിനഞ്ച് നിയമസഭകളുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി പരിശോധിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമായ 81 നടപടി റിപ്പോർട്ടുകൾ, തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ 61 നടപടി റിപ്പോർട്ടുകൾ, റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായ 43 നടപടി റിപ്പോർട്ടുകൾ, കൃഷി വകുപ്പിൽ നിന്നും ലഭ്യമായ 38 നടപടി റിപ്പോർട്ടുകൾ, പൊതുമരാമത്ത്, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 30 വീതം നടപടി

റിപ്പോർട്ടുകൾ, വ്യവസായ വകുപ്പിൽ നിന്നും ലഭ്യമായ 29 നടപടി റിപ്പോർട്ടുകൾ, നികുതി, ആഭ്യന്തരം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 27 വീതം നടപടി റിപ്പോർട്ടുകൾ, പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 26 നടപടി റിപ്പോർട്ടുകൾ, തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്നും ലഭ്യമായ 22 നടപടി റിപ്പോർട്ടുകൾ, ഭക്ഷ്യ-പൊതുവിതരണം, മത്സ്യബന്ധന തുറമുഖം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 21 വീതം നടപടി റിപ്പോർട്ടുകൾ, ജലവിഭവം, സാമൂഹ്യനീതി എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 20 വീതം നടപടി റിപ്പോർട്ടുകൾ, ധനകാര്യം, ഗതാഗതം, വിനോദസഞ്ചാരം, ഊർജ്ജം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 11 വീതം നടപടി റിപ്പോർട്ടുകൾ, സാംസ്കാരികകാര്യം, സഹകരണം, കായിക യുവജനകാര്യം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 10 വീതം നടപടി റിപ്പോർട്ടുകൾ, പ്രവാസി കേരളീയകാര്യ വകുപ്പിൽ നിന്നും ലഭ്യമായ 6 നടപടി റിപ്പോർട്ടുകൾ, ഭവനനിർമ്മാണ വകുപ്പിൽ നിന്നും ലഭ്യമായ 4 നടപടി റിപ്പോർട്ടുകൾ, വനം-വന്യജീവി, പരിസ്ഥിതി, വിവര സാങ്കേതിക വിദ്യ, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 3 വീതം നടപടി റിപ്പോർട്ടുകൾ, വിവരപൊതുജനസമ്പർക്കം, പൊതുഭരണം, ആസൂത്രണ സാമ്പത്തികകാര്യം, വിജിലൻസ്, ശാസ്ത്ര സാങ്കേതികം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ 2 വീതം നടപടി റിപ്പോർട്ടുകൾ, പിന്നാക്ക സമുദായക്ഷേമം, നിയമം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ ഓരോ നടപടി റിപ്പോർട്ടുകൾ വീതം എന്ന ക്രമത്തിൽ ആകെ 618 നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

10) കൂടാതെ മുൻ സമിതികൾ ആവശ്യപ്പെട്ടിരുന്ന പ്രകാരം വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ അധിക വിവര റിപ്പോർട്ടുകളും സമിതി പരിശോധിക്കുകയുണ്ടായി. കൃഷി വകുപ്പിൽ നിന്ന് ലഭ്യമായ 10 അധികവിവര റിപ്പോർട്ടുകൾ, തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്ന് ലഭ്യമായ 6 അധികവിവര റിപ്പോർട്ടുകൾ, ഊർജ്ജ വകുപ്പിൽ നിന്ന് ലഭ്യമായ 4 അധികവിവര റിപ്പോർട്ടുകൾ, തദ്ദേശസ്വയംഭരണം, ഭക്ഷ്യ-പൊതുവിതരണം എന്നീ വകുപ്പുകളിൽ നിന്ന് ലഭ്യമായ 3 വീതം അധികവിവര റിപ്പോർട്ടുകൾ, വനം-വന്യജീവി, ഭവനനിർമ്മാണം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്ന് ലഭ്യമായ 2 വീതം അധികവിവര റിപ്പോർട്ടുകൾ, പരിസ്ഥിതി, ആരോഗ്യകുടുംബക്ഷേമം, ഉന്നതവിദ്യാഭ്യാസം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, വിവര സാങ്കേതികവിദ്യ, കായികം, റവന്യൂ, ധനകാര്യം, മത്സ്യബന്ധന-തുറമുഖം, ആഭ്യന്തരം, പ്രവാസികേരളീയകാര്യം, ആസൂത്രണ സാമ്പത്തികകാര്യം എന്നീ വകുപ്പുകളിൽ നിന്ന് ലഭ്യമായ ഓരോ അധികവിവര റിപ്പോർട്ടുകൾ എന്ന ക്രമത്തിൽ ആകെ 44 അധിക വിവര റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അധിക വിവര റിപ്പോർട്ടുകൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

11) പതിമൂന്നാം കേരള നിയമസഭ കാലയളവിലെ 190 ഉറപ്പുകളിന്മേലും പതിനാലാം കേരള നിയമസഭ കാലയളവിലെ 326 ഉറപ്പുകളിന്മേലുമുള്ള നടപടി റിപ്പോർട്ടുകളും പതിനാലാം കേരള നിയമസഭ കാലയളവിലെ 300 ഉറപ്പുകളിന്മേലുള്ള നടപടി റിപ്പോർട്ടുകളും സർക്കാരിൽ നിന്ന് ഇനിയും ലഭ്യമാകാനുണ്ട്. ഇത്തരത്തിൽ ഉറപ്പുകളിന്മേലുള്ള നടപടി റിപ്പോർട്ടുകളും അധിക വിവര റിപ്പോർട്ടുകളും ലഭ്യമാക്കുന്നതിൽ വിവിധ വകുപ്പുകൾ കാട്ടുന്ന അലംഭാവവും ഉദാസീനതയും സമിതിയുടെ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെ തന്നെ ദോഷകരമായി ബാധിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ആകയാൽ പ്രസ്തുത നടപടി റിപ്പോർട്ടുകളും അധിക വിവര റിപ്പോർട്ടുകളും അടിയന്തരമായി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12) ഒരു ജനാധിപത്യ സംവിധാനത്തിൽ ജനപ്രതിനിധികളുടെ ഏറ്റവും പ്രധാന അവകാശമാണ് ചോദ്യോത്തരവേള ഉൾപ്പെടെയുള്ള നിയമസഭാ നടപടികൾ. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ വിമർശനാത്മകമായി ഇടപെടുന്നതിനും ചോദ്യങ്ങൾ ഉന്നയിക്കുന്നതിനും പോരായ്മകൾ ചൂണ്ടിക്കാട്ടുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെങ്കിലും കുറവ് കാണപ്പെടുന്ന അവസരങ്ങളിൽ ഗവൺമെന്റിൽ നിന്ന് ജനോപകാരപ്രദമായ ഉറപ്പുകൾ നേടിയെടുക്കുന്നതിനും നിയമസഭാ നടപടികൾ ജനപ്രതിനിധികൾക്ക് അവസരം നൽകുന്നു. എന്നാൽ ഇത്തരം ഉറപ്പുകൾ യഥാസമയം പാലിക്കപ്പെടുന്നില്ലെങ്കിൽ അതിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുന്നു. നമ്മുടെ ജനാധിപത്യത്തിന്റെ ശക്തിയും ചൈതന്യവും നിലനിർത്തുന്നതിന്, ഉറപ്പുകൾ സംബന്ധിച്ച് മറുപടി നൽകുവാനുള്ള വകുപ്പുകൾ അത് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

**കെ. പി. എ. മജീദ്,**
അദ്ധ്യക്ഷൻ,
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 4.

# ഉറപ്പുകളുടെ പട്ടിക

| ക്രമ നം. | വകുപ്പ് | ഉറപ്പുകൾ |
|---|---|---|
| 1. | മത്സ്യബന്ധന-തുറമുഖ വകുപ്പ് | 27 |
| 2. | വ്യവസായ വകുപ്പ് | 26 |
| 3. | ജലവിഭവ വകുപ്പ് | 24 |
| 4. | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് | 20 |
| 5. | കൃഷിവകുപ്പ് | 16 |
| 6. | സഹകരണം വകുപ്പ് | 16 |
| 7. | റവന്യൂ വകുപ്പ് | 16 |
| 8. | ഊർജ്ജ വകുപ്പ് | 15 |
| 9. | ഭക്ഷ്യ-പൊതുവിതരണ വകുപ്പ് | 14 |
| 10. | വിനോദസഞ്ചാര വകുപ്പ് | 13 |

| | | |
|---|---|---|
| 11. | തൊഴിലും നൈപുണ്യവും വകുപ്പ് | 11 |
| 12. | വനം-വന്യജീവി വകുപ്പ് | 10 |
| 13. | പൊതുവിദ്യാഭ്യാസ വകുപ്പ് | 9 |
| 14. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 8 |
| 15. | ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് | 6 |
| 16. | വിവരസാങ്കേതികവിദ്യ വകുപ്പ് | 6 |
| 17. | ധനകാര്യ വകുപ്പ് | 5 |
| 18. | പൊതുമരാമത്ത് വകുപ്പ് | 5 |
| 19. | കായിക യുവജനകാര്യ വകുപ്പ് | 5 |
| 20. | ആഭ്യന്തര വകുപ്പ് | 5 |
| 21. | ഗതാഗത വകുപ്പ് | 4 |
| 22. | നികുതി വകുപ്പ് | 4 |

| | | |
|---|---|---|
| 23. | വനിതാശിശുവികസന വകുപ്പ് | 4 |
| 24. | തദ്ദേശസ്വയംഭരണ വകുപ്പ് | 3 |
| 25. | സാംസ്കാരികകാര്യ വകുപ്പ് | 3 |
| 26. | ഭവനനിർമ്മാണ വകുപ്പ് | 2 |
| 27. | പിന്നോക്കവിഭാഗ വികസന വകുപ്പ് | 2 |
| 28. | സാമൂഹ്യനീതി വകുപ്പ് | 1 |
| 29. | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് | 1 |
| 30. | പരിസ്ഥിതി വകുപ്പ് | 1 |
| 31. | പൊതുഭരണ വകുപ്പ് | 1 |
| 32. | നിയമ വകുപ്പ് | 1 |
| 33. | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 1 |
| 34. | ശാസ്ത്രസാങ്കേതിക വകുപ്പ് | 1 |

# അനുബന്ധം - I
# സമിതി അംഗീകരിച്ച ഉറപ്പുകളുടെ പട്ടിക

I. മത്സ്യബന്ധന-തുറമുഖവകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 12 | (എ) ഭൂപരിഷ്കരണ നിയമം കൊണ്ടുവന്ന് കൃഷിഭൂമി കൃഷിക്കാർക്ക് വിതരണം ചെയ്ത പോലെ കടലിന്റെ അവകാശം കടലിൽ മീൻപിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്ര പരിഷ്കരണ നിയമം നടപ്പിലാക്കുമോയെന്ന് അറിയിക്കാമോ;<br><br>(ബി) കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം, കടലിലേക്കുള്ള പ്രവേശനാധികാരം എന്നിവ മത്സ്യത്തൊഴലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടുള്ള നിയമനിർമ്മാണമായിരിക്കുമോ അതെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) കടൽ മത്സ്യവിഭവങ്ങളുടെ മേൽ മത്സ്യ തൊഴിലാളികൾക്ക് ഉടമസ്ഥാവകാശവും കടപ്പുറത്ത് വീട് വച്ച് താമസിക്കുന്നതിനും, കടലിൽ നിന്ന് മീൻ പിടിച്ച് ജീവിക്കുന്നതിനും മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവ കാശവും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ആദ്യ വില്പനാവകാശവും മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിടുന്ന രീതിയിൽ 'മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമത്തിന്റെ' കരട് തയ്യാറാക്കു ന്നതിനായി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടു ത്തി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി നിയമത്തിന്റെ കരട് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| 2 | 14/18 | 13 | ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് ഇനിയും ധനസഹായം നൽകുവാൻ ഉണ്ടെന്നിരിക്കെ മാർഗ്ഗനിർദ്ദേശപ്രകാരം കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നിരസിക്കുന്നത് പുനഃപരിശോധിക്കാമോ? | 'പുനർഗേഹം' പദ്ധതിയിൽ ഉൾപ്പെട്ട് മാർഗ്ഗ നിർദ്ദേശ പ്രകാരം മാറി താമസിക്കുവാൻ സന്നദ്ധരാകുന്ന എല്ലാ കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 3 | 14/19 | 2 | കേരളത്തിലെ ജലാശയങ്ങളിൽ ഹൗസ് ബോട്ടുകൾ മാലിന്യം നിറക്കുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | അനധികൃതമായി സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുന്നതിന് ഇൻലാൻഡ് വെസൽസ് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. |
| 4 | 14/19 | 3 | (സി) കടൽ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും അതിലൂടെ ജൈവ സമ്പത്തിനെ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾക്ക് കൂടുതൽ പരിഗണന നൽകുമോയെന്ന് അറിയിക്കാമോ? | (സി) കടൽ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും അതിലൂടെ ജൈവസമ്പത്തിനെ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ പുതിയാപ്പ ഹാർബർ ആസ്ഥാനമാക്കി കടൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും അവ റീസൈക്കിൾ ചെയ്ത് റോഡ് നിർമ്മാണത്തിന് ഉപയുക്തമാക്കുന്നതിനുള്ള 175 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി ലോകബാങ്കിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ, അഴിക്കൽ, മുനമ്പം ഹാർബറുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 5 | 14/22 | 4 | (ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പുനരധിവാസ പാക്കേജിന്റെ വിശദാംശം നൽകുമോ? | (ബി) തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സർവ്വേ പ്രകാരം കണ്ടെത്തിയിരുന്നു. കടലാക്രമണഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ |

| | | | | |
|---|---|---|---|---|
| | | | | ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 1350 കോടി രൂപ ഉൾപ്പെടെ 2450 കോടി രൂപയുടെ ബൃഹത് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 2020 ജനുവരിയിൽ ആരംഭിച്ച പദ്ധതി 3 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. തീരദേശത്ത് നിന്നും മാറി താമസിക്കുന്നതിന് തയ്യാറാക്കിയ 9904 കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി (DLAC) അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1562 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 962 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും ഭവന നിർമ്മാണം വിവിധ ഘട്ടത്തിലുമാണ്. |
| 6 | 14/22 | 21 | 2019, 2020 വർഷങ്ങളിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട് എന്ന വിവരം ജില്ലതിരിച്ച് വിശദമാക്കാമോ? | 2018-19-ലെ ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 200 FRP വള്ളങ്ങൾ നൽകുന്ന പദ്ധതിയും അതോടൊപ്പം ഓഖി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 120 FRP വള്ളങ്ങൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. |
| 7 | 14/22 | 25 | ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം സംസ്ഥാനത്തെ വൻകിടേതര തുറമുഖങ്ങളുടെ വികസനത്തിനായി നടത്തിയ പ്രവർത്തനം അറിയിക്കാമോ? | കണ്ണൂർ, അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുന്നതിന് ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാദ്ധ്യതാപഠനം, |

| | | | | |
|---|---|---|---|---|
| | | | | വിശദമായ പദ്ധതിരേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 105 മീറ്റർ ആയി വർദ്ധിപ്പിച്ചു. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് Techno - Economic Feasibility Report (TEFR)/Detailed Project Report (DPR) തയ്യാറാക്കുന്നതിന് Indian Port Rail Corporation Ltd. (ഐ.പി.ആർ.സി.എൽ.) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |
| 8 | 15/01 | 2 | (എ) സംസ്ഥാനത്ത് വൻകിട തുറമുഖങ്ങളുടെ വികസനത്തിനായി മുൻ സർക്കാർ നടത്തി വന്നിരുന്ന ഇടപെടലുകളും പ്രവർത്തനങ്ങളും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രവർത്തന പുരോഗതി അറിയിക്കുമോ;<br>(ഡി) വിവിധ ചെറുകിട തുറമുഖങ്ങളുടെ നിലവിലെ പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ? | (എ) കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/ റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് TEFR തയ്യാറാക്കുന്നതിന് Indian Port Rail Corporation Ltd |

| | | | | |
|---|---|---|---|---|
| | | | | (ഐ.പി.ആർ.സി.എൽ.) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞത്ത് രാജ്യാന്തര നിലവാരത്തിലുള്ള ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ നിർമ്മാണം പുരോഗമിക്കുന്നു. പാറ ലഭിക്കാനുള്ള ക്ഷാമമാണ് നിർമ്മാണത്തിനുള്ള പ്രധാന തടസ്സം. ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. കോവിഡ് മഹാ മാരിയും പ്രവർത്തനത്തെ തടസ്സപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ, അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുന്നതിന് ഒരു കമ്പനി രൂപീകരിച്ച് സാങ്കേതിക സാദ്ധ്യതാപഠനം നടത്തിവരുന്നു.<br>(ഡി) കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇത് സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. ബേപ്പൂർ തുറമുഖത്ത് ഒരു പുതിയ വാർഫ് നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം ചെന്നൈ IIT പൂർത്തിയാക്കിയിട്ടുണ്ട്. അതിനുള്ള DPR തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 9 | 15/02 | 9 | (എ) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (എ) സംഘം ശാക്തീകരണ പദ്ധതിയായ 'തീരോന്നതി' പ്രകാരം ക്ലാസിഫൈ ചെയ്ത അർഹതയുള്ള സംഘങ്ങൾക്ക് സെക്രട്ടറിയുടെ വേതനം, ഓഫീസ് വാടക നൽകുന്നതിനുള്ള ധന സഹായം, സ്വന്തമായി സ്ഥലമുള്ള സംഘങ്ങൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം, കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സഹായം എന്നിവ ഫിഷറീസ് വകുപ്പിൽ നിന്നും നൽകി വരുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ ഓട്ടോമേഷൻ നടപ്പിലാക്കുന്നതിനും ലേലം ശക്തിപ്പെടുത്തുന്നതിനുമായി മത്സ്യഫെഡ് തയ്യാറാക്കിയ പ്രൊജക്റ്റ് റിപ്പോർട്ട് പരിശോധിച്ച് വരുന്നു. |
| 10 | 15/02 | 10 | (ബി) മത്സ്യബന്ധന യാനങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) പരിഗണിച്ചുവരുന്നു |
| 11 | 15/02 | 11 | (എ) സംസ്ഥാനത്തെ മത്സ്യബന്ധന നയം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (എ) സംസ്ഥാനത്തെ മത്സ്യബന്ധന നയം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. മത്സ്യ ബന്ധനാവകാശം മത്സ്യത്തൊഴിലാളികൾക്ക്, എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി, മത്സ്യോല്പാദനത്തിൽ സ്വയം പര്യാപ്തത തുടങ്ങിയ അടിസ്ഥാന ആശയങ്ങളിൽ ഊന്നിക്കൊണ്ട് പുതിയ ഒരു കരട് നയത്തിന് രൂപം നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

| | | | | |
|---|---|---|---|---|
| 12 | 15/02 | 15 | (ബി) നീണ്ടകര ഹാർബർ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായി ലോകോത്തര ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഹബ്ബായി വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?<br>(സി) ഹാർബർ പരിസരത്ത് മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ഗ്രീൻ ക്ലീൻ ഹാർബർ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി എല്ലാ ഹാർബറുകളിലേക്കും വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (ബി) ഉണ്ട്. നീണ്ടകര മത്സ്യബന്ധന തുറമുഖത്തെ അന്താരാഷ്ട്ര തലത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി നബാർഡ് XXVI-ൽ ഉൾപ്പെടുത്തി 44.50 കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം നീണ്ടകര, ശക്തികുളങ്ങര, കല്ലുംപുറം ഭാഗത്തായി വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നീണ്ടകര ഹാർബറിന്റെ വികസനത്തിനായി ആധുനിക ടോയ്ലെറ്റ് ബ്ലോക്കുകൾ, കോൺഫറൻസ് ഹാൾ, കിയോസ്കുകൾ, കടകൾ, കാന്റീൻ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 4.33 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി ടി പ്രവൃത്തികൾ പുരോഗമിക്കുന്നു. നീണ്ടകര ഫിഷിംഗ് ഹാർബറിലെ കല്ലുംപുറം ഭാഗത്തെ വികസനത്തിന്റെ ഭാഗമായി നീണ്ടകര ഫിഷിംഗ് ഹാർബറിൽ വരുന്ന ബോട്ടുകളുടെ അറ്റകുറ്റപണികൾക്കായി നിലവിലെ ബോട്ട് ബിൽഡിംഗ് യാർഡിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ബോട്ടുകളുടെയും മറ്റു അനുബന്ധ വസ്തുക്കളുടെയും സർവ്വീസിംഗിനും, ഐസ്, ഇന്ധനം എന്നിവ നിറയ്ക്കുന്നതിനുമായി 5.68 കോടി രൂപയുടെ രണ്ട് ഫിംഗർ ജെട്ടികൾ കല്ലുംപുറം ഭാഗത്ത് നിർമ്മിക്കുന്നതിനായി സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. കടലിൽ രൂപപ്പെടുന്ന ശക്തമായ ചുഴലിക്കാറ്റിലും തിരമാലയിലും അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി തീരത്തോട് അടുപ്പിക്കുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | | 90 മീറ്റർ നീളമുള്ള റെസ്ക്യൂ വാർഫ് പണിയുന്നതിനായി 4.45 കോടി രൂപയുടെ പ്രവൃത്തി നടപ്പിലാക്കി വരുന്നു. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും കടൽക്ഷോഭം മൂലം കടലിൽ ഒറ്റപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് പ്രാഥമിക ചികിത്സ ലഭ്യമാക്കുന്നതിനും അടിയന്തര മീറ്റിംഗ് കൂടുന്നതിലേയ്ക്കുമുള്ള കെട്ടിടവും ടി കെട്ടിടത്തിന്റെ ചുറ്റുപാടുകൾ സംരക്ഷിയ്ക്കുന്നതിനു വേണ്ടിയുള്ള സംരക്ഷണ ഭിത്തി, കെട്ടിടത്തിലേയ്ക്കുള്ള റോഡ് മുതലായവ നിർമ്മിയ്ക്കുന്നതിനായി 14.16 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>(സി) കടലിന്റെ അടിത്തട്ടിൽ അടിഞ്ഞു കൂടിയ പ്ലാസ്റ്റിക്കുകളും മറ്റ് പാഴ് വസ്തുക്കളും കടലിൽ നിന്ന് ശേഖരിച്ച് ഹാർബറുകളിൽ എത്തിച്ച് സംസ്കരിക്കുന്നതിനായി ശുചിത്വ സാഗരം പദ്ധതി നീണ്ടകര ഫിഷിംഗ് ഹാർബറിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് നടപ്പിലാക്കി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന പ്രസ്തുത പദ്ധതി മറ്റ് മത്സ്യബന്ധന തുറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 13 | 15/02 | 31 | (എ) മത്സ്യ വിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ? | (എ) കോഴിക്കോട് ജില്ലയിലെ കല്ലാനോട് 1580 ലക്ഷം രൂപയുടെ ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനും, ഇടുക്കി ജില്ലയിലെ ചെങ്കുളത്തും, കോട്ടയം ജില്ലയിലെ പള്ളത്തും 1490.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന രണ്ട് മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതിനും, തിരുവനന്തപുരം ജില്ലയിലെ ഓടയത്തും, കണ്ണൂർ ജില്ലയിലെ മാപ്പിള ബേയിലുമായി രണ്ട് സമുദ്രമത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതിന് 2041.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതികളും സർക്കാരിന്റെ പരിഗണനയിലാണ്. |
| 14 | 15/02 | 56 | (സി) വിപണന കേന്ദ്രങ്ങളും ലാൻഡിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളായി സംയോജിപ്പിക്കാനും അവർക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുള്ളത്. സാഫ് മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1500 മത്സ്യത്തൊഴിലാളികളെ ഉൾക്കൊള്ളിച്ച് കൊണ്ട് 300 JLG കളെ കേരള ബാങ്കുമായി |

| | | | | |
|---|---|---|---|---|
| | | | | ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിലായി JLG project for ensuring livelihood security of fisher women in Kerala 3.30 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. |
| 15 | 15/02 | 63 | (എ) ഫിഷറീസ് ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (എ) മത്സ്യഫെഡിന്റെ ഞാറയ്ക്കൽ, മാലിപ്പുറം അക്വാടൂറിസം സെന്ററുകളെ സംയോജിപ്പിച്ചു കൊണ്ടുള്ള മാസ്റ്റർ പ്ലാനും റിപ്പോർട്ടും തയ്യാറാക്കുന്നതിന് GITPAC International (Great India Tourism Planners and Consultant – A Division of Airtravel Enterprise India) എന്ന കൺസൾട്ടന്റിന് കരാർ നൽകിയിട്ടുണ്ട്. ഇതിന്റെ അന്തിമ DPR (Detailed Project Report) ലഭ്യമായിട്ടില്ല. തെൻമലയിലുള്ള മത്സ്യഫെഡിന്റെ അക്വാറിയം, ടൂറിസം വകുപ്പുമായി യോജിച്ച് (തെൻമല ഇക്കോ ടൂറിസം) വികസിപ്പിക്കുന്നതിനും ആലോചിക്കുന്നുണ്ട്. |
| 16 | 15/02 | 79 | (സി) മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരുടെ സുരക്ഷയുറപ്പാക്കുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) 1500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 300 JLG കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി JLG |

| | | | | |
|---|---|---|---|---|
| | | | | project for Ensuring Livelihood Security of Fisherwomen in Kerala 3.30 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. 5 പേരടങ്ങുന്ന JLG യ്ക്ക് 50,000 രൂപ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതാണ്. മത്സ്യവിപണനത്തിനായി പോകുന്ന വനിതാ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതവും ലാഭകരവുമായി യാത്ര ചെയ്യുന്നതിന് കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഫിഷറീസ് വകുപ്പുമായി സംയോജിച്ച് "സമുദ്ര" എന്ന പേരിൽ മൂന്ന് KSRTC ബസ് സർവ്വീസുകൾ തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| 17 | 15/02 | 88 | (എ) സംസ്ഥാനത്ത് നൂതന മത്സ്യകൃഷി രീതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) 2021-22 സാമ്പത്തിക വർഷത്തിൽ പുതിയതായി 200 RAS യൂണിറ്റുകളും 1850 ബയോഫ്ലോക്ക് യൂണിറ്റുകളും 2500 പടുതയിലെ മത്സ്യകൃഷി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 18 | 15/03 | 13 | (എ) സംസ്ഥാനത്ത് അക്വേറിയം റിഫോംസ് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (എ) മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമത്തിന്റെ കരട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | അതനുസരിച്ച് സ.ഉ (സാധാ)നം. 857/2019/ മ.തു.വ. തീയതി, 20-11-2019 പ്രകാരം മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ ത്തിന്റെ കരട് തയ്യാറാക്കുന്നതിലേക്കായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. ഭരണഘടനയ്ക്ക് വിരുദ്ധമല്ലാത്ത വിധത്തിൽ മത്സ്യത്തൊഴിലാളികൾക്ക് പരമാവധി പ്രയോജനം ലഭ്യമാകത്തക്ക രീതിയിൽ ആദ്യ കരട് തയ്യാറാക്കി പരിശോധിച്ച് വരുന്നു. |
| 19 | 15/03 | 34 | മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമോ? | 2018-19 മുതൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്താവിന്റെ വിഹിതവുമാണ്. ഇൻഷ്വറൻസ് തുകയുടെ 1.3% ടാക്സും ഉൾപ്പെട്ടതാണ് പ്രീമിയം തുക. അടുത്ത വർഷം മുതൽ 10% കൂടി സർക്കാർ ഏറ്റെടുത്തുകൊണ്ട് പരമ്പരാഗത യാനങ്ങൾക്കും തൊഴിലാളികൾക്കും പൂർണ്ണമായ ഇൻഷ്വറൻസ് കൊടുക്കുക എന്നത് ആലോചിക്കുന്നു. |
| 20 | 15/04 | 13 | ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള തുറമുഖ വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ? | കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ സൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ ഗേറ്റ് ഹൗസ്, തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള മെക്കാനിക്കൽ ഡ്രഡ്ജിംഗ് എന്നിവയും ISPS കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | വിഴിഞ്ഞം സിഗ്നൽ സ്റ്റേഷനിൽ VTMS സ്ഥാപിക്കുന്നതാണ്. വലിയതുറ തുറമുഖത്തെ Shore Protection Wall ന്റെ നിർമ്മാണം പൂർത്തീകരിക്കും. അഴീക്കൽ തുറമുഖത്ത് എത്തുന്ന കപ്പലുകൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിനായി വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന തിനും, എമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിനും, വലിയ കപ്പലുകൾ എത്തിച്ചേരുന്നതിന് തുറമുഖ ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനും, തുറമുഖ സുരക്ഷയുടെ ഭാഗമായി ISPS കോഡ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, അഴീക്കൽ തുറമുഖത്ത് വരുന്നതും പോകുന്നതുമായ ചരക്കുകൾ സൂക്ഷിക്കുന്നതിന് 1000 ച.മീ. വീതം വിസ്തീർണ്ണമുള്ള 4 ഗോഡൗണുകൾ എന്നിവയുടെ നിർമ്മാണവും ഉദ്ദേശിക്കുന്നു. ബേപ്പൂരിൽ പുതിയ Container yard, ഗോഡൗൺ എന്നിവയുടെ നിർമ്മാണം, Canteen Cum Dormitory Building നിർമ്മാണം, ബേപ്പൂർ പോർട്ടിലെ Capital Dredging, SILK കോമ്പൗണ്ടിന് മുൻവശത്തായി വാർഫ് നിർമ്മാണം (Upstream side of old wharf), ബേപ്പൂർ പോർട്ടിന്റെ ചുറ്റുമതിൽ നിർമ്മാണം, കോവിലകം വക ഭൂമിയിൽ Garage Building നിർമ്മാണം, 150 മീ വാർഫിന്റെ നിർമ്മാണം (downstream side of Wharf) |

| | | | | |
|---|---|---|---|---|
| | | | | എന്നിവയും, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് ഓഫീസിന്റെ നവീകരണവും ഉദ്ദേശിക്കുന്നു. |
| 21 | 15/04 | 26 | ഫിഷ് മാർട്ടുകൾ കൂടുതൽ സജീവമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും? | എല്ലാ മണ്ഡലങ്ങളിലും ഫിഷ് മാർട്ടുകൾ ആരംഭിക്കും. |
| 22 | 15/04 | 33 | പ്രസ്തുത ജീവനക്കാർക്ക് ശമ്പളപരിഷ്കരണം ലഭ്യമാക്കാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി തീരുമാനം കൈക്കൊണ്ട് ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചു വരുന്നു. |
| 23 | 15/05 | 6 | സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;<br>നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇത്തരം പ്രചാരണങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | 2022-23 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 98.73 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. പ്രാദേശികമായി ലഭ്യമാകുന്ന മത്സ്യയിനം അനുസരിച്ച് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ പരിപാടികൾ ഏകോപിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്.<br>കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യകൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി അവലംബിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 24 | 15/05 | 20 | (ബി) 2025-ഓടെ മത്സ്യക്കൃഷിയിലൂടെ മത്സ്യോല്പാദനം ഇരട്ടിയാക്കാൻ ഉദ്ദേശ്യമുണ്ടോ; ഇതിനായി മത്സ്യവിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങളിൽ പുരോഗതിയുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) 2025-ഓടെ മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം ഇരട്ടിയാക്കാൻ ഉദ്ദേശ്യമുണ്ട്. കോഴിക്കോട് ജില്ലയിലെ കല്ലാനോട് 18.80 ലക്ഷം രൂപയുടെ ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതും, ഇടുക്കി ജില്ലയിലെ ചെങ്കുളത്തും, കോട്ടയം ജില്ലയിലെ പള്ളത്തും 1,490.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന രണ്ട് മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. മേൽപ്പറഞ്ഞ ഹാച്ചറികൾ പൂർത്തിയാക്കുമ്പോൾ ഉൾനാടൻ വിഭവങ്ങളിൽ നിന്നുള്ള മത്സ്യവിത്തുൽ പാദനത്തിൽ ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്. |
| 25 | 15/05 | 25 | (ഇ) ഉൾനാടൻ മത്സ്യ ഉൽപാദനം വ്യാപിപ്പിക്കുന്നതോടൊപ്പം അവയുടെ വിപണനവും ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോയെന്നറിയിക്കാമോ? | (ഇ) കേന്ദ്ര സർക്കാരിന്റെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി കക്കി (പത്തനംതിട്ട), പെരുവണ്ണാമൂഴി (കോഴിക്കോട്), കാരാപ്പുഴ & ബാണാസുരസാഗർ (വയനാട്) എന്നീ ജലസംഭരണികളിലായി നടത്തി വരുന്ന കൂട്ടമത്സ്യകൃഷിയോടനുബന്ധിച്ച് വിവിധയിടങ്ങളിൽ മത്സ്യവിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 26 | 15/05 | 29 | (സി) മത്സ്യഫെഡ് കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ? | (സി) കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജകമണ്ഡലങ്ങളിൽ മത്സ്യഫെഡ് നേരിട്ട് നടത്തുന്ന 53 ബൂത്തുകളും സർവ്വീസ് സഹകരണ ബാങ്കുമായി സഹകരിച്ച് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന 60 ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. ബാക്കി 88 നിയോജകമണ്ഡലങ്ങളിൽ ബൂത്തുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 27 | 15/05 | 30 | (സി) 2021-ൽ ആസാം വാള മത്സ്യകൃഷി നടത്തിയവരും 16-10-2021-ലെ അതിതീവ്രമഴ മൂലം ബണ്ട് പൊട്ടിയതിനെ തുടർന്ന് മത്സ്യകൃഷിക്കായി സ്ഥാപിച്ചിരുന്ന കാലുകളും നെറ്റും തകർന്ന് മത്സ്യങ്ങൾ ഒഴുകിപ്പോയതിനെ തുടർന്ന് വലിയ നഷ്ടം സംഭവിച്ചവരുമായ കർഷകർക്ക് ധനസഹായം അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ? | (സി) മത്സ്യകർഷകർക്കുണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിനായി, കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യകൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

966/2024.

II. <u>വ്യവസായ വകുപ്പ്</u>

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/22 | 17 | തലസ്ഥാനത്തെ സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ? | പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) തലസ്ഥാനത്ത് സിറ്റി ഗ്യാസ് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ചുമതല AGP City Gas Pvt. Ltd. എന്ന കമ്പനിയ്ക്കാണ് നല്കിയിരിക്കുന്നത്. ആയതനുസരിച്ച് പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ AGP City Gas Pvt. Ltd. സ്വീകരിച്ചു വരുന്നു. ഗാർഹിക ഉപഭോക്താക്കൾക്ക് പാചക വാതക വിതരണം നൽകേണ്ടതിനാൽ ജനവാസകേന്ദ്രങ്ങൾക്ക് സമീപം LCNG/LNG സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിവരികയാണ്. പ്രസ്തുത കമ്പനി തെക്കൻ ജില്ലകളായ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള Execution Strategy Business Plan തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഓയിൽ മാർക്കറ്റിംഗ് കമ്പനികളായ IOCL, HPCL, BPCL എന്നീ കമ്പനികളുമായി മാസ്റ്റർ സെയിൽസ് കരാറുകൾ ഒപ്പു വച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ തെക്കൻജില്ലകളായ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ 2030 നകം 291 സി.എൻ.ജി. സ്റ്റേഷനുകളും 1.14 ദശലക്ഷം ഗാർഹിക കണക്ഷനുകളും നല്കുവാനാണ് AGP City Gas |

| | | | | |
|---|---|---|---|---|
| | | | | Pvt. Ltd. വിഭാവനം ചെയ്യുന്നത്. ആയതിലേയ്ക്കായി പ്രസ്തുത കമ്പനി 3237 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | 14/22 | 26 | (എ&ബി) 'ഗ്ലോബൽ ആയുർവേദ വില്ലേജ് പദ്ധതി ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്ലോബൽ ആയുർവേദ വില്ലേജ് പദ്ധതിക്കായി വർക്കലയിൽ 30.92 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.<br><br>(ബി) ഈ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്വകാര്യ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| 3 | 15/01 | 7 | കശുവണ്ടി തൊഴിലാളികളുടെ ഡി.എ. കുടിശ്ശിക, ഗ്രാറ്റുവിറ്റിയടക്കം കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കാമോ? | തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി ഗവൺമെന്റ് സ്വകാര്യ കമ്പനികളുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| 4 | 15/01 | 12 | (എ) റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്ബർ മേഖലയിലെ മൂല്യവർദ്ധന ലക്ഷ്യമാക്കി സിയാൽ മോഡലിൽ 2-2-2019-ലെ ജി.ഒ. (എം.എസ്) 16/2019/ഐ.ഡി. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കേരള റബ്ബർ ലിമിറ്റഡ് | (എ) മൂല്യ വർധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ സിയാൽ മാതൃകയിൽ ഒരു കമ്പനി സർക്കാർ രൂപീകരിച്ചു.<br><br>(സി) ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | കമ്പനിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;<br><br>(സി) ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കു മോയെന്ന് വ്യക്തമാക്കുമോ? | |
| 5 | 15/01 | 14 | (സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് നടപടികൾ കൂടുതൽ സുതാര്യമക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ കൃത്യത ഉറപ്പുവരുത്തു ന്നതിനും എന്റർപ്രൈസ് റിസോർ സിംഗ് പ്ലാനിംഗ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>വ്യക്തമാക്കുമോ? | ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും വിവരസാങ്കേതികവിദ്യ അധിഷ്ഠിതമായ ഭരണനിർവ്വഹണ സംവിധാനങ്ങൾ (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) ഏർപ്പെടുത്തുവാനും പൊതുമേഖലാ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| 6 | 15/02 | 3 | (എ) കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി സംസ്ഥാനത്ത് എഴുപതിനായിരത്തിലധികം ചെറുകിട സംരംഭങ്ങൾ പുതുതായി ആരംഭിച്ചത് കണക്കിലെടുത്ത് കൂടുതൽ വ്യവസായ സൗഹൃദ നടപടികളിലൂടെ നിക്ഷേപം | (എ) കേരളത്തിലെ നിലവിലെ സാഹചര്യം തികച്ചും സംരംഭാനുകൂലമാണ്. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമ നിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ തുടങ്ങിവച്ചിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2018-ലാണ് 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', അഥവാ Kerala Investment |

| | | | | |
|---|---|---|---|---|
| | | | ആകർഷിക്കാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ;<br>സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കാൻ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോ; | Promotion Facilitation Act നിലവിൽവന്നത്. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ നിയമപ്രകാരം അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിച്ചാൽ മതിയാവുന്നതാണ്. മേൽ വിവരിച്ച പ്രകാരം അനുമതി അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന് കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്ന് വർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ |

| | | | | |
|---|---|---|---|---|
| | | | | എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മേൽ സൂചിപ്പിച്ച നിയമനിർമാണങ്ങൾ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ഇതുകൂടാതെ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ |

| | | | | |
|---|---|---|---|---|
| | | | | ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. ഇതിനുവേണ്ടിയുള്ള കരട് നിയമഭേദഗതി തയ്യാറാക്കിയിട്ടുണ്ട്.<br><br>(ബി) സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കാനും, വകുപ്പുകളും ഏജൻസികളും വ്യവസായ സംരംഭകനും പൊതുജനത്തിനും നൽകുന്ന സേവനങ്ങൾക്കുവേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കാനും ഉതകുന്ന നിർദ്ദേശങ്ങൾ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് (CII), ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പഴ്സ് ഓഫ് കൊമേഴ്സ് ഇൻഡസ്ട്രി (FICCI), സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ (KSSIA) എന്നിവർ സമർപ്പിച്ചിരുന്നു. അവയിൽ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്നവ നടപ്പിലാക്കുന്നതാണ്. ' |
| 7 | 15/02 | 4 | (എ) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (എ) വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ |

| | | | | |
|---|---|---|---|---|
| | | | | സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും.<br>കൊച്ചി-ബാംഗ്ലൂർ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50%-ഉം National Industrial Corridor Develoment Implementation Trust (NICDIT)-യുടെ 50%-ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണ ത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ " ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി രൂപീകൃതമായിട്ടുള്ളതാണ്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാ നാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻട്രൽ, ഒഴലപ്പതി, |

| | | | | |
|---|---|---|---|---|
| | | | | പുതുശ്ശേരി സെൻട്രൽ ഈസ്റ്റ് എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയും ചെയ്യുന്നു. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഡിസംബർ 2021 ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectres (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ള തുടർനടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർപ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 8 | 15/02 | 19 | (എ) വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പാലക്കാട് | (എ) & (ബി) പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാഫുഡ് പാർക്കിൽ ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ |

| | | | | |
|---|---|---|---|---|
| | | | റൈസ് പാർക്കിന്റെ പ്രവർത്തനം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?<br><br>(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ള തെന്ന് വിശദമാക്കാമോ? | പദ്ധതിയുണ്ട്. ഇതിന്റെ ടെൻഡർ നടപടികളുടെ ഭാഗമായി കോയമ്പത്തൂർ ആസ്ഥാനമായുള്ള സി.എ. ആന്റ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായും ഹൈദരാബാദ് ആസ്ഥാനമായുള്ള ശ്രീകോ പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർമ്മാണ കരാറുകാരനായും തിരഞ്ഞെടുത്തു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2022 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. |
| 9 | 15/02 | 33 | (എ) കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നൂതന പദ്ധതികളിലൊന്നായ ശ്രവണസഹായികളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി കെൽട്രോൺ മൂടാടി യൂണിറ്റിൽ നൂതന സാങ്കേതിക മെഷീനുകൾ സ്ഥാപിക്കുവാനുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ?<br>(ബി) കൂടുതൽ ഗുണമേന്മയുള്ള ശ്രവണ സഹായികൾ വിപണി യിലിറക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുമോയെന്ന് അറിയിക്കുമോ? | (എ), (ബി) & (സി) കെൽട്രോണിന്റെ ഡിജിറ്റൽ ശ്രവണ സഹായികളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളതും തുടർന്ന് നടപ്പിലാക്കാൻ പോകുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഡിജിറ്റൽ ശ്രവണ സഹായികളുടെ ഉൽപാദനം വിപുലീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 2019-ൽ ലഭിച്ച 97 ലക്ഷം രൂപ പ്രയോജനപ്പെടുത്തി മൂടാടിയിലുള്ള കെൽട്രോൺ യൂണിറ്റ് നവീകരിക്കുകയും, അത്യാധുനിക യന്ത്ര സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. യൂണിറ്റിന്റെ രണ്ടാം ഘട്ട നവീകരണത്തിന്റെ ഭാഗമായ ശ്രവണ സഹായികളുടെ ഗുണനിലവാര പരിശോധനയ്ക്ക് ഉപയോഗിക്കുന്ന നൂതന സാങ്കേതിക മെഷീനായ ഓഡിയോ അനലൈസർ(Audio Analyzer) പ്രസ്തുത |

| | | | | |
|---|---|---|---|---|
| | | | (സി) കെൽട്രോൺ ആരംഭിക്കുന്ന ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം സാമ്പത്തിക സാങ്കേതിക സൗകര്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ? | യൂണിറ്റിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓഡിയോ അനലൈസർ പ്രവർത്തനസജ്ജമാകുന്നതോടെ ശ്രുവണ സഹായികളുടെ ഗുണനിലവാരം കൃത്യമായി ഉറപ്പാക്കുവാനും ഗുണനിലവാരമുള്ള ഉത്പന്നം വിപണിയിലെത്തിക്കാനുമാകും. അതോടൊപ്പം കൂടുതൽ സൗകര്യപ്രദമായ രീതിയിൽ ഉപയോഗിക്കുവാൻ കഴിയുന്ന ശ്രുവൺ മിനി ഹിയറിംഗ് എയ്ഡുകളുടെ നിർമ്മാണവും ഈ യൂണിറ്റിൽ ഉടൻ ആരംഭിക്കുവാൻ പദ്ധതിയുണ്ട്. |
| 10 | 15/02 | 36 | (ബി) പുതുതായി ഏതെല്ലാം ജില്ലകളിലാണ് വ്യവസായ പാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?<br><br>(സി) വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) വ്യവസായ വകുപ്പിലെ പൊതുമേഖല സ്ഥാപനമായ കിൻഫ്ര കൊച്ചിയിൽ ഒരു പെട്രോ കെമിക്കൽ പാർക്കും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയും ഇടുക്കിയിലെ തൊടുപുഴയിൽ ഒരു സ്പൈസസ് പാർക്കും തുടങ്ങാൻ ഉദ്ദേശിക്കുന്നു.<br><br>(സി) നിലവിലുള്ള വ്യവസായ വികസന പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനു പുറമേ വ്യവസായ പാർക്കുകളിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നിങ്ങനെ പുതിയ സൗകര്യങ്ങൾ ഒരുക്കി നിക്ഷേപകരെ ആകർഷിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. എറണാകുളത്ത് എടയാറിലും ആലപ്പുഴ ജില്ലയിലെ അരൂരിലും കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 11 | 15/02 | 37 | (ബി) നിലവാരം ഉറപ്പാക്കി വിശ്വാസ്യത നേടിയെടുക്കുന്ന ആഗോള വിപണി ഉറപ്പാക്കാൻ വ്യവസായ വികസന കോർപ്പറേഷൻ കേരള ബ്രാൻഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) കേരളത്തിൽ നിന്നുൽപ്പാദിപ്പിക്കുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും ആഗോള വിപണിയിൽ Made in Kerala എന്ന ബ്രാൻഡ് മൂല്യം നേടിയെടുക്കണമെന്ന് ഒരു പൊതുവായ നിർദേശം വ്യവസായികളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ആയതിലേയക്ക് വ്യവസായങ്ങളെ സുശക്തമാക്കുവാനുള്ള നടപടികൾ എടുത്ത് "Made in Kerala" എന്ന ബ്രാൻഡ് മൂല്യം നേടിയെടുക്കാനാവശ്യമായ നടപടികൾ കെ.എസ്.ഐ.ഡി.സി. മുഖേന ചെയ്യുന്നതിന്റെ സാധ്യത പരിശോധിച്ച് വരുന്നു. |
| 12 | 15/02 | 49 | (സി) കോവിഡിനെത്തുടർന്ന് ഇരുപതിനായിരത്തോളം വ്യാപാരികൾ കച്ചവടം അവസാനിപ്പിക്കാൻ നിർബന്ധിതരായെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം ലഭ്യമാക്കാൻ കഴിയുമോ എന്ന പരിശോധിക്കുമോ? | (സി) വ്യാപാരി ക്ഷേമനിധി ബോർഡ് 2020-21 സാമ്പത്തിക വർഷങ്ങളിൽ ദുരിതത്തിലായ വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് പിഴ ഒഴിവാക്കി അംഗത്വം പുതുക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. അതോടൊപ്പം അംഗത്വം പുതുക്കുന്നതിനുള്ള കാലാവധിയും നീട്ടിയിട്ടുണ്ട്. സർക്കാരിൽ നിന്നോ വ്യാപാരി ക്ഷേമനിധിയിൽ നിന്നോ പെൻഷനോ മറ്റ് കോവിഡ് 19 ലോക്ക് ഡൗൺ ധനസഹായം അനുവദിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. വ്യാപാരി ക്ഷേമനിധി വഴി 9000 അംഗങ്ങൾക്ക് പ്രതിമാസം പെൻഷൻ വിതരണം ചെയ്തുവരുന്നുണ്ട്. ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ള വ്യവസായ സംരംഭകരെ കോവിഡ് പ്രതിസന്ധിയിൽ സംരക്ഷിക്കുന്നതിനായി ലോണിന്റെ നിശ്ചിത ശതമാനം സർക്കാർ വഹിക്കുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അടങ്ങിയ പാക്കേജും സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 13 | 15/02 | 52 | (സി) പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള ജീവനക്കാരുടെ നിയമനം വേഗത്തിലും കുറ്റമറ്റവിധത്തിലുമാക്കുന്നതിനായി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി-യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനായി പുതിയതായി ഒരു പബ്ലിക് സെക്ടർ സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 14 | 15/02 | 53 | സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തൊക്കെ നൂതന നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | വ്യാവസായിക അനുമതികൾ നൽകുന്നതിന് വിവിധ വകുപ്പുകൾ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനങ്ങൾ വിപുലീകരിക്കുകയും മറ്റ് വകുപ്പുകളിൽ പ്രസ്തുത സംവിധാനം ആരംഭിക്കുന്നത് പരിഗണിക്കുന്നതുമാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. വിവിധ വകുപ്പുകൾ ഒരുമിച്ച് പരിശോധനകൾ നടത്തുവാൻ വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതിയെ നിയമിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഇവയെല്ലാം പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് റാങ്കിങ്ങും മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| 15 | 15/03 | 3 | (സി) എല്ലാ നിയോജക മണ്ഡലത്തിലും മിനി വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ മറ്റ് ഏജൻസികളോ അനുയോജ്യമായ ഭൂമി ലഭ്യമാക്കിയാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ പാർക്കുകൾ എല്ലാ മണ്ഡലങ്ങളിലും ഒരുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. സ്വകാര്യ വ്യവസായ പാർക്കുകളും സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നതാണ്. |
| 16 | 15/03 | 4 | (എ) സംസ്ഥാനത്ത് പുതുതായി വ്യവസായ ഇടനാഴി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ)ഉണ്ട്. സംസ്ഥാനത്ത് നിലവിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിക്ക് വേണ്ടിയാണ്. |
| 17 | 15/03 | 14 | സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ അനുമതി കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് | കഴിഞ്ഞ ഗവൺമെന്റ് സ്വകാര്യ വ്യവസായ പാർക്കുകളെ സംബന്ധിച്ച് തീരുമാനം എടുത്തിരുന്നു. അതനുസരിച്ച് ഗ്രാമങ്ങളിൽ ഇരുപത്തിയഞ്ച് ഏക്കറും നഗരങ്ങളിൽ |

| | | | | |
|---|---|---|---|---|
| | | | ആലോചിച്ചിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്താണ്; ഗവൺമെന്റ് ഈ സ്വകാര്യ പാർക്കുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകും? | പതിനഞ്ച് ഏക്കറും സ്ഥലം മിനിമം വേണമെന്നാണ് നിഷ്കർഷിച്ചിരുന്നത്. എന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പാർക്കുകൾ ഒന്നും വരുന്ന സാഹചര്യം ഉണ്ടായില്ല. ഇപ്പോൾ അത് പ്രത്യേകം പരിശോധിക്കുകയുണ്ടായി.<br>നിലവിൽ കേരളത്തിലെ ഭൂമിയുടെ ലഭ്യതക്കുറവ് പരിഗണിച്ചുകൊണ്ട് അളവിനകത്ത് മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണിക്കുന്നുണ്ട്. പുതിയ രൂപത്തിൽ പ്രായോഗികമാക്കാൻ കഴിയുന്ന വ്യവസ്ഥകളോടുകൂടി സ്വകാര്യ പാർക്ക് കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| 18 | 15/03 | 22 | (സി) അസംഘടിത മേഖലയിലെ പരമ്പരാഗത നെയ്ത്തുകാരുടെ ക്ഷേമത്തിനും വികസനത്തിനുമായി സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) നെയ്ത്തുകാരുടെ ക്ഷേമവും വികസനവും മുൻനിർത്തി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി വരുന്നു. |
| 19 | 15/03 | 23 | (എ) കയർ വ്യവസായ മേഖലയിൽ മുന്നേറ്റമുണ്ടാക്കുന്നതിന്റെ ഭാഗമായി ചകിരി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) പരമാവധി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രണ്ടാം പുനഃസംഘടനാ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| 20 | 15/03 | 39 | (എ) വയനാട് ജില്ലയിൽ ഒരു വ്യവസായ പാർക്ക് തുടങ്ങുന്ന കാര്യം പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;<br>(ബി) എങ്കിൽ അതിന്റെ നടപടി ക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ)&(ബി)പരിഗണനയിലുണ്ട്. വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്. |
| 21 | 15/04 | 28 | മലബാർ സിമന്റ്സിന്റെ ഉൽപാദനവും വിപണനവും ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് കമ്പനിയെ കൂടുതൽ ലാഭകരമാക്കുന്നതിനും സംസ്ഥാനത്തെ സിമന്റ് വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. |
| 22 | 15/04 | 29 | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥലം നൽകുന്നതും ഇത് സംബന്ധിച്ചുള്ള കരാറിൽ ഏർപ്പെടുന്നതും എസ്റ്റേറ്റ് ഉടമയും സംരഭകനും നേരിട്ടായിരിക്കുമോ; ഇതു സംബന്ധിച്ച് സർക്കാരിന്റെ സമീപനം എന്തായിരിക്കുമെന്ന് വിശദീകരിക്കാമോ? | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലെ ഉടമയും സംരംഭകനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എസ്റ്റേറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവിൽ പരാമർശമില്ല. എന്നാൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് രൂപീകരണത്തിന് പുതിയ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |
| 23 | 15/04 | 30 | നിലവിൽ എത്ര വകുപ്പുകൾ ഏകജാലക പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്? | നിലവിൽ സർക്കാരിന്റെ 21 വകുപ്പുകളും ഏജൻസികളും അവരവരുടെ അനുമതികളുൾപ്പെടെയുള്ള വിവിധ സേവനങ്ങൾ കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കിവരുന്നു. കൂടുതൽ വകുപ്പുകളുടെ കൂടുതൽ സേവനങ്ങൾ കെ-സ്വിഫ്റ്റ് വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 24 | 15/04 | 31 | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഖാദി, കൈത്തറി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഓൺലൈൻ വിപണനം അടക്കമുള്ള നൂതന വിപണന മാർഗ്ഗങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ? | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഓൺലൈൻ വിപണനം നിലവിലില്ല. ആയത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 25 | 15/05 | 9 | (എ) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് മികച്ച ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് നവകേരള നിർമ്മിതി സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ആധുനിക വ്യവസായ വികസന പ്രോത്സാഹന പ്രവർത്തനങ്ങൾ വിശദമാക്കുമോ;<br>(ബി)പതിനായിരം കോടിയിലധികം രൂപയുടെ നിക്ഷേപം ആകർഷിച്ച് സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്ക് ഊർജ്ജം പകരാൻ ഉദ്ദേശിച്ചു കൊണ്ടുള്ള വ്യവസായ ക്ലസ്റ്റർ രൂപീകരണത്തിന്റെ പുരോഗതി അറിയിക്കാമോ? | (എ) കൂടുതൽ ചെറുപ്പക്കാർക്ക് സംരംഭം ആരംഭിക്കാൻ അവസരം ഉള്ളതും തൊഴിൽ സാധ്യതയുള്ളതും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ മേഖലയിൽ ആണ്. കൂടുതൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും വിവിധ പരിപാടികൾ സർക്കാർ ആവിഷ്കരിച്ച് വരുന്നു. നവീന ആശയങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും ഈ ആശയങ്ങൾക്ക് ആവശ്യമായ നിക്ഷേപം ലഭ്യമാക്കാൻ സഹായിക്കുന്നതിനുമായി ഡ്രീംവെസ്റ്റർ എന്ന പ്രോഗ്രാം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ യുവാക്കളുടെ സംരംഭക ആശയങ്ങൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്ന ഈ പ്രോഗ്രാമിലൂടെ മികച്ച ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സമ്മാനവും നൽകുന്നതാണ്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനും വേണ്ടി ഇന്റേൺസിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഈ പ്രക്രിയ തുടർന്ന് കൊണ്ട് ഓരോ പഞ്ചായത്തിലും |

| | | | | |
|---|---|---|---|---|
| | | | | പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേക്ക നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One local body One Product - OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിങ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു.<br>(ബി) ക്ലസ്റ്റർ അധിഷ്ഠിത വികസനത്തിനുള്ള ഒരു പ്രത്യേക പദ്ധതി, ഈ വർഷത്തെ ബഡ്ജറ്റിലെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി വഴി ക്ലസ്റ്ററുകളുടെ പൊതുസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 26 | 15/05 | 23 | കരിമണൽ ഖനനം പൊതുമേഖലയിൽ നിലനിർത്താനാവശ്യമായ നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകുമോ? | ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് 4-7-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഈ ഭേദഗതി നിർദ്ദേശങ്ങളിൽ ഭരണഘടനാ ലംഘനം ഉൾപ്പെടെയുള്ള കാര്യങ്ങൾ രാജ്യത്തിന്റെ പ്രമുഖ ഭരണഘടന വിദഗ്ധരുമായി ചർച്ച ചെയ്തുകൊണ്ട് നിയമപരമായ തുടർനടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

III. <u>ജലവിഭവ വകുപ്പ്</u>

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 1 | ഉയർന്ന പ്രദേശങ്ങളിലെ ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ കുഴൽക്കിണർ റീചാർജ് ചെയ്യുന്നതിനുള്ള സാധ്യതയുടെ പ്രായോഗികത പരിശോധിച്ച് ആയത് പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഭൂജലവകുപ്പ്, പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കുഴൽക്കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് 2019-20 സാമ്പത്തിക വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിനു ശേഷമുള്ള കുഴൽക്കിണറുകളിലെ ജലഗുണനിലവാര പരിശോധനയുടെയും, ജലവിതാനറിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കുഴൽക്കിണർ റീചാർജ്ജിംഗ് പദ്ധതി ഉയർന്ന പ്രദേശങ്ങളിൽ ഉൾപ്പെടെ വ്യാപകമാക്കുന്നതിന്റെ നടപടി സ്വീകരിക്കുന്നതാണ്. |
| 2 | 14/19 | 9 | കേന്ദ്ര സർക്കാരിന്റെ ജലജീവൻ സമീക്ഷ പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൂടുതൽ ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | 2024-ഓടു കൂടി ഗ്രാമീണമേഖലയിലെ എല്ലാവർക്കും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി കുടിവെള്ളം എത്തിക്കുക എന്ന ദൗത്യം സാധൂകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. ഇതിന്റെ |

| | | | | |
|---|---|---|---|---|
| | | | | ഭാഗമായി സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ നിലവിലുള്ള ജലവിതരണ പദ്ധതികളുടെ വിതരണ ശൃംഖലകളിൽ നിന്ന് കണക്ഷനുകൾ നല്കുന്നതിനും ജലവിതരണ പൈപ്പുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി വിതരണ ശൃംഖല സ്ഥാപിച്ച് കണക്ഷനുകൾ നല്കുന്നതിനുമുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നു. |
| 3 | 14/19 | 10 | സംസ്ഥാനത്ത് പ്രളയ സാധ്യതയുള്ള നദികൾക്ക് കൂടുതൽ സ്ഥലം ഒരുക്കി നൽകുന്നതിലേയ്ക്കായി പമ്പാനദിയെ പൈലറ്റ് പദ്ധതിയാക്കിക്കൊണ്ട് 'റൂം ഫോർ ദി റിവർ” പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ? | 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ, നദികളിൽ, പ്രത്യേകിച്ച് കുട്ടനാട് മേഖലയിലെ പമ്പ, അച്ചൻകോവിൽ നദികളിൽ പെട്ടെന്നുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കാനുദ്ദേശിച്ച് നദികളുടെ ആഴവും വീതിയും കൂട്ടിയും ബൈപ്പാസ് ചാനലുകളുടെ പുനരുദ്ധാരണം നടത്തിയും ലീഡിംഗ് ചാനലുകളുടെ ബണ്ടുകൾ ബലപ്പെടുത്തിയും, ഫ്ലഡ് റഗുലേറ്ററുകളുടെ നിർമ്മാണം നടത്തിയും നെതർലാന്റ് മാതൃകയിൽ, നദിക്ക് വഴിയൊരുക്കുന്ന (Room for River) പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള മാതൃകകൾ പരിശോധിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 4 | 14/22 | 2 | (ഡി) ഭൂജല സംരക്ഷണവും സംപോഷണവും എന്ന പ്ലാൻ പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) പൂർത്തീകരിച്ച ബോർവെൽ റീചാർജ്ജ് പദ്ധതികളുടെ ഗുണനിലവാര പഠനം പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് സംപോഷണത്തിന് അനുയോജ്യമായ കുഴൽ കിണർ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 5 | 14/22 | 6 | റിവർ മാനേജ്മെന്റിന്റെയും വെള്ളപ്പൊക്കം ഉണ്ടാകുന്ന സ്ഥലങ്ങളുടെയും ജലവിഭവ നിയന്ത്രണത്തിനായി റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കും എന്ന പ്രഖ്യാപനം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | സംസ്ഥാനത്തെ നദീജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിനും നദികളുടെ ശരിയായ വിധത്തിലുള്ള സംരക്ഷണം, പരിപാലനം, പുനഃസ്ഥാപനം എന്നിവ ലക്ഷ്യമാക്കിയും റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി RBCMA ആക്ടിന്റെ കരട് തയ്യാറാക്കുന്നതിന് ഒരു സംസ്ഥാനതല കമ്മിറ്റി 3-5-2019-ൽ രൂപീകരിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത ആക്റ്റ് തയ്യാറാക്കുന്നതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ഒരു 13 അംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി 10-6-2019-ൽ രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച കരട് ബില്ലിന് അന്തിമരൂപം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 6 | 14/22 | 9 | നദികളെ മാലിന്യ മുക്തമാക്കുന്ന പദ്ധതികളിൽ തുടർ നടപടി സ്വീകരിക്കാത്തതു മൂലം, മാലിന്യ മുക്തമാക്കപ്പെട്ട നദികൾ മാസങ്ങൾക്കകം മാലിന്യ കൂമ്പാരമാകുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് ജലവിഭവ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | മാലിന്യമുക്തമാക്കപ്പെട്ട നദീഭാഗങ്ങൾ വീണ്ടും മലിനീകരണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പ്രധാന കാരണമായി കാണുന്നത്, നഗരങ്ങളിൽ നിന്നുള്ള ഓടകൾ കൂടുതലും ജലസ്രോതസ്സുകളിലാണ് എത്തിച്ചേരുന്നത് എന്നതാണ്. മഴക്കാലത്ത് ഓടകളിൽ നിന്ന് മലിന ജലം/ മാലിന്യം, നദികൾ/ തോടുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ എത്തുന്നത് ശുചീകരിക്കപ്പെട്ട നദീഭാഗങ്ങളിൽ മാലിന്യ നിക്ഷേപത്തിനിടയാക്കുന്നു. ഇത് കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നേരത്തെ പ്രസ്താവിച്ച് "Tie up between Engineering colleges and Water Resources Department in Kerala" എന്ന സംരംഭത്തിന്റെ തുടർച്ചയായി നദികളുടെ നീരൊഴുക്ക് നിലനിർത്തി ജലശുദ്ധി ഉറപ്പാക്കുന്നതിനായുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആലോചിക്കുന്നു. കേരള ജല അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ്, ഭൂജല വകുപ്പ് തുടങ്ങിയ വകുപ്പുകൾ/ ഏജൻസികളേയും ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | 14/22 | 10 | പ്രളയം സൃഷ്ടിക്കാനിടയുള്ള നാശനഷ്ടം കുറയ്ക്കുന്നതിന് ഇന്റഗ്രേറ്റഡ് കമാൻഡ് ആന്റ് കൺട്രോൾ സെന്റർ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | ഉണ്ട്. കേരള സർക്കാരിന്റെ പ്രളയാനന്തര പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരള ജലവിഭവ വിവര സംവിധാനം(Kerala Water Resources Information System) വേഗത്തിൽ നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളിൽ നിന്നുമുള്ള സുഗമമായ വിവര ശേഖരത്തിനും വകുപ്പിന്റെ പ്രവർത്തനവും ആസൂത്രണവും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് സംയോജിത നിർദ്ദേശ നിയന്ത്രണകേന്ദ്രം (Integrated Command and Control Centre) വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്ന പ്രധാനലക്ഷ്യങ്ങൾ താഴെ പ്പറയുന്നു. 1. പ്രളയ പ്രവചനവും മുന്നറിയിപ്പ സംവിധാനവും(Flood Forecasting and Early Warning System) വികസിപ്പിക്കൽ. 2. ജലസംഭരണികളുടെ സംയോജിത പ്രവർത്തനവും മാനേജ്മെന്റും (Integrated Reservoir Operation and Management) വികസിപ്പിക്കൽ. 3. നദികളുടെ പുനരുജ്ജീവനം (Rejuvenation of Rivers) 4. ഭാരതപ്പുഴയുടെ വരൾച്ചയും പ്രളയവും കണക്കിലെടുത്ത് വികസിപ്പിക്കുന്ന തീരുമാന പിന്തുണാ സംവിധാനം(Decision Support System for Bharatapuzha) കൂടാതെ വകുപ്പിലെ ഹൈഡ്രോളജിക് മോഡലിന്റെ പരിശീലനം ലഭിച്ചവരിൽ നിന്നും ഒരു |

| | | | | |
|---|---|---|---|---|
| | | | | സാങ്കേതിക സംഘം രൂപീകരിച്ച് കേരളത്തിലെ എല്ലാ നദീതടങ്ങളുടെയും മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള തിരുവനന്തപുരത്തെ ജലവിജ്ഞാന ഭവനിലാണ് ഈ കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| 8 | 14/22 | 16 | പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് കേടായ പൈപ്പുകൾ യഥാക്രമം മാറ്റിസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | അമൃത് പദ്ധതി വഴി നടപ്പിലാക്കുന്ന 144.76 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് അത് വഴി ജലചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഇതിൽ 112.58 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി 32.17 കോടി രൂപയുടെ പ്രവൃത്തികൾ 2021 മാർച്ച് മാസത്തിനു മുൻപായി പൂർത്തിയാക്കുന്ന രീതിയിൽ പുരോഗമിച്ചു വരുന്നു.<br>പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി വഴി 382.64 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റുന്നതിന് കഴിഞ്ഞ 5 വർഷത്തിനിടയിൽ (2016-21) 535.86 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | 15/01 | 8 | (എ)സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനും ജലസംരക്ഷണത്തിനുമായി സ്വീകരിക്കുന്ന പദ്ധതികളുടെ ഭാഗമായി പുഴകളും തോടുകളും ശുചീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?<br>(സി) പുഴകളിലും തോടുകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും മലിനജലം ഒഴുക്കി വിടുന്നത് തടയുന്നതിനും ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (എ) സംസ്ഥാനത്തെ ജലസംഭരണികളിലെയും പുഴകളിലെയും കുളങ്ങളിലെയും സംഭരണശേഷി വർധിപ്പിക്കുന്നതിന് എക്കലും ചെളിയും നീക്കം ചെയ്തു സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) വിധിയുടെ അടിസ്ഥാനത്തിൽ മലിനമായ പുഴകൾ ശുചീകരിക്കുന്നതിനു വേണ്ടിയുള്ള DPR എഞ്ചിനീയറിംഗ് കോളേജുകളുടെ സഹായത്തോടുകൂടി ജലസേചന വകുപ്പ് തയ്യാറാക്കി കഴിഞ്ഞു. ഇതിന്മേൽ പദ്ധതികൾ തയ്യാറാക്കി മുന്നോട്ടുപോകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ അതിയായി മലിനപ്പെട്ടിരിക്കുന്ന 21 നദികളുടെ DPR-കളാണ് തയ്യാറാക്കിയിരിക്കുന്നത്. ഭാരതത്തിൽ തന്നെ ഇത്തരമൊരു സംരംഭം ആദ്യമായിട്ടാണ്.<br><br>(സി) കേരളത്തിലെ അതിയായി മലിനപ്പെട്ട 21 നദികളുടെയും DPR-കൾ എഞ്ചിനീയറിംഗ് കോളേജുകളുടെ സഹായത്തോടെ ജലസേചന വകുപ്പ് തയ്യാറാക്കി കഴിഞ്ഞു. ഇതേ മാതൃകയിൽ കേരളത്തിലെ 44 നദികളും ശുചീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. നദികളെ മലിനപ്പെടുത്തുന്ന മുഖ്യ സ്ഥലങ്ങളും കാരണങ്ങളും തിരിച്ചറിഞ്ഞു പരിഹാരമാർഗങ്ങളും നിയമപാലനത്തിലൂടെയും |

| | | | | |
|---|---|---|---|---|
| | | | | മലിനീകരണ തോത് കുറയ്ക്കുവാനാണ് ശ്രമിക്കുന്നത്. കൂടാതെ സാധ്യമാകുന്ന സ്ഥലങ്ങളിൽ വികേന്ദ്രീകൃത STP/ETP (Sewarage Treatment Plant/ Effluent Treatment Plant)കൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. |
| 10 | 15/02 | 20 | (എ) സംസ്ഥാനത്ത് കടൽ ജലം ശുദ്ധീകരിച്ച് വേർതിരിക്കാനും ശുദ്ധജല ലഭ്യത ഉറപ്പാക്കാനും കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) ഇതിനായുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി, സമുദ്ര വിഭവങ്ങൾ ഉപയോഗപ്പെടുത്തി ശുദ്ധജലത്തിനും പാരമ്പര്യേതര ഊർജ്ജത്തിനും ബദൽ സാങ്കേതികവിദ്യകൾ കണ്ടെത്തുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT) യുമായി സഹകരിച്ച് ചെയ്യുവാൻ ആണ് ഉദ്ദേശിക്കുന്നത്. ആദ്യപടിയായി ശുദ്ധജല ക്ഷാമം നേരിടുന്ന മത്സ്യബന്ധന മേഖലകളിലും അനുബന്ധ സ്ഥലങ്ങളിലും ഡീസലൈനേഷൻ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള കുടിവെള്ള വിതരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ആണ് ലക്ഷ്യമിടുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ഡീസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി NIOT അധികൃതരുമായി അനുയോജ്യമായ ഡീസലൈനേഷൻ സാങ്കേതിക വിദ്യ തിരഞ്ഞെടുക്കുന്നതിനുള്ള വിവരശേഖരണം നടത്തി വരുന്നു. |

| | | | | |
|---|---|---|---|---|
| 11 | 15/02 | 57 | (എ) സംസ്ഥാനത്ത് വർഷങ്ങളായി നിർമ്മാണം പൂർത്തീകരിക്കാത്ത ജലസേചന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | (എ) കാരാപ്പുഴ, ബാണാസുരസാഗർ, ഇടമലയാർ എന്നീ ജലസേചന പദ്ധതികളും മൂവാറ്റുപുഴ വാലി പദ്ധതിയുടെ കാരിക്കോട്, ഇടയാർ എന്നീ ഡിസ്ട്രിബ്യൂട്ടറികളുടെ നിർമ്മാണവും പൂർത്തീകരിക്കാനുണ്ട്. പൂർത്തീകരിക്കാത്ത പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ മെമ്പർ ചെയർമാനായി രൂപീകരിച്ച സാങ്കേതിക കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| 12 | 15/02 | 60 | (എ) ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ മുന്നിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?<br><br>(ബി) ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും അതിലേയ്ക്ക് വന്നു ചേരുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനും ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (എ)&(ബി) ഭാരതപ്പുഴയിലെ കൂടുതൽ മലിനീകരിക്കപ്പെട്ട ഭാഗമായി വിലയിരുത്തിയിട്ടുള്ള തിരൂർ പൊന്നാനി ഭാഗത്തെ മാലിന്യ ലഘൂകരണം ലക്ഷ്യമിട്ടുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പട്ടാമ്പി മുനിസിപ്പൽ പ്രദേശത്തെ മാലിന്യ ലഘൂകരണം കൂടി കണക്കിലെടുത്താണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സാമ്പത്തിക ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഭാരതപ്പുഴയെ സംരക്ഷിക്കുന്ന തിനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും വിവിധ ഏജൻസികൾ/വകുപ്പുകളുടെ പ്രവർത്തനം ആവശ്യമാണ്. നദിയിലെ നീരൊഴുക്ക് |

| | | | | |
|---|---|---|---|---|
| | | | | വർദ്ധിപ്പിക്കുന്നതിന് നീർത്തടാധിഷ്ഠിത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ വകുപ്പുകളുടെ ഏകോപന ത്തോടെ ശാസ്ത്രീയമായി നിർവ്വഹിക്കേണ്ട തുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യുടെ ഭാഗമായ ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭാരതപ്പുഴയുടെ സംരക്ഷണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| 13 | 15/02 | 62 | (ബി) സംസ്ഥാനത്തെ അതിതീവ്ര കടലാക്രമണ പ്രദേശങ്ങളിൽ കടലാക്രമണ പ്രതിരോധത്തിന് എന്ത് സംവിധാനം ഒരുക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്? | (ബി) പ്രസ്തുത പ്രദേശങ്ങളിൽ ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽ ഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പഠനം നടത്തുന്നതിനുവേണ്ടിയുള്ള കരട് കരാർ NCCR ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കരട് അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതുമായ 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യ |

| | | | | |
|---|---|---|---|---|
| | | | | ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മേൽ പറഞ്ഞ 10 ഹോട്ട്സ്പോട്ടുകളിൽ ഒന്നായ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ടെട്രാപോഡ് ഉപയോഗിച്ച് ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക: 344.20 കോടി രൂപ) വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) മുഖേന പഠനം നടത്തി അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 14 | 15/02 | 74 | (എ) കടലാക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ തീരം സംരക്ഷിക്കാനായി ജലവിഭവ വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തി വരുന്ന തീരസംരക്ഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ 9 തീരദേശ ജില്ലകളിൽ കടലാക്രമണം രൂക്ഷമായ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ച |

| | | | | |
|---|---|---|---|---|
| | | | (ബി) കടലാക്രമണം രൂക്ഷമായ തീരപ്രദേശത്തിന്റെ ദൈർഘ്യം ഏറെയാണെന്നതും കരിങ്കല്ലിന്റെ ലഭ്യതക്കുറവും മുൻനിർത്തി കരിങ്കൽ ഭിത്തിക്കു ബദലായി മറ്റ് സാങ്കേതിക മാർഗ്ഗങ്ങൾ പ്രായോഗികമാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | വരുന്നുണ്ട്. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതുമായ 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള 344.20 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി നൽകുന്നത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്. ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി National Centre for Coastal Research (NCCR) എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തി തീരസംരക്ഷണ പ്രവൃത്തികൾ ചെയ്യുവാൻ തീരുമാനിച്ചു. രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളായ കൊല്ലംകോട്, ശംഖുംമുഖം, ആലപ്പാട്, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ |

| | | | | |
|---|---|---|---|---|
| | | | | അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 10 കോടി രൂപയും ജലസേചന വകുപ്പിലെ നോൺ പ്ലാൻ ഫണ്ടിൽ നിന്നും 2.69 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 13-7-2021-ലെ സ.ഉ.(സാധാ)നം. 365/2021/ ജവിവ നമ്പർ ഉത്തരവ് പ്രകാരം ഗ്രോയിൻസ് നിർമ്മിക്കുന്നതിനുള്ള 88.129 കോടി രൂപയുടെ 4 പ്രവൃത്തികൾക്ക് കൂടി അനുമതി നൽകിയിട്ടുണ്ട്.<br>ബി) കടലാക്രമണം ചെറുക്കുന്നതിന് സാധാരണയായി സി.ഡബ്ല്യൂ.പി.ആർ. എസ്., പൂനെ/ഐ.ഐ.ടി., ചെന്നൈ മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോ ബാഗിൽ മണൽ നിറച്ച് തീരത്തെ അടിയന്തരമായി സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. എന്നാൽ സംരക്ഷിക്കപ്പെടേണ്ട തീരപ്രദേശത്തിന്റെ ദൈർഘ്യം കൂടുതൽ ആയതിനാലും കല്ലിന്റെ ലഭ്യതക്കുറവുമൂലവും കല്ലിനു ബദലായി മറ്റു സാങ്കേതിക മാർഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 2021 മെയ് 24, 25 തീയതികളിൽ ബഹു. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും നേതൃത്വത്തിൽ നടന്ന യോഗങ്ങളിൽ കടലാക്രമണ പ്രതിരോധം ഈ മന്ത്രിസഭയുടെ പ്രഥമ പരിഗണനയിലുള്ള |

| | | | | |
|---|---|---|---|---|
| | | | | വിഷയം ആണെന്ന് പ്രഖ്യാപിക്കുകയും ടെട്രാപോഡ് പോലുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാനും തീരുമാനിച്ചു. ഇതേ തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ച് 344.20 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കടലാക്രമണം ഏറ്റവും രൂക്ഷമായ മറ്റു പ്രദേശങ്ങളിൽ തീരത്തിന്റെ ഘടനയ്ക്ക് അനുസൃതമായി തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) മുഖേന പഠനം നടത്താൻ തീരുമാനിക്കുകയും പ്രസ്തുത പഠനത്തിലെ നിർദ്ദേശാനുസരണം ഡയഫ്രം വാൾ, ടെട്രാപോഡ്, ഓഫ്ഷോർ ബ്രേക്ക് വാട്ടർ എന്നീ നൂതന സാങ്കേതിക വിദ്യകളും മറ്റു Soft solution-നുകളും സംയോജിപ്പിച്ചുള്ള തീരസംരക്ഷണം പ്രാവർത്തികമാക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. |
| 15 | 15/02 | 75 | (എ) സംസ്ഥാനത്ത് കെ. എം. മാണി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ ഒരു പദ്ധതി ജലസേചന വകുപ്പ് നടപ്പിലാക്കാൻ തീരുമാനി ച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ | (എ) ഉണ്ട്. 28-5-2021-ലെ കേരള അസംബ്ലി യിൽ ഗവർണർ നടത്തിയ പ്രസംഗത്തിൽ മുൻമന്ത്രി ശ്രീ. കെ. എം. മാണിയുടെ സ്മരണാർത്ഥം കേരളത്തിലെ |

| | | | | |
|---|---|---|---|---|
| | | | ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br>(സി) സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും എല്ലാ വിളകൾക്കും പ്രസ്തുത പദ്ധതിയിലൂടെ ജലസേചന സൗകര്യം ലഭ്യമാക്കുമോ? | നാണ്യവിളകൾക്കുമുടെ മൈക്രോ ഇറിഗേഷൻ വ്യാപകമാക്കുന്നതിനായി<br>ശ്രീ. കെ. എം. മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി പ്രഖ്യാപിക്കപ്പെട്ടു.<br>(ബി) ജലത്തിന്റെ ഏറ്റവും കൃത്യവും കാര്യക്ഷമവുമായ ഉപയോഗമാണ് മൈക്രോ ഇറിഗേഷൻ മുഖേനയുള്ള ജലസേചനത്തിലൂടെ സാധ്യമാകുന്നത്. കനാലുകളിൽ നിന്നും വളരെയകലെയുള്ള കൃഷിയിടത്തേക്കും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലം എത്തിക്കാനാവും. കുളങ്ങൾ, തടയണകൾ, വി.സി.ബി.-കൾ (Vented Cross Bars), ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ അടിസ്ഥാനമാക്കി പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തി, കൃഷി വകുപ്പ്, സഹകരണ വകുപ്പ് എന്നിവയുമായി സഹകരിച്ച് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 12 കോടി രൂപയും 2021-22 വർഷത്തിൽ 17 കോടി രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്.<br>സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനാണ് |

| | | | | |
|---|---|---|---|---|
| | | | | ഉദ്ദേശിക്കുന്നത്. നാണ്യവിളകളായ ഏലം, കുരുമുളക്, ജാതി, തെങ്ങ്, കൊക്കോ, കാപ്പി, കവുങ്ങ് തുടങ്ങിയവയും ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, വാഴ എന്നിവയുമാണ് മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലസേചനം നൽകി കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. |
| 16 | 15/03 | 1 | സംസ്ഥാനത്തെ കായലുകളുടെയും കുളങ്ങളുടെയും ആഴം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രമായ പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ? | ഇക്കാര്യം സർക്കാരിന്റെ ആലോചനയിലുണ്ട്. അത് അടിയന്തരമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 17 | 15/03 | 7 | (എ) വർഷം മുഴുവൻ കർഷകർക്ക് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതികൾ എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>(ബി) തുള്ളി നന പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ? | (എ) വർഷം മുഴുവൻ കർഷകർക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതികൾക്ക് സാധ്യത ഉള്ളസ്ഥലങ്ങളിൽ കൃഷി വകുപ്പുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>(ബി) അന്തരിച്ച ശ്രീ. കെ.എം. മാണിയുടെ ഓർമ്മയ്ക്കായി ഒരു കമ്മ്യൂണിറ്റി ബേസ്ഡ് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്. ലിഫ്റ്റ് ഇറിഗേഷന്റെ സാദ്ധ്യതകൾ മൈക്രോ ഇറിഗേഷൻ വിദ്യകളുമായി ഉൾച്ചേർക്കുകയാണ് പ്രധാന ലക്ഷ്യം. |

| | | | | |
|---|---|---|---|---|
| 18 | 15/03 | 15 | പട്ടണപ്രദേശങ്ങളിൽ ഡ്രെയിനേജ് പൈപ്പുകൾ പൊട്ടി മാലിന്യം കൂടി വെള്ളത്തിൽ കലരുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയാൻ നടപടി സ്വീകരിക്കുമോ? | എതെല്ലാം സ്ഥലങ്ങളിലാണ് ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉള്ളത്. അത് മാറ്റിയിടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 19 | 15/03 | 16 | കേരളത്തിലെമ്പാടും ഒരു ദിവസത്തിനകത്ത് ഭൂമിക്കടിയിലെ പൈപ്പിലെ ജലചോർച്ച കണ്ടെത്തുന്നതിനുള്ള സ്കാനിംഗ് മെഷീൻ അവയലബിളാക്കാനുള്ള നടപടിയുണ്ടാകുമോ? | തീർച്ചയായും ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്. |
| 20 | 15/03 | 33 | (സി) കനാലുകളും തോടുകളും സമയബന്ധിതമായി വൃത്തിയാക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (സി) മാലിന്യ സംസ്കരണവും/ഉറവിട മാലിന്യ സംസ്കരണവും ശാസ്ത്രീയമായും ഫലപ്രദമായും നിർവ്വഹിക്കുന്നതിനും കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് നീർവാർച്ച സുഗമമാക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓടകളും തോടുകളും സമയബന്ധിതമായി വൃത്തിയാക്കുന്നതിന് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കി വരുന്ന "ശ്രീ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി"യുടെ സേവനം മറ്റിടങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| 21 | 15/03 | 37 | (എ) കേരളത്തിലെ ചെറുതും വലുതുമായ എല്ലാ നദികളുടെയും പരിപാലനത്തിനായി വിപുലമായ | എ) സംസ്ഥാനത്തെ നദീജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും |

| | | | | |
|---|---|---|---|---|
| | | | അധികാരങ്ങളോടെ നദീതട പരിപാലന അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോ? | ഏകീകരിക്കുന്നതിനും നദികളുടെ ശരിയായ വിധത്തിലുള്ള സംരക്ഷണം, പരിപാലനം, പുനഃസ്ഥാപനം എന്നിവ ലക്ഷ്യമാക്കിയും റിവർബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| 22 | 15/03 | 38 | (സി) അതിതീവ്ര മഴയുടെയും പ്രളയങ്ങളുടെയും ഫലമായി നദികളുടെ വാഹകശേഷിയിൽ ഉണ്ടായ ഇടിവ് പരിഹരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ? | (സി) 2018-ലെ പ്രളയത്തെത്തുടർന്നും 2019-ലെ പ്രളയാനന്തരവും നദികളുടെ വാഹക ശേഷിയിൽ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. നദിയുടെ തീരങ്ങൾ ഇടിഞ്ഞും, മലയിടിച്ചിലിന്റെ ഭാഗമായി നദികളിൽ എത്തിച്ചേർന്ന അവശിഷ്ടങ്ങൾ അടിഞ്ഞും നദിയുടെ അടിത്തട്ടിലുണ്ടായ മാറ്റങ്ങൾ കാരണവുമാണ് നദികളുടെ വാഹകശേഷിയിൽ പ്രധാനമായും മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിന് നദികളിൽ അടിഞ്ഞുകൂടി തിട്ടകളായി മാറിയ എക്കൽ/ചളി/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ മാറ്റുന്നതിന് ബജറ്റ് വിഹിതം ഉപയോഗിച്ചുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ, ജലസേചന നിർമ്മിതികളായ തടയണ/റെഗുലേറ്റർ എന്നിവയുടെ സമീപം അടിഞ്ഞുകൂടിയ എക്കൽ/ചളി/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ മൂലമുണ്ടായ സംഭരണശേഷിക്കുറവ് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 23 | 15/05 | 2 | (എ) സംസ്ഥാനത്ത് പ്രളയഭീഷണി നേരിടുന്നതിനായി പ്രധാന നദികളെ അടിസ്ഥാനമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (എ) സംസ്ഥാനത്തിലെ പ്രധാന നദികളായ ഭാരതപ്പുഴ, പെരിയാർ, പമ്പ, ചാലിയാർ, മണിമല തുടങ്ങിയവയുടെ മാസ്റ്റർ പ്ലാനുകളാണ് പ്രാംഭഘട്ടത്തിൽ തയ്യാറാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുവേണ്ട പ്രാഥമിക വിവരശേഖരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരക്ഷണവും സുസ്ഥിര പരിപാലനവും ലക്ഷ്യമിട്ട് "റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (ആർ.ബി.സി. എം. എ)” രൂപീകരിക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബില്ല് സർക്കാരിന്റെ പരിശോധനയിലാണ്. റിവർ ബേസിൻ അതോറിറ്റി രൂപീകരണത്തിന് കേരള പുനർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 8 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. |
| 24 | 15/05 | 3 | (എ) ഗാർഹിക കിണറുകളുടെ സംരക്ഷണത്തിനും പരിപാലത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെ; ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്; വ്യക്തമാക്കുമോ? | (എ) സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള മഴവെള്ള സംരക്ഷണം ഭൂജല പരിപോഷണം പദ്ധതിയുടെ ഭാഗമായി കെ.ആർ.ഡബ്ല്യൂ.എസ്സ്.എ. മുഖാന്തിരം ഗാർഹിക കിണറുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നു. 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി 10 ഗ്രാമപഞ്ചായത്തുകളിലെ |

| | | | | |
|---|---|---|---|---|
| | | | | തെരഞ്ഞെടുക്കപ്പെട്ട 1670 കിണറുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ ജോലികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ ഗാർഹിക കിണറുകളുടെ സംരക്ഷണത്തിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കുവാനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. |

IV. <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്</u>

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 9 | (എ) പ്രളയകെടുതി നേരിടുന്ന കോളനികളുടെ പുനർനിർമ്മണത്തിനായി അംബേദ്കർ ഗ്രാമവികസന പദ്ധതി (2018-19)-യിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;<br>(ബി) ഇത് എന്നത്തേക്ക് നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) 90 കോളനികൾക്ക് ഭരണാനുമതി നൽകിയതിൽ 30 കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. അംബേദ്കർ ഗ്രാമവികസന പദ്ധതി മാനദണ്ഡ പ്രകാരമല്ലാതെ ഏജൻസികൾ സമർപ്പിച്ച എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടി വന്നതാണ് കാലതാമസത്തിന് കാരണം.<br>(ബി) എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്നതിനനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 2 | 14/19 | 12 | പഠനമുറി പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | പഠനമുറി പദ്ധതിപ്രകാരം അനുവദിച്ച പഠനമുറികളുടെ പൂർത്തീകരണത്തിനായി ആവശ്യമായ നിർദ്ദേശങ്ങൾ അവലോകന യോഗങ്ങളിൽ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നൽകുന്നുണ്ട്. ഇതിലൂടെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |
| 3 | 14/22 | 8 | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന തൊഴിൽദായകരെയും തൊഴിൽരഹിത ഗോത്ര യുവജനങ്ങളെയും ഒരു പൊതുവായ വേദിയിൽ കൊണ്ടുവരുന്ന രീതിയിൽ വെർച്ചൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | തൊഴിൽ കമ്പോളത്തിൽ ആവശ്യങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലാളികളുടെ നൈപുണ്യവും തമ്മിൽ അന്തരമുള്ളതിനാൽ നിലവിലെ തൊഴിൽ മേഖലയ്ക്ക് ആവശ്യമായ തരത്തിലുള്ള കഴിവുകൾ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് പരിശീലനത്തിലൂടെ നൽകി ഇവരെ ആധുനിക തൊഴിൽ മേഖലയുമായി ബന്ധിപ്പിക്കുന്നതിനായുള്ള 'വെർച്ചൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന പദ്ധതി നയരൂപീകരണ ഘട്ടത്തിലാണ്. |
| 4 | 14/22 | 14 | വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | കൊവിഡ് മഹാമാരിമൂലം കഴിഞ്ഞ ഒരു വർഷമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തുവാൻ കഴിയാത്തതും സർവ്വേ പൂർത്തീകരിക്കാൻ കഴിയാത്തതും മൂലം വനാവകാശ നിയമം പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുവാൻ കഴിയാതെ വരുന്നു. ആയവ പരിഹരിച്ച് വനാവകാശ നിയമ പ്രകാരമുള്ള എല്ലാ അപേക്ഷകളും ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| 5 | 14/22 | 15 | ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. വിവിധ ഫാമുകളുടെ കൈവശമുള്ള ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ വിതരണം ചെയ്ത് ഒരേക്കർ ഭൂമി നൽകുന്നതിനുള്ള നടപടി തുടർന്നു വരുന്നു. |
| 6 | 15/01 | 9 | (ബി) നിഷ്ക്രിയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (ബി) നിഷ്ക്രിയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പുനർജ്ജനി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. |
| 7 | 15/01 | 10 | (എ) പട്ടികജാതിക്കാരുടേതു പോലെ പട്ടിക വിഭാഗക്കാരുടെയും ചികിത്സാ ധനസഹായം ഓൺലൈനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) ബഹു. പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള ധനസഹായപദ്ധതി 'ടി ഗ്രാന്റ്സ് ' എന്ന ഓൺലൈൻ സംവിധാനം മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ആയതിലേക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചുകൊണ്ടും 31-10-2020-ലെ സ.ഉ.(കൈ)നം. 25/2020/ പ.ജ. പ.വ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടിക വർഗ്ഗക്കാരുടെ ചികിത്സാ സഹായം പ്രസ്തുത ആപ്ലിക്കേഷൻ മുഖേന ഓൺലൈനാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | | | | |
|---|---|---|---|---|
| 8 | 15/02 | 34 | (എ) പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് നിശ്ചിത വരുമാനപരിധി എന്ന നിബന്ധനയ്ക്ക് പുറമേ, മാതാവ്/പിതാവ്/ മാതാപിതാക്കൾ മരണപ്പെട്ടവരായിരിക്കണമെന്നും മാതാവിന്/പിതാവിന് രോഗബാധകൾ കാരണം ജോലി ചെയ്ത് ഉപജീവനം കണ്ടെത്തുവാൻ കഴിയില്ല എന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്നുമുള്ള അധിക നിബന്ധനകൾ കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?<br><br>(ബി) പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് മേൽപ്പറഞ്ഞ അധിക നിബന്ധന ഇല്ലായെന്നിരിക്കെ, ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് ഇപ്രകാരം അധിക നിബന്ധന വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) നിലവിലുള്ള ചട്ടപ്രകാരം പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് നിശ്ചിത വരുമാന പരിധി എന്ന നിബന്ധനയ്ക്ക് പുറമേ മാതാപിതാക്കളിൽ ആരെങ്കിലും മരിച്ചു പോവുകയും മറ്റ് ബന്ധുക്കളുടെയോ, രക്ഷിതാക്കളുടെയോ ആശ്രയത്തിൽ കഴിയുന്നവരുമായ അവിവാഹിതകളായ പെൺകുട്ടികൾ/ മാതാപിതാക്കളിൽ ആർക്കെങ്കിലുമോ രണ്ടുപേർക്കുമോ തൊഴിൽ ചെയ്ത് ജീവിക്കുവാൻ സാധിക്കാത്ത വിധം അംഗവൈകല്യം സംഭവിച്ചിട്ടുള്ള പക്ഷം അത്തരം ദമ്പതികളുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/അടിമപ്പണിയിൽ നിന്നും വിമുക്തമാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺമക്കൾ/പട്ടികവർഗ്ഗക്കാരല്ലാത്തവരിൽ നിന്നുള്ള അതിക്രമങ്ങൾക്കിരയായ പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹപ്രായമെത്തിയ അവിവാഹിതരായ പെൺകുട്ടികൾ, അത്തരം അതിക്രമങ്ങൾക്കിരയായ അവിവാഹിതരായ പട്ടികവർഗ്ഗ യുവതികൾ/ഭൂമി അന്യാധീനപ്പെട്ട് നിർദ്ധനരായിപ്പോയ പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹ പ്രായമെത്തിയ അവിവാഹിതരായ പെൺകുട്ടികൾ/പുനർവിവാഹം ചെയ്ത് ജീവിക്കുന്ന പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹ പ്രായമെത്തിയ |

| | | | | |
|---|---|---|---|---|
| | | | | അവിവാഹിതകളായ പെൺകുട്ടികൾ/സമുദായ ഭ്രഷ്ടയാക്കപ്പെട്ട അവാവാഹിതയായ പട്ടികവർഗ്ഗ പെൺകുട്ടി/സമുദായ ഭ്രഷ്ടരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ എന്നിവർക്കാണ് വിവാഹ ധനസഹായത്തിന് അർഹതയുള്ളത്. പ്രസ്തുത വ്യവസ്ഥകൾ പുനഃപരിശോധിച്ച് പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായത്തിന് സമാനമാക്കുന്നതിന് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| 9 | 15/02 | 58 | (എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം എസ്.ടി. വിഭാഗക്കാർക്ക് 6 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് നൽകി വരുന്നത് പോലെ പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്ക് വീട് വയ്ക്കുന്നതിന് അനുവദിക്കുന്ന തുക 6 ലക്ഷമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) 2018-ലെ പ്രളയക്കെടുതിയിൽ വയനാട് ജില്ലയിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പട്ടിക വർഗ്ഗക്കാരിൽ വീട് നിർമ്മാണത്തിന് അർഹരായിട്ടുള്ള 190 ഗുണഭോക്താക്കൾക്ക് ദുരന്ത നിവാരണ വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്ന 4 ലക്ഷം രൂപയ്ക്ക് പുറമെ രണ്ട് ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് ശീർഷകത്തിൽ 2019-20 വർഷം വകയിരുത്തിയ തുകയിൽ നിന്നും കണ്ടെത്തി അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം പ്രളയക്കെടുതിയിൽ വീട് നഷ്ടപ്പെട്ട, സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാർക്കും ദുരന്ത നിവാരണ വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്ന 4 ലക്ഷം രൂപയ്ക്ക് പുറമെ രണ്ട് ലക്ഷം രൂപ പട്ടികവർഗ്ഗ വികസന |

| | | | | |
|---|---|---|---|---|
| | | | | വകുപ്പിന്റെ ജനറൽ ഹൗസിംഗ് ശീർഷകത്തിൽ നിന്നും അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| 10 | 15/02 | 59 | (ബി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കൈവശഭൂമി വർദ്ധിപ്പിക്കുന്നതിനും മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കൈവശഭൂമി വർദ്ധിപ്പിക്കുന്നതിനും മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. |
| 11 | 15/02 | 78 | (ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും വൈദ്യുതി ഇല്ലാത്തവർക്ക് വൈദ്യുതി എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത 74 കോളനികൾ നിലവിലുണ്ട്. ടി. സ്ഥലങ്ങളിൽ ANERT-ന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തി നായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 12 | 15/02 | 86 | (ഡി) പട്ടികജാതി ക്ഷേമ ഫണ്ടിൽ തിരിമറി നടത്തി പാർശ്വവൽകൃത ജനസമൂഹത്തിന്റെ സാമൂഹ്യ പുരോഗതിയെ അട്ടിമറിക്കാൻ ശ്രമിക്കുന്നതായ നടപടികൾ | (ഡി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളായ പഠനമുറി നിർമ്മാണം, ഭവന നിർമ്മാണ ധനസഹായം, ചികിത്സാ ധനസഹായം തുടങ്ങിയ ഓൺലൈൻ മുഖേന നടപ്പിലാക്കി വരുന്ന |

| | | | | |
|---|---|---|---|---|
| | | | ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | പദ്ധതികളിൽ സാമ്പത്തിക ക്രമക്കേട് തടയുന്നതിനാവശ്യമായ മാറ്റങ്ങൾ ബന്ധപ്പെട്ട സൈറ്റുകളിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 13 | 15/02 | 87 | (ഡി) പുതിയ കാലത്തിന്റെ തൊഴിലവസരങ്ങളും വ്യവസായ സാധ്യതകളും കണക്കിലെടുത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന പരിപാടികൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) ഏകവത്സര ട്രേഡുകൾ പരിശീലിപ്പിക്കുന്ന ഐ.ടി.ഐ.-കളിൽ പ്രസ്തുത ട്രേഡിന്റെ അധിക ബാച്ച് ആരംഭിക്കുന്നതിനും പുതിയ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ള ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ വകുപ്പ് തലത്തിൽ പരിശോധിച്ചു വരുന്നു.<br>നൈപുണ്യ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി ASAP (Additional Skill Aquisition Programme), KASE (Kerala Academy for Skills Excellence), DDUGKY (Deen Dayal Upadhyaya Grameen Kaushalya Yogana) എന്നിവയുമായി ചേർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതി തയ്യാറാക്കി വരുന്നു. |
| 14 | 15/03 | 9 | (ബി) പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം, 1989 പ്രകാരം പുതിയ പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പുതിയ സ്പെഷ്യൽ കോടതികൾ തുടങ്ങുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 15 | 15/03 | 17 | പട്ടികജാതി വികസന കോർപ്പറേഷന്റെ കീഴിൽ വെറുതെ കിടക്കുന്ന സ്ഥലങ്ങളിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കുറച്ച് സ്ഥലം കിടക്കുന്നുണ്ട്. അതെല്ലാം പ്രയോജനപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. |
| 16 | 15/03 | 30 | (എ) സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ?<br>(ബി) എത്ര കോളനികളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനിയെത്ര കോളനികളിൽ ആയത് പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ? | (എ) എല്ലാ പട്ടികവർഗ്ഗ കോളനികളിലും കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനായി ഐ.റ്റി. വകുപ്പിന്റെ സഹായത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഐ.റ്റി. വകുപ്പിന്റെ വിഹിതത്തിന് പുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടും വിനിയോഗിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഇതു സംബന്ധിച്ച പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ കോളനികളിലും കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.<br><br>(ബി) സംസ്ഥാനത്തെ 242 കോളനികളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 194 കോളനികളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| 17 | 15/03 | 32 | (സി) കോടതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എറണാകുളം ജില്ലയെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) പരിശോധിച്ചിട്ടുണ്ട്. എറണാകുളം ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പുതിയ സ്പെഷ്യൽ കോടതികൾ തുടങ്ങുന്നത് സംബന്ധിച്ച് സർക്കാർ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 18 | 15/04 | 21 | (സി) മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പാണ്ടിക്കാട് ഗവൺമെന്റ് ഐ.ടി.ഐ. യിൽ ഏതെങ്കിലും ട്രേഡുകൾ പുതുതായി ആരംഭിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;<br>(ഡി) പാണ്ടിക്കാട് ഐ.ടി.ഐ.യിൽ ഇലക്ട്രീഷൻ ട്രേഡ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) നിലവിൽ നടത്തുന്ന കോഴ്സുകളിൽ കാലഹരണ പ്പെട്ട ട്രേഡുകൾക്ക് പകരം, സാങ്കേതിക പരിശീലന വകുപ്പിന്റെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട്, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. |
| 19 | 15/04 | 22 | (ബി) നിലവിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത എസ്.സി. എസ്.ടി. കോളനികളിൽ വിവിധ ഇന്റർനെറ്റ് സേവനദാതാക്കളുമായി സഹകരിച്ച് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതി നുള്ള നടപടി സ്വീകരിക്കുമോ? | (ബി) പട്ടികവർഗ്ഗ കോളനികളിൽ ബി.എസ്.എൻ. എൽ മുഖേന കണക്ടിവിറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പട്ടികജാതി കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും പരിഗണനയിലാണ്. |
| 20 | 15/04 | 34 | (എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനിക വൽകരിക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ? | (എ) നിലവിൽ നടത്തുന്ന കോഴ്സുകളിൽ കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം, സാങ്കേതിക പരിശീലന വകുപ്പിന്റെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട്, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലാണ്. |

V. <u>കൃഷി വകുപ്പ്</u>

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/22 | 12 | തെക്കൻ ജില്ലകൾ കേന്ദ്രീകരിച്ച് പഠനത്തിനും ഗവേഷണത്തിനുമായി ഒരു വെറ്ററിനറി കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല, എന്നാൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വെറ്ററിനറി കോളേജിന്റെ സാന്നിദ്ധ്യമില്ലാത്ത തെക്കൻ ജില്ലകളിൽ പുതിയ ഒരു കോളേജ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സർവ്വകലാശാല അറിയിച്ചതിൻ പ്രകാരം ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. |
| 2 | 14/22 | 20 | ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | കർഷക ആത്മഹത്യ തടയുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വില പരിപാലന പദ്ധതി, പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ് പദ്ധതി, പ്രളയത്തിൽ തകർന്ന കാർഷികമേഖലയുടെ പുനഃസ്ഥാപനത്തിന് ആനുകൂല്യങ്ങൾ തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| 3 | 15/02 | 32 | നാളികേരത്തിന്റെ വില കാലോചിതമായി വർദ്ധിപ്പിച്ച് അടിയന്തരമായി പഞ്ചായത്തുകൾ തോറും നാളികേര സംഭരണത്തിനുള്ള സംവിധാനമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | തിരുവനന്തപുരത്തെ ആനയറയിലുള്ള കേരഫെഡിന്റെ റീജിയണൽ ഓഫീസിലും തൃശ്ശൂർ പൂച്ചിനിപ്പാടത്തുള്ള കേരഫെഡ് ഓഫീസിലും, പൊന്നാനിയിലെ വെളിയങ്കോടുള്ള പെരുമ്പടപ്പ് ബ്ലോക്ക് കോക്കനട്ട് ആന്റ് പ്രോസ്സസിംഗ് മാർക്കറ്റിംഗ് സൊസൈറ്റിയിലും കേരഫെഡ് സംഭരണം ആരംഭിക്കുന്നതാണ്. സംഭരണത്തിന് കൂടുതൽ കേന്ദ്രങ്ങൾ ആവശ്യമായി വന്നാൽ അതനുസരിച്ച് ഏർപ്പെടുത്തുന്നതാണ്. |

| | | | | |
|---|---|---|---|---|
| 4 | 15/02 | 41 | (ബി) കന്നുകാലികളുടെ ആരോഗ്യ പരിപാലനത്തിനായി ടെലി മെഡിസിൻ സംവിധാനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?<br>(സി) ടെലി മെഡിസിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൃഗഡോക്ടർമാർക്കായി പരിശീലന പരിപാടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?<br>(ഡി) പൊതുജനാരോഗ്യ മേഖലയിൽ നടപ്പിലാക്കിവരുന്ന ഇ-സഞ്ജീവനി പദ്ധതിയുടെ മാതൃകയിൽ മൃഗസംരക്ഷണ മേഖലയിൽ ടെലി മെഡിസിൻ പദ്ധതി വ്യാപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (ബി) ഉണ്ട്. നിലവിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ടെലി മെഡിസിൻ സംവിധാനമായ" ഇ-സഞ്ജീവനി ഒപിഡി" മാതൃകയിൽ മൃഗസംരക്ഷണ വകുപ്പിലും ഒരു "ടെലി വെറ്ററിനറി ഒപിഡി" നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്.<br>(സി) ഉണ്ട്. ഡോക്ടർമാർക്ക് വീഡിയോകോൾ സംവിധാനം വഴി മൃഗങ്ങളെ കാണുന്നതിനും ചികിത്സിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.<br>(ഡി)" ഇ-സഞ്ജീവനി ഒപിഡി" സംവിധാനം തയ്യാറാക്കിയ C-DAC മായി പ്രസ്തുത പദ്ധതി സംബന്ധിച്ച ചർച്ച നടത്തിവരികയാണ്. |
| 5 | 15/02 | 43 | (എ) വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിനെ നവീകരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിനെ നവീകരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ മുഴുവൻ പദ്ധതികളെയും ഏകോപിപ്പിക്കുന്നതിനുള്ള ബൃഹത്തായ ഒരു ഓൺലൈൻ സംവിധാനം തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ മുഴുവൻ പദ്ധതികളെയും, പ്രവർത്തനങ്ങളെയും, സേവനങ്ങളെയും ഏകോപിപ്പിക്കുക എന്നതിന്റെ ആദ്യപടിയായി Agriculture Information Management System (AIMS) എന്ന |

| | | | | |
|---|---|---|---|---|
| | | | | പേരിൽ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഒരു ഡിജിറ്റൽ സംവിധാനം വികസിപ്പിച്ചു വരുന്നു. പ്രകൃതിദുരന്തം കാരണമുണ്ടായ വിള നാശങ്ങൾക്ക് ധനസഹായത്തിനുള്ള അപേക്ഷ, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം, നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകൽ, നെൽ വയലുടമകൾക്കുള്ള റോയൽറ്റി, കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി എന്നീ പദ്ധതികളിലെ സേവനങ്ങൾ കർഷകരുടെ അപേക്ഷ മുതൽ ആനുകൂല്യ വിതരണം വരെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിൽ നടന്നു വരുന്നു. നിലവിൽ ഓൺലൈൻ ആക്കപ്പെട്ട സെവനങ്ങൾ AIMS പോർട്ടലിനു കീഴിൽ കർഷകർക്ക് ഏതു സമയത്തും ലഭ്യമാണ്. കർഷകർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും, അപേക്ഷയുടെ തൽസ്ഥിതി വിവരം അറിയുന്നതിനുമുള്ള സംവിധാനം, ഉദ്യോഗസ്ഥർക്ക് അപേക്ഷകൾ പേപ്പർ രഹിതമായി ഓൺലൈനിൽ തന്നെ പ്രോസസ്സ് ചെയ്യുന്നതിനുള്ള സംവിധാനം, കേന്ദ്രീകൃത ഡി. ബി. റ്റി. സംവിധാനം വഴി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സംവിധാനം എന്നിവ ഇതിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലൂടെ കർഷകർക്കുള്ള ആനുകൂല്യങ്ങൾ വളരെ വേഗത്തിലും സുതാര്യതയിലും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറാനാകും. കൃഷിഭവനിലൂടെ |

| | | | | |
|---|---|---|---|---|
| | | | | നടപ്പാക്കുന്ന മുഴുവൻ പദ്ധതികളും ഓൺലൈൻ സേവനങ്ങളാക്കി മാറ്റുക, കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ വഴിയോ ഓൺലൈൻ പോർട്ടൽ വഴിയോ എല്ലാ അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കുക, കർഷകർക്ക് നടീൽ വസ്തുക്കളുടെ ലഭ്യത, വിവിധ കാർഷിക മുറകൾ സംബന്ധിച്ച വിവരങ്ങൾ, ജൈവ-രാസകീടനാശിനി പ്രയോഗങ്ങളുടെ രീതി തുടങ്ങിയ കാർഷിക വിവരങ്ങൾ കർഷകർക്ക് ഓൺലൈനായി നൽകുന്നതിനുള്ള ഡിജിറ്റൽ ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ AIMS എന്ന സംവിധാനത്തിൽ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| 6 | 15/02 | 84 | (ബി) അത്യുൽപാദന ശേഷിയും ഉയർന്ന പ്രതിരോധ ശേഷിയുമുള്ള തെങ്ങിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) പദ്ധതി പ്രകാരം 2021-22 വർഷത്തിൽ 1 ലക്ഷം എണ്ണം കുറിയ ഇനം, 12 ലക്ഷം എണ്ണം നെടിയ ഇനം (WCT), 3 ലക്ഷം എണ്ണം സങ്കരയിനം എന്നിങ്ങനെ ആകെ 16 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. 10 ലക്ഷത്തോളം ഗുണമേന്മയുള്ള തെങ്ങിൻതൈകൾ 2022 നടീൽ സീസണിൽ കർഷകർക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് കണക്കാക്കുന്നു. |
| 7 | 15/02 | 85 | (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴി, പാൽ ഉൽപന്നങ്ങൾ, പക്ഷിമൃഗാദികൾ എന്നിവ അതിർത്തി യിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ | (എ) ഉണ്ട്, ചെക്ക് പോസ്റ്റുകളിൽ അതുവഴി കടന്നുവരുന്ന ഇറച്ചിക്കോഴി, പാൽ ഉൽപന്നങ്ങൾ, പക്ഷിമൃഗാദികൾ, പാൽ, മുട്ട എന്നിവയുടെ കണക്കുകളും, വിവരശേഖരണവുമാണ് നടത്തുന്നത്. ഗുണനിലവാര പരിശോധന സംവിധാനം ഏർപ്പെടുത്താനും ഉദ്ദേശമുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?<br>(സി) ഗുണനിലവാരം ഉറപ്പുവരുത്തുന്ന തിനായി നടത്തിവരുന്ന പരിശോധനാ സംവിധാനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന നിലവിലുള്ള പരിശോധനാ സംവിധാനങ്ങൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ ആധുനികവത്കരിക്കുന്നതിനും വിപുലീകരിക്കുന്നതി നുമുള്ള നടപടികൾ പരിശോധിക്കുന്നതാണ്. |
| 8 | 15/02 | 92 | (എ) കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കു മെന്ന് വ്യക്തമാക്കുമോ; | (എ) ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ് എന്ന പദവിയിലേക്ക് കേരള കാർഷിക സർവ്വകലാശാലയെ പടിപടിയായി ഉയർത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കു ന്നുണ്ട്. മൂല്യവർദ്ധിത ഉത്പന്നങ്ങൾ വികസിപ്പിക്കുക എന്നതോടൊപ്പം PMFME, MSME, RAFTAARABI എന്നീ പദ്ധതികളിലൂടെ മൂല്യവർദ്ധനവിനുള്ള സാങ്കേതിക വിദ്യകൾ കൈമാറ്റം ചെയ്ത് കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന തിനുള്ള പദ്ധതി. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കാർഷിക സർവ്വകലാശാല യിൽ ഒരു വിത്ത്, നടീൽ വസ്തു ഉത്പാദന ഡയറക്ടറേറ്റ് (Directorate of Seeds and Planting Material) സ്ഥാപിക്കൽ. സംയോജിത കൃഷി സമ്പ്രദായം, പച്ചക്കറി ഗവേഷണം എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കൽ. വെള്ളായണിയിലും വെള്ളാനിക്കരയിലുമായി കേന്ദ്രീകൃത വിശകലന ശാലകൾ (Central instrumentation facilities) സ്ഥാപിക്കൽ.കർഷകർക്ക് വിളകളുടെ വില വ്യതിയാനം |

| | | | | |
|---|---|---|---|---|
| | | | | നേരത്തേ മനസ്സിലാക്കുന്നതിനും വിപണനം വഴി മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതി നായി ഒരു വിപണന വിവര ശേഖരണ വിഭാഗം (MIS) ആരംഭിക്കുന്നതിനുള്ള പദ്ധതി. കാർഷിക പരിസ്ഥിതി മേഖലകൾക്കനുസരിച്ചുള്ള ശാസ്ത്രീയ കൃഷിരീതികളുടെ പാക്കേജ് ഓഫ് പ്രാക്ടീസ് രൂപപ്പെടുത്തൽ. ചെറുകിട കൃഷിയിടങ്ങളിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കാനുതകുന്ന കാർഷിക യന്ത്ര സാമഗ്രികൾ വികസിപ്പിച്ചെടുക്കൽ. വെള്ളായണിയിൽ ജൈവകൃഷി ഗവേഷണത്തിനായി ഒരു ലീഡ് സെന്റർ സ്ഥാപിക്കൽ. കോൾ നിലങ്ങളുടെ പാരിസ്ഥിക ഗവേഷണ കേന്ദ്രം സ്ഥാപിക്കൽ. കാർഷിക ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ. സംസ്ഥാനത്ത് അങ്ങോളമിങ്ങോളം വിവിധ കാർഷിക സാങ്കേതിക വിദ്യകളുടെ മോഡൽ ഡേമോൺസ്ട്രേഷൻ യൂണിറ്റുകൾ സ്ഥാപിക്കൽ. കോഴിക്കോട് വേങ്ങേരി വിജ്ഞാന വിപണന കേന്ദ്രത്തോട് ചേർന്ന് വിള നഴ്സറി യൂണിറ്റ് ശക്തിപ്പെടുത്തൽ. കൃഷി വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ബ്ലോക്ക് ലെവൽ നോളജ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കൽ. ബ്ലെന്റഡ് ലേണിങ് വിപുലപ്പെടുത്തും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള പരീക്ഷാ നടത്തിപ്പിനുള്ള സംവിധാനം നടപ്പിലാക്കും. |

| | | | | |
|---|---|---|---|---|
| 9 | 15/03 | 11 | നെൽ കർഷകർക്ക് കൊയ്ത്തു കാലത്തുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ സാമഗ്രികൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | കെയ്ക്കോ വഴി കൂടുതൽ കാർഷിക യന്ത്രങ്ങൾ സംസ്ഥാനത്തെ കർഷകർക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടി സർക്കാർ കൈക്കൊള്ളുന്നതാണ്. |
| 10 | 15/03 | 18 | (എ) സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ തുടർച്ചയായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിന്റെ ഫലമായി ക്ഷീരോല്പാദനത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കാനായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (എ) ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ മുൻവർഷങ്ങളിലെ തുടർച്ചയായി ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങൾക്കും വേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ കൂടാതെ വൈക്കോൽ ബയിലിംഗ് യൂണിറ്റ്, പാരമ്പര്യേതര കാലീത്തീറ്റ നിർമ്മാണ യൂണിറ്റ്, വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകളുടെ യന്ത്രവത്ക്കരണം തുടങ്ങിയ പുതിയ പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്. ആദ്യമായി സർക്കാർ നിയന്ത്രണത്തിൽ കിടാരികളെ വളർത്തി കറവപശുക്കളാക്കി കർഷകർക്ക് നൽകുന്നതിന് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ച് കിടാരി പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | പുരോഗമിക്കുന്നു. 2014-2015-ൽ പ്രതിദിനം 15.26 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-221ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21.3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാലുല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയേക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. 2017-18- ൽ ആയതിന് ദേശീയ തലത്തിലുള്ള ഇന്ത്യാ ടുഡേ അവാർഡ് കേരളത്തിന് ലഭിക്കുകയുണ്ടായി. സംസ്ഥാനത്ത് 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ, നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ, പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്ത് എത്തിക്കുന്ന സ്ഥിതിയിൽ ആയിട്ടുണ്ട്. കൂടാതെ, 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. |

| | | | | |
|---|---|---|---|---|
| 11 | 15/03 | 19 | (എ) രാജ്യത്തെ പാമോയിൽ ക്ഷാമം പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച എണ്ണപ്പന കൃഷി പ്രോത്സാഹന പദ്ധതിയിൽ നിന്നും കേരളത്തെ ഒഴിവാക്കിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? പ്രസ്തുത നടപടി തിരുത്തി കേരളത്തെയും ഉൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ? | (എ) കേരളത്തിൽ പുതുതായി ഒരു സീഡ് ഗാർഡൻ നഴ്സറി കൂടി അനുവദിക്കുവാൻ കേന്ദ്ര കൃഷി മന്ത്രാലയത്തോട് ആവശ്യപ്പെടുന്ന കാര്യവും പരിഗണനയിലുണ്ട്. |
| 12 | 15/03 | 40 | (എ) പ്രകൃതിക്ഷോഭങ്ങളിൽ കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (എ) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ AIMS പോർട്ടലിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2021 നവംബർ മാസം 15-ാം തീയതി വരെ നീട്ടി നൽകിയിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ കൂടി പരിശോധിച്ച് നഷ്ടപരിഹാരം തിട്ടപ്പെടുത്തി ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 13 | 15/03 | 43 | (ബി) കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ച് ബസ് സ്റ്റേഷനുകളിൽ മീറ്റ് ഷോപ്പ് കം റസ്റ്റോറന്റുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ബി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകളിൽ എം.പി.ഐ.-യുടെ മീറ്റ് ഷോപ്പുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കൊല്ലം, കൊട്ടാരക്കര, കണ്ണൂർ എന്നീ സ്റ്റേഷനുകളിൽ തുടങ്ങാനുള്ള 150 സ്ക്വയർ ഫീറ്റ് വീതം സ്ഥലം |

| | | | | |
|---|---|---|---|---|
| | | | | നൽകാനുള്ള അനുമതി കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്; കൂടുതൽ സ്റ്റേഷനുകളിൽ ഇതു തുടങ്ങാൻ പദ്ധതിയിട്ടിട്ടുണ്ട്. കൂടുതൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് റസ്റ്റോറന്റും തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. |
| 14 | 15/03 | 45 | (ബി) കൃഷിഭവനുകളെ സർക്കാർ ഓഫീസ് എന്നതിലുപരി കർഷകരുടെ സഹായകേന്ദ്രങ്ങൾ എന്ന തലത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ; | (ബി) കൃഷിവകുപ്പിന്റെ വിവിധ സേവനങ്ങൾ ഫലപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ സമയബന്ധിതമായി കർഷകരിലേക്കെത്തിക്കുക, കർഷകർക്കാവശ്യമായ സാങ്കേതികോപദേശങ്ങളും, കാലാവസ്ഥാ വിവരങ്ങളും, വിവിധ ഉല്പാദനോപാധികളും, വിപണന സംവിധാനങ്ങളും, വിള ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും, ഇൻഷുറൻസ് / പ്രകൃതിക്ഷോഭ പരിരക്ഷയും വായ്പ സൗകര്യങ്ങളും ഉല്പാദനോപാദികളുടെ ഗുണനിലവാരം ഉറപ്പാക്കലും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാർ ഓഫീസ് എന്നതിലുപരി കൃഷിഭവനുകളെ കർഷകരുടെ സഹായ കേന്ദ്രങ്ങൾ എന്ന നിലയിലേക്ക് ഉയർത്തുന്നതിനായി "സ്മാർട്ട് കൃഷിഭവൻ" എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| 15 | 15/04 | 1 | (എ) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ കാർഷിക രംഗത്ത് സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചു വരുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (എ) സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് " ഞങ്ങളും കൃഷിയിലേക്ക് " കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസ രങ്ങൾ സൃഷ്ടിക്കുക, സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക, |

| | | | | |
|---|---|---|---|---|
| | | | | കേരളീയരിൽ കാർഷിക സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് " ഞങ്ങളും കൃഷിയിലേക്ക് " എന്ന പദ്ധതി വിഭാവന ചെയ്യുന്നത് . |
| 16 | 15/04 | 2 | (എ)സംസ്ഥാനത്തെ കൃഷിയിടങ്ങളിൽ കാർബൺ വ്യാപനം കുറച്ചു കൊണ്ടുവരുന്നതിനായി സർക്കാർ നയരൂപീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ കൃഷിയിടങ്ങളിൽ കാർബൺ വ്യാപനം കുറച്ചു കൊണ്ടുവരുന്നതിനായുള്ള നയരൂപീകരണം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

## VI. സഹകരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 15/01 | 18 | (എ) കേരളത്തിലെ സഹകരണ ബാങ്കുകളെ ബന്ധിപ്പിച്ചുള്ള കോർ ബാങ്കിംഗ് നെറ്റ് വർക്ക് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വിശദമാക്കാമോ? | (എ) കേരളത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ വിവിധ തരത്തിലുള്ള കോർ ബാങ്കിംഗ് സോഫ്ട് വെയറുകളാണ് ഉപയോഗിക്കുന്നത്. കേരള ബാങ്ക് യാഥാർത്ഥ്യമായതോടെ കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും ഒരു ഏകീകൃത സോഫ്ട് വെയർ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി സോഫ്ട് വെയർ നടപ്പിലാക്കുന്നതിലൂടെ കേരള ബാങ്കിന്റെ സോഫ്ട് വെയറുമായി ഏകോപിപ്പിച്ച് |

| | | | | |
|---|---|---|---|---|
| | | | | ആധുനിക ബാങ്കിംഗ് സേവനങ്ങൾ പൂർണ്ണ തോതിൽ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നതും, ടി സേവനങ്ങൾ ലഭ്യമാക്കുക വഴി യുവജനങ്ങളെയും സഹകരണ ബാങ്കുകളിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്നതാണ്. കേരളത്തിലെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഒരു കോമൺ സോഫ്ട് വെയർ നടപ്പിലാക്കുന്ന നടപടികൾ അവലോകനം ചെയ്യുന്നതിലേയ്ക്കായി ഒരു മോണിറ്ററിങ്ങ് കമ്മിറ്റിയും ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുകയും, ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ വിശദമായ ഒരു Request For Proposal (RFP) തയ്യാറാക്കുകയും ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. 9-2-2021-ന് പ്രീ-ബിഡ് മീറ്റിംഗ് നടത്തുകയും ആയതിലേയ്ക്കുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| 2 | 15/01 | 19 | (എ) സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ ഒരു പഞ്ചായത്തിൽ ഒരു വ്യവസായ കേന്ദ്രം എന്ന നിലയിൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നടപടി ഉണ്ടാകുമോ? | (എ) സഹകരണ സംരഭകത്വം - തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായം എന്ന സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവനദാതാക്കൾക്കും വേണ്ടി സംസ്ഥാനത്ത് 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച തീരുമാനം സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 3 | 15/01 | 20 | (സി) സഹകരണ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? വിശദമാക്കുമോ; | (സി) സഹകരണ ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവിൽ സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| 4 | 15/02 | 7 | (ബി) സഹകരണ ബാങ്കുകളുടെ ഓഹരി എടുക്കുന്നവർ സഹകരണ ബാങ്കുകളിൽ അംഗങ്ങളാണോ എന്നും സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഓഹരിയുടമകൾക്ക് വോട്ട് ചെയ്തു ഭരണസമിതിയെ തെരഞ്ഞെടുക്കാൻ കഴിയുമോ എന്നും വ്യക്തമാക്കാമോ? | (ബി) റിസർവ് ബാങ്ക് മാർഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഒരു നയം രൂപീകരിക്കുന്നതാണ്. |
| 5 | 15/02 | 14 | (എ) സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) സംസ്ഥാനത്തെ യുവ സംരംഭകരെയും സേവനദാതാക്കളെയും സഹകരണ മേഖല യിലേയ്ക്ക് ആകർഷിക്കുന്നതിനായി ടി വിഭാഗത്തെ ഉൾപ്പെടുത്തി കൊണ്ട് 25 പുതിയ |

| | | | | |
|---|---|---|---|---|
| | | | | സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതാണ്. സാഹിത്യ പ്രവർത്തക സഹകരണ സംഘം(SPCS) മാതൃകയിൽ കലാകാരന്മാർ, സംഗീതജ്ഞർ, പെർഫോർമിംഗ് ആർട്ടിസ്റ്റ്, നാടക കലാകാരന്മാർ എന്നിവർക്കു വേണ്ടി ഒരു സംഘം രൂപീകരിക്കുന്നതാണ്. |
| 6 | 15/02 | 26 | (എ) സംസ്ഥാനത്ത് യുവാക്കൾക്ക് തൊഴിൽ നൽകാൻ സഹകരണ വകുപ്പിന് കീഴിൽ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (എ) സംസ്ഥാനത്ത് യുവാക്കൾക്ക് തൊഴിൽ നൽകാൻ സഹകരണ വകുപ്പിന് കീഴിൽ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾ പരിഗണനയിലുണ്ട്. ബഹു. കേരള ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായി യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും, സംസ്ഥാനത്ത് സുസ്ഥാപിതമായി സഹകരണശൃംഖലയുടെ സേവനം നൽകുന്നതിനും യുവസംരംഭകർക്കായി സംസ്ഥാനത്ത് 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രഖ്യാപനം നടത്തിയിരുന്നു. ആയത് സർക്കാരിന്റെ നൂറ്ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 7 | 15/02 | 27 | (ബി) ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷന് സംസ്ഥാനത്ത് ഏകീകൃത നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;<br>(സി) ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പിൽ എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോ; വിശദമാക്കാമോ? | (ബി) പരിഗണനയിലുണ്ട്.<br><br>(സി) ഉണ്ട്. പരിശോധിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 8 | 15/02 | 40 | (എ) കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിനെ തുടർന്ന് സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമ ഭേദഗതിക്ക് ആലോചിക്കുന്നുണ്ടോ?<br>(ബി) വായ്പ തട്ടിപ്പ്, സ്വർണ്ണപ്പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ? | (എ) & ബി) സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പ് വരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വായ്പാ തട്ടിപ്പ്, സ്വർണ്ണ പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. |
| 9 | 15/02 | 48 | (എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിജിറ്റൽ വിരലടയാളം ഉപയോഗപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ പ്രക്രിയയുടെ കാലതാമസം ഒഴിവാക്കുന്നതിനും ആധാരങ്ങളുടെ പകർപ്പ് സ്കാൻ ചെയ്ത് അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനും പര്യപ്തമായ സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?<br>(ബി) നിലവിലുള്ള സോഫ്റ്റ്‌വെയറിന്റെ ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിജിറ്റൽ വിരലടയാളം ഉപയോഗ പ്പെടുത്തുന്നതിനും രജിസ്ട്രേഷൻ പ്രക്രിയയുടെ കാലതാമസം ഒഴിവാക്കുന്നതിനും ആധാരങ്ങ ളുടെ പകർപ്പ് സ്കാൻ ചെയ്ത് അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനും പര്യാപ്തമായ സോഫ്റ്റ് വെയർ സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>(ബി) നിലവിലുള്ള സോഫ്റ്റ്‌വെയറിന്റെ ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. |

| | | | | |
|---|---|---|---|---|
| 10 | 15/02 | 55 | (എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന കുടുംബനാഥൻ മരണപ്പെട്ട് കഴിഞ്ഞാൽ തിരിച്ചടയ്ക്കാൻ കഴിയാത്ത ലോണുകൾ വായ്പ എടുത്ത സഹകരണ സംഘത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിന്റെ ഭാഗമായി റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി ലോൺ ഒഴിവാക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാൽ ഇത് ഒഴിവാക്കുന് | (എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായാണ് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചു വരുന്നത്. കേരളത്തിലെ മുഴുവൻ വായ്പ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര ആവശ്യങ്ങൾക്കെടുക്കുന്ന വായ്പകൾക്ക്(സ്വർണ്ണപ്പണയ വായ്പകളും, നിക്ഷേപ വായ്പകളും ഒഴികെയുള്ളവ) റിസ്ക് ഫണ്ട് നിയമാവലി നിബന്ധന പ്രകാരം റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചു വരുന്നു. സഹകരണ വായ്പ സംഘങ്ങളിൽ നിന്നും അംഗങ്ങൾക്ക് വായ്പ അനുവദിക്കുമ്പോൾ റിസ്ക് ഫണ്ട് പ്രീമിയം നിയമാനുസൃതമുള്ള തുക ഈടാക്കി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടത് സംഘം സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ച ഉണ്ടായാൽ വായ്പ സംഘങ്ങൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും പ്രസ്തുത സംഘങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തുമെന്നും അറിയിച്ചുകൊണ്ട് വിവിധ സർക്കുലറുകൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സഹകരണ സംഘങ്ങളും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. |

| | | | | |
|---|---|---|---|---|
| 11 | 15/03 | 2 | (എ) സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിലും ജനോപകാരപ്രദ-മാക്കുന്നതിലും ഈ സർക്കാരിന്റെ നിലപാടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (എ) പ്രാഥമിക പട്ടിക ജാതി/പട്ടികവർഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. സഹകരണ ആഡിറ്റ് വിഭാഗത്തെയും സഹകരണ വിജിലൻസ് സംവിധാനത്തെയും ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്രനിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. |
| 12 | 15/03 | 25 | (എ) സർക്കാരിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.പി.1449 (PAPCOS) എന്ന സഹകരണ സംഘം രൂപീകരിച്ചുകൊണ്ട് വിപുലമായ ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയൊഴികെ സംസ്ഥാനം പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ 26 കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി രൂപീകരിച്ച കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് |

| | | | | |
|---|---|---|---|---|
| | | | | നം.4505 (KAPCOS)ന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും, പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും, ലക്ഷ്യമിട്ടിട്ടുണ്ട്. മേൽ മാതൃകയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ട്. |
| 13 | 15/04 | 27 | ഇടപാടിൽ ക്രമക്കേടോ വീഴ്ചയോ ഉണ്ടായാൽ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കാവുന്ന തരത്തിൽ നിയമ ഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ? | സഹകരണ സംഘങ്ങളിലെ ആശാസ്യമല്ലാത്ത പ്രവണതകൾ കർശനമായി നിയന്ത്രിച്ച് ക്രമക്കേടുകൾ ക്രിമിനൽ കുറ്റമായി കണക്കാക്കി ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പുതിയ നിയമഭേദഗതിയിൽ ഉൾപ്പെടുത്തുന്നതാണ്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി പരിഗണനയിലാണ്. |
| 14 | 15/04 | 32 | സംസ്ഥാനത്ത് സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | സഹകരണ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതാണ്. |
| 15 | 15/05 | 10 | (സി) ഉല്പാദന, നിർമ്മാണ പ്രവർത്തനങ്ങളിൽ സുസ്ഥിരത കൈവരിക്കുന്നതിന് വിപണന രംഗത്ത് ശക്തമായ സാന്നിധ്യം ഉറപ്പിക്കാൻ കോപ് മാർട്ട് എന്ന പേരിൽ ബ്രാൻഡിംഗിന് | (സി) സുരക്ഷിത ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പെടെ സഹകരണ മേഖലയിലെ വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉല്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും |

| | | | | |
|---|---|---|---|---|
| | | | ഉദ്ദേശിക്കുന്നുണ്ടോ; ഓൺലൈൻ വിപണനത്തിന്റെ സാധ്യത പരിശോധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഏകീകൃത മാതൃകയിൽ ഓരോ കോപ്പ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്. കോപ്പ്മാർട്ടുകളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയാണ്. സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് നല്കിവരുകയാണ്. പദ്ധതിയുടെ ഭാഗമായി ഇ-സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ ആന്റ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ (E-selling mobile application&Web application software) തയ്യാറാക്കുന്നതിനുള്ള നടപടി വളരെ പുരോഗതിയിലാണ്. ആദ്യഘട്ടം ഔട്ട്-ലെറ്റുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്-സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയുംവിധമുള്ള സോഫ്റ്റ് വെയർ ആണ് നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ഉപഭോക്താക്കൾക്കും ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ് വെയർ പ്രാബല്യത്തിൽ കൊണ്ട് വരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 16 | 15/05 | 28 | (എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി പുതിയ ധനസഹായ പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ റിവൈവൽ പാക്കേജ് തയ്യാറാക്കുന്ന രീതിയിൽ ഒരു പുനരുദ്ധാരണ പദ്ധതി നടപ്പാക്കുന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

VII. <u>റവന്യൂ വകുപ്പ്</u>

| **ക്രമ നമ്പർ** | **നിയമസഭ / സമ്മേളനം** | **ഉറപ്പ് നമ്പർ** | **സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം** | **മന്ത്രി നൽകിയ മറുപടി** |
|---|---|---|---|---|
| 1 | 14/18 | 10 | (ബി) താലൂക്കുകളിൽ നിന്നും ഓൺലൈൻ വഴി ഗസറ്റ് പ്രസിദ്ധീകരണത്തിലേയ്ക്ക് അതത് താലൂക്കുകളിൽ നിന്നും അപേക്ഷ നൽകുന്ന കാര്യം വകുപ്പ് പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(സി) റവന്യൂ വിഭാഗം നൽകുന്ന മറ്റെല്ലാ സർട്ടിഫിക്കറ്റുകളും വേഗത്തിൽ ലഭ്യമാവുമ്പോൾ ലീഗൽ ഹെയർ സർട്ടിഫിക്കറ്റ് ലഭിക്കാൻ നേരിടുന്ന താമസം | (ബി) പരിഗണിക്കുന്നുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഐ.റ്റി.മിഷൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇ-ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ കഴിയുന്നതാണ്.<br><br>(സി) ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| | | | പരിഹരിക്കുന്നതിന് എന്തെങ്കിലും പരിഷ്കരണത്തിന് തുടക്കം കുറിക്കുന്നുണ്ടോ; വിശദമാക്കാമോ? | |
| 2 | 15/01 | 1 | (എ) വില്ലേജ് ഓഫീസുകളിലെ നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br><br>(സി) വില്ലേജ് ഓഫീസുകളിൽ നിന്നും ജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി കൂടുതൽ കാര്യക്ഷമ മാക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) എല്ലാ റവന്യൂ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലാണ്.<br>(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കും. |
| 3 | 15/01 | 5 | (എ) പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;<br><br>(സി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ജനങ്ങളുടെ ആവശ്യം(ഫയൽ | (എ)സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച് എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ടീം പരിശോധിച്ചു വരികയാണ്. |

| | | | | |
|---|---|---|---|---|
| | | | നമ്പർ എഫ്1/38/2016/റവ, ഇ-1267758) പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി)പ്രസ്തുത വിഷയം ഉൾപ്പെടെ സംസ്ഥാനത്തെ പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട വിഷയം നിലവിൽ REV-F1/178/2017-REV നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്. |
| 4 | 15/01 | 6 | (എ) സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ? | (എ) സംസ്ഥാനത്ത് ആകെയുള്ള 165 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും ശേഷിക്കുന്ന 756 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ നിലവിൽ പുരോഗതിയിലുമാണ്. |
| 5 | 15/01 | 11 | കേരളത്തിലെ സാങ്കേതിക സർവ്വകലാശാലയായ എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശാല കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാലയിൽ സ്ഥാപിക്കുന്നതിലേക്കായി റവന്യൂ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശാലയ്ക്കുവേണ്ടി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ ബ്ലോക്ക് ഒന്നിൽ വിവിധ സർവ്വേ നമ്പരുകളിലുൾപ്പെട്ടുവരുന്ന ഭൂമി പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കുന്നതിന് 30-7-2019-ലെ ജി.ഒ(ആർ.ടി)നം.1757/2019/R1 പ്രകാരം ഉത്തരവായി. പൊന്നുംവില അവാർഡ് നൽകുന്നതിനുള്ള തുക പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വകലാശാലയ്ക്ക് വേണ്ടിയുള്ള 39.1996 ഹെക്ടർ ഭൂമി അവാർഡ് പാസാക്കി ആറ് മാസത്തിനുള്ളിൽ ഏറ്റെടുത്ത് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 6 | 15/01 | 12 | (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചിട്ടുള്ള ആലുവ ഗിഫ്റ്റ് സിറ്റിയുടെ വിശദാംശം അറിയിക്കുമോ? | (സി) ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 7 | 15/02 | 28 | (എ) കോവിഡ് കാരണം ക്ഷേത്രങ്ങളിലെ പൂജാരി മുതൽ മറ്റ് അനുബന്ധ ജീവനക്കാർ വരെ നേരിടുന്ന പ്രയാസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? ഈ ജീവനക്കാർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ മുൻകൈ എടുക്കുമോ? വിശദമാക്കുമോ? | (എ) സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വിവിധ തൊഴിലെടുക്കുന്നവർക്കും വേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| 8 | 15/02 | 29 | (എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി വരുമാനം വർദ്ധിപ്പിക്കുന്നതിനുമുതകുന്ന പ്രത്യേകമായ പദ്ധതികൾ ആരംഭി ക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനു മായി 13-7-2021-ന് ബഹു.ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം പ്രസിഡന്റുമാരുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 9 | 15/02 | 81 | (എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ സമഗ്ര നവീകരണത്തിനും പ്രവർത്തന മികവിനുമായി വിഷൻ ആൻഡ് മിഷൻ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;<br>(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തല്ലാമെന്ന് വ്യക്തമാക്കുമോ? | ഉണ്ട്. റവന്യൂ, സർവ്വെ ഭവനനിർമ്മാണ വകുപ്പുകളുടെ അടുത്ത അഞ്ചുവർഷത്തെ പ്രവർത്തനങ്ങളെ കുറിച്ച് മുൻകൂർ തീരുമാനിച്ച് അതനുസരിച്ച് മുന്നോട്ട് പോകുക എന്നത് ലക്ഷ്യമിട്ടാണ് വിഷൻ ആൻഡ് മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| 10 | 15/02 | 82 | (ബി) ആധുനിക സൗകര്യങ്ങളോടു കൂടിയ റീസർവ്വേ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ;<br>(ഡി) റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ആധുനിക സർവ്വെ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ്‌വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വെ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. CORS നെറ്റ്‌വർക്ക് സ്ഥാപിച്ചതിനുശേഷം വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരെ കൂടി റീസർവ്വെ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.<br>(ഡി) സർവ്വെ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. CORS നെറ്റ്‌വർക്ക് സ്ഥാപിച്ചതിനു ശേഷം വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരെ കൂടി റീസർവ്വെ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത സംവിധാനം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ റീസർവ്വെ നടപടികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയുന്നതാണ്. |
| 11 | 15/03 | 21 | (എ) സംസ്ഥാനത്ത് ഭൂപതിവ് കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) പരിശോധിച്ചുവരുന്നു. 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയ ഭൂമിയിൽ ഉപജീവനാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്കു താഴെ മാത്രം തറവിസ്തൃതിയുള്ള കെട്ടിടം മാത്രമാണ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ അപേക്ഷകനോ |

| | | | | |
|---|---|---|---|---|
| | | | | അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലയെന്ന് തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ പട്ടയ വ്യവസ്ഥാ ലംഘനം ക്രമവൽക്കരിക്കുന്നതിനും കൂടാതെ 21.01.2020 ലെ ബഹു.ഹൈക്കോടതി ഉത്തരവിന് ശേഷം 22.08.2019 ലെ ഉത്തരവ് തീയതി വരെ റവന്യൂ വകുപ്പിന്റെ NOC യോട് കൂടി നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളും വ്യവസ്ഥകൾക്ക് വിധേയമായി ഹൈക്കോടതിയുടെ അംഗീകാരത്തോടുകൂടി ക്രമവൽക്കരിക്കുന്ന കാര്യവും പരിഗണിച്ചുവരുന്നു. |
| 12 | 15/03 | 27 | (ബി) എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) എല്ലാവർക്കും ഭൂമി കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് ഓരോ വില്ലേജിലും നിലവിലുള്ള ഭൂരഹിതരുടെ വിവരം ഭൂമിയുടെ ലഭ്യത പട്ടയവിതരണത്തിനുള്ള തടസ്സം എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു ഡാഷ് ബോർഡ് തയ്യാറാക്കുന്നതിനും അതിലൂടെ പട്ടയ വിതരണത്തിനുള്ള തടസ്സം കണ്ടെത്തി പരിഹരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി കേരളത്തിലെ ലാൻഡ് ബോർഡുകളെ 4 മേഖലകളായി തിരിച്ച് ഒരോ ലാൻഡ് ബോർഡിന്റെയും ചുമതല ഒരോ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകുന്ന കാര്യവും പരിഗണനയിലാണ്. |
| 13 | 15/03 | 47 | (എ) സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന | (എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1963-ലെ ഭൂപരിഷ്കരണ നിയമം, 1995-ലെ മുൻസിപ്പാലിറ്റി/ |

| | | | | |
|---|---|---|---|---|
| | | | കാഴ്ചപ്പാടോടെ അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; അഞ്ച് വർഷത്തിനുള്ളിൽ അർഹരായവർക്കെല്ലാം പട്ടയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹരായവർക്ക് സമയബന്ധിതമായി തന്നെ പട്ടയങ്ങൾ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും പട്ടയ വിതരണത്തിന് ശേഷിക്കുന്ന ഭൂമി, അർഹരായവരുടെ വിവരം, പട്ടയവിതരണം ചെയ്യാനുള്ള തടസ്സം ഭൂരഹിതരായവരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയ ഒരു ഡാഷ് ബോർഡ് തയ്യാറാക്കുന്നതിനു തടസ്സങ്ങൾ നിയമാനുസരണം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 14 | 15/04 | 9 | ഈ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ ഡിജിറ്റൽ റീസർവ്വെ നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഉണ്ട്. ആധുനിക ഐ.ടി. സാങ്കേതിക വിദ്യകളുടെ സഹായത്താൽ സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-8-2021-ലെ സ.ഉ.(കൈ.)24/2021/പ്ലാനിംഗ് ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും, 27-8-2021-ലെ സ.ഉ.(സാധാ.)നം.364/2021/പ്ലാനിംഗ് ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷിയേറ്റീവിൽ ഉൾപ്പെടുത്തി ₹339.438 കോടി രൂപ ആദ്യഘട്ടത്തിൽ അനുവദിച്ചിട്ടുള്ളതുമാണ്. 'Digital Resurvey of 1550 villages in the State' എന്ന പദ്ധതി ഈ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 60 മുതൽ 70 ശതമാനത്തോളം സ്ഥലങ്ങൾ CORS, RTK ഉപയോഗിച്ചും 20 ശതമാനത്തോളം സ്ഥലങ്ങൾ റോബോട്ടിക്ക് ടോട്ടൽ |

| | | | | |
|---|---|---|---|---|
| | | | | സ്റ്റേഷൻ ഉപയോഗിച്ചും 10 ശതമാനത്തോളം വരുന്ന തുറസ്സായ സ്ഥലങ്ങൾ DRONE സാങ്കേതികവിദ്യ ഉപയോഗിച്ചും സർവ്വെ ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| 15 | 15/04 | 12 | പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; കാലാവധി കഴിഞ്ഞതും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ വസ്തുക്കൾ തിരിച്ചെടുത്ത് പൊതു ആവശ്യത്തിന് ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കുടിശ്ശികയുള്ള കേസുകളിൽ സ.ഉ.(പി).നം.16/2020/ആർ.ഡി. തീയതി 15-2-2020, സ.ഉ.(പി).നം.17/2020/ആർ.ഡി. തീയതി 15-2-2020 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഡിമാൻഡ് നോട്ടീസ് തയ്യാറാക്കി കക്ഷികൾ/ സ്ഥാപനം/ സംഘടനകൾക്ക് നൽകി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ വസ്തുക്കളുടെ പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്രകാരം ഭൂമി തിരിച്ചെടുത്തു കഴിഞ്ഞാൽ നിയമം അനുശാസിക്കുന്നതു പ്രകാരം പൊതു ആവശ്യത്തിന് വിനിയോഗിക്കാവുന്നതാണ്. |
| 16 | 15/05 | 24 | പട്ടയഭൂമിയിൽ അത്യാവശ്യം നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിലെ തടസ്സമൊഴിവാക്കുന്നതിനായി ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; അസൈൻമെന്റ് റൂൾസിൽ വരുത്തേണ്ട അമെന്റ്മെന്റ് സംബന്ധിച്ച് സർക്കാർ ഉചിതമായ തീരുമാനമെടുക്കുമോ; | ഇങ്ങനെയൊരു ചട്ടം ഭേദഗതി ചെയ്യുമ്പോൾ റിട്രോസ്പെക്ടീവ് എഫക്ടുണ്ടാകുമോയെന്നത് സംബന്ധിച്ച് ഗൗരവമായ നിയമപരിശോധനയ്ക്ക് വിധേയമാക്കേണ്ട പ്രശ്നമാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങളുള്ളതുകൊണ്ടാണ് ഒറ്റയടിക്കൊരു ഓർഡിനൻസ് കൊണ്ടുവരുന്നതിന് പകരം ആവശ്യമായ നിയമപരമായ ചർച്ചകൾ നടത്തി ബഹുമാനപ്പെട്ട എ.ജി.-യും ചീഫ് സെക്രട്ടറിയും നിയമസെക്രട്ടറിയും പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ)-വും കൂടിയാലോചിച്ച് ഒരു കരട് |

| | | | | |
|---|---|---|---|---|
| | | | | സർക്കാരിന് മുമ്പിൽ സമർപ്പിക്കാനാവശ്യപ്പെട്ടിട്ടുണ്ട്. കരട് വരുന്ന മുറയ്ക്ക് അക്കാര്യങ്ങൾ പരിശോധിക്കും. പ്രകൃതിയും മനുഷ്യനും കേന്ദ്രബിന്ദുവാകുന്ന സുസ്ഥിരമായ വികസന മാണ് ഈ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ട് പരിസ്ഥിതി സൗഹൃദ ഭൂവിനിയോഗമുറപ്പാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ വാഗ്ദാനവും നടപ്പിലാക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുകയാണ്. |

VIII. ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 15/02 | 1 | (എ) സംസ്ഥാനത്ത് ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;<br>(സി) ഇലക്ട്രിക് മൊബിലിറ്റി സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിക്ഷേപം കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് സംസ്ഥാനത്തുടനീളം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല പടുത്തുയർത്തുന്ന തിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ച വരുന്നു പ്രാരംഭഘട്ടം ആയി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കൂടതെ എല്ലാ ജില്ലകളിലുമായി 56 |

| | | | | |
|---|---|---|---|---|
| | | | | സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതിനു പുറമേ പല പദ്ധതികളും കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്. ഇതോടൊപ്പം സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഗുണഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ. ബി.എൽ. നിർവ്വഹിച്ചു വരുന്നു. ഇലക്ട്രിക് കാറുകളുടെ വ്യാപനത്തിനായി നിലവിൽ സർക്കാർ വകുപ്പുകളിലും, സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിൽ ഓടുന്ന ഡീസൽ/പെട്രോൾ കാറുകൾക്ക് പകരം അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ കരാർ വ്യവസ്ഥയിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. 2020-21 വർഷം തുടങ്ങിയ പദ്ധതി പ്രകാരം ഇതുവരെ 105 വിവിധ മോഡലുകളിലുള്ള ഇലക്ട്രിക് കാറുകൾ 14 സർക്കാർ വകുപ്പുകൾക്കായി നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ ശേഷികളിലുള്ള പബ്ലിക് ഇ.വി. |

| | | | | |
|---|---|---|---|---|
| | | | | ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രചരണ, ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവധ മാധ്യമങ്ങളിലൂടെ അനെർട്ട് നടത്തിവരുന്നു. കൂടാതെ എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് ഇൻഫ്രാസ്ട്രക്ച്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി "ഗോ ഇലക്ട്രിക്" ക്യാമ്പയിൻ എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ ഇം.എം.സി നടത്തുന്നു. 2021 ജൂൺ 10-ന് ഇലക്ട്രിക് വാഹനങ്ങളുടെ ഓൺലൈൻ/ വെർച്ചൽ എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. എനർജി |

| | | | | |
|---|---|---|---|---|
| | | | | മാനേജ്മെന്റ് സെന്റർ നടത്തുന്ന "Go Electric” ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/ അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ വിലയ്ക്ക് ഇലക്ട്രിക് 2 വീലർ വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം ഒരുക്കുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ സബ്സിഡിറിയായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) എനർജി മാനേജ്മെന്റ് സെന്ററും ചേർന്നാണ് പദ്ധതി നടത്തുവാൻ ഉദേശിക്കുന്നത്. ഇതുകൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് നൽകുന്നതിനു ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാതാക്കളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ഉയർന്നുവരുന്ന പെട്രോൾ, ഡീസൽ വില വർദ്ധനവ് മൂലം പ്രയാസം നേരിടുന്ന ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇതിൽ നിന്നും മുക്തി നേടുന്നതിന് കുറഞ്ഞ വിലയിൽ ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിനുള്ള പദ്ധതി ഇം.എം.സി. |

| | | | | |
|---|---|---|---|---|
| | | | | വിഭാവനം ചെയ്തു വരുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ സബ്സിഡറിയായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ചേർന്നാണ് ഇ.എം.സി ഈ പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്.<br>(സി) ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഏകദേശം 15 ലക്ഷം രൂപ ചിലവ് വരും. ഇതിനായുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ സംവിധാനം ഒരുക്കുന്നതിന് അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. |
| 2 | 15/02 | 2 | (എ) സംസ്ഥാനത്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഇത്തരം പദ്ധതികളിലൂടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് അധികമായി ഉത്പാദിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ)സംസ്ഥാനത്ത് വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിനായി ആകെ 167.5 മെഗാവാട്ട് സ്ഥാപിത ശേഷിയും 456.591 Mu വാർഷിക വൈദ്യുതോൽപാദനവും ലക്ഷ്യമാക്കി 17 ചെറുകിട ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കി വരുന്നു. ഇവയിൽ ആകെ 93.5 മെഗാവാട്ട് സ്ഥാപിത |

| | | | | |
|---|---|---|---|---|
| | | | | ശേഷിയും 274.73 Mu വാർഷിക വൈദ്യുതോൽപാദനവുമുള്ള 7 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ശേഷിക്കുന്ന 10 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആകെ 74 മെഗാവാട്ട് സ്ഥാപിത ശേഷിയും 181.861 Mu വാർഷിക വൈദ്യുതോൽപാദനവും ഉള്ളവയുമാണ്. ഇവയുടെ നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എനർജി മാനേജ്മെന്റ് സെന്റർ സ്വകാര്യ സംരംഭകർ വഴി ബൂട്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് സർക്കാരിനു വേണ്ടി അനുവദിച്ച് നൽകിയ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുൾപ്പെടെ മൊത്തം 45.66 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജല വൈദ്യുത പദ്ധതികൾ പൂർത്തിയാക്കി. 2013-ൽ അനുവദിച്ച് നൽകിയ 11 പദ്ധതികളിലൂടെയായി 50.4 MW ശേഷിയുള്ള പദ്ധതികളും 2017-ൽ അനുവദിച്ച് 2021-ൽ എഗ്രിമെന്റിനുവേണ്ടി തയ്യാറായ 20 പദ്ധതികളിൽ നിന്നായി 47.4 MW പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| 3 | 15/02 | 5 | (എ) പറമ്പിക്കുളം ആദിവാസി ഊരുകളിൽ വൈദ്യുതി ലഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി)ഈ മേഖലയിൽ ഭൂഗർഭ വൈദ്യുത ലൈൻ സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ)&(ബി) ഈ മേഖലയിൽ ഗ്രിഡ് വൈദ്യുതി എത്തിയ്ക്കുന്നതിനു ഏറ്റവും എളുപ്പമുള്ള മാർഗ്ഗം സമീപത്തു ലഭ്യമുള്ള തമിഴ്നാട് ഗ്രിഡിൽ നിന്നും വൈദ്യുതി എത്തിക്കുന്നതായിരുന്നു. KSEBL-ന്റെ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനു റോഡ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത വനമേഖലയായ മലമുകളിൽ കൂടി ഏകദേശം 10 കിലോമീറ്റർ ലൈൻ/കേബിൾ വലിക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിനാലാണ് പ്രസ്തുത കോളനികളിൽ സോളാർ വൈദ്യുതി നൽകിയിരുന്നത്. ഇപ്പോൾ ഈ പ്രദേശത്തേയ്ക്കുള്ള റോഡിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ഈ റോഡിൽ കൂടി അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തു വരുന്നു. ഭൂഗർഭ ലൈൻ സ്ഥാപിച്ച് വൈദ്യുതീകരണം പൂത്തീകരിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി, വൈദ്യതീകരണത്തിനു ആവശ്യമായ തുക എന്നിവ ലഭ്യമാകുന്ന് മുറയ്ക്ക് മേൽപ്പറഞ്ഞ പ്രവൃത്തി പൂർത്തിയാക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 4 | 15/02 | 6 | (സി) കെ.എസ്.ഐ .ഡി.സി. -യുടെ മേൽനോട്ട ത്തിലാണോ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന തെന്നും എങ്കിൽ എവിടെയൊക്കെയാണെന്നും എത്ര മെഗാവാട്ടിന്റെ പദ്ധതികളാണ് ഇവയെന്നും വിശദമാക്കാമോ? | (സി) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ 5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പ്ലാന്റ് ആണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾ കൂടാതെ കൊല്ലം (കരീപ്പുഴ), ഇടുക്കി (മൂന്നാർ), പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| 5 | 15/02 | 23 | (എ) സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (എ) ചെറുകിട ജലവൈദ്യുത പദ്ധതികൾ ആയ ആനക്കയം(7.5MW), ഒളിക്കൽ (5MW), പൂവാരംതോട്(3MW), മാരിപ്പുഴ (6MW)എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി 780MW കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള കരാറും നൽകിയിട്ടുണ്ട്. നിലവിലെ ജലാശയത്തിലെ സംഭരണശേഷി ഉപയോഗപ്പെടുത്തി വൈകുന്നേരങ്ങളിലെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പദ്ധതി പ്രയോജനകരമാകും. അപ്പർ ചെങ്കുളം (24MW), ലാഡ്രം(3.5 MW), ചെമ്പുകടവ്III (705 MW), മാങ്കുളം(40 MW), പീച്ചാട്(3 MW), വെസ്റ്റേൺ കല്ലാർ(5 MW), |

| | | | | |
|---|---|---|---|---|
| | | | | വളാംതോട്(7.5 MW), കീരിത്തോട്(7.5 MW), കീരിത്തോട്(12 MW), പശുക്കടവ്(4 MW), ചാത്തൻകോട് നട I(5 MW), മാർമ്മല (7 MW) എന്നിവിടങ്ങളിലായി ആകെ 118.5 മെഗവാട്ട് ശേഷിയുള്ള 11 ജലവൈദ്യുത പദ്ധതികളും പരിഗണനയിലാണ്. കനാലുകളിലെ ഒഴുക്കിൽ നിന്ന് (ഹൈഡ്രോ കൈനറ്റിക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest(EOI) വിളിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിന് ശേഷം ഉചിതമായി കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. |
| 6 | 15/02 | 24 | (എ) കെ.എസ്.ഇ.ബി.-യിലെ ഉല്പാദന, പ്രസരണ,വിതരണ വിഭാഗങ്ങൾ കാര്യക്ഷമമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) ഉണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉൽപ്പാദന വിഭാഗം കാര്യക്ഷമമാക്കുന്നതിന്, പുതുതായി 11 ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി 114 മെഗാവാട്ട്സ് അധികമായി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നവ പൂർത്തിയാക്കി അവ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു. 2021-22 സാമ്പത്തിക |

| | | | | |
|---|---|---|---|---|
| | | | | വർഷത്തെ വാർഷിക പദ്ധതിയിൽപെടുത്തി 21 സബ്സ്റ്റേഷനുകളും(പുതിയ സബ്സ്റ്റേഷനുകൾ, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടെ) അനുബന്ധ ലൈനുകളുമാണ് പൂർത്തികരിക്കാൻ ഉദ്ദേശിക്കുന്നത്. |
| 7 | 15/02 | 25 | (എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ 193.5 MW സ്ഥാപിതശേഷിയുള്ള '10' ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ(RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. കാർബൺ രഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ PM-KUSUM പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലെ കാർഷിക കണക്ഷനുള്ള പമ്പുകൾ സോളാറിലേക്കു മാറ്റുന്ന പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡിയോടുകൂടി ഗ്രിഡ് കണക്റ്റ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | പദ്ധതി വ്യാപകമാക്കുന്നതാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കും. കൂടാതെ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠനപ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തുന്നതാണ്. |
| 8 | 15/02 | 38 | (സി) വൈദ്യുതി പ്രസരണ മേഖലയിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?<br><br>(ഡി) ജലസേചന കനാലുകളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) 2022-27 കാലയളവിലേയ്ക്കുള്ള ദീർഘകാല പ്രസരണ ശൃംഖല വികസന പദ്ധതി ബോർഡിന്റെ പരിഗണനയിലാണ്. പ്രസരണ ശൃംഖയുടെ ഭാഗമായിട്ടുള്ള 33 കെ.വി ഔട്ട്ഡോർ സബ്സ്റ്റേഷനുകളെ വിദൂര നിയന്ത്രിത സംവിധാനത്തോടെ ഇൻഡോർ സബ്സ്റ്റേഷനുകളാക്കി മാറ്റുന്നതിനായി വിശദമായ പദ്ധതി തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കും. എല്ലാ 220 കെ.വി സബ്സ്റ്റേഷനുകളിലും SCADA സംവിധാനത്തോടു കൂടിയ സബ്സ്റ്റേഷൻ ഓട്ടോമേഷൻ സംവിധാനം ഏർപ്പെടുത്തും. വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ധാരാളം പുതിയ പദ്ധതികൾ വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 21 സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തീകരിക്കുന്നതിനുള്ള നിർമ്മാണ |

| | | | | |
|---|---|---|---|---|
| | | | | പ്രവൃത്തികൾ ധൃതഗതിയിൽ നടക്കുന്നുണ്ട്. അതിനു പുറമെ നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുന്ന ജോലികളും സമയബന്ധിതമായി നിർവഹിച്ചു വരുന്നു. സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ KIIFB (Kerala Industrial Investment Fund Board), PSDF (Power System Development Fund), MNRE (Ministry of New Renewable Energy) എന്നിവയുടെ ധനസഹായത്തോടെ ഏകദേശം 10,000 കോടി രൂപ ചിലവ് കണക്കാക്കിയുള്ള പ്രവൃത്തികളാണ് രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടം 2022 ലും രണ്ടാം ഘട്ടം 2024 ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.<br><br>(ഡി) ഉണ്ട്, ജലസേചന കനാലുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ പഠനങ്ങളും മറ്റു നടപടികളും സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി ഇപ്പോൾ ഒറ്റക്കൽ (2 മെഗാവാട്ട്), മലമ്പുഴ വലത് തടം (500 കിലോവാട്ട്) എന്നീ ചെറുകിട-സൂക്ഷ്മ പദ്ധതികൾ കല്ലട ജലസേചന പദ്ധതിയുടെ |

| | | | | |
|---|---|---|---|---|
| | | | | കനാലിലും, മലമ്പുഴ അണക്കെട്ടിന്റെ വലതു കനാലിലും യഥാക്രമം പരിഗണനയിൽ ഉണ്ട്. കൂടാതെ കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് എനർജി മാനേജ്മെന്റ് സെന്റർ Expression of Interest (EOI) വിളിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിന് ശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 9 | 15/02 | 39 | (എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങളുടെ ഉപയോഗവും നിർമ്മാണവും പ്രചരണവും സർക്കാർ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യത്തിൽ വൈദ്യുത വാഹന ചാർജിംഗ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി വൈദ്യുതി വകുപ്പ് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;<br><br>(ബി) വൈദ്യുതി വകുപ്പിന് കീഴിൽ എവിടെയെല്ലാം ചാർജിംഗ് കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം പുതുതായി ആരംഭിക്കുവാനുദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ? | (എ)&(ബി) ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല പടുത്തുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റു പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻഗണന ക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 10 | 15/02 | 47 | (ബി) പാരമ്പര്യേതര ഊർജ്ജ ഉൽപാദനത്തിനും അവയുടെ പ്രചരണത്തിനും സൗരോർജ്ജ ഉൽപ്പന്നങ്ങളുടെ നിർമ്മാണ, വിപണനത്തിനും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ എന്നറിയിക്കാമോ? | (ബി) സഹകരണ സ്ഥാപനമായ റബ്കോയിൽ റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന 350 കിലോ വാട്ട് ശേഷിയുള്ള സോളാർ വൈദ്യുതി പ്ലാന്റ് റെസ്കോ (RESCO) മോഡലിൽ സ്ഥാപിക്കുന്നതിന് അനെർട്ട് കരാർ ഒപ്പുവച്ചു. ഒരു നിശ്ചിത നിരക്കിൽ ഇതിലൂടെ റബ്കോക്ക് വൈദ്യുതി ലഭ്യമാക്കുകയാണ് ലക്ഷ്യമിടുന്നത്. പാരമ്പര്യേതര ഊർജ്ജ ഉൽപാദനത്തിനും, അവയുടെ പ്രചരണത്തിനും സൗരോർജ്ജ ഉൽപന്നങ്ങളുടെ നിർമ്മാണ വിപണനത്തിനും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| 11 | 15/02 | 50 | (ബി) വൈദ്യുതി സംബന്ധമായ എല്ലാ സേവനങ്ങളും വീട്ടുപടിക്കൽ എത്തിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) വൈദ്യുതി വിതരണ മേഖലയിൽ സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്ന "സർവ്വീസ് അറ്റ് ഡോർ സ്റ്റെപ്പ്" എന്ന പദ്ധതി കെ.എസ്.ഇ.ബി.-ൽ ആരംഭിച്ചിട്ടുണ്ട്. ഈ സേവനം ഉപയോഗിച്ച് വീട്ടിലിരുന്ന് ഫോൺ വഴി, പുതിയ കണക്ഷനുകൾ എടുക്കുന്നതിനും, ഉടമസ്ഥാവകാശം, ലോഡ്/താരിഫ്/ഫേസ് തുടങ്ങിയവ മാറ്റുന്നതിനും ഉപഭോക്താവിനു സാധിക്കുന്നു. നിലവിൽ 425 സെക്ഷനുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മറ്റു സെക്ഷനുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 12 | 15/02 | 54 | (ഡി) ആദിവാസി മേഖലകളിലടക്കം എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ഡി) സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസുകൾ ലഭ്യമാക്കുന്നതിലേക്കായി, വൈദ്യുതീകരിക്കാത്ത 64 ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തു വരുന്നു. |
| 13 | 15/03 | 28 | സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി വ്യാപിപ്പിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | കേരളത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി റെസ്കോ- റിന്യൂവബിൾ എനർജി സർവ്വീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി അനെർട്ട് നേരിട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ സൗരോർജ്ജവല്ക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ സൗര വൈദ്യുത നിലയം സ്ഥാപിക്കുകയും തുടർന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. |
| 14 | 15/03 | 29 | (ബി) പുനരുപയോഗ വൈദ്യുതോല്പാദനശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | കർഷകരുടെ തരിശുഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. PM-KUSUM പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ ലഭിച്ച അപേക്ഷകളിൽ |

| | | | | |
|---|---|---|---|---|
| | | | | സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 100 അപേക്ഷകർക്ക് പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 6,000 കൃഷിക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിക്കുന്നതാണ്. |
| 15 | 15/05 | 8 | (എ)സംസ്ഥാനത്ത് കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ? | (എ) സംസ്ഥാനത്ത് കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വൈദ്യുതി ഉല്പാദനത്തിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും, ഫോസിൽ ഇന്ധന ഉപയോഗം കുറയ്ക്കുന്നതിനും വേണ്ടി അനെർട്ട് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനു വേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തി വരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

966/2024.

IX. ഭക്ഷ്യ-പൊതുവിതരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 5 | (എ) സംസ്ഥാനത്തിന് പ്രത്യേകമായി ഉപഭോക്തൃനയം രൂപീകരിക്കുമോ; എങ്കിൽ പ്രസ്തുത നയത്തിന്റെ ഊന്നൽ ഏതൊക്കെ മേഖലകളിൽ ആയിരിക്കുമെന്ന് വ്യക്തമാക്കുമോ?<br><br>(ഡി) ഉപഭോക്താക്കൾക്ക് തങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (എ) ഉപഭോക്തൃ ബോധവത്ക്കരണത്തിനും ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങൾക്കും, ഉപഭോക്തൃ തർക്ക പരിഹാരത്തിനുള്ള വിപുലമായ സംവിധാനങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഉപഭോക്തൃനയം നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു.<br><br>(ഡി) ഉപഭോക്താക്കൾക്കു ശരിയായ അവബോധം നൽകുന്നതിനും, ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങൾക്കും വേണ്ടി "ഉപഭോക്തൃ കേരളം" എന്ന പേരിൽ ദ്വൈമാസിക പ്രസിദ്ധീകരിച്ചു വരുന്നു. ഗ്രാമങ്ങളിൽ പോലും ഉപഭോക്തൃ ബോധവത്ക്കരണ വാഹനം തയ്യാറാക്കി,സംസ്ഥാനമൊട്ടാകെ പര്യടനം നടത്തി വീഡിയോ പ്രദർശനത്തിലൂടെ ഉപഭോക്തൃ ബോധവൽക്കരണം നടത്തി വരുന്നു. ഉപഭോക്തൃ ബോധവത്ക്കരണ സന്ദേശം നൽകുന്ന തെരുവു നാടകവും സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പ്രദർശനം നടത്തി വരുന്നു. കൂടാതെ ഉപഭോക്തൃ ബോധവത്ക്കരണ സന്ദേശം ഉൾക്കൊള്ളുന്ന അഞ്ചു പരസ്യ ചിത്രങ്ങൾ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ ജനങ്ങളിൽ എത്തിച്ചു വരുന്നു. എഫ്.എം. റേഡിയോ, ആകാശവാണി, പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിലൂടെ പരസ്യങ്ങളും |

| | | | | |
|---|---|---|---|---|
| | | | | നൽകി വരുന്നു. ഹോർഡിങ്ങുകൾ, ട്രാൻസ്പോർട്ട് ഹബുകളിലെ പരസ്യങ്ങൾ എന്നിവയിലൂടെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2 | 14/22 | 28 | (എ) കന്യാസ്ത്രീമഠങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ | (എ) കന്യാസ്ത്രീമഠങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| 3 | 14/22 | 29 | (ഇ) മെഡിക്കൽ സ്റ്റോറുകൾ കൂടുതൽ പ്രദേശങ്ങളിൽ ആരംഭിക്കാൻ സപ്ലൈകോ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നത് സപ്ലൈകോയ്ക്ക് സാമ്പത്തികമായും സാമൂഹികപരമായും ഗുണകരമായിരിക്കുമോ എന്ന് പരിശോധിച്ച് അനുകൂലമായ സാഹചര്യം ഉണ്ടാകുന്ന പ്രദേശങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുവാൻ, നടപടികൾ എടുത്തുവരുന്നുണ്ട്. ജില്ലാ ആശുപത്രികളുടെയും താലൂക്ക് ആശുപത്രികളുടെയും പരിസരത്ത് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ തുടങ്ങുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| 4 | 15/01 | 25 | (എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുവാൻ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്നതിനായി "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, |

| | | | | |
|---|---|---|---|---|
| | | | | മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചു. കൂടാതെ മറ്റു ജില്ലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 5 | 15/02 | 12 | (എ) ഭക്ഷ്യ പൊതുവിതരണ മേഖല മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമതയുള്ളതാക്കുന്നതിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വിശദമാക്കാമോ? | (എ) 2021-2022 സാമ്പത്തിക വർഷത്തിൽ പൊതുവിതരണ വകുപ്പ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സംസ്ഥാനത്ത് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുള്ള അപേക്ഷ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ മുഖാന്തരിമാക്കുന്നതാണ്.<br>2) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ ഒറ്റപ്പെട്ടുള്ളതും കുന്നിൻമുകളിലും താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന പദ്ധതിയായ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി വിപുലീകരിക്കുന്നതാണ്.<br>3) വിശപ്പ് രഹിത കേരളം - സുഭിക്ഷ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൂടുതൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതാണ്.<br>4) ഉപഭോക്തൃ ഉൽപ്പന്നങ്ങൾ നൽകുന്ന ഏജൻസികളെയും ഉപഭോക്തൃ സേവനങ്ങൾ നൽകുന്ന സർക്കാർ/സർക്കാരിതര ഓർഗനൈസേഷനുകളുടെയും റേറ്റിംഗിനും ഗ്രേഡിംഗിനുമായി ഒരു സംവിധാനം ഏർപ്പെടുത്തുന്നതാണ്. |

966/2024.

| | | | | |
|---|---|---|---|---|
| | | | | 5) കോവിഡിന്റെ സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സ്ക്വാഡ് രൂപീകരിച്ച് പി.പി.ഇ. കിറ്റ്, സാനിട്ടൈസർ, മാസ്ക് എന്നിവയുടെ പൂഴ്ത്തിവെയ്പ്പും അമിതവിലയും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സപ്ലൈകോയുടെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന ലക്ഷ്യം മുൻ നിർത്തിയും വിപണന സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന വിൽപ്പന ശാലകൾ പ്ലാൻഫണ്ട് ഉപയോഗപ്പെടുത്തി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നവീകരിക്കുന്ന പ്രവർത്തികൾ നടന്നുവരുന്നുണ്ട്. നിലവിലെ മാവേലി സ്റ്റോറുകൾ സ്ഥല ലഭ്യതയനുസരിച്ചോ/കൂടുതൽ സ്ഥലം ലഭ്യമാക്കിയോ മാവേലി സൂപ്പർ സ്റ്റോറുകളായും സൂപ്പർ മാർക്കറ്റുകളായും വിപുലീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിൻ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 93 വിൽപ്പനശാലകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. അതോടൊപ്പം കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടക രഹിതമായോ/ വാടകയിളവിലോ ലഭ്യമാകുന്ന പ്രദേശങ്ങളിൽ വിപണന സാദ്ധ്യത മുൻനിർത്തി വിശദമായ സാദ്ധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥത്തിൽ പുതിയ മാവേലി സൂപ്പർ സ്റ്റോറുകളും സ്ഥല സൗകര്യത്തിന്റെ |

| | | | | |
|---|---|---|---|---|
| | | | | ലഭ്യതയനുസരിച്ച് പുതിയ സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലെ മാറിയ സാഹചര്യത്തിൽ സാധനങ്ങൾ ഉപഭോക്താക്കളുടെ വീടുകളിൽ നേരിട്ടെത്തിക്കുന്നതിനായി സപ്ലൈകോ ഓൺലൈൻ സേവനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശികമായി ലഭ്യമായ വിവിധ ഏജൻസികൾ/കുടുംബശ്രീ എന്നിവ മുഖേന നിലവിൽ ആയത് നടപ്പിലാക്കി വരുന്നുണ്ട്. |
| 6 | 15/02 | 137570 | (സി) റേഷൻ വ്യാപാരി മരണമടഞ്ഞാൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ സർക്കാർ തലത്തിൽ നല്കിവരുന്നത്; പുതുതായി എന്തെങ്കിലും ആനുകൂല്യം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) റേഷൻ വ്യാപാരി ക്ഷേമനിധിയിലെ നിലവിലെ പദ്ധതി പ്രകാരം കേരള റേഷൻ വ്യാപാരി ക്ഷേനിധി അംഗങ്ങളായ റേഷൻ വ്യാപാരികൾക്കാണ് മരണാനന്തര സഹായം നൽകി വരുന്നത്. 70 വയസ്സ് തികയുന്നതിനു മുൻപ് മരണമടയുന്ന റേഷൻ വ്യാപാരിയാണെങ്കിൽ 10,000 രൂപയും കേരള റേഷൻ വ്യാപാരി ക്ഷേമനിധി അംഗമായതിനുശേഷം 1 വർഷത്തെ സർവ്വീസിന് 1000 രൂപയും ചേർത്ത് ആക്റ്റിലെ രണ്ടാം പട്ടിക പ്രകാരമാണ് ധനസഹായം നൽകി വരുന്നത്. ആയത് പ്രകാരം 30 വർഷം സേവനം ചെയ്ത ആൾക്ക് 40,000 രൂപയാണ് പരമാവധി നൽകാവുന്ന ധനസഹായമായി നിജപ്പെടുത്തിയിരിക്കുന്നത്. ടി മാനദണ്ഡം പുതുക്കുന്നതിനും പരമാവധി 30 വർഷം സർവ്വീസ് |

| | | | | |
|---|---|---|---|---|
| | | | | ഉള്ള വ്യാപാരി മരണമടഞ്ഞാൽ 2,00,000 രൂപയായി വർദ്ധിപ്പിക്കാനുള്ള പുതിയ ശിപാർശ പരിശോധിച്ചു വരുന്നു. കോവിഡ്-19 ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കും സെയിൽസ്മാൻമാർക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| 7 | 15/02 | 18 | (ബി) വേനൽ മഴയിലും മറ്റും നനഞ്ഞ് കേടു വരാതെ കൊയ്ത്ത് കഴിഞ്ഞാൽ ഉടൻ നെല്ല് സംഭരണം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) കൊയ്ത്ത് വിവരം കർഷകർ പാഡി മാർക്കറ്റിംഗ് ഓഫീസറെ അറിയിക്കുന്ന ഉടൻതന്നെ പ്രസ്തുത പാടം സപ്ലൈകോയുമായി കരാർ ഒപ്പിട്ടിട്ടുള്ള മില്ലിന് അലോട്ട് ചെയ്യുകയും കൊയ്ത്ത് കഴിഞ്ഞ് ഗുണനിലവാര മാനദണ്ഡങ്ങൾക്കുള്ളിൽ നിൽക്കുന്ന നെല്ല് വൈകാതെ തന്നെ സംഭരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. മഴക്കാലത്ത് നെല്ല് നനയാതെ സൂക്ഷിക്കുന്നതിനും, ഉണക്കുന്നതിനും, പതിര് കളഞ്ഞ് വൃത്തിയാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമൂലം നെല്ല് സംഭരണ സമയത്ത് കർഷകർ ബുദ്ധിമുട്ട് നേരിടുകയും സംഭരണത്തിന് അപൂർവ്വമായി തടസ്സങ്ങളുണ്ടാകാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി നെല്ല് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| 8 | 15/02 | 45 | (സി) ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും ഒഴിവാക്കുന്നതിനും പൊതുവിതരണ രംഗത്ത് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North)-ന്റെ പരിധിയിലുള്ള 04 |

| | | | | |
|---|---|---|---|---|
| | | | | റേഷൻ കടകളിൽ നടത്തി. സംസ്ഥാന വ്യാപകമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 9 | 15/03 | 8 | (ബി) കാർഷികവിഭവങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ സംഭരിച്ച് അതാത് മേഖലയിൽ സിവിൽ സപ്ലൈസ് ഷോപ്പുകൾ വഴി വിലകുറച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി)കാർഷികവിഭവങ്ങൾ പ്രാദേശിക തലത്തിൽ സംഭരിച്ച് മൂല്യവർധിത ഉല്പന്നങ്ങളാക്കി സിവിൽ സപ്ലൈസ് ഷോപ്പുകൾ വഴി വിപണനം ചെയ്യുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലാണ്. |
| 10 | 15/03 | 10 | (എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എ) 2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ NFSA ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ഇവ നിർമ്മിക്കുക. റേഷൻ കടകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |
| 11 | 15/03 | 35 | ഭക്ഷ്യയോഗ്യമായ നാണ്യവിളകൾ സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിന് വേണ്ടി എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ? | സിവിൽ സപ്ലൈസ് വകുപ്പ് കൃഷിക്കാരുടെ വിശേഷിച്ചും മലയോരമേഖലയിലെ നാണ്യവിളകൾ സംഭരിച്ച് വാല്യൂ ആഡഡ് പ്രോഡക്ടുകളാക്കി മാറ്റി അത് സപ്ലൈക്കോയുടെ ഔട്ട്ലെറ്റുകളിലൂടെ വിൽക്കാൻ കഴിയുന്ന തരത്തിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| 12 | 15/04 | 14 | റേഷൻകടകളിലുള്ള ഇ-പോസ് മെഷിൻ വഴി ബാർകോഡ് സ്കാനിംഗ് സംവിധാനം | റേഷൻ കടകളുടെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി വിവിധങ്ങളായ സേവനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുവാൻ സാധിക്കുമോ? | നൽകുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ഗ്രാമീണമേഖലകളിൽ സപ്ലൈകോ, ബാങ്ക്, എ.ടി.എം. എന്നീ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങൾ നിരവധിയുണ്ട്. അതുകൊണ്ടുതന്നെ അത്തരം യൂട്ടിലിറ്റി സർവ്വീസുകൾ റേഷൻ കടകളിലൂടെ നൽകാൻ സാധിക്കുമോയെന്നുള്ള ചർച്ചകൾ നടത്തി വരികയാണ്. വളരെ താമസിയാതെ അതിലെ ചില പദ്ധതികൾ ആരംഭിക്കുവാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയിലാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ഉൾപ്പെടെ ആലോചിക്കുന്നതാണ്. |
| 13 | 15/04 | 15 | രജിസ്ട്രേഷനും അതോടൊപ്പം മില്ലുകാരു മായുള്ള കരാറും യഥാസമയം നടക്കാത്ത തുകൊണ്ട് നെല്ല് സംഭരണം വൈകുകയും സമയബന്ധിതമായി കർഷകർക്ക് പണം കിട്ടാതിരിക്കുകയും ചെയ്യാറുണ്ട്. അതിനാൽ കൃഷി ഇറക്കുമ്പോൾ തന്നെ രജിസ്ട്രേഷൻ സൗകര്യത്തിനും മില്ലുകാരുമായി നേരത്തെ കരാറുണ്ടാക്കു ന്നതിനും ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുവാൻ കഴിയുമോ; അങ്ങനെയെന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ? | കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷം 7.5 മെട്രിക് ടൺ നെല്ല് സംഭരിക്കുകയും അതിന്റെ വില കർഷകർക്ക് കൃത്യമായി കൊടുക്കുകയുമുണ്ടായി. നിലവിൽ നമുക്ക് 8.5 ശതമാനം പലിശയ്ക്കാണ് ബാങ്കുകൾ വായ്പ നൽകുന്നത്. ചില ബാങ്കുകൾ 5 ശതമാനം പലിശയ്ക്ക് വായ്പ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് കൂടുതൽ ആശ്വസം പകരുന്ന തലത്തിൽ പലിശ നൽകുന്നതിൽ നമുക്കുള്ള ബാധ്യത കുറച്ച് അത്തരത്തിൽ ആ നടപടികൾ വളരെ വേഗത്തിൽ കൊണ്ടുപോകാനും ഇന്നത്തെ പ്രയാസങ്ങൾ പരമാവധി ലഘൂകരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 14 | 15/04 | 19 | സപ്ലൈകോയിലെ സാധനങ്ങളുടെ വില ചിലപ്പോഴെങ്കിലും പൊതു വിപണിയെ ക്കാൾ ഉയർന്നു നിൽക്കുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? | സപ്ലൈകോ കടകളിൽ സബ്സിഡി ഉത്പന്നങ്ങളല്ലാത്ത ചില ഉത്പന്നങ്ങളുടെ വിലയിൽ ചില വ്യത്യാസങ്ങൾ വരാറുണ്ട്. ടെണ്ടർ നടപടികളിലുണ്ടാകുന്ന മാറ്റം മൂലം ചിലപ്പോൾ |

| | | | | |
|---|---|---|---|---|
| | | | | അമിതമായി വർദ്ധിപ്പിക്കാനും അമിതമായി കുറയ്ക്കാനും കഴിയാത്ത അവസ്ഥ വരും. അത്തരം സാഹചര്യത്തിലാണ് വിലവർദ്ധനവ് സംഭവിച്ചത്. എന്തായാലും ഗൗരവമായ പരിശോധനയും നടപടിയും സ്വീകരിക്കുന്നതാണ്. |

X. <u>വിനോദസഞ്ചാര വകുപ്പ്</u>

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/19 | 8 | (എ) ഹൗസ് ബോട്ട് ടൂറിസം പദ്ധതിക്ക് സമാനമായി മലബാറിലെ കായലുക ളിലൂടെ ഉരുയാത്രാ ടൂറിസം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം നൽകുമോ? | (എ)&(ബി) കടലിലും കായലിലും വിനോദ സഞ്ചാരികൾക്ക് സഞ്ചരിക്കാനായി ഉരു ടൂറിസം പദ്ധതി നടപ്പാക്കാൻ 'ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ' സാധ്യതാ പഠനം നടത്താനുള്ള നടപടി സ്വീകരിച്ച് വരുന്നു. മലബാർ മലനാട് റിവർ ക്രൂസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നദികളെ കോർത്തിണക്കി ബോട്ട് യാത്ര ഒരുക്കുന്ന പദ്ധതി പുരോഗമിച്ച് വരുന്നു. |
| 22 | 14/22 | 5 | പുതിയ ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി ജനപങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് ആയിരം സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും അത് വഴി ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതിനായി ആയിരം ഗ്രാമസഭകൾ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളുടെ ഭാഗമായിട്ടാണ് ഇത്തരം ഗ്രാമസഭകൾ സംഘടിപ്പിച്ചിട്ടുള്ളത്. ഇതുവരെ |

| | | | | |
|---|---|---|---|---|
| | | | | അൻപത്തിനാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് വിശേഷാൽ ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണ സമിതി നിലവിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ ജനപ്രതിനിധികൾക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളെപ്പറ്റി അവബോധം നൽകുന്നതിനും ജനപ്രതിനിധികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഉത്തരവാദിത്ത ടൂറിസം മിഷന്റെ റിസോഴ്സ് പേർസൺ പരിശീലനം നൽകുന്നതിനുള്ള വിഷയം പരിശോധിച്ചു വരുന്നു. തുടർന്ന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും യൂണിറ്റുകൾ ആരംഭി ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഈ റിസോഴ്സ് പേർസൺമാർ വഴി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. അതിനായുള്ള ഒരു ബൃഹത് പദ്ധതി ആർ.ടി. മിഷൻ തയ്യാറാക്കി വരുന്നു. |
| 3 | 15/01 | 4 | (സി) ടൂറിസം മേഖലയിലെ തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ? | (സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | 15/02 | 80 | (എ) തുടർച്ചയായ രണ്ട് പ്രളയവും കോവിഡ് വ്യാപനവും മൂലം പ്രതിസന്ധിയിലായ വിനോദ സഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) തുടർച്ചയായ രണ്ട് പ്രളയവും കോവിഡ് വ്യാപനവും മൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായി വിവിധങ്ങളായ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോവിഡ് 19 മഹാമാരിയുടെ രണ്ടാം വരവ് ഉണ്ടായ സാഹചര്യത്തിൽ വിനോദസഞ്ചാര മേഖല ഒന്നാകെ നിശ്ചലമായിരുന്നു. കഴിഞ്ഞ സർക്കാർ വിനോദസഞ്ചാര മേഖലയുടെ സ്തംഭനാവസ്ഥക്ക് പരിഹാരമായി കൊണ്ടു വന്ന വിവിധ പദ്ധതികൾ തുടരാൻ തന്നെയാണ് തീരുമാനം. ഇതിന്റെ ഭാഗമായി വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്ന വർക്കും സംരംഭകർക്കുമായി നടപ്പാക്കി വരുന്ന ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ ഈ വർഷം കൂടി തുടരുന്നത് സംബന്ധിച്ച് പരിശോധിച്ച് വരുന്നു. ഇതിനു പുറമെ ടൂറിസം മേഖലയുടെ ഉത്തേജനത്തിനായി നടപ്പാക്കിവന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ പുതിയ രൂപത്തിൽ അവതരിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഡിജിറ്റൽ, സോഷ്യൽ മീഡിയ, പ്രിന്റ്, ടി.വി, റേഡിയോ, ഒ.ടി.ടി. മാധ്യമങ്ങൾ വഴി കേരള ടൂറിസം പുനരുജ്ജീവനത്തിന്റെ പാതയിലാ |

| | | | | |
|---|---|---|---|---|
| | | | | ണെന്നും സുരക്ഷിതമാണെന്നും ഉള്ള സന്ദേശം രാജ്യത്തും വിദേശത്തും എത്തിക്കാനാകുമെന്നും കരുതുന്നു. ഇതിനു പുറമെ വിനോദസഞ്ചാര വകുപ്പ് അംഗീകാരം/ അക്രഡിറ്റേഷൻ നൽകിവരുന്ന ആയുർവേദ സെന്ററുകൾ, റസ്റ്റോറന്റുകൾ, ഹോംസ്റ്റേകൾ, സർവീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി, അമ്യൂസ്മെന്റ് പാർക്ക്, അഡ്വഞ്ചർ ടൂറിസം, ഗ്രീൻഫാം, ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ എന്നിവ യാതൊരു ഉപാധിയുമില്ലാതെ 2021 ഡിസംബർ 31 വരെ പുതുക്കി നൽകാനും തീരുമാനമായിട്ടുണ്ട്. 2020 ജനുവരി 01 മുതൽ 2021 ഡിസംബർ 31 വരെ കാലാവധി അവസാനിക്കുന്ന ഇത്തരം എല്ലാ സംരംഭങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. ഇതു കൂടാതെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് റിവോൾവിംഗ് ഫണ്ട് നൽകാനുള്ള പദ്ധതിയും പരിഗണനയിലാണ്. |
| 5 | 15/02 | 83 | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?<br>(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതലായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കു മോ? | (എ) ഉദ്ദേശിക്കുന്നുണ്ട്.<br>(ബി) അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ നിന്നും ഒരു സംസ്ഥാനതല റിസോഴ്സ് പേഴ്സണൽ പാനൽ രൂപീകരിച്ച്, അവർക്ക് പരിശീലനം നൽകി ഉത്തരവാദിത്ത ടൂറിസം മിഷനോടൊപ്പം പ്രവർത്തിക്കുവാൻ സജ്ജമാക്കുക എന്നതാണ് പ്രാഥമിക പ്രവർത്തനം. ഇതിനായി ഓൺലൈൻ അപേക്ഷകൾ |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിച്ച്, സ്ക്രൂട്ടിണി പൂർത്തിയാക്കിയിട്ടുണ്ട്, പരിശീലനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കും. തുടർന്ന് എല്ലാ ജില്ലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഈ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ഉത്തരവാദിത്ത ടൂറിസം അവബോധ ക്ലാസ്സുകളും, തങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഉത്തരവാദിത്ത ടൂറിസം എങ്ങനെ വിജയകരമായി നടപ്പിലാക്കാം എന്നുള്ള പരിശീലനവും നൽകും. |
| 6 | 15/02 | 89 | (എ) സംസ്ഥാനത്ത് ടൂറിസം രംഗത്ത് എന്തൊക്കെ പുതിയ പദ്ധതികളാണ് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (എ) ടൂറിസം വകുപ്പ് ഈ വർഷം മലബാർ ലിറ്ററി സർക്യൂട്ട്, കൊല്ലം ജില്ലയിൽ നടപ്പാക്കുന്ന ബയോഡൈവേഴ്സിറ്റി സർക്യൂട്ട് എന്നീ പുതിയ രണ്ട് ടൂറിസം സർക്യൂട്ടുകൾ നടപ്പിലാക്കുന്നുണ്ട്. കോവിഡ് മൂലമുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്ന തിന് ടൂറിസം മേഖലയിൽ ഒരു പുനരുജ്ജീവന പാക്കേജ് നടപ്പാക്കുന്നതാണ്. ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഏർപ്പെടുത്തുന്നതായിരിക്കും. |
| 7 | 15/02 | 90 | (ബി) പഞ്ചായത്തുകൾ തോറും ഡസ്റ്റിനേഷൻ എന്നതിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?<br>(സി) വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങൾ പുതുതായി കണ്ടെത്തി അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ? | (ബി) സംസ്ഥാനത്ത് നിലവിൽ ടൂറിസം കേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി പ്രദേശിക ടൂറിസം വികസിപ്പിക്കുക എന്നതാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകളും ടൂറിസം വകുപ്പും സംയുക്തമായാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br>(സി) ഉണ്ട് |

| | | | | |
|---|---|---|---|---|
| | | | (ഡി) പദ്ധതിയുടെ നടത്തിപ്പ് പ്രസ്തുത മേഖലയിൽ പരിചയമുള്ള സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെയായിരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) ടൂറിസം സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് പരിഗണിക്കാവുന്നതാണ്. |
| 8 | 15/03 | 46 | (എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസന സാധ്യതകളുള്ള ഗ്രാമീണ കേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വികസിപ്പിച്ച് ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ;<br>(ബി) ചരിത്രപ്രാധാന്യമർഹിക്കുന്ന ആരാധനാലയങ്ങളെയും സ്ഥലങ്ങളെയും ബന്ധിപ്പിച്ച് നടപ്പിലാക്കുന്ന വിനോദ സഞ്ചാര പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ജനകീയമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസംകേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിലെയും ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി അതത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി ടൂറിസം പൊതുമരാമത്ത് വകുപ്പുമന്ത്രി യോഗം നടത്തി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചു വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമ ഘട്ടത്തിലാണ്.<br><br>(ബി) ഇത്തരം പദ്ധതികളിൽ ആവശ്യമായി വരുന്ന സ്ഥലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ജനകീയമാക്കി മാറ്റുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 9 | 15/04 | 7 | പാലക്കാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നത് ജില്ലാകേന്ദ്രത്തിൽ നിന്ന് ദൂരെ ആയതിനാൽ വിനോദസഞ്ചാരികൾക്ക് ഒരു ദിവസം ഒന്നോ രണ്ടോ കേന്ദ്രങ്ങളിൽ മാത്രമേ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ഇത് പരിഹരിക്കാൻ ഹെലികോപ്റ്റർ ടൂറിസം വഴി പ്രസ്തുത കേന്ദ്രങ്ങളെ കോർത്തിണക്കാൻ സാധിക്കുമോ? | ഇത് പരിശോധിക്കാവുന്ന കാര്യമാണ്. ഹെലിടൂറിസത്തിന്റെ സാധ്യത കേരളത്തിൽ വളരെ നല്ലനിലയിലുണ്ട്, ഹെലിടൂറിസത്തിന്റെ സാധ്യത കണ്ടുകൊണ്ട് ഹെലിപാഡുകൾ വന്ന് ഒരു ഹെലികോപ്റ്ററിൽ നാലോ ആറോ പേർക്ക് ഇരിക്കാവുന്ന നിലയിൽ പ്രധാന എയർപോർട്ടുകൾ കേന്ദ്രീകരിച്ച് ഉത്തരേന്ത്യയിൽ നിന്ന് മറ്റും വരുന്നവർ നേരിട്ട് വയനാട്, ഇടുക്കി, പാലക്കാട് എന്നിങ്ങനെ കേരളത്തിന്റെ പല ഭാഗങ്ങളിലെത്തുന്ന നിലയിലേക്കുള്ള ഒരു പദ്ധതി ടൂറിസം വകുപ്പ് ചർച്ച ചെയ്ത് മുന്നോട്ടുപോകുന്നു. ഹെലിടൂറിസത്തിന്റെ സാധ്യത ആലോചിക്കാം. ഈ പ്രത്യേക ഇടത്തേക്കും ആ നിലയിൽതന്നെ പരിശോധിക്കാവുന്നതാണ്. |
| 10 | 15/05 | 12 | വനം വകുപ്പുമായി ചേർന്ന്, നമ്മുടെ വനാന്തരങ്ങളിലെ കാഴ്ചകൾ കാണുന്നതിനും ആസ്വദിക്കാനും കഴിയുന്ന തരത്തിലുള്ള ട്രക്കിംഗിന് പുതിയ തീരുമാനമെടുക്കാൻ കഴിയുമോ, അവരുമായി ആലോചിച്ച് ട്രക്കിംഗ് സൗകര്യം ഏർപ്പെടുത്താൻ വിനോദ സഞ്ചാര വകുപ്പ് തയ്യാറാകുമോ? | ഇക്കാര്യം വനം വകുപ്പുമായി ചർച്ച ചെയ്തു, അനന്ത സാധ്യതകളാണ് കേരളത്തിലുള്ളത്. വനം വകുപ്പുമന്ത്രിക്കും ഇക്കാര്യം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നുണ്ട്. ആയത് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്. |
| 11 | 15/05 | 13 | സഹകരണ സ്ഥാപനങ്ങൾ ടൂറിസം വകുപ്പുമായി ചേർന്ന് സഹകരണ മേഖലയിൽ ടൂറിസം പദ്ധതികൾക്ക് രൂപം നൽകാൻ സാധിക്കുമോ? നമ്മുടെ | ഇവിടെ സൂചിപ്പിച്ച കാര്യവും പരിശോധിക്കാം. ടൂറിസം ലെഡ് റിക്കവറി എല്ലാ വകുപ്പുകളുമായി കൈകോർത്തുകൊണ്ട് ആലോചിക്കേണ്ട ഒരു കാര്യമാണ്. ആ നിലയിൽ ബന്ധപ്പെട്ട |

| | | | | |
|---|---|---|---|---|
| | | | സംസ്ഥാനത്ത് ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ? | വകുപ്പുമന്ത്രിമാർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നിവരുമായി ചർച്ച ചെയ്ത് വേൾഡ് ട്രെൻഡായ ടൂറിസം ലെഡ് റിക്കവറിയെ കേരളത്തിൽ എങ്ങനെ ഒരു ട്രെൻഡാക്കി മാറ്റാമെന്ന് പരിശോധിക്കും. അതിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മേഖലയെ കുറിച്ചുകൂടി പരിശോധിക്കാവുന്നതാണ്. |
| 12 | 15/05 | 14 | ജൈവ വൈവിധ്യ സർക്ക്യൂട്ട്, ലിറ്ററി സർക്ക്യൂട്ട്, തീർത്ഥാടന സർക്യൂട്ട് എന്നിവപോലെ നമ്മുടെ സ്വാതന്ത്ര്യ സമര കേന്ദ്രങ്ങളേയും നവോത്ഥാന കേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി ടൂറിസം വകുപ്പ് നേരിട്ടോ സാംസ്കാരിക വകുപ്പുമായി ചേർന്നോ ഒരു പ്രത്യേക പരിപാടി തയ്യാറാക്കുമോ? | തീർച്ചയായും ഇത് പരിഗണിക്കേണ്ട വിഷയമാണ്. നിരവധി പോരാട്ടങ്ങൾ നടന്ന ഭൂമികളുണ്ട്. അങ്ങനെ പ്രാധാന്യമുള്ള സ്ഥലങ്ങളെ പ്രത്യേകം സർക്ക്യൂട്ടുകളാക്കി, ഓരോ ജില്ലയിലേയും സാധ്യതകളുള്ള സ്ഥലങ്ങൾ പരിശോധിച്ച് മുന്നോട്ടു പോകാവുന്നതാണ്. |
| 13 | 15/05 | 26 | (എ) വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വൻ തോതിൽ ടൂറിസ്റ്റുകൾ എത്തുന്ന സാഹചര്യം പരിഗണിച്ച് അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് പുതിയ പദ്ധതികൾ ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?<br>(ബി) സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മുന്തിയ നിലവാരത്തിലുള്ള ശുചിമുറിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നു. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവ ടൂറിസം ഡെസ്റ്റിനേഷനുകൾ ആക്കുന്നതിനും വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ/ ലൊക്കേഷനു |

| | | | | |
|---|---|---|---|---|
| | | | | കളിൽ വിനോദസഞ്ചാര ആവാസ വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന ടൂറിസം ഹബ്ബുകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള ആവാസ വ്യവസ്ഥ പ്രദാനം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുന്ന ടൂറിസം ഹബ്ബുകൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു |

XI. തൊഴിലും നൈപുണ്യവും വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 2 | തോട്ടം മേഖലയ്ക്ക് പുതുജീവൻ നൽകുന്നതിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ടോ; അതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | തോട്ടം മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന്റെ കരട് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതികൾ തോട്ടം മേഖലയിൽ വ്യാപിപ്പിക്കുന്നതിനും, കുടിവെള്ള പദ്ധതി, ശൗചാലയ പദ്ധതി, |

| | | | | |
|---|---|---|---|---|
| | | | | മാതൃശിശു സംരക്ഷണപദ്ധതി തുടങ്ങിയവ തോട്ടം ഉടമകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഇവ കരട് തോട്ടം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തോട്ടം മേഖലയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| 2 | 14/19 | 16 | സംസ്ഥാനത്ത് സ്വതന്ത്രചുമതലയുള്ള പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | 14/22 | 3 | (എ) ഈ സർക്കാർ വന്നശേഷം തോട്ടം തൊഴിലാളി മേഖലയിൽ നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കാമോ? | (എ) തോട്ടം മേഖലയുടെ പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു തോട്ടം നയം പ്രഖ്യാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| 4 | 14/22 | 13 | തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ സ്ഥിതി പരിതാപകരമാണെന്നതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ചു നൽകുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തോട്ടം മേഖലയിൽ പ്രാഥമിക സർവ്വേ നടത്തുകയും സർവ്വേയിൽ 32,452 ഗുണഭോക്താക്കളെ കണ്ടെത്തുകയു |

| | | | | |
|---|---|---|---|---|
| | | | | മുണ്ടായി. പ്രസ്തുത ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. മൂന്നാറിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ മുഖേന റവന്യൂ വകുപ്പിൽ നിന്ന് തൊഴിൽ വകുപ്പിന് ലഭ്യമാകുന്ന 5.49 ഏക്കർ സ്ഥലത്ത് ഫ്ളാറ്റ് സമുച്ചയം(ജി 2) പണിയുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണച്ചുമതല തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷനാണ്. ഭൂമി കൈമാറുന്ന വിഷയം സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. വയനാട് ജില്ലയിൽ തോട്ടം തൊഴിലാളി കൾക്കായി ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്ന തിനായി ചെമ്പ്ര എസ്റ്റേറ്റ് മാനേജ്മെന്റ് മേപ്പാടിയിൽ ഒരേക്കർ സ്ഥലം വിട്ടു നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സംസ്ഥാന ബിവറേജ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് തോട്ടം തൊഴിലാളികൾക്ക് വിട് നിർമ്മിച്ച് നൽകുന്ന നടപടികൾ നടന്നുവരുന്നു. |

| | | | | |
|---|---|---|---|---|
| 5 | 15/02 | 69 | (എ) ഐ.റ്റി.ഐ.-കളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ നിലവാരം ഉയർത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ടവയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനും പദ്ധതിയുണ്ടോ? | (എ) പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചാക്ക, കോഴിക്കോട് ഐ.ടി.ഐ;കളെയും കിഫ്ബി ധനസഹായത്തോടെ ധനുവച്ചപുരം, കൊയിലാണ്ടി, മലമ്പുഴ, ഏറ്റുമാനൂർ, കണ്ണൂർ, ചെങ്ങന്നൂർ, കട്ടപ്പന, ചാലക്കുടി, കയ്യൂർ, ചന്ദനത്തോപ്പ് എന്നീ 10 ഐ.ടി.ഐ. കളെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 6 | 15/02 | 91 | (എ) കൊവിഡ് ലോക്ക്ഡൗൺ കാരണം സിനിമ പ്രദർശന ശാലകൾ, ഓഡിറ്റോറിയങ്ങൾ, ഹൗസ് ബോട്ടുകൾ, പാർക്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളും ഹോട്ടലിലെ പാചകക്കാർ, വിനോദ സഞ്ചാര കേന്ദ്രത്തിലെ തൊഴിലാളികൾ, കാറ്ററിംഗ്, പന്തൽ തൊഴിലാളികൾ, ലൈറ്റ് ആന്റ് സൗണ്ട്, പ്രിന്റിങ്, നാടകം, ബ്യൂട്ടി പാർലർ, സ്റ്റേജ്ഷോ, കലാപരിപാടികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളും കടുത്ത പ്രതിസന്ധി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇവർക്ക് എന്തെങ്കിലും പ്രത്യേക ധന സഹായം സർക്കാർ ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (എ) ഉണ്ട്.<br>(ബി) ഷോപ്പ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഈ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത എല്ലാ സജീവ അംഗങ്ങൾക്കും 2020 കാലയളവിൽ 1,000 രൂപയും, ക്വാറന്റൈനിൽ ആയിരുന്ന അംഗങ്ങൾക്ക് 5,000 രൂപയും കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10,000 രൂപയും ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്തിരുന്നു. 2021 കാലയളവിൽ കോവിഡ് ധനസഹായ മായി എല്ലാ സജീവ ക്ഷേമനിധി അംഗങ്ങൾക്കും 1,000 രൂപാ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്: കോവിഡ്-19 -ന്റെ വ്യാപനം മൂലം |

| | | | | |
|---|---|---|---|---|
| | | | | കേരള സംസ്ഥാന അസംഘടിത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,06,939 പേർക്ക് 1,000 രൂപാ ആശ്വാസ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, കോവിഡ്-19 ന്റെ തരംഗം മൂലം സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഓരോ പദ്ധതി അംഗങ്ങൾക്കും 1,000 രൂപ നിരക്കിൽ 2,25,000 പേർക്ക് രണ്ടാം ഘട്ടമായി ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| 7 | 15/03 | 36 | (സി) സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകളിൽ പരാതി പരിഹാര ഹെൽപ്പ് ലൈൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി എന്നീ ബോർഡുകളിൽ പരാതി/ഹെൽപ്പ് ലൈൻ സംവിധാനം പ്രവർത്തിക്കുന്നു. മറ്റ് ക്ഷേമനിധി ബോർഡുകളിൽ നിലവിലുള്ള പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 8 | 15/04 | 10 | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | ഉണ്ട്. വേതന സംരക്ഷണ സംവിധാനത്തിലൂടെ വേതനം കൈമാറുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഗണനയിലുണ്ട്. വേതന സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളാണ് പദ്ധതി ഗുണഭോക്താക്കൾ. മരണപ്പെടുന്ന തൊഴിലാളിയുടെ നിയമാനുസൃത അവകാശിയ്ക്ക് 5 ലക്ഷം രൂപയുടെ അപകട മരണാനുകൂല്യം ലഭ്യമാക്കുവാനാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ തൊഴിലാളികൾക്ക് തടസ്സമില്ലാത്ത സാമൂഹിക സുരക്ഷാ പരിരക്ഷയും ടി പദ്ധതി ഉറപ്പ് നൽകുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 9 | 15/04 | 11 | സർക്കാർ മേഖലയിൽ പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സംസ്ഥാനത്ത് 5 പുതിയ സർക്കാർ ഐ.ടി.ഐ.-കൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| 10 | 15/05 | 19 | (ബി) ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സമഗ്ര നിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) ഉണ്ട്. പ്രൈവറ്റ് പ്ലേസ്മെന്റ് ഏജൻസി മുഖേനയുള്ള ഗാർഹിക തൊഴിലാളികളുടെ നിയമനം, വേതനം, ജോലി സമയം തുടങ്ങി തൊഴിലാളികളുടെ വിവിധ അവകാശങ്ങൾ, |

| | | | | |
|---|---|---|---|---|
| | | | | ജോലി തർക്കങ്ങൾ, അത് പരിഹരിക്കാനുള്ള സംവിധാനം, തൊഴിലാളികൾക്കെതിരെയുള്ള ചൂഷണം തടയൽ, സാമൂഹിക സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ബിൽ, 2020 (കരട്)-ലെ വ്യവസ്ഥകൾ പൂർണ്ണമായും, കേരള നിയമ പരിഷ്കരണ കമ്മീഷന്റെ 14-ാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരള ഡൊമസ്റ്റിക് വർക്കേഴ്സ് (റഗുലേഷൻ ആന്റ് വെൽഫയർ) ബിൽ, 2021 (കരട്)-ലെ വ്യവസ്ഥകൾ ഭാഗികമായും ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു പുതിയ ബിൽ രൂപീകരിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. |
| 11 | 15/05 | 22 | തൊഴിൽ കോഡുകൾ സംബന്ധിച്ച സംസ്ഥാന ചട്ടങ്ങൾ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം നിലനിർത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ നിയമത്തിന്റെ പരിധിയിൽ നിന്നു കൊണ്ട് തൊഴിൽകോഡുകൾ സംബന്ധിച്ച സംസ്ഥാന ചട്ടങ്ങൾ കൊണ്ടു വരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയാണ്. |

## XII. വനം-വന്യജീവി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/19 | 14 | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടൽ വനങ്ങൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സംസ്ഥാനത്ത് റീബിൽഡ് കേരളാ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിയ്ക്കുന്നതിന് പദ്ധതി നിലവിലുണ്ട്. കൊല്ലം സോഷ്യൽ ഫോറസ്ട്രി റീജിയണിന്റെ പരിധിയിൽ വരുന്ന കൊല്ലം, കോട്ടയം എന്നീ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിൽ കണ്ടൽക്കാടുകൾ വിട്ടുനൽകുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം സോഷ്യൽ ഫോറസ്ട്രി റീജിയന്റെ പരിധിയിൽ വരുന്ന തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രീ ഡിവിഷനിൽ തൃശ്ശൂർ ജില്ലയിലെ പുല്ലൂറ്റ്, വെണ്മനാട് വില്ലേജുകളിൽ 42 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 9.33 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും പണം നൽകി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി റീജിയന്റെ പരിധിയിൽ വരുന്ന മലപ്പുറം, കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിലും സ്വകാര്യ കൈവശത്തിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | 14/19 | 15 | വനം വകുപ്പ് ഇപ്പോഴും പ്രാകൃത സംവിധാനങ്ങൾ മാത്രം ഉപയോഗിച്ച് തീയണയ്ക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ;വിശദമാക്കുമോ? | പുതുതായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വനം വകുപ്പ് വാങ്ങിച്ചിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ടി വാഹനങ്ങൾ നൽകിയിട്ടുണ്ട്. ആയവയുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ 124 ഫോറസ്റ്റ് സ്റ്റേഷനുകളിലും അഗ്നി പ്രതിരോധമുൾപ്പെടെയുള്ള വന സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജീപ്പ് നൽകിയിട്ടുണ്ട്. വാച്ചർമാർക്കും, സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രെയർ, വാട്ടർ ബോട്ടിൽ. വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക് പമ്പ് സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗി ക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr, Manual Sprayers, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ |

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗിക്കുന്നുണ്ട്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്. |
| 3 | 14/22 | 1 | (ബി) വംശനാശം നേരിടുന്നത് ഏതൊക്കെ വൃക്ഷങ്ങളാണ്; വിശദാംശം നൽകുമോ? | (ബി) International Union for Conservation of Nature (IUCN) red data list – ന്റെ അടിസ്ഥാനത്തിൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ പുഷ്പിത സസ്യങ്ങളുടെ ഗണത്തിൽപ്പെട്ട (Angiosperm) വിഭാഗത്തിൽപ്പെട്ട 89 സ്പീഷീസുകൾ വംശനാശ ഭീഷണി നേരിടുന്നവയാണെന്നും അതിൽ 23 സ്പീഷീസുകൾ വൃക്ഷങ്ങളാണെന്നും കണ്ടെത്തിയിട്ടുണ്ട്. വംശനാശ ഭീഷണി നേരിടുന്നവയും അമിത ചൂഷണം നേരിടുന്നതുമായ 5 സ്പീഷീസുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പും കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി തുടങ്ങികഴിഞ്ഞു. ബാക്കിയുള്ളവയെ സംരക്ഷിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 4 | 14/22 | 7 | പക്ഷിപ്പനി സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും ഇതിലൂടെ കർഷകർക്ക് ലഭിക്കുന്ന ആശ്വാസ നടപടികൾ എന്തൊക്കെയാണെന്നും ആശ്വാസ ധനസഹായം കാലതാമസം കൂടാതെ നൽകുന്നതിന് നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ? | പക്ഷിപ്പനി സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ പക്ഷിപ്പനി മൂലം മരണപ്പെട്ട പക്ഷികളുടെയും കള്ളിംഗ് നടപടി മൂലം നശിപ്പിച്ച പക്ഷികളുടെയും ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സംസ്ഥാന സർക്കാർ സ.ഉ. (സാധാ) നം. 9/2021/ എ.എച്ച്.ഡി. തീയതി 7-1-2021 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും കൾ ചെയ്ത പക്ഷികൾക്കും 2 മാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200 രൂപ, 2 മാസത്തിൽ താഴെയുള്ള പക്ഷി ഒന്നിന് 100 രൂപ എന്ന നിരക്കിലും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ നിരക്കിലുമാണ് നഷ്ടപരിഹാരം നൽകുക. നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും അടിയന്തരമായി ചെലവഴിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാര വിതരണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| 5 | 15/02 | 8 | (എ) മണ്ണൊലിപ്പ് തടയുന്നതിനും കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിനും കായലോരങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves (60% CSS) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണൊലിപ്പ് തടയുന്നതിനും കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിനും കായലോരങ്ങളിൽ കണ്ടൽക്കാടുകൾ |

| | | | | |
|---|---|---|---|---|
| | | | (ബി)കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | വച്ചുപിടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ തുടങ്ങിയ ജില്ലകൾ ഉൾപ്പെടുന്ന വേമ്പനാട് റീജിയണിൽ കായലോരങ്ങളിൽ കണ്ടൽ തൈകൾ വച്ചുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു. കൂടാതെ കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിലും കണ്ടൽ സംരക്ഷിക്കുന്നതിനും പുനരുജ്ജീവനത്തിനുമായുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്.<br><br>(ബി) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് പുറമെ സർക്കാർ അധീനതയിലുള്ള കണ്ടൽ പ്രദേശങ്ങൾ റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീ-ബിൽഡ് കേരള സ്കീമിൽ ഉൾപ്പെടുത്തി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി പുരോഗമിയ്ക്കുകയാണ്. |
| 6 | 15/02 | 76 | (എ) താരതമ്യേന തൊഴിൽ അവസരങ്ങൾ കുറവായിരുന്ന വനമേഖലയിലെ തൊഴിൽ അവസരങ്ങൾ ഇല്ലാതെയായതിനാൽ പരമാവധി പുതിയ തൊഴിൽ സാധ്യതകൾ ആവിഷ്കരിക്കാൻ വനം വകുപ്പ് പരിഗണിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) പരിസ്ഥിതി പുനഃസ്ഥാപനം (ഇക്കോ റെസ്റ്റോറേഷൻ) പ്രവർത്തികൾ ഊർജ്ജിതമായി നടപ്പിലാക്കുവാൻ വിവിധ പദ്ധതികൾ വനം വകുപ്പ് ആവിഷ്കരിച്ച് വരികയാണ്. ഇത്തരം പരിസ്ഥിതി പുനഃസ്ഥാപന പദ്ധതികൾ നടപ്പിലാക്കുമ്പോൾ തദ്ദേശീയരായ ജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. |

| | | | | |
|---|---|---|---|---|
| 7 | 15/03 | 6 | (എ) വനം വകുപ്പിന്റെ ആധുനികവത്കരണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി HAWK (Hostile Activity Watching Kernel) എന്ന ഒരു ഓൺലൈൻ മൊഡ്യൂൾ വികസിപ്പിച്ചുവരുന്നു. ഈ സംവിധാനത്തിൽ പൊതുജനങ്ങളുടെ കൂടി സഹകരണത്തോടു കൂടി വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങൾ, സ്ഥിരം കുറ്റവാളികൾ എന്നിവയെ സംബന്ധിച്ച ഡേറ്റ ബേസും ലഭ്യമാകുന്നതാണ്. കാട്ടുതീ പ്രതിരോധത്തിനും, കഞ്ചാവ് കൃഷി, വനം കയ്യേറ്റങ്ങൾ എന്നിവ യഥാസമയം കണ്ടെത്തുന്നതിനും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷമുള്ള പ്രദേശങ്ങളിലും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നുണ്ട്. |
| 8 | 15/04 | 23 | (ബി) ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിക്കുന്നതിനും വനാതിർത്തികളിൽ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) സംസ്ഥാനത്തെ വനങ്ങളുടെ സർവ്വേയും, വനാതിർത്തികളുടെ ഡിജിറ്റൈസേഷനും, റവന്യൂ, സർവ്വേ എന്നീ വകുപ്പുകളുടെ സഹായത്തോടു കൂടി നടപടി സ്വീകരിക്കുന്നതാണ്. |
| 9 | 15/04 | 25 | (ബി) വനാശ്രിത സമൂഹത്തിന്റെ ഉപജീവനം ഉറപ്പാക്കുന്നതിനും കൃഷിഭൂമിയിൽ മരം നട്ടുപിടിപ്പിക്കുന്നവർക്ക് നിയന്ത്രണ രഹിതമായി സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാനും വ്യവസ്ഥ ചെയ്യുന്ന തരത്തിലാണോ നയം രൂപീകരിച്ചിട്ടുള്ളത്? | (ബി) ഇതിനായി ഗുണനിലവാരമുള്ള തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യും, കൃഷിക്കാരും പട്ടാദാർമാരും നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ കൂടിയാലോചിച്ച് നടപടി സ്വീകരിക്കും. |

| | | | | |
|---|---|---|---|---|
| 10 | 15/05 | 1 | (സി)റിവ്യൂ പെറ്റീഷൻ പരിഗണിക്കുമ്പോൾ സംസ്ഥാനത്തിന് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിന് ശാസ്ത്രീയ അടിത്തറയുള്ള പഠന റിപ്പോർട്ട് അനിവാര്യമായതിനാൽ വനം, റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനത്തോടെ സർവ്വേ നടത്തി പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച ശേഷം ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധാനാലയങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് എത്രയും വേഗം പഠന റിപ്പോർട്ട് തയ്യാറാക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. തുടർ നടപടി സ്വീകരിക്കുമ്പോൾ ഇതര വകുപ്പുകളുടെ സഹകരണം ആവശ്യമെങ്കിൽ സ്വീകരിക്കുന്നതാണ്. |

## XIII. പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 14 | എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് സ്കൂൾ പി.ടി.എ.-കൾക്ക് വാഹനം നൽകുന്നതിനു പകരം തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സമിതികൾക്ക് വാഹനങ്ങൾ നൽകിയാൽ ഒരേ | ഇത് നല്ല നിർദ്ദേശമാണ്. നിലവിലുള്ള നിയമങ്ങളും ധനകാര്യ വകുപ്പിന്റെ നിർദ്ദേശവുമൊക്കെ പലതരത്തിൽ മാറ്റിയിട്ടുവേണം ഈ നിർദ്ദേശം പരിശോധിക്കേണ്ടത്. ഏതായാലും നല്ല ഒരു നിർദ്ദേശമാണ്. അത് പരിഗണിക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | ഭാഗത്തുനിന്ന് ഒരേ വഴിയിലൂടെ വിവിധ പൊതു വിദ്യാലയങ്ങളിലേയ്ക്ക് പോകുന്ന കുട്ടികളെ നമുക്ക് എത്തിക്കാൻ സാധിക്കും. ഈ സാഹചര്യത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സമിതികൾക്ക് വാഹനങ്ങൾ വാങ്ങി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ തടസ്സം നിലനിൽക്കുകയാണ്. അത് മറികടക്കാൻ താങ്കൾ നേതൃത്വം നൽകുമോ; | |
| 2 | 14/19 | 4 | (എ) അദ്ധ്യാപക നിയമനം, അംഗീകാരം, തസ്തിക നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ പുതിയ ഭേദഗതികൾ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br>(ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമങ്ങളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധ മായിട്ടുള്ള ഭേദഗതികളുടെ സാധുതകൾ പരിശോധിച്ചിട്ടുണ്ടോ;<br><br>(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി വിദ്യാഭ്യാസ മേഖല യിലുണ്ടായിട്ടുള്ള നേട്ടങ്ങളെ പുറകോട്ട ടിപ്പിക്കുന്ന നയങ്ങൾ പുന: പരിശോധിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (എ, ബി, സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമാകാത്ത തരത്തിലും കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള നേട്ടങ്ങൾക്ക് വിഘാതമുണ്ടാക്കാത്ത തരത്തിലും കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 3 | 14/19 | 5 | (ഡി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സക്കൂളുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വന്തമായി സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലപരിമിതിയുള്ളതോ ആയ സർക്കാർ സ്കൂളുകൾക്ക് 2019-20 കേരള ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| 4 | 15/02 | 67 | (ബി)സർക്കാർ സ്ഥാപനങ്ങളിൽ ഭിന്ന ശേഷിക്കാർക്കുള്ള സംവരണം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കൂടി ബാധകമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) 18-11-2018-ലെ സ.ഉ.(പി)നമ്പർ 18/2018/ സാ.നി.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തുന്നതിനായി കെ.ഇ.ആർ. അധ്യായം 14 എ റൂൾ 1 ലും ഭേഗഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൊതു വിദ്യാഭ്യാസവകുപ്പ് സ്വീകരിച്ച് വരുന്നു. |
| 5 | 15/03 | 48 | (സി) ഇത്തരത്തിലുള്ള ശാസ്ത്രീയവും പ്രായോഗികവുമായ വിദ്യാഭ്യാസ രീതി സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) നിലവിൽ ശ്രദ്ധ പദ്ധതി സംസ്ഥാന മൊട്ടാകെയുള്ള തെരഞ്ഞെടുത്ത സ്കൂളുകളിലാണ് നടപ്പിലാക്കി വരുന്നത്. ആയത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| 6 | 15/05 | 5 | (എ) സ്കൂൾ സിലബസിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) സ്കൂൾ സിലബസിൽ കാലാനുസൃതമാറ്റം വരുത്തുന്നതിനുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കുള്ള പാഠ്യപദ്ധതി കോർ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. നവകേരള സൃഷ്ടിക്കുതകുന്ന വൈജ്ഞാനിക സമൂഹമായി കേരളത്തെ മാറ്റുന്നതിനാണ് പാഠ്യപദ്ധതി പരിഷ്കരണം ലക്ഷ്യം വയ്ക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ കാലിക പ്രസക്തമായ ലിംഗനീതി, സ്ത്രീ സുരക്ഷ, നിയമവിദ്യാഭ്യാസം, കുട്ടികളുടെ അവകാശങ്ങൾ, റോഡ് സുരക്ഷ, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാവ്യതിയാനം, ഊർജ്ജ സംരക്ഷണം തുടങ്ങി ഒട്ടേറെ മേഖലകൾ പരിഗണിച്ചായിരിക്കും പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക. |
| 7 | 15/05 | 16 | (സി) പാഠ്യപദ്ധതി പരിഷ്കരിക്കുന്നതോടൊപ്പം മാതൃഭാഷ പഠനം കൂടുതൽ മെച്ചപ്പെടുത്തു ന്നതിനും കുട്ടികളിൽ ഭാഷയോടും സാഹിത്യത്തോടും കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിനും പര്യാപ്തമായ പാഠ ഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (സി) മാതൃഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തു ന്നതിനും കുട്ടികളിൽ ഭാഷയോടും സാഹിത്യത്തോടും താൽപര്യം ജനിക്കുന്നതിനും ഉതകുന്ന പാഠഭാഗങ്ങൾ പുതിയ പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്ന വേളയിൽ ഉൾപ്പെടുത്തുന്നതാണ്. |
| 8 | 15/05 | 18 | (സി) വിദ്യാർത്ഥികളുടെ സർഗ്ഗ വാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി കൂടുതൽ ഫലപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്യാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) വിവിധ സർഗ്ഗാത്മക മേഖലകളായ ചിത്ര-ശിൽപകല, സംഗീതം, നൃത്തം, നാടകം, സിനിമ തുടങ്ങിയവയിലെ അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ട്. |
| 9 | 15/05 | 27 | (ബി) പൊതു പരീക്ഷയുടെ ചോദ്യ പേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്ക് കൂടി പങ്കാളിത്തം നൽകി പരീക്ഷാ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ബി) പൊതുപരീക്ഷയുടെ ചോദ്യപേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്ക് കൂടി പങ്കാളിത്തം നൽകി പരീക്ഷാ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. |

## XIV. ഉന്നത വിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 8 | (എ) ആരോഗ്യകരമായ ജീവിത ശൈലി ലക്ഷ്യമിട്ട് കോളേജുകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാ ശാലകളിലും വിദ്യാർത്ഥികൾക്ക് കായിക ക്ഷമതാ പ്രവർത്തനങ്ങൾക്കായി നാൽപ്പത്തിയഞ്ച് മിനിട്ട് സമയം നീക്കി വയ്ക്കണമെന്ന് യു.ജി.സി. നിഷ്കർഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br>(ബി) ഇതിന് പുറമെ കായികക്ഷമതയ്ക്കായി മറ്റ് ഏതെങ്കിലും നിർദ്ദേശം യു.ജി.സി. നൽകിയിട്ടുണ്ടോ;<br>(സി) പ്രസ്തുത യു.ജി.സി. നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (എ) & (ബി) എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും താഴെ പ്പറയുന്ന നിബന്ധനകൾ പാലിക്കണമെന്ന് യു.ജി.സി. നിർദ്ദേശിക്കുന്നുണ്ട്.<br>1. ഫിറ്റ്നസ് അവർ (FITNESS HOUR):- 2020 ജനുവരി മുതൽ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ദിവസേന 45 മുതൽ 60 മിനിട്ട് വരെയുള്ള FITNESS HOUR ഉണ്ടായിരിക്കണം<br>2. ഫിറ്റ്നസ് ക്ലബ്സ് (FITNESS CLUBS):- എല്ലാ സ്ഥാപനങ്ങളിലും ഒരു വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ സ്പോർട്സ്/ഫിറ്റ്നസ് പ്രേമികളെ ചേർത്ത് ഫിറ്റ്നസ് ക്ലബ്ബുകൾ രൂപീകരിക്കണം.<br>3. ഫിറ്റ്നസ് ക്യാമ്പയിനുകൾ (FITNESS CAMPAIGNS):- തിരഞ്ഞെടുക്കപ്പെട്ട ആശയങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഫിറ്റ്നസ് ക്യാമ്പയിനുകൾ സംഘടിപ്പിക്കണം.<br>4. സ്പോർട്സ് മത്സരങ്ങൾ (SPORTS COMPETITIONS):-എല്ലാ ഉന്നത വിദ്യാഭ്യാസ |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപനങ്ങളും ദേശീയ സംസ്ഥാന സ്പോർട്സ് മത്സരങ്ങളുടെ മുന്നോടിയായി വാർഷിക സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിക്കണം<br>5. സ്ഥാപനങ്ങളുടെ സ്റ്റാർ റേറ്റിംഗ് (STAR RATING OF INSTITUTIONS):-<br>ഫിറ്റ്നസ് അവർ, ഫിറ്റ്നസ് ക്ലബ്സ്, ഫിറ്റ്നസ് ക്യാമ്പയിനുകൾ, സ്പോർട്സ് മത്സരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ സ്റ്റാർ റേറ്റിംഗ് നിശ്ചയിക്കാവുന്നതാണ്.<br>6. ഭക്ഷണ ശീലം (FOOD HABITS):- എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരോഗ്യ കരമായ ഭക്ഷണശീലം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളുടെ വളപ്പിൽ പ്രവർത്തിക്കുന്ന ക്യാന്റീനുകളിൽ 'JUNK FOODS' ന്റെ വിൽപ്പന നിരോധിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br>(സി) പ്രസ്തുത യു.ജി.സി. നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 2 | 15/02 | 42 | (ബി) വിദൂര വിദ്യാഭ്യാസ പദ്ധതി തടസ്സപ്പെടാതിരിക്കാൻ സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിൽ നിലവിലുണ്ടായിരുന്ന വിദൂര വിദ്യാഭ്യാസം തുടരുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ വിദൂര വിദ്യാഭ്യാസ പദ്ധതി ആരംഭിക്കുന്നതുവരെ വിദൂര വിദ്യാഭ്യാസം നേടുന്നതിനുള്ള വിദ്യാർത്ഥിക ളുടെ അവസരം സംരക്ഷിക്കുന്നതിനായി നിലവിലെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസം തുടരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 3 | 15/02 | 71 | (എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖല മികവുറ്റതാക്കുന്നതിന്റെ ഭാഗമായി വിവിധ വൈജ്ഞാനിക മേഖലകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള കേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (എ) സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങളായി ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |
| 4 | 15/02 | 72 | (എ) സംസ്ഥാനത്ത് നിയമപഠനത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിലേക്കായി നിയമ സർവ്വകലാശാലയോ നിയമ വിദ്യാഭ്യാസ ഡയറക്ടറേറ്റോ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (എ) പ്രത്യേക നിയമ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊഫ. വിക്രമൻ നായർ അദ്ധ്യക്ഷനായി മൂന്നംഗ സമിതിയെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിരുന്നു. 2019 മാർച്ച് മാസം സമിതി റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത കമ്മിറ്റി കേരളത്തിലെ നാല് ഗവൺമെന്റ് ലോ കോളേജുകളെ ഉൾപ്പെടുത്തി പ്രത്യേക ഡയറക്ടറേറ്റ് ഓഫ് ലീഗൽ എഡ്യൂക്കേഷൻ രൂപീകരിക്കാൻ ഐകകണ്ഠമായി ശിപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| 5 | 15/03 | 41 | (സി) ഗ്രന്ഥശാല സംഘം നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ? വിശദാംശങ്ങൾ അറിയിക്കാമോ? | (സി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി ലഭ്യമാക്കിയ ഭേദഗതി നിർദ്ദേശങ്ങളിൽ, വകുപ്പ് 7(5), 8(1)(എഫ്), 30(1), 30(1)എ, എന്നിവ ഒഴിച്ച് ബാക്കി ഭേദഗതികളിൽ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് 1989-ലെ കേരള പബ്ലിക് ലൈബ്രറീസ്(കേരള ഗ്രന്ഥശാലാ സംഘം) ആക്റ്റ് കാലികമായി ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 6 | 15/03 | 42 | (ബി) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൂടുതൽ വിദ്യാർത്ഥികളെ എൻറോൾ ചെയ്യിപ്പിക്കുന്നതിന്റെ ഭാഗമായി സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും അധിക ബാച്ചുകൾ തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) ന്യുവാൽസിൽ പി.ജി. ഡിപ്ലോമ കോഴ്സ് ഇൻ എഡ്യൂക്കേഷൻ ലോ ആന്റ് മാനേജ്മെന്റ് എന്ന കോഴ്സ് ഈ വർഷവും, ത്രിവത്സര എക്സിക്യൂട്ടീവ് എൽ.എൽ.എം. എന്ന കോഴ്സ് അടുത്ത വർഷം മുതലും ആരംഭിക്കുന്നുണ്ട്. 2021-22 അധ്യയന വർഷത്തിൽ കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല എന്നിവയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| 7 | 15/04 | 3 | (എ) എഡ്യൂടെക് കമ്പനികൾക്ക് വിശാലാധികാരം നൽകുമെന്ന യു.ജി.സി. ചെയർമാന്റെ പ്രസ്താവന പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ചട്ടക്കൂടിനനുസരിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയുടെ വരേണ്യവൽക്കരണത്തിലേക്കുള്ള ചുവടു വയ്പാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇത് സൃഷ്ടിക്കാനിടയുള്ള പ്രശ്നങ്ങൾ വിലയിരുത്തുമോ;<br><br>(ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണങ്ങൾ സമൂഹത്തിനാകെ പ്രയോജനം ചെയ്യുന്ന | (എ) എഡ്യൂടെക് കമ്പനികൾക്ക് അധികാരം നൽകുന്ന നിയമപരമായ നടപടികൾ ഉണ്ടായിട്ടില്ല. എഡ്യൂടെക് കമ്പനികൾ നൽകുന്ന സേവനങ്ങൾ ഉപയോഗിക്കുന്നതിന്റെ സാമൂഹിക നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്.<br><br>(ബി) ഉൽകൃഷ്ട കേന്ദ്രങ്ങളുടെ തിരഞ്ഞെടുപ്പ് പ്രക്രിയ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതിയുടെ സഹായത്തോടെ പുരോഗമിക്കുന്നുണ്ട്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | വിധം ലഭിക്കേണ്ടതിന് ഗവേഷണത്തിന് പ്രാധാന്യം നൽകുന്ന ഉൽകൃഷ്ട കേന്ദ്രങ്ങൾ എല്ലാ സർവ്വകലാശാലയിലും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; സർവ്വകലാശാലകൾക്കുള്ളിൽ പ്രഗത്ഭരുടെ നേതൃത്വത്തിൽ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ? | |
| 8 | 15/04 | 5 | (എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാ ശാലകൾക്ക് പ്രവർത്തനാനുമതി നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) സ്വകാര്യ ഡീംഡ് സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് വിശദമായ നയരൂപീകരണവും നിയമനിർമ്മാണവും നടത്തുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ G.O. (Rt)No.8/2022/ഉ.വി.വ. തീയതി 3-1-2022 പ്രകാരം ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൗൺസിലിന്റെ റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |

XV. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/22 | 22 | (സി) താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ഒരുക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | (സി) കിഫ്ബി ധനസഹായത്തോടുകൂടി 44 ജില്ല/ജനറൽ/താലൂക്ക് തല ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ അനുവദിച്ചതിൽ 40 ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ |

| | | | | |
|---|---|---|---|---|
| | | | (ഡി) ജില്ലാ തല ആശുപത്രികളിൽ കാർഡിയോളജി, കാത്ത് ലാബ് സൗകര്യങ്ങൾ, ന്യൂറോളജി, നെഫ്രോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമായി, ഒരെണ്ണത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു.<br>പെരിറ്റോണിയൽ ഡയാലിസിസ് യൂണിറ്റുകൾ (CAPD) ജനറൽ ആശുപത്രി തിരുവനന്തപുരം, ജനറൽ ആശുപത്രി പാലക്കാട്, ജനറൽ ആശുപത്രി എറണാകുളം എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബാക്കി എല്ലാ ജില്ലകളിലും സി.എ.പി.ഡി. യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>മലയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും. ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 347 ലക്ഷം രൂപ അനുവദിച്ചു. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.<br>ആറ്റിങ്ങൽ താലൂക്ക് ആശുപത്രി, അടിമാലി താലൂക്ക് ആശുപത്രി, കട്ടപ്പന താലൂക്ക് ആശുപത്രി, അഴീക്കോട് സി.എച്ച്.സി. എന്നിവിടങ്ങളിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിന്റെ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.<br>(ഡി) ഈ പദ്ധതിയിൽ ഉൾപ്പെട്ട ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് ജനറൽ ആശുപത്രി, തൃശ്ശൂർ, കാഞ്ഞിരപ്പള്ളി, ആലപ്പുഴ, ജില്ലാ ആശുപത്രി, കണ്ണൂർ എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | ജില്ലാതല ആശുപത്രികളിൽ ന്യൂറോളജി, നെഫ്രോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | 14/22 | 23 | കണ്ണൂർ മെഡിക്കൽ കോളേജിലെ ചികിത്സാസൗകര്യവും പഠനസൗകര്യവും വർദ്ധിപ്പിക്കുന്നതിന് ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജും, അനുബന്ധ സ്ഥാപനങ്ങളും സുഗമമായി പ്രവർത്തിക്കുന്നതിനായും പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിനായും ഏറ്റെടുത്ത ജീവനക്കാരെ അക്കോമഡേറ്റ് ചെയ്യുന്നതിനുമായി മിനിസ്റ്റീരിയൽ, പാരാമെഡിക്കൽ ഇതര അനദ്ധ്യാപക ജീവനക്കാർ, ദന്തൽ കോളേജ് ഡോക്ടർമാർ, നഴ്സിംഗ് കോളേജ് അദ്ധ്യാപകർ, ഫാർമസി കോളേജ് അദ്ധ്യാപകർ എന്നിവരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| 3 | 15/01 | 22 | (ബി) പൊതുജനങ്ങൾ ചികിത്സയ്ക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ? | (ബി) ജില്ലാതല ആശുപത്രികളിലെ ഇനി പൂർത്തീകരിക്കാനുള്ളവ പൂർത്തീകരിക്കുന്നതാണ്. (2) താലൂക്ക് തല ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. (3) 152 ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ രണ്ട് ഘട്ടങ്ങളിലായി ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് അവ തുടരുന്നതാണ്. ജില്ലാ/താലൂക്ക് തല ആശുപത്രികളെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട് വഴി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു |

| | | | | |
|---|---|---|---|---|
| | | | | വരുന്നുണ്ട്. ഇവ ശക്തിപ്പെടുത്തുന്നതാണ്. ആശുപത്രികളിലേക്ക് ആവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തന ങ്ങളും നടന്നു വരികയാണ്. കോവിഡിന്റെ കൂടി പശ്ചാത്തലം കണക്കിലെടുത്ത് ജില്ലാ/താലൂക്ക്തല ആശുപത്രികളിലെ ഇന്റൻസീവ് കെയർ സൗകര്യങ്ങൾ, ഓക്സിജൻ കിടക്കകൾ, മറ്റ് ത്രിതീയതല സൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തു ന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരികയാണ്. ഇക്കാര്യങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. |
| 4 | 15/01 | 26 | (ബി) ജനങ്ങൾക്ക് ഏറെ ഉപയോഗപ്രദ മായിരുന്ന കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി പുനഃരാംരഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) ആകർഷകമായ രീതിയിൽ പദ്ധതി പുനഃരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| 5 | 15/02 | 35 | സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഡയബറ്റിസ് എന്ന സ്ഥാപനത്തെ വലിയ ഗവേഷണ സ്ഥാപനമാക്കി വളർത്തിക്കൊണ്ടു വരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | പ്രമേഹ സംബന്ധമായ ഗവേഷണങ്ങൾക്കും ബോധവത്ക്കരണങ്ങൾക്കും പ്രതിരോധ പ്രവർത്ത നങ്ങൾക്കും നേതൃത്വം വഹിക്കേണ്ട സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഡയബറ്റിസ്. ഇതിൽ ഗൗരവത്തോടെയും പ്രാധാന്യത്തോടുകൂടി ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 6 | 15/03 | 50 | (സി) കരൾ ദാതാക്കൾക്ക് പ്രത്യേക പരിഗണന നൽകി അവയവ ദാതാക്കൾക്കായി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

## XVI. വിവരസാങ്കേതിക വിദ്യാ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/19 | 1 | (ഡി) ഫ്രണ്ടസ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പദ്ധതി യുണ്ടോ;വ്യക്തമാക്കുമോ? | (ഡി) നിലവിൽ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ വഴി വിവിധ വകുപ്പുകളുടെ 16 ഇനം സേവനങ്ങളാണ് നൽകിവരുന്നത്. മോട്ടോർ വെൽഫെയർ ഫണ്ട് ബോർഡിന്റെ അംശാദായം ഉൾപ്പെടെയുള്ള പുതിയ സേവനങ്ങൾ ഫ്രണ്ട്സ് മുഖാന്തരം ശേഖരിക്കാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റു വിവിധ ക്ഷേമനിധി ബോർഡുകളുടെ അംശാദായങ്ങൾ ഫ്രണ്ട്സ് കേന്ദ്രങ്ങൾ വഴി സ്വീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ പുതിയ മാതൃകയിലേക്കു മാറ്റുന്നതിന്റെ ഭാഗമായി ഇപ്പോൾ നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ ഇ-ഡിസ്ട്രിക്റ്റ്, മറ്റു വിവിധ വകുപ്പുകളുടെ സേവനങ്ങൾ തുടങ്ങിയവ കൂടി ഉൾപ്പെടുത്തി ഫ്രണ്ട്സ് കേന്ദ്രങ്ങളെ ജില്ലയിലെ ഐ.ടി. ഹെൽപിംഗ് ഹബ് ആയി മാറ്റുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. |
| 2 | 14/22 | 24 | സംസ്ഥാനത്തെ ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും മുപ്പതിനായിരത്തിൽപരം സർക്കാർ ഓഫീസുകളിലും ഇന്റർനെറ്റ് സംവിധാനം എത്തിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ? | കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)-ന്റെയും, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റേയും (കെ.എസ്.ഇ.ബി.എൽ.) സംസ്ഥാന സർക്കാരി ന്റെയും ഓഹരി പങ്കാളിത്തത്തോടുകൂടി ഒരു ജോയിന്റ് |

| | | | | |
|---|---|---|---|---|
| | | | | വെൻച്വർ കമ്പനി, 'കെ-ഫോൺ ലിമിറ്റഡ്' രൂപീകരിച്ച്, ആയതിലൂടെയാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടത്തിപ്പിനായുള്ള സിസ്റ്റം ഇന്റഗ്രേറ്ററായി (system integrator) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. കെ-ഫോൺ പദ്ധതി നിലവിൽ 32% വരെ പൂർത്തിയായിട്ടുണ്ട്. 30000 ഓഫീസുകളുടെ സർവ്വേയും 35000 കിലോമീറ്റർ-ന്റെ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി.എൽ. പോളുകളുടെ സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം 1000 സർക്കാർ ഓഫീസുകളെ ഉൾപ്പെടുത്തി ഫെബ്രുവരി 2021-ൽ പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. |
| 3 | 15/02 | 46 | (ഡി) കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഐ. ടി. നയത്തിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ ഐ. ടി. മേഖലയിൽ എന്തെല്ലാം ആശയങ്ങൾക്കാണ് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നത്: വ്യക്തമാക്കുമോ ? | (ഡി) കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഐ. ടി. നയത്തെ ആസ്പദമാക്കി പല ആശയങ്ങളും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ സാങ്കേതിക വിദ്യയെ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. ഇതുവഴി സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാനും, സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാനും സാധിക്കും. ഐ. ടി. മേഖലയിലെ വിപുലമായ വ്യവസായ സംരംഭങ്ങൾ, നിക്ഷേപ സാധ്യതകൾ, പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കാൻ കഴിയുന്ന തൊഴിലവസരങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി വിഭാവനം ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ ഐ. ടി. നയത്തിന്റെ അടിസ്ഥാനത്തിൽ യുവസംരംഭകരെ ഐ.ടി/ഐ.ടി. അനുബന്ധ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി കേരള സ്റ്റാർട്ട് - അപ്പ് മിഷൻ, ഐ.റ്റി. സി. അക്കാഡമി, ഐ.ടി. പാർക്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഈ സർക്കാരും തുടർന്നുവരുന്നു. ഇതിനു പുറമേ പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സർക്കാർ സേവനങ്ങൾ സുഗമമമായി ലഭ്യമാക്കണ മെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ നൽകിവരുന്ന നിരവധി സേവനങ്ങൾ സംയോജിപ്പിച്ച് സംസ്ഥാന സർക്കാരിന്റെ പോർട്ടൽ മുഖേനയും ഒരു ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ മുഖേനയും നൽകുവാനുള്ള നടപടികളും ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. |
| 4 | 15/03 | 12 | (എ) ലോക തൊഴിൽ കമ്പോളത്തിലെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ ലഭിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനായുള്ള നോളജ് ഇക്കോണമി മിഷൻ പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) ഉണ്ട്. കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ കൗൺസിൽ സമർപ്പിച്ച രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 5 | 15/04 | 16 | (ഡി) വൻ തിരക്ക് അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) 30/07/2021-ലെ സ.ഉ.(കൈ)നം.24/ 2021/ വി.സ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ആയും, മുനിസിപ്പാലിറ്റികളിൽ 1.5 കി.മീ ആയും കോർപ്പറേഷനുകളിൽ 1 കി.മീ ആയും പുനഃക്രമീകരിച്ച് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | 15/04 | 18 | (സി) കഴക്കൂട്ടം ടെക്നോപാർക്കിന്റെ നാലാം ഘട്ട വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) 1) 2 ലക്ഷം ച.അടി(Non SEZ area) വിസ്തീർണത്തിൽ 105 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ പുതിയ കെട്ടിടം "കബനി" യുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. ഓഫീസ് സൗകര്യങ്ങൾ ലീസ് വ്യവസ്ഥയിൽ കമ്പനികൾക്ക് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2) 10.33 ഏക്കറിൽ (NON-SEZ area) 2021 ഫെബ്രുവരിയിൽ 80 കോടി മുതൽമുടക്കിൽ നിർമ്മാണം പൂർത്തിയാക്കി ഡിജിറ്റൽ യൂണിവേഴ്സിറ്റി ക്യാമ്പസ് പ്രവർത്തനം ആരംഭിച്ചു. 3) തിരുവനന്തപുരം ടെക്നോസിറ്റി ക്യാമ്പസിലെ നോളഡ്ജ് സിറ്റി പദ്ധതിക്കു കീഴിലുള്ള സ്പേസ് പാർക്ക് പദ്ധതിക്കാവശ്യമായ ഭൂമി ടെക്നോസിറ്റിയിൽ സർക്കാർ നൽകുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. 4) കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് മൈക്രോ സ്മാൾ മീഡിയം എൻർപ്രൈസസിന്റെ കീഴിൽ ടെക്നോളജി സെന്റർ ആരംഭിക്കുന്നതിനായി 9.79 ഏക്കർ ഭൂമി |

| | | | | |
|---|---|---|---|---|
| | | | | കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 5) SEZ മേഖലയിൽ 10 ഏക്കർ സ്ഥലത്ത് 150 കോടി രൂപ മുതൽ മുടക്കിൽ 3.1 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി സൺടെക് ബിസിനസ് സൊല്യൂഷൻസ് കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 6) ടെക്നോസിറ്റിയിൽ 97 ഏക്കർ സ്ഥലത്ത് ബഹിരാകാശ സാങ്കേതിക വിദ്യ, പ്രതിരോധ മേഖല മുതലായവയിൽ നൂതന സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കി 20 ലക്ഷം ച.അടി വിസ്തീർണത്തിൽ ഏകദേശം 800 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന ടി.സി.എസ്. എയറോസ്പെയിസ് ഹബ്ബിനായുള്ള ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. 7) 12.83 ഏക്കറിൽ 22 ലക്ഷം ച.അടി വിസ്തീർണത്തിൽ 800 കോടി മുതൽമുടക്കിൽ നടപ്പിലാക്കുന്ന ബ്രിഗേഡ് വേൾഡ് ട്രെയ്ഡ് സെന്റർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

XVII. ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/22 | 27 | (എ) ട്രഷറി ഇടപാടുകൾ കൂടുതൽ ജനകീയമാക്കുന്നതിന് ഗൂഗിൾ പേ, ഫോൺ പേ തുടങ്ങിയ മാതൃകയിൽ ട്രഷറി പേ എന്ന പേരിൽ ഒരു ആപ്പ് കൊണ്ടു വരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (എ) ട്രഷറി ഇടപാടുകൾ കൂടുതൽ ജനകീയമാക്കുന്നതിന് ട്രഷറി പേ എന്ന പേരിൽ ഒരു ആപ്പ് കൊണ്ടു വരുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 2 | 15/01 | 15 | (എ) കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ KSFE, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, മുന്നോക്ക വിഭാഗ വികസന കോർപറേഷൻ, KFC തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോൺ നൽകുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പാക്കുമോ? | (എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന് വിധേയമായി ടി പദ്ധതി നടപ്പിലാക്കുന്നതാണ്. |
| 3 | 15/01 | 16 | (ബി) കോവിഡിന്റെ പശ്ചാത്തലത്തിലും കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന നേരിടുവാനും ജനങ്ങളെ ഈ കഷ്ടതയിൽ നിന്നും രക്ഷിക്കുന്നതിനും പുതിയ പാക്കേജ് നടപ്പാക്കുന്നതിന് നടപടി ഉണ്ടാകുമോ; | (ബി) കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന് വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധി യിലായവർക്ക് നേരിട്ട് പണം കൈയ്യിലെത്തി ക്കുന്നതിനായി 3900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ പലിശ സബ്സിഡി, എന്നിവയ്ക്കായി 8300 കോടി രൂപയും ലഭ്യമാക്കുന്നതാണ്. |
| 4 | 15/02 | 51 | (എ) എം.എൽ.എ.മാരുടെ വികസന ഫണ്ടിൽ നിന്നും പണം കണ്ടെത്തി എല്ലാ സി.എച്ച്.സി., താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ച വ്യാധികൾക്കായി 10 ബെഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (എ) 2021 ജൂൺ 4-ാം തീയതി അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗം ഖണ്ഡിക 21-ൽ പ്രഖ്യാപിച്ചിരുന്ന, എം.എൽ.എ. മാരുടെ വികസന ഫണ്ടിൽ നിന്നും പണം കണ്ടെത്തി എല്ലാ സി.എച്ച്.സി, താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികൾ ക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എന്ന പദ്ധതിയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 5 | 15/03 | 24 | (എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആലോചിക്കുന്നുണ്ട്. നിലവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന കുടുംബശ്രീ ജീവനക്കാർക്ക് പരിരക്ഷ നൽകിക്കൊണ്ടുള്ള "ഒരുമ പദ്ധതി" മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ അംഗങ്ങൾ, വിവിധ വെൽഫെയർ ബോർഡ് അംഗങ്ങൾ/ ആശാവർക്കർമാർ/ കുടുംബശ്രീ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി പത്ത് ലക്ഷം പേരെയെങ്കിലും ഗുണഭോക്താക്കളാക്കുന്ന വിധത്തിൽ ഒരു ബൃഹത്തായ ഇൻഷ്വറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരികയാണ്. കൂടാതെ അംഗൻവാടി അദ്ധ്യാപികമാരെ വകുപ്പിന്റെ എസ്.എൽ.ഐ.ജി.ഐ.എസ്. പദ്ധതികളിൽ അംഗമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. നിലവിലെ ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതിയെ (GPAIS) നവീകരിച്ച് അപകട മരണത്തിനും കൂടാതെ സ്വാഭാവിക മരണത്തിനും കൂടി ആനുകൂല്യങ്ങൾ നൽകുന്ന വിഷയം ('ജീവൻ രക്ഷാപദ്ധതി') സർക്കാർ പരിഗണനയിലാണ്. |

XVIII. പൊതുമരാമത്ത് വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 15/01 | 3 | (എ) കോഴിക്കോടിനെയും വയനാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് തുരങ്കപാത നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;<br>(ബി ഇതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ? | (എ) തീരുമാനിച്ചിട്ടുണ്ട്.<br>(ബി) തുരങ്കപാതയുടെ നിർമ്മാണത്തിനായി 658 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. ഡി.പി.ആർ. അംഗീകാരം, കേന്ദ്ര സർക്കാർ അംഗീകാരം എന്നിവ ലഭ്യമാക്കി ഉദ്ദേശം മൂന്ന് വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2 | 15/02 | 66 | (എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പ്രധാന പാതകളിലെ ലെവൽ ക്രോസ്സുകൾക്ക് പകരം മേൽപ്പാലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ? | (എ) കേരളത്തിലെ ലെവൽ ക്രോസ്സുകൾ ഒഴിവാക്കുന്നതിന് "ബാരിയർ ഫ്രീ റോഡ് നെറ്റ് വർക്ക് ലെവൽ ക്രോസ് ഫ്രീ കേരള " എന്ന പദ്ധതി ഉണ്ട്. പ്രാരംഭ ഘട്ടത്തിൽ 10 മേൽപ്പാലങ്ങളാണ് "ബാരിയർ ഫ്രീ റോഡ് നെറ്റ് വർക്ക് ലെവൽ ക്രോസ് ഫ്രീ കേരള" പദ്ധതിയിൽ നിർമ്മിക്കുന്നത്. ഇവയുടെ നിർമ്മാണം Design Build Transfer Mode – ൽ ടെണ്ടർ ചെയ്ത് M/s SPL Infrastructure Pvt. Ltd. എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 3 മാസത്തെ ഡിസൈൻ പിരീഡ് ഉൾപ്പെടെ 12 മാസമാണ് കാലാവധി. പദ്ധതിയുടെ ഡിസൈൻ വർക്കുകളും, പൈൽ ടെസ്റ്റിനുള്ള പ്രവർത്തികളും നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| 3 | 15/04 | 8 | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് കോംപോസിറ്റ് ടെണ്ടർ ഏർപ്പെടുത്തിയിട്ടുണ്ടോ; ഈ ടെണ്ടർ ഏത് സാഹചര്യത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടങ്ങളിലെ ഇലക്ട്രിഫിക്കേഷനും കെട്ടിട നിർമ്മാണത്തിനും നിലവിൽ രണ്ട് ടെണ്ടറുകളാണുള്ളത്. കെട്ടിടം നിർമ്മിച്ചുകഴിഞ്ഞശേഷമാണ് ഇലക്ട്രിഫിക്കേഷനുള്ള ടെണ്ടർ നൽകുന്നത്, അതിനായി വീണ്ടും കാത്തുനിൽക്കേണ്ടി വരുന്നവെന്നതാണ് ഇതുകൊണ്ടുണ്ടാകുന്ന പ്രശ്നം. അതുകൊണ്ടു തന്നെ കേരളത്തിലെ ഒട്ടനവധി കെട്ടിടങ്ങൾ പണി പൂർത്തിയായിട്ടും തുറന്നുകൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. രണ്ടാമത്തെ പ്രശ്നം, പണി പൂർത്തിയായ കെട്ടിടങ്ങൾ ഇലക്ട്രിഫിക്കേഷനായി നിർമ്മിച്ചയുടനെതന്നെ വീണ്ടും കുത്തിപ്പൊളിക്കുകയാണ്. മേൽസൂചിപ്പിച്ച വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിൽ വരികയും, കോടതി അനുകൂല സമീപനം നടപ്പിലാക്കുകയും ചെയ്തു. അതുകൊണ്ടു തന്നെ സർക്കാർ കോമ്പോസിറ്റ് ടെണ്ടർ നടപ്പിലാക്കാൻ തീരുമാനിച്ച കാര്യം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. |
| 4 | 15/05 | 17 | (ഡി) വലിയ റേറ്റ് വ്യത്യാസത്തിൽ എൻ.ആർ.എം.ബി. ഉപയോഗിക്കുമ്പോൾ അതിൽ ചേർക്കുന്ന റബ്ബർ സംസ്ഥാനത്തിന്റെ പ്രാദേശിക മാർക്കറ്റിൽ നിന്ന് വാങ്ങുന്നുവെന്ന് ഉറപ്പാക്കുന്നതിനും അപ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) NRMB-യ്ക്ക് വേണ്ടി ഉപയോഗിക്കുന്ന റബ്ബർ സംസ്ഥാനത്തിന്റെ പ്രാദേശിക മാർക്കറ്റിൽ നിന്ന് വാങ്ങി റബ്ബർ കർഷകരെ സഹായിക്കുന്നതിന് പ്രസ്തുത കമ്പനികൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 5 | 15/05 | 21 | (സി) റസ്റ്റ് ഹൗസുകളുടെ പരിപാലനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തു ന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) റസ്റ്റ് ഹൗസുകളുടെ പരിപാലനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഹൗസ് കീപ്പിംഗ് മേഖലയിൽ 'Food Craft Institute'-ൽ നിന്ന് യോഗ്യത നേടിയ യുവജനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തു ന്നതിനുള്ള നിർദ്ദേശം പരിഗ ണനയിലുണ്ട്. ഇതുകൂടാതെ daily maintenance കുടുംബശ്രീ വഴി നടപ്പിലാക്കുന്നതും പരിഗണന യിലാണ്. റസ്റ്റ് ഹൗസിന്റെ പരിസരങ്ങൾ ഹരിതാഭമാക്കി നിലനിർത്തുവാനായി വിവിധ കോളേജുകളിലെ N.S.S. യൂണിറ്റുകളുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

XIX. കായിക യുവജനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/19 | 7 | കായികപരിശീലനത്തിനായി പുതിയ അക്കാദമികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | നിലവിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികൾ, 51 കോളേജ് സ്പോർട്സ് അക്കാദമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ കുട്ടികളെ ഷൂട്ടിംഗ് മേഖലയിൽ അന്തർദേശീയ ദേശീയ ചാമ്പ്യൻ മാരാക്കുന്നതിന് ശാസ്ത്രീയ പരിശീലനം നൽകുന്നതിനായി വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാദമി, കൂടാതെ |

| | | | | |
|---|---|---|---|---|
| | | | | കണ്ണൂരിൽ അത്‌ലറ്റിക്സ് അക്കാദമി ആരംഭിക്കുന്ന കാര്യവും പ്രഖ്യാപിച്ചിട്ടുണ്ട്. അത്‌ലറ്റിക്സ്, വോളിബോൾ, തായ്ക്വോണ്ടോ, ജൂഡോ, കളരി, ടെന്നീസ് എന്നീ കായികയിനങ്ങളിൽ അക്കാദമികൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| 2 | 14/19 | 11 | (ബി) സ്പോർട്സ് വകുപ്പിന്റെ ചുമതലയിൽ ചെസ്സ് കളിയുടെ വികസനത്തിനായി സ്ഥിരം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;<br>(സി) സ്കൂൾ തലങ്ങളിൽ ചെസ്സിന്റെ വികസന ത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ചെസ്സ് പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന തരത്തിലുള്ള സംയുക്ത പദ്ധതിക്കായി അനുകൂല നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി)&(സി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| 3 | 14/22 | 11 | സംസ്ഥാനത്ത് അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്താൻ മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | സംസ്ഥാനത്ത് അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്തുന്നതിനായി നിരവധി സ്റ്റേഡിയങ്ങളുണ്ട്. ആയതിൽ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്തർദേശീയ നിലവാരത്തിലുള്ള ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം കിഫ്ബിയുടെ ധനസഹായ ത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 14 ജില്ലാ സ്റ്റേഡിയങ്ങളും അന്താരാഷ്ട്ര |

| | | | | |
|---|---|---|---|---|
| | | | | നിലവാരത്തിലുള്ള വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങളായാണ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിനായി കായിക വകുപ്പ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 2027-ൽ കേരളത്തിൽ വച്ച് നടത്താൻ ഉദ്ദേശിക്കുന്ന ഏഷ്യൻ കപ്പ് ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുന്ന കായിക താരങ്ങളുടെ പരിശീലന ഗ്രൗണ്ടായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയവും, പനമ്പിള്ളി നഗർ സ്റ്റേഡിയവും തെരഞ്ഞെടുക്കപ്പെടുകയും ആയതിനു വേണ്ടിയുള്ള കരാറിൽ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| 4 | 15/02 | 73 | (എ) സംസ്ഥാനത്ത് പുതിയ കായിക നയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (എ) ഉണ്ട്. ഒരു പുതിയ കായിക നയം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്പോർട്സ് മേഖലയിലെ പുത്തൻ ആശയങ്ങൾക്ക് മുൻ തൂക്കം നൽകിക്കൊണ്ടുമുള്ള ഒരു സമഗ്ര കായിക നയം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 5 | 15/04 | 6 | (എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാരിന്റെ 2021-22-ലെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനു വേണ്ടി ഓരോ പദ്ധതിക്കും ശരാശരി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിൽ 50 ലക്ഷ രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് വിവധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ചേർത്തു കൊണ്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | | ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്തിന്റെ കൈവശം ലഭ്യമായിരിക്കണം. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതക്കും, ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലെറ്റ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഓരോ കളിസ്ഥലത്തിന്റേയും പരിപാലനത്തിനായി ചുരുങ്ങിയത് 2 പേർക്കെങ്കിലും തൊഴിൽ ഉറപ്പാക്കാൻ സാധിക്കും. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ആദ്യ ഘട്ടത്തിൽ ഓരോ നിയോജക മണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ. മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥല പരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണിക്കുന്നതാണ്. |

XX. ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 4 | സംസ്ഥാനത്ത് നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസസ് ആൻഡ് സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ പോലീസ് സർവ്വകലാശാല ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;<br>വിശദാംശം അറിയിക്കാമോ?<br><br>ഇത്തരം ഒരു പോലീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ? ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ? | നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസസ് ആൻഡ് സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ പോലീസ് സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി മുൻ ഡി.ജി.പി. ശ്രീ. എം. എൻ. കൃഷ്ണമൂർത്തി ഐ.പി. എസ്-നെ സ.ഉ (എം.എസ്)നം. 190/15/ ആഭ്യന്തരം തീയതി 4-9-2015 പ്രകാരം നോഡൽ ഓഫീസറായി നിയമിച്ചിരുന്നു.<br><br>പോലീസ് സയൻസ്, ക്രൈം പ്രിവൻഷൻ ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ, ഇന്റർനാഷണൽ ആന്റ് റീജിയണൽ കോ ഓപ്പറേഷൻ ഇൻ ക്രൈം ആന്റ് സെക്യൂരിറ്റി മാനേജ്മെന്റ്, പബ്ലിക് സേഫ്റ്റി ആന്റ് പബ്ളിക് പാർട്ടിസിപ്പേഷൻ ഇൻ സെക്യൂരിറ്റി അഫയേഴ്സ് തുടങ്ങിയ വിഷയങ്ങളിൽ ലോക നിലവാരത്തിലുള്ള ഒരു സർവ്വകലാശാല സ്ഥാപിച്ച് പോലീസ് സയൻസിലും, ആഭ്യന്തര സുരക്ഷയിലും ഉന്നത വിദ്യാഭ്യാസ സൗകര്യം ഒരുക്കുകയാണ് പോലീസ് സർവ്വകലാശാലയുടെ ലക്ഷ്യം. ഈ യൂണിവേഴ്സിറ്റിയുടെ കീഴിൽ വ്യത്യസ്ത പോസ്റ്റ് ഗ്രാജ്വേറ്റ് തലങ്ങളിൽ പഠന കോഴ്സുകളും, സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഗവേഷണം തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ഒരു ദേശീയ യൂണിവേഴ്സിറ്റി ആയിരിക്കും. |

| | | | | |
|---|---|---|---|---|
| | | | | വിദ്യാർത്ഥികൾക്ക് സർവ്വകലാശാല അദ്ധ്യാപനം, ഗവേഷണം, പരിശീലനം എന്നിവ മാത്രമല്ല പോളിസി ഇവാല്യുവേഷൻ പ്രോഗ്രാം വികസനം, സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പഠനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| 2 | 14/22 | 30 | (ബി) മൊത്തം പോലീസ് സേനയുടെ 15% നിരക്കിലേക്ക് വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ബി) ഘട്ടം ഘട്ടമായി 15 % ആയി ഉയർത്തുന്ന കാര്യം പരിഗണനയിലാണ്. |
| 3 | 14/22 | 31 | (സി) രാജ്യത്തെ മികച്ച പോലീസ് സേന എന്നതിൽ നിന്നും ലോകത്തിനു തന്നെ മാതൃകയായ തരത്തിൽ സംസ്ഥാന പോലീസ് സേനയെ നവീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് ഭാവിയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ? | (സി) 2021-22 വർഷത്തിൽ പോലീസ് വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന നയങ്ങൾ/ സംരംഭങ്ങൾ/പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>2021-22 വർഷത്തിൽ 12 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പോലീസ് വകുപ്പ് പദ്ധതിയിട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്ത് 5 പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനും ഉദ്ദേശിച്ചിട്ടുണ്ട്.<br><br>പോലീസ് നിർവ്വഹണം കൂടുതൽ സുഗമമാക്കുവാനും ക്രമസമാധാനപാലനം മെച്ചപ്പെടുത്തുവാനും 25 അധിക സബ് ഡിവിഷനുകൾ കൂടി ആരംഭിക്കുവാൻ വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. |

966/2024.

| | | | | |
|---|---|---|---|---|
| | | | | പോലീസ് ട്രെയിനിംഗ് കോളേജിൽ ഒരു സ്റ്റേറ്റ് പോലീസ് മ്യൂസിയം ആരംഭിക്കുവാനും പദ്ധതിയുണ്ട്.<br><br>എല്ലാ ജില്ലകളിലും നോളജ് റിപ്പോസിറ്ററി സെന്ററുകൾ (Knowledge Repository) ആരംഭിക്കുന്നതാണ്.<br><br>2021-22 വർഷത്തിൽ പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് തുടക്കം കുറിക്കുന്നതാണ്.<br><br>2021-22 വർഷത്തിൽ തിരുവനന്തപുരത്തും, എറണാകുളത്തും സൈബർ സെക്യൂരിറ്റി സെന്റർ ; വിർച്വൽ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.<br><br>സംസ്ഥാനത്ത് 15 പുതിയ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ സർക്കാർ അനുമതി നൽകുകയും ഇതിനായി ആവശ്യത്തിന് വിഹിതം നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>6-ാമത് സായുധ പോലീസ് ബറ്റാലിയൻ ആരംഭിക്കുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.<br><br>കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതാണ്.<br>സമീപ ഭാവിയിൽ തന്നെ SPC -ക്ക് ആയി പ്രത്യേക ഡയറക്ടറേറ്റ് നാഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സ്ഥാപിക്കുവാനും, കോളേജുകളിൽ കൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കുവാനും പദ്ധതിയുണ്ട്.<br><br>എല്ലാ പോലീസ് സ്റ്റേഷനുകളിലും Service Delivery Centres ആക്കി മാറ്റുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| 4 | 15/02 | 22 | (എ) സംസ്ഥാനത്ത് പുതുതായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) സംസ്ഥാനത്ത് പുതുതായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| 5 | 15/04 | 17 | (എ) സംസ്ഥാനത്ത് നിലവിൽ എത്ര പോക്സോ കോടതികൾ പ്രവർത്തിക്കുന്ന | (എ) ബഹു. സുപ്രീം കോടതിയുടെ Suo moto Writ Petition (Civil) No.1/2019-ന്റെ 25-7-2019-ലെ |

| | | | | |
|---|---|---|---|---|
| | | | ണ്ടെന്നും പുതിയ പോക്സോ കോടതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ? | ഉത്തരവ് പ്രകാരം പോക്സോ ആക്റ്റിൻ കീഴിൽ വരുന്ന കേസുകളും Rape കേസുകളും തീർപ്പാക്കുന്നതിന് സംസ്ഥാനത്തിന് 56 പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കേണ്ടതുണ്ട്. ആദ്യഘട്ടമായി സർക്കാർ 28 അതിവേഗ പ്രത്യേക കോടതികൾ ആരംഭിച്ചു. ഇതിൽ 14 കോടതികളെ പോക്സോ കേസുകൾക്കു മാത്രമായുള്ള പ്രത്യേക കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇവ എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതാണ്. |



XXI. ഗതാഗത വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/22 | 19 | കെ.എസ്.ആർ.ടി.സി. കൈവശം വച്ച് അനുഭവിക്കുന്നതും എന്നാൽ പട്ടയം ലഭിക്കാത്തതുമായ ഭൂമിയുടെ അളവെത്രയെന്നും പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്ന വെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | 38 ഹെക്ടർ 85 ആർ (95 ഏക്കർ 99 സെന്റ് 83 സ്ക്വയർ ലിംഗ്സ്) പട്ടയം ലഭ്യമല്ലാത്ത ഭൂമിയ്ക്ക് ആയത് ലഭിയ്ക്കുന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇതിനായി ഒരു ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്), ഒരു തഹസിൽദാർ (റിട്ടയേർഡ്) എന്നിവരുടെ സേവനംകൂടി ലഭ്യമാക്കിക്കൊണ്ട് പട്ടയം ഇല്ലാത്ത കെ.എസ്.ആർ.ടി.സി. ഭൂമിയ്ക്ക് തണ്ടപ്പേർ ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2 | 15/03 | 31 | (എ) തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ കെ-റെയിൽ പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) അർദ്ധ അതിവേഗ റെയിൽപാതയുടെ ഭൂമി ഏറ്റെടുക്കലിന് മുമ്പ് തന്നെ പദ്ധതി സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകളും പ്രശ്നങ്ങളും ദൂരീകരിക്കുന്നതിനും ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. പ്രശ്നങ്ങൾ കേൾക്കാനും പരിഹാരം കണ്ടെത്താനും പബ്ലിക് ഹിയറിംഗ് നടത്താൻ നടപടി സ്വീകരിക്കും. ഇതുകൂടാതെ വിവിധ സാമൂഹിക – സാംസ്കാരിക സംഘടനകൾ നടത്തുന്ന സെമിനാറുകളിലും കൂടിക്കാഴ്ചകളിലും വിഷയം അവതരിപ്പിക്കുകയും ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരികയാണ്. |
| 3 | 15/03 | 44 | (എ) മത്സ്യവില്പന നടത്തുന്ന വനിതകൾക്കായി കെ.എസ്.ആർ.ടി.സി.-യും ഫിഷറീസ് വകുപ്പും സംയുക്തമായി ആരംഭിച്ച സമുദ്ര സൗജന്യ ബസ് സർവ്വീസിന്റെ വിശദാംശം ലഭ്യമാക്കുമോ? | (എ) തിരുവനന്തപുരം ജില്ലയിലെ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും നഗരത്തിനുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യ്ക്ക് മത്സ്യബന്ധന വകുപ്പിൽ നിന്നും 67.50 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന വ്യവസ്ഥയിൽ സർവ്വീസ് നടത്തി വരുന്നു. മറ്റു ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 4 | 15/05 | 4 | (സി) സി.എൻ.ജി.-യിലേയ്ക്ക് ബസ്സുകൾ പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ച് വിശദപഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) വിശദമായ പഠനത്തിന്റെ ഭാഗമായാണ് പരീക്ഷണാർത്ഥം ഒരു ബസ്സ് സി.എൻ.ജി., ആക്കി പരിവർത്തനം ചെയ്ത് 9-6-2022-മുതൽ ആലുവ യൂണിറ്റിൽ സർവ്വീസ് നടത്തി വരുന്നത്. വീണ്ടും 9 ബസ്സുകൾ കൂടി സി.എൻ.ജി.-യിലേക്ക് പരിവർത്തനം ചെയ്ത് സംസ്ഥാനത്തെ വിവിധ മേഖലകളിൽ സർവ്വീസ് നടത്തി ആയത് വിശദമായി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ് |

XXII. നികുതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/19 | 6 | (ബി) സബ് രജിസ്ട്രാർ ഓഫീസുകളെ ഐ.എസ്.ഒ. നിലവാരത്തിൽ എത്തിക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) ആധുനികവത്കരണ നടപടികളിലൂടെ ഗുണനിലവാരമുള്ള സേവനങ്ങൾ പൊതു ജനങ്ങളിലേക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ സബ് രജിസ്ട്രാർ ഓഫീസുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്കുയർത്തുവാൻ സർക്കാർ നയപരമായി തീരുമാനമെടുക്കുകയും ഐ.എസ്.ഒ. നിലവാരം കൊണ്ടു വരുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുവാൻ ഐ.എസ്.ഒ. മേഖലയിൽ പ്രാവീണ്യമുള്ള കൺസൾട്ടന്റുമാരെ ചുമതലപ്പെടുത്തിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത ഏജൻസി ഇത് സംബന്ധിച്ച് ആവശ്യമായ ആഡിറ്റുകൾ നടത്തി ഇതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചുവെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം ISO |

| | | | | |
|---|---|---|---|---|
| | | | | നിലവാരം പുലർത്തുന്നുവെന്ന സാക്ഷ്യപത്രവും നൽകുന്നതാണ്. ഈ നിലവാരം കൈവരിക്കുവാൻ ഉതകുന്ന തരത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ വകുപ്പ് ഒരുക്കേണ്ടതായിട്ടുണ്ട്. ഇതിനാവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു. |
| 2 | 15/01 | 13 | (സി) നികുതി ദായകരോട് സൗഹൃദ സമീപനം പുലർത്തുമ്പോൾത്തന്നെ നികുതി ചോർച്ച ഒഴിവാക്കാൻ വേണ്ട നടപടികൾ കൂടി ഊർജ്ജിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) വിവര സാങ്കേതിക വിദ്യാ ഉപകരണങ്ങൾ ഉപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഡാറ്റാ അധിഷ്ഠിത തീരുമാനങ്ങൾ പ്രാപ്തമാക്കുന്നതിന് നികുതി വകുപ്പിനെ സജ്ജമാക്കുക, VAT കുടിശ്ശിക പിരിവ് പ്രക്രിയയുടെ ലഘൂകരണം, ലോട്ടറി ഏജന്റുമാർക്ക് ഷോപ്പ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കൽ, ഇ-സ്റ്റാമ്പിംഗ് നടപ്പാക്കൽ എന്നിവ പരിഗണനയിലാണ്. |
| 3 | 15/03 | 20 | (സി) എങ്കിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിൽ നിന്നും കുട്ടികളെ രക്ഷിക്കുവാൻ ഫലപ്രദമായ പദ്ധതി തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും, ഈ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതുമാണ്. 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | 15/05 | 11 | (സി) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;<br>(ഡി) വ്യാജ ബില്ലുകൾ തടയുന്നതിനും റിട്ടേൺ സ്കൂട്ടിനി ഫലപ്രദമാക്കുന്നതിനും ഓഡിറ്റ്, എൻഫോഴ്സ്മെന്റ് നടപടി എന്നിവ ശക്തി പ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.<br>(ഡി) സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളി ലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പഴയ നിയമ സംവിധാന ങ്ങളിലുണ്ടായിരുന്ന അസ്സെസ്സ്മെന്റ് പോലുള്ള സമ്പ്രദായങ്ങൾ മാറ്റി കൂടുതൽ പ്രൊഫഷണൽ ആയ ഓഡിറ്റ് പോലുള്ള സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ഇതുകൂടാതെ ജി.എസ്.ടി. നിയമത്തിനു അനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

XXIII. വനിതാ ശിശു വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 15/02 | 16 | (എ) സംസ്ഥാനത്ത് സ്ത്രീപീഡനങ്ങളും സ്ത്രീധന മരണങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിൽ അവർക്ക് നീതി ഉറപ്പാക്കുന്നതിനായുള്ള വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ? | (എ) സംസ്ഥാനത്ത് സ്ത്രീപീഡനങ്ങളും സ്ത്രീധന പീഡനത്തെത്തുടർന്നുള്ള ആത്മഹത്യകൾ ഉണ്ടാകുന്നതും വനിതാ കമ്മീഷന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത് കണക്കിലെടുത്ത് നിലവിലുള്ള 1961-ലെ സ്ത്രീധന നിരോധന ആക്റ്റ്, 1985-ലെ സ്ത്രീധന നിരോധന ചട്ടങ്ങൾ, 2008-ലെ കേരള |

| | | | | |
|---|---|---|---|---|
| | | | | വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ, (പൊതു) ചട്ടങ്ങൾ എന്നിവയിൽ ഭേദഗതികൾ വരുത്തുന്നതു സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| 2 | 15/02 | 17 | (സി) ആദിവാസികളുടെയും സാമ്പത്തികമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മറ്റു വിഭാഗങ്ങളിൽപ്പെട്ടവരുടെയും വീടുകളിലെ രക്ഷിതാക്കൾ ജോലിതേടി പോകുമ്പോൾ വീടുകളിൽ തനിച്ചാകുന്ന കുട്ടികൾക്ക് രക്ഷിതാക്കൾ തിരിച്ചെത്തുന്നതു വരെ സുരക്ഷ ഒരുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) സംസ്ഥാനത്ത് വൾനറബിൾ ആയിട്ടുള്ള കുട്ടികളെ കണ്ടെത്തുന്നതിന് സംസ്ഥാന തലത്തിൽ ഒരു വൾനറബിലിറ്റി മാപ്പിംഗ് നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. ഇത്തരത്തിൽ മാപ്പിംഗ് നടത്തുമ്പോൾ വൾനറബിൾ ആയി കണ്ടെത്തുന്ന കുട്ടികൾക്ക് വ്യകതിഗത പരിചരണം നൽകുന്നതും കൂടാതെ ഐ.സി.ഡി.എസ്. അംഗനവാടികൾ മുഖേനയോ അഡോളസെന്റ് ക്ലബുകൾ മുഖേനയോ ഇത്തരത്തിലുള്ള കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് വരുന്നു. |
| 3 | 15/02 | 30 | (എ) സ്ത്രീധന പീഡനകേസുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നിലവിലെ നിയമങ്ങൾ പര്യാപ്തമല്ല എന്ന സർക്കാർ കരുതുന്നുണ്ടോ?<br><br>(ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് തീരുമാനിച്ചിരിക്കുന്നത് എന്നറിയിക്കുമോ? | (എ) ഉണ്ട്.<br><br>(ബി) സ്ത്രീധന പീഡനകേസുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ 1961-ലെ സ്ത്രീധന നിരോധന നിയമം പര്യാപ്തമല്ലായെന്ന് ബോധ്യപ്പെട്ടുകൊണ്ട് നിയമത്തിലെ അപാകതകൾ പരിശോധിക്കുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുന്ന കാര്യം പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 4 | 15/03 | 49 | (എ) സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ച സ്മാർട്ട് കിച്ചൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ? | (എ) 6-10-2021-ൽ ബഹു.കേരള ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്മാർട്ട് കിച്ചൺ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആലോചനാ യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കരട് ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. |

XXIV. തദ്ദേശസ്വയംഭരണവകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 7 | (സി) ജനീവയിലും ബോണിലും പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ സംവിധാനം കേരളത്തിൽ അനുയോജ്യമായ എല്ലാ ജില്ലകളിലും പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ? | (സി) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചു വരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിലേക്കായി കേന്ദ്രീകൃത രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ 82/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ നയപരമായ തീരുമാന മെടുത്തിട്ടുണ്ട്. ആഗോള ടെൻഡറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. |

| | | | | |
|---|---|---|---|---|
| 2 | 15/01 | 23 | (സി) അതിദാരിദ്ര്യലഘൂകരണ പദ്ധതിയിൽ ഏതെല്ലാം ഘടകങ്ങളാണ് പരിഗണിക്കുന്ന തെന്നും ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) സംസ്ഥാനതല സർവ്വേയ്ക്ക് ആവശ്യമായ മാർഗരേഖ തയ്യാറാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2021 ജൂൺ 15-നകം ശിപാർശ സമർപ്പിക്കുവാൻ 2021 മേയ് 20-ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്. |
| 3 | 15/04 | 20 | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിന് പുതിയ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് ILGMS (Intergrated Local Government Management System). ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ILGMS-ന്റെ സവിശേഷത. മറ്റു വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകളെ ILGMS-മായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അതുവരെ ILGMS-ൽ നിന്നും മറ്റ് വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകളിലേയ്ക്ക് single-sign in (ഒറ്റ ലോഗിൻ) സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 309 ഗ്രാമപഞ്ചായത്തുകളിൽ ILGMS വിന്യസിച്ചിട്ടുണ്ട്. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഏപ്രിൽ 1-ാം തീയതി ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിൽ ILGMS വിന്യസിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നഗരസഭകളിൽ ILGMS-നു സമാനമായി ഫയലുകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

XXV. സാംസ്കാരികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 6 | (എ) ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് പുരാവസ്തു വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;വിശദമാക്കുമോ;<br>(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് അവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;<br>(സി) ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിനെതിരായ ആദ്യ കലാപമായ ആറ്റിങ്ങൽ കലാപത്തിന്റെ ചരിത്രം വിശദമാക്കുന്നതിനുള്ള പദ്ധതികൾ ഇതോടൊന്നിച്ച് നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ? | (എ)ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരം അതിന്റെ ചരിത്ര പ്രാധാന്യം കണക്കിലെടുത്ത് കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് പ്രസ്തുത സ്മാരകത്തിന്റെ റവന്യൂ വിശദ വിവരം തിരുവനന്തപുരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ റവന്യൂ വിവരത്തിൽ സ്മാരകത്തിന്റെ വിസ്തീർണ്ണം, അതിർത്തി വസ്തുക്കളുടെ സർവേ നമ്പർ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.<br>(ബി) & (സി) സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച ശേഷം പ്രസ്തുത നിർമ്മിതിയിൽ സംരക്ഷണ പ്രവർത്തനങ്ങളും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നത് പരിഗണിക്കുന്നതാണ്. |
| 2 | 15/02 | 77 | (ബി) ജസ്റ്റിസ് ഹേമ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(സി) സിനിമാ മേഖലയിലെ ചൂഷണങ്ങൾ | (ബി) സിനിമ, ടെലിവിഷൻ, സീരിയൽ മേഖലയിലെ തർക്ക പരിഹാരങ്ങൾക്കും ഗുണപരമായ മാർഗ നിർദ്ദേശങ്ങൾക്കും സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടഞ്ഞുകൊണ്ട് സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി ഒരു സംവിധാനം |

| | | | | |
|---|---|---|---|---|
| | | | അവസാനിപ്പിക്കുന്നതിനായി ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | കൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.<br>(സി)സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാരിലെ സാംസ്കാരികകാര്യ വകുപ്പ് വളരെ ഗൗരവത്തോടെ പരിഗണിച്ച് വരികയാണ്. |
| 3 | 15/05 | 7 | (എ) സംസ്ഥാനത്ത് പുരാരേഖ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക ആർക്കൈവ്സ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ;<br>(ബി) മലബാറിന്റെ സ്വാതന്ത്ര്യ സമര ചരിത്രവും പാരമ്പര്യവും വെളിപ്പെടുത്തുന്ന പ്രത്യേക മ്യൂസിയം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ചരിത്ര യാഥാർത്ഥ്യം സമൂഹത്തിലെത്തിക്കുന്നതിന് ഇത് എത്രത്തോളം സഹായകരമാവുമെന്ന് വിശദമാക്കാമോ? | (എ) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പുരാരേഖാ വകുപ്പിന്റെ ഉപകേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതാത് ജില്ലകളുമായി ബന്ധപ്പെട്ട രേഖകൾ ടി ജില്ലകളിൽ തന്നെ ആവശ്യക്കാർക്ക് ലഭ്യമാക്കുക എന്നുള്ളതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ താളിയോല രേഖകളുടെ ശാസ്ത്രീയ സംരക്ഷണം നടത്തി സംരക്ഷിക്കുന്നതിനു ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് എന്ന സ്ഥാപനം തിരുവനന്തപുരം കാര്യവട്ടത്തെ യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>(ബി) നിലവിൽ വകുപ്പ് ആരംഭിച്ച ജില്ലാ പൈതൃക മ്യൂസിയങ്ങളിൽ മറ്റ് വിഷയങ്ങളോടൊപ്പം ഇതുകൂടി ഉൾപ്പെടുത്തുന്നതാണ്. |

XXVI. ഭവന നിർമ്മാണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 11 | ഭവനനിർമ്മാണ ബോർഡ് ആധുനികവൽക്കരിക്കുന്നതിനും കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിനുമായിട്ടുള്ള പുതിയ പദ്ധതികൾ സജീവ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആധുനികവൽക്കരിക്കുന്നതിനും കൂടുതൽ വൈവിദ്ധ്യവൽക്കരിക്കുന്നതിന്റേയും ഭാഗമായി ISO Certification നേടിയിട്ടുണ്ട്. ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതികൾ പരിഗണനയിലാണ്. |
| 2 | 15/05 | 15 | (ബി) ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ പോലും ഭവന നിർമ്മാണ ബോർഡിന് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോയെന്നും ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഇതനുസരിച്ച് തനത് നിർമ്മാണ പദ്ധതികൾക്കായി 41 കോടി രൂപ വേണ്ടിവരും. പുതിയ വായ്പാ പദ്ധതി കൂടി നടപ്പിലാക്കിയാൽ മാത്രമേ ഭവന നിർമ്മാണ ബോർഡിന് സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സാധിക്കുകയുള്ളൂ എന്നത് പരിഗണിച്ച് സർക്കാർ ജീവനക്കാർക്ക വേണ്ടിയുള്ള ഒരു പുതിയ വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

XXVII. പിന്നാക്ക വിഭാഗ വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 15/03 | 5 | (ഇ) കുലാല വിഭാഗത്തിന് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്തതും ഇവരിൽ പലർക്കും പ്ലസ് വൺ അഡ്മിഷൻ ലഭിക്കാതെ വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(എഫ്) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>(എഫ്) സംസ്ഥാനത്തെ ഒ. ഇ. സി. പട്ടിക പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 2 | 15/04 | 24 | (ബി) പിന്നാക്ക വിഭാഗ വികസന വകുപ്പിനു കീഴിലുള്ള ഓഫീസുകൾ വിപുലീകരിച്ച് കാര്യക്ഷമത ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നു ണ്ടോ? | (ബി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതോടൊപ്പം എല്ലാ സ്കീമുകളും ഓൺലൈനായും സുതാര്യമായും വേഗത്തിലും നടപ്പിലാക്കുന്നതിനും കാര്യക്ഷമമായി ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

XXVIII. സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 15/01 | 24 | (എ) എന്റോസൾഫാൻ ദുരിത ബാധിതരുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച റീഹാബി ലിറ്റേഷൻ വില്ലേജിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) എന്റോസൾഫാൻ റീഹാബിലിറ്റേഷൻ വില്ലേജിന്റെ ആദ്യഘട്ട പ്രവർത്തനം നടത്തുന്നതിനായി 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് 4.45 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമാവുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭദശയിലാണ്. |

XXIX. ഉദ്യോഗസ്ഥ - ഭരണപരിഷ്കാരവകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 15/03 | 26 | (എ) നിയമനം പി.എസ്.സി.-ക്ക് വിട്ട സർക്കാർ, പൊതുമേഖല, സാംസ്കാരിക, സഹകരണ സ്ഥാപനങ്ങളിലെ ഏതൊക്കെ വകുപ്പുകളിലെ ഏതൊക്കെ തസ്തികകളിലാണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ ബാക്കി യുള്ളതെന്ന് വിശദമാക്കാമോ;<br>(ബി) പ്രസ്തുത സ്പെഷ്യൽ റൂൾസ് എത്രയും വേഗം തയ്യാറാക്കി പി.എസ്.സി. നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (എ)&(ബി) സ്പെഷ്യൽ റൂൾസ് അടിയന്തരമായി രൂപീകരി ക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുകൾ അതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |



XXX. പരിസ്ഥിതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/18 | 3 | കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ദൂരപരിധി സംബന്ധിച്ച് അന്തിമമായി പുനർനിർണ്ണയം നടത്തിക്കഴിഞ്ഞി ട്ടുണ്ടോ; വിശദമാക്കാമോ? | തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 2019-ലെ clause 6 (i) പ്രകാരം ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan - CZMP) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ വിജ്ഞാപനത്തിലെ ഇളവുകൾ പ്രാബല്യത്തിൽ വരികയുള്ളൂ എന്ന വ്യവസ്ഥയുണ്ട്. 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ സ.ഉ. (സാധാ) നം. |

| | | | | |
|---|---|---|---|---|
| | | | | 80/19/പരി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി പൂർത്തിയായിട്ടില്ല. അടിയന്തിരമായ പുതിയ പ്ലാൻ തയ്യാറാക്കി അനുമതിയ്ക്ക് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

XXXI. പൊതുഭരണവകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 15/01 | 21 | (സി) കേരളത്തിന്റെ സമഗ്ര വികസനത്തിനായി ഒരു മാർഗ്ഗ രേഖയുണ്ടാക്കി കൃത്യമായ ആസൂത്ര ണത്തോടെ പദ്ധതികൾ ആവിഷ്കരി ക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിക്കാനുദ്ദേശിക്ക ന്നതെന്ന് വ്യക്തമാക്കാമോ? | (സി) സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നത് പരമപ്രധാനമായിരിക്കെ, ഇത് അവലോകനം ചെയ്യാനും റിപ്പോർട്ട് ചെയ്യാനും ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥന്റെ കീഴിൽ ഒരു വകുപ്പ് രൂപീകരിക്കുന്നതിന്റെ ആവശ്യകത കണക്കിലെടുത്ത് പദ്ധതികളെപ്പറ്റി വിവരം ശേഖരിക്കുന്നതിനും പദ്ധതികളുടെ ഗുണഫലങ്ങളും പ്രത്യാഘാതങ്ങളും വിശകലനം ചെയ്ത് ബന്ധപ്പെട്ട ചുമതലക്കാരെ അറിയിക്കാനും ഈ വകുപ്പിന് ചുമതല നൽകുന്നതിന് ഉദ്ദേശിക്കുന്നു. പദ്ധതികൾ നിരീക്ഷിക്കുന്നതിന് വേണ്ടി വികസിപ്പിച്ചെടുത്ത മുഖ്യമന്ത്രിയുടെ വെബ് പോർട്ടലിലൂടെ (www.cmopcmg.kerala.gov.in) പദ്ധതികളുടെ ഭൗതിക പുരോഗതിയും സാമ്പത്തിക പുരോഗതിയും പ്രശ്നപരിഹാരവും സാധ്യമാക്കുന്നുണ്ട്. ഇതു ഊർജ്ജിതമാക്കി മുമ്പോട്ടു പോകാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ e-PMG Portal വഴി പദ്ധതി നടത്തിപ്പിൽ |

| | | | | |
|---|---|---|---|---|
| | | | | ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന സംവിധാനം നിലവിലുണ്ട്. പ്രസ്തുത പോർട്ടൽ കേരളത്തിന് അനുയോജ്യമാക്കി മാറ്റുന്നതിന് (customize ചെയ്യുന്നത്) ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ e-sameeksha kerala portal) കേന്ദ്ര സർക്കാരിന്റെ പദ്ധതി സംബന്ധമായതുൾപ്പെടെയുള്ള കത്തിടപാടുകൾ സമയ ബന്ധിതമായി തുടർനടപടി സ്വീകരിച്ച് e-sameeksha national portal വഴി അറിയിക്കുന്ന സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

XXXII. നിയമ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 14/19 | 13 | നിയമസഹായകേന്ദ്രങ്ങൾ വിപുലപ്പെടുത്തി നിയമ അവബോധം നൽകാൻ കഴിയുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | നിയമസഹായ കേന്ദ്രങ്ങളിൽ നിന്നും നിയമ അവബോധം മെച്ചപ്പെട്ട രീതിയിൽ നൽകി വരുന്നുണ്ട്. നിയമസഹായ കേന്ദ്രങ്ങൾ വിപുലപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിയമ അവബോധം നൽകുവാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

XXXIII. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 15/02 | 21 | (ഇ) എന്തൊക്കെ രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താനാണ് ഇടുക്കി പാക്കേജിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ? | (ഇ) ഇടുക്കിയുടെ സമഗ്രവികസനവും സമ്പദ്സമൃദ്ധിയും ലക്ഷ്യമിട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പാക്കുക. 1. കാർഷികവരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സ്ഥായിയായ രീതികളിലൂടെ കൃഷിയുടെയും മൃഗപരിപാലനത്തിന്റെയും ഉൽപ്പാദനക്ഷമത ഉയർത്തുക. 2.മൂല്യവർദ്ധിത സംസ്കരണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക. 3. ടൂറിസം വികസിപ്പിക്കുക. 4.ഭൗതിക-സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ഇടുക്കി ജില്ല ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പര്യാപ്തമാണ് ഈ പാക്കേജ്. കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണം, ദാരിദ്ര്യം തുടച്ചുമാറ്റണം, തൊഴിലില്ലായ്മ കുറയ്ക്കണം, പരിസ്ഥിതി സന്തുലനാവസ്ഥ പുനഃസ്ഥാപിക്കണം എന്നീ ലക്ഷ്യങ്ങളാണ് പാക്കേജിന്റെ ഭാഗമായി നേടിയെടുക്കേണ്ടത്. |

## XXXIV. ശാസ്ത്രസാങ്കേതിക വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| 1 | 15/02 | 44 | (എ) തിരുവനന്തപുരം തോന്നയ്ക്കലിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഏതുവരെ യെന്ന് അറിയിക്കാമോ;<br>(ബി) ഈ സ്ഥാപനത്തിൽ എത്ര പേരെ നിയമിച്ചുവെന്നും ഏതെല്ലാം തസ്തികകളിലാണെന്നും വ്യക്തമാക്കുമോ? | (എ)വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ലബോറട്ടറികൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ച് വരുന്നു. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറിയുടെ (Diagnostic facility) പ്രവർത്തനം ഐ സി എം ആർ മാനദണ്ഡങ്ങൾക്ക് വിധേയമായി ആരംഭിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. കൊറോണ വൈറസ്സിന്റെ പലതരം പ്രാദേശിക വകഭേദങ്ങളുടെ ജനിതക ഘടന മനസ്സിലാക്കി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേക്ക് അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും, വൈറസ് അനുബന്ധ രോഗ ഗവേഷണത്തിൽ വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങളുമായി സംയുക്ത ഗവേഷണ പദ്ധതികൾക്കുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br><br>(ബി) ഡയറക്ടർ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. സയന്റിസ്റ്റ് E2, സയന്റിസ്റ്റ് C തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തിയായി. ടെക്നിക്കൽ ഓഫിസർ, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളി ലേക്കുള്ള നിയമന നടപടികൾ പുരോഗമിച്ച് വരുന്നു. |

## സമിതി അംഗീകരിച്ച നടപടി റിപ്പോർട്ടുകളുടെ പട്ടിക

| ക്രമ നമ്പർ | വകുപ്പ് | നടപടി റിപ്പോർട്ടുകൾ |
|---|---|---|
| 1 | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | 81 |
| 2 | തദ്ദേശസ്വയംഭരണ വകുപ്പ് | 61 |
| 3 | റവന്യൂ വകുപ്പ് | 43 |
| 4 | കൃഷി വകുപ്പ് | 38 |
| 5 | പൊതുമരാമത്ത് വകുപ്പ് | 30 |
| 6 | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് | 30 |
| 7 | വ്യവസായ വകുപ്പ് | 29 |
| 8 | നികുതി വകുപ്പ് | 27 |
| 9 | ആഭ്യന്തര വകുപ്പ് | 27 |
| 10 | പൊതു വിദ്യാഭ്യാസ വകുപ്പ് | 26 |
| 11 | തൊഴിലും നൈപുണ്യവും വകുപ്പ് | 22 |

| | | |
|---|---|---|
| 12 | ഭക്ഷ്യ-പൊതുവിതരണ വകുപ്പ് | 21 |
| 13 | മത്സ്യബന്ധന- തുറമുഖ  വകുപ്പ് | 21 |
| 14 | ജലവിഭവ വകുപ്പ് | 20 |
| 15 | സാമൂഹ്യനീതി വകുപ്പ് | 20 |
| 16 | ധനകാര്യ വകുപ്പ് | 11 |
| 17 | ഗതാഗത വകുപ്പ് | 11 |
| 18 | വിനോദസഞ്ചാര വകുപ്പ് | 11 |
| 19 | ഊർജ്ജ വകുപ്പ് | 11 |
| 20 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 11 |
| 21 | സാംസ്കാരികകാര്യ വകുപ്പ് | 10 |
| 22 | സഹകരണ വകുപ്പ് | 10 |
| 23 | കായിക യുവജനകാര്യ വകുപ്പ് | 10 |
| 24 | പ്രവാസി കേരളീയകാര്യ വകുപ്പ് | 6 |
| 25 | ഭവനനിർമ്മാണ വകുപ്പ് | 4 |

| | | |
|---|---|---|
| 26 | വനം-വന്യജീവി വകുപ്പ് | 3 |
| 27 | പരിസ്ഥിതി വകുപ്പ് | 3 |
| 28 | വിവര സാങ്കേതികവിദ്യ  വകുപ്പ് | 3 |
| 29 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് | 3 |
| 30 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് | 3 |
| 31 | വിവരപൊതുജനസമ്പർക്ക വകുപ്പ് | 2 |
| 32 | പൊതുഭരണ വകുപ്പ് | 2 |
| 33 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 2 |
| 34 | വിജിലൻസ് വകുപ്പ് | 2 |
| 35 | ശാസ്ത്രസാങ്കേതിക വകുപ്പ് | 2 |
| 36 | പിന്നാക്ക സമുദായക്ഷേമ വകുപ്പ് | 1 |
| 37 | നിയമ വകുപ്പ് | 1 |

# അനുബന്ധം - II

## സമിതി അംഗീകരിച്ച നടപടി റിപ്പോർട്ടുകളുടെ വിശദാംശം

I. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ഉറപ്പുകളും | സർക്കാരിൽ നിന്ന് ലഭ്യമായ നടപടി റിപ്പോർട്ട് |
|---|---|---|---|---|
| 1 | 13/01 | 41 | വൃക്കദാനം സംബന്ധിച്ച നിയമപരമായ നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - ഇത്തരം കാര്യങ്ങൾക്ക് വളരെ അടിയന്തിര പ്രാധാന്യം നൽകേണ്ടതിനാൽ ഇതിന് നിയമപരമായി ഇന്നുള്ള തടസ്സങ്ങൾ ഏതുതരത്തിൽ പരിഹരിക്ക പ്പെടുവാൻ കഴിയും എന്നതിനെക്കുറിച്ച് തീർച്ചയായും ആലോചിക്കുന്നതാണ്. | അവയവമാറ്റം നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ രൂപംകൊടുത്തിട്ടുള്ള 'Transplantation of Human Organs Act (THOA)' ആണ് സംസ്ഥാനത്ത് അവയവക്കൈമാറ്റം നിയന്ത്രിക്കുന്നത്. കേന്ദ്ര നിയമമായ തിനാൽ ഇതിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നാൽ 28-9-2011 ൽ 'Transplantation of Human Organs Act (THOA)' ൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ അടുത്ത രക്തബന്ധുക്കൾ എന്നത് അച്ഛൻ, അമ്മ, മക്കൾ, സഹോദരങ്ങൾ, ഭാര്യ, ഭർത്താവ്, മുത്തച്ഛൻ, മുത്തശ്ശി, പേരക്കുട്ടികൾ എന്ന് പുനർനിർണ്ണയിച്ചിട്ടുള്ളതിനാൽ പ്രസ്തുത നടപടിക്രമങ്ങൾ കുറച്ചുകൂടി ലഘൂകരിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| 2 | 13/02 | 17 | ദാരിദ്ര്യവിമുക്ത കേരളം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 2011 സെപ്റ്റംബർ 1 മുതൽ ബി.പി.എൽ. എ.എ.വൈ. കാർഡുടമകൾക്ക് 1/- രൂപ നിരക്കിൽ അരി വിതരണം ചെയ്തു തുടങ്ങിയത്. 14.61 ലക്ഷം | സംസ്ഥാന സർക്കാർ ആശുപത്രികളിൽ മതിയായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം മാനദണ്ഡമനുസരിച്ച് തയ്യാറാക്കിയത് സർക്കാർ പരിഗണിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | ബി.പി.എൽ. കാർഡുടമകളും 5.96 ലക്ഷം എ.എ.വൈ. കാർഡുടമകളുമുൾ പ്പെടെ ഏകദേശം 20.57 ലക്ഷം കുടുംബങ്ങൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നു. 2016 ഏപ്രിൽ മുതൽ ബി.പി.എൽ. എ.എ.വൈ വിഭാഗങ്ങൾക്ക് അരി നല്കുന്നത് സൗജന്യമാക്കി. 2016 നവംബർ മുതൽ സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വരുകയും ടി നിയമ പ്രകാരമുള്ള റേഷൻ കാർഡുകളുടെ കരട് ലിസ്റ്റ് അനുസരിച്ചുള്ള 595800 എ.എ.വൈ. കാർഡുകളും 2837236 മുൻഗണനാ കാർഡുകളുമുൾപ്പെടെ 3433036 റേഷൻ കാർഡുകൾക്ക് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം സൗജന്യമായി നല്കി വരുന്നു.<br>ഉറപ്പ് - ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു. | |
| 3 | 13/02 | 53 | (എ) മുൻ സർക്കാരിന്റെ കാലത്ത് അപ്ഗ്രേഡ് ചെയ്ത ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;<br>(ബി) ഇല്ലെങ്കിൽ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - പ്രസ്തുത ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിച്ചിട്ടില്ല. പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത | (എ)&(ബി) സർക്കാരുകളുടെ കാലപരിധി കണക്കിലെടുക്കാതെ തന്നെ ശാസ്ത്രീയവും സന്തുലിതവുമായ ആരോഗ്യ ചികിത്സാ സമഗ്രപദ്ധതി നടപ്പിലാക്കുന്നതിനും പ്രതിരോധ പ്രവർത്ത നങ്ങൾ ഊർജ്ജിതമാക്കുന്നതിനും സംസ്ഥാനത്ത് പ്രാഥമികാ രോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വരെ പ്രവർത്തനത്തിലും ഗുണനിലവാരത്തിലും പുനഃക്രമീകരണവും സന്തുലിതാവസ്ഥയും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് 'ആർദ്രം |

| | | | | |
|---|---|---|---|---|
| | | | അനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. | മിഷൻ'. ആർദ്രം മിഷന്റെ ഭാഗമായി നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള വിവിധ ആശുപത്രികളിൽ പുതിയതായി തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്) നം.58/2017/ ആ.കു.വ തീയതി 22-4-2017 ഇതിൽ 17 ജില്ല/ജനറൽ ആശുപത്രിക ളെയും 75 താലൂക്കാശുപത്രികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലേക്ക് പുതിയതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവുകൾ താഴെപറയും പ്രകാരമാണ്.<br>1. ജി.ഒ. (എം.എസ്)നം.101/2017/ആ.കു.വ. പ്രകാരം ആകെ 119 തസ്തികകൾ സൃഷ്ടിച്ചു.<br>2. ജി.ഒ. (എം.എസ്)നം.136/2017/ആ.കു.വ. തീയതി 23-9-2017 പ്രകാരം 610 തസ്തികകൾ സൃഷ്ടിച്ചു. ഇവയിൽ ഡോക്ടർമാരും, അനുബന്ധ വിഭാഗം ജീവനക്കാരും ഉൾപ്പെടുന്നു.<br>ആർദ്രം പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.-കളെ കുടുംബാ രോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിക്കൊണ്ട് സമഗ്രമായ പരിചരണം ഉറപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി 170 പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന തിനും ഇതിലേക്ക് |

| | | | | |
|---|---|---|---|---|
| | | | | അധികമായി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സുമാർ, ഒരു ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകളും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. ആർദ്രം പദ്ധതി പൂർണ്ണതയിലെത്തുന്നതോടെ ആശുപത്രികളിലും നിശ്ചിത സ്റ്റാഫ് പാറ്റേൺ ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. |
| 4 | 13/02 | 89 | (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ലീനിക്കൽ പരിശോധനാ ലാബുകളിൻ മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണാധികാരങ്ങളുണ്ടോ എന്ന് വിശദമാക്കാമോ;<br>(ബി) ഉണ്ടെങ്കിൽ അതിൻറെ വ്യാപ്തി എത്രത്തോളമാണെന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ?<br>ഉറപ്പ് - സർക്കാർ ആശുപത്രികളോ ടനുബന്ധിച്ചുള്ള ലാബുകളുടെയും പബ്ളിക് ഹെൽത്ത് ലാബുകളുടെയും മേൽ സർക്കാരിന് പൂർണ്ണ നിയന്ത്രണാ ധികാര മുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയെ ഉദ്ദേശിച്ചുകൊണ്ട് കേരളാ ക്ളിനിക്കൽ എസ്റ്റാബ്ളിഷ്മെന്റ്സ് (രജിസ്ട്രേഷൻ, റഗുലേഷൻ, അക്രഡിറ്റേഷൻ) എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ | (എ)&(ബി) സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിങ്ങ് സെന്ററുകൾ തുടങ്ങിയ എല്ലാചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017 -ന് രൂപം നൽകിയിട്ടുണ്ട്. ആയത് നിയമ സഭയിൽ അവതരിപ്പിക്കുക യുണ്ടായി. ബിൽ ഇപ്പോൾ സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയി ലാണ്. പ്രസ്തുത നിയമം നിലവിൽ വരുമ്പോൾ ടി സ്ഥാപനങ്ങളുടെ നിയന്ത്രണം സാദ്ധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | പരിഗണനയിലാണ്. പ്രസ്തുത നിയമം നിലവിൽ വരുമ്പോൾ ടി സ്ഥാപന ങ്ങളുടെ നിയന്ത്രണം സാധ്യമാകും. | |
| 5 | 13/02 | 95 | (സി) ശബരിമലയിൽ സേവനം ചെയ്യുന്ന തിന് താല്പര്യമുള്ള ആരോഗ്യ വിദഗ്ധർക്ക് രജിസ്റ്റർ ചെയ്യുന്നതിനും തീർത്ഥാടന കാലത്ത് ആരോഗ്യരംഗവുമായി ബന്ധ പ്പെട്ട പരാതികളും നിർദ്ദേശങ്ങളും ഓൺ ലൈനായി നൽകുന്നതിനും വെബ്സൈറ്റ് ആരംഭിക്കുമോ; വിശദമാക്കുമോ?<br>ഉറപ്പ് - പരിശോധിക്കാവുന്നതാണ്. | (സി) ശബരിമലയിൽ സേവനം,ചെയ്യുന്നതിന് താൽപ്പര്യമുള്ള ആരോഗ്യവിദഗ്ദർക്ക് രജിസ്റ്റർ ചെയ്യുന്നതിനും, തീർത്ഥാടന കാലത്ത് ആരോഗ്യരംഗവുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും ഓൺലൈനായി നൽകുന്നതിനും sabarimaladhs@gmail.com എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. |
| 6 | 13/02 | 186 | (സി) ആശുപത്രിയിലെത്തുന്ന ഗർഭിണി കൾക്ക് കൗൺസലിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?<br><br>ഉറപ്പ് - ഗർഭകാല പരിചരണത്തിന്റെ ഭാഗമായി പരിശോധനകൾക്കായി എത്തുമ്പോൾ നൽകി വരുന്ന നിർദ്ദേശ ങ്ങൾക്കൊപ്പം സാധാരണ പ്രസവത്തിന് ഗർഭിണിയെ മാനസികമായി തയ്യാറാ ക്കുന്നതിന് ആവശ്യമായ ബോധ വൽക്കരണവും വളരെ കാര്യക്ഷമമായ രീതിയിൽ നടത്താൻ പ്രത്യേകം നിർദ്ദേശം നൽകുന്ന കാര്യം പരിഗണനയിലാണ്. | ഗർഭകാല പരിചരണത്തിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കി വരുന്നു.<br>1) എല്ലാ ഗർഭിണികളെയും എം.സി.റ്റി.എസ്. എന്ന സോഫ്റ്റ് വെയർ രജിസ്റ്റർ ചെയ്യുകയും അവരുടെ ഗർഭകാല പരിചരണം കാലാകാലങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.<br>2) ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സമാർ ഗർഭിണികളുടെ വീടുകൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഗർഭിണിയെ പ്രസവത്തിന് മാനസികമായി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകുന്നു.<br>3) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ആന്റി നേറ്റൽ ക്ലിനിക്കിൽ വരുന്ന രോഗികൾക്ക് പ്രസവ സംബന്ധമായ കാര്യങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തി വരുന്നു.<br>4) പ്രസവം നടക്കുന്ന ആശുപത്രികളിൽ ഡോക്ടർ |

| | | | | |
|---|---|---|---|---|
| | | | | രോഗികളെ പരിശോധിക്കുന്നതിനോടൊപ്പം രോഗികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും രോഗികളുടെ പ്രസവ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യുന്നു. |
| 7 | 13/04 | 30 | സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ചികിത്സാ സ്ഥാപനങ്ങളുടെ പരിശോധനയ്ക്കും നിയന്ത്രണത്തിനും നിലവിലുള്ള ,സംവിധാനങ്ങളുടെ വിശദ വിവരം വെളിപ്പെടുത്തുമോ ?<br><br>ഉറപ്പ് - സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയിലേയ്ക്കായി ദി കേരളാ എസ്റ്റാബ്ലിഷ്മെൻറ് (രജിസ്ട്രേഷൻ, റഗുലേഷൻ അക്രഡിറ്റേഷൻ ) ബിൽ എന്ന പേരിൽ ഒരു ബില്ലിന്റെ കരട് രൂപം പരിശോധിച്ച് വരികയാണ്. ഈ ബിൽ നിലവിൽ വരികയാണെങ്കിൽ സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പരിശോധനയ്ക്കും നിയന്ത്രണത്തിനും സംവിധാനം ഉണ്ടാകുന്നതാണ്. | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകുകയും പ്രസ്തുത കരട് ബിൽ മന്ത്രിസഭായോഗം അംഗീകരിക്കുകയും ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള തുടർ നടപടിക്കായി നിയമവകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| 8 | 13/04 | 34 | (ബി) സംസ്ഥാന പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ജീവിതശൈലീ ക്ലിനിക്കുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്?<br>ഉറപ്പ് - ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, | (ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ /ജനറൽ താലൂക്ക് ആശുപത്രികളിലും ജീവിത ശൈലീ രോഗ നിർണയ ക്ലിനിക്കുകൾ പ്രവർത്തനക്ഷമമാണ്. |

| | | | | |
|---|---|---|---|---|
| | | | കോഴിക്കോട് എന്നീ ജില്ലകളിൽ ഉടൻ തന്നെ എല്ലാ സി.എച്ച്.സി.-കളിലും എൻ.സി.ഡി. ക്ലിനിക്ക് ആരംഭിക്കുന്നതാണ്. | |
| 9 | 13/05 | 59 | സംസ്ഥാനത്ത് ക്യാൻസർ രോഗികൾക്കുള്ള പെൻഷനുള്ള വരുമാനപരിധി ഉയർത്തു ന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - പ്രസ്തുത ശിപാർശ പരിശോധിച്ചു വരുന്നു | അർബുദം, കുഷ്ഠം, ക്ഷയം തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി സർക്കാർ ഉത്തരവ് (കൈ) നം. 485/2013/ആ.കു.വ. തീയതി 13-12-2013 പ്രകാരം ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. |
| 10 | 13/05 | 95 | ഏകീകൃത പൊതുജനാരോഗ്യ നിയമത്തി നായി നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം ആലോചിക്കുമോ, ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദമാക്കുമോ?<br>ഉറപ്പ് - 1955-ലെ ട്രാവൻകൂർ കൊച്ചി പൊതുജനാരോഗ്യ നിയമവും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ച് സംസ്ഥാനത്ത് ഏകീകൃതവും ഫലപ്രദവു മായ പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. പൊതുജനാ രോഗ്യകാര്യങ്ങൾ നടപ്പാക്കുന്നത് തദ്ദേശഭരണ വകുപ്പായതുകൊണ്ട് പ്രസ്തുത നിയമം നിർമ്മിക്കുന്നതിനുള്ള കരട് ബിൽ ഇപ്പോൾ തദ്ദേശഭരണ വകുപ്പിന്റെ പരിഗണനയിലാണ് | 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് എന്നിവയിലെ വ്യവസ്ഥകൾ ഏകീകരിച്ചുകൊണ്ട് കേരളത്തിൽ ഒരു നിയമം നടപ്പിലാക്കുന്നതിനായി ഒരു റീ ഡ്രാഫ്റ്റിംഗ് കമ്മിറ്റി 1-11-2014-ലെ സ.ഉ. (സാധാ)നം.3556/14/ആ.കു.വ. പ്രകാരം രൂപീകരിച്ചു. തദ്ദേശ സ്വയംഭരണ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുകളുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള കരട് പൊതുജനാരോഗ്യ ബിൽ ഡ്രാഫ്റ്റിംഗ് കമ്മിറ്റി സർക്കാരിൽ സമർപ്പിച്ചത് പരിശോധനയ്ക്കായി നിയമവകുപ്പിന് നൽകിയ പ്പോൾ ടി വകുപ്പ്, ബില്ലിൽ കേന്ദ്ര നിയമത്തിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായങ്ങൾക്കും വിരുദ്ധമായ വ്യവസ്ഥകൾ ഉണ്ടെന്നും ആയത് ബില്ലിൽ ഉൾപ്പെട്ടുത്തേ ണ്ടതുണ്ടോ എന്ന് ഭരണ വകുപ്പ് പരിശോധിച്ച് തീരുമാനിക്കേണ്ടത് |

| | | | | |
|---|---|---|---|---|
| | | | | ആണെന്നും അഭിപ്രായപ്പെട്ടതിനെ തുടർന്ന് കരട് ബില്ലിന്റെ ഏതൊക്കെ പ്രസക്ത ഭാഗങ്ങളാണ് മറ്റു വകുപ്പുകളുടെയും കേന്ദ്രനിയമത്തിന്റേയും അഭിപ്രായങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതെന്ന് സ്പഷ്ടമായി പ്രതിപാദിച്ചു നൽകുവാൻ നിയമവകുപ്പിനോടാവശ്യപ്പെട്ടു.<br>കേരള പബ്ലിക് ഹെൽത്ത് ബില്ലിലെ വിഷയം പൂർണ്ണമായും ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയിൽ നിലവിൽ ഉള്ളവയാണെന്നും കൂടാതെ 2006-ലെ ഫുഡ് സേഫ്റ്റി ആക്റ്റ് ആരോഗ്യപരമായ ഭക്ഷണം ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങളും മറ്റും വ്യക്തമാക്കിക്കൊണ്ടുള്ള താണെന്നും പഞ്ചായത്ത് രാജ് ആക്റ്റ്, മുനിസിപ്പാലിറ്റി ആക്റ്റ്, ഫുഡ് സേഫ്റ്റി ആക്റ്റ് എന്നീ ബൃഹത്തായ മൂന്ന് നിയമങ്ങൾ നിലവിലുള്ളപ്പോൾ സമാന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട് പുതിയ നിയമ നിർമ്മാണം നടത്തുന്നതിന്റെ സാംഗത്യം ഭരണവകുപ്പ് പരിശോധിക്കേണ്ടതാണെന്നും പല സന്ദർഭങ്ങളിലും വ്യത്യസ്ത അധികാരങ്ങൾ നിർവ്വഹിക്കുന്നതിന് ഇടയാക്കും എന്നുള്ളതിനാലും മേൽപ്പറഞ്ഞ സംഗതികളിൻമേൽ തദ്ദേശ സ്വയംഭരണ വകുപ്പുമായി ആലോചിച്ചശേഷം നിയമ നിർമ്മാണത്തിനുള്ള മെമ്മോറാണ്ടം |

| | | | | |
|---|---|---|---|---|
| | | | | സഹിതം കേരള സർക്കാരിന്റെ ബിസിനസ്സ് ചട്ടങ്ങളിലെ 45-ാം ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള ഉത്തരവ് വാങ്ങിയശേഷം കരട് ബിൽ തയ്യാറാക്കുന്നതിലേയ്ക്കായി ഫയൽ തിരികെ നൽകാൻ നിയമ വകുപ്പ് ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ കരട് ബില്ലിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടറുമായി 23-9-2017-ന് ചർച്ച ചെയ്തു. തുടർന്ന് നിയമവകുപ്പിന്റെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കരടിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് എസ്.എച്ച്.ആർ.സി. ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചർച്ച നടത്തി. ചർച്ചയുടെ അടിസ്ഥാനത്തിൽ കരടിൽ ആവശ്യമായ മാറ്റം വരുത്താൻ എസ്.എച്ച്.ആർ.സി.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിവരങ്ങൾ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു |
| 11 | 13/05 | 115 | (സി) മരുന്നുകൾ വില കുറച്ച് നൽകുന്ന തിനു വേണ്ടി ആരംഭിച്ച നീതി മെഡിക്കൽ സ്റ്റോർ പോലുള്ള സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടത്തുന്നതിനും, അവിടെ എല്ലാത്തരം | വിദഗ്ധ ഡോക്ടറുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2012 ജനുവരി മാസത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ആദ്യ ശാഖ പ്രവർത്തനം |

| | | | | |
|---|---|---|---|---|
| | | | മരുന്നുകളും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ കൂടി ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. | ആരംഭിച്ചു. ഇടനിലക്കാരെ ഒഴിവാക്കി മരുന്നു നിർമ്മാതാക്കളിൽ നിന്ന് നേരിട്ട് വിലപേശൽ വഴി മരുന്ന് സംഭരിച്ച് പരമാവധി വിലക്കുറവിൽ രോഗികൾക്ക് നൽകിവരുന്നു. നിലവിൽ, കേരളത്തിലുടനീളം കാരുണ്യ കമമ്യൂണിറ്റി ഫാർമസിയുടെ 55 ഔട്ട് ലെറ്റുകളും 4 കാരുണ്യ ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു. |
| 12 | 13/05 | 127 | ചികിത്സാചെലവ് റീ ഇമ്പേഴ്സ്മെന്റ് നടത്തുന്നതിന് ഉണ്ടാകുന്ന കാലതാമസം ജീവനക്കാർക്ക് സാമ്പത്തിക പ്രയാസ ങ്ങൾ ഉണ്ടാക്കുന്നു എന്ന് ബോദ്ധ്യപ്പെട്ട് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് നടപടികൾ കൂടുതൽ ഉദാരമാക്കാൻ നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ് - പരിശോധിച്ചുവരുന്നു | ചികിത്സാചെലവ് റീഇമ്പേഴ്സ് നടത്തുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കി നടപടികൾ കൂടുതൽ ഉദാരമാക്കുന്നതിനായി സർക്കാർ ഡോക്ടറുടെ ശിപാർശയോടെ സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിലെ ചികിത്സയുമായി ബന്ധപ്പെട്ട ക്ലെയിമുകൾ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തീർപ്പാക്കാൻ ഭരണ വകുപ്പുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രത്യേകാനുമതി ആവശ്യമുള്ള കേസുകളിൽ ആയത് താമസംവിനാ ലഭ്യമാക്കുന്നതിനുള്ള നടപടികളും ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| 13 | 13/05 | 150 | സംസ്ഥാനത്ത് പുതുതായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപി ക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?<br><br>ഉറപ്പ് - സംസ്ഥാനത്ത് 2012-13 സാമ്പത്തിക വർഷത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ പുതുതായി തുടങ്ങുവാനും | ഡബ്ല്യൂ & സി ആശുപത്രി നിലവിലില്ലാത്ത ജില്ലകളിൽ അവ ആരംഭിക്കുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം 15 കോടി രൂപ പ്രസ്തുത പ്രവൃത്തിക്കായി വകയിരുത്തിയിട്ടുണ്ട്. പൊന്നാനിയിൽ ടി ആശുപത്രിയുടെ പ്രവർത്തനത്തിനായി ഡോക്ടർമാർ, നഴ്സുമാർ, |

966/2024.



| | | | | |
|---|---|---|---|---|
| | | | നിലവിലുള്ളതിനെ വിപുലീകരിക്കാനമായി 96 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ പൊന്നാനി, കോട്ടയം ജില്ലയിലെ വൈക്കം തൃശ്ശൂർ ജില്ലയിൽ ജില്ലാ ആശുപത്രിയോട് ചേർന്നും വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരിയിലും പുതിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ തുടങ്ങാനുള്ള പ്രോപ്പസൽ സർക്കാർ പരിശോധിച്ചു വരുന്നു. | അനുബന്ധ ജീവനക്കാർ ഉൾപ്പെടെ 85 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തൃശ്ശൂർ, സുൽത്താൻ ബത്തേരി, വൈക്കം എന്നിവിടങ്ങളിലും അനുവദിക്കപ്പെട്ട മറ്റ് ജില്ലകളിലും പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നത്. |
| 14 | 13/05 | 151 | സംസ്ഥാനത്ത് ഏകീകൃതവും ഫലപ്രദവുമായ പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?<br><br>ഉറപ്പ് - സംസ്ഥാനത്ത് ഏകീകൃതവും ഫലപ്രദവുമായ പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ് | 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ്, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ് എന്നിവയിലെ വ്യവസ്ഥകൾ ഏകീകരിച്ചുകൊണ്ട് കേരളത്തിൽ ഒരു നിയമം നടപ്പിലാക്കുന്നതിനായി ഒരു റീ ഡ്രാഫ്റ്റിംഗ് കമ്മിറ്റി 1-11-2014-ലെ സ.ഉ.(സാധാ)നം.3556/14/ആ.കു.വ. പ്രകാരം രൂപീകരിച്ചു. തദ്ദേശ സ്വയംഭരണ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുകളുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള കരട് പൊതുജനാരോഗ്യ ബിൽ ഡ്രാഫ്റ്റിംഗ് കമ്മിറ്റി സർക്കാരിൽ സമർപ്പിച്ചത് പരിശോധനയ്ക്കായി നിയമവകുപ്പിന് നൽകിയപ്പോൾ ടി വകുപ്പ്, ബില്ലിൽ കേന്ദ്ര നിയമത്തിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായങ്ങൾക്കും വിരുദ്ധമായ വ്യവസ്ഥകൾ ഉണ്ടെന്നും ആയത് ബില്ലിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്ന് ഭരണ വകുപ്പ് പരിശോധിച്ച് തീരുമാനിക്കേണ്ടത് |

| | | | | |
|---|---|---|---|---|
| | | | | ആണെന്നും അഭിപ്രായപ്പെട്ടതിനെ തുടർന്ന് കരട് ബില്ലിന്റെ ഏതൊക്കെ പ്രസക്ത ഭാഗങ്ങളാണ് മറ്റു വകുപ്പുകളുടെയും കേന്ദ്രനിയമത്തിന്റേയും അഭിപ്രായ ങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതെന്ന് സ്പഷ്ടമായി പ്രതിപാദിച്ചു നൽകുവാൻ നിയമവകുപ്പിനോടാവശ്യപ്പെട്ടു.<br>കേരള പബ്ലിക് ഹെൽത്ത് ബില്ലിലെ വിഷയം പൂർണ്ണമായും ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയിൽ നിലവിൽ ഉള്ളവയാണെന്നും കൂടാതെ 2006-ലെ ഫുഡ് സേഫ്റ്റി ആക്റ്റ് ആരോഗ്യപരമായ ഭക്ഷണം ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും മറ്റും വ്യക്തമാക്കിക്കൊണ്ടുള്ളതാണെന്നും പഞ്ചായത്ത് രാജ് ആക്റ്റ്, മുനിസിപ്പാലിറ്റി ആക്റ്റ് , ഫുഡ് സേഫ്റ്റി ആക്റ്റ് എന്നീ ബൃഹത്തായ മൂന്ന് നിയമങ്ങൾ നിലവിലുള്ളപ്പോൾ സമാന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ നിയമനിർമ്മാണം നടത്തുന്ന തിന്റെ സാംഗത്യം ഭരണവകുപ്പ് പരിശോധിക്കേണ്ടതാണെന്നും പല സന്ദർഭങ്ങളി ലും വ്യത്യസ്ത അധികാരങ്ങൾ നിർവ്വഹിക്കുന്നതിന് ഇടയാക്കും എന്നുള്ളതിനാലും മേൽപ്പറഞ്ഞ സംഗതികളിൻമേൽ തദ്ദേശ സ്വയംഭരണ വകുപ്പുമായി ആലോചിച്ചശേഷം നിയമ നിർമ്മാണത്തിനുള്ള മെമ്മോറാണ്ടം സഹിതം കേരള സർക്കാരിന്റെ ബിസിനസ്സ് ചട്ടങ്ങളിലെ |

| | | | | |
|---|---|---|---|---|
| | | | | 45-ാം ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള ഉത്തരവ് വാങ്ങിയശേഷം കരട് ബിൽ തയ്യാറാക്കുന്നതി ലേയ്ക്കായി ഫയൽ തിരികെ നൽകാൻ നിയമ വകുപ്പ് ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ കരട് ബില്ലിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടറുമായി 23-9-2017-ന് ചർച്ച ചെയ്തു. തുടർന്ന് നിയമവകുപ്പിന്റെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും അഭിപ്രായങ്ങളുടെ അടിസ്ഥാന ത്തിൽ കരടിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് എസ്.എച്ച്.ആർ.സി. ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചർച്ച നടത്തി. ചർച്ചയുടെ അടിസ്ഥാനത്തിൽ കരടിൽ ആവശ്യമായ മാറ്റം വരുത്താൻ എസ്.എച്ച്.ആർ.സിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിവരങ്ങൾ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |
| 15 | 13/05 | 216 | (എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും രോഗനിർണ്ണയം നടത്തുവാൻ ലബോറട്ടറികൾ നിലവിലുണ്ടോ, ഇല്ലെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു,വിശദമാക്കുമോ?<br>ഉറപ്പ് - സംസ്ഥാനത്തെ എല്ലാ മെഡിക്കൽ | (എ) സംസ്ഥാനത്തെ എല്ലാ ജനറൽ/ജില്ല/ താലൂക്ക് ആശുപത്രികളിലും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ലബോറട്ടറി സംവിധാനം നിലവിലുണ്ട്. എന്നാൽ എല്ലാ പി. എച്ച്. സി. കളിലും ലബോറട്ടറി സംവിധാനം നിലവിലില്ല. ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനും, അടിസ്ഥാന |

| | | | | |
|---|---|---|---|---|
| | | | കോളേജ്, ജനറൽ, ജില്ലാ താലൂക്ക് ആശുപത്രികളിലും എല്ലാ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും ലബോറട്ടറി സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തുള്ള ബഹുഭൂരിപക്ഷം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലാണ് ലബോറട്ടറി സംവിധാനം ഇപ്പോൾ നിലവിലില്ലാത്തത്. ഘട്ടം ഘട്ടമായി ലബോറട്ടറികൾ നിലവിലില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതാണ്. | സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ ഉത്തരവ് (ആർ. ടി.) 845/17/ ആ.കു.വ. തീയതി 28/03/17 പ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കാൻ ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം 170 ലാബ് ടെക്നീഷ്യന്മാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ലാബ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി അഞ്ചു കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. അതിൻ പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി കെ.എം.എസ് സി.എൽ. വഴി നടന്നുവരുന്നു. |
| 16 | 13/06 | 07 | (എ) കേരള സംസ്ഥാനത്ത് യൂണിഫൈഡ് പബ്ളിക് ഹെൽത്ത് ആക്റ്റ് നിലവിലുണ്ടോ, വിശദാംശം നൽകുമോ?<br><br>ഉറപ്പ് - കേരള സംസ്ഥാനത്ത് യൂണിഫൈഡ് പബ്ളിക് ഹെൽത്ത് ആക്റ്റ് നിലവിലില്ല. ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | (എ) 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ്, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ് എന്നിവയിലെ വ്യവസ്ഥകൾ ഏകീകരിച്ചുകൊണ്ട് കേരളത്തിൽ ഒരു നിയമം നടപ്പിലാക്കുന്നതിനായി ഒരു റീ ഡ്രാഫ്റ്റിംഗ് കമ്മിറ്റി 1-11-2014-ലെ സ.ഉ.(സാധാ)നം.3556/14/ആ.കു.വ. പ്രകാരം രൂപീകരിച്ചു. തദ്ദേശ സ്വയംഭരണ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുകളുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള കരട് പൊതുജനാരോഗ്യ ബിൽ ഡ്രാഫ്റ്റിംഗ് കമ്മിറ്റി സർക്കാരിൽ സമർപ്പിച്ചത് പരിശോധനയ്ക്കായി നിയമവകുപ്പിന് നൽകിയപ്പോൾ ടി വകുപ്പ്, ബില്ലിൽ കേന്ദ്ര നിയമത്തിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായങ്ങൾക്കും വിരുദ്ധമായ വ്യവസ്ഥകൾ |

| | | | | |
|---|---|---|---|---|
| | | | | ഉണ്ടെന്നും ആയത് ബില്ലിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്ന് ഭരണ വകുപ്പ് പരിശോധിച്ച് തീരുമാനിക്കേണ്ടത് ആണെന്നും അഭിപ്രായപ്പെട്ടതിനെ തുടർന്ന് കരട് ബില്ലിന്റെ ഏതൊക്കെ പ്രസക്ത ഭാഗങ്ങളാണ് മറ്റു വകുപ്പുകളുടെയും കേന്ദ്രനിയമത്തിന്റേയും അഭിപ്രായങ്ങൾക്ക് വിരുദ്ധമായിട്ടുള്ള തെന്ന് സ്പഷ്ടമായി പ്രതിപാദിച്ച് നൽകുവാൻ നിയമവകുപ്പിനോടാവശ്യപ്പെട്ടു. കേരള പബ്ലിക് ഹെൽത്ത് ബില്ലിലെ വിഷയം പൂർണ്ണമായും ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ നിലവിൽ ഉള്ളവയാണെന്നും കൂടാതെ 2006-ലെ ഫുഡ് സേഫ്റ്റി ആക്റ്റ് ആരോഗ്യപരമായ ഭക്ഷണം ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും മറ്റും വ്യക്തമാക്കിക്കൊണ്ടുള്ളതാണെന്നും പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്റ്റ് , ഫുഡ് സേഫ്റ്റി ആക്റ്റ് എന്നീ ബൃഹത്തായ മൂന്ന് നിയമങ്ങൾ നിലവിലുള്ളപ്പോൾ സമാന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ നിയമ നിർമ്മാണം നടത്തുന്നതിന്റെ സാംഗത്യം ഭരണവകുപ്പ് പരിശോധിക്കേണ്ടതാണെന്നും പല സന്ദർഭങ്ങളിലും വ്യത്യസ്ത അധികാരങ്ങൾ നിർവ്വഹിക്കുന്നതിന് ഇടയാക്കും എന്നുള്ളതിനാലും മേൽപ്പറഞ്ഞ സംഗതികളിൻമേൽ തദ്ദേശ സ്വയംഭരണ |

| | | | | |
|---|---|---|---|---|
| | | | | വകുപ്പുമായി ആലോചിച്ചശേഷം നിയമനിർമ്മാണത്തിനുള്ള മെമ്മോറാണ്ടം സഹിതം കേരള സർക്കാരിന്റെ ബിസിനസ്സ് ചട്ടങ്ങളിലെ 45-ാം ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള ഉത്തരവ് വാങ്ങിയശേഷം കരട് ബിൽ തയ്യാറാക്കുന്നതിലേയ്ക്കായി ഫയൽ തിരികെ നൽകാൻ നിയമ വകുപ്പ് ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ കരട് ബില്ലിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടറുമായി 23-9-2017-ന് ചർച്ച ചെയ്തു. തുടർന്ന് നിയമവകുപ്പിന്റെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കരടിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് എസ്.എച്ച്.ആർ.സി ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തി. ചർച്ചയുടെ അടിസ്ഥാനത്തിൽ കരടിൽ ആവശ്യമായ മാറ്റം വരുത്താൻ എസ്.എച്ച്.ആർ.സി.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിവരങ്ങൾ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |
| 17 | 13/06 | 36 | (എ) ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിൽക്കു ന്നവർ എല്ലാം അതിനായി ലൈസെൻസ് എടുക്കണമെന്ന | (എ) എല്ലാ ബിസിനസ്സ് ഓപ്പറേറ്റർമാരും നിയമപ്രകാരം ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കാൻ നിർദ്ദേശിക്കുകയും ഇതിൻ പ്രകാരം സംസ്ഥാനത്തൊട്ടാകെ ഇതുവരെ 145211 |

| | | | | |
|---|---|---|---|---|
| | | | നിഷ്കർഷിച്ചിട്ടുള്ളതു പാലിക്കപ്പെട്ടിട്ടുണ്ടോ ?<br>(സി) ഇപ്പോഴും ഗുണ നിലവാരം കുറഞ്ഞതും ഭഷ്യയോഗ്യമല്ലാത്തതുമായ ആഹാര പദാർഥങ്ങൾ വ്യാപകമായി ഹോട്ടലുകളിൽ വിളമ്പുന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?<br>ഉറപ്പ് - ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് (ലൈസൻസിംഗ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) റഗുലേഷൻ 2011 - ലെ റഗുലഷൻ 2.1.2 (1) പ്രകാരം പുതിയ ലൈസെൻസിലെക്കു മാറുന്നതിനു ഒരു വർഷത്തെ കാലാവധി 2013 ഫെബ്രുവരി വരെ നീട്ടി കൊടുത്തിട്ടുണ്ട് . ഏല്ലാ ഫുഡ് ബിസിനസ് ഓപറേറ്റർമാരെയും നിയമ പ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്ന തിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ എല്ലാ ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങളിലും നിരന്തരം പരിശോധ നകൾ നടത്തുന്നുണ്ട്. നിലവാരം കുറഞ്ഞതും ഭഷ്യയോഗ്യമല്ലാത്തതുമായ ആഹാര പദാർഥങ്ങൾ വിൽപ്പന നടത്തുന്ന ഹോട്ടലുകൾ താല്ക്കാലികമായി അടപ്പിച്ച് ഭക്ഷ്യ സുരക്ഷാ നിയമങ്ങൾ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചതിനു ശേഷം മാത്രമേ തുറന്നു പ്രവർത്തിക്കാൻ അനുവദിച്ചിട്ടുള്ളൂ. തുടർ പരിശോധനകളിൽ | രജിസ്ട്രേഷനും 37214 ലൈസൻസും നൽകിയിട്ടുണ്ട്. ലൈസൻസ്/രജിസ്ട്രേഷൻ എടുക്കാത്തവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(സി) ഈ വർഷം 172 ഹോട്ടൽ/ റെസ്റ്റോറന്റുകളിൽ പരിശോധന നടത്തുകയും നിലവാരം കുറഞ്ഞതും ഭക്ഷ്യയോഗ്യമല്ലാ ത്തതുമായ ആഹാരപദാർത്ഥങ്ങൾ വിൽപ്പന നടത്തിയതിനും വൃത്തിഹീനമായ രീതിയിൽ പ്രവർത്തിച്ചതിനും 26 എണ്ണത്തിന് നോട്ടീസ് നൽകുകയും 8,67,000 രൂപ പിഴ ചുമത്തുകയും 4 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വെയ്പ്പിക്കുകയും ചെയ്തു. |

| | | | | |
|---|---|---|---|---|
| | | | വീണ്ടും പാകപ്പിഴകൾ കണ്ടെത്തുന്നുവെ കിൽ adjudication-നു വിടുകയൊ ക്രിമിനൽ നടപടികൾ സ്വീകരിക്കുകയാ ചെയ്യുന്നതുമാണ്. | |
| 18 | 13/06 | 41 | (ഇ) 108 ആംബുലൻസ് സർവ്വീസ് സംസ്ഥാനത്തെ എല്ലാ മേഖലയിലും ലഭ്യമാകുന്ന തരത്തിൽ വികസിപ്പിക്കു വാൻ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - 108 ആംബുലൻസ് സർവ്വീസുകളുടെ സേവനം സംസ്ഥാനത്തെ എല്ലാ മേഖലയിലും ലഭ്യമാകുന്ന തരത്തിൽ വികസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | (ഇ) 2010 മേയ് 19-ന് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പ്രോജക്ടായി 108 ആംബുലൻസ് സർവ്വീസ് പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് 5-5-2010 മുതൽ ആലപ്പുഴ ജില്ലയിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. നിലവിൽ തിരുവനന്തപുരം ജില്ലയിൽ 25-ഉം ആലപ്പുഴ ജില്ലയിൽ 18-ഉം ഉൾപ്പെടെ ആകെ 43 ആംബുലൻസുകളാണ് പ്രവർത്തിച്ചു വരുന്നത്. പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതി നായി ടെണ്ടർ വിളിച്ചിരുന്നുവെങ്കിലും സമർപ്പിച്ച റേറ്റ് കൂടുതലായിരുന്നതിനാൽ നടപ്പിലാക്കിയിരുന്നില്ല. നിലവിൽ 'അഗ്രഗേറ്റർ' മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 19 | 13/07 | 83 | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; എത്രയെണ്ണം സ്ഥാപിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്? | നിലവിൽ, കേരളത്തിലുടനീളം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ 55 ഔട്ട് ലെറ്റുകളും 4 കാരുണ്യ ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - ഉണ്ട്. നിലവിൽ മൂന്ന് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം 35 കാരുണ്യ ഫാർമസികൾ പ്രവർത്തനം ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിനുള്ള നടപടികൾ നടന്നു വരുന്നു. | |
| 20 | 13/07 | 84 | ആർ.സി.സി.-യിൽ ജനറൽ വാർഡുകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും, കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനും രോഗിയെ പരിചരിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ ?<br><br>ഉറപ്പ് - ആർ.സി.സി.-യിൽ കിടത്തി ചികിത്സിക്കുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസസൗകര്യം ഒരുക്കുന്നത് ചെലവേറിയ കാര്യമാണ്.മാത്രവുമല്ല സ്ഥലപരിമിതി ഇത്തരം ഒരു സംരംഭം ഒരുക്കുന്നതിന് ആർ.സി.സി.-യ്ക്ക് ഒരു തടസ്സവുമാണ്.എങ്കിലും സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. | ആർ.സി.സി.-യിൽ ജനറൽ വാർഡുകളിൽ കിടത്തി ചികിൽസിക്കുന്ന രോഗികൾക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്. പ്രതിദിനം ആയിരത്തോളം രോഗികൾ ചികിൽസ തേടിയെത്തുന്ന ഈ ആശുപത്രിയിൽ ഐ.പി. വിഭാഗത്തിൽ കഴിയേണ്ടി വരുന്ന രോഗികളുടെ എണ്ണം നിലവിലെ ഭൗതിക സാഹചര്യങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. സർക്കാർ ഉടമസ്ഥതയിൽ മലബാർ കാൻസർ സെന്ററും, കൊച്ചിൻ കാൻസർ & റിസർച്ച് സെന്ററും പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ നിലവിലെ തിരക്ക് ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കാൻ കഴിയും. എന്നിരുന്നാലും ജനവിശ്വാസത്തിന്റെ ഏറ്റവും മുൻ നിരയിലുള്ള ആർ.സി.സി.-യെത്തന്നെ ആശ്രയിക്കുന്നവരായി സംസ്ഥാനത്തിന് വെളിയിൽ ഉള്ളവരും ഉൾപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 187.22 കോടി രൂപ ചെലവഴിച്ച് പുതിയൊരു കെട്ടിട സമുച്ചയം പണി പൂർത്തിയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും വേഗത്തിൽ ഇതിന്റെ പണി |

| | | | | |
|---|---|---|---|---|
| | | | | പൂർത്തിയാകുന്നതോടെ അത്യാധുനിക ചികിൽസാ സൗകര്യവും മെച്ചപ്പെട്ട ഭൗതിക സാഹചര്യവുമുള്ള ജനറൽ വാർഡുകളും സജ്ജീകരിക്കാൻ കഴിയുന്നതാണ്. ആശുപത്രിയിൽ രോഗികളോടൊപ്പം എത്തുന്നവർക്ക് അതിവിശാലമായ ഒരു കാത്തിരിപ്പ് കേന്ദ്രം സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സജ്ജീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ ആർ.സി.സി.-യുടെ രണ്ടാം കാമ്പസ്സായി പുലയനാർകോട്ടയിൽ സർക്കാർ അനുവദിച്ച സ്ഥലത്ത് രോഗികളുടെ കൂട്ടിരിപ്പുകാർക്ക് അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ താമസ സ്ഥലവും വാർഡുകളിൽ കിടത്തി ചികിൽസ ആവശ്യമുള്ള രോഗികളുടെ പരിചരണത്തിനും മതിയായ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| 21 | 13/07 | 85 | ഫോർമാലിൻ കലർന്ന മത്സ്യം സംസ്ഥാനത്ത് എത്തിച്ചേരുന്നത് തടയുന്നതിന് കർശനമായ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - നടപടി സ്വീകരിച്ചു വരുന്നു. | മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിന് വേണ്ടി സംസ്ഥാനത്ത് ഓപ്പറേഷൻ സാഗർ റാണി പദ്ധതി വിജയകരമായി നടപ്പിലാക്കി. 2016 ഡിസംബർ മാസം മുതൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടത്തിൽ കേരളത്തിലെ വിവിധ മത്സ്യ ബന്ധന തുറമുഖങ്ങളിൽനിന്നും മൊത്ത വിപണന കേന്ദ്രങ്ങളിൽ നിന്നും ചില്ലറ വിൽപ്പനകേന്ദ്രങ്ങളിൽ നിന്നുമായി വിവിധ ഇനം മത്സ്യങ്ങളുടെയും, മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | ഐസിന്റെയും 490 സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. ടി സാമ്പിളുകൾ എറണാകുളത്തുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ തിരുവനന്തപുരം എറണാകുളം, കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളിലും പരിശോധനയ്ക്കായി അയച്ചിരുന്നു. തിരുവനന്തപുരം ജില്ലയിൽ മത്സ്യങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ 13 എണ്ണത്തിൽ ഫോർമാലിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഓപ്പറേഷൻ സാഗർ റാണിയുടെ ഭാഗമായി 36 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയച്ചതിൽ 9 എണ്ണം unsafe ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്മേൽ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ, എറണാകുളം ജില്ലകളിൽ പരിശോധനയ്ക്കയച്ച സാമ്പിളുകളിൽ unsafe ആയി റിപ്പോർട്ട് ചെയ്തിട്ടുള്ള മത്സ്യങ്ങളുടെയും മറ്റ് മത്സ്യങ്ങളുടെയും Statutory സാമ്പിളുകൾ പരിശോധനയ്ക്കായി ലാബിൽ അയക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ രണ്ട് സാമ്പിളുകൾ സബ്സ്റ്റാൻഡേർഡ് ആണെന്ന് കണ്ടെത്തിയതിനാൽ അഡ്ജൂഡിക്കേഷൻ ഫയൽ ചെയ്യാനുള്ള നടപടികൾ തുടങ്ങികഴിഞ്ഞു. മലപ്പുറം ജില്ലയിൽ ഓപ്പറേഷൻ സാഗർറാണിയുടെ ഭാഗമായി ശേഖരിച്ച സാമ്പിളുകളിൽ ഫോർമാലിൻ കലർന്നതായി കണ്ടെത്തിയിട്ടുള്ളവയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 15 |

| | | | | |
|---|---|---|---|---|
| | | | | സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയച്ചതിൽ 7 എണ്ണം സബ്സ്റ്റാൻഡേർഡ് ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓപ്പറേഷൻ സാഗർറാണിയുടെ ഭാഗമായി പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ പാലക്കാട്, വയനാട് കാസർഗോഡ് എന്നീ ജില്ലകളിൽ ശേഖരിച്ച മത്സ്യസാമ്പിളുകളിൽ ആരോഗ്യത്തിന് ഹാനികരമായ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല. |
| 22 | 13/08 | 23 | എല്ലാ മെഡിക്കൽ സിസ്റ്റത്തിന്റെയും ഏറ്റവും നൂതനമായ കണ്ടെത്തലുകളും മരുന്നുകളെ കുറിച്ചുള്ള വിവരവുമടങ്ങുന്ന ഒരു വലിയ പോർട്ടൽ സ്ഥാപിക്കുന്നതി നുള്ള പ്രോൽസാഹനം ആരോഗ്യ സർവ്വകലാശാലക്ക് നൽകുമോ?<br><br>ഉറപ്പ് - ഇതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. | എല്ലാ മെഡിക്കൽ സിസ്റ്റത്തിന്റെയും ഏറ്റവും നൂതനമായ കണ്ടെത്തലുകളും മരുന്നുകളെക്കുറിച്ചുള്ള വിവരവുമടങ്ങുന്ന ഒരു വലിയ പോർട്ടൽ സ്ഥാപിക്കുന്നതിനായി ആരോഗ്യ സർവ്വകലാശാല നാളിതുവരെ ശിപാർശകൾ സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച ശിപാർശ ലഭ്യമാവുകയാണെങ്കിൽ മാത്രമേ സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. നിലവിൽ പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| 23 | 13/08 | 83 | (എ) സംസ്ഥാനത്ത് മുഴുവൻ ജനങ്ങളുടെയും ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വികസിപ്പിച്ചെടുക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?<br><br>ഉറപ്പ് - സംസ്ഥാനത്ത് ജനങ്ങളുടെ ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വികസിപ്പിക്കുന്നതിന് നേരിട്ട് | (എ) സംസ്ഥാനത്ത് ജനങ്ങളുടെ ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വികസിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടെ ഇ-ഹെൽത്ത് കേരള എന്ന പദ്ധതി നടപ്പാക്കി വരുന്നു. വ്യക്തിയുടെ ആധാർ നമ്പർ ഉപയോഗിച്ച് വില്ലേജ് സർവ്വെ, ഹൗസ് സർവ്വെ, ഫാമിലി സർവ്വെ ഇവ മൂന്നും ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡിനു വേണ്ടി രജിസ്റ്റർ ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| | | | പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. ഇ-ഹെൽത്ത് കേരള എന്ന പദ്ധതിയുടെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾ പ്രയോജനപ്പെടുത്തി ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വികസിപ്പിച്ചെടുക്കാവുന്നതാണ്. | വ്യക്തിയുടെ ആരോഗ്യ വിവരങ്ങൾ, എന്തെങ്കിലും രോഗമുണ്ടോ എന്ന വസ്തുത, രോഗമുണ്ടെങ്കിൽ അതിന് നടത്തുന്ന ചികിൽസ എന്നീ വിവരങ്ങൾ കൂടി ശേഖരിക്കുന്നു. ഒരു വ്യതിരിക്ത നമ്പർ ഉപയോഗിച്ച് ശേഖരിക്കുന്ന ഈ വിവരങ്ങളാണ് ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡായി സെൻട്രൽ ഡാറ്റാ ബെയ്സിൽ ഉണ്ടാകുന്നത്. മേൽ ഇലക്ട്രോണിക് റിക്കാർഡ്, പ്രസ്തുത വ്യക്തി ചികിൽസ തേടി സർക്കാർ ആശുപത്രിയിൽ എത്തുമ്പോൾ ലഭ്യമാകുകയും തുടർ ചികിൽസയുടെ സംക്ഷിപ്ത രൂപം കൂടി ഇതോടൊപ്പം രേഖപ്പെടുത്തുകയും ചെയ്യുന്നു. |
| 24 | 13/08 | 89 | (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴികളിൽ മനുഷ്യ ശരീരത്തിൽ ക്യാൻസറിന് സാധ്യതയുള്ള ചില ഹോർമോണുകൾ പ്രയോഗിക്കുന്നു എന്ന ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന കോഴികളിൽ മനുഷ്യശരീരത്തിൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വിദേശ നിർമ്മിത മരുന്നുകൾ കുത്തിവയ്ക്കു ന്നുണ്ടോ എന്ന് പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) ഇറച്ചിക്കോഴികളിൽ ഹോർമോണുകൾ പ്രയോഗിക്കുന്നതു മൂലം മനുഷ്യ ശരീരത്തിൽ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ആധികാരികമായ പഠനം നടത്തേണ്ടത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള Indian Council of Medical Research (ICMR) ആണ്. പ്രസ്തുത പഠനം നടത്തിയത് സംബന്ധിച്ച് വിവരങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. ഇറച്ചിക്കോഴികളിൽ ഹോർമോണുകളുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാവകുപ്പ് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - ഉണ്ട്. ഇതേപ്പറ്റി വിശദമായ പഠനം നടത്തുവാൻ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതാണ്. | ഇത്തരം പരിശോധന നടത്തുന്നതിന് ശാസ്ത്രീയ സൗകര്യമുള്ളതും അംഗീകാരമുള്ളതുമായ ഹൈദ്രാബാദിലെ VIMTA ലാബിൽ പരിശോധനയ്ക്ക് അയച്ചിരുന്നു. എല്ലാ സാമ്പിളിന്റേയും പരിശോധനാഫലത്തിൽ BLQ (Below limit of Quantification) എന്നാണ് കാണിച്ചിട്ടുള്ളത് |
| 25 | 13/09 | 03 | (സി) മരുന്നു പരിശോധനാ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ലാബുകൾ ആരംഭിക്കുന്നതിനും എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ<br><br>ഉറപ്പ് - നിലവിൽ തിരുവനന്തപുരത്ത് ഒരു മരുന്നു പരിശോധനാ ലബോറട്ടറി മാത്രമാണ് ഉള്ളത്. ഇവിടെ പ്രതിവർഷം 4000 മരുന്നു സാമ്പിളുകൾ മാത്രമാണ് പരിശോധിക്കാൻ സാധിക്കുന്നത്. എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിക്കുന്നതോടെ കൂടുതൽ മരുന്നുകൾ പരിശോധിക്കുവാൻ കഴിയും. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ പുതിയ ലാബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇങ്ങനെ മരുന്നു പരിശോധനാ ലാബുകളുടെ എണ്ണം 5 | (സി) തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് പുറമേ 2012-ൽ എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി മരുന്നു പരിശോധനയ്ക്കായി പൂർണ്ണ സജ്ജമായി പ്രവർത്തനമാരംഭിച്ചതോടെ പ്രതിമാസം 8000-ത്തോളം മരുന്നു ബാച്ചുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ കഴിയുന്നുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന മൂന്നാമത്തെ മരുന്നു പരിശോധനാ ലാബിന്റെ വൈദ്യുതീകരണം, Civil Works 99% പൂർത്തിയാക്കിയിട്ടുണ്ട്. എക്യുപ്മെന്റ്സ് വാങ്ങി സജ്ജീകരിക്കൽ, ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിച്ച് വിന്യാസം നടത്തുക എന്നിവ ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതാണ്.<br>കോഴിക്കോട്, കോന്നി ലാബുകളുടെ കെട്ടിട നിർമ്മാണ പ്രക്രിയയ്ക്കുള്ള തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. കെട്ടിടം |

| | | | | |
|---|---|---|---|---|
| | | | ആകുന്നതോടുകൂടി കേരള വിപണിയിൽ വിറ്റഴിക്കുന്ന ആകെ മരുന്നുകളുടെ ഏകദേശം 10% സാമ്പിളുകൾ ടെസ്റ്റ് ചെയ്യാൻ സാധിക്കും. | പൂർത്തിയാകുന്ന മുറയ്ക്ക് ടി ലാബുകളും 2020-21 സാമ്പത്തിക വർഷത്തോടുകൂടി പ്രവർത്തന സജ്ജമാക്കുന്നതിലേയ്ക്കായാണ് ഉദ്ദേശിക്കുന്നത്. |
| 26 | 13/09 | 69 | (സി) പി.എച്ച്.സി. മുതലുള്ള എല്ലാ ആശുപത്രികളിലും കുറഞ്ഞത് ഒരു ലാബ് ടെക്നീഷ്യനും ആവശ്യമായ ഉപകരണ ങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - നടപടികൾ സ്വീകരിച്ച് വരുന്നു. | (സി) ആരോഗ്യ വകുപ്പിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. എങ്കിലും ഓരോ ആശുപത്രിയിലേയും ഒ.പി./ഐ.പി. കൂടാതെ കിടക്കകളുടെ എണ്ണം, വിവിധ സ്പെഷ്യാലിറ്റികളുടെ പ്രവർത്തനം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് തസ്തിക സൃഷ്ടിച്ചുവരുന്നത്. നിലവിൽ ജില്ലാ/താലൂക്ക് തല ആശുപത്രികളിൽ ആർദ്രം മിഷന്റെ അടിസ്ഥാനത്തിൽ നിശ്ചിത മാനദണ്ഡങ്ങളോടെയാണ് തസ്തിക സൃഷ്ടിച്ചുവരുന്നത്. ഇതനുസരിച്ച് സർക്കാർ ഉത്തരവ് നം.(എം.എസ്.) നം.101/2017/ ആ.കു.വ./തീയതി: 28/06/2017 പ്രകാരം ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 ന്റെ 84 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| 27 | 13/09 | 51 | (എ) കൊല്ലം ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ ?<br>ഉറപ്പ് - ഉണ്ട്. സംസ്ഥാനത്ത് കർഷകരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. | (എ) വിവിധ വിഭാഗം ആശുപത്രികളിലെ പദവി ഉയർത്തുക എന്നതിനല്ല. മറിച്ച് ജില്ലാ താലൂക്കാശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വികസിപ്പിക്കുക എന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. ഇതനുസരിച്ച് കൊല്ലം ജില്ലയിലെ ജില്ലാ തല |

| | | | | |
|---|---|---|---|---|
| | | | ഓൺലൈൻ ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. | ആശുപത്രി എന്ന നിലക്ക് ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 28 | 13/09 | 77 | (ജെ) ഹോട്ടലുകളിലും മറ്റുമുള്ള പരിശോധനകളുടെ അടിസ്ഥാനത്തിൽ ഒരിക്കൽ പിടിക്കപ്പെട്ട സ്ഥാപനങ്ങൾ വീണ്ടും ഇത്തരം പ്രവൃത്തികൾ ആവർത്തിക്കപ്പെട്ടാൽ എപ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?<br><br>ഉറപ്പ് - ലൈസൻസ് / രജിസ്ട്രേഷൻ റദ്ദാക്കൽ, കോമ്പൗണ്ടിംഗ്, ഫൈൻ വർദ്ധിപ്പിക്കുക എന്നതിനോടൊപ്പം പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കുന്നതാണ്. | (ജെ) ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന നടപടികൾ ലൈസൻസ്/ രജിസ്ട്രേഷൻ റദ്ദാക്കൽ, കോമ്പൗണ്ടിംഗ്, ഫൈൻ വർദ്ധിപ്പിക്കുക, പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| 29 | 13/09 | 114 | (ബി) പി.എച്ച്.സി.-കൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;<br><br>(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും പി.എച്ച്.സി.-കൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ?<br><br>ഉറപ്പ് - വിവരം ശേഖരിച്ചുവരുന്നു. | (ബി)&(സി) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി. എങ്കിലും ഉണ്ടായിരിക്കണം എന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു പി.എച്ച്.സി.-യോ, സി.എച്ച്.സി.-യോ താലൂക്ക് ആശുപത്രിയോ നിലവിൽ ഉണ്ട്.<br>പുതിയ ആരോഗ്യ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനോ, സ്ഥാപനങ്ങളുടെ പദവി ഉയർത്തുന്നതിനോ അല്ല, മറിച്ച് നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത |

| | | | | |
|---|---|---|---|---|
| | | | ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്. സി. എന്നതാണ് സർക്കാർ നയം. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. ആയതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ടി ആശുപത്രികളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം ഒരു ജില്ലയിൽ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഒരു താലൂക്കിൽ മാനദണ്ഡ പ്രകാരമുള്ള ഒരു താലൂക്കാശുപത്രിയും തെരഞ്ഞെടുത്ത് അധികമായി സ്റ്റാഫ് നേഴ്സിന്റെയും, ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |
| 30 | 13/10 | 15 | (ബി)ചെക്ക് പോസ്റ്റുകളോട് അനുബന്ധിച്ച് ഭക്ഷണസാധനങ്ങളിലെ മായം കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?<br><br>ഉറപ്പ്-അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന ഭക്ഷ്യോൽപ്പന്നങ്ങൾ പരിശോധിക്കുക എന്ന ഉദ്ദേശ്യം കൂടി മുൻനിറുത്തി മൂന്ന് മൊബൈൽ ലബോറട്ടറികൾ ഈ സാമ്പത്തിക വർഷത്തിൽ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. | (ബി) മൂന്ന് മൊബൈൽ ലാബുകളിൽ രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തനക്ഷമമാക്കുകയും ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പ്രസ്തുത ലാബുകൾ പ്രയോജനപ്പെടുത്തി പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 31 | 13/10 | 31 | (എ) മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ?<br><br>ഉറപ്പ് - സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെ എല്ലാത്തരം ആധുനിക ചികിത്സാ സൗകര്യങ്ങളും ലഭ്യമാകുന്ന ടേർഷ്യറി കൊളീജിയേറ്റ് ഹോസ്പിറ്റലുകളായി എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റലുകളേയും ഉയർത്തുന്നതിനായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് ഘട്ടം ഘട്ടമായി കേന്ദ്ര സംസ്ഥാന സർക്കാരുകളിലൂടെയും ഇതര ഏജൻസികളിലൂടെയുമുള്ള സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ചുമാത്രമെ പൂർത്തിയാ ക്കാൻ കഴിയൂ. നിലവിലുള്ള 6 സർക്കാർ മെഡിക്കൽ കോളേജുകളിൽ മഞ്ചേരി ഒഴികെയുള്ള കോളേജുകളിൽ മൾട്ടി ഡിസിപ്ലിനറി ഐ.സി.യു. സ്ഥാപിച്ചു വരികയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമായ വന്ധ്യതാ ചികിത്സയ്ക്കുള്ള അസിസ്റ്റഡ് റീപ്രോഡക്ടീവ് ടെക്നോളജി മറ്റു മെഡിക്കൽ കോളേജുകളിലും സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കാൻസർ രോഗത്തിനുള്ള മെച്ചപ്പെട്ട ചികിത്സാ സൗകര്യം | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എസ്.എസ്.വൈ. യിൽ ഉൾപ്പെടുത്തി ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ 150 കോടി രൂപ വീതം വകയിരുത്തി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതു കൂടാതെ താഴെപ്പറയുന്ന പദ്ധതികളും മെഡിക്കൽ കോളേജുകൾ നടത്തിവരുന്നു.<br>1. സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതി.<br>2. മരണാനന്തര അവയവ ദാന പദ്ധതി.<br>3. കാൻസർ ചികിത്സാ പദ്ധതി.<br>4. എല്ലാ മെഡിക്കൽ കോളേജുകളിലും ബയോമെഡിസിൻ വിഭാഗം ആരംഭിക്കാനുള്ള പദ്ധതി.<br>5. മാലിന്യ നിർമ്മാർജനത്തിനുള്ള പദ്ധതി.<br>6. വന്ധ്യതാ വിരുദ്ധ പദ്ധതി.<br>7. ഡ്രഗ് സ്റ്റോർ നവീകരണ പദ്ധതി. |

| | | | | |
|---|---|---|---|---|
| | | | ലഭ്യമാക്കുന്നതിനായി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലേ യും ബന്ധപ്പെട്ട വകുപ്പുകൾ ഏകീകരിച്ച് മിനി റീജിയണൽ കാൻസർ സെന്ററുകൾ സ്ഥാപിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. | |
| 32 | 13/10 | 65 | (എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള ചികിത്സാ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ?<br><br>ഉറപ്പ് - പദ്ധതി നടത്തിപ്പിനായി ആരോഗ്യ കേന്ദ്രങ്ങൾ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുഴുവൻ സ്ഥാപനങ്ങളെയും കെൽട്രോൺ വഴി സർവ്വേ നടത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം ഈ പദ്ധതിയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. | ആരോഗ്യ വകുപ്പിന് കീഴിലുള്ള ചികിൽസാ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടെ ഇ-ഹെൽത്ത് കേരള എന്ന പദ്ധതി നടപ്പാക്കി വരുന്നു. കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് ഇ-ഹെൽത്ത് കേരള. ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടി എത്തുന്ന വ്യക്തികളുടെ രോഗവും, ചികിത്സയും, ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുന്നു. അതോടൊപ്പം ആരോഗ്യ സാമൂഹിക പ്രവർത്തകർ, ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് നടത്തുന്ന ദൈനംദിന പ്രവർത്തനത്തിലൂടെ ശേഖരിക്കുന്ന സാമൂഹിക ആരോഗ്യ വിവരങ്ങൾ, ഓരോ വ്യക്തിയുടെയും ആധാർ, വോട്ടർ ഐ.ഡി. മുതലായ ഏതെങ്കിലും ഒരു വ്യതിരിക്ത നമ്പർ മുഖേന തമ്മിൽ ബന്ധിപ്പിച്ച് ഓരോ വ്യക്തിയുടേയും ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ സമഗ്രത ഈ പദ്ധതി ഉറപ്പാക്കുന്നു. ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ |

| | | | | |
|---|---|---|---|---|
| | | | | ഉപയോഗിച്ച നടത്തുന്ന ദൈനംദിന സർവേകൾ വഴി സാംക്രമിക രോഗങ്ങളുടെ ഉത്ഭവവും വ്യാപനവും യഥാവസരം കണ്ടെത്താനും സമയബന്ധിതമായ നടപടി സ്വീകരിക്കാനും സാധിക്കും. പദ്ധതി നടത്തിപ്പിനായി ആരോഗ്യ കേന്ദ്രങ്ങളിൽ ഇലക്ട്രിക്കൽ സപ്ലൈ നെറ്റ് വർക്കിംഗ്, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവ ആവശ്യമാണ്. കൂടാതെ ബന്ധപ്പെട്ട ജീവനക്കാർക്ക് ഉചിതമായ പരിശീലനവും നൽകേണ്ടതുണ്ട്. ഏഴ് ജില്ലകളിൽ എല്ലാ കേന്ദ്രങ്ങളിലും സർവ്വെ പൂർത്തീകരിച്ചു. പദ്ധതിയുടെ തിരുവനന്തപുരം ജില്ലയിലെ 9 പൈലറ്റ് ഇംപ്ലിമെന്റേഷൻ സെന്ററുകളിൽ ഹാർഡ് വെയറുകൾ ലഭ്യമാക്കി. പബ്ലിക് ഹെൽത്ത് സർവ്വേക്കാവശ്യമായ ടാബ്ലെറ്റുകൾ, കമ്പ്യൂട്ടറുകൾ എന്നിവ എല്ലാ ഫീൽഡ് ജീവനക്കാർക്കും നൽകാൻ ആവശ്യമായ തോതിൽ വാങ്ങിയിട്ടുണ്ട്. ജീവനക്കാരുടെ പരിശീലന പരിപാടി നടന്നു വരുന്നു. |
| 33 | 13/10 | 71 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററു കളില്ലാത്ത എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ഓരോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെങ്കിലും സ്ഥാപി ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?<br><br>ഉറപ്പ് - കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററു കളില്ലാത്ത ബ്ലോക്കുകളുണ്ടെങ്കിൽ | ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു പി.എച്ച്.സി. എങ്കിലും ഉണ്ടായിരിക്കണം എന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പി.എച്ച്.സി.-യോ സി.എച്ച്.സി.-യോ താലൂക്കാശുപത്രിയോ നിലവിലുണ്ട്. ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജില്ല താലൂക്ക്, ബ്ലോക്ക്, പഞ്ചായത്ത്തല ആരോഗ്യ സ്ഥാപനങ്ങളിൽ |

| | | | | |
|---|---|---|---|---|
| | | | തീർച്ചയായും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതാണ്. അതോടൊപ്പം ഒരു ബ്ലോക്കിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 4 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമി ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് തുടങ്ങുന്നതാണ്. | സൗകര്യങ്ങൾ ക്രമീകരിക്കുന്ന നടപടിക്രമം പരിഗണനയിലാണ്. |
| 34 | 13/10 | 77 | ആരോഗ്യ സർവ്വകലാശാലയിലെ സിൻഡിക്കേറ്റിന്റെ രൂപീകരണം, വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള സെനറ്റിന്റെ രൂപീകരണം, അക്കാഡമി കൗൺസി ലിന്റെ രൂപീകരണം തുടങ്ങിയ കാര്യ ങ്ങളിൽ എന്തു പുരോഗതിയാണുണ്ടായി ട്ടുള്ളത്; എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് സിൻഡിക്കേറ്റും സെനറ്റും വിദ്യാർത്ഥികളുടെ പ്രാതിനിധ്യത്തോടു കൂടി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?<br><br>ഉറപ്പ് - ആരോഗ്യ സർവ്വകലാശാലയിൽ സിൻഡിക്കേറ്റും സെനറ്റും രൂപീകരി ക്കുന്നതിന് വേണ്ടിയുള്ള നടപടി ക്രമങ്ങൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. താമസിയാതെ ആ സമിതികൾ നിലവിൽ വരുന്നതാണ്. | കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ആദ്യ സെനറ്റ് രൂപീകരിച്ചുകൊണ്ട് ഗവർണർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് എന്നതിന് പകരമായി കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമമനുസരിച്ച് ഗവേർണിംഗ് കൗൺസിൽ എന്ന സംവിധാനമാണ് നിലവിൽ ഉള്ളത്. ഗവേർണിംഗ് കൗൺസിലും അക്കാഡമിക് കൗൺസിലും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ രൂപീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 35 | 13/10 | 113 | അലഞ്ഞുതിരിഞ്ഞ് നടക്കുന്ന മാനസിക വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി ഹെൽപ്പ്ഡെസ്ക് തുടങ്ങാൻ സർക്കാർ തയ്യാറാണോ?<br><br>ഉറപ്പ് - സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഒരു ഹെൽപ്പ്ഡെസ്ക് സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. | അലഞ്ഞു തിരിഞ്ഞു നടക്കുന്ന മാനസിക രോഗികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് സാധാരണക്കാരായ ആളുകൾക്ക് വ്യക്തത വരുത്തുന്നതിനുവേണ്ടി ഹെൽപ് ഡെസ്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്ന DISHA (Direct Intervention System for Health Awareness) എന്ന ടെലി ഹെൽപ് ലൈനിലെ ജീവനക്കാരുടെ സേവനം ലഭ്യമാക്കാവു ന്നതാണെന്ന് 4-4-2016-ൽ ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ സേവനങ്ങളെ കുറിച്ചുള്ള വിവരവും, മാനസിക സംഘർഷങ്ങളെ അതിജീവിക്കുന്നതിലേക്കുള്ള കൗൺസിലിങ് സേവനങ്ങളും, പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ഡോക്ടറുടെ സേവനം ഫോണിൽ കൂടി ലഭ്യമാക്കുന്ന 'ഡയൽ എ ഡോക്ടർ' പ്രോഗ്രാമിന്റെ സേവനവും ദിശമുഖേന നൽകിവരുന്നു.<br>ദിശയുടെ സേവനം അലഞ്ഞു തിരിഞ്ഞു നടക്കുന്ന രോഗികളുടെ പുനരധിവാസത്തിലേക്കായി ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിച്ചിരുന്നു. എന്നാൽ പുനരധിവാസം ആവശ്യപ്പെട്ടുകൊണ്ട് ഒരു കോൾ പോലും ദിശയിൽ ലഭ്യമായിട്ടില്ല. പുനരധിവാസത്തിനായുള്ള കാൾ ലഭിക്കുന്ന പക്ഷം ആ പ്രദേശത്തിന്റെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനിൽ അറിയിക്കാനും കൂടാതെ |

| | | | | |
|---|---|---|---|---|
| | | | | ബന്ധപ്പെട്ട മേലധികാരികളെ അറിയിക്കാനുമുള്ള സൗകര്യങ്ങൾ ദിശയിൽ സജ്ജമാക്കിയിട്ടുണ്ട്. മെന്റൽ ഹെൽത്ത് ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ പ്രസ്തുത രോഗികളെ മനോരോഗ ചികിത്സാകേന്ദ്രങ്ങളിൽ എത്തിക്കേണ്ടതുമാണെന്ന വസ്തുത ജനങ്ങളിൽ എത്തിക്കാൻ ദിശയുടെ സേവനം ഉപയോഗിക്കാവുന്നതാണ്. |
| 36 | 13/11 | 21 | (എ) കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ?<br><br>ഉറപ്പ് - സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11-7-2013 മുതൽ പൂർണ്ണ രീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള | (എ) കേരളത്തിൽ 5 സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും കാരുണ്യ ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br>1. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി പാവപ്പെട്ട രോഗികൾക്കുള്ള വിവിധ ചികിത്സാ പദ്ധതികൾക്ക് മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി വിതരണം ചെയ്തുവരുന്നു.<br>2. **കാരുണ്യ ബെനവലന്റ് ഫണ്ട്** - ഹീമോഫീലിയ, ഡയാലിസിസ് എന്നിവ മൂലം ദുരിതമനുഭവിക്കുന്ന രോഗികൾക്ക് ഒരു സാന്ത്വനമെന്നോണം APL/BPL ഭേദമില്ലാതെ സൗജന്യ നിരക്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി മരുന്നുകൾ വിതരണം ചെയ്യുന്നതും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയാണ്. നിലവിൽ 761 ഡയാലിസിസ് |

| | | | | |
|---|---|---|---|---|
| | | | നടപടികൾ അന്തിമ ഘട്ടത്തിലാണ്. കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. | രോഗികൾക്കും ആയിരത്തോളം ഹീമോഫീലിയ രോഗികൾക്കും ഈ പദ്ധതിയിലൂടെ സേവനം നൽകി വരുന്നു.<br>3. സി.എ.പി.ഡി. - ഈ പദ്ധതി പ്രകാരം ഡയാലിസിസ് രോഗികൾക്കാവശ്യമായ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി വീട്ടുകളിൽ എത്തിച്ചു കൊടുക്കുന്നു. മുതിർന്ന പൗരൻമാർക്കും ശയ്യാവലംബരായ രോഗികൾക്കും ആവശ്യമായ മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുന്ന സേവനവും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി നൽകി വരുന്നു. നിലവിൽ 252 രോഗികൾക്ക് ഈ പദ്ധതിയിലൂടെ സേവനം നൽകി വരുന്നു. |
| 37 | 13/11 | 49 | (എ) താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് സെന്ററുകളിൽ സൗജന്യ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;<br>(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?<br><br>ഉറപ്പ് - കാരുണ്യ ബെനവലന്റ് ഫണ്ട്, | (എ)&(ബി) കാരുണ്യ, ആർ.എസ്.ബി.വൈ., ആർ.ബി.എസ്. കെ. പദ്ധതികളിൽ ഉൾപ്പെടുത്തി താലൂക്ക് ആശുപത്രികളിൽ രോഗികൾക്ക് ഡയാലിസിസ് സേവനം സൗജന്യമായി നൽകി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | മിഷൻ 676, പ്ലാൻ ഫണ്ട്, HMC, NRHM, RBSK എന്നീ പദ്ധതികൾ മുഖേന ഡയാലിസിസ് സേവനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. | |
| 38 | 13/11 | 75 | (ബി) കൂടുതൽ കാരുണ്യ ഔട്ട്ലെറ്റുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം തുടങ്ങാൻ ഉദ്ദേശിക്കുന്നു?<br><br>ഉറപ്പ് - കൂടുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. | (ബി) കേരളത്തിലുടനീളം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ 55 ഔട്ട് ലെറ്റുകളും 4 കാരുണ്യ ഡിപ്പോകളും നിലവിൽ പ്രവർത്തിച്ച് വരുന്നു. |
| 39 | 13/11 | 129 | വിദ്യാർത്ഥികളുടെ സമഗ്ര ആരോഗ്യം ലക്ഷ്യമാക്കി 'സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന പദ്ധതി പ്രഖ്യാപനത്തെക്കുറിച്ച് വ്യക്തമാക്കുമോ?<br><br>ഉറപ്പ് - 'സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന പദ്ധതി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കേരളത്തിലെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിനായി 77 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | 2014-15 കാലഘട്ടത്തിൽ 'സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന പദ്ധതി 140 സ്കൂളുകളിൽ നടപ്പാക്കി. 2015-16 കാലഘട്ടത്തിൽ പ്രസ്തുത പദ്ധതി 250 സ്കൂളുകളിൽ നടപ്പാക്കി. 2016-2017 സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലയിലെയും 20 സ്കൂളുകൾ ഉൾപ്പെടുത്തി സംസ്ഥാനത്തെ 280 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കി. 'സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന വിഷയത്തിൽ സെമിനാറുകളും ബോധവത്കരണക്ലാസ്സുകളും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെയും ന്യൂട്രീഷ്യൻസിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഇതു കൂടാതെ ഈ പദ്ധതി പ്രകാരം സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 'സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന വിഷയത്തിൽ ഉപന്യാസ മത്സരം പോസ്റ്റർ |

| | | | | |
|---|---|---|---|---|
| | | | | രചനാ മത്സരം എന്നിവ നടത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ഒരു സ്കൂളിലെ 8,9,11 ക്ലാസ്സിലെ 150 വിദ്യാർത്ഥികൾക്ക് SNF@ School എന്ന പേരിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. |
| 40 | 13/11 | 130 | 1954-ലെ Drugs & Magic remedies (Objectionable Advertisements) Act പ്രകാരം എന്തെല്ലാം രോഗ ചികിൽസയ്ക്കാണ് പരസ്യം നൽകാൻ പാടില്ലാത്തത്?<br><br>ഉറപ്പ് - 1954-ലെ Drugs & Magic remedies (Objectionable Advertisements) Act പ്രകാരം 51 രോഗങ്ങൾക്ക് അലോപ്പതിയിൽ പരസ്യം കൊടുക്കാൻ പാടില്ല. എന്നാൽ ആയുർവേദ മേഖലയിൽ പരസ്യം കൊടുക്കുന്നതിന് ലൈസൻസ് ഉണ്ട്. എന്തായിരുന്നാലും ഈ Act അനുസരിച്ച് അലോപ്പതി മരുന്നുപോലെ ആയുർവേദ ത്തിനും പരസ്യം നൽകാൻ കഴിയാത്ത തരത്തിലുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. | ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) ആക്ട് 1954-ൽ പട്ടികപ്പെടുത്തിയിട്ടുള്ള 54 തരം രോഗാവസ്ഥകൾ, മരുന്നുകൾ മുഖേന ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും എന്ന തരത്തിലുള്ള അവകാശവാദങ്ങൾ ഉന്നയിച്ചു കൊണ്ട് പരസ്യപ്പെടുത്താൻ പാടില്ല എന്ന് പ്രസ്തുത നിയമം നിഷ്കർഷിച്ചിട്ടുണ്ട്. ടി നിയമത്തിൽ പട്ടികപ്പെടുത്തിയിട്ടുള്ള രോഗാവസ്ഥകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. പ്രസ്തുത നിയമം ലംഘിക്കുന്നവർക്കെതിരെ ഡി.എം.ആർ (ഒ.എ.) പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ 110 കേസുകൾ സംസ്ഥാനത്തെ വിവിധ കോടതികളിലായി നടന്നുവരുന്നു. |
| 41 | 13/11 | 142 | (എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് "സുരക്ഷിത ആഹാരം - ആരോഗ്യത്തിന് ആധാരം" പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) 2014-15 കാലഘട്ടത്തിൽ 'സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം'എന്ന പദ്ധതി 140 സ്കൂളുകളിൽ നടപ്പാക്കി. 2015-16 കാലഘട്ടത്തിൽ പ്രസ്തുത പദ്ധതി 250 സ്കൂളുകളിൽ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - ഭക്ഷ്യ സുരക്ഷാ വകുപ്പ്, " സുരക്ഷിത ആഹാരം - ആരോഗ്യത്തിനാധാരം" എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതി ഗവൺമെന്റിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിക്കായി 2014-15-ലെ ബഡ്ജറ്റിൽ 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി, മിഷൻ 676-ന്റെ ആദ്യ നൂറു ദിവസങ്ങൾക്കുള്ളിൽ ആരംഭിക്കുന്നതാണ്. | നടപ്പാക്കി. 2016-2017 സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലയിലെയും 20 സ്കൂളുകൾ ഉൾപ്പെടുത്തി സംസ്ഥാനത്തെ 280 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കി. 'സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന വിഷയത്തിൽ സെമിനാറുകളും ബോധവൽക്കരണക്ലാസ്സുകളും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെയും ന്യൂട്രീഷ്യൻസിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഇതു കൂടാതെ ഈ പദ്ധതി പ്രകാരം സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് "സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന വിഷയത്തിൽ ഉപന്യാസ മത്സരം, പോസ്റ്റർ രചനാമത്സരം എന്നിവ നടത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 140 നിയമസഭാമണ്ഡലങ്ങളിലും ഒരു സ്കൂളിലെ 8,9,11 ക്ലാസുകളിലെ 150 വിദ്യാർത്ഥികൾക്ക് SNF@ School എന്ന പേരിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| 42 | 13/11 | 153 | ജീവൻ രക്ഷാ ചികിത്സ ഉറപ്പാക്കാൻ വേണ്ടിയുള്ള CODE-BLUE സംവിധാനം സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രി കളിലാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?<br>(സി) എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കാനുദ്ദേശിക്കുന്നത്?<br><br>ഉറപ്പ് - സംസ്ഥാനത്തെ എല്ലാ ആശുപ ത്രികളിലും ഘട്ടംഘട്ടമായി ഏർപ്പെടുത്തു | ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള കാഷ്വാലിറ്റി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും കാഷ്വാലിറ്റി മെഡിക്കലാഫീസർ , സ്റ്റാഫ് നഴ്സ് എന്നിവർക്ക് ഇതു സംബന്ധിച്ച് ട്രെയിനിംഗ് നല്കിയിട്ടുണ്ട്. നിലവിൽ ജനറൽ ആശുപത്രി എറണാകുളം , സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തൈക്കാട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ CODE-BLUE സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | വാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, എറണാകുളം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, അങ്കമാലി എന്നിവിടങ്ങളിലാണ് വ്യവസായ വാണിജ്യ മേഖലകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. | |
| 43 | 13/11 | 154 | തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചി രിക്കുന്ന ഘട്ടത്തിൽ പേവിഷബാധയ്ക്കുള്ള മരുന്നുകൾ, പ്രത്യേകിച്ച് കടിച്ചത് പേപ്പട്ടിയാണെന്ന് സ്ഥിരീകരിക്കുന്ന സന്ദർഭത്തിൽ മെഡിക്കൽ കോളേജുകളിലെങ്കിലും ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം.<br>ഉറപ്പ് - ഇമ്മ്യൂണോഗ്ലോബുലിന്റെ ക്ഷാമം പരിഹരിക്കുവാൻ സർക്കാർ എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ മരുന്ന് നിർമ്മിച്ച് മാർക്കറ്റിൽ ലഭ്യമാക്കുന്നതിന് മരുന്ന് കമ്പനികളെ പ്രേരിപ്പിക്കുന്നതിനും ശ്രമിക്കുന്നതാണ്. | മുൻ കാലങ്ങളിൽ മെഡിക്കൽ കോളേജ് മുതൽ താലൂക്ക് ആശുപത്രി വരെ വിതരണം ചെയ്തിരുന്ന ഇക്യൂൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ എന്ന ഇനം പട്ടികടിയേറ്റു വരുന്നവരുടെ ഗണ്യമായ വർദ്ധനവിനെത്തുടർന്ന് താലൂക്ക് തലത്തിലെ തിരഞ്ഞെടുത്ത ആശുപത്രികളിലും ലഭ്യമാക്കി കഴിഞ്ഞു. നിലവിൽ ടി ഇനത്തിന്റെ സംസ്ഥാന വാർഷിക ഇൻഡന്റ് 47.650 എണ്ണം വയലുകൾ ആണ്. കീഴ്ഘടക സ്ഥാപനങ്ങൾക്ക് 12618 എണ്ണം വിതരണം ചെയ്തശേഷം 25102 ഓളം വയലുകളുടെ ശേഖരണം വിവിധ സംഭരണശാലകളിലായി ലഭ്യമാണ്. |
| 44 | 13/11 | 172 | പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ എൻഡോസൾഫാൻ കീടനാശിനിയുടെ അമിതോപയോഗം മൂലമുള്ള രോഗങ്ങൾ തടയാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?<br><br>ഉറപ്പ് - എൻഡോസൾഫാന്റെ അമിതോ പയോഗം മൂലം രോഗങ്ങൾ കണ്ടെത്തി | പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ കൂടുതലായി പ്രയോഗിച്ചിരുന്ന എന്നു സംശയിക്കുന്ന മുതലമട തെൻകര എന്നീ പ്രദേശങ്ങളിൽ എൻഡോസൾഫാൻ ബാധിച്ചവർ എന്ന് സംശയിക്കുന്ന ആളുകളെ , തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിവിധ സ്പെഷ്യാലിറ്റിയിലുള്ള ഡോക്ടർമാരെ ഉൾപ്പെടുത്തി മുതലമടയിൽ സംഘടിപ്പിച്ച മെഡിക്കൽ |

| | | | | |
|---|---|---|---|---|
| | | | യിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പ് പ്രത്യേകമായിട്ടുള്ള ഒരു പാക്കേജ് മുതലമട പഞ്ചായത്തിനു വേണ്ടി പ്രഖ്യാപിച്ച് ചികിത്സാ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. | ക്യാമ്പിൽ പങ്കെടുപ്പിച്ചു. പ്രസ്തുത മെഡിക്കൽ ക്യാമ്പിൽ വൈകല്യമുണ്ടെന്ന് കണ്ടെത്തിയ 29 രോഗികളുടെ രോഗാവസ്ഥയ്ക്ക് കാരണം എൻഡോസൾഫാൻ പ്രയോഗമാണെന്ന് വിദഗ്ധ ഡോക്ടർമാരുടെ സംഘം സ്ഥിരീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിനുവേണ്ടി ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ചികിത്സാ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ട ആവശ്യം ഇല്ല. |
| 45 | 13/12 | 09 | (ബി) സ്വകാര്യ ആശുപത്രികൾ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ, സ്വകാര്യ ലബോറട്ടറികൾ ഇവയെ സൗകര്യ ങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേഡ് തിരിച്ച് ഫീസുകൾ ഏകീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?<br><br>ഉറപ്പ് - സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ലബോറട്ടികൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്ക് വേണ്ടി 'ദി ക്ലിനിക്കൽ | (ബി) സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017" - ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10-8-2017 ന് അവതരിപ്പിക്കുകയുണ്ടായി. ബില്ല് ഇപ്പോൾ സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയിലാ ണ്. ബിൽ നിയമമാകുന്ന മുറയ്ക്ക് സ്വകാര്യ ആരോഗ്യസ്ഥാപനങ്ങളുടെ ഫീസ് ഏകീകരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ സാധിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | എസ്റ്റാബ്ലിഷ്മെന്റ് ബിൽ' എന്നൊരു ബിൽ പാസാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. | |
| 46 | 13/12 | 10 | മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തു നടപടി കളാണുള്ളതെന്ന് വിശദമാക്കുമോ ?<br><br>ഉറപ്പ് - മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി നിലവിൽ തിരുവനന്തപുരത്തും എറണാകുളത്തുമായി രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൃശ്ശൂർ, കോഴിക്കോട്, പത്തനംതിട്ട എന്നിവിടങ്ങളിൽ മൂന്ന് ലാബുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു. തൃശ്ശൂരിൽ ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ടയിൽ ലാബ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. | സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സർക്കാർ തലത്തിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന രണ്ട് മരുന്ന് പരിശോധനാ ലബോറട്ടറികളാണുള്ളത്. അത്യാധുനിക പരിശോധനാ സൗകര്യങ്ങൾ ടി ലാബുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതിവർഷം 8000-ഓളം ബാച്ച് മരുന്നുകൾ ഇവിടെ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ആയത് പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ മരുന്നുപരിശോധനാ ലബോറട്ടറികൾ നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| 47 | 13/12 | 13 | സുകൃതം ആരോഗ്യ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിക്ക | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അർബുദ രോഗികൾക്ക് സൗജന്യ ചികിത്സാ സഹായം സർക്കാർ |

| | | | | |
|---|---|---|---|---|
| | | | ന്നതിനും ചികിത്സയ്ക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും സാധിക്കും വിധം കൂടുതൽ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - നടപടി സ്വീകരിച്ചു വരുന്നു. | മേഖലയിലുള്ള എട്ട് അർബുദ ചികിത്സാ കേന്ദ്രങ്ങളിൽ നൽകുവാൻ ലക്ഷ്യമിട്ട പദ്ധതിയാണ് സുകൃതം. ഇതിന്റെ ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം ആർ.സി.സി. മലബാർ ക്യാൻസർ സെന്റർ ,അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലായിരുന്നു സേവനം നൽകിയിരുന്നത്. ഇതിനായി കേരള ക്യാൻസർ കെയർ സൊസൈറ്റി രൂപീകരിക്കുകയും ആവശ്യമായ ഫണ്ട് ആശുപത്രികൾക്ക് നൽകുകയും ചെയ്തു. |
| 48 | 13/12 | 19 | (ഡി) എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസ് സ്ഥാപിച്ച് ഭക്ഷ്യസുരക്ഷാനിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - എല്ലാ നിയമസഭാ മണ്ഡല ങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസ് സ്ഥാപിച്ച് ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. | (ഡി) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഫുഡ്സേഫ്റ്റി ഓഫീസുകൾ സ്ഥാപിച്ച് ഫുഡ്സേഫ്റ്റി ഓഫീസർമാരെ നിയമിക്കുകയും അവർക്ക് നിയമത്തിൽ അനുശാസിക്കും പ്രകാരം 45 ദിവസത്തെ പരിശീലനം നൽകി ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട് |
| 49 | 13/12 | 21 | (സി) സംസ്ഥാനത്തെ മുഴുവൻ പി.എച്ച്.സി.-കളിലും ലാബ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കു ന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ദേശീയ ആരോഗ്യ ദൗത്യത്തിലെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക ആരോഗ്യ/ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - ദേശീയ ആരോഗ്യ ദൗത്യത്തിലെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക ആരോഗ്യ/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കി ലാബുകൾ പ്രവർത്തന സജ്ജമാക്കുന്നതുമാണ്. | സംവിധാനം ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവായി. [ജി.ഒ (ആർ.റ്റി) നം. 3773 /2013/ആ.കു.വ. തീയതി 12/11/2013] ലബോറട്ടറി സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനു 3,20,000 രൂപയാണ് ചിലവ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ 80% തുക ലാബിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി എൻ.ആർ.എച്ച്.എം. വഴിയും 20% തുക പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് ചെലവഴിക്കേണ്ടത്. 20% തുക ചെലവഴിച്ച് പശ്ചാത്തലസൗകര്യം ഒരുക്കിയ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലാണ് പദ്ധതിവഴി എൻ.ആർ.എച്ച്.എം ഉപകരണങ്ങൾ നൽകിയത്. 2014 മുതൽ 2017 വരെ ഇങ്ങനെ സൗകര്യമൊരുക്കിയതായി അറിയിച്ച 203 സ്ഥാപനങ്ങളിൽ എൻ.ആർ.എച്ച്.എം, കെ.എം.സി.എൽ. മുഖേന ഉപകരണങ്ങൾ വിതരണം ചെയ്തു. ലാബിന്റെ തുടർ പ്രവർത്തനത്തിന് ആവശ്യമായ ലാബ് ടെക്നീഷ്യന്മാരുടെ നിയമനവും, ശമ്പളവും റീ-ഏജന്റിന്റെ ചെലവും അതാത് പഞ്ചായത്ത് എച്ച്.എം.സി. ആണ് വഹിക്കേണ്ടത്. ഇപ്രകാരം 174 സ്ഥാപനങ്ങൾ എച്ച്.എം.സി. യുടെ നേതൃത്വത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു. ബാക്കി 29 സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| 50 | 13/12 | 23 | (എ) സംസ്ഥാനത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നുണ്ടോ;<br>(ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് കരൾമാറ്റ ശസ്ത്രക്രിയ ചെയ്യുവാൻ സൗകര്യമുള്ളത്?<br><br>ഉറപ്പ് - നിലവിൽ സർക്കാർ മേഖലയിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിച്ചിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. | (എ)&(ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്ന ഡോക്ടർമാരുടെ ആദ്യ ബാച്ചിന് ഇതിനോടകം കരൾമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട വിദഗ്ധ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. അത്യാവശ്യം വേണ്ട ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കരൾ ദാനം ചെയ്യുന്നതിനുള്ള ദാതാക്കളുടെ ലഭ്യതക്കുറവ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമാകാൻ സാധ്യതയുണ്ട്. |
| 51 | 13/12 | 32 | (ബി) ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എങ്കിലും ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ അത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - സ്ഥല സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. | (ബി) ദേശീയ മാനദണ്ഡമനുസരിച്ച് ബ്ലോക്ക് തല ആരോഗ്യ സ്ഥാപനങ്ങളിലാണ് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നത്. സംസ്ഥാനത്ത് അസംബ്ലി മണ്ഡലങ്ങളുമായി ബന്ധപ്പെടുത്തി സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിച്ചിരുന്നില്ല. പദവി ഉയർത്തുകയും പുതിയ സ്ഥാപനങ്ങൾ അനുവദിക്കുകയോ എന്നതിലുപരി ആരോഗ്യ വകുപ്പിലെ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന തിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. ആയതിന്റെ ഭാഗമായി ആരംഭിച്ച ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ച് വരികയാണ്. ആർദ്രം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തന്നെ തെരഞ്ഞെടുക്കപ്പെട്ട 170-പ്രാഥമികാരോഗ്യ |

| | | | | |
|---|---|---|---|---|
| | | | | കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ടി സ്ഥാപനങ്ങളിലേയ്ക്ക് ഒരു ഡോക്ടറുടെയും രണ്ട് സ്റ്റാഫ് നഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ തിരക്ക് കൂടിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി 150 ഫാർമസിസ്റ്റുമാരുടെ അധിക തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രമെങ്കിലും ഉണ്ടായിരിക്കണമെന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രമോ സാമൂഹികാരോഗ്യ കേന്ദ്രമോ താലൂക്കാശുപത്രിയോ നിലവിലുണ്ട്. |
| 52 | 13/12 | 35 | (എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കാരുണ്യ ഫാർമസി ആരംഭിച്ചിട്ടുണ്ടോ?<br><br>ഉറപ്പ് - സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കു വാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 24 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം | (എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ശാഖകൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിലുടനീളം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ 55 ഔട്ട് ലെറ്റുകളും 4 കാരുണ്യ ഡിപ്പോകളും പ്രവർത്തിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | ആരംഭിച്ച കഴിഞ്ഞു. ബാക്കിയുള്ളവയുടെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. | |
| 53 | 13/12 | 49 | ജനവാസകേന്ദ്രങ്ങളിൽ മൊബൈൽ ടവറുകൾ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെ നേരിടാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?<br>ഉറപ്പ്- മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനും അതിൽ ഉറപ്പിക്കുന്ന ആന്റിന (ട്രാൻസ്പോണ്ടർ)-യുടെ എണ്ണം, സ്ഥാനം, ദിശ, ഉയരം, ആവൃത്തി, ഊർജ്ജം എന്നിവയുടെ കാര്യത്തിൽ ശക്തമായ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. | 15-3-2014-ലെ G.O.(Ms) No.14/2014/ITD ഉത്തരവ് പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവർ സംബന്ധിച്ച സാങ്കേതിക കാര്യങ്ങൾ (പ്രസരണ തീവ്രത, പരിസരവാസികളുടെ പരാതി ഉൾപ്പെടെയുള്ളവ) പരിശോധിച്ച ശേഷമാണ് ടവർ സ്ഥാപിക്കുന്നതിനുള്ള ക്ലിയറൻസ് നൽകുന്നത്. ഇതിനായി ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല ടെലികോം കമ്മറ്റികളും, ചീഫ് സെക്രട്ടറി ചെയർമാനായി സംസ്ഥാനതല കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ടവർ സ്ഥാപിക്കുന്നതിന് ടെലികോം കമ്മിറ്റിയുടെ ക്ലിയറൻസും തദ്ദേശ സ്ഥാപനത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റും നിർബന്ധമാക്കിയിട്ടുണ്ട്. |
| 54 | 13/12 | 64 | ഗവൺമെന്റ് പോളിസി എന്ന നിലയിൽ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിലെങ്കിലും സ്കാനിംഗ് സൗകര്യമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ; കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും പദ്ധതികളിൽപ്പെടുത്തി ആവശ്യമായ ഫണ്ട് ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകുമോ? | എം.ആർ.ഐ. സ്കാൻ എല്ലാ മെഡിക്കൽ കോളേജിലും നിലവി ലുണ്ട്. കൂടാതെ എറണാകുളം ജനറൽ ഹോസ്പിറ്റലിലും കൊല്ലം ജില്ലാ ആശുപത്രിയിലും പ്രവർത്തിച്ചുവരുന്നു |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - എം.ആർ.ഐ. സ്കാൻ എല്ലാ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ഹോസ്പിറ്റലിലും നിലവിലുണ്ട്. അടുത്ത ഘട്ടത്തിൽ സാമ്പത്തിക കാര്യങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ട് ജനറൽ ആശുപത്രിയിലും ഇത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. | |
| 55 | 13/12 | 74 | 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടത്തുന്നതിന്റെ ഉത്തരവ് എത്രയുംവേഗം എല്ലാ സൗകര്യങ്ങളോടും കൂടി പ്രാബല്യത്തിൽ വരുത്താൻ നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ് - ഈ ഉത്തരവ് ഏറ്റവും വേഗത്തിൽ പ്രായോഗിക തലത്തിൽ വരുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുന്നു. | 26-10-2015-ലെ സ.ഉ(എം.എസ്.) 239/2015/ ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും കാസർകോഡ് ജനറൽ ആശുപത്രിയിലും പോസ്റ്റ്മോർട്ടം രാത്രിയിലും നടത്തേണ്ടതായി വരുന്ന അത്യാവശ്യ ഘട്ടങ്ങളിൽ രാത്രികാലത്തും പോസ്റ്റുമോർട്ടം നടത്താമെന്ന് ഉത്തരവായിരുന്നു. എന്നാൽ അവയവദാനവുമായി ബന്ധപ്പെട്ട കേസുകളിലും മെഡിക്കൽ ലീഗൽ കോഡ് പ്രകാരം ലോ ആന്റ് ഓർഡർ സ്ഥിതിഗതികളുമായി ബന്ധപ്പെട്ട കേസുകളിലും സമയക്രമം നോക്കാതെ തന്നെ ഇപ്പോഴും പോസ്റ്റ്മോർട്ടം നടക്കുന്നുണ്ടെങ്കിലും കേരളത്തിലെ ആശുപത്രികളിലൊന്നും തന്നെ നിലവിൽ ഇരുപത്തിനാലു മണിക്കൂറും പോസ്റ്റ്മോർട്ടം പൂർണ്ണമായ തോതിൽ നടക്കുന്നില്ല. 26-10-2015-ലെ സ.ഉ(എം.എസ്) 239/2015/ആ.കു.വ. നമ്പർ ഉത്തരവ് പ്രായോഗികതലത്തിൽ വരുത്തുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | | നടപടികൾ സർക്കാർ കൈക്കൊള്ളുന്നുണ്ടെങ്കിലും ഇരുപത്തിനാല് മണിക്കൂർ പോസ്റ്റുമോർട്ടം നടത്താനാവശ്യമായ ജീവനക്കാർ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, കൃത്രിമവെളിച്ചം, സ്ഥലപരിമിതികൾ, മറ്റ് അനുബന്ധ ഉപകരണങ്ങളുടെ ലഭ്യതക്കുറവ് എന്നിവ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് പ്രധാനമായ തടസ്സമായി ഇപ്പോഴും നിലകൊള്ളുകയാണ്. |
| 56 | 13/12 | 76 | വയനാട്ടിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - മെഡിക്കൽ കോളേജിനായി സൗജന്യമായി വിട്ടുതന്ന സ്ഥലത്തിന്റെ നിയമപരമായ ക്ലിയറൻസ് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. | 5-2-2016 തീയതിയിലെ സ.ഉ(സാധാ) 412/ 2016/ആ.കു.വ. പ്രകാരം വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ 50 ഏക്കർ 12 സെന്റ് ഭൂമി മെഡിക്കൽ കോളേജ് നിർമ്മിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും നിർമ്മാണ പ്രവർത്തികൾക്കുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി INKEL-നെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, അക്കാദമിക് ബ്ലോക്ക്, അക്കോമൊഡേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 6,25,38,52,931 രൂപയുടെ പദ്ധതി KIIFB സഹായത്തോടെ നടപ്പിലാക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| 57 | 13/13 | 02 | (ബി) ആയുർവേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കു | (ബി) 29-6-2017-ലെ സ.ഉ.(കൈ) നം.16/2017/ആയുഷ് നം. ഉത്തരവ് പ്രകാരം |

| | | | | |
|---|---|---|---|---|
| | | | ന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?<br><br>ഉറപ്പ് - ആയുർവേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിനായി ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | സംസ്ഥാനത്ത് ആയുർവേദ ചികിത്സ പൂർണ്ണമായും ലഭ്യമല്ലാത്ത തിരുവനന്തപുരം ജില്ലയിലെ കരുങ്കുളം, ആലപ്പുഴ ജില്ലയിലെ രാമങ്കരി, ഇടുക്കി ജില്ലയിലെ പള്ളിവാസൽ, എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ എന്നീ നാലു പഞ്ചായത്തുകളിൽ പുതുതായി നാല് ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നല്കിയും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചും ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ഇപ്രകാരം സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഇപ്പോൾ ആയുർവേദ ചികിത്സാ സൗകര്യം ലഭ്യമാണ്. |
| 58 | 13/13 | 20 | (എ) ലെയ്സ്, ചീറ്റോസ്, കുർകുറേ തുടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; (ബി) ഇവ കുട്ടികളിൽ സൃഷ്ടിക്കുന്ന "ഭക്ഷണ അടിമത്വം" സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവയെല്ലാം സംബന്ധിച്ച് ഒരു പഠനം നടത്തി അടിയന്തര നടപടികൾ കൈക്കൊള്ളുമോ?<br>ഉറപ്പ് - ലെയ്സ്, ചീറ്റോസ്, കുർകുറേ എന്നിവ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ല. ഈ വിഷയത്തിൽ പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. | (എ)&(ബി) ലെയ്സ്, ചീറ്റോസ്, കുർകുറേ തുടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ഭക്ഷ്യസുരക്ഷാവകുപ്പ് ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 59 | 13/13 | 26 | (ബി) സംസ്ഥാനത്തെ സ്കൂൾ-കോളേജ് തലങ്ങളിൽ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നല്കുന്നതിനും പകർച്ച വ്യാധികൾക്ക് എതിരെ ജാഗ്രത പുലർത്തുന്നതിനും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പദ്ധതി നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?<br><br>ഉറപ്പ് - പകർച്ചവ്യാധി പ്രതിരോധ കർമ്മ പരിപാടിയിൽ വിദ്യാഭ്യാസ വകുപ്പ് അനുവർത്തിക്കേണ്ട കാര്യങ്ങൾ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ പ്രസ്തുത വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നുണ്ട്. | (ബി) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി പ്രവർത്തിച്ച് വരുന്ന ആർ.ബി.എസ്.കെ പ്രോഗ്രാമിൽ ഉൾപ്പെടുത്തി ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂൾ ഹെൽത്ത് നഴ്സിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു. 2015-16-ൽ നടപ്പിലാക്കിയ വിവിധ അവബോധ പരിപാടികളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| Health Education Classes taken by | RBSK Nurse | 117504 |
| | Medical Officers | 4698 |
| | Supervisory staff (HS,LHS,HI, LHI PROs) | 4926 |
| | Experts | 4680 |
| Competitions conducted as part of Observation of important health days | Quizz | 5243 |
| | Essay | 2058 |
| | Painting | 1327 |
| | Others | 2533 |
| | Exhibitions | 1691 |

<table>
<tr>
<td></td>
<td></td>
<td></td>
<td></td>
<td>
<table>
<tr><td rowspan="4">Health activities</td><td>Rallies</td><td>1412</td></tr>
<tr><td>Seminars</td><td>1182</td></tr>
<tr><td>Focus group discussion</td><td>8627</td></tr>
<tr><td>Other activities</td><td>10977</td></tr>
</table>
മേൽ വിവരിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ എല്ലാം തന്നെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം, പകർച്ചവ്യാധി, പ്രതിരോധം തുടങ്ങിയ വിവിധങ്ങളായ വിഷയങ്ങളെ സംബന്ധിക്കുന്ന താണ്. കൂടാതെ വിദ്യാലയ ആരോഗ്യ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ച് വരുന്ന ഹെൽത്ത് ക്ലബുകൾ വഴി അധ്യാപക, വിദ്യാർത്ഥികളുടേയും സഹകരണത്തോടെ ശനിയാഴ്ചകളിൽ ഡ്രൈ ഡെ (Dry Day) ആചരിക്കുകയും, മഴക്കാല പൂർവ്വ ശുചീകരണവും, കൊതുക് ജന്യരോഗങ്ങൾ തടയുന്നതിന് വേണ്ടിയുള്ള സർവ്വേ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. വകുപ്പുതല ഉദ്യോഗസ്ഥരുമായി വിവിധ തലങ്ങളിൽ ഇത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ചർച്ചകൾ നടന്നുവരുന്നു. സ്കൂൾ അസംബ്ലികളിൽ എല്ലാ ബുധനാഴ്ചയും വിദ്യാർത്ഥികൾ ആരോഗ്യ സംബന്ധമായ പ്രതിജ്ഞ എടുക്കുന്നു.
</td>
</tr>
<tr>
<td>60</td>
<td>13/14</td>
<td>08</td>
<td>അലോപ്പതി, ആയുർവ്വേദം ഹോമിയോ ആശുപത്രികൾ ഇല്ലാത്ത സംസ്ഥാനത്തെ</td>
<td>ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു പി.എച്ച്.സി. എങ്കിലും ഉണ്ടായിരിക്കണം എന്നതാണ്</td>
</tr>
</table>

| | | | | |
|---|---|---|---|---|
| | | | എല്ലാ പഞ്ചായത്തുകളിലും ആയത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?<br><br>ഉറപ്പ് - ഘട്ടം ഘട്ടമായി ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. | നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പി.എച്ച്.സി.-യോ, സി.എച്ച്.സി.-യോ, താലൂക്കാശുപത്രിയോ നിലവിലുണ്ട്. പുതിയ സ്ഥാപനങ്ങൾ അനുവദിക്കുകയോ സ്ഥാപനങ്ങളുടെ പദവി ഉയർത്തുകയോ എന്നതിനല്ല ആരോഗ്യ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ ക്രമീകരിച്ച് ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുക എന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. ആയതിന്റെ ആദ്യഘട്ടം എന്ന നിലയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ടി ആശുപത്രികളിൽ ഒരു ഡോക്ടറുടേയും രണ്ട് സ്റ്റാഫ് നഴ്സിന്റേയും ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ഈ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 150 ഗ്രേഡ് II ഫാർമസിസ്റ്റുകളുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ട്. കൂടാതെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ജില്ലാ താലൂക്ക് തല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടെ |

| | | | | |
|---|---|---|---|---|
| | | | | സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. ഇതനുസരിച്ച് ഈ ആശുപത്രികളിൽ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| 61 | 13/14 | 13 | (എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിൽ കീടനാശിനിയുടെ അംശം ഇല്ലെന്നുറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?<br>ഉറപ്പ് - സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതുൾപ്പെടെ എല്ലാത്തരം പച്ചക്കറികളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുവാനും അനുവദനീയമായ അളവിലും കൂടുതൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്ന പക്ഷം 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. | (എ) കേരളത്തിലെ പച്ചക്കറി മാർക്കറ്റുകളിൽ നിന്നും ചെക്ക് പോസ്റ്റുകളിൽ കൂടി കടന്നു വരുന്ന ലോറികളിൽ നിന്നും പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധിച്ചു വരുന്നു. ഇതുകൂടാതെ സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന പരിധിയിലും കൂടുതലായി കീടനാശിനികളുടെ അളവും കണ്ടെത്തിയാൽ അവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സൂപ്പർ മാർക്കറ്റുകൾ എന്നിവയിൽ നിന്നുൾപ്പെടെ ശേഖരിച്ച പച്ചക്കറി സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ മാരക കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | | പച്ചക്കറി സാമ്പിളുകൾ ശേഖരിച്ചു ലാബുകളിൽ അയച്ച് കർശന രാസപരിശോധന നടത്താൻ നിർദ്ദേശം നൽകുകയും അതുപ്രകാരം ഉദ്യോഗസ്ഥർ സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിക്കുകയും ചെയ്തു. തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലാബിൽ 2016-17 സാമ്പത്തിക വർഷത്തിൽ 64 പഴം, പച്ചക്കറി സാമ്പിളുകൾ പരിശോധിച്ചതിൽ വള്ളിപ്പയർ, വെണ്ടയ്ക്ക, കോവയ്ക്ക, എന്നിവയിൽ പെസ്റ്റിസൈഡിന്റെ അമിതമായ സാന്നിദ്ധ്യം കണ്ടെത്തി. തിരുവനന്തപുരം, എറണാകുളം ലാബുകളിൽ 42 ഇനം പച്ചക്കറികൾ പരിശോധിച്ചതിൽ പയറിൽ ക്ലോർപൈറിഫോസ് എന്ന കീടനാശിനി അനുവദനീയമായ അളവിലും കൂടുതൽ കണ്ടെത്തി 9 പഴവർഗ്ഗങ്ങൾ പരിശോധിച്ചതിൽ മുന്തിരിയിൽ ക്ലോർപൈറി ഫോസ്, പ്രൊപ്പനോഫോസ് എന്നീ കീടനാശിനികൾ അമിതമായി കണ്ടെത്തി. ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം 2006 ജൈവ പച്ചക്കറിക്ക് പ്രത്യേക ഗുണനിലവാര വ്യവസ്ഥകൾ നിർവചിച്ചിട്ടില്ല. എന്നിരുന്നാലും ജൈവ പച്ചക്കറികളിലും കീടനാശിനികളുടെ അംശം കാണാൻ പാടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ കബളിപ്പിക്കുന്ന ലേബലുകൾ (മിസ്ബ്രാൻഡ്) ഉപയോഗിച്ചതിന്റെ അടിസ്ഥാന ത്തിൽ കേസ്സുകൾ എടുത്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 62 | 13/14 | 19 | (സി) വിപണനം ചെയ്യപ്പെടുന്ന ഭക്ഷണ പാനീയങ്ങളിൽ മായം ചേർക്കുന്നതും കീടനാശിനികൾ അമിതമായി പ്രയോഗിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും ജനങ്ങളുടെ പങ്കാളിത്തത്തോടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - സംസ്ഥാന വ്യാപകമായി ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി വ്യാപാരികൾക്കും പൊതുജനങ്ങൾക്കുമായി ഇതിനകം 3000-ത്തിൽ അധികം ക്ലാസുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി കൂടുതൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സുരക്ഷിതഭക്ഷണം. ആരോഗ്യത്തിനാധാരം പദ്ധതി.' ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ജംഗ്ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണപദാർത്ഥങ്ങൾ, ലഹരി വസ്തുക്കളായ ഗുഡ്ക പാൻമസാല എന്നിവയെ കുറിച്ചുള്ള ദൂഷ്യവശങ്ങളെപ്പറ്റി പരിശീലനം ഇതിനകം നൽകിക്കഴിഞ്ഞു. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതാതു സ്കൂളുകളിലെ മറ്റു കുട്ടികൾക്ക് പരിശീലനം നൽകുന്നതാണ്. ടി പരിപാടി ഈ വർഷം മറ്റു സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യം പരിശോധിച്ചുവരുന്നു. | 2014-15 കാലഘട്ടത്തിൽ "സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന പദ്ധതി 140 സ്കൂളുകളിൽ നടപ്പാക്കി. 2015-16 കാലഘട്ടത്തിൽ പ്രസ്തുത പദ്ധതി 250 സ്കൂളുകളിൽ നടപ്പാക്കി. 2016-2017 സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലയിലെയും 20 സ്കൂളുകൾ ഉൾപ്പെടുത്തി സംസ്ഥാനത്തെ 280 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കി. "സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന വിഷയത്തിൽ സെമിനാറുകളും ബോധവത്കരണ ക്ലാസ്സുകളും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെയും ന്യൂട്രീഷ്യൻസിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഇതു കൂടാതെ ഈ പദ്ധതി പ്രകാരം സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് "സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന വിഷയത്തിൽ ഉപന്യാസ മത്സരം പോസ്റ്റർ രചനാ മത്സരം എന്നിവ നടത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ഒരു സ്കൂളിലെ 8,9,11, ക്ലാസ്സിലെ 150 വിദ്യാർത്ഥികൾക്ക് SNF@ School എന്ന പേരിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 63 | 13/14 | 38 | (ഡി) കരൾമാറ്റ ശസ്ത്രക്രിയ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?<br>ഉറപ്പ് - സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് പരിശീലനം ലഭിച്ച ഡോക്ടർമാരുടേയും അതിനാവശ്യമായ ആധുനിക ഉപകരണങ്ങളുടേയും ലഭ്യതയ്ക്കനുസരിച്ച് ടി ശസ്ത്രക്രിയ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്ന ഡോക്ടർമാരുടെ ആദ്യ ബാച്ചിന് ഇതിനോടകം കരൾമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട വിദഗ്ധ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. അത്യാവശ്യം വേണ്ട ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കരൾ ദാനം ചെയ്യുന്നതിനുള്ള ദാതാക്കളുടെ ലഭ്യതക്കുറവ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമാകാൻ സാധ്യതയുണ്ട്. |
| 64 | 13/14 | 39 | (സി) ലേസർ ലൈറ്റുകളുടെ ഉപയോഗം മനുഷ്യ നേത്രങ്ങൾക്കുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് പഠനം നടത്താനും കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ്-ഇതു സംബന്ധിച്ച പഠനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. | ദൂഷ്യവശങ്ങളെക്കുറിച്ച് ശാസ്ത്രീയപഠനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെയും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 65 | 13/14 | 40 | (സി) ജൻ ഔഷധി സെന്ററുകൾ ആരംഭിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ: മരുന്നുകൾക്ക് 60% വരെ വിലക്കുറവ് ഉണ്ടാകുന്ന പ്രസ്തുത പദ്ധതി, ജില്ലാ, താലൂക്ക് ആശുപത്രികളിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | നിലവിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ആകെ 265 ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നോർത്ത് പറവൂരിലെ താലൂക്ക് ആശുപത്രിയിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ജൻ ഔഷധി സ്റ്റോർ തുടങ്ങിയിട്ടുണ്ട്. മറ്റ് ജില്ലാ/താലൂക്ക് ആശുപത്രികളിൽ ജൻ ഔഷധി |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുവാൻ സംസ്ഥാനമൊട്ടാകെ ജൻ ഔഷധ സെന്ററുകൾ ആരംഭിക്കുന്നുവെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതിനെ തുടർന്ന് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഏജൻസിയായി പ്രഖ്യാപിക്കുന്നതിന് സപ്ലൈകോയും, കെ.എം.എസ്.സി.എൽ.-ഉം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നടത്തിപ്പ് ഏജൻസിയെ തീരുമാനിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. | മെഡിക്കൽ സ്റ്റോറുകൾ തുടങ്ങിയിട്ടില്ല. എന്നിരുന്നാലും കേരളത്തിലെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും രോഗികൾക്ക് മരുന്നുകൾ സൗജന്യമായാണ് നൽകുന്നത്. |
| 66 | 13/14 | 50 | (ഡി) ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ സഹായിക്കുന്ന ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ സേവനം എല്ലാ ജില്ലയിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - 2012-13 വാർഷിക പദ്ധതി പ്രകാരമാണ് തിരുവനന്തപുരത്തും കോഴിക്കോട്ടും ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചത്. 2013-14 വാർഷിക പദ്ധതിയിൽ എറണാകുളത്തും കണ്ണൂരും കൂടി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിച്ചു. ഈ വർഷം (2015-16) വാർഷിക പദ്ധതി പ്രകാരം കൊല്ലത്തും മലപ്പുറത്തും പുതിയ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിക്കുന്നു. തുടർന്ന് മറ്റ് ജില്ലകളിൽ കൂടി വാർഷിക പദ്ധതി പ്രകാരം ഘട്ടം ഘട്ടമായി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിക്കുന്നതും കാലക്രമേണ ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതുമാണ്. | പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും, ചികിത്സിക്കുന്നതിനുമായി ആരംഭിച്ച ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ സേവനം തുടർന്നുവന്ന സംസ്ഥാന വാർഷിക പദ്ധതികൾ പ്രകാരം ക്രമേണ മറ്റ് ജില്ലകളിൽ കൂടി ആരംഭിക്കുകയും 2017-18-ൽ സംസ്ഥാനത്തെ എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വാർഷിക പദ്ധതി പ്രകാരം ഹോമിയോപ്പതി വകുപ്പിന്റെ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. നാഷണൽ ആയുഷ് മിഷന് കീഴിൽ തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലും ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 67 | 13/14 | 100 | പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമോ ഇല്ലയോ എന്നുള്ളത് അനിശ്ചിതമായി നീണ്ടുപോകുന്നതിനെക്കുറിച്ച് തീർച്ചയോടുകൂടി ഈ സഭയിൽ പ്രഖ്യാപിക്കാൻ കഴിയുമോ; മെഡിക്കൽ കോളേജ് ഏറ്റെടുക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്?<br>ഉറപ്പ് - കണ്ണൂർ ജില്ലയുടെ ഗവൺമെന്റ് മെഡിക്കൽ കോളേജായി പരിയാരം മെഡിക്കൽ കോളേജിനെ ഏറ്റെടുത്ത് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതാണ്. | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സും അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ ഏഴ് അനുബന്ധ സ്ഥാപനങ്ങളും ഒരു സ്വയംഭരണ സ്ഥാപനമായി മാറ്റുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാന പ്രകാരം ഹഡ്കോയ്ക്ക് നൽകാനുള്ള കുടിശ്ശിഖ തുകയുടെ ആദ്യ രണ്ട് ഗഡുക്കൾ നൽകിയിട്ടുണ്ട്. |
| 68 | 13/15 | 10 | മാരകരോഗങ്ങൾക്കുള്ള വിലകൂടിയ മരുന്നുകൾ ചാരിറ്റബിൾ ട്രസ്റ്റുകൾ നടത്തുന്ന മെഡിക്കൽ സ്റ്റോറുകൾ വഴിയും സബ്സിഡി നിരക്കിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ആലോചിക്കുന്നതാണ്. | ചാരിറ്റബിൾ ട്രസ്റ്റുകൾ നടത്തുന്ന മെഡിക്കൽ സ്റ്റോറുകൾ വഴി സബ്സിഡി നിരക്കിൽ മരുന്നുകൾ നൽകുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇതുവരെയും തീരുമാനമെടുത്തിട്ടില്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി ഉടമ്പടി കരാറിൽ ഏർപ്പെടുന്ന സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖാന്തിരം വിലക്കുറവിൽ മരുന്നുകൾ നൽകുന്നുണ്ട്. |
| 69 | 13/15 | 14 | എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മുഴുവൻ സമയ ഹൃദ്രോഗ വിഭാഗവും കാത്ത് ലാബും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. | എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (കെ.എം.എസ്.സി.എൽ.) മുഖേന കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 70 | 13/15 | 28 | കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായത് എന്നാണ്; പ്രസ്തുത യൂണിറ്റിന്റെ നിർമ്മാണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ; പ്രസ്തുത യൂണിറ്റ് പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?<br>ഉറപ്പ്-5-2-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 114/2013/റ്റി.ഡി. പ്രകാരം കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ചുമതല കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയെ ഏൽപ്പിക്കുകയും അവർ സമർപ്പിച്ച അടങ്കൽ തുക ലഭ്യമാക്കുന്നതിനുവേണ്ടി കാരുണ്യ ബെനവലന്റ് ഫണ്ട് ഓഫീസിലേക്ക് 10-6-2015-ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ തുകയായ 1,24,33,391 രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ തുക കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കിഫ്ബി ഡയാലിസിസ് പദ്ധതിയിൽ കൊട്ടാരക്കര താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തുകയും ആവശ്യമായ മരാമത്ത് പണികൾ പൂർത്തിയാക്കുന്നതിന് കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയെ ചുമതലപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങളുടേയും അനുബന്ധ സാധനങ്ങളുടേയും വിതരണ കമ്പനിയെ ദർഘാസ് നടപടിയിലൂടെ കോർപ്പറേഷൻ കണ്ടെത്തിയിട്ടുണ്ട്. മരാമത്ത് പണികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

966/2024.

| | | | | |
|---|---|---|---|---|
| 71 | 13/16 | 06 | മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ദുരിതാശ്വാസം അർഹരായവർക്ക് ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?<br>ഉറപ്പ്-മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ധനസഹായം അർഹരായവർക്ക് അനുവദിച്ച് നൽകി ക്കഴിഞ്ഞിട്ടുണ്ട്. ധനസഹായം ലഭ്യമാകാത്ത കേസുകളിൽ പുനഃപരിശോധന ആവശ്യമാണെന്നു കാണുന്ന പക്ഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. | എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവരിൽ നിന്നും പ്രത്യേക ധനസഹായത്തിന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള പൂർണ്ണമായും കിടപ്പിലായവർ (5 ലക്ഷം രൂപ), ബുദ്ധിമാന്ദ്യം സംഭവിച്ചവർ (5 ലക്ഷം രൂപ), ശാരീരിക വൈകല്യമുള്ളവർ (3 ലക്ഷം രൂപ) മരണപ്പെട്ടവരുടെ ആശ്രിതർ (5 ലക്ഷം രൂപ) എന്നീ വിഭാഗങ്ങൾക്ക് മൂന്ന് ഗഡുക്കളായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. കാൻസർ രോഗികൾക്കും സർക്കാർ ഉത്തരവ് പ്രകാരം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട് കൂടാതെ മേൽകാറ്റഗറികളിൽ ഉൾപ്പെടാത്ത അർഹരായവരെ കണ്ടെത്തി ആനുകൂല്യങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| 72 | 13/16 | 11 | ആയുർവ്വേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?<br>ഉറപ്പ് - ആയുർവ്വേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 54 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതിയ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. | ആയുർവേദ ഹോമിയോ ചികിത്സാ സൗകര്യങ്ങൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന്റെ ഭാഗമായി 29-6-2017- ലെ സ.ഉ.(കൈ) നമ്പർ 16/2017/ ആയുഷ് ഉത്തരവ് പ്രകാരം 4 ആയുർവേദ ഡിസ്പെൻസറികൾ കൂടി ആരംഭിച്ചതോടെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാ സൗകര്യങ്ങൾ (സർക്കാർ/ എൻ.എച്ച്.എം) ലഭ്യമായി. എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ഘട്ടം ഘട്ടമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായി 28-2-2018-ലെ സ.ഉ.(കൈ) നംമ്പർ 03/2018/ആയുഷ് ഉത്തരവ് പ്രകാരം 10 പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചു . |

| | | | | |
|---|---|---|---|---|
| | | | ഹോമിയോപ്പതി വകുപ്പിനുകീഴിൽ നിലവിൽ 656 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സംസ്ഥാന വാർഷിക പദ്ധതി പ്രകാരം ഘട്ടം ഘട്ടമായി പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. | |
| 73 | 13/16 | 17 | മെഡിക്കൽ കോളേജുകളുടേയും മറ്റ് സർക്കാർ ചികിത്സാ സംവിധാനങ്ങളുടേയും പോരായ്മ സംബന്ധിച്ച് ദൃശ്യ മാധ്യമങ്ങൾ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?<br>ഉറപ്പ് - ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു എം.ആർ.ഐ. സ്കാനറും, രണ്ട് സി.റ്റി. സ്കാനറും വാങ്ങാനുള്ള നടപടികൾ നടന്നുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 16 സ്ലൈസ് സി.റ്റി. സ്കാനർ വാങ്ങാനുള്ള നടപടികളും പുരോഗമിക്കുന്നു. മറ്റ് മെഡിക്കൽ കോളേജുകളിലും എച്ച്.എൽ.എൽ-മായി സഹകരിച്ച് കൂടുതൽ എം. ആർ.ഐ. സ്കാനറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്. | തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ എച്ച്.എൽ.എൽ-ലുമായി സഹകരിച്ച് സി.റ്റി./ എം.ആർ. ഐ. സ്കാൻ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഭാഗമായ SAT ആശുപത്രിയിൽ ഇവയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 74 | 13/16 | 24 | ജീവൻ രക്ഷാ മരുന്നുകൾ വില കുറച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ബ്രാൻഡ് നാമത്തിലുള്ള മരുന്നുകളേക്കാൾ ജനറിക് നാമത്തിലുള്ള മരുന്നുകളുടെ വിപണനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ സംസ്ഥാനത്ത് തുടങ്ങുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അവയ്ക്ക് അനുവാദം നൽകുന്നത് പരിശോധിക്കുന്നതാണ്. | ബ്രാൻഡഡ് നാമത്തിലുള്ള മരുന്നുകളേക്കാളും വളരെ വിലകുറച്ച് മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ നിലവിൽ 256 ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ മരുന്നുകൾ ലാഭവിഹിതം പരമാവധി കുറച്ച്, കുറഞ്ഞ വിലയ്ക്ക് അവ ലഭ്യമാക്കുന്നതിലേയ്ക്കായി കാരുണ്യ ഫാർമസികളും, ജനറിക് മരുന്നുകൾക്ക് മാത്രമായി കേരള ജനറിക്സ് മെഡിക്കൽ സ്റ്റോറുകളും, ന്യായവില വിൽപ്പന ശാലകളായ മാവേലി, ശബരി, നീതി മെഡിക്കൽ സ്റ്റോറുകളും നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |
| 75 | 14/01 | 36 | (ബി) സ്വയം ചികിത്സ നടത്തുന്നതിലുള്ള അപകടങ്ങളെ ക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;<br>(സി) ജനങ്ങൾക്ക് അപകടമുണ്ടാക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ?<br>ഉറപ്പ് - (ബി) വ്യാജ ചികിത്സ നടത്തുന്നവർക്കെതിരെ ആരോഗ്യ വകുപ്പ് പോലീസ് വകുപ്പുമായി ചേർന്ന് നടപടികൾ എടുത്തുവരുന്നു.<br>(സി) ജനങ്ങൾക്ക് അപകടമുണ്ടാക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കും. | വ്യാജ ചികിത്സ നടത്തുന്നവർക്കെതിരെ ആരോഗ്യ വകുപ്പും പോലീസ് വകുപ്പും ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനങ്ങൾക്ക് അപകട മുണ്ടാക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ച് കർശന ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 76 | 14/01 | 39 | (സി) സംസ്ഥാനത്ത് എത്ര കാരുണ്യ ഫാർമസികളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്; കൂടുതൽ കാരുണ്യ ഫാർമസികൾ സ്ഥാപിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;<br>ഉറപ്പ് - സാധാരണക്കാരന് പൊതുവിപണിയിൽ മരുന്നു കമ്പനികളിൽ നിന്നുണ്ടാകുന്ന ചൂഷണത്തിൽ നിന്ന് ഒരു പരിധിവരെ രക്ഷ നേടാൻ ഉതകുന്ന സംരംഭമെന്ന നിലയ്ക്ക് കൂടുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ സംസ്ഥാനത്തുടനീളം തുടങ്ങുന്നതിന് തുടർ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്നു. | നിലവിൽ സംസ്ഥാനത്തുടനീളം 66 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും 5 കാരുണ്യ മെഡിസിൻ ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ 4 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ കൂടി 2018 ഡിസംബർ 31-നകം പ്രവർത്തനം ആരംഭിക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ മങ്കാട്ടുപറമ്പ, തൃശ്ശൂർ ജില്ലയിൽ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാരുണ്യയുടെ ഓരോ ഡിപ്പോകളും പ്രവർത്തനസജ്ജമാകുന്നതാണ് |
| 77 | 14/01 | 69 | കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന ഗ്രാമങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - കുടിവെള്ള പരിശോധനയ്ക്കായുള്ള ലാബുകളുടെ ശാക്തീകരണത്തിനായി 6.15 കോടി രൂപ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അത് ഉപയോഗപ്പെടുത്തിക്കൊണ്ട് ലാബുകൾ ശക്തമാക്കി ഗ്രാമങ്ങളിലും കുടിവെള്ള പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | കുടിവെള്ളം ഉൾപ്പെടെയുള്ള പരിശോധനയ്ക്കായി ഭക്ഷ്യസുരക്ഷാ വകുപ്പിനു കീഴിൽ മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാതൃകാ ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 2016- - 17 സാമ്പത്തിക വർഷം തെരഞ്ഞെടുക്കപ്പെട്ട 50 ഗ്രാമപഞ്ചായത്തുകളിൽ നിന്നും, 2017-18 സാമ്പത്തിക വർഷം 100 ഗ്രാമപഞ്ചായത്തുകളിൽ നിന്നും കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, |

| | | | | |
|---|---|---|---|---|
| | | | | കോഴിക്കോട് എന്നിവിടങ്ങളിലെ ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളിലും പത്തനംതിട്ടയിലുള്ള ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബിലും പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി NABL Accreditation ലഭ്യമായിട്ടുണ്ട് |
| 78 | 14/01 | 95 | സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?<br>ഉറപ്പ് - ഉണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറിയോ, എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിയോ (ആയുഷ് ഹോമിയോ പ്രൈമറി ഹെൽത്ത് സെന്റർ) ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. | സർക്കാർ/ എൻ.എച്ച്.എം. ഡിസ്പെൻസറികൾ ഇല്ലാത്ത 10 പഞ്ചായത്തുകളിൽ 10 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം 28-2-2018-ലെ സ.ഉ. (കൈ) 3/2018/ആയുഷ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട് |
| 79 | 14/02 | 01 | കാരുണ്യ ഫാർമസി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ് - നിലവിൽ സംസ്ഥാനത്തുടനീളം 49 കാരുണ്യ | കൂത്തുപറമ്പ താലൂക്കാശുപത്രി, പയ്യന്നൂർ താലൂക്കാശുപത്രി, തലശ്ശേരി ജനറൽ ആശുപത്രി, തളിപ്പറമ്പ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കല്പറ്റ ജനറൽ ആശുപത്രി, വൈക്കം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ |

| | | | | |
|---|---|---|---|---|
| | | | കമ്മ്യൂണിറ്റി ഫാർമസികളും 4 ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ സ്ഥാപിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ താലൂക്കാശുപത്രി, കൂത്തുപറമ്പ് താലൂക്കാശുപത്രി, തലശ്ശേരി ജനറൽ ആശുപത്രി, വക്കം താലൂക്കാശുപത്രി, കല്പറ്റ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ പുതുതായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ടി ആശുപത്രികളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ഒരു മാസത്തിനുള്ളിൽത്തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചു വരുന്നു. പുതിയ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ആയതിലും സർക്കാർ അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും. | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പേരാമ്പ്ര താലൂക്കാശുപത്രി, തിരുവനന്തപുരം ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി ജനറൽ ആശുപത്രി, പാരിപ്പള്ളി മെഡിക്കൽ കോളേജ്, പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പാനൂർ സാമൂഹികാരോഗ്യ കേന്ദ്രം, കൊയിലാണ്ടി താലൂക്കാശുപത്രി, താമരശ്ശേരി താലൂക്കാശുപത്രി, മാവേലിക്കര ജില്ലാ ആശുപത്രി, മണ്ണാർക്കാട് താലൂക്കാശുപത്രി, പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, തൃശ്ശൂർ ജനറൽ ആശുപത്രി എന്നിവിടങ്ങളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ആലുവയിൽ ഒരു കാരുണ്യ മെഡിസിൻ ഡിപ്പോയും പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ സംസ്ഥാനത്തുടനീളം (മണ്ഡല കാലത്ത് പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഉൾപ്പെടെ) 68 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും 5 കാരുണ്യ മെഡിസിൻ ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു |
| 80 | 14/02 | 29 | പൂർണ്ണമായി ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത രക്തജന്യ രോഗങ്ങൾക്ക് രക്തമൂലകോശദാനവും മജ്ജമാറ്റി വയ്ക്കലുമാണ് പ്രതിവിധിയെന്നതിനാൽ, സംസ്ഥാനത്ത് മൂലകോശദാതാക്കളുടെ ഒരു രജിസ്ട്രി തയ്യാറാക്കുന്നതിന് | ഇന്ത്യയിൽ നിലവിൽ സർക്കാരിതര (സ്വകാര്യ/ എൻ.ജി.ഒ.) മേഖലയിൽ 6 മൂലകോശ ദാതാക്കളുടെ രജിസ്ട്രികൾ ആണുള്ളത്. ഒരു രോഗിക്ക് യോജിച്ച |

| | | | | |
|---|---|---|---|---|
| | | | നടപടി സ്വീകരിക്കുമോ;വിശദാംശം വെളിപ്പെടുത്തുമോ?<br>ഉറപ്പ് - പരിശോധിക്കാവുന്നതാണ്. | വിത്തുകോശം ലഭിക്കണമെങ്കിൽ നിലവിൽ 8 ലക്ഷത്തിലധികം രൂപ ചെലവ് വരും. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച വിത്തുകോശ ലഭ്യത കൂട്ടുക എന്നീ ഉദ്ദേശങ്ങളോടെ മലബാർ കാൻസർ സെന്റർ മൂലകോശ ദാതാക്കളുടെ രജിസ്ട്രി (Blood and Marrow Stem cell Donor Registry) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവരെയായി മലബാർ കാൻസർ സെന്ററിൽ 160 ഓളം മജ്ജ മാറ്റിവെയ്ക്കൽ ചികിത്സ പൂർത്തീകരിച്ചിട്ടുണ്ട്.<br>2020-21-ലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപ ചെലവിൽ മലബാർ കാൻസർ സെന്ററിൽ മൂലകോശ ദാതാക്കളുടെ രജിസ്ട്രി (Blood and Marrow Stem cell Donor Registry) സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്ട്രിയിലേക്കുള്ള ദാതാക്കളുടെ രജിസ്ട്രേഷൻ പുരോഗമിക്കുകയാണ്. രജിസ്ട്രിയിൽ ഇതുവരെ 112 ദാതാക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ദാതാക്കളെ കണ്ടെത്തുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ രക്ത ദാതാക്കളുടെ കൂട്ടായ്മകളുമായി യോജിച്ച് പ്രവർത്തിച്ചുകൊണ്ട് മലബാർ കാൻസർ സെന്റർ നടത്തിവരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | സർക്കാർ മേഖലയിൽ ഇത്തരമൊരു സംരംഭം ആദ്യമായാണ് ആരംഭിക്കുന്നത്. രക്തജന്യ രോഗങ്ങളുടെ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുവാൻ രജിസ്ട്രി സഹായിക്കും. രജിസ്ട്രി വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനവും, രജിസ്ട്രിക്ക് വേണ്ടിയുള്ള സോഫ്റ്റ് വെയർ നിർമ്മാണവും (ഇ-ഹെൽത്ത് കേരള വഴി), വേൾഡ് മാരോ ഡോണർ അസോസിയേഷനുമായി (World Marrow Donor Association) രജിസ്ട്രിയെ ബന്ധിപ്പിക്കുന്ന പ്രവർത്തിയും പുരോഗമിച്ചുവരുന്നു. 2022-23-ലെ പ്ലാൻ പദ്ധതിയിലും രജിസ്ട്രി പ്രവർത്തനങ്ങൾക്കുള്ള തുക വകയിരുത്തിയിട്ടുണ്ട്.<br>അവയവദാനവും അവയവകൈമാറ്റവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഇവയിലെ വാണിജ്യ ഇടപാടുകൾ തടയുന്നതിനുമായി 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് റൂൾസിലെ ചട്ടം 31 പ്രകാരം 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിനു കീഴിൽ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുന്നതിനും ഇതിനെ 1955-ലെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക് & ചാരിറ്റബിൾ |

| | | | | |
|---|---|---|---|---|
| | | | | സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനും 6-8-2021-ലെ സ.ഉ(കൈ.) നമ്പർ146/2021/ആ.കു.വ. പ്രകാരം ഉത്തര വാകുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനെ 22-9-2021-ൽ TVM/TC/669/ 2021 നമ്പർ പ്രകാരം സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹകരണത്തോടുകൂടി കെ-സോട്ടോയ്ക്കായി ഒരു വെബ് രജിസ്ട്രി രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| 81 | 14/09 | 05 | സി) അവയവദാനത്തിലെ വാണിജ്യതാത്പര്യങ്ങൾ തിരിച്ചറിയുന്നതിനും അത് ഒഴിവാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ് - കേന്ദ്ര നിയമമായ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്റ്റ്, 1994 അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നു വരുന്നത്. പ്രസ്തുത നിയമത്തിലെ അദ്ധ്യായം 6 അനുച്ഛേദം 19 പ്രകാരം വാണിജ്യപരമായ അവയവ കൈമാറ്റം കുറ്റകൃത്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജീവിച്ചിരിക്കുന്നവരിൽ നിന്നും അവയവം സ്വീകരിക്കുമ്പോൾ അവയവ ദാതാവും സ്വീകർത്താവാകുക ബന്ധപ്പെട്ട | പരോപകാരതല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യാൻ മുന്നോട്ടു വരുന്നവർക്കു വേണ്ടിയും സ്വാപ്പ് ഡൊണേഷനുവേണ്ടിയും 15-2-2018-ലെ സ.ഉ.(കൈ)നമ്പർ26/2018/ആ.കു.വ. പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>മസ്തിഷ്ക മരണ സ്ഥിരീകരണത്തിൽ അതീവജാഗ്രത പുലർത്തുന്നതിനും ഇക്കാര്യത്തിൽ ആശുപത്രികൾ മെഡിക്കൽ എത്തിക്സിൽ ഉയർന്ന നിലവാരം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 3-4-2018-ലെ സ.ഉ.(കൈ)നമ്പർ53/2018/ആ.കു.വ. പ്രകാരം വിശദമായ |

| | | | | |
|---|---|---|---|---|
| | | | ജില്ലാതല ആതറൈസേഷൻ കമ്മിറ്റിയുടെ അനുമതി കർശനമായും നേടേണ്ടതുണ്ട്. അനുമതിക്കായി അപേക്ഷകർ സമർപ്പിക്കുന്ന രേഖകൾ കമ്മിറ്റി വിശദമായി പരിശോധിച്ച് യാതൊരു പ്രതിഫലേച്ഛയും കൂടാതെയാണ് അവയവ ദാനത്തിനു തയ്യാറായിട്ടുള്ളതെന്നു ആവശ്യപ്പെട്ടാൽ മാത്രമേ ശസ്ത്രക്രിയയ്ക്കുള്ള അനുമതി നൽകുകയുള്ളൂ. വാണിജ്യപരമായ ഇടപെടലിന് സാധ്യതയുള്ളതിനാൽ അവയവം ആവശ്യപ്പെട്ടുകൊണ്ട് മാധ്യമങ്ങൾ വഴി പരസ്യം ചെയ്യുന്നതിനും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. പരോപകാര തത്പരതയോടു കൂടി നിസ്വാർത്ഥമായി അവയവദാനം ചെയ്യുന്നതിന് മുന്നോട്ടുവരുന്നവർക്കു വേണ്ടിയും സ്വാപ് ഡൊണേഷനു വേണ്ടിയും ഒരു റെജിസ്ട്രി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേക്കുമായി പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 19-1-2020-ലെ സ.ഉ.(കൈ) നമ്പർ7/ 2020/ആ.കു.വ .പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br>അവയവദാനവും അവയവകൈമാറ്റവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഇവയിലെ വാണിജ്യ ഇടപാടുകൾ തടയുന്നതിനുമായി 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് റൂൾസിലെ ചട്ടം 31 പ്രകാരം 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിനു കീഴിൽ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ സ്ഥാപിക്കുന്നതിനും ഇതിനെ 1955-ലെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനും 6-8-2021-ലെ സ.ഉ.(കൈ) നമ്പർ146/2021/ആ.കു.വ. പ്രകാരം ഉത്തരവാകുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനെ 22-9-2021-ൽ TVM/TC/669/2021 നമ്പർ പ്രകാരം സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സൊസൈറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയും രൂപീകരിച്ചിട്ടുണ്ട് |

## II. തദ്ദേശസ്വയംഭരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 65 | (എ) കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴ ചണ്ടി ഡിപ്പോയിൽ സ്ഥാപിച്ച ആധുനിക ഖരമാലിന്യ സംസ്കരണ പ്ളാന്റ് വാഹനങ്ങളുടെ അഭാവം മൂലം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) അത്യന്താപേക്ഷിതമായ വാഹനങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ ആവശ്യമായ ഫണ്ട് കോർപ്പറേഷന് അനുവദിക്കുമോ;<br>(സി) ഇക്കാര്യത്തെ സംബന്ധിച്ച് കോർപ്പറേഷൻ മേയറുടെ നിവേദനം ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?<br>ഉറപ്പ് - (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>മേയറുടെ നിവേദനം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. | കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴ ഖരമാലിന്യ സംസ്കരണപ്ലാന്റിന്റെ പ്രവർത്തനം പൊതുജന പ്രക്ഷോഭം മൂലം ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ് |

| | | | | |
|---|---|---|---|---|
| 2 | 13/02 | 47 | (ബി) എല്ലാ പഞ്ചായത്തുകളിലും പൊതുശ്മശാനം ആരംഭിക്കണം എന്ന നിർദ്ദേശം നൽകിയുട്ടുണ്ടോ:<br>(സി) എങ്കിൽ അനന്തര നടപടികൾ സ്വീകരിക്കാത്ത പഞ്ചായത്തിൽ നിന്നും വിശദീകരണം തേടുമോ?<br>ഉറപ്പ് - നിർദ്ദേശം നൽകിയിട്ടുണ്ട്.<br>എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപടികൾ സ്വീകരിച്ച് വരുന്നു. | ഉണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം നൽകിവരുന്നു. നിലവിൽ 482 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിലവിലുണ്ട്. അനുയോജ്യമായ സ്ഥലം ലഭിക്കാത്തതും ലഭ്യമാകുന്ന സ്ഥലത്ത് പൊതുജനങ്ങളുടെ എതിർപ്പുണ്ടാകുന്നതും പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രധാന വെല്ലുവിളിയാണ്. മേൽ സാഹചര്യത്തിൽ ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും വേണ്ടി അനുയോജ്യമായ സ്ഥലം ലഭ്യമായ ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ പൊതുശ്മശാനം നിർമ്മിക്കുന്ന പദ്ധതികൾക്ക് പ്രോത്സാഹനം നൽകി വരുന്നു. |
| 3 | 13/02 | 125 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വീട്ടിലിരുന്ന് ടാക്സ് അടയ്ക്കുന്നതിനായി (ഇ-പേയ്മെന്റ് സംവിധാനം) സൗകര്യം ഏർപ്പെടുത്തുമോ?<br>ഉറപ്പ് - എല്ലാ നഗരസഭകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്നതാണ്. | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നികുതികൾ കൈകാര്യം ചെയ്യുന്ന പ്രക്രിയ സുഗമമാക്കുന്നതിനായി ഐ.കെ.എം. വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്വെയറായ സഞ്ചയ വികസിപ്പിച്ചിട്ടുണ്ട്. (റവന്യൂ സിസ്റ്റം - www.tax.lsgkerala.gov.in). നിലവിൽ 941 ഗ്രാമ പഞ്ചായത്തുകളിലും 4 നഗരസഭകളിലും 19 മുനിസിപ്പാലിറ്റികളിലും ഇ-പേയ്മെന്റ് സംവിധാനം നിലവിലുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു. |

| നമ്പർ | ജില്ല | തദ്ദേശ സ്ഥാപനം |
|---|---|---|
| 1 | തിരുവനന്തപുരം | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി |
| 2 | തിരുവനന്തപുരം | വർക്കല മുനിസിപ്പാലിറ്റി |
| 3 | കോട്ടയം | പാല മുനിസിപ്പാലിറ്റി |
| 4 | ഇടുക്കി | കട്ടപ്പന മുനിസിപ്പാലിറ്റി |
| 5 | ഇടുക്കി | തൊടുപുഴ മുനിസിപ്പാലിറ്റി |
| 6 | എറണാകുളം | കൂത്താട്ടുകുളം മുനിസിപ്പാലിറ്റി |
| 7 | എറണാകുളം | മൂവാറ്റുപുഴ മുനിസിപ്പാലിറ്റി |
| 8 | എറണാകുളം | അങ്കമാലി മുനിസിപ്പാലിറ്റി |
| 9 | പാലക്കാട് | പാലക്കാട് മുനിസിപ്പാലിറ്റി |
| 10 | പാലക്കാട് | ഒറ്റപ്പാലം മുനിസിപ്പാലിറ്റി |
| 11 | മലപ്പുറം | പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി |
| 12 | മലപ്പുറം | താനൂർ മുനിസിപ്പാലിറ്റി |
| 13 | മലപ്പുറം | വളാഞ്ചേരി മുനിസിപ്പാലിറ്റി |
| 14 | കണ്ണൂർ | മട്ടന്നൂർ മുനിസിപ്പാലിറ്റി |

<table>
<tr><td></td><td></td><td></td><td></td><td>
<table>
<tr><td>15</td><td>കണ്ണൂർ</td><td>പയ്യന്നൂർ മുനിസിപ്പാലിറ്റി</td></tr>
<tr><td>16</td><td>കണ്ണൂർ</td><td>തലശ്ശേരി മുനിസിപ്പാലിറ്റി</td></tr>
<tr><td>17</td><td>കാസർ ഗോഡ്</td><td>കാസർഗോഡ് മുനിസിപ്പാലിറ്റി</td></tr>
<tr><td>18</td><td>കാസർ ഗോഡ്</td><td>കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി</td></tr>
<tr><td>19</td><td>കാസർ ഗോഡ്</td><td>നീലേശ്വരം മുനിസിപ്പാലിറ്റി</td></tr>
</table>
മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെ പ്ലിന്ത് ഏരിയ പ്രകാരമുള്ള ഡേറ്റാ എൻട്രി നടപടികൾ പുരോഗമിച്ചു വരുന്നു. ടി നടപടികൾ പൂർത്തിയാക്കി ഐ.കെ.എ.-നെ അറിയിക്കുന്ന മുറയ്ക്ക് ഇ- പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കു ന്നതാണ്
</td></tr>
<tr><td>4</td><td>13/04</td><td>17</td><td>ഡി & ഇ) ബയോഡിഗ്രേഡബിൾ മാലിന്യ നിർമ്മാർജ്ജനത്തിനായി വീടുകൾ, ഹൗസിംഗ് കോളനികൾ, പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എത്ര പ്ലാന്റുകൾ നഗര സഭകൾ മുഖേന സ്ഥാപിച്ചു എന്നതിന്റെ വിശദാംശം നൽകാമോ, ഏതൊക്കെ നഗരസഭകൾ പ്ലാസ്റ്റിക് റീസൈക്കിൾ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട് എന്ന് കണക്ക് വിഹിതം വ്യക്തമാക്കാമോ ?<br>ഉറപ്പ് - ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.</td><td>ബയോഡിഗ്രേഡബിൾ മാലിന്യ നിർമ്മാർജ്ജനത്തിനായി വീടുകൾ, ഹൗസിംഗ് കോളനികൾ, പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി 2011-12 സാമ്പത്തിക വർഷം വരെ ആകെ 1,46,841 എണ്ണം വിവിധയിനം പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2011-2012 വരെ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ നഗരസഭകളിൽ സ്ഥാപിച്ചിട്ടില്ല.</td></tr>
</table>

| | | | | |
|---|---|---|---|---|
| 5 | 13/04 | 91 | ബി) പഞ്ചായത്തുകളിൽ ഗ്രീൻ ടെക്നോളജി സെൻറർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ? വിശദമാക്കുമോ ?<br>സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ?<br>ഉറപ്പ് - സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ സഹകരണത്തോടെ ഗ്രീൻ ടെക്നോളജി സെന്റർ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്, | പഞ്ചായത്തുകളിൽ ഗ്രീൻ ടെക്നോളജി സെന്റർ, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ സഹകരണത്തോടെ ആരംഭിക്കുന്ന കാര്യം പരിശോധിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക പ്രശ്നങ്ങൾമൂലം പ്രോജക്ട് മുന്നോട്ട് കൊണ്ട് പോകാൻ ഇടക്കാലത്ത് സാധിച്ചിരുന്നില്ല. നിലവിൽ സംസ്ഥാന ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കമ്മിറ്റിയുമായി ചേർന്ന് ഹരിതകേരളം മിഷൻ ഇക്കാര്യം വീണ്ടും പരിശോധിക്കുകയും നടപടികൾ സ്വീകരിച്ച് വരികയും ചെയ്തു വരുന്നുണ്ട്. |
| 6 | 13/04 | 101 | സി) വള്ളുവനാട് വികസന അതോറിറ്റി രൂപീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ? ഡി) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം, മൂർക്കനാട്, കുറുവ, മങ്കട, പുഴക്കാട്ടിരി തുടങ്ങിയ പഞ്ചായത്തുകളെ വള്ളുവനാട് വികസന അതോറിറ്റിയുടെ പരിധിയിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - വള്ളുവനാട് വികസന അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അങ്ങാടിപ്പുറം , മൂർക്കനാട്, കുറുവ, മങ്കട, പുഴക്കാട്ടിരി തുടങ്ങിയ പഞ്ചായത്തുകളെ ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ് | മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി മാതൃനഗരമാക്കിക്കൊണ്ടും മേലാറ്റൂർ, വെട്ടത്തൂർ, താഴേക്കാട്, ആലിപ്പറമ്പ്, ഏലക്കുളം, പുലാമന്തോൾ, അങ്ങാടിപ്പുറം എന്നീ ഏഴ് പഞ്ചായത്തുകളെ ഉൾക്കൊള്ളിച്ചുകൊണ്ടും വള്ളുവനാട് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അതോറിറ്റി 11-6-2012-ലെ സ.ഉ.(എം.എസ്)നമ്പർ 162/2012/ത.സ്വ.ഭ.വ. പ്രകാരം രൂപീ കരിച്ചിരിക്കുന്നു. മൂർക്കനാട്, കുറുവ, മങ്കട, പുഴക്കോട്ടിരി എന്നീ പഞ്ചായത്തുകൾ അതോറിറ്റിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട്, വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ വികസന അതോറിറ്റി 10-3-2017-ലെ സ.ഉ.(കൈ) നമ്പർ 54/ 2017/ത.സ്വ.ഭ.വ. പ്രകാരം നിർത്തലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| 7 | 13/05 | 05 | ഒരു പഞ്ചായത്തിന് ഒരു എഞ്ചിനീയർ എന്ന രീതിയിൽ നിയമിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?<br>ഉറപ്പ്-ഒരു പഞ്ചായത്തിന് ഒരു എഞ്ചിനീയർ എന്ന രീതിയിൽ നിയമനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. | ഒരു ഗ്രാമപഞ്ചായത്തിന് ഒരു എഞ്ചിനീയർ എന്ന നിലയിൽ നിയമനം നൽകുന്നതിന് സർക്കാർ ഉദ്ദേശിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം അധിക തസ്തിക സൃഷ്ടിക്കുവാൻ കഴിയാതെവന്നതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മാരുടെ സേവനം/ മേൽനോട്ടം എല്ലാ ഗ്രാമപഞ്ചായത്തിനും ലഭ്യമാക്കുന്നതിലേക്കായി വേണ്ട പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 8 | 13/05 | 19 | ബി) ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തിന് പുതിയ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?<br>ഉറപ്പ്-ഇക്കാര്യം പരിഗണിക്കാവുന്നതാണ്, | 2016-ൽ കേന്ദ്രസർക്കാരിന്റെ e-waste (Manage ment) Rules, നിലവിൽ വന്നതിനാൽ സംസ്ഥാനത്തിന് മാത്രമായി ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തിനായി ഒരു പുതിയ പ്രത്യേക നയം രൂപീകരിക്കേണ്ടതില്ല. സംസ്ഥാനത്ത്, ഇ-വേസ്റ്റ് മാനേജ്മെന്റിനായി പ്രസ്തുത കേന്ദ്ര ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കൂടാതെ പ്ലാസ്റ്റിക് മാലിന്യങ്ങളും, ഇ-മാലിന്യങ്ങളും ശേഖരിക്കുന്നതിനും പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ സംസ്കരിക്കുന്നതിനും, പുനഃചംക്രമണത്തിന് വിധേയ മാക്കുന്നതിനുമായി 2013-ൽ സർക്കാർ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്ലാസ്റ്റിക്കും, ഇ-മാലിന്യങ്ങളും ശേഖരിക്കുകയും ചട്ടപ്രകാരം സംസ്കരണത്തിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട് |

| | | | | |
|---|---|---|---|---|
| 9 | 13/05 | 25 | ബി) സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും സ്വീവേജ് സിസ്റ്റവും സ്വീവേജ് പ്ലാന്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ,<br>സി) മാലിന്യസംസ്കരണത്തിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനും നടത്തിപ്പിനുമായി എല്ലാ പട്ടണങ്ങളിലും ഓരോ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ബി) സ്വീകരിച്ചു വരുന്നു,<br>സി) ഇക്കാര്യം പരിഗണിക്കാവുന്നതാണ് | എ.ഡി.ബി. ധനസഹായത്തോടെ കേരള സുസ്ഥിര നഗര വികസന പദ്ധതി (KSUDP) യുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിൽ സ്വിവറേജ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിരുന്നു. കൊല്ലം കോർപ്പറേഷനിലെ പദ്ധതിയുടെ 46 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്. പൊതു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രാദേശിക എതിർപ്പുകൾ വലിയ തോതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. കേരളത്തിലെ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലും സെപ്റ്റേജ് / സ്വിവറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് AMRUT-ൽ പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കെ.എസ്.യു.ഡി.പി.യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തെ മുട്ടത്തറയിലും കൊച്ചിയിലെ ബ്രഹ്മപുരത്തും കൊച്ചിൻ പോർട്ട് ട്രസ്റ്റിലും സെപ്റ്റേജ്/ സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>മാലിന്യ സംസ്കരണം ലക്ഷ്യമാക്കി ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ രൂപീകരിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ എകോപനത്തിനും നടത്തിപ്പിനുമായി മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ അദ്ധ്യക്ഷനും |

| | | | | |
|---|---|---|---|---|
| | | | | എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ, സി.ഡി. എസു.-കളുടെ ചെയർപേഴ്സൺമാർ, വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ/ വൈസ് ചെയർപേഴ്സൺമാർ/ കൺവീനർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ/ സി.ഡി.പി.ഒ-എന്നിവർ അംഗങ്ങളായും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറി മിഷൻ സെക്രട്ടറിയായും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല മിഷൻ എല്ലാ പട്ടണങ്ങളിലും, ഹരിത കേരളം മിഷന്റെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. |
| 10 | 13/05 | 71 | (ഡി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും മാലിന്യ സംസ്കരണ പദ്ധതി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - സ്വീകരിച്ചുവരുന്നു. | ശുചിത്വ മിഷൻ മുഖേന ഗ്രാമപഞ്ചായത്തുകൾ, ഗാർഹിക ബയോ ഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളും പൊതുവിഭാഗം ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 10% എങ്കിലും മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഹരിതകേരളം മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണമെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി (2017-2018) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 11 | 13/05 | 72 | (എ) സംസ്ഥാനത്ത് വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ വഴിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ് - വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനം വഴിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. | പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തോടനുബന്ധിച്ച് 29-6-2012-ൽ ഓൺ ലൈൻ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച നക്ഷത്ര ചിഹ്നമിടാത്ത 4741-mw നമ്പർ നിയമസഭാ ചോദ്യത്തിന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ വഴിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായി വ്യക്തമാക്കിയിരുന്നു. പ്രസ്തുത മറുപടി സഭയ്ക്ക് നൽകിയ ഉറപ്പായി പരിഗണിക്കപ്പെടുകയുണ്ടായി [ഉറപ്പ് നമ്പർ-72]. മേൽ സാഹചര്യത്തിൽ വിവാഹ രജിസ്ട്രേഷൻ സംസ്ഥാനത്ത് നിലവിൽ ഓൺലൈൻ സംവിധാനം വഴിയാക്കിയിട്ടുള്ള വിവരം ഉറപ്പുകൾ സംബന്ധിച്ച സമിതിയെ ബോധിപ്പിക്കാവുന്നതാണ്. |
| 12 | 13/05 | 84 | ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കാത്ത വിധം പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ?<br>ഉറപ്പ് - പരിഗണിക്കുന്നതാണ് | പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി തികച്ചും പുതിയ സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത്. നഗരങ്ങളിലെ പരിമിതമായ സ്ഥല സൗകര്യങ്ങളുടെ പശ്ചാത്തലത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ 'നിക്ഷേപ പദ്ധതികൾ' എന്ന നിലയിൽ സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി 'അർബൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനിഷേറ്റീവ് (USWMI)' എന്ന ഒരു സംരംഭത്തിനും സർക്കാർ തുടക്കംകുറിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 13 | 13/05 | 91 | പഞ്ചായത്തുകൾക്ക് അടിയന്തിരഘട്ടത്തിൽ ചെലവഴിക്കാവുന്ന 10000 രൂപ അപര്യാപ്ത മായതിനാൽ ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - ഈ കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ് | 26-8-2017-ലെ സ.ഉ.(എം.എസ്) നമ്പർ 171/2017 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ചെലവഴിക്കാവുന്ന ഒറ്റത്തവണ കണ്ടിജന്റ് ചെലവുകളുടെ പരിധി ഒരു പ്രാവശ്യം 7500 രൂപയും മാസപരിധി 15000 രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 14 | 13/05 | 173 | ലൈബ്രറി സെസ്സിന്റെ വിനിയോഗം ലോക്കൽ ഫണ്ട് ആഡിറ്റിംഗിന് വിധേയമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?<br>ഉറപ്പ് - അതു സംബന്ധിച്ച കണക്കുകൾ പോലും കൃത്യമായി പഞ്ചായത്തുകൾ സൂക്ഷിക്കുന്നില്ല. ഈ സാഹചര്യത്തിൽ ആഡിറ്റിംഗ് ശക്തമാക്കുകയും കൃത്യമായി ആ തുക മൂന്ന് മാസത്തിനുള്ളിൽതന്നെ ലൈബ്രറി കൗൺസിലിന് ഏത്തുന്നുണ്ടെന്നുള്ളത് ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് രണ്ടു ഗഡുക്കളായാണ് സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംസ്ഥാന ലൈബ്രറി കൗൺസിലിന്റെയും ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ് നടത്തുന്നത്. സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ ഓഡിറ്റ് കൃത്യമായി ഓഡിറ്റ് വകുപ്പ് നടത്തുകയും 2015-16 വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് 12-4-2017-ന് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് കാലികമായതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിൽ ലൈബ്രറി സെസ്സ് ഒടുക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നുണ്ട്. |
| 15 | 13/05 | 181 | (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും "രാജീവ്ഗാന്ധി സേവാഗർ" എത്ര എണ്ണത്തിന്റെ | (എ.) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൻ കീഴിൽ 11 ബ്ലോക്ക് പഞ്ചായത്തുകളിലും 41 ഗ്രാമപഞ്ചായത്തുകളിലുമായി ആകെ 52 ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ |

| | | | | |
|---|---|---|---|---|
| | | | പണി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? (ബി) ഇല്ലെങ്കിൽ പ്രസ്തുത പണി എപ്പോൾ തുടങ്ങാനാകും എന്ന് വിശദമാക്കുമോ? ഉറപ്പ് - (എ) പണി ആരംഭിച്ചിട്ടില്ല. (ബി) സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി നടന്നു വരുന്ന പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് പണി തുടങ്ങാനാകും. | നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 3 ബ്ലോക്ക് പഞ്ചായത്തുകളുടേയും 19 ഗ്രാമ പഞ്ചായത്തുകളുടെയും ഉൾപ്പെടെ ആകെ 22 ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് . (ബി.) ബാധകമല്ല |
| 16 | 13/05 | 185 | (ബി) നഗരങ്ങളിൽ അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവരിൽ നിന്ന് കനത്ത പിഴ ഈടാക്കുവാൻ നിയമ നടപടികൾ കർശനമാക്കുന്ന കാര്യം പരിഗണിക്കുമോ;വിശദാംശങ്ങൾ എന്തെല്ലാം ? ഉറപ്പ് - ഇക്കാര്യം പരിഗണിക്കുന്നതാണ്. | നഗരപ്രദേശങ്ങളിലെ അനധികൃത കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി പിഴ ഈടാക്കി ക്കൊണ്ട് ക്രമവൽക്കരിക്കുന്നതിന് 14-2-2014-ലെ G.O.(Ms) No.39/2014/LSGD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 17 | 13/07 | 50 | എ) നഗരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കെട്ടിടനിർമ്മാതാക്കളുടെയും കെട്ടിടനിർമ്മാണ കമ്പനികളുടെയും പ്രവർത്തനങ്ങൾ വിലയിരുത്താൻ എന്തെല്ലാം സംവിധാനം നിലവിലുണ്ട്, ബി) ഇതിനായി നിയമനിർമ്മാണം നടത്തുന്നത് പരിഗണിക്കുമോ, സി) ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? ഉറപ്പ് - സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കെട്ടിടനിർമ്മാണ കമ്പനികളുടെയും കെട്ടിട | എ,ബി,സി- സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് സെക്ടർ നിയന്ത്രിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും, കെട്ടിടങ്ങളുടേയും, പ്ലോട്ടുകളുടെയും വിൽപ്പന കാര്യക്ഷമവും, സുതാര്യവുമാണെന്ന് ഉറപ്പാക്കുന്നതിനും റിയൽ എസ്റ്റേറ്റ് സെക്ടറിലെ ഉപഭോക്താവിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി ഒരു റെഗുലേറ്ററി അതോറിറ്റി സ്ഥാപിക്കുന്നതിനും ,പ്രസ്തുത അതോറിറ്റിയുടെ തീരുമാനങ്ങൾ, നിർദ്ദേശങ്ങൾ, ഉത്തരവുകൾ എന്നിവയിൻ മേലുള്ള അപ്പീലുകൾ കേൾക്കുന്നതിനായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിനും ഇവയുമായി |

| | | | | |
|---|---|---|---|---|
| | | | നിർമ്മാതാക്കളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഒരു അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. | ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ പരിഗണിച്ചുകൊണ്ടും' ദി കേരളാ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) ഓർഡിനൻസ്, 2015', 4-5-2015-ൽ നിയമ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട് |
| 18 | 13/07 | 66 | ഡി) ഇ-വേസ്റ്റു കൈകാര്യം ചെയ്യാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദേശിക്കുന്നത് ?<br>ഉറപ്പ് - ഇ-വേസ്റ്റു ചട്ടങ്ങൾ പ്രകാരം സുരക്ഷിത മാർഗ്ഗങ്ങൾ വഴി ഇ-വേസ്റ്റു കൈകാര്യം ചെയ്യുന്നുവെന്നു ഉറപ്പാക്കുന്നതിനും authorisation, registration എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളെക്കൊണ്ട് എടുപ്പിക്കുന്നതിനും ഇ-വേസ്റ്റ് കളക്ഷൻ സെന്ററുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൊണ്ട് ഏർപ്പെടുത്തിക്കുനതിനും നടപടി സ്വീകരിച്ചു വരുന്നു. | കേന്ദ്ര സർക്കാർ 2011 - ലെ ഇ - വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡലിംഗ് ചട്ടങ്ങൾ പരിഷ്കരിച്ച് ഇ- വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016 വിജ്ഞാപനം ചെയ്തു. പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഇ-മാലിന്യം ശേഖരിച്ചു വയ്ക്കുന്ന കേന്ദ്രങ്ങൾക്ക് ( Collection centre )ന് ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം പ്രത്യേക ആതറൈസേഷൻ ആവശ്യമില്ല. നിലവിൽ ബോർഡിന്റെ അനുമതിയുള്ള 10 അംഗീകൃത e-waste collection സെന്ററുകൾ സംസ്ഥാനത്ത് ഉണ്ട്. ഇതിൽ ഒന്ന് എറണാകുളത്തുള്ള KEIL ആണ്. നിലവിൽ സംസ്ഥാനത്തുണ്ടാകുന്ന സർക്കാർ, സർക്കാർ ഇതര, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇ-മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന Clean Kerala Company Limited മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള ഇ-മാലിന്യം അന്യസംസ്ഥാനത്തെ അംഗീകൃത ഇ- മാലിന്യ റീ-സൈക്ലിംഗ് സംവിധാനത്തിലേയ്ക്ക് കൈമാറിവരുന്നു. സംസ്ഥാനത്ത് നിലവിൽ ഇ- വേസ്റ്റ് റീസൈക്ലിംഗ് സംവിധാനം ഇല്ല. |

| | | | | |
|---|---|---|---|---|
| 19 | 13/07 | 68 | ബി) ഇ-വേസ്റ്റിന്റെ വർദ്ധനവ് കണക്കിലെടുത്ത് അതിന്റെ നിർമ്മാർജ്ജനം, റി-സൈക്ലിംഗ് എന്നിവയ്ക്ക് മുൻകൂട്ടി നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - സംസ്ഥാനത്ത് നിലവിൽ ഇ-വേസ്റ്റ് സംസ്കരണ പ്ലാന്റുകൾ ഇല്ല. Earth Science Recycle Private Ltd. എന്ന പേരിൽ ഒരു സ്ഥാപനം പാലക്കാട് ജില്ലയിൽ ഇ-മാലിന്യം ശേഖരിച്ച് അന്യ സംസ്ഥാനത്തുള്ള അംഗീകൃത സെന്ററുകൾ വഴി നിർമാർജ്ജനം ചെയ്തു വരുന്നു. Kerala Enviro Infrastructure Ltd. എന്ന സ്ഥാപനം ഇ-വേസ്റ്റ് കളക്ഷൻ സെന്റർ ഏറണാകുളം ജില്ലയിൽ സ്ഥാപിക്കുന്നതിനായി നടപടി കൈക്കൊണ്ടുവരുന്നു. ഇ-വെസ്റ്റ് ശേഖരണ സംവിധാനവും കളക്ഷൻ സെന്ററുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൊണ്ട് ഏർപ്പെടുത്തിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. | ക്ലീൻ കേരള കമ്പനി കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇ.ടെണ്ടറിലൂടെ കണ്ടെത്തിയ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടാണ് സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും 1064 ടണ്ണിൽ അധികം ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുവാനും കൂടാതെ മൂല്യവർദ്ധിത സേവനമെന്ന നിലയിൽ റൂൾ അനുസരിച്ച് ആപൽക്കരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സിഎഫ്എൽ, പ്രിന്റർ കാട്രിഡ്ജുകൾ എന്നിവ കമ്പനി ഇ - മാലിന്യങ്ങളുടെ കൂടെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട് .<br>പൊതുജനങ്ങളിൽ നിന്നും ഇ - മാലിന്യം സ്വീകരിക്കുന്ന ഇ - മാർക്കറ്റുകൾ തിരുവനന്തപുരം, കൊല്ലം , കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുകളിലും ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിലും ക്ലീൻ കേരള കമ്പനി സംഘടിപ്പിച്ചിട്ടുണ്ട് . കൂടാതെ വിദ്യാഭ്യാസ വകുപ്പും നഗരകാര്യ വകുപ്പും സംയുക്തമായി നടപ്പിലാക്കിയ ഇ - ക്ലീൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഉടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികൾ വഴി 46 ടൺ ഇ - മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുകയും വിദ്യാർത്ഥികൾക്ക് കിലോയ്ക്ക് 25 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധ) നമ്പർ 1963/2017 പൊ. വി. വ. |

| | | | | |
|---|---|---|---|---|
| | | | | തീയതി 20-6-2017 അനുസരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ്, ഐടി @ സ്കൂൾ പ്രോജക്റ്റ് - സംസ്ഥാനത്തെ വിദ്യാലയങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. 650 ടണ്ണോളം ഇ-മാലിന്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം ശേഖരിച്ച് പുനഃചംക്രമണം ചെയ്തത് . |
| 20 | 13/07 | 69 | എ) കുടുംബശ്രീ പ്രവർത്തകർക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;<br>ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?<br>ഉറപ്പ് - എ) കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങൾക്ക് വേണ്ടിയുള്ള പെൻഷൻ പദ്ധതി വികസിപ്പിക്കുന്നതിനുള്ള പഠനം നടന്നു വരുന്നു.<br>ബി) അയൽക്കൂട്ടത്തിലെ ലഘുസമ്പാദ്യ വായ്പാപ്രവർത്തനവുമായി സംയോജിപ്പിച്ച് കൊണ്ടുള്ള ഒരു പെൻഷൻ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആന്ധ്രപ്രദേശ്-ലെ "സർപ്പ് "മാതൃകയിൽ പെൻഷൻ, ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ സാധ്യതയും പരിശോധിച്ച് വരുന്നു. | കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്കായി പെൻഷൻ പദ്ധതി വികസിപ്പിച്ചെടുക്കാൻ ശ്രമിച്ചെങ്കിലും അനുയോജ്യമായ ഒരു പദ്ധതി കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ അയൽക്കൂട്ടാംഗങ്ങൾക്കായി നിലവിൽ ഒരു പെൻഷൻ പദ്ധതി ഇല്ല. |

| | | | | |
|---|---|---|---|---|
| 21 | 13/07 | 74 | മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടത്തിൽ വന്ന മാറ്റത്തിന്റെ പേരിൽ parking area access violation എന്നീ പ്രശ്നങ്ങൾ കാരണം ചെറിയ കെട്ടിടങ്ങൾക്ക് നമ്പർ കൊടുക്കാത്ത സാഹചര്യം വന്നു. ഇതിനു പരിഹാര നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - ചെറിയ വയലേഷനുകൾ കാരണം നമ്പർ കിട്ടാത്ത ധാരാളം ചെറുകിട കെട്ടിടങ്ങൾ മുനിസിപ്പാലിറ്റി/പഞ്ചായത്ത് പ്രദെശങ്ങളിലുണ്ട്. ഇത് പരിഹരിക്കാനുള്ള പുതിയ ഒരു നിയമനിർമ്മാണം നടത്താൻ ഗവ. ആലോചിക്കുന്നുണ്ട്. | 2013 മാർച്ച് 31 വരെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനും, അവയിൽ നിർദ്ദിഷ്ട ലഘൂകൃത വ്യവസ്ഥകൾ/ നിബന്ധനകൾ പാലിക്കുന്ന കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുമായി 14-2-2014-ലെ സ.ഉ(എം.എസ്) നമ്പർ 39/2014/ ത.സ്വ. ഭ.വ. നമ്പർ ഉത്തരവിലൂടെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ, 2014 രൂപീകരിക്കുകയും (എസ്.ആർ.ഒ. നം.122/2014) ആയത് സംബന്ധിച്ച വിജ്ഞാപനം 17-2-2014-ലെ 529-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) ആധികാരികമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.തുടർന്ന് പഞ്ചായത്തു പ്രദേശങ്ങളിൽ 2013 മാർച്ച് 31 വരെ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനും, ആയവയിൽ, നിർദ്ദിഷ്ട ലഘൂകൃത വ്യവസ്ഥകൾ/നിബന്ധനകൾ പാലിക്കുന്ന കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുമായി 21-8-14-ലെ സ.ഉ. ( എം.എസ്) നമ്പർ 150/2014/ത.സ്വ.ഭ.വ. ഉത്തരവിലൂടെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ 2014 രൂപീകരിക്കുകയും (എസ്.ആർ.ഒ നമ്പർ.519/2014) ആയതു സംബന്ധിച്ച വിജ്ഞാപനം 27/8/2014-ലെ 2145-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) ആധികാരികമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>മേൽ ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷകൾ സ്വീകരിച്ച് ആയവ പരിഗണിക്കുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | | നടപടി ക്രമങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ തലത്തിലും വകുപ്പ് തലത്തിലും, സർക്കാർ തലത്തിലും സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിർദ്ദിഷ്ട പരിധിയിൽ വരെ ലംഘനമുള്ള അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ ടി ചട്ടങ്ങൾ പ്രകാരം സ്വീകരിച്ചിട്ടുണ്ട്. |
| 22 | 13/08 | 12 | ബി))പുതിയ കെട്ടിടങ്ങൾക്കൊപ്പം പഴയ കെട്ടിടങ്ങളിൽക്കൂടി മഴവെള്ള സംഭരണി, റീ-ചാർജ്ജബിൾ കിണർ എന്നിവ നിർമ്മിക്കുന്നതിനുള്ള നിയമവ്യവസ്ഥ കൊണ്ടുവരുമോ?<br>ഉറപ്പ് - ഫ്ളാറ്റുകളും 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളും നിർമ്മിക്കുമ്പോൾ നിശ്ചിത കപ്പാസിറ്റിയിലുള്ള മഴവെള്ള സംഭരണി നിർബന്ധമാക്കിക്കൊണ്ട് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണെന്ന് സർക്കാർ തീരുമാനിച്ചുണ്ട്. നിലവിലുള്ള ഫ്ളാറ്റുകൾക്കും വീടുകൾക്കും കെട്ടിടങ്ങൾക്കും കൂടി ഇത് ബാധകമാകുന്ന കാര്യം പരിശോധിച്ചു വരികയാണ്. | പുതിയതായി ഒരു കെട്ടിടം നിർമ്മിക്കുമ്പോൾ, നിലവിലെ കെട്ടിടത്തിനു ഭേദഗതി/കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ, നിലവിലെ ഉപയോഗം മാറ്റുമ്പോൾ എന്നീ സാഹചര്യങ്ങളിലാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാകുന്നത്. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പുതിയ കെട്ടിടങ്ങളിൽ മാത്രമാണ് മഴവെള്ള സംഭരണി/റീ-ചാർജബിൾ കിണർ നിർബന്ധമാക്കി വ്യവസ്ഥ ചെയ്തിരിക്കുന്നത്. പഴയ കെട്ടിടങ്ങൾക്ക് ഈ വ്യവസ്ഥ നിർബന്ധമാക്കിയിട്ടില്ല. |
| 23 | 13/08 | 17 | (എ)സംസ്ഥാനത്ത് ഫ്ളാറ്റുകൾ, വില്ലകൾ, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചുനൽകുമെന്ന പരസ്യം നൽകി കരാർ ഉറപ്പിച്ച ശേഷം ഉണ്ടാകുന്ന | റിയൽ എസ്റ്റേറ്റ് മേഖലയുടെ നിയന്ത്രണത്തിനും പ്രോത്സാഹനത്തിനും വേണ്ടി ഒരു റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനും, അതാതു സംഗതിപോലെ, പ്ലോട്ടിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ കാര്യക്ഷമവും |

| | | | | |
|---|---|---|---|---|
| | | | വാഗ്ദാന ലംഘനങ്ങൾ തടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;<br>(ബി)ഇപ്രകാരം വാഗ്ദാനലംഘനങ്ങൾ ഉണ്ടാകുമ്പോൾ പണം മുടക്കുന്നവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;<br>(സി)ഫ്ളാറ്റുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാനും കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;<br>(ഡി)പ്രസ്തുത നിയമനിർമ്മാണപ്രക്രിയ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?<br>ഉറപ്പ്-ഫ്ലാറ്റുകൾ/ കെട്ടിടങ്ങൾ നിർമ്മിക്കുന്ന മേഖലയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനും നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും അപ്പാർട്ട്മെന്റ് ഉടമസ്ഥരുടെ ആവലാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനമായി ക്വാസി ജുഡീഷ്യൽ അധികാരത്തോടു കൂടിയ കേരള അപ്പാർട്ട്മെന്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | സുതാര്യവുമായ രീതിയിലുള്ള വിൽപ്പന ഉറപ്പു വരുത്തുന്നതിനും റിയൽ എസ്റ്റേറ്റ് മേഖലയിലെ ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അതോറിറ്റിയുടെ തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കുമെതിരെയുള്ള അപ്പീലുകൾ കേൾക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനും ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിനുമായി 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് (2016-ലെ 16-ാം കേന്ദ്ര ആക്റ്റ്) നിലവിലുണ്ട്. ടി ആക്റ്റിനെ അടിസ്ഥാനമാക്കി റിയൽ എസ്റ്റേറ്റ് മേഖലയുടെ നിയന്ത്രണത്തിനായി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ, 2017 രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കെട്ടിട നിർമ്മാണത്തിനായി സ്ഥലം വാങ്ങുമ്പോഴും വീടുകൾ, ഫ്ലാറ്റുകൾ, കടമുറികൾ, മറ്റു കെട്ടിടങ്ങൾ എന്നിവ വാങ്ങുമ്പോഴും പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കായി സർക്കാർ 27-11-2013-ൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 64804/ആർ.എ 1/ 2013/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 24 | 13/08 | 33 | സി) ഗ്രാമ വികസന പദ്ധതികളുടെയും കേന്ദ്ര സഹായ പദ്ധതികളുടെയും നടത്തിപ്പിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - സ്വീകരിക്കുന്നതാണ് | ഗ്രാമവികസന പദ്ധതികളും കേന്ദ്ര സഹായ പദ്ധതികളും അതാത് ജില്ലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഫലപ്രദമയി നടപ്പിലാക്കി വരുന്നു. വിവിധ സ്കീമുകളുടെ മേഖലാതല/ സംസ്ഥാനതല/ ജില്ലാതല അവലോകന യോഗങ്ങൾ യഥാസമയം നടത്തി ആയതിന്റെ പുരോഗതി അവലോകനവും ചെയ്തുവരുന്നുണ്ട്. |
| 25 | 13/08 | 48 | (സി, ഡി) കുടുംബശ്രീ സി ഡി എസ് -ന്റെ അക്കൗണ്ടിലേക്ക് വരുന്ന വിവിധ ഫണ്ടുകൾ വകമാറ്റുന്നത് കൊണ്ട് അഗതികൾക്കായുള്ള ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസ ചെലവുകൾ തുടങ്ങിയവ നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയെക്കുറിച്ച് എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ?<br>ഉറപ്പ് - ഈ വിഷയം സർക്കാർ ഗൗരവമായി കാണുന്നുണ്ട് . ഈ വിഷയത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. | അഗതി ആശ്രയ പദ്ധതിയിലെ ചലഞ്ച് ഫണ്ടിൽ നിന്ന് വകമാറ്റി ചെലവഴിക്കാവുന്നതല്ല. ഇതു സംബന്ധിച്ച സർക്കുലർ സി.ഡി.എസ്.-കൾക്ക് നൽകിയിട്ടുണ്ട്. |
| 26 | 13/09 | 13 | (എ) നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ?<br>ഉറപ്പ് - നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന വസ്തു നികുതി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ | സംസ്ഥാനത്തെ നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ നഗരസഭകളുടെ ആസ്തിയും വരുമാനവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായത്തോടെയും, ധനകാര്യസ്ഥാപനങ്ങളുടെ സഹകരണത്തോടെയുംകൂടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പുതിയ |

| | | | | |
|---|---|---|---|---|
| | | | നഗരസഭകളുടെ ആസ്തിയും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. | കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും, കൺവെൻഷൻ സെന്റർ, മൊബിലിറ്റി ഹബ്ബ്, പാർക്കിംഗ് ടവർ-കം-ഷോപ്പിംഗ് കോംപ്ലക്സ്, അന്താരാഷ്ട്ര നിലവാരമുള്ള മാർക്കറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികളും നഗരസഭകളിൽ സ്വീകരിച്ചിട്ടുണ്ട് |
| 27 | 13/09 | 39 | (എ) തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് 100 ദിവസം തൊഴിൽ പൂർത്തിയാക്കുന്നവർക്ക് പെൻഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?<br><br>ഉറപ്പ് - ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ, തൊഴിലുറപ്പ് പദ്ധതിയിൽ ഒരു വർഷം 100 ദിവസം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഒരു പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ രൂപം തയ്യാറാക്കി വിജ്ഞാപനം ചെയ്തിട്ടില്ല. | 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം 'സ്വാവലംബൻ' പെൻഷൻ പദ്ധതിയുമായി സംയോജിപ്പിച്ച് തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് പെൻഷൻ നൽകാനുള്ള പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുകയും ബാങ്കുകളുമായി ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ 2014 ഫെബ്രുവരി മാസം പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനെ തുടർന്ന് മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ പദ്ധതി മുന്നോട്ടു കൊണ്ടുപോകാനായില്ല. |
| 28 | 13/09 | 81 | (എ) മാലിന്യ സംസ്കരണത്തിലൂടെ എനർജി ഉൾപ്പെടെയുള്ള അനുബന്ധ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന് വികസിത രാജ്യങ്ങളിൽ ഉപയോഗപ്പെടുത്തുന്ന ആധുനിക സാങ്കേതിക വിദ്യകളെ കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ;<br>ബി)എങ്കിൽ ഇവയിൽ സംസ്ഥാനത്തിന് അനുയോജ്യമായതും ചെലവ് കുറഞ്ഞതും | അത്യന്താധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ മാലിന്യത്തിൽ നിന്നും ഊർജ്ജവും അനുബന്ധ വസ്തുക്കളും ഉൽപ്പാദിപ്പിക്കുന്ന തരത്തിൽ പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊച്ചിയിലെ ബ്രഹ്മപുരത്ത് ജി.ജെ. എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ വേസ്റ്റ് ടു എനർജി |

| | | | | |
|---|---|---|---|---|
| | | | പരിസ്ഥിതി സൗഹൃദവുമായ സാങ്കേതിക വിദ്യകളെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ടോ;<br>സി)എങ്കിൽ ഇത്തരം സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി എവിടെയെങ്കിലും സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എവിടെയെങ്കിലും സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്?<br><br>ഉറപ്പ് - (എ & ബി) ഉണ്ട്.<br>സി) ഇതുവരെ സ്ഥാപിച്ചിട്ടില്ല. തിരുവനന്തപുരം (പൈലറ്റ് പ്രോജക്ട്), കോട്ടയം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ ഇത്തരം ഒരു പ്ലാന്റ് വയനാട് സുൽത്താൻ ബത്തേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട് ഇത് കൂടാതെ ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ (DBFOT) വ്യവസ്ഥയിൽ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (PPP ) ആയി താഴെ പറയുന്ന ഏഴ് സ്ഥലങ്ങളിൽ കൂടി വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>i. കൃഷി വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല വില്ലേജിലുള്ള 15 ഏക്കർ ഭൂമി<br>ii. തൃശ്ശൂർ ജില്ലയിൽ അരണാട്ടുകര വില്ലേജിൽ തൃശ്ശൂർ കോർപ്പറേഷന്റെ കൈവശമുള്ള 15 ഏക്കർ ഭൂമി<br>iii പാലക്കാട് ജില്ലയിൽ പുതുശ്ശേരി സെൻട്രൽ വില്ലേജിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ കൈവശമുള്ള 15 ഏക്കർ ഭൂമി<br>iv. കോഴിക്കോട് ജില്ലയിൽ ചെറുവണ്ണൂർ വില്ലേജിലെ ഞെളിയം പറമ്പിൽ കോഴിക്കോട് കോർപ്പറേഷന്റെ കൈവശമുള്ള 12.67 ഏക്കർ ഭൂമി<br>v. കണ്ണൂർ ജില്ലയിൽ ചേലോറ വില്ലേജിൽ കണ്ണൂർ കോർപ്പറേഷന്റെ കൈവശമുള്ള 9.7 ഏക്കർ ഭൂമി.<br>vi.. കൊല്ലം ജില്ലയിൽ ശക്തികുളങ്ങരയിലെ കുരീപ്പുഴ,കൊല്ലം വെസ്റ്റ്, തൃക്കടവൂർ വില്ലേജുകളിൽ കൊല്ലം കോർപ്പറേഷന്റെ കൈവശമുള്ള CRZ norms-ൽ പെടാത്ത 7.05 ഏക്കർ ഭൂമി<br>vii. മലപ്പുറം ജില്ലയിലെ പാണക്കാട് വില്ലേജിൽ KSIDC യുടെ കൈവശമുള്ള 10 ഏക്കർ ഭൂമി. |

| | | | | |
|---|---|---|---|---|
| 29 | 13/09 | 117 | (സി) സംസ്ഥാനത്ത് ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; ഇതിനായി നിയമനിർമ്മാണം കൊണ്ടുവരുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?<br>ഉറപ്പ് - മേൽപ്പറഞ്ഞ ആവശ്യത്തിലേയ്ക്കായി നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ നഗരഗ്രാമാസൂത്രണ വകുപ്പിന്റെ പരിഗണനയിലാണ്. | 17-3-2016-ലെ 19904/ലെഗ്.സി1/13/നിയമം വിജ്ഞാപനം വഴി 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് നിലവിൽ വന്നിട്ടുണ്ട്. ഈ ആക്റ്റിന് 2013 സെപ്റ്റംബർ 23 മുതൽ പ്രാബല്യം ഉണ്ട്. |
| 30 | 13/09 | 125 | എ)കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം സമയബന്ധിതമായും കൃത്യമായും കാര്യക്ഷമതയോടും കൂടി നടപ്പിലാക്കാനുള്ള എന്തെങ്കിലും മാർഗ്ഗങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; അത്തരം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?<br>ഉറപ്പ് - ആർ.എ.വൈ, ബി.എസ്.യു.പി, ഐ.എച്ച്.എസ്.ഡി.പി. തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | മുൻപ് നിലവിലുണ്ടായിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ രാജീവ് ആവാസ് യോജന (RAY), ബേസിക് സർവ്വീസസ് ഫോർ അർബൻ പൂവർ (BSUP), ഇന്റഗ്രേറ്റഡ് ഹൗസിംഗ് & സ്ലം ഡെവലപ്മെന്റ് (IHSDP) എന്നീ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി അർബൻ ഹൗസിംഗ് മിഷൻ എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ 2014-ൽ രൂപീകരിച്ച് പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ PMAY(G), PMAY(U), DAY-NULM, DAY-NRLM, SBM, AMRUT, PMGSY, MGNREGS, SAGY, MKSP, ശ്യാമപ്രസാദ് മുഖർജി - RURBAN മിഷൻ തുടങ്ങിയവയും സമയബന്ധിതമായും കൃത്യമായും കാര്യക്ഷമതയോടു കൂടിയും അതാത് നോഡൽ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നു. |

| | | | | |
|---|---|---|---|---|
| 31 | 13/10 | 18 | (ബി)ക്ഷേമ പെൻഷനുകൾ അതതുമാസം തന്നെ അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ബാങ്ക് അക്കൗണ്ട് വഴിയുള്ള ക്ഷേമ പെൻഷൻ വിതരണം പ്രാബല്യത്തിൽ വന്നാൽ ഗുണഭോക്താ ക്കളുടെ ബാങ്ക് അക്കൗണ്ടിൽ അതത് മാസം തന്നെ ക്ഷേമ പെൻഷനുകൾ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം ഗുണഭോക്താക്കളുടെ താല്പര്യ പ്രകാരം ബാങ്ക് അക്കൗണ്ട് വഴിയും , പെൻഷൻ നേരിട്ട് വീട്ടിൽ എത്തിക്കുകയും ചെയ്യുന്ന സംവിധാനം ആണ് നിലവിലുള്ളത്. വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ കാലാരംഭങ്ങളിലാണ് ഇങ്ങനെ പെൻഷൻ വിതരണം ചെയ്തു വരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ അതാതു മാസം വിതരണം ചെയ്യാൻ ഇപ്പോൾ കഴിയുന്നില്ലെന്നും അറിയിക്കുന്നു |
| 32 | 13/10 | 47 | (സി) യാത്രക്കാരുടെ ഉപയോഗത്തിനു വേണ്ടി വഴിയോരങ്ങളിൽ സൗജന്യ ടോയ്‌ലെറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - പരിഗണിക്കാവുന്നതാണ്. | സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയിൻ കീഴിൽ നഗര പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കും സ്ഥലലഭ്യതയ്ക്കും വിധേയമായി വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ സഹകരണത്തോടെ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.ഗ്രാമങ്ങളിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം പൊതു ശൗചാലയങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നിർമ്മിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പല ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും വികസന/തനതു ഫണ്ടുകളുപയോഗിച്ച് പൊതു ടോയ്‌ലെറ്റ് പണിയുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുത്തു വരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 33 | 13/10 | 60 | (എ) 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?<br><br>ഉറപ്പ് - ഉണ്ട്. ഈ പദ്ധതി കുടുംബശ്രീ വഴി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു. | തൃപ്തി ന്യായവില ഭക്ഷണശാലകൾ താലൂക്കുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി സഹകരിച്ച് നടത്തുന്നതിന് പദ്ധതിയിട്ടിരുന്നു. എന്നാൽ സിവിൽ സപ്ലൈസിൽ നിന്നും സൗജന്യ നിരക്കിൽ ധാന്യങ്ങളും മറ്റു പലവ്യഞ്ജനങ്ങളും നൽകുന്ന മുറയ്ക്ക് മാത്രമേ ടി പദ്ധതി കുടുംബശ്രീ മുഖേന ഫലപ്രദമായും ലാഭകരമായും നടത്തിക്കൊണ്ടുപോകാനും ന്യായവിലയ്ക്ക് ഭക്ഷണം നൽകാനും സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഈ വിഷയത്തിൽ അനുകൂലമായ തീരുമാനം വരുന്ന മുറയ്ക്ക് ന്യായവില ഭക്ഷണശാലകൾ ആരംഭിക്കാവുന്നതാണ്. |
| 34 | 13/10 | 61 | (ഡി) സംസ്ഥാനത്തുടനീളം കുടുംബശ്രീ ട്രാവൽസിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ?<br>ഉറപ്പ് - തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പദ്ധതിയായിട്ടാണ് കുടുംബശ്രീ ട്രാവൽസ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് വിശകലനം ചെയ്ത്, നടത്തിപ്പ്രീതിയിൽ മാറ്റങ്ങൾ ആവശ്യമെങ്കിൽ അവ പ്രാവർത്തികമാക്കിയ ശേഷം ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. | തിരുവനന്തപുരം ജില്ലയിൽ പൈലറ്റടിസ്ഥാനത്തിലാണ് ടി പദ്ധതി ആരംഭിച്ചത്. ഇതേ തുടർന്ന് എറണാകുളം, കോട്ടയം ജില്ലകളിൽ കുടുംബശ്രീ ട്രാവൽസ് ആരംഭിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ സ്ഥാപനങ്ങളുടെ കരാർ വാഹനങ്ങളായും സ്വകാര്യ വാഹനമായും കുടുംബശ്രീ ട്രാവൽസ് പ്രവർത്തിച്ചു വരുന്നു.<br>വനിതാ യാത്രികരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് മുൻതൂക്കം നൽകി സ്വകാര്യ ടാക്സി സർവ്വീസുകൾ കുടുംബശ്രീ ട്രാവൽസിനെ സമീപിക്കുന്നുണ്ട്. ഇവരുടെ വരുമാനം ഉറപ്പുവരുത്തി സാധ്യമായ സ്ഥലങ്ങളിൽ കുടുംബശ്രീ ട്രാവൽസ് പദ്ധതി വ്യാപിപ്പിക്കും. കൊച്ചി മെട്രോ സ്റ്റേഷനുകൾ, ടെക്നോപാർക്ക്, ഇതര സർക്കാർ സർവ്വീസുകൾ എന്നിവയുമായി സംയോജിച്ച് പദ്ധതി നടപ്പിലാക്കും. സംരംഭ മാതൃകയിലായിരിക്കും ടി പദ്ധതി നടപ്പിലാക്കുക. |

| | | | | |
|---|---|---|---|---|
| 35 | 13/10 | 72 | വയനാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?<br>ഉറപ്പ് - വാർഷികമായല്ല ഓരോ മൂന്ന മാസം കൂടുമ്പോഴും ഇക്കാര്യം evaluate ചെയ്യാനുള്ള നടപടി സ്വീകരിക്കും. വയനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കലണ്ടർ തയ്യാറാക്കി special monitoring -ന വേണ്ട സംവിധാനം ഉണ്ടാക്കുന്നതാണ്. | വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ അവലോകന യോഗം ഓരോ മാസവും വിളിച്ചു ചേർക്കുകയും പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും, സെക്രട്ടറിമാരുടെയും സംയുക്ത യോഗങ്ങൾ വിളിച്ചു ചേർക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുള്ളതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ബ്ലോക്ക് തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ച് കൊണ്ട് ഇതിലേക്കായി അവലോകനം നടത്തി പദ്ധതി പുരോഗതി വേഗത്തിലാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 36 | 13/10 | 105 | എ)മാലിന്യ നിർമ്മാർജ്ജനത്തിനായി തിരുവനന്തപുരം, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വൻകിട മാലിന്യ സംസ്കരണ പ്ലാന്റുകൾ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതാണ് എന്ന പ്രഖ്യാപനം നടപ്പാക്കി യോ?<br>ഉറപ്പ് - നടപടികൾ കൈക്കൊണ്ടു വരുന്നു. | എറണാകുളത്ത് കൊച്ചി നഗരസഭാ പരിധിയിൽപ്പെടുന്ന വില്ലിംഗ്ടൻ ഐലൻഡിൽ ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വൻകിട മാലിന്യ സംസ്കരണ പ്ലാന്റുകൾ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 37 | 13/11 | 11 | സി) PMGSY പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലുമുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഡി) എങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - PMGSY പദ്ധതികളിലേക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതനുസരിച്ച് നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ മാർക്കറ്റ് വില നല്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. എട്ടാം ഘട്ടത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ആദ്യ ബാച്ചായി അനുമതി ലഭിച്ച 320 റോഡുകൾ ടെണ്ടർ ചെയ്തതിൽ കരാർ ഉറപ്പിക്കാൻ കഴിയാത്ത 194 റോഡുകൾ 2013-ലെ PMGSY Schedule of Rate അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതിൻ പ്രകാരം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിലേക്കായി PMGSY Schedule of Rate അനുവദിക്കുന്നത് പരിഗണനയിലാണ് | 20-10-2014 ലെ ജി. ഒ. ( ആർ റ്റി ) നമ്പർ 2715/2014 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിർമ്മാണത്തിനാ വശ്യമായ സാധന സാമിഗ്രികളുടെ മാർക്കറ്റ് വില അടങ്ങുന്ന PMGSY Schedule of Rate-ന് അംഗീകാരം നൽകിയിട്ടുണ്ട് . ഇതനുസരിച്ച് എട്ടാം ഘട്ടത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ച രണ്ടും മൂന്നും ബാച്ചുകളിലെ (51+44=95) പ്രവൃത്തികളും ആദ്യ ബാച്ചിൽ കരാർ ഉറപ്പിക്കാൻ കഴിയാത്ത 194 റോഡുകൾ ഉൾപ്പെടെ 289 റോഡുകൾക്ക് 2013 -ലെ PMGSY Schedule of Rate പ്രകാരം ഭരണാനുമതി നൽകുകയും ടെണ്ടർ ചെയ്ത് കരാർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 38 | 13/11 | 71 | (ഡി) മാംസാവശിഷ്ട മാലിന്യങ്ങൾ സ്വീകരിച്ച് സംസ്കരിക്കാനുള്ള കേന്ദ്രങ്ങൾ എല്ലാ നഗരങ്ങളിലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?<br><br>ഉറപ്പ് - ഇതിനുവേണ്ട പ്ലാന്റുകൾ സ്ഥാപിക്കാൻ നഗരസഭകൾ സ്ഥലം കണ്ടെത്തി പദ്ധതി തയ്യാറാക്കി സമർപ്പിച്ചാൽ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ നൽകുന്നതാണ്. | മാംസാവശിഷ്ട മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളോടു കൂടിയ ആധുനിക അറവു ശാലകൾ എല്ലാ നഗര സഭകളിലും സ്ഥാപിക്കുന്നതിനായി 'നഗര പ്രദേശങ്ങളിൽ ആധുനിക അറവു ശാലകളുടെ നിർമ്മാണം' എന്ന ഒരു പദ്ധതി സംസ്ഥാനസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതി പ്രകാരം ആലുവ, കുത്തുപറമ്പ്, മലപ്പുറം, ചങ്ങനാശേരി, തലശ്ശേരി, പയ്യന്നൂർ, പാലക്കാട്, കോഴിക്കോട്, മഞ്ചേരി, അങ്കമാലി, കോട്ടയ്ക്കൽ, പുനലൂർ, തിരൂർ, നെടുമങ്ങാട്, കൽപ്പറ്റ, ആറ്റിങ്ങൽ, മാവേലിക്കര, വർക്കല എന്നീ നഗരസഭകൾക്ക് 2013-2014, 2016-2017 സാമ്പത്തിക വർഷങ്ങളിലായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| 39 | 13/11 | 83 | (എ) ബജറ്റിൽ പ്രഖ്യാപിച്ച തൃപ്തി ഹോട്ടലുകളുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?<br>ഉറപ്പ് - 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 24-ാം ഖണ്ഡികയിൽ പ്രസ്താവിച്ച തൃപ്തി ന്യായവില ഹോട്ടലുകൾ കുടുംബശ്രീ വഴി തുടങ്ങുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. ഇത് എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. | തൃപ്തി ന്യായവില ഭക്ഷണശാലകൾ താലൂക്കുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി സഹകരിച്ച് നടത്തുന്നതിന് പദ്ധതിയിട്ടിരുന്നു. എന്നാൽ സിവിൽ സപ്ലൈസിൽ നിന്നും സൗജന്യ നിരക്കിൽ ധാന്യങ്ങളും മറ്റു പലവ്യഞ്ജനങ്ങളും നൽകുന്ന മുറയ്ക്ക് മാത്രമേ ടി പദ്ധതി കുടുംബശ്രീ മുഖേന ഫലപ്രദമായും ലാഭകരമായും നടത്തിക്കൊണ്ടു പോകാനും ന്യായവിലയ്ക്ക് ഭക്ഷണം നൽകാനും സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഈ വിഷയത്തിൽ അനുകൂലമായ തീരുമാനം വരുന്ന മുറയ്ക്ക് ന്യായവില ഭക്ഷണശാലകൾ ആരംഭിക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 40 | 13/11 | 103 | നഗരസഭകളിലെ മറ്റ് ജീവനക്കാർക്ക് ശമ്പളം നൽകുന്ന ദിവസം തന്നെ ശുചീകരണ തൊഴിലാളികൾക്കും ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ഇക്കാര്യം പരിശോധിക്കുന്നതാണ്. | ഭൂരിഭാഗം നഗരസഭകളിലും റഗുലർ ജീവനക്കാർക്ക് ശമ്പളം നൽകുന്ന ദിവസം തന്നെ ശുചീകരണ തൊഴിലാളികൾക്കും ശമ്പളം നൽകി വരുന്നുണ്ട്. മറ്റ് നഗരസഭകളിൽ റഗുലർ ജീവനക്കാർക്ക് ശമ്പളം നൽകുന്ന അതേ ദിവസം തന്നെ ശുചീകരണ തൊഴിലാളികൾക്കും ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 41 | 13/11 | 136 | (എ)&(സി) നഗരപ്രദേശങ്ങളിലും ചെറു പട്ടണങ്ങളിലും നിന്ന് പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടാവശിഷ്ടങ്ങൾ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും വയലുകളും ജലാശയങ്ങളും നികത്താൻ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തരത്തിലുള്ള ഖരമാലിന്യങ്ങൾ റീസൈക്കിൾ ചെയ്ത്, കെട്ടിട നിർമ്മാണാവശ്യത്തിനുള്ള ബ്ലോക്കുകളും മറ്റും നിർമ്മിച്ച് പുനരുപയോഗ പ്രദമാക്കാനും അവയുടെ ദുരുപയോഗം തടയാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ചില സ്ഥലങ്ങളിൽ ഇത്തരം പ്രവൃത്തികൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഒരു സാദ്ധ്യതാ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. | പൊളിച്ചു മാറ്റപ്പെടുന്ന കെട്ടിടാവശിഷ്ടങ്ങൾ റീസൈക്കിൾ ചെയ്ത് കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ബ്ലോക്കുകളും മറ്റും നിർമ്മിച്ച് പുനരുപയോഗ പ്രദമാക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടില്ല. 2016-ലെ കെട്ടിട നിർമ്മാണങ്ങളും കെട്ടിടം പൊളിച്ചുമാറ്റൽ മാലിന്യ സംസ്കരണ ചട്ടങ്ങൾ പ്രകാരമാണ് നിലവിൽ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത്. |

| | | | | |
|---|---|---|---|---|
| 42 | 13/11 | 160 | ഇന്ദിര ആവാസ് യോജന അതിന്റെ ഗുണഭോക്താക്കൾക്ക് താല്പര്യമുണ്ടെങ്കിൽ പണിയെടുക്കുന്നതിനായി തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം ലഭ്യമാക്കിക്കൂടെ എന്നാണ് ഞാൻ ചോദിക്കുന്നത്. റോഡുകളില്ലാത്തതുകൊണ്ട് തലച്ചുമടായി ധാരാളം പണിസാമഗ്രികൾ കൊണ്ടു പോകേണ്ട സാഹചര്യം പലപ്പോഴും വരുന്നുണ്ട്. അങ്ങനെയുള്ള സേവനം ലഭിച്ചാൽ അവർക്ക് വലിയ ലാഭമാണ്.<br>ഉറപ്പ് - വളരെ സ്വാഗതാർഹമായ നിർദ്ദേശമാണിത്. പുതുക്കിയ മാനദണ്ഡങ്ങളനുസരിച്ച് ഇന്ദിര ആവാസ് യോജനയുടെ മനുഷ്യ പ്രയത്ന ശേഷിക്ക് തൊഴിലുറപ്പ് പ്രവർത്തനം ഉപയോഗിക്കാവുന്നതാണ്. മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പഞ്ചായത്തുകളിൽ ഐ.എ.വൈ.യുടെ പദ്ധതി തയ്യാറാക്കുമ്പോൾ തീർച്ചയായും മാൻപവർ സമാഹരിക്കുന്നതിന് തൊഴിലുറപ്പിന്റെ പങ്കാളിത്തം ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. | മഹാത്മാ ദേശീയ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്ക് നൽകുന്നുണ്ട് . കൂടാതെ കെട്ടിട നിർമ്മാണത്തിനുള്ള വസ്തുക്കൾ നിർമ്മിച്ചു നല്കുന്ന പ്രവൃത്തിയും പദ്ധതിയിൽ കീഴിൽ ഏറ്റെടുക്കാവുന്നതാണ് |

| | | | | |
|---|---|---|---|---|
| 43 | 13/11 | 167 | (എ) തെരുവ് കച്ചവടക്കാരെ സംബന്ധിച്ച സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കമോ ;<br>(സി) തെരുവ് കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത് ?<br>ഉറപ്പ് - (എ) ഉണ്ട്<br>(ബി) & (സി) വഴിയോര കച്ചവടക്കാരെ സംബന്ധിച്ച് 2009-ൽ ഭാരത സർക്കാർ രൂപം നൽകിയ ദേശീയ നയത്തിനും മാതൃകാബില്ലിനും അനുസൃതമായി ഒരു സംസ്ഥാന നയം രൂപപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിലുള്ള തെരുവുകച്ചവട സമിതി രൂപീകരണം, തെരുവു കച്ചവടക്കാരുടെ രജിസ്ട്രേഷൻ, തുടങ്ങിയ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സുപ്രീംകോടതിയുടെ നിർദ്ദേശങ്ങളെല്ലാം സംസ്ഥാന സർക്കാർ പാലിക്കുന്നതാണ്. | കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷകൃത പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ (NULM) പദ്ധതിയുടെ ഘടകമായി തെരുവ് കച്ചവടക്കാരുടെ ഉന്നമനത്തിന് വേണ്ടി സമഗ്ര പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. വഴിയോര/തെരുവ് കച്ചവടക്കാരെ സംബന്ധിച്ച അന്തിമ നയവും NULM പദ്ധതിയുടെ ഘടകമായി രൂപീകരിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 44 | 13/12 | 38 | ഡി) തിരുവനന്തപുരം നഗരത്തിലെ ചെങ്കൽചൂള പ്രദേശത്തിന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?<br>ഉറപ്പ് - KURDFC, അർബൻ ഹൗസിംഗ് മിഷൻ എന്നീ ഏജൻസികളുടെ സഹായത്തോടെ പൊതുമേഖലാ പങ്കാളിത്തത്തിൽ ചെങ്കൽചൂള കോളനിയുടെ സമഗ്ര വികസനത്തിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ് | "ചെങ്കൽചൂളയിൽ നിലവിലുള്ള 11.25 ഏക്കർ ഭൂമിയിൽ 1021 കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയവും അടിസ്ഥാന സൗകര്യങ്ങളും നിർമ്മിച്ചതിനുശേഷം ബാക്കിയുള്ള 5 ഏക്കർ ഭൂമി വാണിജ്യ ആവശ്യങ്ങൾക്കായി വിട്ടുനൽകുന്ന രീതിയിൽ കെ.യു.ആർ.ഡി.എഫ്.സി, അർബൻ ഹൗസിംഗ് മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തയ്യാറാക്കിയിരുന്ന തിരുവനന്തപുരം നഗരസഭയുടെ ചെങ്കൽചൂള പ്രദേശത്തിന്റെ വികസനത്തിനുള്ള പദ്ധതി, കോളനി നിവാസികളുടെ നിസ്സഹകരണം മൂലം നടപ്പാക്കാൻ കഴിഞ്ഞില്ല". |
| 45 | 13/12 | 41 | ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഉത്തരവാദിത്തപ്പെട്ട രാഷ്ട്രീയ പാർട്ടിയുടെ ജനകീയ പദ്ധതി കൂടി കോർത്തിണക്കി ഇത് ഒരു വൻ ക്യാമ്പയിനായി മാറ്റാൻ മുൻകൈയെടുക്കുമോയെന്ന് വിശദമാക്കുമോ?<br>ഉറപ്പ് - ഇക്കാര്യം ആലോചിക്കാവുന്നതാണ് മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശീയ മായിട്ടുള്ള ജനകീയ കമ്മിറ്റിയിലൂടെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്. | "ഗ്രാമപഞ്ചായത്തുകൾ മാലിന്യ നിർമ്മാർജ്ജന പദ്ധതികളിൽ അതത് പ്രദേശത്തെ, രാഷ്ട്രീയ പാർട്ടികളുടെ പിന്തുണയുള്ളതും അല്ലാത്തതുമായ സന്നദ്ധ സംഘടനകളുടെ സേവനം ഉറപ്പാക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തത്തോടെ അതത് പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിന് വ്യക്തമായ ഒരു നിർവ്വഹണ സംവിധാനം തയ്യാറാക്കി നടപ്പാക്കുന്നതിനായി ഹരിത കേരളം മിഷന്റെ ഉപദൗത്യമായി 'ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ രൂപീകരിച്ച് സംസ്ഥാനമൊട്ടാകെ വൻ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്." |

| | | | | |
|---|---|---|---|---|
| 46 | 13/12 | 69 | ഐ.എ.വൈ. പ്രകാരമുള്ള ധനസഹായം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപ വർദ്ധിപ്പിച്ച് 3 ലക്ഷം രൂപയാക്കാനുള്ള നടപടി സ്വീകരിക്കണം.<br>ഉറപ്പ് - എസ്.സി. വിഭാഗത്തിന് മൂന്ന് ലക്ഷവും എസ്.ടി. വിഭാഗത്തിന് രണ്ടര ലക്ഷവുമാണ്. അങ്ങ് പറഞ്ഞതുപോലെ എസ്.സി. വിഭാഗത്തിന് 3 ലക്ഷമാക്കിയതു കൊണ്ട് അപേക്ഷകർ ഐ.എ.വൈ. ഓപ്റ്റ് ചെയ്യുന്നില്ല. ഈ തുക യൂണിഫോമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. | സ.ഉ (സാധാ)നം.2174/15 /ത.സ്വ.ഭ.വ.തീയതി 17-7-2015 പ്രകാരം ഐ.എ.വൈ പദ്ധതിയിൽ പട്ടിക ജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് നൽകി വരുന്ന ധനസഹായം 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 47 | 13/12 | 37 | സി) പൊതു ടോയ്‌ലെറ്റുകളുടെ നടത്തിപ്പ് ലേലം ചെയ്തു നൽകുന്നതു മൂലം ടോയ്‌ലെറ്റ് പരിസരത്തു രൂപപ്പെടുന്ന അനാശാസ്യ നടപടികളും, വൃത്തിഹീനതയും, അമിത നിരക്ക് ഈടാക്കലും ഒഴിവാക്കാൻ കുടുംബ ശ്രീ പോലുള്ള ഏജൻസികളെ ഇവയുടെ നടത്തിപ്പ് ഏൽപ്പിക്കുന്നതിനും കൂടുതൽ പൊതു ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനു മുള്ള സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ?<br><br>ഉറപ്പ് - ഇക്കാര്യം പരിഗണിക്കാവുന്നതാണ്. | ഗ്രാമപ്രദേശങ്ങളിൽ നിലവിലുള്ള പൊതു ശൗചാലയങ്ങൾ കരാർ അടിസ്ഥാനത്തിലും ഗുണഭോക്തൃ സമിതി രൂപീകരിച്ചും കുടുംബശ്രീയെ ഏൽപ്പിച്ചുമാണ് നിലവിൽ പരിപാലിച്ചുവരുന്നത്. നിലവിലുള്ള കരാർ അവസാനിക്കുന്ന മുറയ്ക്ക് ഭരണ സമിതി തീരുമാനത്തിനു വിധേയമായി പൊതു ശൗചാലയങ്ങളുടെ പരിപാലനം കുടുംബശ്രീ പോലെയുള്ള ഏജൻസികളെ ഏൽപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. നഗരപ്രദേശങ്ങളിലുള്ള പൊതു ടോയ്‌ലെറ്റുകളുടെ നടത്തിപ്പ്, സുതാര്യത ഉറപ്പാക്കുന്നതിനായി ഇപ്പോൾ ലേലം ചെയ്തു നല്കുകയാണ് ചെയ്തു വരുന്നുണ്ട്.<br>നഗരസഭാ പരിധിയിൽ വരുന്ന സർക്കാർ ആശുപത്രികൾ, ബസ് സ്റ്റേഷനുകൾ, കളിസ്ഥലങ്ങൾ, |

| | | | | |
|---|---|---|---|---|
| | | | | സ്റ്റേഡിയങ്ങൾ, പാർക്കുകൾ, ബോട്ടു ജെട്ടികൾ, നാഷണൽ ഹൈവേ/ സ്റ്റേറ്റ് ഹൈവേ /മറ്റ് ജില്ലാ റോഡുകളുടെ ഓരങ്ങൾ, സിവിൽ സ്റ്റേഷൻ, താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ്, തീർത്ഥാടന കേന്ദ്രങ്ങൾ, പോലീസ സ്റ്റേഷൻ, ടൂറിസം സ്പോട്ടുകൾ തുടങ്ങിയ ഇടങ്ങളിൽ പൊതു ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ പൊതു ശൗചാലയം പണിതു നൽകുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതി പ്രകാരം ശുചിത്വ മിഷൻ മുഖേന നഗരസഭകൾക്ക് ഫണ്ട് അനുവദിച്ച് നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗ്രാമങ്ങളിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പ്രകാരം പൊതു ശൗചാലയങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നിർമ്മിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭകളിൽ ആകെ 2445 ടോയ്‌ലെറ്റ് സീറ്റുകളുള്ള പൊതു ടോയ്‌ലെറ്റുകളും ഗ്രാമങ്ങളിൽ 916 ടോയ്‌ലെറ്റ് യൂണിറ്റുകളും 2018-19 വർഷം സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പല ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും വികസന/തനതു ഫണ്ടുകളുപയോഗിച്ച് പൊതു ടോയ്‌ലെറ്റ് പണിയുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്തു വരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 48 | 13/13 | 08 | സി) നഗരങ്ങളുടെ വികസന പ്രക്രിയയുൽ അവയുടെ തനത് സൗകര്യംവും പഴമയും സാംസ്കാരിക പൈതൃകവും നിലനിർത്തേണ്ടത് വിനോദസഞ്ചാര മുൾപ്പെടെയുള്ള മേഖലകളുടെ സമൂല വളർച്ചയ്ക്ക് അത്യന്താപേക്ഷിത മായതിനാൽ അൾട്ടീരിയ 2014 പോലുള്ള പദ്ധതികൾ വിവിധ വകുപ്പുകലുടെ സഹകരണത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുമോ?<br>ഉറപ്പ് - ഇക്കാര്യം പരിശോധിക്കാവുന്നതാണ്. | അൾട്ടീരിയ 2014 പോലുള്ള പദ്ധതികൾ നിലവിൽ ലഗരസഭകളിൽ നടപ്പിലാക്കി വരുന്നില്ല. എന്നാൽ നഗരങ്ങളുടെ തനത് സൗന്ദര്യവും പഴമയും സാംസ്കാരിക പൈതൃകവും നിലനിർത്തുന്നതിനും വിനോദസഞ്ചാരമേഖലയുടെ വളർച്ചയ്ക്കായി സാംസ്കാരിക വകുപ്പ്, വിനോദസഞ്ചാരവകുപ്പ് തുടങ്ങിയ വകുപ്പുകളും മറ്റ് സന്നദ്ധ സംഘടനകളും ഇക്കാര്യത്തിൽ നഗരസഭകളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷകരിക്കുന്നതിന് തടസ്സമില്ല. |
| 49 | 13/13 | 25 | (എ) കെ.എസ്.യു.ഡി.പി. പ്രോജക്ട് പ്രകാരം എന്തെല്ലാം പദ്ധതികളാണ് അടുത്ത വർഷം നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നത്?<br>ഉറപ്പ് - നിലവിൽ പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന തിരുവനന്തപുരം നഗര സഭയിലെ 9.37 കോടി രൂപ മുതൽ മുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ പ്രവൃത്തിയും 64.86 കോടി രൂപ മുതൽമുടക്കുള്ള സ്വീവേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും കൊല്ലം നഗരസഭയിലെ 5.15 കോടി മുതൽ മുടക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണവും 4.5 കോടി രൂപ മുതൽമുടക്കുള്ള ചിന്നക്കട അണ്ടർപാസ് | ഏഷ്യൻ വികസന ബാങ്കിന്റെ (എ.ഡി.ബി.) ധനസഹായത്തോടെ കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 102 പദ്ധതികളാണ് കെ.എസ്.യു. ഡി . പി. മുഖേന നടപ്പിലാക്കേണ്ടിയിരുന്നത്. അതിൽ 88 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 11 സ്വിവറേജ് പദ്ധതികളും 1 കുടിവെള്ള പദ്ധതിയും 2 ഖരമാലിന്യ സംസ്കരണ പദ്ധതികളും ഉൾപ്പെടുന്ന 14 പദ്ധതികളാണ് ഇനിയും പൂർത്തിയാക്കാനുള്ളത്. എ.ഡി.ബി. വായ്പാ കാലാവധി 30-6-2016-ൽ അവസാനിക്കുകയും നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി 31-3-2017-ൽ അമൃത് മിഷന്റെ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ ലയിപ്പിക്കുകയും ചെയ്തു. പൂർത്തിയാക്കാനുള്ള |

| | | | | |
|---|---|---|---|---|
| | | | നിർമ്മാണവും 60.36 കോടി രൂപ മുതൽമുടക്കുള്ള സ്വീവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും കൊച്ചി നഗരസഭയിലെ 14.35 കോടി രൂപ മുതൽമുടക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണവും 13.04 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണവും 165.19 കോടി രൂപ മുതൽമുടക്കുള്ള സ്വിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും തൃശ്ശൂർ നഗരസഭയിലെ 23.72 കോടി രൂപ മുതൽ മുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണവും കോഴിക്കോട് നഗരസഭയിലെ 14.15 കോടി രൂപ മുതൽ മുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണവും 63.85 കോടി രൂപ മുതൽമുടക്കുള്ള സ്വിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും പരമാവധി അടുത്ത വർഷം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കോഴിക്കോട് നഗരസഭയിൽ 13.5 ദശലക്ഷം യൂണിറ്റ് വാഹക ശേഷിയുള്ള ഒരു മലിനജല സംസ്കരണശാലയും കരാർ നൽകി പണികൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. | പദ്ധതികൾ കേരള വാട്ടർ അതോറിറ്റി, അതത് നഗരസഭകൾ തുടങ്ങിയ ഏജൻസികൾ ഏറ്റെടുത്ത് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 50 | 13/14 | 51 | എ) പ്രകൃതിദുരന്ത പ്രതിരോധ ശേഷിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ഉറപ്പാക്കാൻ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?<br>ഉറപ്പ് - പരിഗണനയിലാണ്. | അതെ. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 120 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 115 എന്നിവ പ്രകാരം ഉയരം കൂടിയ (high rise buildings) കെട്ടിടങ്ങളുടെ structure design ചെയ്യുമ്പോൾ National Building Code-ൽ പറയുന്നതുപോലെ Seismic Force കൂടി കണക്കിലെടുത്തു വേണം design ചെയ്യേണ്ടത് എന്ന വ്യവസ്ഥ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 51 | 13/14 | 81 | (ബി) വളർത്തുനായ്ക്കൾക്ക് ലൈസൻസും സർക്കാർ ചെലവിൽ പ്രതിരോധ കുത്തിവെയ്പിനും മറ്റും സൗകര്യം ഒരുക്കുന്ന കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - സ്വീകരിക്കുന്നതാണ് | റാബീസ് ഫ്രീ കേരള വാക്സിനേഷൻ കാമ്പയിൻ (RFKVC) പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ളതും നഗരസഭകൾക്ക് വിട്ടുകിട്ടിയതുമായ മൃഗാശുപത്രികൾ മുഖേന നഗരസഭാ പരിധിയിലുള്ള വളർത്തുനായകൾക്ക് ടി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സൗജന്യമായി നഗരസഭയുടെ സഹായത്തോടെ പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ് നൽകിവരുന്നുണ്ട്. കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിൽ 2011 - 2019 കാലയളവിൽ 43404 വളർത്തുനായ്ക്കളുടെ പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ട്."<br>എ ബി സി പ്രോഗ്രാമിന്റെ ഭാഗമായി തെരുവുനായ വർദ്ധനവിനെതിരെ കർശനമായ പരിപാടികൾ കൊണ്ടുവന്നിട്ടുള്ളതും പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ |

| | | | | |
|---|---|---|---|---|
| | | | | നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത് സെക്രട്ടറിമാർക്കും നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതുമാണ് വിവിധ പഞ്ചായത്തുകളിലായി ഏകദേശം 28624 നായകൾക്ക് ലൈസൻസും പ്രതിരോധ കുത്തിവെയ്പ്പും നല്കിയിട്ടുള്ളതുമാണ്. എന്നാൽ സൗജന്യമായി പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിനുള്ള പ്രോജക്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ പഞ്ചായത്ത് മേഖലകളിൽ തെരുവുനായ നിയന്ത്രണം ലക്ഷ്യമിട്ടുകൊണ്ട് എ ബി സി പ്രോഗ്രാമിന്റെ ഭാഗമായല്ലാതെ തനത് ഫണ്ട് ഉപയോഗിച്ച് കൊണ്ട് തെരുവുനായ വർദ്ധനവിനെതിരെ കർശനമായ പരിപാടികൾ കൊണ്ടുവന്നിട്ടുള്ളതും പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത് സെക്രട്ടറിമാർക്കും നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതുമാണ്. ഇങ്ങനെ വിവിധ പഞ്ചായത്തുകളിലായി ഏകദേശം 28624 നായകൾക്ക് ലൈസൻസും പ്രതിരോധ കുത്തിവെയ്പ്പും നല്കിയിട്ടുള്ളതായി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 52 | 13/15 | 08 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന വിഷയം പരിഗണന യിലുണ്ടോ?<br>ഉറപ്പ് - കരാർ ജീവനക്കാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ ശമ്പളം 3-12-2016-ലെ സ.ഉ.(കൈ.)187/2016/ത.സ്വ.ഭ.വ. പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അറ്റാച്ച് ചെയ്യുന്നു |
| 53 | 13/16 | 10 | പുതുതായി രൂപീകരിച്ച നഗരസഭകളിൽ അധിക ജീവനക്കാരുടെ ആവശ്യകത പരിഗണിച്ച് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ ?<br>ഉറപ്പ് - ഇല്ല. പുതുതായി രൂപീകരിച്ച നഗരസഭകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശം പരിശോധിച്ചു വരുന്നു. | പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ ആവശ്യമായ തസ്തികകൾ 21-7-2016 തീയതിയിലെ സ.ഉ.(കൈ.)നം. 85/2016/ത.സ്വ.ഭ.വ. പ്രകാരവും 5-8-2016 തീയതിയിലെ സ.ഉ.(കൈ.)നമ്പർ 109/2016/ ത.സ്വ.ഭ.വ. പ്രകാരവും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട് |
| 54 | 13/16 | 22 | മുട്ടത്തറ സ്വീവേജ് പ്ലാന്റ് ഒരു മാതൃകയായി മാറ്റിയെടുക്കുന്നതിന് പ്ലാന്റ് നേരിടുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - ഇപ്പോൾ മലിനജല ശുദ്ധീകരണ ശാല എന്ന നിലയിൽ ടി പ്ലാന്റിന്റെ പ്രവർത്തനം വളരെ മികച്ചതാണ്. ശുദ്ധീകരിച്ച ജലം പാർവ്വതി പുത്തനാറിൽ ഒഴുക്കി വിടുന്നതു വഴി വലിയ അളവിലുള്ള ഗാർഹിക മലിനീകരണം നിയന്ത്രണ വിധേയമാക്കുവാനും സാധിച്ചിട്ടുണ്ട്. ശുദ്ധീകരിച്ച മലിനജലം, | 107 mld കപ്പാസിറ്റിയുള്ള പ്രസ്തുത പ്ലാന്റിൽ ഇപ്പോൾ 45 മുതൽ 50 mld വരെയാണ് സ്വീവേജ് എത്തിച്ചേരുന്നത്. ഇത് വിവിധ ശുദ്ധീകരണ പ്രക്രിയകളിൽ കൂടി ശുദ്ധീകരിച്ച് നിർമ്മാർജ്ജനം ചെയ്തു വരുന്നു. പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനവും അറ്റകുറ്റ പണിയും സമയാസമയങ്ങളിൽ ചെയ്തു പോരുന്നു. ഇതിൽ പ്രധാനമായും വാട്ടർ അതോറിറ്റി അഭിമുഖീകരിക്കുന്ന വിഷയം സ്ലഡ്ജ് ഒഴിവാക്കുന്നതാണ്. ഇതു പരിഹരിക്കുന്നതിനായി അമൃത് പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ലഡ്ജ് വളമാക്കി മാറ്റുന്നതിനുള്ള പ്രക്രിയയുടെ സാങ്കേതികത്വം |

| | | | | |
|---|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനത്തിനും ഉദ്യാന പരിപാലനത്തിനും പരിമിതമായിട്ടാണെങ്കിലും ട്രാവൻകൂർ ടൈറ്റാനിയം അടക്കമുള്ള വ്യവസായങ്ങളുടെ ആവശ്യത്തിലേയ്ക്കും ഉപയോഗിക്കുവാൻ സാധിക്കും. പ്ലാന്റ് നേരിടുന്ന ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതാണ്. | പരിശോധിക്കുന്നതിനായി National Institute for Inter disciplinary Science and Technology (CSIR) നെ ഏല്പിച്ചിരിക്കുന്നു. ഇതിനു പുറമെ ശുദ്ധീകരിച്ച മലിനജലം പൊതുജനങ്ങൾക്ക് പ്രധാനമായി നിർമ്മാണ ആവശ്യങ്ങൾക്കായി, മുട്ടത്തറ പ്ലാന്റിൽ നിന്ന് സൗജന്യമായി ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട് |
| 55 | 13/16 | 23 | തലസ്ഥാനമുൾപ്പെടെയുള്ള നഗരങ്ങളിൽ ആവശ്യത്തിനു പൊതു ശൗചാലയങ്ങൾ നിർമ്മിക്കുകയും പൊതുജനങ്ങൾക്ക് അവ തടസ്സമില്ലാതെ ഉപയോഗിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - നടപടി സ്വീകരിക്കുന്നതാണ്. | സ്വച്ച് ഭാരത് മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായും ശുചിത്വ മിഷന്റെ പ്രത്യേക പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയും തലസ്ഥാനമുൾപ്പെടെയുള്ള നഗരങ്ങളിലെ പൊതുയിടങ്ങളിൽ വേണ്ടത്ര ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും അവ തടസ്സമില്ലാതെ ഉപയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ ശുചിത്വ മിഷൻ മുഖേന സ്വീകരിച്ചു വരുന്നുണ്ട്. നഗരസഭാ ഓഫീസുകളോടനുബന്ധിച്ച സ്ഥലങ്ങളിലും നഗരസഭകൾക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും പൊതുജനങ്ങൾക്ക് ഉപയോഗിക്കുവാനായി പരമാവധി എണ്ണം പൊതു ശൗചാലയങ്ങൾ പണിയുന്നതിനാവശ്യമായ ധനസഹായം ശുചിത്വമിഷൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നു. സ്വച്ച് ഭാരത് മിഷൻ (നഗരം) പദ്ധതിയിലുൾപ്പെടുത്തി നഗരസഭകൾ നിർമ്മിക്കേണ്ടുന്ന പൊതു ശൗചാലായങ്ങൾ/കമ്മ്യൂണിറ്റി ശൗചാലയങ്ങളുടെ ഭൗതിക ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഓരോ നഗരസഭകൾക്കും നിശ്ചയിക്കപ്പെട്ടിട്ടുള്ള ഭൗതിക ലക്ഷ്യം അനുസരിച്ച് കമ്മ്യൂണിറ്റി/ പൊതു ശൗചാലായങ്ങൾ നിർമ്മിക്കുന്നതിനുള്ള തുടർ നടപടികൾ ശുചിത്വ മിഷൻ മുഖേന അതാത് നഗരസഭകൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 56 | 14/01 | 33 | ഏറ്റവും അടിത്തട്ടിൽ നിൽക്കുന്ന താൽക്കാലിക ശുചീകരണത്തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശുചീകരണത്തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിക്കുന്നതിനും നിലവിൽ നമ്മുടെ സംസ്ഥാനത്ത് മറ്റെല്ലാ മേഖലയിലും നൽകുന്ന പോലെ മിനിമം വേതനം ഉറപ്പാക്കുന്നതിനും ഗവൺമെന്റ് പ്രതിജ്ഞാ ബദ്ധമായിരിക്കും. | 17-8-2016 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 118/2016/ത.സ്വ.ഭ.വ. പ്രകാരം സംസ്ഥാനത്തെ നഗരസഭ / മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന - വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കാറ്റഗറി - I & II -ൽ ഉൾപ്പെട്ട താഴ്ന്നവിഭാഗം ജീവനക്കാരുടെ ദിവസവേതനം യഥാക്രമം 645/- രൂപയും 700/- രൂപയും, ഒരു മാസത്തെ പരമാവധി ദിവസവേതനം യഥാക്രമം 17,420 രൂപയും 18,000 രൂപയും, കരാർ ജീവനക്കാരുടെ ഒരു മാസത്തെ പരമാവധി വേതനം യഥാക്രമം 17,675 രൂപയും 19,280 രൂപയും ആയി വർദ്ധിപ്പിച്ചുകൊണ്ട് 21-7-2018 തീയതിയിലെ സ.ഉ.(അച്ചടി) നം.112/ 2018/ധന നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| 57 | 14/02 | 26 | വൻ നഗരങ്ങളിൽ ബഹുനില മന്ദിരങ്ങൾ തകർന്നുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കർശന പരിശോധന നടത്താനും നിശ്ചിതകാലം കഴിഞ്ഞവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധിതമാക്കാനും നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - നിശ്ചിത കാലം കഴിഞ്ഞ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. എന്നിരുന്നാലും വൻ നഗരങ്ങളിൽ ബഹുനില മന്ദിരങ്ങൾ തകർന്നുള്ള അപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കർശന പരിശോധന നടത്താനും നിശ്ചിതകാലം കഴിഞ്ഞവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാനും നടപടി സ്വീകരിക്കുന്നതാണ്. | വൻ നഗരങ്ങളിലെ ബഹുനില മന്ദിരങ്ങൾ തകർന്നുള്ള അപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കർശന പരിശോധന നടത്താനും നിശ്ചിത കാലം കഴിഞ്ഞവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതുള്ളതിനാലും അപകടകരങ്ങളായ കെട്ടിടങ്ങളുടെ കാര്യത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 411 പ്രകാരം പൊളിച്ചുമാറ്റുന്നതുൾപ്പെടെയുള്ള അധികാരങ്ങൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കുള്ളതിനാൽ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുവാൻ നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 58 | 14/04 | 44 | കേന്ദ്ര സർക്കാർ 2014-ൽ പുറപ്പെടുവിച്ച വഴിയോര കച്ചവട (നിയന്ത്രണവും ജീവനോപാധി സംരക്ഷണവും) ആക്റ്റിന്റെ അടിസ്ഥാനത്തിൽ ചട്ടവും സ്കീമും പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?<br>ഉറപ്പ്-2014-ലെ വഴിയോര കച്ചവട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാനതല കരട് ചട്ടവും സ്കീമും അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്. | കേന്ദ്ര സർക്കാർ 2014-ൽ പുറപ്പെടുവിച്ച വഴിയോര കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവോര കച്ചവട നിയന്ത്രണവും) ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 12-3-2018-ലെ G.O.(P) No.15/2018/L.S.G.D.(S.R.O.No.148/2018 തീയതി 14-3-2018 ) പ്രകാരം കേരള തെരുവോര കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവോര കച്ചവട നിയന്ത്രണവും)ചട്ടം, 2018-ഉം 13-2-2019 -ലെ G.O.(P)No.10/2019/ L.S.G.D. (S.R.O.No.113/2019 തീയതി 13-2-2019) പ്രകാരം കേരള തെരുവോര കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവോര കച്ചവട നിയന്ത്രണവും, ലൈസൻസിംഗും) സ്കീം, 2019-ഉം വിജ്ഞാപനം ചെയ്തിട്ടുണ്ട് |
| 59 | 14/04 | 67 | (എ) ആശ്രയ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ;<br>(ബി) അഗതികളായിട്ടുള്ള മുഴുവൻ പേരുടെയും ലിസ്റ്റ് തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ;<br>(സി) ദാരിദ്ര്യത്തിൽ നിന്ന് ഓരോ കുടുംബത്തെയും കരകയറ്റുന്നതിന് ആവശ്യമായ കുടുംബപദ്ധതിക്ക് രൂപം നൽകുന്ന കാര്യത്തിൽ ആശ്രയ പദ്ധതി എത്രമാത്രം വിജയിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?<br>ഉറപ്പ് - (എ) ഉണ്ട്<br>(ബി) 2017-18 സാമ്പത്തിക വർഷത്തോടു കൂടി കേരളത്തെ അഗതിരഹിത സംസ്ഥാന | കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് ആശ്രയ പദ്ധതിയെ അഗതിരഹിത കേരളം എന്ന പദ്ധതി ആയി വിപുലീകരിക്കുകയും ഇതിന്റെ മാർഗ്ഗരേഖ 14-12-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 252/2017/ ത.സ്വ.ഭ.വ. പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.<br>(ബി) 2018-ൽ 1033 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മൊബൈൽ ആപ്പ് ഉപയോഗിച്ച് സർവ്വേ നടത്തി പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട സേവനങ്ങളെ അടിസ്ഥാനമാക്കി വിശദമായ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി കുടുംബശ്രീ ജില്ലാ മിഷൻ മുഖേന കുടുംബശ്രീ സംസ്ഥാന മിഷനിൽ സമർപ്പിച്ചിട്ടുണ്ട്. 2019 ആഗസ്റ്റ് 25 വരെ |

| | | | | |
|---|---|---|---|---|
| | | | മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ഇതിനായിട്ടുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻ തന്നെ ആരംഭിക്കുന്നതാണ്. 2017-18 സാമ്പത്തിക വർഷത്തോടു കൂടി തന്നെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും അഗതികളുടെ ലിസ്റ്റും പദ്ധതിയും തയ്യാറാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>(സി)തദ്ദേശസ്വയഭരണസ്ഥാപനങ്ങൾ കുടുംബശ്രീയുടെ സഹായത്തോടുകൂടി തയ്യാറാക്കുന്ന ആശ്രയ പദ്ധതിയിൽ അഗതി കുടുംബങ്ങളുടെ സർവ്വേയും അവരുടെ ആവശ്യങ്ങളുമാണ് ആദ്യം നടത്തുന്നത്. ആയതിന് ശേഷം വ്യക്തിഗത പ്രോജക്ടുകൾ തയ്യാറാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ധനസ്രോതസ്സുകൾ കണ്ടെത്തുന്നു. ഉദാ: ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം മുതലായവയ്ക്ക് കുടുംബശ്രീയുടെ ചലഞ്ച് ഫണ്ട്, വീട്, ഭൂമി, കുടിവെള്ളം തുടങ്ങിയവയ്ക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട്/തനത് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് ഫണ്ട്, മുതലയാവ ആയതിന് ശേഷമാണ് പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുന്നത്. പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചാൽ വ്യക്തിഗത പ്രോജക്ടുകൾക്കനുസരിച്ച് തന്നെയാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ പദ്ധതി | 1015 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് അംഗീകാരം നല്കിയിട്ടുണ്ട്. ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അഗതിരഹിത കേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>(സി) ആശ്രയ പദ്ധതിയുടെ ഒരു വിലയിരുത്തൽ പഠനം യൂണിസെഫിന്റെ സഹായത്തോടെ ആരംഭ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് പഞ്ചായത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള, കുടുംബശ്രീക്ക് വേണ്ടി നടത്തിയ ഈ പഠനത്തിന്റെ റിപ്പോർട്ട് അവസാന ഘട്ടത്തിലാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഘട്ടം ഘട്ടമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും ഈ വാർഷിക പദ്ധതിയിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | നടപ്പിലാക്കുന്നതിനാൽ അഗതി കുടുംബങ്ങളെ അഗതിത്വത്തിൽ നിന്നും കരകയറ്റുന്നതിന് സാധിച്ചിട്ടുള്ളതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി ഒരു വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. | |
| 60 | 14/05 | 15 | കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഓൺലൈൻ വിപണിയുടെ സാധ്യതകൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങളോ തയ്യാറെടുപ്പുകളോ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?<br>ഉറപ്പ് - ഉണ്ട്. കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണന ശൃംഖല വിപുലപ്പെടുത്തുന്നതിനും നൂതനമായ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമായി ഓൺലൈൻ വഴി ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു. ഓൺലൈൻ വിപണി സംബന്ധിച്ച് വിശദമായ പഠനം നടത്തിയ ശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്. | കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ വിപണനത്തിനായി പ്രാഥമിക പഠനം നടത്തുകയും കുടുംബശ്രീ മിഷന്റെ കീഴിൽ kudumbashreebazaar.com എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ 2018-ൽ ആരംഭിക്കുകയുണ്ടായി.785 ഉല്പന്നങ്ങൾ നിലവിൽ ഈ പോർട്ടലിൽ വിപണനത്തിനായി ലഭ്യമാണ്. 2019 ഫെബ്രുവരിയിൽ ഓൺലൈൻ വിപണന കമ്പനിയായ ആമസോണുമായി കുടുംബശ്രീ വാക്കർക്കത്തിലേർപ്പെടുകയും 275 ഉല്പന്നങ്ങൾ ആമസോൺ മുഖേന വിപണനത്തിനായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷം ഓൺലൈൻ വിപണന കമ്പനിയായ ഫ്ലിപ്കാർട്ടുമായി ധാരണയിലേർപ്പെട്ടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. |
| 61 | 14/09 | 07 | എ) കേന്ദ്ര സഹായത്തോടെ നടത്തുന്ന നഗരവികസന പദ്ധതിയായ അമൃത്- ന്റെ പുരോഗതി അറിയിക്കുമോ?<br>ബി)വിവിധ ഘടകപദ്ധതികൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും സമയബന്ധിതമായി ലഭ്യമാകുന്നുണ്ടോ; | "കേന്ദ്രത്തിനു സമർപ്പിച്ച 387 പദ്ധതികളിലെ 1009 ഉപപദ്ധതികൾക്കും ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ 530 ഉപപദ്ധതികൾ പൂർത്തീകരിച്ചു."<br>ബി : "എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകി കഴിഞ്ഞു. ആകെയുള്ള 1009 ഉപപദ്ധതികളിൽ 1004 |

| | | | | |
|---|---|---|---|---|
| | | | കേന്ദ്രസഹായം നഷ്ടപ്പെടാതിരിക്കാനായി ത്വരിതഗതിയിൽ അനുമതി ലഭ്യമാക്കുന്നതിനും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നിർദ്ദേശം നൽകുമോ;<br>ഉറപ്പ് - എ) & ബി) മൂന്ന് വാർഷിക പദ്ധതികളിലായി (2015-16, 2016-17, 2017-18) 2358 കോടി രൂപയുടെ 379 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 355 പ്രോജക്ടുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ആയത് ഉന്നതാധികാര സമിതി പരിശോധിച്ച് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. ഈ 355 പ്രോജക്ടുകൾക്കും സർക്കാർ ഭരണാനുമതി നല്കി. ഇതിൽ 8 പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള പ്രോജക്ടുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ അതാത് കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും 15-1-2018-ന് മുമ്പായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഭരണാനുമതി നൽകിയിട്ടുള്ള എല്ലാ പ്രോജക്ടുകൾക്കും സാങ്കേതിക അനുമതി നൽകുന്നതിനായി സമയക്രമം (31-1-2018-ന് മുമ്പ്) നിശ്ചയിച്ച് നല്കിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടുകളുടെ ടെണ്ടർ നടപടികൾ 15-3-2018-ന് മുമ്പായി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് .<br>ഘടകപദ്ധതികൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്. കേന്ദ്രസഹായം നഷ്ടപ്പെടാതിരിക്കാനായി എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട് | എണ്ണത്തിനും സാങ്കേതികാനുമതി നൽകി കഴിഞ്ഞു. ബാക്കി 5 പദ്ധതികൾക്ക് 2021 മാർച്ച് 31-ന് മുമ്പ് സാങ്കേതികാനുമതി നല്കുന്നതാണ്. മൂന്ന് ഗഡുക്കളായാണ് അമൃത് പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നത്. അവാർഡ് ചെയ്ത എല്ലാ പദ്ധതികളുടെയും മൂന്നാം ഗഡുവിന്റെ പകുതി ലഭിച്ചിട്ടുണ്ട്. വിനിയോഗിച്ച തുകയുടെ 75% വിനിയോഗിക്കുന്ന മുറയ്ക്ക് ബാക്കി തുക ലഭ്യമാക്കുന്നതാണ്. ഇനി അവാർഡ് ചെയ്യാനുള്ള പദ്ധതികൾക്ക് നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നതാണ്." |

## III. റവന്യൂ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 23 | സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ? ഉറപ്പ് - സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | ഇ-ഡിസ്ട്രിക്ട്, റെലിസ് (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം) എന്നീ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ വേഗത്തിലും സുതാര്യമായ രീതിയിലും നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| 2 | 13/05 | 103 | (എ) സംസ്ഥാനത്ത് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ, എങ്കിൽ ഈ ഫോഴ്സിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? ഉറപ്പ് - സംസ്ഥാനത്ത് പ്രത്യേകമായി നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് രൂപീകരിച്ചിട്ടില്ല. ദേശീയ ദുരന്ത നിവാരണ സേനയുടെ ഒരു യൂണീറ്റ് കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തിന് പ്രത്യേകമായി ഒരു സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (സംസ്ഥാന ദുരന്ത നിവാരണ സേന ) രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. | നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് സംസ്ഥാന നിയന്ത്രണത്തിലുള്ള സേനാ വിഭാഗമല്ല. എന്നിരുന്നാലും ദേശീയ ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം ബെറ്റാലിയനെ കേരളത്തിൽ നില നിർത്തുന്നതിനായി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ 5 ഏക്കർ സ്ഥലം ദേശീയ ദുരന്ത നിവാരണ സേനയുടെ പ്രാദേശിക പ്രതികരണ കേന്ദ്രം സ്ഥാപിക്കുന്നതിനായി 24-6-2016-ലെ സ.ഉ.(കൈ)നം.368/16/ആർ.ഡി പ്രകാരം ദേശീയ ദുരന്ത നിവാരണ സേനയ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. പ്രാദേശിക ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ അടിയന്തിരമായി ഇടപെടുന്നതിന് സംസ്ഥാനത്തിന് പ്രത്യേകമായി |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിച്ചു കൊണ്ട് 17-10-2012 തീയതിയിലെ സ.ഉ.(കൈ) നമ്പർ 262/2012/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 3 | 13/05 | 167 | ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ജനങ്ങൾക്ക് ഉപകാര പ്രദമായ രീതിയിൽ റവന്യൂ കാർഡ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ<br>ഉറപ്പ് - തീർച്ചയായും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുയാണ്. | സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിച്ചു വരുന്നു. വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും ഇ-പേയ്മെന്റ് വഴിയുള്ള ഭൂനികുതി ശേഖരവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖ സംവിധാനവുമായി സംയോജിപ്പിക്കുന്നു. സംസ്ഥാനത്തെ ആകെയുള്ള 1664 വില്ലേജുകളിൽ 1126 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി വിവരങ്ങൾ ഇതിനകം തന്നെ ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലേയും ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത് ആധാർ നമ്പരുമായി ബന്ധിപ്പിച്ചതിനു ശേഷം മാത്രമേ യൂണിക് തണ്ടപ്പേർ കാർഡ്/റവന്യൂ കാർഡ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കു. |

| | | | | |
|---|---|---|---|---|
| 4 | 13/05 | 209 | (സി) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നിയമ ഭേദഗതി നടത്തുന്നതിന് ആലോചിക്കുമോ, എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?<br>ഉറപ്പ് - 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ചാണ് സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടർന്ന് വരുന്നത്. ഇതൊരു കേന്ദ്ര നിയമമായതുകൊണ്ട് സംസ്ഥാനത്തിന് ഈ നിയമത്തിന്റെ പരിധിയിൽ നിന്നു കൊണ്ട് ആവശ്യമായ ചട്ടങ്ങൾക്ക് രൂപം നൽകുവാനേ നിർവ്വാഹമുള്ളൂ. സംസ്ഥാനം രൂപം നൽകിയ പുനരധിവാസ പാക്കേജിന് നിയമസാധുത നൽകുന്നതിന് വേണ്ടി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഇതിനായി മെമ്മോറാണ്ടം തയ്യാറാക്കി നൽകുവാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. | പൊതുആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി കേന്ദ്രസർക്കാർ രൂപം നൽകിയ "Right to fair compensation and transparency in land and acquisition, rehabilitation and resettlement Act 2013” 1-1-2014 മുതൽ പ്രാബല്യത്തിലായിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഭൂമി ഏറ്റെടുക്കൽ പ്രവർത്തികൾ ത്വരിതപ്പെടുത്തുന്നതിനായിട്ടുള്ള ചട്ടങ്ങൾ സംസ്ഥാനത്തെ സർക്കാർ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത നിയമ പ്രകാരം ഭൂവുടമകൾക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും വിഭാവനം ചെയ്യപ്പെടുന്നുണ്ട് എന്നതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കപ്പെടാവുന്ന താണ്. |
| 5 | 13/06 | 06 | സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - നടപടി സ്വീകരിക്കുന്നതാണ്. | സ്വന്തമായി കെട്ടിടമില്ലാത്തതും നിലവിലെ കെട്ടിടം ശോച്യാവസ്ഥയിലായതുമായ കാരണത്താൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജാഫീസുകൾക്ക് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ |

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെടുത്തിയും വില്ലേജാഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്തിയും വില്ലേജാഫീസ് കെട്ടിട നിർമ്മാണം ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു |
| 6 | 13/06 | 24 | ടോറൻസ് ലൈസൻസ് നിരക്കുകൾ പരിഷ്കരിച്ച ഉത്തരവും ടോറൻസ് സംവിധാനവും പിൻവലിക്കുവാൻ നടപടി സ്വീകരിക്കണം.<br>ഉറപ്പ് - നിരക്കുകൾ പുതുക്കി നിശ്ചയിച്ച ഉത്തരവു മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഗണിച്ച് ഉത്തരവ് പുനഃപരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്. | സർവ്വെയും ഭൂരേഖയും വകുപ്പിലെ ടോറൻസ് ലൈസൻസ് നിരക്കുകകൾ 8-10-2012-ലെ 5741/12/റവ. ഉത്തരവു പ്രകാരം പരിഷ്കരിച്ച നടപ്പിലാക്കുകയും 12-12-2012-ലെ 7009/2012/റവ ഉത്തരവു പ്രകാരം പുതുക്കിയ നടപടി റദ്ദ് ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് 23-5-2013 ലെ സർക്കാർ ഉത്തരവ്(സാധാ)നമ്പർ 2945/2013/റവന്യൂപ്രകാരം നിരക്കുകൾ 1-6-2013-ൽ പ്രാബല്യത്തിൽ വരുത്തുകയും പ്രസ്തുത നിരക്കുകൾ നിലവിൽ തുടർന്നുവരുന്നതുമാണ് |
| 7 | 13/06 | 31 | സി) അമരവിള അടക്കമുള്ള ചെക്ക് പോസ്റ്റുകളിൽ ഔദ്യോഗിക സംവിധാനങ്ങൾ ദുരുപയോഗം ചെയ്തുകൊണ്ട് ഇത്തരത്തിൽ നടക്കുന്ന ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?<br>ഉറപ്പ് - വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ഇത്തരം അനധികൃത മണൽ കടത്ത് തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. | 17-11-2016-ലെ സർക്കാരിലെ 38455/P3/2016/RD നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യു കമ്മീഷണറുടെ കാര്യലയത്തിലെ എൽ.ആർ.കെ1-48541/16 നം.ഉത്തരവു പ്രകാരം ചെക്ക് പോസ്റ്റുകളിലെ അനധികൃത മണൽ കടത്ത് തടയാനായി എല്ലാ ജില്ലാ കളക്ടർമാർക്കും വാണിജ്യ നികുതി കമ്മീഷണർക്കും മോട്ടോർ വാഹന കമ്മീഷണർക്കും നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 8 | 13/07 | 01 | ഇ) ഭൂമിദാനത്തിന് കാൻസർ രോഗികൾ, വികലാംഗർ, വിധവകൾ എന്നിവർക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?<br>ഉറപ്പ് - പരിഗണിക്കുന്നതാണ്. | കേരളത്തെ ഭൂരഹിതരായ കുടുംബാംഗങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്നതായിരുന്നു ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. താഴെപ്പറയുന്ന വിഭാഗക്കാർക്ക് മുൻഗണന ലഭിയ്ക്കത്തക്ക രീതിയിൽ പ്രത്യേക സോഫ്റ്റ്‌വെയർ മുഖാന്തിരം വില്ലേജ് തലത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളത്.<br>1.)ക്യാൻസർ, വൃക്ക രോഗം, ഹൃദ്രോഗം, തളർവാതം തുടങ്ങിയ മാരക രോഗങ്ങൾ കൊണ്ട് അവശത അനുഭവിക്കുന്നവർ.<br>2)ജോലി ചെയ്ത് നിത്യവൃത്തിയ്ക്ക് പോലും പണം കണ്ടെത്താൻ കഴിയാത്ത അഗതികളായ ഗുണഭോക്താക്കൾ<br>3)50%-ത്തിലേറെ അംഗവൈകല്യമുള്ള ഗുണ ഭോക്താക്കൾ<br>4)വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയ സ്ത്രീകൾ തുടങ്ങിയ ഗുണഭോക്താക്കൾ<br>5)പതിവ് അനുവദനീയമല്ലാത്ത സർക്കാർ പുറമ്പോക്കുകളിൽ (റോഡ്,തോട്,കുളം) കുടിൽ കെട്ടി താമസിച്ചു വരുന്ന ഗുണഭോക്താക്കൾ. |

| | | | | |
|---|---|---|---|---|
| 9 | 13/07 | 11 | കേരളത്തിൽ ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഈ വർഷം എത്ര പേർക്ക് ഭൂമി നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?<br>ഉറപ്പ് -കേരളത്തിൽ ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തി അവർക്ക് ഭൂമി വിതരണം നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് zero landless (citizen ) kerala 2015. ഈ പദ്ധതി പ്രകാരം സ്വകരിച്ച അപേക്ഷകളിൻ മേൽ വില്ലേജാഫീസർ, തഹസിൽദാർ എന്നിവർ അന്വേഷണം നടത്തി ഭൂരഹിതരായ കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധികരിച്ചു. അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 15-2-2013 വരേ ദീർഘിപ്പിച്ചിട്ടുണ്ട്. ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകുന്നതിനുള്ള ഭൂമിയുടെ ലഭ്യത ജില്ലാ കളക്ടർമാർ പരിശോധിച്ചുവരുന്നു. 2012 ആഗസ്റ്റിനകം ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്യുന്നതാണ് | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ നിന്നും വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2,43,928 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. വിവിധ ഘട്ടങ്ങളായി പദ്ധതിയുടെ ആനുകൂല്യം നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ദുർബ്ബലരായ അഗതികൾ, മാരകരോഗം ബാധിച്ചവർ, അംഗവൈകല്യം സംഭവിച്ചവർ, വിധവകൾ, പതിവ് അനുവദനീയമല്ലാത്ത സർക്കാർ പുറമ്പോക്കുകളിൽ കുടിൽ കെട്ടി താമസിക്കുന്നവർ എന്നിവർക്ക് മുൻഗണന ലഭിയ്ക്കത്തക്ക രീതിയിൽ പ്രത്യേക സോഫ്റ്റ് വെയർ മുഖാന്തിരം വില്ലേജ് തലത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളായി റാങ്ക് ലിസ്റ്റിലെ മുൻഗണന പ്രകാരം 58,398 കുടുംബങ്ങൾക്ക് പദ്ധതി പ്രകാരം ഭൂമി അനുവദിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണ ഭോക്താക്കൾക്കും പദ്ധതിയുടെ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം പദ്ധതിയുടെ ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കൾക്ക് ചട്ടപ്രകാരം ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചുവരുന്നു |
| 10 | 13/07 | 23 | മണൽ വിതരണത്തിന് കാസർഗോഡ് ജില്ലയിൽ ആരംഭിച്ച ഇ - മണൽ പദ്ധതി മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ | കാസർഗോഡ് ജില്ലക്ക് പുറമേ ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ' SAND ' എന്ന പേരിൽ ഓൺലൈൻ മണൽ ബുക്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്, ഇത് |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - കാസർഗോഡ് ജില്ലയ്ക്ക് പുറമേ ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ' SAND ' എന്ന പേരിൽ ഓൺലൈൻ മണൽ ബുക്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്, ഇത് മറ്റ് ജില്ലകളിൽകൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട് | മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 11 | 13/08 | 06 | ബി) മണൽ വിൽപ്പന പൊതുമേഖലയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ,<br>സി) പൊതുമേഖലയിലൂടെ പായ്ക്കറ്റുകളിലാക്കി വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - റവന്യൂ വകുപ്പിന്റെ ചുമതലയിൽ പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യുന്നതിനെ കുറിച്ച് ആലോചിക്കുന്നുണ്ട്. | ബി),സി) ബഹു സുപ്രീം കോടതിയുടെ SLP (C) 19628, 19629/2009 വിധിയുടെ അടിസ്ഥാനത്തിൽ ദേശിയ ഹരിത ട്രിബ്യൂണലിന്റെ OA 171/2013-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും പാരിസ്ഥിതികാനുമതി ഇല്ലാത്ത ഖനന പ്രവർത്തനങ്ങൾ നടത്താൻ പാടില്ല എന്ന നിർദ്ദേശത്തെ തുടർന്ന് പാരിസ്ഥിതികാനുമതി ലഭിക്കുന്നത് വരെ ജില്ലകളിൽ മണൽ ഖനന പ്രവർത്തികൾ നിർത്തി വച്ചിരിക്കുകയാണ്. ആയതിനാൽ നിലവിൽ ജില്ലകളിൽ മണൽ ഖനനവും വിപണനവും നടക്കുന്നില്ല. ആയതിനാൽ മണൽ വില്പന പൊതുമേഖലയിലാക്കുന്ന വിഷയം ഉദിക്കുന്നില്ല. |
| 12 | 13/08 | 35 | സി) വർഷങ്ങളായി കൈവശത്തിലിരിക്കുന്നതും തോട്ടുചേർന്നുള്ള പതിവ്ഭൂമിയുടെ ഉപയോഗത്തിന് അത്യന്താപേക്ഷിതവുമായ നിലയിൽ വഴി മുതലായവ പോലെ ഉപയോഗിക്കുന്നതുമായ 10 സെന്റിൽ താഴെയുള്ള പുതുവൽഭൂമി | 1964-ലെ കേരള ഭൂമി പതിവ് ചട്ടം 6(2) പ്രകാരം പഞ്ചായത്തു പ്രദേശങ്ങളിൽ തൊട്ടടുത്ത ഭൂമിയുടെ ഗുണപരമായ വിനിയോഗത്തിനു 15 സെന്റ് വരെയും 1995-ലെ മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 4(2)(a) പ്രകാരം |

| | | | | |
|---|---|---|---|---|
| | | | കൈവശരേഖയുടെ അടിസ്ഥാനത്തിൽ പതിച്ച നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - നിയമാനുസൃതം അർഹത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. | മുനിസിപ്പൽ പ്രദേശങ്ങളിൽ 10 സെന്റ് വരെയും കോർപ്പറേഷൻ പ്രദേശങ്ങളിൽ 5 സെന്റ് വരെയും സർക്കാർ ഭൂമി പതിച്ച നൽകാൻ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ഓരോ കേസും പരിശോധിച്ച നടപടി സ്വീകരിച്ച വരുന്നു. |
| 13 | 13/08 | 66 | എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 28 വീടുകൾ ഇടുക്കി ജില്ലയിലെ വിവിധ വില്ലേജുകളിലായി കിടക്കുന്നത് വീണ്ടും തിരിച്ച് കടവൂർ വില്ലേജിലേക്ക് കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടികുളം, കുമാരമംഗലം വില്ലേജുകളിൽപ്പെട്ട 27 കുടുംബങ്ങളെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർവില്ലേജിൽ ഉൾപ്പെടുത്താവുന്നതാണ്. സെൻട്രൽ സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തിരം വില്ലേജ് അതിർത്തി അളന്ന തിരിച്ച് അതിർത്തി പുനർനിർണ്ണയം ചെയ്തുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. | ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടിക്കുളം കുമാരമംഗലം വില്ലേജുകളിൽപ്പെട്ട 27 കുടുംബങ്ങളെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കാളിയാർ പുഴയുടെ പടിഞ്ഞാറെ അതിർത്തിയിലുള്ള കടവൂർ വില്ലേജിനോട് ചേർന്ന വരുന്ന ഭാഗം മുഴവൻ സർവ്വേ ചെയ്ത പുതുക്കിയ റിക്കാർഡുകൾ തയ്യാറാക്കിയാൽ മാത്രമേ ഇക്കാര്യത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കാൻ കടവൂർ വില്ലേജിലെ സർവ്വേ ചെയ്യേണ്ട ഭാഗം സർവ്വേ ചെയ്ത. പുതിയ റിക്കാർഡുകൾ അടിയന്തിരമായി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 14 | 13/08 | 72 | ചടയമംഗലം മണ്ഡലത്തിലെ ഇത്തിക്കരയാറിനു കുറുകെയുള്ള പെരപ്പയം പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടു കൊടുത്തവർക്ക് പൊന്നും വില നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം അക്വയർ ചെയ്തതുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ നൽകിയിട്ടുള്ള ആധാരങ്ങളിൽ അക്വയർ ചെയ്ത ഭൂമി കൂടാതെ അധിക ഭൂമി ഉള്ളതിനാൽ അക്വയർ ചെയ്തതൊഴികെയുള്ള ഭൂമിയുടെ ആധാരവും തിരികെ നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ട് താമസംവിനാ ജില്ലാ കളക്ടർക്ക് അനുവദിച്ചു നൽകുന്നതാണ്. ഇതിന് അടിയന്തര പ്രാധാന്യം നൽകിക്കൊണ്ട് ജില്ലാ കളക്ടർ വീണ്ടും ബന്ധപ്പെട്ട റിപ്പോർട്ടുകൾ വാങ്ങി നടപടി സ്വീകരിക്കുന്നതാണ്. | ഇത്തിക്കരയാറിന് കുറുകെ കൊട്ടാരക്കര താലൂക്കിൽ ചടയമംഗലം വില്ലേജിലെ ബ്ലോക്ക് നമ്പർ 38-ൽ പെട്ട 0.6858 ഹെക്ടർ സ്ഥലം പെരപ്പയം പാലത്തിനും അപ്രോച്ച് റോഡിനും വേണ്ടി പൊന്നുംവിലയ്ക്കെടുക്കുന്നതിനായി 2-2-2009-ലെ സ.ഉ. (സാധാ) നമ്പർ 155/09/PWD പ്രകാരം ഫാസ്റ്റ് ട്രാക്ക് മെത്തേഡ് പ്രകാരം ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതും 28-5-12-ലെ സർക്കാർ ഉത്തരവ് G.O(Rt)No.970/12/PWD പ്രകാരം നെഗോഷ്യേറ്റ് ചെയ്ത് സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. റോഡ്സ് കൊല്ലത്തിന്റെ ഓഫീസിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 58 ലക്ഷം രൂപ അർത്ഥനാധികാരിയ്ക്ക് നൽകാനായി ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത തുകയിൽ 49,98, 981 രൂപ അർത്ഥനാധികാരി വിനിയോഗിച്ചിട്ടുള്ളതും, ബാക്കി 8,67,059 രൂപ 29-3-14 തീയതിയിൽ 5475-00-800-90 ശീർഷകത്തിൽ ജില്ലാ ട്രഷറിയിൽ ഒടുക്കുവരുത്തി യിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കക്ഷികൾ പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ഹാജരാക്കിയ ആധാരങ്ങൾ തിരികെ നൽകിയിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| 15 | 13/08 | 81 | (എഫ്) അനധികൃത മണലൂറ്റ് കുടിവെള്ള ലഭ്യതയെപ്പോലും രൂക്ഷമായി ബാധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഇത് തടയുന്നതിനും മണലെടുപ്പും വിപണനവും പൊതു മേഖലയിൽ കൊണ്ടുവരുന്നതിനും അടിയന്തിര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?<br>ഉറപ്പ് - അനധികൃത മണലെടുപ്പ് തടയുക എന്ന ലക്ഷ്യത്തോടെയാണ് 7-3-2013- ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ആക്ട് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. മറ്റ് കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. | (എഫ്) സംസ്ഥാനത്തെ നദികളിൽ നിന്നുള്ള അനധികൃത മണൽ വാരൽ തടയുന്നതിനായി സബ് കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്ക് തലത്തിലും സ്ക്വാഡ് പ്രവർത്തിച്ചു വരുന്നു. കൂടാതെ, റവന്യൂ, പോലീസ് വകുപ്പുകൾ ഒറ്റയ്ക്കും സംയുക്തമായും സ്ക്വാഡുകൾ രൂപീകരിച്ച് അനധികൃത ഖനനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2013- ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) നിയമ പ്രകാരം അനധികൃത ഖനനപ്രവർത്തികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. നിലവിൽ ദേശിയ ഹരിത ട്രിബ്യൂണലിന്റെ സ്റ്റേ നിലനിൽക്കുന്നതിനാൽ മണലെടുപ്പും വിൽപ്പനയും നടക്കുന്നില്ല. |
| 16 | 13/09 | 41 | (ബി) ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ അക്കാദമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?<br>ഉറപ്പ് - ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. | മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിയിൽ ചെണ്ട, ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, മുഖമെഴുത്ത് എന്നീ കോഴ്സുകൾ എത്രയും വേഗം ആരംഭിക്കുവാൻ സാധിക്കത്തക്ക വിധം പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| 17 | 13/09 | 43 | (സി) ആചാരസ്ഥാനികൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതിയിൽ ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണത്തിൽ ഇനിയും ആനുകൂല്യം നൽകുവാനായി ബാക്കിയുണ്ട്;<br>(ഡി) അപേക്ഷകർക്ക് ആനുകൂല്യം നൽകുവാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - (സി) പുതിയതായി തെരഞ്ഞെടുത്ത 601 ആചാരസ്ഥാനികൾക്കും 89 കോലധാരികൾക്കും ആനുകൂല്യം നൽകാനുണ്ട്.<br>(ഡി) നടപടി സ്വീകരിച്ചുവരുന്നു. | ഇതുവരെയുള്ള അപേക്ഷകൾ പരിഗണിച്ച് ,ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| 18 | 13/09 | 60 | (എ) നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതിനുള്ള നിരോധനം നിലവിലുണ്ടെങ്കിലും നികത്തൽ പ്രക്രിയ വൻതോതിൽ നിർബാധം നടക്കുന്ന കാര്യം ഗൗരവപൂർവ്വം വീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടിക്രമം വിശദമാക്കാമോ;<br>(ബി) സംസ്ഥാനം നേരിടുന്ന ശുദ്ധജലക്ഷാമത്തിന് കുന്നുകളിടിച്ചുള്ള നിലം, ചതുപ്പുകൾ എന്നിവയുടെ നികത്തലിന് നിർണ്ണായക പങ്കുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ചില സാമൂഹ്യ രാഷ്ട്രീയ പോഷക സംഘടനകൾ, തണ്ണീർത്തട സംരക്ഷകരായി | അനധികൃത നിലം നികത്തുന്നതും, കുന്നിടിച്ച് നിലം നികത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഗ്രികൾച്ചർ ആഫീസർ റിപ്പോർട്ട് ചെയ്യുന്ന കേസുകൾ കൂടാതെ സ്വമേധയായും അധികാരപ്പെട്ട ഉദ്യോഗസ്ഥർ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 12 പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. നെൽവയൽ പൂർവ്വ സ്ഥിതിയിലാക്കേണ്ട കേസുകളിൽ സെക്ഷൻ 13 പ്രകാരം ജില്ലാ കളക്ടർമാരും നടപടിയെടുക്കുന്നു. ഇത്തരം അനധികൃത പ്രവർത്തനങ്ങളിന്മേൽ വകുപ്പ് 19, 20 പ്രകാരവും നടപടി സ്വീകരിക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | രംഗത്തു വന്നിട്ട് ഭൂമാഫിയയുമായി ഒത്തുകളിച്ച് നികത്തലിന് കൂട്ടു നിൽക്കുന്ന സ്ഥിതിവിശേഷം തദ്ദേശവാസികൾക്കു പോലും ഭീഷണിയുയർത്തുന്ന കാര്യം പരിശോധിക്കുമോ;<br>(ഡി) സമൂഹ നിലനിൽപിനു തന്നെ ഭീഷണിയാവുന്ന ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സത്വരം സ്വീകരിക്കുമോ?<br>ഉറപ്പ് - എ) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.<br>(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>(സി)&(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. | |
| 19 | 13/09 | 65 | (സി) പുറമ്പോക്ക് ഭൂമികളുടെ വിസ്തൃതി, അതിർത്തി എന്നിവ അടയാളപ്പെടുത്തിയ പ്ലാൻ എവിടെയൊക്കെ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;<br>(ഡി) പ്രസ്തുത സ്ഥലങ്ങളിൽ സർക്കാർ വകയാണെന്നു കാണിക്കുന്ന സ്ഥിരം അടയാളം സ്ഥാപിച്ച ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നിരീക്ഷിച്ച് കയ്യേറ്റങ്ങൾ തടയാൻ നടപടി സ്വീകരിക്കുമോ? | (സി) ടി ഓഫീസുകളിൽ നിന്ന് പുറമ്പോക്ക് ഭൂമികളുടെ വിസ്തൃതി, അതിർത്തി എന്നിവ അടയാളപ്പെടുത്തിയ പ്ലാൻ ലഭ്യമാണ്<br>(ഡി) സർക്കാർ ഭൂമികളാണെന്നു കാണിക്കുന്ന ബോർഡുകൾ ടി ഭൂമികളുടെ അതിർത്തികളിൽ സ്ഥാപിക്കാനും ടോട്ടൽ സ്റ്റേഷൻ, ജി. പി. സ്. തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ കയ്യേറ്റം തിട്ടപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ മൂന്നാറിൽ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - (സി) പുമ്പോക്ക് ഭൂമികളുടെ വിസ്തൃതി, അതിർത്തി എന്നിവ അടയാളപ്പെടുത്തിയ പ്ലാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും സർവ്വേ ഓഫീസുകളിലും ലഭ്യമാണ്. കൂടാതെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലാന്റ് ബാങ്കിന്റെ വെബ്സൈറ്റ് http://www.kslb.kerala.gov.in ലും ലഭ്യമാണ്.<br>(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്. | മാത്രം പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സ് (PLPF)മുഖാന്തിരം കൈയ്യേറ്റങ്ങൾ നിരീക്ഷിക്കാനും തടയുവാനും നടപടികൾ നടന്നു വരുന്നു. |
| 20 | 13/09 | 66 | (എ) റവന്യൂ ഫീസിനങ്ങളും നികുതികളും അടയ്ക്കുന്നതിന് ഓൺ ലൈൻ പേയ്മെന്റ് ഗേറ്റ് വേ നടപ്പാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?<br>ഉറപ്പ് - (എ) ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ നടപ്പാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.<br>(ഡി) വിവിധ ബാങ്കുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പരീക്ഷണാടിസ്ഥാന ത്തിൽ പത്തനംതിട്ട ജില്ലയിലെ കോന്നി, കൂടൽ, ആറന്മുള എന്നീ വില്ലേജുകളിലും | റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചു കൊണ്ട് പൂർണ്ണമായ ഒരു ഇ-പേയ്മെന്റ് പ്ലാറ്റ്ഫോം ഘട്ടം ഘട്ടമായി വികസിപ്പിച്ചെടുക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് ഇ-പേയ്മെന്റ് പദ്ധതി ആരംഭിച്ചത്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനത്തിലൂടെ സ്വീകരിച്ചു വരുന്നത്. മറ്റു നികുതികൾ സ്വീകരിക്കുന്ന കാര്യം ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു |

| | | | | |
|---|---|---|---|---|
| | | | കോട്ടയം ജില്ലയിലെ പുതുപ്പള്ളി, മണർകാട്, വിജയപുരം എന്നീ വില്ലേജുകളിലും ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. | |
| 21 | 13/10 | 03 | (ഡി) സെസ് റിപ്പോർട്ട് മറികടന്ന്, ഇടുക്കി ജില്ലയിലെ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ ക്വാറികൾ ആരംഭിക്കുന്നതിനുള്ള നീക്കം തടയുന്നതിന് നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - അനധികൃത ക്വാറികൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. | ഇടുക്കി ജില്ലയിൽ നിലവിൽ കരിങ്കൽ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പാരിസ്ഥിതികാനുമതിയ്ക്കായി മിനിസ്ട്രി ഓഫ് എൻവയോൺമെന്റ്, ഫോറസ്റ്റ് & ക്ലൈമറ്റ് ചെയ്ഞ്ച് (MOEF &CC) ന്റെ സൈറ്റ് വഴി ലഭ്യമാകുന്ന അപേക്ഷകളും അനുബന്ധ രേഖകളും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല പാരിസ്ഥിതിക ആഘാത പഠന സമിതി (DEIAA) വിശദമായി പരിശോധിക്കുകയും തുടർന്ന് ടി അപേക്ഷകൾ ജില്ലാതല എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിക്ക് നൽകുകയും ടി കമ്മിറ്റി നൽകുന്ന വ്യക്തമായ ശുപാർശയുടെ അടിസ്ഥാനത്തിലുമാണ് കരിങ്കൽ ഖനനത്തിനുള്ള അനുമതി നൽകുന്നത്. ആയതിനാൽ പാരിസ്ഥിതികാനുമതി ഇല്ലാത്ത ക്വാറികൾ പ്രവർത്തിക്കുന്നതിനുള്ള നീക്കം തടയുവാൻ കഴിയും. |
| 22 | 13/10 | 05 | (എഫ്) ഭൂമി അനുവദിച്ചു ലഭിച്ച അറിയിപ്പ് കിട്ടിയിട്ടും ഭൂമി കൈവശം ലഭിയ്ക്കാത്തവർക്ക് എന്ത് തരത്തിലുള്ള നഷ്ടപരിഹാരമാണ് | ഭൂമി അനുവദിച്ച് ലഭിച്ച അറിയിപ്പ് കിട്ടിയിട്ടും ഭൂമി കൈവശം ലഭിക്കാത്തത് പ്രസ്തുത ഭൂമികൾ വനം വകുപ്പധികൃതർ പരിസ്ഥിതി ദുർബ്ബല വനഭൂമിയായി |

| | | | | |
|---|---|---|---|---|
| | | | നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?<br>ഉറപ്പ് - അനധികൃത ക്വാറികൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. | പ്രഖ്യാപിച്ചതിനാലും, വെള്ളക്കെട്ടായതിനാലും, കോടതി വിധി നിലനിൽക്കുന്നതിനാലും, പ്രാദേശികമായ തർക്കങ്ങൾമൂലവും, താമസ യോഗ്യമല്ലാത്തതുമായ കാരണങ്ങളാൽ പതിച്ച് നൽകിയ മിച്ചഭൂമി ഗുണഭോക്താക്കൾക്ക് കൈവശം നൽകുവാൻ ചില ജില്ലകളിൽ കഴിഞ്ഞിട്ടില്ല. അപ്രകാരം ഭൂമി ലഭിക്കാത്തവരുടെ വിവരങ്ങൾ ശേഖരിക്കുകയും, അവർക്ക് സീനിയോറിറ്റി ക്രമത്തിലും ഭൂമിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിലും പകരം ഭൂമി നൽകുന്നതിനുള്ള നടപടികൾ വിവിധ ജില്ലകളിൽ സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം ഭൂമി നൽകുന്നതിനും, പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 25 സെന്റ് ഭൂമി വാങ്ങി നൽകുന്നതിനും, സീറോ ലാൻഡ്ലെസ് പദ്ധതി, ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം, ഒരേക്കർ ഭൂമി എന്നീ പദ്ധതികൾ പ്രകാരം ഭൂമി നൽകുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| 23 | 13/10 | 33 | (എ) മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായി തിരുവർക്കാട്ട് കാവിൽ ക്ഷേത്രകലാ അക്കാദമി | മാടായിക്കാവിലെ ക്ഷേത്രകല അക്കാദമിയിൽ ചെണ്ട, ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, മുഖമെഴുത്ത് എന്നീ കോഴ്സുകൾ എത്രയും വേഗം |

| | | | | |
|---|---|---|---|---|
| | | | സ്ഥാപിക്കുന്നതിന് 6-4-2013-ന് ഭരണാനുമതി ലഭിച്ചെങ്കിലും തുടർ നടപടികൾ നീണ്ടു പോകുന്നതെന്തു കൊ ണ്ടാണ്;<br>(ബി) പൂരക്കളി, ചെണ്ട എന്നീ കോഴ്സുകൾ നാളിതുവരെ തുടങ്ങിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനവും കോഴ്സുകളും എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്ന് അറിയിക്കാമോ ?<br>ഉറപ്പ് - ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കും കോഴ്സുകൾ തുടങ്ങുന്നതിലേക്കും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അക്കാദമിയുടെ പ്രവർത്തനം താമസിയാതെ തന്നെ ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുന്നതാണ്. | ആരംഭിക്കുവാൻ സാധിക്കത്തക്കവിധം നടപടി കൈക്കൊണ്ടിട്ടുണ്ട്.ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനങ്ങൾക്ക് ഇതുവരെയായി ദേവസ്വം വകുപ്പിൽ നിന്നും 5 ലക്ഷം രൂപയും സാംസ്കാരിക വകുപ്പിൽ നിന്നും 50 ലക്ഷം രൂപയുടെ ഗ്രാന്റും അനുവദിച്ചിട്ടുണ്ട്. |
| 24 | 13/10 | 42 | (സി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള കേന്ദ്ര നിയമവ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന നിയമത്തിൽ മാറ്റം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | പുതിയ കേന്ദ്ര സ്ഥലമെടുപ്പ് നിയമം LARR ആക്ട് 2013 1-1-2014-ൽ നിലവിൽ വന്നു. പ്രസ്തുത നിയമത്തിന് അനുസൃതമായി സംസ്ഥാനത്ത് 19-9-2015-ൽ G.O.(P) No.470/15/RD പ്രകാരം ചട്ടങ്ങൾ നിലവിൽ വന്നു. കൂടാതെ 23-9-2015-ലെ (G.O. (Ms) 485/15/RD) സംസ്ഥാന നയങ്ങളും |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - കേന്ദ്ര നിയമ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന നിയമത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | രൂപീകരിച്ചിട്ടുണ്ട്. അപ്രകാരം കേന്ദ്ര നിയമ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന നിയമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. |
| 25 | 13/10 | 43 | (എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥയെന്താണ്;<br>(സി)കമ്പനി കോടതികളിൽ തെളിവിനായി നൽകിയിട്ടുള്ള ഭൂരേഖകൾ വിജിലൻസ് വകുപ്പ് പരിശോധിക്കുകയുണ്ടായോ; രേഖകൾ വ്യാജമായി നിർമ്മിച്ചതാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ?<br>ഉറപ്പ് - M/s. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസർ കളക്ടറുടെ നേതൃത്വത്തിൽ ടി കമ്പനി ഭൂമി കൈവശം വയ്ക്കുന്ന കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ 1961-ലെ KLC Rule (6) പ്രകാരമുള്ള സ്ഥലപരിശോധന പൂർത്തിയായിട്ടുണ്ട്. ആദ്യ നടപടിയായി ടി ജില്ലകളിൽ ഉൾപ്പെടുന്ന 1600/1923-ാം നമ്പർ Indenture -ൽ നിന്നും ടി കമ്പനി വില്പന നടത്തിയ ശേഷം ബാക്കിയുള്ള 18466.73 ഏക്കർ സർക്കാർ ഭൂമിയിൽ നിന്നും ഒഴിപ്പിക്കാതിരിക്കാൻ | ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുള്ള സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ & കളക്ടർ പുറപ്പെടുവിച്ച വിവിധ ഉത്തരവുകൾക്കെതിരെ കമ്പനിയും മറ്റു കക്ഷികളും ഫയൽ ചെയ്ത കേസുകളിൽ തൽസ്ഥിതി തുടരുവാൻ ബഹു. കേരളാ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ 18-2-2014-ന് മുമ്പ് ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസ് 18-1-2014-ന് കമ്പനിക്ക് രജിസ്റ്റേർഡ് തപാലിൽ അയച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലായി 60,000 ഏക്കറോളം ഭൂമി ടി കമ്പനി കൈവശം വയ്ക്കുന്നതിനാൽ ഘട്ടം ഘട്ടമായിട്ടാണ് നടപടി സ്വീകരിക്കുന്നത്. Form 8 നോട്ടീസുകളുടെ അടിസ്ഥാനത്തിൽ ടി കമ്പനിയെ നേരിൽ കേട്ട ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>(സി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണത്തിൽ നിരവധി സുപ്രധാന രേഖകൾ പരിശോധിക്കുകയും അവയിൽ പലതും വ്യാജമാണെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും വിശദമായ അന്വേഷണം നടത്തിവരുന്നതും. കമ്പനി, കോടതികളിൽ തെളിവിനായി നൽകിയിട്ടുള്ള ഭൂരേഖകൾ ഉൾപ്പെടെ പ്രസക്തമായ എല്ലാ രേഖകളും വിജിലൻസ് കേസിന്റെ അന്വേഷണ വേളയിൽ ശേഖരിക്കുന്നതും പരിശോധിക്കുന്നതുമാണ്. | |

| | | | | |
|---|---|---|---|---|
| 26 | 13/10 | 67 | മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന വിവരം ഔദ്യോഗിക website-ൽ പ്രസിദ്ധപ്പെടുത്താറുണ്ടോ;<br>ഉറപ്പ് - നിലവിൽ മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഔദ്യോഗിക website-ൽ പ്രസിദ്ധപ്പെടുത്താറില്ല. അവ ഔദ്യോഗിക website-ൽ പ്രസിദ്ധപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. | മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഔദ്യോഗിക website-ൽ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. |
| 27 | 13/10 | 75 | ദുരന്തമുണ്ടാകുന്ന സ്ഥലങ്ങളിൽ കാലതാമസ മില്ലാതെ എത്തി റെസ്ക്യൂ ഓപ്പറേഷൻ നടത്തുന്നതിന് ദുരന്തനിവാരണ സേനയ്ക്ക് ഹെലികോപ്റ്റർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുവാൻ നടപടി ഉണ്ടാകുമോ?<br>ഉറപ്പ് - ഹെലികോപ്റ്ററിന്റെ ഉപയോഗം അത്യന്താപേക്ഷിതമായതിനാൽ സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഒരു ഹെലികോപ്റ്റർ എടുക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. | ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു ഹെലികോപ്റ്റർ വാങ്ങുന്ന കാര്യം ചില സാങ്കേതിക കാരണങ്ങളാൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| 28 | 13/10 | 09 | (എ)സമഗ്രദുരന്ത നിവാരണ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി)പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ | പ്രധാനമന്ത്രി സുരക്ഷാ ബീമായോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന എന്നിവ കേന്ദ്ര പദ്ധതികളായി നിലവിൽ എല്ലാ ജനങ്ങൾക്കും |

| | | | | |
|---|---|---|---|---|
| | | | എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br>(സി)ഏതെല്ലാം മേഖലകളാണ് ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ വരുന്നത്; വിശദമാക്കുമോ;<br>(ഡി)പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?<br>ഉറപ്പ് - തീരദേശ മലയോര ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത നിവാരണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് വരുന്നു. | ലഭ്യമാണ്. സംസ്ഥാനത്ത് സമഗ്ര ദുരന്ത നിവാരണ ഇൻഷ്വറൻസ് / ദുരന്ത ഇൻഷ്വറൻസ് പദ്ധതി സംസ്ഥാന സർക്കാരിന്റെ ചെലവിൽ ഏർപ്പെടുത്തുക എന്നത് നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ വൻ ബാധ്യതയാകുമെന്നതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. ഇതിൽ അന്തിമ തീരുമാനം ആയിട്ടില്ല. അന്തിമ തീരുമാനം ആയാലുടൻ നിയമസഭയെ അറിയിക്കുന്നതാണ്. |
| 29 | 13/11 | 53 | ഓൺലൈൻ വഴിയുള്ള സർവ്വീസ് ലഭിക്കുവാൻ അക്ഷയ സെന്ററുകളാണ് ജനങ്ങൾ ഇപ്പോൾ ആശ്രയിക്കുന്നത്. എന്നാൽ വില്ലേജാഫീസുകളിൽ നിന്നും വളരെയകലെയാണ് മിക്ക അക്ഷയ സെന്ററുകളും. ഇത് കാരണം ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഇതിന് ഒരു പരിഹാരം ഉണ്ടാകുമോ ?<br>ഉറപ്പ് - വില്ലേജാഫീസുകളുമായി സംബന്ധപ്പെട്ട് ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് ആലോചിക്കും. | വില്ലേജ് ഓഫീസുകളിൽ ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തതയാണ് ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകം. അക്ഷയ കേന്ദ്രങ്ങൾ പരമാവധി വില്ലേജാഫീസുകളുടെ പരിസരത്ത് ആരംഭിക്കണം എന്ന നിലപാട് അക്ഷയയേയും ഐ.റ്റി.മിഷനേയും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുള്ളതാണ്. കൂടാതെ ജനങ്ങൾക്ക് സർട്ടിഫിക്കറ്റുകൾക്കായി നേരിട്ടും വില്ലേജ് ഓഫീസറെ സമീപിക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 30 | 13/11 | 63 | (ഡി) പാലക്കാട് ജില്ലയിലെ പുഴ കയ്യേറ്റം കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമായി പ്രത്യേകം കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ ?<br>ഉറപ്പ് - കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടം 8(ഇ) പ്രകാരം നദീതീരങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുകയും എല്ലാവിധ കയ്യേറ്റങ്ങളും ഉടനടി ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആക്ടിലെയും ചട്ടങ്ങളിലെയും മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ജില്ലാ വിദഗ്ധ സമിതികൾക്ക് അധികാരമുള്ളതാണ്. ചട്ടം 9 (ഐ) വകുപ്പ് പ്രകാരം നദീതീരത്തോ കടവിലോ ഉള്ള കയ്യേറ്റങ്ങളും തടസ്സങ്ങളും നീക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) നിയമത്തിലെ 26 (എ) വകുപ്പ് പ്രകാരം പ്രത്യേക സംരക്ഷണ സേന രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വ്യവസ്ഥ പ്രകാരം സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. | പട്ടാമ്പി താലൂക്കിലെ ആനക്കര വില്ലേജിൽ നിളാ നദിയുടെ തീരത്ത് 1300 M പരിധിയിലുള്ള കൃഷിയും മറ്റ് അനധികൃത കയ്യേറ്റങ്ങളും ഒഴിപ്പിച്ചിട്ടുണ്ട്. നിളാ നദിയുടെ തീരത്തുള്ള മറ്റ് കയ്യേറ്റങ്ങളും ഗായത്രി പുഴയുടെ തീരത്തെ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കോടതി വ്യവഹാരത്താൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. നിളാ നദിയുടെ തീരത്ത് 1000 M അതിർത്തി എല്ലാ മാസവും പരിശോധിക്കുന്നതിന് എല്ലാ വില്ലേജ് ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒറ്റപ്പാലം താലൂക്ക് ശ്രീകൃഷ്ണപുരം 2 വില്ലേജിലെ 26.5 സെന്റ് പുഴ പുറമ്പോക്ക് കയ്യേറ്റം കണ്ടെത്തി ഒഴിപ്പിക്കുന്നതിനായി പഞ്ചായത്തിന് കൈമാറിയിട്ടുള്ളതും, കരിമ്പുഴ - 1 വില്ലേജിലെ 0.1296 ഹെക്ടർ പുഴ പുറമ്പോക്ക് ഒഴിപ്പിച്ചിട്ടുള്ളതും, പാലക്കാട് താലൂക്ക് കണ്ണാടി - 2 വില്ലേജിൽ 0.0130 ഹെക്ടർ പുഴ പുറമ്പോക്കിലെ കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതുമാണ്. നദി, പുഴ എന്നിവയുടെ തീരങ്ങളുടെ കാലാകാലങ്ങളിൽ ഉള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 31 | 13/11 | 65 | (സി)തിരുവള്ളൂരിൽ നെൽകൃഷി സംരക്ഷിക്കപ്പെടും എന്ന് ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?<br>ഉറപ്പ് - തിരുവള്ളൂർ വയൽ നികത്തിയവർക്കെതിരെയുള്ള പരാതിയിൽ അന്വേഷണം നടത്തി വടകര തഹസിൽദാർ റിപ്പോർട്ട് ലഭ്യമാക്കിയാലുടൻ തന്നെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ജില്ലാ കളക്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. | വടകര താലൂക്കിൽ തിരുവള്ളൂർ വയൽ നികത്തിയവർക്കെതിരെ വടകര തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവള്ളൂർ അംശം ദേശത്ത് റീ.സ.200/6-ൽപ്പെട്ട ശ്രീമതി നൊച്ചോടി സഫിയ എന്നിവരുടെ കൈവശത്തിലുള്ള 9 ആർ വയൽ അനധികൃതമായി നികത്തുന്നതിന് ഉപയോഗിച്ച ശ്രീ.ബിജു എന്നിവരുടെ ഉടമസ്ഥതയിലുള്ള കെ.എൽ.18.ജി-2153 നമ്പർ ജെ.സി.ബി 24/01/2016-ന് തിരുവള്ളൂർ വില്ലേജ് ഓഫീസർ കസ്റ്റഡിയിൽ എടുത്തിട്ടുള്ളതും. ഭൂവുടമ, വാഹന ഭൂവുടമ, ഡ്രൈവർ എന്നിവരെ 31-3-2016-ന് ഡെപ്യൂട്ടി കളക്ടർ മുമ്പാകെ വിചാരണ നടത്തിയതുമാണ്. ടി ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതല്ലെന്ന് വടകര കൃഷി ഫീൽഡ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഈ കേസിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ കേരള ഭൂവിനിയോഗ ഉത്തരവ് 1967 പ്രകാരം ഭൂവുടമയ്ക്കെതിരെയും കേരള മൈനർ മിനറൽ കൺസംപ്ഷൻ റൂൾ 2015 പ്രകാരം വാഹന ഉടമയ്ക്കെതിരെയും നടപടി സ്വീകരിക്കുന്നതിനായി ഫയൽ ആർ.ഡി.ഒ.-യ്ക്ക് കൈമാറിയിരുന്നു. ആർ.ഡി.ഒ.എച്ച്-7101/16 നമ്പർ ഉത്തരവ് പ്രകാരം 75,000 രൂപ പിഴ ചുമത്തി വാഹനം ഉടമയ്ക്ക് വിട്ടുകൊടുത്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 32 | 13/11 | 93 | (എ) 1995 മുതൽ കോട്ടയം അങ്കമാലി താലൂക്കുകളിൽ നടപ്പിലാക്കിയ ടോറൻസ് സമ്പ്രദായം സംസ്ഥാനത്ത് റീ - സർവ്വേ കഴിഞ്ഞ മുഴുവൻ വില്ലേജുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ<br>(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?<br>ഉറപ്പ് - ഈ വിഷയം സമഗ്രമായി പരിശോധിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്. | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഓൺലൈൻ പോക്കുവരവിന്റെ രണ്ടാം ഘട്ടത്തിൽ സ്കെച്ച് കൂടി ആധാരത്തോടൊപ്പം രജിസ്റ്റർ ചെയ്യുന്ന സംവിധാനം നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>ആയതിനാൽ ടോറൻസ് സംവിധാനം കൂടുതൽ വില്ലേജുകളിൽ വ്യാപിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. |
| 33 | 13/12 | 03 | (എ) തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിനു സമീപം ഫ്ലാറ്റ് നിർമ്മാണ കമ്പനി സർക്കാർ ഭൂമി കയ്യേറി ഫ്ലാറ്റ് നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?<br>ഉറപ്പ് - കടകംപള്ളി വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റം പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതിനാൽ ആയത് അളന്ന് തിട്ടപ്പെടുത്തിയശേഷം ഒഴിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിക്കുന്നതാണ്. | കടകംപള്ളി വില്ലേജിൽ സർവ്വേ നമ്പർ 1888-ൽ പ്പെട്ട ഭൂമി നികുഞ്ചം കൺസ്ട്രക്ഷൻസ് എന്ന കമ്പനിയുടെ കൈവശ സ്ഥലത്തോട് ചേർന്ന് സർക്കാർ പുറമ്പോക്ക് കയ്യേറിയിട്ടുണ്ടെന്ന പരാതിയിൽ താലൂക്ക് സർവേയർ മുഖാന്തിരം സ്ഥലം അളന്നു തിട്ടപ്പെടുത്തിയതിൽ സർക്കാർ പുറമ്പോക്ക് കയ്യേറിയിട്ടില്ല എന്ന് സ്ഥലം പരിശോധനയിൽ കാണുന്നു. |
| 34 | 13/12 | 27 | (എ) സ്മാർട്ട് വില്ലേജുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?<br>ഉറപ്പ് - ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി | 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത്, 2013-14 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച സ്മാർട്ട് വില്ലേജ് പദ്ധതിയിൽ വില്ലേജാഫീസുകൾ സ്മാർട്ട് ആക്കുന്നതിലേക്കായി പദ്ധതി വിഹിതത്തിൽ തുക വകയിരുത്തി അത്യാധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണം നടത്തി വരുന്നു. സ്മാർട്ട് വില്ലേജാഫീസുകൾ ഒരേ മാതൃകയിലുള്ളതും |

| | | | | |
|---|---|---|---|---|
| | | | മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെവച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. | ആവശ്യമായ ഫർണിച്ചറുകൾ, പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതം, നെറ്റ് വർക്ക് ചെയ്ത കാബിൻ, റിക്കോർഡ് റൂം, വിവിധ ആവശ്യങ്ങൾക്ക് വരുന്ന പൊതുജനങ്ങൾക്കായി വെയിറ്റിംഗ് ലോഞ്ച്, ഹെൽപ്പ് ഡസ്ക്, കുടിവെള്ള സംവിധാനം, ടോയിലെറ്റ് എന്നിവ സജ്ജീകരിച്ച് പൂർണ്ണമായും ജനസൗഹൃദമാക്കിയിട്ടുണ്ട്.<br>ഒന്നാംഘട്ടത്തിൽ 14 ജില്ലകളിലെ ഓരോ വില്ലേജാഫീസുകളും, രണ്ടാം ഘട്ടത്തിൽ 8 ജില്ലകളിലായി 11 വില്ലേജാഫീസുകളും, മൂന്നാം ഘട്ടത്തിൽ 5 ജില്ലകളിലായി 9 വില്ലേജാഫീസുകളും നാലാം ഘട്ടത്തിൽ 7 ജില്ലകളിലായി 7 വില്ലേജ് ഓഫീസുകളും സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് നടപടിയെടുത്തു. അപ്രകാരം 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഒന്ന്, രണ്ട്, മൂന്ന്, നാല് ഘട്ടങ്ങളിൽ ലക്ഷ്യമിട്ടിരുന്ന 41 വില്ലേജുകളിൽ 26 വില്ലേജുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി 15 വില്ലേജുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.<br>13-ാം പഞ്ചവത്സര പദ്ധതിയിൽ (2017-22) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ വില്ലേജാഫീസുകൾക്കും, പുതുക്കിപ്പണിയേണ്ട വില്ലേജാഫീസുകൾക്കും സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി കെട്ടിടം നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ആയതിലെ ഒന്നാംഘട്ടത്തിൽ (2017-18) ടി പദ്ധതിക്ക് 15 കോടി രൂപ വകയിരുത്തിയിട്ടുള്ളതും പ്രസ്തുത തുകയ്ക്ക് |

| | | | | |
|---|---|---|---|---|
| | | | | ഭരണാനുമതി നൽകി 39 വില്ലേജാഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| 35 | 13/12 | 28 | (എ) ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ആർക്കാണ് ഇതിന്റെ നിർവ്വഹണ ചുമതല; ഏതെല്ലാം മേഖലകളാണ് ഇൻഷ്വറൻസ് പരിധിയിൽ വരുന്നതെന്ന് വിശദമാക്കാമോ ?<br>ഉറപ്പ് - ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. എന്നാൽ തീരദേശ, മലയോര ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർ ക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചുവരുന്നു. | പ്രധാനമന്ത്രി സുരക്ഷാ ബീമായോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന എന്നിവ കേന്ദ്ര പദ്ധതികളായി നിലവിൽ എല്ലാ ജനങ്ങൾക്കും ലഭ്യമാണ്. സംസ്ഥാനത്ത് സമഗ്ര ദുരന്ത നിവാരണ ഇൻഷ്വറൻസ് / ദുരന്ത ഇൻഷ്വറൻസ് പദ്ധതി സംസ്ഥാന സർക്കാരിന്റെ ചെലവിൽ ഏർപ്പെടുത്തുക എന്നത് നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ വൻ ബാധ്യതയാകുമെന്നതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. ഇതിൽ അന്തിമ തീരുമാനം ആയിട്ടില്ല. അന്തിമ തീരുമാനം ആയാലുടൻ നിയമസഭയെ അറിയിക്കുന്നതാണ്. |
| 36 | 13/14 | 21 | (ബി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് ഓഫീസർമാർക്ക് കരം എഴുതുന്നതിനുള്ള അധികാരം നൽകുമ്പോൾ ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ;<br>(സി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് ഈ | 27-5-2015 തീയതിയിലെ സ.ഉ.(കൈ) നമ്പർ213/15/ ആർഡി നമ്പർ ഉത്തരവ് പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് കരം എഴുതുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതും പ്രസ്തുത വ്യവസ്ഥ 22-1-2019 തീയതിയിലെ |

| | | | | |
|---|---|---|---|---|
| | | | അധികാരം നൽകുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ;<br>(ഡി) എങ്കിൽ ചട്ടങ്ങളിൽ മാറ്റം വരുത്തു ന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - വില്ലേജ് മാനുവലിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | സ.ഉ(അച്ചടി)നമ്പർ 10/2019/റവ നമ്പർ ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വന്ന വില്ലേജ് ഓഫീസ് മാനുവലിൽ ( കേരള ലാൻഡ് റവന്യൂ മാനുവൽ വാല്യം-VI) അദ്ധ്യായം 2 ഖണ്ഡിക 18(3)ൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ് |
| 37 | 13/14 | 22 | (എ) ഗുരുവായൂർ നിന്ന് വടക്കോട്ടുള്ള റെയിൽ പാതയ്ക്കായി സ്ഥലം ഏറ്റെടുക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?<br>ഉറപ്പ് - നിർദ്ദിഷ്ട ഗുരുവായൂർ - തിരുനാവായ റെയിൽവേ ലൈൻ നിർമ്മാണത്തിനുവേണ്ടി കുന്നംകുളം വഴിയുള്ള അലൈൻമെന്റ് പരിഗണിച്ച് വിശദമായ സർവ്വേ നടത്തുന്നതിന് റെയിൽവേ അനുമതി നൽകിയിട്ടുണ്ട്. ലൊക്കേഷൻ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് സർവ്വേ നടപടികൾ ആരംഭിക്കുന്നതാണ്. | സ്ഥലം ഏറ്റെടുത്തു നൽകുന്നതിനുള്ള അർത്ഥന റയിൽവെ ഇതുവരെ സമർപ്പിച്ചിട്ടില്ലാത്തതാണ്. 27-10-2014-ൽ മേൽ വിഷയത്തിൽ ബഹു.മുഖ്യമന്ത്രി യുടെ അദ്ധ്യക്ഷതയിൽ ജനപ്രതി നിധികളുടെ സാന്നിദ്ധ്യത്തിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം വഴിയുള്ള അലൈൻമെന്റിനെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്ത് റെയിൽവേക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും അന്തിമ ലൊക്കേഷൻ സർവ്വേ നടത്തുന്നതിനു റെയിൽവേ തയ്യാറാക്കിയിട്ടുള്ളതാണെന്നും ആയതിനാൽ റെയിൽവേയുടെ സർവ്വേ ടീമിനു മതിയായ അനുബന്ധ സഹായങ്ങൾ നൽകണമെന്ന് ഗതാഗതവും റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി അറിയിച്ചതിൽ തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ നിന്നും അടിസ്ഥാന സഹായങ്ങൾ ഒരുക്കുന്നതിന് ലാന്റ് |

| | | | | |
|---|---|---|---|---|
| | | | | അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറലിനു നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഗുരുവായൂർ-തിരുനാവായ റെയിൽവേ ലൈനിന്റെ കുന്നംകുളം വഴിയുള്ള അലൈൻമെന്റ് സംബന്ധിച്ച് സർവ്വേ നടത്തുന്നതിന് റെയിൽവേ അധികാരികളിൽനിന്നും അറിയിപ്പുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല എന്ന് പൊന്നുംവില നടപടികൾക്കായി അനുബന്ധരേഖകളായ പുതിയ എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള അർത്ഥന, അലൈൻമെന്റ് സ്കെച്ച്, റെയിൽവേ മന്ത്രാലയത്തിന്റെ ഉത്തരവ് എന്നിവ ആവശ്യമുള്ളതായും ലാന്റ് അക്വിസിഷൻ ഓഫീസർ അറിയിച്ചതിൽ തൃശ്ശൂർ കളക്ടറേറ്റിൽ നിന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ II (കൺസ്ട്രക്ഷൻസ്)-ൽ നിന്നും പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ ഔദ്യോഗിക കത്തിലെ സാരാംശം സഹിതം അറിയിച്ചിട്ടുണ്ട്. |
| 38 | 13/14 | 26 | (സി) സംയുക്ത പരിശോധനയും സർവ്വേ നടപടികളും പൂർത്തിയാക്കിയ വില്ലേജുകളിലെ കർഷകർക്ക് കൈവശാവകാശ രേഖ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - നടപടി സ്വീകരിക്കുന്നതാണ്. | 1993-ലെ ഭൂമി പതിവ് പ്രത്യേക ചട്ട പ്രകാരം 1-1-1977 -ന് മുൻപ് വനഭൂമി കൈവശം വച്ചിരുന്നവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ എല്ലാ ജില്ലകളിലും സമയബന്ധിതമായി പൂർത്തീകരിച്ചു വരുന്നു. സംയുക്ത പരിശോധനയിൽ ഉൾപ്പെട്ട ആകെ വിസ്തീർണ്ണമായ 37318.6735 ഹെക്ടർ ഭൂമിയിൽ 28588.1690 ഹെക്ടർ ഭൂമിയ്ക്ക് കേന്ദ്രാനുമതി |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമായിട്ടുണ്ട്. ആയതിൽ 16334.6897 ഹെക്ടർ ഭൂമി അർഹരായവർക്ക് ചട്ട പ്രകാരം പട്ടയം നൽകിയിട്ടുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കാനുള്ള കേസുകളിൽ വനം-റവന്യൂ വകുപ്പുകൾ ചേർന്ന് പരിശോധനനടത്തി 31-12-2017-നകം കേന്ദ്രാനുമതിയ്ക്ക് സമർപ്പിക്കുന്നതിനുള്ള തുടർ നടപടികൾ കൈക്കൊള്ളാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയതിനെ തുടർന്ന് ആയതനുസരിച്ചുള്ള നടപടികൾ എല്ലാ ജില്ലകളിലും പുരോഗമിച്ചു വരുന്നുമുണ്ട്. |
| 39 | 13/14 | 98 | കാലങ്ങളായി കൈവശം വച്ച് വരുന്ന ഭൂമിയ്ക്ക് പട്ടയം നല്കുവാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - തീർച്ചയായും നടപടി സ്വീകരിക്കുന്നതാണ്. | 1-8-1971-ന് മുമ്പ് പുറമ്പോക്ക് ഭൂമിയിൽ കാലാകാലങ്ങളായി താമസിച്ചു വരുന്നവർക്ക് കൈവശ ഭൂമി പതിച്ചു ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരവും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടപ്രകാരവും നിയമങ്ങൾക്ക് വിധേയമായി ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ വില്ലേജ് രേഖകൾ പ്രകാരം പുഴ, നദി, തോട്, കായൽ, ചാനൽ, റോഡ്. പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് കൈവശ രേഖമാത്രമാണ് നൽകുന്നത്. കോസ്റ്റൽ റഗുലേഷൻ സോൺ (സി.ആർ ഇസഡ്) പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയങ്ങൾ അനുവദിക്കുന്നതിന് കേന്ദ്രാനുമതി ആവശ്യമാണ്. കൂടാതെ 1.1.77 ന് മുൻപ് വനഭൂമിയിൽ കുടിയേറിയവർക്ക് അപേക്ഷ |

| | | | | |
|---|---|---|---|---|
| | | | | സമർപ്പിക്കുന്ന മുറയ്ക്ക് 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൈവശത്തിലുള്ള വനഭൂമി പതിച്ച നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ച വരുന്നുണ്ട്. |
| 40 | 13/16 | 18 | ഉപാധിരഹിത പട്ടയ ഫോറങ്ങളിലെ വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധന നടത്തി മാറ്റങ്ങൾ വരുത്തുന്നതിനുള്ള ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?<br>ഉറപ്പ് - 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയ ഫോറങ്ങളിലെ ഭേദഗതി നിർദ്ദേശം സർക്കാർ പരിശോധിച്ച വരികയാണ്. | 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ ഭേദഗതി നിർദേശങ്ങൾ കണക്കിലെടുത്ത 17-8-2017-ലെ സ.ഉ.(പി)60/2017/ റവ പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട് |
| 41 | 14/01 | 58 | 1977-ന് മുമ്പുള്ള കൈവശക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?<br><br>ഉറപ്പ് - 1-1-1977-ന് മുമ്പ് കയ്യേറിയതും ഇനിയും സംയുക്ത പരിശോധന പൂർത്തിയാക്കാനുള്ളതുമായ കേസുകൾ ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ റവന്യൂ-വനം വകുപ്പുകൾ സ്വീകരിക്കുന്നതാണ്. | 1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന കോട്ടയം ജില്ലയിൽ കൂടി പൂർത്തിയാകുവാൻ ശേഷിക്കുന്നു. സംയുക്ത പരിശോധന പൂർത്തിയായ ജില്ലകളിൽ കേന്ദ്രാനുമതി ലഭ്യമാക്കുന്നതിലേയ്ക്ക് സംയുക്ത പരിശോധന വിശദാംശങ്ങൾ ഓൺലൈനിൽ അപലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു. കേന്ദ്രാനുമതി ലഭ്യമായതിൽ ഇനിയും വിതരണം ചെയ്യാനുള്ള ഭൂമി സംബന്ധിച്ച |

<table>
<tr><td></td><td></td><td></td><td>സംയുക്ത പരിശോധന പൂർത്തിയാക്കി, കേന്ദ്രാനുമതി ലഭിച്ചതിൽ ഇനിയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ റവന്യൂ വകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.</td><td>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>പതിച്ച് നൽകുവാൻ ശേഷിക്കുന്ന വിസ്തീർണ്ണം</th><th>പതിച്ച് നൽകാത്തതിന്റെ കാരണം</th></tr>
<tr><td>ഇടുക്കി</td><td>9867.31</td><td>15195.3404 ഹെക്ടർ ഭൂമിയ്ക്ക് പട്ടയം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 9867.3148 ഹെക്ടർ ഭൂമിയ്ക്ക് പട്ടയം നൽകാനുള്ള നടപടി നടന്നു വരുന്നു.</td></tr>
<tr><td>എറണാകുളം</td><td>352.3075</td><td>ട്രൈബൽ, സെറ്റിൽമെന്റ്, അവകാശ തർക്കം, അതിർത്തി തർക്കം, കോടതി കേസ്, താമസമില്ലാത്തത്, റോഡ്, തോട്, പാറ, കെ.എസ്.ഇ.ബി ടവർ ലൈൻ എന്നിവ മൂലം പതിച്ചു നൽകിയിട്ടില്ല.</td></tr>
<tr><td>തൃശ്ശൂർ</td><td>1528.0005</td><td>പട്ടയം നൽകാനുള്ള നടപടി നടന്നു വരുന്നു.</td></tr>
</table></td></tr>
<tr><td>42</td><td>14/02</td><td>07</td><td>(ഡി) സംസ്ഥാനത്ത് ദുരന്ത ലഘൂകരണ പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിന് എന്തെല്ലാം</td><td>സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ അദ്ധ്യായം 5.3 പ്രകാരം എല്ലാ പ്രധാന വകുപ്പുകളിലും 15 ജീവനക്കാർ ഉൾപ്പെടുന്ന ഒരു</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളി ച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?<br>ഉറപ്പ് - പ്രസ്തുത പദ്ധതിയുടെ ഏകോപനത്തിനായി ഈ പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന വകുപ്പുകളിൽ 15 പേരടങ്ങുന്ന ഒരു വെർച്വൽ കേഡർ (20 വർഷ സർവ്വീസ് ബാക്കിയുള്ള സന്നദ്ധ ഉദ്യോഗസ്ഥ സംഘം) രൂപീകരിക്കുവാനും പ്രസ്തുത കേഡറിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വിപുലമായ വിദഗ്ദ്ധ പരിശീലനം നൽകുവാനും ഉദ്ദേശിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും പദ്ധതി അടങ്കലിന്റെ 10% അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട് ദുരന്ത തയ്യാറെടുപ്പ് പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾക്ക് മാറ്റി വയ്ക്കണമെന്നും ഈ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. | virtual cadre ഉണ്ടാകണം എന്ന് നിഷ്കർഷിക്കുന്നു. ദീർഘകാല അടിസ്ഥാനത്തിൽ ദുരന്ത ലഘൂകരണം എന്നത് ഓരോ വകുപ്പിന്റെയും തുടർ പ്രവർത്തനത്തിന്റെ ഭാഗമാകുന്നതിന് അതാത് മേഖലയിൽ സാങ്കേതിക വൈദഗ്ധ്യവും താൽപ്പര്യവും ഉള്ള ഉദ്യോഗസ്ഥരെ നിരന്തരം പരിശീലിപ്പിക്കുകയും ചുമതലപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം താഴെ ചേർത്തിരിക്കുന്ന 25 വകുപ്പുകളിൽ ദുരന്ത ലഘൂകരണ സാങ്കൽപ്പിക കേഡർ സൃഷ്ടിക്കുന്നതിനായി 25-11-2017 തീയതിയിലെ സ.ഉ (സാധാ)-56/2017 -ഡി.എം.ഡി. പ്രകാരം ഉത്തരവുണ്ടായി.<br>1. ലാൻഡ് റവന്യൂ<br>2. കൃഷി<br>3. ജലസേചനം (മൈനർ)<br>4. ജലസേചനം (മേജർ)<br>5. കേരള വാട്ടർ അതോറിറ്റി<br>6. ഭൂജല വകുപ്പ്<br>7. ഖനനവും ജിയോളജിയും വകുപ്പ് (Mining & Geology)<br>8. മൃഗ സംരക്ഷണം |

| | | | | |
|---|---|---|---|---|
| | | | | 9. ക്ഷീര വികസനം<br>10. ആരോഗ്യം<br>11. പൊതു വിദ്യാഭ്യാസ വകുപ്പ്<br>12. ഹയർ സെക്കന്ററി എഡ്യൂക്കേഷൻ വകുപ്പ്<br>13. കോളേജ് വിദ്യാഭ്യാസം (Directorate of Collegiate Education)<br>14. വ്യവസായ വകുപ്പ്<br>15. മത്സ്യബന്ധന വകുപ്പ്<br>16. ഭക്ഷ്യ-പൊതു വിതരണ വകുപ്പ്<br>17. വനം വകുപ്പ്<br>18. തുറമുഖ വകുപ്പ്<br>19. പൊതു മരാമത്ത് വകുപ്പ്<br>20. തദ്ദേശ സ്വയംഭരണ വകുപ്പ് (നഗരകാര്യം)<br>21. തദ്ദേശ സ്വയംഭരണ വകുപ്പ് (പഞ്ചായത്ത്)<br>22. മണ്ണ് സംരക്ഷണ വകുപ്പ്<br>23, നോർക്ക<br>24. ടൂറിസം വകുപ്പ്<br>25. വിവര-പൊതുജന സമ്പർക്ക വകുപ്പ് (I & PRD)<br>28-2-2018 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ (സാധാ)-111/2018 -ഡി.എം.ഡി പ്രകാരം മേൽ പരാമർശിച്ച വകുപ്പുകൾക്ക് പുറമെ സാമൂഹിക നീതി വകുപ്പും കൂടെ ഈ പദ്ധതിക്ക് |

| | | | | |
|---|---|---|---|---|
| | | | | കീഴിൽ ഉൾപ്പെടുത്തി ഉത്തരവ് ആയിരിക്കുന്നു. മേൽപ്പറഞ്ഞ 26 വകുപ്പുകളിൽ 15 വകുപ്പുകൾക്ക് പരിശീലനം നൽകുകയും അവശേഷിക്കുന്ന വകുപ്പുകൾ ഈ വർഷം തന്നെ പരിശീലനം നടപ്പിലാകാനുള്ള തയ്യാറെടുപ്പുകൾ നടത്തിവരുകയുമാണ്.<br>ടെയിനിങ് പ്രോഗ്രാം മുഖാന്തരം ദുരന്ത സാധ്യത ലഘൂകരണത്തെ കുറിച്ചുള്ള അടിസ്ഥാന അവബോധം, വകുപ്പു തല ദുരന്ത ലഘൂകരണ പ്ലാനുകളുടെ നിർമാണം, ഫണ്ടുകളുടെ സ്രോതസ്സുകൾ തെരഞ്ഞെടുക്കേണ്ട രീതി, വകുപ്പുതല ദുരന്ത സാധ്യത ലഘൂകരണത്തെ പറ്റിയുള്ള അവബോധം, മേഖലാതല ഏകീകരണവും സംയോജനവും മുതലായ വിഷയങ്ങളിൽ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നു.<br>പ്രസ്തുത പദ്ധതിയുടെ ഏകോപനത്തിനായി ഈ പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന വകുപ്പുകളിൽ 15 പേരടങ്ങുന്ന ഒരു വെർച്വൽ കേഡർ (20 വർഷ സർവ്വീസ് ബാക്കിയുള്ള സന്നദ്ധ ഉദ്യോഗസ്ഥ സംഘം)രൂപീകരിക്കുവാനും പ്രസ്തുത കേഡറിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വിപുലമായ വിദഗ്ധ പരിശീലനം നൽകുവാനും എല്ലാ വകുപ്പുകളുടെയും പദ്ധതി അടങ്കലിന്റെ 10% അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട ദുരന്ത പ്രവർത്തനങ്ങൾക്ക് മാറ്റി വയ്ക്കണമെന്നും ഈ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട് |
| 43 | 14/02 | 19 | (എ) റെക്കോർഡുകളിൽ പാടം എന്ന് രേഖപ്പെടുത്തിയതുകൊണ്ട് മാത്രം വീടുകൾ നിർമ്മിക്കുന്നതിനും നിർമ്മിച്ച വീടിനും | കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5(3)(i) പ്രകാരം ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പൊതു ആവശ്യങ്ങൾക്കോ നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വയ്ക്കുന്നതിനോ |

| | | | | |
|---|---|---|---|---|
| | | | അനുമതി ലഭിക്കാത്ത ആയിരക്കണക്കിന് സാധാരണക്കാരായ അപേക്ഷകർക്ക് അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചി ട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ നടപടികൾ എന്താണെന്നും ഏത് ഘട്ടത്തിലാണ് എന്നും അറിയിക്കാമോ?<br>ഉറപ്പ്-മറ്റ് ഭൂമിയില്ലാത്തവർക്ക് ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും നഗരപ്രദേശങ്ങളിൽ 5 സെന്റും ഭൂമി വീട് വയ്ക്കുന്നതിനായി ക്രമവൽക്കരിച്ചു നൽകുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. | വേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനു അതതു സംഗതി പോലെ സംസ്ഥാനതല സമിതിക്കോ ജില്ലാ തല സമിതിക്കോ ശുപാർശ ചെയ്യുന്നതിനുള്ള അധികാരം പ്രാദേശികതല നിരീക്ഷണ സമിതിക്കുള്ളതാണ്. അതിൻപ്രകാരം പഞ്ചായത്തിൽ പത്ത് സെന്റും മുനിസിപ്പാലിറ്റി കോർപ്പറേഷൻ പ്രദേശങ്ങളിൽ അഞ്ച് സെന്റും പരിവർത്തനപ്പെടുത്തി വീട് വയ്ക്കുന്നതിനുള്ള നടപടികൾ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സ്വീകരിച്ചു വരുന്നുണ്ട്. ഡാറ്റാബാങ്കിൽ തെറ്റായി നിലമെന്നു രേഖപ്പെടുത്തിയതുമൂലം സങ്കട മനുഭവിക്കുന്നവർക്ക് ഇത് തിരുത്തി കിട്ടുന്നതിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം വകുപ്പ് 2(xvii എ) പ്രകാരം മുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി (2008-നു മുൻപ് നികത്തപ്പെട്ട ഭൂമി) സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി, ടി നിയമത്തിലെ വകുപ്പ് 27 എ പ്രകാരവും, ടി നിയമത്തോടനുബന്ധിച്ചുള്ള ഭേദഗതി ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരവും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ അംഗീകരിച്ചു കഴിഞ്ഞാൽ ഇത്തരം ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനും നിർമ്മിച്ച വീടുകൾക്ക് അനുമതി ലഭിക്കുന്നതിനും അവസരമുണ്ട്. |

## IV. കൃഷി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 35 | (എ) സംസ്ഥാനത്ത് ഏലത്തിന് തറവില നിശ്ചയിച്ചിട്ടുണ്ടോ?ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;<br>(ഡി) സ്പൈസസ് ബോർഡ് മുഖേന ഏലം സംഭരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - (സി) ഇല്ല.<br>തറവില നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.<br>(ഡി) സ്പൈസസ് ബോർഡുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്ന താണ്. | ഏലത്തിന്റെ വില സ്ഥിരതാ ഫണ്ടായി, ഇടുക്കി പാക്കേജിൽ എം.എസ്.സ്വാമി നാഥൻ റിസർച്ച് ഫൗണ്ടേഷൻ 250 കോടി രൂപ ശുപാർശ ചെയ്തുവെങ്കിലും, ടി തുക സ്പൈസസ് ബോർഡിന് ലഭിക്കാത്തതിനാലാണ് ഏലത്തിന്റെ തറവില നിശ്ചയിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിക്കാതിരുന്നത്<br>എന്നാൽ കേന്ദ്ര സർക്കാർ മിനിസ്ട്രി ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസിനു കീഴിൽ ഒരു വില സ്ഥിരതാ ഫണ്ട് ട്രസ്റ്റ് (പി.എസ്.എഫ്.റ്റി)) രൂപീകരിച്ച കൊണ്ട് ഏലം ഉൾപ്പെടെയുള്ള തോട്ടവിളകളുടെ വിലയിടിവുമൂലമോ, കൃഷി നാശം മൂലമോ കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സ്പൈസസ് ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ഇതിനു പുറമേ ഏലത്തിന് നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഇ-ലേലവും ഇടുക്കി ജില്ലയിൽ പുറ്റടിയിൽ സ്പൈസസ് പാർക്ക് സ്ഥാപിച്ചതും, ഏലത്തിന്റെ വില സ്ഥിരത ഉറപ്പാക്കുന്നതിനായി സ്പൈസസ് ബോർഡിലൂടെ നടപ്പിലാക്കിയ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടവയാണ്. |
| 2 | 13/05 | 11 | (സി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം പ്രകാരം സംസ്ഥാനത്തെ നെൽപ്പാടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണ്?<br>(ഡി) ഡേറ്റാ ബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?<br>ഉറപ്പ് - സി) ഡേറ്റാ ബാങ്ക് തയ്യാറാക്കൽ പൂർത്തിയായിട്ടുണ്ട്.<br>ഡി) ജില്ലാതല, താലൂക്കുതല ഓഫീസർമാരുടെ നേതൃത്വത്തിൽ വിശദമായി പരിശോധിച്ച് കുറ്റമറ്റതാക്കിയ ശേഷം അന്തിമമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 5(4)(i) വകുപ്പ് പ്രകാരവും ചട്ടങ്ങളിലെ 4-ാം ഖണ്ഡിക പ്രകാരവും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഡാറ്റാ ബാങ്ക് കൃഷി, റവന്യൂ തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി തയ്യാറാക്കിയിരുന്നു. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ സാറ്റലൈറ്റ് ചിത്രങ്ങൾ ഉപയോഗിക്കുന്നതിനുണ്ടായ തടസ്സങ്ങളും അടിസ്ഥാന റവന്യൂ സർവ്വേ റെക്കോർഡുകളിലെ അപാകതകളും മൂലം നെൽവയൽ - തണ്ണീർത്തട ഡാറ്റാ ബാങ്കിൽ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും 2014-15-ലെ ഫിനാൻസ് ബില്ലിന്റെ ഭാഗമായി കൊണ്ടുവന്ന വ്യവസ്ഥകൾ റദ്ദാക്കി നെൽവയൽ |

| | | | | |
|---|---|---|---|---|
| | | | | തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പുകൾ പ്രകാരമായിരിക്കും ഭൂവിനിയോഗ നിയന്ത്രണങ്ങളിൽ ഇളവുകൾ നൽകുകയെന്നും ഡാറ്റാ ബാങ്ക് ഏറ്റവും ആധുനികമായ ഐ.റ്റി. സങ്കേതങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുവാൻ ആരംഭിക്കുന്നതാണെന്നും സർക്കാർ പ്രഖ്യാപിക്കുകയും നടപടികൾ ഊർജ്ജസ്വലമാക്കുകയുമുണ്ടായി. സംസ്ഥാനത്തെ 1076 കൃഷിഭവൻ പ്രദേശങ്ങളിൽ ഇതിനോടകം 669 എണ്ണത്തിൽ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് 226 കൃഷിഭവനുകളിലെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗവൺമെന്റ് പ്രസ്സുകളിൽ ഏൽപ്പിച്ചിട്ടുണ്ട്. 9 ജില്ലകളിലായി 22 കൃഷിബവൻ പ്രദേശങ്ങളിൽ നെൽവയൽ/തണ്ണീർത്തടം ഇല്ലാത്തതാണ്. ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി പ്രാദേശികതല നിരീക്ഷണ സമിതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയും എന്നാൽ ഗസറ്റ് വിജ്ഞാപനത്തിനായി അവ ഗവൺമെന്റ് പ്രസ്സിലേക്ക് കൈമാറാത്തതുമായ 136 എണ്ണവും ഡാറ്റാബാങ്ക് തയ്യാറാക്കൽ പൂർത്തിയാക്കാനുണ്ടായിരുന്ന 23 എണ്ണവും ഉൾപ്പെടെ 159 പ്രദേശങ്ങളും ഡാറ്റാ ബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ |

| | | | | |
|---|---|---|---|---|
| | | | | പ്രസിദ്ധപ്പെടുത്തുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (KSREC) മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നത് മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ കൺവീനറും, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ് ഡയറക്ടർ, KSREC ഡയറക്ടർ എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല സമിതി സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 47/2017/കൃഷി, തീയതി 18-1-2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 11-5-2017-ൽ യോഗം ചേരുകയും പദ്ധതി പുരോഗതി അവലോകനം ചെയ്ത് നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫീൽഡ് തലത്തിൽ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുവാനായി കൃഷി ഓഫീസർമാരുമായുള്ള ആശയ വിനിമയത്തിന് 16-9-2017-ന് ഒരു വീഡിയോ കോൺഫറൻസും ഉന്നതതല സമിതി വിളിച്ചു കൂട്ടിയിട്ടുണ്ട്.<br>സർക്കാർ ഉത്തരവ് നമ്പർ 34/2017/റവന്യൂ |

| | | | | |
|---|---|---|---|---|
| | | | | (പി) വകുപ്പ് തീയതി 30-5-2017 പ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. അതിൻപ്രകാരം നിലവിൽ നെൽവയൽ/ തണ്ണീർത്തടമായി നിലനിൽക്കുന്ന സ്ഥലങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ ആയത് ഉൾപ്പെടുത്തുന്നതിനും, ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കാരണം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുൻപാകെ പുനഃപരിശോധനാ അപേക്ഷ നൽകാവുന്നതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| 3 | 13/05 | 31 | ഡി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തെരെഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലും സീഡ് വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം വെജിറ്റബിൾ ഇനിഷിയേറ്റീവ് ഫോർ അർബൺ ക്ലസ്റ്റേഴ്സ് 2011-12 പദ്ധതിയിൽ ഉൾപ്പെത്തി തിരുവനന്തപുരം ജില്ലയിലെ മൂന്ന് ആസ്ഥാനങ്ങളിൽ 3 സീഡ് വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്-എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തെരെഞ്ഞടുക്കപ്പെട്ട കേന്ദ്രങ്ങളിലും സീഡ് വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. | തൃശ്ശൂർ ജില്ലയിൽ KSRTC സ്റ്റാൻഡിലും, കണ്ണൂർ പാനൂരിലും പച്ചക്കറി വിത്ത് വെന്റിങ്ങ് മെഷീനുകൾ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി (KSSDA) മുഖേനയും സ്ഥാപിച്ചിട്ടുണ്ട്. |
| 4 | 13/05 | 90 | കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്തുകളിൽ അവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റ് പഞ്ചായത്തുകളിൽ നടപ്പാക്കുന്ന താണ് | കോഴിവളർത്തൽ ഗ്രാമങ്ങൾ എന്ന പദ്ധതി നടപ്പാക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക വിനിയോഗിച്ച് തെരഞ്ഞെടുത്ത 31 പഞ്ചായത്തുകളിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| 5 | 13/06 | 13 | എല്ലാ നിയോജകമണ്ഡലങ്ങളിലും നിറവ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - പരിശോധിക്കുന്നതാണ് | 2012-2013-ൽ 12-നിയോജകമണ്ഡലങ്ങളിലും 2013-14-ൽ 31 നിയോജകമണ്ഡലങ്ങളിലും 2014-15-ൽ 43 നിയോജമണ്ഡലങ്ങളിലും, ആകെ 86 നിയോജകമണ്ഡലങ്ങളിൽ നിറവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2016-17 ലെ വാർഷിക പദ്ധതി രേഖയിൽ നിറവ് പദ്ധതി ഉൾപ്പെട്ടിട്ടില്ല |

| | | | | |
|---|---|---|---|---|
| 6 | 13/07 | 06 | നാളികേരത്തിന്റെ സംഭരണവില ഉയർത്തുന്നതിന് നടപടി സ്വീകരിക്കു ?<br>ഉറപ്പ് - കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില കൂടിയതിന്റെ പശ്ചാത്തലത്തിൽ നാളികേരത്തിൻറെ സംഭരണ വില കൂട്ടുന്ന കാര്യത്തെപ്പറ്റി ആലോചിക്കാവുന്നതാണ്. | കാർഷികോൽപ്പന്നത്തിന് വിപണി വില ക്രമാതീതമായി ഉയരുന്ന വേളയിൽ ഉപഭോക്താവിനെ സഹായിക്കുന്നതിനും വില ക്രമാതീതമായി താഴുന്ന വേളയിൽ ഉല്പന്നത്തിന് ന്യായമായി താങ്ങുവില നിശ്ചയിച്ച് കർഷകനെ സഹായിക്കുന്നതിനുമായി വിപണി ഇടപെടൽ നടത്താറുണ്ട്. ഇത്തരത്തിൽ പച്ചത്തേങ്ങയ്ക്ക് കിലോയ്ക്ക് 25 രൂപ എന്ന നിരക്കിൽ പുനർനിശ്ചയിച്ച് സംഭരണം നടത്തി വരുന്നുണ്ട്. എന്നാൽ പൊതു വിപണിയിൽ പച്ചത്തേങ്ങയ്ക്ക് നിലവിൽ ഉയർന്ന വില ലഭിക്കുന്ന സാഹചര്യത്തിൽ വിപണി ഇടപെടലിന് പ്രസക്തി ഇല്ല |
| 7 | 13/07 | 60 | വരൾച്ച രൂക്ഷമായ പ്രദേശങ്ങളെ പ്രത്യേക ദുരിത ബാധിതപ്രദേശമായി പ്രഖ്യാപിച്ചു കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം | 2012-13 -ലെ വരൾച്ചയുമായി ബന്ധപ്പെട്ട് സ.ഉ.(പി) നമ്പർ 497/2012/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ 14 ജില്ലകളേയും വരൾച്ചാബാധിതമായി പ്രഖ്യാപിക്കുകയും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | വ്യക്തമാക്കുമൊ;<br>ഉറപ്പ് - വരൾച്ചയുടെ രൂക്ഷതയുടെ അടിസ്ഥാനത്തിൽ പ്രദേശങ്ങളെ പ്രത്യേകം പഠിച്ച് ദുരിത ബാധിത പ്രദേശമായി പ്രഖ്യാപിച്ച് പ്രത്യേക പരിഗണന നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാം | 30 കോടി രൂപ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകുകയും ചെയ്തു,<br>2016 -ൽ അനുഭവപ്പെട്ട വരൾച്ച കാരണം 31-10-2016-ലെ സ.ഉ.(പി) നമ്പർ 555/16/ പി.എം. ഉത്തരവ് പ്രകാരം കേരളത്തിലെ 14 ജില്ലകളേയും വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിക്കുകയും വരൾച്ചാ ധനസഹായമായി കൃഷി വകുപ്പിൽ നിന്നും 52 കോടി രൂപയും, സംസ്ഥാന ദുരിതാശ്വാസ നിധിയിൽ നിന്ന് 39.96 ലക്ഷം രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട് |
| 8 | 13/07 | 73 | നാണ്യവിളകളായ ഏലം, ഗ്രാംബു, കാപ്പി, ജാതി എന്നിവയുടെ കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുമോ<br>ഉറപ്പ് - സമഗ്ര ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ ഏലകൃഷിക്ക് കൂടുതൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. | ഏലം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ പ്രധാന കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക പത്തിരട്ടിയോളം വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഭരണാനുമതി നൽകി 22-3-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | 13/07 | 78 | കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ആണ് ഉദ്ദേശിക്കുന്നത്;<br>ഉറപ്പ് - പച്ചത്തേങ്ങ/കൊപ്ര സംഭരണത്തിന് കേന്ദ്ര/സംസ്ഥാന തലത്തിൽ സബ്സിഡികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്ന താണ്. സഹകരണ സ്ഥാപനങ്ങൾക്കും സൊസൈറ്റികൾക്കും സബ്സിഡി കൂടുതൽ നിരക്കിൽ നല്കുവാൻ ശ്രമിക്കുന്നതാണ്. ഇൻസെന്റീവ് നല്കുവാനും ഗവ. തയ്യാറാണ്. | പച്ചത്തേങ്ങാ സംഭരണം കൃഷി വകുപ്പിന്റേയും, കേരഫെഡിന്റേയും സംയുക്താഭിമുഖ്യത്തിലാണ് നടന്നുവരുന്നത്. സംസ്ഥാനത്തെ തിരഞ്ഞെ ടുക്കപ്പെട്ട കൃഷി ഭവൻ മുഖേന സംഭരിക്കപ്പെടുന്ന പച്ചത്തേങ്ങാ കൊപ്രയാക്കി മാറ്റി കേരഫെഡിന്റെ സംസ്കരണത്തിനായാണ് ഉപയോഗിക്കപ്പെടുന്നത്. കർഷകരിൽ നിന്നും സംഭരണ വില അടിസ്ഥാനപ്പെടുത്തി കൊപ്ര സംഭരിച്ച വകയിൽ കൊടുത്തു തീർക്കാനുണ്ടായിരുന്ന കുടിശ്ശിക നൽകുന്നതിലേയ്ക്കായി 2016 - 17 സാമ്പത്തിക വർഷം 50 കോടി രൂപ കേരഫെഡിന് സാമ്പത്തിക സഹായകമായി സർക്കാർ നൽകിയിട്ടുണ്ട്. പച്ചത്തേങ്ങയ്ക്ക് കിലോയ്ക്ക് 25 രൂപ എന്ന നിരക്കിൽ നിശ്ചയിക്കുകയും പൊതു വിപണി വില വളരെ താഴ്ന്നതിനാൽ വിപണി വിലയും, സംഭരണ വിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി കണക്കാക്കിയാണ് താങ്ങുവിലയ്ക്ക് പച്ചത്തേങ്ങാ സംഭരിച്ചിരുന്നത് . വിപണി വില വളരെ കുറവായതിനാൽ സബ്സിഡി തുക ഉയർന്ന നിരക്കായതിനാൽ ഇതിനും പുറമേ ഇൻസെന്റീവ് പ്രസ്തുത കാലയളവിൽ നൽകുന്നത് പ്രായോഗിക മായിരുന്നില്ല. |

| | | | | |
|---|---|---|---|---|
| 10 | 13/08 | 01 | സി) കൊയ്ത്ത് യന്ത്രം ലഭ്യമാക്കുന്നതിൽ നിന്നും സ്വകാര്യ ഏജന്റുമാരെ ഒഴിവാക്കി സർക്കാർ തന്നെ നേരിട്ട് യന്ത്രം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ്- നേരിട്ട് യന്ത്രം എത്തിക്കുന്ന തിനെകുറിച്ച് പരിശോധിച്ചുവരുന്നു. | ജില്ലാതലത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസുമായി ബന്ധപ്പെട്ട് കസ്റ്റം ഹയറിംഗ് സെന്റർ മുഖാന്തിരം കൃഷിക്കാരിൽ നിന്ന് നേരിട്ട് അപേക്ഷ സ്വീകരിച്ച് മുൻഗണനാക്രമത്തിൽ കൊയ്ത്ത് യന്ത്രം ലഭ്യമാക്കുന്നുണ്ട്. |
| 11 | 13/08 | 56 | (ഇ) എല്ലാ ക്ഷീര സംഘങ്ങളിലും ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - സംസ്ഥാനത്തെ എല്ലാ ക്ഷീരസംഘങ്ങളിലും ഇത് സ്ഥാപിക്കു ന്നതിന് നടപടി സ്വീകരിച്ചുവരുന്നു | ക്ഷീര വികസന വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3676 ക്ഷീര സംഘങ്ങളിൽ 3294 ക്ഷീര സംഘങ്ങളും പ്രവർത്തിക്കുന്നവയാണ്. പാൽ പരിശോധന കാര്യക്ഷമവും എളുപ്പവും സുതാര്യവും ആക്കുന്നതിനുവേണ്ടി, വിവിധ പദ്ധതികൾ മുഖാന്തിരവും എം. എൽ . എ . ഫണ്ട് മുഖാന്തിരവും 3294 സംഘങ്ങളിൽ 1480 ഓട്ടോമാറ്റിക്ക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| 12 | 13/10 | 87 | ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് മാതൃകാ ഹൈടെക് ഗ്രാമങ്ങൾ പദ്ധതി വഴി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദ മാക്കാമോ? | 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാതൃകാ ഹൈടെക് ഹരിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചെങ്കിലും ഉപധനാഭ്യർത്ഥന |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - ഈ പരിപാടിയിൻ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട് ഓരോ പഞ്ചായത്തിലും 100 വീടുകളിൽ ഒരു കിലോവാട്ടിന്റെ സോളാർ പാനൽ, 100 വീടുകളിൽ 10,000 ലിറ്റർ ശേഷിയുള്ള മേൽക്കൂരയിലെ മഴവെള്ള സംഭരണികൾ, 1500 വീടുകളിൽ ദിനംപ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, 500 വീടുകളിൽ ഒരു ക്യൂബിക് മീറ്റർ ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാനും 150 ഹെക്ടറിൽ വാഴകൃഷിയും 60 ഹെക്ടറിൽ തുറസ്സായ സ്ഥലത്തെ പച്ചക്കറി കൃഷിയും നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഹൈടെക് ഫാമിംഗ് പദ്ധതി 2013-14 പ്രകാരം ഈ പഞ്ചായത്തുകളിൽ പോളീഹൗസുകളും സ്ഥാപിക്കുന്നതാണ്. പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനംആരംഭിക്കുന്നതാണ്. | വഴിയോ റീ അപ്രോപ്രിയേഷൻ വഴിയോ തുക ലഭിക്കാതിരുന്നതിനാൽ പദ്ധതി നടപ്പിലാക്കിയില്ല. 2014-15-ലും 2015-16-ലും നടപ്പ സാമ്പത്തിക വർഷത്തിലും തുക ലഭിക്കാഞ്ഞതിനാൽ നാളിതുവരെ പദ്ധതി പ്രവർത്തനം ആരംഭിക്കാനായിട്ടില്ല. എന്നാൽ ഹൈടെക് ഫാമിംഗ് പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ, മാതൃകാ ഹൈടെക് ഹരിതഗ്രാമം പദ്ധതിയിൽ പോളീഹൗസുകൾ നിർമ്മിയ്ക്കുവാൻ ലക്ഷ്യമിട്ടിരുന്ന തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ, കൊല്ലം ജില്ലയിലെ പെരിനാട്, കോട്ടയം ജില്ലയിലെ വാഴൂർ, ഇടുക്കി ജില്ലയിലെ കാമാക്ഷി, പാലക്കാട് ജില്ലയിലെ അഗളി, വയനാട് ജില്ലയിലെ തിരുനെല്ലി ,പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ, ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം സൗത്ത്, കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി എന്നീ പഞ്ചായത്തുകളിൽ ഓരോ പോളീഹൗസ് വീതവും, കാസർഗോഡ് ജില്ലയിലെ മൊഗ്റൽ പുത്തൂർ, എറണാകുളം ജില്ലയിലെ മുക്കന്നൂർ, തൃശ്ശൂർ ജില്ലയിലെ താന്നിയം, മലപ്പുറം ജില്ലയിലെ പുലാമന്തോൾ, എന്നീ പഞ്ചായത്തുകളിൽ 2 പോളീഹൗസ് വീതവും സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ |

| | | | | |
|---|---|---|---|---|
| | | | | ജില്ലയിലെ പെരിങ്ങോം വയക്കര എന്ന പഞ്ചായത്തിൽ പോളീഹൗസ് സ്ഥാപിയ്ക്കുന്നതിന് നാളിതുവരെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| 13 | 13/10 | 89 | ജൈവവളം പോലെ പ്രാധാന്യമുള്ളതാണ് ജൈവ കീടനാശിനിയും അതിന്റെ പ്രയോഗത്തിനും പ്രചാര ത്തിനും നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്- പഴയകാലത്ത് കീടനാശിനി യായി ഉപയോഗിച്ചത് ഗോമൂത്രവും പുകയിലയും വെളുത്തുള്ളിയുമെല്ലാം ചേർത്ത ലായനിയാണ് . അതുതന്നെ പരമാവധി ഉപയോഗിച്ചാൽ ജൈവ കീടനാശിനിയുടെ അമിത പ്രയോഗം കൊണ്ട് മോശമായ കാർഷിക ഉത്പന്നങ്ങളെ പഴയ രീതിയിലേക്ക് എത്തിക്കാൻ സാധിക്കും അതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. | ജൈവ കീടനാശിനിയുടെ പ്രയോഗത്തിനും പ്രചാരണത്തിനുമായി കൃഷി വകുപ്പ് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു.<br>1 . കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയിലൂടെ കർഷകരിൽ അവബോധം സൃഷ്ടിക്കുന്നു.<br>2 . വിള ആരോഗ്യപരിപാലന പദ്ധതിയിൻ കീഴിൽ ആരംഭിച്ച പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടനിയന്ത്രണവും അവലംബിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നു.<br>3 . കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ |

| | | | | |
|---|---|---|---|---|
| | | | | പദ്ധതികളിലൂടെ ജൈവകീടരോഗ നിയന്ത്രണോപാധികൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുന്നു.<br>4 .മണ്ണുത്തിയിലെ സംസ്ഥാന ബയോകൺട്രോൾ ലാബിൽ നിന്നും വിവിധ കീടരോഗ നിയന്ത്രണ ഉപാധികൾ ആവശ്യമനുസരിച്ച് ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നേരിട്ടും കൃഷി ഭവനുകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നിവ മുഖേനയും നൽകുന്നു.<br>5. ജൈവകീടരോഗ നിയന്ത്രണ ഉപാധികൾ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഉണ്ടാക്കാനുള്ള ചെറിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുന്നു.<br>6. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ ശാക്തീകരിച്ച് പരാദപ്രാണികളുടെ ഉല്പാദനം മെച്ചപ്പെടുത്തി കർഷകർക്ക് കൂടുതൽ തോതിൽ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>7. മങ്കൊമ്പ് ആസ്ഥാനമായുള്ള കീടനിരീക്ഷണ |

| | | | | |
|---|---|---|---|---|
| | | | | കേന്ദ്രത്തോട് അനുബന്ധിച്ച് ഫിറമോൺ ലൂറുകൾ ഉൽപാദിപ്പിച്ച് നൽകാൻ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞ മാർഗ്ഗങ്ങളിലൂടെയും കർഷകർക്ക് ബോധവൽക്കരണം നൽകിയും ജൈവകീടനാശിനി കളുടെ പ്രയോഗത്തിനും പ്രചാരത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 14 | 13/10 | 111 | ഇക്കഴിഞ്ഞ സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിലാണ് ജൈവ കൃഷിക്കുവേണ്ടി പ്രത്യേക പദ്ധതി നടത്തിയത്. തൃശ്ശൂർ ജില്ലയിൽ ജില്ലാ കൃഷി ഓഫീസറും പ്രിൻസിപ്പൽ കൃഷി ഓഫീസറും ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് മുന്നൂറോളം ജൈവ കൃഷിക്കാരുടെ യോഗം വിളിക്കുകയുണ്ടായി. എല്ലാ ബ്ലോക്കുകളിലും ഇതിനുവേണ്ടി ഒരു ക്ലസ്റ്റർ ഞങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ വരുന്ന സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയിൽ ജൈവ കൃഷിക്ക് ഒരു പ്രത്യേക പരിഗണന നൽകുമോ? | 2010-11-ൽ കാസർഗോഡ് ജില്ലയിൽ തുടങ്ങിയ ജൈവ കാർഷിക പദ്ധതി മറ്റു ജില്ലകളിൽ കൂടി ആരംഭിച്ച് മുന്നോട്ട് പോകുകയാണ്.ആയതിൻ പ്രകാരം 2017-18 വർഷത്തിൽ 1000 ലക്ഷം രൂപയുടെ ജൈവ കാർഷിക പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. തൃശ്ശൂർ ജില്ലയിൽ 2015-16 മുതൽ ജൈവ കൃഷി പ്രോത്സാഹനത്തിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.2015-16 വർഷത്തിൽ 25 ലക്ഷം രൂപാ ചെലവിൽ 5 ഇക്കോഷോപ്പുകൾ തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കുകയുണ്ടായി.ആകെ 29.66 ലക്ഷം രൂപയുടെ പദ്ധതി പ്രസ്തുത വർഷം തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തിൽ 45 ക്ലസ്റ്ററുകളിലായി 1125 ഹെക്ടർ സ്ഥലത്ത് പഴം, |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്- 2015 അവസാനിക്കുന്ന തോടുകൂടി ഒരു സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റണമെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും അവിടെ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയുമാണ്. ഇന്ത്യയിൽ സിക്കിം മാത്രമാണ് സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമായി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചത്. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ തുടങ്ങിയ പദ്ധതി മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ്. തൃശ്ശൂരിന് പ്രത്യേക പരിഗണന കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | പച്ചക്കറി കൃഷിയിൽ ജൈവകൃഷി സമ്പ്രദായം നടപ്പിലാക്കുകയുണ്ടായി.320 കമ്പോസ്റ്റ് യൂണിറ്റുകൾ കർഷകരുടെ കൃഷിയിടത്തിൽ സ്ഥാപിക്കുകയുണ്ടായി.ജൈവ കൃഷി പദ്ധതിയിൽ 2016-17 വർഷം ആകെ 69.96 ലക്ഷം രൂപ തൃശ്ശൂർ ജില്ലയിൽ ചെലവഴിക്കുകയുണ്ടായി. |
| 15 | 13/11 | 27 | (ബി)അടയ്ക്കാ കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ 2014-15 ബഡ്ജറ്റിൽ നീക്കിവച്ച തുക അർഹരായവർക്ക് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ | 2014-2015 വർഷം ബഡ്ജറ്റിൽ 10 കോടി രൂപ പ്രഖ്യാപിച്ചുവെങ്കിലും തുക ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | എത്ര തുക വിതരണം ചെയ്തിട്ടുണ്ട്;<br>ഉറപ്പ് - പ്രസ്തുത പ്രൊപ്പോസൽ നടപടി പൂർത്തീകരിച്ച് പരിഹാരം കാണുന്നതാണ്. | |
| 16 | 13/11 | 67 | ചെക്ക് പോസ്റ്റുകളിൽ അന്യ സംസ്ഥാന പാൽ പരിശോധിക്കാൻ സ്ഥിരമായ സംവിധാനം ഏർപ്പെടുത്തു മോ?<br>ഉറപ്പ് - പാൽ പരിശോധന സ്ഥിരം സംവിധാനമാക്കി മാറ്റുന്നത് ഗൗരവമായി പരിശോധിക്കുന്നതാണ്. | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം ചെക്ക് പോസ്റ്റിൽ സ്ഥിരം പാൽ പരിശോധനാ ലബോറട്ടറി സ്ഥാപിച്ച് അതുവഴി കടന്നു വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.<br>ആര്യങ്കാവ്, പാറശ്ശാല എന്നീ ചെക്ക് പോസ്റ്റുകളിലും ലബോറട്ടറി സ്ഥാപിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ആയതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അടുത്ത സാമ്പത്തിക വർഷം 3 ചെക്ക് പോസ്റ്റുകളിൽകൂടി ലബോറട്ടറി സ്ഥാപാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| 17 | 13/11 | 145 | ബി) തെങ്ങു കയറ്റക്കാരുടെ കുറവ് കൃഷി സ്ഥലങ്ങളുടെ ലഭ്യതയിലെ കുറവ് നീരയുടെയും ഇളനീരിന്റെയും ആവശ്യകതയിലെ വർദ്ധനവ് മുതലായവ കണക്കിലെടുത്ത് കൃഷി രീതിയിലും തെങ്ങിനങ്ങളുടെ തെരഞ്ഞെടുപ്പിലും ആവശ്യമായ മാറ്റം വരുത്തി നടപ്പാക്കുന്നതി ന് നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - സ്വീകരിക്കുന്നതാണ്. | കേരകർഷകർ ഇപ്പോൾ നേരിടുന്ന ഒരു വലിയ പ്രതിസന്ധിയാണ് തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം. വിളവെടുപ്പിനും സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്കും തെങ്ങുകയറ്റ തൊഴിലാളികളുടെ ലഭ്യതകുറവ് കേരകർഷകരെ ബുദ്ധിമുട്ടിലാക്കുന്നു. കുറിയ ഇനം തെങ്ങുകൾ കർഷകർക്കിടയിൽ വ്യാപകമാക്കുന്നത് ഒരു പരിധിവരെ ഇതിന് പരിഹാരമാകും. കൂടാതെ നീരയുടെ ഉല്പാദനത്തിനും കുറിയ ഇനം തെങ്ങുകൾ ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് കർഷകർക്കിടിയിൽ കുറിയ ഇനം തെങ്ങുകൃഷി പ്രചരിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും കേരസമൃദ്ധി പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.<br>പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കുറിയ ഇനം വിത്തുതേങ്ങകൾ സംഭരിക്കൽ<br>2. കുറിയ ഇനം മാതൃവൃക്ഷങ്ങൾ കണ്ടെത്തുക.<br>3. ഫാമുകളിലെ കുറിയ ഇനം തെങ്ങിൻ തൈകളുടെ ഉല്പാദന പ്രക്രിയയിൽ തെങ്ങിൻതൈകളുടെ പരിപാലനത്തിന് സഹായം. |

| | | | | |
|---|---|---|---|---|
| | | | | 4. DXT (സങ്കരയിനം) തെങ്ങിൻതൈ ഉല്പാദനത്തിന് കുറിയ ഇനം മാതൃവൃക്ഷങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ഹൈബ്രിഡൈസേഷൻ പരിപാടി.<br>5. ഹൈബ്രിഡൈസേഷനു വേണ്ടി നൈപുണ്യമുള്ള തൊഴിലാളികളെ സജ്ജരാക്കുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.<br>6. കൃഷി വകുപ്പിന്റെ ഫാമുകളിൽ കുറിയ ഇനം തെങ്ങിൻതൈകളുടെ മാതൃവൃക്ഷത്തോട്ടം നിർമ്മിക്കൽ.<br>7. ഹൈബ്രിഡൈസേഷനു വേണ്ടി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ സൂക്ഷ്മ ജലസേചന സംവിധാനം സ്ഥാപിക്കൽ.<br>8. കൂടാതെ ഗുണമേന്മയുള്ള വിത്തുതേങ്ങ കർഷകർക്കിടയിൽ നിന്ന് ശേഖരിച്ച് ഫാമുകളിൽ എത്തിക്കുന്നതിനും, വിതരണത്തിനുമുള്ള പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| 18 | 13/12 | 39 | ഡി) അനുബന്ധ വകുപ്പുകളുമായി ചേർന്ന് സംയുക്തമായി റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ | ഡി) പ്ലാന്റേഷൻ കോർപ്പറേഷനുമായി സഹകരിച്ച് റബ്ബർ അധിഷ്ഠിത വ്യവസായം ഒന്നും തുടങ്ങിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | ആരംഭിക്കുന്നതിന് വേണ്ട വകുപ്പുതല നടപടി സമയബന്ധിതമായി സ്വീകരിക്കുമോ?<br>ഉറപ്പ് - പ്ലാന്റേഷൻ കോർപ്പറേഷനുമായി സഹകരിച്ച് റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങാൻ ആലോചിക്കുന്നു. | |
| 19 | 13/13 | 07 | (എ) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?<br>ഉറപ്പ് - ഉണ്ട്. കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. എന്നാൽ മേൽപ്പറഞ്ഞ എല്ലാ ഇൻഷ്വറൻസ് പദ്ധതികളെയും ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ എല്ലാ വിലകൾക്കുമായി ഒരു സമഗ്ര കാർഷികവിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. | കേന്ദ്ര സർക്കാർ കാർഷിക മേഖലയിലുണ്ടാകുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് പുതിയ കാർഷിക ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം വിഭാവനം ചെയ്ത് നടപ്പാക്കിയ പദ്ധതികളാണ് പുനർരൂപീകരിച്ച കാലാവസ്ഥാതിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ഭീമാ യോജന എന്നിവ. കൃഷി പൂർണ്ണമായും സംസ്ഥാന വിഷയമാണ്. സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. കൂടാതെ കേരളത്തിൽ പ്രത്യേക പ്രദേശങ്ങളിലുണ്ടാകുന്ന മുൻകൂട്ടിത്തിരിച്ചറിയാൻ കഴിയാത്ത തരത്തിലുള്ള വിള നഷ്ടങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക നഷ്ടപരിഹാരത്തുകയും നൽകി വരുന്നതിനാൽ കാലാകാലങ്ങളിലുണ്ടാകുന്ന കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളെക്കൂടി കൂട്ടിയോജിപ്പിച്ച് |

| | | | | |
|---|---|---|---|---|
| | | | | സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക എന്നത് പ്രായോഗികമല്ല എന്ന് കണ്ടതിനാൽ നടപ്പാക്കിയിട്ടില്ല. |
| 20 | 13/13 | 09 | (ബി) സർക്കാരിന് മുൻപിൽ സമർപ്പിക്കപ്പെട്ട കരട് കാർഷിക നയം അംഗീകരിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?<br>ഉറപ്പ് - സംസ്ഥാന കാർഷിക വികസന നയ രൂപീകരണ സബ് കമ്മിറ്റി അംഗീകരിച്ച എല്ലാ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതാണ്. | സംസ്ഥാന കാർഷിക വികസന നയം 28-3-2015-ലെ സ.ഉ.(പി)നമ്പർ 59/15/കൃഷി പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 21 | 13/13 | 10 | (എ) കർഷകർക്ക് വിതരണം ചെയ്യുമെന്ന് നടപ്പ് ബഡ്ജറ്റിൽ പറഞ്ഞിരുന്ന അഗ്രി കാർഡ് വഴി എന്തൊക്കെ സൗകര്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; എത്ര കർഷകർക്കാണ് പ്രസ്തുത കാർഡ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരുന്നത്; | 9-5-2014-ലെ സർക്കാർ ഉത്തരവ് (Rt) നമ്പർ 854/2014/AD പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കനറാ ബാങ്കിനെ തെരഞ്ഞെടുത്തു. കർഷക ഡേറ്റാബേസിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകർക്കും 2014-15 സാമ്പത്തിക വർഷത്തിലെ കർഷക ദിനമായ ചിങ്ങം 1-ന് മുമ്പ് അഗ്രികാർഡുകൾ വിതരണം ചെയ്യുവാനായി കനറാ ബാങ്കിന് നിർദ്ദേശം |

| | | | | |
|---|---|---|---|---|
| | | | നാളിതുവരെയായി എത്ര കർഷകർക്ക് പ്രസ്തുത കാർഡ് വിതരണം ചെയ്തു എന്നു വ്യക്തമാക്കാമോ ?<br>ഉറപ്പ് - കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ, കുറഞ്ഞ നിരക്കിലുള്ള ബാങ്ക് വായ്പകൾ എന്നിവ ലഭ്യമാക്കുന്നതി നുള്ള അടിസ്ഥാന രേഖയായി അഗ്രികാർഡ് പരിഗണിക്കുന്നുണ്ട്. 18.75 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നത്. അതിനുള്ള നടപടികൾ സ്വീകരിക്കുന്ന തിനായി കനറാ ബാങ്കിനെ നോഡൽ ബാങ്കായി നിയമിച്ചിട്ടുണ്ട്. കാർഡ് വിതരണത്തിനുള്ള നടപടികൾ കനറാ ബാങ്ക് സ്വീകരിച്ചു വരുന്നു. | നൽകിയിരുന്നു. എങ്കിലും ഉദ്ഘാടന ദിവസമായ 4-3-2014-ന് 6 കർഷകർക്ക് മാത്രമേ അഗ്രികാർഡ് വിതരണം ചെയ്തിട്ടുള്ളൂ. അതിനുശേഷം കനറാ ബാങ്ക് അഗ്രികാർഡ് വിതരണം ചെയ്തിട്ടില്ല. തുടർന്ന് 13-8-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1389/2015/കൃഷി പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള ബാങ്കായി കേരള ഗ്രാമീൺ ബാങ്കിനെ തെരഞ്ഞെടുത്തു. കേരള ഗ്രാമീൺ ബാങ്ക് 24000 അഗ്രികാർഡ് പ്രിന്റ് ചെയ്തിരുന്നുവെങ്കിലും വിവരങ്ങളിൽ അപാകത യുള്ളതിനാൽ കാർഡ് വിതരണം ചെയ്തിരുന്നില്ല. പിന്നീട് 22-12-2016 -ലെ സ.ഉ. (സാധാ) നമ്പർ 1071/2016/കൃഷി പ്രകാരം അഗ്രി കാർഡിന്റെ പേര് 'ഹരിതകാർഡ്' എന്നാക്കി മാറ്റി, വിതരണം നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള ഗ്രാമീൺ ബാങ്കിനെ ചുമതലപ്പെടുത്തി ഉത്തരവായി. ഇതുവരെ 38 'ഹരിതകാർഡുകൾ' കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി കാർഡുകൾ നൽകാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 22 | 13/13 | 16 | (ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴങ്ങളിലും പച്ചക്കറി കളിലും കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനുള്ള ലാബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?<br>ഉറപ്പ് - മേഖല അടിസ്ഥാനത്തിരൽ 3 ലാബുകൾ കൂടി ആരംഭിക്കാനും ജില്ലകളിൽ തുടർന്ന് ആരംഭിക്കാനുമു ള്ള നടപടി സ്വീകരിക്കുന്നതാണ്. | വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിച്ചുവരുന്ന കീടനാശിനി അവശിഷ്ട പരിശോധനാ ലാബിനു പുറമേ ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിൽ കോഴിക്കോട് എറണാകുളം തിരുവനന്തപുരം എന്നിവിടങ്ങളിലും ഓരോ ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ, കൊല്ലം, സ്പൈസസ് ബോർഡ്, കൊച്ചി എന്നിവിടങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന നടത്തിവരുന്നുണ്ട്. |
| 23 | 13/14 | 28 | (സി) ഗോസുരക്ഷാ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനും സർക്കാർ ഇൻഷ്വറൻസ് വിഹിതം അടയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള | കന്നുകാലി ഇൻഷ്വറൻസ് പദ്ധതി പുനഃസ്ഥാപിച്ചിട്ടുണ്ട് എന്നും 2016-17ൽ കേന്ദ്ര സഹായമായി ലഭിച്ച 104.28 കോടി രൂപയും സംസ്ഥാന വിഹിതമായി 69.52 കോടി രൂപയും കർഷകർക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന് സബ്സിഡി നൽകാൻ വിനിയോഗിച്ചിട്ടുണ്ട് എന്നും 2017-18-ൽ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ ഗോസമൃദ്ധി എന്ന പേരിൽ |

| | | | | |
|---|---|---|---|---|
| | | | Rs.209.50 ലക്ഷത്തിൽ ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്കായി ലഭിക്കുന്ന തുക ഉപയോഗിച്ച് സർക്കാർ വിഹിതം അടച്ച് പദ്ധതി പുനഃസ്ഥാപിക്കുന്നതാണ്. | ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ച് നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| 24 | 13/14 | 32 | വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടും നാളികേര ഉൽപ്പാദനം കുറയാനിടയായതിന്റെ കാരണം പരിശോധിക്കുമോ?<br>ഉറപ്പ് - പരിശോധിക്കുന്നതാണ്. | നിലവിലെ തെങ്ങിൻ തോപ്പുകൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിക്കുന്നതും സംസ്ഥാനത്ത് കൃഷി ചെയ്യുന്ന തെങ്ങുകളിൽ 15%- 22% വരെ കാറ്റു വീഴ്ച മുതലായ രോഗങ്ങളും കീടബാധകളും മൂലവും തെങ്ങുകൃഷിയുടെ വിസ്തൃതിയും ഉല്പാദനക്ഷമതയും കുറയാൻ കാരണമായെന്ന് കണ്ടെത്തിയിട്ടുണ്ട്. ശാസ്ത്രീയ കൃഷി മുറകൾ തെങ്ങിൻ തോട്ടങ്ങളിൽ പാലിക്കുന്നതിന് കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലി ചെലവും, ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിൽ നിന്നും കർഷകരെ പിൻതിരിപ്പിക്കുന്നു.തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം ക്രമമായ വിളവെടുപ്പിന് തടസ്സം സൃഷ്ടിക്കുന്നു. കൂടാതെ വിപണനത്തിനുള്ള പ്രയാസങ്ങളും വിലയിടിവും വിലസ്ഥിരത ഇല്ലായ്മയും കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. |

| | | | | |
|---|---|---|---|---|
| 25 | 13/14 | 52 | എ) സംസ്ഥാനത്ത് എവിടെയെല്ലാ മാണ് റൈസ് ബയോപാർക്ക് സ്ഥാപിക്കപ്പെടുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്; ഇവിടങ്ങളിൽ അവ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ ?<br>ഉറപ്പ് - സംസ്ഥാനത്ത് കുട്ടനാട്ടും പാലക്കാട്ടു മാണ് റൈസ് ബയോ പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡലത്തിലെ ആനക്കര പഞ്ചായത്തിൽ റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിന് സ്ഥല പരിശോധന നടത്തി പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. | കുട്ടനാട്ടും പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡലത്തിലെ ആനക്കര പഞ്ചായത്തിലും റൈസ് ബയോപാർക്കുകൾ സ്ഥാപിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് റൈസ് അഗ്രോപാർക്കുകൾ ആലപ്പുഴ, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രീ-ഫീസിബിലിറ്റി പഠനം നടത്തുന്നതിന് NABCONS-നെ ഏൽപ്പിക്കുകയും, പഠന റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 26 | 13/14 | 63 | (ഡി) പാടശേഖരങ്ങൾ തരിശിടുന്നതിനുണ്ടായ കാരണങ്ങൾ അടിയന്തരമായി പരിശോധിച്ച് കൃഷിക്കാരുടെ കൂട്ടായ്മയിൽ പാടശേഖരം ഒന്നായി കൃഷി ചെയ്യാനും തരിശിടുന്ന ഭൂമി പിടിച്ചെടുത്ത് കൃഷി ചെയ്യാൻ | കൃഷിക്കാരുടെ കൂട്ടായ്മയിൽ പാടശേഖരാടിസ്ഥാനത്തിൽ ഗ്രൂപ്പ് ഫാമിംഗ് സമിതി മുഖാന്തിരം 2016-17 വർഷം 180000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ 2016-17 വർഷം പഞ്ചായത്ത് അടിസ്ഥാനത്തിൽ തരിശുനിലങ്ങൾ ഫീൽഡ് പരിശോധനയിലൂടെ |

| | | | | |
|---|---|---|---|---|
| | | | കൂട്ടായ്മയെ ഏൽപ്പിക്കാനും നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - കൃഷിക്കാരുടെ കൂട്ടായ്മയിൽ പാടശേഖരം ഒന്നായി കൃഷി ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. | കണ്ടെത്താനും അവ കൃഷി ചെയ്യുന്നതിന് കർഷക കൂട്ടായ്മ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. നേമം പഞ്ചായത്തിലെ കോലിയക്കോട് പാടശേഖരത്തിൽ ഒന്നായി കൃഷിയിറക്കാൻ കൃഷിഭവൻ തലത്തിൽ ശ്രമങ്ങൾ നടത്തിയെങ്കിലും വിജയിച്ചിട്ടില്ല. |
| 27 | 13/14 | 74 | (ബി) ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?<br><br>ഉറപ്പ് - ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യത സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. | 1-1-1999 മുതൽ 31-7-2006 വരെയുള്ള കാലയളവിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യത മാനദണ്ഡങ്ങൾക്ക് വിധേയമായി എഴുതിത്തള്ളിക്കൊണ്ട് 27-7-2006-ലെ ജി.ഒ. (എം.എസ്.)നമ്പർ 58/06/എ.ഡി. പ്രകാരം ഉത്തരവായിരുന്നു. 31-7-2006-ന് ശേഷം ആത്മഹത്യ ചെയ്ത കർഷകരെ സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽനിന്നും വിവരങ്ങൾ ശേഖരിക്കുകയും ആയവ ടിയാളുകളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിശോധിക്കുന്നതിനായി റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്തിരുന്നു. ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് ആകെ 47 ലക്ഷം രൂപയുടെ ധനസഹായം ഇതിനകം അനുവദിച്ചിട്ടുണ്ട് എന്ന് റവന്യൂ വകുപ്പ് |

| | | | | |
|---|---|---|---|---|
| | | | | അറിയിച്ചിട്ടുണ്ട്. കടക്കെണിയിലകപ്പെട്ട കർഷകർക്ക് കടബാധ്യതയിലാകുന്ന സമയത്ത് ആവശ്യമായ സഹായം നൽകുന്നതിന് 15-10-2016-ലെ G.O.(Rt) നമ്പർ 882/2016/കൃഷി ഉത്തരവ് പ്രകാരം ജില്ലാതലത്തിൽ ഹെൽപ്പ് ലൈനുകൾ ആരംഭിച്ചിട്ടുണ്ട്. |
| 28 | 13/14 | 80 | (എ)എൻഡോസൾഫാൻ ദുരിതബാധിതർ താമസിക്കുന്ന പ്രദേശങ്ങളിൽ പ്രകൃതിക്കും, ജീവജാലങ്ങൾക്കും മനുഷ്യനും വന്ന നഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകാൻ ട്രിബ്യൂണൽ രൂപീകരിക്കണമെന്ന മനുഷ്യാ വകാശ കമ്മീഷൻ നിർദ്ദേശം ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?<br>ഉറപ്പ് - ട്രിബ്യൂണൽ രൂപീകരിക്കണമെന്ന മനുഷ്യവകാശ കമ്മീഷന്റെ നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു. | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ട്രിബ്യൂണൽ, പ്ലാന്റേഷൻ കോർപ്പറേഷൻ കേരളായിൽ നിന്നും എൻഡോസൾഫാൻ കമ്പനികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്ന കാര്യം പരിശോധിക്കുന്നതിനുമായി റിട്ട. ജസ്റ്റിസ് C.N. രാമചന്ദ്രൻ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പരിമിതികളും പ്രശ്നങ്ങളും കണ്ടെത്തി കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി ട്രിബ്യൂണൽ രൂപീകരിക്കുന്നതും പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും എൻഡോസൾഫാൻ കമ്പനികളിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | | നഷ്ടപരിഹാരത്തുക ഈടാക്കുന്ന കാര്യം പരിശോധിക്കുന്നതിനുമായി രൂപീകൃതമായ റിട്ട. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ ചെയർമാനായുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നിരസിച്ച് 16-2-2018-ലെ G.O.(MS)5/18 സാ.നീ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ബി.സി. കുമാരൻ, മൂളിയാർ, കാസർഗോഡ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.1625/13 കേസിലെ വിധിയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സർക്കാർ നടത്തുന്ന ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾ വിശദമായി പരിശോധിക്കു കയുണ്ടായി. പ്രസ്തുത കോടതി വിധിയിൽ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കു ന്നതിലേയ്ക്ക് ഒരു ട്രിബ്യൂണൽ രൂപീകരി ക്കേണ്ടതുണ്ടോ യെന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് സർക്കാർ തള്ളിക്കളയുന്നതായും പുനരധിവാസ |

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തനങ്ങൾ ഏറെ പുരോഗമിച്ചതിനാൽ ഈയവസരത്തിൽ ട്രിബ്യൂണലിന്റെ രൂപീകരണം ഖജനാവിന് ബാധ്യതയായിരിക്കുമെന്നും കോടതി നീരീക്ഷിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക് നഷ്ടപരിഹാരം നൽകുന്നതിലേക്കായി ട്രിബ്യൂണൽ രൂപീകരിക്കുന്നതിനും പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും എൻഡോസൾഫാൻ കമ്പനികളിൽ നിന്നും നഷ്ടപരിഹാരത്തുക ഈടാക്കുന്നതു സംബന്ധിച്ച സാധ്യതകൾ പരിശോധിക്കുവാനുമായി ഒരു ട്രിബ്യൂണൽ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട റിട്ട. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ ചെയർമാനായുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. എൻഡോസൾഫാൻ ദുരിതബാധിതർക്ക്, സർക്കാർ ആവശ്യമായതും സാധ്യമായതുമായ എല്ലാ സഹായങ്ങളും ചെയ്തുവരുന്നുണ്ട്. ബഹു. സുപ്രീം കോടതി വിധി പ്രകാരവും ദേശീയ |

| | | | | |
|---|---|---|---|---|
| | | | | മനുഷ്യാവകാശ കമ്മീഷൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായും ദുരിതബാധിതർക്കുള്ള നഷ്ടപരിഹാര ത്തുകയും ഉൾപ്പെടെ ഏകദേശം മുഴുവൻ തുകയും വിതരണം ചെയ്യുകയും ചികിത്സാ സൗകര്യങ്ങളും നൽകി വരികയും ചെയ്തു വരുന്നു.<br>എൻഡോസൾഫാൻ സമരക്കാരുടെ പ്രതിനിധി കളുമായി ബഹു. റവന്യൂ മന്ത്രിയും ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയും ചേർന്ന് 1-2-2019-ൽ ചേർന്ന് യോഗത്തിൽ എൻഡോസൾഫാൻ ദുരിതബാധി തർക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് ട്രിബ്യൂണൽ ഏർപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).<br>മേൽ സാഹചര്യത്തിൽ പതിമൂന്നാം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിൽ നൽകിയ മറുപടി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ട്രിബ്യൂണൽ രൂപീകൃതമായിട്ടില്ല. |
| 29 | 13/14 | 104 | എൻഡോസൾഫാൻ ദുരിതബാധിതർ ക്കായുള്ള പുനരധിവാസ നടപടികൾ പൂർത്തിയായോ? | നിലവിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾക്ക് പുറമെ പുനരധിവാസത്തിനായി മുളിയാർ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - എൻഡോസൾഫാൻ ദുരിതബാധിതരെ താമസിപ്പിക്കുകയും അവരിൽ മാനസികമായി വ്യത്യസ്ത മായവരെ നമ്മോടൊപ്പം ജീവിക്കാൻ വേണ്ടി അവർക്ക് ഒരു ആശ്വാസം എന്നുള്ള രീതിയിൽ ഒരു പുനരധിവാസ വില്ലേജ് പണിയാനുള്ള നടപടികളെല്ലാം ആരംഭിച്ചിട്ടുണ്ട്. അതിന്റെ ആർക്കിടെക്ച്ചർ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഉടൻതന്നെ ടെണ്ടർ നടപടികൾ സ്വീകരിച്ചു കൊണ്ട് പുനരധിവാസ വില്ലേജ് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ കൂടി സ്വീകരിക്കുന്നതാണ്. | വില്ലേജിൽ പുനരധിവാസ വില്ലേജ് സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതിയാണിത്. പ്രസ്തുത സംവിധാനത്തിൽ വിദഗ്ധ ആരോഗ്യ പരിപാലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, തൊഴിൽ പരിശീലനം, വ്യക്ത്യാധിഷ്ഠിതമായ ശാരീരിക-മാനസിക വികസനത്തിനുള്ള കോഴ്സുകൾ, ഷോർട്ട് സ്റ്റേ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിൽ ഉള്ളത്. ആയതിലേയ്ക്ക്, മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും കൈവശാനുമതിയും നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സമഗ്ര ആരോഗ്യം, സാമൂഹ്യനീതി, റവന്യൂ എന്നീ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വിദഗ്ധരെ |

| | | | | |
|---|---|---|---|---|
| | | | | പങ്കെടുപ്പിച്ചുകൊണ്ട് വിവിധ ശില്പശാലകൾ നടത്തിയിട്ടുണ്ട്. ഇതിനായി സമഗ്രമായ പ്രോജക്റ്റ് റിപ്പോർട്ട് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തയ്യാറാക്കിയിട്ടുണ്ട്. |
| 30 | 13/15 | 26 | കാസർഗോട് ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക്ക് ഇല്ല എന്നത് പരിഗണിച്ച് ആയതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ് | തസ്തികകളുടെ പുനർവ്യന്യാസം വഴി കാഞ്ഞങ്ങാട് ഉൾപ്പെടെ സംസ്ഥാനത്തെ 7 മൃഗാശുപത്രികളെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിന് നിർവ്വാഹമില്ലായെന്ന മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് 2015-16 സാമ്പത്തിക വർഷത്തിൽ നിലനിന്നിരുന്ന സാമ്പത്തിക നിയന്ത്രണ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കാൻ കഴിഞ്ഞില്ല. കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറിപോളിക്ലിനിക്കായി ഉയർത്തുന്നതിന് പുതിയ പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 31 | 14/01 | 10 | (എ) റബ്ബർ കർഷകരെ രക്ഷിക്കുന്നതിനും പ്രസ്തുത മേഖല കൂടുതൽ വികസനോന്മുഖ മാക്കുന്നതിനും നടപടി സ്വീകരിക്കുമോ;<br>(ബി) ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?<br>ഉറപ്പ് - റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതം അനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് നൽകി വരുന്നു. ഇതിനായി 2016-17 വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വില തകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതാണ്. | റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിത മനുഭവിക്കുന്ന കർഷകരെ സഹായിക്കു ന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാർ ധനകാര്യവകുപ്പും റബ്ബർ ബോർഡും സംയുക്തമാ യിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത് . റബ്ബറിന്റെ താങ്ങുവില കിലോ 150 രൂപയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതാതുദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന നൽകുന്നു . പ്രതിവർഷം ഒരു ഹെക്ടറിന് 1800 കിലോഗ്രാം എന്ന നിരക്കിൽ ആണ് റബ്ബറിനുള്ള ധനസഹായം നൽകുന്നത് . 5 ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറുനുള്ള സബ്സിഡി ലഭിക്കും . അടിസ്ഥാന വില കിലോയ്ക്ക് 200 രൂപയാക്കി ഉയർത്തുവാൻ |

| | | | | |
|---|---|---|---|---|
| | | | | കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2016-17 ൽ 500 കോടി രൂപയും 2017-18 ൽ 125 കോടി രൂപയും 2018-19-ൽ 359 കോടി രൂപയും അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിയ്ക്കാനും പരിഹാരം നിർദ്ദേശിയ്ക്കാനുമായി ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ (TFRS) രൂപീകരിച്ചിട്ടുണ്ട് . കേരള, ത്രിപുര സംസ്ഥാന ചീഫ് സെക്രട്ടറിമാർ യഥാക്രമം ചെയർമാനും കോ-ചെയർമാനും ആണ് . കാർഷികോൽപ്പാദന കമ്മീഷണർ ടി ടാസ്ക് ഫോഴ്സ് അംഗമാണ് . റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുവാൻ ഹ്രസ്വകാല പരിഹാരങ്ങൾ , ദീർഘകാല തന്ത്രങ്ങൾ ആവിഷ്കരിക്കുക, WTO കരാർ വ്യവസ്ഥ പരിഗണിച്ചുകൊണ്ട് ആവശ്യമായ നയങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് നിർദ്ദേശിച്ചുകൊണ്ട് റബ്ബർ കൃഷിക്കാർ, സംസ്കരിക്കുന്നവർ, ഉല്പന്നങ്ങൾ ഉണ്ടാക്കുന്നവർ, വിപണനക്കാർ, തൊഴിലാളികൾ, അന്തിമ ഉപഭോക്താക്കൾ എന്നിവർക്ക് ക്ഷേമം ഉറപ്പാക്കുക എന്നിവയാണ് |

| | | | | |
|---|---|---|---|---|
| | | | | TFRS ന്റെ ലക്ഷ്യം . സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം കേന്ദ്ര സർക്കാർ സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നതിൽ ചില നിയന്ത്രണങ്ങൾ കൊണ്ട് വന്നിട്ടുണ്ട് . Advance Authorisation / DFIA സ്കീം പ്രകാരം Expert Obligation Period 12 മാസത്തിൽ നിന്നും 6 മാസമായി കുറച്ചിട്ടുണ്ട് . ഉണങ്ങിയ സ്വാഭാവിക റബ്ബറിന്റെ Basic Import Duty കിലോയ്ക്ക് 20% അഥവാ 30 രൂപ എതാണോ കുറവ് എന്നതിൽ നിന്ന് 25% അഥവാ 30 രൂപ ഏതാണോ കുറവ് എന്നാക്കി മാറ്റിയിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചെന്നൈ, Nhava Shava എന്നിവിടങ്ങളിലൂടെ മാത്രമായി ചുരുക്കിയിട്ടുണ്ട്. |
| 32 | 14/01 | 34 | വിഷാംശമുള്ള പച്ചക്കറികൾ അതിർത്തി കടന്നുവരുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്? ഉറപ്പ് - ചെക്ക് പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ശേഖരിക്കുന്ന എല്ലാത്തരം ഭക്ഷ്യോൽപ്പന്നങ്ങളു ടെയും | ചെക്ക് പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ശേഖരിക്കുന്ന എല്ലാത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ അനലറ്റിക്കൽ ലാബുകളിലും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് |

| | | | | |
|---|---|---|---|---|
| | | | സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്ത പുരം, എറണാകുളം ജില്ലകളിലെ അനലറ്റിക്കൽ ലാബുകളിലും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിലേക്കും അയച്ച് പരിശോധിക്കാറുണ്ട്. ഈ വിവരം മാധ്യമങ്ങളിലൂടെ വേണ്ട പ്രചാരണം നൽകുന്നതുകൊണ്ട് ജനങ്ങൾക്ക് അവബോധം ഉണ്ടായിട്ടുണ്ട്. ഉത്സവ കാലങ്ങളിൽ സ്പെഷ്യൽ സ്ക്വാർഡുകളെ നിയോഗിച്ച് ഈ പരിശോധന ഊർജ്ജിതമാക്കുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ കീടനാശിനി ഉപയോഗം പരമാവധി ഒഴിവാക്കുന്നതിന് കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടി നടത്തുന്നതാണ്. കൂടാതെ അയൽ സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ കർഷകർക്ക് വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുവാൻ പ്രാദേശിക ഭാഷയിൽ പരസ്യം നൽകുന്നതിനും നടപടി ആരംഭിക്കുന്നതാണ്. | റസിഡ്യൂ ടെസ്റ്റിംഗ് ലാബിലേക്കും അയച്ച് പരിശോധിക്കാറുണ്ട്. ഈ വിവരം മാധ്യമങ്ങളിലൂടെ വേണ്ട പ്രചാരണം നൽകുന്നതുകൊണ്ട് ജനങ്ങൾക്ക് അവബോധം ഉണ്ടായിട്ടുണ്ട്. ഉത്സവ കാലങ്ങളിൽ സ്പെഷ്യൽ സ്ക്വാർഡുകളെ നിയോഗിച്ച് ഈ പരിശോധന ഊർജ്ജിതമാക്കുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ കീടനാശിനി ഉപയോഗം പരമാവധി ഒഴിവാക്കുന്നതിന് കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടി നടത്തുന്നതാണ്. കൂടാതെ അയൽ സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്ന കിടക്കുന്ന പ്രദേശങ്ങളിലെ കർഷകർക്ക് വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുവാൻ പ്രാദേശിക ഭാഷയിൽ പരസ്യം നൽകുന്നതിനും നടപടി ആരംഭിക്കുന്നതാണ് |

| | | | | |
|---|---|---|---|---|
| 33 | 14/01 | 49 | (എ) കർഷക ക്ഷേമ ബോർഡിന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ല മെന്ന് വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത ബോർഡ് മുഖേന കർഷകർക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;<br>സി) പ്രസ്തുത ബോർഡ് ലക്ഷ്യമിടുന്ന ആനുകൂല്യങ്ങൾ എന്ന് മുതൽ കർഷകർക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?<br>ഉറപ്പ് - കൃഷിയിലൂടെ ജീവിതമാർഗ്ഗം കണ്ടെത്തുന്നവരുടെ ക്ഷേമത്തിനായി ഒരു കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് 20-02-2016-ലെ സ.ഉ.(എം.എസ്) നം.31/16)/കൃഷി പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നുവെങ്കിലും മറ്റു നടപടി കളൊന്നും സ്വീകരിച്ചിരുന്നില്ല. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ പഠിച്ചശേഷം നടപടികൾ സ്വീകരിക്കു ന്നതാണ്. | 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ 14-ാം കേരള നിയമസഭ ബിൽ നമ്പർ151 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് നിയമസഭ മുൻപാകെ അവതരിപ്പിക്കു ന്നതാണ് |

| | | | | |
|---|---|---|---|---|
| 34 | 14/01 | 76 | സി) കേരളത്തിൽ ലഭ്യമായ തരിശു ഭൂമിയും പുറമ്പോക്കുകളും ഉപയോഗപ്പെടുത്തി കുടുംബശ്രീ, സ്വയം സഹായക സംഘങ്ങൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തിന് ആവശ്യമായ പഴങ്ങളും പച്ചക്കറികളും ഉത്പാദിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുമോയെന്ന് അറിയിക്കുമോ?<br><br>ഉറപ്പ് - സമഗ്ര പച്ചക്കറി മിഷന്റെ ഭാഗമായി കേരളത്തിലെ 50000 ഹെക്ടർ പ്രദേശത്ത് കൂടി ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.<br>കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ 250 ഹെക്ടർ പ്രദേശത്ത് കർശനമായും | സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2016-17 മുതൽ 2018-19 വരെ തരിശു ഭൂമി പാട്ടത്തിനെടുത്ത് പച്ചക്കറി കൃഷി 2477.995 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. 2016-17 മുതൽ 2018-19 വരെ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ ഒഴിഞ്ഞു കിടക്കുന്ന മുഴുവൻ പ്രദേശത്തും നല്ല കൃഷി മുറകൾ അവലംബിച്ച് കൊണ്ട് 74.94 ഹെക്ടർ സ്ഥലത്ത് (കുരുമുളക്, മഞ്ഞൾ, കൊക്കോ, തെങ്ങ്, ഔഷധ സസ്യങ്ങൾ, ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, കശുമാവ്, നെല്ല് മുതലായവ ഉൾപ്പെടെ) ജൈവ കൃഷി നടപ്പിലാക്കി. 2016-17 മുതൽ 2018-19 വരെ ആകെ 2552.935 ഹെക്ടർ തരിശു ഭൂമി കൃഷിയ്ക്ക് യോഗ്യമാക്കി. സർക്കാർ ഫാമുകളിൽ ലഭ്യമായിട്ടുള്ള കൃഷിയോഗ്യമായ പ്രദേശത്ത് സംയോജിതകൃഷി (ഐ.എഫ്.എസ്.) അവലംബിച്ചും നല്ല കാർഷിക മുറകൾ അവലംബിച്ചും പച്ചക്കറി ഉൾപ്പെടെയുള്ള വിവിധ വിളകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | നല്ല കൃഷിരീതികൾ അവലംബിക്കുക. ഫാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ ഇത് ഉറപ്പുവരുത്തേണ്ടതുണ്ട്. കൃഷി ഓഫീസർ തന്റെ പരിധിയിൽ വരുന്ന, കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായതും തരിശായി കിടക്കുന്നതുമായ പ്രദേശങ്ങൾ കണ്ടെത്തി നല്ല കൃഷി രീതികൾ അവലംബിച്ച് കൊണ്ടുള്ള ജൈവ പച്ചക്കറി ഉത്പാദനത്തിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. | കൂടാതെ 2013-14 മുതൽ 2018-19 വരെ ഉത്തമ കൃഷി മുറകൾ അവലംബിച്ച് ക്ലസ്റ്ററടിസ്ഥാനത്തിൽ ജൈവ കൃഷി 30975 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. കൂടാതെ കൃഷി ആഫീസറുടെ നേതൃത്വത്തിൽ കൃഷിയോഗ്യമായ തരിശുനിലങ്ങൾ/ പ്രദേശങ്ങൾ കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷിവകുപ്പിന്റെയും വിവിധ പദ്ധതികളിലൂടെയും ജൈവ പച്ചക്കറി ഉത്പാദനത്തിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2015-16 കാലയളവിൽ 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്ന പച്ചക്കറിയുടെ ഉത്പാദനം 2018-19 ആയപ്പോൾ 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. |
| 35 | 14/01 | 91 | മാമത്തെ നാളികേര കോംപ്ലക്സ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുള്ള അഗ്രോപാർക്കും നാളികേര മാളും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | മാമത്തെ നാളികേര കോംപ്ലക്സിൽ സ്ഥാപിച്ചിരിക്കുന്ന വിർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുകയും അതിന്റെ പ്രവർത്തനോദ്ഘാടനം 2019 മാർച്ച് 4 തീയതി ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - വളരെ വർഷങ്ങളായി അടഞ്ഞു കിടക്കുന്ന സ്ഥാപനമാണ് ഈ നാളികേര കോംപ്ലക്സ്. വെർജിൻ കോക്കനട്ട് ഓയിലിന്റെ ഉൽപ്പാദനം ആരംഭിച്ച് ഉദ്ഘാടനം നടത്തിയെന്നല്ലാതെ ഒരു നടപടിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്നും ഈ സ്ഥാപനം തുറന്ന പ്രവർത്തിക്കുന്നതിനുവേണ്ടി എന്തൊക്കെ ചെയ്യണമെന്നതിനെ സംബന്ധിച്ചും പഠിക്കുന്നതിനായി ഉദ്യോഗസ്ഥരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ ഈ സ്ഥാപനം തുറന്ന പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. | നിർവ്വഹിക്കുകയും ചെയ്തു. നിലവിൽ മാമത്തെ നാളികേര പ്ലാന്റിൽ നിന്നും വിർജിൻ കോക്കനട്ട് ഓയിൽ ഉത്പാദിപ്പിച്ചു വിപണനം ചെയ്യുന്നുണ്ട്. കൂടാതെ 30 MT ശേഷിയുള്ള ഒരു വെളിച്ചെണ്ണ മില്ല് ടി കോംപ്ലക്സിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

| | | | | |
|---|---|---|---|---|
| 36 | 14/01 | 93 | കർഷകർ പരമ്പരാഗതമായി സംരക്ഷിച്ച് വരുന്നതും അന്യം നിന്നു പോകുന്നതുമായ അനേകം അമൂല്യങ്ങളായ നാടൻ വിത്തുകളുണ്ട്. പ്രത്യേകിച്ചും ആദിവാസി കോളനികളിൽ അവർ സംരക്ഷിച്ചു വരുന്ന, നമുക്ക് പൊതു വിപണിയിൽ നിന്നും ലഭ്യമാകാത്ത അപൂർവ്വയിനം നാടൻ വിത്തുകളും ജൈവ സർട്ടിഫിക്കേഷൻ നേടിയ പച്ചക്കറി ഉല്പന്നങ്ങളുമുണ്ട്. ഇവ കൂടി അഗ്രോ ബസാറുകളിലൂടെ വിതരണം ചെയ്ത് ഒരു പൊതു മൂല്യ സാധ്യത അതിനുണ്ടാക്കാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം?<br>ഉറപ്പ് - കേരളത്തിന്റേതായി 200-ൽ അധികം നെൽവിത്തുകൾ ഉണ്ടായിരുന്നതാണ്. ആ നെൽവിത്തുകൾ ഉൾപ്പെ ടെയുള്ള നമ്മുടെ പരമ്പരാഗത വിത്തുകളും | 2017-18 വർഷത്തിലെ ജൈവവൈവിധ്യം-പരമ്പരാഗത-നാടൻ നെല്ലിനങ്ങളുടെയും ചെറുധാന്യങ്ങളുടെയും സംരക്ഷണവും പ്രവർത്തനവും പദ്ധതിയിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിത്ത് ബാങ്ക് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിക്കായി 2017-18 വർഷം 200 ലക്ഷം രൂപ കൃഷി വകുപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാ ശാലയുടെ വെള്ളാനിക്കര മെയിൻ കാമ്പസ്, പ്രാദേശിക ഗവേഷണ കേന്ദ്രം, പട്ടാമ്പി എന്നിവിടങ്ങളിലാണ് സീഡ് ബാങ്ക് സ്ഥാപിക്കുന്നത്. 26-5-2018-ൽ ബഹു.മുഖ്യമന്ത്രി കേരള കാർഷിക സർവ്വകലാശാലയുടെ ആസ്ഥാനത്ത് വിത്ത് ബാങ്കിന്റെ നിർമ്മാണ ഉദ്ഘാടനം നടത്തുകയുണ്ടായി. |

| | | | | |
|---|---|---|---|---|
| | | | കാർഷികോല്പന്നങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടി അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിത്ത് ബാങ്ക് കേരളത്തിൽ സ്ഥാപിക്കാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. | പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും കൃഷി വ്യാപനത്തിനും ലക്ഷ്യമിട്ട് കൃഷി വകുപ്പും, കേരള കാർഷിക സർവ്വകലാശാലയും സംയുക്തമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിലെ പരമ്പരാഗത വിളയിനങ്ങളുടെ ശേഖരം ഉണ്ടാക്കുകയും അവയെ സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും ചെയ്യുക, പരമ്പരാഗത വിളകളുടെ ജനിതക ശേഖരം സംരക്ഷിക്കുന്നതിനായി മദ്ധ്യകാല ശാസ്ത്രീയ സൂക്ഷിപ്പു സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുക, ഗവേഷണ കേന്ദ്രങ്ങളിലും കർഷകരുടെ കൃഷിയിടങ്ങളിലും പരമ്പരാഗത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നെല്ലിന്റെ നാടൻ / പരമ്പരാഗത / തനതായ ഇനങ്ങളുടെ ഒരു ജനിതക ശേഖരം സൂക്ഷിക്കുന്നുണ്ട്. കൂടാതെ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ് സീഡ്സ് സയൻസ് |

| | | | | |
|---|---|---|---|---|
| | | | | വിഭാഗത്തിൽ 291 തനതായ നെല്ലിനങ്ങളുടെ ജനിതക ശേഖരവും, കേരള കാർഷിക സർവ്വകലാശാല നിലനിർത്തി വരുന്നുണ്ട്. പരമ്പരാഗത നെല്ലിനങ്ങളുടെ ശേഖരം സംബന്ധിച്ച തുടർ പഠനങ്ങൾ കേരള കാർഷിക സർവ്വകലാശാല നടത്തി വരികയുമാണ്. കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ അമ്പലവയലിൽ 100 ലധികം പരമ്പരാഗത വിത്തിനങ്ങൾ കൃഷി ചെയ്യുകയും അവയുടെ വിത്തുകൾ ശേഖരിച്ച് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്ന തരത്തിലുള്ള നാടൻ വിത്തിനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നുണ്ട്. കൃഷിയിടങ്ങളിൽ തന്നെ വിത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനായി വിത്ത് ഗ്രാമം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 37 | 14/01 | 99 | (ബി)പ്രസ്തുത സംവിധാനങ്ങൾ കാർഷികോല്പന്നങ്ങളുടെ ഫലപ്രദമായ വിപണനത്തിന് പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ?<br>(സി) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിന് ഉതകുന്നതരത്തിൽ കേന്ദ്രീകൃതമായി കാർഷികോല്പന്നങ്ങൾ സമാഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - (ബി) ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനും കൂടുതൽ കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.<br>(സി) കർഷകരിൽ നിന്ന് ഉല്പന്നങ്ങൾ കേന്ദ്രീകൃതമായി സംഭരിച്ച് വിപണനം നടത്തുന്നതിന് ആവശ്യമായ | ബി) ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനും കൂടുതൽ കാർഷി കോല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>സി) കർഷകരിൽ നിന്നും ഉല്പന്നങ്ങൾ കേന്ദ്രീകൃതമായി സംഭരിച്ച് വിപണനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളായ പച്ചക്കറി വികസന പദ്ധതി, കാർഷിക വിപണി ശക്തിപ്പെടുത്തൽ, ജൈവകൃഷി പദ്ധതി എന്നിവയിലൂടെ കർഷകരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തി വരുന്നുണ്ട്. ഇപ്രകാരം 1130 വിപണികൾ പ്രവർത്തിക്കുന്നുണ്ട്. കാർഷിക വിപണി ശക്തിപ്പെടുത്തൽ പദ്ധതി പ്രകാരം കൊല്ലം, കോട്ടയം, തൃശ്ശൂർ, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിൽ ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 2 വീതം കാർഷിക മൊത്ത വ്യാപാര |

| | | | | |
|---|---|---|---|---|
| | | | നടപടികൾ ഈ വർഷം മുതൽ സ്വീകരിക്കുന്നതാണ്. | വിപണികളും, വയനാട്, കോഴിക്കോട് ഓരോന്ന് വീതം മൊത്ത വ്യാപാര വിപണികളും പ്രവർത്തിച്ചു വരുന്നു. ആകെ 6 വിപണികൾ പ്രവർത്തിക്കുന്നുണ്ട്. ഉല്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടാവുന്ന സന്ദർഭങ്ങളിലും അധിക ഉല്പാദനം മൂലം ഉല്പന്നങ്ങൾ വർദ്ധിച്ച തോതിൽ വിപണിയിൽ എത്തുന്ന ഘട്ടങ്ങളിലും ഹോർട്ടി കോർപ്പ് വിപണിയിൽ ഇടപെട്ട് പ്രത്യേകമായി സംഭരണം നടത്തി കർഷകർക്ക് ആശ്വാസം നൽകുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. |
| 38 | 14/01 | 100 | കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?<br>ഉറപ്പ് - റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലതകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കും. | സംസ്ഥാന നാണ്യവിളകളായ റബ്ബർ, കാപ്പി, തേയില, കുരുമുളക്, ഏലം, കശുവണ്ടി എന്നിവയുടെ വില അന്താരാഷ്ട്ര വിലയും അന്താരാഷ്ട്ര ഉല്പാദനത്തിനേയും ആശ്രയിച്ചിരിക്കുന്നതിനാൽ നാണ്യവിളകളുടെ ഇറക്കുമതി നയങ്ങൾ പുനഃപരിശോധിക്കണമെന്നും നാണ്യവിളകളെ സംരക്ഷണപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>റബ്ബറിന് ന്യായമായ വില ഉറപ്പാക്കുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | നെല്ലിന്റെയും റബ്ബറിന്റേയും നാളികേരത്തിന്റെയും താങ്ങുവില യഥാസമയം വിതരണം ചെയ്യുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും. ചെറുകിട നാമമാത്ര കർഷകർക്ക് പലിശ രഹിത വായ്പകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. കാർഷിക ലോണുകൾ സമയബന്ധിതമായി കൊടുത്തുതീർക്കും. നെൽകൃഷിക്കുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാരതുക വർദ്ധിപ്പിക്കും. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17-ൽ 500 കോടി രൂപയും 2017-18 ൽ 125 കോടി രൂപയും 2018-19-ൽ 359 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ ഉണക്ക റബ്ബറിന് ഇറക്കുമതി ചുങ്കം പരമാവധി വർദ്ധിപ്പിച്ച് 20%മോ 30 രൂപയോ ഏതാണോ കുറവ് അത് ചുമത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള RPK പദ്ധതിയിൽ റബ്ബർ കിലോഗ്രാമിന് 150 രൂപ MSP എന്നുള്ളത് 200 രൂപയാക്കി ഉയർത്തുവാൻ കേന്ദ്ര സർക്കാരിനോടു ആവശ്യപ്പെട്ടിട്ടുണ്ട്.<br>നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് കേന്ദ്ര സർക്കാർ വിഹിതമായ 17.50 രൂപയ്ക്ക് പുറമെ സംസ്ഥാന ബോണസ് 7.80 രൂപയിൽ നിന്നും 8.50 രൂപ ആക്കി വർദ്ധിപ്പിച്ച് മൊത്തം 26.30 രൂപ ആക്കിയിട്ടുണ്ട്. നാളികേരത്തിന്റെ സംഭരണ വിലയായ ക്വിന്റലിന് 2500 രൂപയിൽ കൂടുതൽ ഇപ്പോൾ കർഷകർക്ക് ലഭിക്കുന്നതിനാൽ കേരഫെഡ് നാളികേര സംഭരണം നിർത്തിവച്ചിരിക്കുകയാണെങ്കിലും വില കുറയുന്ന പക്ഷം സംഭരണം പുനരാരംഭിക്കുന്നതാണ്. വയനാടൻ കോഫി ബ്രാൻഡ് ഇറക്കുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | | നടപടികൾ പുരോഗമിച്ചു വരുന്നു.<br>കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.<br>i) കർഷകരുടെ പൊതുമേഖല-വാണിജ്യ-സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക കാർഷികേതര കടങ്ങൾക്ക് മേലുള്ള ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ടു 2019 ഡിസംബർ 31 വരെ മൊറട്ടോറിയം ദീർഘിപ്പിച്ചു.<br>ii) കാർഷിക കടാശ്വാസ കമ്മീഷൻ പരിഗണനയ്ക്കുള്ള ആനുകൂല്യം 2 ലക്ഷമായി ഉയർത്തി.<br>iii) ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 2018 ആഗസ്റ്റ് 31 വരെ എടുത്തിട്ടുള്ള കടങ്ങളും മറ്റുള്ള ജില്ലകളിൽ 2014 മാർച്ച് 31 വരെയുള്ള കടങ്ങളും കടാശ്വാസ കമ്മീഷൻ പരിഗണിക്കും.<br>iv) കടാശ്വാസ കമ്മീഷന്റെ പരിധിയിലുള്ള സഹകരണ ബാങ്കുകൾക്ക് പുറമെ വാണിജ്യ മേഖലാ ബാങ്കുകളിലെ കാർഷിക കടങ്ങൾ കൂടി കടാശ്വാസത്തിന് പരിഗണിക്കുന്ന വിഷയം പരിശോധിക്കുവാൻ കൃഷി/ ആസൂത്രണ സാമ്പ ത്തിക കാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>v) കർഷകരുടെ ദീർഘകാല വിളകൾക്കു വേണ്ട പുതിയ ലോണുകളുടെ 9% വരെ പലിശ വായ്പ എടുക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് സർക്കാർ വഹിക്കും. |

| | | | | |
|---|---|---|---|---|
| | | | | vi) കർഷകർ എടുക്കുന്ന ഹ്രസ്വകാല വായ്പകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ Interest subvention പദ്ധതി പ്രകാരം 7% പലിശ നിരക്കിലാണ് നൽകുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്.<br>vii) കർഷകർക്ക് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമായി വേണ്ട സമയത്തും അളവിലും ലളിതമായ നടപടികളിലൂടെ ബാങ്ക് വായ്പ കിസ്സാൻ ക്രഡിറ്റ് കാർഡിലൂടെ നൽകി വരുന്നുണ്ട്.<br>viii) അർഹതയുള്ള നെൽകർഷകർക്ക് പലിശ രഹിത വായ്പ സഹകരണ വകുപ്പ് മുഖാന്തിരം ഇപ്പോൾ നൽകി വരുന്നു.<br>കാർഷിക വിളകളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുകയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയും ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 45 ദിവസം വരെ പ്രായമുള്ള നെൽകൃഷി നശിച്ചാൽ ഹെക്ടറിന് 15000 രൂപ വീതവും 45 ദിവസത്തിനുമേൽ പ്രായമുള്ള നെൽകൃഷി നശിച്ചാൽ ഹെക്ടറിന് 35000 രൂപ വീതവും വിള ഇൻഷ്വറൻസ് നഷ്ട പരിഹാരം ലഭിക്കുന്നതാണ്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ പരമാവധി വിളകളെ ഉൾക്കൊള്ളിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

## V. പൊതുമരാമത്ത് വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 161 | എ) തിരുവനന്തപുരം ഒബ്സർവേറ്ററി കോമ്പൗണ്ടിൽ സർക്കാർ ജീവനക്കാർക്ക് വേണ്ടി പുതിയ ഫ്ലാറ്റ് പണിയുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത കെട്ടിടങ്ങളുടെ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?<br>ഉറപ്പ് - തിരുവനന്തപുരം ഒബ്സർവേറ്ററി കോമ്പൗണ്ടിൽ സർക്കാർ ജീവനക്കാർക്ക് വേണ്ടി എൻ.ജി.ഒ. ക്വാർട്ടേഴ്സ്, ജി.ഒ ക്വാർട്ടേഴ്സ് എന്നിവ പണിയുന്നതിനായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. | തിരുവനന്തപുരം ഒബ്സർവേറ്ററി കോമ്പൗണ്ടിൽ സർക്കാർ ജീവനക്കാർക്കുവേണ്ടി ക്വാർട്ടേഴ്സ് പണിയുന്നതിനായി G.O.(Rt)No.246/2017/PWD dated 27-2-2017 പ്രകാരം ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് പണിയുന്നതിന് 625.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 2 | 13/05 | 179 | (ബി) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് വഴി ഈ വർഷം നിർമ്മാണം ആരംഭിച്ച റോഡുകൾ എത്ര കി.മീ. വരുമെന്ന് വ്യക്തമാക്കാമോ | സംസ്ഥാന റോഡ് വികസന പദ്ധതി കീഴിൽ (SRIP) 551 കി.മീ. റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും, ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചതിൽ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - ഈ പദ്ധതിയിൻ കീഴിൽ നടപ്പ് സാമ്പത്തിക വർഷം 551 കി.മീ. റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. | നിന്നും ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ രണ്ട് പാക്കേജുകളിലായി നാല് റോഡുകൾക്ക് മാത്രമേ സർക്കാർ അനുമതി നൽകിയിട്ടുള്ളൂ. പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി (പി.പി.പി. - ബി.ഒ.റ്റി. ആന്യൂറ്റി വ്യവസ്ഥയിൽ) പരിപാലന ഘട്ടത്തിലേക്ക് കടന്നിട്ടുള്ളതാണ്. ഇവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.<br>പാക്കേജ് എ<br>1. വിദ്യാനഗർ - മായിപ്പാടി - സീതാംഗോളി റോഡ്, കാസർഗോഡ് ജില്ല, നീളം 9.40 കി.മീ, കൺസഷനെയർ - M/S. രോഹൻ രാജ് ദീപ് കേരള റോഡ് പ്രോജക്ട്സ് ലിമിറ്റഡ്.<br>2. ഉപ്പള - കനിയന റോഡ്, കാസർഗോഡ് ജില്ല, നീളം 15.60 കീ.മീ.,കൺസഷനെയർ - M/S. രോഹൻ രാജ് ദീപ് കേരള റോഡ് പ്രോജക്ട്സ് ലിമിറ്റഡ്.<br>പാക്കേജ് ബി<br>3. കഞ്ഞിരപ്പള്ളി - കാഞ്ഞിരംകവല റോഡ്, കോട്ടയം ജില്ല, നീളം 36.10 കി.മീ. കൺസഷനെയർ - M/S ഇൻകെൽ ഇ.കെ.കെ. റോഡ്സ് പ്രൈവറ്റ് ലിമിറ്റഡ്.<br>4. വെള്ളനാട് - ചെറ്റച്ചൽ റോഡ്, തിരുവനന്തപുരം ജില്ല, നീളം 21.90 കി.മീ. കൺസഷനെയർ -M/S ഇൻകെൽ ഇ.കെ.കെ. റോഡ്സ് പ്രൈവറ്റ് ലിമിറ്റഡ് |

| | | | | |
|---|---|---|---|---|
| 3 | 13/07 | 18 | (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം സമഗ്രമായി നവീകരിക്കുന്നതിനായി പ്രത്യേക നിയമം രൂപികരിക്കുന്നത് പരിഗണന യിലുണ്ടോ;<br>(ബി) വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താനു ദ്ദേശിക്കുന്നത് ; വിശദമാക്കുമോ<br>ഉറപ്പ് - വികസന പ്രവർത്തനങ്ങൾക്കുള്ള പ്രധാനപ്പെട്ട തടസ്സം ഭൂമി അക്വയർ ചെയ്യുന്നതിനുള്ളതാണ്. ആയതിനാൽ ഭൂമി അക്വയർ ചെയ്യുന്നതിനുള്ള തടസ്സങ്ങൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിന് മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയതുപോലെ ഇൻഫ്രാസ്ട്രക്ച്ചർ ആക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളും റോഡ് നയം നടപ്പിൽ വരുന്നതിനുള്ള പരിപാടികളും കൈക്കൊണ്ടു വരുന്നു | പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം സമഗ്രമായി നവീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് പ്രത്യേക നയം രൂപീകരിക്കുകയും ആയത് സംബന്ധിച്ച രൂപരേഖ 1-11-2018-ന് "കേരള പൊതുമരാമത്ത് നയം 2018 "എന്ന പേരിൽ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നയം പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ് |
| 4 | 13/07 | 55 | തൃശ്ശൂർ ജില്ലയിലെ ആല – ഗോതുരുത്ത് പാലത്തിന്റെ പണി പുനരാരംഭിക്കാനാവശ്യമായ അടിയന്തരനടപടി സ്വീകരിക്കണ മെന്നാവശ്യപ്പെടുകയാണ്.<br>ഉറപ്പ് - ഇത് സംബന്ധിച്ച് പ്രത്യേകയോഗം വിളിച്ച് ഇതിന്റെ നടപടികളുമായി മുന്നോട്ട് പോകാം | ആല-ഗോതുരുത്ത് പാലത്തിന്റെ പണി പൂർത്തീകരിച്ചു. ഗതാഗതത്തിന് താൽക്കാലികമായി ഉപയോഗിച്ചു വരുന്നുണ്ട് |

| | | | | |
|---|---|---|---|---|
| 5 | 13/08 | 75 | കെട്ടിടങ്ങളുടെ നിർമ്മാണ ശൈലിയുടെ മോഡലായി തിരുവനന്തപുരത്തെ പ്രഖ്യാപിക്കുവാൻ തയ്യാറാകുമോ?<br>ഉറപ്പ് - തിരുവനന്തപുരം നഗരത്തെ ഹരിത പൈതൃക നഗരമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കു മെന്ന് ഞാൻ ഉറപ്പ് നൽകുന്നു. | പൊതുമരാമത്ത് വകുപ്പിലെ കെട്ടിടങ്ങൾ പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിലേയ്ക്കായി ഒരു ഹരിത നിർമ്മാണ ചട്ടം നിലവിലുണ്ട്. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക ജീവനക്കാർക്ക് ഹരിതനിർമ്മാണ തത്വങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും ഹരിതനിർമ്മാണ സാങ്കേതിക വിദ്യയിൽ ആവശ്യമുള്ള പരിശീലനവും നൽകുകയും അവ നിർമ്മിക്കുവാനും വിലയിരുത്തുവാനുമുള്ള യോഗ്യത നേടുകയും ചെയ്തിട്ടുണ്ട് എന്നും വാസ്തുശിൽപ്പ വിഭാഗത്തിലെ 8 ആർക്കിടെക്ടുമാർ കേന്ദ്രറേറ്റിംഗ് ഏജൻസിയായ ഗൃഹയുടെ സർട്ടിഫൈഡ് പ്രൊഫഷണൽ യോഗ്യത നേടിയിട്ടുണ്ട് എന്നും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഒരു സീനിയർ ആർക്കിടെക്ട് ഗൃഹയുടെ ഇവാല്യുവേറ്റർ യോഗ്യത നേടുകയും കെട്ടിടങ്ങളെ ഹരിത തത്വങ്ങൾക്കനുസൃതമായി വിലയിരുത്തുവാൻ അർഹതയും നേടുകയും ഇദ്ദേഹത്തെ ഗ്രീൻബിൽഡിംഗ് നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഹരിത നിർമ്മാണ തത്വങ്ങൾക്ക് അനുസൃതമായ ശൈലി കെട്ടിടനിർമ്മാണ രൂപകൽപ്പനയിൽ |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിച്ചുവരുന്നുണ്ട് എന്നും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തെ Smart City Project-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നഗരത്തെ ഹരിത പൈതൃക നഗരമായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം പ്രോജക്ടുകൾ രൂപപ്പെടുത്തിയിട്ടുണ്ടെന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br>**1.ലിങ്ക്ഡ് ഗ്രീൻ ആക്ടിവിറ്റീസ് സോൺ & പെഡസ്ട്രിയൽ സ്ട്രീറ്റ്സ്:-** രണ്ട് ഘട്ടങ്ങളിലായാണ് പ്രോജക്ട് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ പാർക്കുകളിൽ ഓപ്പൺ ജിം സ്ഥാപിക്കുകയും രണ്ടാം ഘട്ടത്തിൽ പാർക്കുകൾ നവീകരി ക്കുകയുമാണ് ചെയ്യുന്നത്. ഒന്നാംഘട്ട നിർമ്മാണം നടന്നു വരികയാണ്. ഗാന്ധി പാർക്ക് & ശ്രീകണ്ഠേശ്വരം പാർക്ക്, ഇ.കെ.നായനാർ പാർക്ക്, ശ്രീചിത്തിര പാർക്ക്, പൊന്നറ ശ്രീധർ പാർക്ക്, ചിൽഡ്രൻസ് പാർക്ക് (മ്യൂസിയം ജംഗ്ഷന് എതിർവശം) എന്നിവടങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>**2.കൾച്ചറൽ സ്ട്രീറ്റ്സ്: - മാനവീയം വീഥി:-** മാനവീയം വീഥി സാംസ്കാരിക |

| | | | | |
|---|---|---|---|---|
| | | | | ഇടനാഴിയായി നവീകരിക്കുന്നു. ടി പദ്ധതിയിൽ നടപ്പാതയുടെ വീതി കൂട്ടി, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്ന രീതിയിലും, ട്രാൻസ്‌ജെന്റർ സൗഹൃദമായുമാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കലാ പരിപാടികൾക്കായി സ്റ്റേജ്, ഗ്രീൻ റൂം, ടോയിലറ്റുകൾ, വാട്ടർ കിയോസ്കുകൾ, ഇരിപ്പിടങ്ങൾ, ഉദ്യാനം എന്നിവയെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.<br>**3. ഒ.എ.റ്റി - പുത്തരിക്കണ്ടം മൈതാനം:-** ലോകോത്തര നിലവാരത്തിലുള്ള ഉദ്യാനവും, ഗ്യാലറി സ്പെയ്സ്, കടകൾ, ഗ്രീൻ റൂം, ആധുനിക ലൈറ്റിംഗ് സൗകര്യങ്ങൾ, തീം പാർക്ക്, ആർട്ട് ഗ്യാലറി എന്നീ സൗകര്യങ്ങളോടൊപ്പം നിലവിലുള്ള സംവിധാനങ്ങൾ നവീകരിക്കുകയും ചെയ്യുന്നു.<br>**4. റീഡെവലപ്പ്പ്മെന്റ് ഓഫ് പാളയം മാർക്കറ്റ്:-** ലോകോത്തര നിലവാരത്തിലുള്ള അത്യാധുനിക സൗകര്യങ്ങളോടുള്ള മാർക്കറ്റാണ് ഈ പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്.200 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം, നിലവിലുള്ള കച്ചവടക്കാർക്ക് ഗ്രൗണ്ട് ഫ്ളോറിൽ തന്നെ |

| | | | | |
|---|---|---|---|---|
| | | | | കൂടുതൽ സൗകര്യങ്ങൾ കൊടുക്കുകയും ചരക്കുകൾ കൊണ്ടുവരാൻ പ്രത്യേകം സർവ്വീസ് റോഡും സർവ്വീസ് എൻട്രയും, അതിനോടടുത്ത് സ്റ്റോറേജ് സൗകര്യവും, മാർക്കറ്റിൽ നിന്നുള്ള മാല്യന്യങ്ങൾ സംസ്കരിക്കാനുള്ള സൗകര്യം ഫുഡ്കോർട്ടുകൾ, എ. സി. ഷോപ്പുകൾ, ഉദ്യാനം, കണ്ണിമേറാ മാർക്കറ്റിന്റെ കവാടം പൈതൃക രീതി സംരക്ഷിച്ചുകൊണ്ടുള്ള നവീകരമം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിരി ക്കുന്നത്<br>**5 അർബൻ സ്ട്രീറ്റ്ഹാറ്റ് (ചരിത്രവീഥി):-** ദില്ലിഹാറ്റ് മോഡലിൽ വിഭാവനം ചെയ്ത ഈ പദ്ധതിയിൽ വീതിയേറിയ നടപ്പാത, ഫുഡ്കിയോസ്കുകൾ, അണ്ടർ ഗ്രൗണ്ട് യൂട്ടിലിറ്റി ടക്റ്റിംഗ്, ശ്രീ ചിത്തിര പാർക്ക് നവീകരണം, പരിപാടികൾക്കായി വിനിയോഗിക്കാവുന്ന വീഡിയോവാൾ, ഹാന്റീക്രാഫ്റ്റ് സ്റ്റോളുകൾ മണ്ഡപം, കവാട നിർമ്മാണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്<br>**6.ഹെറിറ്റേജ് സെറ്റിൽമെന്റ്സ് (അഗ്രഹാരംസ്):-** ഈ പ്രോജക്ടിൽ തമ്മൻ |

| | | | | | |
|---|---|---|---|---|---|
| | | | | | തെരുവ്, അയ്യ വാദ്യാർ തെരുവ്, ദീക്ഷിത തെരുവ്, തെക്കേ തെരുവ് എന്നിവിടങ്ങളിലെ രണ്ട് വശങ്ങളിലുമുള്ള കെട്ടിടങ്ങളെ പൈതൃക രീതിയിൽ മുഖംമിനുക്കി (ഫസാഡ് ഇംപ്രൂവ്മെന്റ്) സംരക്ഷിച്ചുകൊണ്ടുള്ള നവീകരണം.<br>**7. ലാസ്റ്റ് മൈൽ കണക്ടിവിറ്റി:-** 15 ഇ - ഓട്ടോകൾ, 15 ഇ- റിക്ഷകൾ 100 ടാക്സി സ്റ്റാന്റ് ബൈസൈക്കിളുകൾ എന്നിവയാണ് ഈ പ്രോജക്ടിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>**8.സസ്റ്റൈനബിൾ കാമ്പസസ്സ്:-** നിയമസഭാ മന്ദിരം, പബ്ലിക്ക് ലൈബ്രറി, യൂണിവേഴ്സിറ്റി ലൈബ്രറി, വഴുതയ്ക്കാട് വിമൻസ് കോളേജ്, അട്ടക്കുളങ്ങര സ്കൂൾ എന്നിവടങ്ങളിൽ 620 Kwp സോളാർ റൂഫ് ടോപ്പ് നിർമ്മിക്കുന്നതാണ് .തിരുവനന്തപുരം നഗരഭയിലും ഗവ. വിമൻസ് കോളേജിലും റെയ്ൻ വാട്ടർ ഹാർവസ്റ്റിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്.<br>**9. ഡീ - സെൻട്രലൈസ്ഡ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ്.:-** ഓർഗാനിക് വേസ്റ്റ് കൺവെട്ടർ എന്ന ടെക്നോളജിയും ചിക്കൺ റന്ററിംഗ് പ്ലാന്റുമാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പാളയം മാർക്കറ്റ് |

| | | | | | |
|---|---|---|---|---|---|
| | | | | | നവീകരണത്തോടനുബന്ധിച്ച് ഈ പദ്ധതിയും നടപ്പിലാക്കുന്നതാണ്. ചാല, ശ്രീകണ്ഠേശ്വരം, തിരുവനന്തപുരം നഗരസഭ എന്നിവിടങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.<br><br>**10.റിനോവേഷൻ ഓഫ് ശ്രീ അനന്തപത്മനാഭ സ്വാമി ടെമ്പിൾ പരിസരം:-** കിഴക്കേകോട്ടയിൽ പൈതൃക ശൈലിയുടെ തനിമ നിലനിർത്തിക്കൊണ്ട് വിഭാവനം ചെയ്ത പ്രോജക്ടാണ് സ്വദേശ് ദർശൻ പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാതെ വന്ന കിഴക്കേകോട്ടയിലെ ഭാഗങ്ങൾ ഇതേ ശൈലിയിൽ സ്മാർട്ട് സിറ്റി പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്. സ്വദേശിദർശൻ പ്രോജക്ടുമായി കൺവർജൻസ്.<br>**11. ഹെറിറ്റേജ് കൺസർവേഷൻ :-** ഈ പ്രോജക്ടിനു കീഴിൽ ക്ഷേത്രകുളങ്ങളുടെ നവീകരണം, ശില്പങ്ങളുടെ നിർമ്മാണവും നിലവിലുള്ള ശില്പങ്ങളുടെ നവീകരണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| 6 | 13/08 | 62 | (എ) ദേശീയപാതയോരങ്ങളിൽ റോഡ് വികസനങ്ങൾ കഴിച്ചുള്ള ഭൂമി മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗ പ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ.<br>(ബി) എങ്കിൽ ഏതി രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത് ?<br>ഉറപ്പ് - പൊതുമരാമത്തിന്റെ അധീനതയിലുള്ള സ്റ്റേറ്റ് ഹൈവേകൾ മറ്റ് പ്രധാന റോഡുകൾ എന്നിവയുടെ വശങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സർക്കാർ ഭൂമിയിൽ ദീർഘദൂര യാത്രക്കാർക്ക് പ്രയോജനകരമായ വഴിയോര വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഈ വഴിയോര വിശ്രമകേന്ദ്രങ്ങളിൽ ഭക്ഷണശാലകൾ, ശൌചാലയങ്ങൾ പെട്രോൾ പമ്പുകൾ, ആമ്പുലൻസ് സംവിധാനങ്ങൾ<br>വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കുള്ള സൌകര്യങ്ങൾ മുതലായവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് | റോഡിന്റെ വശങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സർക്കാർ ഭൂമി ദീർഘദൂര യാത്രക്കാർക്ക് പ്രയോജനകരമായ വഴിയോര വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി. റോഡിന്റെ ഇരു വശങ്ങളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ച് കൊണ്ടിരിക്കുകയാണ്. ഇതിനു വേണ്ടി വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 29 സ്ഥലങ്ങളിൽ ഇപ്രകാരമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. എന്നാൽ ദേശീയ പാതയോരങ്ങളിലെ ഭൂമി മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല. |
| 7 | 13/09 | 29 | (സി) ഏതെല്ലാം ഏജൻസികളാണ് മോണോ റയിൽ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | തിരുവനന്തപുരം കോഴിക്കോട് നഗരങ്ങളിലാണ് മോണോ റയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. ടി പദ്ധതികൾക്ക് വേണ്ടി 1-10-2013 ദർഘാസ് ക്ഷണിക്കുകയും ഒറ്റ സ്ഥാപനം മാത്രമേ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളൂ എന്നതിനാൽ പുനർ ദർഘാസ് |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - കോഴിക്കോട്ടും തിരുവനന്തപുരത്തും മോണോ റയിൽ പദ്ധതികൾ നടപ്പാക്കുന്നതിന് ഡി.എം.ആർ.സി. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇവ അംഗീകരിച്ച് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ നട പ്പിലാക്കുന്നതിനായി കേരള മോണോ റയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. പദ്ധതികളുടെ ജനറൽ കൺസൾട്ടന്റായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അവരുമായി കരാർ ഒപ്പുവെയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | വിളിക്കുകയും ചെയ്തു. പുനർ ദർഘാസ് 30/05/2014 ന തുറന്നെങ്കിലും വീണ്ടും ഒരു ടെൻഡർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാമ്പത്തിക ദർഘാസ് ഡി.എം.ആർ.സി വിശദമായി പരിശോധിച്ചു. ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014 -ന കൂടിയ പത്താമത് ബോർഡ് യോഗത്തിൽ, ടെൻഡർ നിരസിക്കുകയും 24-10-2014-ന കൂടിയ പതിനൊന്നാമത് ബോർഡ് യോഗത്തിൽ, മോണോ റെയിൽ പദ്ധതിക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി 4 ആഴ്ചക്കുള്ളിൽ വിശദ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും അതിൻ പ്രകാരം ഡി.എം.ആർ.സി രണ്ടു നഗരങ്ങളിലേയും ലൈറ്റ് മെട്രോ പദ്ധതികളുടെയും വിശദമായ രൂപരേഖ 8-10-2014-ന് സമർപ്പിച്ചു. തിരുവനന്തപുരം കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി. ആർ) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് ജി.ഒ(എം.എസ്) നം.74/2015 / പി.ഡബ്യു.ഡി തീയതി 11/09/2015 പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കൊച്ചിമെട്രോ മാതൃകയിൽ പദ്ധതി |

| | | | | |
|---|---|---|---|---|
| | | | | നടപ്പിലാക്കാനാണ് തീരുമാനിച്ചത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ - ഉം മറ്റു വിശദാംശങ്ങളും ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു SPV (Special Purpose Vehicle ) രൂപീകരിച്ചു. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി. -യെ നിയമിച്ചു കൊണ്ടുള്ള കരാർ 20-1-2016-ന് ഒപ്പുവയ്ക്കുകയും ചെയ്തു.<br>തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽ പാലങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ 8-9-2016- ലെ ജി.ഒ. (എം.എസ്)നം. 67/2016 പി.ഡബ്ല്യൂ.ഡി പ്രകാരം72.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം - കേശവദാസപുരം പാത വികസനത്തിനു 16-1-2017 - ലെ ജി.ഒ. (എം.എസ്) നം.79/2017/ പി .ഡബ്ല്യൂ.ഡി - പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br>കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രധാന പ്രാരംഭ |

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തനമായ മാനാഞ്ചിറ - മീഞ്ചന്ത പാത വികസനത്തിനും 28-7-2017-ലെ ജി.ഒ. (ആർ.ടി) നമ്പർ 1108/2017/ പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 8 | 13/10 | 37 | എ) ദേശീയ പാതയിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത്, തിരുവിതാംകൂർ - കൊച്ചി രാജഭരണ കാലത്തെ നെടുമ്പാശ്ശേരി - അത്താണി - എളവൂർ തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് കടന്നുപോയിരുന്ന പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗങ്ങളായിരുന്ന തിരു-കൊച്ചി രാജപാത ഗതാഗതയോഗ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ?<br>ഉറപ്പ് - പ്രസ്തുത പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. | തിരുവിതാംകൂർ - കൊച്ചി രാജ ഭരണ കാലത്ത് നെടുമ്പാശ്ശേരി - അത്താണി ഇളവൂർ പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് കടന്നു പോയിരുന്ന പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗമായിരുന്നു തിരു കൊച്ചി രാജപാത. മണ്ണുത്തി - ചേർത്തല ദേശീയപാതയിലെ (NH 47) ക്യാംകോ ജംഗ്ഷൻ മുതൽ ആരംഭിക്കുന്ന ഈ റോഡിനെ എൻഎച്ച് 47- ലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി സമാന്തര റോഡ് എന്ന നിലയിൽ വികസിപ്പിക്കാവുന്നതാണ്. തിരുകൊച്ചി രാജപാതയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എറണാകുളം നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തുനിന്നും സത്വരമായ നടപടികൾ സ്വീകരിച്ചു വരുന്നു. പുറമ്പോക്ക് തിട്ടപ്പെടുത്തി നൽകുന്നതിനായി തഹസിൽദാരോട് എറണാകുളം നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തുനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പുറമ്പോക്ക് തിട്ടപ്പെടുത്തി നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് തുടർ |

| | | | | |
|---|---|---|---|---|
| | | | | നടപടികൾ സ്വീകരിച്ച ശേഷം മാത്രമേ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കാൻ സാധിക്കുകയുള്ളൂ |
| 9 | 13/10 | 39 | (സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനിക വല്ക്കരണത്തിന് പി.ഡബ്ല്യു.ഡി മാന്വൽ പരിഷ്കരണം എത്രമാത്രം സഹായകരമാകു മെന്നാണ് വിലയിരുത്തപ്പെടുന്നത്; വിശദമാക്കുമോ ?<br>ഉറപ്പ് - പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവല്ക്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണ നിലവാരം, ഉദ്യോഗസ്ഥരുടെയും കരാറു കാരുടെയും പ്രകടമായ മാറ്റം ഉണ്ടാകു മെന്ന് കരുതുന്നു. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | പൊതുമരാമത്ത് വകുപ്പിന്റെ മാന്വൽ പരിഷ്കരിച്ചതു മുഖേന ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ പുനർ ക്രമീകരിച്ചതിനാൽ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പരിഷ്കരിച്ച മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കിയതു വഴി പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കി മെച്ചപ്പെട്ടതാക്കാൻ സാധിക്കുന്നുണ്ട്. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് NIC (National Informatic Centre)യുമായി സഹകരിച്ച് PRICE (Project Information and Cost Estimation) സോഫ്റ്റ് വെയർ രൂപകല്പന ചെയ്ത് നടപ്പിലാക്കിയതുവഴി എസ്റ്റിമേറ്റ് തയ്യാറാക്കി അവ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാനും ഇ- ടെൻഡറിംഗ്, ഇ-പേയ്മെന്റ് സംവിധാനങ്ങൾ നടപ്പിലാക്കിയതുവഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമാക്കുവാനും സാധിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 10 | 13/10 | 40 | (സി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ അകാരണമായി പണി നീട്ടിക്കൊണ്ടു പോകുന്ന കരാറുകാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ<br>ഉറപ്പ് - കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ അകാരണമായി നീട്ടിക്കൊണ്ടുപോകുന്ന കരാറുകാർക്ക് എതിരെ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്. കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ വലിയ വീഴ്ച വരുത്തുന്ന കരാറുകാർക്ക് നോട്ടീസ് നൽകുകയും തുടർന്ന് കരാറുകാരുടെ റിസ്ക് & കോസ്റ്റിൽ തന്നെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കാലാ വധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ പണി അനന്തമായി നീട്ടികൊണ്ടു പോകുന്നത് തടയാൻ എഗ്രിമെന്റിലുള്ള കാലാവധിയുടെ പകുതി മാത്രമേ പരമാവധി കാലാവധി നീട്ടി നൽകാവൂ എന്ന് മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുമ്പോൾ | പൊതുമരാമത്ത് വകുപ്പിലെ മാന്വൽ 2012 - ൽ ഭേദഗതി വരുത്തിയതാണ്. എന്നാൽ അതിനുശേഷം വന്നിട്ടുള്ള സർക്കാർ ഉത്തരവുകൾ ചേർത്തും 9/8/2017 ൽ ജി.ഒ.(പി) നമ്പർ 3/2017/PWD എന്ന ഉത്തരവ് പ്രകാരം അംഗീകരിച്ച SBD (Standard Bid Document) യും ആസ്പദമാക്കി മാന്വലിൽ ഭേദഗതി വരുത്തി തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഇങ്ങനെ മാറ്റം വരുത്തുന്ന മാന്വലിൽ രജിസ്ട്രേഷൻ നിയമം സംബന്ധിച്ച Section 1900-ൽ മാറ്റങ്ങൾ വരുത്തുന്നതാണ് |

| | | | | |
|---|---|---|---|---|
| | | | തന്നെ വർക്കിന്റെ പ്രോഗ്രാം നൽകണമെന്നും അത് പാലിച്ചില്ലെങ്കിൽ കരാർ തന്നെ റദ്ദാക്കാനും ഒപ്പം കോൺട്രാക്ടറുടെ മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കോൺട്രാക്ട് രജിസ്ട്രേഷൻ നിയമത്തിൽ ഉൾപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. | |
| 11 | 13/10 | 95 | റെയിൽവേ ക്രോസ് ഉള്ളതിനാൽ വർദ്ധിച്ചുവരുന്ന ഗതാഗത കുരുക്ക് നേരിടുന്ന ഗുരുവായൂർ ക്ഷേത്രനഗരിയിൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് റെയിൽവേ അനുമതി നൽകിയ സാഹചര്യത്തിൽ 22 കോടി രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രവൃത്തിക്ക് സർക്കാർ ഭരണാനുമതി നൽകുമോ ?<br>ഉറപ്പ് - പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | 2-9-2016-ലെ സ.ഉ.(സാധ) നമ്പർ 1324/2016/ പൊ.മ.വകുപ്പ് പ്രകാരം ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി 25 കോടി രൂപ കിഫിബി ഫണ്ടിൽ വകയിരുത്തുകയും ആർ.ബി.ഡി.സി.കെ-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. 24.55 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് 7-6-2017-ൽ കിഫ്ബിയിലേക്ക് അപ് ലോഡ് ചെയ്യുകയും 15-9-2017-ലെ APR-2/136/2017/KIIFB ഉത്തരവ് പ്രകാരം 23.45 കോടി രൂപയ്ക്ക് ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി കിഫ്ബി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| 12 | 13/11 | 05 | (സി)സ്പീഡ് കേരളയിലെ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉതകുന്ന തരത്തിൽ ഒരു ടാസ്ക് ഫോഴ്സിന് രൂപം നല്കാൻ നടപടി സ്വീകരിയ്ക്കുമോ?<br>ഉറപ്പ് - സ്പീഡ് കേരള പരിപാടി | മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പതാക നൗക പദ്ധതികളിൽ നാല് പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 19-11-2014-ൽ ബഹു. മുൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ മാത്രം നടപ്പിലാക്കിയാൽ മതിയെന്നും ബാക്കിയുള്ളവ |

| | | | | |
|---|---|---|---|---|
| | | | സംസ്ഥാന സർക്കാരിന്റെ പതാക നൗക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മിഷൻ 676-ലെ പ്രധാനപ്പെട്ട പദ്ധതിയുമാണിത്. ആവശ്യമായി വരുന്നപക്ഷം ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്ന കാര്യവും പരിഗണിക്കും | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാമെന്നും തീരുമാനിക്കുകയുണ്ടായി.<br>1. കോഴിക്കോട് ബൈപ്പാസിന്റെ 5.10 കി.മീ.ദൈർഘ്യം വരുന്ന അവസാനഘട്ടം.<br>2.പാലാരിവട്ടം ഫ്ളൈഓവർ.<br>3.കഞ്ഞിക്കുഴി - വെട്ടുത്തുകവല - കറുകച്ചാൽ റോഡ്.<br>4. രാമപുരം - നാലമ്പലം ദർശനം റോഡുകൾ. ഈ നാല് പദ്ധതികളുടെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. |
| 13 | 13/11 | 09 | എല്ലാ നഗരങ്ങളിലേക്കും നഗര റോഡ് വികസന പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?<br>ഉറപ്പ് - നഗര റോഡ് വികസന പദ്ധതികളിൽ ആദ്യ പദ്ധതിയായ തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതു കൂടാതെ കൊച്ചി, കൊല്ലം കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡ് വികസന പദ്ധതി വ്യാപിപ്പിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കണ്ണൂർ നഗര റോഡ് വികസന പദ്ധതിയുടെ | കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിലുൾപ്പെട്ട റോഡുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്.<br>കോഴിക്കോട് നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ് എന്നും ഏകദേശം രണ്ട് മാസത്തിനുള്ളിൽ വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിക്കുമെന്നും ഇംപ്ലിമെന്റിംഗ് ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.<br>കണ്ണൂർ, ആലപ്പുഴ എന്നീ നഗര റോഡ് വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. മേൽപ്പറഞ്ഞ നഗര റോഡ് വികസന പദ്ധതികളുടെ പൂർത്തീകരണത്തിനു ശേഷം മറ്റ് നഗരങ്ങളിൽക്കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. | |
| 14 | 13/11 | 34 | (ബി) എല്ലാ ജില്ലാ റോഡുകളെയും ഉൾപ്പെടുത്തി റോഡ് പരിഷ്കരണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെ വികസന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലാ റോഡുകളെക്കൂടി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ബി.എം. & ബി.സി. ആക്കി നിലവാരമുയർത്തുന്ന പദ്ധതികൾ, ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. | ഓരോ വർഷവും പ്ലാൻ ഫണ്ടിൽ ലഭ്യമാകുന്ന തുക മേജർ ഡിസ്ട്രിക് റോഡുകളുടെ പരിഷ്കരണത്തിന് പര്യാപ്തമല്ല. ഒരു വർഷത്തെ ഫണ്ട് ഏകദേശം 400 കി.മീ. റോഡ് BM & BC ചെയ്യുന്നതിന് മാത്രമേ പര്യാപ്തമാകുകയുള്ളൂ. ആയതിനാൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് മുഴുവൻ റോഡുകളെയും ഉൾപ്പെടുത്തി റോഡ് പരിഷ്കരണം പൂർത്തികരിക്കുന്നതാണ്. |
| 15 | 13/11 | 57 | ദേശീയ പാതയുടെ വികസനം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ<br>ഉറപ്പ് - 30 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ ഇടങ്ങളിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ റോഡിന്റെ വികസനം ഏറ്റെടുത്ത് നടത്തുവാനുള്ള സാധ്യതകൾ പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചു വരുന്നു. | 23-10-2014-ലെ മന്ത്രിസഭാ തീരുമാന പ്രകാരം കേരളത്തിലെ ദേശീയപാതാ വികസനം 45 മീറ്റർ വീതിയിൽ തന്നെ നടത്തുവാനും ഇതിനാവശ്യമായ ഭൂമി സമയ ബന്ധിതമായി ദേശീയപാതാ അതോറിറ്റിയ്ക്ക് ഏറ്റെടുത്ത് നല്കുവാനും തീരുമാനിക്കുകയുണ്ടായി. ഇതിൻറെ അടിസ്ഥാനത്തിൽ കേരളത്തിലെ ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കുവാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 4-8-2015-ൽ |

| | | | | |
|---|---|---|---|---|
| | | | | ബഹു.മുഖ്യമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയും പങ്കെടുത്തയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്. 17-ലേയും എൻ.എച്ച് 47-ലേയും തർക്ക പ്രദേശങ്ങളിലെ അലൈൻമെന്റ് പരിശോധിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എൻ.എച്ച് -ലെ കേരള കർണ്ണാടക അതിർത്തി മുതൽ വെങ്ങളം വരെയുള്ള ഭാഗത്തെ വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ടെണ്ടർ വിളിച്ചു കഴിഞ്ഞതായും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| 16 | 13/11 | 61 | അങ്കമാലി ബൈപ്പാസ്, സ്പീഡ് കേരളയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - ബി.ഒ.റ്റി.-അന്യൂറ്റി മോഡലിൽ നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. | അങ്കമാലി - കൊച്ചി എയർപോർട്ട് ബൈപ്പാസ് (ഫേസ്-1) കരയാമ്പറമ്പ് തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷൻ വരെയുള്ള പ്രവൃത്തിക്ക് 190.16 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്.പി.വി.-യായി ആർ.ബി.ഡി.സി.കെ.-യെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 2-6-2017-ലെ സ.ഉ.(സാധാ)771/ 2017/ പൊമവ പ്രകാരം 25 മീറ്റർ നാലുവരിപ്പാതയ്ക്ക് 390.68 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| 17 | 13/11 | 123 | സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ പൈപ്പിടൽ കേബിൾ സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങൾക്കായി അലക്ഷ്യമായും ശാസ്ത്രീയമായ നിരന്തരം വെട്ടി കുഴിക്കുന്നതിലൂടെ സംസ്ഥാന ഖജനാവിനുണ്ടാകുന്ന അതിഭീമമായ നഷ്ടം, ജനങ്ങൾ അനുഭവിക്കുന്ന യാത്ര ദുരിതം എന്നിവ പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ തന്നെ ഒരു നോഡൽ ഏജൻസി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - ഒരു നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തുന്നകാര്യം കെ.എസ്.ഇ. ബി. വാട്ടർ അതോറിറ്റി ബി.എസ്.എൻ.എൽ, ഇന്റർനെറ്റ് കേബിൾ ഇടുന്ന കമ്പനികൾ, ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഏജൻസികളുമായും ആലോചിച്ച് ഉടൻ തന്നെ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ സന്നദ്ധമാണ്. ഇത് സംബന്ധിച്ച് അടിന്തിരമായി സർക്കാർ ആലോചിക്കും. | പൊതുമരാമത്ത് റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളും സേവന ദാതാക്കളും നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ബഹു. പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ വിശദമായി ചർച്ച ചെയ്യുകയും ഇക്കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനും വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിനു മായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചുകൊണ്ട് 5-1-2018-ലെ സ.ഉ. (സാധാ) നമ്പർ - 30/18/പൊ.മ.വ., 24-8-2018-ലെ സ.ഉ.(സാധാ) നമ്പർ - 1321/2018/പൊ.മ.വ. എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ 11-10-2018-ലെ ജി.ഒ. (എം.എസ്.) - 25/2018/ഐ.റ്റി. പ്രകാരം റോഡ് കട്ടിംഗ് സംബന്ധമായ അപേക്ഷകൾ സ്വികരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്ന തിനുമായി ഏകീകൃത Web Portal തുടങ്ങുന്നതിനായി ഐ.ടി. മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്. |
| 18 | 13/12 | 75 | ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററിന്റെ ഭാഗമായി കെട്ടിടങ്ങൾ നിർമ്മിച്ച് ഇവ നോക്കി നടത്താൻ ജീവനക്കാരെ | ആശ്വാസ് പബ്ലിക്ക് അമിനിറ്റീസ് സെന്ററിന്റെ ഭാഗമായി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് മറ്റ് അക്രഡിറ്റഡ് |

| | | | | |
|---|---|---|---|---|
| | | | നിയമിക്കുകയും ഇതിൽ നിന്നും നല്ല തോതിലുള്ള വരുമാനം ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - ഇവ നടത്തിക്കൊണ്ടു പോകാൻ പരിശീലനം സിദ്ധിച്ചവരെ തിരഞ്ഞെടുക്കാൻ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഈ നിർദ്ദേശവും പരിഗണിക്കുന്നതാണ്. | സ്ഥാപനങ്ങൾ മുഖേനയാണ് നടത്തി വരുന്നത്. ഇവയുടെ ദൈനംദിന പരിപാലനത്തിനായി ഇക്കാര്യങ്ങളിൽ പ്രാവീണ്യം സിദ്ധിച്ച ഏജൻസികളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുകയും അതുപ്രകാരം കമ്പനിയുമായി സഹകരിക്കുന്നതിന് സന്നദ്ധത കാണിച്ച, പ്രവർത്തന പരിചയമുള്ള ഏജൻസികളെ ഉപയോഗപ്പെടുത്തി അമിനിറ്റീസ് സെന്ററുകൾ പ്രവർത്തിപ്പിച്ചുവരുന്നു. |
| 19 | 13/13 | 13 | (ബി) ദേശീയ പാതയുടെ വിവിധ ഭാഗങ്ങളിൽ ഡിവൈഡർ ഇല്ലാത്തതു കൊണ്ട് കൂടുതൽ വാഹന അപകടം ഉണ്ടാകുന്ന സാഹചര്യത്തിൽ ഡിവൈഡർ ഇല്ലാത്ത ഭാഗങ്ങളിൽ ഡിവൈഡർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകിരിക്കുമോ ?<br>ഉറപ്പ് - ദേശീയപാതകളിലെ വാഹനത്തിരക്കും അശ്രദ്ധമായ ഡ്രൈവിംഗും മൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കൂടുതൽ അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ അപകടം കുറയ്ക്കുന്നതിന് ഡിവൈഡറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. | ദേശീയപാത വിഭാഗത്തിന് കീഴിൽ വിവിധ ദേശീയപാതകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ഡിവൈഡറുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും ആയത് പൂർത്തിയാകുന്നമുറയ്ക്ക് ആവശ്യമായ സ്ഥലങ്ങളിൽ ഇനിയും ഡിവൈഡറുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| 20 | 13/13 | 31 | കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ വരെ റോഡ് വീതി കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ ? | കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 2016 - 17 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - വിശദമായ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. | ഉൾപ്പെടുത്തിയിട്ടുള്ളതും, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതും, സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. |
| 21 | 13/14 | 15 | (എ) റോഡുകളുടെ നടപ്പാതകളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി)എങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;<br>(സി) നടപ്പാതകൾ കയ്യേറി സ്വകാര്യ സ്ഥാപനങ്ങളും മറ്റും പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ<br>(ഡി) ഇത് കാൽനടയാത്രക്കാർക്കും മറ്റും തടസ്സങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>(ബി) സ്വീകരിക്കുന്നതാണ്.<br>(സി) ഉണ്ട്.<br>(ഡി) കർശന നടപടി സ്വീകരിക്കുന്നതാണ്. | പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരമോ അനുവാദമോ കൂടാതെ റോഡുകളും പാതകളും കയ്യേറുകയും കേടുപാടുകൾ ഉണ്ടാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതായും ഇതുമൂലം കാൽനടയാത്രയ്ക്കും, വാഹനഗതാഗതത്തിനും വളരെയേറെ തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതായും മരാമത്ത് വകുപ്പിന്റെ അംഗീകാരമോ അനുമതിയോ ഇല്ലാതെ മറ്റു വകുപ്പുകളും, ഏജൻസികളും റോഡുകളുടെ ഉപരിതലത്തിന് കേടുപാടുകൾ വരുത്തുക, പൈപ്പുകളും മറ്റും സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുക, ഇപ്രകാരം കുഴിച്ച റോഡുകൾ ശരിയായ രീതിയിൽ പുനർ നിർമ്മിക്കാതിരിക്കുക, റോഡുകൾ കയ്യേറുക, രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും അംഗീകാരമില്ലാതെ പരസ്യ ബോർഡുകളും, ഫ്ലക്സുകളും മറ്റും സ്ഥാപിക്കുക, റോഡിലേക്ക് മലിനജലം ഒഴുക്കി വിടുക, റോഡിലെ വെള്ളം ഒഴുകിപ്പോകുന്നതിന് തടസ്സം സൃഷ്ടിക്കുക, നിർമ്മാണ സാമഗ്രികൾ റോഡുകളിൽ സ്റ്റോക്ക് ചെയ്യുക മുതലായ പ്രവൃത്തികളിലൂടെ റോഡിന്റെ പരിപാലനത്തിനും |

| | | | | |
|---|---|---|---|---|
| | | | | റോഡിലൂടെയുള്ള സുരക്ഷിതമായ ഗതാഗതത്തിനും തടസ്സം സൃഷ്ടിച്ചും, നടപ്പാതകൾക്ക് നാശനഷ്ടം വരുത്തിയും നടപ്പാതയിലെ സുഗമമായ കാൽനടയാത്രയ്ക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു ഒഴിവാക്കുന്നതിനായി താഴെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് 3-9-2016-ൽ സ.ഉ. (കൈ) 63/2016 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്<br>റോഡുകൾക്കും നടപ്പാതകൾക്കും നാശനഷ്ടം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകേണ്ടതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിക്കും നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള പരാതിയിന്മേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കാവുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർമാരും, |

| | | | | |
|---|---|---|---|---|
| | | | | പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ എടുക്കുന്ന കേസുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ജില്ലാ കളക്ടർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പ്രതിമാസ അവലോകനം നടത്തേണ്ടതും അവലോകനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് യഥാസമയം ലഭ്യമാക്കേണ്ടതും ഇത്തരത്തിൽ എടുക്കുന്ന നടപടികളെ സംബന്ധിച്ച് പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തേണ്ടതുമാണ്. നടപടികൾ എടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതിന്റെ ഫലമായി റോഡുകൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടായാൽ അത്തരത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും. മേൽസാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ |

| | | | | |
|---|---|---|---|---|
| | | | | നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)നേയും, സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ യോഗം മാസം തോറും വിളിച്ച് ഇതിന്റെ പുരോഗതി വിലയിരുത്തി വരുന്നു. |
| 22 | 13/14 | 16 | (എ) സ്കൂൾ മേഖലകൾ തെരഞ്ഞെടുത്ത് റോഡ് സുരക്ഷ കാര്യക്ഷമമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;<br>(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ?<br>ഉറപ്പ് - (എ) ഉണ്ട്.<br>(സി) പൊതുമരാമത്ത് വകുപ്പ്, സ്കൂൾ മേഖല നവീകരിക്കുന്നതിനായി ആദ്യഘട്ടം എന്ന നിലയിൽ 40 സ്കൂൾ മേഖലകൾ അപകട വിമുക്തമാക്കുന്നതിനായി 1.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. | പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗത്തിൻ കീഴിൽ 40 സ്കൂൾ മേഖലകൾ അപകട വിമുക്തമാക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ പദ്ധതികളിൽ 30 സ്കൂൾ മേഖലകളിലെ പണികൾ പൂർത്തിയാവുകയും, 6 പണികൾ തൊണ്ണൂറ് ശതമാനത്തോളം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ സ്കൂൾ മേഖലകളിൽ റോഡ് സുരക്ഷ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ചും, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഫണ്ട് ഉപയോഗിച്ചും പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. ദേശീയപാത |

| | | | | |
|---|---|---|---|---|
| | | | ഇതുകൂടാതെ, ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് 360 സ്കൂൾ മേഖലകൾ നവീകരിക്കുന്നതിനായി 14.4 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്. | വിഭാഗത്തിൽ വിവിധ റോഡുകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും പ്രശ്ന ബാധിത ഭാഗങ്ങളിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ആയവ പരിഹരിക്കാറുമുണ്ട്. |
| 23 | 13/14 | 27 | (എ) കൊച്ചി ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>(ബി) വാർഷികാടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെയുള്ള നടപടിക്രമം വിശദീകരിക്കാമോ?<br>ഉറപ്പ് - എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസിൽ തുടങ്ങുവാൻ തറക്കല്ലിട്ടിരിക്കുന്ന കൊച്ചി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്ററിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. വാർഷികാടിസ്ഥാനത്തിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. | (എ)& (ബി)കൊച്ചി ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 2015-16-ലെ SDG പ്രകാരം 10 കോടി രൂപ അനുവദിക്കുകയും ആയത് 22-1-2016-ലെ ജി.ഒ. ആർ റ്റി നമ്പർ 229/2016/ആ.കു.വ. പ്രകാരം കൊച്ചി ക്യാൻസർ സെന്ററിന്റെ സ്പെഷ്യൽ ഓഫീസറുടെ അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ അനുമതി നല്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 24 | 13/14 | 112 | കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പിക്കുന്ന രീതിയിൽ റോഡ് വികസന പ്രവർത്തനങ്ങളും ഗതാഗത പരിഷ്കാരങ്ങളും ഫുട്പാത്ത് നവീകരണവും നടത്താൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള എല്ലാ സുരക്ഷാക്രമീകരണങ്ങളും ഏർപ്പെ ടുത്തുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. | സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ല റോഡുകളും 1999- ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരമുള്ള ഹൈവേയായി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ചിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ.എച്ച്.) നെയും, സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ല റോഡുകളുടെയും ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ &ബി) യേയും നിയമിച്ചുകൊണ്ടും 3-9-2016-ലെ സ.ഉ.(കൈ) 63/2016 /പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പം തന്നെ വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികളും നടപ്പാക്കാറുണ്ട്. പല സ്ഥലങ്ങളിലും ടൈലുകൾ പാകി ശക്തിപ്പെടുത്തി |

| | | | | |
|---|---|---|---|---|
| | | | | അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് ഓടയുടെ മുകളിൽ സ്ലാബുകൾ ഇട്ടും ഇല്ലാത്ത സ്ഥലങ്ങളിൽ കോൺക്രീറ്റ് ടൈലുകൾ പാകിയും കാൽനടയാത്രക്കാരുടെ സുഗമമായ സഞ്ചാരത്തിന് വഴി ഒരുക്കുന്നുണ്ട്.<br>കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വർക്കുകൾ, കിഫ്ബി മുഖേന നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ, തുടങ്ങിയവയിൽ റോഡ് സേഫ്റ്റി നിബന്ധനകൾ അതായത് സീബ്രാ ലൈനുകൾ, പെഡസ്ട്രിയൻ മാർക്കിംങ്ങുകൾ, റോഡ് സ്റ്റഡുകൾ, സൈൻ ബോർഡുകൾ ഫുട്പാത്ത് മുതലായവ ഉൾക്കൊള്ളിച്ചും നടപ്പിലാക്കി വരുന്നു |
| 25 | 13/15 | 20 | നഗരറോഡ് വികസന പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?<br>ഉറപ്പ് - തിരുവനന്തപുരം നഗരറോഡ് വികസന പദ്ധതി മിക്കവാറും പൂർത്തിയായി. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതി | തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാക്കാമെന്ന് ഇമ്പ്ലിമന്റിങ് ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ |

| | | | | |
|---|---|---|---|---|
| | | | നൽകി കൺസഷണറെ നിയമിച്ചു കഴിഞ്ഞു. നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | അറിയിച്ചിട്ടുണ്ട്. കണ്ണൂർ, ആലപ്പുഴ എന്നീ നഗര റോഡു വികസന പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| 26 | 13/16 | 29 | സംസ്ഥാനത്തെ ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ചുറ്റുമതിൽ, ഗേറ്റ് എന്നിവ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;<br>ടി ക്വാർട്ടേഴ്സ് കോമ്പൗണ്ടുകളിൽ നിൽക്കുന്ന പാഴ് വൃക്ഷങ്ങൾ ഒഴിവാക്കി പകരം ഔഷധ ഫല വൃക്ഷങ്ങൾ നട്ടുവളർത്തുവാൻ നടപടി സ്വീകരിക്കുമോ;<br>ഗേറ്റുകൾക്കു സമീപം ക്യാറ്റിൽ ട്രാപ്പുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - വിഷയം ഗൗരവമായി പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. | സംസ്ഥാനത്തെ ഭൂരിഭാഗം ഗവൺമെന്റ് ക്വാർട്ടേഴ്സുകളിലും ചുറ്റുമതിൽ, ഗേറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ചുറ്റുമതിലില്ലാത്ത ക്വാർട്ടേഴ്സുകളിൽ അവ നിർമ്മിക്കുവാൻ ആവശ്യമായ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതാണ്. കോമ്പൗണ്ടിൽ നിന്നും പാഴ്മരങ്ങൾ ഒഴിവാക്കി പകരം ഔഷധ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുവാൻ വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ ആരംഭിച്ച് കഴിഞ്ഞു |
| 27 | 14/01 | 13 | (ഡി) പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാൻ | സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി ജില്ലാ |

| | | | | |
|---|---|---|---|---|
| | | | ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ് - സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇത് ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. | തലത്തിൽ സോഷ്യൽ ഓഡിറ്റിംഗ് സമിതികൾ രൂപീകരിച്ചുകൊണ്ടും സോഷ്യൽ ഓഡിറ്റിംഗ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചു കൊണ്ടും 5-1-2018 തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ 1/2018/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് |
| 28 | 14/02 | 53 | (എ)സംസ്ഥാനത്ത് റോഡുകൾ പുനർ നിർമ്മിക്കുന്നതിന് കരാർ നൽകുമ്പോൾ പ്രസ്തുത റോഡുകളുടെ ആയുസ്സിന് ഒരു ഗ്യാരന്റി പീരിയഡ് നിഷ്കർഷിക്കുന്നതിനോടൊപ്പം ആയതിന്റെ പരിപാലന ചുമതല കൂടി കരാറുകാരെ ഏല്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?<br>(ഡി) വിവിധ ഏജൻസികൾ തമ്മിൽ ഏകോപനമില്ലാത്തതുമൂലം റോഡുകൾ പല തവണ കുഴിക്കുന്നത് ഒഴിവാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?<br>ഉറപ്പ് - (എ) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായുള്ള പ്രവൃത്തികൾക്ക് ജി.ഒ.(എം.എസ്.) നം.73/2013/പൊ.മ.വ. തീയതി 31-8-2013 | (എ) റോഡുകളുടെ നിർമ്മാണത്തിനും പരിപാലന ത്തിനുമായുള്ള പ്രവൃത്തികളുടെ Defect Liability Period, 25-11-2019-ലെ ജി.ഒ.(പി) നമ്പർ 161/2019/ഫിൻ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 5 പ്രധാന റോഡുകളുടെ ദീർഘകാല പരിപാലനം ലക്ഷ്യമിട്ടുകൊണ്ട് വകുപ്പിൽ OPBRC (Output and Performance Based Road Management Contract) നടപ്പിലാക്കുന്നതിനായി 27-2.-2020-ൽ ജി.ഒ.(എം.എസ്) നമ്പർ 28/2020/ പി.ഡബ്യൂ.ഡി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br>പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിക്കുന്നത് സംബന്ധിച്ച് വിവിധ ഏജൻസികളെ തമ്മിൽ ഏകോപിപ്പിക്കുകയും ആയത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ 5-1-2018-ലെ ജി.ഒ. (ആർ.ടി)നം. |

| | | | | |
|---|---|---|---|---|
| | | | പ്രകാരം Defect Liability Period നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിയിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാർ അവരുടെ ചെലവിൽ തന്നെ പരിഹരിക്കുന്നതാണ്. ഇത് കൂടാതെ 5 വർഷത്തെ ഗ്യാരണ്ടിയോടുകൂടി ഹെവി മെയിന്റനൻസിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ചില റോഡുകളുടെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. 2016-17-ലെ പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ എല്ലാം തന്നെ നിലവിലെ മൂന്നു വർഷത്തെ ഗ്യാരണ്ടി പീരിഡിനു പുറമെ പരിപാലന ഉറപ്പുകാലം കൂടി വയ്ക്കുന്ന കാര്യം പരിഗണനയിലാണ്.<br>(ഡി) കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം ദേശീയപാത പുനർനിർമ്മിക്കുമ്പോൾ കേബിൾ തുടങ്ങിയ യൂട്ടിലിറ്റി സർവ്വീസുകൾ കടത്തി വിടുന്നതിനു വേണ്ടി സ്ഥിരം സംവിധാനം ദേശീയപാതകളുടെ വശങ്ങളിലൂടെയും | 30/2018/പി.ഡബ്ല്യൂ.ഡി,24-8-2018-ലെജി.ഒ (ആർ.ടി) നമ്പർ 1321/2018/പി.ഡബ്ല്യൂ.ഡി, 4-7-2019-ലെ ജി.ഒ(ആർ.ടി)നമ്പർ 819/2019/പി.ഡബ്ല്യൂ.ഡി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ 24-9-2020- ലെ സർക്കുലർ പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).<br>ദേശീയപാത റോഡുകളുടെ ഉപരിതലം മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം പുറപ്പെടുവിക്കുന്ന നിബന്ധനകൾക്കും Standard Bidding Document - ലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് കോൺട്രാക്ടറുമായി കരാറിലേർപ്പെട്ട് നടപ്പിലാക്കുന്നത്. ഇത്തരം കരാറുകളിൽ റോഡുകളുടെ പരിപാലന ചുമതല കരാറുകാരനെ ഏർപ്പിക്കുന്ന വ്യവസ്ഥ ഉൾപ്പെട്ടിട്ടില്ല. എന്നാൽ പ്രവൃത്തികൾക്ക് Defect Liability Period ഏർപ്പെടുത്താറുണ്ട്. പ്രസ്തുത കാലാവധിക്കുള്ളിൽ ഉപരിതലത്തിൽ വരുന്ന തകരാറുകൾ കരാറുകാരന്റെ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതാണ്. കൂടാതെ |

| | | | | |
|---|---|---|---|---|
| | | | കുറുകെയും നിർമ്മിക്കുന്നതായിരിക്കും. ആയതിനാൽ കൂടെക്കൂടെയുള്ള റോഡ് വെട്ടിമുറിക്കലുകൾ ഒഴിവാക്കാൻ കഴിയുന്നതാണ്. പ്രവൃത്തിയുടെ പ്രാരംഭ ദിശയിൽ തന്നെ അതുമായി ബന്ധപ്പെട്ട ഏജൻസികളുടെ ഏകോപനത്തോടു കൂടി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | ദേശീയപാതകൾ ഇ.പി.സി. വ്യവസ്ഥയിൽ പുനർ നിർമ്മിക്കുമ്പോൾ അഞ്ച് വർഷത്തെയും/ റീസർഫസിംഗ് നടത്തുമ്പോൾ മൂന്ന് വർഷത്തെയും പരിപാലന കാലാവധിയും ഡിഫക്ട്സ് ലയബിലിറ്റിയും ഉൾപ്പെടുത്തുന്നുണ്ട്.<br>(ഡി) കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം ദേശീയപാത പുനർ നിർമ്മിക്കുമ്പോൾ കേബിൾ തുടങ്ങിയ യൂട്ടിലിറ്റി സർവ്വീസുകൾ കടത്തിവിടുന്നതിനു വേണ്ടി സ്ഥിര സംവിധാനം (യൂട്ടിലിറ്റി ഡക്ട്) ദേശീയപാതയുടെ വശങ്ങളിലൂടെയും കുറുകെയും നിർമ്മിച്ചിട്ടുണ്ട്. അതിനാൽ കൂടെക്കൂടെയുള്ള റോഡ് വെട്ടിമുറിക്കലുകൾ ഒഴിവാക്കാൻ കഴിയുന്നുണ്ട്. പ്രവൃത്തിയുടെ പ്രാരംഭ ദശയിൽത്തന്നെ അതുമായി ബന്ധപ്പെട്ട ഏജൻസികളുടെ ഏകോപനത്തോടുകൂടി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട് |
| 29 | 14/04 | 21 | (എ) പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് സോഷ്യൽ ഓഡിറ്റിംഗിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;<br>(ബി) ഏതൊക്കെ തലത്തിലാണ് | സ.ഉ.(കൈ) നമ്പർ 1/2018/പൊ.മ.വ. തീയതി 5-1-2018 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടി പൊതുമരാമത്ത് വകുപ്പിൽ ജില്ലാ സോഷ്യൽ ഓഡിറ്റ് |

| | | | | |
|---|---|---|---|---|
| | | | സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നത് ; വിശദാംശങ്ങൾ നൽകുമോ?<br>ഉറപ്പ് - പൊതുമരാമത്തു വകുപ്പിൻ കീഴിൽ സോഷ്യൽ ഓഡിറ്റിംഗ് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേയ്ക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ മുഖ്യജന പ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും പരിശോധന നടത്തുകയും ചെയ്യണം. നടപ്പിലാക്കി വരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നിർദ്ദേശങ്ങളും പ്രസ്തുത കമ്മിറ്റികളിൽ നിന്ന് സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. നിലവിൽ ഇത് നിർബന്ധമാക്കിയിട്ടില്ല ഇത് സംസ്ഥാന ജില്ലാ-മണ്ഡല തലങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. | സമിതികൾ രൂപീകരിക്കുകയുണ്ടായി. ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതുമാണ്. |
| 30 | 14/05 | 09 | റോഡുകളിലെ വളവുകളിലുള്ള കയ്യേറ്റവും മറ്റും ഒഴിപ്പിച്ചും ആവശ്യമെങ്കിൽ ഭൂമി ഏറ്റെടുത്തും അപകടവളവുകൾ നേരെയാക്കാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ഈ വിഷയം സംബന്ധിച്ച് ജില്ലാ | നിലവിൽ പൊതുമരമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിനു കീഴിലുള്ള നിരത്തുകളിലെ കൈയറ്റം ഒഴിപ്പിക്കുന്നതിനും, അപകടകരമായ വളവുകൾ സ്ഥല ലഭ്യതയനുസരിച്ച് റോഡ് സേഫ്റ്റി വിഭാഗത്തിന്റെ നിർദ്ദേശാനുസരണം പുനർക്രമീകരിച്ചു വരുന്നു. പുതിയ |

| | | | | |
|---|---|---|---|---|
| | | | കളക്ടർമാരും, ജില്ലാതല ഉദ്യോഗസ്ഥരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ പൊതുമരാമത്ത് വകുപ്പ്, പോലീസ്, റവന്യൂ എന്നീ വകുപ്പുകൾക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള കർശന നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു വരുന്നു. കൂടാതെ ആവശ്യമുള്ള സ്ഥലങ്ങളിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുത്ത് വകുപ്പിന് നൽകുന്ന മുറയ്ക്ക് പ്രസ്തുത വളവുകൾ മാറ്റിയെടുത്ത് അപകടനിവാരണത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. | റോഡുകളിലും, പുനരുദ്ധാരണ പ്രവർത്തികളുൾ പ്പെടുത്തിയ റോഡുകളിലും റോഡുകളുടെ രൂപകല്പനാതലത്തിൽ തന്നെ സ്ഥല ലഭ്യതയനുസരിച്ച് അപകടകരമായ വളവുകൾ ഒഴിവാക്കി നിരത്തുകൾ രൂപകല്പന ചെയ്തുവരുന്നു. |

**<u>ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-19) അഞ്ചാമത് റിപ്പോർട്ട്</u>**

| | | ഖണ്ഡിക | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | | 1 | തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ വികസന പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയ 6 കോടി രൂപയിൽ 4 കോടി രൂപ സൈക്യാട്രി വാർഡിന്റെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുപോലും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്നത് സമിതി ഗൗരവമായി കാണുന്നു. ഒരു അസിസ്റ്റന്റ് | തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ 4 കോടിയുടെ സൈക്യാട്രി വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | എഞ്ചിനീയറേയും ഓവർസിയറേയും പ്രത്യേകമായി നിയോഗിച്ച് ആശുപത്രി സമിതിയുടെ വികസന നിർദ്ദേശപ്രകാരം മുടങ്ങിക്കിടക്കുന്ന തുൾ പ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൊതുമരാമത്ത് പൂർത്തീകരി ക്കണമെന്ന് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. | |
| 2 | | 2 | മാനസികാരോഗ്യ ഗവേഷണ കേന്ദ്രമായി ഉയർന്ന് വരുന്നതിലേക്കായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഒരു അക്കാദമിക് ബ്ലോക്ക് സ്ഥാപിക്കുന്നതിനാ വശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | അക്കാദമിക് ബ്ലോക്ക് സ്ഥാപിക്കുന്നതിലേക്കായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ മണ്ണുപരിശോധനയും ടോപ്പോഗ്രാഫിക് സർവ്വേയും പൂർത്തിയായി. പ്രസ്തുത പ്രവൃത്തിയുടെ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ നടന്നു വരുന്നു. |
| 3 | | 6 | തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയ്ക്കെത്തുന്നവരെ ഉൾക്കൊള്ളിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിമിതമായതിനാൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതാണെന്ന് വിലയിരുത്തിയ സമിതി പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി കിട്ടാത്ത സാഹചര്യത്തിൽ നബാർഡ് പോലുള്ള | തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കായി G.O.(Rt)No.961/2019/H&FWD തീയതി 24-4-2019 മുഖേന M/S INKEL Ltd എന്ന ഏജൻസിയെയാണ് നിർവ്വഹണ ഏജൻസിയായി ആരോഗ്യ വകുപ്പ് നിശ്ചയിച്ചിട്ടുളളത്. |

| | | | | |
|---|---|---|---|---|
| | | | ധനകാര്യ സ്ഥാപനങ്ങളുടെ സ്കീമുകളിൽ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്യുന്നു. | |
| 4 | | 7 | തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ സമഗ്രവികസനത്തിന്റെ അടിത്തറയെന്ന നിലയിൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണം അടിയന്തരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ളവർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 5 | | 8 | തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ ഉയരം കൂട്ടി പുതുക്കി പണിയുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുള്ള പ്രൊപ്പോസലിന്മേൽ അടിയന്തര നടപടി സ്വീകരിച്ച് ചുറ്റുമതിൽ പുതുക്കി പണിയണമെന്ന് ആരോഗ്യ, പൊതുമരാമത്ത് വകുപ്പുകളോട് നിർദ്ദേശിക്കുന്നു. ഫോറൻസിക് വാർഡ് ട്രസ് വർക്ക് ചെയ്ത് ചോർച്ച ഒഴിവാക്കുന്നതിനും പ്രസ്തുത കെട്ടിടം രോഗീസൗഹൃദമായ രീതിയിലാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും മാനസികാരോഗ്യ കേന്ദ്രത്തിലെ ഏഴാം വാർഡിന്റെയും | തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ ഉയരം കൂട്ടി പുതുക്കി പണിയുന്നതിനായി 215 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ആരോഗ്യ വകുപ്പിന്റെ 28-6-2019-ലെ G.O.(Rt)No.1540/2019/H&FWD പ്രകാരം നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കികൊണ്ടിരിക്കുകയാണ്. മെയിൻ ഫോറൻസിക് വാർഡിൽ ട്രസ്സ് വർക്ക്, അറ്റകുറ്റപ്പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പതിമൂന്നാം വാർഡിന്റെ അറ്റകുറ്റപ്പണികൾ ഉടൻ തന്നെ നടപ്പാക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | പതിമൂന്നാം വാർഡിന്റെയും അറ്റകുറ്റപ്പണികൾക്കായുള്ള പ്രൊപ്പോസ്സലിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും പൊതുമരാമത്ത് വകുപ്പിനോട് ശിപാർശ ചെയ്യുന്നു. | |
| 6 | | 9 | തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം അടിയന്തരമായി നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിക്കണമെന്നും കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് അത് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പൊതുമരാമത്ത്, ഊർജ്ജ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു. | ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് 10,00,000 രൂപയ്ക്ക് മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ചെയ്യാവുന്നതാണ്. |
| 7 | | 11 | പ്രസ്തുത മാനസികാരോഗ്യ കേന്ദ്രത്തിലെ കുക്കിന്റെ തസ്തികകൾ സമിതി നാമമാത്രമാണെന്ന് മനസ്സിലാക്കുന്നു. 13 പേർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 2 പേർ മാത്രമാണുള്ളത്. സാനിട്ടേഷൻ കാറ്റഗറിയിലുള്ള ജീവനക്കാരെ ഉപയോഗിച്ചാണ് ഇത് പരിഹരിച്ചു വരുന്നത്. ഈ സാഹചര്യത്തിൽ ആശുപത്രിയിലെ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും | പ്രസ്തുത ശിപാർശയിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലെ ആധുനിക സംവിധാനങ്ങളോടു കൂടിയ അടുക്കള (മോഡേൺ കിച്ചൺ) നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | എണ്ണത്തിന് ആനുപാതികമായി കുക്ക് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നിനും ആധുനിക സംവിധാനങ്ങളോടു കൂടിയ അടുക്കള (മോഡേൺ കിച്ചൺ) നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 8 | | 17 | കാലോചിതമായി പരിഷ്കരിച്ച ഒരു മാസ്റ്റർ പ്ലാനിന്റെ അഭാവം മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ സമഗ്രവും ദീർഘ വിക്ഷണ ത്തോടുകൂടിയതുമായ മാസ്റ്റർ പ്ലാൻ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു സമയക്രമം നിശ്ചയിക്കുന്നതിനും അതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കുറഞ്ഞത് 30 വർഷമെങ്കിലും മുന്നിൽ കണ്ടുകൊണ്ട് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. അതിനായി ഓരോ മാനസികാരോഗ്യ കേന്ദ്രത്തിന്റെയും ഡയറക്ടർ കൺവീനറായും, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, ചീഫ് ആർക്കിടെക്ട് അതത് ജില്ലകളിലെ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, വിഷയ വിദ്ഗ്ദ്ധർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ കീഴിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇതിന്റെ തുടക്കമെന്ന നിലയിൽ എല്ലാ മാനസികാരോഗ്യ കേന്ദ്രങ്ങളുടെയും ബേസ് മാപ്പ് തയ്യാറാക്കേണ്ടതുണ്ട്. കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അതിന്റെ ചുമതല നൽകാവുന്നതാണ്. ഈ വിഷയത്തിൽ വൈദഗ്ദ്ധ്യമുള്ളവരും കേന്ദ്രങ്ങളുടെ ചുമതലയുള്ളവരും കൂടിയാലോചിച്ച് മാസ്റ്റർ പ്ലാനിൽ എന്തൊക്കെ ഉൾപ്പെടുത്തണം എന്നതിനെപ്പറ്റി ഒരു റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | | | തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബേസ് മാപ്പ് ലഭ്യമായാൽ ഒരു മാസത്തിനുള്ളിൽ തന്നെ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളുടെയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ കഴിയുന്നതാണ്. |
| 9 | | 23 | സെല്ലുകളിലെ ഏകാന്തത മനോരോഗികളെ കൂടുതൽ മാനസിക സംഘർഷത്തിലേക്ക് തള്ളിവിടാൻ സാധ്യതയുള്ളതിനാൽ അത്തരം രോഗികൾക്കായി ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ ബിഹേവിയർ ആൻഡ് അലൈഡ് സയൻസസ് (IHBAS) മാനസികാ രോഗ്യകേന്ദ്രത്തിന്റെ മാതൃകയിലുള്ള ആധുനിക സെക്ലൂഷൻ വാർഡുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഈ വിഷയത്തിൽ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. |

## VI. പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 108 | (സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന അർഹരായ എസ്. സി കുട്ടികൾക്ക് സ്റ്റൈപ്പന്റ് ലംപ്സം ഗ്രാൻറ് | ഗവൺമെന്റ് അംഗീകൃതമായ അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രീമെട്രിക് പഠനത്തിന് സ്പെഷ്യൽ ഫീസും ട്യൂഷൻ ഫീസും റീഇംബേഴ്സ് ചെയ്ത് നൽകി |

| | | | | |
|---|---|---|---|---|
| | | | എന്നിവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? ഉറപ്പ് - സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | വരുന്നു. കാലാകാലങ്ങളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് നിശ്ചയിക്കുന്ന ഫീസ് വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്. എന്നാൽ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിനും സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്കും യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നതല്ല.<br>പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് 2-7-2009- ലെ ജി.ഒ.(പി)നമ്പർ 50/2009/ പ.ജ.പ.വ.വി.വ.-ലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. പ്രസ്തുത ഉത്തരവ് പ്രകാരം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ എൻട്രൻസ് കമ്മീഷണറുടെ അലോട്ട്മെന്റ് മെമ്മോവഴി പ്രവേശനം ലഭിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നുണ്ട്. കൂടാതെ ഡി.എം.ഇ., ഡി.എച്ച്.എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങി സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ പ്രൊഫഷണൽ |

| | | | | |
|---|---|---|---|---|
| | | | | കോഴ്സുകൾക്ക് അലോട്ട്മെന്റ് മെമ്മോവഴി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കും വിദ്യാഭ്യാ സാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന 2.5 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശന രീതി/സീറ്റിന്റെ സ്വഭാവം എന്നിവ പരിഗണിക്കാതെ ഗവണ്മെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് അനുവദിച്ച് വരുന്നുണ്ട്. |
| 2 | 13/05 | 131 | നെല്ലിയാമ്പതി പഞ്ചായത്തിലെ 137 ആദിവാസി കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലവും വീടും ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ് - ഇവരിൽ 26 കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന സ്ഥലം പതിച്ചുനൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ബാക്കി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. | നെല്ലിയാമ്പതി പഞ്ചായത്തിലെ 137 ആദിവാസി കുടുംബങ്ങളിൽ 26 കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന സ്ഥലം പതിച്ചു നൽകുന്നതിനും 28 പേർക്ക് ഭൂരഹിതരായവർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരവും ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കുടുംബങ്ങൾക്ക് കൂടി ഭൂമി ലഭ്യമാക്കുന്നതിന് നിയമാനുസൃതമായ നടപടികൾ ഭൂമിയുടെ ലഭ്യതയനുസരിച്ച് സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 3 | 13/05 | 203 | (എ) പട്ടികജാതി സങ്കേതങ്ങളിൽ വനിതകളുടെ സ്വയം സഹായ സംഘങ്ങൾക്ക് രൂപം നൽകി അവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാട, മുയൽ, ആട് (Q R G) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശം നൽകുമോ,<br>(ബി) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ പട്ടികജാതി സങ്കേതങ്ങൾ പ്രസ്തുത പദ്ധതിക്കായി തെരെഞ്ഞെടുക്കുമോ, ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?<br>ഉറപ്പ് - (എ) തയ്യാറാക്കി വരുന്നു.<br>(ബി) പരിഗണിക്കുന്നതാണ്. | എ) 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പട്ടികജാതി സങ്കേതങ്ങളിൽ വനിതകളുടെ സ്വയം തൊഴിൽ സഹായ സംഘങ്ങൾക്ക് രൂപം നൽകി അത്തരം സംഘങ്ങൾക്ക് കാട, മുയൽ, ആട് എന്നിവയുടെ പരിപാലനത്തിനാവശ്യമായ പരിശീലനം നൽകി വരുമാന പദ്ധതി (Quail, Rabbit and Goat-QRG Scheme) നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, അനുയോജ്യമായ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുവാൻ മൃഗസംരക്ഷണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആട് വളർത്തൽ പദ്ധതിയുടെ പ്രൊപ്പോസൽ മാത്രമാണ് ലഭ്യമാക്കിയത്. ആട് വളർത്തൽ പദ്ധതിക്കായി മൃഗസംരക്ഷണ വകുപ്പിന് 60 ലക്ഷം രൂപ അനുവദിച്ച് നൽകുകയും, 250 ഗുണഭോക്താക്കൾക്കായി 59,64,000 രൂപ ചെലവഴിക്കുകയും, ശേഷിച്ച 36,000 രൂപ മൃഗസംരക്ഷണ വകുപ്പ് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>ബി) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ പട്ടികജാതി സങ്കേതങ്ങളിൽ നിന്ന് അപേക്ഷകൾ ലഭിച്ചിരുന്നില്ല. |
| 4 | 13/06 | 48 | ചികിത്സാ സഹായത്തിന് അപേക്ഷ നൽകുന്ന പട്ടികജാതിയിൽപ്പെട്ടയാളുകൾക്ക് തുക അനുവദിച്ച് കൊണ്ടുള്ള അറിയിപ്പ് കിട്ടി | ചികിത്സാ ധനസഹായ വിതണത്തിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ധനസഹായം ഓൺലൈനായി കാലതാമസം ഒഴിവാക്കി വിതരണം ചെയ്യുന്നതിനും |

| | | | | |
|---|---|---|---|---|
| | | | മാസങ്ങളോളം കാത്തിരിക്കുന്ന സാഹചര്യം ഒഴിവാക്കാനും പ്രസ്തുത തുക പോസ്റ്റലായി അയച്ചുകിട്ടാനും നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ചികിത്സാ ധനസഹായ വിതരണത്തിലെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും ധനസഹായം പോസ്റ്റൽ വകുപ്പ് വഴിയോ മറ്റ് സംവിധാനങ്ങൾ വഴിയോ കാലതാമസം ഒഴിവാക്കി വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. | നടപടി സ്വീകരിച്ചിട്ടുണ്ട്. പോസ്റ്റൽ വകുപ്പ് വഴിയോ മറ്റു സംവിധാനങ്ങൾ വഴിയോ ചികിത്സാ ധനസഹായം വിരണം ചെയ്യുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല |
| 5 | 13/06 | 49 | 2013-14 അദ്ധ്യയന വർഷം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന അർഹരായ എസ്.സി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ലംപ്സംഗ്രാന്റ് എന്നിവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ഇക്കാര്യം പരിശോധിച്ച് വരുന്നു. | പട്ടികജാതി പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച 2-7-2009-ലെ ജി.ഒ.(പി)50/2009/ പ.ജ.പ.വ.വി.വ. പ്രകാരം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ എൻട്രൻസ് കമ്മീഷണർ, ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും അലോട്ട്മെന്റ് മെമ്മോവഴി പ്രവേശനം നേടുന്ന പട്ടികജാതി പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനു കൂല്യം നൽകി വരുന്നു. ടി ഉത്തരവിൽ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി/ എസ്.റ്റി/ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് |

| | | | | |
|---|---|---|---|---|
| | | | | വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിയ്ക്കാൻ വ്യവസ്ഥയില്ല. എന്നാൽ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന 2.5 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷികവരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവ.ഓഫ് ഇന്ത്യ സ്കോളർഷിപ്പ് അനുവദിയ്ക്കുന്നുണ്ട്. |
| 6 | 13/06 | 50 | പട്ടികവർഗ്ഗക്കാർക്ക് തിരിച്ചരിയൽ കാർഡ് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ആയതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; എത്രപേർക്ക് നാളിതുവരെ കാർഡ് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ?<br>ഉറപ്പ്- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് 3-11-2012-ലെ സ.ഉ.(സാധാ) നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും നടപ്പ് സാമ്പത്തിക വർഷം തിരിച്ചറിയൽ കാർഡ് തയ്യാറാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികള് പുരോഗമിച്ചു വരികയാണ് | സംസ്ഥാനത്തെ 52477 എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് തിരിച്ചരിയൽ കാർഡ് വിതരണം ചെയ്തിരുന്നു. എന്നാൽ നിലവിൽ പട്ടികവർഗ്ഗ ക്കാർക്ക് നൽകി വരുന്ന തിരിച്ചരിയൽ കാർഡുകൾ കൊണ്ട് അവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനോ, ആശുപത്രിയിൽ ചികിത്സ ലഭിക്കുന്നതിനോ, മറ്റ് ആവസ്യങ്ങൾക്കോ പ്രയോജനപ്പെടുന്നില്ലെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കാർട് വിതരണം അവസാനിക്കുകയുണ്ടായി. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതിന് തിരുമാനിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | 13/07 | 75 | പട്ടിക ജാതി/പട്ടിക വർഗ കോളനികൾക്കുള്ള റോഡ് വികസനത്തിന്റെ ഫണ്ട് ഉപയോഗിച്ച് കൃത്യമായി പദ്ധതികൾ നടപ്പിലാക്കിയെന്ന ഉറപ്പു വരുത്തുമോ?<br><br>ഉറപ്പ് - ഇത് ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണ് guidelines-ൽ മാറ്റം വരുത്തിയിട്ടുള്ളത്. വരുന്ന വർഷത്തിൽ അത് മോണിറ്റർ ചെയ്തു SC/ST വിഭാഗത്തിന് മാറ്റി വച്ചിട്ടുള്ള പണം അവർക്കു തന്നെ വിനിയോഗിക്കുവാൻ സാധിക്കുമോ എന്ന് ഉറപ്പു വരുത്തുന്നതാണ് . | **പട്ടികജാതി വകുപ്പ്**<br>ത്രിതല പഞ്ചായത്ത് സമിതികളും സർക്കാർ ഏജൻസികളും വിവിധ കോളനികളിലെ റോഡ് വികസനത്തിന് പദ്ധതികൾ നിർവ്വഹണം നടത്തുമ്പോൾ ഇതിലേയ്ക്കാവശ്യമായ ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാരാണ് നൽകുന്നത്. തദനുസൃതമായി നടപ്പിലാക്കുന്ന പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിന് വകുപ്പ് ജാഗ്രത പുലർത്തുന്നു<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാനതലത്തിലും പദ്ധതി വിലയിരുത്തിവരുന്നു. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗവും |

| | | | | |
|---|---|---|---|---|
| | | | | വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ സംവിധാനം വകുപ്പുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| 8 | 13/08 | 42 | സി. പട്ടികജാതി സമുദായാംഗങ്ങളായ യുവജനങ്ങളെ വിദഗ്ധതൊഴിലാളികളാക്കി മാറ്റുന്നതിനുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാക്കി മാറ്റുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി ഏർപ്പെടുത്തിയത്<br>ഉറപ്പ് - വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. കളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി മോഡുലർ എംപ്ലോയ്മെന്റ് സ്കിൽസ് (MES) പദ്ധതി പ്രകാരമുള്ള ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനായി 17 ഐ.ടി.ഐ. കൾ വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ (VTP) ആയി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഇവിടെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പട്ടികജാതി വികസന വകുപ്പിന്റെ ഉത്തര/ദക്ഷിണ മേഖലകളിലെ ഐ.ടി.ഐ-കളിൽ MES (Modular Employment skills) പ്രകാരമുള്ള ഹ്രസ്വകാല സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ആരംഭിക്കുന്നതിന് VTP (Vocational Training Provider) രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും MES കോഴ്സുകൾ ആരംഭിക്കുന്നതിന് അംഗീകാരം നൽകുന്നത് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| 9 | 13/08 | 65 | പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും മൊറട്ടോറിയം പ്രഖ്യാപിക്കുക, പലിശ എഴുതിത്തള്ളുക, പിഴ | പട്ടികജാതി വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത 31-3-2006-ൽ തിരിച്ചടവ് കാലാവധി |

| | | | | |
|---|---|---|---|---|
| | | | പലിശ എഴുതിത്തള്ളുക, മുതലിൽ 100000 രൂപ ഒഴിവാക്കി ബാക്കി ഒൺടൈം സെറ്റിൽമെന്റാക്കുക എന്നീ ആശ്വാസ നടപടികൾ നടപ്പിലാക്കുമോ? ഉറപ്പ് - ഈ ഗവൺമെന്റ് 2006 വരെയുള്ള 50000 രൂപ വരെയുള്ള പലിശയും പിഴപലിശയും എഴുതിത്തള്ളുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. 2006-ന് ശേഷം പല വകുപ്പുകളിലായി വീട് വയ്ക്കുന്നതിന് ലോൺ വാങ്ങിയതും പട്ടിക ജാതി കോർപ്പറേഷനിൽ നിന്ന് 2000-ന് മുൻപ് വാഹനങ്ങൾ വാങ്ങുന്നതിന് ലോൺ എടുത്ത വളരെ പ്രയാസമനുഭവിക്കുന്ന ആളുകളുടെയും വായ്പ എഴുതിത്തള്ളുന്ന തീരുമാനം ഗവൺമെന്റ് ഉടനെ എടുക്കും. 2013 വരെയുള്ള കടങ്ങളുടെ കാര്യത്തിൽ പിഴപലിശ പൂർണ്ണമായും പലിശയുടെ അൻപത് ശതമാനവും എഴുതിത്തള്ളുമെന്നത് പ്രവർത്തികമാക്കും. അതുപോലെ തന്നെ 100000 രൂപ വരെ ആക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കും. | പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 25,000 രൂപ വരെ എഴുതി തള്ളുന്നതിന് സ.ഉ.(പി) നമ്പർ 100/2009/ പ.ജ.പ.വ.വി.വ. തീയതി 12-11-2009 പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർന്ന് പട്ടികജാതി വിഭാഗക്കാർ പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളിൽ 31-03-2006-ന് തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 50,000 രൂപവരെ എഴുതി തള്ളുന്നതിന് സ.ഉ.(പി) നമ്പർ 99/2013/പ.ജ.പ.വ.വി.വ. തീയതി 10-12-2013 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ മുഖേന പട്ടികജാതി വിഭാഗക്കാർക്ക് നൽകിയ വായ്പകളിൽ 31-3-2006-ന് തിരിച്ചടവ് കാലാവധി പൂർത്തിയായ വാഹന വായ്പ പദ്ധതി, അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, പുതിയ അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, ഇൻകം ജനറേഷൻ ലിങ്ക്ഡ് അംബേദ്കർ ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരമുള്ള വായ്പകൾ എഴുതിത്തള്ളി സ.ഉ(കൈ)നം. 74/2014 പജപവവിവ തീയതി 16-10-2014 പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടികജാതിക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്ത വായ്പകളിൽ |

| | | | | |
|---|---|---|---|---|
| | | | | 31-03-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1,00,000 രൂപ വരെ എഴുതിതള്ളുന്നതിന് സ.ഉ.(പി) നമ്പർ 24/15 പ.ജ.പ.വ.വി.വ. തീയതി 30-03-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| 10 | 13/08 | 87 | (എഫ്) സംസ്ഥാനത്തെ നദികളിൽ നിന്നുള്ള അനധികൃത മണൽ വാരൽ തടയുന്നതിനായി സബ് കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്ക് തലത്തിലും സ്ക്വാഡ് പ്രവർത്തിച്ചു വരുന്നു. കൂടാതെ, റവന്യൂ, പോലീസ് വകുപ്പുകൾ ഒറ്റയ്ക്കും സംയുക്തമായും സ്ക്വാഡുകൾ രൂപീകരിച്ചു അനധികൃത ഖനനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2013- ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) നിയമ പ്രകാരം അനധികൃത ഖനന പ്രവർത്തികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. നിലവിൽ ദേശിയ ഹരിത ട്രിബ്യൂണലിന്റെ സ്റ്റേ നിലനിൽക്കുന്നതിനാൽ മണലെടുപ്പും വിൽപ്പനയും നടക്കുന്നില്ല.<br>ഉറപ്പ് - ഭൂരഹിതരായ എല്ലാ പട്ടികജാതി | സി) ഭൂരഹിതരായ എല്ലാ പട്ടികജാതി ക്കാർക്കും ഓരോ സാമ്പത്തിക വർഷവും ഭൂമി വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. ഓരോ വർഷത്തെയും ബഡ്ജറ്റ് അലോക്കേഷനനുസരിച്ച് ഭൗതികലക്ഷ്യം നിർണ്ണയിക്കുകയും, അതനുസരിച്ച് ദുർബ്ബല വിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 4438 പേർക്കും, 2017-18 സാമ്പത്തിക വർഷത്തിൽ 2017 നവംബർ മാസം വരെ 2055 പേർക്കും ഇതനുസരിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ട്. |

<table>
<tr><td></td><td></td><td></td><td>ക്കാർക്കും ഘട്ടംഘട്ടമായി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.</td><td></td></tr>
<tr><td>11</td><td>13/09</td><td>09</td><td>സി. ഭൂരഹിതരായ എല്ലാ പട്ടികജാതിക്കാർക്കും എന്നത്തേക്ക് ഭൂമി നൽകാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?<br>ഉറപ്പ് - 2009-ൽ നടത്തിയ സർവേ പ്രകാരം 26562 പട്ടികജാതികുടുംബങ്ങളാണ് ഭൂരഹിതരായിട്ടുള്ളത്. ഈ സാമ്പത്തിക വർഷം 6000 ഗുണഭോക്താക്കളെ ആണ് ലക്ഷ്യമിട്ടിരിക്കുന്നത്. അവശേഷിക്കുന്നവർക്ക് ഘട്ടം ഘട്ടം ആയി ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതാണ്.</td><td>സി) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഓരോ സാമ്പത്തിക വർഷവും ഭൂമി വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. ഓരോ വർഷത്തെയും ബഡ്ജറ്റ് അലോക്കേഷനനുസരിച്ച് ഭൗതികലക്ഷ്യം നിർണ്ണയിക്കുകയും, അതനുസരിച്ച് ദുർബ്ബല വിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. കിലയുടെ 2009-ലെ സർവ്വേയിൽ കണ്ടെത്തിയ 26562 കുടുംബങ്ങളുൾപ്പെടെ 2014 വരെ 52571 കുടുംബങ്ങളെ ഭൂരഹിതരായി കണ്ടെത്തിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം മുതൽ ഭൂമി വിതരണം ചെയ്ത കുടുംബങ്ങളുടെ എണ്ണം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.
<table>
<tr><td>2010-11</td><td>11154</td></tr>
<tr><td>2011-12</td><td>5380</td></tr>
<tr><td>2012-13</td><td>11047</td></tr>
<tr><td>2013-14</td><td>6290</td></tr>
<tr><td>2014-15</td><td>3569</td></tr>
</table></td></tr>
</table>

| | | | | |
|---|---|---|---|---|
| | | | | 2015-16 — 3777<br>2016-17 — 4438<br>**ആകെ** — 45655<br>2017-18 സാമ്പത്തിക വർഷത്തിൽ 2017 നവംബർ മാസം വരെ 2055 പേർക്കും ഇതനുസരിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| 12 | 13/09 | 15 | (സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന പദ്ധതികൾക്ക് ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;<br>(ഡി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?<br>ഉറപ്പ് - പദ്ധതിയുടെ രൂപരേഖ തയ്യാറായി ക്കൊണ്ടിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന പദ്ധതി ഉൾപ്പെടുത്തിയിരുന്നു. ഹൈസ്കൂൾ, ഹയർസെക്കണ്ടറി, കോളേജ് തലങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം പ്രോത്സാഹിപ്പിക്കു ന്നതിനായി മേശ, കസേര എന്നിവ നൽകുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. 9-5-2013-ന് ചേർന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കാരണം പദ്ധതി ഉപേക്ഷിക്കുകയായിരുന്നു. |
| 13 | 13/10 | 53 | (സി) പട്ടികജാതി വികസന വകുപ്പിലെ ജോലിഭാരം വർദ്ധിച്ചത് കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന | 7-5-2014-ലെ സ.ഉ.(കൈ)30/14/പ.ജ.പ.വ.വി.വ. പ്രകാരം 14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിലവിലുള്ള |

| | | | | |
|---|---|---|---|---|
| | | | കാര്യം പരിഗണനയിലുണ്ടോ ;<br>(ഡി) പട്ടികജാതി വിഭാഗങ്ങൾക്കുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ആനുകൂല്യങ്ങളും വർദ്ധിച്ച സാഹചര്യത്തിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും ആനുകൂല്യങ്ങൾ യഥാസമയം അർഹരായവർക്ക് എത്തിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?<br>ഉറപ്പ് - (സി) പട്ടിക ജാതി വികസന വകുപ്പിൽ അധിക തസ്തിക സൃഷ്ടിക്കൽ/ സ്റ്റാഫ് പാറ്റേൺ പുതുക്കൽ സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.<br>(ഡി) പരിശോധിക്കുന്നതാണ്. | സാമ്പത്തിക സ്ഥിതിയിൽ മറ്റ് തസ്തികകൾ ഇപ്പോൾ അനുവദിക്കാൻ നിർവ്വാഹമില്ല. |
| 14 | 13/10 | 63 | (എ) പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നിലവിൽ നൽകിവരുന്ന റിവൈവൽ ഫണ്ട് എത്ര രൂപയാണ്; ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ; റിവൈവൽ ഫണ്ട് അഞ്ച് ലക്ഷമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - (എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി, സബ്സിഡി ഇനങ്ങളിലായി പരമാവധി | സർക്കാരിന്റെ 26-9-2014-ലെ ജി.ഒ. (ആർ.ടി)നം. 532/14/സഹ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി, സബ്സിഡി ഇനങ്ങളിലായി ഇപ്പോൾ പരമാവധി 6 ലക്ഷം രൂപ 2:3 അനുപാതത്തിൽ അനുവദിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | 3 ലക്ഷം രൂപ 2:3 അനുപാതത്തിൽ നൽകുന്നുണ്ട്. 2014-2015 വർഷം മുതൽ ധനസഹായം പരമാവധി 5 ലക്ഷമായി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. | |
| 15 | 13/11 | 89 | (ഡി) പട്ടികവർഗ്ഗ മേഖലകളിൽ മൊബൈൽ ഹോമിയോപ്പതി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?<br>ഉറപ്പ് - ഇതു സംബന്ധിച്ച പദ്ധതിയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. | ഹോമിയോപ്പതി വകുപ്പ് പട്ടികവർഗ്ഗ മേഖലകളിൽ മൊബൈൽ ഹോമിയോപ്പതി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് ശുപാർശ നൽകിയിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. |
| 16 | 13/11 | 101 | പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തി പഠനത്തോടൊപ്പം സ്കിൽ ഡെവലപ്മെന്റ് കൊടുക്കുന്ന തരത്തിൽ തൊഴിൽ പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കുമോ?<br>ഉറപ്പ്- ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന താഴെപറയുന്ന സ്കിൽ ഡെവലപ്മെന്റ് തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>• പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് പഠനത്തോടൊപ്പം സ്കിൽ ഡെവലപ്മെന്റ് പരിശീലനം കൂടി കൊടുക്കുന്നതിന് കെൽട്രോൺ മുഖേന 2013-2014-ൽ 38.50 ലക്ഷം രൂപ ചെലവിൽ PG Diploma in Web Application, PG Diploma in IT |

| | | | | |
|---|---|---|---|---|
| | | | | Enabled Services and BPO, KELTRON Certified Networking Professional എന്നീ കോഴ്സുകളിൽ 50 വീതം പേർക്ക് പരിശീലനം നല്കിയിരുന്നു. 2015-16 ലാണ് പദ്ധതി പൂർത്തിയായത്.<br>• 2015-16 വർഷം C-STED മുഖേന 200 പട്ടികജാതി യുവതീയുവാക്കൾക്ക് 23 ലക്ഷം രൂപ ചെലവിൽ Digital India Support System Programme for the gainful occupation of SC Youths എന്ന 4 മാസം ദൈർഘ്യമുള്ള പരിശീലനവും നല്കിയിട്ടുണ്ട്.<br>• 75 പട്ടികജാതി വനിതകൾക്ക് LED Lights നിർമ്മാണം Printing Technology, Garment Making and Fashion Designing എന്നീ 3 മാസ കോഴ്സുകളിൽ 33.74 ലക്ഷം രൂപ ചെലവിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുഖേന പരിശീലനം നല്കിയിട്ടുണ്ട്.<br>• പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ CREST-ന്റെ ആഭിമുഖ്യത്തിൽ മോഡൽ |

| | | | | |
|---|---|---|---|---|
| | | | | റസിഡൻഷ്യൽ സ്കൂളുകളിലെ 8,9,10, + 1, +2 ക്ലാസ്സുകളിലെ 1200 വിദ്യാർത്ഥികൾക്ക് Self Enrichment Programme നടത്തി വരുന്നു.<br>• പട്ടികജാതി വിദ്യാർത്ഥികൾക്ക് CREST ന്റെ ആഭിമുഖ്യത്തിൽ PGCCPD (Post Graduate Certificate Course for Professional Development) എന്ന 5 മാസ കോഴ്സിന് ഒരു വർഷം 80 കുട്ടികൾക്ക് വീതം പരിശീലനം നല്കി വരുന്നു. B.Tech. വിദ്യാർത്ഥികൾക്ക് വേണ്ടി Orientation Programme ഉം CREST നടത്തുന്നുണ്ട്.<br>• പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കേരള സംസ്ഥാന ഹയർസെക്കന്ററി വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ASAP നടത്തിവരുന്നുണ്ട്.<br>• പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും സാങ്കേതിക തൊഴിൽ |

| | | | | |
|---|---|---|---|---|
| | | | | പരിശീലനം നടത്തുന്നതിനായി മാതൃകാപരിശീലന കേന്ദ്രങ്ങളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.<br>• ശാസ്ത്ര വിഷയങ്ങളിൽ തത്പരരായ വിദ്യാർത്ഥികൾക്ക് ശാസ്ത്രബോധിനി പ്രോഗ്രാം നടത്തി വരുന്നു.<br>• എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്. മേഖലയിൽ തല്പരരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശന പരീക്ഷയിൽ പരിശീലനം നല്കുന്നതിനു പുറമേ ബാംഗ്ലൂർ ആസ്ഥാനമായുള്ള എൻ.ടി.ടി.എഫ്. മുഖേന തൊഴിലധിഷ്ഠിത കോഴ്സുകളിൽ പരിശീലനവും നല്കുന്നു.<br>• B.Sc. ഹോസ്പിറ്റാലിറ്റി & ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് IHMCT, SIGMT തുടങ്ങിയ സ്ഥാപനങ്ങളിൽ ചേർന്ന് പഠിക്കുന്നതിന് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ തലത്തിൽ തന്നെ പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനങ്ങൾ നല്കി വരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 17 | 13/11 | 111 | സ്വാശ്രയ ആർട്സ് സയൻസ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?<br>ഉറപ്പ് - ഇക്കാര്യം പരിശോധിച്ച് വരുന്നു. | 2-7-2009-ലെ ജി.ഒ.(പി)50/2009/പ.ജ.പ.വ.വി.വ. പ്രകാരമാണ് എസ്.സി/എസ്.റ്റി/ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നത്. ടി ഉത്തരവ് പ്രകാരം സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് യാതൊരുവിധ ധനസഹായം നൽകുന്നതിനും വ്യവസ്ഥയില്ല. എന്നാൽ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന 2.5 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവ. ഓഫ് ഇന്ത്യ സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നുണ്ട്. |
| 18 | 13/11 | 141 | (ഡി) പട്ടികജാതി വിഭാഗക്കാരുടെ എത്ര ലക്ഷം രൂപവരെയുള്ള വായ്പാ കുടിശ്ശികകളാണ് എഴുതിത്തള്ളുന്നതെന്ന് അറിയിക്കാമോ: ഇതിന്റെ മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?<br>ഉറപ്പ് - പട്ടികജാതി വിഭാഗക്കാർ, സഹകരണ ബാങ്കുകൾ, പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1,00,000 രൂപവരെ എഴുതി തള്ളുന്നതിന് സ.ഉ. (പി) നമ്പർ 24/2015/പ.ജ.പ. വ.വി.വ. തീയതി 30-03-2015 പ്രകാരം |

| | | | | |
|---|---|---|---|---|
| | | | 31-3-2010-ൽ തിരിച്ചടവ് കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1,00,000 (ഒരു ലക്ഷം) രൂപവരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. | ഉത്തരവായിട്ടുണ്ട്. |
| 19 | 13/11 | 157 | എത്രയും പെട്ടെന്ന് 'പോഷകാഹാരക്കുറവ്' എന്ന വിഷയത്തിൽ ഇടപെട്ടുകൊണ്ട് ആദിവാസികളെ സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിന് പ്രത്യേകിച്ച് മുഖ്യമന്ത്രിയടക്കം ആരോഗ്യ വകുപ്പുമന്ത്രിയും പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയും ശ്രദ്ധിക്കണം എന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത് ? ഉറപ്പ് - സാമൂഹ്യനീതി വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സഹകരണത്തോടെ പ്രത്യേക പോഷണം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. | പട്ടികവർഗ്ഗക്കാർക്കിടയിലെ മുതിർന്നവരുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അട്ടപ്പാടിയിൽ കുടുംബശ്രീ മുഖേന ആഹാരം പാകം ചെയ്ത് നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും, മാഞ്ചിരിയിൽ മഹിളസമാഖ്യ സൊസൈറ്റി മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടാതെ വർഷത്തിൽ 4 പ്രാവശ്യം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന ഭക്ഷ്യസഹായ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| 20 | 13/11 | 159 | (സി) ഭൂരഹിതരായ എല്ലാ പട്ടികജാതി ജനതയ്ക്കും ഭൂമി വിതരണം ചെയ്തിട്ടുണ്ടോ : ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ? | ഭൂരഹിതരായ 52571 പേരിൽ 33871 പേർക്ക് വകുപ്പ് മുഖാന്തിരം 2014 ജൂലൈയ് വരെ ആനുകൂല്യം നൽകിയിരുന്നു. 2015-16 വർഷം 3777 പേർക്കും, 2016-17 വർഷം 4438 പേർക്കും, 2017-18 വർഷം 8215 പേർക്കും ഭൂമി അനുവദിച്ചിട്ടുണ്ട്. ഈ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - ഭൂരഹിതരായ 52571 പട്ടികജാതിക്കാരിൽ 33871 പേർക്ക് വകുപ്പ് മുഖേന ഭൂമി നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ഘട്ടംഘട്ടമായി ഭൂമി അനുവദിയ്ക്കുന്നതാണ്. | കണക്കുകൾ കൂട്ടിച്ചേർക്കുമ്പോൾ പട്ടികജാതി വികസന വകുപ്പ് മുഖേന അർഹരായ ആകെ 46686 പേർക്ക് ഭൂമി നൽകിയിട്ടുണ്ട്.ഭൂമിയുടെ ലഭ്യതക്കുറവ്, ഈ പദ്ധതിക്കായി മാറ്റിവെയ്ക്കുവാൻ കഴിയുന്ന ഫണ്ടിന്റെ പരിമിതി, ഭൂമി നൽകിയ കുടുംബങ്ങളുടെ പിന്നീടുള്ള വികാസവും, വിഭജനവും എന്നിവയൊക്കെ തന്നെ ഭൂരഹിതരില്ലാത്ത അവസ്ഥ കൈവരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. |
| 21 | 13/11 | 171 | ആദിവാസികളുടെ ഇടയിൽ പട്ടിണി മരണമുണ്ടാകാതിരിക്കാൻ ശാശ്വത പരിഹാര മുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ<br>ഉറപ്പ് - ആദിവാസി കുടുംബങ്ങൾക്ക് പ്രത്യേക ഫുഡ് സപ്പോർട്ട് സ്കീമും മറ്റ് സ്കീമുകളും നടപ്പിലാക്കി വരികയാണ്. എല്ലാ ജില്ലകളിലും ഈ വിഷയം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. | ആദിവാസികളുടെ ഇടയിൽ പട്ടിണി ഉണ്ടാകാതിരിക്കുന്നതിന് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ പണിയ കോളനിയിൽ 100 ദിവസം 3 നേരം ഭക്ഷണം പാകം ചെയ്തു നൽകുന്നതിന് കുടുംബശ്രീക്ക് 4 കോടി രൂപ 2013-14 വർഷം അനുവദിച്ചിരുന്നു. മലപ്പുറം ജില്ലയിലെ മാഞ്ചിരിയിലും അട്ടപ്പാടിയിലും ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള കമ്മ്യൂണിറ്റി കിച്ചൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| 22 | 13/12 | 57 | മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ യഥാർത്ഥ മാതൃകാ സ്കൂളുകളാക്കാനും അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടേ നിലവാരം UNICEF-ന്റെ മാനദണ്ഡ പ്രകാരം ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - എസ്. സി. ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ നവീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചുവരുന്നു. | |
| 23 | 13/12 | 63 | (ബി)പട്ടികജാതി വിജ്ഞാൻ വാടികളുടെ തുടർ പ്രവർത്തനങ്ങൾ എങ്ങനെയെന്നും സംസ്ഥാനത്ത് ആകെ എത്ര വിജ്ഞാൻ വാടികളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?<br>ഉറപ്പ് - സംസ്ഥാനത്തൊട്ടാകെ 1000 വിജ്ഞാൻ വാടികൾ സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വിജ്ഞാൻ വാടി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ, ലൈബ്രറി, റീഡിംഗ് റൂം എന്നിവ സ്ഥാപിക്കുന്നതാണ്. | സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളുടെയും വിദ്യാർത്ഥികളുടെയും ഉന്നമനം ലക്ഷ്യമിട്ട് 500 ച: അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിടം നിർമ്മിച്ച് അതിൽ ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയ കമ്പ്യൂട്ടർ, ലൈബ്രറി എന്നിവ സ്ഥാപിച്ച് വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ഉപകാരപ്രദമാകുന്ന 1000 വിജ്ഞാൻവാടികൾ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ ഇതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതു കാരണം പദ്ധതി ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടു പോയില്ല.<br>നിലവിൽ 172 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും അവയിൽ 89 എണ്ണത്തിൽ 1.50 ലക്ഷം രൂപ വീതം ചെലവഴിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, ലൈബ്രറി, ഫർണിച്ചർ എന്നിവ ലഭ്യമാക്കി വിജ്ഞാൻവാടികൾ ആരംഭിച്ചിട്ടുണ്ട്. 9 കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കെട്ടിടങ്ങളുടെ നിർമ്മാണച്ചുമതല നൽകിയിരുന്ന കേരള പോലീസ് |

| | | | | |
|---|---|---|---|---|
| | | | | ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് മുമ്പ് തീരുമാനിച്ചു നൽകിയ 5 ലക്ഷം രൂപ നിരക്കിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയില്ലെന്ന് അറിയിച്ചതിനാലും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലും പദ്ധതി അവസാനിപ്പിക്കാൻ തീരുമാനിക്കുകയും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അനുവദിച്ചിരുന്ന 50 കോടി രൂപയിൽ അവശേഷിച്ച 40 കോടി രൂപ ഖജനാവിൽ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| 24 | 13/13 | 19 | (ഡി) അന്യാധീനപ്പെട്ട ആദിവാസി ഭൂമി കണ്ടെത്തി തിരിച്ചുപിടിച്ച് ആദിവാസിക ൾക്ക് ലഭ്യമാക്കാനും ഭൂരഹിതരായ സംസ്ഥാനത്തെ എല്ലാ ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യാനും എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. | അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ച് പിടിച്ച് ആദിവാസികൾക്ക് നൽകിയും ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിയുടെ ലഭ്യതയനുസരിച്ച് ഭൂമി വിതരണം ചെയ്തും വരുന്നു. നാളിതുവരെ വിതരണം ചെയ്ത ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) വനാവകാശനിയമപ്രകാരം സംസ്ഥാനത്തെ 25081 പേർക്ക് 33778.11 ഏക്കർ ഭൂമിയുടെ കൈവശാവകാശം നൽകിയിട്ടുണ്ട്.<br>2) അവിവാഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം 717 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 267.997 ഏക്കർ ഭൂമി നാളിതുവരെ വാങ്ങി നൽകിയിട്ടുണ്ട്.<br>3) 667 പേർക്ക് 558 ഏക്കർ ഭൂമിയുടെ പട്ടയവും അനുവദിച്ചിട്ടുണ്ട്. |

<table>
<tr><td></td><td></td><td></td><td></td><td>4) KST പ്രകാരം പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് നൽകിയത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br>അനുബന്ധം<br>കെ.എസ്സ്.റ്റി.ആക്റ്റ് പ്രകാരം വിതരണം ചെയ്ത ഭൂമിയുടെ വിവരങ്ങൾ
<table>
<tr><th>ജില്ല</th><th>വിതരണം ചെയ്ത ഭൂമിയുടെ അളവ് (ഏക്കറിൽ)</th><th>ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>വയനാട്</td><td>486</td><td>660</td></tr>
<tr><td>മലപ്പുറം</td><td>74.73</td><td>28</td></tr>
<tr><td>പാലക്കാട്</td><td>700</td><td>841</td></tr>
<tr><td>ആകെ</td><td>1335.73</td><td>1679</td></tr>
</table>
</td></tr>
<tr><td>25</td><td>13/14</td><td>14</td><td>(ബി) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഏത് കാലയളവിൽ ഭൂമി നൽകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ?<br>ഉറപ്പ് - ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭൂമിയുടെ ലഭ്യതയനുസരിച്ച് ഭൂമി വിതരണം ചെയ്യുന്നതാണ്.</td><td>സി) ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമ പ്രകാരവും, ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കുള്ള ഭൂമി വിതരണം പദ്ധതി പ്രകാരവും, ഭൂമി വിതരണം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭൂമിയുടെ ലഭ്യതയനുസരിച്ച് ഭൂമി വിതരണം നടത്തുന്നതാണ്</td></tr>
</table>

| | | | | |
|---|---|---|---|---|
| 26 | 13/14 | 57 | പോഷാകാഹാരക്കുറവുള്ള ആദിവാസി ഊരുകളിൽ ഭക്ഷ്യസാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?<br>ഉറപ്പ് - ജനനി ജന്മരക്ഷ പദ്ധതിക്കുപുറമെ ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അവരുടെ പരമ്പരാഗത ഭക്ഷ്യധാന്യങ്ങളായ റാഗിയുൾ പ്പെടെയുള്ള ഭക്ഷ്യസാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനുള്ള പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഫുഡ് സപ്പോർട്ട് പ്രോഗ്രാം പോലെതന്നെ ഭക്ഷ്യസാധനങ്ങൾ ശേഖരിച്ച് പാക്ക് ചെയ്ത് ഗുണഭോക്താക്കാൾക്ക് നേരിട്ട് എ.സി.എഫ്. മുഖേന എത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അവർക്ക് പോഷകാഹാരത്തിന് പുറമേ അയഡിന്റെ കുറവും ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി വിജയകരമാകുമെങ്കിൽ അത് മറ്റ് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചി ക്കുന്നതാണ്. | ജനനി ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് (ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും) പ്രതിമാസ സാമ്പത്തിക ആനുകൂല്യം വകുപ്പിന്റെ ജില്ലാതല ഓഫീസ് മുഖേന നേരിട്ട് എത്തിക്കുന്ന സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിക്ക് നിലവിൽ 11850 ഗുണഭോക്താക്കൾ ഉണ്ട്. |

| | | | | |
|---|---|---|---|---|
| 27 | 14/01 | 03 | (ബി) ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും എത്ര തുക വരെയുമാണ് എഴുതിത്തള്ളുന്നത്; അതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്;<br>(സി) കൂടുതൽ പ്രയോജനം ലഭിക്കുംവിധം എഴുതി തള്ളുന്ന പദ്ധതി പുനരാവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ: എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?<br>ഉറപ്പ് - (ബി) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണവകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത്. 31-3-2010-ന് മുൻപ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായി തീർന്ന വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1,00,000 രൂപ വരെ എഴുതി തള്ളുന്നതാണ്. (നിബന്ധനകൾ ഉൾപ്പെട്ട സർക്കാർ ഉത്തരവ് (അച്ചടി) 24/2015/ പ.ജ.പ.വ. വി.വ. തീയതി 30-3-2015)(സി)ഇക്കാര്യം സർക്കാർ പരിശോധി ക്കുന്നതാണ്. | പട്ടികജാതി വിഭാഗക്കാർ വിവിധ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പ എഴുതിത്തള്ളുന്നപദ്ധതി പുന:രാവിഷ്ക്കരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| 28 | 14/01 | 63 | സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും ഭവനവുമില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ | സ്വന്തമായി ഭൂമിയും ഭവനവുമില്ലാത്ത പട്ടികജാതി ജനവിഭാഗങ്ങൾക്ക് അവ ലഭ്യമാകുന്നതിനു |

| | | | | |
|---|---|---|---|---|
| | | | ജനവിഭാഗങ്ങൾക്ക് അവ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;<br>ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തിയുള്ള കർമ്മ പദ്ധതികൾ മുഖേന എത്ര ശതമാനം ലക്ഷ്യത്തിലെത്തുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;<br>ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരും അർഹതയുള്ളവരുമായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും ഭവനവും ലഭ്യമാക്കാൻ സത്വര നടപടികളും സ്വീകരിക്കുമോ?<br>ഉറപ്പ് - സ്വന്തമായി ഭൂമിയും ഭവനവുമില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ ജന വിഭാഗങ്ങൾക്ക് അവ ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>പട്ടികജാതി<br>ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നൽകി വരുന്ന ധനസഹായം | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. പഞ്ചായത്തുകളിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനു 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിനു 4.50 ലക്ഷം രൂപയും കോർപ്പറേഷനിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും അനുവദിക്കുന്നു. ഭവനരഹിതരായ പട്ടികജാതിക്കാർക്ക് 4 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷം 4600 പേർക്ക് ഭൂമി ലഭ്യമാക്കി 2015-18 വരെ ഭൂമി ലഭ്യമാക്കിയവരുടെ എണ്ണം 12815 ആണ്. 2016 മുതൽ 2018 വരെ ഭവന നിർമ്മാണ ധനസഹായം 23801 പേർക്ക് അനുവദിച്ചിട്ടുണ്ട്.<br>**പട്ടികവർഗ്ഗം**<br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമിവാങ്ങി നൽകുന്ന പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെയുള്ള 842 പട്ടികവർഗ്ഗക്കാർക്ക് ആകെ 322.03 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ഭൂമി<br>ധനസഹായം<br>പഞ്ചായത്ത് (5 സെന്റ് സ്ഥലം)<br>3.75 ലക്ഷം രൂപ<br>മുനിസിപ്പാലിറ്റി (3 സെന്റ് സ്ഥലം)<br>4.50 ലക്ഷം രൂപ<br>നഗരസഭ (3 സെന്റ് സ്ഥലം)<br>6 ലക്ഷം രൂപ<br>ഭവന രഹിതരായ പട്ടികജാതിക്കാർക്ക് 3 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു.<br><u>പട്ടികവർഗ്ഗ</u><br>ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിനായി 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' ആദിവാസി പുനരധിവാസ വികസന മിഷൻ, വനാവകാശ നിയമം 2006, കെ.എസ്.റ്റി ആക്ട് എന്നീ പദ്ധതികളും ഭവനരഹിതർക്കായി ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.റ്റി.എസ്.പി ഭവന നിർമ്മാണ പദ്ധതി | കൂടാതെ 2173 പട്ടികവർഗ്ഗക്കാർക്ക് 3537.75 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br>ഭൂമിയും ഭവനവും ഇല്ലാത്ത പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വീട് അനുവദിച്ചു വരുന്നു. ആയത് പ്രകാരം 2011-12 മുതൽ 2016-17 വരെ ആകെ 24314 വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന രഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | എന്നിവയും നടപ്പാക്കി വരുന്നു.<br>ബി) 2014-15, 2015-16 വർഷങ്ങളിലായി ഭവനരഹിതരായി കണ്ടെത്തിയ 33,652 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിരുന്നു. എന്നാൽ ഇതിൽ 384 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. ലക്ഷ്യം പൂർത്തീകരിക്കുന്ന്തിനുള്ള കർമ്മ പരിപാടികൾ ഈ സർക്കാർ സ്വീകരിക്കുന്നതാണ്.<br>ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരും അർഹതയുള്ളവരുമായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും ഭവനവും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. | |
| 29 | 14/02 | 31 | പട്ടികവർഗ്ഗക്കാർക്ക് സ്പിൽ ഓവറായ വീടുകളുടെ നിർമ്മാണ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വിശദമാക്കുമോ;<br>ഉറപ്പ് - ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിനും സ്പിൽ ഓവറിനും ഭവന പുനരുദ്ധാരണ ങ്ങൾക്കുമായി നടപ്പ സാമ്പത്തിക വർഷം 50 | 2015-16 സാമ്പത്തിക വർഷം എ.ടി.എസ്.പി പദ്ധതിക്കായി 150 കോടി രൂപ വകയിരുത്തിയതിൽ ഭവന നിർമ്മാണത്തിനായി 88.99 കോടി രൂപ വിനിയോഗിച്ച് 9425 പുതിയ വീടുകൾ നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ആയതിനു പുറമെ 2016-17 സാമ്പത്തിക വർഷം എ.ടി.എസ്.പി. ബഡ്ജറ്റ് ശീർഷകത്തിൽ 150 കോടി രൂപ വകയിരുത്തുകയും, 6.456 കോടി രൂപ |

| | | | | |
|---|---|---|---|---|
| | | | കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതിയ്ക്കുള്ള 1500 കോടിയിൽ നിന്നും നിർമ്മാണം ആരംഭിച്ച് സ്പിൽ ഓവർ ആയ ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണത്തിനും നടപ്പ് സാമ്പത്തിക വർഷം തുക അനുവദിക്കുന്നതാണ്. | ധനപുനർവിനിയോഗം വഴി കണ്ടെത്തി 156.44 കോടി രൂപ പൂർണ്ണമായും ചെലവഴിച്ച് വീട് നിർമ്മാണ പ്രവർത്തികൾ നടത്തുകയും ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12092 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് നാളിതുവരെ 10865 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട് |
| 30 | 14/05 | 55 | (ബി) പട്ടിക വിഭാഗക്കാരുടെ പുരോഗതിക്ക് വേണ്ടി നീക്കിവെയ്ക്കുന്ന തുക വിവക്ഷിക്കപ്പെട്ട ഉദ്ദേശ്യത്തിനായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?<br>ഉറപ്പ് - പട്ടിക വിഭാഗക്കാരുടെ പുരോഗതിക്ക് വേണ്ടി നീക്കിവെയ്ക്കുന്ന തുക വിവക്ഷിക്കപ്പെട്ട ഉദ്ദേശ്യത്തിനായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ട്. | സംസ്ഥാനത്ത് പട്ടികജാതി ഉപപദ്ധതിയുടെയും പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും പൂർണ്ണമായ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് ആസൂത്രണത്തിനും നിർവ്വഹണത്തിനും ധന വിനിയോഗത്തിനും ഒരു ശക്തമായ ചട്ടക്കൂടും സഹായസംവിധാനവും രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്ട് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം ഫയൽ നമ്പർ ബി2/123/ 2020/പ.ജ.പ.വ.വി.വ. ആയി പരിശോധിച്ചുവരികയാണ് |

## VII വ്യവസായ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 49 | ഡി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് റിയാബ് നടത്തുന്ന നിയമനങ്ങളുടെ മോണിറ്ററിംഗ് നടത്തുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?<br>ഉറപ്പ് - റിയാബ് നടത്തുന്ന നിയമനങ്ങളുടെ മോണിറ്ററിംഗ് സംവിധാനം സർക്കാർ ഏർപ്പെടുത്തുന്നതാണ്. | ഗവൺമെന്റ് ഉത്തരവ് 1228/2012/വ്യവ. തീയതി 10-8-2012 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി.വഴിയല്ലാതെ നടത്തുന്ന നിയമനങ്ങളുടെ ചുമതല അതാത് സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിനാണുള്ളത്. സ്ഥാപനങ്ങളിൽ നടക്കുന്ന നിയമനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി രൂപീകരിക്കുന്ന ഇന്റർവ്യൂ ബോർഡിൽ റിയാബിന്റെയും സർക്കാരിന്റെയും പ്രതിനിധികൾ സർക്കാരിന്റെ അനുമതിയോടുകൂടി നിർബന്ധമായും പങ്കെടുക്കുകയും ചെയ്തുവരുന്നു. നിയമനങ്ങളെല്ലാം ഗവൺമെന്റ് ഉത്തരവ് 31/2013/വ്യവ. തീയതി5-1-2013, ഗവൺമെന്റ് ഉത്തരവ് 773/2013/വ്യവ. തീയതി 17-6-2013, ഗവൺമെന്റ് ഉത്തരവ് 1428/2013/വ്യവ. തീയതി 13-11-2013 എന്നിവ അനുസരിച്ചാകണമെന്ന് ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുണ്ട്. |
| 2 | 13/05 | 145 | (എ) സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും ഓരോ വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ, | സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലത്തിലും വ്യവസായ പാർക്കുകൾ ആരംഭിക്കുക എന്നത് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്. ഏകജാലക |

| | | | | |
|---|---|---|---|---|
| | | | (ബി) ഇത്തരത്തിൽ ആരംഭിക്കുന്ന വ്യവസായ കേന്ദ്രങ്ങൾക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തി വ്യവസായ വികസനം സാദ്ധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?<br>ഉറപ്പ് - ഇക്കാര്യം പരിശോധിക്കുന്നതാണ് | സംവിധാനം ഏർപ്പെടുത്തി വ്യവസായ വികസനം സാധ്യമാക്കുന്നതിന് താലൂക്ക് അടിസ്ഥാനത്തിലും ബ്ലോക്ക് തലത്തിലും സംരംഭങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ ഏകജാലക സംവിധാനം ശക്തമാക്കുന്നതിനായി Ease of Doing Business-ന്റെ ഭാഗമായി പുതിയ ഓർഡിനൻസ് നിലവിൽ വന്നിട്ടുമുണ്ട്. വ്യവസായ ഏര്യയ്ക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ജില്ലാതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതിനനുസരിച്ച് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനും , അടിസ്ഥാന സൗകര്യം ഏർപ്പെടുത്തി സംരംഭകർക്ക് നൽകുന്നതിനും നടപടികൾ എടുക്കുന്നതാണ്. പുതിയ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുവാൻ നിലവിൽ വ്യവസായ എസ്റ്റേറ്റുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങൾക്കു മുൻഗണന നൽകി അവ ഏരിയ ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്. |
| 3 | 13/05 | 204 | (എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ വില്ലേജ് പ്രോഗ്രാം ഏതെല്ലാം സ്ഥലങ്ങളിൽ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ? | കയർ വില്ലേജ് പദ്ധതി നടപ്പാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. യുടെ കൈവശമുള്ള 6.64 ഹെക്ടർ ഭൂമി 27-6-2013 -ലെ സ.ഉ(കൈ)284/2013/ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ വില്ലേജ് പ്രോഗ്രാം ഇതു വരെ ആരംഭിച്ചിട്ടില്ല. അതിനായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. | റവന്യൂ ഉത്തരവ് പ്രകാരം കയർ വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്.തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് കെ.എസ്.ഐ. ഡി.സിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്". |
| 4 | 13/06 | 35 | കാസർഗോഡ് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല എന്നതും മണ്ഡലത്തിന്റെ പിന്നാക്കാവസ്ഥയും പരിഗണിച്ച് പൊതുമേഘലയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമൊ?<br>ഉറപ്പ് - ഈ വിഷയം പരിശോധിക്കുന്നതാണ്. | 2012-നു ശേഷം കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. 2010-ൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപറേഷന്റെ പുതിയ യൂണിറ്റായി ഉദുമ ടെക്സ്റ്റൈൽ ആരംഭിച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ വ്യവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചിരുന്നില്ല . എന്നാൽ പ്രസ്തുത മില്ലിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിനായി കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ നിന്നും 942.92 ലക്ഷം രൂപ കെ.എസ്.ടി.സി യ്ക്ക് അനുവദിക്കുകയും തുടർന്ന് മിൽ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ് . കൂടാതെ പ്രവർത്തനം നിലച്ചുകിടക്കുന്ന ആസ്ട്രൽ വാച്ചസ് കമ്പനിയുടെ സ്ഥലവും കെട്ടിടങ്ങളും മറ്റ് ആസ്തികളും കാസർഗോഡ് ജില്ലയിലെ വ്യാവസായിക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗ പ്പെടുത്താൻ കെ.എസ്.ഐ.ഡി.സി- യ്ക്ക് കൈമാറിയിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 5 | 13/07 | 86 | സംസ്ഥാനത്തെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുവാനും അതുവഴി വൈദ്യുതി ഉത്പാദനം നടത്തുവാനും ഉള്ള സംരഭങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുമോ; വിശദമാക്കുമോ;<br>ഉറപ്പ് - ഇത്തരം പദ്ധതികൾക്ക് ഭാരിച്ച മൂലധന നിക്ഷേപം ആവശ്യമായതു കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹകരണത്തിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. | സംസ്ഥാനത്തെമാലിന്യ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിയ്ക്കുന്നതിനുള്ള പദ്ധതികൾ ആരംഭിയ്ക്കുന്നതിനായി ഭാരിച്ച മൂലധന നിക്ഷേപം ആവശ്യമായതിനാൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിലവിൽ പദ്ധതികളൊന്നുമില്ല |
| 6 | 13/07 | 87 | വ്യവസായ-വൈദ്യുതി വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ ചീമേനിയിൽപ്രഖ്യാപിച്ച ചീമേനി താപനിലയം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?<br>ഉറപ്പ് - ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന പ്രകൃതി വാതകം അനുവദിച്ചുള്ള തീരുമാനം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാത്ത തിനാൽ ഇറക്കുമതി ചെയ്യുന്ന | കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയത്തിന് പകരം 1200 മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത വൈദ്യുതിനിലയം സ്ഥാപിക്കാൻ 2011-ൽ സർക്കാർ ഉത്തരവായിരുന്നു. ചീമേനി പദ്ധതിയെ സംബന്ധിക്കുന്ന പ്രാരംഭ ഉത്തരവുകളിൽ KSIDC-യും KSEB-യും ചേർന്ന് രൂപീകരിക്കുന്ന ഒരു Special Purpose Vehicle (SPV) വഴി പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത്. കൂടാതെ KSIDC-യെ പദ്ധതിയുടെ നോഡൽ ഏജൻസിയായും നിയമിച്ചിരുന്നു. |

| | | | | |
|---|---|---|---|---|
| | | | പ്രകൃതി വാതകം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില താരതമ്യേന കൂടുതലായിരിക്കും എന്ന നിഗമ നത്തിൽ കൂടുതൽ ആയതിനാൽ കെ.എസ്.ഇ.ബി. കാസർഗോഡ് ജില്ലയിലെ ചീമേമിയിൽ നടപ്പിലാ ക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നതിൻ കരാറിൽ ഏർപ്പെടാൻ തയ്യാറല്ല. ചീഫ് സെക്രട്ടറിയുടെ പവർ പർച്ചേസ് എഗ്രിമെന്റ് കൂടാതെ പദ്ധതി നടപ്പാക്കുന്നതിനായുള്ള മോഡലിനെ കുറിച്ച് വിശകലനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ മോഡലിന് അനുമതി നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുന്നു. | എന്നാൽ ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യത വരുംകാലങ്ങളിൽ കുറയാനുള്ള സാദ്ധ്യത കണക്കിലെടുത്ത് വാതകാധിഷ്ഠിത വൈദ്യുതിനിലയം 2015-16 കാലയളവിൽ ആസൂത്രണം ചെയ്യരുത് എന്ന് കേന്ദ്ര ഊർജമന്ത്രാലയം അറിയച്ചതിനെ തുടർന്ന് ഇറക്കുമതി ചെയ്യുന്ന വാതകം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും ആയതിലെ വില, ലഭ്യത എന്നിവയിലെ അസ്ഥിരത കാരണം പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനുള്ള SPV-യുടെ രൂപീകരണത്തിൽ തുടർ നടപടികൾ ഉണ്ടായില്ല. വില കുറഞ്ഞ ആഭ്യന്തര പ്രകൃതി വാതകം ആവശ്യാനുസരണം ലഭ്യമാകുകയോ, ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകം സ്ഥിരവും മിതവുമായ നിരക്കിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നയരൂപീകരണത്തിൽ കേന്ദ്ര ഗവൺമെന്റ് അനുകൂലമായ നിലപാട് കൈക്കൊള്ളുകയോ ചെയ്യുന്ന പക്ഷം വാതകാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | 13/08 | 71 | (സി) ചേലക്കര മണ്ഡലത്തിൽ വരവൂർ വ്യവസായപാർക്ക് സ്ഥാപിക്കുന്ന തിനായി ഏറ്റെടുത്ത ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതി നാവശ്യമായ തുക 2013-14 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - 2013-14 വർഷത്തെ ബജറ്റിൽ വ്യവസായ ഭൂമി വികസിപ്പിക്കുന്നതിന് 1.3 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.വ്യവസായ ഭൂമി വികസന ത്തിന് കൂടുതൽ തുക ആവശ്യമായി വരുന്ന പക്ഷം ആയത് പരിഗണിക്കുന്നതാണ്. | തൃശ്ശൂർ ജില്ലയിലെ ചേലക്കര മണ്ഡലത്തിൽപ്പെട്ട വരവൂരിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി നിർമ്മാണപ്രവർത്തനങ്ങളുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് 2015-16 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ അനുവദിച്ചിരുന്നു. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾക്കായി 3 കോടി 32 ലക്ഷം രൂപ അനുവദിക്കുകയും തുക നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന കിറ്റ്കോയ്ക്ക് അനുവദിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വ്യവസായ ആവശ്യത്തിനായി ഭൂമി സംരംഭകർക്ക് അനുവദിച്ച് നല്കാൻ കഴിയുന്നതുമാണ്. |
| 8 | 13/09 | 21 | (എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഒരു ആധുനിക വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ?<br>ഉറപ്പ് - വ്യവസായം ആരംഭിക്കുന്നതിന് അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്ന | വ്യവസായ വാണിജ്യ വകുപ്പിന്റെ നിയന്ത്രണത്തിൽ വയനാട് ഒഴികെ മറ്റെല്ലാ ജില്ലകളിലുമായി 38 വ്യവസായ ഏരിയ/വ്യവസായ വികസന പ്ലോട്ടുകൾ നിലവിലുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ എന്നീ ജില്ലകളിൽ |

| | | | | |
|---|---|---|---|---|
| | | | നിയോജക മണ്ഡലങ്ങളിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതാണ്. | സ്ഥാപിച്ചിട്ടുള്ള വ്യവസായ വളർച്ച കേന്ദ്രങ്ങളിൽ വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഘട്ടംഘട്ടമായി ഒരുക്കി വരുന്നു. കോർപ്പറേഷന്റെ പാലക്കാട്ടുള്ള ഇൻവെസ്റ്റ്മെന്റ് സോണിൽ 60000 ചതുരശ്രയടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് വ്യവസായങ്ങൾക്ക് അനുവദിച്ച് വരുന്നു. എറണാകുളത്ത് ഇലക്ട്രോണിക് പാർക്ക് തുടങ്ങുന്നതിനുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. തിരുവനന്തപുരത്ത് ഒരു ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽപ്പെട്ട 600 ഏക്കർ ഭൂമി വ്യവസായ പാർക്കിനായി ഏറ്റെടുക്കുന്നതിന് കിൻഫ്രയ്ക്ക് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| 9 | 13/09 | 42 | (സി) കാൻസർ രോഗികളുടെ എണ്ണത്തിൽ കഴിഞ്ഞ കാലയളവിനെക്കാൾ വർദ്ധനവ് ഉണ്ടായ സ്ഥിതിയ്ക്ക് മലപ്പുറത്ത് ഒരു 'കാൻസർ സെന്റർ' തുടങ്ങുന്ന കാര്യം | വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇൻകെലിന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പരിശോധിക്കുകയുണ്ടായി. നിലവിൽ റീജിയണൽ കാൻസർ സെന്റർ |

| | | | | |
|---|---|---|---|---|
| | | | പരിഗണിക്കുമോ?<br>ഉറപ്പ് - വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 'ഇൻകെലിന്റെ' നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ കണ്ണൂർ, കൊച്ചിൻ കാൻസർ സെന്റർ, എറണാകുളം എന്നിവിടങ്ങളിൽ കാൻസർ ചികിത്സക്കായി സർക്കാർ ആശുപത്രികൾ സ്ഥാപിച്ചിട്ടുണ്ടെന്നും, കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സയ്ക്ക് ആധുനിക സൗകര്യം മെച്ചപ്പെടുത്തി വരുന്നതായും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലപ്പുറത്ത് മറ്റൊരു കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനുള്ള നടപടി അവസാനിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| 10 | 13/09 | 84 | (എ) അനധികൃത മണൽ കടത്ത് തടയുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇ-പാസ്സ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?<br>ഉറപ്പ് - കരമണൽ (സാധാരണമണൽ) ഉൾപ്പെടെ കേരളത്തിൽ ലഭ്യമായ എല്ലാ ധാതുക്കളുടെയും അനധികൃത കടത്ത് തടയുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇ-പാസ്സ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. | ഇ-പാസ്സ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ എൻ.ഐ.സി. മുഖാന്തിരം തയ്യാറാക്കി. ആയതിന്റെ ഭാഗമായി വാഹന എൻറോൾമെന്റ് ആരംഭിക്കുകയും ചെയ്തു. എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ ആദ്യഘട്ടമായി കരിങ്കല്ലിനായി ഇ-പാസ്സ് സംവിധാനം പൈലറ്റ് പ്രോജക്ടായി 1-11-2017 മുതൽ ആരംഭിച്ചുകഴിഞ്ഞു |

| | | | | |
|---|---|---|---|---|
| 11 | 13/09 | 102 | (എ) സംസ്ഥാനത്ത് കയർ ഗ്രാമം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?<br>ഉറപ്പ് - സംസ്ഥാനത്ത് ഒരു മാതൃകാ കയർ ഗ്രാമം ഒരുക്കിയെടുക്കാനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. | മോഡൽ കയർ ഗ്രാമം പദ്ധതി നടത്തിപ്പിലേക്കായി കൊല്ലം ആലപ്പുഴ പ്രോജക്ടുകൾക്ക് 29 ലക്ഷം രൂപ വീതം യഥാക്രമം അനുവദിക്കുകയുണ്ടായി.എന്നാൽ ടി തുക പദ്ധതി നടത്തിപ്പിന് വിനിയോഗിക്കുവാൻ കഴിയാതെ വന്നതിനെത്തുടർന്ന് കൊല്ലം പ്രോജക്ടിനു നൽകിയ തുകയിൽ 29 ലക്ഷം രൂപയും പലിശയും ഉൾപ്പെടെ 39,79,245/- രൂപ 1-10-2014-ൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയും ആലപ്പുഴ പ്രോജക്ടിനു ടി പദ്ധതിക്കായി അനുവദിച്ച 29 ലക്ഷം രൂപയും പലിശയും ഉൾപ്പെടെ 43,86,346/- രൂപ 13-3-2017-ൽ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുമുണ്ട്. അനുവദിച്ച തുകയും പലിശയും പൂർണ്ണമായും സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ അടിസ്ഥാനത്തിൽ മോഡൽ കയർ ഗ്രാമം സ്ഥാപിക്കൽ പദ്ധതി അവസാനിപ്പിച്ചിട്ടുണ്ട്. |
| 12 | 13/9 | 109 | (എ) സംസ്ഥാനത്ത് സൗരോർജ്ജ പാനലുകൾ നിർമ്മിക്കാൻ കൊറിയൻ കമ്പനിയുമായി കെ.എസ്.ഐ.ഡി.സി. ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;<br>(ഡി) ഇത് സംബന്ധിച്ച സാദ്ധ്യതാ | കൊറിയൻ കമ്പനി ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ താല്പര്യം കാണിക്കാത്തതിനാൽ സാധ്യതാപഠനത്തിനുശേഷം പദ്ധതിയ്ക്ക് പുരോഗതിയൊന്നും ഇല്ല. |

| | | | | |
|---|---|---|---|---|
| | | | പഠനവും വിപണന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?<br>ഉറപ്പ് - എ) ഉണ്ട്. സൗരോർജ്ജത്തിന്റെ അവസരങ്ങൾ സംസ്ഥാനത്ത് പ്രയോജനപ്പെടുത്തുന്നതിനായി സോളാർ സെൽ നിർമ്മാണ സാമഗ്രികൾ വികസിപ്പിക്കുകയും ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്ന കൊറിയൻ കമ്പനിയായ ജ്രൂസൂങ്ങ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡുമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സോളാർ സെൽ ആന്റ് മൊഡ്യൂൾ മാനുഫാക്ചറിങ്ങ് സംരംഭ ത്തിനുള്ള ധാരണാ പത്രം 2013 ഏപ്രിൽ 24-ാം തീയതി ഒപ്പുവച്ചു.<br>(ബി) ടി ധാരണ പ്രകാരം പദ്ധതിയുടെ സാധ്യതകൾ വിശകലനം ചെയ്യുന്നതിനായി സാധ്യതാ പഠനം നടത്തുന്നതാണ്. കെ.എസ്.ഐ.ഡി.സി. പദ്ധതിയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്. സാധ്യതാ | |

| | | | | |
|---|---|---|---|---|
| | | | പഠന റിപ്പോർട്ട് അനുകൂലമാണെങ്കിൽ സംയുക്ത സംരംഭത്തിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും, വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതുമാണ്.<br>(ഡി) ഈ പദ്ധതിയുടെ സാധ്യതാ പഠനത്തിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും അവർ അതിന്റെ കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതു പരിശോധിച്ച ശേഷം വിപണന പദ്ധതി ആവിഷ്കരിക്കുന്നതിനായി ആവശ്യമുള്ള പഠനം നടത്തുന്നതാണ്. | |
| 13 | 13/10 | 35 | കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ FACT- ന്റെ പുനരുദ്ധാരണത്തിന് ഇതെല്ലാം നടപടികളാണ് സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്?<br>ഉറപ്പ് - FACT എന്ന സ്ഥാപനത്തിന്റെ ഉന്നമനത്തിനായി കക്ഷിഭേദമന്യേ ഉള്ള കൂട്ടായ പ്രവർത്തനം വേണം. | "കൊച്ചിയിലെ ഫാക്ടിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും തമ്മിൽ 20-12-2017-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടി-ന്റെ അധീനതയിലുള്ള 481.79 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ |

| | | | | |
|---|---|---|---|---|
| | | | ഇതിനായി ഒരു നല്ല Financial Package നടപ്പിലാക്കുവാൻ വേണ്ടി ഗവ. ഉറച്ച നിലപാടെടുക്കുമെന്ന് സഭക്ക് ഉറപ്പു നല്കുന്നു. | ഉദ്ദേശിക്കുന്നത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധന സമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഭൂമി കൈമാറ്റം സംബന്ധിച്ച് അന്തിമ തീരുമാനം കേന്ദ്ര ക്യാബിനറ്റിന്റെ പരിഗണനയിലാണ്. ഭൂമി കൈമാറ്റത്തിലൂടെ ലഭിക്കുന്ന തുക ഫാക്ട് ന്റെ ഉന്നമത്തിനായി ഉപയോഗിക്കണമെന്നാണ് ധാരണ ." |
| 14 | 13/10 | 84 | (എ) 2013-14 വർഷത്തിൽ 'ഇൻകം സപ്പോർട്ട് സ്കീം' പ്രകാരം ഖാദി മേഖലയ്ക്ക് എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തൊഴിലാളികൾക്ക് എന്തു തുക വിതരണം ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?<br>ഉറപ്പ് - 2013-14 വർഷത്തിൽ 'ഇൻകം സപ്പോർട്ട് സ്കീം' പ്രകാരം ഖാദി മേഖലയ്ക്ക് 18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുക ലഭിച്ചാലുടൻ വിതരണം ചെയ്യുന്നതാണ്. | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിലുള്ള 14 പ്രോജക്ടുകളിലേയും 25 സ്ഥാപനങ്ങളിലേയും ഉൾപ്പെടെ 4254 ഖാദി തൊഴിലാളികൾക്ക് 2013-14 സാമ്പത്തിക വർഷം "ഇൻകം സപ്പോർട്ട് സ്കീം" പ്രകാരം മിനിമം വേതനയിനത്തിൽ 18 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| 15 | 13/10 | 117 | ഗെയിലന്റെ ഭൂഗർഭ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ മെഷിന റികൾ സ്ഥാപിക്കുന്നതിനാവശ്യമായ മെഷിനറികൾ കൊണ്ടുവന്നിട്ട് മാസ ങ്ങൾ കഴിഞ്ഞിട്ടും പ്രവർത്തനങ്ങൾ മന്ദ | എറണാകുളം ജില്ലയിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി കേന്ദ്ര പെട്രോളിയം ആന്റ് നാച്ച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ അനുമതിയോടെ ഇൻഡ്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നടപ്പിലാക്കിവരുന്നു. |

| | | | | |
|---|---|---|---|---|
| | | | ഗതിയിലാണ് നടക്കുന്നത്. കൊച്ചിയിൽ നിന്ന് മംഗലാപുരത്തേക്ക് ഗ്യാസ് പൈപ്പ് ലൈൻ ഭൂമിക്കടിയിൽക്കൂടി കടന്ന് പോയാൽ മാത്രം കേരളത്തിന് ഒരു വർഷം 1000 കോടി രൂപ വാറ്റ്ഇനത്തിൽ ലഭിക്കും. ആയതിനാൽ ഈ വിഷയത്തിൽ ശക്തമായി ഇടപെടുമോ?<br>ഉറപ്പ് - അതത് പ്രദേശങ്ങളിലെ എം.എൽ.എ മാരെയും എം.പി.മാരെയും വിളിച്ചുകൂട്ടി അവരുടെ സഹകരണത്തോടെ എത്രയും വേഗം ഇതിന് ഒരു തീരുമാന മുണ്ടാകും. | |
| 16 | 13/11 | 03 | (എ) ഈ സർക്കാരിൻറെ കാലത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;<br>ഉറപ്പ് - 2012 സെപ്റ്റംബർ 12 മുതൽ 16 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി | കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിനും, കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി 2012 സെപ്റ്റംബർ 12 മുതൽ 14 വരെ മുൻ സർക്കാർ എമർജിംഗ് കേരള സംഗമം കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിരുന്നു.കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി പുറം ലോകത്തിനു മുന്നിൽ അവതരിപ്പിക്കുവാനും, നിക്ഷേപ സാധ്യതകൾ |

| | | | | |
|---|---|---|---|---|
| | | | ലഭിച്ച 177 പദ്ധതി നിർദ്ദേശങ്ങളിൽ വ്യവസായ വകുപ്പിനു കീഴിൽ വന്ന 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു | വർദ്ധിപ്പിക്കുവാനും ഈ സംഗമത്തിലൂടെ സാധിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മ പദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുകയെന്നതും എമർജിംഗ് കേരളയിലൂടെ സാധ്യമായിരുന്നു.<br>2012- ൽ നടന്ന എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി ലഭിച്ച പദ്ധതി നിർദ്ദേശങ്ങൾ സംഗമത്തിനു ശേഷം അതത് വകുപ്പുകളിലേക്ക് തുടർന്നുള്ള നടപടികൾക്കായി നൽകിയിട്ടുണ്ട്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ മാത്രമാണ് കെ.എസ്.ഐ.ഡി.സി.-യുടെ മേൽനോട്ടത്തിലുണ്ടായിരുന്നത്.<br>വ്യവസായ വകുപ്പിനു കീഴിൽ നിലവിലുള്ള 14 പദ്ധതികളിൽ 5 പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 9 പദ്ധതികൾ പുരോഗമിച്ചു വരുന്നു. |
| 17 | 13/11 | 31 | (എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ആധുനിക വൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | നിലവിലുള്ള സൾഫ്യൂറിക് ആസിഡ് പ്ളാന്റിന്റെ നവീകരണത്തിനായി 2016-17 സാമ്പത്തിക വർഷം 5 കോടി രൂപയും 2017-18 വർഷം 5 കേടി രൂപയും സർക്കാർ അനുവദിച്ചു. നവീകരണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ നിലവിലുള്ള പ്ലാന്റിന്റെ ആധുനിക വൽക്കരണവും വിപുലീകരണവും കോപ്പറാസ് റിക്കവറി പ്ലാന്റിന്റെ പൂർത്തീകരണം, ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡൈ-ഓക്സൈഡിന്റെ ഉൽപ്പാദനം എന്നിവ സംബന്ധിച്ച് കമ്പനി സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. | ലിമിറ്റഡിന്റെ മലിനീകരണ നിയന്ത്രണ പദ്ധതിയായ കോപ്പറാസ് റിക്കവറി പ്ളാന്റിന്റെ പൂർത്തീകരണത്തിനും മറ്റ് നവീകരണ പദ്ധതിയായ ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡിന്റെ ഉല്പാദനം ആരംഭിക്കുന്നതിനും 21.8 കോടി രൂപ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. |
| 18 | 13/11 | 35 | കേരളത്തിലെ ഏറ്റവും വലിയ പൊതു മേഘലാ സ്ഥാപനമായ FACT-ന്റെ പുനരുധാരണത്തിന് ഏതെല്ലാം നടപടികളാണ് സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്?<br>ഉറപ്പ് - ഉണ്ട്. പൊതുവിതരണ സംവിധാനത്തിൽ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കാനും ഭക്ഷ്യ ധാന്യങ്ങൾ സർക്കാർ സംവിധാ നത്തിലൂടെ എഫ്.സി. ഐ.യിൽ | കൊച്ചിയിലെ ഫാക്ടിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും തമ്മിൽ 20-12-2017-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 481.79 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധന സമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഭൂമി കൈമാറ്റം സംബന്ധിച്ച് അന്തിമ തീരുമാനം കേന്ദ്ര ക്യാബിനറ്റിന്റെ പരിഗണനയിലാണ്. ഭൂമി |

| | | | | |
|---|---|---|---|---|
| | | | നിന്നും റേഷൻകടകളിൽ എത്തിക്കാനും ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (E-PoS) സംവിധാനം ഏർപ്പെടുത്തുകയും ടി ഉപകരണത്തിലൂടെ ഉപഭോക്താക്കളുടെ ബയോമെട്രിക് പരിശോധന നടത്തി യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിക്ക പ്പെട്ടിട്ടുള്ള ഭക്ഷ്യ ധാന്യങ്ങൾ റേഷൻകടകൾ വഴി ലഭ്യമാക്കുകയും ചെയ്യുന്നതാണ്. കൂടാതെ ഉപഭോക്താ ക്കൾക്കായി സുതാര്യമായ പരാതി പരിഹാര സംവിധാനവും ഒരുക്കുന്നുണ്ട്. | കൈമാറ്റത്തിലൂടെ ലഭിക്കുന്ന തുക ഫാക്ട്-ന്റെ ഉന്നമത്തിനായി ഉപയോഗിക്കണമെന്നാണ് ധാരണ |
| 19 | 13/12 | 05 | സി) ഖാദി തൊഴിലാളികളുടെ കൂലി/ പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിലുള്ള കുടിശ്ശിക തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - 2014-15 വർഷത്തേയ്ക്ക് ആകെ വകയിരുത്തിയ 22 കോടി രൂപയിൽ | 2014-15 വർഷത്തേക്ക് ആകെ വകയിരുത്തിയ 22 കോടി രൂപയിൽ 11-12-2014-ലെ സ.ഉ.(സാധ) നമ്പർ 1707/2014/തൊഴിൽ പ്രകാരം അനുവദിച്ച 11 കോടി രൂപ 6319 നൂൽപ് തൊഴിലാളികൾക്കും 4911 നെയ്ത്ത് തൊഴിലാളികൾക്കുമായി വിതരണം ചെയ്തിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | | | 11 കോടി രൂപ 11/12/2014-ലെ സ.ഉ. (ആർ.റ്റി) നമ്പർ 1707/2014/തൊഴിൽ എന്ന സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയത് ഉടൻ വിതരണം ചെയ്യുന്നതാണ്. | |
| 20 | 13/12 | 20 | (ഡി) ചകിരി ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കാമോ ?<br>ഉറപ്പ് - തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണന യിലാണ്. | തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി 05.02.2015 ലെ സ.ഉ.(കൈ)നമ്പർ 116/2015/വ്യവ പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ആവിഷ്ക്കരിച്ചിട്ടുണ്ട്. ആയത് നടപ്പിൽവരുത്തുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |
| 21 | 13/12 | 53 | ഓട് വ്യവസായം ഗുരുതരമായ പ്രതിസന്ധി നേരിടുന്ന സാഹചര്യ ത്തിൽ മുൻ തീരുമാനപ്രകാരം ഓട് നിർമ്മാണത്തിന് ആവശ്യമായ കളിമണ്ണ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ആയത് അടിയന്തിരമായി | കളിമൺ ലഭ്യതയെക്കുറിച്ച് മൈനിംഗ് & ജിയോളജി വകുപ്പും കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററും നടത്തിയ പഠനത്തിൽ തൃശ്ശൂർ ജില്ലയിൽ കളിമൺ ലഭ്യതയുള്ളതായി കണ്ടെത്തുകയും ആയതിന്റെ തുടർ നടപടികൾ സ്വീകരിക്കുവാനായി തൃശ്ശൂർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | നടപ്പാക്കാം. | കളിമൺ ലഭ്യതയുള്ള ടി സ്ഥലങ്ങളിൽ കളിമണ്ണുമായി ബന്ധപ്പെട്ട വ്യവസായം നടത്തുവാൻ താല്പര്യമുള്ളവരോട് ക്ലേ മൈനിംഗ് പെർമിറ്റിന് അപേക്ഷ നൽകുവാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് |
| 22 | 13/14 | 17 | ബി) കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാം? പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?<br>ഉറപ്പ് - ഉണ്ട്. ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ ഗതാഗത തിരക്കും ആവശ്യകതയും കണക്കി ലെടുത്ത് പ്രധാന ജംഗ്ഷനുകളിൽ ഫ്ലൈഓവറുകൾ നിർമ്മിക്കുന്നതാണ്. | ഇന്ത്യയിൽ നിന്നും തോട്ടണ്ടി ഉല്പാദകരായ വിദേശരാജ്യങ്ങളിൽ നിന്നും കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി നേരിട്ട് സംഭരിക്കുന്നതിനും വിലയ്ക്ക് വാങ്ങുന്നതിനും ഇറക്കുമതി ചെയ്യുന്നതിനും ഇറക്കുമതി ചെയ്ത തോട്ടണ്ടി സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും മൂല്യവർധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുമായി കൊല്ലം കേന്ദ്രമായി കേരളാ കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| 23 | 13/14 | 46 | (സി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് നേരിൽ മനസ്സിലാക്കാൻ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും | ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കാത്തതിനാൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | മിഡിൽ ലെവൽ എക്സിക്യൂട്ടീവുകൾക്കും അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ?<br>ഉറപ്പ് - ഈ നിർദ്ദേശം സർക്കാർ പരിഗണിക്കുന്നതാണ്. | |
| 24 | 13/15 | 15 | റാന്നി നിയോജകമണ്ഡലത്തിൽ കിൻഫ്രയുടെ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി റാന്നി എം.എൽ.എ. നിർദ്ദേശിച്ച സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി കൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?<br>ഉറപ്പ് - റാന്നി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് 100 ഏക്കർ ഭൂമി അനുയോജ്യ മാണെന്നു ബഹു. എം.എൽ.എ. അറിയിച്ചിരുന്നു. ബഹു. എം.എൽ.എ. യുടെ നിർദ്ദേശാനുസരണം അദ്ദേഹവു മായി കൂടിയാലോചിച്ച ശേഷം കിൻഫ്രയുടെ സാങ്കേതിക ടീമിനെ | റാന്നിയിൽ ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ കിൻഫ്രക്ക് അനുമതി നല്കിയിട്ടുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നതിനാൽ റാന്നിയിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന റബ്ബർ പാർക്ക് വേണ്ടെന്ന് വെയ്ക്കുവാൻ 24/7/2014-ൽ തീരുമാനിക്കുക യുണ്ടായി.<br>എന്നാൽ പത്തനംതിട്ട ജില്ലയിൽ മണിയാറിൽ 1000 ഏക്കർ ഭൂമി വ്യവസായ പാർക്ക് നിർമ്മിക്കുവാൻ ലഭ്യമാണെന്ന് ബന്ധപ്പെട്ട എം.എൽ.എ. അറിയിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ നടത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | നിർദ്ദിഷ്ട ഭൂമി പരിശോധിക്കു ന്നതിനായി അയയ്ക്കുന്നതാണ്. സാങ്കേതിക ടീമിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിൻഫ്ര തുടർനടപടികൾ സ്വീകരിക്കു ന്നതാണ്. | |
| 25 | 14/01 | 25 | എ) മാവൂരിൽ ഗ്വാളിയർ റയൊൺസ് പ്രവർത്തിച്ചിരുന്ന സ്ഥലം ഇപ്പോൾ വെറുതെ കിടക്കുകയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) മാവൂരിൽ ഗ്വാളിയർ റയൊൺസ് പ്രവർത്തിച്ചിരുന്ന സ്ഥലം കോഴിക്കോട് കോമൺവെൽത്ത് മാതൃകയിൽ നിയമ നിർമ്മാണത്തിലൂടെ ഏറ്റെടുക്കാൻ സർക്കാർ തയ്യാറാവുമോ?<br>ഉറപ്പ് - എ) ഉണ്ട്<br>ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലാണ്. പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. | മാവൂരിൽ ഗ്വാളിയർ റയോൺസ് കമ്പനി പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ ഏറ്റെടുത്ത് നല്കിയിരുന്ന സ്ഥലം, കമ്പനി പ്രവർത്തനം നിർത്തിയിരുന്നതിനാൽ തിരിച്ചെടുക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി 10-10-2017 - ലെ സ.ഉ.(എം.എസ്.)97/2017/വ്യവ. പ്രകാരം ഉത്തരവിറക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ WP(C) 33103/17 ഫയൽ ചെയ്യുകയും ഇതിന്മേൽ ബഹു.കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കേസ് ഇപ്പോഴും ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ് |

| | | | | |
|---|---|---|---|---|
| 26 | 14/01 | 57 | കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ:<br>ഉറപ്പ് - പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും അടിസ്ഥാന വേതനവും ഉറപ്പാക്കും. ഇൽപ്പാദിപ്പിക്കപ്പെടുന്ന കയറും കയറുല്പന്നങ്ങളും പൂർണ്ണമായും കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവ വഴി സമാഹരിക്കും. നിശ്ചയിക്കപ്പെടുന്ന ക്രയവില നൽകിയാവും ഇവ സംഭരിക്കുക. ഇങ്ങനെ സംഭരിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ കയർ കോർപ്പറേഷനും കയർഫെഡിനും വരുന്ന നഷ്ടം സർക്കാർ നികത്തും.<br>ii) ഇതിനായി കയർ മേഖലയുടെ വിഹിതം ഗണ്യമായി ഉയർത്തും.<br>iii)പരമ്പരാഗത തൊഴിലാളികളെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സത്വര ആധുനികവത്ക്ക | കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുവാൻ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് തൊണ്ടു സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുന:സംഘടനയിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കിയിരിക്കുന്നത്.<br>പരമ്പരാഗത കയർതൊഴിലാളി മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തനമൂലധനം / അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം നൽകുന്നു. |

| | | | | |
|---|---|---|---|---|
| | | | രണത്തിന് നടപടി സ്വീകരിക്കും.<br>iv) ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. | 2. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ)/ മാർജിൻമണി വായ്പ നൽകുന്നു.സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകി വരുന്നു.<br>3. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎം ഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>4.. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>5.. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>6. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br>7. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>8.. പരമ്പരാഗത കയർപിരി / ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br>9. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 10. യന്ത്രവൽകരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നുണ്ട്.<br>11.കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും പൂർണ്ണമായും കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ വഴി സമാഹരിക്കും, നിശ്ചയിക്കപ്പെടുന്ന ക്രയവില നൽകിയാകും ഇവ സംഭരിക്കുക. ഇങ്ങനെ സംഭരിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ കയർ കോർപ്പറേഷനും, കയർഫെഡിനും വരുന്ന നഷ്ടം സർക്കാർ നികത്തുന്നുണ്ട്.<br>ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും പൂർണ്ണമായും കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ വഴി സമാഹരിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ അനുവദിച്ച തുക |

| | | | | |
|---|---|---|---|---|
| | | | | ചുവടെ ചേർക്കുന്നു.<br>2016-17<br>കയർഫെഡ് - 21,38,00,000 രൂപ<br>കയർ കോർപ്പറേഷൻ - 55,62,00,000 രൂപ<br>ആകെ - 770,00,00,000 രൂപ<br>2017-18<br>കയർഫെഡ് - 25,40,71,758 രൂപ<br>കയർ കോർപ്പറേഷൻ - 23,29,28,242 രൂപ<br>ആകെ - 48,70,00,000 രൂപ<br>2018-19 (നാളിതുവരെ അനുവദിച്ച തുക)<br>കയർഫെഡ് - 16,93,30,834 രൂപ<br>കയർ കോർപ്പറേഷൻ -20,00,00,000 രൂപ<br>ആകെ - 36,93,30,834 രൂപ<br>ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായ പങ്ക് കേരളത്തിന് തനതായി കൈവരിക്കുന്നതിനായി കയർ മേഖലയിൽ രണ്ടാം പുനഃസംഘടന സ്കീം നടപ്പാക്കിവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഉൾപ്പെടുത്തി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ |

| | | | | |
|---|---|---|---|---|
| | | | | ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെട്ടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചകിരി ഉൽപ്പാദന മേഖലയിലേക്ക് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ 25 കയർ സഹകരണ സംഘങ്ങളിൽ ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 50 ഓളം ഡി.എഫ്. മില്ലുകൾ സ്വകാര്യ മേഖലയിൽ ഡിസംബറിനകം പ്രവർത്തനം ആരംഭിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ സി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ /ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 |

| | | | | |
|---|---|---|---|---|
| | | | | ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്ന പ്രോജക്ടിൽ 1 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ചക്കിട്ടപ്പാറയിൽ പേരാമ്പ്ര നാളികേര ഉൽപ്പാദക കമ്പനിയുടെ ആഭിമുഖ്യത്തിൽ ഒരു ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ പ്രവർത്തന മാരംഭിച്ചുകഴിഞ്ഞു. വൈക്കം പ്രോജക്ടിനു കീഴിൽ 8000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 8 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചു.തൃശ്ശൂർ പ്രോജക്ടിനു കീഴിൽ 8000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 10 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചു. കയർപിരി മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ വഴി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നുണ്ട് |
| 27 | 14/04 | 51 | കേരളത്തിലെ ധാതു മണൽ ഖനനം പൊതുമേഖലയിൽ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? ഉറപ്പ് - ധാതുമണൽ പൊതുമേഖലയിൽ | കേന്ദ്ര സർക്കാർ 2016 -ലെ അറ്റോമിക് മിനറൽ കൺസഷൻ ചട്ടങ്ങളിൽ 20-2-2019- ൽ വരുത്തിയ ഭേദഗതിയോടെ ഇന്ത്യയിൽ ബീച്ച് സാന്റ് മിനറൽസിന്റെ (ധാതു മണൽ) ഖനനം പൂർണമായും |

| | | | | |
|---|---|---|---|---|
| | | | ഖനനം ചെയ്തെടുക്കാനും കേരളത്തിന്റെ വ്യവസായ വളർച്ചക്കുവേണ്ടി അത് പ്രയോജന പ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. | സർക്കാർ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ ഉള്ള കമ്പനികൾക്കോ, കോർപറേഷനുകൾക്കോ മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂ. കേന്ദ്ര സർക്കാർ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് എന്നിവയാണ് കേരളത്തിൽ ധാതു മണൽ ഖനനം നടത്തുന്നത്. ഇന്ത്യയിൽ ബീച്ച് സാന്റ് മിനറലുകളുടെ ഖനനം സർക്കാരിന്റെ നിയന്ത്രണത്തിൽ മാത്രമായി നിജപ്പെടുത്തികൊണ്ട് കേന്ദ്ര സർക്കാർ നിയമം പുറപ്പെടുവിച്ച സാഹചര്യത്തിൽ ഈ വിഷയത്തിൽ കേരള സർക്കാർ പുതിയ ഒരു തീരുമാനം കൈക്കൊള്ളേണ്ടതില്ല. |
| 28 | 14/04 | 62 | ഖനന പ്രവർത്തനങ്ങളുടെ കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ? ഉറപ്പ് - ആവശ്യമായ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി ആസൂത്രിതമായി സമഗ്ര വീക്ഷണ ത്തോടു കൂടി കടൽത്തീരത്തെ കരിമണൽ ഖനനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. | ആവശ്യമായ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി ആസൂത്രിതമായി സമഗ്ര വീക്ഷണത്തോടുകൂടി കടൽത്തീരത്തെ കരിമണൽ ഖനനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും |
| 29 | 14/04 | 63 | ഉപയോഗശൂന്യമായ ക്വാറികൾക്ക് സംരക്ഷണ മതിൽ നിർമ്മിക്കണമെന്ന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 63 പ്രകാരം ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ജില്ലാ കളക്ടർക്ക് വിനിയോഗിക്കുന്നതിനായി ക്വാറി സേഫ്റ്റി ഫണ്ട് (QSF) രൂപീകരിക്കുകയും റോയൽറ്റിയുടെ 10% |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 65 ൽ ഉപേക്ഷിക്കപ്പെട്ട ക്വാറികൾ വേലികെട്ടി സംരക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി ക്വാറി സേഫ്റ്റി ഫണ്ട് എന്ന നിലയിൽ ക്വാറി ഉടമകളിൽ നിന്നും റോയൽറ്റിയുടെ 10% തുക ഈടാക്കി ജില്ലാ കളക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ബാലാവകാശ കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് പഞ്ചായത്തുകളിൽ നിന്നും ഉപയോഗശൂന്യമായ ക്വാറികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അത്തരം ക്വാറികൾക്ക് ചുറ്റും ഫെൻസിങ് നിർമ്മിക്കുന്നതിന് സ്ഥലമുടമകൾക്ക് നിർദ്ദേശം നൽകുന്നതിനും ക്വാറികൾക്കും പാറമടകൾക്കും സമീപം അപായസൂചന നല്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. | ജില്ലാ കളക്ടറുടെ QSF അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിരുന്നു. കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ പ്രകാരം ജില്ലാ കളക്ടർ മാനേജിംഗ് ട്രസ്റ്റിയായി ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് രൂപീകൃതമായതിനാൽ ക്വാറി സേഫ്റ്റി ഫണ്ട് നിർത്തലാക്കുകയും, ടി അക്കൗണ്ടിലെ തുക ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഫണ്ടിലേയ്ക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ഖനനം മൂലം ദോഷകരമായ സ്ഥിതിവിശേഷം ഉള്ള സ്ഥലങ്ങളിൽ പ്രകൃതിയുടെ സംരക്ഷണത്തിനായും, മനുഷ്യരുടെ ഉന്നമനത്തിനുമായിട്ടാണ് ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് രൂപീകരിച്ചിരിക്കുന്നത്. ഇതിൽ ഉപേക്ഷിക്കപ്പെട്ട ക്വാറിയുടെ സുരക്ഷയും ഉൾപ്പെടുന്നുണ്ട്. ആയതിനാൽ വരും കാലങ്ങളിൽ ടി അക്കൗണ്ടിലെ തുക ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഫണ്ടിലേയ്ക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ഖനനം മൂലം ദോഷകരമായ സ്ഥിതിവിശേഷം ഉള്ള സ്ഥലങ്ങളിൽ പ്രകൃതിയുടെ സംരക്ഷണത്തിനായും, മനുഷ്യരുടെ ഉന്നമനത്തിനുമായിട്ടാണ് ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് രൂപീകരിച്ചിരിക്കുന്നത്. ഇതിൽ ഉപേക്ഷിക്കപ്പെട്ട ക്വാറിയുടെ സുരക്ഷയും ഉൾപ്പെടുന്നുണ്ട്. ആയതിനാൽ വരും കാലങ്ങളിൽ ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഫണ്ട് ഉപയോഗിച്ചും ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സംരക്ഷണം ഉറപ്പു വരുത്താൻ സാധിക്കും |

## VIII. നികുതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/2 | 29 | എ) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നവർ വഞ്ചിക്കപ്പെടാതിരിക്കാൻ പ്രത്യേക നിയമം കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ?<br>ഉറപ്പ് - സാമ്പത്തിക സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയിട്ടുള്ളവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി 'കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ്സ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്) എന്ന സമഗ്ര നിയമം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷണ നടപടികളും വ്യവസ്ഥ ചെയ്തുകൊണ്ട് കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ നിയമം 2013 നടപ്പിലാക്കിയിട്ടുണ്ട്. |
| 2 | 13/02 | 107 | കള്ള് വ്യാജമാണോ എന്ന് പരിശോധിക്കാൻ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുമോ?<br>ഉറപ്പ് - പരിക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം സോണിൽ അടിയന്തിരമായി മൊബൈൽ ലാബ് ആരംഭിക്കുന്നതാണ്. | തിരുവനന്തപുരം ജില്ലയിൽ ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് സ . ഉ .( സാധാ )നമ്പർ 144 / 2012 /നികുതി വകുപ്പ് പ്രകാരം രൂപീകരിച്ച ഉത്തരവായിട്ടുള്ളതാണ് |
| 3 | 13/02 | 174 | കള്ള് വ്യാജമാണോ എന്ന് പരിശോധിക്കാൻ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുമോ ?<br>ഉറപ്പ് - പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം സോണിൽ അടിയന്തിരമായി മൊബൈൽ ലാബ് ആരംഭിക്കുന്നതാണ്. | തിരുവനന്തപുരം ജില്ലയിൽ ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് സ . ഉ. ( സാധാ )നം 144/ 2012/നികുതി വകുപ്പ് പ്രകാരം രൂപീകരിച്ച ഉത്തരവായിട്ടുള്ളതാണ് |

| | | | | |
|---|---|---|---|---|
| 4 | 13/04 | 10 | (ഡി) എക്സൈസ് അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിനും ആവശ്യമായ ബോധനരീതി ഇവിടെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - ഉണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി സ്വീകരിക്കുന്നതിനായി ഇ-സ്റ്റാമ്പിംഗ്, ഈ-പേയ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ട്. അതിർത്തി കടന്നു വരുന്ന വാഹനങ്ങൾ കർശന പരിശോധന നടത്തുന്നതിനും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനുമായി പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളെല്ലാം സംയോജിത ചെക്ക് പോസ്റ്റുകളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ആദ്യപടിയായി അമരവിളയിൽ സംയോജിത ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് നിലവിൽ സി.സി.ടി.വി.സംവിധാനം അമരവിള ചെക്ക് പോസ്റ്റിൽ നടപ്പാക്കിയിട്ടുണ്ട്. ഇതേ സംവിധാനം മറ്റ് പ്രധാന ചെക്ക് | എക്സൈസ് അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിലും ആവശ്യമായ ബോധന രീതികൾ നടപ്പിലാക്കിയിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | | | പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു. | |
| 5 | 13/04 | 12 | ബി) ചെറുകിട ഏജന്റുമാർക്ക് ആവശ്യത്തിന് ലോട്ടറി ടിക്കറ്റ് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?<br>സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ<br>ഉറപ്പ് - ബി ) ഉണ്ട്<br>സി) 20 രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്കാണ് വിപണിയിൽ കൂടുതൽ വിൽപ്പനയെന്നതിനാൽ നിലവിൽ അച്ചടിക്കുന്ന 25 ലക്ഷത്തിൽ നിന്നും 30 ലക്ഷമായി അച്ചടി ഉയർത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. | 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്ക് ഡിമാൻഡ് കൂടുതലായതിനാൽ പ്രസ്തുത ഭാഗ്യക്കുറികളുടെ (പൗർണ്ണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി) അച്ചടി 2012 മേയ് മാസം മുതൽ 30 ലക്ഷമാക്കി വർദ്ധിപ്പിച്ചിരുന്നു. |
| 6 | 13/04 | 88 | ഡി) ഭാഗ്യക്കുറിമേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ? വ്യക്തമാക്കുമോ?<br>ഉറപ്പ് - ക്ഷേമനിധി അംഗങ്ങൾക്ക് ടിക്കറ്റ് വിൽപ്പന നടത്തുന്നതിന് മോപ്പഡ്, വികലാംഗരായ അംഗങ്ങൾക്ക് ട്രൈസൈക്കിൾ, ബങ്കുകൾ, ബീച്ച് അംബ്രല്ല എന്നിവ നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ 2000 ബീച്ച് അംബ്രല്ലകൾ ക്ഷേമനിധി അംഗങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ അംഗങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 196 മുച്ചക്രവാഹനം വിതരണം ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 1000 ബീച്ച് അംബ്രല്ലയും 101 മുച്ചക്ര വാഹനവും വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | 13/05 | 67 | ഡി) സ്വകാര്യ കുറി കമ്പനികൾ സാധാരണ ജനങ്ങളെ വ്യാജ വാഗ്ദാനങ്ങൾ പരസ്യങ്ങളിലൂടെ നൽകി ചൂഷണ വിധേയമാക്കുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - സ്വീകരിക്കുന്നതാണ് | ദി ചിറ്റ് ഫണ്ട്സ് ആക്ട്, 1982 കേരളത്തിൽ 30-4-2012-ൽ പ്രാബല്യത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടത്തപ്പെടുന്ന എല്ലാ ചിട്ടികളും രജിസ്റ്റർ ചെയ്യണമെന്നുള്ള സാഹചര്യമാണ് നിലവിലുള്ളത്. ടി ആക്ടിലെ സെക്ഷൻ 4 പ്രകാരം ചിട്ടി തുടങ്ങുന്നതിനുള്ള മുൻകൂർ അനുവാദം വാങ്ങാതെ ചിട്ടികൾ തുടങ്ങുന്നതായുള്ള നോട്ടീസുകൾ, സർക്കുലറുകൾ, പ്രോസ്പെക്ടസുകൾ തുടങ്ങിയവ പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ് എന്ന് സെക്ഷൻ 5-ൽ നിഷ്കർഷിച്ചിട്ടുണ്ട്. സെക്ഷൻ 5-ന് വിരുദ്ധമായി പരസ്യം നൽകുന്നതായി ശ്രദ്ധയിൽപ്പെടുന്ന സ്ഥാപനങ്ങൾക്കെതിരെ വകുപ്പ തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. അനുമതി ഇല്ലാതെ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള പരിശോധന കർശനമാക്കിയിട്ടുണ്ട്.<br>വ്യാജ പരസ്യങ്ങളിലൂടെയും അല്ലാതെയും നടത്തുന്ന അനധികൃത ചിട്ടികൾ നിയന്ത്രിക്കുന്നതിനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. അനുമതി ഇല്ലാതെ പ്രവർത്തിച്ചുവരുന്ന ചിട്ടികൾക്കെതിരെയുള്ള പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. അനധികൃത ചിട്ടികൾക്കെതിരെ ജാഗ്രത പാലിക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണം സംബന്ധിച്ച പരസ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | അനധികൃത ചിട്ടി സ്ഥാപനങ്ങളിൽ നടത്തുന്ന റെയ്ഡിന് പൊതുജനങ്ങൾക്കിടയിൽ വ്യാപക പ്രചരണം നൽകുന്നതിനായി ടി വിവരം പബ്ലിക് റിലേഷൻസ് വകുപ്പിനെ അറിയിക്കുകയും, ആയത് പത്ര മാധ്യമങ്ങൾ വഴി ജനങ്ങളിലെത്തിക്കുകയും ചെയ്യുന്നുണ്ട്. |
| 8 | 13/05 | 144 | കാരുണ്യ പദ്ധതി പ്രാകാരം അപേക്ഷ സമർപ്പിക്കുകയും സഹായധനം ആശു പത്രികളിൽ എത്തുന്നതിനു മുൻപ് സ്വന്തം ചെലവിൽ ചികിത്സ നടത്തുകയും ചെയ്യുന്നവർക്ക് തുക മടക്കി നൽകുന്ന കാര്യം ആലോചിക്കുമോ ?<br>ഉറപ്പ് - ഇക്കാര്യം പരിഗണനയിലാണ് | കാരുണ്യ പദ്ധതി പ്രകാരം ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ സമർപ്പിച്ചതിന് ശേഷം യഥാസമയം ചികിത്സാനുമതി ലഭിക്കുന്നതിനോ, തുക ആശുപത്രിയിൽ എത്തുന്നതിനോ കാലതാമസം വരുന്ന കേസുകളിൽ രോഗി കൈയിൽ നിന്നും ചികിത്സയ്ക്കായി ചെലവാക്കിയ തുകയ്ക്ക് ചികത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന രേഖകളും ബില്ലുകളുമനുസരിച്ച് തുക റീഇംബേഴ്സ്മെന്റായി നൽകി വരുന്നുണ്ട്. |
| 9 | 13/06 | 02 | സി) സംസ്ഥാനമാകെ, ആധാരത്തിന്റെ പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാ ക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - സംസ്ഥാനമാകെ, ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. | 012-2013 മുതൽ 2013-2014 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 9 സബ് രജിസ്ട്രാർ ഓഫീസുകളിലായി 11402 രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 10 | 13/06 | 04 | ബി) മണിചെയിൻ കമ്പനികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്,<br>സി) ജനങ്ങൾക്ക് നഷ്ടപ്പെട്ട തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ബി) മണിചെയിൻ കമ്പനികൾക്കെതിരായി രജിസ്റ്റർ ചെയ്ത കേസ്സുകളിൽ അന്വേഷണം പുരോഗമിച്ചു വരുന്നു. ടി കമ്പനികളുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതും, ആസ്തികൾ കണ്ട് കെട്ടുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br>സി) നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | കേരളത്തിലെ പണം കടം കൊടുപ്പ് ഇടപാടുകൾ സംബന്ധിച്ച നിയന്ത്രണം ലക്ഷ്യമാക്കിയാണ് Kerala Money Lenders Act 1958 നടപ്പിലാക്കിയിട്ടുള്ളത്. മണി ചെയിൻ കമ്പനികളുടെ പ്രവർത്തനം ഈ നിയമത്തിൻ കീഴിൽ വരാത്തതിനാൽ ചരക്കു സേവന നികുതി വകുപ്പിന് മണി ചെയിൻ കമ്പനികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് കഴിയുന്നതല്ല. മണി ചെയിൻ കമ്പനികളുടെ പ്രവർത്തനങ്ങളിൽ Prize Chits and Money Circulation Schemes Act 1978 പ്രകാരം രജിസ്ട്രേഷൻ വകുപ്പിനും സാമൂഹ്യ വിരുദ്ധ പ്രവർത്തനമെന്ന രീതിയിൽ പോലീസ് വകുപ്പിനും നിയമനടപടികൾ സ്വീകരിക്കാവുന്നതാണ് |
| 11 | 13/06 | 18 | നികുതി ചോർച്ച തടയുന്നതിന് എല്ലാ വ്യാപാരികൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ<br><br>ഉറപ്പ് - തീർച്ചയായും നടപടികളുണ്ടാവും | വ്യാപാരികൾ സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്നതിനായി 'പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹനം' എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടായി. ഏപ്രിൽ 1, 2013 മുതൽ സെപ്റ്റംബർ 30, 2013 വരെയുണ്ടായിരുന്ന ഈ പദ്ധതിയുടെ കാലാവധി കേരള ധനകര്യനിയമം 2014 പ്രകാരം ആഗസ്റ്റ് 31, 2014 വരെ ദീർഘിപ്പിച്ചിരുന്നു. ഇതനുസരിച്ച് 1255 വ്യപാരികൾ രജിസ്ട്രേഷൻ എടുക്കുകയുണ്ടായി. കൂടാതെ, സ്ട്രീറ്റ് സർവ്വേകൾ നടത്തിയും രജിസ്ട്രേഷൻ |

| | | | | |
|---|---|---|---|---|
| | | | | ബാധ്യതയുള്ളവരെ കണ്ടെത്തി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. 2014-15-ൽ കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികളുടെ എണ്ണം 2,00,345 ആണ്. നടപടികളുടെ ഫലമായി 2015-16-ൽ ഇത് 2,23,570 ഉം 2016-17-ൽ 2,51,075 ആയി ഉയർന്നിട്ടുണ്ട് |
| 12 | 13/06 | 44 | ഏല്ലാ ചെക്പോസ്റ്റുകളിലും സി.സി.റ്റി. വി. സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?<br>ഉറപ്പ് - വാളയാറിൽ സി.സി.റ്റി.വി. നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.ഇത് പൂർത്ത്ിയാകുന്ന മുറയ്ക്ക് മറ്റു ചെക്പോസ്റ്റുകളിലും സി.സി.റ്റി.വി. സംവിധാനം ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് | രാജ്യത്താകമാനം ചരക്ക് സേവന നികുതി നിയമം നടപ്പിലായ സാഹചര്യത്തിൽ ചെക്ക്പോസ്റ്റുകളിൽ ചരക്കുപരിശോധന നടത്തുന്നതിന് സംസ്ഥാന നികുതി വകുപ്പിന് നിയമപരമായ അധികാരം ഇല്ല എങ്കിലും ചരക്ക് നീക്കം നിരീക്ഷിക്കുന്നതിന് പാലക്കാട് ജില്ലയിലെ വിവിധ റോഡുകളിലും ബൈറൂട്ടുകളിലും ഉൾപ്പടെ 36 പോയിന്റുകളിൽ സർവൈലൻസ് ക്യാമറ സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 13 | 13/08 | 69 | (എ)വാണിജ്യനികുതി വകുപ്പിൽ അഴിമതി നിർമ്മാർജ്ജനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br>ഉറപ്പ് - വാണിജ്യനികുതി വകുപ്പിൽ അഴിമതി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നിലവിൽ | വാണിജ്യ നികുതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ 36 പോയിന്റുകളിൽ ആധുനിക ക്യാമറകൾ സ്ഥാപിച്ച് സർവൈലൻസ് ഉറപ്പുവരുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 1-7-2017 പ്രാബല്യത്തിൽ ജി.എസ്.ടി നിലവിൽ വന്നതിനാൽ ചെക്ക്പോസ്റ്റുകളിൽ വാണിജ്യനികുതി |

| | | | | |
|---|---|---|---|---|
| | | | CCTV സംവിധാനം അമരവിള ചെക്ക് പോസ്റ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്.ഇതേ സംവിധാനം മറ്റ് പ്രധാന ചെക്ക്പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.അമരവിള ചെക്ക് പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റായി പരിവർത്തനം ചെയ്തു.മറ്റ് പ്റധാന ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റാക്കാൻ ഉദ്ദേശിക്കുന്നു. | വകുപ്പിന് നിയമപരമായി പ്രവർത്തിക്കുന്നതിനുള്ള സാധ്യത ഇല്ല. ആയതിനാൽ സംയുക്ത ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ വകുപ്പായി എക്സൈസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 14 | 13/08 | 70 | (എ)കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>ഉറപ്പ് - 1.കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സ ലഭ്യമാക്കുന്ന രോഗങ്ങളുടെ വിഭാഗത്തിൽ ഗുരുതരമായ നട്ടെല്ല്, സുഷുമ്ന നാഡീരോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ എന്നിവയ്ക്ക് കൂടി ധനസഹായം നൽകുന്ന കാര്യം പരിഗണിച്ചു വരുന്നു.<br>2.നിലവിൽ 48 സ്വകാര്യ ആശുപത്രികളെയാണ് ഈ പദ്ധതിയിലേക്ക് അക്റഡിറ്റ് ചെയ്തിട്ടുള്ളത്.കൂടുതൽ സ്പെഷ്യലിസ്റ്റ് ആശുപത്റികളെ ഈ പദ്ധതിയിലേക്ക് | 29-5-2018 -ലെ GO(Rt)No.1739/2018/H& FWD. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (KASP) ലയിപ്പിച്ചതിനെത്തുടർന്ന് 3-7-2019 മുതൽ കാരുണ്യ ബനവലന്റ് ഫണ്ടിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. പദ്ധതി കൈമാറ്റത്തിന്റെ ഭാഗമായി 1-9-2020 മുതൽ കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരമുള്ള ചികിത്സ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം നടത്തുന്നതിന് 16-6-2020-ലെ GO(MS)54/2020/Taxes പ്രകാരം ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല. |

| | | | | |
|---|---|---|---|---|
| | | | അക്രഡിറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.<br>4.ആവശ്യമായ സ്ഥലസൌകര്യവും വിദഗ്ധ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ലഭ്യമായിട്ടുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ/ താലൂക്ക് ആശുപത്രികളിലും കാരുണ്യ ഡയാലിസിസ് സെൻറർ എന്ന പേരിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിന് തീരുമാനി ച്ചിട്ടുണ്ട്.<br>5.സ്ഥലസൌകര്യമോ കെട്ടിടങ്ങളോ ലഭ്യമാക്കുന്ന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്ത് രോഗികൾക്കും കൂട്ടിരിപ്പികാർക്കും കുറഞ്ഞ ചെലവിൽ താമസ സൌകര്യം ലഭ്യമാക്കുന്നതിന് കാരുണ്യ ഹോം തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. | |
| 15 | 13/09 | 53 | (ബി) വിവിധ പെയിൻ പാലിയേറ്റീവ് സൊസൈറ്റികളിൽ രജിസ്റ്റർ ചെയ്ത രോഗികൾക്ക് കൂടി കാരുണ്യ ഫണ്ടിൽ നിന്നും ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;<br>(സി) എങ്കിൽ അതിനായി പ്രത്യേക ഉത്തരവിറക്കുമോ; വിശദമാക്കുമോ? | പാലിയേറ്റീവ് കെയറിന് അപേക്ഷ നൽകുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളൊന്നും ഇതുവരെ അപേക്ഷ നൽകിയിട്ടില്ല. പാലിയേറ്റീവ് കെയർ ആവശ്യമുള്ള കാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട് |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - ബി) നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹമായ എല്ലാ പെയിൻ പാലിയേറ്റീവ് സൊസൈറ്റികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികൾക്കും കാരുണ്യ ബെനവലെന്റ് ഫണ്ടിൽനിന്നും ചികിത്സാ ധനസഹായം ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.<br>(സി) കാരുണ്യ ബെനവലെന്റ് ഫണ്ടിൽ പാലിയേറ്റീവ് കെയർ വിഭാഗത്തിൽ ധനസഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സംസ്ഥാന കമ്മിറ്റി യുടെ അനുമതിയോടുകൂടി ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതാണ്. | |
| 16 | 13/9 | 103 | (എ) സംസ്ഥാനത്ത് സമഗ്ര മദ്യനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു?<br>ഉറപ്പ് - പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായ ശേഷം ആയത് സർക്കാർ വിശദമായി പരിശോധിച്ച് സമഗ്രമായ മദ്യനയം രൂപീകരിക്കുന്നതാണ്. | 23-1-2013-ലെ ജി.ഒ.(എം.എസ്)12/2013/ നി.വ. ഉത്തരവ് പ്രകാരം, സമഗ്രമദ്യനയം രൂപീകരിക്കു ന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് റിട്ട:ഹൈക്കോടതി ജഡ്ജ് ശ്രീ.എം.രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിക്കുകയും, പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് 2014-15 വർഷത്തെ മദ്യനയം 22-8-2014-ലെ ജി.ഒ.(എം.എസ്)139/2014/നി.വ. പ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 17 | 13/10 | 21 | (ബി)കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ നിലവിൽ നല്കിവരുന്ന തുകകൾ വർദ്ധിപ്പിക്കുകയും കൂടുതൽ സ്വകാര്യ ആശുപത്രികളെ പ്രസ്തുത പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും, മാനസിക വൈകല്യമുള്ള രോഗികളെ പുനരധിവസിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി ഉണ്ടാകുമോ;വിശദാംശം ലഭ്യമാക്കുമോ?<br>ഉറപ്പ് - കാരുണ്യ പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണ ഭോക്താക്കൾക്ക് ചികിൽസ നൽകുന്നതിന് തയ്യാറായി വന്നിട്ടുള്ള കൂടുതൽ സ്വകാര്യ ആശുപത്രികളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് | കാരുണ്യ പദ്ധതി പാക്കേജുകളും നിരക്കുകളും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിന് തയ്യാറായി വന്നിട്ടുള്ള 15 സർക്കാരിതര ആശുപത്രികളെയും 17 സ്വകാര്യ ഡയാലിസിസ് സെന്ററുകളെയും കൂടി പദ്ധതി പ്രകാരം അക്രഡിറ്റ് ചെയ്തിട്ടുണ്ട് |
| 18 | 13/10 | 82 | (എ) സംസ്ഥാനത്ത് പുതിയ ഭാഗ്യക്കുറി ഏജൻസികൾ അനുവദിക്കുന്നത് നിർത്തി വെച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br>(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?<br>ഉറപ്പ് - കുറഞ്ഞ മുഖവിലയുള്ള ഭാഗ്യക്കുറികൾ, നിലവിലുള്ള ഏജന്റുമാർക്ക് നൽകാൻ തികയാത്ത സാഹചര്യത്തിൽ | സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി KBPS പ്രസ്സിന് പുതിയ ലോട്ടറി അച്ചടി യന്ത്രം വാങ്ങുന്നതിനുള്ള വായ്പയായി 6 കോടി രൂപ അനുവദിക്കുകയും പുതിയ അച്ചടി യന്ത്രം വാങ്ങി അച്ചടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. KBPS പ്രസ്സിൽ അച്ചടിച്ചിരുന്ന സ്ത്രീശക്തി ഭാഗ്യക്കുറിയുടെ ടിക്കറ്റുകൾ അച്ചടി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം C- |

| | | | | |
|---|---|---|---|---|
| | | | ഭാഗ്യക്കുറികളുടെ അച്ചടി വർദ്ധിപ്പിക്കുന്നതു വരെ പുതിയ ഏജൻസി അനുവദിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഭാഗ്യക്കുറിയുടെ വർദ്ധിച്ച ആവശ്യകത കണക്കിലെടുത്ത് അച്ചടി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനായി കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് പുതിയ ലോട്ടറി ടിക്കറ്റ് അച്ചടി മെഷീൻ വാങ്ങുന്നതിനായി 6 കോടി രൂപയുടെ വായ്പ അനുവദിക്കുന്നതിനുള്ള നടപടികളും സർക്കാർ പ്രസ്സുകളിൽ ടിക്കറ്റ് അച്ചടി പുനരാരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ടിക്കറ്റിന്റെ അച്ചടി വർദ്ധിപ്പിച്ചതിനു ശേഷം പുതിയ ഏജൻസി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. | APT പ്രസ്സിന് കൈമാറുകയും അച്ചടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും അച്ചടി വർദ്ധിപ്പിച്ചിട്ടുണ്ട്. പുതുതായി ഏജൻസിക്ക് അപേക്ഷിക്കുന്നവർക്കെല്ലാം ഏജൻസി നൽകി വരുന്നുമുണ്ട്. |
| 19 | 13/10 | 109 | മയക്കുമരുന്ന് ചെറിയ അളവിൽ കൈവശം വയ്ക്കുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - ഇക്കാര്യത്തിൽ പുതിയ നിയമനിർമ്മാണം നടത്തുന്നത് ഗൗരവമായി പരിശോധിക്കുന്നതാണ് | 1985- ലെ കേന്ദ്ര നിയമമായ The Narcotic Drugs and Psychotropic Substances Act (61 of 1985) ലെ 37-ാം വകുപ്പ് പ്രകാരം കഞ്ചാവ് ചെറിയ അളവിൽ (ഒരു കി.ഗ്രാമിൽ താഴെയാണെങ്കിൽ) കൈവശം വയ്ക്കുന്നത് ജാമ്യം ലഭിക്കുന്ന കുറ്റകൃത്യങ്ങളുടെ പട്ടികയിൽപ്പെടുന്നതും കൂടാതെ ഇത്തരം കേസുകളിൽ പരമാവധി ശിക്ഷ 6 മാസം |

| | | | | |
|---|---|---|---|---|
| | | | | വരെ തടവോ 10,000/- രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ എന്ന് നിജപ്പെടുത്തിയിട്ടുള്ളതുമാണ് . ഇത് ഒരു കിലോഗ്രാം വരെ കഞ്ചാവ് സൂക്ഷിച്ച് വച്ചതിന് പിടിയ്ക്കപ്പെട്ടാൽ പോലും പ്രതികൾക്ക് ഉടൻ തന്നെ ജാമ്യം കിട്ടുന്ന സാഹചര്യം നിലവിലുണ്ട്, ഇത് ടി കേസ്സുകളിൽപ്പെടുന്ന സംഘങ്ങൾക്ക് സഹായകരമാകുന്ന എന്നുള്ളത് വസ്തുതയാണ്. ഇപ്രകാരം ജാമ്യത്തിൽ ഇറങ്ങുന്നവർ തുടർന്നും ഇതേ കുറ്റകൃത്യം ആവർത്തിക്കുന്നുമുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിന് കഞ്ചാവ്, ഹാഷിഷ്, ഹെറോയിൻ, ഓപിയം തുടങ്ങിയ മയക്കുമരുന്നുകൾ കൈവശം വയ്ക്കുന്ന അളവ് പുനർനിർണ്ണയിച്ച് പ്രസ്തുത ആക്റ്റിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും, ടി ആക്റ്റ് കേന്ദ്ര നിയമം ആയതിനാൽ NDPS Act-ൽ ഭേദഗതി വരുത്തുന്നതിന് 1-7-2014-ന് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. |
| 20 | 13/11 | 151 | കെ.എസ്.എഫ്.ഇ.യുടെ ഈ വർഷത്തെ ലക്ഷ്യവും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ?<br>ഉറപ്പ് - എല്ലാ പഞ്ചായത്തുകളിലും ശാഖകൾ തുടങ്ങുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി പുതിയ ശാഖകൾ | ബഡ്ജറ്റ് നിർദ്ദേശപ്രകാരം ഇതുവരെ 143 ശാഖകൾ പുതുതായി ആരംഭിച്ചു. ചിട്ടി ബിസിനസ്സ് 380 കോടി ലക്ഷ്യമിട്ട സ്ഥാനത്ത് 407 കോടി രൂപയുടെ നേട്ടം കൈവരിച്ചു. വായ്പാ പദ്ധതികൾക്കായി 4500 കോടി രൂപ ലക്ഷ്യമിട്ട സ്ഥാനത്ത് 4033 കോടി രൂപയുടെ വായ്പ നൽകാൻ കഴിഞ്ഞു. കോർ ആപ്ലിക്കേഷൻ |

| | | | | |
|---|---|---|---|---|
| | | | തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ ചിട്ടിക്കാരുടെ ചൂഷണത്തിൽനിന്നും പൊതുജനങ്ങളെ സംരക്ഷിക്കുന്നതിനായി കെ.എസ്.എഫ്.ഇ. രണ്ട് സവിശേഷ ചിട്ടി പദ്ധതികളിലൂടെ 380 കോടി രൂപയുടെ ചിട്ടികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. സ്വർണ്ണ പണയ വായ്പ, ഭവന വായ്പ, വ്യക്തിഗത വായ്പ, ന്യൂ ചിട്ടി ലോൺ തുടങ്ങിയ പദ്ധതികളിലായി 4500 കോടി രൂപ മിതമായ പലിശനിരക്കിൽ വായ്പയായി നൽകുവാൻ ഉദ്ദേശിക്കുന്നു. എല്ലാ ശാഖകളെയും ഒരു സെൻട്രൽ സെർവറുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള കോർ ആപ്ലിക്കേഷൻ സൊല്യൂഷൻ ഈ വർഷം തന്നെ നടപ്പാക്കും. കെ.എസ്.എഫ്.ഇ .യുടെ എല്ലാ ശാഖകളെയും ഇതുമൂലം ബന്ധിപ്പിക്കാനാവും. ഇത് സ്ഥാപനത്തിന്റെ കർമ്മശേഷി വർദ്ധിപ്പി ക്കുന്നതിനും ഉപഭോക്താക്കൾക്ക് കൂടുതൽ സേവനം നൽകുന്നതിനും സഹായിക്കും. | സോഫ്റ്റ്‌വെയർ ഫോർ ബിസിനസ്സ് അക്കൗണ്ടിംഗ് (CASBA) യുടെ സഹായത്തോടെ എല്ലാ ശാഖകളെയും മേഖലാ ഓഫീസും കേന്ദ്ര ഓഫീസും തമ്മിൽ ബന്ധിപ്പിച്ച് ഇടപാടുകാർക്ക് ഏതു ശാഖയിൽ നിന്നും മറ്റൊരു ശാഖയിലേയ്ക്കുള്ള പണമിടപാട് നടത്താൻ കഴിയും. ആകെയുള്ള 568 ശാഖകളിൽ 324 എണ്ണത്തിൽ CASBA Migration പൂർത്തിയായിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 21 | 13/11 | 155 | കേരളത്തിലേയ്ക്ക് ചെക്ക് പോസ്റ്റു വഴി വരുന്ന ചരക്കുകളുടെ കൃത്യമായ കണക്ക് ഓൺലൈനിൽ പറഞ്ഞിരിക്കുന്നത് ശരിയാണോ എന്നുനോക്കുന്നതിന് ഒരു സംവിധാനമില്ലെങ്കിൽ വലിയ നികുതി ചോർച്ചയുണ്ടാകും. അതുകൊണ്ട് അടിയന്തരമായി ചെക്ക് പോസ്റ്റുകളിൽ സ്കാനിംഗ് മെഷീൻ സ്ഥാപിക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ ?<br>ഉറപ്പ് - സ്കാൻ മെഷീൻ സ്ഥാപിക്കാൻ നടപടി എടുക്കുന്നതാണ്. | ചരക്ക് സേവന നികുതി നിയമം രാജ്യത്താകമാനം നടപ്പിലാക്കിയ സാഹചര്യത്തിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് ചെക്കുപോസ്റ്റുകൾ പ്രവർത്തിക്കുന്നതിനോ സ്കാനിംഗ് മെഷീനുകൾ തുടങ്ങിയവ സ്ഥാപിച്ച് ചരക്ക് പരിശോധനകൾ നടത്തുന്നതിനോ ഇപ്പോൾ നിയമപരമായ അധികാരമില്ല.അതിനാൽ ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നോഡൽ ഡിപ്പാർട്ട്മെന്റായി എക്സൈസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 22 | 13/14 | 20 | (എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?<br>ഉറപ്പ് - സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. | സംസ്ഥാനത്ത് 24-5-2017 തീയതി മുതൽ ഇ-സ്റ്റാമ്പിംഗ് പദ്ധതി പ്രാബല്യത്തിൽ വരികയുണ്ടായി. ഇപ്പോൾ 1 ലക്ഷം രൂപയിൽ കൂടുതൽ മുദ്രവില ആവശ്യമായി വരുന്ന ആധാരങ്ങൾക്കാണ് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. |
| 23 | 13/14 | 111 | സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്ന് സഹകരണ സംഘങ്ങളെ ഒഴിവാക്കുന്ന മുൻപുള്ള കീഴ് വഴക്കം തുടരുന്നതിന് ഇടപെടൽ നടത്തുമോ ?<br>ഉറപ്പ് - പരിശോധിച്ച് നടപടി സ്വീകരിക്കാം. | 8-10-1960-ലെ G.O(Ms)No.795/60/Agri നമ്പർ ഉത്തരവ് പ്രകാരമാണ് സഹകരണ സ്ഥാപനങ്ങൾക്ക് ബിസിനസ്സ് ആവശ്യങ്ങൾക്ക് മുദ്രവിലയിൽ ഇളവ് അനുവദിച്ചിരുന്നത്. എന്നാൽ ടി ഉത്തരവ് പ്രകാരം മുദ്രവിലയിൽ ഇളവ് അനുവദിക്കുന്ന വിഷയം ഇപ്പോൾ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 24 | 14/01 | 43 | (സി) കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരം ഏതു മാസം മുതലുള്ള തുകയാണ് റീഫണ്ട് നൽകുവാൻ ബാക്കിയുള്ള തെന്നറിയിക്കാമോ; വിശദാംശം നൽകുമോ ? ഉറപ്പ് - 2015 ജൂലൈയ് മാസത്തിനു ശേഷമുള്ള അപേക്ഷകളിൽ ഗവൺമെന്റ് മെഡിക്കൽ കോളേജ് ഒഴികെയുള്ള ആശുപത്രികളിലെ അപേക്ഷകളിന്മേൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്. | സർക്കാർ/സഹകരണ/ത്രിതല ആശുപത്രികളിലെ അപേക്ഷകളിന്മേൽ ആവശ്യമായ രേഖകൾ സഹിതം 2018 സെപ്റ്റംബർ മാസം വരെ ലഭിച്ചിട്ടുള്ള അർഹമായ അപേക്ഷകളിൽ റീഇംബേഴ്സ്മെന്റ് തുക അനുവദിച്ചിട്ടുണ്ട്. ചികിത്സാ രേഖകൾ അപൂർണ്ണമായ അപേക്ഷകളിൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകർക്ക് കത്ത് നൽകിയിട്ടുണ്ട്. ചികിത്സാ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് താമസം കൂടാതെ റീഇംബേഴ്സ്മെന്റ് തുക അനുവദിച്ച് വരുന്നുണ്ട്. |
| 25 | 14/02 | 11 | കാരുണ്യ ചികിത്സ പദ്ധതിയിൽ ഏതൊക്കെ രോഗങ്ങളുടെ ചികിത്സയ്ക്കാണ് സാമ്പത്തിക സഹായം നൽകുന്നതെന്നും കൂടുതൽ രോഗങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വിശദമാക്കാമോ? ഉറപ്പ് - ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം, ഹീമോഫീലിയ എന്നീ രോഗങ്ങളുടെ ചികിത്സ, ശ്വാസകോശം, നട്ടെല്ല്, സുഷുമ്നനാഡി എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങളുടെ ചികിത്സ, കരൾ, തലച്ചോർ | 29-5-2018 -ലെ GO(Rt)No.1739/2018/H& FWD. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (KASP) ലയിപ്പിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിയ്ക്കാൻ നിർവ്വാഹമില്ല. |

| | | | | |
|---|---|---|---|---|
| | | | എന്നിവയുടെ സർജ്ജറി എന്നിവയ്ക്കാണ് നിലവിൽ ചികിത്സാ ധനസഹായം നൽകുന്നത്. കൂടുതൽ രോഗങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. | |
| 26 | 14/04 | 50 | (ബി) ചരക്ക് സേവന നികുതി നടപ്പിൽ വരുമ്പോൾ സംസ്ഥാനത്ത് നിരോധിച്ച ലോട്ടറികൾ തിരികെ വരുന്ന സാഹചര്യമുണ്ടാകുമോ;<br>(ഡി) ലോട്ടറി മേഖലയെ ഈപ്രതിസന്ധിയിൽ നിന്ന് രക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>ഉറപ്പ് - ഈ സാഹചര്യം ഒഴിവാക്കുന്നതി നായി സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാരപരിധിയിൽ നിന്നുകൊണ്ടുള്ള ഒരു പുതിയ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. | സംസ്ഥാന ലോട്ടറി ഉൾപ്പെടെ ഇതര സംസ്ഥാന ലോട്ടറികളുടെ നടത്തിപ്പ് റെഗുലേറ്റ് ചെയ്യുവാനായി നികുതി വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുള്ളതും നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയ്ക്കും മോണിറ്ററിംങ്ങിനും വിധേയമായി മാത്രമേ കേരളത്തിനുള്ളിൽ ലോട്ടറി നടത്തുവാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്ത് കൊണ്ടുമുള്ള കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ)റൂൾ ഭേദഗതി 28-4-2018-ലെ ജി.ഒ.(പി) നമ്പർ.66/2018/TD, SRO.No.255/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 27 | 14/07 | 15 | (ബി) ഉൽപ്പന്നങ്ങളിൽ അച്ചടിച്ചിരിക്കുന്ന പഴയ നികുതി ഉൾപ്പെടുന്ന പരമാവധി വിൽപ്പന വില (എം.ആർ.പി)ക്ക് മേൽ വീണ്ടും വ്യാപാരികൾ ജി.എസ്.ടി. ചുമത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നികുതിക്ക് മേൽ നികുതി ഒഴിവാക്കി ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണം എന്ന വ്യവസ്ഥയോടെ ആണ് ജി.എസ്.ടി. നിയമം രാജ്യത്തു നടപ്പിലാക്കിയതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ |

| | | | | |
|---|---|---|---|---|
| | | | (സി) എം.ആർ.പി.യിൽ കൂടുതൽ ഒരു കാരണവശാലും വില ഈടാക്കരുതെന്ന ചട്ടത്തിന് വിരുദ്ധമാണ് വ്യാപാരികളുടെ ഈ നടപടി എന്ന് കരുതുന്നുണ്ടോ;<br>(ഡി) കൂടാതെ നികുതിക്കു മേൽ നികുതി പാടില്ലെന്ന ജി.എസ്.ടി.യുടെ പ്രാഥമിക ലക്ഷ്യത്തിനും ഇത്തരം നടപടികൾ വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ;<br>ഉറപ്പ് - എം.ആർ.പി.യിൽ അധികരിച്ച വില ഈടാക്കുന്നത് നിയമവിരുദ്ധമാണ്. ഇത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കും. | ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ല എന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിനായി ജി.എസ്.ടി. നിയമം 171-ാം വകുപ്പ് പ്രകാരം ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റി കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. അതിനോടനുബന്ധിച്ച് സംസ്ഥാനതലത്തിലുള്ള ആന്റി പ്രോഫിറ്റിയറിങ് സ്ക്രീനിംഗ് കമ്മിറ്റി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിലെ ജോയിന്റ് കമ്മീഷണറും (അഡീഷണൽ കമ്മീഷണർ), കേന്ദ്ര ചരക്കു സേവന നികുതി വകുപ്പിലെ ജോയിന്റ് കമ്മീഷണറും ഉൾപ്പെടുന്നതാണ് സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി. അമിത വില ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി പരിശോധിക്കുകയും കഴമ്പുണ്ടെന്ന് കാണുന്നപക്ഷം തുടർനടപടികൾക്കായി കേന്ദ്ര ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്യും. ഇത് സംബന്ധിച്ച് പരിശോധന നടത്തി തീരുമാനം എടുക്കേണ്ടത് കേന്ദ്ര ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റി ആണ്.<br>തുടക്കത്തിൽ അമിത വില ഈടാക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതി ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന |

| | | | | |
|---|---|---|---|---|
| | | | | ചരക്കു സേവന നികുതി വകുപ്പ് തന്നെ നിത്യോപയോഗ സാധനങ്ങളുടെയും മറ്റു ചരക്കുകളുടെയും വിലനിലവാരത്തിൽ ജി.എസ്.ടി.ക്കു മുൻപും ജി.എസ്.ടി. വന്നതിനുശേഷവും ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്തതായി കണ്ട നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും ചില്ലറ വ്യാപാരികളുടെയും വിശദവിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിക്കു സമർപ്പിക്കുകയും ചെയ്തു. സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും ജി.എസ്.ടി. യുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയില്ലെന്നു കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരം കേന്ദ്ര ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റിയെ തുടർനടപടികൾക്കായി അറിയിക്കുകയും ചെയ്തു. ഇത്തരം കേസുകളിൽ കേന്ദ്ര ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റി പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഇത് കൂടാതെ അമിതവില ഈടാക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പിന്നീട് ലഭിച്ച പരാതികളും സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചു തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

## IX. ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 71 | ക്രിമിനൽ പശ്ചാത്തലവും ഷെയ്ഡി ക്യാരക്റ്റേഴ്സുമായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഷനും ട്രാൻസ്ഫറും ചെയ്യുന്നതൊഴിവാക്കി ലോ ആൻഡ് ഓർഡർ സംവിധാനത്തിൽ നിന്നും മാറ്റി നിർത്താനുള്ള നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - പ്രസ്തുത നിർദ്ദേശം പരിഗണിക്കാം | പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ കഴിയുന്നത്ര ടി ഉദ്യോഗസ്ഥരുടെ പ്രസ്തുത സ്ഥാനം അലങ്കരിക്കുന്നതിനുള്ള യോഗ്യത വിലയിരുത്തിയാണ് അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നത്. അല്ലാത്ത സ്വഭാവക്കാരെ മേല്പറഞ്ഞ സ്ഥാനങ്ങളിലേയ്ക്ക് സാധാരണ ഗതിയിൽ പരിഗണിക്കാറില്ല. |
| 2 | 13/02 | 119 | (എ) സാധാരണ ജനങ്ങൾക്ക് ചെലവ് കുറഞ്ഞ രീതിയിലും, വേഗത്തിലും നീതി ലഭിക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് പുതുതായി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ് - ഗവണ്മെന്റ് കക്ഷിയായ വ്യവഹാരങ്ങളുടെ എണ്ണം കുറയ്ക്കാനും വ്യവഹാരങ്ങളുടെ ശരാശരി കാലപ്പഴക്കം 15 വർഷത്തിൽ നിന്നും 3 വർഷമാക്കാൻ വേണ്ടി ഉത്തരവാദിത്വത്തോടെയുള്ള വ്യവഹാരം നടത്തിപ്പിനും സമഗ്രവും സംയോജികവും സമയബന്ധിതവുമായ കേസ് നടത്തിപ്പിനും | കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് തുക വിനിയോഗിച്ച് സംസ്ഥാനത്ത് 27 താൽക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ ആരംഭിച്ചിട്ടുണ്ട്. 30 ഗ്രാമന്യായലയങ്ങളും ആരംഭിക്കാനുള്ള ഭരണാനുമതി സർക്കാർ നൽകുകയും ഇത് പ്രകാരം 30 ഗ്രാമകോടതികളും ഇപ്പോൾ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. കേസുകളുടെ എണ്ണം കുറയ്ക്കാനും, വേഗത്തിലുള്ള നീതി ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് സിവിൽ |

| | | | | |
|---|---|---|---|---|
| | | | മേൽനോട്ടത്തിനും ലക്ഷ്യമിടുന്ന ഒരു വ്യവഹാര നയം മന്ത്രിസഭ അംഗീകരിക്കുകയുണ്ടായി. ക്ഷേമ നിയമങ്ങൾക്കും സാമൂഹ്യ പരിഷ്കരണത്തിനും ദുർബ്ബല വിഭാഗങ്ങൾക്കും സഹായം ആവശ്യമുള്ള മറ്റ് വിഭാഗങ്ങൾക്കും കേസ് നടത്തിപ്പിൽ മുൻഗണന നൽകുന്നതിന് പ്രാധാന്യം കൊടുക്കുന്നതിനും പ്രസ്തുത വ്യവഹാര നയം ലക്ഷ്യമിടുന്നു. എന്നാൽ പ്രസ്തുത വ്യവഹാര നയത്തിന് കൂടുതൽ വ്യക്തതയ്ക്കു വേണ്ടി അഡ്വക്കേറ്റ് ജനറലിന്റെയും ഹൈക്കോടതിയുടെയും അഭിപ്രായത്തിനായി നൽകിയിരിക്കുകയാണ്.<br>വേഗത്തിൽ കേസ് തീർപ്പാക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി അടുത്ത കാലത്തായി കുറെയധികം നടപടികൾ എടുത്തു കഴിഞ്ഞു.സംസ്ഥാനത്ത് 74 സായാഹ്ന കോടതികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അവയിൽ 3 എണ്ണം പ്രവർത്തിച്ചു തുടങ്ങി. അതുപോലെ 60 ഗ്രാമന്യായാലയങ്ങളും സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മീഡിയേഷൻ സെൻററുകൾ സ്ഥാപിച്ച് | കോടതികൾക്ക് വേണ്ടി കേസ് ഫ്ലോ മാനേജ്മെന്റ് റൂൾസ് നടപ്പാക്കുന്നതിനായി ഹൈക്കോടതിയുടെ ശുപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 31-12-2014- ലെ സ.ഉ.(കൈ) 269/2014/ആഭ്യന്തരം പ്രകാരം കേരള സിവിൽ കോർട്ട്(കേസ് ഫ്ലോ മാനേജ്മെന്റ്) റൂൾ 2014 സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ആൾട്ടർനേറ്റീവ് ഡീസ്പ്യൂട്ട് റിഡ്രസൽ സംവിധാനം ശക്തിപ്പടുത്തും. വിവിധ കേസുകൾ വേഗത്തിൽ പരസ്പരം ധാരണാടിസ്ഥാനത്തിൽ ഈ സെൻററുകൾ വഴി തീർപ്പാക്കാൻ സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു. എല്ലാ ജില്ലകളിലും മീഡിയേറ്റർമാർക്ക് പരിശീലനം നൽകിത്തുടങ്ങിയിട്ടുണ്ട്.<br>കേസ് വേഗത്തിൽ തീർപ്പാക്കുക എന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാനത്തെ സിവിൽ കോടതികൾക്കു വേണ്ടി' കേസ് ഫ്ളോ മാനേജ്മെന്റ് റൂൾസ് നടപ്പാക്കാൻ ഹൈക്കോടതി തീരുമാനിച്ചിട്ടുണ്ട്.പ്രസ്തുത റൂൾ സർക്കാരിൻറെ പരിഗണനയിലാണ്. ക്രിമിനൽ കോടതികൾക്കായി ഇത്തരത്തിൽ ഒരു റൂൾ ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്.<br>മേൽ പരാമർശിച്ചതു കൂടാതെ സംസ്ഥാനത്ത് വിവിധ കോടതികളും ട്രിബ്യൂണലുകളും സ്ഥാപിക്കുവാൻ ഹൈക്കോടതി നിർദ്ദേശിക്കുകയും അവയെല്ലാം സർക്കാർ പുറപ്പെടുവിച്ചിരുന്ന പുതിയ കോടതികളുടെയും ട്രൈബ്യൂണലുകളുടെയും മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായും | |

| | | | | |
|---|---|---|---|---|
| | | | നടപ്പിലാക്കുന്നതു വഴി കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കുറയ്ക്കുവാനും, വേഗത്തിലുള്ള നീതി ഉറപ്പാക്കാനും,നീതിന്യായ വ്യവസ്ഥയിൽ സമൂല പരിവർത്തനം ഉണ്ടാക്കാനും സാധിക്കും . മനുഷ്യാവകാശ സംരക്ഷണം ലക്ഷ്യമാക്കി സാധാരണ ജനങ്ങൾക്ക് ചിലവ് കുറഞ്ഞ രീതിയിലും വേഗത്തിലും നീതി ലഭിക്കുന്നതിന് പര്യാപതമായ രീതിയിലാണ് നിലവിൽ മനുഷ്യാവകാശ കമ്മീഷൻ പ്രവർത്തിച്ചു വരുന്നത്. കൂടാതെ ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനക്കാർക്കും സ്ത്രീകൾ, കുട്ടികൾ,തുടങ്ങി മറ്റ് അർഹരായ പലർക്കും സൗജന്യമായി കോടതികളിൽ വ്യവഹാരം നടത്തുന്നതിന് നിലവിൽ ലീഗൽ സർവ്വീസ്സ് അതോറിറ്റികളിൽ മാർഗ്ഗമുണ്ട്. ഇത് തുടരാൻ ഉദ്ദേശിക്കുന്നു. | |
| 3 | 13/04 | 83 | എ) പോലീസ് സ്റ്റേഷനുകളിൽ നടപടി എടുക്കേണ്ട പരാതികൾ ഫ്രണ്ട്സ് സേവന കേന്ദ്രം വഴി സ്വീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ? ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? സി) | (എ) & (ബി) പോലീസ് സ്റ്റേഷനുകളിൽ നടപടി എടുക്കേണ്ടതായ പരാതികൾ തിരുവനന്തപുരത്തുള്ള ഫ്രണ്ട്സ് സേവനകേന്ദ്രം വഴി സ്വീകരിച്ചു വരുന്നുണ്ട്. (സി) Crime & Criminal Tracking Network and Systems (CCTNS) പ്രോജക്ടിന്റെ ഭാഗമായി |

| | | | | |
|---|---|---|---|---|
| | | | പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ കൂടുതൽ ഐ ടി അധിഷ്ഠിത മാർഗ്ഗങ്ങൾ സ്വീകരിക്കാൻ നടപടി കൈക്കൊള്ളുമോ ?<br>ഉറപ്പ് - എ) നടപടി സ്വീകരിച്ചു വരുന്നു<br>ബി) ജനസേവനകേന്ദ്രങ്ങൾ വഴി ലഭിക്കുന്ന പരാതികൾ ഇ- മെയിൽ മുഖേന പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനമാണ് ഐ ടി. മിഷനുമായി ചേർന്ന് ആവിഷ്കരിച്ച് വരുന്നത്.<br>സി) നടപടി സ്വീകരിച്ചുവരുന്നു. | പോലീസ് സ്റ്റേഷനുകളിൽ നടപടി എടുക്കേണ്ടതായ പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനും / നടപടി സ്വീകരിക്കുന്നതിനുമുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി ഇപ്രകാരമാണ്.<br>1) 522 പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത ആപ്ലിക്കേഷന്റെ ഭാഗമായി ജനറൽ ഡയറി, FIR എന്നീ മൊഡ്യൂളുകൾ നടപ്പിലാക്കി കഴിഞ്ഞു.<br>2) സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം പ്രസിദ്ധീകരിക്കാവുന്ന എഫ്, ഐ.ആറുകൾ സിറ്റിസൺ പോർട്ടലായ തുണ വഴി പബ്ലിഷ് ചെയ്തു വരുന്നു.<br>3) എല്ലാ ഐ.ഐ.എഫ്. ഫോമുകളും കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള മറ്റ് ഫോമുകളും സി.സി.ടി.എൻ.എസ്.-എൽ രേഖപ്പെടുത്തി വരുന്നു.<br>4. സിറ്റിസൺ പോർട്ടൽ തുണ (THUNA-The Handu Need for Assistance) സി.സി.ടി.എൻ.എസ് പ്രോജക്ടിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിലേക്കും മറ്റ് ഇതര പോലീസ് ഓഫീസുകളുമായും ബന്ധപ്പെടുത്തുന്നതിനായി കേരള പോലീസിന്റെ |

| | | | | |
|---|---|---|---|---|
| | | | | സിറ്റിസൺ പോർട്ടൽ നിലവിൽ പ്രവർത്തനക്ഷമമാണ്. സിറ്റിസൺ പോർട്ടൽ ഉപയോഗിക്കുന്നതുവഴി പൊതുജനങ്ങൾക്ക് ഓരോ കാര്യത്തിനായി പല തവണ പോലീസ് സ്റ്റേഷനുകലെ സമീപിക്കുന്നത് ഒഴിവാക്കാവുന്നതാണ്.<br>5) ഡാറ്റാ ഡിജിറ്റൈസേഷനും മൈഗ്രേഷനും- (Data Digitization) സംസ്ഥാനത്ത് 15-ഓളം കേന്ദ്രങ്ങളിലായി ഡേറ്റാ ഡിജിറ്റൈസേഷൻ പ്രവർത്തികൾ പൂർത്തിയാക്കി, ഡിജിറ്റൈസ് ചെയ്യേണ്ട 10.22 ലക്ഷം കേസ് ഫയലുകൾ ഡിജിറ്റൈസ് ചെയ്ത് ഡേറ്റാ ബെയിസിലേക്ക് മൈഗ്രേറ്റ് ചെയ്തു.<br>6) സോഫ്റ്റ്‌വെയർ പരിഷ്കരണം (CAS-Customization): കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ (CAS) സംസ്ഥാനത്തെ ഡാറ്റാ സെന്ററിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. |
| 4 | 13/07 | 24 | എ) ക്രമസമാധാന പരിപാലനത്തിനായി സംസ്ഥാനത്തൊട്ടാകെ നിരീക്ഷണ ക്യാമറ | സംസ്ഥാനത്തെ വാഹനത്തിരക്കുള്ള ജംഗ്ഷനുകൾ, പ്രധാന റോഡുകളിലെ അപകട |

| | | | | |
|---|---|---|---|---|
| | | | നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ,<br>സി) പ്രസ്തുത സംവിധാനം എവിടെയെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്,വിശദമാക്കുമോ?<br>ഉറപ്പ് - സംസ്ഥാനത്ത് എല്ലായിടത്തും പ്രത്യേകിച്ച് വാഹനത്തിരക്കുള്ള ജംഗ്ഷനുകൾ, പ്രധാന റോഡുകളിലെ അപകടസാധ്യതയുള്ള മേഖലകൾ എന്നിവിടങ്ങളിലാണ് പ്രസ്തുത നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത്. ആധുനികവൽക്കരണത്തിൻറെ ഭാഗമായി സെക്യൂരിറ്റി ക്യാമറകൾ വാങ്ങി തിരുവനന്തപുരം സിറ്റി,കൊല്ലം സിറ്റി,കൊച്ചി സിറ്റി,ത്റശ്ശൂർ സിറ്റി,കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യകതയനുസരിച്ച് ഇവ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. | സാദ്ധ്യതയുള്ള മേഖലകൾ എന്നിവിടങ്ങളിൽ ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റ് കെൽട്രോൺ ഹൈടെക് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിന്റെ കീഴിൽ 100 ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിച്ചുവരുന്നുണ്ട്. കൂടാതെ പ്രധാന വാഹന ബാഹുല്യമുള്ള പ്രദേശങ്ങളിൽ പോലീസ് കൺട്രോൾ റൂമുകളുടെ കീഴിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |
| 5 | 13/07 | 38 | ഡി) ജയിലുകളിലെ മൊബൈൽ ഉപയോഗം ഒഴിവാക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?<br>ഉറപ്പ് - ജയിലുകളിൽ തടവുകാർ അനധികൃത മായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് തടയുന്നതിനായി ജയിലുകളിൽ നിരന്തരം പരിശോധനകൽ കർശനമായി നടത്തി വരുന്നുണ്ട്. തടവുകാരെ കൂടുതൽ പാർപ്പിച്ചിട്ടുള്ള | ജയിലുകളിൽ തടവുകാരുടെ അനധികൃതമായ മൊബൈൽ ഫോൺ ഉപയോഗം തടയുന്നതിനായി മൊബൈൽ ജാമറുകൾ സ്ഥാപിച്ചിരുന്നു. എന്നാൽ മൊബൈൽ സാങ്കേതിക വിദ്യയിൽ അനുദിനമുണ്ടാകുന്ന മാറ്റങ്ങൾ കാരണം 3G, വൈഫൈ തുടങ്ങിയ നൂതന സാങ്കേതിക വിദ്യയിലുള്ള മൊബൈൽ സിഗ്നലുകളെ തടയുന്നതിന് പ്രസ്തുത ജാമറുകൾ ഫലപ്രദമല്ല. സാങ്കേതിക വിദ്യാ |

| | | | | |
|---|---|---|---|---|
| | | | ജയിലുകളിൽ മൊബൈൽ ജാമറുകൾ സ്ഥാപിക്കാൻ ജയിൽ വകുപ്പ് ആലോചിച്ചു വരികയാണ്. | മാറ്റങ്ങൾക്കനുസൃതമായി വൻതുക മുടക്കി ജാമറുകൾ മാറ്റി സ്ഥാപിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ജയിലുകളിൽ കർശനമായ പരിശോധനയും, നിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജയിലിനുള്ളിൽ തടവുകാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി കൂടുതൽ തടവുകാരെ പാർപ്പിച്ചിട്ടുള്ള സെൻട്രൽ ജയിലുകളിലും (തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ) മൂന്ന് ജില്ലാ ജയിലുകളിലും (തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്) സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ടി ജയിലുകളിൽ തടവുകാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ടോ എന്നത് സി.സി.ടി.വി. ക്യാമറകൾ മുഖേന നിരീക്ഷിച്ചുവരുന്നുണ്ട്. കൂടുതൽ ജയിലുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 6 | 13/07 | 37 | സി. പോലീസിന്റെ ആധുനികവൽക്കരണത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? വിശദമാക്കുമോ?<br><br>ഉറപ്പ് - പോലീസ് വകുപ്പിലെ അഡ്മിനിസ്ട്രേഷൻ വിംഗിൽ ഇ-ഗവേണൻസ് നടപ്പിൽ | പോലീസ് വകുപ്പിലെ ഭരണസംബന്ധമായ ഫയലുകൾ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റത്തിൽ (IAPS) ചെയ്തുവരുന്നു. കൂടാതെ സ്റ്റോർ പർച്ചേസ് ആന്റ് ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം, ക്യാഷ് മാനേജ്മെന്റ് സിസ്റ്റം, റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം, സ്ട്രെങ്ത് |

| | | | | |
|---|---|---|---|---|
| | | | വരുത്തുന്നതിൻറെ ഭാഗമായി കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു. തപാൽ സ്വീകരിക്കൽ, ഫയൽ സമർപ്പിക്കൽ, പോലീസ് വകുപ്പിനകത്തുള്ള വിവരങ്ങളും സന്ദേശങ്ങളും അയക്കൽ, സ്റ്റോർ പർച്ചേസ് സംബന്ധമായ നടപടിക്രമങ്ങൾ, പെറ്റീഷൻ മാനേജ്മെന്റ് തുടങ്ങിയവ കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു.. കമ്മ്യൂണിറ്റി പോലീസിംഗ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എന്നിവ വ്യാപകമാക്കി വരുന്നു. സർവ്വയലൻസ് ക്യാമറകൾ ഉപയോഗപ്പെടുത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള മാർഗങ്ങളും സ്വീകരിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുന്നതിന് വിവിധ സംവിധാനങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഐ.സി.ടി എനേബിൾഡ് ഹെൽപ് ഡെസ്കുകളിൽ കൂടി ഏത് പോലീസ് സ്റ്റേഷനെ സംബന്ധിച്ച പരാതിയും എപ്പോൾ വേണമെങ്കിലും ആർക്കും നൽകാവുന്നതാണ്. പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ടച്ച് സ്ക്രീൻ കിയോസ്കുകൾ വഴി പോലീസ് സംബന്ധമായ വിവരങ്ങളും ഫയൽ സംബന്ധമായ വിവരങ്ങളും അറിയുവാൻ കഴിയുന്നതിനുള്ള | മാനേജ്മെന്റ് സിസ്റ്റം, ഡ്യൂട്ടി മാനേജ്മെന്റ് സിസ്റ്റം, ഡേ ഓഫ് അലവൻസ് മാനേജ്മെന്റ് സിസ്റ്റം, മോട്ടോർ വെഹിക്കിൾ അഡ്മിനിസ്ട്രേഷൻ മെയ്ന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം, പ്രൈവറ്റ് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം, അസറ്റ് മാനേജ്മെന്റ് സിസ്റ്റം, സാലറി റിക്കവറി മാനേജ്മെന്റ് സിസ്റ്റം, കെ.പി.ഡബ്യു & എ ഫണ്ട് മാനേജ്മെന്റ് സിസ്റ്റം തുടങ്ങി പുതിയ പല മോഡ്യൂകളും ഉൾപ്പെടുത്തി വിപുലമാക്കുകയും പോലീസ് വകുപ്പിനും ജീവനക്കാർക്കും മേലുദ്യോഗസ്ഥർക്കും ജനങ്ങൾക്കും വളരെ ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഫയൽ സംബന്ധമായ വിവരങ്ങൾ ഐ.സി.ടി. എനേബിൾസ് സിറ്റിസൺ ഹെൽപ്പ് ഡസ്ക് മുഖേന ലഭ്യമാക്കുന്നുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 38 പോലീസ് സ്റ്റേഷനുകളിലും 2017-18 സാമ്പത്തിക വർഷത്തിൽ 100 പോലീസ് സ്റ്റേഷനുകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. സ്റ്റുഡന്റ്സ് |

| | | | | |
|---|---|---|---|---|
| | | | സംവിധാനം ഉടൻ തന്നെ നടപ്പിൽ വരുത്തുന്നതാണ്. | പോലീസ് കേഡറ്റ് പദ്ധതി നിലവിൽ സർക്കാർ, സർക്കാർ എയ്ഡഡ്, സ്വകാര്യ സ്കൂളുകൾ ഉൾപ്പെടെ 574 സ്കൂളുകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം മുതൽ 100 സർക്കാർ സ്കൂളുകളിൽ വീതം ഓരോ വർഷവും ടി പദ്ധതി നടപ്പിലാക്കുന്നത് ആരംഭിച്ചിട്ടുണ്ട്. |
| 7 | 13/07 | 53 | ബി) പോലീസ് വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് മറ്റ് സർക്കാർ വകുപ്പുകളിലേക്ക് പോയവർക്ക് കേരള പോലീസ് ട്രെയിനിംഗ് സർവ്വീസായി പരിഗണിച്ചുകൊണ്ടുള്ള ഉത്തരവ് ആനുകൂല്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ സ്വീകരിക്കുമോ? ഉറപ്പ് - ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. | പോലീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കി നിരവധി വർഷം സേനയിൽ ജോലി ചെയ്തതിനു ശേഷം മറ്റു സർക്കാർ സർവ്വീസുകളിലേയ്ക്ക് റിലീവ് ചെയ്ത് പോയവർക്ക് പോലീസ് പരിശീലന കാലം സർവ്വീസായി പരിഗണിച്ചു കൊണ്ട് 23-5-2016-ലെ സ.ഉ. (എം.എസ്) നം. 160/2016/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 8 | 13/07 | 77 | ഹൈക്കോടതിയിൽ വിചാരണ കാത്തു കിടക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമ / പീഡന കേസുകൾ എത്രയാണ്; അവയുടെ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുമോ; ഉറപ്പ് - കൃത്യമായ നമ്പർ ഇപ്പോൾ ഇല്ല. | 21-10-2017 തീയതി വരെ 4780 കേസുകൾ നിലവിൽ വിചാരണ കാത്ത് കിടക്കുന്നവയാണ്. |

| | | | | |
|---|---|---|---|---|
| | | | കാലതാമസം ഉണ്ടാകുന്ന എന്നകാര്യം ശരിയാണ്. ഒഴിവാക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. പുതിയ നിർദ്ദേശങ്ങൾ പരിശോധിച്ച് കൂടുതൽ കോടതികളുടെ ആവശ്യം ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | |
| 9 | 13/08 | 18 | വനിതകൾക്ക് സിവിൽ പോലീസ് ഓഫിസ് കേഡറിൽ സംവരണം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ;<br>ഉറപ്പ് - പോലീസ് സേനയിൽ വനിതകൾക്ക് 10 ശതമാനം പ്രാതിനിധ്യം വരുത്തുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | സിവിൽ പോലീസ് ഓഫീസർ കേഡറിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 380 വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികകളും 20 വനിതാ ഹവിൽദാർ തസ്തികകളും അടങ്ങുന്ന ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. പുതിയതായി സൃഷ്ടിക്കുന്ന പുരുഷ പോലീസ് കോൺസ്റ്റബിൾ തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്ന സമയത്ത് ആയതിന്റെ 15% വനിതകൾക്കായി നീക്കി വയ്ക്കുന്നുമുണ്ട്. കൂടാതെ, പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനും നിലവിൽ വനിതാ സേനാംഗങ്ങൾ അനുഭവിക്കുന്ന വിവേചനം ഇല്ലാതാക്കുന്നതിനുമായി വനിതാ പോലീസ് നയം തയ്യാറാക്കുന്നതിനു വേണ്ടി വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 10 | 13/08 | 30 | കുട്ടികൾക്കിടയിൽ സാമൂഹ്യവബോധവും അച്ചടക്കവും ഉണ്ടാക്കുന്നതിനു വേണ്ടി സ്റ്റുഡൻസ് പോലീസ് സംവിധാനം കേരളത്തിലെ എല്ലാ സ്കൂളുകളിലും ഏർപ്പെടുത്തു വാനും അവക്കുള്ള പരിശീലനം നൽകുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ;<br>ഉറപ്പ് - നിശ്ചയമായും ഏർപ്പെടുത്തും. | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുവാൻ പുതിയ സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിലവിലുണ്ട്.മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളിൽ പദ്ധതി അനുവദിച്ച് വരുന്നുണ്ട്. 2010 - 2011 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്ത് ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിൽ 743 സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്. കേഡറ്റുകളെ പരിശീലിപ്പിക്കുന്നതിന് അദ്ധ്യാപകരിൽ നിന്നും തെരെഞ്ഞെടുത്ത ഒരു വ്യക്തിയെ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും പദ്ധതി നടത്തിപ്പിനായി അഡിഷണൽ സി പി ഒ യെയും നിയമിക്കുന്നുണ്ട്. സി. പി. ഒ. യോ അഡിഷണൽ സി. പി. ഒ. യോ ഒരാൾ അദ്ധ്യാപികയായിരിക്കണം എന്നും നിബന്ധനയുണ്ട്. തെരെഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് ജില്ലാ പോലീസ് സൂപ്രണ്ട് വിദഗ്ധ പരിശീലനം നൽകുന്നു. കൂടാതെ എസ്.പി.സി. നിയമപ്രകാരം കേഡറ്റുകളെ പരിശീലിപ്പിക്കുന്നതിന് അതാത് പോലീസ് സ്റ്റേഷനിൽ നിന്നും 2 പോലീസ് ഓഫീസർമാരെ നിയമിക്കുന്നുണ്ട്. പെൺകുട്ടികൾ ഉള്ള സ്കൂളുകളിൽ ഒരാൾ വനിതാ പോലീസ് ഓഫീസർ ആയിരിക്കണം. ഒരു സ്റ്റേഷൻ പരിധിയിൽ 2-ൽ അധികം സ്കൂളുകൾ |

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ചാൽ സ്റ്റേഷനിൽനിന്നും സ്കൂളുകളിൽ ഡ്യൂട്ടിക്ക് പോകാൻ പോലീസ് ഓഫീസർമാരെ ലഭിക്കാത്ത അവസ്ഥ സംസ്ഥാന പോലീസ് മേധാവി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾ ഒരു സ്കൂളിൽ അനുവദിക്കുന്നതും, ഒരു സ്റ്റേഷൻ പരിധിയിൽ 2-ൽ അധികം യൂണിറ്റുകൾ അനുവദിക്കുന്നതും, കുറഞ്ഞത് 100 കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ യൂണിറ്റ് അനുവദിക്കുന്നതും എസ്.പി.സി. പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. എന്നിരുന്നാലും ഘട്ടം ഘട്ടമായി കൂടുതൽ സ്കൂളുകളിൽ എസ്. പി. സി. യൂണിറ്റ് അനുവദിക്കുന്നതിനായി സർക്കാർ ലക്ഷ്യമിടുന്നുണ്ട്.<br>2020-2021 അദ്ധ്യയന വർഷം ആരംഭത്തിൽ അനുവദിക്കാനായി തയ്യാറാക്കിയതും കോവിഡിന്റെ വ്യാപനത്തെത്തുടർന്ന് സ്കൂളുകളിൽ ക്ലാസ്സുകൾ പ്രവർത്തിക്കാത്തതിനാൽ മാറ്റിവച്ചതുമായ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിനുള്ള പട്ടിക പ്രസിദ്ധീകരിച്ച് വിജ്ഞാപനം ചെയ്യുവാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 11 | 13/09 | 36 | (സി) എതെല്ലാം നഗരങ്ങളിലാണ് റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? ഉറപ്പ് - തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കൊല്ലം റൂറൽ എന്നീ ജില്ലകളിലാണ് ഇപ്പോൾ ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുള്ളത്. ഇത് ഈ വർഷം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. | തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി. കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ ജില്ലകൾക്ക് പുറമേ തിരുവനന്തപുരം റൂറൽ, എറണാകുളം റൂറൽ, കോട്ടയം എന്നീ ജില്ലകളിലും റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനായി നടപടി തുടങ്ങിക്കഴിഞ്ഞു |
| 12 | 13/09 | 45 | (എ) സംസ്ഥാനത്തെ എല്ലാ പോലീസ് വാഹനങ്ങളിലും ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br>(ബി) ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?<br>ഉറപ്പ് - പോലീസ് ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നീ ജില്ലകളിലെ ചുരുക്കം ചില പോലീസ് വാഹനങ്ങളിൽ ജി.പി.എസ്.(ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൊല്ലം, തൃശ്ശൂർ സിറ്റി | ജി.പി.എസ് എനേബിൾഡ് ലോ എൻഫോഴ്സ്മെന്റ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് വാഹനങ്ങളിലും, ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ പോലീസ് വകുപ്പിന്റെ 376 വാഹനങ്ങളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കുള്ള നടപടികൾ കെൽട്രോൺ മുഖേന സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| | | | ജില്ലകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്ലോബൽ ഇൻഫർമേഷൻ സിസ്റ്റത്തിൽ അധിഷ്ഠിതമായ പോലീസ് പ്രവർത്തനങ്ങൾ (ജി.ഐ.എസ്. എനേബിൾഡ് ലോ എൻഫോഴ്സ്മെന്റ്) എന്ന പദ്ധതിയുടെ ഭാഗമായി ക്രമേണ എല്ലാ പോലീസ് വാഹനങ്ങളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. | |
| 13 | 13/10 | 11 | (ഡി) കോടതി നടപടിക്രമങ്ങളിൽ നിലവിൽ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാത്തത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും ; വ്യക്തമാക്കുമോ<br>ഉറപ്പ് - കോടതിഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതാണ്. | കീഴ് കോടതികളിലെ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി "ഹൈ ലെവൽ കമ്മിറ്റി" ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുമ്പോൾ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 14 | 13/10 | 78 | A) വളരെയധികം യാത്രാവാഹനങ്ങളും ഭാരവണ്ടികളും കടന്നുപോകുന്ന പെരുമ്പാവൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പെരുമ്പാവൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കു ന്നതാണ്. | പെരുമ്പാവൂരിൽ നിലവിലുള്ള ട്രാഫിക് യൂണിറ്റ്, ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 15 | 13/10 | 101 | (ഇ) എല്ലാ ജില്ലകളിലും ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?<br>ഉറപ്പ് - എല്ലാ ജില്ലകളിലും ഈ സംവിധാനം വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കോട്ടയം, കൊച്ചി സിറ്റി, എറണാകുളം റൂറൽ, കോഴിക്കോട് സിറ്റി എന്നീ സ്ഥലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. ടി സിസ്റ്റത്തിന്റെ കാര്യക്ഷമത വിലയിരുത്തിയ ശേഷം മറ്റ് ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| 16 | 13/10 | 114 | സോഷ്യൽ മീഡിയവഴി അപകീർത്തികരമായ പരാമർശങ്ങൾ നടത്തുന്നത് തടയാൻ ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?<br><br>ഉറപ്പ് - ഇതിനുവേണ്ടി സൈബർ സെല്ലിന്റെ പ്രവർത്തനം ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | സോഷ്യൽ മീഡിയ വഴി അപകീർത്തികരമായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിരുന്ന പരാതികളിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ നേരിട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. എന്നാൽ ബഹു. സുപ്രീം കോടതി WP(C) No.167/2012 എന്ന കേസിൽ 2015-ൽ പുറപ്പെടുവിച്ച ഉത്തരവിൽ, സെക്ഷൻ 66 A(a) (b) (c) of IT Act 2000, KP Act 2011 സെക്ഷൻ 118 (b) എന്നീ വകുപ്പുകൾ റദ്ദ് ചെയ്തിട്ടുള്ളതിനാൽ സോഷ്യൽ മീഡിയ വഴി അപകീർത്തികരമായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരാതികളിൽ നേരിട്ട് കേസ് രജിസ്റ്റർ ചെയ്യുന്നത് പ്രായോഗികമല്ല. എന്നിരുന്നാൽത്തന്നെയും |

| | | | | |
|---|---|---|---|---|
| | | | | സൈബർ പോലീസ് സ്റ്റേഷനിൽ ലഭിക്കുന്ന പരാതികളിന്മേൽ പ്രാഥമിക അന്വേഷണം നടത്തി അനുയോജ്യമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| 17 | 13/11 | 94 | (ഡി) കോടതികളുടെ സേവനം താഴെത്തട്ടിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ് - അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഹൈക്കോടതി നിർദ്ദേശം ലഭ്യമാകുന്നതനുസരിച്ച് ഗ്രാമ ന്യായാലയങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. | 1-3-2011 -ലെ സ.ഉ.(കൈ) 86/2011/ആഭ്യന്തരം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 30 ഗ്രാമ കോടതികൾ ആരംഭിക്കാനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. 30 ഗ്രാമന്യായാലങ്ങളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| 18 | 13/11 | 95 | (ഡി) ആവശ്യമായ തസ്തികകൾ അനുവദിച്ച് നെടുമങ്ങാട് കേന്ദ്രമായി പുതുതായി മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. | 17-4-2012-ലെ സ.ഉ. (കൈ)1159/2012/ ആഭ്യന്തരം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ആരംഭിക്കുന്ന MACT കോടതികളുടെ മുൻഗണനാ പട്ടികയിൽ മൂന്നാമതാണ് നെടുമങ്ങാട് MACT കോടതി. മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിലായിരിക്കും കോടതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത്. |
| 19 | 13/11 | 169 | (സി) ബഹുനില മന്ദിരങ്ങളും ഫ്ലാറ്റു സമുച്ചയങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ചട്ടങ്ങൾ കർക്കശമായി പാലിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ | ബിൽഡിംഗ് റൂളിലെ ഭേദഗതിയനുസരിച്ചും വിവിധ സംസ്ഥാനങ്ങളിലെ ഫലപ്രദമായ ആക്ട് പരിശോധിച്ചും 1962-ലെ ഫയർഫോഴ്സ് ആക്ടിൽ മാറ്റങ്ങൾ വരുത്തുകയും ആയതിന്റെ |

| | | | | |
|---|---|---|---|---|
| | | | നടത്തുവാനും അതുവഴി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്തുവാനും കഴിയുന്ന തരത്തിൽ 1962 -ലെ കേരള ഫയർഫോഴ്സ് നിയമത്തിൽ ഭേദഗതികൾ കൊണ്ടുവരാൻ തയ്യാറാകുമോ?<br>ഉറപ്പ് - 1962 -ലെ കേരള ഫയർഫോഴ്സ് ആക്ട് പരിഷ്കരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. | അടിസ്ഥാനത്തിൽ പുതുക്കിയ കരട് ഫയർ & റെസ്ക്യു സർവ്വീസസ് ബിൽ തയ്യാറാക്കി നിയമവകുപ്പിലേയ്ക്ക് അയക്കുകയും, ടി വകുപ്പ് പ്രസ്തുത ബിൽ പരിശോധിച്ച് ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയുമുണ്ടായി. ആയത് പ്രകാരം ഫയർ & റെസ്ക്യു സർവ്വീസസ് ഡയറക്ടർ ജനറൽ ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ കരട് ബിൽ, മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത് വീണ്ടും നിയമവകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. നിയമവകുപ്പിന്റെ ഉപദേശം ലഭ്യമായതിന് ശേഷം അനന്തര നടപടികൾ പൂർത്തിയാക്കി ഫയർ & റെസ്ക്യു സർവ്വീസസ് ബിൽ സഭ മുമ്പാകെ കൊണ്ടുവരുന്നതാണ്. |
| 20 | 13/12 | 45 | (സി) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആരംഭിച്ച നിർഭയ കേരള പദ്ധതി നാളിതുവരെയും നടപ്പിലാക്കിയിട്ടില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) നടപ്പിലാക്കാവുന്ന കാലതാമസത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?<br>ഉറപ്പ് - നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി പൈലറ്റ് പ്രോജക്ട് ആയി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം | സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആരംഭിച്ച നിർഭയ പദ്ധതിയുടെ ഭാഗമായി കൊല്ലം, കൊച്ചി ജില്ലകളിലായി 266-ഉം തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലായി 50 വീതം വോളന്റിയേഴ്സും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഒരു സംസ്ഥാനതല നിർഭയ പ്രോജക്ട് കമ്മിറ്റി ദക്ഷിണ മേഖലാ എ.ഡി.ജി.പി. ചെയർമാനായി രൂപീകരിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | | | ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | |
| 21 | 13/12 | 68 | പോലീസ് സ്റ്റേഷന്റെ സൈഡുകളിൽ വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതുമൂലം വളരെയേറെ ബുദ്ധിമുട്ടുകളും ട്രാഫിക് തടസ്സവുമുണ്ടാകുന്നത് പരിഹരിക്കാൻ നിയമ നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് - വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം ഗവൺമെന്റിന്റെ സത്വരമായ പരിഗണനയിലാണ്. | സംസ്ഥാനത്ത് പോലീസ് പിടിച്ചെടുക്കുകയും കണ്ടുകെട്ടുകയും ചെയ്യുന്ന വാഹനങ്ങളും മറ്റു സാമഗ്രികളും പൊതുവീഥികളിലും ഓഫീസ് പരിസരങ്ങളിലും മറ്റും കൂട്ടിയിട്ടിരിക്കുന്നത് ഉപയോഗപ്രദമായ രീതിയിൽ dispose ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 11-9-2018 തീയതിയിലെ സ.ഉ.(പി)നമ്പർ60/2018/ ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു |
| 22 | 13/12 | 71 | (എ) കാസർഗോഡ് - ഉപ്പളയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ ?<br>ഉറപ്പ് - സംസ്ഥാനത്ത് പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ അധിക ജോലിഭാരം സംബന്ധിച്ച ഒരു പഠനം നടത്തുവാൻ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം ഉപ്പളയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. | സംസ്ഥാന പോലീസ് മേധാവി തയ്യാറാക്കിയ, സംസ്ഥാനത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന 68 പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ ഉപ്പള പോലീസ് സ്റ്റേഷനും ഉൾപ്പെട്ടിട്ടുണ്ട്. ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി തലത്തിൽ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

| | | | | |
|---|---|---|---|---|
| 23 | 13/14 | 01 | (എ) സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?<br>ഉറപ്പ് - സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന ബസ്സുകൾ, വാനുകൾ, കാറുകൾ ഓട്ടോറിക്ഷകൾ എന്നിവയുടെ പരിശോധനകൾ മുമ്പത്തേക്കാളും കർശനമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വാങ്ങി ഓടിക്കുന്ന പഴയ വാഹനങ്ങളുടെ പ്രവർത്തനക്ഷമത ഗതാഗത വകുപ്പ് കർശനമായി പരിശോധിച്ചശേഷം മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരക്കേറിയതും അപകടസാദ്ധ്യത ഉള്ളതുമായ സ്കൂൾ ജംഗ്ഷനുകളിൽ രാവിലെയും വൈകിട്ടും ട്രാഫിക് കേഡറ്റ് എന്നിവരെ നിയോഗിക്കുന്നുണ്ട്. സ്കൂൾ വാഹനത്തിൽ കുട്ടികളെ കയറ്റുന്നതിനും ഇറക്കുന്നതിനും ആരോഗ്യമുള്ള ഒരു സഹായി ഉണ്ടായിരിക്കണമെന്നും, സഹായി കുട്ടികളെ വാഹനത്തിൽ നിന്നും ഇറക്കി റോഡ് കടത്തിവിടേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>റോഡ് സുരക്ഷ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നതിന് എല്ലാ സ്കൂളുകളിലും ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ച | സ്കൂൾ വാഹനങ്ങളിലും മറ്റും സഞ്ചരിക്കുന്ന കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി 19-3-2011-ലെ സർക്കുലർ പ്രകാരം (പകർപ്പ് ഉൾക്കൊള്ളിക്കുന്നു) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതും, ആയത് കർശനമായി പാലിച്ചു വരുന്നതുമാണ്. ഇതിനു പുറമേ 'ശുഭയാത്രാ' പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് ട്രാഫിക് ബോധവൽക്കരണം നൽകുന്നതിനായി ട്രാഫിക് പാർക്കുകളുടെ നിർമ്മാണത്തിനായുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും ട്രാഫിക് പാർക്കുകളുടെ നിർമ്മാണത്തിനായി കൊല്ലം, പത്തനംതിട്ട എന്നീ ജില്ലാ പോലീസ് മേധാവികൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ ട്രാഫിക് ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിച്ച് ഡ്രൈവർമാർക്ക് ഇതു സംബന്ധിച്ച് ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | വരുന്നു. സ്കൂളുകൾക്ക് സമീപം 'സേഫ് സോൺ' രൂപീകരിക്കുന്നതിന് നടപടി നടന്നുവരുന്നു. ബസ്സിനുള്ളിൽ രൂപകല്പന ചെയ്ത 'മൊബൈൽ ട്രാഫിക് ഇലക്ട്രോണിക് പാർക്ക്' എല്ലാ സ്കൂളുകളിലും പ്രദർശനത്തിനെത്തുന്നുണ്ട്. ശുഭയാത്ര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഒരു ട്രാഫിക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനും എല്ലാ ജില്ലകളിലും ഹൈടെക് ട്രാഫിക് പാർക്കുകൾ രൂപീകരിക്കാനും ഉദ്ദേശിക്കുന്നു. | |
| 24 | 13/14 | 75 | (എ) വനിതാ പോലീസ് സ്റ്റേഷൻ അനുവദിച്ച ജില്ലകളിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ച് കേസ് രജിസ്റ്റർ ചെയ്യാനും തുടർന്നുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? ഉറപ്പ് - ഉണ്ട്. വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തനം സംബന്ധിച്ച് പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. | വനിതാ പോലീസ് സ്റ്റേഷൻ അനുവദിച്ച ജില്ലകളിൽ സ്റ്റേഷൻ പ്രവർത്തനം കേസ് രജിസ്റ്റർ ചെയ്യൽ ഉൾപ്പെടെ ആരംഭിച്ചിട്ടുണ്ട്. അംഗബലം കുറവായതിനാൽ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനും നിലവിൽ വനിതാ സേനാംഗങ്ങൾ അനുഭവിക്കുന്ന വിവേചനം ഇല്ലാതാക്കുന്നതിനുമായി വനിതാ പോലീസ് നയം തയ്യാറാക്കുന്നതിനു വേണ്ടി വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| 25 | 13/14 | 99 | ഫയർസ്റ്റേഷൻ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ അത് അനുവദിക്കുന്നതിനുള്ള | പ്രദേശത്തെ ജനസാന്ദ്രത, റെസ്പോൺസ് ടൈം (ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണ |

| | | | | |
|---|---|---|---|---|
| | | | നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - ആവശ്യമായ സ്ഥലവും കെട്ടിടവും വന്നു കഴിഞ്ഞാൽ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | പ്രദേശങ്ങളിൽ 5 മിനിറ്റും) പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കുവാൻ സാദ്ധ്യതയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം എന്നിവ പുതിയ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളാണ്. കൂടാതെ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രയോറിറ്റി ലിസ്റ്റ്, ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ നിയോഗിച്ച ഏജൻസിയായ ആർ.എം.എസ്.ഐ. റിപ്പോർട്ട് എന്നിവയും പരിഗണിക്കേണ്ടതുണ്ട്. ഇപ്രകാരം ഫയർസ്റ്റേഷൻ അത്യാവശ്യമായി അനുവദിക്കേണ്ടതാണ് എന്ന് കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും, കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും, വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനും നടപടി സ്വീകരിച്ചു വരികയാണ് |
| 26 | 14/01 | 31 | സമീപകാലത്ത് നിരവധി അഗ്നിബാധ സംഭവങ്ങൾ ഉണ്ടായ കൊയിലാണ്ടിയിൽ തുടരെത്തുടരെ സംഭവിക്കുന്ന ദുരന്തങ്ങൾ നേരിടാൻ കുറഞ്ഞത് ഒരു സാറ്റലൈറ്റ് ഫയർ സ്റ്റേഷനെങ്കിലും അനുവദിയ്ക്കാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - കൊയിലാണ്ടിയിൽ ഫയർസ്റ്റേഷൻ | 24-4-2017-ലെ സ.ഉ.(എം.എസ്.) 85/2017/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം 24-6-2017-ന് കൊയിലാണ്ടിയിൽ ഫയർസ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ഇതേവരെ കൈമാറി ലഭിച്ചിട്ടില്ല. അത് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. | |
| 27 | 14/05 | 49 | (എ) അഗ്നിശമന സേനയിൽ ഫയർ വുമൺമാരെ നിയമിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;<br>(ബി) എത്ര പേരെ നിയമിക്കുവാനാണ് തീരുമാനം എടുത്തതെന്നും ഇത് സംബന്ധിച്ച് പ്രത്യേക ചട്ടങ്ങളുടെ രൂപീകരണം ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?<br>ഉറപ്പ് - (എ) അഗ്നിശമന സേനയിൽ ഫയർവുമൺമാരെ നിയമിക്കുവാനുള്ള നിർദ്ദേശം പരിഗണിച്ചുവരുകയാണ്.<br>(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് 31-1-17 -ന് നടന്ന ഉദ്യോഗസ്ഥതല യോഗ തീരുമാനപ്രകാരം ഫയർ &റെസ്ക്യൂ സർവീസസ് വകുപ്പിലെ ഏതൊക്കെ മേഖലകളിലാണ് വനിതകളുടെ സേവനം കാര്യക്ഷമമായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നത് എന്നത് സംബന്ധിച്ച വിശദമായ ശുപാർശ ലഭ്യമാക്കുവാൻ ഫയർ &റെസ്ക്യൂ ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. | 10-10-2018-ലെ ജി.ഒ.(എം.എസ്.) നമ്പർ161/ 2018/ ആഭ്യന്തരം പ്രകാരം അഗ്നിരക്ഷാ സേവന വകുപ്പിൽ 100 ഫയർവുമൺ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ടി തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ കെ.പി.എസ്.സി.യുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്നു |

# X. പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 59 | സംസ്ഥാനത്ത് പത്താം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യമായി പുസ്തകം നൽകാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്-നടപടികൾ ആലോചിക്കാവുന്നതാണ്. | നിലവിൽ ഒന്നാം ക്ലാസിലെ പാഠപുസ്തകം സർക്കാർ സൗജന്യമായി നൽകിവരുന്നു. രണ്ടുമുതൽ എട്ടുവരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുകയും ആയതിന്റെ വില എസ്.എസ്.എ. (സർവ്വശിക്ഷാ അഭിയാൻ) ഫണ്ടിൽ നിന്ന് റീ-ഇംബേഴ്സ് ചെയ്ത് വാങ്ങുകയും 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾക്ക് വില ഈടാക്കി വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്യുന്നു. പത്താം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യമായി പാഠപുസ്തകം നൽകുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |
| 2 | 13/04 | 48 | എ) ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരെ അദ്ധ്യാപനത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്. ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും | പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കാൻ നടപടി സംബന്ധിച്ച ഉറപ്പ് നം. 48-നുള്ള മറുപടി ചുവടെ ചേർക്കുന്നു.<br>സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഹൈസ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളായി ഉയർത്തിയപ്പോൾ |

| | | | | |
|---|---|---|---|---|
| | | | ബി) ഹയർ സെക്കൻഡറി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - പരിശോധിച്ചുവരുന്നു. | ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് തന്നെയാണ് ഹയർ സെക്കന്ററി വിഭാഗത്തിലും സേവനം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഹയർ സെക്കന്ററിയിൽ കൂടുതൽ ബാച്ചുകൾ അനുവദിച്ചപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് ഈ ജോലികൾ ഏറ്റെടുത്ത് നടത്താൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് പ്രസ്തുത ജോലികൾ കൂടി പ്രിൻസിപ്പൽമാർ നിർവ്വഹിക്കേണ്ടിവന്നത്. |
| 3 | 13/05 | 12 | എ) ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് മുറികളാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?<br>ഉറപ്പ് - 2012-2013-ലെ ബഡ്ജറ്റിൽ സംസ്ഥാനത്തെ മുഴുവൻ ക്ല്ളാസ്സ് മുറികളും സ്മാർട്ട് ക്ല്ളാസ്സ് മുറികളാക്കാൻ സർക്കാർ ഉദ്ദേശിക്കുന്ന തായും ആദ്യ ഘട്ടമെന്ന നിലയിൽ 2012-2013 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ല്ളാസ്സ് മുറിയെങ്കിലും ഒരുക്കാൻ ഉദ്ദേശിക്കുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ മറ്റു നടപടികൾ സ്വീകരിച്ചുവരുന്നു. | ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 2014-15, 2015-16 വർഷങ്ങളിൽ 738 മൾട്ടിമീഡിയ ക്ലാസ് മുറികൾ സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിൽ സജ്ജമാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം എട്ടുമുതൽ പന്ത്രണ്ട് വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ പൈലറ്റ് പദ്ധതി പ്രകാരം 1069 ക്ലാസ് മുറികളിലും സ്മാർട്ട് സ്കൂൾ പദ്ധതി നടപ്പിലാക്കിയ 7 സ്കൂളുകളിലെ 195 ക്ലാസ് മുറികളും ഉൾപ്പെടെ 1264 ക്ലാസ് മുറികൾ ഇതിനകം സ്മാർട്ട് ക്ലാസ്സുകൾ ആക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | 13/05 | 29 | (ഡി) സാക്ഷരതാ പ്രേരക്മാർക്കും അസിസ്റ്റന്റ് സാക്ഷരതാ പ്രേരക്മാർക്കും നൽകിവരുന്ന ഓണറേറിയം തുലോം കുറവാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ, എങ്കിൽ അത് വർദ്ധിപ്പിച്ചു നൽകുമോ, വിശദാംശം നൽകുമോ?<br><br>ഉറപ്പ്-ഓണറേറിയം വർദ്ധിപ്പിക്കുന്ന തിനുള്ള പ്രോപ്പോസ്സൽ സർക്കാർ പരിഗണിച്ചുവരികയാണ്. | 7-1-2017-ലെ സ.ഉ.(സാധാ)നം.27/2017/പൊ.വി.വ. പ്രകാരം ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| 5 | 13/06 | 01 | സി) സർക്കാർ എൻ.ഒ.സി. നൽകി ആരംഭിച്ച സി.ബി.എസ്.ഇ. സ്കൂളുകളിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വേതനം, വിദ്യാർത്ഥികളുടെ ഫീസ് തുടങ്ങിയ കാര്യങ്ങളിൽ മാനേജ്മെൻറുകൾ നിയമാനുസൃതം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ?<br><br>ഉറപ്പ്-ഇല്ല. ഇത് പരിശോധിക്കുന്ന തിനുള്ള സ്ഥിര സംവിധാനം നടപ്പിൽവരുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | സർക്കാർ അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും മിനിമം വേതന മെങ്കിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നിയമ നിർമ്മാണം നടത്തുന്നതിനായി 'കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിൽ ഒരു ബില്ല് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 6 | 13/06 | 05 | സി) സംസ്ഥാനത്തെ ഏതെല്ലാം തരം സ്കൂളുകളിലാണ് സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്?<br><br>ഉറപ്പ് - സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും ഘട്ടംഘട്ടമായി സ്മാർട്ട് ക്ലാസ് മുറികളാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 2012-2013 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറിയെങ്കിലും ഒരുക്കാൻ സർക്കാരിന് ഉദ്ദേശ്യമുണ്ട്. | ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 2014-15, 2015-16 വർഷങ്ങളിൽ 738 മൾട്ടിമീഡിയ ക്ലാസ് മുറികൾ സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിൽ സജ്ജമാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെയും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെയും ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം എട്ടുമുതൽ പന്ത്രണ്ട് വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ പൈലറ്റ് പദ്ധതി പ്രകാരം 1069 ക്ലാസ് മുറികളിലും സ്മാർട്ട് സ്കൂൾ പദ്ധതി നടപ്പിലാക്കിയ 7 സ്കൂളുകളിലെ 195 ക്ലാസ് മുറികളും ഉൾപ്പെടെ 1264 ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സുകൾ ആക്കിയിട്ടുണ്ട്. |
| 7 | 13/06 | 20 | A) സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിക്കായി പാചക ഗ്യാസ് ലഭ്യമാക്കുന്നതിനുള്ള സബ്സിഡി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?<br><br>B) ഇതിനായി നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ് - A) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്<br><br>B) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. | എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് 1-4-2016 വരെ ഗ്യാസ് സബ്സിഡി നൽകിവന്നിരുന്നു.<br><br>ബി) കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ 24-1-2017-ലെ കത്ത് നം. എഫ്.നം. 1-1/2016 Desk (MDM) പ്രകാരം ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് ഗ്യാസ് കണക്ഷൻ എടുക്കുന്നതിന് പെട്രോളിയം മന്ത്രാലയം ഗാർഹിക കണക്ഷൻ ഉപഭോക്താക്കൾക്ക് നൽകുന്ന അതേ സബ്സിഡി നിരക്കിൽ കണക്ഷൻ നൽകുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ സ്കൂളുകൾക്കും അറിയിപ്പും നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 8 | 13/06 | 32 | ഡി) കായിക പരിശീലനത്തിനായി ഓരോ ഇനത്തിനും പ്രത്യേകം മികവുറ്റ പരിശീലകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?<br>ഉറപ്പ് - പരിശോധിക്കുന്നതാണ്. | ജി.വി.രാജ സ്പോർട്സ് സ്കൂളിന്റെ ഭരണ ചുമതല ഇപ്പോൾ നിർവഹിക്കുന്നത് കായിക യുവജന ക്ഷേമ വകുപ്പാണ്. കായിക യുവജന ക്ഷേമ കാര്യാലയത്തിൽ നിന്നും മികച്ച പരിശീലകരുടെ സേവനം ജി.വി.രാജ സ്പോർട്സ് സ്കൂളിന് ലഭ്യമാകുന്നുണ്ട്. |
| 9 | 13/06 | 38 | B) സ്കൂൾ കായികമേളയിൽ മെഡൽ നേടിയ കുട്ടികളുടെ തുടർ പരിശീലനം ലക്ഷ്യമാക്കി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശി ക്കുന്നത് ?<br>ഉറപ്പ്-വിഷയം ശ്രദ്ധയിൽപ്പെടുന്ന തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. | സ്കൂൾ കായിക മേളയിൽ മെഡൽ നേടിയ കുട്ടികളുടെ തുടർ പരിശീലനം ലക്ഷ്യമാക്കി ഒരു പദ്ധതിയും നിലവിൽ രൂപീകരിച്ചിട്ടില്ല. എന്നാൽ സ്കൂളുകളിലെ അപ്പർ പ്രൈമറി വിഭാഗത്തിൽ കായിക വികസനത്തിനായി കെ.ഇ.ആർ. ചട്ടങ്ങൾക്കനുസൃതമായി സ്ഥിരാടിസ്ഥാന ത്തിലും എസ്.എസ്.എ. വഴി കരാർ അടിസ്ഥാനത്തിലും കായികാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളി ലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുകവഴി കേരളത്തിലെ സ്കൂൾകുട്ടികളെ കായിക ക്ഷമത ഉള്ളവരാക്കുന്നതിന് ലക്ഷ്യമിട്ട് "പ്ലേ ഫോർ ഹെൽത്ത്" പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| 10 | 13/07 | 65 | (ഇ & എഫ്) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഓരോ കുട്ടികൾക്കും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തം | സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിയിൽ ഓരോ കുട്ടികൾക്കും അനുവദിച്ചിരിക്കുന്ന തുക എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | ആയതിനാൽ ആയതു വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - കുട്ടി ഒന്നിന് അനുവദിച്ചിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്ന് സ്കൂൾ തലത്തിൽ നിന്നും പരാതി ഉയർന്നു വരുന്നുണ്ട്. തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ് . | സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണം തയ്യാറാക്കുന്നത് സംബന്ധിച്ച് പലവ്യഞ്ജനങ്ങൾ, എണ്ണ, പച്ചക്കറി, ഇന്ധന ചെലവ് തുടങ്ങിയവയുടെ വിലവർദ്ധനവ് കണക്കിലെടുത്ത് ഉച്ചഭക്ഷണ പദ്ധതിയുടെ പാചക ചെലവ് (കണ്ടിജൻസി ചാർജ്ജ്) പരിഷ്കരിക്കുകയും 150 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് നൽകി വരുന്ന 5 രൂപ കണ്ടിജന്റ് ചാർജ്ജ് 3-3-2016-ലെ സർക്കാർ ഉത്തരവ് (സാധാ.) നം. 948/2016/ പൊ.വി.വ.പ്രകാരം 8 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.സ്കൂൾ പാചക തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രതിദിന വേതനമായ 350/- രൂപ പ്രത്യേകം നൽകുവാനും ഉത്തരവായി. 5-9-2016-ലെ സ.ഉ. (സാധാ.) നം.2911/2016/ പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 150 കുട്ടികൾവരെ കുട്ടി ഒന്നിന് 8 രൂപ, 150 മുതൽ 500 കുട്ടികൾവരെ കുട്ടി ഒന്നിന് 7 രൂപ, 500 കുട്ടികൾക്ക് മുകളിലുള്ള ഓരോ കുട്ടിക്കും 6 രൂപ എന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ചു. ഇതോടൊപ്പം 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ പാചകതൊഴിലാളികളുടെ കുറഞ്ഞ ദിവസവേതനം 400 രൂപയായി വർദ്ധിപ്പിച്ച് പ്രത്യേകം നൽകാനും 150-ൽ കൂടുതലുള്ള ഓരോ കുട്ടികൾക്കും 25 പൈസ എന്ന നിരക്കിൽ അധികം കണക്കാക്കി പരമാവധി ദിവസവേതനം 475 രൂപ നൽകുവാനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 11 | 13/07 | 79 | LP/UP ക്ലാസ്സുകളിലെ മിടുക്കരായ കുട്ടികൾക്ക് LSS/USS സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാനും ഇത് കൃത്യമായി നല്കാനും നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ്-സ്കോളർഷിപ്പ തുക വർധിപ്പിക്കണമെന്ന കരിക്കുലം കമ്മിറ്റിയുടെ ശുപാർശ സർക്കാർ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ താമസംവിനാ തീരുമാനം എടുക്കുന്നതായിരിക്കും. | 2017-18 മുതൽ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിനുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ സർക്കാരിന്റെ പരിശോധനയിലാണ്. ആയതിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ആവശ്യപ്രകാരം എല്ലാ വർഷവും മാർച്ച് മാസത്തിനു മുമ്പായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| 12 | 13/08 | 03 | (എ) സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br>(ബി) എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>(സി) കലാപരമായി കഴിവുള്ളവർക്കും എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായവർക്ക് പ്രത്യേക ധനസഹായം നൽകുന്നതിന് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഷ്കരണത്തിൽ ഉൾപ്പെടുത്തുമോ; എങ്കിൽ വിശദമാക്കുമോ; | 5-10-2017-ലെ സ.ഉ. (കൈ.) നം.121/2017/പൊ.വി.വ. പ്രകാരം പരിഷ്കരിച്ച സ്കൂൾ കലോത്സവ മാന്വൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (85 പേജുകൾ). കലാപരമായി കഴിവുള്ള സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ധനസഹായ ഫണ്ട് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | | | | |
|---|---|---|---|---|
| | | | (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?<br><br>ഉറപ്പ് - ഉണ്ട്. ഇത് സംബന്ധിച്ച് ഒരു വിദഗ്ധസമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഉടൻതന്നെ കൈക്കൊള്ളുന്നതാണ്. ഈ സമിതിയുമായി ആലോചിച്ച് സ്കൂൾ കലോൽസവ മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതാണ്. പ്രത്യേക ഫണ്ട് രൂപീകരിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. | |
| 13 | 13/09 | 61 | (എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ സമഗ്ര വികസനത്തിനായി ലബ്ബാ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?<br><br>ഉറപ്പ്-റിപ്പോർട്ട് പരിശോധിച്ചുവരുന്നു. | ഹയർ സെക്കന്ററി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി സർക്കാർ നിയോഗിച്ച പ്രൊഫ. പി.ഒ.ജെ. ലബ്ബ അധ്യക്ഷനായ സമിതിയുടെ ശുപാർശകളിൽ താഴെപ്പറയുന്നവയിന്മേൽ അതാതിനു നേരെ കൊടുത്തിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ എന്നിവയുടെ പരിഷ്കരണം ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ 2014 -15 അധ്യയന വർഷം പ്ലസ് 1-ലും, 2015-16 പ്ലസ് ടു-ലും മാറ്റം വരുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 2. ഹയർ സെക്കന്ററി സ്കൂളുകളിൽ ശനിയാഴ്ച ഒഴിവാക്കി ആഴ്ചയിൽ അഞ്ച് പ്രവർത്തി ദിവസം ഹയർ സെക്കന്ററി സ്കൂളുകളിൽ ശനിയാഴ്ച ഒഴിവാക്കി പ്രവർത്തി ദിവസം 5 ആക്കി പുനഃക്രമീകരിച്ചിട്ടുണ്ട്.<br><br>3. ഹയർ സെക്കന്ററി ക്ലാസ്സുകളിലെ കുട്ടികളുടെ ബാഹുല്യത്തിന് പരിഹാരം ഒരു ബാച്ചിൽ 50-ൽ കൂടുതൽ കുട്ടികളായാൽ പുതിയ ബാച്ചായി പരിഗണിക്കണം. 254 പുതിയ ഹയർ സെക്കന്ററി സ്കൂളുകളും 189 അഡീഷണൽ ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ അധ്യയന വർഷവും ഓരോ ബാച്ചിലും സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയുണ്ടായി. ആയതുമൂലം ക്ലാസ്സുകളിൽ 60 കുട്ടികൾക്കുമുകളിൽ പ്രവേശിപ്പിക്കേണ്ടതായും വന്നിട്ടുണ്ട്.<br><br>4. ഉത്തരക്കടലാസ്സിന്റെ ഇരട്ടമൂല്യനിർണ്ണയ രീതി പുനഃക്രമീകരിക്കൽ-എല്ലാ വിഷയങ്ങൾക്കും ഇരട്ട മൂല്യനിർണ്ണയം നടത്തുന്നത്. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങളുടെ മാർക്കുകൾ എൻട്രൻസിന് പരിഗണിക്കുന്നതിനാൽ ടി വിഷയങ്ങൾ ഇരട്ടമൂല്യ നിർണ്ണയം നടത്തുന്നു. എല്ലാ വിഷയങ്ങൾക്കും ഇരട്ടമൂല്യനിർണ്ണയം നടത്തുവാൻ ഉത്തരവായിട്ടില്ല.<br><br>5. അക്കാദമിക് പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തൽ - ഗ്രേഡിംഗ് നൽകുന്നത് - സംബന്ധിച്ച് അധ്യാപകർക്ക് പരിശീലനം നൽകുവാനുള്ള നിർദ്ദേശങ്ങൾ ഹയർ സെക്കന്ററി സ്പെഷ്യൽ സെൽ വിഭാഗത്തിലേയ്ക്ക് ഡയറക്ടർ നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 6. വിവരസാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരിശീലനം നൽകൽ ഐ.ടി @ സ്കൂൾ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അധ്യാപകർക്ക് വിവരസാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നുണ്ട്.<br><br>7.ഹയർ സെക്കന്ററി തലത്തിൽ കായിക/ആരോഗ്യ വിദ്യാഭ്യാസം നടപ്പിലാക്കൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 2 പിരീഡ് കായിക പരിശീലനത്തിനായി നൽകുന്നുണ്ട്. ടി പിരീഡ് കൈകാര്യം ചെയ്യുന്നത് അതാത് ഹൈസ്കൂളിലെ കായിക അധ്യാപകരാണ്. ടി അധ്യാപകർക്ക് 300 രൂപ മാസം അലവൻസ് നൽകുന്നുണ്ട്.<br><br>8. ഹയർ സെക്കന്ററി തലത്തിൽ കലാ വിദ്യാഭ്യാസ ത്തിന് ഊന്നൽ കേരള കലാമണ്ഡലത്തിൽ ഹയർ സെക്കന്ററി ബാച്ചുണ്ട്. മാത്രമല്ല, മ്യൂസിക് ഓപ്ഷണ ലായിട്ടുള്ള ബാച്ചുകളും ഹയർ സെക്കന്ററിയിൽ ഉണ്ട്.<br><br>9. ഉയർന്ന ബിരുദം കൈവരിക്കുന്ന അധ്യാപകർക്ക് പ്രത്യേക ഇൻക്രിമെന്റ് നൽകൽ - PhD ഉള്ളവർക്ക് 2 ഇൻക്രിമെന്റ് അധികം നൽകുന്നത്. നിലവിൽ അതതു വിഷയത്തിൽ Ph.D ഉള്ള അധ്യാപകർക്ക് 500 രൂപ നൽകുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 10. രക്ഷകർത്താക്കൾക്കും കുട്ടികൾക്കും കരിയർ ഗൈഡൻസ് ഏർപ്പെടുത്തൽ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനും, ഉന്നത തൊഴിൽ സാധ്യതയ്ക്കുമായി കരിയർ ഗൈഡൻസ് വിഭാഗത്തിൽ നിന്ന് സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ബാച്ചിലെ വിദ്യാർത്ഥികൾക്ക് പ്രത്യേകമായി പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നുണ്ട്. 2017-18 അധ്യയന വർഷം മുതൽ ഹയർ സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കായി റോൾ ഓഫ് പാരന്റ് ഇൻ കരിയർ പ്ലാൻ എന്ന പദ്ധതി നടപ്പാക്കുവാൻ എല്ലാ ഹയർ സെക്കന്ററി സ്കൂളിലെയും കരിയർ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>11. മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിനായി പ്രത്യേകം മേഖലകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് പാഠ്യപദ്ധതി രൂപീകരിച്ചിട്ടുള്ളത്.<br><br>12. ഹയർ സെക്കന്ററിയിൽ കൂടുതൽ മേഖല ഓഫീസുകൾ അനുവദിക്കൽ ആലപ്പുഴ, പത്തനംതിട്ട ജില്ലയ്ക്ക് ചെങ്ങന്നൂർ മേഖല ഓഫീസ് ആരംഭിച്ചിട്ടുണ്ട്. നിലവിൽ 7 മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>13. ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് സ്ഥിരം ബിൽഡിംഗ് ഏർപ്പെടുത്തൽ ജി. ഒ. (ആർടി.) നം.2290/ 2017/പൊ.വി.വ. തീയതി 11-7-2017 പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | ഡി.പി.ഐ.-യിലെ എഡ്യൂക്കേഷൻ കോംപ്ലക്സിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിന് സ്ഥല സൗകര്യം അനുവദിച്ച് നൽകിയിട്ടുണ്ട്, നിർമ്മാണം നടക്കുന്നു.<br><br>14. മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിലെ സ്കൂളുകൾക്ക് പ്രസ്തുത ലോക്കൽ ബോഡി സഹായം കിട്ടുന്നതിനുള്ള നടപടി മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിലെ സ്കൂളുകൾക്ക് മെയിന്റനൻസിന് ആവശ്യമായ തുക അതാത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നാണ് നൽകുന്നത്.<br><br>15. എയ്ഡഡ് സ്കൂളിൽ സ്പെഷ്യൽ ഫീസ് - PD Account തുക പിൻവലിച്ച് ഉപയോഗിക്കുന്നതിനുള്ള നടപടികൾ ജി.ഒ. (ആർടി.) നം.2527/2016/പൊ.വി.വ തീയതി 04/08/2016, ജി.ഒ (ആർ.ടി) നം.884/2017/പൊ.വി.വ തീയതി 29/03/2017 ഉത്തരവിന്റെ അടിസ്ഥാനത്തിൽ PD Account തുക പിൻവലിച്ച് അതത് സ്കൂളുകളിലെ ആവശ്യം നിറവേറ്റുവാനായി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>16. പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കുന്നത് സംബന്ധിച്ച് 2014 -15, 2015 -16 അധ്യയന വർഷം 254 പുതിയ ഹയർ സെക്കന്ററി സ്കൂളുകളും 189 അഡീഷണൽ ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 14 | 13/09 | 67 | (ഡി) വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?<br>ഉറപ്പ് - പദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു. | 30-9-2016-ലെ ജി.ഒ. (എംഎസ്.) നം.163/2016/ പൊവിവ പ്രകാരം സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |
| 15 | 13/09 | 71 | (ബി) മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ച സാഹചര്യത്തിൽ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും മലയാളം പഠിപ്പിക്കാനുള്ള അവസരവും അതിനുള്ള തസ്തികയും സൃഷ്ടിക്കുമോ;<br>ഉറപ്പ് - ആവശ്യകതയനുസരിച്ച് ഇക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. | ഹയർ സെക്കന്ററി സ്കൂളുകളിൽ പാർട്ട് II-ൽ 12 ഉപഭാഷകൾ ലഭ്യമാണ്. സ്കൂളുകൾ അനുവദിക്കുന്ന അവസരത്തിൽ സർക്കാർ കൈക്കൊള്ളുന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, സ്കൂൾ അധികാരികളുടെ അപേക്ഷയും പരിഗണിച്ചാണ് ഉപഭാഷാ വിഷയം അനുവദിക്കുന്നത്. ഹയർ സെക്കന്ററി കോഴ്സ് ആരംഭിച്ച ആദ്യകാലഘട്ടങ്ങളിൽ ഒരു സ്കൂളിന് പരമാവധി 4 ഉപഭാഷകൾ വരെ അനുവദിച്ചിരുന്നുവെങ്കിലും പിന്നീട് ഒരു സ്കൂളിന് അനുവദിക്കുന്ന രണ്ടാം ഉപഭാഷകളുടെ എണ്ണം രണ്ടായി നിജപ്പെടുത്തുകയുണ്ടായി. രണ്ടാം ഉപഭാഷ ഒരു സ്കൂളിൽ അനുവദിക്കുന്ന കാര്യത്തിൽ മാതൃഭാഷ മലയാളത്തിനും, രാഷ്ട്രഭാഷ ഹിന്ദിയ്ക്കും പ്രത്യേക പരിഗണന നൽകുന്നുണ്ടെങ്കിലും പ്രാദേശികമായി ഒരു സ്കൂളിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കാൻ താത്പര്യം കാണിക്കുന്ന രണ്ട് ഉപഭാഷകൾ (അനുവദനീയമായ 12 ഉപഭാഷകളിൽ ഏതെങ്കിലും 2 എണ്ണം) സ്കൂളധികൃതരുടെ |

| | | | | |
|---|---|---|---|---|
| | | | | അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളിൽ അനുവദിക്കാറുണ്ട്. ടി സ്കൂളുകളിൽ നിർബന്ധിച്ച് മലയാളം ഉപഭാഷ അനുവദിക്കുവാൻ കഴിയുകയില്ല. മലയാളം ഉപഭാഷയില്ലാത്ത 23 ഹയർ സെക്കന്ററി സ്കൂളുകൾ ഒഴികെ മറ്റുള്ള എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും മലയാളം ഉപഭാഷ അനുവദിച്ചിട്ടുണ്ട്. ടി സ്കൂളുകളിലെ പ്രാദേശിക ആവശ്യം കണക്കാക്കിയാണ് മലയാളം ഒഴിച്ചുള്ള മറ്റ് ഉപഭാഷകൾ അനുവദിച്ചിട്ടുള്ളത്. |
| 16 | 13/09 | 72 | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനൗപചാരിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br><br>(സി) ഓരോ ബഡ്ജറ്റിലും പ്രഖ്യാപിക്കുന്ന പുതിയ പദ്ധതികളും മിഷനുകളും ഏറ്റെടുത്ത് നടത്തുന്നതിന് ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?<br><br>ഉറപ്പ്-ഇക്കാര്യം പരിശോധിച്ചു വരുന്നു. | അനൗപചാരിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | | |
|---|---|---|---|---|
| 17 | 13/09 | 73 | (എ) അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിന് അടുത്ത വിദ്യാലയങ്ങളിൽ പഠിക്കുന്നതിന് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്-അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ തുടർവിദ്യാഭ്യാസത്തിന്റെ വിശദാംശം ലഭിക്കുന്ന മുറയ്ക്ക് അടുത്ത വിദ്യാലയങ്ങളിൽ പഠിക്കുന്നതിന് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. | അനാഥാലയങ്ങളിലെ കുട്ടികളുടെ തുടർവിദ്യാഭ്യാസത്തിന് അടുത്ത വിദ്യാലയങ്ങളിൽ മുൻഗണന നല്കുന്നില്ലെന്ന പരാതികളൊന്നും ശ്രദ്ധയിൽപെട്ടിട്ടില്ല. |
| 18 | 13/09 | 101 | (സി) മാനവിക വിഷയങ്ങളിൽ പുതുതലമുറയ്ക്ക് ആവശ്യമായ അറിവ് ലഭിക്കുംവിധം പാഠ്യ പദ്ധതിയിലും പരിശീലന പരിപാടിയിലും മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ് - പരിശോധിക്കുന്നതാണ്. | മാനവിക വിഷയങ്ങളുടെ പാഠ്യ പദ്ധതി, 2013 പാഠ്യ പദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി മെച്ചപ്പെടുത്തിയിട്ടുണ്ട്. പുതിയ സാഹചര്യത്തിൽ കൂടുതൽ മെച്ചപ്പെടുത്തലുകൾക്ക നടപടി ആവശ്യമാണ്." ന്യൂമാറ്റ്സ്" എന്നപേരിൽ ഗണിതപഠന പോഷണത്തിനു ആരംഭിച്ച പദ്ധതിക്കുണ്ടായ സ്വീകാര്യത പരിഗണിച്ചു സാമൂഹ്യ ശാസ്ത്രത്തിലും ഒരു പ്രതിഭാ പോഷണ പരിപാടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| 19 | 13/10 | 59 | (എ) ഡി.പി.ഐ. ഓഫീസ് മുതൽ എ.ഇ.ഒ. ഓഫീസ് വരെയുള്ള വിവിധ | പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയും എഇഒ ഓഫീസ് വരെയുള്ള വിവിധ ഓഫീസുകളിലും |

| | | | | |
|---|---|---|---|---|
| | | | വിദ്യാഭ്യാസ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളും പരാതികളും പരിഹരിക്കുന്നതിന് അദാലത്തുകൾ നടത്തുമോ; വിശദാംശം ലഭ്യമാക്കുമോ ;<br>ഉറപ്പ്-പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേയും എ.ഇ.ഒ ഓഫീസ് വരെയുള്ള വിവിധ ആഫീസുകളിൽ തീർപ്പാക്കാനുള്ള അപേക്ഷകളും പരാതികളും സമയബന്ധിതമായി തീർപ്പാക്കാൻ അദാലത്തുകൾ ഉൾപ്പെടെയുള്ള ആവശ്യമായ അടിയന്തിരനടപടി സ്വീകരിക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നതാണ്. | തീർപ്പാക്കുവാനുള്ള അപേക്ഷകളും പരാതികളും സമയബന്ധിതമായി തീർപ്പാക്കുവാൻ അദാലത്തുകൾ ഉൾപ്പെടെയുള്ള ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട് . |
| 20 | 13/11 | 143 | (സി) എല്ലാ യു.പി. സ്കൂളുകളിലും ഹൈസ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ്റൂമുകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ് - എല്ലാ യു.പി. സ്കൂളുകളിലും ഹൈസ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ്റൂമുകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. | 'ഹൈടെക് സ്കൂൾ' പദ്ധതിയുടെ ഭാഗമായി 2014-15, 2015-16 വർഷങ്ങളിൽ 738 മൾട്ടിമീഡിയ ക്ലാസ് മുറികൾ സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിൽ സജ്ജമാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം എട്ടുമുതൽ പന്ത്രണ്ട് വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ പൈലറ്റ് പദ്ധതി പ്രകാരം 1069 ക്ലാസ് മുറികളിലും സ്മാർട്ട് സ്കൂൾ പദ്ധതി |

| | | | | |
|---|---|---|---|---|
| | | | | നടപ്പിലാക്കിയ 7 സ്കൂളുകളിലെ 195 ക്ലാസ് മുറികളും ഉൾപ്പെടെ 1264 ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സുകൾ ആക്കിയിട്ടുണ്ട്. |
| 21 | 13/12 | 11 | (സി) ഇതിൽ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിഭാഗത്തിൽപ്പെടുന്ന സ്കൂൾ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് നൽകുന്ന ഭക്ഷണക്രമം എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് വിഭാഗങ്ങൾക്ക് നല്കുന്നത് പ്രകാരമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്-ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പ്രസ്ഥാനത്തിലെ കുട്ടികൾക്ക് പ്രത്യേക ഭക്ഷണം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. | സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവർത്തിക്കുന്ന മറ്റ് പാഠാനുബന്ധ സംഘടനകളായ എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എൻ.എസ്. എന്നിവയിൽ അംഗങ്ങളായ കുട്ടികൾക്ക് സ്കൂളുകളിലെ പരിശീലന വേളകളിൽ റിഫ്രഷ്മെന്റ് സർക്കാർ ധനസഹായത്തോടെ അനുവദിച്ചുനല്കിയിട്ടുണ്ട്. എന്നാൽ സ്കൗട്ട്സ് ആന്റ് ഗൈഡ്സ് കുട്ടികൾക്ക് മിനിമം റിഫ്രഷ്മെന്റ് പോലും നല്കാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 4970 യൂണിറ്റുകളിലായി ബണ്ണീസ്, കബ് ബുൾബുൾ, സ്കൗട്ട്-ഗൈഡ് എന്നീ വിഭാഗങ്ങളിലായി പ്രവർത്തിക്കുന്ന 1,19,280 കുട്ടികൾക്ക് പ്രതിമാസം 2 റിഫ്രഷ്മെന്റ് അലവൻസ് അനുവദിച്ചാൽ പ്രതിവർഷം 13,67,07,840 (പതിമൂന്ന കോടി അറുപത്തിയേഴുലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റിനാല്പതു് രൂപ) വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ട്. പ്രതിമാസം ഒരു റിഫ്രഷ്മെന്റ് അലവൻസ് അനുവദിച്ചാൽ പോലും രൂപ 6,83,53,920 (ആറുകോടി എൺപത്തിമൂന്ന ലക്ഷത്തി അൻപത്തി മൂവായിരത്തി തൊള്ളായിരത്തി ഇരുപതു രൂപ മാത്രം) വേണ്ടിവരും. |

| | | | | |
|---|---|---|---|---|
| | | | | ഇത്രയും സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. |
| 22 | 13/12 | 14 | സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിലെ ഒരു സർക്കാർ സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ?<br><br>ഉറപ്പ്-ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ച് മേൽ നടപടികൾ സ്വീകരിച്ചു വരികയാണ്. | സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിലെ 'ഒരു സർക്കാർ സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന' പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള **141** സ്കൂളുകളിൽ **138** സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിന് ഇതിനോടകം തന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ **113** സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനായുള്ള സാമ്പത്തിക സഹായാനുമതി 'കിഫ്ബി' മുഖേന ലഭ്യമായിട്ടുണ്ട്. ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്ന വിവിധ സ്കൂളുകളിസെ ളുകളിലെ പദ്ധതി നിർവ്വഹണത്തിനായുള്ള ടെൻഡർ നടപടികൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. |
| 23 | 13/12 | 15 | (എ) സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യവും ഭൗതിക സാഹചര്യങ്ങളും വികസിപ്പിക്കുവാൻ സന്നദ്ധരായ വ്യക്തികളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുമോ?<br><br>ഉറപ്പ് - പരിശോധിക്കുന്നതാണ്. | 7-11-2016-ലെ സ.ഉ. (പി) നം. 186/2016/പൊ.വി.വ. പ്രകാരം 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം സ്കൂളുകളുടെ ഭൗതിക/അടിസ്ഥാന സാഹചര്യ വികസനവും പൊതുജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുവാൻ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 24 | 13/12 | 17 | (എ) സംസ്ഥാനത്തെ അംഗീകാര മില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം തടയുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്നറിയിക്കാമോ;<br><br>(ബി) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഇത്തരം സ്കൂളുകൾക്ക് പ്രവർത്തന സ്വാതന്ത്ര്യമുണ്ടോ; ചട്ട വിരുദ്ധ പ്രവർത്തനങ്ങളും വിദ്യാർത്ഥി പീഡനങ്ങളും നിത്യസംഭവമായി മാറിയിരിക്കുന്ന ഇത്തരം സ്ഥാപനങ്ങ ളുടെ പ്രവർത്തനം തടയുന്നതിന് നിയമപ്രകാരമുള്ള നടപടി സ്വീകരി ക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;<br><br>(ഡി) ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകൾ പൊതുവിദ്യാലയ ങ്ങളുടെ നിലനില്പിനു തന്നെ ഭീഷണി ഉയർത്തുന്ന കാര്യം വിലയിരുത്തി യിട്ടുണ്ടോ?<br><br>ഉറപ്പ് - എ) & ബി) വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് സർക്കാർ അനുമതിയില്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് | 2009-ൽ കേന്ദ്ര സർക്കാർ, കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ കൊണ്ടു വന്നു. 2011-ൽ സംസ്ഥാനത്ത് ഇതു സംബന്ധിച്ച് ചട്ടം നിലവിൽ വന്നു. പ്രസ്തുത നിയമം / ചട്ടത്തിൽ സ്കൂളുകളുടെ അംഗീകാരം/നടത്തിപ്പ് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ മുന്നോട്ട് വെച്ചിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ അവകാശ ചട്ടം 2011-ലെ ചട്ടം 14 പ്രകാരം സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. ഇതനുസരിച്ച് 10-6-2013-ലെ സ.ഉ. (കൈ.) നമ്പർ 184/2013/പൊ.വി.വ. പ്രകാരം സംസ്ഥാന പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട അംഗീകാര മില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നേടുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അംഗീകാരത്തിന് സമർപ്പിച്ച അപേക്ഷകളിൽ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുകയും പൊതു വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്യുന്നതുമായ 395 സ്കൂളുകൾക്ക് 14-5-2015-ലെ സ.ഉ. (കൈ.) നം. 114/2015/പൊ.വി.വ., 9-11-2015-ലെ സ.ഉ. (കൈ.) നം. 282/2015/പൊ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. |

| | | | | |
|---|---|---|---|---|
| | | | പ്രവർത്തിക്കുവാൻ പാടുള്ളതല്ല. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ നല്ല രീതിയിൽ പ്രവർത്തി ക്കുന്നതും സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തി ക്കുന്നതുമായ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുവാനും അല്ലാത്തവ അടച്ചു പൂട്ടുവാനും സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്.<br><br>(ഡി) ഉണ്ട്. സർക്കാർ ഉത്തരവ് സ.ഉ. (കൈ.) 184/2013/പൊ.വി. തീയതി 10-6-2013 പ്രകാരം മാനദണ്ഡ ങ്ങൾക്ക് അനുസൃതമായി പ്രവർത്തി ക്കുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുകയും അതിനു ശേഷം അംഗീകാരം ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്ന തുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്. | വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തല ത്തിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലും നിവേദനങ്ങൾ ലഭിക്കുക യുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, 16-3-2016-ലെ 4426/05/LA1/2015/KeSCPCR നമ്പറിലെ ഉത്തരവിൽ സംസ്ഥാനത്ത് അംഗീകാര മില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നതിന് 2009-ലെ വിദ്യാഭ്യാസ നിയമത്തിലും 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ ഉത്തരവായി. സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരവും 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടപ്രകാരവും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാന ത്തിൽ, സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് തീരുമാനിക്കുകയും, ആയത് |

| | | | | |
|---|---|---|---|---|
| | | | | നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 19-7-2017-ലെ GEDN-F1/27/ 2017/പൊ.വി.വ. നമ്പർ കത്തു പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഇതനുസരിച്ച് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുവാൻ 11-8-2017-ലെ എൻ.എസ്. (2) 53500/2017/ ഡി.പി.ഐ. നമ്പർ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 25 | 13/14 | 56 | (ഡി) സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ വിതരണത്തിന് വിദ്യാർത്ഥി ഒന്നിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള തുക കാലോചിതമായി ഉയർത്തുന്നതിനും ഉച്ചഭക്ഷണ വിതരണം കാര്യക്ഷമ മാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?<br><br>ഉറപ്പ് - പലവ്യഞ്ജനങ്ങൾ, എണ്ണ, വിറക് പച്ചക്കറി എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള പാചക | 150 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് നൽകിവരുന്ന 5 രൂപ കണ്ടിജന്റ് ചാർജ്ജ് 3-3-2016-ലെ സർക്കാർ ഉത്തരവ് (സാധാ.) നം. 948/2016/പൊ.വി.വ പ്രകാരം 8 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും, സ്കൂൾ പാചക തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന പ്രതിദിന വേതനമായ 350 രൂപ പ്രത്യേകം നൽകുവാനും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് ഈ സർക്കാർ ഉത്തരവ് 5-9-2016-ലെ സ.ഉ. (സാധാ.) നം. 2911/2016/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്യുകയും 150 കുട്ടികൾവരെ കുട്ടി ഒന്നിന് 8 രൂപ 150 മുതൽ 500 കുട്ടികൾക്ക് കുട്ടി ഒന്നിന് |

| | | | | |
|---|---|---|---|---|
| | | | ചെലവിന് നിലവിൽ കുട്ടിയൊന്നിന് 5, 6 രൂപാ നിരക്കിൽ നൽകിവരുന്ന തുക കാലോചിതമായി പരിഷ്കരിക്കുവാൻ വിവിധ ഭാഗത്തു നിന്നും നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ നൽകിവരുന്ന തുക 7 രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. | 7 രൂപ 500 കുട്ടികൾക്ക് മുകളിലുള്ള ഓരോ കുട്ടിക്കും 6 രൂപ എന്നീ നിരക്കുകളിൽ കണ്ടിജൻസി ചാർജ്ജ് പുതുക്കി നിശ്ചയിക്കുകയും ചെയ്തു. ഇതോടൊപ്പം 150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ പാചക തൊഴിലാളികളുടെ കുറഞ്ഞ ദിവസ വേതനം 400 രൂപയായി വർദ്ധിപ്പിച്ച് പ്രത്യേകം നൽകാനും 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന നിരക്കിൽ അധികം കണക്കാക്കി പരമാവധി ദിവസവേതനം 475 രൂപ നൽകുവാനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 5-9-2016-ലെ സ.ഉ. (സാധാ.) നം. 2911/2016/ പൊ.വി.വ.നം. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| 26 | 13/14 | 58 | (ബി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാള പഠനം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന കാര്യം ഉറപ്പാക്കാൻ മോണിറ്ററിംഗ് സംവിധാനം നിലവിലില്ലെങ്കിൽ മാതൃഭാഷയുടെ പ്രാധാന്യം കണക്കിലെടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ അത്തരമൊരു സംവിധാനം ഏർപ്പെടുത്തുമോ?<br><br>ഉറപ്പ് - പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ് | സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷ പഠിപ്പിക്കുന്നത് സംബന്ധിച്ച് 2017 ഏപ്രിൽ 10-ന് മലയാള ഭാഷാ പഠന ആക്റ്റ് നിലവിൽ വന്നിട്ടുണ്ട്. കേന്ദ്രീയ വിദ്യാലയങ്ങളിലെ മലയാള പഠനത്തിനുള്ള മോണിറ്ററിങ്ങിന് ഇപ്പോൾ പ്രത്യേക സംവിധാനമൊന്നും നിലവിലില്ല. |

## XI. തൊഴിലും നൈപുണ്യവും വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 197 | എ) തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഈ സർക്കാർ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? അവ എന്തൊക്കെ യാണെന്ന് വിശദമാക്കുമോ?<br><br>ഉറപ്പ്-സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളില്ലാത്ത ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പദ്ധതി യിൽ അംഗങ്ങളായി ചേരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. | നിലവിൽ സമൂഹത്തിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും തൊഴിൽ സുരക്ഷയും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് കരട് തൊഴിൽ നയത്തിന് രൂപം നൽകിയിട്ടുണ്ട്. സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പു വരുത്തുകയാണ് സംസ്ഥാന തൊഴിൽ നയത്തിന്റെ നിയുക്ത ലക്ഷ്യം. ടി നയത്തിൽ ഗാർഹിക തൊഴിലാളികളുടെ ജോലിക്കും സംരക്ഷണത്തിനുമായി പ്രത്യേക ലേബർ ബാങ്ക് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു.<br><br>തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കു ന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ സ്വീകരിക്കും. കൂടാതെ വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുകയും സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിജപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (CHIS) കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തി.<br><br>സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പ് വരുത്തുകയും അവർക്കായി ആവാസ് എന്ന പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയായ ഭവനം ഫൗണ്ടേഷൻ കേരള നടപ്പാക്കി.<br><br>സംസ്ഥാനത്തെ എല്ലാ വിഭാഗം തൊഴിലാളി കളുടെയും സാമൂഹ്യസുരക്ഷയും ഉന്നമനവും ലക്ഷ്യം വച്ചുകൊണ്ടുള്ള നിരവധി പദ്ധതികൾ കരട് തൊഴിൽ നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | 13/05 | 107 | തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസ സൌകര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്, വിശദാംശങ്ങൾ വെളി പ്പെടുത്തുമോ?<br><br>ഉറപ്പ്-തോട്ടം മേഖലയിലെ തൊഴിലാളി കളുടെ വേതന വ്യവസ്ഥ, പരിമിതമായ ഭൌതികസാഹചര്യങ്ങൾ, മോശമായ അടിസ്ഥാന സൌകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം എന്നിവയുടെ അപര്യാപ്തത ഈ മേഖലയിലെ ജനവിഭാഗത്തെ മറ്റു മേഖലകളിലേക്ക് കുടിയേറുന്നതിന് പ്രേരകമായിട്ടുണ്ട്. ജോലി സ്ഥലങ്ങളോട നുബന്ധിച്ച് താമസ സൌകര്യങ്ങൾ വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം എന്നിവ പ്രദാനം ചെയ്യാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. | കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ സർക്കാർ ഉടമസ്ഥതയിൽ സെക്ഷൻ 25 കമ്പനി ആക്ട് 2013 പ്രകാരം, 11 ജനുവരി 2014-ൽ രജിസ്റ്റർ ചെയ്ത 22-3-2013 തീയതിയിലെ ജി. ഒ. (എംഎസ്.)നം.35/2013/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ലാഭേച്ഛയില്ലാത്ത കമ്പനിയാണ് "ഭവനം ഫൌണ്ടേഷൻ കേരള "തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൌണ്ടേഷൻ കേരള" നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഒന്നാണ് ഭവനം പദ്ധതി. ഭവനം ഫൌണ്ടേഷൻ കേരള തോട്ടം മേഖലയിൽ സ്വന്തം വീട് എന്ന പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വന്തമായി കുറഞ്ഞത് 3 സെന്റ് സ്ഥലമുണ്ട്. എന്നാൽ വീട് ഇല്ലാത്തവർക്കും, സ്വന്തമായി സ്ഥലവും വീടുമില്ലാത്തവർക്കും വീട് വെയ്ക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. ആയതിൻ പ്രകാരം 11-8-2016 തീയതിയിലെ സ.ഉ. (സാധാ.) നം. 1014/2016 പ്രകാരം 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്ലാൻ ബഡ്ജറ്റിൽ 2230-01-103-16-(പി) ശീർഷകത്തിൽ നിന്നും ഇതര |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കും സംസ്ഥാനത്തെ തൊഴിലാളികൾക്കും നല്ല താമസ സൗകര്യം പ്രദാനം ചെയ്യുന്നതിന് 100 ലക്ഷം രൂപ അപ്നാഘർ പ്രോജക്ട് വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതിയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതിയും ലേബർ കമ്മീഷണർക്ക് നൽകി ഉത്തരവായിട്ടുള്ളതും 11-8-2016 തീയതിയിലെ 1015/2016/തൊഴിൽ ഉത്തരവ് പ്രകാരവും 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്ലാൻ ബഡ്ജറ്റിൽ 2230-01-103-15-(പി) ശീർഷകത്തിൽ അസംഘടിതരായ പാവപ്പെട്ട തൊഴിലാളികൾക്കുള്ള ചെലവ് കുറഞ്ഞ ഭവന നിർമ്മാണവും (250 ലക്ഷം) രൂപയും തോട്ടം തൊഴിലാളികളുടെ പുനരധിവാസവും (250 ലക്ഷം) രൂപ പദ്ധതികൾക്കായി ആകെ 500 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതിയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതിയും ലേബർ കമ്മീഷണർക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| 3 | 13/05 | 113 | ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിക്ഷേപങ്ങൾ കുറഞ്ഞ പലിശയ്ക്ക് ബാങ്കുകളിൽ നിക്ഷേപിച്ച ഉദ്യോഗസ്ഥർ | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് തൊഴിൽ വകുപ്പ് എല്ലാ ജില്ലാ കമ്മിറ്റികളിലും, ബോർഡ് ആസ്ഥാന |

| | | | | |
|---|---|---|---|---|
| | | | ക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ് - ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് ധനകാര്യ (പരിശോധനാവിഭാഗം) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. | ആഫീസിലും ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി. ധനകാര്യ വകുപ്പ് നൽകിയ നിർദ്ദേശ പ്രകാരവും, ബോർഡ് തീരുമാനപ്രകാരവും ബോർഡ് വിവിധ ബാങ്കുകളിൽ നിർദ്ദിഷ്ട അനുപാതക്രമത്തിൽ സ്ഥിര നിക്ഷേപം നടത്തിവരുന്നു. ബോർഡിലെ സ്ഥിരനിക്ഷേപ കമ്മിറ്റിയിൽ ബോർഡ് ചെയർമാൻ, ചീഫ് എക്സിക്യൂട്ടീവ്, ഫിനാൻസ് ആഫീസർ, അക്കൗണ്ട്സ് ആഫീസർ എന്നിവരും ജില്ലാ കമ്മറ്റികളിൽ ജില്ലാ ചെയർമാൻ, സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ, സബ് കമമിറ്റി സൂപ്രണ്ട് എന്നവരരുമടങ്ങുന്ന സ്ഥിരനിക്ഷേപ കമ്മിറ്റിയുമാണ് സ്ഥിരനിക്ഷേ പങ്ങൾ നടത്തുന്നത്. ബോർഡിന്റെ ഇന്റേണൽ ഓഡിറ്റ് സംവിധാന ത്തിന് പുറമേ ബോർഡ് ആഫീസിൽ നിന്നും നിയോഗിച്ചിട്ടുള്ള ഉന്നത ഉദ്യോഗസ്ഥർ ജില്ലാ കമ്മിറ്റികളും ഉപകാര്യാലയങ്ങളും സന്ദർശിച്ച് ടി വിഷയങ്ങൾ പരിശോധിച്ച് വരുന്നു. |
| 4 | 13/05 | 114 | തൊഴിലാളിക്ഷേമ പെൻഷനുകൾ മുൻകൂർ വിതരണം ചെയ്യുന്ന കാര്യം പരിഗണി ക്കുമോ, എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ക്ഷേമപെൻഷനുകൾ അതാതുമാസം ബാങ്ക് വഴി വിതരണം ചെയ്യുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്-എല്ലാ ക്ഷേമനിധി പെൻഷനുകളും ബാങ്കുവഴി അതാതു മാസം ലഭ്യമാക്കാനുള്ള പദ്ധതികൾ ആലോചിച്ചു വരുന്നു. | |
| 5 | 13/06 | 19 | C) കെട്ടിട നിർമാണ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റിംഗിന് യോഗ്യതയുള്ള ഏജൻസി കളെ കണ്ടെത്തുന്നതിനുലള്ള വ്യവസ്ഥകൾ മാന്വലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? വിശദമാക്കുമോ ?<br>ഉറപ്പ് - പരിശോധിക്കുന്നതാണ്. | കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിലാളികൾക്ക് ആരോഗ്യവും സുരക്ഷയും ഉറപ്പു വരുത്തുന്നതിലേയ്ക്ക് തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള സുരക്ഷാ മാന്വലിൽ സുരക്ഷാ ഓഡിറ്റിംഗ് യോഗ്യതയുള്ള ഏജൻസികളെ കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ ഇല്ലാത്തതിനാൽ സുരക്ഷാ ഓഡിറ്റിംഗിനായി നിയോഗിക്കാവുന്ന നാഷണൽ/ സ്റ്റേറ്റ് അക്രഡിറ്റേഷൻ ബോർഡുകളുടെ അംഗീകാരം ലഭിച്ച ഏജൻസികളെ നിയോഗിക്കണമെന്ന ഒരു വ്യവസ്ഥ സുരക്ഷാ മാന്വലിൽ ഉൾപ്പെടുത്തുന്നതിന് ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 6 | 13/06 | 43 | 17-11-2016-ലെ സർക്കാരിലെ 38455/ P3/2016/RD നമ്പർ കത്തിലെ നിർദേശ ത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ എൽ.ആർ.കെ1-48541/16 നം.ഉത്തരവ് | ഇതര സംസ്ഥാന തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കുന്ന ഉടമകൾ ടി തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് നിർബന്ധമായി രജിസ്ട്രേഷൻ എടുക്കുന്നത് ഉറപ്പുവരുത്തുന്നതിനുമായി |

| | | | | |
|---|---|---|---|---|
| | | | പ്രകാരം ചെക്ക് പോസ്റ്റുകളിലെ അനധികൃത മണൽ കടത്ത് തടയാനായി എല്ലാ ജില്ലാ കളക്ടർമാർക്കും വാണിജ്യ നികുതി കമ്മീഷണർക്കും മോട്ടോർ വാഹന കമ്മീഷണർക്കും നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്?<br>ഉറപ്പ്-അന്യ സംസ്ഥാന തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കുന്ന ഉടമകൾ ടി തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് നിർബന്ധമായി രജിസ്ട്രേഷൻ എടുക്കുന്നതിനുമായിനിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. | കേരള കുടിയേറ്റ തൊഴിലാളി സാമൂഹ്യസുരക്ഷാ ബിൽ-2015, 29-4-2015-ലെ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് വന്നുവെങ്കിലും ആയത് പിൻവലിക്കുകയുണ്ടായി. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കുവാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.ആവാസ് പദ്ധതി നടപ്പിലാക്കിയതിനു ശേഷം പ്രസ്തുത നിയമ നിർമ്മാണം പരിഗണിക്കാവുന്നതാണെന്ന് നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | 13/07 | 47 | സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാരുടെ മേലുള്ള ഏജന്റുമാരുടെ ചൂഷണം ഒഴിവാക്കുന്നതി നാവശ്യമായ നിയമനടപടി വേണം?<br><br>ഉറപ്പ്-തീർച്ചയായും ഇക്കാര്യം പരിഗണി ക്കുന്നതായിരിക്കും. | സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാരുടെ മേലുള്ള ഏജന്റുമാരുടെ തൊഴിൽ ചൂഷണം സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയത് അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിച്ചുവരുന്നു. ടി പരാതികളിന്മേൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പരിശോധന നടത്തുമ്പോൾ ശ്രദ്ധയിൽപ്പെടുന്ന തൊഴിൽ നിയമലംഘനങ്ങൾക്ക് ഏജന്റുമാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സെക്യൂരിറ്റിജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| 8 | 13/07 | 81 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദ മാക്കുമോ?<br><br>ഉറപ്പ്-ഉൾപ്പെടുത്തിയിട്ടുണ്ട്.<br>എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് എംപ്ളോ യബിലിറ്റി സെന്റർ മുഖേന തൊഴിൽ നൈപുണ്യ പരിശീലനം ലഭ്യമാക്കുന്ന തിനുള്ള നടപടികൽ സ്വീകരിച്ചുവരുന്നു. | ഉൾപ്പെടുത്തിയിട്ടുണ്ട്. എംപ്ലോയ് മെന്റ് എക്സ്ചേഞ്ചു കളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥി കൾക്ക് എംപ്ലോയബിലിറ്റി സെന്റർ മുഖേന തൊഴിൽ നൈപുണ്യ പരിശീലനം നൽകി വരുന്നുണ്ട്. ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്ന സമയത്ത് എംപ്ലോയബിലിറ്റി സെന്ററിന്റെ സേവനം ലഭ്യമാണെന്നറിയിക്കുകയും എംപ്ലോയബിലിറ്റി സെന്ററിന്റെ സേവനം ആവശ്യമുള്ള ഉദ്യോഗാർത്ഥി കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുകയും ചെയ്തുവരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | 13/08 | 07 | ഡി) അന്യസംസ്ഥാന തൊഴിലാളികൾക്ക് ബയോമെട്രിക് സംവിധാനത്തോടുകൂടിയ തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കുമോ, വ്യക്തമാക്കുമോ?<br><br>ഉറപ്പ്-തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കുന്നതാണ്. എന്നാൽ ബയോമെട്രിക് കാർഡ് നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. | ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ് എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കുവാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. വിവിധ വകുപ്പുകൾക്കും, ഇതര സംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന വിവിധ തൊഴിൽ മേഖലയിൽ ഉൾപ്പെട്ടവർക്കും, വ്യക്തികൾക്കും വരെ വിവരങ്ങൾ ഉപയുക്തമാക്കുവാൻ കഴിയുന്ന വിധത്തിലുള്ള സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ.ആർ. കോഡ്, ചിപ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധോദ്ദേശ്യ ഇൻഷുറൻസ് ലിങ്ക്ഡ് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകുകയാണ് ആവാസ് പദ്ധതിയുടെ ലക്ഷ്യം. |

| | | | | |
|---|---|---|---|---|
| 10 | 13/08 | 27 | തയ്യൽത്തൊഴിലാളികളുടെ ക്ഷേമനിധി ബോർഡു കാസർഗോഡ് ജില്ലാ ഓഫീസ് കാഞ്ഞങ്ങാട് ആരംഭിക്കണം.?<br><br>ഉറപ്പ് - ഓരോ ക്ഷേമനിധി ബോർഡിന് ഓരോ ഓഫീസ് എന്ന സങ്കല്പം മാറ്റി നൂറു ശതമാനം കമ്പ്യൂട്ടറൈസ് ചെയ്ത് ഒറ്റ ഓഫീസിൽ പരമാവധി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിപ്പിക്കുന്ന ഒരു മാറ്റം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. | കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്, കുവൽപ്പള്ളി എന്ന സ്ഥലത്തു 2-6-2014 തീയതി മുതൽ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ ടി കാര്യാലയം കമ്പ്യൂട്ടറൈസ്ഡ് ആണ്. വാടക കെട്ടിടത്തിൽ ആണ് ടി കാര്യാലയം പ്രവർത്തിക്കുന്നത്. ആയതിനാൽ മറ്റ് ക്ഷേമനിധി ബോർഡുകളുടെ ഓഫീസുകൾ കൂടി ഇവിടെ പ്രവർത്തിപ്പിക്കുവാനുള്ള സ്ഥലസൗകര്യം ടി കാര്യാലയത്തിൽ ലഭ്യമല്ല. |
| 11 | 13/08 | 84 | (എ) & (ബി) അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഇതിനെക്കുറിച്ചുള്ള സർക്കാരിന്റെ നിലപാട് അറിയിക്കാമോ?<br><br>ഉറപ്പ്- അന്യസംസ്ഥാന തൊഴിലാളി കളെക്കുറിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഇതിനെക്കുറിച്ചുള്ള സർക്കാരിന്റെ | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻറ് ടാക്സേഷന്റെ പഠന റിപ്പോർട്ടിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ, പാർപ്പിട സൗകര്യം, ജീവിത സാഹചര്യങ്ങൾ, സാമൂഹിക സുരക്ഷ, ആരോഗ്യ പരിരക്ഷ, തൊഴിൽ പ്രശ്നങ്ങൾ, തദ്ദേശവാസികളുമായുള്ള ബന്ധം നിലനിർത്തൽ തുടങ്ങിയ വിഷയങ്ങളിലാണ് ശുപാർശകൾ നല്കിയിരിക്കുന്നത്. റിപ്പോർട്ടിലെ ശുപാർശകൾ കഴിയുന്നിടത്തോളം നടപ്പിലാക്കണമെന്നാണ് സർക്കാരിന്റെ നിലപാട്. പഠന റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം ഇതര സംസ്ഥാന |

| | | | | |
|---|---|---|---|---|
| | | | നിലപാട് അറിയിക്കാമോ? | തൊഴിലാളികളുടെ രജിസ്ട്രേഷൻ പാർപ്പിട സൗകര്യം, ജീവിത സാഹചര്യങ്ങൾ, സാമൂഹിക സുരക്ഷ, ആരോഗ്യ പരിരക്ഷ എന്നീ വിഷയങ്ങളിൽ തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ' കേരള നടപ്പിലാക്കിവരുന്ന ഭവനപദ്ധതികളിലൊന്നാണ് 'അപ്നഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിൻറെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർമ്മാണം 2017 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാൻ കഴയും എന്നാണ പ്രതീക്ഷ. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണ് ഇവിടെ പണിയുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പ |

| | | | | |
|---|---|---|---|---|
| | | | | വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കുവാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. |
| 12 | 13/09 | 30 | (എ) സംസ്ഥാനത്ത് അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?<br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) പദ്ധതി വഴി എന്തെല്ലാം സേവന ങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;<br>(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?<br>ഉറപ്പ്-ഉണ്ട്. അന്യസംസ്ഥാന തൊഴിലാ ളികൾക്ക് പൊതു സ്വകാര്യ പങ്കാളിത്ത ത്തോടെ ചെലവ് കുറഞ്ഞതും എന്നാൽ ഗുണനിലവാരമുള്ളതുമായ താമസ സൗകര്യ ങ്ങളും യോഗ്യമായ തൊഴിൽ അവസ്ഥയും | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൌണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭാവനപദ്ധതികളിലൊന്നാണ് 'അപ്നാഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഇതിന്റെ ആകെ ചെലവ് പ്രതീക്ഷിയ്ക്കുന്നത് എട്ട് കോടി രൂപയാണ്. ഈ പദ്ധതിയുടെ നിർമ്മാണം 2017 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാൻ കഴിയും. 768 പേർക്ക് എല്ലാ വിവിധ സൗകര്യമുള്ള ഹോസ്റ്റലാണിവിടെ പണിയുന്നത്. സർക്കാർ ഭൂമി കണ്ടെത്തിക്കഴിഞ്ഞാൽ തിരുവനന്തപുരം/എറണാകുളം/ കോഴിക്കോട് നഗരങ്ങളിലും ഈ മാതൃകയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമിക്കുന്നതിന് സാധിക്കും |

| | | | | |
|---|---|---|---|---|
| | | | അവരുടെ തൊഴിൽ സ്ഥലങ്ങൾക്ക് സമീപം പ്രദാനം ചെയ്യുന്നതിനുവേണ്ടി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പരിസരങ്ങളിലോ കുടിയേറ്റ തൊഴിലാളികൾ കൂടുതലുള്ള പ്രദേശങ്ങളിലോ പരീക്ഷണ അടിസ്ഥാന ത്തിൽ തൊഴിലാളി അഭയ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നു.<br>(ഡി) അന്യ സംസ്ഥാന തൊഴിലാളികൾ കൂടുതലായി അധിവസിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രാരംഭമായി ടി പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ആയതിലേ ക്കായി മേൽജില്ലകളിൽ സർക്കാർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. | |
| 13 | 13/09 | 59 | (ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവൽക്കരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | 29-4-2013-ലെ സ.ഉ. (സാധാ) നം. 797/13/ തൊഴിൽ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനെ നാഷണൽ എംപ്ലോയമെന്റ് സർവ്വീസ് (കേരള)-യ്ക്കുവേണ്ടി വെബ് എനേബിൾഡ് സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്-എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിന്നും യഥാസമയം സുതാര്യമായ സേവനം ഓൺലൈനായി നൽകുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് ഒരു വെബ് എനേബിൾഡ് സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. | ചുമതലപ്പെടുത്തിയിരുന്നു. കെ.എസ്.ഐ.റ്റി.എം-ന്റെ സഹായത്തോടെ അംഗീകൃത ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർകളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിക്കുകയും സി-ഡാക്-നെ ഇതിനായി തിരഞ്ഞെടുക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ അവർ നൽകിയ പ്രൊപ്പോസലിന് ഭേദഗതി ആവശ്യമായതിനാൽ അത് നൽകുന്ന മുറയ്ക്ക് സോഫ്റ്റ് വെയർ വികസന ജോലികൾ തുടങ്ങാമെന്ന് 22-3-2014-ലെ സ.ഉ. (സാധാ.) നം. 416/2014/തൊഴിൽ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സി-ഡാക് ടി ഉദ്യമത്തിൽ നിന്നും പിൻമാറിയതിനാൽ എൻ.ഐ.സി. (കേരള യൂണിറ്റ്) മുഖേന നാഷണൽ എംപ്ലോയമെന്റ് സർവ്വീസ് (കേരള)യ്ക്കു വേണ്ടി വെബ് എനേബിൾഡ് സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് 13-3-2015 ലെ സ.ഉ. (സാധാ.) നം. 311/15/തൊഴിൽ പ്രകാരം അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള എൻ.ഐ.സി.-യുമായി ചേർന്ന് ഓൺലൈൻ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് 19-8-2015-ന് കരാർ ഒപ്പുവച്ചു. മൂന്ന് ഘട്ടങ്ങളിലായുള്ള സോഫ്റ്റ് വെയർ വികസനത്തിന്റെ ആദ്യ ഘട്ടത്തിലുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, |

| | | | | |
|---|---|---|---|---|
| | | | | ഡാറ്റാ മൈഗ്രേഷൻ തുടങ്ങിയ പ്രവർത്തനങ്ങളുടെ സോഫ്റ്റ് വെയർ ടെസ്റ്റിംഗ് അന്തിമഘട്ടത്തിലാണ്. ഓൺലൈൻ സോഫ്റ്റ് വെയർ യൂസർ അക്സപ്റ്റൻസ് ടെസ്റ്റ് (യു.എ.റ്റി.) ടീമിന്റെ അംഗീകാരത്തോടെ സെക്യൂരിറ്റി ഓഡിറ്റിംഗിന് ആയി എൻ.ഐ.സി.-ക്ക് നൽകിയിട്ടുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഉടൻ തന്നെ ഓൺലൈൻ സംവിധാനത്തിലേക്ക് വകുപ്പിന്റെ പ്രവർത്തനങ്ങൾ മാറുന്നതാണ്. |
| 14 | 13/09 | 90 | (സി) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?<br><br>ഉറപ്പ്-ഉദ്ദേശിക്കുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുമായി തയ്യാറാക്കിയ കേരള മൈഗ്രൻറ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാരിന്റെ പരിഗണനയിലാണ്. | ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ആയതിനാൽ അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുമായി തയ്യാറാക്കിയ 'കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013'-മേലുള്ള തുടർ നടപടികൾ ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന "ആവാസ്" പദ്ധതി നടപ്പിലാക്കിത്തുടങ്ങിയശേഷം പരിശോധിക്കാം എന്ന നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 15 | 13/11 | 01 | (എ) ആശുപത്രി ചെലവുകൾ ദൈനംദിനം വർദ്ധിച്ചുവരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ, പൊതുജനങ്ങൾക്ക് നടപ്പിലാക്കിയതുപോലെ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;<br><br>(ബി)എങ്കിൽ എല്ലാമാസവും ഒരു നിശ്ചിത തുക പ്രീമിയമായി സ്വീകരിച്ച് എല്ലാ സർക്കാർ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ് - സർക്കാർ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി 26-4-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 3606/2014/ധന. പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി കാര്യങ്ങൾ പരിശോധിച്ചുവരുന്നു | സർക്കാർ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി 24/04/2017-ലെ സർക്കാർ ഉത്തരവ് (പി) നം. 54/2017/ധന. പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 16 | 13/11 | 118 | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുഭരണ പരിഷ്കാര വകുപ്പ് (പി.&എ.ആർഡി) വകുപ്പിന്മേൽ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ ;<br><br>(ബി) വർഷങ്ങൾക്കുമുമ്പ് നിർണ്ണയിക്കപ്പെട്ട കാലോചിതമല്ലാത്ത സ്റ്റാഫ് ഘടനയും സംവിധാനങ്ങളും ശാസ്ത്രീയമായി പുനഃക്രമീ കരിക്കണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ പരാമർശമുണ്ടോ ;<br><br>(സി) തൊഴിൽ വകുപ്പ് കാലോചിതമായി പരിഷ്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി കൈക്കൊള്ളുമോ ?<br><br>ഉറപ്പ്-സർക്കാരിന്റെ പരിഗണനയിലാണ്. | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് തൊഴിൽ വകുപ്പിൽ പഠനം നടത്തി സമർപ്പിച്ച വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള ശുപാർശ ലേബർ കമ്മീഷണർ 3-12-2008-ൽ സർക്കാരിൽ സമർപ്പിക്കുകയും അയത് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചുവെങ്കിലും സാമ്പത്തിക പ്രതിസന്ധിമൂലം ആയത് പരിഗണിക്കുവാൻ കഴിയില്ലെന്ന് സർക്കാർ തീരുമാനിച്ചു. ഈ സർക്കാർ അധികാരമേറ്റതിന് ശേഷം തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനായി 18-2-2017-ൽ ലേബർ കമ്മീഷണർ സമർപ്പിച്ച പുതിയ ശുപാർശയും പരിഗണനയ്ക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്ന വിഷയത്തിൽ തീരുമാന മെടുക്കുന്നത് താത്ക്കാലം നീട്ടിവയ്ക്കുന്നതായി ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നു. |
| 17 | 13/11 | 133 | (സി) പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | പ്രാദേശിക പത്രപ്രവർത്തകർക്ക് പ്രത്യേകം ക്ഷേമനിധി ഇല്ലാത്തതിനാൽ ഇവർക്ക് അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയിൽ അംഗത്വം എടുക്കാവുന്നതും ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതുമാണ്. |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. | |
| 18 | 13/12 | 31 | (സി) തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനും മിനിമം ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കാനും ഉതകുംവിധമുള്ള നയരൂപീകരണം നടത്തുമോ; മനഃപൂർവ്വം തൊഴിലാളി ദ്രോഹം നടത്തുന്ന തോട്ടങ്ങൾ ഏറ്റെടുക്കാനും നിലനിർത്താനും ആവശ്യമായ സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ?<br><br>ഉറപ്പ് - പരിഗണിക്കാവുന്നതാണ്. | തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനും മിനിമം ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനും 17-5-2016-ലെ സ.ഉ. (അച്ചടി) നമ്പർ 76/2016/തൊഴിൽ പ്രകാരം തോട്ടം മേഖലയിൽ മിനിമംകൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.<br><br>പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. ടി കമ്മിറ്റി മുഖേന പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവാഹ ധനസഹായം, ആരോഗ്യപരിപാലനം. തൊഴിലാളി കളുടെ മക്കൾക്ക് ഉന്നതപഠന സഹായം പഠനോപകരണങ്ങളുടെ വിതരണം, ലയങ്ങളുടെ അറ്റകുറ്റപ്പണി, കുടിവെള്ളപദ്ധതി മുതലായവ സർക്കാർ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി നൽകിവരുന്നു. കൂടാതെ, പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ആവകാശം കൈപ്പറ്റി പിരിഞ്ഞിട്ടില്ലാത്ത തൊഴിലാളികൾക്ക് |

| | | | | |
|---|---|---|---|---|
| | | | | സർക്കാർ ഓണക്കാലത്ത് ആശ്വാസ ധനസഹായമായി 2,000 രൂപ വീതം അനുവദിച്ച് നൽകുന്നുണ്ട്. |
| 19 | 13/15 | 02 | പരമ്പരാഗത തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ വിദഗ്ധ തൊഴിലാളികളെ പരിശീലിപ്പിക്കാൻ നൈപുണി പദ്ധതി മുഖാന്തിരം നടപടികൾ ഉണ്ടാകുമോ?<br><br>ഉറപ്പ് - ഉചിതമായ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിഗണിക്കാവുന്നതാണ്. | KASE നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലന പദ്ധതികളിൽ ഉൾക്കൊള്ളിക്കാൻ പരമ്പരാഗത മേഖലകളെ പ്രതിനിധീകരിച്ച് പ്രൊപ്പോസലുകകൾ ഒന്നും തന്നെ ഇതുവരെയും ലഭിച്ചിട്ടില്ല. |
| 20 | 14/01 | 04 | (ഡി) സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം രീതിയിലാണ് ഇവരുടെ രജിസ്ട്രേഷൻ നടത്തി വരുന്നതെന്ന് വിശദമാക്കാമോ?<br><br>ഉറപ്പ്-ഇല്ല. കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ക്ഷേമ പ്രവർത്തനവും നടപ്പിലാക്കുന്നതിനുവേണ്ടി കേരള ബിൽഡിംഗ് | ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷയും വിവരശേഖരണവും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് 27-10-2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)ന്റെ |

| | | | | |
|---|---|---|---|---|
| | | | ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളിക്ഷേമ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ 30-4-2016 വരെ 53,136 തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും ലക്ഷ്യമിട്ട് സമഗ്രമായ ഒരു പദ്ധതി ഈ സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. | നേതൃത്വത്തിൽ എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് നടത്തിവരികയാണ്. ഈ രജിസ്ട്രേഷൻ ഒരു തുടർ പ്രക്രിയയാണ്. സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നടത്തുകയും അതിനൊപ്പം തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നുമുണ്ട്. 18-4-2018 തീയതി വരെ കേരളത്തിൽ ജോലി ചെയ്യുന്ന 2,24,622 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. |
| 21 | 14/09 | 11 | (എ) മിനിമം വേതനം നടപ്പാക്കാത്ത മേഖലകളിൽ ന്യായമായ വേതനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | 2015-ലെ കരട് കേവല വേതനാവകാശ ബിൽ (The Kerala Right to Minimum Guaranteed Wages Bill, 2015) ലെ വ്യവസ്ഥകൾ, 1948-ലെ |

| | | | | |
|---|---|---|---|---|
| | | | (ബി) മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് സഹായകരമായ നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?<br><br>ഉറപ്പ്-(എ) മിനിമം വേതനം നടപ്പാക്കാത്ത മേഖലകളിൽ അടിസ്ഥാന വേതനം നടപ്പിലാക്കുന്നതിനുള്ള കേവല വേതന നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധനയിലാണ്.<br><br>(ബി) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്ത മേഖലകളെ ഘട്ടംഘട്ടമായി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | മിനിമം വേതന നിയമത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് മിനിമം വേതന നിയമത്തിന് ഒരു സംസ്ഥാന ഭേദഗതി കൊണ്ട് വരുന്നതിനു ഉതകുന്ന തരത്തിൽ കരട് ഭേദഗതി ബിൽ തയ്യാറാക്കി ലഭ്യമാക്കുവാൻ ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണെന്ന വിവരം അറിയിക്കുന്നു. |
| 22 | 14/10 | 59 | കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും അംഗതൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കുടിശ്ശിക സഹിതം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | 2020 ജനുവരി മുതൽ അംശദായം 20 രൂപയാക്കിയും ഭൂവുടമാവിഹിതം 20 ആർ- നും 40 ആർ-നും ഇടയിൽ 50 പൈസ നിരക്കിലും 40 ആർ-നു മുകളിലുള്ള ഓരോ ആർ-നും ഒരു രൂപാ നിരക്കിലും വർദ്ധിപ്പിച്ചു കൊണ്ടും മാച്ചിംഗ് ഗ്രാന്റ് തൊഴിലാളി വിഹിതത്തിന്റെ 25 ശതമാനമാക്കി നിജപ്പെടുത്തിയും 2020 ജനുവരി 16-ന് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിക്കുകയും 2021 നവംബർ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ് - തൊഴിലാളികളിൽ നിന്നുള്ള അംശാദായവും ഭ്രവുടമാവിഹിതവും കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ബോർഡ് സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ് കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഇപ്പോൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ബോർഡിലെ അംഗ ത്തൊഴിലാളികൾക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക സഹിതം അനുവദിച്ചുനൽകുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. | 14-ലെ 27246/Leg. C2/2018/Law വിജ്ഞാപന പ്രകാരം ഭേദഗതി വരുത്തി നിയമമാക്കുകയും ചെയ്തു. 16-8-2021 മുതൽ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ 2,000 രൂപയിൽ (രണ്ടായിരം രൂപ മാത്രം) നിന്ന് 5,000 രൂപയാക്കിയും (അയ്യായിരം രൂപ മാത്രം) ചികിത്സാ ധനസഹായം 2,500 രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) (5 വർഷത്തിലൊരിക്കൽ) എന്നത് 4,000 രൂപ (നാലായിരം രൂപ മാത്രം) (3 വർഷത്തിലൊരിക്കൽ) എന്ന നിരക്കിലും വർദ്ധിപ്പിച്ചിട്ടുണ്ട്. |

**ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2019-21)-യുടെ ആറാമത് റിപ്പോർട്ട്**

| | | ഖണ്ഡിക | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | | 58 | നൂറിലധികം തൊഴിലാളികൾ പണിയെടുക്കുന്ന എല്ലാ സേവന/വാണിജ്യ/ വ്യവസായ സ്ഥാപനങ്ങളിലും സർക്കാർ/ | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ നൂറലധികം ജീവനക്കാരുള്ള പേരൂർക്കട, മുളങ്കുന്നത്തുകാവ്, ഒളരിക്കര, ഫറോക്ക് |

| | | | | |
|---|---|---|---|---|
| | | | അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിലാളികളെ ഉൾപ്പെടുത്തി ദുരന്തനിവാരണ കർമ്മസേനകൾ രൂപീകരിക്കണം. അതാത് സ്ഥാപനങ്ങളുടെ പ്രത്യേകതകൾക്ക് അനുസൃതമായി ഇവർക്ക് ദുരന്ത പ്രതിരോധ മാർഗ്ഗങ്ങളിൽ പരിശീലനം നൽകുകയും കൃത്യമായ ഇടവേളകളിൽ മോക്ക്ഡ്രില്ലുകൾ നടത്തുകയും ചെയ്യണമെന്നും ജില്ലാതല ദുരന്ത നിവാരണ അതോറിറ്റി ഇക്കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതെന്നും സമിതി ശിപാർശ ചെയ്യുന്നു. | ഇ.എസ്.ഐ. ആശുപത്രികളിൽ ദുരന്ത നിവാരണ കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. |

## XII. ഭക്ഷ്യപൊതുവിതരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 5 | (സി) പൊതുവിതരണ സമ്പ്രദായത്തിൻറെ സുതാര്യതയും മെച്ചപ്പെട്ട വിതരണസേവനവും ഉറപ്പുവരുത്തുന്നതിന് ബയോമെടിക് അധിഷ്ഠിതമായ | എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷനോടനുബന്ധിച്ച് വകുപ്പ് തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകുകയും എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല |

| | | | | |
|---|---|---|---|---|
| | | | ഇ.പി.ഡി.എസ്. എല്ലാ റേഷൻ കടകളിലും നടപ്പിലാക്കിയിട്ടുണ്ടോ;<br><br>(ഡി) ഇല്ലെങ്കിൽ ഈ സമ്പ്രദായം സംസ്ഥാനത്തുടനീളം എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?<br><br>ഉറപ്പ് - ബയോമെടിക് അധിഷ്ഠിതമായ ഇ.പി.ഡി.എസ്. നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. | പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br><br>റേഷൻ കടകളിൽ ബയോമെടിക് സംവിധാനം നടപ്പിൽ വരുത്തുന്നതിനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ 14 കടകളിലും എറണാകുളം ജില്ലയിലെ 8 കടകളിലും മോഡൽ പൈലറ്റ് പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ കടകളിലേക്ക് ആവശ്യമായ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകളുടെ സ്പെസിഫിക്കേഷൻ തീരുമാനിക്കുന്നത് സംബന്ധിച്ച് ദ്വിദിന വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ഇതിനായുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനായി കേന്ദ്ര എൻ.ഐ.സി.യുമായി ചർച്ചകൾ നടത്തി വരുന്നു.<br><br>മുൻകൂട്ടി തയ്യാറാക്കിയ ഫോറങ്ങൾ റേഷൻകടകളിലൂടെ വിതരണം ചെയ്ത് വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുള്ള ക്യാമ്പുകളിലൂടെ പൂരിപ്പിച്ച ഫോറങ്ങൾ ശേഖരിച്ചു വരുന്നു. ഈ ഫോറത്തിൽ റേഷൻകാർഡു പുതുക്കലിനായുള്ള വിവരങ്ങളും കൂടാതെ ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ റേഷൻകാർഡ് ഡാറ്റാ ബേസിലേക്ക് സീഡ് ചെയ്യുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | 31-5-2014-ലെ സർക്കാർ ഉത്തരവ് (കൈ)നം. 18/14/ഭ.സി.സ.വ. പ്രകാരം ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ പോലുള്ള ബയോമെട്രിക് മാർഗ്ഗങ്ങളോ, സ്മാർട്ട് കാർഡ് പോലുള്ള ബദൽ മാർഗ്ഗങ്ങളോ സ്വീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ പരാമർശിച്ച പൈലറ്റ് പദ്ധതിയിൽ ഓഫ് ലൈൻ വാലിഡേഷനുവേണ്ടി സ്മാർട്ട് കാർഡും 2-ഡി ബാർകോഡും ഉപയോഗിക്കുന്നതിനും തീരുമാനി ച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതി വിശകലനം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും. |
| 2 | 13/01 | 83 | (ബി) ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ കേന്ദ്ര സർക്കാർ അംഗീകരി ക്കുന്ന കുടുംബങ്ങളുടെ വിവരങ്ങൾ നൽകുമോ; ബാക്കി കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുമോ; വിശദാംശം നൽകുമോ?<br><br>ഉറപ്പ്-കേന്ദ്ര പ്ളാനിംഗ് കമ്മീഷൻ അംഗീകരിച്ചത് 20.57 ലക്ഷം ബി.പി.എൽ. കുടുംബങ്ങളെയാണ്. ബാക്കി കുടുംബ | ദാരിദ്ര്യവിമുക്ത കേരളം എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് 2011 സെപ്റ്റംബർ 1 മുതൽ ബി.പി.എൽ/ എ.എ.വൈ. കാർഡുടമകൾക്ക് 1 രൂപ നിരക്കിൽ അരി വിതരണം ചെയ്തു തുടങ്ങിയത്. 14.61 ലക്ഷം ബി.പി.എൽ. കാർഡുടമകളും 5.96 ലക്ഷം എ.എ.വൈ. കാർഡുടമകളുമുൾപ്പെടെ ഏകദേശം 20.57 ലക്ഷം കുടുംബങ്ങൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നു. 2016 ഏപ്രിൽ മുതൽ ബി.പി.എൽ./എ.എ.വൈ. വിഭാഗങ്ങൾക്ക് അരി |

| | | | | |
|---|---|---|---|---|
| | | | ങ്ങൾക്ക് സംസ്ഥാന സർക്കാർ ഒരു രൂപയ്ക്ക് അരി നൽകും. | നല്കുന്നത് സൗജന്യമാക്കി. 2016 നവംബർ മുതൽ സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നിലവിൽ വരുകയും ടി നിയമപ്രകാരമുള്ള റേഷൻ കാർഡുകളുടെ കരട് ലിസ്റ്റ് അനുസരിച്ചുള്ള 595800 എ.എ.വൈ. കാർഡുകളും 2837236 മുൻഗണനാ കാർഡുകളുമുൾപ്പെടെ 3433036 റേഷൻ കാർഡുകൾക്ക് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം സൗജന്യമായി നല്കിവരുന്നു. |
| 3 | 13/05 | 169 | റേഷൻ കാർഡുടമകളുടെ എണ്ണം, വിസ്തൃതി, ജനസംഖ്യ എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പുതിയ സപ്ളൈ ഓഫീസുകൾ അത്യാവശ്യ സ്ഥലങ്ങളിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്-ഇക്കാര്യത്തെക്കുറിച്ച് ഗവൺമെൻറ് പരിശോധിക്കുന്നതാണ്. | സംസ്ഥാനത്ത് 12 പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 13-7-2015 തീയതിയിലെ സ.ഉ. (കൈ.)നമ്പർ 20/15/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാട്ടാക്കട, വർക്കല, പുനലൂർ, കോന്നി, ഇടുക്കി, ചാലക്കുടി, താമരശ്ശേരി, കൊണ്ടോട്ടി, ഇരിട്ടി, പട്ടാമ്പി, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ നിലവിൽ വന്നിട്ടുണ്ട്. |
| 4 | 13/07 | 09 | ജില്ലാ കേന്ദ്രങ്ങളിലെങ്കിലും പ്രാഥമികമായി മാവേലി ഹോട്ടൽ ആരംഭിക്കുന്നതിന് | മാവേലി ഹോട്ടൽ പദ്ധതി പുനരാവിഷ്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ |

| | | | | |
|---|---|---|---|---|
| | | | ശ്രമമുണ്ടാകുമോ ? ഉറപ്പ് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. | ഓരോ താലൂക്കിലും തൃപ്തി ഹോട്ടലുകൾ തുടങ്ങുന്നതിന് 2013-14-ലെ ബഡ്ജറ്റിൽ തീരുമാനിക്കുകയും മേൽപ്പടി പദ്ധതിയുടെ നടത്തിപ്പ് കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ മഹിളാ സംഘടനകളിൽ കൂടി നടപ്പിലാക്കുന്നതിനും ഹോട്ടലുകളുടെ കെട്ടിട വാടക, ഇലക്ട്രിസിറ്റി, വാട്ടർ ചാർജ് എന്നിവക്കായി പ്രതിവർഷം 5 ലക്ഷം രൂപ വരെ ഗ്രാന്റായി നൽകാനും തീരുമാനമുണ്ടായിരുന്നെങ്കിലും സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ലാഭകരമല്ലെന്ന് മനസ്സിലാക്കിയതിനാൽ പദ്ധതി ഉപേക്ഷിച്ചു. |
| 5 | 13/07 | 21 | സംസ്ഥാനത്ത് റേഷൻ കടകൾ വഴി പലവ്യഞ്ജനങ്ങൾ ലഭ്യമാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ? ഉറപ്പ്- 13-2-2013-ൽ കേന്ദ്ര ഭക്ഷ്യ വകുപ്പു മന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ഭക്ഷ്യ വകുപ്പു മന്ത്രിമാരുടെ യോഗത്തിൽ ഇക്കാര്യം സജീവ പരിഗണനയിൽ വന്നിട്ടുണ്ട്. | റേഷൻ കടകൾ വഴി പലവ്യഞ്ജനങ്ങൾ ലഭ്യമാക്കുന്ന വിഷയം കേന്ദ്ര ഭക്ഷ്യ വകുപ്പ് മന്ത്രി 13-2-2013-ൽ വിളിച്ചുചേർത്ത സംസ്ഥാന ഭക്ഷ്യ വകുപ്പ് മന്ത്രിമാരുടെ യോഗത്തിന്റെ സജീവ പരിഗണനയിൽ വന്നുവെങ്കിലും ആയത് സംബന്ധിച്ച് തുടർ നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ലഭിക്കാത്തതിനാൽ നടപ്പാക്കാനായിരുന്നില്ല. പലവ്യഞ്ജനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ആദ്യത്തെ സംരംഭം കണ്ണൂരിൽ വിജയകരമായി തുടങ്ങിയിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ |

| | | | | |
|---|---|---|---|---|
| | | | | അദ്ധ്യക്ഷനായി റേഷൻ വ്യാപാരി പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയോഗിക്കുകയും അതിൻ പ്രകാരം നടപടി സ്വീകരിച്ചു വരികയുമാണ്. പലവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള 13 അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ട്. എങ്കിലും റേഷൻ കടകളുടെ വൈവിധ്യവത്ക്കരണം സംബന്ധിച്ച കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി ബാങ്കിംഗ് സേവനങ്ങൾ റേഷൻ കടകളിലെ ഇ-പോസ് മെഷീൻ വഴി ലഭ്യമാകുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. |
| 6 | 13/08 | 78 | (എ) സംസ്ഥാനത്ത് ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?<br><br>ഉറപ്പ്-സംസ്ഥാനത്ത് ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ? | സംസ്ഥാനത്തെ ഉപഭോക്തൃ ബോധവല്ക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ട് യഥാസമയം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിലൂടെ സാധിക്കുമെന്ന് കരുതുന്നു. പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം കണ്ടെത്തൽ, ഡയറക്ടറേറ്റ് രൂപികരണവുമായി ബന്ധപ്പെട്ട് പുതിയ തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന |

| | | | | |
|---|---|---|---|---|
| | | | | സാമ്പത്തിക ബാധ്യത തുടങ്ങിയ കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ച് വരികയാണ്. ഇക്കാര്യത്തിൽ സർക്കാർ ഇതുവരേയും നയപരമായ ഒരു തീരുമാനം കൈകൊണ്ടിട്ടില്ല. |
| 7 | 13/08 | 90 | (എ) സംസ്ഥാനത്ത് ഇന്റർമീഡിയറ്റ് ഗോഡൗണുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?<br><br>ഉറപ്പ് - ഉണ്ട്. അഡീഷണൽ ഗോഡൗൺ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കോട്ടയം, ഇടുക്കി, ആലപ്പുഴ, കാസർഗോഡ്, തിരുവനന്തപുരം എന്നീ ജില്ലകളിൽ സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | 29-8-2016-ലെ സ.ഉ. (കൈ.) നമ്പർ 11/2016/ ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സ്വകാര്യ മൊത്ത വിതരണശാലകളെ ഒഴിവാക്കി സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ ഗോഡൗണുകൾ ആരംഭിക്കുവാൻ ഉത്തരവായിരുന്നു. ഗോഡൗണുകൾ പണിയുന്നതിനായി 12 ജില്ലകളിലെ 22 താലൂക്കുകളിലായി 23 സ്ഥലങ്ങൾ വകുപ്പ് കണ്ടെത്തുകയും ടി സ്ഥലങ്ങൾ വകുപ്പിന് കൈമാറി നല്കുന്നതിനുള്ള റിക്വസിഷൻ ഫോമുകൾ അതാത് ജില്ലാ കളക്ടർമാർക്ക് നല്കിയിട്ടുള്ളതുമാണ്. |
| 8 | 13/09 | 123 | സംസ്ഥാനാടിസ്ഥാനത്തിൽ ഉത്പാദന കേന്ദ്രങ്ങളിൽ നിന്നും ബൾക്ക് പർച്ചേസ് നടത്തി പരമാവധി വില കുറച്ച് വിദ്യാർഥികൾക്ക് സഹായകരമായ രൂപത്തിൽ ആവശ്യമായ നോട്ട് | സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡ് ആയ ശബരി ബ്രാൻഡ് നോട്ട് ബുക്കുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനു പുറമെ പ്രധാന FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങൾ |

| | | | | |
|---|---|---|---|---|
| | | | ബുക്കുകളും മറ്റ് ഉപകരണങ്ങളും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സ്ഥിരം സംവിധാനം സംസ്ഥാനാടിസ്ഥാനത്തിൽ ഒരുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?<br><br>ഉറപ്പ് - ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാം. | വിൽക്കുന്ന കമ്പനികളിൽ നിന്നും നോട്ടുബുക്കുകളും മറ്റു പഠനോപകരണങ്ങളും പർച്ചേസ് ചെയ്ത് സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി ന്യായമായ വിലയ്ക്ക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിവരുന്നു. |
| 9 | 13/10 | 06 | (ബി) പൊതുവിതരണസമ്പ്രദായത്തിലൂടെ ഇപ്പോൾ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളോടൊപ്പം മറ്റ് നിത്യോപയോഗ സാധനങ്ങൾകൂടി വിതരണം ചെയ്യുന്നത് പരിഗണനയിലുണ്ടോ;<br><br>(സി) എങ്കിൽ എന്തെല്ലാം ഭക്ഷ്യവസ്തുക്കളാണ് റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?<br><br>ഉറപ്പ്-റേഷൻകടകൾ വഴി മറ്റ് നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. | നിലവിൽ അരി, ഗോതമ്പ്, ആട്ട എന്നീ ഭക്ഷ്യസാധനങ്ങളാണ് റേഷൻകടകൾ വഴി വിതരണം ചെയ്തു വരുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിൽക്കുന്ന സബ്സിഡി ഇതര/നോൺമാവേലി സാധനങ്ങൾ തിരഞ്ഞെടുത്ത റേഷൻകടകൾവഴി വിൽക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം മെയ് മാസം 18-ാം തീയതി കണ്ണൂരിൽ വച്ച് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. ആയതിന്റെ പുരോഗതി വിലയിരുത്തി പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 10 | 13/10 | 22 | (എ)ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വരുന്പോൾ എല്ലാ ജില്ലയിലും സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>ഉറപ്പ് - നടപടികൾ സ്വീകരിച്ചുവരുന്നു | എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സപ്ലൈകോയുടെ 7 ഗോഡൗണുകളും സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെയും സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെയും സ്വകാര്യ വ്യക്തികളുടെയും ഗോഡൗണുകളും ഉപയോഗിച്ചുവരുന്നു. മേൽപ്പറഞ്ഞ ഗോഡൗണുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 11 | 13/10 | 36 | (എ) സമ്പൂർണ്ണ ബയോ-മെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?<br>ഉറപ്പ്-(എ) സംസ്ഥാനത്തെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് ബയോമെട്രിക് അധിഷ്ഠിതമായി റേഷൻ വിതരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. | ദേശീയ ഭക്ഷ്യ ഭദ്രതാനിയമം,2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കുകയും റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുകയും ടി മെഷീനിലൂടെ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തന്നെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തി വരികയും ചെയ്യുന്നു. റേഷൻകടകളിൽ നടക്കുന്ന ഓരോ ട്രാൻസാക്ഷനും തൽസമയം തന്നെ ഓൺലൈൻ പോർട്ടൽ വഴി പൊതു ജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും നിരീക്ഷിക്കുവാനും സാധിക്കുന്നു. പൊതു ജനങ്ങളുടെ പ്രതിമാസറേഷൻ വിഹിതം |

| | | | | |
|---|---|---|---|---|
| | | | (ഡി)ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ചുവടെ പറയുന്ന പ്രകാരം 4 മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.<br>1) റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക.<br>2) എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക..<br>3) യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ റേഷൻ കടകളിലൂടെ നൽകുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.<br>4) സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക.<br>ഇതിൽ ആദ്യത്തെ ഘടകമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കിയ | വകുപ്പിന്റെ പോർട്ടലിൽ പ്രദർശിപ്പിക്കുകയും എസ്.എം.എസ്. മുഖേന അറിയിക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.-യിൽ നിന്ന് റേഷൻ സാധനങ്ങൾ വിട്ടെടുത്ത് റേഷൻ കടകളിലേക്ക് വിതരണം നടത്തുന്നതിന് (വാതിൽപ്പടി വിതരണം) സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വിതരണം നടത്തുന്നതിന് തെരഞ്ഞെടുക്കുന്ന വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു. ഉപഭോക്തൃ പരാതി പരിഹാര സംവിധാനത്തിൽ താലൂക്ക്/ജില്ല/ഡി.വൈ.സി.ആർ./വി.ഒ./സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം എന്നിവിടങ്ങളിൽ നേരിട്ട് പരാതി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പർ മുഖാന്തിരവും പരാതി സമർപ്പിക്കാവുന്നതാണ്. NFSA നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാതല പരാതി പരിഹാര സംവിധാനം സംബന്ധിച്ച ചുമതലകൾ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാർക്ക് നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ഫുഡ് കമ്മീഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ റേഷൻ കാർഡുകളിലും ബന്ധപ്പെട്ട |

| | | | | |
|---|---|---|---|---|
| | | | വിശദമായ പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. | താലൂക്ക് സപ്ളൈ ആഫീസിന്റെ നമ്പർ ലഭ്യമാണ്. കൂടാതെ സിവിൽ സപ്ളൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെയും സിവിൽ സപ്ളൈസ് കമ്മിഷണർ മുതൽ റേഷനിംഗ് ഇൻസ്പെക്ടർ വരെയുള്ളവരുടെ മൊബൈൽ നമ്പറുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 12 | 13/10 | 41 | (എ) റേഷൻ സാധനങ്ങളുടെ വിതരണ ത്തിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ യെന്ന് വിശദ മാക്കുമോ;<br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ?<br>ഉറപ്പ്-റേഷൻ സംവിധാനമാകെ കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതിയായ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ പൈലറ്റ് പദ്ധതി ആരംഭിക്കുമ്പോൾ തെരഞ്ഞെടുത്ത റേഷൻ കടകളിൽ ഡോർ ടു ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ഡോർ ടു ഡോർ ഡെലിവറി നടത്തുന്ന | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ SCMS (സപ്ലൈ ചെയിൻ മാനേജ്മെന്റ്) എന്ന ഘടകത്തിന്റെ ഒരു ഭാഗം ഒഴികെ മറ്റ് എല്ലാം പ്രാവർത്തികമാക്കിയിട്ടുണ്ട്. റേഷൻസാധനങ്ങൾ വിതരണം നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന വാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (ജി.പി.എസ്) ഏർപ്പെടുത്തു ന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റേഷൻ വിതരണത്തിലെ സുതാര്യത ഉറപ്പു വരുത്തുന്നതിനും റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയിലൂടെയുള്ള മറിച്ച് വിൽപ്പന ഒരു പരിധി വരെ തടയുവാനും ജി.പി.എസ്. സംവിധാനം നടപ്പിലാക്കുന്നതിലൂടെ സാധിക്കു മെന്ന് പ്രതീക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | വാഹനങ്ങളിൽ ജി.പി.എസ്. (ഗ്ലോബൽ പൊസിഷൻ സിസ്റ്റം) സംവിധാനമോ മറ്റു അനുയോജ്യമായ സംവിധാനങ്ങളോ ഉപയോഗിക്കാൻ ഉദ്ദേശമുണ്ട്. | |
| 13 | 13/10 | 54 | ബി.പി.എൽ./എ.പി.എൽ. കാർഡ് വിതരണത്തിലെ അപാകം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ?<br><br>ഉറപ്പ്-മറ്റൊരു പരിഗണനയുമില്ലാതെ, അശ്രയ പദ്ധതിയിൽ അംഗങ്ങളാ യിട്ടുള്ളവർ, മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചി ട്ടുള്ളവർ, വിധവകൾ, എയ്ഡ്സ്, കാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും പരസഹായ മില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്നുകി ടക്കുന്നവരും തുടങ്ങിയ ആളുകളെ ബി.പി.എൽ. ലിസ്റ്റിൽ പ്പെടുത്തും. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്ന ലിമിറ്റ് കേരളത്തിൽ ബാധകമാക്കില്ല. അർഹിക്കുന്ന എല്ലാവർക്കും ബി.പി.എൽ. കാർഡ് അനുവദിക്കും. | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ./എ.പി.എൽ. വിഭാഗത്തിനുപകരമായി മുൻഗണനാ (എ.എ.വൈ, മുൻഗണന)/മുൻഗണനേതര (സബ്സിഡി, നോൺ സബ്സിഡി) വിഭാഗങ്ങളാണ് നിലവിലുള്ളത്. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായിട്ടുള്ള മുൻഗണനാ കുടുംബങ്ങളുടെ എണ്ണം 15480040 ആണ്. ഇതിൽ എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിന് കേന്ദ്രസർക്കാർ മാനദണ്ഡങ്ങളും മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ മാനദണ്ഡങ്ങളും നിലവിലുണ്ട്. മുൻഗണനാ ഒഴിവുകളുടെ എണ്ണം പരിമിതമായതിനാൽ ഏറ്റവും അർഹരായവരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തു ന്നതിനായി, സംസ്ഥാനത്തിന്റെ സാമൂഹിക/ |

| | | | | |
|---|---|---|---|---|
| | | | | സാമ്പത്തിക പശ്ചാത്തലം കണക്കിലെടുത്ത് മാനദണ്ഡങ്ങൾ പരിഷ്കരിച്ചുനൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള വിവരങ്ങളുടെയും ഫീൽഡ് തല പരിശോധനയുടെയും അടിസ്ഥാനത്തിൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് പരിശോധനയിലൂടെ കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു.<br><br>അനർഹമായി മുൻഗണനാ റേഷൻകാർഡ് കൈവശം വച്ചിരിക്കുന്നവർക്കെതിരെ TPDS കൺട്രോൾ ഓർഡർ പ്രകാരം നടപടി സ്വീകരിച്ചുവരുന്നതിനു പുറമേ തുടർച്ചയായി മൂന്നു മാസം റേഷൻ വാങ്ങാത്ത എ.എ.വൈ/മുൻഗണനാ വിഭാഗത്തിൽപ്പെട്ടവരെ പട്ടികയിൽ നിന്നും ഒഴിവാക്കി പകരം അർഹരെന്നു കണ്ടെത്തിയവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ PDS കൺട്രോൾ ഓർഡർ 2015-ന്റെ ക്ലോസ് 13 പ്രകാരം പട്ടിക തുടർച്ചയായ പുനരവലോകനത്തിനു വിധേയമാണ്. |

| | | | | |
|---|---|---|---|---|
| 14 | 13/10 | 115 | നെല്ലിന്റെ സംഭരണ വില 2 രൂപ കൂട്ടി 20 രൂപയാക്കണം;<br><br>ഉറപ്പ് - നിർദ്ദേശം ആലോചിച്ച് എല്ലാ വശങ്ങളും പരിശോധിച്ച ശേഷം തീരുമാനമെടുക്കാം. | 2017-18 സീസണിൽ കിലോ ഗ്രാമിന് 23.30 രൂപ നിരക്കിലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. |
| 15 | 13/11 | 41 | (എ) പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടംവരെയായി; വ്യക്തമാക്കുമോ?<br><br>ഉറപ്പ് - ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 അടിസ്ഥാനമാക്കി പുതിയ കാർഡ് വിതരണം ചെയ്യുന്നതിനായി നിലവിലെ റേഷൻകാർഡ് പുതുക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണന യിലാണ്. | ദേശീയഭക്ഷ്യ ഭദ്രതാ നിയമം, 2013 അടിസ്ഥാന മാക്കിയുള്ള പുതുക്കിയ കാർഡുകളുടെ വിതരണം ഏകദേശം 98% പൂർത്തിയായിട്ടുണ്ട്. |
| 16 | 13/11 | 55 | സപ്ലൈക്കോയ്ക്ക് ആവശ്യമായ സാധനങ്ങൾ ചെറുകിട സംരഭകരിൽ നിന്നുകൂടി ശേഖരിക്കുവാൻ നടപടി സ്വീകിരിക്കുമോ ?<br><br>ഉറപ്പ്-അതിനുവേണ്ട പദ്ധതി ആവഷ്കരി ക്കുന്ന കാര്യം പരിശോധിക്കും. | ചെറുകിട സംരംഭകരുടെ ഉൽപ്പന്നങ്ങൾ ഡിപ്പോകൾ വഴി ഡിപ്പോമാനേജ്മെന്റ് കമ്മിറ്റി കൂടി ഉപഭോക്താക്കളുടെ ആവശ്യാനുസരണം വാങ്ങി സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി വിൽപ്പന നടത്തുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 17 | 13/11 | 87 | (എ) റേഷൻ മൊത്ത വ്യാപാര വിതരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?<br>ഉറപ്പ്-നിലവിൽ സംസ്ഥാനത്ത് 330 റേഷൻ മൊത്ത വ്യാപാര വിതരണ കേന്ദ്രങ്ങൾ ആണ് പ്രവർത്തിക്കുന്നത്. NFSA-2013 പ്രകാരം പുതിയ മൊത്ത വ്യാപാര കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പരിശോധിക്കുന്നു. | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സ്വകാര്യ മൊത്തവ്യാപാര വിതരണ കേന്ദ്രങ്ങളെ മുഴുവൻ ഒഴിവാക്കി റേഷൻസാധനങ്ങളുടെ വിട്ടെടുപ്പ്, സംഭരണം, വിതരണം മുതലായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി സപ്ലൈകോയെ ചുമതലപ്പെടുത്തി പ്രവർത്തനം തുടർന്നുവരുന്നു. നിലവിൽ എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുക്കുന്ന റേഷൻ സാധനങ്ങൾ സപ്ലൈകോ മുഖാന്തിരം എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ ശേഖരിച്ച് റേഷൻകടകളിൽ വാതിൽപ്പടി വിതരണം നടത്തി വരുന്നു. |
| 18 | 13/13 | 01 | നെൽകർഷകരിൽ നിന്നും നെല്ല് സംഭരിക്കുമ്പോൾ 20 രൂപ കർഷകന് കൊടുക്കാനുള്ള തീരുമാനം എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.<br>നെല്ല് സംഭരണത്തിൽ ഏർപ്പെടുത്തിയ സീലിംഗ് ലിമിറ്റ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | 2016-17 സീസണിൽ കി. ഗ്രാമിന് 22.50 രൂപയ്ക്കാണ് നെല്ല് സംഭരിച്ചത്. 2017-18 സീസണിൽ 23.30 രൂപ നൽകിയാണ് നെല്ല് സംഭരിച്ചു വരുന്നത്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഹെക്ടറിൽ നിന്ന് സംഭരിക്കാവുന്ന പരമാവധി നെല്ലിന്റെ അളവ് 5 മെട്രിക് ടൺ ആയി |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്-നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കും.<br>നെല്ല് സംഭരണത്തിൽ ഏർപ്പെടുത്തിയ സീലിംഗ് ലിമിറ്റ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുന്നതാണ് | നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കൂടുതൽ സംഭരിക്കുന്ന നെല്ലിന്റെ അളവ് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. |
| 19 | 13/13 | 22 | (എ) 2014-15ലെ ബജറ്റിൽ ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയുടെ കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന മരുന്ന് പരിശോധനാ യൂണിറ്റ് എവിടെയാണ് സ്ഥാപിച്ചതെന്നും ആയത് ഇപ്പോൾ പ്രവർത്തനസജ്ജമാണോയെന്നും അല്ലെങ്കിൽ പ്രസ്തുത പരിശോധനാ യൂണിറ്റ് 2015 മാർച്ച് 31-നകം പ്രവർത്തനക്ഷമമാകുമോയെന്നും വിശദമാക്കുമോ?<br>ഉറപ്പ് - 2014-15 ബഡ്ജറ്റിൽ അനുവദിച്ച 50 ലക്ഷം രൂപ ഉപയോഗിച്ച് പത്തനംതിട്ട ജില്ലയിലെ കോന്നിയിലെ സി.എഫ്. ആർ.ഡി. ക്യാമ്പസിൽ ഫുഡ് ക്വാളിറ്റി ലബോറട്ടറിയുടെ കീഴിലുള്ള മരുന്ന് | (എ) കോന്നിയിലെ സി.എഫ്.ആർ.ഡി. ക്യാമ്പസിൽ ഫുഡ് ക്വാളിറ്റി ലബോറട്ടറിയുടെ കീഴിലുള്ള മരുന്ന് പരിശോധനാ ലാബിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ഉപകരണങ്ങൾ വാങ്ങിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഉപകരണങ്ങൾ എല്ലാം വാങ്ങാത്തതിനാൽ മരുന്ന് പരിശോധനാ ലാബിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | പരിശോധനാ ലാബിന്റെ പണി നടന്നുവരുന്നു. കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി മരുന്നു പരിശോധനാ ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. | |
| 20 | 13/14 | 31 | (എ) ഹോട്ടലുകളിലെ ഭക്ഷണസാധന വില നിയന്ത്രിക്കാനുള്ള നിയമത്തിൽ ഭക്ഷണ വില നിയന്ത്രിക്കുവാനും ഹോട്ടലു കൾക്ക് ഗ്രേഡ് ഏർപ്പെടുത്തുവാനും എന്തെല്ലാം വ്യവസ്ഥകളാണ് ഉൾക്കൊള്ളി ക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;<br>(ബി) ഇത് സംബന്ധിച്ച് നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തി ലാണെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ്-ഹോട്ടലുകളിലെ ഭക്ഷണ സാധന ങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളു മായി ബന്ധപ്പെട്ട് പരിശോധനയിലാണ്. | ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നൽകിയ"-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ ക്രമീകരണം ) ബില്ല് "ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരിന്നു. ഹോട്ടലുകളെ ഗ്രേഡ് ചെയ്തു വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നില നിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10-8-2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. നിയമംമൂലമുള്ള ഭക്ഷണ വില ഏകീകരണത്തിനു സാധ്യത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബില്ലിന് പ്രസക്തി ഇല്ല. |

| | | | | |
|---|---|---|---|---|
| | | | സാധാരണക്കാർക്ക് പ്രാപ്തമായ വിലയിൽ ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി തികച്ചും ലളിതവും പ്രായോഗികവുമായ നിയമ നിർമ്മാണ ത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്ന തിനായി സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്. |
| 21 | 14/01 | 55 | (ഡി) സർക്കാർ മേഖലയിൽ അരിമില്ലുകൾ സ്ഥാപിക്കുമെന്ന മുൻസർക്കാരിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ:<br>(ഇ) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ്-2013-2014 ബജറ്റ് പ്രസംഗത്തിൽ, സംഭരിച്ച നെല്ല് അരിയായി വിപണനം ചെയ്യുന്നതിന് വയനാട്, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ സപ്ലൈകോ യുടെ ആഭിമുഖ്യത്തിൽ ഓരോ അരിമില്ലുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. | (ഡി) & (ഇ) വയനാട്, കുട്ടനാട്, പാലക്കാട് മേഖലകളിൽ അരിമില്ലുകൾ സ്ഥാപിക്കുവാനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |

## XIII. മത്സ്യബന്ധനതുറമുഖ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/04 | 06 | ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യതൊഴിലാളികളുടെ സുരക്ഷയ്ക്കായി ഫിഷറീസ്, കോസ്റ്റ്ഗാർഡ്, നേവി പോലീസ് എന്നീ വിഭാഗങ്ങളുമായി സഹകരിച്ച് കൊണ്ടുള്ള ഒരു സുരക്ഷാ പദ്ധതിക്ക് രൂപം നൽകുമോ ?<br><br>സി) ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളെ ആധുനിക ശാസ്ത്ര സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ തീരദേശപോലീസ് സ്റ്റേഷനകളുമായി ബന്ധിപ്പിച്ചുകൊണ്ട് അപകടം നേരിടുന്ന അവസരങ്ങളിൽ അടിയന്തിര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ്:- ബി) ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് തുടങ്ങിയ സുരക്ഷാ ഏജൻസികളെയും സംസ്ഥാനത്തെ | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും രക്ഷാപ്രവർത്തനം നടത്തി വരുന്നതുകൂടാതെ ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവരുടെ സേവനവും ആവശ്യാനുസരണം ലഭിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നുണ്ട്.<br><br>കേരളത്തിൽ നിന്നും മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യബന്ധന ബോട്ടുകൾക്ക് ഒരു ഏകീകൃത കളർ കോഡിംഗ് സമ്പ്രദായവും, യന്ത്രവൽകൃത ബോട്ടുകളിൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റവും ഹോളോഗ്രാഫിക് നമ്പർ പ്ലേറ്റ് ഘടിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. |

| | | | | |
|---|---|---|---|---|
| | | | ബന്ധപ്പെട്ട വകുപ്പുകളെയും ഉൾപ്പെടുത്തി ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യതൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച് ഒരു ഉന്നതതലയോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5-3-2012-ൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി യോഗത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.<br>സി) വിവിധ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. | |
| 2 | 13/05 | 162 | (ഡി) മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെയും യാനങ്ങളെയും രക്ഷപ്പെടുത്തുന്നതിന് മറൈൻ എൻഫോഴ്സ്മെൻറ് വിഭാഗത്തിന് അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:- (ഡി) ആധുനിക സജ്ജീകരണങ്ങളോടെയുള്ള സ്പീഡ് ബോട്ടുകൾ എൻഫോഴ്സ്മെൻറിന് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ് | മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും കടൽ രക്ഷാപ്രവർത്തനങ്ങൾക്കുമായി സ്പീഡ് ബോട്ടുകൾക്ക് പകരം പ്രഥമ ശുശ്രൂഷ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ആയത് രൂപകല്പന ചെയ്യുന്നതിന് പോർട്ട് ഡയറക്ടർ ചെയർമാനായ ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ടി കമ്മിറ്റി ഡിസൈനും സ്പെസിഫിക്കേഷനും തയ്യാറാക്കി നൽകുന്നതിന് കൊച്ചിൻ ഷിപ്പ്യാർഡിനെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം ലഭിച്ച ഡിസൈനും |

| | | | | |
|---|---|---|---|---|
| | | | | സ്പെസിഫിക്കേഷനും ടി കമ്മിറ്റി അംഗീകരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ 2 കോടി രൂപ നിരക്കിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനായി 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറൈൻ ആംബുലൻസ് പദ്ധതിയ്ക്ക് 1000 രൂപയുടെ ടോക്കൺ പ്രൊവിഷൻ ലഭിച്ച സാഹചര്യത്തിൽ തുക അനുവദിക്കുന്നതിനായും, Component-wise details ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. 2017-18 ലെ ബഡ്ജറ്റിൽ 2 കോടി രൂപ ഒരു മറൈൻ ആംബുലൻസ് വാങ്ങുന്നതിന് വകയിരുത്തിയിട്ടുമുണ്ട്. |
| 3 | 13/06 | 29 | ഇ) കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണക്കു പുറമേ സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- ഇ) പരിശോധിക്കുന്നതാണ്. | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് 13 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുവാൻ ഭരണാനുമതി നൽകുകയുണ്ടായി. മത്സ്യഫെഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം 2015-16 |

| | | | | |
|---|---|---|---|---|
| | | | | സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 10 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 13.5 കോടി രൂപയും പദ്ധതിയ്ക്കായി മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| 4 | 13/07 | 33 | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ മണ്ണിടിഞ്ഞത് നീക്കം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്?<br><br>അമ്പലപ്പുഴ എം.എൽ.എ.-യുടെ അഭ്യർത്ഥന പ്രകാരം ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ നടപ്പാക്കിയാട്ടുണ്ടോ? എങ്കിൽ വിശദമാക്കുമോ?<br><br>ഉറപ്പ്:- എ. 185 ലക്ഷം രൂപയുടെ പുതിയ പ്രൊപ്പോസൽ സർക്കാരിൻറെ പരിഗണനയിലാണ്.<br><br>സി. നടപ്പാക്കിയാട്ടുണ്ട്. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണ ത്തിനും ഭാവിയിൽ മണ്ണിടിയുന്നത് തടയുന്നതിനും ശാശ്വത പരിഹാരം കാണുന്നതിനായി മോഡൽ സ്റ്റഡി നടത്തുന്നതാണ്. | റേഷൻ കടകൾ വഴി പലവ്യഞ്ജനങ്ങൾ ലഭ്യമാക്കുന്ന വിഷയം കേന്ദ്ര ഭക്ഷ്യ വകുപ്പ് മന്ത്രി 13-2-2013-ൽ വിളിച്ചുചേർത്ത സംസ്ഥാന ഭക്ഷ്യ വകുപ്പ് മന്ത്രിമാരുടെ യോഗത്തിന്റെ സജീവ പരിഗണനയിൽ വന്നുവെങ്കിലും ആയത് സംബന്ധിച്ച് തുടർ നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ലഭിക്കാത്ത തിനാൽ നടപ്പാക്കാനായിരുന്നില്ല. പലവ്യഞ്ജന ങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ആദ്യത്തെ സംരംഭം കണ്ണൂരിൽ വിജയകരമായി തുടങ്ങിയിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ അദ്ധ്യക്ഷനായി റേഷൻ വ്യാപാരി പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയോഗിക്കുകയും അതിൻ പ്രകാരം നടപടി സ്വീകരിച്ചുവരികയുമാണ്. പലവ്യഞ്ജനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെടെയുള്ള 13 അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ട്. എങ്കിലും റേഷൻ കടകളുടെ വൈവിധ്യവത്ക്കരണം സംബന്ധിച്ച കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണന യിലാണ്. ഇതിന്റെ ഭാഗമായി ബാങ്കിംഗ് സേവനങ്ങൾ റേഷൻ കടകളിലെ ഇ-പോസ് മെഷീൻ വഴി ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. |
| 5 | 13/08 | 36 | ബി. മത്സ്യമേഖലയിൽ ചെലവു കുറഞ്ഞ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?<br><br>ഉറപ്പ്:- ബി. ചെലവുകുറഞ്ഞ ഇന്ധനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തിന്റെ ഭാഗമായി മത്സ്യഫെഡ് വഴി ഡീസൽ എഞ്ചിനുകളുടെ പ്രചാരണവും വിപണനവും പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഡീസൽ ഉപയോഗിച്ചുള്ള എഞ്ചിനുകൾക്ക് 50% സബ്സിഡി നല്കി വിതരണം | കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴി ലാളികൾ പ്രധാനമായും മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന 2 സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനുകളാണ് ഉപയോഗിച്ചുവരുന്നത്. എന്നാൽ മണ്ണെണ്ണയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാ ളികളുടെ മത്സ്യബന്ധന ചെലവ് കുറയ്ക്കുന്ന തിന്റെയും ഭാഗമായി മത്സ്യഫെഡും, അഹമ്മദാബാദിലെ നാഷണൽ ഇന്നോവേഷൻ ഫൗണ്ടേഷനും മറ്റുമായി ചേർന്ന് പുതുതായി വികസിപ്പിച്ചെടുത്ത ചെറിയ ഇൻബോർഡ് എഞ്ചിനുകൾ "Z" Drive എന്നിവ വളരെ കുറഞ്ഞ ചെലവിൽ മത്സ്യബന്ധനത്തിന് |

| | | | | |
|---|---|---|---|---|
| | | | ചെയ്യാനുള്ള നിർദേശം പരിഗണന യിലാണ്. | ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് പകരം ഉപയോഗിക്കാവുന്ന തരത്തിലുള്ളതാണ്. 9.9 എച്ച്.പി. ഔട്ട്ബോർഡ് എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിന് മണിക്കൂറിൽ ഏകദേശം 7 - ലിറ്റർ മണ്ണെണ്ണയും, 210 മില്ലി ലിറ്റർ 2-റ്റി ഓയിലും വേണ്ടി വരുമ്പോൾ ചെറിയ ഡീസൽ എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിന് 2.5 ലിറ്ററിൽ താഴെ ഡീസൽ മാത്രമേ വേണ്ടി വരുന്നുള്ളൂ. കൂടാതെ ഔട്ട് ബോർഡ് എഞ്ചിനുകൾ കുറഞ്ഞകാലം മാത്രം നിലനിൽക്കുമ്പോൾ ഡീസൽ എഞ്ചിനുകൾ കൂടുതൽ കാലം നിലനിൽക്കുന്നതായാണ് കാണുന്നത്. ആയതിനാൽ ഈ എഞ്ചിനുകൾ ഉപയോഗിക്കുന്നത്, മത്സ്യബന്ധന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും, അതുവഴി മത്സ്യത്തൊഴിലാളികളുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും സഹായകരമായിരിക്കും.<br><br>ഡീസൽ എഞ്ചിനുകളുടെ പ്രചരണത്തിനായി മത്സ്യഫെഡ് വഴി പദ്ധതി നടപ്പിലാക്കുന്നതിന് 27-8-2013-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഒരു ഡീസൽ എഞ്ചിന് (9.9 എച്ച്.പി. "Z" Drive അടക്കം) |

| | | | | |
|---|---|---|---|---|
| | | | | പരമാവധി ഒരു ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. പദ്ധതി നടത്തിപ്പിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും അനുബന്ധ ഉപകരണമായ "Z" Drive ഘടിപ്പിച്ച് പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ പരിഷ്കരണം ആവശ്യമായി വന്നതിനാൽ പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിടേണ്ടിവന്നിട്ടുണ്ട്.<br><br>ഇതിനകം കോഴിക്കോട്, മലപ്പുറം, എറണാകുളം, ആലപ്പുഴ ജില്ലകളിലായി നാല് യാൻമാർ ഡീസൽ എഞ്ചിനുകൾ മത്സ്യ ത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അവ വിജയകരമായി പ്രവർത്തിക്കുന്നുണ്ടോ യെന്ന് പരിശോധിച്ചുവരികയാണ്. ഈയിന ത്തിൽ യൂണിറ്റൊന്നിന് അനുവദനീയ മായ സബ്സിഡി തുകയായ ഒരു ലക്ഷം രൂപ വീതം 4 ലക്ഷം രൂപ ബന്ധപ്പെട്ട മത്സ്യ ത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകി യിട്ടുണ്ട്. ഡിസൽ എഞ്ചിനുകളുടെ വിൽപ്പന മെച്ചപ്പെടുത്തുന്നതിനുള്ള നടപടി പരിശോധി ക്കുന്നുണ്ട്. എന്നാൽ ഡീസൽ എഞ്ചിനുകളുടെ സ്പീഡിന്റെ കാര്യത്തിൽ പരാതികൾ ഉണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ഇതു കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| 6 | 13/08 | 59 | (ഡി)മത്സ്യതൊഴിലാളികൾക്കുണ്ടാകുന്ന വസ്തു-തൊഴിൽ നഷ്ടങ്ങൾ പരിഗണിച്ച് ജീവനോപാധിയായ വസ്തുനഷ്ടം വഴി വന്നുചേരുന്ന തൊഴിൽ നഷ്ടവുംകൂടി കണക്കിലെടുത്ത് മതിയായ നഷ്ട പരിഹാരം നൽകാൻ നടപടികൾ ഉണ്ടാവുമോ?<br><br>ഉറപ്പ്:- (ഡി)ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലാത്ത പ്റശ്നങ്ങളിൽ ഓരോ കേസും പ്രത്യേകമായി പരിഗണിച്ച് നഷ്ട പരിഹാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. | കടൽക്ഷോഭത്തിൽ വള്ളവും വലയും ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഫിഷറീസ് വകുപ്പിൽ പദ്ധതികൾ ഒന്നും തന്നെ നിലവിൽ ഇല്ല. 5-8-2016-ലെ സർക്കാർ ഉത്തരവ് (കൈ.) നം. 441/2016/റവ. പ്രകാരം ശക്തമായ കടൽക്ഷോഭത്തെ തുടർന്ന് കേരളത്തിന്റെ കടലോരപ്രദേശങ്ങളിൽ വള്ളം, വല തുടങ്ങിയ മത്സ്യബന്ധന ഉപാധികൾ നഷ്ടപ്പെട്ട മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന സംഘങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സംഘം ഒന്നിന് ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2017-18 വർഷത്തെ ബഡ്ജറ്റിൽ സമഗ്ര ഇൻഷ്വറൻസ് കവറേജ് കടലിൽ അപകടത്തിൽപ്പെടുന്ന എല്ലാ |

| | | | | |
|---|---|---|---|---|
| | | | | മത്സ്യബന്ധനോപാധികൾക്കും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.<br>സാധാരണയായി മത്സ്യബന്ധന ഉപകരണ ങ്ങൾക്ക് നാശനഷ്ടം സംഭവിക്കുന്ന മത്സ്യ ത്തൊഴിലാളികൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന SDRF/NDRF എന്നിവയിൽ നിന്നാണ് നഷ്ടപരിഹാരം നൽകിവരുന്നത്.<br>23-7-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 343/2015/DMD നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7(1) പ്രകാരം ഭാഗീകമായി കേടുപാടുകൾ സംഭവിച്ച ബോട്ടും വലയും റിപ്പയർ ചെയ്യുന്നതിന് യഥാക്രമം 4,100 രൂപയും 2,100 രൂപയും പൂർണ്ണമായും കേടുപാട് സംഭവിച്ചതോ നഷ്ടപ്പെട്ടതോ ആയ ബോട്ടു വലയും പുനസ്ഥാപിക്കുന്നതിന് യഥാക്രമം 9,600 രൂപയും 2,600 രൂപയും നൽകിവരുന്നു. |
| 7 | 13/09 | 47 | (എ) മത്സ്യത്തൊഴിലാളികൾക്ക് ഡീസൽ എഞ്ചിനുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ? | കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കൾ പ്രധാനമായും മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനായി ഉപയോഗിക്കുന്ന 2-സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനുകളാണ് ഉപയോഗിച്ച |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:- (എ) പരിഗണനയിലാണ്. | വരുന്നത്. എന്നാൽ മണ്ണെണ്ണയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ചെലവ് കുറയ്ക്കുന്നതിന്റെയും ഭാഗമായി മത്സ്യഫെഡും, അഹമ്മദാബാദിലെ നാഷണൽ ഇന്നോവേഷൻ ഫൗണ്ടേഷനുമായി ചേർന്ന് പുതുതായി വികസിപ്പിച്ചെടുത്ത ചെറിയ ഇൻബോർഡ് എഞ്ചിനുകൾ "Z" Drive എന്നിവ വളരെ കുറഞ്ഞ ചെലവിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് പകരം ഉപയോഗിക്കാവുന്ന തരത്തിലുള്ളതാണ്. 9.9 എച്ച്.പി. ഔട്ട്ബോർഡ് എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിന് മണിക്കൂറിൽ ഏകദേശം 7 ലിറ്റർ മണ്ണെണ്ണയും, 210 മില്ലി ലിറ്റർ 2-റ്റി ഓയിലും വേണ്ടിവരുമ്പോൾ ചെറിയ ഡീസൽ എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിന് 2.5 ലിറ്ററിൽ താഴെ ഡീസൽ മാത്രമേ വേണ്ടി വരുന്നുള്ളൂ. കൂടാതെ ഔട്ട്ബോർഡ് എഞ്ചിനുകൾ കുറഞ്ഞകാലം മാത്രം നിലനിൽക്കുമ്പോൾ ഡീസൽ എഞ്ചിനുകൾ കൂടുതൽ കാലം നിലനിൽക്കുന്നതായാണ് |

| | | | | |
|---|---|---|---|---|
| | | | | കാണുന്നത്. ആയതിനാൽ ഈ എഞ്ചിനുകൾ ഉപയോഗിക്കുന്നത്, മത്സ്യബന്ധന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും, അതുവഴി മത്സ്യത്തൊഴിലാളികളുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും സഹായകരമായിരിക്കും.<br><br>ഡീസൽ എഞ്ചിനുകളുടെ പ്രചരണത്തിനായി മത്സ്യഫെഡ് പദ്ധതി നടപ്പിലാക്കുന്നതിന് 27-8-2013-ൽ ഭരണാനുമതി നൽകുകയുണ്ടായി. ഇതു പ്രകാരം ഒരു ഡീസൽ എഞ്ചിന് (9.9 എച്ച്.പി. "Z"Drive അടക്കം) പരമാവധി ഒരു ലക്ഷം രൂപ വരെ സബ്സിഡി നൽകാനാകും. പദ്ധതി നടത്തിപ്പിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും അനുബന്ധ ഉപകരണമായ "Z"Drive ഘടിപ്പിച്ച് പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ പരിഷ്കരണം ആവശ്യമായി വന്നതിനാൽ പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിടേണ്ടിവന്നിട്ടുണ്ട്.<br><br>ഇതിനകം കോഴിക്കോട്, മലപ്പുറം, എറണാകുളം, ആലപ്പുഴ ജില്ലകളിലായി നാല് യാൻമാർ ഡീസൽ എഞ്ചിനുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അവ വിജയകരമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് |

| | | | | |
|---|---|---|---|---|
| | | | | പരിശോധിച്ചു വരികയാണ്. ഈയിനത്തിൽ യൂണിറ്റൊന്നിന് അനുവദനീയമായ സബ്സിഡി തുകയായ ഒരു ലക്ഷം രൂപ വീതം 4 ലക്ഷം രൂപ ബന്ധപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഡിസൽ എഞ്ചിനുകളുടെ വിൽപ്പന മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയും പരിശോധിക്കുന്നുണ്ട്. എന്നാൽ ഡീസൽ എൻജിനുകളുടെ സ്പീഡിന്റെ കാര്യത്തിൽ പരാതികൾ ഉണ്ട്. ഇതുകൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| 8 | 13/09 | 107 | (ബി) ആംബുലൻസ് സൗകര്യമടക്കമുള്ള പ്രഥമ ശുശ്രൂഷാ സംവിധാനങ്ങൾ പ്രസ്തുത ബോട്ടുകളിൽ ലഭ്യമാക്കുമോ?<br><br>ഉറപ്പ്:- (ബി) പ്രസ്തുത ബോട്ടുകളിൽ ആംബുലൻസ് സൗകര്യമടക്കമുള്ള പ്രഥമ ശുശ്രൂഷാ സംവിധാനം ഇപ്പോൾ നിലവിലില്ല. എന്നാൽ 2013 ബഡ്ജറ്റ് പ്രസംഗത്തിൽ കടൽ രക്ഷാപ്രവർത്തനത്തിനായി മറൈൻ ആംബുലൻസ് സംവിധാനം നടപ്പിലാക്കുന്നതാണെന്ന നിർദ്ദേശം ഉൾക്കൊള്ളിച്ചിരുന്നു. | മറൈൻ ആംബുലൻസിന്റെ രൂപകല്പന ചെയ്യുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി ഡിസൈനും സ്പെസിഫിക്കേഷനും തയ്യാറാക്കി നൽകുന്നതിന് കൊച്ചിൻ ഷിപ്പ്യാർഡിനെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം ലഭിച്ച ഡിസൈനും സ്പെസിഫിക്കേഷനും ടി കമ്മിറ്റി അംഗീകരിക്കുകയും തുടർന്ന് 2 കോടി രൂപ നിരക്കിൽ മൂന്ന് ആംബുലൻസ് വാങ്ങുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. മറൈൻ ആംബുലൻസ് പദ്ധതിയ്ക്ക് 1,000 രൂപയുടെ ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | അതനുസരിച്ച് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ തുടർന്നു വരികയാണ്. | ടി പദ്ധതിയുടെ ടെണ്ടർ ഡോക്കുമെന്റിന് അന്തിമ രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയ്ക്കായി ടോക്കൺ പ്രൊവിഷൻ ലഭിച്ച സാഹചര്യത്തിൽ തുക അനുവദിക്കുന്നതിനായും, Component-wise details ഉൾപ്പെടുത്തി അനുമതി നൽകുന്നതിന് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 2017-18-ലെ ബഡ്ജറ്റിൽ 2 കോടി രൂപ ഒരു മറൈൻ ആംബുലൻസ് വാങ്ങുന്നതിന് വകയിരുത്തിയിട്ടുമുണ്ട്. |
| 9 | 13/10 | 13 | ബി) കൊല്ലം മുദാക്കരയിൽനിന്നും പുനരധിവസിക്കപ്പെട്ട 65 മത്സ്യ ത്തൊഴിലാളികൾ അധിവസിക്കുന്ന ഉണ്ണിയേശു കോളനിയിൽ മത്സ്യബന്ധന മേഖലയിൽ ലഭ്യമാകുന്ന യാതൊരു ആനുകൂല്യങ്ങളും ലഭിക്കാത്തത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ്:-ബി) നടപടികൾ സ്വീകരിച്ചു വരുന്നു. | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള ഫിഷർമെൻ കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം മുതാക്കര ഉണ്ണിയേശു കോളനിയിൽ ഭവന നിർമ്മാണം, ഭവന നവീകരണ പദ്ധതികൾ നടപ്പിലാക്കി. ഭവന നിർമ്മാണത്തിനായി അപേക്ഷിച്ച 7 അപേക്ഷകർക്ക് 2 ലക്ഷം രൂപ വീതവും ഭവന പുനരുദ്ധാരണത്തിനായി അപേക്ഷിച്ച 11 പേർക്ക് 50,000 രൂപ വീതവും ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>ഫിഷറീസ് വകുപ്പിന്റെ മറ്റ് ധനസഹായ പദ്ധതികൾ പ്രകാരം 2014-15, 2015-16 |

| | | | | |
|---|---|---|---|---|
| | | | | വർഷങ്ങളിൽ ഭവന പുനരുദ്ധാരണത്തിന് ഒരാൾക്ക് 50,000 രൂപയും ടോയ്‌ലറ്റ് നിർമ്മാണത്തിന് 4 പേർക്ക് 17,500 രൂപ വീതവും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| 10 | 13/10 | 99 | ഡി) മത്സ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും പരമാവധി ഉറപ്പ് വരുത്തു ന്നതിന് കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ്:- ഡി) പദ്ധതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള മത്സ്യലഭ്യതയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 18/09/2012-ൽ 100 കോടി രൂപയുടെ കോൾഡ് ചെയിൻ പദ്ധതി NFDB-യുടെ അംഗീകാരത്തിനായി സമർപ്പി ച്ചിരുന്നു. പദ്ധതി പ്രകാരം സംസ്ഥാനമൊട്ടാകെ 24 ഐസ് പ്ലാന്റുകൾ, 24 കോൾഡ് സ്റ്റോറേജുകൾ, ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റ് എന്നിവിടങ്ങളിൽ ചിൽഡ് സ്റ്റോറേജുകൾ എന്നിവ നിർമ്മിക്കു ന്നതിനും 4000 ഇൻസുലേറ്റഡ് ബോക്സുകൾ, 40 ഇൻസുലേറ്റഡ് ട്രക്ക്, 100 ഓട്ടോറിക്ഷകൾ, 200 ഇരുചക്ര വാഹനങ്ങൾ എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും ഉദ്ദേശിച്ചിരുന്നു. എന്നാൽ പദ്ധതിയ്ക്ക് NFDB യുടെ അംഗീകാരം ലഭിച്ചില്ല. ഇതേ പദ്ധതി |

| | | | | |
|---|---|---|---|---|
| | | | | 2016-ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീണ്ടും NFDB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കാവുന്നതാണ്. |
| 11 | 13/10 | 108 | (സി) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യങ്ങൾ വാങ്ങുന്നതിൽ നിന്ന് ജനങ്ങളെ നിരുത്സാഹപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?<br><br>ഉറപ്പ്:- (സി)സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷാ വകുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളെ ഇക്കാര്യത്തിൽ ബോധവൽകരണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. | അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് എത്തുന്ന മത്സ്യങ്ങൾ ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധനകൾക്ക് വിധേയമാകുന്നുണ്ട്. ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കലർന്ന മത്സ്യം വിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടാൽ ഉടൻതന്നെ സർക്കാർ ഫലപ്രദമായി ഇടപെടുകയും ഭക്ഷ്യസുരക്ഷ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മാർക്കറ്റുകളിൽ ലഭിക്കുന്ന മത്സ്യങ്ങളിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിന് മത്സ്യവകുപ്പ് ആവശ്യപ്പെട്ടതിനുസരിച്ച് കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ചെടുത്ത ലളിതമായ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ടെസ്റ്റ് പേപ്പർ സ്ട്രിപ്പുകൾ വിപണിയിൽ ലഭ്യമാണ്. ഈ സാങ്കേതികവിദ്യ |

| | | | | |
|---|---|---|---|---|
| | | | | ഉപയോഗിച്ച് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ട് 2006 പ്രകാരമാണ് മത്സ്യത്തിൽ രാസവസ്തു ചേർത്തുള്ള വിൽപന നടത്തുന്നതിനെതിരെ നിലവിൽ നടപടി കൈക്കൊണ്ടു വരുന്നത്. ഇത്തരം പ്രവണത നിയന്ത്രിക്കുന്നതിന് ഇത് പര്യാപ്തവുമാണ്. കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിനുദ്ദേശിച്ച് മത്സ്യവിപണനം, മത്സ്യലേലം, ഗുണനിലവാര നിയന്ത്രണവും മാനേജ്മെന്റും ബിൽ തയ്യാറാക്കി നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.<br><br>അന്നന്ന് ഉള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി മത്സ്യഫെഡ് ആരംഭിച്ച അന്തിപ്പച്ച മൊബൈൽ യൂണിറ്റ് നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യ മാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ മത്സ്യമൊത്ത വ്യപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് |

| | | | | |
|---|---|---|---|---|
| | | | | മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യ വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്ത വ്യാപാരികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. |
| 12 | 13/11 | 51 | (ബി) എല്ലാ തീരദേശ ജില്ലകളിലും ഓരോ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിച്ച് കടൽ രക്ഷാ പ്രവർത്തനം, കടൽ പട്രോളിംഗ് എന്നിവ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ്:-(ബി) പരിശോധിക്കാവുന്നതാണ്. | നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി (RIDF XIX)യിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ഫിഷറീസ് സ്റ്റേഷനുകളുടെ നിർമ്മാണം ഫിഷറീസ് വകുപ്പിനു കീഴിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പുരോഗമിച്ചുവരുന്നു. ഇതിൽ കാസർഗോഡ് ഫിഷറീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ആലപ്പുഴ, തൃശ്ശൂർ (അഴീക്കോട്), മലപ്പുറം (പൊന്നാനി) ഫിഷറീസ് സ്റ്റേഷനുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 13 | 13/12 | 01 | (ഡി) മത്സ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും പരമാവധി ഉറപ്പു വരുത്തുന്നതിന് കോൾഡ് ചെയിൻ | മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള മത്സ്യലഭ്യതയും ഉറപ്പുവരുത്തുക എന്ന |

| | | | | |
|---|---|---|---|---|
| | | | പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ്:- (ഡി) സ്വീകരിക്കുന്നതാണ്. | ലക്ഷ്യത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 18/09/2012-ൽ 100 കോടി രൂപയുടെ കോൾഡ് ചെയിൻ പദ്ധതി NFDB-യുടെ അംഗീകാരത്തിനായി സമർപ്പി ച്ചിരുന്നു. പദ്ധതി പ്രകാരം സംസ്ഥാന മൊട്ടാകെ 24 ഐസ് പ്ലാന്റുകൾ, 24 കോൾഡ് സ്റ്റോറേജുകൾ, ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റ് എന്നിവിടങ്ങളിൽ ചിൽഡ് സ്റ്റോറേജുകൾ നിർമ്മിക്കുന്നതിനും 4000 ഇൻസുലേറ്റഡ് ബോക്സുകൾ, 40 ഇൻസുലേറ്റഡ് ട്രക്ക്, 100 ഓട്ടോറിക്ഷകൾ, 200 ഇരുചക്ര വാഹനങ്ങൾ എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും ഉദ്ദേശിച്ചിരുന്നു. എന്നാൽ പദ്ധതിയ്ക്ക് NFDB യുടെ അംഗീകാരം ലഭിച്ചില്ല. ഇതേ പദ്ധതി 2016-ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീണ്ടും NFDB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്. |
| 14 | 13/13 | 04 | (എ) സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിച്ച നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടു ക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് |

| | | | | |
|---|---|---|---|---|
| | | | എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br>(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ച് നിർദ്ധരരായ എല്ലാ മത്സ്യ ത്തൊഴിലാളികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:- (എ) പരിഗണനയിലുണ്ട്.<br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബ ങ്ങൾക്ക് ഭവന പദ്ധതി" പ്രകാരം ഭൂരഹിതരും ഭവനരഹിതരുമായി 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിനായി 48.75 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായി വലിയതുറ മത്സ്യഗ്രാമ ത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ | നിർമ്മിച്ചുനൽകുന്ന ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനപദ്ധതിയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ 48.75 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടു ത്തിയിരുന്നു. ഈ പദ്ധതിയിലുൾപ്പെടുത്തി വലിയതുറ മത്സ്യഗ്രാമത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ വിട്ടു നൽകിയ 42.45 സെന്റ് സ്ഥലത്ത് 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസി പ്പിക്കുന്നതിനുള്ള ഫ്ലാറ്റിന്റെ നിർമ്മാണം ആരംഭിക്കുകയും 8 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ 4.70 കോടി രൂപ അടങ്കൽ തുകയിൽ അടിമലത്തുറ മത്സ്യഗ്രാമത്തിൽ 100 മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതിയ്ക്ക് 2013-14 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണത്തിന് കണ്ടെത്തിയ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കോട്ടുകാൽ വില്ലേജിൽ അറബിക്കടലിനോട് ചേർന്ന് |

| | | | | |
|---|---|---|---|---|
| | | | അനുവദിച്ച 42.45 സെന്റ് ഭൂമിയിൽ 32 ഫ്ലാറ്റുകൾ തികച്ചും സൗജന്യമായി നിർമ്മിച്ച് നൽകുന്നു. ഫ്ലാറ്റ് നിർമ്മാണം ഇതിനോടകം ആരംഭിച്ച് കഴിഞ്ഞു. മറ്റു സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്ന തിനായി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br>(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. | കിടക്കുന്ന 57.06 ആർ (141 സെന്റ്) സ്ഥലം സംസ്ഥാന സർവ്വേ അതിർത്തിക്ക് പുറത്തുള്ള സർവ്വെ ചെയ്യാത്ത ഭൂമിയായതിനാൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും പെർമിസീവ് സാങ്ഷൻ ഇതുവരെ ലഭിച്ചിട്ടില്ല. ഇക്കാരണത്താൽ രണ്ട് വർഷമായിട്ടും പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 2014 ഡി.എസ്.ആർ. പ്രകാരം 54 ഫ്ലാറ്റുകൾ മാത്രമേ 4.70 കോടി രൂപയ്ക്ക് നിർമ്മിക്കാൻ കഴിയുകയുള്ളൂ.<br>തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 1.41 ഹെക്ടർ (3.5 ഏക്കർ) സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്നതിന്റെ നടപടികൾ പുരോഗമിക്കുന്നു.<br>കണ്ണൂർ അഴിക്കരയിൽ 27 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചു . |
| 15 | 14/01 | 16 | (ബി) സമുദ്ര മത്സ്യവിഭവ സംരക്ഷണ ത്തിൽ നിലവിലുള്ള വെല്ലുവിളികളെ നേരിടുന്നതിനും മത്സ്യസമ്പത്തിന്റെ | കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്റ്റിൽ കാലോചിതമായ മാറ്റം വരുത്തുന്നതിലേക്കായി ഫിഷറീസ് അഡീഷണൽ ഡയറക്ടർ |

| | | | | |
|---|---|---|---|---|
| | | | സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി 1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ കാലോചിതമായ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;<br><br>(സി) വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ സംരംക്ഷണത്തിനായി സംയോജിത പദ്ധതികൾ നടപ്പിലാക്കുമോ; വിശദമാക്കുമോ?<br><br>ഉറപ്പ്:- (ബി) ഉണ്ട്. കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ കാലോചിതമായ ഭേദഗതി വരുത്തുന്നതിലേക്കായി ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായും സെന്റർ ഫോർ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) & amp;amp; സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പിലെ ഉയർന്ന സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി | ചെയർമാനായും സെന്റർ ഫോർ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI)& സെന്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക് നോളജി (CIFT) എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പിലെ ഉയർന്ന സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുകയും, ടി കമ്മിറ്റികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ആക്ട് നിലവിൽ വരികയും ചെയ്തിട്ടുണ്ട്. 2018 സെപ്റ്റംബറിൽ KMFR ചട്ടം ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും ചെറു മീനുകളെ പിടിക്കുന്നത് തടയുന്നതിനും എഞ്ചിൻ കുതിരശക്തി നിയന്ത്രിക്കുന്നതിനും മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ കൊണ്ടുപോകുന്നതിനും, ട്രോൾ നെറ്റ് Cod end-ൽ Square mesh ആക്കുന്നതിനും Holographic Registration Plate, AIS/VMS എന്നിവ കർശനമാക്കുന്നതിനും ബോട്ട് നിർമ്മാണ ശാലകളുടെയും വല |

| | | | | |
|---|---|---|---|---|
| | | | രൂപീകരിക്കുന്നതാണ്. നിർദ്ദിഷ്ട സമിതി തയ്യാറാക്കുന്ന ശുപാർശകൾ സർക്കാർ പരിശോധിച്ച് നിയമഭേദഗതി നടപടികൾ സ്വീകരിക്കുന്നതായിരിക്കും.<br>(സി) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതും ലക്ഷ്യമിട്ട് കൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. മുൻകാലങ്ങളിൽ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതും ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പദ്ധതികൾ പ്രകാരം കോട്ടയം ജില്ലയിലെ കുമരകം, ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, കൊല്ലം ജില്ലയിലെ ചേലൂർ കായൽ, പത്തനംതിട്ട ജില്ലയിലെ പമ്പാനദി, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കൊളച്ചേരി എന്നിവിടങ്ങളിലായി 7 മത്സ്യസങ്കേതങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. | നിർമ്മാണശാലകളുടെയും രജിസ് ട്രേഷൻ, മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള ത്രിതല മാനേജ്മെന്റ് കൗൺസിലുകൾ എന്നിവ രൂപീകരിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കെ.എം.എഫ്.ആർ. ചട്ടങ്ങൾ ഭേദഗതി ചെയ്തത്. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതും ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ടി പദ്ധതികൾ പ്രകാരം കോട്ടയം ജില്ലയിലെ കുമരകം, ആലപ്പുഴ ജില്ലയിലെ നിലംപേരൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, കൊല്ലം ജില്ലയിലെ ചേലൂർ കായൽ, പത്തനംതിട്ട ജില്ലയിലെ പമ്പാ നദി, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കൊലച്ചേരി എന്നിവിടങ്ങളിലായി 7 ഉൾനാടൻ മത്സ്യസങ്കേതങ്ങൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 16 | 14/01 | 27 | അരൂർ മണ്ഡലത്തിലെ കായൽ പ്രദേശങ്ങളിലും വേമ്പനാട്ട് കായലിൽ മിക്കവാറുമുള്ള എല്ലാ പ്രദേശത്തും പോളപ്പായൽ ശല്യം വർദ്ധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ സാധിക്കുന്നില്ല. കായലോരത്തുള്ള മത്സ്യത്തൊഴിലാളികൾ കൊടുംപട്ടിണിയിലേക്ക് മാറിയിരിക്കുകയാണ്. ആയതിനാൽ അവരുടെ കടബാധ്യതകൾക്കടക്കം മൊറട്ടോറിയം കൊടുക്കാനും അവർക്ക് ആശ്യമായ സൗജന്യ റേഷനും മറ്റു കാര്യങ്ങളുമെല്ലാം കൊടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ? അതോടൊപ്പം പോളപ്പായൽ വാരി എടുക്കുന്നതിനുള്ള അടിയന്തര നടപടിയും, ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക വകയിരുത്താനുള്ള നടപടിയും സ്വീകരിക്കുമോ?<br><br>ഉറപ്പ്:- പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഇറിഗേഷൻ, റവന്യൂ, | കുട്ടനാടൻ ജലാശയങ്ങളിൽ തീരാശാപമായി മാറിയിട്ടുള്ള പോളപ്പായൽ നിയന്ത്രിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രോജക്ട് തയ്യാറാക്കുകയും ആയത് കേന്ദ്ര ധനസഹായത്തിനായി നൽകിയിട്ടുമുണ്ട്. |

| | | | | |
|---|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ കൂട്ടായ നേതൃത്വത്തിൽ പുതുതായൊരു സംയോജിത പദ്ധതി ആവിഷ്കരിച്ച് ഒരു മിഷൻ മോഡലിൽ നടപ്പിലാക്കേണ്ടത് ആവശ്യമാണ്. ആയത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയേയും ഇതിലേക്ക് പ്രയോജനപ്പെടുത്തുന്നതായിരിക്കും. പോളശല്യം മൂലം തൊഴിൽ നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്ന ഉൾനാടൻ മത്സ്യ ത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനെ ക്കുറിച്ചും സർക്കാർ ആലോചിക്കുന്നതാണ്. പോള, നീക്കംചെയ്യുന്നതിനുള്ള ശാസ്ത്രീയമായ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് ഈ മേഖലയിലെ വിദഗ്ധരുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. | |

| | | | | |
|---|---|---|---|---|
| 17 | 14/01 | 87 | തീരദേശ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ ?<br><br>പശ്ചാത്തല സൗകര്യവികസനത്തിനായി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കുമോ?<br><br>ഉറപ്പ്:- ഭവനരഹിതരായ മുഴുവൻ മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനും ഭൂരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2-3 സെന്റ് വരെ ഭൂമി വാങ്ങുന്നതിനും സ്വന്തമായി ഭവനം നിർമ്മിക്കുന്നതിനും 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു.<br><br>ആദ്യഘട്ടമായി 100 കോടി രൂപയുടെ സമഗ്ര പദ്ധതി 2016-17ൽ നടപ്പാക്കു ന്നതാണ്.<br><br>2016-2017 സാമ്പത്തിക വർഷത്തിൽ തീരദേശറോഡ് ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യ വികസനത്തിന് | ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെൻറ് (എൻ.ഐ.ആർ.ഡി.) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിതരും ഭവനരഹിതരുമായിരുന്നു. 2010-11 മുതൽ 2016-17 വരെയുള്ള വർഷക്കാല യളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 18409 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി പ്രകാരം അർഹരായ എല്ലാ ഭവനരഹിതർക്കും 4 ലക്ഷം രൂപ വീതം ഭവനനിർമ്മാണ ധനസഹായം നൽകിവരുന്നു. ലൈഫ്മിഷന്റെ സർവ്വേപ്രകാരം 1220 മത്സ്യത്തൊഴിലാളികൾ പുതിയ ഭവന നിർമ്മാണത്തിനുള്ള അർഹതാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ഭവന നിർമ്മാണം ആരംഭിച്ച 528 പേർക്ക് ഫിഷറീസ് വകുപ്പിന്റെ |

| | | | | |
|---|---|---|---|---|
| | | | ഒരു സമഗ്ര വികസനപദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രതിനിധികളുടെ ഒരു ആലോചനായോഗം ചേരുവാനുദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിയുടെ തുടക്കമെന്ന നിലയിൽ നടപ്പുസാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. | പദ്ധതി വിഹിതമായ ഒരു ലക്ഷം രൂപ വീതം 5.28 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിൻറെ ഭവന പദ്ധതിയിൽ അപേക്ഷിച്ച് അർഹരെന്ന് കണ്ടെത്തിയവരിൽ അവശേഷിക്കുന്ന 4883 പേരുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ഭൂരഹിത ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെൻറ് വരെ സ്ഥലം വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെ നൽകുന്നതിന് 2016-17ലെ ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 800 പേർക്ക് ധനസഹായം നൽകുന്നതിന് പദ്ധതി നടപ്പാക്കിയിരുന്നു. ഇതിൽ 706 പേർ സ്ഥലം വാങ്ങുകയും 440 പേർക്ക് 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു. ഈ പദ്ധതിയിൽ അപേക്ഷിച്ച് അർഹരെന്ന് കണ്ടെത്തിയവരിൽ അവശേഷിക്കുന്ന 6287 പേരുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 18 | 14/01 | 88 | ഉൾനാടൻ മത്സ്യമേഖലയുടെ സുസ്ഥിര വികസനം, സംരക്ഷണം, പരിപാലനം, ഉത്തരവാദിത്തപരമായ ജലകൃഷി വികസനം, മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ എന്നിവയ്ക്കായി പര്യാപ്തമായ നിലയിൽ പ്രസ്തുത സമിതി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?<br><br>ഉറപ്പ്:- 2013-ൽ നിലവിൽ വന്ന കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ അനുസരിച്ചുള്ള വിവിധ സമിതികൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ മുൻ സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിരുന്നതാണെങ്കിലും ടി ഫയലിൽ തീരുമാനമെടുക്കാതെ തിരിച്ചയ്ക്കുകയാണുണ്ടായത്. പുതിയ സർക്കാർ അധികാരമേറ്റെടുത്ത സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതി രൂപീകരിക്കുന്ന കാര്യത്തിൽ ഉടൻ തീരുമാനമെടുക്കുന്നതാണ്. | കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ "ഫിഷറീസ് മാനേജ്മെന്റ് 01 ഉപദേശക സമിതികൾ" വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന 41-ാം വകുപ്പിന് പകരമായി "സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ" രൂപീകരിക്കുന്നതിനായി 41 എ എന്ന പുതിയ വകുപ്പ് ഉൾപ്പെടുത്തി കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്ടിനായുള്ള ബില്ലിന്റെ കരട് പരിശോധനയിലാണ്. സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയുടെ സ്ഥാനത്ത് കൂടുതൽ അധികാരത്തോടെയുള്ള സംസ്ഥാന മാനേജ്മെന്റ് കൗൺസിലാണ് ഇപ്പോൾ സർക്കാർ വിഭാവനം ചെയ്യുന്നത്. |

| | | | | |
|---|---|---|---|---|
| 19 | 14/02 | 13 | പിടിച്ചുകൊണ്ടുവരുന്ന പച്ചമത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുമോയെന്ന് അറിയിക്കുമോ?<br>ഉറപ്പ്:-പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാൻ കഴിയുന്ന നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. | മത്സ്യത്തിന്റെ ഗുണനിലവാരം അവ പിടിച്ചെടുക്കുന്ന സ്ഥലം മുതൽ അന്തിമമായി ഉപഭോക്താക്കളിൽ എത്തുന്നത് വരെ ഉറപ്പാക്കാനും മത്സ്യം പിടിച്ചെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അർഹമായ വില ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിലാക്കുന്നവിധം ഗുണമേന്മ ഉറപ്പാക്കിയ മത്സ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട പുതിയ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നു. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിന് വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ തയ്യാറാക്കുകയും നിയമ വകുപ്പിന്റെ അനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഈ ബിൽ എത്രയും വേഗം നിയമ സഭയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 20 | 14/02 | 68 | (ബി) കടൽക്ഷോഭത്തിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്കും മത്സ്യബന്ധനത്തിനിടയിൽ ജീവഹാനി സംഭവിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും ജീവിതസുരക്ഷ ഉറപ്പാക്കുന്നതിന് പര്യാപ്തമായ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?<br>ഉറപ്പ്:- (ബി) കടൽക്ഷോഭത്തിൽ കിടപ്പാടം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി അവർക്ക് മൂന്ന് സെന്റ് വരെ ഭൂമി വാങ്ങി വീടു നിർമ്മിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. | കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ മാറ്റി പാർപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 2016ൽ കടലാക്രമണ ത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി പ്രത്യേക പാക്കേജ് (അഭയം) നടപ്പാക്കി വരുന്നു. 248 കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലംവാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ ഇതുവരെ 129 പേർ സ്ഥലം വാങ്ങി ഭവന നിർമ്മാണം ആരംഭിക്കുകയും 117 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2017-18) ഭവന പദ്ധതി-തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിനായി 750 പേർക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം |

| | | | | |
|---|---|---|---|---|
| | | | | ധനസഹായം. ഇതിൽ ഇതുവരെ 449 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിക്കുകയും, 253 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്.<br>കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ നിർമ്മിച്ച് കൈമാറി നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി (2017-18)-ൽ 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, കൊല്ലം ജില്ലയിലെ ക്യു.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാല വളപ്പ് എന്നിവിടങ്ങളിലാണ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ, ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നു. ഇതിൽ മാറി താമസിക്കാൻ സന്നദ്ധത അറിയിച്ച 24 കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 24 പേരിൽ 19 പേർ സ്ഥലം വാങ്ങി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവരിൽ 14 പേർ ഫിഷറീസ് വകുപ്പിന്റെ മുൻ പദ്ധതികളിലുൾപ്പെട്ട് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരാണ്. 5 പേരെ മുട്ടത്തറ ഫ്ളാറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കടൽതീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ |

| | | | | |
|---|---|---|---|---|
| | | | | നാളിതുവരെ 1798 പേർ ഗുണഭോക്താക്കൾ ആകുകയും 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും ചെയ്തു.<br>വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം എന്ന ബൃഹദ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കായി 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിൻറെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് വകയിരുത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 8487 കുടുംബങ്ങളെയും രണ്ടും മൂന്നും ഘട്ടങ്ങളിൽ 5099 പേരെ വീതവും പുനരധിവസിപ്പിക്കുന്നതാണ് പുനർഗേഹം പദ്ധതി ലക്ഷ്യമിടുന്നത്. പുനരധിവാസത്തിനായി വ്യക്തിഗത വീട് നിർമ്മാണം, ഫ്ളാറ്റ് സമുച്ചയ നിർമ്മാണം |

| | | | | |
|---|---|---|---|---|
| | | | | എന്നീ രീതികൾ അനുവർത്തിക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. |
| 21 | 14/04 | 38 | എ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട ചിപ്പി തൊഴിലാളികളുടെയും കമ്പവല തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും പുനരധിവാസ പാക്കേജ് നടപ്പിലാക്കുവാൻ എന്തൊക്കെ ചെയ്തുവെന്ന് അറിയിക്കുമോ;<br><br>(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുനരധിവാസത്തിന് എത്ര തുക അനുവദിച്ചു വെന്നും, എത്ര തുക ചെലവഴിച്ചുവെന്നും ഇനി എത്ര പേർക്ക് തുക നൽകാനുണ്ടെന്നും വിശദമാക്കാമോ;<br><br>ഉറപ്പ്:- എ) ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഒന്നാംഘട്ട പുനരധിവാസ പാക്കേജിന്റെ ഭാഗമായി 120 കരമടി മത്സ്യത്തൊഴിലാളികൾക്കും 184 ചിപ്പി ത്തൊഴിലാളികൾക്കുമായി നാളിതുവരെ 14,32,12,800 രൂപ (പതിനാല് കോടി മുപ്പത്തി രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി | LIAC അപ്പീൽ കമ്മിറ്റിയുടെ രണ്ടാം ഘട്ട റിപ്പോർട്ട്, 14/03/2017-ന് സ.ഉ. (കൈ.)നം. 4/2017/മ.തു.വ. നമ്പർ പ്രകാരം അംഗീകരിക്കുകയും, 143 പേർക്ക് 3.39 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്യുന്നതിന് വിഴിഞ്ഞം തുറമുഖ കമ്പനിയ്ക്ക് അനുമതി നല്കുകയും, 129 പേർ 3.08 കോടി രൂപ നഷ്ടപരിഹാരം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകരുടെ പരിശോധന പുരോഗമിക്കുകയും നാളിതുവരെ ചുവടെ ചേർത്തിട്ടുള്ള നഷ്ടപരിഹാര വിതരണം പൂർത്തിയായിട്ടുണ്ട് .<br><br>i) ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിൽ 261 പേർക്ക് 12.34 കോടി രൂപ വിതരണം ചെയ്തു .<br><br>ii) കരമടി മത്സ്യബന്ധന വിഭാഗത്തിൽ 896 പേർക്ക് 52.13 കോടി രൂപ വിതരണം ചെയ്തു .<br><br>iii) തുറമുഖ നിർമ്മാണ കാലയളവായ 2 വർഷത്തേക്ക് പദ്ധതി പ്രദേശം |

| | | | | |
|---|---|---|---|---|
| | | | എണ്ണൂറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. രണ്ടാംഘട്ട റിപ്പോർട്ട് പരിശോധന പൂർത്തീകരിച്ച് സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളതിനാൽ അന്തിമ തീരുമാനം ഉടനെ കൈക്കൊള്ളു ന്നതാണ്.<br>(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുനരധിവാസത്തിനായി 1-3-2016 തീയതിയിൽ സ.ഉ. (കൈ.) നം. 7/2016 മ.തു.വ. നമ്പർ പ്രകാരം 23,80,38,200 (ഇരുപത്തിമൂന്ന് കോടി എൺപത് ലക്ഷത്തി മുപ്പത്തി യെട്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നാളിതുവരെ 20,38,52,800 രൂപ (ഇരുപത് കോടി മുപ്പത്തിയെട്ട് ലക്ഷത്തി അൻപത്തി രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്നവരെ സംബന്ധിച്ച രേഖകളുടെ പരിശോധന പൂർത്തീകരിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്. | ചുറ്റിപ്പോകേണ്ട യന്ത്രവൽകൃത യാനങ്ങൾക്ക് സൗജന്യ മണ്ണെണ്ണ നൽകുന്നതിനായി 2353 എഞ്ചിനുകൾക്ക് 27.18 കോടി രൂപ അനുവദിക്കുന്നതിന് വിഴിഞ്ഞം തുറമുഖ കമ്പനിയ്ക്ക് അനുമതി നല്കിയിട്ടുണ്ട്. ആയതിൽ നാളിതുവരെ 2056 എഞ്ചിനുകൾക്ക് (1220 മത്സ്യത്തൊഴിലാളികൾക്ക്) 12.48 കോടി രൂപയുടെ മണ്ണെണ്ണ മത്സ്യഫെഡ് മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട് .<br>iii) റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br>iv) ആറ് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് .<br>v) നാളിതുവരെ ആകെ 2621 പദ്ധതി ബാധിതർക്ക് 83.11 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി.<br>ഇതു പ്രകാരം പരിശോധനയിൽ അർഹരാണെന്ന് കണ്ടെത്തിയ എല്ലാ ഗുണഭോക്താക്കൾക്കും നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 1 | | 30 | ശിപാർശ<br>നദികളിൽ നിന്നും അഴിമുഖങ്ങളിൽ നിന്നും ഡ്രഡ്ജ് ചെയ്യുന്ന മണ്ണ് ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി നിക്ഷേപിക്കണമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് നിർദ്ദേശിക്കുവാൻ തീരുമാനിച്ചു. | സർക്കാരിൽ നിന്നും ലഭ്യമായ മറുപടി<br>കരുനാഗപ്പള്ളി മുതൽ തോട്ടപ്പള്ളിവരെയുള്ള ഭാഗത്ത് മണലിൽ ഇൽമനൈറ്റ് ഉൾപ്പെടെയുള്ള ധാതുക്കൾ ഉള്ളതിനാൽ സംസ്ഥാന സർക്കാർ സംരംഭങ്ങളായ കെ.എം.എം.എൽ, ഐ.ആർ. ഇ.എൽ. എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് തോട്ടപ്പള്ളി, കായംകുളം ഹാർബറുകളിൽ ഡ്രഡ്ജിംഗ് നടത്തുന്നത്. ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണൽ കടലിൽ കൊണ്ടുപോയി നിക്ഷേപിക്കുന്ന രീതിയാണ് മറ്റു ഹാർബറുകളിൽ ഡ്രഡ്ജിംഗ് ക്രമീകരിക്കുന്നത്. ഹാർബറിന്റെ വികസനത്തിന് റിക്ലമേഷൻ വേണ്ടിടത്ത് മാത്രം, ഡ്രഡ്ജ് ചെയ്യുന്ന മണ്ണ് അതിനുപയോഗിക്കുന്നു. |
| 2 | | 31 | ശിപാർശ<br>തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, മുനയ്ക്കൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നാളിതുവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുറമുഖ വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു. | സർക്കാരിൽ നിന്നും ലഭ്യമായ മറുപടി<br>തൃശ്ശൂർ ജില്ലയിൽ മുനയ്ക്കൽ, അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം ആരംഭിച്ചുവെങ്കിലും സൗരാഷ്ട്ര സിമെന്റ് കമ്പനി ഹൈക്കോടതിയിൽ നിന്നും നിർമ്മാണം തടഞ്ഞ് ഉത്തരവ് |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാക്കിയതിനാൽ പ്രവൃത്തി അടയ്ക്കുവെച്ച് നിർത്തേണ്ടി വന്നു. സ്ഥലം സംബന്ധിച്ച കേസ് തീർന്നുവെങ്കിലും അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള പ്രവേശന റോഡിന് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

## XIV. ജലവിഭവ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/04 | 59 | കല്ലട ജലസേചന പദ്ധതിയുടെ ഏക ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയായ ചിറക്കരത്താഴം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തിച്ച 3 പഞ്ചായത്തു കളിൽ വെള്ളം എത്തിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?<br>ഉറപ്പ്:-ലിഫ്റ്റ് ഇറിഗേഷൻ പൂർണ്ണ തോതിൽ കമ്മീഷൻ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ് | കല്ലട ജലസേചന പദ്ധതിയുടെ ഇടതുകര കനാലിന്റെ ഭാഗമായ പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ആകെ നീളം 32.337 കി.മീ. ആണ്. ഇതിൽ 23 കി.മീ. വരെ മാത്രമേ ജലം ഒഴുക്കിയിട്ടുള്ളൂ. 23000 മീറ്ററിൽ സ്ഥാപിച്ചിട്ടുള്ള ചിറക്കര ലിഫ്റ്റ് പൂർണ്ണമായ തോതിൽ പ്രവർത്തിച്ചാൽ മാത്രമേ തുടർന്ന് കനാലിൽ വെള്ളമൊഴുക്കുവാൻ കഴിയുകയുള്ളൂ. പരവൂർ മുൻസിപ്പാലിറ്റി, പൂതക്കുളം പഞ്ചായത്ത്, ചിറക്കര പഞ്ചായത്ത് എന്നിവിടങ്ങളിൽ ജലസേചനം നടത്തണ മെങ്കിൽ ലിഫ്റ്റിനുശേഷമുള്ള കനാലുകളായ കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറി, പൂതക്കുളം ഡിസ്ട്രിബ്യൂട്ടറി, പൂതക്കുളം |

| | | | | |
|---|---|---|---|---|
| | | | | സബ് മൈനർ എന്നിവയുടെ നിർമ്മാണം പൂർത്തിയാകണം, കൂടാതെ ചിറക്കര ലിഫ്റ്റിൽ സ്ഥാപിച്ചിട്ടുള്ള മോട്ടോറുകൾ, വൈദ്യുത സംവിധാനം, പമ്പിംഗ് സിസ്റ്റം എന്നിവയ്ക്ക് അറ്റകുറ്റ പണികൾ ആവശ്യമാണ്. കൂടാതെ ജലം ശേഖരിക്കേണ്ട തടത്തിന് (sump) ജലം ഉൾക്കൊള്ളാനുള്ള ശേഷി കൂട്ടേണ്ടതായിട്ടുണ്ട്. പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ജലമൊഴുക്ക് തടസ്സമില്ലാതെ ചിറക്കര ലിഫ്റ്റ് ടാങ്കിൽ പൂർണ്ണതോതിൽ ഒഴുകിയെത്തിയാൽ മാത്രമേ (designed dischare) പമ്പിംഗ് നടക്കുകയുള്ളൂ അതിലേയ്ക്ക് 0 മുതൽ 23,000 മീറ്റർ വരെ കനാൽ പുനരുദ്ധീകരണം 23,000 മുതൽ 32,337 മീറ്റർ വരെ അറ്റകുറ്റപണികളും വേണം, നീക്കം ചെയ്യപ്പെട്ട വൈദ്യുതി ബന്ധം കെ.എസ്.ഇ.ബി. യുടെ കുടിശ്ശിക തീർത്ത് പുനഃസ്ഥാപിക്കേണ്ടതുമാണ്. ഇത്യാദി പവൃത്തികൾ ഉൾപ്പെടുത്തി ചിറക്കര ലിഫ്റ്റ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് സമഗ്രമായ ഒരു എസ്റ്റിമേറ്റ് സഹിതം വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ട്. ഇതു പ്രകാരം പ്രതീക്ഷിത ചെലവ് 15 കോടി രൂപയാണ്. |
| 2 | 13/05 | 155 | (എ) നിലവിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് പൈപ്പ് വഴി | (എ). കേരള ജല അതോറിറ്റി നിലവിൽ 1109 ശുദ്ധജലവിതരണ പദ്ധതികളുടെ 22.21 ലക്ഷം |

| | | | | |
|---|---|---|---|---|
| | | | കുടിവെള്ളം ലഭിക്കുന്നു; ഇതിൽ എത്ര വർദ്ധനവ് വരുത്താനാണ് ഉദ്ദേശിക്കുന്നത് ;<br><br>(ബി) കാലപ്പഴക്കം ചെന്ന പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുവാനും ട്രീറ്റ്മെൻറ് പ്ളാന്റുകൾ നവീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ജല അതോറിറ്റി യുടെയും നബാർഡിൻറെയും എത്ര കുടിവെള്ള പദ്ധതികൾ പൂർത്തി യാക്കി; ഈ വർഷം എത്ര യെണ്ണം കൂടി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു?<br><br>ഉറപ്പ്:- (എ) 2011 സെൻസസ് ഓഫ് ഇൻഡ്യാ കണക്കനുസരിച്ച് കേരളത്തിൽ ഏകദേശം 29.3 %-ത്തോളം പേർക്ക് പൈപ്പ് വഴി | കണക്ഷനുകൾ വഴിയും 2.06 ലക്ഷം പൊതു ടാപ്പുകൾ വഴിയും ഏകദേശം 55 ശതമാനം ജനങ്ങൾക്ക് ജലവിതരണം നടത്തുന്നു.<br><br>(ബി). കാലപ്പഴക്കം ചെന്ന പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിനായി നബാർഡ് ധനസഹായത്തോടെ 3409.29 ലക്ഷം രൂപയ്ക്ക് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച് 500 ഓളം പമ്പുകൾ മാറ്റി സ്ഥാപിച്ചു. കൂടാതെ എല്ലാ വർഷവും പുതിയ പമ്പുസെറ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുമായി ഭരണാനുമതി നല്കാറുണ്ട്. മറുപടിയിൽ സൂചിപ്പിച്ച 48 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്, അടുത്ത രണ്ടു വർഷത്തിനുള്ളിൽ ഇത് 50 %-ത്തോളം വർദ്ദനവ് വരുത്തുവാൻ ഉദ്ദേശിക്കുന്നു.<br><br>(ബി) കാലപ്പഴക്കം ചെന്ന പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുവാൻ നബാർഡിൻറെ സഹായത്തോടെയുള്ള ഏകദേശം 34 കോടി രൂപയുടെ പദ്ധതികൾ ടെൻഡർചെയ്ത് പണികൾ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുരോഗതി അനുബന്ധം1 ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിൻറെ സഹായത്തോടെ പഴയ പമ്പ് സെറ്റുകൾ മാറ്റുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.<br><br>(സി) ഈ സർക്കാർ അധികാരമേറ്റശേഷം നബാർഡ് സഹായത്തോടെയുള്ളവ ഉൾപ്പെടെ 24 | |

| | | | | |
|---|---|---|---|---|
| | | | പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ വർഷം ഉദ്ദേശം 48 പദ്ധതികൾ കൂടി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. | |
| 3 | 13/05 | 187 | (എ) 2003-ലെ കേരള ജലസേചന ജലസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദാംശങ്ങൾ നല്കാമോ?<br>ഉറപ്പ്:- (എ) ഉണ്ട്. 2003-ലെ കേരള ജലസേചന ജലസംരക്ഷണ നിയമത്തിൽ ചില വകുപ്പുകൾ ഭേദഗതി വരുത്താനും ചില വകുപ്പുകൾ കൂട്ടതലായി ഉൾപ്പെടുത്താനും ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | കേരളത്തിലെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനായി കേരളജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്ത് സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ബിൽ 13ാം നിയമസഭയുടെ 184ാം നമ്പർ ബിൽ നിലവിലുണ്ടായിരുന്നുവെങ്കിലും ടി ബിൽ നിയമമാക്കുന്നതിന് കഴിഞ്ഞില്ല. പ്രസ്തുത ബില്ലിൽ കേരള സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റിയുടെ കീഴിൽ റിവർ ബേസിൻ ബോർഡ്, തണ്ണീർത്തട വികസന ബോർഡ് എന്നിവയുടെ രൂപീകരണത്തിനും വ്യവസ്ഥ ചെയ്യുന്നുണ്ട് ആയത് നിയമസഭയിൽ അവതരിപ്പിക്കാൻ സാധിച്ചില്ല. പ്രസ്തുത ബിൽ ഭരണഘടനയുടെ 196ാം അനുച്ഛേദം 5ാം ഖണ്ഡിക പ്രകാരം ലാപ്സായി.<br>30.11.2015 ലെ സ. ഉ. (അച്ചടിച്ചത്) നം.17/2015/പരി. പ്രകാരം കേരള സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ആയതിനാൽ ബില്ലിലെ തണ്ണീർത്തടവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് കേരളത്തിലെ നദികളുടെ സമഗ്ര സംരക്ഷണത്തിനായി |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാന നദീതട അതോറിറ്റിയുടെ കീഴിൽ നദീതട ബോർഡുകൾ രൂപീകരിക്കുന്നതിനായി പുതുക്കിയ കരട് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നദികളിലും, മറ്റ് ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്നും പിഴ ഈടാക്കുന്നതിന് കേരളജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട് 2018 പുറപ്പെടുവിച്ചിട്ടുണ്ട്. |
| 4 | 13/07 | 07 | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുടിവെള്ള ദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗ പ്പെടുത്തി ഇതര സ്രോതസ്സുകളിൽ നിന്ന് കുടിവെള്ളം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ്:- ഇക്കാര്യം പരിശോധിക്കു ന്നതാണ് | കേരളാ വാട്ടർ അതോറിറ്റി പ്രധാനമായും നദികളും പുഴകളും സ്രോതസ്സായിട്ടുള്ള കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഇതര സ്രോതസ്സുകളിൽ നിന്നും വൻതോതിൽ കുടിവെള്ളം ഉത്പാദിപ്പിക്കാനുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഫ്ലൂറൈഡ് അടക്കം ജല ഗുണനിലവാര പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങളിൽ താത്കാലികാടിസ്ഥാസത്തിൽ 8-10 ലിറ്റർ പ്രതിശീർഷ ലഭ്യത പ്രതിദിനം ലഭ്യമാക്കുന്നതിനായി ഡിഫ്ളൂറടേഷൻ പ്ലാന്റ്/ആർ.ഒ. പ്ലാന്റ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 5 | 13/07 | 17 | വരൾച്ച കണക്കിലെടുത്ത് പൊതു കിണറുകളും കുളങ്ങളും തടാകങ്ങളും | ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം/ജല സമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകളും, നീർത്തട |

| | | | | |
|---|---|---|---|---|
| | | | ശുചീകരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി സംരക്ഷി ക്കുന്നതിന് പൊതുജന തദ്ദേശ ഭരണസ്ഥാപന പങ്കാളിത്തത്തോടെ യുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?<br><br>ഉറപ്പ്:-ഇത്തരം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് | മാസ്റ്റർ പ്ലാനുകളും, തയ്യാറാക്കി ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാ ക്കുന്നത് ആരംഭിച്ചുകഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, മണ്ണ് പര്യവേക്ഷണം - മണ്ണ് സംരക്ഷണം, തുടങ്ങിയ വകുപ്പുകളുടെ സഹകരണ ത്തോടൊപ്പം ജനപങ്കാളിത്തത്തോടുകൂടിയാണ് ഇത്തരം പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നത്.<br><br>പൊതു കിണറുകളുടെ ശുചീകരണ സംരക്ഷണ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നിർവ്വഹിക്കുന്നത് |
| 6 | 13/07 | 91 | എ) ഓരോ പഞ്ചായത്തിലും ഒരു കുളം വീതം നിർമ്മിക്കണമെന്ന നിർദ്ദേശത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാം ശ ങ്ങൾ വെളിപ്പെടുത്തുമോ;<br><br>(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇനി എത്ര തുക അനുവദിക്കാനുണ്ട്; വ്യക്തമാക്കുമോ; | ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകുകയും അതിൽ 245 കുളങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 4 പ്രവൃത്തികൾ പുരോഗതിയിലാണ്. 12 പ്രവൃത്തികളുടെ പുനർദർഘാസ് നടപടികൾ നടന്നുവരുന്നു. 93 പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടിവന്നു. |

| | | | | |
|---|---|---|---|---|
| | | | (സി) നടപ്പു സാമ്പത്തികവർഷം പ്രസ്തുതപദ്ധതി തുടങ്ങുന്നതിനു നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. | |
| 7 | 13/09 | 05 | എ. കയ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തു കളിൽ കുടിവെള്ളവിതരണത്തിനായി നടപ്പിലാക്കിവരുന്ന വയന്തല പദ്ധതി എന്ന് കമ്മീഷൻ ചെയ്യാ നാകുമെന്ന് അറിയിക്കാമോ?<br><br>ഉറപ്പ്:- എ. പ്രസ്തുത പദ്ധതി 2014 മാർച്ചിൽ കമ്മീഷൻ ചെയ്യാനാകു മെന്ന് പ്രതീക്ഷിക്കുന്നു. | കയ്പമംഗലം നിയോജക മണ്ഡലത്തിലെ ഏറിയാട്- എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി നടപ്പിലാക്കിയ പദ്ധതി 26-2-2016-ൽ കമ്മീഷൻ ചെയ്തിട്ടുള്ളതാകുന്നു. |
| 8 | 13/09 | 06 | ഏ. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഓരോ പഞ്ചായ ത്തിലും ഓരോ കുളം നവീകരി ക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകുകയും അതിൽ 243 കുളങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലാണ്. |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:-ഏ.ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരിക്കാനുള്ള പദ്ധതി യിൽ ഉൾപ്പെടുത്തി 354 കുളങ്ങൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പണികൾ തുടങ്ങാനുള്ള നടപടികൾ വകുപ്പുതലത്തിൽ നടന്നുവരുന്നു. | |
| 9 | 13/9 | 55 | ബി) കേരളത്തിലെ പ്രധാന നദികളെ സംരക്ഷിക്കുവാൻ പ്രത്യേകം അതോറിറ്റികളോ സമിതികളോ രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ;<br><br>നിലവിലുണ്ടായിരുന്നുവെങ്കിലും ടി ബിൽ നിയമമാക്കുന്നതിന് കഴിഞ്ഞില്ല. പ്രസ്തുത ബില്ലിൽ കേരള സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റിയുടെ കീഴിൽ റിവർ ബേസിൻ ബോർഡ്, തണ്ണീർത്തട വികസന ബോർഡ് എന്നിവയുടെ രൂപീകരണത്തിനും | (ബി) & (സി) കേരളത്തിലെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനായി കേരളജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്ത് സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ബിൽ (13ാം നിയമസഭയുടെ 184ാം നമ്പർ ബിൽ) നിലവിലുണ്ടായിരുന്നുവെങ്കിലും ടി ബിൽ നിയമമാക്കുന്നതിന് കഴിഞ്ഞില്ല. പ്രസ്തുത ബില്ലിൽ കേരള സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റിയുടെ കീഴിൽ റിവർ ബേസിൻ ബോർഡ്, തണ്ണീർത്തട വികസന ബോർഡ് എന്നിവയുടെ രൂപീകരണത്തിനും വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് നിയമസഭയിൽ അവതരിപ്പിക്കാൻ സാധിച്ചില്ല. പ്രസ്തുത ബിൽ ഭരണഘടനയുടെ 196ാം അനുച്ഛേദം 5ാം ഖണ്ഡിക പ്രകാരം ലാപ്സായി. |

| | | | | |
|---|---|---|---|---|
| | | | വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് നിയമസഭയിൽ അവതരിപ്പിക്കാൻ സാധിച്ചില്ല. പ്രസ്തുത ബിൽ ഭരണഘടനയുടെ 196-ാം അനുച്ഛേദം 5-ാം ഖണ്ഡിക പ്രകാരം ലാപ്സായി. | 30-11-2015-ലെ സ.ഉ. (അച്ചടിച്ചത്) നം.17/2015/പരി. പ്രകാരം കേരള സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ആയതിനാൽ ബില്ലിലെ തണ്ണീർത്തടവുമായ ബന്ധപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് കേരളത്തിലെ നദികളുടെ സമഗ്ര സംരക്ഷണത്തിനായി സംസ്ഥാന നദീതട അതോറിറ്റിയുടെ കീഴിൽ നദീതട ബോർഡുകൾ രൂപീകരിക്കുന്നതിനായി പുതുക്കിയ കരട് ബിൽ തയ്യാറാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |
| 10 | 13/09 | 89 | (എ) സംസ്ഥാനത്ത് കടലോര ഡിസാലിനേഷൻ പ്രോജക്ട് നടപ്പാക്കാൻ എന്തുതുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?<br>ഉറപ്പ്:- (എ) നൂതന സാങ്കേതിക വിദ്യകൾക്കായി 2012-13-ൽ കേരള വാട്ടർ അതോറിറ്റിക്ക് ബജറ്റിൽ 15.00 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽപ്പെടുത്തി കേരളത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിലും കടലോര പ്രദേശങ്ങളിലും റിവേഴ്സ് ഓസ്മോസിസ് | സംസ്ഥാനത്ത് RO സാങ്കേതിക വിദ്യ ഉപയോഗിച്ച് കുഴൽ കിണറുകളിലെ ലവണ ജലം ശുദ്ധീകരിക്കുവാൻ പ്രോജക്ട് ഉണ്ടായിരുന്നു. ഇതിൽ കടലോര പ്രദേശത്തെ കുഴൽ കിണറുകളും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. 2013-2014-ൽ ഇന്നവേറ്റീവ് ടെക്നോളജി ഹെഡിൽ ഇതിനായി 5 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും RO പ്ലാന്റുകൾക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 75 ശതമാനത്തിലധികമായിരുന്നതിനാൽ ഈ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. എന്നാൽ മറ്റു സ്കീമുകളുടെ ഭാഗമായി ജലഗുണ നിലവാര പ്രശ്നങ്ങൾ ഉള്ള സ്ഥലങ്ങളിൽ താൽക്കാലിക പരിഹാരമെന്ന നിലയിൽ RO പ്ലാന്റുകൾ അടക്കമുള്ള പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | സാങ്കേതികവിദ്യ ഉപയോഗിച്ച് കിണറുകളിലെ ലവണജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുവാനായി 19 സ്ഥലങ്ങളിൽ മോഡ്യുലാർ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ദർഘാസ് റദ്ദാക്കുകയുണ്ടായി. വീണ്ടും ദർഘാസ് ക്ഷണിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. 2013-14 ബജറ്റിൽ ഇതേ ഇനത്തിൽ 5.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. | |
| 11 | 13/9 | 115 | (എ) കേരളത്തിലെ നദികളുടെ സംരക്ഷണത്തിനും അവയുടെ പരിപാലനത്തിനുമായി പ്രത്യേക അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br>(സി) ജലസമ്പത്ത് സംരക്ഷിക്കുന്നതിനും കുടിവെള്ളത്തിനും കൃഷിക്കും | എ) കേരളത്തിലെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനായി കേരളജലസേചനവും ജലസംരക്ഷണവും ആക്റ്റ് 2003 ഭേദഗതി ചെയ്ത് സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ബിൽ 13ാം നിയമസഭയുടെ 184ാം നമ്പർ ബിൽ നിലവിലുണ്ടായിരുന്നുവെങ്കിലും ടി ബിൽ നിയമമാക്കുന്നതിന് കഴിഞ്ഞില്ല. പ്രസ്തുത ബില്ലിൽ കേരള സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റിയുടെ കീഴിൽ റിവർ ബേസിൻ |

| | | | | |
|---|---|---|---|---|
| | | | വ്യവസായത്തിനും ഉപയുക്തമാക്കുന്നതിനും വൻകിട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ; വിശദമാക്കുമോ?<br><br>ഉറപ്പ്:- (എ) കേരളത്തിലെ നദികളുടെ സംരക്ഷണത്തിനും അവയുടെ പരിപാലനത്തിനുമായി സ്റ്റേറ്റ് റിവർ & വെറ്റ് ലാന്റ് അതോറിറ്റി, റിവർബേസിൻ ബോർഡുകൾ എന്നിവ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.<br><br>(സി) ജലസമ്പത്ത് സംരക്ഷിക്കുന്നതിനും കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിനും, കൃഷിക്കും വ്യവസായത്തിനും ഉപയുക്തമാക്കുന്നതിനുമായി ജലസ്രോതസ്സുകളുടെ സംരക്ഷണവും സംഭരണശേഷി വർദ്ധിപ്പിക്കുന്നതുമായ പ്രവർത്തനങ്ങൾക്കുവേണ്ടി വൻകിട പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യം പരിശോധനയിലാണ്. | ബോർഡ്, തണ്ണീർത്തട വികസന ബോർഡ് എന്നിവയുടെ രൂപീകരണത്തിനും വ്യവസ്ഥ ചെയ്യുന്നുണ്ട് ആയത് നിയമസഭയിൽ അവതരിപ്പിക്കാൻ സാധിച്ചില്ല. പ്രസ്തുത ബിൽ ഭരണഘടനയുടെ 196ാം അനുച്ഛേദം 5ാം ഖണ്ഡിക പ്രകാരം ലാപ്സായി.<br><br>30-11-2015-ലെ സ.ഉ. (അച്ചടിച്ചത്) നം.17/2015/പരി. പ്രകാരം കേരള സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ആയതിനാൽ ബില്ലിലെ തണ്ണീർത്തടവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് കേരളത്തിലെ നദികളുടെ സമഗ്ര സംരക്ഷണത്തിനായി സംസ്ഥാന നദീതട അതോറിറ്റിയുടെ കീഴിൽ നദീതട ബോർഡുകൾ രൂപീകരിക്കുന്നതിനായി പുതുക്കിയ കരട് ബിൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)യ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>സി) കേരളത്തിലെ ലഭ്യമായ ജലസമ്പത്ത് സംരക്ഷിച്ച് ഉപരിതല/ഭൂജല ലഭ്യത വർദ്ധിപ്പിച്ച് വിവിധ ആവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നീർത്തടാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഓരോ |

| | | | | |
|---|---|---|---|---|
| | | | | നദീതടത്തിലുമുള്ള വിവിധ ജലസ്രോതസ്സുകൾ പുനരുദ്ധരിച്ച്, സംരക്ഷിച്ച് ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വൻകിട ജലസേചന പദ്ധതികൾ പുതുതായി പരിഗണനയിലില്ല. |
| 12 | 13/10 | 30 | (ഡി) തിരുവനന്തപുരം നഗരത്തിൽ അടിക്കടിയുണ്ടാകുന്ന പൈപ്പു പൊട്ടലിന്റെ പിന്നിലുണ്ടാകാനിടയുള്ള വാണിജ്യ താല്പര്യത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിരുന്നുവോ; വിശദാംശം ലഭ്യമാക്കുമോ ?<br><br>ഉറപ്പ്:- (ഡി) അടിക്കടിയുണ്ടാകുന്ന പൈപ്പു പൊട്ടലിന്റെ പിന്നിലുണ്ടാകാനിടയുള്ള വാണിജ്യ താല്പര്യത്തെക്കുറിച്ച് പ്രത്യേക അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ 2013 ഫെബ്രുവരി 25-ാം തീയതി ഉണ്ടായ പൈപ്പ്പൊട്ടലിനെക്കുറിച്ച് അന്വേഷിക്കുവാൻ | ശ്രീ. കെ. ജയകുമാർ കമ്മിഷന്റെ റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി വിശദമായി പരിശോധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കുകയും ആയത് കർശനമായി നടപ്പാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം/ അരുവിക്കര/എൻ.ആർ.ഡബ്ല്യൂ.എം.യു. എന്നിവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>1. വാൽവ് ഓപ്പറേഷൻ ലോഗ് ബുക്ക്, എല്ലാ വിവരങ്ങളും സഹിതം കൃത്യമായി എഴുതി സൂക്ഷിക്കുക.<br><br>2. 400 എം.എം.-ഓ അതിന് മുകളിലോ വ്യാസമുള്ള വാൽവുകൾ കൈകാര്യം ചെയ്യുന്നത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചതിനുശേഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ മാത്രമായിരിക്കണം. |

| | | | | |
|---|---|---|---|---|
| | | | മുൻ ചീഫ്സെക്രട്ടറി ശ്രീ. കെ. ജയകുമാറിന്റെ നേതൃത്വത്തിൽ ഒരു നാലംഗ സമിതിയെ ചുമതലയേല്പിച്ചിരുന്നു. പ്രസ്തുത അന്വേഷണ സമിതിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 29-4-2013-ൽ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. | 3. 400 എം.എം വാൽവിന് താഴെയുള്ള വാൽവുകൾ കൈകാര്യം ചെയ്യുന്നത് അസിസ്റ്റന്റ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചതിനുശേഷം ഉത്തരവാദിത്തപ്പെട്ട ഓവർസീയറുടെ സാന്നിധ്യത്തിൽ മാത്രമായിരിക്കണം.<br><br>കൂടാതെ തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിന്റെ ഉപഗ്രഹമാപ്പ് തയ്യാറാക്കി സൂക്ഷിക്കുക, അടിയന്തിര സാഹചര്യമുണ്ടായാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു കൂട്ടം അംഗീകൃത ജോലിക്കാരെ സജ്ജരാക്കി അടിയന്തിര നടപടി സ്വീകരിക്കുക, തിരുവനന്തപുരം പി.എച്ച് ഡിവിഷന്റെ കീഴിലുള്ള എല്ലാ സബ് ഡിവിഷൻ ഓഫീസുകളിലും അധികമായി ബ്ലൂ ബ്രിഗേഡ് സംവിധാനം തുടങ്ങുക എന്നി കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കരാർ വർക്കുകൾ ഇലക്ട്രോണിക് ടെൻഡറിംഗ് വഴി നടത്തി, ഉദ്യോഗസ്ഥരും കരാറുകാരും തമ്മിലുള്ള അനധികൃതമായുള്ള സഹകരണത്തിന് തടയിടുക, റണ്ണിംഗ് കരാർ വർക്കുകൾ കൃത്യസമയത്ത് ചെയ്ത് തീർത്തില്ലെങ്കിൽ എം.പാനൽഡ് കരാറുകാരെക്കൊണ്ട് പ്രസ്തുത വർക്ക് ചെയ്ത് തീർക്കുക എന്നീ തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് ദക്ഷിണമേഖലാ ചീഫ് എഞ്ചിനീയർക്ക് |

| | | | | |
|---|---|---|---|---|
| | | | | കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, അരുവിക്കര മുതൽ പേരൂർക്കട വരെ പുതിയ 1200 എം.എം. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുമുണ്ട്. |
| 13 | 13/10 | 66 | (എ) മുൻ വർഷത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലസംഭരണ ത്തിനായി പ്രഖ്യാപിച്ച 400 കോടി രൂപയുടെ തടയണ നിർമ്മാണ പദ്ധതി നടപ്പിലാക്കിയോ; ഇതിന്റെ വിശദാംശം നല്കുമോ?<br>ഉറപ്പ്:-(എ) പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. | അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത് ജലസംരക്ഷണത്തിനായി ചെക്ക് ഡാമുകളും റഗുലേറ്ററുകളും നിർമ്മിക്കുന്നതിന് 2013-14 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം 192 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനായി 107.01 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 134 ചെക്ക് ഡാമുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 17 ചെക്ക് ഡാമുകളുടെ പണി പുരോഗതിയിലാണ്. 17 എണ്ണം പുനർദർഘാസ് നടപടികൾ നടക്കുന്നു. 24 എണ്ണം വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടിവന്നു. |
| 14 | 13/11 | 04 | തൃക്കരിപ്പൂർ മണ്ഡലത്തിലെ എടച്ചാകൈ അണക്കെട്ട് പുതുക്കി പണിയാത്ത തിനാൽ നിരവധി ഏക്കർ നെൽകൃഷി നശിക്കുന്നതിനാൽ ഇക്കാര്യം അടിയന്തിരമായി പരിഗണിച്ച് അണക്കെട്ട് | കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച എടച്ചാക്കൈ അണക്കെട്ടിന്റെ പ്രവൃത്തികൾ ഭാഗീകമായി പൂർത്തീകരിച്ചിട്ടുള്ളതാണ്. അണക്കെട്ടിന്റെ കരസംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതി നായി പുഴയുടെ അതിർത്തികൾ നിർണ്ണയിച്ച റിപ്പോർട്ടും സ്കെച്ചും ഹോസ് ദുർഗ്ഗ് തഹസീൽദാറിൽ (ഭൂരേഖ) നിന്നും |

| | | | | |
|---|---|---|---|---|
| | | | പുതുക്കിപ്പണിയുവാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:- പ്രസ്തുത അണക്കെട്ടിന്റെ കാര്യത്തിൽ തുടർന്നും നടപടികൾ സ്വീകരിക്കുന്നതാണ്. | ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്കെച്ച് പ്രകാരം പുഴയുടെ അതിർത്തിക്കുള്ളിൽ നിരവധി കെട്ടിടങ്ങളും പുരയിടങ്ങളും വരുന്ന രീതിയിലുള്ള കൈയ്യേറ്റങ്ങൾ ഉള്ളതിനാൽ ഇത് ഒഴിപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തിയുടെ ഭാഗമായുള്ള മറ്റ് പ്രവർത്തികൾ ചെയ്യാൻ കഴിയുകയുള്ളൂ. റവന്യൂ അധികാരി കളുമായി ബന്ധപ്പെട്ട് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| 15 | 13/11 | 16 | സി) ഈ സർക്കാർ അധികാരമേറ്റ ശേഷം രൂപം നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?<br>ഉറപ്പ്:- സി) മൽസരദർഘാസ് നടപടികൾ പൂർത്തിയാക്കിയ 110.5 MW സ്ഥാപിതശേഷി കൈവരി ക്കാവുന്ന 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ മേഖല യിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. | 21-7-2014-ലെ G.O. (Ms.) No.23/2014/PD നമ്പർ സർക്കാർ ഉത്തരവുപ്രകാരം 110.5 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാവുന്ന 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇൻഡിപെന്റന്റ് പവർ പ്രൊഡ്യൂസർ, ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർ എന്നീ വിഭാഗങ്ങളിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ 30 കൊല്ലത്തേയ്ക്ക് ബിൽഡ് ഓൺ ഓപ്പറേറ്റ് & ട്രാൻസ്ഫർ വ്യവസ്ഥയിൽ സ്വകാര്യ മേഖലയിൽ അനുവദിച്ചുനൽകിയിട്ടുണ്ട്. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br>ഇതിൽ മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡിന് (ഇതിനായി ആനക്കാംപോയിൽ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന SPV രൂപീകരിച്ചു) അനുവദിച്ച 8 MW-ന്റെ പാതംകയം പദ്ധതി 17-1-2017-ൽ കമ്മീഷൻ ചെയ്തു. |

| | | | | |
|---|---|---|---|---|
| | | | | 2.5 മെഗാവാട്ടിന്റെ അടയ്ക്കാതോട് പദ്ധതിയുടെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് അംഗീകരിക്കുകയും സ്ഥലമെടുപ്പ് പൂർത്തിയാക്കുകയും 2018 ഏപ്രിലിൽ നിർമ്മാണം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>രാജരത്ത എനർജി ഹോൾസിംഗ്സ് പ്രൈവറ്റ് ലിമിറ്റഡിന് (SPV - ആനക്കാംപോയിൽ പവർ പ്രൈവറ്റ് ലിമിറ്റഡ്) അനുവദിച്ച 8 മെഗാവാട്ട് (DPR പ്രകാരം പുതുക്കിയ കപ്പാസിറ്റി) ആനക്കാംപോയിൽ പദ്ധതിയും കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് ഇൻഫ്രാസ്ട്രക്ച്ചേർസ് ലിമിറ്റഡിനനുവദിച്ച 4.5 മെഗാവാട്ട് (DPR പ്രകാരം പുതുക്കിയ കപ്പാസിറ്റി) അരിപ്പാറ പദ്ധതിയും ഈ വർഷം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.<br><br>കങ്കാപ്പുഴ പദ്ധതി സംരംഭകർ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ടും കൈതക്കൊല്ലി പദ്ധതി അന്തർ സംസ്ഥാന ജലതർക്കം കാരണവും റദ്ദാക്കിയിട്ടുണ്ട്. |
| 16 | 13/11 | 76 | എ)അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാവ്യതിയാനവും കണക്കിലെടുത്ത് ജല സംരക്ഷണത്തിനായി ചെക്കുഡാമുകളും | അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത് ജലസംരക്ഷണത്തിനായി ചെക്ക് ഡാമുകളും റഗുലേറ്ററുകളും നിർമ്മിക്കുന്നതിന് 2013-14 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം 192 ചെക്ക് |

| | | | | |
|---|---|---|---|---|
| | | | റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനായി മുൻ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ?<br><br>ബി) എത്ര ചെക്ക് ഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നതെന്നും അതിൽ ഏത്രയെണ്ണം പൂർത്തിയാക്കിയെന്നും അറിയിക്കുമോ?<br><br>ഉറപ്പ്:-എ & amp; amp; ബി) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ 400 കോടി രൂപ മുടക്കി 700 ചെക്ക് ഡാമുകൾ നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ 106.6 കോടി രൂപ എസ്റ്റിമേറ്റ് തുകയ്ക്ക് 183 ചെക്ക് ഡാമുകൽ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 25-4-14-ൽ നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കി ചെക്ക് ഡാമുകളുടെ പണി ഏറ്റെടുക്കുന്നതാണ്. | ഡാമുകൾ നിർമ്മിക്കുന്നതിനായി 107.01 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ഇതിൽ 134 ചെക്ക് ഡാമുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 17 ചെക്ക് ഡാമുകളുടെ പണി പുരോഗതിയിലാണ്. 17 എണ്ണം പുനർദർഘാസ് നടപടികൾ നടക്കുന്നു. 24 എണ്ണം വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടിവന്നു. |

| | | | | |
|---|---|---|---|---|
| 17 | 13/12 | 29 | (എ) പാലക്കാട് ജില്ലയിലെ River Management Fund ഉപയോഗിച്ച് ഗായത്രിപ്പുഴ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ്:- (എ) പ്രൊപ്പോസൽ ജില്ലാ വിദഗ്ധ സമിതി അംഗീകരിച്ച് എസ്റ്റിമേറ്റ് സഹിതം സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധി ക്കാവുന്നതാണ്. | ഗായത്രിപുഴയുടെ സംരക്ഷണ പ്രവർത്തികൾക്കായി 2016-17 സാമ്പത്തികവർഷം റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ പദ്ധതികൾക്ക് ജില്ലാ സാങ്കേതികസമിതിയും സംസ്ഥാന സമിതിയും അംഗീകാരം നൽകിയില്ല. |
| 18 | 13/7 | 92 | എ)കുടിവെള്ളക്ഷാമം പരിഹരി ക്കുന്നതിന് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;<br><br>ബി) നിലവിൽ ജല അതോറിറ്റി ക്കായി കുടിവെള്ളം എടുക്കുന്ന സ്ഥലങ്ങൾക്ക് സമീപം ചെക്ക് ഡാമുകൾ നിർമ്മിക്കുന്നത് കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ; | (എ) നബാർഡ്, എൻ.ആർ.ഡി.ഡബ്ല്യു.പി., സ്റ്റേറ്റ് പ്ലാൻ, ജിക്ക, ജൻറം, യുഡിസ്മാറ്റ്, കിഫ്ബി, അമൃത് ഇവയുടെ സാമ്പത്തിക സഹായത്തോടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഗുണനിലവാരം ഉറപ്പു വരുത്തി എല്ലാ ജനങ്ങൾക്കും ആവശ്യമായ അളവിൽ ശുദ്ധജലം വിതരണം ചെയ്യുക എന്നതാണ് വാട്ടർ അതോറിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യം. നിലവിൽ ജനസംഖ്യയുടെ 54.27 ശതമാനം ജനങ്ങൾക്ക് ശുദ്ധജലവിതരണം ചെയ്തുവരുന്നു. |

| | | | | |
|---|---|---|---|---|
| | | | (സി) കേടായ ശുദ്ധജലവിതരണ ക്കുഴലുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കുവാനുള്ള നിർദ്ദേശം പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>ഉറപ്പ്:- എ) ജൈക്ക, ജെ.എൻ. എൻ.യു.ആർ.എം,യു.ഐഡി. എസ്. തുടങ്ങിയ പദ്ധതികളിലൂടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ബി)നിലവിൽ ജല അതോറിറ്റി യുടെ പദ്ധതികളുടെ കുടിവെള്ളം എടുക്കുന്ന്സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ അത്യാവശ്യമായ സ്ഥലത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെൻുമായി ചർച്ച ചെയ്യും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നിർമ്മിക്കുന്നതിനുള്ള പദ്ധതികൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലും മറ്റ് പദ്ധതികളിലുമായി | (ബി). ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ഉറവിടങ്ങളിൽ ജല ലഭ്യത ഉറപ്പാക്കാൻ അത്യാവശ്യമായി വരുന്ന സന്ദർഭങ്ങളിൽ തടയണകൾ നിർമ്മിക്കാറുണ്ട്. ചെക്ക് ഡാമുകളുടെ നിർമ്മാണം പ്രധാനമായും ഇറിഗേഷൻ വകുപ്പാണ് നടപ്പിലാക്കുന്നത്.<br><br>(സി) കേടായ ശുദ്ധജല വിതരണക്കുഴലുകൾ മാറ്റി സ്ഥാപിക്കാനായി 2012-13 ൽ 100.45 കോടി രൂപയുടെ 8 പദ്ധതികൾക്ക് ഭരണാനുമതി നൽകിയതിൽ 6 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 2 പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ എല്ലാ വർഷങ്ങളിലും സംസ്ഥാന ബഡ്ജറ്റിൽ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ ഉള്ള ഫണ്ട് വകയിരുത്താറുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ഏറ്റെടുത്ത് നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>സി) കേടായ ശുദ്ധജല വിതരണ ക്കുഴലുകൾ മാറ്റി ശ്ഥാപിക്കാനായി 2012-2013-ൽ 100.45 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പണികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. | |
| 19 | 14/19 | 9 | കേന്ദ്ര സർക്കാരിന്റെ ജലജീവൻ സമീക്ഷപദ്ധതിയുടെ അടിസ്ഥാന ത്തിൽ സംസ്ഥാനത്ത് കൂടുതൽ ഗാർഹിക കണക്ഷൻ നൽകുന്ന തിനുള്ള പദ്ധതി ആവിഷ്കരിച്ചി ട്ടുണ്ടോ; വിശദാംശം നൽകുമോ?<br>ഉറപ്പ്:- 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാവർക്കും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി കുടിവെള്ളം എത്തിക്കുക എന്ന ദൗത്യം സാധുകരിക്കുന്നതിന്റെ | 2024-യോടു കൂടി ഗ്രാമീണമേഖലയിലെ എല്ലാവർക്കും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 53,34,736 ഗ്രാമീണ വീടുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള 40,20,361.27 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ 2-12-2022 വരെ 14,40,782 ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTC) നൽകിക്കഴിഞ്ഞു. ഇതിലൂടെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ജലജീവൻ മിഷൻ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് (1-4-2020) |

| | | | | |
|---|---|---|---|---|
| | | | ഭാഗമായി എല്ലാ വീടുകൾക്കും ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ നിലവിലുള്ള ജലവിതരണ പദ്ധതികളുടെ വിതരണ ശൃംഖല കളിൽ നിന്ന് കണക്ഷനുകൾ നല്കുന്നതിനും ജലവിതരണ പൈപ്പുകൾ ഇല്ലാത്ത പ്രദേശ ങ്ങളിൽ പുതുതായി വിതരണ ശൃംഖല സ്ഥാപിച്ച് കണക്ഷനുകൾ നല്കുന്നതിനുമുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നു. | ഉണ്ടായിരുന്ന 17,49,567 ഗാർഹിക കുടിവെള്ള കണക്ഷനുകൾ (27.08%) എന്നത് നിലവിൽ 31,90,349 എണ്ണമായി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 45.13% വരും. ഗ്രാമീണ മേഖലയിൽ അവശേഷിക്കുന്ന വീടുകൾക്ക് കൂടി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 20 | 14/19 | 10 | സംസ്ഥാനത്ത് പ്രളയ സാധ്യതയുള്ള നദികൾക്ക് കൂടുതൽ സ്ഥലം ഒരുക്കി നൽകുന്നതിലേയ്ക്കായി പമ്പാനദിയെ പൈലറ്റ് പദ്ധതിയാക്കിക്കൊണ്ട് 'റൂം ഫോർ ദി റിവർ" പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ?<br><br>ഉറപ്പ്:- 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ, നദികളിൽ, പ്രത്യേകിച്ച് കുട്ടനാട് മേഖലയിലെ പമ്പ, അച്ചൻകോവിൽ നദികളിൽ പെട്ടെന്നുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കാനുദ്ദേശിച്ച് നദികളുടെ ആഴവും വീതിയും കൂട്ടിയും ബൈപ്പാസ് ചാനലുകളുടെ പുനരുദ്ധാരണം നടത്തിയും ലീഡിംഗ് ചാനലുകളുടെ ബണ്ടുകൾ ബലപ്പെടുത്തിയും, ഫ്ലഡ് റഗുലേറ്ററുകളുടെ നിർമ്മാണം നടത്തിയും | റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഹൈഡ്രോ ഡൈനാമിക് പഠനം നടത്തിയതിന്റെ റിപ്പോർട്ട് ചെന്നൈ ഐ.ഐ.റ്റി. 4-11-2022-ൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ താഴെ കൊടുത്തിരിക്കുന്ന തരത്തിൽ ശുപാർശകൾ അടങ്ങിയിട്ടുണ്ട്.<br><br>1. കായംകുളം കായലിലേക്ക് ഒഴുകുന്ന കരിപ്പുഴയാറിന്റെ വീതി വർദ്ധിപ്പിക്കുന്നത് വെള്ളപ്പൊക്കം ഭാഗികമായി തടയുന്നതിന് ഫലപ്രദമല്ല.<br><br>2. എ.സി. കനാൽ പള്ളാത്തുരുത്തി വരെ നീട്ടുന്നത് ചെറിയ രീതിയിൽ വെള്ളപ്പൊക്കം തടയുന്നതിന് മാത്രമേ ഉപകരിക്കുകയുള്ളൂ.<br><br>3. പമ്പാനദിയിൽ പരുമലയ്ക്കടുത്തുള്ള കത്തിയതോട് ഫ്ലഡ് റെഗുലേറ്റർ നിലവിലെ ബണ്ട് നിരപ്പിൽ നിന്നും 0.5 മുതൽ 1 മീറ്റർ വരെ ജലനിരപ്പ് കുറയ്ക്കുന്നു. അതിനാൽ കുട്ടനാട്ടിലെ കാവാലം പ്രദേശത്തിന്റെ വടക്കോട്ടും കീഴ് പ്രദേശങ്ങളിലും വെള്ളം കരകവിയുന്നത് തടയും.<br><br>4. കരുമാടി (തകഴി പഞ്ചായത്ത്), തകഴി (തകഴി പഞ്ചായത്ത്) ചെറുതന (ചെറുതന പഞ്ചായത്ത്) എന്നിവിടങ്ങളിലെ റെഗുലേറ്ററുകൾ ചമ്പക്കുളം, നെടുമുടി, കൈനകരി തുടങ്ങി താഴ്ന്ന പ്രദേശങ്ങളിലെ വെള്ളപ്പൊക്കം കുറയ്ക്കുകയും തോട്ടപ്പള്ളി സ്പിൽവേയിലേക്കുള്ള ഒഴുക്ക് വർദ്ധിപ്പിക്കുകയും ചെയ്യും. |

| | | | | |
|---|---|---|---|---|
| | | | നെതർലാന്റ് മാതൃകയിൽ, നദിക്ക് വഴിയൊരുക്കുന്ന (Room for River) പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രളയ നിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള മാതൃകകൾ പരിശോധിക്കുന്നതാണ്. | 5. മുകളിൽ സൂചിപ്പിച്ച റെഗുലേറ്ററിന്റെ മുകൾ ഭാഗത്ത് (ചെങ്ങന്നൂർ, തിരുവൻ വണ്ടൂർ, പാണ്ടനാട്)നിലവിലുള്ള ബണ്ട് നിരപ്പിൽ നിന്ന് 0.8 മീറ്റർ വരെ ജലനിരപ്പ് ഉയരും.<br>6. നദിയിലെ ജലനിരപ്പിന് ആനുപാതികമായി ഗേറ്റ് ഓപ്പറേഷൻ നടത്തണം.<br>7. മുകളിൽ സൂചിപ്പിച്ച വെള്ളക്കെട്ട് ലഘൂകരിക്കുന്നതിന് അനുയോജ്യമായ ബണ്ടുകൾ നിർമ്മിക്കേണ്ടതുണ്ട്.<br>8. തോട്ടപ്പള്ളി സ്പിൽവേയുടെ മുകളിലുള്ള (U/S)ചാനലിന് നിലവിൽ 80 മീറ്റർ വീതിയുണ്ട്. ഈ വീതി 300 മീറ്ററായി വർദ്ധിപ്പിച്ചാൽ തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത പരമാവധി അതായത് 1600 m3 സെക്കന്റിൽ എത്തിക്കാൻ കഴിയും.<br>9. തോട്ടപ്പള്ളിയിലേക്ക് ഒഴുകിവരുന്ന അധികജലം പൊഴിമുഖത്ത് മണ്ണ് അടിയുന്നതിനെ ഒഴുക്കിക്കളയുന്നതാണ്.<br>10. നിർദ്ദിഷ്ട വെള്ളപ്പൊക്ക ലഘൂകരണ പ്രവർത്തനങ്ങളുടെ പ്രകടനം പരിശോധിച്ചതിനുശേഷം ഒന്നോ രണ്ടോ മഴക്കാലത്തിനുശേഷം മാത്രമേ പുലിമുട്ട് നിർമ്മിക്കുന്നത് പരിഗണിക്കാൻ സാധിക്കുകയുള്ളൂ. |

| | | | | |
|---|---|---|---|---|
| | | | | 11. ചാനലുകളിൽ നിശ്ചിത ഡ്രെഡ്ജിംഗ് നടത്തുന്നതിലൂടെ വെള്ളത്തിന്റെ ലെവൽ 0.2-0.3 വരെ കുറയ്ക്കാൻ സാധിക്കും. ഫ്ലഡ് റെഗുലേറ്റർ മൂലമുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കാൻ ഒരു പരിധി വരെ ഇതിലൂടെ സാധിക്കും.<br>മേൽ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ സാധ്യത (feasibility) പരിശോധിച്ചതിനുശേഷം മാത്രമേ പദ്ധതി നിർവ്വഹണം സാധിക്കുകയുള്ളൂ. |

## XV. സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 11 | (സി) അവശ ജനങ്ങളുടെ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്നതിനും അവർക്ക് തിരിച്ചറിയൽ കാർഡ് നൽകി സഹായവിതരണം ഉറപ്പാക്കുന്നതിനുമുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ?<br>ഉറപ്പ്:- (സി) പരിശോധിച്ചുവരുന്നു. | ഭിന്നശേഷിക്കാർക്ക് നിലവിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേനയും ട്രാൻസ്ജന്റർ വിഭാഗത്തിന് സാമൂഹ്യ നീതി വകുപ്പ് മുഖേനയും തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്. കൂടാതെ വൃദ്ധജനങ്ങൾ ഉൾപ്പെടെ എല്ലാവർക്കും ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് എന്നിവയും ലഭ്യമാണ്. മറ്റു വിഭാഗങ്ങളുടെ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്നതിനോ തിരിച്ചറിയൽ കാർഡ് നൽകുന്നത് സംബന്ധിച്ച വിഷയമോ ഈ വകുപ്പിന്റെ പരിഗണനയിലില്ല. |

| | | | | |
|---|---|---|---|---|
| 2 | 13/04 | 23 | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം അപേക്ഷിച്ച എല്ലാപേർക്കും സഹായം ലഭ്യ മാക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ്:- സി) പദ്ധതിയുടെ മാനദണ്ഡ ങ്ങൾ പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന അർഹരായവർക്കെല്ലാം ധനസഹായം ലഭ്യമാക്കുന്നതാണ്. | സംസ്ഥാനത്തെ ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി, രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുവാനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. ടി പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹത മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 0.3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകര മാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സു വരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.<br><br>2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.<br><br>3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.<br><br>4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രി കളിലെ വിദഗ്ധർ കുട്ടികളെ കോക്ലിയാർ ഇംപ്ലാന്റേഷന് ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിയ്ക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ |

| | | | | |
|---|---|---|---|---|
| | | | | ബാധിക്കുന്ന വൈദ്യശാസ്ത്ര പരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.<br><br>5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷനുശേഷിയുള്ള പരിചരണത്തിനും സ്വിച്ച് തെറാപ്പിയ്ക്കുമുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.<br><br>6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ടു നൽകണം.<br><br>ചുവടെപ്പറയുന്ന സർക്കാർ/പ്രൈവറ്റ് ആശുപത്രികൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.<br><br>1. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.<br><br>2. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.<br><br>3. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം<br><br>4. കിംസ് ആശുപത്രി, തിരുവനന്തപുരം<br><br>5. ഡോ. നൗഷാദ്സ് ഇ.എൻ.ടി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, എറണാകുളം. |

| | | | | |
|---|---|---|---|---|
| | | | | 6. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം<br>7. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ<br>8. അസെന്റ് ഇ.എൻ.ടി. ആശുപത്രി, പെരിന്തൽമണ്ണ,<br>9. ഡോ. മനോജ്സ് ഇ.എൻ.ടി. സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ, കോഴിക്കോട്.<br>10. മിംസ് ആശുപത്രി, കോഴിക്കോട്.<br>ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി 1094 അപേക്ഷകർ ലഭിക്കുകയും ആയത് നേരത്തെ സൂചിപ്പിച്ച അർഹത മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ചതിൽ അർഹതയുള്ള 766 കുട്ടികൾക്കായി ആകെ 37,38,76,540 രൂപ (മുപ്പത്തിയേഴ് കോടി മുപ്പത്തിയെട്ടു ലക്ഷത്തി എഴുപത്തിയാറായിരത്തി അഞ്ഞൂറ്റി നാൽപത് രൂപ മാത്രം) ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |
| 3 | 13/04 | 94 | എ) സംസ്ഥാനത്ത് സ്ത്രീകളുടേയും കുട്ടികളുടെയും ക്ഷേമത്തിനായി വനിതാക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | വനിതാശിശു വികസന വകുപ്പ് രൂപീകരിച്ചുകൊണ്ടും ആയതിലേയ്ക്കുള്ള തസ്തികകൾ സൃഷ്ടിച്ചും G.O. (Ms.) No. 24/2017/SJD dated 30-6-2017 പ്രകാരം ഉത്തരവാകുകയും തുടർന്ന് സാമൂഹ്യനീതി/വനിത ശിശു വികസന വകുപ്പ് പുന സംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതു |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:- എ) യും ബി) യും സർക്കാരിന്റെ പരിഗണന യിലാണ്. | വരെ ഇരുവകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിർണ്ണയിച്ച് 21-10-2019-ലെ സ.ഉ. (പി) നം. 10/2019/സാനീവ തീയതി പ്രകാരം എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഓപ്ഷൻ സമർപ്പിച്ച, സർക്കാർനിയമനാധികാരിയായ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ജീവനക്കാരുടേതൊഴികെയുള്ള, മറ്റു ജീവനക്കാരെ ഇരുവകുപ്പുകളിലുമായി പുനർവിന്യസിച്ച് 21-1-2020-ൽ സാമൂഹ്യനീതി ഡയറക്ടർ ഉത്തരവു പുറപ്പെടുവിക്കുകയും സാമൂഹ്യനീതി വകുപ്പിൽ പുനർ വിന്യസിക്കപ്പെട്ട ജീവനക്കാരെ 1-2-2020-ൽ വിവിധ കാര്യാലയങ്ങളിൽ നിയമിക്കുകയും സർക്കാർ നിയമനാധികാരിയായ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ജീവനക്കാരുടെ പുനർവിന്യാസം 4-9-2020-ലെ സ.ഉ. (സാധാ.) നം.457/2020/ സാ.നീ.വ അനുസരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| 4 | 13/05 | 23 | എ) ശാരീരിക വൈകല്യം സംഭവിച്ചിട്ടുള്ളവർക്ക് സാമൂഹ്യ ക്ഷേമ വകുപ്പ് വഴി സൗജന്യമായി മോട്ടോർ വാഹനങ്ങൾ നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ? | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി സൗജന്യമായി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം നടത്തിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന തിനുള്ള മുൻഗണനാക്രമം ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്?<br><br>ഉറപ്പ്:- എ) ഇപ്രകാരമൊരു പദ്ധതി നിലവിലില്ല. എന്നാൽ കേരള വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരം വികലാംഗർക്ക് സൗജന്യമായി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി പരിഗണിച്ചുവരുന്നു. പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.<br><br>ബി) ഇത് സംബന്ധിച്ച് സമർച്ചിട്ടുള്ള രൂപരേഖ സർക്കാർ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല. | |
| 5 | 13/05 | 36 | സി) സംസാരിക്കാത്ത ബധിര വിഭാഗ ങ്ങൾക്ക് ജോലി നിഷേധിക്കുന്നത് മനുഷ്യത്വഹീനപരമായ നടപടി യാണെന്ന് കരുത്തുന്നുണ്ടോ, | Persons with Disabilities Act 1995 സെക്ഷൻ 33-ൽ പരാമർശിക്കുന്ന മൂന്ന് വിഭാഗങ്ങളിൽ Blindness, Low vision, Hearing impairment, Locomotor disability/Cerebral Palsy എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് |

| | | | | |
|---|---|---|---|---|
| | | | ഡി) എങ്കിൽ ഈ വിഭാഗത്ത് മുൻപ് കിട്ടിയിരുന്ന ആനുകൂല്യം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ, വിശദ മാക്കുമോ?<br><br>ഉറപ്പ്:- സി) യും (ഡി) -യും ബന്ധപ്പെട്ട ഉത്തരവുകളിൽ എന്തെങ്കിലും പിഴവോ അപാകതയോമൂലം ഈ വിഭാഗത്ത് മുൻപ് കിട്ടിയിരുന്ന ആനുകൂല്യം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ഈ വിഷയത്തിൽ വിദഗ്ധ കമ്മിറ്റി ഇക്കാര്യം പരിശോധിച്ച്, കമ്മിറ്റിയുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ യുക്തമായ നടപടി സ്വീകരിക്കുന്നതായിരിക്കും. | പ്രകാരം അർഹമായിട്ടുള്ള തസ്തികയിൽ നിയമനങ്ങൾക്ക് പി.എസ്.സി. നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 6 | 13/05 | 149 | വൃദ്ധജനങ്ങളിലെ കുടുംബത്തിൽ നിന്നും ഒറ്റപ്പെടുത്തുന്നതിനും വൃദ്ധജനങ്ങൾക്കെതിരെ മക്കൾ നടത്തുന്ന അതിക്രമങ്ങൾക്കും എതിരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾ എന്തെക്കെയാണെന്ന് വ്യക്തമാക്കുമോ? | വൃദ്ധജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിശോധിയ്ക്കുന്നതിനും പരിഹരിയ്ക്കുന്നതിനും നിരവധി സംവിധാനങ്ങൾ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. മാതാപിതാക്കളുടെയും, മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച കേന്ദ്ര നിയമം 2007-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ.ഉ. (പി) നമ്പർ 38/2009/ സാ.നീ.വ. തീയതി |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:- വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച കേരള സർക്കാർ ചട്ടങ്ങൾ 2009 നിലവിലുണ്ട്.<br><br>വൃദ്ധജനങ്ങളെ കുടുബത്തിൽ നിന്നും ഒറ്റപ്പെടുത്തുന്നതിനും വൃദ്ധജനങ്ങൾക്കെതിരെ മക്കൾ നടത്തുന്ന അതിക്രമങ്ങൾക്കും എതിരെയുള്ള പരാതികളിന്മേൽ നടപടി സ്വീകരിക്കുവാൻ ഓരോ സബ്ബ് ഡിവിഷനിലും റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രിസൈഡിംഗ് ഓഫീസർമാരായി മെയിൻറനൻസ് ട്രൈബ്യൂണൽ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും അപ്പലേറ്റ് ട്രൈബ്യൂണലുകൾ സ്ഥാപിക്കുകയും ഓരോ ട്രൈബ്യൂണലിൻറെയും പ്രിസൈഡിംഗ് ഓഫീസർമാരായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. | 28-8-2009 പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുകയും പ്രാബല്യത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രൈബ്യൂണലുകളായി (സംരക്ഷണ കോടതികൾ) നിയമിച്ചിട്ടുണ്ട്. പ്രസ്തുത ട്രൈബ്യൂണൽ മുമ്പാകെ വരുന്ന കേസുകളിൽ യഥാസമയം ഹിയറിംഗ് നടത്തി പരാതികൾ പരിഹരിച്ചുവരുന്നു. അതോടൊപ്പം നിരവധി വയോജന പ്രശ്നങ്ങളിൽ ക്രിയാത്മകവും അനുഭാവ പൂർണ്ണവുമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാന ചട്ടങ്ങൾ 2009 പ്രകാരം സംസ്ഥാന വയോജന കൗൺസിലും അനുബന്ധമായി ജില്ലാ കമ്മറ്റികളും പ്രവർത്തിച്ചു വരുന്നു. കൂടാതെ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ കൺസീലിയേഷൻ ഓഫീസർമാരുടെ പാനൽ രൂപീകരിക്കുകയും ടി പാനൽ മുഖേന അനുരഞ്ജനത്തിലൂടെ മാതാപിതാക്കളും മക്കളും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിച്ചുവരുന്നു. കൂടാതെ വയോജനങ്ങൾക്കുള്ള നിയമ സഹായങ്ങൾക്ക് ലീഗൽ സർവ്വീസ് അതോറിറ്റികളും പ്രവർത്തിച്ചുവരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്നവരേയും ഉപേക്ഷിയ്ക്കപ്പെടുന്നവരേയും സംരക്ഷിയ്ക്കുന്നതിനായി എല്ലാ ജില്ലകളിലുമായി ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ 16 വൃദ്ധസദനങ്ങൾ സർക്കാർ തലത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. കൂടാതെ വകുപ്പിനു കീഴിലെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടുകൂടി, മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തുടനീളം 615 സ്വകാര്യ വൃദ്ധസദനങ്ങളും പ്രവർത്തിച്ചുവരുന്നു.<br><br>സ്വത്തുക്കൾ കൈവശപ്പെടുത്തിയശേഷം രക്ഷിതാക്കളെ സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിയ്ക്കുന്നതിന് സംസ്ഥാനത്ത് റവന്യൂ ഡിവിഷണൽ ഓഫീസർ അദ്ധ്യക്ഷനായുള്ള 'മെയിന്റനൻസ് ട്രൈബ്യൂണലുകൾ' രൂപീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ പരാതികളുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണ, വിചാരണ നടപടികൾ പൂർത്തിയാക്കി അർഹരായ മുതിർന്ന പൗരന്മാർക്ക് മക്കളിൽ നിന്ന് സംരക്ഷണവും സംരക്ഷണ ചിലവും Maintenance and Welfare of Parents and senior Citizens Act പ്രകാരം, മെയിന്റനൻസ് ഓഫീസർ മുഖേന |

| | | | | |
|---|---|---|---|---|
| | | | | ഉറപ്പാക്കുന്നു. പരമാവധി 10,000 രൂപ വരെ സംരക്ഷണ ചിലവായി എതിർ കക്ഷികളിൽ നിന്നും ഈടാക്കാൻ പ്രസ്തുത നിയമം അനുവദിയ്ക്കുന്നു.<br><br>2009-ലെ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരണമായി പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഉള്ള വൃദ്ധജനങ്ങളുടെ ലിസ്റ്റ് പ്രത്യേകിച്ചും ഒറ്റയ്ക്ക് താമസിയ്ക്കുന്നവരുടെ തയ്യാറാക്കി സൂക്ഷിയ്ക്കാനും മാസത്തിൽ ഒരു തവണയെങ്കിലും വൃദ്ധജനങ്ങളെ നേരിൽ സന്ദർശിച്ച് അവരുടെ പരാതികൾ കേൾക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഓരോ പോലീസ് സ്റ്റേഷനുകളിലും ഓരോ വോളന്റീയർ കമ്മറ്റി രൂപീകരിയ്ക്കുന്നതിനും പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വൃദ്ധജനങ്ങൾ സാമൂഹികമായി നേരിടുന്ന പ്രശ്നങ്ങളും അസമത്വങ്ങളും അതിക്രമങ്ങളും നേരിടുന്നതിന് നിയമത്തിന്റെ സ്വാഭാവികമായുള്ള സാധ്യതകൾ മാത്രം തേടാതെ വയോജന പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരം |

| | | | | |
|---|---|---|---|---|
| | | | | അവബോധ പ്രവർത്തനങ്ങൾ കുട്ടികളിൽ നിന്നാണ് തുടങ്ങേണ്ടത് എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ അശരണരും ആലംബമറ്റവരുമായ വയോജനങ്ങൾക്ക് സ്ഥാപനീയ സംരക്ഷണം, അർഹരായ എല്ലാ വൃദ്ധജനങ്ങൾക്കും സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്ന വെന്ന് ഉറപ്പുവരുത്തുന്നതിന് സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ കമ്മറ്റികൾ എന്നിവ വഴി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതാണ്. നിലവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്കകീഴിൽ പ്രവർത്തി ക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് "സായംപ്രഭ ഹോം" ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയാണ് സായംപ്രഭ ഹോം പദ്ധതി. ആദ്യ ഘട്ടത്തിൽ 70 പകൽ പരിപാലന കേന്ദ്രങ്ങളെയാണ് പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. പകൽ സമയങ്ങളിൽ മക്കൾ ജോലിക്കും കൊച്ചുമക്കൾ സ്കൂളുകളിലും പോയിക്കഴിഞ്ഞാൽ വീട്ടിൽ തികച്ചും ഒറ്റപ്പെടുന്ന വയോജനങ്ങൾക്ക് ഈ പദ്ധതി വഴി ആവശ്യമായ സംരക്ഷണവും മാനസികോല്ലാസവും ലഭിക്കുന്നുവെന്നു ഉറപ്പു വരുത്തുവാൻ കഴിയുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | വയോ അമൃതം പദ്ധതി, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വയോമിത്രം പദ്ധതി, ടി പദ്ധതി പ്രകാരമുള്ള വയോജന ഹെൽപ്പ് ഡെസ്കുകൾ തുടങ്ങിയ പദ്ധതികൾ ദീർഘകാലാടിസ്ഥാനത്തിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളാണ്. |
| 7 | 13/06 | 12 | ഇത്തരം സ്ഥാപനങ്ങളിൽ അടിക്കടി പരിശോധന നടത്താനും ക്രമക്കേടുകൾ കണ്ടാൽ അപ്പപ്പോൾ നടപടി സ്വീകരിക്കാനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?<br><br>ഉറപ്പ്:- സർക്കാർ സ്ഥാപന ങ്ങളിൽ അടിക്കടി പരിശോധന നടത്തുവാനും ക്റമക്കേടുകൾ കണ്ടാൽ അപ്പപ്പോൾ നടപടികൾ സ്വീകരിക്കാനുമായി ഒരു സ്ഥിരം സംവിധാനം രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. | സാമൂഹ്യ നീതി വകുപ്പ് നേരിട്ട് നടത്തുന്ന ക്ഷേമ സ്ഥാപനങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും മുൻകൂട്ടി അറിയിക്കാതെ ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് 4/3/2017 തീയതിയിലെ R&D-11958/17 പരിപത്രം മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I, വിമൺ പ്രൊട്ടക്ഷൻ ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി വകുപ്പിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങൾ മാസത്തിൽ ഒരിക്കൽ സന്ദർശനം നടത്തി ലഭിക്കുന്ന പരാതികൾ അവിടെ വെച്ച് തീർപ്പാക്കുന്നതിനും ഡയറക്ടറുടെ തീരുമാനം ആവശ്യമുള്ളവ സാമൂഹ്യനീതി ഡയറക്ടർക്ക് നൽകുന്നതിനും ജില്ലാ |

| | | | | |
|---|---|---|---|---|
| | | | | സാമൂഹ്യ നീതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിലെ മേലുദ്യോഗസ്ഥർ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നതിന് വേണ്ടിയുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| 8 | 13/07 | 39 | വയോജനങ്ങൾക്ക് ജീവൻരക്ഷാ മരുന്നുകൾ സൗജന്യമായി നൽകുന്ന കാര്യം പരിഗണിക്കുമോ?<br><br>ഉറപ്പ്:- വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം സംബന്ധിച്ച പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പുതിയ വയോജനനയത്തിൻറെ അടിസ്ഥാന ത്തിൽ പരിശോധിക്കാവുന്നതാണ്. | സംസ്ഥാനത്ത് വയോജനക്ഷേമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സ സൗജന്യമായി നൽകുന്ന 'വയോഅമൃതം' പദ്ധതി സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വൃദ്ധസദനങ്ങളിൽ താമസിക്കുന്ന 800-ഓളം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇത് ഒരു തുടർ പദ്ധതിയായി 2015-16 വർഷം മുതൽ നടന്നുവരുന്നു.<br><br>വയോജനങ്ങളുടെ ആരോഗ്യസംരക്ഷണ പരിപാലന ത്തിന് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് സാമൂഹ്യനീതി വകുപ്പ് കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്തെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങ ളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും കൗൺസലിംഗും വൈദ്യസഹായവും |

| | | | | |
|---|---|---|---|---|
| | | | | മരുന്നുകളും സൗജന്യമായി ടി പദ്ധതി പ്രകാരം നൽകിവരുന്നു. കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് കെയർ നൽകുക, ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകു ന്നതിനും തിരിച്ച് കൊണ്ടുപോകുന്നതിനും സൗജന്യ ആംബുലൻസ് സേവനം, വയോജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് ഹെൽപ്പ് ഡെസ്ക് എന്നിവ വയോമിത്രം പദ്ധതിയുടെ ഭാഗമായി പ്രവർത്തിയ്ക്കുന്നു. തിരുവനന്തപുരത്തെ രണ്ട് വൃദ്ധസദന ങ്ങളിൽ വൃദ്ധരുടെ മാനസികോല്ലാസത്തിനായി 'മ്യൂസിക് തെറാപ്പി' എന്ന പദ്ധതിയും പ്രവർത്തിച്ചു വരുന്നു.<br><br>പല്ലുകളുടെ അഭാവം മൂലം ശരിയായ പോഷണാ ഗിരണം നടക്കാത്തത് വൃദ്ധരുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു എന്ന വസ്തുത ഉൾക്കൊണ്ടു കൊണ്ട് പല്ലുകൾ നഷ്ടപ്പെട്ട വൃദ്ധർക്ക് പൂർണ്ണ ദന്തനിര സൗജന്യമായി നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 'മന്ദഹാസം' പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| 9 | 13/07 | 42 | സി) 'ആശ്വാസ് കിരൺ' പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്ന രോഗികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്ന | കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന 'ആശ്വാസ കിരണം' പദ്ധതി പ്രകാരം |

| | | | | |
|---|---|---|---|---|
| | | | തിനുള്ള അധികാരം വയോമിത്രം പദ്ധതിയിലും എൻ.ആർ.എച്ച്.എം. പദ്ധതിയിലും നിയമിതരായഡോക്ടർമാർക്ക് കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- സി) നടപടി സ്വീകരിക്കുന്നതാണ്. | മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെ പരിചരിക്കുന്നവർക്കും കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കും പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. 'ആശ്വാസകിരണം' പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്ന രോഗികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്ന അധികാരം സർക്കാർ ഡോക്ടർമാരെ കൂടാതെ നിലവിൽ വയോമിത്രം പദ്ധതിയിലും, NRHM പദ്ധതിയിലും നിയമിതരായ ഡോക്ടർമാർക്ക് കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 10 | 13/07 | 59 | A) സമൂഹത്തിൽ വൃദ്ധജന ങ്ങളുടെ അനുപാതം വർധിച്ച് വരുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിഗണി ച്ചിട്ടുണ്ടോ; അവ പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതു എന്ന വ്യക്തമാക്കുമൊ?<br><br>ഉറപ്പ്:- A) വൃദ്ധനങ്ങളുടെ അനുപാതം വർധിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വൃദ്ധജനങ്ങളുടെ വിവിധങ്ങളായ പ്രസ്നങ്ങൾ പരിഹരിക്കാനായി നിലവിലുള്ള സംസ്ഥാന വയോജന | 6/5/2013-ലെ സ.ഉ. (എംഎസ്)നം.37/2013/ സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിന് വേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗരേഖയായി 'സംസ്ഥാന വയോജന നയം 2013' സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത വയോജന നയം സംസ്ഥാനത്തെ വയോജനങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന സാമൂഹ്യ, സാമ്പത്തിക, ആരോഗ്യ പ്രശ്നങ്ങൾക്ക് കൂടുതൽ ശ്രദ്ധകൊടുത്തുകൊണ്ടാണ് രൂപം നൽകപ്പെട്ടിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| | | | നയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരിഷ്കരിച്ച വയോജനനയത്തിന്റെ അടിസ്ഥാനത്തിൽ പരിപാടികൾ ആവിഷ്കരിക്കുന്നതാണ്. | കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ത്യജിക്കപ്പെട്ട മുതിർന്ന പൗരന്മാർക്ക് ആശ്രയമായി എല്ലാ ജില്ലകളിലും സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന പൗരന്മാർക്ക് പകൽ സമയം മാനസിക സ്വാസ്ഥ്യത്തോടെ ചെലവിടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങൾ, അവയ്ക്ക് കെയർഗിവർ സേവനം, യോഗ, മെഡിറ്റേഷൻ, വിനോദോപാധികൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് സായംപ്രഭ ഹോമുകളാക്കി അപ്ഗ്രേഡ് ചെയ്യുന്ന സായംപ്രഭാ ഹോം പദ്ധതി, പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 60 വയസ്സ കഴിഞ്ഞ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വയോജനങ്ങൾക്ക് പൂർണ്ണ ദന്തനിര സൗജന്യമായി നൽകുന്ന 'മന്ദഹാസം' പദ്ധതി, സംസ്ഥാനത്ത് സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സ ലഭ്യമാക്കുന്ന 'വയോ അമൃതം' പദ്ധതി, തിരുവനന്തപുരത്തെ രണ്ട് വൃദ്ധസദനങ്ങളിൽ നടപ്പാക്കുന്ന 'മ്യൂസിക് തെറാപ്പി' തിരുവനന്തപുരത്തെ സെന്റർ ഫോർ ജറന്റോളജിക്കൽ സ്റ്റഡീസ് എന്ന സ്ഥാപനവുമായി സഹകരിച്ച് തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന 'വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത്' പദ്ധതി എന്നിവ സംസ്ഥാനത്ത് വയോജനങ്ങൾക്കായുള്ള ആരംഭ |

| | | | | |
|---|---|---|---|---|
| | | | | ദശയിലുള്ളതും നടപ്പാക്കിവരുന്നതുമായ പദ്ധതികളാണ്. 2011 മുതൽ വയോമിത്രം പദ്ധതി കേരളാ സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ കേന്ദ്രീകരിച്ച് വയോജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്, സൗജന്യ വൈദ്യപരിശോധന, ലാബ് സൗകര്യം, മരുന്നുകൾ എന്നിവ നൽകിവരുന്നു.<br><br>കൂടാതെ മാതാപിതാക്കളെ സംരക്ഷിയ്ക്കാത്ത മക്കളിൽ നിന്ന് സംരക്ഷണവും സംരക്ഷണ ചിലവും ഉറപ്പാക്കുന്നതിന് നടപ്പാക്കിയിട്ടുള്ള MWPSC ACT 2007 (Maintenance and Welfare of Parents and Senior Citizens Act, 2007)-ന്റെ നോഡൽ ഏജൻസിയായും വകുപ്പ് പ്രവർത്തിയ്ക്കുന്നു. വയോജന പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന പരിഹാരം കാണുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. 2007 ആക്ട് സെക്ഷൻ 7 പ്രകാരം ജില്ലകളിൽ ട്രൈബ്യൂണലുകൾ മുഖേന മുതിർന്ന പൗരന്മാരുടെ പരാതികൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| 11 | 13/09 | 35 | (എ) അനാഥാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അന്തേവാസി കളുടെ ജീവിത സൗകര്യങ്ങൾ | അനാഥാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസി കളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും |

| | | | | |
|---|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതി പരിഗണനയിലുണ്ടോ?<br><br>ഉറപ്പ്:- (എ) അനാഥാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അന്തേവാസികളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. | സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>I. കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ സർക്കാർ നൽകുന്നുണ്ട്.<br>1. ഗ്രാന്റിന് അർഹതയുള്ള സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നു.<br>2. സ്ഥാപനങ്ങൾക്ക് ബി.പി.എൽ. നിരക്കിൽ അരി, ഗോതമ്പ്. പഞ്ചസാര തുടങ്ങിയവ നൽകുന്നു.<br>3. സ്ഥാപനങ്ങൾക്ക് ഗാർഹിക നിരക്കിൽ കുടിവെള്ളം നൽകി വരുന്നു.<br>4. കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | | 5. സ്ഥാപനങ്ങൾക്ക് ഗാർഹിക നിരക്കിൽ ഗ്യാസ് കണക്ഷൻ ലഭിക്കുന്നു.<br>6. ആരോഗ്യവകുപ്പ് മെഡിക്കൽ സേവനങ്ങൾ സൗജന്യമായി നൽകുന്നു.<br>7. പത്താം ക്ലാസ്സ് പാസ്സാകുന്ന എല്ലാ കുട്ടികൾക്കും +1-ന് സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകുന്നു.<br>8. പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്നു.<br>9. താഴെപ്പറയുന്ന കോഴ്സുകൾക്ക് അനാഥാലയങ്ങളിലെ കുട്ടികൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | a) കേരളത്തിലെ ഐ.റ്റി.ഐ/ഐ.റ്റി.സി. എന്നിവിടങ്ങളിൽ 5 സീറ്റ് വീതം.<br>b) ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ഡിപ്ലോമ, പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമ, സിവിൽ-ഇലക്ട്രിക്കൽ-മെക്കാനിക്കൽ ഡിപ്ലോമ എന്നിവയ്ക്ക് ഓരോ സീറ്റ് വീതം.<br>c) ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സിന് - 3%<br>d) ഡിഫാം കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലകളിലെ ഗവണ്മെന്റ് ഫാർമസി കോളേജുകളിൽ ഓരോ സീറ്റ് വീതം)<br>e) DMLT(ML) കോഴ്സിന് 2 സീറ്റുകൾ (തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിൽ ഓരോ സീറ്റ് വീതം)<br>f) DRT(RT) കോഴ്സിന് ഒരു സീറ്റ് (കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ ). |

| | | | | |
|---|---|---|---|---|
| | | | | g) DOTT (OT) കോഴ്സിന് ഒരു സീറ്റ് (തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ )<br>h) DHI(HI) കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, PHTS-ൽ 3 സീറ്റ്, പാലക്കാട് ഗവൺമെന്റ് പാരമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സീറ്റ് (പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി).<br>i) ഹയർ സെക്കന്ററിയ്ക്കും, വൊക്കേഷണൽ ഹയർ സെക്കന്ററിയ്ക്കും അർഹതയുള്ള എല്ലാ കുട്ടികൾക്കും സീറ്റുകൾ ലഭ്യമാക്കുന്നു.<br>j) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസി കോഴ്സ് ട്രെയിനിംഗിന് 10% സീറ്റ്.<br>10. പി.എസ്.സി.-യിൽ അപേക്ഷ സമർപ്പിക്കുന്നതിന് 5 വർഷം വയസ് ഇളവ് അനുവദിച്ചിട്ടുണ്ട്.<br>11. പെൺകുട്ടികളുടെ വിവാഹത്തിന് 50,000 രൂപ ധനസഹായമായി നൽകുന്നു.<br>12. വൃദ്ധസദനങ്ങളിലെ വയോജനങ്ങൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 13. ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നവരുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനും അവർക്ക് ഒത്തുചേരുന്നതിനുമായി ജില്ലാതല കുടുംബസംഗമവും സംസ്ഥാനതല കുടുംബസംഗമവും സംഘടിപ്പിക്കുന്നു. ജില്ലാതല കുടുംബസംഗമത്തിന് ജില്ലകൾക്ക് 50,000 രൂപയും സംസ്ഥാനതല കുടുംബസംഗമത്തിന് 2,00,000 രൂപയും നൽകുന്നുണ്ട്.<br>14. അന്തേവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് കൗൺസിലിംഗ് നൽകുന്നതിനുമായി 40 കൗൺസിലേഴ്സിനെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| 12 | 13/09 | 48 | (ഡി) 1994 ഓഗസ്റ്റ് മുതൽ 1996 ഡിസംബർ വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്ത വികലാംഗരെ മാത്രം സ്ഥിരപ്പെടുത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;<br>(ഇ) ഏറ്റവും പരിഗണന ലഭിക്കേണ്ട വികലാംഗർക്ക് രണ്ടു നീതി നൽകുന്ന ഉത്തരവുകൾ പിൻവലിക്കുന്നതിനും | 1-8-1994-നും 31-12-1996-നും മദ്ധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം താൽക്കാലിക സേവനമനുഷ്ഠിച്ച അംഗപരിമിതർക്ക് 24-8-2015-ലെ സ.ഉ(പി) നം.51/2015/സാ.നീ.വ. പ്രകാരം പുനർനിയമനം നൽകി ഉത്തരവായിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | 1994-96 കാലയളവിൽ ജോലി ചെയ്തവരെ സ്ഥിരപ്പെടു ത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?<br>ഉറപ്പ്:- (ഡി &ഇ) സർക്കാർ ഈ കാര്യം പരിശോധിച്ചുവരുന്നു. | |
| 13 | 13/09 | 99 | (ബി) വയോജന നയം നടപ്പിലാക്കു ന്നതിന് പ്രത്യേക വകുപ്പ് രൂപീകരിക്ക ണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; എങ്കിൽ ഈ വകുപ്പ് എന്ന് രൂപീകരിക്കുവാൻ സാധിക്കു മെന്ന് വ്യക്തമാക്കുമോ;<br>ഉറപ്പ്:- (ബി) വയോജന നയം നടപ്പിലാക്കു ന്നതിന് പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഇക്കാര്യ ത്തിനായി പ്രത്യേക സെല്ലുകൾ ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.<br>(സി) അർഹരായ എല്ലാ മുതിർന്ന | സംസ്ഥാന വയോജന നയം നടപ്പിലാക്കുന്നതിന് പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം, 2017 പ്രകാരം ചേർന്ന സംസ്ഥാനതല സമിതി യോഗത്തിൽ തീരുമാനിച്ചിരുന്നു. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വിഷയങ്ങൾ പുതിയ വകുപ്പിന്റെ കീഴിലാക്കിയിട്ടുണ്ട്. അംഗപരിമിതർക്കായുള്ള ക്ഷേമത്തിനും വയോജന ക്ഷേമത്തിനുമായി സാമൂഹ്യനീതി വകുപ്പ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുതിർന്നവരുടെ അവകാശങ്ങൾ സംരക്ഷി യ്ക്കുന്നതിന് പ്രത്യേക റഗുലേറ്ററി ബോർഡ് രൂപീകരിയ്ക്കുന്നത് സംബന്ധിച്ച് സ.ഉ.(എം.എസ്) നം.34/2015/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. വി. കെ. ബീരാനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് കമ്മിറ്റി രൂപീകരിക്കുകയും. ശ്രീ. വി. കെ. ബീരാന്റെ റിപ്പോർട്ടിൽ മാതാപിതാ ക്കളുടേയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും |

| | | | | |
|---|---|---|---|---|
| | | | പൗരൻമാർക്കുമായി ഒരു സമഗ്രമായ പെൻഷൻ പദ്ധതി, ആവിഷ്കരിച്ച നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്. ഇക്കാര്യം പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പരിശോധി ക്കുന്നതാണ്. | ക്ഷേമവും സംബന്ധിച്ച നിയമം 2007 ചട്ടങ്ങൾ 2009 നടപ്പാക്കുന്നത് മോണിറ്റർ ചെയ്യുന്നതിന് ഒരു സംസ്ഥാന റഗുലേറ്ററി ബോർഡും അതിനു താഴെ ജില്ലാതല ബോർഡുകളും രൂപീകരിക്കുന്നതിനുള്ള ശുപാർശയും ചെയ്തിട്ടുണ്ട്.<br>മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളുടെ അടിസ്ഥാന ത്തിൽ മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വയോജന ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധർ, ആക്ടിവിസ്റ്റുകൾ, മികവ് തെളിയിച്ച പൗരന്മാർ എന്നിവരെ ഉൾപ്പെടുത്തി ക്കൊണ്ട് സംസ്ഥാന വയോജന കൗൺസിലും അനുബന്ധമായി ജില്ലാ കമ്മിറ്റികളും രൂപീകരി ച്ചിട്ടുണ്ട്. പ്രസ്തുത കൗൺസിൽ വയോജന ക്ഷേമ രംഗത്ത് സ്തുത്യർഹമായ സേവനം നടത്തിവരുന്നു.<br>വയോജനങ്ങൾക്കായുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നൽകിവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പുവഴി പെൻഷൻ നൽകുന്ന തിനുള്ള പദ്ധതികളൊന്നും നിലവിലില്ല. |
| 14 | 13/11 | 85 | (ബി)എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ, കിഡ്നി രോഗി | ഡയാലിസിസിന് വിധേയരാകുന്നവർ കുടുംബത്തിൽ ഉണ്ടെങ്കിൽ അവരെ ബി.പി.എൽ. പട്ടികയിൽ |

966/2024.

| | | | | |
|---|---|---|---|---|
| | | | യാണെന്നും ഡയാലിസിസ് നടത്തുന്നുണ്ട് എന്നുമുള്ള രേഖകൾ സഹിതം പെൻഷന് അപേക്ഷിക്കാവുന്ന രീതിയിൽ നിബന്ധനയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;<br>(സി) അല്ലെങ്കിൽ ഡയാലിസിസ് നടത്തുന്നവരുടെ എ.പി.എൽ കാർഡ് ബി.പി.എൽ. ആക്കി മാറ്റാം എന്നുള്ള ഉത്തരവ് മാനിച്ച് ഡയാലിസിസ് നടത്തുന്ന രോഗികൾക്കെല്ലാം പെൻഷന് അപേക്ഷിക്കാം എന്നുള്ള രീതിയിൽ നിബന്ധന മാറ്റുന്ന കാര്യം അനുഭാവ പൂർവ്വം പരിഗണിക്കുമോ?<br><br>ഉറപ്പ്:- (ബി) & (സി) പരിശോധിച്ചു വരുന്നു. | ഉൾപ്പെടുത്തേണ്ടതാണെന്ന് 27/4/2012-ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ. ഉ. (കൈ.) നം. 112/ 2012/തസ്വഭവ നമ്പർ ഉത്തരവിൽ പ്രതിപാദിക്കുന്നു. കൂടാതെ ഡയാലിസിസിന് വിധേയരാകുന്നവരെ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് 18/9/2017-ലെ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ സ.ഉ. (സാധാ.)നം.320/2017/ ഭ.പൊ.വി.വ. നമ്പർ ഉത്തരവിലും പ്രതിപാദിക്കുന്നുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വൃക്ക രോഗബാധിതരായി ഡയാലിസിസന് വിധേയരാകുന്നവർക്ക് പ്രതിമാസം 1100 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകുന്നുണ്ട്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് പ്രസ്തുത തീയതി മുതൽ 5 വർഷം വരെ പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. ആയതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. അപേക്ഷകൻ മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബാംഗമായിരിക്കണം.<br><br>2. അപേക്ഷാഫാറത്തിനോടൊപ്പമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ നിശ്ചിത ഫോറത്തിൽ സർക്കാർ |

| | | | | |
|---|---|---|---|---|
| | | | | സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗവിധഗ്ധ നിൽനിന്നും സർട്ടിഫിക്കറ്റ് വാങ്ങി അപേക്ഷ യോടൊപ്പം ചേർക്കേണ്ടതാണ്.<br><br>3. അപേക്ഷകന്റെ ലൈഫ് സർട്ടിഫിക്കറ്റും തുടർ ചികിൽസാ സർട്ടിഫിക്കറ്റും സർക്കാർ/സ്വകാര്യ ആശുപത്രികളിലെ വൃക്കരോഗ വിധഗ്ധനിൽ നിന്നും ശേഖരിച്ച് 6 മാസത്തിലൊരിക്കൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.<br><br>4. അപേക്ഷകന്റെ പേരിൽ ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, IFSC കോഡ് നമ്പർ എന്നിവ അപേക്ഷയിൽ നിർബന്ധമായും രേഖപ്പെടുത്തണം.<br><br>5. അപേക്ഷയിൽ ആവശ്യമായ മുഴുവൻ വിശദാംശ ങ്ങളും ചേർത്ത് ശിശുവികസന പദ്ധതി ആഫീസർക്ക് സമർപ്പിക്കണം.<br><br>6. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസി സിന് വിധേയരാകുന്നവർക്ക് മാത്രമെ ധനസഹായ ത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.<br><br>7. ആധാർകാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കണം. |

| | | | | |
|---|---|---|---|---|
| 15 | 13/11 | 105 | വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനുള്ള നിയമവും ധാർമ്മികവുമായ ഉത്തരവാദിത്വം മക്കൾക്കുണ്ടെന്ന് ബോധ്യപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- വിദഗ്ധരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. | വൃദ്ധമാതാപിതാക്കളുടെ സംരക്ഷണത്തിന് പൊതുജനങ്ങളെയും ഉദ്യോഗസ്ഥരെയും ബോധവത്ക്കരിക്കുന്നതിനുള്ള നിരവധി പരിപാടികൾ സാമൂഹ്യനീതി വകുപ്പുമുഖാന്തിരം നടത്തിവരുന്നുണ്ട്. വയോജന ദിനാചരണം, വയോജന പീഡനവിരുദ്ധ ദിനാചരണം തുടങ്ങിയ ദിനാഘോഷങ്ങളോടനുബന്ധിച്ച് വൃദ്ധ മാതാപിതാക്കളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിലും ജില്ലാ തലത്തിലും വിവിധ ബോധവത്ക്കരണ പരിപാടികൾ, സംസ്ഥാനത്തെ മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ ആഭിമുഖ്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായ ത്തോടെ നടത്തുന്ന 'വയോസംഗമം' പോലെയുള്ള പരിപാടികൾ, വിവിധ വയോജന പ്രശ്നങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തെ സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ എന്നിവ നടത്തിവരുന്നു. മാതാപിതാക്കളു ടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച കേന്ദ്ര നിയമം 2007, അതിന്റെ സംസ്ഥാന ചട്ടങ്ങൾ 2009, വിവിധ കേന്ദ്ര സംസ്ഥാന വയോജന ക്ഷേമ പദ്ധതികൾ എന്നിവ സംബന്ധിച്ചുള്ള ബോധവത്ക്കരണ പരിപാടികളും നടത്തി വരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 16 | 13/11 | 166 | (എ) പഞ്ചായത്തുകളുടെ ഫലപ്രദമായ ഇടപെടലിലൂടെ വൃദ്ധജന പരിപാലനം ഉറപ്പു വരുത്താൻ ഉതകുന്ന പദ്ധതി കൾക്കു രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ്:- (എ) ശയ്യാവലംബികളായ മുതിർന്ന പൗരന്മാരുടെ വീടുകളിലെത്തി പരിചരിക്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന തെരെഞ്ഞെടു ക്കപ്പെട്ട കോർപ്പറേഷൻ/മുനിസിപ്പാ ലിറ്റികളിൽ നടപ്പിലാക്കിവരുന്ന 'വയോമിത്രം' പദ്ധതി ക്രമേണ പഞ്ചായത്തുകളിലേക്കും വ്യാപിപ്പി ക്കുന്നതാണ്. | വയോമിത്രം' പദ്ധതി ഗ്രാമതലത്തിൽ നടപ്പാക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 13.05.2018-ന് കോഴിക്കോട് റൂറൽ ബ്ലോക്കിൽ നടത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനം 01.09.2018 മുതൽ അവിടെ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ടി പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്ക് പഞ്ചായത്തിൽ കൂടി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ച് വരുന്നു. |
| 17 | 13/14 | 82 | (സി) വർദ്ധിച്ചുവരുന്ന ഭിക്ഷാടനം ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ?<br><br>ഉറപ്പ്:- (സി) തെരുവിൽ അലഞ്ഞു നടക്കുന്ന കുട്ടികളുടെ പുനഃരധിവാസം ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യനീതി | സാമൂഹ്യനീതി ഡയറക്ടർ ലഭ്യമാക്കിയ സംസ്ഥാന യാചക നിരോധന നിയമത്തിന്റെ കരട് സർക്കാർ പരിശോധി യ്ക്കുകയും നിയമം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനായി ഭേദഗതികൾ വരുത്തുന്നതുമായി ബന്ധപ്പെട്ട് 21-02-2019-ന് സാമൂഹ്യനീതി ഡയറക്ടർ, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ |

| | | | | |
|---|---|---|---|---|
| | | | വകുപ്പിന്റെ സഹായത്തോടെ മൂന്ന് ഓപ്പൺ ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭിക്ഷാടനം ഇല്ലാതാക്കുന്നതിനും നിർദ്ധനരായ ഭിക്ഷക്കാരെ സംരക്ഷിക്കുന്നതിനു വേണ്ടിയും The Prevention of Begging & amp; Protection of Desttitute Beggars and their Dependednt Bill, 2015 പരിശോധിച്ചുവരികയാണ്. | സെക്രട്ടറി, എന്നിവരുമായി ചർച്ച നടത്തുകയും കരട് നിയമത്തിൽ നിരവധി ഭേദഗതികൾ നിർദ്ദേശിയ്ക്കുകയുമുണ്ടായി. കരടിൽ ഭേദഗതികൾ വരുത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരു മായി ഒരു വർക്ക്ഷോപ്പ് നടത്തി ഭേദഗതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കരട് ബില്ല് സമർപ്പിയ്ക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| 18 | 13/15 | 09 | ട്രാൻസ്ജെണ്ടർ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹമായ പുനരധിവാസം ഉറപ്പാക്കുന്നതിനായി എന്തെങ്കിലും സർക്കാർ പദ്ധതികളോ ലക്ഷ്യങ്ങളോ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?<br><br>ഉറപ്പ്:- ട്രാൻസ്ജെണ്ടർ വിഭാഗത്തെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതാണ്. | ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ ഉന്നമനത്തിനായി ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിന്റെ ഭാഗമായി ടി വ്യക്തികൾക്കാവശ്യമായ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുനരധിവാസം ഉറപ്പാക്കുന്നതിനുമായി വകുപ്പിൽ ഒരു ട്രാൻസ്ജെന്റർ സെൽ, കേരള സംസ്ഥാന ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡ്, ജില്ലാ തല ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽ പെട്ടവരുടെ വിദ്യാഭ്യാസം തൊഴിൽ നൈപുണ്യ പരിശീലനം, വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീസ്, ഷോർട്ട് സ്റ്റേഹോമുകൾ, സ്വയം തൊഴിൽ വായ്പാ പദ്ധതി, തൊഴിൽ സംരഭകത്വ |

| | | | | |
|---|---|---|---|---|
| | | | | പരിശീലനം എന്നിങ്ങനെ ബൃഹത്തായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട് |
| 19 | 14/02 | 55 | ബി) ഭർത്താവ് മരണപ്പെട്ടവർ, 40 വയസ്സിനുമുകളിൽ പ്രായമുള്ള വിവാഹം കഴിക്കാത്ത സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ എന്നിവരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;<br><br>സി) വിധവകളുടെ ക്ഷേമത്തി നായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?<br><br>ഉറപ്പ്:- ബി) പരിശോധിക്കാവുന്നതാണ്.<br><br>സി) വിധവാക്ഷേമത്തിനായി പുതിയ പദ്ധതി ആവിഷ്കരിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. | (ബി) ഭർത്താവ് മരണപ്പെട്ടവർ, 40 വയസിന് മുകളിൽ പ്രായമുള്ള വിവാഹം കഴിക്കാത്ത സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ, വിവാഹ മോചനം നേടിയ സ്ത്രീകൾ എന്നിവരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് കോവിഡ്-19 മായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം മാറുന്ന സാഹചര്യത്തിൽ സർവ്വേ നടത്തുന്നതാണ്.<br><br>(സി) വിധവകളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.<br><br>1. അഭയകിരണം പദ്ധതി: സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്ത അഭയ സ്ഥാനമില്ലാതെ കഴിയുന്ന വിധവകളുടെ (ഭർത്താവ് മരിച്ചവർ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം ആയവർ) ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇങ്ങനെയുള്ള വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിയ്ക്ക് മാസം 1000/-രൂപ ധനസഹായം നൽകുന്നു. |

| | | | | |
|---|---|---|---|---|
| | | | | 2. സഹായഹസ്തം: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് സഹായഹസ്തം. ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000 രൂപ ഒറ്റത്തവണ ധനസഹായമായി അനുവദിക്കുന്നു. ഒരു ജില്ലയിൽ നിന്നും ഒരു വർഷം 10 പേർക്ക് ഇപ്രകാരം ധനസഹായം അനുവദിക്കുന്നു.<br>3. പടവുകൾ: കേരളത്തിൽ ജനങ്ങളുടെ ആയുർദൈർഘ്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും അപകടങ്ങൾ, പെട്ടന്നുള്ള മരണം എന്നിവ ഏറി വരുന്നതായും പലപ്പോഴും ഇങ്ങനെയുള്ള വിധി വൈപരീത്യത്തിന് ഇരയാകുന്നത്. പുരുഷൻമാരും അതിൽ തന്നെ ഭൂരിഭാവും കുടുംബനാഥൻമാരുമാണ്. ഇത്തരത്തിൽ വിധവകളാക്കപ്പെടുന്ന സ്ത്രീകളും കുട്ടികളും അരക്ഷിതാവസ്ഥയിലും അനാഥത്വത്തിലുമാണ് തുടർന്ന് ജീവിക്കുന്നത്. ഇത്തരം കുടുംബത്തിൽപ്പെടുന്ന കുട്ടികളെയും കുടുംബങ്ങളെയും സംരക്ഷിക്കേണ്ടതും |

| | | | | |
|---|---|---|---|---|
| | | | | പുനരുദ്ധരിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യ മാണ്. വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്നതാണ് പടവുകൾ എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായം പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| 20 | 14/04 | 15 | സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികളുടെ കണക്ക് ലഭ്യമാണോ; എല്ലാ അംഗൻവാടികൾക്കും ഉറപ്പുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?<br>ഉറപ്പ്:- സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 8776 അംഗൻ വാടികൾ പ്രവർത്തിക്കുന്നു. എല്ലാ അങ്കണ വാടികൾക്കും ഉറപ്പുള്ള കെട്ടിടങ്ങൾ | 2019-20 ലെ Annual Programme Implementation Plan(APIP) പ്രകാരം സംസ്ഥാനത്തെ 33115 അങ്കണവാടികളിൽ 8313 എണ്ണം മാത്രമാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി 219 അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ 4 മാതൃക അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ചവറ, ചടയമംഗലം, ചെങ്ങന്നൂർ, കുട്ടനാട് എന്നിവിടെയാണ് മാതൃകാ |

| | | | | |
|---|---|---|---|---|
| | | | നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അംഗൻവാടികൾക്ക് വിവിധ പദ്ധതികളിലെ ഫണ്ട് ഉപയോഗിച്ച് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതാണ്. | അങ്കണവാടികൾ പണിയുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ളത്.<br>അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിനായി സംസ്ഥാനത്ത് 713 പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. ആയത് കെട്ടിട നിർമ്മാണത്തിന് ലഭിക്കുന്നതിന് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| **ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-19)-യുടെ അഞ്ചാമത് റിപ്പോർട്ട്** | | | | |
| | | ഖണ്ഡിക | ശിപാർശ | സ്വീകരിച്ച നടപടി |
| 1 | | 23 | രോഗം ഭേദമാകുന്ന ഇതര സംസ്ഥാനക്കാരെ അവരവരുടെ സ്ഥലങ്ങളിൽ തിരികെയെത്തിക്കുന്ന പുനരധിവാസ പരിപാടി 3 വർഷം മുമ്പ് വരെ നിലവിലുണ്ടായിരുന്നു. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെയും കെൽസയുടെയും നേതൃത്വത്തിൽ പ്രസ്തുത പുനരധിവാസ പരിപാടികൾ | സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുനരധിവാസ സ്ഥാപനങ്ങളിലെയും മറ്റ് സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലേയും അന്യസംസ്ഥാനക്കാരായ താമസക്കാരേയും തെരുവിൽ അലഞ്ഞുനടക്കുന്നവരുമായ അന്യ സംസ്ഥാനക്കാരേയും അവരുടെ സ്വദേശങ്ങളിൽ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രത്യാശ പദ്ധതി 2019 വർഷം മുതൽ പൈലറ്റടിസ്ഥാനത്തിൽ നടത്തിവരുന്നു. ഒരു വർഷം കാലാവധിയുള്ള |

| | | | | |
|---|---|---|---|---|
| | | | പുനരാരംഭിക്കണമെന്നും പുനരധിവാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ദീർഘ വീക്ഷണത്തോടുകൂടി മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ ഒരു പുനരധിവാസ കേന്ദ്രം തന്നെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | മേൽ പദ്ധതിയിൽ 100 പേരെ പുനരധിവസിപ്പിക്കുന്നതിനായി 29,29,500 രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 2021 മാർച്ച് 31 വരെ രണ്ട് ഘട്ടങ്ങളിലായി 74 പേരെ വിവിധ സംസ്ഥാനങ്ങളിലായി സ്വന്തം ഭവനങ്ങളിലേയ്ക്ക് പുനരധിവസിപ്പിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ ഒരു എൻ ജി ഒ-യെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ മാനസികരോഗവിമുക്തരായവരുടെ സാമൂഹ്യ അധിഷ്ഠിതമായ പുനരധിവാസത്തിനായി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പ് വരുത്തുന്നതിനായി മെന്റൽ ഹെൽത്ത് പ്രോട്ടോക്കോൾ രൂപപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് മാനസികരോഗ വിഭാഗം നടപ്പിലാക്കിയ പദ്ധതിയാണ് സുരക്ഷ (മാനസിക രോഗം ബാധിച്ച ആളുകളെ സംരക്ഷിക്കുന്നതിനുള്ള കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലി റ്റേഷൻ പദ്ധതി) മനോരോഗ ബാധിതരുടെ സാമൂഹ്യാധിഷ്ഠിത |
| 2 | | 25 | മാനസികരോഗം ബാധിച്ചവരെ സമൂഹത്തിൽ ഭ്രഷ്ട് കല്പിക്കുന്ന ചിന്താഗതി മാറാത്തിടത്തോളം പുനരധിവാസം ഒരു സമസ്യയായി തുടരുകതന്നെ ചെയ്യും സമൂഹത്തിന്റെ ഇവരോടുള്ള കാഴ്ചപ്പാട് മാറ്റുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | |
| 3 | | 26 | മാനസികരോഗം ഭേദമായി പുറത്ത് വരുന്നവരെ ഏറ്റെടുക്കുന്നതിന് ബന്ധുക്കൾ | |

| | | | | |
|---|---|---|---|---|
| | | | കാണിക്കുന്ന വിമുഖത പുനരധിവാസ രംഗത്തെ വലിയ വെല്ലുവിളിയാണ് സർക്കാർ മുൻകയ്യെടുത്ത് ഇവർക്കു വേണ്ടി മാത്രമായി സന്നദ്ധ സംഘടനകളുടെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ട്രസ്റ്റുകളുടെയും സഹകരണത്തോടെ പ്രായോഗികമായ ഒരു പുനരധിവാസ സംരംഭം ആരംഭിച്ച് സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്ന ഇവരെ തിരികെയെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | പുനരധിവാസം എന്ന പദ്ധതി പൈലറ്റ് പദ്ധതിയായി ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കുന്നതിനും വിപുലീകരിച്ച് സമഗ്ര മാനസികാരോഗ്യ പരിപാടിയായി നടപ്പിലാക്കുന്നതിനും സുരക്ഷാ പദ്ധതിയിലൂടെ കഴിഞ്ഞു. 2016 ഒക്ടോബറിൽ പ്രാരംഭ പ്രവർത്തനങ്ങളോടെ സമാരംഭിച്ച പദ്ധതി 2018 ഒക്ടോബർ 31 ന് ഫോളോ അപ്പ് - സേവനങ്ങളുൾപ്പെടെ പൂർണ്ണമാക്കി പദ്ധതി വിജയകരമായതിനാൽ സംസ്ഥാനമൊട്ടാകെ എല്ലാ ബ്ലോക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ തുക വകയിരുത്തി സാമൂഹിക ബോധവൽക്കരണം ഉൾപ്പെടെ പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. മാനസികരോഗവിമുക്തി നേടിയിട്ടും ബന്ധുക്കൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നവരുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്ന 6 ആശാഭവനുകളുണ്ട്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ളതും സന്നദ്ധ സംഘടനകൾ (NGO) നടത്തുന്നതുമായ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ (PRC) രജിസ്ട്രേഷനുള്ള നൂറ്റി ഇരുപതോളം സൈക്കോസോഷ്യൽ സ്ഥാപനങ്ങളിലും ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റോടു കൂടി ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിനായി NGO മുഖേന നടത്തുന്ന Halfway Home എന്ന പദ്ധതിയുടെ നടപടികൾ പുരോഗമിച്ചുവരുന്നു. |

## XVI. ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/04 | 05 | ഡി) ഡി.പി.സി. കൂടുന്നതിൽ കാലതാമസം വരുത്തിയ അധികാരികൾക്കെതിരെ നടപടി സ്വീകരിക്കുമോ ?<br>ഇ) ഡി.പി.സി. കൂടുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?<br>ഉറപ്പ്:- (ഡി, ഇ) അടിയന്തിരമായി ഡി.പി.സി. കൂടുവാൻ നിർദ്ദേശം നൽകുന്നതാണ്. | ഡി, ഇ) 21-4-2012-ൽ ഡി.പി.സി. (ലോവർ) യോഗം ചേരുകയും അണ്ടർ സെക്രട്ടറി തസ്തികയിലേക്കു സ്ഥാനക്കയറ്റം നൽകേണ്ട 47 സെക്ഷൻ ആഫീസർമാരുടെ സെലക്ട് ലിസ്റ്റും സെക്ഷൻ ആഫീസർ തസ്തികയിലേക്കു സ്ഥാനക്കയറ്റം നൽകേണ്ട 50 അസിസ്റ്റന്റ് മാരുടെയും 4 ടൈപ്പിസ്റ്റ് മാരുടെയും 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് മാരുടെയും സെലക്ട് ലിസ്റ്റും അംഗീകരിക്കുകയും ആയത് സർക്കാർ ഉത്തരവ് G. O. (Rt.)4906/2012/GAD തീയതി 14-6-2012, G. O. (Rt.) 4907/2012/GAD തീയതി 14-6-2012, എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തു. |

| | | | | |
|---|---|---|---|---|
| 2 | 13/04 | 11 | എ) ട്രഷറിയുടെ ആധുനിക വത്ക്കരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?<br><br>ബി) പുതിയ ഏതെല്ലാം പരിഷ്കാരങ്ങളാണ് ഈ മേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്<br><br>(സി) പൊതുജനങ്ങൾക്ക് ട്രഷറി യുമായി ബന്ധപ്പെട്ട ഇടപാടുകൾ എളുപ്പമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?<br><br>ഉറപ്പ്:- എ) ട്രഷറി അടിസ്ഥാന സൗകര്യ വികസനപദ്ധതി യിൽപ്പെടുത്ത് 50 ട്രഷറി കെട്ടിടങ്ങളുടെ നവീകരണവും 31 കെട്ടിടങ്ങളുടെ നിർമ്മാണവും ഇൻഫ്രാ സ്ട്രക്ചർ കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന സ്ഥാപനത്തെ ഏൽപ്പിച്ച് കൊണ്ട് ഭരണാനുമതി നൽകിയിരുന്നു. | എ) ബി.എസ്.എൻ.എൽ-മായി സഹകരിച്ച് താൽക്കാലിക നെറ്റ്-വർക്കിംഗ് സംവിധാനം (VPN) ഏർപ്പെടുത്തി ക്കഴിഞ്ഞു. സ്ഥിരമായ നെറ്റ്-വർക്കിംഗിനായുള്ള നടപടികൾ പുരോഗമിക്കുന്നു. കോർബാങ്കിംഗിനുള്ള സോഫ്റ്റ് വെയർ കസ്റ്റമൈസെഷൻ അന്തിമഘട്ടത്തിലാണ്.<br><br>(ബി) ഓൺലൈനായി ഗവൺമെന്റ് അക്കൗണ്ടിൽ പണമടക്കുന്നതിനുള്ള ഇ-ട്രഷറി പദ്ധതി, കമ്പ്യൂട്ടർ അധിഷ്ഠിതമായി ബഡ്ജറ്റ് വിഹിതം വിതരണം ചെയ്യുന്നതിനും അതിന്മേൽ ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തി ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള പദ്ധതി (BEAMS) എന്നിവ നടപ്പിലാക്കുന്നതിലേയ്ക്കായുള്ള ഹാർഡ് വെയറായ സെൻട്രൽ സെർവർ വാങ്ങി സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ സ്ഥാപിച്ചു കഴിഞ്ഞു. ഇ-ട്രഷറിക്കായുള്ള സോഫ്റ്റ് വെയർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ സെക്യൂരിറ്റി ആഡിറ്റിംഗ് പൂർത്തിയായാലുടൻ പദ്ധതി പ്രാവർത്തികമാക്കാവുന്നതാണ്. BEAMS പദ്ധതി ക്കാവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മാണം നടന്നുവരുന്നു.<br><br>(സി) ഇ-ട്രഷറി, കോർ ബാങ്കിംഗ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുന്നതോടുകൂടി പൊതുജന ങ്ങൾക്ക് ട്രഷറി ഇടപാടുകൾ എളുപ്പമാകുന്നതാണ്. കോർ ബാങ്കിംഗ് |

| | | | | |
|---|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികൾ ഇൻകെലുമായി കരാറിൽ ഏർപ്പെടുത്തുകയും പ്രസ്തുത നിർമ്മാണ പ്രവർത്തന ങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ട്രഷറിയിൽ നെറ്റ് വർക്കിംഗ്, കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്ന തിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.<br><br>ബി) ഇലക്ട്രോണിക് സംവിധാന ത്തിലൂടെ ട്രഷറിയിൽ പണം അടയ്ക്കാൻ കഴിയുന്ന തരത്തിൽ ഇ-ട്രഷറി, കമ്പ്യൂട്ടർ അധിഷ്ഠിത മായ ബഡ്ജറ്റ് വിതരണവും ധനകാര്യ നിയന്ത്രണവും ഏർപ്പെടുത്തുന്നതിനും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുമായി സെൻട്രൽ ഡേറ്റാ ബേസും | ഏർപ്പെടുത്തുന്നതുവഴി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുള്ള ഏതൊരാൾക്കും കേരളത്തിലെ ഏതു ട്രഷറിയിൽ നിന്നും ഇടപാടുകൾ നടത്തുവാൻ സാധിക്കും, ഇ-ട്രഷറി നിലവിൽ വരുമ്പോൾ ലോകത്തെവിടെ നിന്നും ഏതു സമയത്തും സർക്കാരിലേയ്ക്ക് പണം ഒടുക്കുവാനുള്ള സൗകര്യം നിലവിൽ വരും, ഇ-ട്രഷറി, കോർ ബാങ്കിംഗ്, നെറ്റ് വർക്കിംഗ് എന്നീ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി പിരിവ് (എ) ലും (ബി) യിലും സൂചിപ്പിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | അനുബന്ധ സോഫ്റ്റ്‌വെയറുകളും ഏർപ്പെടുത്തുന്നതിനുള്ള നടപടി എന്നിവ പുരോഗമിച്ചുവരുന്നു.<br>സി) ട്രഷറി നെറ്റ്‌വർക്കിംഗ്, കോർ ബാങ്കിംഗ് സംവിധാന ങ്ങൾ പൊതുജനങ്ങൾക്ക് ട്രഷറി യുമായി ബന്ധപ്പെട്ട നടപടികൾ എളുപ്പമാക്കുന്ന സംവിധാന ങ്ങളാണ്. ഇവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ച് വരുന്നു. | |
| 3 | 13/05 | 125 | സർവ്വീസ് പെഷൻകാർക്ക് സമഗ്ര സൗജന്യ ചികിത്സാ പദ്ധതിയിൻമേൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?<br>ഉറപ്പ്:- ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനായി ഇൻഷ്വറൻസ് ഡയറക്ടർക്ക് നിർദേശം കൊടു ത്തിട്ടുണ്ട്. റിപ്പോർട്ട് കിട്ടിക്കഴി ഞ്ഞാൽ ഇക്കാര്യത്തിൻമേൽ | 10-ാം ശമ്പളപരിഷ്ക്കരണ കമ്മീഷന്റെ ശുപാർശ യനുസരിച്ചും 2017-18 ബജറ്റ് പ്രസംഗത്തിലെ 92-ാം ഖണ്ഡികയിൽ പ്രതിപാദിച്ചതും പ്രകാരം G.O(P) No. 54/2017/Fin dated 24/04/2017 ഉത്തരവിൽ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്ന മുറയ്ക്ക് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് |

| | | | | |
|---|---|---|---|---|
| | | | ആവശ്യമായ തീരുമാനങ്ങൾ ഗവൺമെൻറ് കൈക്കൊള്ളുന്നതാണ്. | |
| 4 | 13/11 | 77 | ഏതെങ്കിലും മെഡിക്കൽ ഇൻഷ്വറൻസ് കമ്പനിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് മെഡിക്കൽ അലവൻസ് തുക അവർക്ക് നൽകി പെൻഷൻ കാർക്ക് പൂർണ്ണമായും സൗജന്യ ചികിൽസ നൽകുന്ന കാര്യം പരിഗണിച്ചുകൂടേ; സ്വകാര്യ മെഡിക്കൽ ഇൻഷ്വറൻസ് കമ്പനികൾ അതിന് തയ്യാറാകുന്നില്ലെങ്കിൽ സർക്കാർ തലത്തിൽ മറ്റെന്തെങ്കിലും ബദൽ ഫോർമുല ആലോചിക്കാവുന്നതാണ്.<br>വർഷംതോറും ചെലവിടുന്ന തുക മൂലധനമായി നിശ്ചയിച്ച കൊണ്ട് സർക്കാർ മേഖലയിൽ മെഡിക്കൽ ഇൻഷ്വറൻസ് കമ്പനി തുടങ്ങുകയും ചികിൽസ വേണ്ടിവരുന്ന ചെറിയ വിഭാഗം | 10-ാം ശമ്പളപരിഷ്കരണ കമ്മീഷന്റെ ശുപാർശ യനുസരിച്ചും 2017-18 ബജറ്റ് പ്രസംഗത്തിലെ 92-ാം ഖണ്ഡികയിൽ പ്രതിപാദിച്ചതും പ്രകാരം G. O. (P) No. 54/2017/Fin. Dated 24-4-2017 പ്രകാരം സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്ന മുറയ്ക്ക് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ടെൻഡർ നടപടികളിലൂടെ യായിരിക്കും ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിക്കുക |

| | | | | |
|---|---|---|---|---|
| | | | പെൻഷൻകാർക്ക് ആശ്വാസമാകുന്ന തരത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്;<br><br>ഉറപ്പ്:-ഇൻഷ്വറൻസ് സ്കീമിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നാഷണൽ പെൻഷൻ സ്കീം കേരളത്തിലും ഇപ്പോൾ നടപ്പിലാക്കിക്കഴിഞ്ഞു. പ്രായ പരിധി, പ്രീമിയം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ചചെയ്ത് പരിശോധിച്ചതിനു ശേഷം സംസ്ഥാനത്തെ പെൻഷൻകാർക്കായി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. | |
| 5 | 13/11 | 79 | എം.എൽ.എ. ആസ്തി വികസന ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം | എം.എൽ.എ. അസ്തിവികസന പദ്ധതിയിൻ കീഴിൽ പ്രതിവർഷം ഒരു എംഎൽഎ യ്ക്ക് 5 കോടി (അഞ്ചു കോടി) |

| | | | | |
|---|---|---|---|---|
| | | | പരിഗണിക്കുമോ?<br>ഉറപ്പ്:-അതിനെപ്പറ്റി ആലോചിക്കാം. | രൂപയും പ്രത്യേകവികസന നിധിയിൻകീഴിൽ പ്രതിവർഷം 1 കോടി (ഒരു കോടി) രൂപയും ഉൾപ്പെടെ ആകെ 6 കോടി (ആറു കോടി) രൂപ ഓരോ നിയോജകമണ്ഡലത്തിലെയും വികസനപ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിലും തുക വർദ്ധിപ്പിക്കുവാൻ നിർവാഹമില്ല. |
| 6 | 13/16 | 04 | എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. മുഖേന നിർമ്മി ക്കുന്നതിന് ഭരണാനുമതി നൽകിയിട്ടും തുക ലഭിക്കുന്നതിനുള്ള തടസ്സം നേരിടുന്നതുമൂലം സമയബന്ധി തമായ പ്രവൃത്തി ചെയ്യാൻ കഴിയാതെ വരുന്നതിനാൽ ഇക്കാര്യത്തിൽ ധനകാര്യവകുപ്പ് സമയബന്ധിതമായി ഇടപെട്ട്, പ്രവർത്തനം നടത്താൻ വേണ്ട അനുകൂല സാഹചര്യമുണ്ടാക്കുമോയെന്ന് വ്യക്തമാക്കാമോ?<br>ഉറപ്പ്:- പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന പ്രവൃത്തി | പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്ന പ്രവൃത്തികൾക്ക് തുക ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥ പ്രകാരം സംസ്ഥാനതല സീനിയോറിറ്റി ബാധകമാണ്. പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്ന പ്രവൃത്തികളുടെ ബിൽ തുക സീനിയോറിറ്റി പ്രകാരം നൽകണമെന്നുള്ളത് ബഹു. ഹൈക്കോടതിയുടെ 11-4-2001-ലെയും 18-10-2002-ലെയും സി.സി.സി. 803/2000 നം. ഉത്തരവിനെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. ആയതിനാൽ സീനിയോറിറ്റി ഒഴിവാക്കി ബിൽ തുക നൽകൽ കോടതിയലക്ഷ്യത്തിന് കാരണമാകും. സീനിയോറിറ്റി ക്രമം പാലിച്ച് 2016 മാർച്ച് മാസം വരെയുള്ള ബിൽ തുക നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | കൾക്ക് തുക ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥ പ്രകാരം സംസ്ഥാനതല സീനിയോരിറ്റി ബാധകമാണ്. പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്ന പ്രവൃത്തികളുടെ ബിൽ തുക സീനിയോറിറ്റി പ്രകാരം നൽകണമെന്നുള്ളത് ബഹു. ഹൈക്കോടതിയുടെ 11-4-2001-ലെയും 18-10-2002-ലെയും സി.സി.സി. 803/2000 നം. ഉത്തരവിനെ അടിസ്ഥാന മാക്കിയിട്ടുള്ളതാണ്. ആയതി നാൽ സീനിയോറിറ്റി ഒഴിവാക്കി ബിൽ തുക നൽകൽ കോടതി യലക്ഷ്യത്തിനു കാരണമാകും. സീനിയോറിറ്റി പ്രകാരം തുക നൽകാൻ നടപടി സ്വീകരിക്കു ന്നതാണ്. | |
| 7 | 13/16 | 05 | കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ്. | കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണത്തിന് ആവശ്യമായ തുകയ്ക്ക് |

| | | | | |
|---|---|---|---|---|
| | | | സ്റ്റേഡിയം നിർമ്മാണത്തിന് കഴിഞ്ഞ വർഷം ബഡ്ജറ്റ് സ്പീച്ചിൽ അഞ്ചുകോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും തുക ലഭ്യമാക്കുവാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത സ്റ്റേഡിയത്തിനാവശ്യമായ തുക എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?<br>ഉറപ്പ്:- 2014-15 വർഷത്തെ ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ നീലേശ്വരം ഇം.എം.എസ്.സ്റ്റേഡിയത്തിനായി 5 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇത് സംബന്ധിച്ച ഭരണാനുമതി സഹിതമുള്ള ശുപാർശ ഭരണ വകുപ്പിൽ നിന്ന് ലഭിക്കാത്തതിനാൽ തുക വകയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഭരണ വകുപ്പിൽ നിന്നും | ഭരണാനുമതി സഹിതമുള്ള ശുപാർശ ഭരണവകുപ്പിൽ നിന്നും ലഭിക്കാത്തതിനാൽ 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 5 കോടി രൂപ ഇതുവരെയും അനുവദിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | ഭരണാനുമതി സഹിതമുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തുക വകയിരുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. | |
| 8 | 14/04 | 08 | കാലതാമസം പരിഹരിക്കുന്നതിനായി എം.എൽ.എ. മാർക്കുള്ള ഫണ്ട് വിനിയോഗം ഒരു വെബ് ആപ്ലിക്കേഷൻ വഴി ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശ്യമുണ്ടോ?<br>ഉറപ്പ്:- ഉദ്ദേശ്യമുണ്ട്. എം. എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ പദ്ധതി സമർപ്പണം മുതൽ നിർവ്വഹണ പുരോഗതി നിരീക്ഷണംവരെയുള്ള നടപടികൾ ഓൺലൈനായി നടത്തുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്തുന്നതിന് ലക്ഷ്യമിടുന്നു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനമായ 'പ്ലാൻസ്പേസ്'-ന്റെ | വാർഷിക പദ്ധതികളുടെ നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാന ആസൂത്രണ ബോർഡ് രൂപകൽപന ചെയ്ത വെബ് അധിഷ്ഠിത സംവിധാനമാണ് 'പ്ലാൻസ്പേസ്'. PLANSPACE-KERALA (System for Progress Analysis and Concurrent Evaluation) എന്ന വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ ഇപ്പോൾ സംസ്ഥാനത്തിലെ എല്ലാ വകുപ്പുകളിലെയും Plan Schemes- ന്റെ നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും സാധിക്കും. ജില്ലാ വികസന സമിതി യോഗങ്ങളിലെ പദ്ധതികളുടെ നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നത് പ്ലാൻസ്പേസിലൂടെയാണ്. സ്റ്റേറ്റ് പ്ലാൻ സ്കീമുകളുടെ various components, physical/financial progress, implementation status എന്നിവ www.planspace. kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ് |

| | | | | |
|---|---|---|---|---|
| | | | ജില്ലാതല വ്യാപനത്തിൽ ഉൾപ്പെടുത്തിയാണ് ഇത് സാദ്ധ്യമാക്കുന്നത്. ഇതിന്റെ സോഫ്റ്റ് വെയർ രൂപപ്പെടുത്തുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്. | |
| 9 | 14/10 | 162 | (എ) സംസ്ഥാനത്തെ ട്രഷറികളിൽ സെൻട്രൽ സെർവർ സിസ്റ്റം, എ.ടി.എം. എന്നിവ സ്ഥാപിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്;<br><br>ഉറപ്പ്:- (എ) സംസ്ഥാനത്തെ ട്രഷറികളിൽ സെൻട്രൽ സെർവർ സിസ്റ്റം സ്ഥാപിച്ചുകഴിഞ്ഞു. ആയതിന്റെ തുടർ പദ്ധതിയായി വിഭാവനം ചെയ്തിരുന്ന സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ (IFMS) സംസ്ഥാനതല ഉദ്ഘാടനം 2017 ഫെബ്രുവരി 23-ാം തീയതി ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. നാല് ട്രഷറികളെ ബന്ധിപ്പിച്ച് | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിലനിൽക്കുന്ന തുക അക്കൗണ്ടുടമകൾക്ക് സ്വമേധയാ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഓൺലൈൻ ആയി മാറ്റുന്നതിനും അതാതു ബാങ്ക് ATM ഉപയോഗിച്ച് പിൻവലിക്കുന്നതിനുമുള്ള സൗകര്യം നിലവിൽ വന്നുകഴിഞ്ഞു.<br><br>ട്രഷറി ഇടപാടുകൾക്ക് ബാങ്കുകളുടെ സഹകരണത്തോടെ കോ-ബ്രാൻഡഡ് ATM കാർഡുകൾ ഏർപ്പെടുത്തുന്ന പദ്ധതിയാണ് ട്രഷറി വകുപ്പ് നടപ്പിലാക്കാൻ ശ്രമിച്ചിരുന്നത്. ഇക്കാര്യത്തിൽ ട്രഷറി വകുപ്പുമായി സഹകരിക്കുന്നതിനു ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (RBI) അനുമതി ആവശ്യമായിരുന്നു. എന്നാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അനുകൂലമായ നിലപാട് സ്വീകരിക്കാത്തതിനാൽ ട്രഷറി വകുപ്പിന് സ്വന്തം കോ-ബ്രാൻഡഡ് എ.ടി.എം കാർഡു സംവിധാനം ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഫെഡറൽ ബാങ്ക്, കോ-ബ്രാൻഡഡ് ATM കാർഡുകൾ ഏർപ്പെടുത്തുന്നതിനായി RBI-യെ സമീപിച്ചെങ്കിലും അനുമതി നിഷേധിക്കുകയുണ്ടായി. ഈ |

| | | | | |
|---|---|---|---|---|
| | | | എ.ടി.എം. സ്ഥാപിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. [സ.ഉ. (കൈ.) 10460/12/ധന. തീയതി 14-12-2012]. എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന സ്റ്റാന്റ് എലോൺ എ.ടി.എം.-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ ഉപേക്ഷിക്കുകയും പകരം ഇ-ട്രഷറിയുമായി ഇന്റഗ്രേറ്റ് ചെയ്ത ബാങ്കുമായി സഹകരിച്ച് റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കാൻ കഴിയുന്ന തരത്തിലുള്ള എ.ടി.എം. കാർഡ് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്. | സംവിധാനം നടപ്പിലാക്കുന്നതിനായി RBI-യോട് ട്രഷറി വകുപ്പ് പ്രത്യേകം അപേക്ഷിച്ചെങ്കിലും RBI അനുമതി നൽകിയില്ല. ആയതിനാൽ വകുപ്പ് ലക്ഷ്യമിട്ടതുപോലെ ATM കാർഡുകൾ നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിൽ ഉണ്ടായിരിക്കുന്നത്. |
| 10 | 14/22 | 27 | ട്രഷറി ഇടപാടുകൾ കൂടുതൽ ജനകീയമാക്കുന്നതിന് ഗൂഗിൾ | ട്രഷറി ഇടപാടുകൾ കൂടുതൽ ജനകീയമാക്കുന്നതിന് ട്രഷറി പേ എന്ന പേരിൽ ഒരു ആപ്പ് കൊണ്ടുവരുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | പേ, ഫോൺ പേ തുടങ്ങിയ മാതൃകയിൽ ട്രഷറി പേ എന്ന പേരിൽ ഒരു ആപ്പ് കൊണ്ടു വരാൻ സർക്കാർ ഉദ്ദേശി ക്കുന്നുണ്ടോ?<br>ഉറപ്പ്:-(എ) ട്രഷറി ഇടപാടുകൾ കൂടുതൽ ജനകീയമാക്കുന്നതിന് ട്രഷറി പേ എന്ന പേരിൽ ഒരു ആപ്പ് കൊണ്ടുവരുന്നതിനുള്ള സാധ്യത സർക്കാർ പരിശോധി ക്കുന്നതാണ്. | സാധ്യത ട്രഷറി വകുപ്പ് പരിശോധിച്ചു. ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നത് RBI-യുടെ e-Kuber portal മുഖേനയാണ്. നിലവിൽ ഇപ്രകാരം ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് കുറഞ്ഞത് രണ്ട് മണിക്കൂർ സമയം എടുക്കുന്നതാണ്. ആയതിനാൽ തത്സമയ ഫണ്ട് ട്രാൻസ്ഫർ എന്ന നിലയ്ക്ക് "ട്രഷറി പേ" ആപ്ലിക്കേഷൻ നടപ്പിലാക്കുവാൻ പ്രായോഗികമായി കഴിയുന്നതല്ല എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 11 | 15/01 | 16 | കോവിഡിന്റെ പശ്ചാത്തല ത്തിലും കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന നേരിടുവാനും ജനങ്ങളെ ഈ കഷ്ടതയിൽ നിന്നും രക്ഷിക്കു ന്നതിനും പുതിയ പാക്കേജ് നടപ്പാക്കുന്നതിന് നടപടി ഉണ്ടാകുമോ; | കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന് വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതിൽ ആരോഗ്യം, ഭക്ഷ്യക്കിറ്റ് ഉൾപ്പെടുന്ന ഇൻകം ട്രാൻസ്ഫർ, വിവിധ വായ്പകൾ വഴി സഹായം നൽകുന്ന ഇക്കണോമിക് റിവൈവൽ എന്നീ മേഖലകളിൽ ഉണ്ടായിട്ടുള്ള ആവശ്യകതയും അർഹതയും പരിശോധിക്കുകയും അതനുസരിച്ച് 13164.73 കോടി രൂപ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:- (ബി) കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന് വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കൈയ്യിലെത്തിക്കുന്നതിനായി 3,900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ പലിശ സബ്സിഡി, എന്നിവയ്ക്കായി 8,300 കോടി രൂപയും ലഭ്യമാക്കുന്നതാണ്. | ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

## XVII. ഗതാഗത വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 101 | (സി) ബസ് സ്റ്റേഷനുകളിൽ പോലീസ് സഹായവും മെച്ചപ്പെട്ട ടോയ്‌ലെറ്റ് സംവിധാനവും ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ്:-(സി) നടപടികൾ സ്വീകരിക്കുന്നതാണ്. | കെ.എസ്.ആർ.ടി.സി.യുടെ 35 ബസ് സ്റ്റേഷനുകളിൽ വനിതാ യാത്രക്കാർക്കായി ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയ വിശ്രമ സങ്കേതങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. അവ കായംകുളം, തിരുവനന്തപുരം സിറ്റി, നിലമ്പൂർ, പയന്നൂർ, കാസർഗോഡ്, തൃശ്ശൂർ, മണ്ണാർക്കാട്, കൽപ്പറ്റ, വടക്കാഞ്ചേരി, വിഴിഞ്ഞം, സുൽത്താൻ ബത്തേരി, താമരശ്ശേരി, തലശ്ശേരി, പാറശ്ശാല, ചിറ്റൂർ, മാള, ഇരിഞ്ഞാലക്കുട, വികാസ് ഭവൻ, കാട്ടാക്കട, ചാത്തന്നൂർ, പാപ്പനംകോട്, പേരൂർക്കട, ചടയമംഗലം, നെയ്യാറ്റിൻകര, വെള്ളനാട്, കോതമംഗലം, കിളിമാനൂർ, ചാലക്കുടി, കുളത്തൂപ്പുഴ, വൈക്കം, കൂത്താട്ടുകുളം, അടൂർ, പൊന്നാനി, ആറ്റിങ്ങൽ, ചേർത്തല എന്നിവയാണ്. കൂടാതെ, കെ.എസ്.ആർ.ടി. സി.-യുടെ എല്ലാ ബസ് സ്റ്റേഷനുകളിലും |

| | | | | |
|---|---|---|---|---|
| | | | | ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളിലും ശൗചാലയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിൽ പോലീസ് എയ്ഡ് പോസ്റ്റുമുണ്ട്. |
| 2 | 13/04 | 29 | ബി) ഏതെല്ലാം ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി നടപ്പിലാക്കാനാണ് നടപടി കൈക്കൊള്ളുന്നത് ?<br><br>ഉറപ്പ്:-ബി) 13/8/10-ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് അതിസുരക്ഷാ നം. പ്ളേറ്റ് പദ്ധതി നടപ്പിലാക്കാൻ ദർഘാസ് ക്ഷണിച്ചിരിക്കുന്നത്. എന്നാൽ 7-2-2012-ലെ സുപ്രീം കോടതി വിധി പ്രകാരം എല്ലാ ജില്ലയിലും അതി സുരക്ഷാ നമ്പർ പ്ളേറ്റ് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്, ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | എല്ലാ ജില്ലയിലും അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് KITCO-യെ ടെക്നിക്കൽ കൺസൾട്ടന്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ തയ്യാറാക്കി സമർപ്പിച്ച ടെണ്ടർ ഡോക്കുമെന്റ് അംഗീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |
| 3 | 13/05 | 65 | ഗുരുവായൂരിൽനിന്നും രാത്രി 8.50-ന് പുറപ്പെടുന്ന ഗുരുവായൂർ ചെന്നൈ ഏഗ്മൂർ | ഗുരുവായൂർ സ്റ്റേഷൻ യാർഡ് വികസിപ്പിക്കുന്നതനുസരിച്ചു മാത്രമേ ഗുരുവായൂർ-ചെന്നൈ |

| | | | | |
|---|---|---|---|---|
| | | | ട്രെയിനിൽ ബർത്ത് കിട്ടാതെ ബുദ്ധിമുട്ടുന്നത് കണക്കിലെടുത്ത് കൂടുതൽ ബർത്തുകളുള്ള കോച്ച് അനുവദിച്ചുകിട്ടുന്നതിനു റെയിൽവെയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:-നടപടി സ്വീകരിക്കുന്നതാണ്. | എഗ്മോർ എക്സ്പ്രസിന് കൂടുതൽ കോച്ചുകൾ അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്നും യാർഡ് വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ അറിയിച്ചിരുന്നു. ആയതിൻപ്രകാരം പ്രസ്തുത വിഷയം പരിഗണിക്കണമെന്നും യാർഡ് വികസനം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് റെയിൽവേ ബോർഡ് ചെയർമാന് കത്ത് അയച്ചിട്ടുണ്ട്. |
| 4 | 13/05 | 161 | (ബി) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?<br>ഉറപ്പ്:-(ബി) കെ.എസ്.ആർ..ടി.സി.- യുടെ പുനരുദ്ധാരണത്തിൻറെ ഭാഗമായി വർമ്മ ആൻറ് വർമ്മ എന്ന സ്ഥാപനം വിശദമായ പഠനങ്ങൾക്ക് ശേഷം 13 ഇന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൻമേലുള്ള തുടർനടപടികൾ പരിഗണനയിലാണ് | കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി വർമ്മ ആന്റ് വർമ്മ എന്ന സ്ഥാപനത്തെ വിശദമായ പഠനങ്ങൾക്ക് നിയോഗിച്ചിരുന്നു. ടി സ്ഥാപനം 13 ഇന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ആയതിലെ ശുപാർശകൾ അനുസരിച്ച് 01/02/2014/Trans. നമ്പർ ഉത്തരവ് പ്രകാരം ഒരു റിവൈവൽ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത റിവൈവൽ പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | 1. കെ.എസ്.ആർ.ടി.സിയുടെ ആസ്തികൾ പുനർമൂല്യം നടത്തുന്നതിനായി വർമ്മ ആന്റ് വർമ്മ സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം പുനർമൂല്യം നടത്തിയിട്ടുമുണ്ട്.<br>2. കെ.എസ്.ആർ.ടി.സി.യുടെ ഓൺലൈൻ സംവിധാനം പരിഷ്കരിച്ച് പുതിയ സംവിധാനം നടപ്പിലാക്കി. കൂടാതെ അന്തർസംസ്ഥാന സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 10 മൾട്ടി ആക്സിൽ Volvo ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്.<br>3. കെ.ടി.ഡി.എഫ്.സിയിൽ നിന്നും എടുത്തിട്ടുള്ള കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് ദൈർഘ്യമുള്ള വായ്പകൾ തിരിച്ചടയ്ക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പ തിരിച്ചടവ് കാലയളവിൽ 1,300 കോടി രൂപ ബാങ്കിംഗ് കൺസോർഷ്യം മുഖേന എടുക്കുകയും ആയതിൽ പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | 31-12-2015-ന് കെ.റ്റി.ഡി.എഫ്.സി.-യ്ക്ക് വായ്പ ഇനത്തിൽ 1300 കോടി രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>4. കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാദ്ധ്യതയുടെ പകുതി സർക്കാർ ഏറ്റെടുക്കുകയും 1-4-2015 മുതൽ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തതനുസരിച്ച് 20 കോടി രൂപ സർക്കാർ പ്രതിമാസം കെ.എസ്.ആർ.ടി.സി.-യ്ക്ക് അനുവദിച്ച് കൊണ്ട് ഉത്തരവ് ആകുകയും ചെയ്തു. തുടർന്ന് 28-8-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത തുക 27.50 കോടി രൂപയും, 1-3-2017 മുതൽ ആയത് 30 കോടി രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>5. മിഡിൽ മാനേജ്മെന്റിൽ പ്രൊഫഷണലുകളെ നിയമിക്കുന്നതിന്റെ ഭാഗമായി പി.എസ്.സി മുഖേന 15% ബൈട്രാൻസ്ഫർ രീതിയിലും 25% നേരിട്ടും ഉദ്യോഗാർത്ഥികളെ |

| | | | | |
|---|---|---|---|---|
| | | | | നിയമിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബൈട്രാൻസ്ഫർ മുഖേന നിയമനം നടത്തുകയുണ്ടായി. നേരിട്ടുള്ള നിയമനത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ് |
| 5 | 13/02 | 143 | ബി) കെ.എസ്.ആർ.ടി.സി. പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?<br>ഉറപ്പ്:-ബി) ഉദ്ദേശിക്കുന്നുണ്ട്. | സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനായി സംസ്ഥാന ഐ.ടി വകുപ്പിന്റെ Total Solution Provider (TSP) മാരുടെ പട്ടികയിൽ നിന്ന് M/s. കെൽട്രോണിനെ തിരഞ്ഞെടുക്കുകയും കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ഓഫീസ് പ്രവർത്തനങ്ങളെ വിവിധ മോഡ്യൂളുകളായി തിരിച്ച് സിസ്റ്റം സ്റ്റഡി നടത്തി സോഫ്റ്റ്‌വെയർ നിർമ്മിച്ച് ട്രയൽ നടത്തി, ഇവയിൽ താഴെ പറയുന്ന 25 മോഡ്യൂളുകൾ പ്രവർത്തന സജ്ജമാക്കുകയുണ്ടായി.<br>1. Inventory Management System<br>2. Purchase Management System<br>3. Academic Management System<br>4. Intranet |

| | | | | |
|---|---|---|---|---|
| | | | | 5. Telephone Management<br>6. Court case Management<br>7. Fleet Management System<br>8. Employee Information System<br>9. Medical Reimbursement<br>10. Disciplinary Action<br>11. Travel Allowance Management<br>12. Leave Management<br>13. Transfer and Posting<br>14. Promotion<br>15. Estate Management<br>16. Construction Management<br>17. Pay Roll<br>18. Fare Structure Management<br>19. Electronic Ticketing Machine<br>20. Provident Fund |

| | | | | |
|---|---|---|---|---|
| | | | | 21. Central Works Management<br>22. Cash<br>23. Pension<br>24. Financial Accounting<br>25. Route Management<br>സോഫ്റ്റ് വെയർ നിർമ്മാണവും, പരിശോധനയും അന്തിമഘട്ടത്തിലെത്തിയെങ്കിലും അപാകതകൾ പരിഹരിച്ച് ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കുവാൻ M/s. കെൽട്രോണിന് സാധിച്ചിട്ടില്ല. ഇതിൽ ഇ.ടി.എം സംവിധാനം കെ.എസ്.ആർ.ടി.സി. യിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. Global Positioning System (GPS) സംവിധാനം ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.-യുടെ കോട്ടയം, എറണാകുളം, തിരുവനന്തപുരം സെൻട്രൽ എന്നീ ഡിപ്പോകളിലെ 750 ബസുകളുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. |
| 6 | 13/05 | 163 | (ബി) ഒരു വർഷം പിന്നിട്ടിട്ടും പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാത്തത് യാത്രക്കാരുടെ വൻപ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; | ഉത്തരവ് പൂർണ്ണതോതിൽ നടപ്പിൽ വരുത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വീഴ്ച വരുത്തിയ 276 ബസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ കണ്ടക്ടർ, ഡ്രൈവർ ഉൾപ്പെടെയുള്ള എല്ലാ |

| | | | | |
|---|---|---|---|---|
| | | | (സി) ബസ് ജീവനക്കാരെക്കുറിച്ചുള്ള പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരമൊരു ഉത്തരവ് നടപ്പാക്കാൻ കാലതാമസം വരുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ?<br><br>ഉറപ്പ്:-(ബി).യും (സി) ബസ് കണ്ടക്ടർമാർക്ക് നെയിംപ്ലേറ്റ് നിർബന്ധമാക്കിക്കൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കാപ്പെടാതെ വരുന്നത് കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ കണ്ടക്ടർമാർ നെയിംപ്ലേറ്റ് ധരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലാണെന്നും തൽഫലമായി നിയമത്തിന്റെ പിൻബലമില്ലാത്തതു മൂലമാണെന്നും സർക്കാരിനു ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 60 ഭേദഗതി ചെയ്തുകൊണ്ട് കണ്ടക്ടർമാർക്ക് നെയിം പ്ളേറ്റ് നിർബന്ധമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൻറെ പരിഗണനയിലാണ്. | വിഭാഗം ജീവനക്കാർക്കും 2016 മുതൽ ഡ്യൂട്ടി സമയത്ത് ധരിക്കുന്നതിന് കെ.എസ്.ആർ. ടി.സി.-യുടെ വ്യക്തമായ എംബ്ലവും, ജീവനക്കാരന്റെ ഫോട്ടോയും, പേരും, തസ്തികയും ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ RFID കാർഡ് കോർപ്പറേഷൻ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഐ.ഡി കാർഡ് ഡ്യൂട്ടി സമയത്ത് ധരിക്കുന്നതിനുള്ള കർശന നിർദ്ദേശവും എല്ലാ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും നൽകിയിട്ടുണ്ട് |
| 7 | 13/05 | 193 | (ഡി) ബസ്സുകളിൽ ഡ്രൈവർക്ക് നിയന്ത്രിക്കാവുന്ന വാതിലുകൾ സ്ഥാപിക്കണമെന്ന ട്രാൻസ്പോർട്ട് വകുപ്പിന്റെ | സ്റ്റേജ് കാര്യേജുകളിൽ ന്യൂമാറ്റിക് ഡോർ നിർബന്ധമാക്കുന്നതിനായി 29-1-2016-ലെ 2764/ബി2/2010/ട്രാൻ നമ്പർ വിജ്ഞാപനം |

| | | | | |
|---|---|---|---|---|
| | | | ശുപാർശ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുണ്ടോ, വെളിപ്പെടുത്തുമോ?<br>ഉറപ്പ്:-(ഡി) സ്റ്റേജ് കാര്യേജുകളിൽ ന്യൂമാറ്റിക് ഡോർ നിർബന്ധമാക്കുന്നതിനു വേണ്ടി 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 280(2) ഭേദഗതി ചെയ്യുന്നതിനായി പുതുക്കിയ കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക സ്വീകരിച്ചുവരുന്നു. | വഴി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 31-5-2016-ലെ ജി.ഒ. (പി) 40/2016/ട്രാൻ. നമ്പർ സർക്കാർ ഉത്തരവിലൂടെ ഇത് പ്രാബല്യത്തിൽ വരുകയും ചെയ്തിട്ടുണ്ട്. |
| 8 | 13/07 | 20 | സി) ആറന്മുളയിൽ പാടം നികത്തി വിമാനത്താവളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നീർത്തട സംരക്ഷണ നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് നിർദ്ദിഷ്ട ഭൂമിയിൽ ലംഘിക്കപ്പെട്ടത്, മറ്റെന്തെല്ലാം നിയമവ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ട്, വിശദമാക്കുമോ?<br>ഉറപ്പ്:- സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പാണ് ഭൂരിഭാഗം നികത്തും നടന്നിട്ടുള്ളത്. കേരള ലാന്റ് കൺസർവൻസി ആക്ടിന്റെ | ആറന്മുള വിമാനത്താവള പദ്ധതിക്കായി ആറന്മുള, മലപ്പുഴശ്ശേരി കിടങ്ങന്നൂർ വില്ലേജുകളിലായി 7.0288 ഹെക്ടർ നിലം ശ്രീ. കെ.ജെ. എബ്രഹാം എന്നയാൾ അനധികൃതമായി നികത്തിയിരുന്നു. നികത്തിയ നിലങ്ങൾ ഉൾപ്പെടെ 91.2370 ഹെക്ടർ സ്ഥലം ശ്രീ. കെ. ജെ എബ്രഹാമിൽ നിന്നും മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് കോഴഞ്ചേരി താലൂക്ക് ലാന്റ്ബോർഡ് ഉത്തരവായിരുന്നു. 7.0353 ഹക്ടർ മിച്ചഭൂമിയായി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ, ഇതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചതിനാൽ ബാക്കി സ്ഥലം ഏറ്റെടുക്കുന്ന തിനുള്ള നടപടി നിർത്തിവച്ചിരിക്കുകയാണ്. |

| | | | | |
|---|---|---|---|---|
| | | | ലംഘനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ ലംഘനങ്ങളെ സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. | കയ്യേറ്റത്തിനെതിരെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം എൽ.സി. കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സ്ഥലത്തെ സർക്കാർ പുറമ്പോക്ക തോട്ടിൽ നിന്നും മണ്ണ് നീക്കം ചെയ്ത് നീരൊഴുക്ക് പുനഃസ്ഥാപിച്ചിട്ടുണ്ട്. പുറമ്പോക്ക് തോട് കയ്യേറ്റം ഒഴിപ്പിച്ച് "സർക്കാർ വക ഭൂമി" എന്ന ബോർഡും സ്ഥാപിച്ചിട്ടുണ്ട്. |
| 9 | 13/11 | 107 | പാചക വാതകം കൊണ്ട് പോകുന്ന വാഹനങ്ങളിൽ നിന്നുമുണ്ടാകുന്ന അഗ്നി ബാധ ഒഴിവാക്കുന്നതിന്റെ ഭാഗമായി പാചക വാതകങ്ങളിൽ ജി. പി. എസ്. സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ?<br>ഉറപ്പ്:- ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ട്. കൺട്രോൾ റൂമുകളിൽ ഏർപ്പെടുത്തേണ്ട നടപടികളെക്കുറിച്ച് പിന്നീട് തീരുമാനിക്കും. | ഓയിൽ കമ്പനികൾ ഇപ്പോൾതന്നെ ജി.പി.എസ്. ഉപകരണം വാഹനങ്ങളിൽ ഘടിപ്പിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളെ നിരീക്ഷിക്കുവാനുള്ള സംവിധാനം മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കുന്നുണ്ട്. പരീക്ഷണാടി സ്ഥാനത്തിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ 10 വാഹനങ്ങൾ നിരീക്ഷിക്കുന്നു. പദ്ധതി പൂർണ്ണമാകുമ്പോൾ നിരീക്ഷണ സംവിധാനം എല്ലാ വാഹനങ്ങളിലും (ട്രാൻസ്പോർട്ട്) നിലവിൽ വരുന്നതാണ്. |
| 10 | 13/14 | 70 | (ബി) ജലഗതാഗത വകുപ്പിന്റെ കീഴിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ പലതും കാലപ്പഴക്കം ചെന്നും അറ്റകുറ്റപ്പണി | ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ കേരളത്തിൽ ആദ്യമായി നാലു ബോട്ടുകൾ ഒരേ സമയം മേജർ റിപ്പയർ ചെയ്യാവുന്ന |

| | | | | |
|---|---|---|---|---|
| | | | നടത്താതെയും അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?<br><br>(സി) ഇവയുടെ പരിശോധനയ്ക്കും റിപ്പയറിംഗിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ?<br><br>ഉറപ്പ്:-(ബി) &(സി) ഇല്ല. വകുപ്പിന്റെ കൃത്യമായ ഫിറ്റ്നസ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച ബോട്ടുകൾ മാത്രമാണ് സർവ്വീസ് നടത്തിപ്പിന് ഉപയോഗിക്കുന്നത്. വകുപ്പിന് രണ്ടു യാർഡുകളാണ് നിലവിലുള്ളത്. ടി യാർഡുകൾ നവീകരിച്ച് മൈനർ അറ്റകുറ്റപ്പണികൾ, വകുപ്പ്, സ്വന്തം നിലയിൽ ചെയ്തു വരുന്നുണ്ട്. മേജർ റിപ്പയറുകൾക്കായി ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ കേരളത്തിൽ ആദ്യമായി 4 ബോട്ടുകൾ ഒരേസമയം മേജർ റിപ്പയർ ചെയ്യാവുന്ന ഡ്രൈ ഡോക്കിന്റെയും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ്‌വേയുടെയും പണികൾ പൂർത്തീകരിച്ചുവരുകയാണ്. റിപ്പയർ വിഭാഗത്തിൽ വിവിധ കാറ്റഗറികളിലായി പുതിയതായി 20 | ഡ്രൈഡോക്കിന്റെയും നാലു ബോട്ടുകൾ കയറ്റാവുന്ന സ്ലിപ്‌വേയുടെയും ഉദ്ഘാടനം 2015 സെപ്റ്റംബർ 27 -ന നടത്തുകയുണ്ടായി. |

| | | | | |
|---|---|---|---|---|
| | | | തസ്തികകൾ അനുവദിച്ച് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. | |
| 11 | 13/16 | 16 | തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള സബർബൻ ട്രെയിൻ സർവ്വീസ് വളരെ പ്രതീക്ഷയോടുകൂടിയാണ് കേരളത്തിലെ ജനങ്ങൾ ഉറ്റുനോക്കുന്നത്. ചെങ്ങന്നൂർ - തിരുവനന്തപുരം സബർബൻ ട്രെയിൻ സർവ്വീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് വിശദീകരിക്കാൻ കഴിയുമോ ?<br><br>ഉറപ്പ്:-സബർബൻ ട്രെയിൻ സർവ്വീസിനെ സംബന്ധിച്ച് ബോംബെ ആസ്ഥാനമായുള്ള റെയിൽവേ കോർപ്പറേഷനുമായി അതിന്റെ വിശദമായ റിപ്പോർട്ടുണ്ടാക്കാൻ ആവശ്യപ്പെടുകയും അവരതിന്റെ ഡി.പി.ആർ. വരെ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുകയുമാണ്. ഞാനിവിടെ സൂചിപ്പിച്ച എസ്.പി.വി. നിലവിൽ വന്നാൽ നമ്മൾ ആദ്യമായി ചെയ്യാൻ പോകുന്ന പ്രവർത്തനം അതായിരിക്കും. | 2017 ജനവരി മൂന്നാം തീയതി നിലവിൽ വന്ന കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ വഴി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് മൂന്നാമതൊരു ലൈനും കൂടി ആവശ്യമാണ് എന്ന റെയിൽവേയുടെ നിർദ്ദേശം പരിഗണിച്ച് സംസ്ഥാന മുഖ്യമന്ത്രിയും സംസ്ഥാന റെയിൽവേ മന്ത്രിയും ചീഫ് സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും, റെയിൽവേ ബോർഡ് ചെയർമാനുമായി തിരുവനന്തപുരത്ത് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇതിനായുള്ള സെൻസിറ്റിവിറ്റി അനാലിസിസും വിശദ പദ്ധതി റിപ്പോർട്ടും തയ്യാറാക്കുവാൻ റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

## XVIII. വിനോദസഞ്ചാര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
| --- | --- | --- | --- | --- |
| 1 | 13/04 | 54 | (എ & ബി) മങ്കട പഞ്ചായത്തിലെ പാലൂർക്കോട്ട വെള്ളച്ചാട്ടം ഒരു ടൂറിസം ഏരിയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?<br><br>ഉറപ്പ്:- എ & ബി) പരിശോധിക്കുന്നതാണ്. | മങ്കട പഞ്ചായത്തിലെ പാലൂർക്കോട്ട വെള്ളച്ചാട്ടം ഒരു ടൂറിസം ഏരിയയായി പ്രഖ്യാപിക്കുന്നതു സംബന്ധിച്ച് നടന്ന പരിശോധനയിൽ, മഴയുള്ള സമയത്ത് മാത്രമുള്ള ഒരു വെള്ളച്ചാട്ടമായതിനാൽ ഇതു സംബന്ധിച്ച ടൂറിസം സാധ്യത പരിമിതമാണ്. ആയതിനാൽ പ്രസ്തുത പ്രദേശം ടൂറിസം ഏരിയയായി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകതയില്ല . |
| 2 | 13/08 | 51 | വയനാട് ജില്ലയിലെ വിനോദസഞ്ചാര വികസനം.<br><br>ഉറപ്പ്:- വയനാട്ടിലെ വിനോദസഞ്ചാര വികസനത്തിനുള്ള കരട് പ്ലാനിന്മേൽ ജനപ്രതിനിധികളും ടൂറിസം മേഘലയിലെ സംഘടനകളുമായി ചർച്ച ചെയ്തു ഫൈനൽ മാസ്റ്റർപ്ലാൻ ഉണ്ടാക്കും. വയനാടിനെ ഏറ്റവും നല്ല ടൂറിസം ഡസ്റ്റിനെഷൻ ആക്കാനുള്ള നടപടി ഉണ്ടാകും | വയനാട് ജില്ലയിലെ കാരാപ്പുഴ ഡാം സൈറ്റിന്റെ വികസനം, സുൽത്താൻ ബത്തേരി ഗവണ്മെന്റ് ഗസ്റ്റ് ഹൗസ് നിർമാണം, പാപനാശിനി, തിരുനെല്ലി, വയനാട് എന്നിവിടങ്ങളിൽ പിൽഗ്രിം ടൂറിസം പദ്ധതി, ചുണ്ടേൽ church, ചീയം എന്നിവിടങ്ങളിൽ പിൽഗ്രിം ടൂറിസം വികസനം, ഫാം ടൂറിസം വികസനം, ട്രൈബൽ ടൂറിസം വികസനം, കാന്തൻപാറ വാട്ടർഫാൾസ്വികസനം, കുറുവ ദ്വീപിൽ സൗകര്യങ്ങൾ വർധിപ്പിക്കൽ, നെല്ലറക്കൽ സെന്റർ വികസനം, അമ്പലവയൽ രണ്ടാം ഘട്ട വികസനം , പഴശ്ശി പാർക്ക് നവീകരണം, മാനന്തവാടി ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, ഇന്റർനാഷണൽ മൗണ്ടൈൻ സൈക്ലിംഗ് മത്സരം, മാവിളന്തോട് പഴശ്ശി സ്മാരകം തുടങ്ങി നിരവധി ടൂറിസം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 13/09 | 119 | (എ) 2012-2013-ൽ കേന്ദ്ര സർക്കാർ തുക അനുവദിച്ച ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?<br><br>ഉറപ്പ്:-(എ) വിനോദ സഞ്ചാര വികസന മേഖലയിൽ കായലോര ടൂറിസം വികസനം ലക്ഷ്യമിട്ട് പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. | പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട് |
| 4 | 13/10 | 48 | (എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നിന്ന് കാസർഗോഡ് വരെയും തിരിച്ചും കപ്പൽ യാത്രയ്ക്കായി കപ്പൽ സർവ്വീസ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; | ഇത്തരമൊരു പദ്ധതി ടൂറിസം വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നതല്ലാത്തതിനാൽ കപ്പൽ സർവ്വീസ് തുടങ്ങുന്ന പദ്ധതി ടൂറിസം വകുപ്പിൽ നിന്നും വിഭാവനം ചെയ്യാൻ സാധിക്കില്ല |

| | | | | |
|---|---|---|---|---|
| | | | (ബി) പ്രസ്തുത സർവ്വീസ് തുടങ്ങുന്ന കാര്യം വിശദമായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ടൂറിസം ഡയറക്ടറേറ്റിന് നിർദ്ദേശം നൽകുമോ; വിശദാംശം നൽകാമോ?<br><br>ഉറപ്പ്:-(എ) യും (ബി)യും പരിശോധിക്കുന്നതാണ് | |
| 5 | 13/11 | 135 | (എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് സീപ്ലെയിൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;<br>വിശദാംശങ്ങൾ അറിയിക്കാമോ?<br><br>ഉറപ്പ്:-(എ) സീപ്ലെയിൻ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊല്ലം, ആലപ്പുഴ, കുമരകം, കൊച്ചി, ബേക്കൽ എന്നീ മുൻഗണനാ പ്രദേശങ്ങളാണ് തെരഞ്ഞെടുത്തത്. ഈ പ്രദേശങ്ങളിൽ പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ഓപ്പറേറ്റർമാർ പൂർണ്ണതോതിലുള്ള സർവ്വീസ് ആരംഭിക്കുന്ന മുറയ്ക്ക് | പ്രാദേശിക സമൂഹത്തിന്റെ പിന്തുണ ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതി നടപ്പാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | ബേക്കൽ ഉൾപ്പെടെയുള്ള മറ്റ് മുൻഗണനാ പ്രദേശങ്ങളിൽ പദ്ധതിയുടെ തുടർനടപടികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. | |
| 6 | 13/12 | 33 | (സി) ടൂറിസം വകുപ്പിന്റെ കീഴിൽ ജി.കെ.എസ്.എഫ്. ക്രാഫ്റ്റ് ഫെസ്റ്റുകൾ സംഘടിപ്പിക്കുമ്പോൾ ടൂറിസം വകുപ്പിന്റെ കീഴിലുള്ള ക്രാഫ്റ്റ് വില്ലേജിനെ പങ്കാളിയാക്കുമോ?<br>(സി) പരിഗണനയിലാണ്.<br>ഉറപ്പ്:-(സി) പരിഗണനയിലാണ്. | ടൂറിസം വകുപ്പിനു കീഴിൽ ജി.കെ.എസ്.എഫ്. ക്രാഫ്റ്റ് ഫെസ്റ്റുകൾ സംഘടിപ്പിക്കുമ്പോൾ ടൂറിസം വകുപ്പിന്റെ കീഴിലുള്ള ക്രാഫ്റ്റ് വില്ലേജിനെ പങ്കാളിയാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| 7 | 13/12 | 46 | (ഡി) വിനോദ സഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?<br>ഉറപ്പ്:-(ഡി) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി അനുയോജ്യമെങ്കിൽ ആയത് പരിഗണിക്കാവുന്നതാണ്. | വടക്കൻ കേരളത്തിലെ ജലാശയങ്ങളുടേയും അവിടത്തെ കലാരൂപങ്ങളും പ്രകൃതി വിഭവങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള നദീതര ടൂറിസം പദ്ധതി ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ് കണ്ണൂർ ജില്ലകളിലെ നദീകളേയും കായലുകളെയും ഉൾപ്പെടുത്തികൊണ്ട് മലനാട് മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് എന്ന ഒരു പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 37.21 ലക്ഷം രൂപയുടെ |

| | | | | |
|---|---|---|---|---|
| | | | | ഭരണാനുമതി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. |
| 8 | 13/12 | 55 | കാലടി-മലയാറ്റൂർ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളും അവിടെയുള്ള പ്രകൃതി രമണീയമായ സംഗതികളും ആനക്കൊട്ടിൽ, കോടനാട്, ഏഴാറ്റുമുഖം, അതിരപ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് ഒരു വൺഡേ ടൂറിസം സർക്യൂട്ട് ഡെവലപ്മെന്റ് നമുക്ക് ഏറ്റവും കൂടുതൽ സാദ്ധ്യമാണ്. ഓർഡിനറി എന്ന സിനിമ വന്നതിനു ശേഷം ഗവി പ്രദേശം കൂടുതൽ അറിയപ്പെടുകയുണ്ടായി. പിൽഗ്രിം ടൂറിസം ഡെവലപ്മെന്റിന്റെ ഭാഗമായി കാലടി, മലയാറ്റൂർ മഹാഗണിത്തോട്ടം, കോടനാട്, ഏഴാറ്റുമുഖം തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് ഒരു വൺഡേ ടൂറിസം സർക്യൂട്ട് ഡെവലപ് ചെയ്ത് കൂടുതൽ ആളുകളെ ആകർഷിക്കാനുള്ള നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:-കാലടി, മലയാറ്റൂർ ഏഴാറ്റുമുഖം തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള സർക്യൂട്ട് മേഖലയിൽ | സി) കാലടി-മലയാറ്റൂർ-അതിരപ്പള്ളി ടൂറിസം സർക്യൂട്ടിന് കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിന് ശേഷം മാത്രമേ പ്രസ്തുത മേഖലയെ ഉൾപ്പെടുത്തിയുള്ള വൺഡേ ട്രിപ്പിന്റെ സാധ്യത പരിഗണിക്കാൻ കഴിയുകയുള്ളൂ. |

| | | | | |
|---|---|---|---|---|
| | | | ടൂറിസം ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് ഇതെല്ലാം ബന്ധിപ്പിച്ചുകൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. ഒരു വൺഡേ ട്രിപ്പ് എന്നുള്ള നിലയിൽ സ്വാഭാവികമായും പല സ്ഥലങ്ങളിലും ഇന്ന് ഡി.ടി.പി.സി.-യുടെ നേതൃത്വത്തിൽ പല ജില്ലകളിലും ഇത്തരം സർക്യൂട്ടുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ട്രിപ്പുകൾ നടക്കുന്നുണ്ട്. ഈ ഒരു കാര്യം ഗവൺമെന്റ് പ്രത്യേകം പരിശോധിക്കും. അതുപോലെ ഗവി, അടവി, കോന്നി തുടങ്ങിയ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു സർക്യൂട്ടിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. | |
| 9 | 13/12 | 58 | (ഇ)ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെല്ലിന്റെ നടത്തിപ്പിനു നിർദ്ദേശിക്കപ്പെട്ട സ്ഥിരം സംവിധാനം എന്തായിരുന്നു; ആയത് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ? | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി ആന്റ് സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റി ആക്കി മാറ്റുന്നത് ടൂറിസം വകുപ്പിന് |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:-(ഇ) ഫെസ്റ്റിവെല്ലിന്റെ നടത്തിപ്പിനായി സ്ഥിരം സംവിധാനം എന്ന നിലയിൽ തിരുവിതാംകൂർ-കൊച്ചി ലിറ്റററി ആന്റ് സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ഒരു സൊസൈറ്റി ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. | സ്ഥിരം സംവിധാനം എന്ന നിലയിൽ ആവശ്യമില്ലെന്നും, ഉപകാരപ്രദമായിരിക്കില്ലെന്നും ആയതിനാൽ ഈ വിഷയത്തിൽ തുടർ നടപടികളൊന്നും വിനോദസഞ്ചാര വകുപ്പ് കൈക്കൊണ്ടിട്ടില്ലെന്നും അറിയിക്കുന്നു |
| 10 | 13/14 | 105 | വളരെ തുച്ഛമായ തുകയാണ് ലൈഫ് ഗാർഡുകൾക്ക് ലഭിക്കുന്ന ദിവസ വേതനം. ജോലിയിൽ സ്ഥിരപ്പെടുത്തണമെന്ന് ഇവർ ആവശ്യപ്പെടുന്നു. അപകടകരമായ ജോലിയായതു കൊണ്ട് ഇൻഷ്വറൻസ് പരിരക്ഷ വേണം. സ്ഥിരപ്പെടുത്തൽ നടപടി പൂർത്തിയാകുന്നതുവരെ ദിവസ വേതനം 600 രൂപയായി നിശ്ചയിക്കണം എന്നീ ആവശ്യങ്ങൾക്കുമേൽ ജീവകാരുണ്യ പരമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം ? | ടൂറിസം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ലൈഫ്ഗാർഡ്, ലൈഫ്ഗാർഡ് സൂപ്പർവൈസർ, ലൈഫ്ഗാർഡ് ചീഫ് കോ ഓർഡിനേറ്റർ എന്നിവരുടെ ദിവസവേതനം യഥാക്രമം Rs.650, Rs.675, Rs.700 ആയി വർദ്ധിപ്പിച്ചുകൊണ്ട് 4-3-2016-ലെ സർക്കാർ ഉത്തരവ് G. O. (Ms.)No. 7/2016/TSM പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ വിഭാഗം ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന വിഷയം പരിശോധിച്ചു വരികയാണ് എന്നും അറിയിക്കുന്നു |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:-ഈ ഗവൺമെന്റ് വന്നശേഷം 150 രൂപയുടെ വർദ്ധനവ് ലൈഫ് ഗാർഡുകൾക്ക് നൽകിയിട്ടുണ്ട്. അതുപോരാ എന്നുള്ള അഭിപ്രായം ഗവൺമെന്റിനുമുണ്ട്. അത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. | |
| 11 | 14/07 | 13 | (സി) സാധാരണക്കാർക്ക് കൂടി കുറഞ്ഞ ചെലവിൽ താമസിക്കുവാൻ കഴിയുന്ന തരത്തിലുള്ള ബഡ്ജറ്റ് ഹോട്ടലുകൾ ടൂറിസം കേന്ദ്രങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും ആരംഭിക്കുന്നതിന് കെ.ടി.ഡി.സി. നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;<br><br>(ബി) കണ്ണൂർ വിമാനത്താവളം ഉടൻ പ്രവർത്തനക്ഷമമാകുന്ന സാഹചര്യ | ബി ) മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ ഫേസ് 1 പ്രോജറ്റിനായുള്ള ലാൻഡ് അക്വസേഷൻ, സർവ്വീസ് റോഡ് മെയിൻ റോഡ് എന്നിവ നടന്നുകഴിഞ്ഞു. PCB, CRZ Clearance ലഭിച്ചിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങുന്നതാണ് . കാസർകോട് , ബേക്കൽ ബീച്ച് ക്യാമ്പിബി) മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ ഫേസ് 1 പ്രോജറ്റിനായുള്ള ലാൻഡ് അക്വസേഷൻ, സർവ്വീസ് റോഡ് മെയിൻ റോഡ് എന്നിവ നടന്നുകഴിഞ്ഞു. PCB, CRZ Clearance ലഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ത്തിൽ വടക്കൻ കേരളത്തിലെ വിനോദ സഞ്ചാര വികസനത്തിന് എന്തൊക്കെ പുതിയ പദ്ധതികളാണ് കെ.ടി.ഡി.സി. ആവിഷ്ക്കരിച്ചിട്ടുള്ളത്?<br>ഉറപ്പ്:-(സി) പരിഗണിക്കാവുന്നതാണ്.<br>(ബി) മുഴപ്പിലങ്ങാടിൽ ഒരു ബീച്ച് റിസോർട്ടും, ബേക്കലിൽ നിലവിലുള്ള 6 കോട്ടേജുകൾക്കൊപ്പം 24 എണ്ണം കൂടെ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആലോചനയിലാണ്. | ബിൽഡിംഗ് പെർമിറ്റിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങുന്നതാണ്. കാസർകോട്, ബേക്കൽ ബീച്ച് ക്യാമ്പിൽ, നിലവിൽ 10 കോട്ടേജുകളുടെ ടെണ്ടർ ക്ഷണിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ സാങ്കേതികതടസ്സം മൂലം നിർമ്മാണം തുടങ്ങുവാൻ സാധിച്ചില്ല. ഇപ്പോൾ ആവശ്യമായ കോട്ടേജുകളിൽ, നിലവിൽ 10 കോട്ടേജുകളുടെ ടെണ്ടർ ക്ഷണിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു . എന്നാൽ സാങ്കേതികതടസ്സം മൂലം നിർമ്മാണം തുടങ്ങുവാൻ സാധിച്ചില്ല. ഇപ്പോൾ ആവശ്യമായ കോട്ടേജുകൾ പ്രീഫാബ്രിക്കേറ്റഡ് രീതിയിൽ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു .<br>സി) കോവിഡിന്റെ 19 പശ്ചാത്തലത്തിൽ പ്രവർത്തന നഷ്ടത്തിലൂടെയാണ് ഇപ്പോൾ കെ.ടി.ഡി.സി. കടന്നു പോകുന്നത്. ശമ്പളം ഉൾപ്പെടെയുള്ള ചിലവുകൾ സർക്കാരിന്റെ നോൺ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ്. മേൽസാഹചര്യത്തിൽ സാധാരണക്കാർക്ക് കൂടി കുറഞ്ഞ ചെലവിൽ താമസിക്കുവാൻ കഴിയുന്നതരത്തിലുള്ള ബഡ്ജറ്റ് ഹോട്ടലുകൾ ടൂറിസം കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും ആരംഭിക്കുന്നതിവേണ്ടി പുതിയ പദ്ധതികൾ ഒന്നും തൽക്കാലത്തേയ്ക്ക് പരിഗണിക്കുവാൻ |

| | | | | |
|---|---|---|---|---|
| | | | | നിർവ്വാഹമില്ല. |

**XIX. ഊർജ്ജ വകുപ്പ്**

## XIX. ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/08 | 38 | ഡി. എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈൻ വഴി അടക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?<br>ഉറപ്പ്:- ഡി. വൈദ്യുതി ബോർഡിലെ മുഴവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ വൈദ്യുതി ബോർഡ് എടുത്തു വരികയാണ്. 2013 ഏപ്രിൽ മുതൽ ഈ സംവിധാനത്തിന് തുടക്കം കുറിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് | സംസ്ഥാനത്തെ മുഴവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 23/04/2013-മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| 2 | 13/09 | 24 | (സി) സോളാർ എനർജി പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ആദ്യഘട്ട മെന്ന നിലയിൽ സംസ്ഥാനത്തെ | സർക്കാർ ഉത്തരവ് ജി.ഒ (എം. എസ്) നം. 16/2016 /പി. എൽ.ജി തീയതി 13.4.2016, ജി.ഒ (എം. എസ്) നം. 19/2016 /പി. എൽ.ജി തീയതി 27-4-2016 പ്രകാരം |

966/2024.

| | | | | |
|---|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളെ സോളാർ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- (സി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളെ സോളാർ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള നിരവധി പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പരിശോധിക്കാനും നടപ്പിലാക്കാനുമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. | സംസ്ഥാന പ്ളാനിംഗ് ബോർഡ്, അഡീഷണൽ പ്ളാൻ ഫണ്ട് അലോക്കേഷനായി 2016-17 വാർഷിക പദ്ധതികളിൽ ജില്ലാ പഞ്ചായത്തുകൾക്ക് അവരുടെ ഉടമസ്ഥതയിലുള്ള സർക്കാർ സ്കൂൾ കെട്ടിടങ്ങളിലെ മേൽക്കൂരയിൽ സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് പ്ളാൻ ഫണ്ട് ഉപയോഗിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. 14 ജില്ലാ പഞ്ചായത്തുകളുടേയും ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടേയും മേൽക്കൂരയിൽ സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള വിശദമായ പരിശോധന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.) നടത്തിയതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലാ പഞ്ചായത്തുകളിലും കൂടി മൊത്തം 18.589 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങൾ സ്ഥാപിക്കാനാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കളക്ടറേറ്റ് കെട്ടിടങ്ങളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സർവ്വേ കെ. എസ്. ഇ. ബി. കാര്യാലയത്തിൽനിന്നും നടത്തുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കി അനെർട്ടിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ 14 കളക്ടറേറ്റുകളിൽ 9 ഇടത്ത് സോളാർ നിലയങ്ങൾ സ്ഥാപിക്കുവാൻ സാധിക്കും എന്ന് |

| | | | | |
|---|---|---|---|---|
| | | | | കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ആകെ സ്ഥാപിത ശേഷി 390 കിലോവാട്ട് ആണ്. ഇത് കൂടാതെ മറ്റ് ചില സ്ഥാപനങ്ങളും സോളാർ പദ്ധതി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി കെ. എസ്. ഇ. ബി. ലിമിറ്റഡ് ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടണ്ടായി പദ്ധതിയുടെ മുഴുവൻ പ്രവർത്തിയും ഇ.പി.സി.കരാർ അടിസ്ഥാനത്തിൽ ആണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുള്ള കരാറുകാരനെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇ-ടെൻഡർ വഴി കണ്ടെത്തും.<br><br>അനെർട്ടിന്റെ കൺസൾട്ടൻസി, ഡെപ്പോസിറ്റ് വർക്ക് സ്കീമുകൾ പ്രകാരം പല സർക്കാർ സ്ഥാപനങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള സംവിധാനം അനെർട്ട് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ഏതാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കിവരുന്നു. |

അനുബന്ധം

| സ്ഥാപനത്തിന്റെ പേര് | സ്ഥാപിത ശേഷി (KWP) | അടങ്കൽതുക (ലക്ഷം രൂപ) | മറ്റ് വിശദാംശങ്ങൾ |
|---|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 480 (44 ഇടങ്ങളിൽ) | 350 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-3-2018-ന് പദ്ധതി പൂർത്തീകരിക്കും |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 670 (29 ഇടങ്ങളിൽ) | 549 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-3-2018 -ന് പദ്ധതി പൂർത്തീകരിക്കും |
| നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് | 25 (ഒരു സ്ഥലത്ത്) | 20.625 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-3-2018-ന് പദ്ധതി പൂർത്തീകരിക്കും |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി | 27 (2 ഇടങ്ങളിൽ) | 20 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-3-2018-ന് പദ്ധതി പൂർത്തീകരിയ്ക്കും |
| | | | | കരിയോട്ടുമല ഫാം | 5.5 (ഒരു സ്ഥലത്ത്) | 4.5 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-3-2018-ന് പദ്ധതി പൂർത്തീകരിയ്ക്കും |
| | | | | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 195 (8 Locations) | 150 | ടെൻഡർ ക്ഷണിയ്ക്കാൻ പോകുന്നു. 31-3-2018-ന് പദ്ധതി പൂർത്തീകരിയ്ക്കും |
| | | | | മലപ്പുറം ജില്ലാ പഞ്ചായത്ത് | 110 | 77.736 | ടെൻഡർ ക്ഷണിയ്ക്കാൻ പോകുന്നു. 31-3-2018-ന് പദ്ധതി പൂർത്തീകരിയ്ക്കും |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 250 (8 ഇടങ്ങളിൽ) | 200 | ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതാണ്. |
| | | | | (സി) സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളെ സോളാർ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള നിരവധി പദ്ധതി നിർദ്ദേശങ്ങൾ | 130 (13 ഇടങ്ങളിൽ) | 100 | ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതാണ്. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പരിശോധിക്കാനും നടപ്പിലാക്കാനുമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്ത് | | | |
| | | | | കോഴിക്കോട് കളക്ടറേറ്റ് | 100 | 78 | |
| | | | | വയനാട് കളക്ടറേറ്റ് | 15 | 13.5 | |
| | | | | മലപ്പുറം കളക്ടറേറ്റ് | 80 | 65 | |
| | | | | പാലക്കാട് കളക്ടറേറ്റ് | 20 | 15.7 | ഡി. പി. ആർ. തയ്യാറാക്കി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഇടുക്കി കളക്ടറേറ്റ് | 24 | 18.5 | സമർപ്പിച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതാണ്. |
| | | | | ആലപ്പുഴ കളക്ടറേറ്റ് | 25 | 20.06 | |
| | | | | പത്തനംതിട്ട കളക്ടറേറ്റ് | 55 | 42.35 | |
| | | | | കൊല്ലം കളക്ടറേറ്റ് | 20 | 15.7 | |
| | | | | തിരുവനന്തപുരം കളക്ടറേറ്റ് | 53 | 42.2 | |
| | | | | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 250 (8 ഇടങ്ങളിൽ) | 200 | ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതാണ്. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | തിരുവനന്തപുരം മെഡിക്കൽ കോളേജ് | 10 കോടി രൂപ ഇതിനായി അനെർട്ടിൽ ലഭ്യമാണ് | | സർവേയ്ക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| | | | | മേപ്പാടി സർക്കാർ സ്കൂൾ | വിശദാംശം നൽകിയിട്ടില്ല. | | |
| | | | | തൃശ്ശൂർ മെഡിക്കൽ കോളേജ് | 1500 | | |
| | | | | പേരാമ്പ്ര ബ്ളോക്ക് പഞ്ചായത്ത് | വിശദാംശം നൽകിയിട്ടില്ല. | | |
| | | | | പാലക്കാട് ജില്ലാ പഞ്ചായത്ത് | 500 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 600 | | |
| | | | | കോട്ടയം ജില്ലാ പഞ്ചായത്ത് | 15 | | |
| | | | | പാങ്ങോട് ഗ്രാമ പഞ്ചായത്ത് | 5 കിലോ വാട്ട് സ്ഥാപിത ശേഷിയിൽ നിലയം സ്ഥാപിക്കാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. | | |

| | | | | |
|---|---|---|---|---|
| 3 | 13/9 | 85 | (ബി) എം.എൽ.എ. ഫണ്ട് ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ സോളാർ പാനൽ സംവിധാനം സജ്ജമാക്കു എന്ന അനർട്ടിന്റെ തീരുമാനം ഈ മേഖലയിൽ | അനെർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യുവാനുള്ള സംവിധാനം ഒരുക്കിക്കൊണ്ട് ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?<br><br>ഉറപ്പ്:- (ബി) ഉണ്ട്. ഈ നടപടിക്രമങ്ങൾ പാലിക്കുന്നതുമൂലം പ്ലാന്റ് സ്ഥാപിക്കുന്നതിന് കാലവിളംബം ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. | |
| 4 | 13/09 | 108 | (ബി) സൗജന്യ കണക്ഷനുകൾ നിർത്തലാക്കിക്കൊണ്ടുള്ള വൈദ്യുതി ബോർഡിന്റെ ഉത്തരവ് പരിശോധി ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(സി) എസ്.ടി/എസ്.സി വിഭാഗ ക്കാർക്ക് പോസ്റ്റുകൾ വേണ്ട കണക്ഷനുകൾ, പ്രത്യേക മുൻഗണനാ പ്രകാരം ലഭിച്ചിരുന്നത് ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നു ണ്ടോ; വ്യക്തമാക്കുമോ?<br><br>ഉറപ്പ്:- (ബി & സി) വൈദ്യുതി ബോർഡ് സൗജന്യ വൈദ്യുതി കണക്ഷനുകൾ നിർത്തലാക്കിയിട്ടില്ല. | (ബി) & (സി) ബഹുമാനപ്പെട്ട കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005 നിലവിൽ വരുന്നതിനുമുൻപ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെടുന്നവർക്ക് പ്രത്യേക മുൻഗണനയിൽ ബോർഡ് സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു. സപ്ലൈ കോഡ് 2005 പ്രകാരം വൈദ്യുതി കണക്ഷൻ ആവശ്യമായ വ്യക്തികളിൽ നിന്നും കണക്ഷൻ നൽകുന്നതിന് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കുന്നതിന് ബോർഡിനെ അധികാരപ്പെടുത്തിയിരുന്നു. എന്നാൽ ആയിരം വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള അപേക്ഷകരെയും അഞ്ഞൂറ് വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. അപേക്ഷകരെയും |

| | | | | |
|---|---|---|---|---|
| | | | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശ പ്രകാരം സൗജന്യ വൈദ്യുതി കണക്ഷൻ പദ്ധതികൾ ക്രമീകരിക്കുക മാത്രമാണ് ചെയ്തത്.<br><br>വൈദ്യുതി കണക്ഷൻ നൽകുന്നതിന് ആവശ്യമായ ന്യായമായ ചെലവ് കണക്ഷൻ ആവശ്യമായ വ്യക്തികളിൽ നിന്നും ഇലക്ട്രിസിറ്റി ആക്റ്റ് 2003-ലെ 46-ാം വകുപ്പ് അനുസരിച്ച് ഈടാക്കുവാ ൻ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ സപ്ലൈകോഡ് 2005, വകുപ്പ് 7(1) പ്രകാരം ബോർഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്.<br><br>500 വാട്സ് വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ള വ്യക്തികളുടെയും, 100 വാട്സ് വരെ കണക്റ്റഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളുടെയും സർവ്വീസ് | ലൈൻ നീട്ടൽ ആവശ്യമില്ലാത്ത സാഹചര്യത്തിൽ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.<br><br>2014 -ൽ നിലവിൽ വന്ന സപ്ലൈ കോഡ്, 2014 പ്രകാരം കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കി മാത്രമേ വൈദ്യുതി കണക്ഷനുകൾ നൽകുവാൻ കഴിയുകയുള്ളൂ. എന്നാൽ കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ 2016 -ൽ ആവിഷ്കരിച്ചതും 2017 -ൽ പൂർത്തീകരിച്ചതുമായ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി എസ്.സി/എസ്.റ്റി. വിഭാഗത്തിലുള്ളവ ഉൾപ്പെടെ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾ സംബന്ധിച്ച കണക്കുകൾ ശേഖരിക്കുകയും ഇവയിൽ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.ഡി.യു.ജി.ജെ.വൈ-യിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ വൈദ്യുതി ശൃംഖല വ്യാപിപ്പിക്കുകയും പദ്ധതി പ്രദേശങ്ങളിലെ ബി.പി.എൽ വിഭാഗക്കാർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകി വരുകയും ചെയ്യുന്നു. വൈദ്യുതി കണക്ഷൻ നൽകുന്നതിന് ആർക്കും പ്രത്യേക മുൻഗണന നൽകുന്നില്ല. |

| | | | | |
|---|---|---|---|---|
| | | | കണക്ഷനുകൾ ലൈൻ നീട്ടൽ ആവശ്യമില്ലെങ്കിൽ ചെലവ് ഈടാക്കാതെ തന്നെ ബോർഡ് നൽകുന്നുണ്ട്. എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്ടട് ലോഡ് പരിധിയില്ലാതെ ആർ.ജി.ജി. വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്. ഈ പ്രയോജനം എസ്.സി/എസ്.ടി വിഭാഗത്തിൽ പ്പെടുന്ന ബി.പി.എൽ. കുടുംബങ്ങൾക്കും ലഭിക്കു ന്നതാണ്. 100 വാട്സിനു താഴെ കണക്ടഡ് ലോഡുള്ള മറ്റ് പാവപ്പെട്ട അപേകഷകർ, വികലാംഗർ, മാനസിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ, 1000 വാട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള അപേ ക്ഷകർ, കണക്ടഡ് ലോഡ് പരിധിയി ല്ലാതെ എസ്.സി/എസ്.ടി. | |

| | | | | |
|---|---|---|---|---|
| | | | വിഭാഗത്തിലുള്ള അപേക്ഷകർ തുടങ്ങിയവർക്ക് സൗജന്യമായി പോസ്റ്റുകൾ വേണ്ട ലൈൻ നീട്ടൽ ആവശ്യമുള്ളതുൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ബോർഡ് റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇത് റഗുലേറ്ററി കമ്മീഷന്റെ പരിഗണ നയിലാണ്. | |
| 5 | 13/11 | 19 | ബി) നിലവിൽ അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും എന്നറിയിക്കാമോ?<br><br>ഉറപ്പ്:- ബി) അപേക്ഷിച്ച എല്ലാവർക്കും ജൂലൈ 31-നകം വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നു | അപേക്ഷിച്ച് കാത്തിരുന്ന എല്ലാപേർക്കും കണക്ഷൻ നൽകിയിട്ടുണ്ട്. കേരള സർക്കാർ ആവിഷ്കരിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരം കേരളം 2017 മെയിൽ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ കണക്ഷനു വേണ്ടിയുള്ള അപേക്ഷകർക്ക് മറ്റു തടസ്സങ്ങളില്ലാത്ത പക്ഷം (റവന്യൂ അധികാരികൾ, ഫോറസ്റ്റ് അധികൃതർ തുടങ്ങിയവരിൽ നിന്നുമുള്ള അനുമതി ലഭിക്കാതിരിക്കുക) നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ പുതിയ കണക്ഷനുകൾ നല്കി |

| | | | | |
|---|---|---|---|---|
| | | | | വരുന്നുണ്ട്. |
| 6 | 13/11 | 81 | എ) കൊച്ചി റിഫൈനറിയിലെ എണ്ണയുടെ ഉപയോഗത്തിനുശേഷമുള്ള ചാരം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പ്രോജക്ട് നിലവിലുണ്ടോ?<br><br>ഉറപ്പ്:- (എ) പെറ്റ്കോക്ക് ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോജക്ട് പരിഗണനയിലുണ്ട്. | കൊച്ചി റിഫൈനറിയുടെ വിപുലീകരണ പദ്ധതിയിൽ നിന്ന് ലഭ്യമാകുന്ന പെറ്റ് കോക്ക് പ്രയോജനപ്പെടുത്തി ഒരു 500 മെഗാവാട്ടിന്റെ താപനിലയം കൊച്ചിയിലെ FACT-ന്റെ കൈവശമുള്ള സ്ഥലത്ത് സ്ഥാപിയ്ക്കുന്നതിന് ഉന്നതതല ചർച്ചകൾ നടക്കുകയും 'ഇൻകെൽ' എന്ന കമ്പനി പദ്ധതി നടപ്പിലാക്കുന്നതിനായി മുന്നോട്ട് വരികയും ചെയ്തിരുന്നു. 'സ്വിസ്റ്റ്ചലഞ്ച് & കേസ്-2 ബിഡ്ഡിംഗ്' എന്നിവ ചേർന്ന മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. അതിന് മുന്നോടിയായി FACT-ന്റെ കൊച്ചി ഡിവിഷന്റെ കീഴിലുള്ള 150 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി.യ്ക്ക് കൈമാറുന്നതിന് പകരമായി FACT-ന്റെ കൈവശമുള്ള സർക്കാർ ഭൂമിയ്ക്ക് ഫ്രീ ഹോൾഡ് അനുവദിച്ചുകൊണ്ട് 2015-ൽ സർക്കാർ ഉത്തരവിറക്കി. പദ്ധതി നടപ്പിലാക്കുന്നതിന് 'ഇൻകെൽ' ആദ്യ ഓഫർ നൽകുകയും ചെയ്തു. വ്യത്യസ്തങ്ങളായ 4 സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാൽ പ്രതീക്ഷിക്കുന്ന വൈദ്യുത നിരക്കുകൾ നൽകിയിരുന്നു. ഇത് യൂണിറ്റൊന്നിന് 5.36 രൂപ മുതൽ 7.56 രൂപ വരെ ഫിക്സഡ് ചാർജ്ജും, 2.08 രൂപ മുതൽ 2.11 രൂപ വരെ ഇന്ധന ചാർജ്ജും ഉൾപ്പെടുന്ന വിധമാണ്. കുറഞ്ഞ നിരക്കിൽ ഇന്ധനം ലഭ്യമാക്കുന്നതിന് ഉന്നതതല കമ്മിറ്റിയിൽ BPCL മായി ചർച്ച നടത്തിയെങ്കിലും |

| | | | | |
|---|---|---|---|---|
| | | | | 5354/MT എന്ന നിരക്കിൽ നിന്നും കുറവു വരുത്തുവാൻ അവർ തയ്യാറായില്ല. പദ്ധതിയിൽ നിന്നുള്ള വൈദ്യുത നിരക്ക് വിലയിരുത്തുമ്പോൾ മറ്റു സ്രോതസ്സുകളിൽ നിന്ന് കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമാകുന്ന നിരക്കിനേക്കാൾ വളരെ അധികമാണെന്നു കണ്ട് പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയില്ല എന്ന വിവരം സർക്കാരിനെ കെ.എസ്.ഇ.ബി.എൽ അറിയിക്കുകയും ആ വിവരം ഇൻകെൽ എന്ന കമ്പനിയെ 2016-ൽ സർക്കാർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതീവ പരിസര മലിനീകരണത്തിന് വഴിവെയ്ക്കുന്ന പെറ്റ് കോക്ക് എന്ന ഇന്ധനം വലിയതോതിൽ ഉപയോഗിക്കുന്ന പദ്ധതി കേരളത്തിലെന്നല്ല രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ തന്നെ നടപ്പിലാക്കുന്നത് മാറിയ സാഹചര്യത്തിൽ തീർത്തും അസാദ്ധ്യമായിട്ടുണ്ട് എന്ന് കെ.എസ്.ഇ.ബി.എൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 7 | 13/11 | 173 | (ബി) കേരളത്തിൽ എവിടെയെല്ലാ മാണ് ഗ്രിഡ് ബന്ധിത സൗരോർജ്ജ പദ്ധതി അനുയോജ്യമെന്ന് കണ്ടെത്തി യിട്ടുള്ളത്; പദ്ധതി നടപ്പാക്കുന്നതിന് കമ്പനി രൂപീകരിക്കാൻ തീരുമാനി | വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ ഗ്രിഡ് ബന്ധിത സോളാർ പ്ലാന്റ് നടപ്പിലാക്കുന്നതിന് ഭൂവുടമകളെ ചേർത്ത് ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻ, ജില്ലാ കളക്ടർ എന്നിവർ ആദ്യ ഡയറക്ടർമാർ ആയ ഈ കമ്പനിയ്ക്ക് 'നോൺ കൺവെൻഷണൽ എനർജി |

| | | | | |
|---|---|---|---|---|
| | | | ച്ചിട്ടുണ്ടോ?<br>ഉറപ്പ്:- (ബി) നിലവിൽ, ധാരണാ പത്രപ്രകാരം ആരംഭിക്കുവാൻ ഉദ്ദശിക്കുന്ന സൗരോർജ്ജ പദ്ധതി, കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിലാണ്.<br>വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിലെ ഭൂമി ഉടമസ്ഥരെ ചേർത്ത് ഒരു വിശിഷ്ടോദ്ദേശ നിർവ്വഹണത്തിനായുള്ള കമ്പനി (Special Purpose Vehicle) ഉണ്ടാക്കുന്നതാണ്. | പ്രൊമോട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേര് നൽകിയിരിക്കുന്നു. |
| 8 | 13/12 | 04 | (എ) കെ.എസ്.ഇ.ബി.-യുടെ നേതൃത്വത്തിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br>(ബി) ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ്:- (ബി,സി.ഡി.ഇ) ഇ.മെയിൽ | കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക് സ്ഥാപിക്കുവാൻ 1086 ഏക്കർ തരിശ്ശുഭൂമി കെ.എസ്.ഇ.ബി.എൽ.-ന് സർക്കാർ കൈമാറിയിരുന്നു. ഇതിൽ അമ്പലത്തറ വില്ലേജിൽ 250 ഏക്കറിൽ 50MW സോളാർ പ്ലാന്റ് 14.09.2017-ൽ സ്ഥാപിച്ചു. ബാക്കി 836 ഏക്കർ ഭൂമി 24.10.2017-ലെ സ.ഉ.(കൈ)നം.353/2017/റവ സർക്കാർ ഉത്തരവ് പ്രകാരം തിരിച്ചെടുത്തതിനാൽ പദ്ധതിയിൽ ഉൾപ്പെട്ട 150 MW സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | സംവിധാനം വഴി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പ്രൊഫോർമയിൽ നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതനുസരിച്ച് ഹയർ സെക്കന്ററി ഡയറക്ടറേറ്റിലും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിലും നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള സമ്പ്രദായത്തിൽ ഒഴിവുകളെല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഇ-മെയിൽ സംവിധാനം മുഖേന റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | |
| 9 | 13/13 | 03 | (സി) സംസ്ഥാനത്തെ ഏതെങ്കിലും പട്ടണത്തിൽ പൂർണ്ണമായോ ഭാഗികമായോ അണ്ടർ ഗ്രൗണ്ട് കേബിൾ വിതരണ | പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെട്ട നവീകൃത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി.) പ്രകാരം നടപ്പിലാക്കുന്നതിനായി കേരളത്തിൽ 43 പദ്ധതികളാണ് |

| | | | | |
|---|---|---|---|---|
| | | | ശൃംഖല സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാര്യക്ഷമത പരിശോധിച്ച് എല്ലാ പട്ടണങ്ങളിലും അത്തരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?<br><br>ഉറപ്പ്:- (സി) കേരളത്തിലെ പ്രധാന നഗരങ്ങളിലും പ്രധാന പട്ടണങ്ങളിലും ഭൂഗർഭ കേബിൾ വിതരണ ശൃംഖല സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. | തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ ഒന്നാം ഭാഗത്തിൽ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവൃത്തികളും, രണ്ടാം ഭാഗത്തിൽ പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തി സാങ്കേതികവാണിജ്യ നഷ്ടം 15 ശതമാനമാക്കി കുറയ്ക്കുന്നതിനുള്ള പദ്ധതികളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പട്ടണങ്ങളിലും, കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ഠൗണിലും, കണ്ണൂർ ജില്ലയിൽ കണ്ണൂർ, പയ്യന്നൂർ, ചൊക്ലി, പെരിങ്ങത്തൂർ, പാപ്പിനിശ്ശേരി, തളിപ്പറമ്പ, മട്ടന്നൂർ എന്നീ ഠൗണുകളിലും, കോഴിക്കോട് ജില്ലയിൽ വടകര ഠൗണിലും, മലപ്പുറം ജില്ലയിൽ മലപ്പുറം, തിരൂർ എന്നീ ഠൗണുകളിലും, തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ, ചാലക്കുടി എന്നീ ഠൗണുകളിലും, ആലപ്പുഴ ജില്ലയിൽ ആലപ്പുഴ, കായംകുളം, ചേർത്തല, അരൂർ എന്നീ ഠൗണുകളിലും, ഇടുക്കി ജില്ലയിൽ തൊടുപുഴ ഠൗണിലും, കോട്ടയം ജില്ലയിൽ കോട്ടയം, ചങ്ങനാശ്ശേരി എന്നീ ഠൗണുകളിലും, കൊല്ലം ജില്ലയിൽ കൊല്ലം ഠൗണിലും, തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നീ ഠൗണുകളിലും ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കണ്ണൂർ, മട്ടന്നൂർ, മലപ്പുറം, അരൂർ എന്നീ ഠൗണുകൾ |

| | | | | |
|---|---|---|---|---|
| | | | | ഒഴികെയുള്ള സ്ഥലങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>കൂടാതെ, കേന്ദ്ര സർക്കാർ പുതിയതായി ആവിഷ്ക്കരിച്ച സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം കേരളത്തിലെ ഇടുക്കി, വയനാട് എന്നീ ജില്ലകളൊഴികെ ബാക്കി ജില്ലകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുമുണ്ട്. |
| 10 | 14/01 | 40 | പരിസ്ഥിതിയ്ക്ക് കുറഞ്ഞ ആഘാതം വരുത്തുന്ന കൂടുതൽ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യത്തിൽ സമയബന്ധിതമായി നയം ആവിഷ്കരിക്കുമോ; സംസ്ഥാനത്ത് ഇതുപോലെയുള്ള ഏതൊക്കെ ജലവൈദ്യുത പദ്ധതി കളാണുള്ളത്; സമയബന്ധിതമായി ഇതൊരു പരിപാടിയായി ഏറ്റെടുക്കാൻ ഉദ്ദേശമുണ്ടോ?<br>ഉറപ്പ്:- പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന 142.5 മെഗാവാട്ടിന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ തരത്തിൽ ആരംഭിക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടികൾ എടുക്കുന്നതാണ്. | നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന 142.5 മെഗാവാട്ട് സ്ഥാപിതശേഷിവരുന്ന 16 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ താഴെപറയുന്നവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.<br>1. അപ്പർ കല്ലാർ -2 മെഗാവാട്ട്<br>2. ചിന്നാർ - 24 മെഗാവാട്ട്<br>3. പെരുവണ്ണാമൂഴി - 6 മെഗാവാട്ട്<br>4. പഴശ്ശിസാഗർ - 7.5 മെഗാവാട്ട്<br>7.5 മെഗാവാട്ട് സ്ഥാപിതശേഷിവരുന്ന ആനക്കയം ജലവൈദ്യുത പദ്ധതിയ്ക്ക് വേണ്ടിവരുന്ന 8 ഹെക്ടർ വനഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിച്ചു കഴിഞ്ഞു. ബാക്കി വരുന്ന 11 പദ്ധതികളുടെയും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ജോലികൾ |

| | | | | | |
|---|---|---|---|---|---|
| | | | | പുരോഗമിച്ചുവരുന്നു. | |
| **11** | 14/05 | 33 | (ബി) പാരമ്പര്യേതര ഊർജ്ജ സാധ്യതകൾ പ്രചരിപ്പിക്കുന്നതിനും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും അനർട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?<br><br>ഉറപ്പ്:- (ബി) 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണം പ്രവർത്തന ങ്ങൾ നടത്താൻ പദ്ധതിയുണ്ട്. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും കോൾസെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും ടോൾ ഫ്രീ നമ്പരിലൂടെ പൊതുജന ങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനും | അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത , പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ . | അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ ' ബൈ മൈ സൺ ' (www.buymysun.com) എന്ന ഇ - കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട് .<br><br>അക്ഷയോർജ്ജ ഉപകരണങ്ങളുടെ പരിപാലനത്തിനായി എല്ലാ നിയോജക മണ്ഡലത്തിലും സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ ഊർജ്ജമിത്ര കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട് .<br><br>'ബൈ മൈ സൺ' വെബ്പോർട്ടലിന്റെയും, ഊർജ്ജ മിത്ര കേന്ദ്രങ്ങളുടെ സേവനങ്ങളെ കുറിച്ചും വ്യാപകമായ പ്രചരണ |

| | | | | | |
|---|---|---|---|---|---|
| | | | വിവധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശനശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നിനും ഉദ്ദേശിക്കുന്നു.<br>അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും നിർമ്മാതാക്കളെ എം.പാനൽ ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നിനും ഉദ്ദേശിക്കുന്നു. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.<br>ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമ | | പരിപാടികൾ നടത്തിയിട്ടുണ്ട്. |
| | | | | അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നത്. | അനെർട്ടിന്റെ സമയാസമയങ്ങളിലുള്ള വിവിധ പദ്ധതികളെ സംബന്ധിച്ച വിവരം പൊതുജനങ്ങൾക്ക് മനസിലാക്കുന്നതിനായി അനെർട്ട് www.anert.kerala.gov.in എന്ന വെബ്സൈറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നു കൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കും വിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണ്ക് മാർക്കറ്റ് പ്ലേയ്സ് ആയ ' ബൈ മൈ സൺ' (www. Buymysun. com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് |

| | | | | | |
|---|---|---|---|---|---|
| | | | മായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേറ്റഡ് റെന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. | | പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട് . |
| | | | | കോൾസെന്റർ സംവിധാനം ഒരുക്കുന്നത് . | അക്ഷയ ഊർജ്ജ രംഗത്ത് അനെർട്ടുമായി ബന്ധപ്പെട്ടുള്ള വിവിധ പദ്ധതികളെ കുറിച്ച് അറിയുന്നതിനും പൊതുജനങ്ങളുടെ സംശയങ്ങളും പരാതികളും നേരിട്ട് കേൾക്കുന്നതിനും അവർക്ക് യഥാസമയം കൃത്യമായ മറുപടി നൽകുന്നതിനും അവരുടെ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി കോൾസെന്റർ സംവിധാനം ഒരുക്കിയിട്ടുണ്ട് . |
| | | | | ടോൾഫ്രീ നം. ഒരുക്കുന്നത് | അനെർട്ട് കേന്ദ്ര ഓഫീസിൽ 1800 425 1803 എന്ന റ്റോൾ ഫ്രീ നമ്പർ സജ്ജമാക്കിയിട്ടുണ്ട് . |
| | | | | വിവിധ പ്രചാരണ പരിപാടികളും സെമിനാറുകളും | അനെർട്ടിന്റെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ പ്രചാരണ പരിപാടികളും സെമിനാറുകളും നടത്തി . |

| | | | | | |
|---|---|---|---|---|---|
| | | | | സഞ്ചരിക്കുന്ന പ്രദർശനശാല | അക്ഷയ ഊർജ്ജ സാങ്കേതിക വിദ്യകളെക്കുറിച്ച് പൊതു ജനങ്ങൾക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് അറിവ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി ഒരു പ്രദർശന വാഹനം അനെർട്ട് വാങ്ങിച്ചിട്ടുണ്ട് . |
| | | | | ദൃശ്യ - ശ്രവ്യ - പത്ര മാദ്ധ്യമങ്ങളിലൂടെ പ്രചാരണം | അനെർട്ടിന്റെ വിവിധ പദ്ധതികളെക്കുറിച്ചും അക്ഷയോർജ്ജം വ്യാപകമാക്കുന്നതിനുമായി ദൃശ്യ - ശ്രവ്യ - പത്ര മാദ്ധ്യമങ്ങളിലൂടെ പ്രചാരണ പരിപാടികൾ നടത്തി . |
| | | | | അക്ഷയഊർജ്ജ ഉപകരണങ്ങൾക്ക് നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കുന്നത് . | അക്ഷയഊർജ്ജ ഉപകരണങ്ങൾക്ക് നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | നിർമ്മാതാക്കളെ എംപാനൽ ചെയ്യുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത് | നിർമ്മാതാക്കളെ എംപാനൽ ചെയ്യ്തിട്ടുണ്ട് . സദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അവരുടെ അക്ഷയോർജ്ജ പദ്ധതികൾ കൺസൾട്ടൻസി / ഡെപ്പോസിറ്റ് വർക്കായി അനെർട്ട് ഏറ്റെടുത്ത് നടത്തുന്നുണ്ട് . |
| | | | | കോ - ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നത്. | സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട് . |
| | | | | ജില്ലാ തലത്തിൽ ഇന്റഗ്രേറ്റഡ് റിന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നത് . | 5 ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട് . |

## XX. ഉന്നത വിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 66 | (എ) സംസ്ഥാനത്ത് സിവിൽ സർവ്വീസ് അക്കാഡമി തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ ?<br>ഉറപ്പ്:- | കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ കോഴിക്കോട് സബ് സെന്റർ 7-2-2014-ലും പാലക്കാട് സബ് സെന്റർ 28-2-2014-ലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| 2 | 13/07 | 44 | ഡി. സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും യു.ജി.സി. പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:- സംസ്ഥാനത്തെ സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്ത എല്ലാ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും ഈ പദ്ധതി ഈ വർഷം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. | കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള യൂണിവേഴ്സിറ്റി അഫിലിയേറ്റഡ് ആയിട്ടുള്ള എല്ലാ സർക്കാർ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും യു.ജി.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കീം പ്രകാരമുള്ള ശമ്പള പരിഷ്കരണം പ്ലേസ്മെന്റുകളും യഥാസമയം നടപ്പിലാക്കിവരുന്നുണ്ട്. പുതിയ കോളേജുകളിലും യഥാസമയം നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് സ്കീം പ്രകാരമുള്ള വിവിധ ഗ്രാന്റുകൾ ലഭിക്കുന്നതിന് പ്രിൻസിപ്പാൾമാർ നേരിട്ട് യു.ജി.സി.-യുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള തളിപ്പറമ്പ് സർ സയ്യദ് കോളേജിൽ പി.ജി. ഡിപ്ലോമ ഇൻ കംപ്യൂട്ടേഷണൽ സയൻസും, കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ പി.ജി. ഡിപ്ലോമ ഇൻ നാനോ ടെക്നോളജി കോഴ്സും യു.ജി.സി. പദ്ധതി പ്രകാരം നിലവിലുണ്ട്.<br><br>മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കു കീഴിലുള്ള 26 എയ്ഡഡ് കോളേജുകളിൽ യു.ജി.സി. ധനസഹായത്തോടെ തൊഴിലധിഷ്ഠിത കോഴ്സുകൾ നടന്നു വരുന്നു. പ്രസ്തുത സർവ്വകലാശാലയ്ക്കു കീഴിലുള്ള 8 സർക്കാർ കോളേജുകളിലും 63 എയ്ഡഡ് കോളേജുകളിലും വിവിധ പദ്ധതികൾ പ്രാബല്യത്തിലുണ്ട്. യു.ജി.സി യുടെ വിവിധ പദ്ധതിക്ക് കാലിക്കറ്റ് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും യു.ജി.സി. ആക്റ്റ് 1956 ലെ 2 (f) 12 B വകുപ്പുകൾ പ്രകാരം അംഗീകൃതമായതുമായ സർക്കാർ കോളേജുകൾ ഉൾപ്പെടെ എല്ലാ കോളേജുകളിലും യു.ജി.സി നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി കോളേജുകളുടെ അപേക്ഷപ്രകാരം നടപ്പിലാക്കിവരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | കുസാറ്റിന് കീഴിലുള്ള DDU Kaushal Kendra-യിൽ യു.ജി.സി അംഗീകരിച്ചിട്ടുള്ള B.Voc, N.Voc & PH.D കോഴ്സുകൾ നടന്നുവരുന്നു.<br>യു.ജി.സി.-യുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാവുമായി ബന്ധപ്പെട്ട് ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| 3 | 13/10 | 01 | ബി) ഏതെല്ലാം മണ്ഡലങ്ങളിലാണ് പ്രാരംഭഘട്ടത്തിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ്:- നടപ്പ് പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലത്തിലും ഓരോ സ്കിൽ പാർക്ക് വീതം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വിദ്യാർത്ഥികൾക്ക് തൊഴിൽ പ്രാവിണ്യം നൽകുവാൻ ഉദ്ദേശിച്ചുതുടങ്ങിയ പദ്ധതിയാണ്. 20-1-2014-ൽ നക്ഷത്ര ചിഹ്നമിട്ട 120-)0 നമ്പർ നിയമസഭാ ചോദ്യത്തിന് മറുപടി നൽകുന്ന വേളയിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ തുടങ്ങുവാനും അതിലൂടെ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുവാനും ആണ് ഉദ്ദേശിച്ചിരുന്നത് എന്നാൽ ഈ പദ്ധതിയെ ഏഷ്യൻ ഡെവലപ്മെൻറ് (ADB) ബാങ്കിന്റെ സാമ്പത്തിക |

| | | | | |
|---|---|---|---|---|
| | | | | സഹകരണത്തിനായി തെരഞ്ഞെടു ക്കുകയും കേരള സർക്കാർ, കേന്ദ്ര സർക്കാർ, ADB എന്നിവർ ചേർന്ന് 27-11-2014-ൽ ത്രികക്ഷി കരാർ ഒപ്പു വയ്ക്കുകയും ചെയ്തു. പുതുക്കിയ പദ്ധതി അനുസരിച്ച് വിദ്യാർത്ഥികൾക്ക് പരിശീലനത്തി നായുള്ള സ്കിൽ പാർക്കുകളെ സ്കിൽ ഡെവലപ്മെൻറ് സെൻററുകൾ (SDC) എന്ന് പുനർ നാമകരണം ചെയ്യുകയും 1100 ഓളം വിദ്യാലയങ്ങളിലെ കുട്ടികൾക്ക് 122 SDC-കൾ മുഖേന പരിശീലനം നൽകി വരുകയും ചെയ്യുന്നു. ഈ 122 SDC-കൾ 113 നിയോജക മണ്ഡലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ബാക്കിയുള്ള 27 നിയോജക മണ്ഡലങ്ങളിലും SDC-കൾ ആരംഭിക്കുന്നതിനുള്ള പ്രായോഗികത പരിശോധി ച്ചുവരികയാണ്. ആകെ 150 SDC-കൾ തുടങ്ങുവാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലുള്ള SDC കളുടെ വിവരം അനുബന്ധം I ആയും നിലവിൽ SDC ഇല്ലാത്ത നിയോജക മണ്ഡലങ്ങളുടെ പട്ടിക അനുബന്ധം II ആയും ഇതോടൊപ്പം ചേർക്കുന്നു. |

| | | | | |
|---|---|---|---|---|
| 4 | 13/10 | 103 | എടുക്കുന്നതിനും വിദ്യാർത്ഥി-അദ്ധ്യാപക സംഘർഷങ്ങൾ ഇല്ലാതാക്കുന്നതിനും സഹായകരമാംവിധം സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള അദ്ധ്യാപകർക്ക് യൂത്ത് സൈക്കോളജിയിൽ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ ?<br><br>ഉറപ്പ്:- കോളേജ് അദ്ധ്യാപകർക്ക് അവരുടെ വിദ്യാർത്ഥികളെ മനസ്സിലാക്കി ക്ലാസ്സ് എടുക്കുന്നതിനും വിദ്യാർത്ഥി-അദ്ധ്യാപക സംഘർഷങ്ങൾ ഇല്ലാതാക്കുന്നതിനും സഹായകരമായ വിധം കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർക്ക് യൂത്ത് സൈക്കോളജിയിൽ പരിശീലനം നൽകുന്നത് ഗുണകരമാണെന്ന് കാണുന്നു. ഇതു സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർക്ക് വകുപ്പിൽ നിന്ന് നല്കിവരുന്ന പരിശീലനങ്ങളോടൊപ്പം അവരുടെ വിദ്യാർത്ഥികളെ മനസ്സിലാക്കി ക്ലാസ് എടുക്കുന്നതിനും വിദ്യാർത്ഥി അദ്ധ്യാപക സംഘർഷങ്ങളും ഇല്ലാതാക്കുന്നതിനും സഹായകരമായ വിധം യൂത്ത് സൈക്കോളജി യിലുള്ള പരിശീലനം കൂടി നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തിലെ ട്രെയിനിംഗ് പ്രോഗ്രാമിൽ യൂത്ത് സൈക്കോളജിയിലും പരിശീലനം നല്കുന്നുണ്ട്. |
| 5 | 13/10 | 107 | എ)കാസർഗോഡ് ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ പ്രസ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ സ്ഥല സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ പ്രസ്സ് | കാസർഗോഡ് ജില്ലയിൽ സർക്കാർ പ്രസ്സ് ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ ഗവൺമെന്റ് പ്രസ്സ് ആരംഭിക്കേണ്ട ആവശ്യകത |

| | | | | |
|---|---|---|---|---|
| | | | അനുവദിച്ച് ഉത്തരവാകുമോ; വ്യക്തമാക്കാമോ?<br>ഉറപ്പ്:- ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. | നിലവിൽ ഇല്ല. |
| 6 | 13/11 | 15 | (എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു കോളേജ് എന്ന തത്വം നടപ്പിലാക്കുമോ ;<br>(ബി) ഇപ്രകാരം അനുവദിക്കപ്പെടുന്ന കോളേജ് ആരുടെ ഉടമസ്ഥതയിലായിരിക്കും ; (സി) ഇങ്ങനെ ആരംഭിക്കുന്ന കോളേജുകൾ സർക്കാർ ഉടമസ്ഥതയിൽ തന്നെ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:-നിലവിൽ സർക്കാർ/ എയ്ഡഡ് കോളേജുകൾ നിലവിലില്ലാത്ത നിയമസഭാ നിയോജക മണ്ഡലത്തിൽ പുതിയ ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 13 നിയോജകമണ്ഡലങ്ങളിൽ പുതിയ ആർട്സ് / സയൻസ് കോളേജ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 12 എണ്ണം സർക്കാർ കോളേജും ഒരു കോളേജ് | സർക്കാർ/ എയ്ഡഡ് കോളേജുകൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ ഒരു ഗവൺമെന്റ് കോളേജ് എന്ന നയം അനുസരിച്ചു സർക്കാർ / എയ്ഡഡ് കോളേജുകൾ നിലവിലില്ലാത്ത 24 നിയോജക മണ്ഡലങ്ങളിൽ പുതിയതായി സർക്കാർ ഉടമസ്ഥതയിൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | എയ്ഡഡും (വേങ്ങര) ആണ്. ശേഷിക്കുന്ന മണ്ഡലങ്ങളിലും സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. | |
| 7 | 13/11 | 73 | സി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ നിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:- സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. | ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനും ആധുനിക രീതിയിലുള്ള അധ്യാപക പരിശീലനത്തിനം നൽകുന്നതിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഉല്പാദന പരിശീലന കേന്ദ്രങ്ങളും വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ബിസിനസ് ഇൻക്യുബേഷൻ സെന്ററുകളും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക-വ്യാവസായിക മേഖലകളുടെ കൂട്ടായ്മയായ ട്രസ്റ്റ് റിസർച്ച് പാർക്കും (Trivandrum Engineering Science & Technology Research Park) പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ യു.ജി.സി, |

| | | | | |
|---|---|---|---|---|
| | | | | എ.ഐ.സി.ടി.ഇ., കൗൺസിൽ ഓഫ് ആർക്കിടെക്ചർ എന്നിവയുടെ മാനദണ്ഡം അനുസരിച്ച് അവലോകനം ചെയ്തു വരുന്നുണ്ട്.<br><br>സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017-ലെ സ. ഉ. (Ms.)37/2017/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനായും ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിരുന്നു. ഈ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കിഫ്ബി ധനസഹായം ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതി ഉൾപ്പെടുത്തി കോളേജുകളിൽ അന്തർദേശീയ നിലവാരത്തിൽ ലാബുകൾ, കമ്പ്യൂട്ടർ നെറ്റ്‌വർക്ക് ലൈബ്രറി |

| | | | | |
|---|---|---|---|---|
| | | | | സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br><br>സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമേൽ അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിന് എ..പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല ഒരു ഓംബുഡ്സ്മാനെ നിയമിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.<br><br>ഇതുകൂടാതെ സ്വാശ്രയ കോളേജുകളിലെ ഇന്റേണൽ അസ്സസ്സ്മെന്റുമായി ബന്ധപ്പെട്ട പരാതികളും പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് എം.ജി. സർവ്വകലാശാല വൈസ് ചാൻസിലർ കൺവീനർ ആയി ഒരു 4 അംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| 8 | 13/11 | 112 | വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള പുസ്തകങ്ങളും സ്വാതന്ത്യ സമരത്തെക്കുറിച്ചും സാമൂഹ്യ പരിഷ്കർത്താക്കളെക്കുറിച്ചുമുള്ള പുസ്തകങ്ങൾ കോളേജ് ലൈബ്രറികളിൽ വാങ്ങുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?<br><br>ഉറപ്പ്:- പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. | വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള പുസ്തകങ്ങളും, സ്വാതന്ത്ര്യ സമരത്തെക്കുറിച്ചും സാമൂഹ്യ പരിഷ്കർത്താക്കളെക്കുറിച്ചുമുള്ള പുസ്തകങ്ങൾ ലൈബ്രറികളിൽ വാങ്ങുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | 13/11 | 124 | കേരളത്തിൽ ഒരു ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശി ക്കുന്നുണ്ടോ?<br><br>ഉറപ്പ്:- അങ്ങനെയൊരു നിയമം കൊണ്ടുവന്നാൽ മാത്രമേ യൂണിവേഴ്സിറ്റികളുടെ ഭരണ സംവിധാനത്തിൽ ഒരു ഏകോപനവും പ്രവർത്തനത്തിൽ ഒരു യൂണിഫൈഡ് സിസ്റ്റവും ഉണ്ടാക്കാൻ കഴിയുകയുള്ളൂ. അതിനെപ്പറ്റി വളരെ ഗൗരവമായി തന്നെ ആലോചിക്കുന്നതാണ്. | ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരുന്നത് പ്രായോഗികമല്ലെങ്കിലും വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെ ഏകീകരിക്കുന്നതിനു നിർദിഷ്ട ഇ-ഗവേർണൻസ് പദ്ധതി ലക്ഷ്യമിടുന്നു |
| 10 | 13/16 | 12 | സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസ് രൂപീകരണം എത്രയുംവേഗം പൂർത്തിയാക്കി പി.എസ്.സി. വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- സ്വീകരിക്കുന്നതാണ്. | സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ടതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തിക്കഴിഞ്ഞു. വിശേഷാൽ ചട്ടങ്ങൾ രൂപകീരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

| | | | | |
|---|---|---|---|---|
| 11 | 14/07 | 01 | എ) സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാലയിൽ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ;<br><br>ബി) തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; തുടർനടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കാമോ?<br><br>ഉറപ്പ്:- എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയതിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വിളപ്പിൽശാലയിലെ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ടി വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം സ്ഥാപിക്കുന്ന തിനായി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വിളപ്പിൽശാല വില്ലേജിൽ 42.1366 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് സ.ഉ(സാധാ) നം. 2297/2018/ ഉ.വി.വ. തീയതി 24-12-2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സ.ഉ.(സാധാ) നം.1757/2019/റവ, തീയതി 3-7-2019 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് 19(1) ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാല/ ഉന്നത വിദ്യാഭ്യാസ/റവന്യൂ അധികൃതർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഭൂമിയുടെ സൗകര്യം കണക്കാക്കി ആദ്യ ഘട്ടമായി 50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

## XXI. സാംസ്കാരികകാര്യ വകുപ്പ്



| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 137 | നമ്മുടെ നാടിന് കൈമോശം വന്നതും വംശനാശഭീഷണി നേരിടുന്നതുമായ ജീവിവർഗ്ഗങ്ങളെയും സസ്യജാലങ്ങളെയും പറ്റി യുവജനങ്ങളെയും വിദ്യാർത്ഥികളെയും ഉദ്ബോധിപ്പിക്കുന്ന ചിത്രങ്ങളും ശ്രുപങ്ങളും ഉൾപ്പെടുത്തിയ ഒരു പ്രദർശനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എല്ലാ വിദ്യാലയങ്ങളിലും സംഘടിപ്പിക്കുവാൻ ഒരു പദ്ധതി തയ്യാറാക്കുമോ ;<br><br>(ബി) നമ്മുടെ മൃഗശാലകളിൽ മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള ജീവിവർഗ്ഗങ്ങളെ പരിചയപ്പെടുത്തുന്ന ഒരു മേഖല ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | എ. വംശനാശഭീഷണി നേരിടുന്നതും മൃഗശാലയിൽ ഉള്ളതുമായ മൃഗങ്ങളെ പരിചയപ്പെടുത്തു ന്നതിന് ഒരു 3D ഡോക്യുമെന്ററി നിർമ്മിച്ചിട്ടുണ്ട്. ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. ഇന്ത്യയുമായി സഹകരിച്ച് കോഫി ടേബിൾ ബുക്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>ബി. 2017-18 സാമ്പത്തിക വർഷത്തിലെ ഗ്രീൻബുക്ക് പദ്ധതിയിലുൾപ്പെടുത്തി വംശനാശ ഭീഷണി നേരിടുന്ന ജീവികളെ പരിചയപ്പെടുത്തുന്നതിനായി ഇന്റർപ്രിട്ടേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് അക്രഡിറ്റേഷൻ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി 4 സെന്ററുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:-എ) വംശനാശഭീഷണി നേരിടുന്നതായ ജീവി വർഗ്ഗങ്ങളെയും സസ്യജാലങ്ങളെയും കുറിച്ച് യുവജനങ്ങളെയും വിദ്യാർത്ഥികളെയും ഉദ്ബോധിപ്പിക്കുന്നതിനായി മൃൂസിയവും മൃഗശാലയും വകുപ്പ് ഒരു ഡോക്യുമെന്ററി നിർമ്മിച്ച ശേഷം വിദ്യാലയങ്ങളിൽ പ്രദർശനം സംഘടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിച്ചു വരുന്നു.<br>(ബി) മൃഗശാലയുടെ പുതിയ മാസ്റ്റർ പ്ലാൻ പ്രകാരം വംശനാശഭീഷണി നേരിടുന്ന ജീവികളെ പരിചയപ്പെടുത്തുന്നതിനായി ഇൻറർപ്രറ്റേഷൻ സെൻറർ സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. | |
| 2 | 13/06 | 10 | എറണാകുളത്ത് ഗോശ്രീ പാലത്തിനടുത്ത് മഹാകവി ജി. ശങ്കരക്കുറിപ്പിന് സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനു വേണ്ടി കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വേ നമ്പർ 2681-ൽപ്പെട്ട 1 ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമി കൊച്ചി നഗരസഭയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:-ഉചിതമായ സ്മാരകമുണ്ടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതായിരിക്കും. | 20/05/2005-ലെ സ. ഉ. (എംഎസ്.) നം. 149/2005/റവന്യൂ പ്രകാരം ഉത്തരവായെങ്കിലും, ഭൂമിയുടെ ലഭ്യത കുറവ് കാരണം ആയത് കൈമാറി ലഭിക്കുക ഉണ്ടായില്ല. തുടർന്ന് മേൽ പരാമർശിച്ച സർവ്വേ നമ്പറിൽ ഉൾപ്പെട്ട 25 സെന്റ് ഭൂമി കൊച്ചി നഗരസഭയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് 18-7-2017- ലെ സ. ഉ. (എംഎസ്.) നം. 233/2017/റവന്യൂ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ കൊച്ചി നഗരസഭയ്ക്ക് അനുവദിച്ച പ്രസ്തുത സ്ഥലം ഏക്കറുകളോളം വരുന്ന റവന്യൂ ഭൂമിയിൽ ഉള്ളിലായി സ്ഥിതി ചെയ്യുന്ന 25 സെന്റ് സ്ഥലമാണ്. പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തുവാൻ പറ്റാത്ത വിധത്തിൽ കാട് പിടിച്ച് കിടക്കുന്നതിനാലും കൃത്യമായി സ്ഥലം അളന്ന് ലഭ്യമാകാതിരുന്നതിനാലുമാണ് പ്രസ്തുത സ്മാരക നിർമ്മാണത്തിന് കാലതാമസം നേരിടുന്നത്. ടി സ്ഥലം കാടുവെട്ടിത്തെളിച്ച് വൃത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഓവർസിയറുടെ പേരിൽ 60,000 രൂപ കൊച്ചി നഗരസഭാ അധികൃതർ തുക ഒടുക്കിയിട്ടുണ്ട്. കൂടാതെ ടി സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി കൊച്ചി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എസ്. 1204/2019 പ്രോജക്ട് |

| | | | | |
|---|---|---|---|---|
| | | | | നമ്പരിൽ 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതും, നിലവിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത സ്മാരക നിർമ്മാണത്തിന്റെ രൂപകൽപ്പന ചെയ്യുന്നതിനും മറ്റുമായി കൊച്ചി നഗരസഭാ അധികൃതർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | 13/08 | 60 | (എ)മലയാളത്തിലെ ആദ്യകാല സിനിമകൾക്ക് ഡിജിറ്റൽ സംരക്ഷണം നൽകുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ഉറപ്പ്:-(എ) ഉണ്ട്. പഴയകാല സിനിമകളുടെ നെഗറ്റിവുകൾ, ഡിജിറ്റൽ കോപ്പികൾ, ബീറ്റാ കോപ്പികൾ, നിശ്ചല ദൃശ്യങ്ങൾ, പാട്ടുപുസ്തകങ്ങൾ, ഡിസ്കുകൾ, നോട്ടീസുകൾ തുടങ്ങി സിനിമയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഇതിനായി ശേഖരിക്കുന്നുണ്ട്. ഇവ ഡിജിറ്റൽ ആയി സൂക്ക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത് . | മലയാളത്തിലെ ആദ്യകാല സിനിമകൾ ഡിജിറ്റൽ രൂപത്തിലാക്കി സംരക്ഷിക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ ഡിജിറ്റൽ ആർക്കൈവ്സ് തുടങ്ങിയിട്ടുണ്ട്. കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ച സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആന്റ് ആർക്കൈവ്സ് (സിഫ്ര) എന്ന ഈ സ്ഥാപനത്തിൽ പഴയകാല സിനിമകൾ സംരക്ഷിച്ചുവെക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം പാട്ടുപുസ്തകങ്ങൾ, നോട്ടീസുകൾ, പോസ്റ്ററുകൾ, ചലച്ചിത്ര പ്രസിദ്ധീകരണങ്ങൾ തുടങ്ങി, സിനിമയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്ത് ഇവിടെ സംരക്ഷിക്കുന്നതാണ്. പഴയകാല സിനിമകളുടെ നെഗറ്റീവുകൾ ശേഖരിച്ച് ഡിജിറ്റൈസ് ചെയ്തും ശബ്ദത്തിന്റെയും ദൃശ്യത്തിന്റേയും ഗുണനിലവാരം വർദ്ധിപ്പിച്ച് റീമാസ്റ്റേർഡ് |

| | | | | |
|---|---|---|---|---|
| | | | | പ്രിന്റുകളാക്കിയും ഇവിടെ സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | 13/10 | 102 | എ) നല്ല സിനിമകളുടെ കൂടുതൽ ജനകീയമായ പ്രദർശനത്തിനായി ഗ്രാമങ്ങൾ തോറും മിനി തീയേറ്ററുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സിനിമാ വകുപ്പുമന്ത്രി മുൻപ് പ്രഖ്യാപിച്ച പദ്ധതി നടപ്പാക്കി യിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കാമോ ?<br><br>ഉറപ്പ്:-എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിന് നൽകുന്ന പ്രദേശങ്ങളിൽ പൊതുസ്വകാര്യ പങ്കാളിത്ത മാതൃക യിൽ തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി. ആവിഷ്കരിച്ചിട്ടുണ്ട്. അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി യിൽ താൽപര്യം പ്രകടിപ്പിക്കുകയും | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിന് നൽകുന്ന പ്രദേശങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് തീയറ്ററുകൾ നിർമ്മിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി. ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി ഡി.പി.ആർ തയ്യാറാക്കുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

966/2025.

| | | | | |
|---|---|---|---|---|
| | | | ബന്ധപ്പെട്ട പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരികയുമാണ്. | |
| 5 | 13/11 | 37 | (സി) സാംസ്കാരിക പൈതൃക സംരക്ഷണത്തിനായി ഒരു അതോറിറ്റി രൂപീകരിക്കുമോ ? <br> ഉറപ്പ്:- (സി) പരിശോധിക്കുന്നതാണ്. | പൈതൃക സരക്ഷണത്തിനായി ഒരു അതോറിറ്റി രൂപികരിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കുവാൻ കഴിയില്ല. |
| 6 | 13/12 | 50 | മലയാള മിഷന്റെ ലക്ഷ്യം നിറവേറ്റുന്നതിന് ഒരു വിദഗ്ധ സമിതികൾ നിയോഗിക്കുമോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പഠന വിഷയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ? <br> ഉറപ്പ്:- മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും പഠനകേന്ദ്രങ്ങൾക്ക് സഹായങ്ങൾ നൽകുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ മലയാളം മിഷൻ | മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി 6 അംഗങ്ങളടങ്ങുന്ന കരിക്കുലം കമ്മിറ്റിയെ 2017 ആഗസ്റ്റ് മുതൽ മലയാളം മിഷൻ നിയോഗിച്ചിട്ടുണ്ട്. മലയാളം മിഷൻ പാഠ്യപദ്ധതി, പരീക്ഷാ നടത്തിപ്പ്, അധ്യാപക പരിശീലനം, തൽസ്ഥല പിന്തുണ, ക്ലസ്റ്റർ മീറ്റിംഗ് തുടങ്ങിയ വിഷയങ്ങൾ കരിക്കുലം കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് പിന്തുടരുന്നത്. |

| | | | | |
|---|---|---|---|---|
| | | | ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഭരണസമിതി ചർച്ചചെയ്ത് മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും സഹായം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചചെയ്ത് പരിഗണിക്കാവുന്നതാണ്. | |
| 7 | 13/14 | 48 | നിലവിലുള്ള മൃഗശാലകൾ കൂടുതൽ സൗകര്യ പ്രദമാക്കുന്നതിനും വിവിധയിനം മൃഗങ്ങളെയും പക്ഷികളെയും കൂടുതലായി നൽകി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ്:-(സി) പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായും പൊതു ജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടിയും ഹോട്ടൽ, മറ്റ് ഭക്ഷ്യ | മൃഗശാലയുടെ 20 വർഷത്തെ വികസനം മുന്നിൽ കണ്ട് (2014-15 മുതൽ 2034-35) മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, ആയതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങുകയുമുണ്ടായി. മാസ്റ്റർ പ്ലാൻ പ്രകാരം തിരുവനന്തപുരം മൃഗശാലയിൽ അനകോണ്ട, കേഴമാൻ, നീലക്കാള, മലയണ്ണാൻ, കുറുക്കൻ, കഴുതപ്പുലി എന്നിവയ്ക്ക് സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് അനുസൃതമായ പരിബന്ധനങ്ങൾ നിർമ്മിക്കുകയുണ്ടായി.സഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി വെള്ളകൃഷ്ണമൃഗങ്ങൾ, വെള്ളക്കാട്ടുവകൾ, കേഴമാനുകൾ, നീലക്കാളകൾ, കാട്ടുകോഴികൾ, വൈറ്റ് ഐബിസുകൾ, പെയിന്റഡ് സ്റ്റോർക്കുകൾ, കോമൺ |

| | | | | |
|---|---|---|---|---|
| | | | വിതരണ സ്ഥലങ്ങൾ എന്നിവിട ങ്ങളിൽ ശുചിത്വം, ഭക്ഷ്യ വിതരണ തൊഴിലാളികളിൽ രോഗം ഉള്ള അവസ്ഥ, സ്കൂളുകളിൽ അടിസ്ഥാന ശുചിത്വ സൗകര്യങ്ങൾ, ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും അടിസ്ഥാന ശുചിത്വ സൗകര്യങ്ങൾ, ലബോറട്ടറികൾ ശരിയായ യോഗ്യത യില്ലാത്തവരെ ഉപയോഗിച്ച് പ്രവർത്തി പ്പിക്കുന്നതിലും ലാബ് ഉപകരണങ്ങളുടെ കാര്യക്ഷമത, ബയോമെഡിക്കൽ മാലിന്യം ശരിയായി നിർമ്മാർജ്ജനം എന്നീ സാഹചര്യങ്ങളിലെ അപാകതകൾ കണ്ടെത്തി അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടി സേഫ് കേരളയുടെ ഭാഗമായി സ്വീകരിക്കുന്ന താണ്. | മാർമോസൈറ്റ്, ബാരാസിംഗകൾ, റോസി പെലിക്കനുകൾ, മുള്ളൻ പന്നികൾ, വാത്തകൾ (വെള്ള), റീസസ് കുരങ്ങുകൾ, കരിംകുരങ്ങുകൾ, മലയണ്ണാൻ, ഹിമാലയൻ കഴുകൻമാർ, നക്ഷത്രആമകൾ, മണ്ണൂലി പാമ്പുകൾ, അനകോണ്ടകൾ, ഒട്ടകപ്പക്ഷികൾ എന്നിവയെ മൃഗശാലയ്ക്ക് ലഭ്യമാക്കി സന്ദർശകർക്ക് പ്രദർശന യോഗ്യമാക്കിയിട്ടുണ്ട്. കൂടുതൽ ആകർഷണീയമാക്കുന്നതിന് വേണ്ടി ജലപക്ഷികളുടെ കൂട് (ആവാസവ്യവസ്ഥയ്ക്ക് അനുസൃതമായി), അക്വേറിയം നവീകരണം, കുട്ടികൾക്ക് വേണ്ടി ചിൽഡ്രൻസ് പാർക്ക് വിപുലീകരണം എന്നിവയുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു. തൃശ്ശൂർ മൃഗശാലയിൽ ഒട്ടകപ്പക്ഷികൾ, റിയ തുടങ്ങിയ പക്ഷികളെ കൊണ്ടു വന്നു. അവിടെ ഒരു ഔഷധസസ്യത്തോട്ടം സന്ദർശകർക്ക് വിജ്ഞാനം നൽകും വിധം സജ്ജീകരിച്ചിട്ടുണ്ട്. സന്ദർശകരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി മൃഗശാലയിൽ സർവയലൻസ് ക്യാമറ സിസ്റ്റം, വാക്കിടോക്കി എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മൃഗശാലാ സന്ദർശനത്തിന് വരുന്ന സന്ദർശകരിൽ നടന്നുപോകാൻ ബുദ്ധിമുട്ടുള്ള വയോജനങ്ങൾക്കും, അംഗപരിമിതർക്കും പ്രയോജനപ്പെടുന്നതിന് നാല് ബാറ്ററി വാഹനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. സന്ദർശകർക്ക് ടിക്കറ്റ് എടുക്കുന്നതിനുള്ള സൗകര്യാർത്ഥം ആട്ടോമാറ്റിക് |

| | | | | |
|---|---|---|---|---|
| | | | | ടിക്കറ്റ് കിയോസ്കുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കുട്ടികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി വാനനിരീക്ഷണത്തിന് ടെലിസ്കോപ്പ് സ്ഥാപിക്കുകയും, ഗാർഡൻ മനോഹരമാക്കി എൽ.ഇ.ഡി. ലൈറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| 8 | 13/14 | 68 | (ഡി) കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ പുതിയ തീയറ്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?<br><br>ഉറപ്പ്:- കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ ആലപ്പുഴയിൽ പുതിയ രണ്ട് തീയറ്ററുകൾ ഉടൻ പ്രവർത്തനക്ഷമമാകുന്നതാണ്. അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീയറ്റർ നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്ന ഇടങ്ങളിൽ പി.പി.വി. മാതൃകയിൽ പുതിയ തീയറ്ററുകൾ പണിയുന്ന പദ്ധതി കെ.എസ്.എഫ്. ഡി.സി.-യുടെ പരിഗണനയിലുണ്ട്. | കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ ആലപ്പുഴയിൽ പുതിയ രണ്ട് തിയറ്ററുകൾ 2015 സെപ്തംബർ മാസം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് തീയറ്ററുകൾ നിർമ്മിക്കുന്ന പദ്ധതിയാണ് നിലവിൽ കെ.എസ്.എഫ്.ഡി.സി.യുടെ പരിഗണനയിലുള്ളത്. പ്രസ്തുത പദ്ധതിയ്ക്കായി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുകയാണ്. |

| | | | | |
|---|---|---|---|---|
| 9 | 14/04 | 02 | എല്ലാ ജില്ലകളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയ ങ്ങൾ സ്ഥാപിക്കുന്ന പദ്ധതി അനുസിച്ച് ഇതിനകം എത്ര കേന്ദ്രങ്ങൾ സ്ഥാപിച്ചുവെന്ന് വെളി പ്പെടുത്തുമോ;<br><br>ഉറപ്പ്:-എല്ലാ ജില്ലാകേന്ദ്രങ്ങളിലും 4-5 ഏക്കർ സ്ഥലം ആവശ്യമായി വരും കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിൽ സ്ഥലം ലഭ്യമാണ് എന്ന് ബന്ധപ്പെട്ട കളക്ടർമാർ അറിയിച്ച തിനെത്തുടർന്ന് നിർദ്ദേശിച്ച സ്ഥലം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ പേരിൽ ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് ആവശ്യമായ നടപടി കൾ ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിൽ കവടിയാറിലെ റവന്യൂ വകുപ്പിന്റെ ഭൂമി പരിഗണിക്കുവാൻ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കൊല്ലം താലൂക്കിൽ ടൂറിസം വകുപ്പിന്റെ സ്ഥലം പരിഗണിക്കണ മെന്ന് സ്ഥലം MLA അറിയിച്ചിട്ടുണ്ട്. | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത പദ്ധതിയുടെ ജില്ല തിരിച്ചുള്ള തൽ സ്ഥിതി ചുവടെ ചേർത്തിരിക്കുന്നു.<br><br>1. പാലക്കാട്<br><br>2. കാസർഗോഡ്<br><br>3. കൊല്ലം<br><br>ഈ മൂന്ന് ജില്ലകളിൽ സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാറുകാരെ നിർണ്ണയിക്കുന്നതിനും ടെണ്ടർ തുക അംഗീകരിക്കുന്നത് സംബന്ധിച്ചും അന്തിമ തീരുമാനമായിട്ടുണ്ട്. ഈ ജില്ലകളിലെ സമുച്ചയ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.<br><br>4. മലപ്പുറം<br><br>മലപ്പുറം ജില്ലയിലെ കോട്ടക്കുന്നിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതിയുടെ ഡി.പി. ആർ. കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചുണ്ട്. |

| | | | | |
|---|---|---|---|---|
| | | | എല്ലാ ജില്ലകളിലും സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | 5. ഇടുക്കി<br><br>ഇടുക്കി ജില്ലയിലെ പീരുമേട്ടിൽ ലഭ്യമായ 5 ഏക്കർ ഭൂമിയിൽ മണ്ണ് പരിശോധന, ടോപ്പോഗ്രാഫിക് സർവ്വേ എന്നിവ പൂർത്തിയായിട്ടുണ്ട്. വിശദമായ പ്രോജക്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു.<br><br>6. കോഴിക്കോട്<br><br>ഇൻഡോ ഷാർജ കൾച്ചറൽ സെന്റർ, കൺവെൻഷൻ സെന്റർ, എക്സിബിഷൻ സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്നതിന് കോഴിക്കോട് ഒളവണ്ണ വില്ലേജിൽ 30 ഏക്കറോളം സ്വകാര്യ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി സാംസ്കാരിക വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള അർത്ഥനാ പത്രം കോഴിക്കോട് ജില്ലാ കളക്ടർക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി ഭൂമിയുടെ പെഗ് മാർക്കിംഗും, ജോയിന്റ് ഇൻസ്പെക്ഷനും പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള സാമൂഹികാഘാത പഠനം (SIA Study) നടത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 7. തൃശ്ശൂർ<br><br>തൃശ്ശൂർ-എറണാകുളം സ്റ്റേറ്റ് ഹൈവേയിൽ ചിയ്യാരം ജംഗ്ഷനിൽ നിന്നും കൂർക്കഞ്ചേരിയിലേയ്ക്കുള്ള ബൈപ്പാസ് റോഡിൽ 500 മീറ്റർ മാറി കുരിയച്ചിറ സെന്റ് പോൾസ് കോൺവെന്റ് റോഡിന് അഭിമുഖമായി ആവശ്യമായ 305 ഏക്കർ ഭൂമി വിട്ടു നൽകാമെന്ന് തൃശ്ശൂർ കോർപ്പറേഷൻ മേയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി പദ്ധതിയ്ക്ക് അനുയോജ്യമാണെന്ന് സ്ഥല സന്ദർശിച്ച് ബാധ്യപ്പെട്ടുകയുണ്ടായി. ഭൂമി കൈമാറ്റ നടപടികൾ പുരോഗമിക്കുന്നു. കൺസൽട്ടിംഗ് ഏജൻസി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ മണ്ണ് പരിശോധന, ടോപ്പോഗ്രാഫിക് സർവ്വേ എന്നിവ പൂർത്തിയായിട്ടുണ്ട്.<br><br>8. ആലപ്പുഴ<br><br>മാവേലിക്കരയിൽ ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 5 ഏക്കർ സർക്കാർ ഭൂമി പദ്ധതിയ്ക്കായി ലഭ്യമാക്കാമെന്ന് എം.എൽ.എ. അറിയിച്ചിട്ടുണ്ട്. സ്ഥലം സന്ദർശിച്ച് അനുയോജ്യത സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ഔദ്യോഗിക അനുമതിയ്ക്കായി ഫയൽ സമർപ്പിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 9. കോട്ടയം<br><br>കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ ചങ്ങനാശ്ശേരി താലൂക്കിൽ കങ്ങഴ വില്ലേജിൽ കണ്ടെത്തിയ സ്വകാര്യ ഭൂമി നിലവിലുള്ള ചട്ടപ്രകാരം നേരിട്ട്/നെഗോഷ്യബിൾ പർച്ചേസ് വഴി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ നടന്നു വരുന്നു.<br><br>10. കണ്ണൂർ<br><br>ഉറപ്പ്:-കണ്ണൂർ പാട്യം ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടു നൽകുന്ന 89 സെന്റ് ഭൂമിയോടൊപ്പം പദ്ധതിയ്ക്കായി 2015 ഏക്കർ സ്വകാര്യ ഭൂമി കൂടി ഏറ്റെടുക്കേണ്ടതായുണ്ട്. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ സാമൂഹ്യ ആഘാതപഠനം (SIA Study) പൂർത്തിയായിട്ടുണ്ട്. തുടർ നടപടികൾ നടന്നു വരുന്നു.<br><br>11. എറണാകുളം<br><br>ജില്ലയിൽ കണ്ടെത്തിയ സ്വകാര്യ ഭൂമി CRZ ന്റെ (Coastal Regulatory Zone) പരിധിയിൽ വരുന്നതിനാൽ തീരദേശ |

| | | | | |
|---|---|---|---|---|
| | | | | പരിപാലന നിയമ പ്രകാരം സമുച്ചയ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതല്ല എന്ന് കണ്ടെത്തി. അനുയോജ്യമായ ഭൂമി കണ്ടെത്താനുള്ള നടപടികൾ നടന്നു വരുന്നു.<br>12. തിരുവനന്തപുരം<br>13. പത്തനംതിട്ട<br>14. വയനാട്<br>ഈ മൂന്ന് ജില്ലകളിൽ പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്താനായിട്ടില്ല. റവന്യൂ ഭൂമിയോ ഡയറക്ട്/ നെഗോഷ്യബിൾ പർച്ചേസ് വഴി സ്വകാര്യ ഭൂമിയോ ലഭ്യമാണോ എന്ന് അറിയിക്കുവാൻ ജില്ലാ ഭരണകൂടത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>നവോത്ഥാന സാംസ്കാരിക സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും പരമാവധി ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നതിനും പ്രത്യേകം ശ്രദ്ധയോടെ നടപടികൾ സ്വീകരിച്ചുവരുന്നു. |

## XXII. സഹകരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/04 | 60 | കൺസ്യൂമർഫെഡ് വഴി നെല്ല് സംഭരിക്കുന്നത് നിർത്തലാക്കിയതു മൂലം നെല്ലുല്പാദകർക്ക് ഉണ്ടായ വിഷമങ്ങൾ പരിഹരിക്കുന്നതിന് കൺസ്യൂമർഫെഡ് വഴി നെല്ല് സംഭരിക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ ?<br><br>ഉറപ്പ്:-കൺസ്യൂമർഫെഡ് വഴി നെല്ല് സംഭരിക്കാത്തതിനെതിരെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് നടപടി എടുക്കുന്നതാണ് | കൺസ്യൂമർഫെഡ് ചുരുങ്ങിയ കാലയളവിൽ മാത്രമേ നെല്ലുൽപ്പാദകരിൽ നിന്നും നെല്ല് സംഭരിച്ചിട്ടുള്ളൂ. നിലവിൽ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന കാര്യം ഫെഡറേഷന്റെ പരിഗണനയിലില്ല. |
| 2 | 13/05 | 41 | വിദ്യാഭ്യാസ വായ്പകൾക്ക് പഠനകാലത്തെ പലിശ ഒഴിവാക്കി കൊടുക്കുവാനുള്ള പദ്ധതി സഹകരണ ബാങ്കുകളിൽ നടപ്പാക്കുമോ? | നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിലുള്ള ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നെടുക്കുന്ന വിദ്യാഭ്യാസ വായ്പയിൽ വിദ്യാർത്ഥിയുടെ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:- വിദ്യാഭ്യാസവായ്പകൾക്ക് പഠനകാലത്തെ പലിശ ഒഴിവാക്കി കൊടുക്കുവാനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സഹകരണ ബാങ്കുതലത്തിൽ സ്വീകരിച്ചുവരുന്നു. | പഠനകാലത്തെ വപലിശ സബ്സിഡി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ സർക്കാർ ഇടപെടലിനെത്തുടർന്ന് സംസ്ഥാന സഹകരണ ബാങ്കിനു കൂടി പദ്ധതി ബാധകമാക്കിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ എടുക്കുന്ന വായ്പയ്ക്കും കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ വായ്പയുള്ള പലിശ സബ്സിഡി സ്കീം പ്രകാരം വിദ്യാർത്ഥിയുടെ പഠനകാലത്ത് പലിശ ഒഴിവാക്കി നൽകുന്നു. |
| 3 | 13/08 | 09 | എ) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?<br><br>ഉറപ്പ്:-എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലേക്കുമുള്ള സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഈ മാസത്തിൽ തന്നെ തുടങ്ങുന്നതാണ്. | 142 മൊബൈൽ ത്രിവേണികളിൽ 57 എണ്ണം നിലവിൽ പ്രവർത്തിക്കുന്നു. മൊബൈൽ ത്രിവേണികളുടെ സേവനം പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങി പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൃത്യമായി എത്തിയ്ക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തു വരുന്നു. സംസ്ഥാനത്ത് നിലവിൽ പ്രവർത്തന യോഗ്യമായ 57 മൊബൈൽ ത്രിവേണികൾ ഇത്തരത്തിൽ പ്രവർത്തിപ്പിയ്ക്കാൻ സജ്ജമായി വരുന്നു.<br><br>മൊബൈൽ ത്രിവേണികളുടെ വിൽപ്പന ലാഭകരമല്ല. വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കും, മറ്റ് ചെലവുകൾക്കും |

| | | | | |
|---|---|---|---|---|
| | | | | ടെസ്റ്റ് വർക്ക് എന്നിവയ്ക്കുമായി ഭീമമായ തുക ചെലവ് വരുന്നു. കുറഞ്ഞ ശമ്പളത്തിൽ ഡ്രൈവർമാരുടെ ലഭ്യതക്കുറവാണ് പ്രവർത്തനം നിർത്തലാക്കാനുള്ള മറ്റൊരു കാരണം. |
| 4 | 13/10 | 24 | (എ)കർഷകർക്ക് ആവശ്യമായ സഹകരണ കാർഷിക സേവനങ്ങൾ ലഭ്യമാക്കുന്നതിന് പുതിയ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുമെന്നുള്ള ബജറ്റ് പ്രഖ്യാപന ത്തിൻറെ അടിസ്ഥാനത്തിൽ എത്ര സേവന കേന്ദ്രങ്ങൾ ഇതിനകം ആരംഭി ച്ചിട്ടുണ്ടെന്നറിയിക്കുമോ ?<br><br>ഉറപ്പ്:-(എ) 2012-13 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 40 ബ്ലോക്കു കളിലായി കർഷകസേവന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിനകം 16 കർഷക സേവനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതും മറ്റുള്ള കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച് നടപടി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നതുമാണ്. | 2012-13 സാമ്പത്തിക വർഷത്തിൽ നാൽപ്പതു ബ്ലോക്കുകളിലായി നാൽപ്പതു കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുകയും തുടർന്ന് 2013-14, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലായി മുപ്പത്തിരണ്ട് കർഷക സേവന കേന്ദ്രങ്ങളും ആരംഭിക്കുകയുണ്ടായി. നിലവിൽ ആകെ എഴുപത്തിരണ്ട് കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 5 | 13/10 | 25 | സഹകരണസംഘങ്ങളെ ശക്തിപ്പെടുത്താൻ പ്രഖ്യാപിച്ച "ധാര" പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയത്; ഇതിലൂടെ പ്രാഥമിക കാർഷികവായ്പ സംഘങ്ങൾക്ക് ഏത് തരത്തിലുള്ള പ്രയോജനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കുമോ?<br><br>ഉറപ്പ്:-സംസ്ഥാനത്തെ പ്രാഥമിക കാർഷികവായ്പാസംഘങ്ങൾ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 14 ജില്ലകളിലെ 16 താലൂക്കുകളിലെ എല്ലാമേഖല യിലുമുള്ള സഹകരണ സംഘങ്ങളുടെയും പുനരുദ്ധാരണമാണ് ധാര പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ടി പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ കരട് ജില്ലകളിൽ തയ്യാറാക്കിവരുന്നുണ്ട്. ടി കരടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചതിനു ശേഷം ഉപധനാഭ്യർഥന മുഖേന അപേക്ഷിച്ചിട്ടുള്ള | 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ധാരാ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലായിരുന്നു. ഒന്നാം ഉപധനാഭ്യർത്ഥന മുഖേന 1000 രൂപ ടോക്കൺ പ്രൊവിഷനായി മാത്രം 2425 -107-69 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും ആവശ്യമായ അധിക തുക അനുവദിക്കാത്തതിനാൽ ധാരാ പദ്ധതി നടപ്പിലാക്കിയിട്ടില്ല . |

| | | | | |
|---|---|---|---|---|
| | | | 10 കോടി രൂപ ലഭ്യമാകുന്ന മുറക്ക് സംഘങ്ങളുടെ പുനരുദ്ധാരണത്തിന് നടപികൾ സ്വീകരിക്കുന്നതാണ് | |
| 6 | 13/10 | 83 | (സി) നീതി സ്റ്റോറുകൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:-(സി) സ്റ്റോറുകൾ ആരംഭിക്കുന്നതിന് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, വിപണന സാധ്യത കൂടി പരിഗണിച്ച് അപേക്ഷ ലഭിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. | നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലാണ്. ഇത്തരത്തിലുള്ള 2000 നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട് |
| 7 | 13/12 | 77 | കൺസ്യൂമർഫെഡിനെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ്:-സ്വീകരിക്കുന്നതാണ്. | കൺസ്യൂമർഫെഡറേഷനെ ജനോപകാരപ്രദമായ രീതിയിൽ നിലനിർത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. പ്രാഥമിക സഹകരണ സംഘങ്ങൾ ഏകദേശം 2000 നീതി വിപണന കേന്ദ്രങ്ങളോ, സൂപ്പർ മാർക്കറ്റുകളോ, പൊതുവിതരണ കേന്ദ്രങ്ങളോ ആരംഭിയ്ക്കാനാണ് ലക്ഷ്യമിടുന്നത്. ഇവയിൽ നിന്നും ആവശ്യമായ വസ്തുക്കളുടെ ഇൻഡന്റ് കൺസ്യൂമർഫെഡിന്റെ റീജിയണൽ ഓഫീസുകളിൽ ശേഖരിച്ച് സംസ്ഥാനതലത്തിൽ ഏകോപിപ്പിച്ച് |

| | | | | |
|---|---|---|---|---|
| | | | | പർച്ചേസ് ഓർഡർ നൽകിവരുന്നു. ഇൻഡന്റി നൊടൊപ്പം അഡ്വാൻസായി 80% തുകയും സംഘങ്ങൾ അടയ്ക്കുന്ന പക്ഷം കൺസ്യൂമർഫെഡിന് പ്രവർത്തന മൂലധനത്തിന്റെ ആവശ്യകത കുറയ്ക്കാൻ കഴിയും.<br>2. കൺസ്യൂമർഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിയ്ക്കുന്നതിനും അത് വഴി വിലക്കയറ്റത്തെ തടഞ്ഞു നിർത്തുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്.<br>3. പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിട ങ്ങളിൽ കൺസ്യൂമർഫെഡിന്റെ മൊബൈൽ ത്രിവേണിയുടെ സേവനം കൃത്യമായി എത്തിക്കുന്നതിന് പദ്ധതിയുണ്ട്.<br>4. നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭ്യ മാക്കുന്നതിന് ഇ-ടെൻഡർ സംവിധാനം ഫലപ്രദ മാക്കുന്നതിനും, സപ്ലൈയർമാരെ അവരുടെ കഴിഞ്ഞകാല പ്രവർത്തനത്തിന്റെയും ലഭ്യമാക്കുന്ന സാധനങ്ങളുടെ ഗുണമേന്മയുടെയും അടിസ്ഥാന ത്തിൽ ഗ്രേഡ് ചെയ്ത് വെൻഡറിനെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 5. വിപണി ഇടപ്പെടലിന് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ജില്ലാ ബാങ്കുകളിൽ നിന്നും പ്രാഥമിക സംഘങ്ങളിൽ നിന്നും വർക്കിങ്ങ് ക്യാപിറ്റൽ എന്ന നിലയിൽ ഹ്രസ്വകാലവായ്പകൾ പൂൾ ചെയ്യുന്നതിന് പദ്ധതിയുണ്ട്.<br>6. കേന്ദ്രീകൃത പർച്ചേസ് സംവിധാനം കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>7. ഇ മേഖലയിൽ പ്രവർത്തിക്കുന്ന സപ്ലൈക്കോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾ പ്രോമോഷൻ കൗൺസിൽ എന്നിവയുമായി ഒത്തു ചേർന്ന് പ്രവർത്തിയ്ക്കാനും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വം ഇതിനായി പ്രയോജന പ്പെടുത്താനും ആലോചിച്ചു വരുന്നു.<br>8. മരുന്ന് കമ്പനികളിൽ നിന്ന് നേരിട്ട് മരുന്ന് വാങ്ങുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിലക്കുറവിൽ മരുന്നുകൾ വിപണിയിൽ എത്തിയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിയ്ക്കുന്നു.<br>9. സ്കൂൾ തുറക്കുന്ന കാലയളവിൽ ത്രിവേണി നോട്ട് ബുക്കുകൾ മുതൽ വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാവിധ പഠനസാമഗ്രികളും ലഭ്യമാക്കുന്ന തരത്തിൽ സ്കൂൾ മാർക്കറ്റുകൾ വലിയ തോതിൽ |

| | | | | |
|---|---|---|---|---|
| | | | | സംഘടിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. |
| 8 | 13/15 | 04 | പ്രവാസി നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സഹകരണ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>ഉറപ്പ്:-പ്രവാസികളുടെ നിക്ഷേപം സ്വീകരിക്കുന്നതിന് സഹകരണ ബാങ്കുകൾ റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. റിസർവ് ബാങ്കിന്റെ നിർദ്ദേശം പാലിച്ചിട്ടുള്ള നാല് ജില്ലാ ബാങ്കുകൾക്ക് NRI നിക്ഷേപങ്ങൾ ആരംഭിക്കുന്നതിന് റിസർവ് ബാങ്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടുതൽ ബാങ്കുകൾക്ക് NRI നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. | അംഗീകാരം നൽകിയതിനു പുറമേ 5 അർബൻ സഹകരണ ബാങ്കുകൾക്കുകൂടി NRI നിക്ഷേപം സ്വീകരിക്കുന്നതിന് RBI അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു. |
| 9 | 14/01 | 07 | കൺസ്യൂമർഫെഡിലെ അഴിമതിയാരോപണത്തെക്കുറിച്ചും കെടുകാര്യസ്ഥതയെക്കുറിച്ചും സമഗ്രാന്വേഷണം നടത്താൻ | കൺസ്യൂമർ ഫെഡറേഷനിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തി വന്നിരുന്ന അന്വേഷണത്തിൽ 595.52 കോടി രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | തയ്യാറാകുമോയെന്ന് വെളിപ്പെടുത്തുമോ ;<br><br>ഉറപ്പ്:-നിലവിൽ നടന്നുവരുന്ന വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇപ്പോൾ നടന്നു വരുന്ന വിജിലൻസ് അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. | അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ നിമയം 68 പ്രകാരമുള്ള തുടർ നടപടികൾ WP(C) 39358/2016 നമ്പർ കേസിന്റെ 6-3-2017-ലെ വിധിക്കെതിരെ ഡോ.റിജി.ജി.നായർ ഫയൽ ചെയ്ത WA 1554/2017 മേലുള്ള 1-8-2018-ലെ വിധി പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കുന്നതിനും അർജന്റ് പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കണമമെന്ന് അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർ നടപടിക്ക് അനുമതി ലഭിച്ച ശേഷം 68-ാം വകുപ്പ പ്രകാരമുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണവും നടന്നു വരികയാണ്. |
| 10 | 14/02 | 43 | ആരോഗ്യമേഖലയിൽ പേവാർഡുകൾ സൃഷ്ടിച്ച് രോഗികൾക്ക് സഹായകരമായ നിലപാട് എടുക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിയുമോ?<br><br>ഉറപ്പ്:-പുതിയ പേവാർഡുകൾക്ക് ആരോഗ്യ വകുപ്പ് അനുമതി നൽകുക | സഹകരണ പ്രസ്ഥാനങ്ങൾ ഇടപെട്ട് ആരോഗ്യ മേഖലയിലെ ആശുപത്രികളിൽ പേവാർഡുകൾ നിർമ്മിച്ച നൽകണമെന്ന ആവശ്യം ആരോഗ്യവകുപ്പ് ഉന്നയിച്ചിട്ടില്ലാത്തതിനാൽ അത്തരം നടപടി സ്വീകരിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | യാണെങ്കിൽ വകുപ്പ് അത്തരം വാർഡുകൾ നിർമ്മിക്കുന്നതിന് തയ്യാറാണ്. | |

## XXIII. കായിക യുവജനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 59 | (എ) സംസ്ഥാനത്ത് വിവിധ സ്പോർട്സ് സംഘടനകളിലും സ്പോർട്സ് കൗൺസിലുകളിലും അമിതമായ രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;<br><br>(ബി) ഇതിനായി കേന്ദ്ര സർക്കാർ രൂപം നൽകിയ മാതൃകയിൽ ഒരു സമഗ്രമായ സ്പോർട്സ് ബിൽ അവതരിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?<br><br>ഉറപ്പ്:-(എ) സ്പോർട്സ് കൗൺസിലുകളിലും വിവിധ സ്പോർട്സ് സംഘടനകളിലും | (എ) & (ബി) സംസ്ഥാന സർക്കാർ 2000-ലെ സ്പോർട്സ് ആക്ടിൽ കാലോചിതമായ പരിഷ്കരണങ്ങൾ വരുത്തി 1-1-2016-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കുന്നതിനായി കേരളാ സ്പോർട്സ് ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.<br>(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്. | |
| 2 | 13/02 | 77 | സ്പോർട്സിനെ ഒരു സയൻസായി അംഗീകരിച്ചുകൊണ്ട് ഒരു കായിക സർവ്വകലാശാല കേരളത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുമോ?<br>ഉറപ്പ്:-സപോർട്സ് യൂണിവേഴ്സിറ്റിക്കു പകരം എല്ലാ കായിക രംഗത്തും ഉയർച്ച ഉണ്ടാക്കാൻ കായികരംഗത്തെ വികസനത്തിനുവേണ്ടി ഒരു സ്പോർടസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഈ സർക്കാർ ആഗ്രഹിക്കുന്നു. | കായിക രംഗത്തെ സമഗ്ര വികസനത്തിന് ഉതകുന്ന ശാസ്ത്രീയ ഗവേഷണങ്ങൾ നടത്തുന്നതിനും സ്പോർട്സ് സയൻസുമായി ബന്ധപ്പെട്ട നവീന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും അന്താരാഷ്ട്ര നിലവാരമുള്ള കായിക സർവ്വകലാശാല രൂപവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നു.<br>കേരളത്തിന്റെ സമഗ്ര കായിക വികസനത്തിനായി ആസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് 'സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ് എന്ന പദ്ധതി 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കിയിരുന്നു. ഇതനുസരിച്ച് വിക്ടോറിയൻ യൂണിവേഴ്സിറ്റിയുമായി ചേർന്ന് സ്പോർട്സ് ബിസിനസ്സ് എൺവയോൺമെന്റ്, സ്പോർട്സ് പെർഫോമൻസ് എൺവയോൺമെന്റ് എന്നീ |

| | | | | |
|---|---|---|---|---|
| | | | | വിഷയങ്ങളിലായി 3 വർക്ക്ഷോപ്പുകൾ നടത്തി. പ്രസ്തുത വർക്ക്ഷോപ്പുകളിൽ കേരളത്തിലെ കായിക രംഗത്ത് മികവ് തെളിയിച്ച പ്രതിഭകൾ പങ്കെടുക്കുകയും കായിക രംഗത്തെ ന്യൂനതകളും മികവുകളും സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. വർക്ക്ഷോപ്പുകളിൽ നിന്ന് ലഭിച്ച ആശയങ്ങൾ ഉൾപ്പെടുത്തി കേരള കായിക രംഗത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന ഒരു കർമ്മ പരിപാടിയുടെ രൂപരേഖ ആസ്ട്രേലിയൻ പ്രതിനിധികളുടെ സഹായത്തോടെ തയ്യാറാക്കുകയുണ്ടായി.<br><br>ഈ പ്രോജക്ടിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനങ്ങൾ ലഭ്യമാക്കുന്ന കായിക സർവ്വകലാശാലകൾ സന്ദർശിക്കുവാനും സെമിനാറുകളിലും വർക്കുഷോപ്പുകളിലും പങ്കെടുക്കുവാനും കായിക താരങ്ങൾക്കും വിദഗ്ധർക്കും പരിശീലകർക്കും അവസരം ലഭ്യമാകും. |
| 3 | 13/02 | 185 | ബി) ജില്ലാ സ്പോർട്സ് കൌൺസിൽ, ഗ്രാമീണ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി എടുക്കുമോ ? | ബി) ജില്ലാ സ്പോർട്സ് കൗൺസിലുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.<br><br>സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അസോസി |

| | | | | |
|---|---|---|---|---|
| | | | സി) ക്ലബുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ച് കായിക വികസന പദ്ധതികൾ സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ ?<br><br>ഡി) കളിക്കളങ്ങൾ, സ്റ്റേഡിയങ്ങൾ പരിശീലന കേന്ദ്രങ്ങൾ എന്നിവയുമായി അറ്റകുറ്റ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാമോ ?<br><br>ഉറപ്പ്:-ബി) നടപടി സ്വീകരിക്കുന്നതാണ്.<br><br>സി) സംഘടിപ്പിക്കുന്നതാണ്.<br><br>ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. | യേഷനുകൾ എന്നിവ മുഖേന സംസ്ഥാനത്ത് കായിക വികസനം സംബന്ധിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഡി) കളിസ്ഥല നിർമ്മാണത്തിനായും, അറ്റകുറ്റ പണികൾക്കായും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ധനസഹായം അനുവദിച്ചു വരുന്നു. |
| 4 | 13/04 | 24 | എ) ഇക്കഴിഞ്ഞ നാഷണൽ ഗെയിംസിൽ കേരളത്തിനായി21 മെഡലുകൾ നേടിയ പാലക്കാട് ജില്ലയിലെ പറളി സ്കൂളിൽ ആധുനിക രീതിയിലുള്ള ഒരു സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്ന കാര്യം സർക്കാർ | പറളിയിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | പരിഗണിക്കുമോ ?<br><br>ഉറപ്പ്:-എ) ഇക്കാര്യം പരിശോധിക്കുന്നതാണ് | |
| 5 | 13/05 | 48 | എ) സർക്കാർ വിദ്യാലയങ്ങളിൽ മൾട്ടിപർപ്പസ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതി എത്ര വിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്?<br><br>ഉറപ്പ്:-എ) സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട 18 സ്ഥാപനങ്ങളിൽ മൾട്ടിപർപ്പസ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. | സ്റ്റേഡിയങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. 14 സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തികരിച്ച് കഴിഞ്ഞു. |
| 6 | 13/07 | 25 | എ) കായികരംഗത്തെ മെച്ചപ്പെടുത്തുന്നതിനും അന്തർദേശീയനിലവാരത്തിൽ ഉയർത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്, വ്യക്തമാക്കുമോ,<br><br>ബി) കായികരംഗത്ത് മികവ് പുലർത്തുന്ന താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും കേന്ദ്ര സർക്കാർ നൽകുന്നതു പോലെ പ്രത്യേക അവാർഡുകൾ ഇത്തരം | ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്ന സ്കീം നിലവിലുണ്ട്. ഇതു കൂടാതെ അന്തർദേശീയ മത്സരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കുന്നവർക്ക് സർക്കാർ കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള പാരിതോഷികം പ്രഖ്യാപിക്കാറുണ്ട്. പ്രതിവർഷം 10 മികച്ച കായിക താരങ്ങൾക്കും ഒരു ഡെഫ് കായിക താരത്തിനും ഉൾപ്പെടെ ആകെ 11 കായിക താരങ്ങൾക്ക് ഡോ.എ.പി.ജെ.അബ്ദുൾ |

| | | | | |
|---|---|---|---|---|
| | | | പ്രതിഭകൾക്ക് കേരളപ്പിറവി ദിനത്തിൽ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:-ബി) (i) മികച്ച സ്കൂൾ/കോളേജ് കായികതാരങ്ങൾക്ക് സ്പോർട്സ് സ്കോളർഷിപ്പ് അനുവദിക്കും.<br><br>(ii) നിർദ്ദിഷ്ട ദേശീയ/അന്തർദേശീയ തലമത്സരങ്ങളിലെ സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗത്തിൽ വിജയി കളാകുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് നിലവിലുള്ള പദ്ധതി ഉചിതമായ രീതിയിൽ പരിഷ്കരിക്കും.<br><br>(iii) ദേശീയ ഗെയിംസ്, കോമൺ വെൽത്ത് ഗെയിംസ്, ഏഷ്യൻഗെയിംസ്, ഒളിമ്പിക് ഗെയിംസ് തുടങ്ങിയ മത്സര ങ്ങളിലും ലോക കോമൺവെൽത്ത്, ഏഷ്യൻ ചാമ്പ്യൻഷിപ്പുകളിലും വിജയിക്കു ന്നവർക്ക് പ്രത്യേക ക്യാഷ് അവാർഡ് നൽകുന്ന പരിപാടി തുടരും.<br><br>(iv) ദേശീയ ക്യാമ്പിൽ പങ്കെടുക്കുന്ന കേരളത്തിന്റെ കായികതാരങ്ങൾക്ക് | കലാം സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിമാസം 10,000 രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നു. മികച്ച പരിശീലകനും, മികച്ച കായികാദ്ധ്യാപകനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അവാർഡ് നൽകി വരുന്നുണ്ട്. ജി.വി.രാജ അവാർഡ് തുക 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. (എല്ലാ വർഷവും ഒരു പുരുഷ കായിക താരത്തിനും ഒരു വനിതാ കായിക താരത്തിനും അവാർഡ് നൽകി വരുന്നു.)<br><br>ഓരോ വർഷവും കായിക രംഗത്തെ മികച്ച സംഭാവനകൾ പരിഗണിച്ച് ഒരാൾക്ക് ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും നൽകി വരുന്നു. രണ്ട് ലക്ഷം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. |

| | | | | |
|---|---|---|---|---|
| | | | ആവശ്യാനുസ്റുതമായി ഉചിതമായ നിരക്കിൽ പോക്കറ്റ് മണി അനുവദിക്കും.<br><br>(v) സംസ്ഥാനസർക്കാർ കായികരംഗത്തെ മികച്ച പ്രകടനത്തിനായി നൽകുന്ന പരമോന്നത ബഹുമതിയായ ജി.വി. രാജാ അവാർഡ് തുക ഉചിതമായി വർദ്ധിപ്പിക്കും.<br><br>(vi) മികച്ച കോച്ചിനും മികച്ച കായികാ ധ്യാപകനും ക്യാഷ് അവാർഡ് നടപ്പിലാക്കും.<br><br>(vii) കേരള കായികരംഗത്തിൻറെ സമഗ്ര വികസനത്തിനുള്ള അംഗീകാരമായി നിർവചിക്കിപ്പെട്ട വ്യക്തമായ മാർഗ്ഗരേഖ യുടെ അടിസ്ഥാനത്തിൽജി. വി. രാജായുടെ പേരിലുള്ള ഒരു വ്യക്തമായ "ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ്" ഏർപ്പെടുത്തും. ടി അവാർഡ് കേരളപ്പിറവി ദിനത്തിൽ നൽകുന്നത് നിലവിൽ പരിഗണനയിൽ ഇല്ല. | |
| 7 | 13/07 | 51 | സി) ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ്സ് പ്രോഗ്രാമിൻറെ പ്റധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു, വിശദമാക്കുമോ, | കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും, നല്ല ആരോഗ്യവും കൈവരിയ്ക്കുന്നതിനും, നഴ്സറി തലം മുതൽ മുതിർന്ന പൗരന്മാർ വരെയുള്ള അബാലവൃദ്ധം ജനങ്ങൾക്കും ശാരീരിക-കായിക |

| | | | | |
|---|---|---|---|---|
| | | | ഡി) പ്രസ്തുത കണ്ടെത്തെലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വിശദാംശങ്ങൾ എന്തെല്ലാം?<br>ഉറപ്പ്:- പദ്ധതിയുടെ ഭാഗമായി നടത്തിയ കായികക്ഷമതപരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുട്ടികളിൽ കായികക്ഷമതാ നിലവാരം മുൻവർഷത്തെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്.<br>കായികക്ഷമത കുറയുന്നതിന് കായിക വിനോദങ്ങളിൽ ഏർപ്പെടാത്തതും കായിക വിദ്യാഭ്യാസം ലഭിക്കാത്തതും കാരണമാകയാൽ യു.പി.തലം മുതൽ ഹയർ സെക്കൻററി തലം വരെ സ്കൂളുകളിൽ ആവശ്യമായ കായികാദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. | ക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും വിദ്യാഭ്യാസ, തദ്ദേശ സ്വയം ഭരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടുകൂടി 'കേരള കായികക്ഷമത മിഷൻ ' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| 8 | 13/09 | 95 | (എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യ സുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി | ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും യുവാക്കളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിനും |

| | | | | |
|---|---|---|---|---|
| | | | ഹരിതയൗവ്വനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?<br><br>ഉറപ്പ്:-എ) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും യുവാക്കളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി 'ഹരിത യൗവ്വനം' എന്ന പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന യുവജനക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു | വേണ്ടി ഹരിതയൗവ്വനം എന്ന പദ്ധതിക്ക് പകരം യുവഹരിതം എന്ന പദ്ധതി ഹോർട്ടികോർപ്പ്, സംസ്ഥാന കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കാർഷിക സർവ്വകലാശാല എന്നിവയുടെ സഹകരണ ത്തോടെ നടപ്പിലാക്കാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഉദ്ദേശിച്ചിരുന്നു. എന്നാൽ സാങ്കേതികമായ കാരണങ്ങളാൽ പ്രസ്തുത പദ്ധതി അംഗീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. |
| 9 | 13/11 | 162 | നാഷണൽ ഗെയിംസിന്റെ ഭാഗമായി കേരളത്തിന്റെ മണ്ണിൽ ഈ മത്സരങ്ങൾ നടക്കുമ്പോൾ കേരളീയ മത്സരാർത്ഥി കൾക്ക് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?<br><br>ഉറപ്പ്:-നാഷണൽ ഗെയിംസിനോടനു ബന്ധമായി ഉണ്ടാകുന്ന നമ്മുടെ സ്റ്റേഡിയങ്ങൾ കാത്തു സൂക്ഷിക്കുന്ന തിനുവേണ്ടി ഒരു പ്രത്യേക ക്രമീകരണം ഉണ്ടാകും. അല്ലെങ്കിൽ വലിയ ദേശീയ നഷ്ടമാണ് നമുക്കുണ്ടാകുന്നത്. ആ | സ്വയം പര്യാപ്തമായ രീതിയിലും കായിക താരങ്ങൾക്ക് ഗുണപ്രദമായ രീതിയിലും സ്റ്റേഡിയങ്ങൾ പ്രവർത്തി ക്കുന്നതിന് കൂടുതലായി ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ടി തുക വിനിയോഗിക്കുന്നു.<br><br>നാഷണൽ ഗെയിംസിനോട് അനുബന്ധമായി നിർമ്മിച്ച/നവീകരിച്ച സ്റ്റേഡിയങ്ങൾ/നീന്തൽക്കുളം എന്നിവ തുടർ പരിശീലനത്തിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് ഡയറക്ടറേറ്റ്, പോലീസ് ഡിപ്പാർട്ട്മെന്റ്, യൂണിവേഴ്സിറ്റി, കാർഷിക |

| | | | | |
|---|---|---|---|---|
| | | | നഷ്ടം ഒഴിവാക്കി, നമുക്ക് ദേശീയ മുതൽക്കൂട്ടാക്കി മാറ്റുന്നതിനുള്ള പരിശ്രമം, ഗെയിംസ് കഴിഞ്ഞാലുടനെത്തന്നെ അതിനുള്ള നടപടിയെടുക്കുന്നതാണ്. | സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ അധീനതയിൽ തുടർ സൂക്ഷിപ്പിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| 10 | 13/12 | 67 | (ഡി) യുവജനബോർഡിന്റെ യുവസംരംഭക സംഗമത്തിന്മേൽ എന്തെല്ലാം തുടർ നടപടി കളാണ് കൈക്കൊള്ളാനുദ്ദേശി ക്കുന്നതെന്ന് വിശദമാക്കുമോ?<br><br>ഉറപ്പ്:-ഡി) എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ സഹകരണത്തോടു കൂടി തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, എന്നീ ജില്ലകളിലെ 498 യുവജനങ്ങൾക്ക് പരിശീലനം നൽകുകയും ഇതിൽ 200 ഓളം പേർ സ്വയം സംരംഭകരായി മാറുകയും ചെയ്തു.<br><br>ഈ സാമ്പത്തിക വർഷം 9 ജില്ലകളിൽ കൂടി പരിശീലനം വ്യാപിപ്പിക്കുന്നതാണ്. തുടർന്ന് 2015-16 സാമ്പത്തിക വർഷം ബാക്കി ജില്ലകളിലും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. | "കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് അഹമ്മദാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന Enterpreuership Development Institute of India യുടെ സഹകരണത്തോടുകൂടി കേരളത്തിലെ യുവജന ങ്ങളുടെ വ്യവസായ സംരംഭകത്വ കഴിവ് വളർത്തി പുതിയ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പരിശീലനം നൽകുന്ന പദ്ധതിയാണ് വ്യവസായ സംരംഭകത്വ വികസന പദ്ധതി.<br><br>യുവസംരംഭകത്വ പരിശീലന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 2013-14 വർഷം തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലായി 18 പരിശീലന പരിപാടി സംഘടിപ്പിച്ചു. രണ്ടാം ഘട്ടമായി 2014-15-ൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിലായി 24 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. രണ്ട് ഘട്ടമായി സംഘടിപ്പിച്ച |

| | | | | |
|---|---|---|---|---|
| | | | | സംരംഭകത്വ പരിശീലന പരിപാടിയിൽ 1255 പേർ ഗുണഭോക്താക്കളായി മാറി. 439 പേർ സ്വയം സംരംഭകത്വ യൂണിറ്റുകൾ രൂപീകരിച്ചു. 2015-16 വർഷം 3-ാം ഘട്ടത്തിൽ 14 ജില്ലകളിലായി 18 സംരംഭകത്വപരിശീലന പരിപാടികൾ സംഘടിപ്പിച്ചു. |

## XXIV. പ്രവാസി കേരളീയകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/07 | 61 | B) നൊർക്ക -റൂട്ട്സ് ആസ്ഥാന മന്ദിരം ഉൽഘടന ചടങ്ങിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രവാസി പെൻഷൻ പദ്ധതിയുടെ പുരോഗതി എതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമൊ;<br><br>ഉറപ്പ്:-B) നൊർക്ക - റൂട്സ് ആസ്ഥാന മന്ദിരം ഉൽഘടന ചടങ്ങിൽ പ്രവാസി ക്ഷേമ ബൊർഡിൽ അംഗത്വ മെടുക്കാൻ കഴിയാത്ത പ്രായപരിധി കഴിഞ്ഞ പ്രവാസികൾക്ക് പെൻഷൻ നൽകുന്ന കാര്യം | 60 വയസ്സ് കഴിഞ്ഞതിനാൽ പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗങ്ങളാകാൻ കഴിയാത്തവരും അംഗത്വത്തിന് താല്പര്യമുള്ളവരുമായ അനേകം മുൻ പ്രവാസികളുണ്ട്. പ്രസ്തുത വിഭാഗത്തിന്റെ കൃത്യമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല . ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിക്കുകയും ഇതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പരിശോധിക്കുകയും ചെയ്തതിനു ശേഷം പ്രായപരിധി കഴിഞ്ഞവർക്ക് അംഗത്വം നൽകുന്ന വിഷയം |

| | | | | |
|---|---|---|---|---|
| | | | പരിഗണിക്കുമെന്ന ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഈ പ്രത്യേക പദ്ധതി രൂപീകരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരികയാണു. | സർക്കാർ പരിഗണിക്കുന്നതാണ്. |
| 2 | 13/9 | 49 | (എഫ്) നോർക്കയിലെ നിയമനങ്ങൾക്കായി എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ല എങ്കിൽ അതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?<br><br>ഉറപ്പ്:-(എഫ്) നോർക്ക റൂട്ട്സിലും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലും സ്ഥിരം നിയമനങ്ങൾക്കുള്ള റിക്രൂട്ട്മെന്റ് റൂൾസ് സർക്കാർ പരിഗണനയിലാണ്. | സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സിന് സർക്കാർ അംഗീകരിച്ച സർവ്വീസ് റൂൾസ് ഇപ്പോൾ നിലവിലില്ല. ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ നിയമനങ്ങൾ സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾസിന്റെ രൂപീകരണം അന്തിമ ഘട്ടത്തിലാണ്. |
| 3 | 13/9 | 79 | (എ) സംസ്ഥാനത്ത് നോർക്ക ബിസിനസ്സ് സഹായകേന്ദ്രം രൂപവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?<br><br>ഉറപ്പ്:-(എ) ഉണ്ട്. പ്രവാസി മലയാളികളുടെ കേരളത്തിലെ നിക്ഷേപ സാധ്യത | പ്രവാസി മലയാളികളുടെ കേരളത്തിലെ നിക്ഷേപ സാധ്യത വർദ്ധിപ്പിക്കുന്നതിനായി നോർക്ക ബിസിനസ് സഹായകേന്ദ്രം രൂപവത്കരിച്ചിട്ടുള്ളതും, പ്രസ്തുത പദ്ധതിയ്ക്ക് 2013-14 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ വകയിരുത്തിയിരുന്നതും ആയതിന് |

| | | | | |
|---|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനായി നോർക്ക ബിസിനസ് സഹായകേന്ദ്രം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. | സർക്കാർ ഉത്തരവ് (സാധാ) നമ്പർ.187/2013/നോർക്ക, തീയതി 3-7-2013 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതുമാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).പ്രസ്തുത പദ്ധതി 2014-15, 2015-16 & 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലും തുടർ പദ്ധതിയായി നടന്നു വരുന്നതുമാണ്. |
| 4 | 13/09 | 126 | സ്വന്തമായി വീടില്ലാത്ത പ്രവാസികൾക്കുവേണ്ടി ഒരു ഭവനനിർമ്മാണ പദ്ധതി പ്രവാസിക്ഷേമ ബോർഡ് മുഖേന ആവിഷ്ക്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- പ്രവാസിക്ഷേമബോർഡിന്റെ നേതൃത്വത്തിൽ തന്നെ ഹൗസിംഗ് സ്കീം ഉൾപ്പടെയുള്ള പദ്ധതികൾ നടപ്പിലാക്കാൻ ആലോചിച്ചുവരികയാണ് | പ്രവാസി ക്ഷേമ നിധി അംഗങ്ങൾക്ക് സ്വന്തമായി വീട് നിർമിക്കുന്നതിനോ, വീട് നിർമിക്കുന്നതിനായി വസ്തു വാങ്ങുന്നതിനോ പ്രവാസി ആശ്വാസ നിധിയിൽ നിന്നും ഭവന വായ്പ അനുവദിക്കുന്നതിന് ആക്റ്റിൽ വ്യവസ്ഥയുണ്ട്. പ്രവാസി ആശ്വാസ നിധി ബോർഡ് ഇതിനാലകം രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈ നിധിയിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വായ്പകൾ അനുവദിക്കുന്നതിന് ഇപ്പോൾ നിർവാഹമില്ല. ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിന നുസരിച്ച് ഭവന വായ്പ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |
| 5 | 13/13 | 32 | ആഗോള പ്രവാസി സംഗമത്തിൽ നടന്ന | വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് |

| | | | | |
|---|---|---|---|---|
| | | | ചർച്ചകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുമോ ?<br>ഉറപ്പ്:-പ്രൊഫഷണൽ മേഖലകളിൽ തൊഴിൽ പരിചയമുള്ള എന്നാൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്ത വരുമായ പ്രവാസികൾക്ക് തനതു മേഖലകളിൽ നൈപുണ്യത്തിന് സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കും. | തൊഴിൽപരമായ കഴിവുകൾ മെച്ചപ്പെടുത്തി തൊഴിലിൽ മികവ് പുലർത്തുന്നതിനായി സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് കോഴ്സുകൾ നോർക്ക റൂട്ട്സ് മുഖേന നടത്തി വരുന്നു. ഈ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 26 സർക്കാർ ഐ.ടി.ഐ.കൾ മുഖാന്തിരം ഏകദേശം 1300 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരം കോഴ്സുകൾ വളരെ കാര്യക്ഷമമായി നടത്തുന്നതിലേക്കായും, വിദേശത്ത് പ്രത്യേകിച്ചും ഗൾഫ് മേഖലയിൽ കൂടുതൽ സാധ്യതകളുള്ളതും കൂടുതൽ വൈദഗ്ധ്യം ആവശ്യമുള്ളതുമായ തൊഴിലുകൾ ക്കായി ഉദ്യോഗാർത്ഥികളെ സജ്ജരാക്കുകയെന്ന ലക്ഷ്യ ത്തോടുകൂടി 2017-18 സാമ്പത്തിക വർഷം സർക്കാർ ഐ.റ്റി.ഐ.കൾ പോളിടെക്നിക്കുകൾ, എൽ.ബി. എസ് എന്നീ സ്ഥാപനങ്ങൾ വഴി 28 തെരഞ്ഞെടുത്ത തൊഴിൽ മേഖലകളിൽ പരിശീലന പരിപാടികൾ നവംബർ ആദ്യവാരം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. എസ്.ബി. ഗ്ലോബൽ എഡ്യൂക്കേഷൻ ട്രസ്റ്റ് എന്ന ഏജൻസി മുഖാന്തിരം വീട്ടുജോലിക്കായി പോകുന്ന അവിദഗ്ധ തൊഴിലാളി കൾക്കായി എൻ.എസ്.ഡി. സി. (നാഷണൽ സ്കിൽ |

| | | | | |
|---|---|---|---|---|
| | | | | ഡെവലപ്പ്മെന്റ് സെന്റർ)ന്റെ സഹകരണത്തോടുകൂടി 10,000 രൂപ (ജി.എസ്.റ്റി ഉൾപ്പെടെ) കോഴ്സ് ഫീസ് വരുന്ന 300 മണിക്കൂർ ദൈർഘ്യമുള്ള ഡൊമസ്റ്റിക് സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം നടത്തുന്നതിന് നോർക്ക റൂട്ട്സ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. വിദേശത്ത് സാങ്കേതിക മേഖലകളിൽ തൊഴിൽ പരിചയമുള്ളതും എന്നാൽ മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരുമായ പ്രവാസികൾക്ക് അവരുടെ തൊഴിൽ വൈദഗ്ധ്യം വിലയിരുത്തി ആവശ്യമുള്ള പരിശീലനം നൽകി അതുവഴി അവരുടെ തൊഴിൽ വൈദഗ്ധ്യം ആധികാരികമായി സാക്ഷ്യപ്പെടുത്തി നല്കുന്നതിനുള്ള ഒരു പദ്ധതി സർക്കാർ സ്ഥാപനമായ സ്റ്റേറ്റ് റിസോഴ്സ് സെന്റർ മുഖേന ഈ വർഷത്തെ തൊഴിൽ പരിശീലന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| 6 | 14/04 | 14 | പ്രവാസി നിക്ഷേപ സഹായസെൽ രൂപീകരിക്കുന്ന അവസരത്തിൽ ഇതിനായി പുതിയ നിയമ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സംസ്ഥാനത്തെ നിക്ഷേപ സാദ്ധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ട് വന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ള വർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:-സംസ്ഥാനത്തെ നിക്ഷേപ സാധ്യത കളെ പ്രവാസികേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ള വർക്കായി പ്രവാസി നിക്ഷേപ സഹായ സെൽ രൂപീകരിക്കുന്നതിലേക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് നിലവിൽ വരുന്ന മുറയ്ക്ക് പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. | മാർഗ്ഗനിർദ്ദേശം നൽകുക എന്ന ലക്ഷ്യത്തോടെ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ എന്ന നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിൽ നിക്ഷേപത്തിനുള്ള അവസരങ്ങൾ പഠിച്ച് അവ മുൻഗണനാക്രമത്തിൽ പ്രവാസികളായ കേരളീയ സംരംഭകരുടെ മുന്നിലെത്തിച്ച് നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നോർക്ക-റൂട്ട്സിന്റെ കീഴിൽ 2019 മുതൽ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്തുകയും ആയതിന്റെ തുടർച്ചയായി പദ്ധതി നടപ്പിലാക്കുകയും ചെയ്തതിനാൽ പ്രത്യേക നിയമ നിർമ്മാണത്തിന്റെ ആവശ്യകതയിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചി ട്ടില്ലാത്തതുമാകുന്നു |

## XXV. ഭവന നിർമ്മാണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/11 | 23 | (എ) സംസ്ഥാനത്ത് മിഷൻ 676-ൽ | മിഷൻ 676-ൽ ഉൾപ്പെടുത്തി ഗൃഹശ്രീ ഭവന പദ്ധതി |

| | | | | |
|---|---|---|---|---|
| | | | ഉൾപ്പെടുത്തി 'എല്ലാവർക്കും വീട് ' എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;<br>(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്;<br>(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?<br>ഉറപ്പ്:-(എ)-(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തി 'എല്ലാവർക്കും വീട്' എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി സാമ്പത്തികമായി ദുർബല വിഭാഗം/ഇടത്തരം വരുമാന വിഭാഗക്കാർ എന്നിവർക്ക് ഗൃഹശ്രീ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 5000 വീടുകളും സാഫല്യം ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 1288 ഫ്ളാറ്റുകളും കോഴിക്കോട് ശാന്തിനഗർ | പ്രകാരം 5000 വീടുകളും സാഫല്യം ഭവന പദ്ധതി പ്രകാരം 1288 ഫ്ലാറ്റുകളും കോഴിക്കോട് ശാന്തിനഗർ കോളനി പുനരധിവാസ പദ്ധതിയിൽ (2-ാം ഘട്ടം) ഉൾപ്പെടുത്തി 115 വീടുകളുടെ നിർമ്മാണവും 25 വീടുകളുടെ അറ്റകുറ്റപ്പണിയും സങ്കേതം പദ്ധതി പ്രകാരം 300 യൂണിറ്റുകളും, സൗഭാഗ്യ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 10000 വീടുകളും, കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തി 10000 വീടുകളും നിർമ്മിച്ചുനൽകുന്ന കാര്യം പരിഗണനയിലുണ്ടായിരുന്നുവെങ്കിലും ഫണ്ടിന്റെ ദൗർലഭ്യം കാരണം ആയത് മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | കോളനി പുനരധിവാസ പദ്ധതിയിൽ (രണ്ടാം ഘട്ടം) ഉൾപ്പെടുത്തി 115 വീടുകളുടെ നിർമ്മാണവും 25 വീടുകളുടെ അറ്റകുറ്റപ്പണിയും സങ്കേതം ഭവനപദ്ധതി പ്രകാരം 300 യൂണിറ്റുകളും പുതിയ ഭവന പദ്ധതികളായ സൗഭാഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി 10000 പേർക്ക് വീടുകളും പഞ്ചായത്തുകളുമായി ചേർന്ന് നടപ്പാക്കാനുദ്ദേശിക്കുന്ന ഭവനപദ്ധതിയായ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തി 100000 വീടുകളും നിർമിച്ചു നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു | |
| **2** | 13/11 | 29 | (എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനരധിവാസ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?<br><br>ഉറപ്പ്:-(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കിവരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പദ്ധതിക്ക് | സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കിവരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനരധിവാസ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിച്ചിരുന്നു. ഭവനം, ടാക്സ്, റവന്യൂ, സാമൂഹ്യ ക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം, ഫിഷറീസ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നത്. 2015-16 വർഷത്തെ ബഡ്ജറ്റിൽ |

| | | | | |
|---|---|---|---|---|
| | | | രൂപം നൽകാൻ ഉദ്ദേശിക്കുന്നു. ഭവനം, ടാക്സസ്, റവന്യൂ, ഫിനാൻസ്, നിയമം, തദ്ദേശസ്വയംഭരണം, സാമൂഹ്യക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം ഫിഷറീസ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ചാണ് സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. | പ്രഖ്യാപിച്ചിട്ടുള്ളതും സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ "എല്ലാവർക്കും വീട്" പദ്ധതിക്ക് സ.ഉ. (എം.എസ്) നം.06/2016/ഭവനം തീയതി 1-2-2016 പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതിനാലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാലും സമഗ്ര ഭവന പുനരധിവാസ പദ്ധതിക്ക് നിലവിൽ പ്രസക്തിയില്ല |
| 3 | 13/12 | 61 | (എ) സംസ്ഥാനത്ത് ഭൂലഭ്യത കുറവായതിനാൽ ഭാവിയിൽ ഉണ്ടാകാവുന്ന പാർപ്പിട സൗകര്യ അപര്യാപ്തത പരിഹരിക്കുന്നതിന് ഹൗസിംഗ് ബോർഡ് വഴി കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ?<br><br>ഉറപ്പ്:-(എ) ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ താഴെപ്പറയുന്ന പ്രകാരമാണ്.<br><br>1. പാരസ്പര്യം ഭവന പദ്ധതി. | I. <u>പാരസ്പര്യം ഭവന പദ്ധതികൾ</u><br><br>എ. <u>തിരുവനന്തപുരത്ത് അമ്പലനഗർ പാരസ്പര്യം പദ്ധതി</u><br><br>അമ്പലനഗർ പാരസ്പര്യം പദ്ധതിയ്ക്ക് ബിൽഡിംഗ് പെർമിറ്റ് ലഭിയ്ക്കുന്നതിനുള്ള അപേക്ഷ കോർപ്പറേഷനിൽ 31-12-2015-ൽ സമർപ്പിച്ചപ്പോൾ ചില വ്യതിയാനങ്ങൾ നിർദ്ദേശിയ്ക്കുകയും, അപ്രകാരം ആർക്കിടെക്ചറൽ ഡ്രോയിംഗ് പുതുക്കി സമർപ്പിയ്ക്കുകയും ചെയ്തു. ഇതിനോടൊപ്പം സ്ട്രക്ചറൽ ഡ്രോയിംഗ്, സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ കൂടി സമർപ്പിച്ചു. ബിൽഡിംഗ് പെർമിറ്റ് ലഭിച്ചാലുടൻ ടി പദ്ധതിയുടെ നിർമ്മാണം ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ |

| | | | | |
|---|---|---|---|---|
| | | | ഭൂമിയുടെ അനുയോജ്യതയും, ഡിമാന്റും കണക്കിലെടുത്ത്, ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ പാരസ്പര്യം മാതൃകയിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. തിരുവനന്തപുരത്ത് കവടിയാർ ഹൈറ്റ്സ് പദ്ധതി പ്രകാരം 36 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായി. തിരുവനന്തപുരത്ത് അമ്പല നഗറിലും കൊച്ചിയിൽ പനമ്പള്ളി നഗറിലും ഉടൻ ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ ആരംഭിക്കുന്നതാണ്. കോഴിക്കോട് (മെഡിക്കൽ കോളേജിന് സമീപം) ഫ്ലാറ്റ് നിർമ്മാണ പദ്ധതി ആരംഭിക്കാനുള്ള നടപടി പരിശോധിച്ചു വരുന്നു. ഇരുമ്പനം, തൃക്കാക്കര കുമാരനാശാൻ നഗർ, പി.റ്റി. ചാക്കോ നഗർ, ഇരിങ്ങാലക്കുട, ചങ്ങനാശ്ശേരി എന്നിവിട ങ്ങളിൽ പദ്ധതി രൂപകൽപന പുരോഗതിയിലാണ്. | സ്വീകരിക്കുന്നതാണ്.<br><br>ബി. <u>കൊച്ചിയിൽ പനമ്പിള്ളി നഗർ പാരസ്പര്യം ഭവന പദ്ധതി</u><br><br>ടി പദ്ധതിയ്ക്ക് ബിൽഡിംഗ് പെർമിറ്റ് ലഭിച്ചു. പദ്ധതി പ്രദേശത്തെ water table കണക്കിലെടുത്ത് സെല്ലാർ ഫ്ലോർ ഒഴിവാക്കി കെട്ടിടത്തിന്റെ floor area നിലവിലുള്ള Building permit - ൽ പരിമിതപ്പെടുത്തി 11 നിലയും tower room -ഉം ഉൾപ്പെട്ട പദ്ധതിയുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് പുതുക്കി അംഗീകരിച്ചു. പുതുക്കിയ ഡ്രോയിംഗ് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ബോർഡും അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിച്ചാലുടൻ തന്നെ ടെൻഡർ ക്ഷണിയ്ക്കുന്നതും, പദ്ധതിയുടെ നിർമ്മാണം ആരംഭിയ്ക്കുന്നതുമാണ്.<br><br>കൂടാതെ പത്ത് പാരസ്പര്യം പദ്ധതികൾക്ക് കൂടി താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളിലൂടെ അംഗീകാരം നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇരുമ്പനം കമേഴ്സ്യൽ കം റസിഡൻഷ്യൽ കോപ്ലക്സ് |

| | | | | |
|---|---|---|---|---|
| | | | 2. സാഫല്യം ഭവന പദ്ധതി സ്ഥലത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് ഭൂ-രഹിതരായ ദുർബല വിഭാഗത്തിൽ പ്പെട്ടവർക്കായി സാഫല്യം ഭവന നിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാനത്തിലെ വിവിധ പഞ്ചായത്തുകളിൽ പഞ്ചായത്തിന്റെ സഹകരണത്തോടെ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നുണ്ട്. കൊല്ലത്ത് ചാത്തന്നൂരിലും (48 യൂണിറ്റുകൾ) എറണാകുളത്ത് ചോറ്റാനിക്കരയിലും (54 യൂണിറ്റുകൾ) തൃശ്ശൂർ പുതുക്കാട്ടും(48 യൂണിറ്റുകൾ) കോഴിക്കോട് ചേളന്നൂരിലും (66 യൂണിറ്റുകൾ) ഫ്ലാറ്റ് നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ എറണാകുളത്ത് ഇലഞ്ഞിയിലും (48 യൂണിറ്റുകൾ), പാലക്കാട് ലക്കിടി-പേരൂരും (66 യൂണിറ്റുകൾ), മലപ്പുറം ഊരകത്തും (48 യൂണിറ്റുകൾ) കാസർഗോഡ് ചെമ്മനാട്ടും (24 യൂണിറ്റുകൾ) ഫ്ലാറ്റ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>3. ഇന്നവേറ്റീവ് ഭവന പദ്ധതി<br><br>നഗരത്തിൽ ജോലി ചെയ്തുകൊണ്ട് നഗരത്തിന് പുറത്ത് താമസിക്കുന്ന ബി.പി.എൽ. | പദ്ധതി (ഫേസ് 1) - 6-2-2016-ലെ ഉത്തരവ് നമ്പർ സ.ഉ.(എം.എസ്) നം. 7/2016/ഭവനം<br><br>2. എറണാകുളം ജില്ലയിൽ തൃക്കാക്കരയിൽ കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി - 20-2-2016-ലെ ഉത്തരവ് നം. സ. ഉ. (എംഎസ്.) നം. 10/2016/ഭവനം<br><br>3. എറണാകുളം ജില്ലയിൽ കുമാരനാശാൻ നഗറിൽ കമേഴ്സ്യൽ-കം-റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി- 20-2-2016-ലെ ഉത്തരവ് നം.സ.ഉ.(എം.എസ്) നം. 11/2016/ഭവനം<br><br>4. കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം ബോർഡിന്റെ സ്റ്റേജ് 1 പദ്ധതി പ്രദേശത്ത് നടപ്പിലാക്കുന്ന പാരസ്പര്യ പദ്ധതി-66 എക്സിക്യൂട്ടീവ് ഫ്ലാറ്റുകളുടെ നിർമ്മാണം-20-2-2016-ലെ ഉത്തരവ് നം. സ. ഉ. (എംഎസ്.) നം. 12/2016/ ഭവനം<br><br>5. കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരിയിൽ റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് (72 ഫ്ലാറ്റുകൾ) പദ്ധതി29-2-2016-ലെ ഉത്തരവ് നം.സ.ഉ.(എം. എസ്.) നം. 17/2016/ഭവനം<br><br>6. കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം |

| | | | | |
|---|---|---|---|---|
| | | | വിഭാഗക്കാരായ തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് ലഭ്യമാക്കുന്ന പദ്ധതിയായ ഇന്നവേറ്റീവ് ഭവന പദ്ധതിയിലൂടെ 188 ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. 24 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരുന്നു. 24 ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>4. വാടക വീട് പദ്ധതി<br><br>(സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി)<br><br>സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. പദ്ധതിയിലൂടെ കാസർഗോഡ് 24 ഫ്ലാറ്റുകളും ദേവികുളത്ത് 6 ഫ്ലാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് 12 ഫ്ലാറ്റുകളും | Green Sky Villas project (45 ഫ്ലാറ്റുകൾ) 9-6-2016-ലെ ഉത്തരവ് നം. സ. ഉ. (എംഎസ്.) നം. 20/2016/ഭവനം<br><br>7. കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം Phase I Stage I-ലൂടെ 36 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതി - 24-9-2016-ലെ ഉത്തരവ് നം. സ.ഉ. (കൈ.) നം. 30/2016/ഭവനം<br><br>8. തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി - 24-9-2016-ലെ ഉത്തരവ് നം. സ.ഉ.(കൈ) നം. 32/2016/ഭവനം<br><br>9. തൃശ്ശൂർ ജില്ലയിൽ കിഴക്കേചാലക്കുടി കമേഴ്സ്യൽ കോംപ്ലക്സ് പദ്ധതി - 24-9-2016-ലെ ഉത്തരവ് നം. സ.ഉ.(കൈ) നം. 31/2016/ഭവനം<br><br>10. എറണാകുളം ജില്ലയിൽ ഇരുമ്പനം കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി - (Phase II) - 24-9-2016-ലെ ഉത്തരവ് നം. സ.ഉ.(കൈ) നം. 33/2016/ഭവനം<br><br>ടി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | ദേവികുളത്തെ കുട്ടനെല്ലൂരിലും 6 ഫ്ലാറ്റുകൾ വീതം നിർമ്മിച്ചുവരുന്നു.<br><br>5. സങ്കേതം ഭവന പദ്ധതി<br><br>തുച്ഛവരുമാന വിഭാക്കാർക്കായി പഞ്ചായത്തിന്റെ ഭൂമിയിൽ സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്ന സങ്കേതം ഭവന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയിക്കായി പഞ്ചായത്ത് വക ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ സബ്സിഡി തുകയോടുകൂടി പദ്ധതി രൂപ കൽപന ചെയ്ത് നടപ്പിലാക്കുന്നതാണ്. | II. **സാഫല്യം ഭവന പദ്ധതി**<br><br>1. <u>എറണാകുളത്ത് ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതി</u><br><br>ടി പദ്ധതി പ്രകാരം, 2 ബ്ലോക്കുകളിലായി (24-ഉം 30-ഉം വീതം ഫ്ലാറ്റുകൾ) 54 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചുവെങ്കിലും പണിയുടെ പുരോഗതി തൃപ്തികരമല്ലാത്തതിനാൽ കോൺട്രാക്ടറുമായുള്ള കരാർ റദ്ദാക്കി. 80% ത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച 24 ഫ്ലാറ്റുകളുള്ള ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി negotiated quotation-ലൂടെ കരാറുകാരനെ കണ്ടെത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഫ്ലാറ്റുകൾ പഞ്ചായത്തിന് കൈമാറുകയും ചെയ്തു.<br><br>ബാക്കിയുള്ള 30 യൂണിറ്റുകൾ കൂടി arrange ചെയ്യാനുണ്ട്. ഈ 30 യൂണിറ്റുകൾ കൂടി arrange ചെയ്യുമ്പോൾ ഒരു യൂണിറ്റിന്റെ നിർമ്മാണച്ചെലവ് 3.50 ലക്ഷം രൂപയിൽ അധികരിയ്ക്കുന്നതാണ്. ഇതു സംബന്ധിച്ച് പഞ്ചായത്തിനെ അറിയിച്ചപ്പോൾ നിർമ്മാണച്ചെലവിന് വേണ്ടിവരുന്ന അധിക തുക വഹിയ്ക്കുവാൻ നിർവാഹമില്ലെന്നറിയിയ്ക്കുകയും 37 വീടുകൾക്കായി പഞ്ചായത്ത് അടച്ച തുകയിൽ 24 |

| | | | | |
|---|---|---|---|---|
| | | | | വീടുകൾക്കുള്ള തുക കിഴിച്ച് ബാക്കിതുക തിരിച്ചുനൽകണമെന്നുള്ള പഞ്ചായത്തിന്റെ ആവശ്യ പ്രകാരം ടി തുക പഞ്ചായത്തിന് തിരിച്ചു നൽകി.<br><br>2. <u>തൃശ്ശൂരിൽ പുതുക്കാട് സാഫല്യം ഭവന പദ്ധതി (48 ഫ്ലാറ്റുകൾ)</u><br><br>ടി പദ്ധതിയ്ക്ക് ഹഡ്കോ വായ്പയായി യൂണിറ്റൊന്നിന് 1 ലക്ഷം രൂപ ലഭിയ്ക്കുമെന്ന പ്രതീക്ഷയിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ടി പദ്ധതിയുടെ ഫൗണ്ടേഷൻ ജോലികൾ പൂർത്തായായി. അതിനിടെ ഹഡ്കോ വായ്പ ലഭിക്കാതെ വന്നതിനാലും ടി തുക പഞ്ചായത്ത് വഹിയ്ക്കുവാൻ തയ്യാറാവാത്തതിനാലും നിർമ്മാണ പ്രവർത്തനം തുടർന്ന് പോകുവാൻ സാധിച്ചില്ല. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും ലഭ്യമാക്കാൻ പുതുക്കാട് പഞ്ചായത്തിന് കഴിയില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ സമീപ പഞ്ചായത്തിൽനിന്നും ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെ വിഹിതവും കൂടി ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം എത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും സമീപപ്രദേശത്തുള്ള |

| | | | | |
|---|---|---|---|---|
| | | | | പഞ്ചായത്തുകളിൽനിന്നും ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞില്ല. ടി പദ്ധതിയുടെ പൂർത്തീകരണത്തിനായി സർക്കാർ ഗ്യാരന്റിയോടു കൂടി വായ്പ തരപ്പെടുത്തുകയോ അല്ലെങ്കിൽ സർക്കാർ സബ്സിഡി നിലവിലുള്ള രണ്ട് ലക്ഷത്തിൽ നിന്ന് 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയോ ചെയ്യേണ്ടതാണ്.<br><br>03. കോഴിക്കോട് ജില്ലയിൽ ചേളന്നൂർ സാഫല്യം ഭവന പദ്ധതി<br><br>(66 ഫ്ലാറ്റുകൾ)<br><br>കെട്ടിടത്തിന്റെ structure പൂർത്തിയായി. Finishing ജോലികൾ പുരോഗമിക്കുന്നു. 90% പണികൾ പൂർത്തിയായിട്ടുണ്ട്.<br><br>**04. എറണാകുളം ജില്ലയിൽ ഇലഞ്ഞി സാഫല്യം ഭവന പദ്ധതി**<br><br>(48 ഫ്ലാറ്റുകൾ)<br><br>ടി പദ്ധതി നടപ്പിലാക്കുന്നതിനായി ദർഘാസുകൾ ക്ഷണിച്ചുവെങ്കിലും പഞ്ചായത്തിൽ നിന്നും സ്ഥലം കൈമാറിക്കിട്ടാത്തതിനാലും, പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാലും പദ്ധതി നടപ്പിലാക്കാൻ |

| | | | | |
|---|---|---|---|---|
| | | | | കഴിഞ്ഞിട്ടില്ല.<br>**05. കാസർകോട് ജില്ലയിൽ ചെമ്മനാട് സാഫല്യം ഭവന പദ്ധതി**<br><u>(24 ഫ്ലാറ്റുകൾ)</u><br>ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പഞ്ചായത്ത് ഫണ്ട് ഇതുവരെ ലഭിച്ചിട്ടില്ല. 18-4-2015-ൽ നടന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ഒരു ഗുണഭോക്താവിന് 1,50 ലക്ഷം രൂപ വീതം നൽകാമെന്ന വാഗ്ദാനത്തിൽ നിന്ന് പഞ്ചായത്ത് പിന്മാറുകയുണ്ടായി. ഒരോ ഗുണഭോക്താവിനും 50,000 രൂപ വീതം നൽകാമെന്ന് പഞ്ചായത്ത് വാക്കാൽ ഏറ്റിട്ടുണ്ടെങ്കിലും രേഖാമൂലമുള്ള പഞ്ചായത്ത് തീരുമാനം ലഭിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ നിർമ്മാണം ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല.<br>**06. പാലക്കാട് ജില്ലയിൽ ലക്കിടി-പേരൂർ സാഫല്യം ഭവന പദ്ധതി**<br>(66 ഫ്ലാറ്റുകൾ)<br>66 ഫ്ലാറ്റുകൾക്കുള്ള പദ്ധതിയംഗീകാരം ലഭിച്ച |

| | | | | |
|---|---|---|---|---|
| | | | | വെങ്കിലും 24 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃവിഹിതം നൽകാൻ തയ്യാറായി മുന്നോട്ട് വന്നിട്ടുള്ളത്. ഗുണഭോക്തൃവിഹിതമായി 60,000 രൂപ വീതം നൽകിയ 24 ഗുണഭോക്താക്കൾക്കുള്ള ഫ്ലാറ്റുകളുടെ പണികൾ ആരംഭിച്ച് പുരോഗമിച്ചു വരുന്നു.<br><br>**III. ഇന്നവേറ്റീവ് ഭവന പദ്ധതി**<br><br>1. <u>പൂജപ്പുര ഇന്നവേറ്റീവ് ഭവന പദ്ധതി ഘട്ടം III (24 ഫ്ലാറ്റുകൾ)</u><br><br>പദ്ധതിയിലെ ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്ക് കണക്ഷനും വാട്ടർ കണക്ഷനും ലഭിയ്ക്കേണ്ടതുണ്ട്. കെട്ടിട നമ്പർ ലഭിച്ചു.<br><br>2. <u>പൂജപ്പുര ഇന്നവേറ്റീവ് ഭവന പദ്ധതി ഘട്ടം IV (24 ഫ്ലാറ്റുകൾ)</u><br><br>ഇലക്ട്രിഫിക്കേഷൻ ജോലികളും മറ്റ് ഫിനിഷിംഗ് ജോലികളും പുരോഗമിക്കുന്നു. 95% ജോലികൾ പൂർത്തീകരിച്ചു.<br><br>**IV. വാടകവീട് പദ്ധതി (സർക്കാർ ഭൂമിയിൽ** |

| | | | | |
|---|---|---|---|---|
| | | | | **സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി)**<br><br>കുട്ടനെല്ലൂർ വാടകവീട് പദ്ധതി (6 ഫ്ലാറ്റുകൾ)<br><br>നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഫിനിഷിംഗ് ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.<br><br>(എ) ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ താഴെപ്പറയുന്ന പ്രകാരമാണ്.<br><br>1. പാരസ്പര്യം ഭവന പദ്ധതി<br><br>ഭൂമിയുടെ അനുയോജ്യതയും, ഡിമാന്റും കണക്കിലെടുത്ത്, ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ പാരസ്പര്യം മാതൃകയിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. തിരുവനന്തപുരത്ത് കവടിയാർ ഹൈറ്റ്സ് പദ്ധതി പ്രകാരം **36** ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായി. തിരുവനന്തപുരത്ത് അമ്പലനഗറിലും കൊച്ചിയിൽ പനമ്പള്ളി നഗറിലും ഉടൻ ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ ആരംഭിക്കുന്നതാണ്. കോഴിക്കോട് (മെഡിക്കൽ കോളേജിന് സമീപം) ഫ്ലാറ്റ് നിർമ്മാണ പദ്ധതി ആരംഭിക്കാനുള്ള നടപടി |

| | | | | |
|---|---|---|---|---|
| | | | | പരിശോധിച്ചുവരുന്നു. ഇരുമ്പനം, തൃക്കാക്കര കുമാരനാശാൻ നഗർ, പി. റ്റി. ചാക്കോ നഗർ, ഇരിങ്ങാലക്കുട, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ പദ്ധതി രൂപകൽപന പുരോഗതിയിലാണ്.<br><br>**2.** സാഫല്യം ഭവന പദ്ധതി<br><br>സ്ഥലത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് ഭൂരഹിതരായ ദുർബല വിഭാഗത്തിൽപ്പെട്ടവർക്കായി സാഫല്യം ഭവന നിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാനത്തിലെ വിവിധ പഞ്ചായത്തുകളിൽ പഞ്ചായത്തിന്റെ സഹകരണത്തോടെ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നുണ്ട്. കൊല്ലത്ത് ചാത്തന്നൂരിലും (48 യൂണിറ്റുകൾ) എറണാകുളത്ത് ചോറ്റാനിക്കരയിലും (54 യൂണിറ്റുകൾ) തൃശ്ശൂർ പുതുക്കാട്ടും (48 യൂണിറ്റുകൾ) കോഴിക്കോട് ചേളന്നൂരിലും (66 യൂണിറ്റുകൾ) ഫ്ലാറ്റ് നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ എറണാകുളത്ത് ഇലഞ്ഞിയിലും (48 യൂണിറ്റുകൾ), പാലക്കാട് ലക്കിടി-പേരൂരും (66 യൂണിറ്റുകൾ), മലപ്പുറം ഊരകത്തും (48 യൂണിറ്റുകൾ) കാസർഗോഡ് ചെമ്മനാട്ടും (24 യൂണിറ്റുകൾ) ഫ്ലാറ്റ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | **3.** ഇന്നവേറ്റീവ് ഭവന പദ്ധതി<br><br>നഗരത്തിൽ ജോലി ചെയ്തുകൊണ്ട് നഗരത്തിന് പുറത്ത് താമസിക്കുന്ന ബി.പി.എൽ. വിഭാഗക്കാരായ തൊഴിലാലികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് ലഭ്യമാക്കുന്ന പദ്ധതിയായ ഇന്നവേറ്റീവ് ഭവന പദ്ധതിയിലൂടെ **188** ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. **24** ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നു വരുന്നു. **24** ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>**4.** വാടക വീട് പദ്ധതി<br><br>(സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി)<br><br>സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. പദ്ധതിയിലൂടെ കാസർഗോഡ് **24** ഫ്ലാറ്റുകളും |

| | | | | |
|---|---|---|---|---|
| | | | | ദേവികുളത്ത് 6 ഫ്ലാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് 12 ഫ്ലാര്റുകളും ദേവികുളത്തെ കുട്ടനെല്ലൂരിലും 6 ഫ്ലാറ്റുകൾ വീതം നിർമ്മിച്ചുവരുന്നു.<br>5. സങ്കേതം ഭവന പദ്ധതി<br>തുച്ഛവരുമാന വിഭാക്കാർക്കായി പഞ്ചായത്തിന്റെ ഭൂമിയിൽ സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾനിർമ്മിക്കാനുദ്ദേശിക്കുന്ന സങ്കേതം ഭവന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയിക്കായി പഞ്ചായത്ത് വക ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ സബ്സിഡി തുകയോടുകൂടി പദ്ധതി രൂപകൽപന ചെയ്ത് നടപ്പിലാക്കുന്നതാണ്.<br>**V. സങ്കേതം ഭവന പദ്ധതി**<br>തുച്ഛവരുമാനക്കാർക്കായി പഞ്ചായത്തിന്റെ ഭൂമിയിൽ സർക്കാർ സബ്സിഡിയോട് കൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിയ്ക്കുവാനുദ്ദേശിയ്ക്കുന്ന സങ്കേതം ഭവന പദ്ധതിയ്ക്ക് സർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമായിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ പഞ്ചായത്തുകളിൽ നിന്നും ഭൂമി ലഭ്യമായില്ല. ആയതിനാൽ പദ്ധതി രൂപകല്പന ചെയ്യാനായിട്ടില്ല. |
| 4 | 13/14 | 87 | (എ) മദ്രാസ് ഐ.ഐ.റ്റി. രൂപകൽപന ചെയ്ത ചെലവ് കുറഞ്ഞ ഗൃഹനിർമ്മാണ മാതൃകകൾ നടപ്പിലാക്കാൻ മുൻകൈ യെടുക്കുമോ; വിശദമാക്കുമോ?<br><br>ഉറപ്പ്:-(എ) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും, വില വർദ്ധനവും കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുറവും വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണ ച്ചെലവ് ദിനംപ്രതി വർദ്ധിച്ചു വരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി, GFRG (Glass Fibre re-inforced Gypsum) പാനൽ, ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന പദ്ധതികൾക്കും പ്രയോജന പ്പെടുത്തുന്നതിന്റെ തുടക്കമായി ബോർഡ് നടപ്പിലാക്കി വരുന്ന ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിക്ക് ഈ വിദ്യ | GFRG പാനൽ കൊണ്ടുള്ള നിർമ്മാണ രീതി പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ഇനി തുടങ്ങുന്ന പദ്ധതികളിലും അവലംബിക്കുന്നതാണ് എന്നാണ് അറിയിച്ചിരുന്നത്. എന്നാൽ സാഫല്യം പദ്ധതികൾ പോലുള്ള പദ്ധതികളൊന്നും പിന്നീട് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടില്ല. കൂടാതെ ഇത്തരം നിർമ്മാണ രീതി അവലംബിക്കു ന്നതിന് ക്രെയിൻ മുതലായ മെഷിനറി കൊണ്ടുവന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യം കെട്ടിടത്തിനു ചുറ്റും/പണിസ്ഥലത്ത് ആവശ്യമാണ്. ചെലവു കുറഞ്ഞ അനേകം വീടുകൾ/ഫ്ലാറ്റുകൾ ഒരു സ്ഥലത്ത് ഒന്നിച്ച് നിർമ്മിക്കേണ്ടിവരുന്ന സാഹചര്യത്തിൽ മേൽ പറഞ്ഞ നിർമ്മാണരീതി ഉപയോഗ പ്പെടുത്താവുന്നതാണ്. കൂടാതെ FACT-ന്റെ ഉപഉൽപ്പന്നമായ GFRG പാനൽ FACT-ൽ നിന്നും പണി സ്ഥലത്ത് എത്തിക്കുന്നതിനുള്ള ചെലവ്, ലാഭം എന്നിവ കണക്കിലെടുക്കുമ്പോൾ FACT-ന് |

| | | | | |
|---|---|---|---|---|
| | | | നടപ്പിലാക്കുന്നുണ്ട്. ഇനി തുടങ്ങുന്ന പദ്ധതികളിലും ഇതിന്റെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ഇത്തരം നിർമ്മാണ രീതി അവലംബി ക്കുന്നതാണ്. | സമീപ പ്രദേശങ്ങളിൽ വിഭാവന ചെയ്യുന്ന പദ്ധതികളിൽ ഇത്തരം നിർമ്മാണ രീതി അവലംബിക്കുന്നതാണ് അഭികാമ്യം. |

## XXVI. വനം - വന്യജീവി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/07 | 32 | എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാച്ചുമരം ആദിവാസി കോളനിയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് താമസത്തിനും കൃഷിക്കും വേണ്ടി വനാവകാശ നിയമപ്റകാരം ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?<br><br>ഉറപ്പ്:-എ)യും ബി)യും വനാവകാശ നിയമ പ്രകാരം ഭൂരഹിതരായ ആദിവാസി കുടുംബ ങ്ങൾക്ക് താമസത്തിനും കൃഷിക്കും വേണ്ടി ഭൂമി നൽകാൻ വ്യവസ്ഥയില്ല. വാച്ചുമരം കോളനിയിലെ ഭൂരഹിതരായ ആദിവാസി കൾക്ക് ടികോളനിയ്ക്കടുത്തായ വനഭൂമി | വാച്ചുമരം ആദിവാസി കോളനി നിവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് സെക്ഷൻ (2) പ്രകാരമുള്ള കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുമതി ലഭിക്കുന്നതിനായി യൂസർ ഏജൻസി സമർപ്പിച്ച പ്രൊപ്പോസൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ലെവലിൽ പരിശോധന പൂർത്തിയാക്കി തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പരിശോധനയ്ക്കായി ഓൺലൈൻ മുഖാന്തിരം അയച്ചുകൊടുത്തിട്ടുണ്ട്. ആയതിൽ എത്രയും വേഗം നടപടി സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |

| | | | | |
|---|---|---|---|---|
| | | | കൃഷിക്കും വീടു വയ്ക്കുന്നതിനുമായി നൽകുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് സെക്ഷൻ 2 പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുമതിക്കായി യൂസർ ഏജൻസിയായ ട്രൈബൽ ഡിപ്പാർട്ട്മെന്റ് നിശ്ചിത മാതൃകയിലുള്ള അപേക്ഷ, വനം വകുപ്പിന് സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. | (എസ്.എ & എൻ.ഒ.) നിർദ്ദേശവും നൽകിയിട്ടുണ്ട് |
| 2 | 13/07 | 45 | വനംവകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിര പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?<br>ഉറപ്പ് ;- വിവിധ ഘട്ടങ്ങളായി ദീർഘകാലം ജോലി ചെയ്തുവരും ഇപ്പോൾ തുടരുന്നവരുവരുമായ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിൻറെ പരിഗണനയിലാണ്. | വനം വകുപ്പിൽ ദിവസവേതനത്തിൽ 1-9-2013-ൽ 20 വർഷത്തിൽ കൂടുതലായി ജോലി നോക്കി വന്നിരുന്ന 56 വയസ്സ്കഴിയാത്തവരായ വാച്ചർ, ഡ്രൈവർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ, നിലവിൽ ജോലിനോക്കുന്ന തസ്തിക സൃഷ്ടിച്ച് വാച്ചർമാരുടെ ശമ്പളസ്കെയിലിൽ സ്ഥിരപ്പെടുത്തി യഥാക്രമം സ.ഉ (എം.എസ്)നമ്പർ 29/15/വനം തിയതി 14/05/2015 (135 പേർ) സ. ഉ. (എംഎസ്.) നമ്പർ 110/15/വനം തിയതി 28/12/2015 (99 പേർ) പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 13/10 | 97 | ഡി) നെല്ലിയാമ്പതിയിലെ പാട്ടക്കരാർ ലംഘനം നടത്തിയവരുടെ തോട്ടങ്ങൾ ഏറ്റെടുക്കാൻ മുൻ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായി തോട്ടഭൂമി ഒരിഞ്ചു പോലും നഷ്ടപ്പെടാതെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?<br><br>ഉറപ്പ്:-(ഡി) പാട്ടക്കരാർ ലംഘനം നടത്തിയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നെന്മാറ ഡിവിഷനുകീഴിൽ പാട്ടക്കരാർ ലംഘിച്ച 40 എസ്റ്റേറ്റുകൾ ഉണ്ട്. ഇവയിൽ ബിയാട്രീസ് 2002- ലും മീരാ ഫ്ലോറസ് (5 എണ്ണം) 2011- ലും സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. ചെറുനെല്ലി, രാജക്കാട്, മോങ്കാവുഡ് എന്നീ 3 എസ്റ്റേറ്റുകളുടെ പാട്ടക്കരാർ 2012-ലും കാരപ്പാറ എ & amp;amp;amp; ബി എന്നീ 2 എസ്റ്റേറ്റുകളുടെ പാട്ടക്കരാർ 2013-ലും സർക്കാർ റദ്ദാക്കുകയുണ്ടായി. എന്നാൽ മേൽ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് | പാലക്കാട് ജില്ലയിലെ നെന്മാറ ഡിവിഷനുകീഴിൽ നെല്ലിയാമ്പതി റെയിഞ്ചിൽ വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിനു നൽകിയിരുന്ന തോട്ടങ്ങളിൽ ക്ലിഫ് വ്യൂ (2 എണ്ണം), ഉത്തംപാറ, റോസറി, എന്നീ എസ്റ്റേറ്റുകൾ പാട്ടക്കാലാവധി അവസാനിച്ചതിനെ തുടർന്നും, ബീയാട്രീസ്, മീരാ ഫ്ലോറസ് (5 എണ്ണം) എന്നിവ പാട്ടക്കരാർ ലംഘനത്തെ തുടർന്നും സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. പാട്ടക്കരാർ, വനസംരക്ഷണ നിയമം എന്നിവയുടെ ലംഘനത്തെ തുടർന്ന് നെല്ലിയാമ്പതിയിലെ ചെറുനെല്ലി, രാജാക്കാട്, മോങ്ക് വുഡ് എന്നീ എസ്റ്റേറ്റുകളുടെ പാട്ടക്കരാർ 2012-ലും, കാരപ്പാറ-എ, കാരപ്പാറ-ബി എന്നിവയുടെ പാട്ടക്കരാർ 2013-ലും, അലക്സാണ്ട്രിയ-എ (8 എണ്ണം),അലക്സാണ്ട്രിയ -ബി (6 എണ്ണം), ബ്രൂക്ക് ലാന്റ് എന്നിവയുടെ പാട്ടക്കരാർ 2014-ലും റദ്ദ ചെയ്തിട്ടുണ്ട്. കൂടാതെ നെല്ലിയാമ്പതിയിലെ ബിയാട്രീസ് എസ്റ്റേറ്റ് സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് 2015-ൽ ഉത്തരവായിട്ടുണ്ട്. എന്നാൽ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ |

| | | | | |
|---|---|---|---|---|
| | | | ബഹു. ഹൈക്കോടതി സ്റ്റേ നിലവിലുള്ള തിനാൽ അവ ഏറ്റെടുത്തിട്ടില്ല. ബാക്കി 29 എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. | ഫയൽ ചെയ്ത കേസുകളിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ ടി എസ്റ്റേറ്റുകൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. സർക്കാരിന്റെ ഭാഗത്തു നിന്നും എതിർ സത്യവാങ്മൂലം ഫയൽ ചെയ്തുകഴിഞ്ഞിട്ടുള്ള ടി കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുവാൻ സ്പെഷ്യൽ ഗവ. പ്ലീഡറോട് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>പാട്ടക്കരാർ ലംഘനം കണ്ടെത്തിയതിനെ തുടർന്ന് നെല്ലിയാമ്പതി റ്റീ ആന്റ് പ്രൊഡ്യൂസ് കമ്പനിയുടെ കൈവശത്തിലുള്ള 7 എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദു ചെയ്യുന്നതിനുള്ള നോട്ടീസ് പ്രസ്തുത കമ്പനിക്ക് നൽകുകയും അവരെ നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. പാട്ടക്കരാർ റദ്ദുചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. വീ.കെ.റ്റീ. കമ്പനിയുടെ കൈവശമുള്ള 6 എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദുചെയ്യുന്നതിനായുള്ള കാരണം കാണിക്കൽ നോട്ടീസ് എസ്റ്റേറ്റിന്റെ നിലവിലെ കൈവശക്കാർക്ക് നൽകിയിട്ടുണ്ട്. |

## XXVII. പരിസ്ഥിതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/06 | 47 | ഇ-വേസ്റ്റ് കൈകാര്യം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?<br>ഉറപ്പ്:-ഇ വേസ്റ്റ് ചട്ടങ്ങൾ പ്രകാരം ആതറൈസേഷൻ, രജിസ്ട്രേഷൻ ഏന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളെക്കൊണ്ട് ഏടുപ്പിക്കുന്നതിനും ഏല്ലാ നഗര പ്രദേശങ്ങളിലും ഇ-വേസ്റ്റ് ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാൻ നഗര സഭകളെയും അവിടെ ശേഖരിക്കുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കേന്ദ്രീകൃത സംവിധാനങ്ങളിലേയ്ക്ക് കൊണ്ടു പോകുന്ന തിന് അംഗീകൃത ഏജൻസി കളെയും ചുമതലപ്പെടുത്താൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഉന്നത തല ചർച്ച നടത്തി തിരുമാനമെടുത്തു കഴിഞ്ഞാലുടൻ ചട്ടപ്രകാരമുള്ള ശേഖരണ നടപടികൾ ആരംഭിക്കുന്നതാണ്. | ഇ-വേസ്റ്റ് നിർമ്മാർജ്ജന ലക്ഷ്യം കൈവരിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സർക്കാർ നിരവധി നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ തലത്തിൽ 7-2-2017-ൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തുകയും ഇതിനായി വേണ്ടിവരുന്ന ഏകോപനം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരെ ബന്ധപ്പെടുത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-വേസ്റ്റ് കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചും ഇതിനായി വേണ്ടി വരുന്ന സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. കുടുംബശ്രീ - സാമൂഹിക സംഘടനകളുടെ സഹായം ഈ കാര്യത്തിൽ സ്വീകരിച്ച് ഇ-മാലിന്യ നിർമ്മാർജ്ജന ലക്ഷ്യം കൈവരിക്കേണ്ട നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | പുതുക്കിയ ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ചട്ടങ്ങൾ പ്രകാരം പ്രൊഡ്യൂസർ (ഉല്പാദകർ) എന്ന നിർവചനത്തിൽ വരുന്നവർ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ആതറൈസേഷൻ നേടേണ്ടതാണ്.<br><br>ഇത് പ്രകാരം ഇ-വേസ്റ്റ് റീസൈക്ളർ (പുനഃചംക്രമണം ചെയ്യുന്നത്), ഡിസ്മാന്റലർ (പൊളിച്ചുമാറ്റുന്നവർ), റീഫർബിഷർ (അറ്റകുറ്റപ്പണി/ റിപ്പയർ ചെയ്യുന്നവർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആതറൈസേഷൻ പരിധിയിൽ വരുന്നു. ഇ-മാലിന്യം ശാസ്ത്രീയമായി ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതി ലേക്കായി ബോർഡിൽ നിന്നും അവയർനസ് സെമിനാറുകൾ സംഘടിപ്പിക്കുകയും, പത്ര പരസ്യങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇ-പ്രോഡക്ട്സിന്റെ നിർമ്മാതാക്കളെ Extended Producers Responsibility യുമായി ബന്ധപ്പെടുത്തുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിൽ 9 സ്ഥാപനങ്ങൾക്കാണ് ഇ-വേസ്റ്റ് ശേഖരിക്കുന്നതിനായി ബോർഡിന്റെ അനുമതിയു ള്ളത്. ഈ-വേസ്റ്റ് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്ന നടപടികൾ ഊർജ്ജിതമാക്കുന്നതിനായി സർക്കാർ തലത്തിൽ ക്ലീൻ കേരള കമ്പനി എന്ന |

| | | | | |
|---|---|---|---|---|
| | | | | പേരിൽ ഒരു കമ്പനി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നതിന്റെ ഭാഗമായി M/S Earth Sence Recycle Pvt Ltd. എന്ന കമ്പനിയുമായി ക്ലീൻ കേരള കമ്പനി കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ ഇ-മാലിന്യ ശേഖരണ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി വിദ്യാർത്ഥികളെക്കൂടി പങ്കെടുപ്പിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ വിവരങ്ങൾ ബഹു സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. |
| 2 | 13/09 | 111 | (എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഫയൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുമോ?<br><br>ഉറപ്പ്:-(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനോടൊപ്പം ഫയൽ ട്രാക്കിംഗ് സംവിധാനവും നടപ്പിലാക്കുന്നതാണ്. | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ പൂർണ്ണമായും ഫയൽ ട്രക്കിംഗ് സംവിധാനം എർപ്പെടുത്തിയിട്ടില്ല. വ്യവസായങ്ങൾ, ഉത്തുംഗ കെട്ടിടങ്ങൾ, ആശുപത്രികൾ, വലിയ ഹോട്ടലുകൾ മുതലായ സ്ഥാപനങ്ങൾക്ക് അനുമതി (കൺസെന്റ്) നൽകുന്നതിന് ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി സമർപ്പിക്കുന്ന അപേക്ഷകളുടെ വിവരം ഫയൽ ട്രാക്കിംഗ് സംവിധാനം വഴി ലഭ്യമാണ്. ജലനിയമം, വായുനിയമം, പരിസ്ഥിതി സംരക്ഷണ നിയമം |

| | | | | |
|---|---|---|---|---|
| | | | | എന്നിവയ്ക്ക് കീഴിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതികൾ ആവശ്യമായ വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ബഹുനില കെട്ടിടങ്ങൾ മറ്റ് ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനും ഇപ്രകാരം സമർപ്പിച്ച അപേക്ഷക ളിൽ അപേക്ഷകർക്ക് തൽസ്ഥിതി അറിയുന്നതിനും തുടർ നടപടികൾക്ക് ആവശ്യമായ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും അനുമതി പത്രങ്ങൾ ഓൺ ലൈനായി ലഭിക്കുന്നതിനും ഉള്ള ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് സിസ്റ്റം (OCMMS) എന്ന സോഫ്റ്റ് വെയർ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ നിർദ്ദേശപ്രകാരം നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) വികസിപ്പിക്കുകയുണ്ടായി. പ്രസ്തുത സോഫ്റ്റ്വെയർ ആവശ്യമായ കസ്റ്റമൈസേഷൻ നടത്തി 2014 ജൂൺ 15 മുതൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉപയോഗിച്ച് വരികയാണ്. നിലവിൽ ബോർഡിന്റെ അനുമതി പത്രങ്ങൾ പൂർണ്ണമായും ഓൺലൈനായി മാത്രമാണ് നൽകി വരുന്നത്. സംരംഭകർ krocmms.nic.in എന്ന |

| | | | | |
|---|---|---|---|---|
| | | | | ബോർഡിന്റെ ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് വെബ്സൈറ്റിൽ രജിസ്ട്രേഷൻ നടത്തുമ്പോൾ ലഭിക്കുന്ന യൂസർ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുകയും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ഒരു e-file ആയി ബോർഡ് ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ എത്തുകയും ചെയ്യുന്നു. പ്രസ്തുത ഫയലിൽ എടുക്കുന്ന നടപടികൾ അപ്പപ്പോൾ വ്യവസായ സംരംഭകരുടെ യൂസർ അക്കൗണ്ടിൽ അപ്ഡേറ്റാകുന്നു. അറിയിപ്പുകൾക്കായി SMS സംവിധാനവും നിലവിൽ ഉണ്ട്. അപേക്ഷയോടൊപ്പം ഉള്ള കൺസെന്റ് ഫീസ് ഇ-പേയ്മെന്റ് സംവിധാനം മുഖാന്തരം ആണ് അടയ്ക്കേണ്ടത്. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ്, NEFT, RTGS എന്നിവ വഴി ഇ-പേയ്മെന്റ് നടത്താവുന്നതാണ്.<br><br>OCMMS-ൽ 8 മൊഡ്യൂളുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവ താഴെ പറയും പ്രകാരമാണ്.<br><br>1. ഇൻഡസ്ട്രി രജിസ്ട്രേഷൻ<br><br>2. കൺസെന്റ് മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| | | | | 3. സെസ്സ് മാനേജ്മെന്റ്<br>4. ഇ-കറസ്പോണ്ടൻസ്<br>5. വേസ്റ്റ് മാനേജ്മെന്റ്<br>6. ലബോറട്ടറി മാനേജ്മെന്റ്<br>7. നോട്ടിഫിക്കേഷനുകളും Ms റിപ്പോർട്ടുകളും<br>8. അഡ്മിൻ മൊഡ്യൂൾ<br>ഇവയിൽ, വേസ്റ്റ് മാനേജ്മെന്റ് ലബോറട്ടറി മാനേജ്മെന്റ് എന്നിവ ഒഴികെ എല്ലാ മൊഡ്യൂളുകളും പ്രവർത്തന സജ്ജമാണ്. വേസ്റ്റ് മാനേജ്മെന്റ് മൊഡ്യൂളിന്റെ കസ്റ്റമൈസേഷൻ പുരോഗമിച്ചു വരുന്നു.<br>OCMMS-ന്റെ മൊബൈൽ ആപ്പ് നിലവിൽ തയ്യാറായിട്ടുണ്ട്. ആയത് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചു വരികയാണ്. ടെസ്റ്റിംഗ് പൂർത്തിയാക്കി 2017 മാർച്ച് മുതൽ ആയത് പൊതുജനങ്ങൾക്കായി ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. മൊബൈൽ ആപ്പ് ഉപയോഗിച്ച് പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുന്നതിനും ഇപ്രകാരം സമർപ്പിച്ച പരാതി OCMMS സംവിധാനത്തിൽ e-file ആയി ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നതിനും സൗകര്യമുണ്ട്. ഇതു |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ വ്യവസായ സംരംഭകർക്ക് അവരുടെ അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനും ബോർഡ് ഉദ്യോഗസ്ഥർക്ക് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ടുകൾ ഫോട്ടോകൾ സഹിതം തൽസമയം ഫയൽ ചെയ്യുന്നതിനും മൊബൈൽ ആപ്പിൽ സൗകര്യമുണ്ട്.<br><br>ബോർഡിൽ ലഭിച്ച അപേക്ഷകളിൽ നൽകിയ അനുമതിപത്രങ്ങൾ പൊതുജനങ്ങൾക്കായി വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതു കൂടാതെ നിലവിൽ അനുമതിയ്ക്കായി അപേക്ഷിച്ച സ്ഥാപനങ്ങളുടെയും അനുമതി നിഷേധിച്ച സ്ഥാപനങ്ങളുടെയും വിവരങ്ങളും ഇതോടൊപ്പം വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ഓരോ ഉദ്യോഗസ്ഥരുടെയും കൈവശം ഉള്ള ഫയലുകൾ, അവയുടെ തൽസ്ഥിതി, പെൻഡിംഗ് റിപ്പോർട്ട് എന്നിവ ബോർഡ് മെമ്പർ സെക്രട്ടറിക്കും ചെയർമാനും നേരിട്ട് ലഭ്യമാണ്. കൂടാതെ OCMMS മുഖാന്തരം ലഭിച്ച അനുമതി അപേക്ഷകൾ സംബന്ധിച്ച് വ്യവസായ സംരംഭകർക്ക് ബോർഡിന്റെ എതു കാര്യാലയത്തിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | | വിശദാംശങ്ങൽ ലഭിക്കുന്നതാണ്. ഓൺലൈൻ സംവിധാനം വഴി അപേക്ഷ സമർപ്പിക്കുന്നതിന് സംരംഭകരെ സഹായിക്കുന്നതിനായി ബോർഡിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ഹെൽപ്പ് ഡെസ്കും കിയോസ്കും പ്രവർത്തിച്ചുവരുന്നു. ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് സിസ്റ്റം വഴി 67438 വ്യവസായങ്ങൾ നാളിതുവരെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഓൺലൈനായി ലഭിച്ച 64073 അപേക്ഷ കളിൽ 90.97% അതായത് 58288 എണ്ണം തീർപ്പാ ക്കിയിട്ടുണ്ട്. ഇതിൽ 50864 എണ്ണം അനുമതി നൽകി യവയും 7424 എണ്ണം അപേക്ഷ നിരസിച്ചവയും ആണ്. നിലവിൽ 5785 ഓൺലൈൻ ഫയലുകൾ ബോർഡിന്റെ വിവിധ ഓഫീസുകളിലായി തീർപ്പാക്കുവാനുണ്ട്. ബോർഡിന്റെ പ്രവർത്തനത്തിൽ സുതാര്യതയും ഫയലുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിൽ കൂടുതൽ കാര്യക്ഷമതയും ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് നടപ്പായതോടെ കൈവന്നിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 3 | 13/10 | 57 | (ഡി) നഗരങ്ങളിലെ മലിനീകരണ പരിശോധനകളും അതിന്റെ വിവരങ്ങളും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?<br><br>ഉറപ്പ്:- ഡി) വായു ഗുണനിലവാരം തൽസമയം പൊതുജനങ്ങളെ അറിയിക്കുന്നതിനായി എറണാകുളത്ത് വൈറ്റിലയിൽ ഒരു ഡിസ്പ്ലേ സംവിധാനം സ്ഥാപിക്കാൻ കൊച്ചിൻ റിഫൈനറിയുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം സ്റ്റേഷനുകൾ ഘട്ടം ഘട്ടമായി അന്യ നഗരങ്ങളിലും സ്ഥാപിക്കുന്നതാണ്. | 24 മണിക്കൂർ തുടർച്ചയായി പ്രവർത്തിക്കുന്ന തത്സമയ അന്തരീക്ഷ വായു ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ (കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ) മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരത്തും, എറണാകുളത്തും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.<br><br>തിരുവനന്തപുരം നഗരത്തിൽ പ്ലാമൂട്ടിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആസ്ഥാന ഓഫീസിൽ പ്രവർത്തിപ്പിക്കുന്ന ടി സംവിധനത്തിൽ $PM_{10}$, $PM_{2.5}$, $NH_3$, NO, $NO_X$, $NO_2$, $SO_2$, $O_3$, CO എന്നീ ഘടകങ്ങളും കാറ്റിന്റെ ഗതി, അന്തരീക്ഷ താപനില, ഹ്യൂമിഡിറ്റി തുടങ്ങിയ ഘടകങ്ങളും അളക്കുന്നു. ഈ ഉപകരണങ്ങളിൽ നിന്നും ലഭിക്കുന്ന വായു ഗുണനിലവാര നിരീക്ഷണ ഫലങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്ക് പ്രദർശിപ്പിക്കുന്നതിനായി ആസ്ഥാന ഓഫീസിന്റെ മുമ്പിൽ ഒരു ഡിസ്‌പ്ലേ ബോർഡും സ്ഥാപിച്ചിട്ടുണ്ട്. കൊച്ചി റിഫൈനറിയുമായി ചേർന്ന് എറണാകുളം ജില്ലയിലെ വൈറ്റില മൊബിലിറ്റി ഹബ്ബിൽ പ്രവർത്തിപ്പിക്കുന്ന തത്സമയ അന്തരീക്ഷ വായു ഗുണ നിലവാര സ്റ്റേഷനിൽ $PM_{10}$, $PM_{2.5}$, $NH_3$, NO, $NO_X$, $NO_2$, |

| | | | | |
|---|---|---|---|---|
| | | | | $SO_2$, $O_3$, CO, ബെൻസീൻ,ടൊളുവിൻ, ഈഥൈൽ ബെൻസീൻ, എം. ആന്റ് പി. സൈലീൻ, ഓ-സൈലീൻ എന്നീ ഘടകങ്ങളും കാറ്റിന്റെ ഗതി, കാറ്റിന്റെ വേഗം തുടങ്ങിയ ഘടകങ്ങളും അളക്കുന്നു.<br><br>കോഴിക്കോട് ജില്ലയിൽ, പാളയത്ത് ബോർഡിന്റെ ഒരു തത്സമയ അന്തരീക്ഷ വായുഗുണനിലവാര നിരീക്ഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത കേന്ദ്രം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എറണാകുളം ജില്ലയിൽ എം. ജി. റോഡ്. ശീമാട്ടി ജംഗ്ഷനിൽ ഒരു തത്സമയ അന്തരീക്ഷ വായുഗുണ നിലവാര നിരീക്ഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

## XXVIII. വിവര സാങ്കേതികവിദ്യാ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 197 | (എ) മുൻ സർക്കാർ കാസർഗോഡ് ജില്ലയിൽ അനുവദിച്ച ഐ.ടി. പാർക്ക് എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ, പ്രസ്തുത ഐ.ടി. | ഐ.ടി നയം പ്രാബല്യത്തിൽ വരുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

966/2024.

| | | | | |
|---|---|---|---|---|
| | | | പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?<br><br>ഉറപ്പ്:-(എ) കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിൽ 100 ഏക്കർ ഭൂമിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. റവന്യൂ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന പ്രസ്തുത ഭൂമി ഈ ആവശ്യത്തിനായി പാർക്കിന്റെ നിർമ്മാണത്തിന്റെ ചുമതലയുള്ള KSITIL-ന് കൈമാറിക്കൊണ്ട് ഉത്തരവായെങ്കിലും KSITIL -ന് ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കൈമാറിക്കിട്ടിയിരുന്നില്ല. എന്നാൽ ഐ.ടി. പാർക്കിനായി ഉദ്ദേശിച്ചിരുന്ന 100 ഏക്കർ സ്ഥലത്ത് ഓപ്പൺ ജയിൽ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുള്ളതാണെന്നും പകരം സ്ഥലം നൽകാമെന്നും കാസർഗോഡ് ജില്ലാ കളക്ടർ റവന്യൂ വകുപ്പിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. | |

| | | | | |
|---|---|---|---|---|
| 2 | 13/12 | 65 | (എ) അക്ഷയകേന്ദ്രങ്ങളിലൂടെ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുമോ ?<br><br>ഉറപ്പ്:-(എ)നിലവിലെ വിവിധ സേവനങ്ങൾക്ക് പുറമേ Food Establishment Licensing and Registration അപേക്ഷ, വെൽഫെയർ ബോർഡുകളുടെ അംശാദായം സ്വീകരിക്കൽ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, വാട്ടർ അതോറിറ്റി തുടങ്ങിയവ നടത്തി വരുന്ന സേവനങ്ങൾ, അപ്ലാ സി.എസ്.സി. വഴി നാഷണൽ പെൻഷൻ സ്കീം, എപ്പിക് കാർഡ് പ്രിന്റിംഗ്, ക്ഷീര വികസന വകുപ്പിനു കീഴിലുള്ള പാൽ സൊസൈറ്റി ജീവനക്കാർക്ക് വേണ്ടി കമ്പ്യൂട്ടർ ട്രെയിനിംഗ്, റേഷൻ കാർഡ് പുതുക്കുന്നതിനുള്ള വിവര ശേഖരണം തുടങ്ങിയ സേവനങ്ങൾ ഈ വർഷം ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. | അക്ഷയയുടെ നിലവിലെ വിവിധ സേവനങ്ങൾക്കു പുറമേ ഫുഡ് എസ്റ്റാബ്ലിഷ്മെന്റ് ലൈസൻസിംഗ് & രജിസ്ട്രേഷൻ അപേക്ഷ, വെൽഫെയർ ബോർഡായ KNRK-യുടെയും, കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ അംശാദായം സ്വീകരിക്കൽ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റെ സേവനങ്ങളായ ആധാരം രജിസ്ട്രേഷൻ, ഇൻകുംബെറൻസ് സർട്ടിഫിക്കറ്റ്, വിവാഹ രജിസ്ട്രേഷൻ എന്നിവ, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾ, RTI അപേക്ഷ സമർപ്പിക്കൽ, ഇലക്ട്രിസിറ്റി, ടെലിഫോൺ, വാട്ടർ അതോറിറ്റി ബില്ലുകൾ, അപ്ലാ സി.എസ്.സി. വഴിയുള്ള നാഷണൽ പെൻഷൻ സ്കീം, എപ്പിക് കാർഡ് പ്രിന്റിംഗ്, ക്ഷീര വികസന വകുപ്പിനു കീഴിലുള്ള പാൽ സൊസൈറ്റി ജിവനക്കാർക്ക് ബേസിക് കംപ്യൂട്ടർ പരിശീലനം, റേഷൻ കാർഡ് ഡാറ്റാ എൻട്രി തുടങ്ങിയവ പ്രസ്തുത വർഷം നടപ്പിലാക്കി. അതുകൂടാതെ ബാങ്കിങ് കിയോസ്ക്, ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ, ഡിജിറ്റൽ ലോക്കർ സൃഷ്ടിക്കൽ, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി GKSF രജിസ്ട്രേഷൻ, ഫാർമേഴ്സ് ഡാറ്റാ |

| | | | | |
|---|---|---|---|---|
| | | | | എൻടി, ഇ-ഹെൽത്ത്, ലേബർ വെൽഫെയർ ബോർഡിന്റെ ആധാർ സീഡിങ്, ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷൻ തുടങ്ങിയവയും ഈ കാലയളവിൽ അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കി. മാത്രമല്ല സംസ്ഥാനത്ത് പഞ്ചായത്ത്/ ബൈ-ഇലക്ഷനുകളുമായി ബന്ധപ്പെട്ട് വെബ്കാസ്റ്റിങ് നടത്തുന്നതിലും അക്ഷയ പ്രഥമ പങ്കു വഹിച്ചു. |
| 3 | 13/14 | 44 | ഓരോ പഞ്ചായത്തിലും ആവശ്യമായ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?<br><br>ഉറപ്പ്:-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാസാക്കുന്ന പ്രമേയത്തിന്റെയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ നിലവിലെ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. അപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യം മുൻനിർത്തി 1-8-2016-നുശേഷം 13-8-2015-ലെ സ.ഉ. (എം.എസ്) നം. 26/2015/ഐ.റ്റി.ഡി., 4-9-2015-ലെ സ.ഉ. (എം.എസ്.) നം. 36/2015/ഐ.റ്റി.ഡി., 25-2-2016-ലെ സ.ഉ. (എം.എസ്.) നം. 12/2016/ഐ.റ്റി.ഡി., 29-2-2016- ലെ സ.ഉ. (എം.എസ്.) നം.14/2016/ ഐ.റ്റി.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | കൊല്ലം, ഇടുക്കി, കണ്ണൂർ, കോഴിക്കോട്, എറണാകുളം, ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

## XXIX. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/09 | 78 | (എ) സംസ്ഥാനത്ത് മലയാളം ഭരണഭാഷ യാക്കുന്നത് സംബന്ധിച്ചുള്ള സമഗ്രമായ ഒരു നിയമം ഉണ്ടാകണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ്:-(എ)& (ബി) ഈ വിഷയത്തിൽ നിലവിൽ തന്നെ സർക്കാർ നിർദ്ദേശങ്ങളുണ്ട്. എന്നാലും സമഗ്രമായ നിയമം ഉണ്ടാക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. | കേരള സംസ്ഥാനത്തെ സർവ്വ മേഖലയേയും സമഗ്രമായ ഒരു ഭാഷാനിയമത്തിൻകീഴിൽ കൊണ്ടുവരുന്നതിലേക്കായി തയ്യാറാക്കിയ 2015 -ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ 17-12-2015-ന് ബഹു. കേരള നിയമസഭ അംഗീകരിച്ചിട്ടുണ്ട്. ആയത് ആക്റ്റ് ആക്കുന്നതിനുള്ള നടപടികൾ നിയമ വകുപ്പിൽ അന്തിമഘട്ടത്തിലാണ് |

| | | | | |
|---|---|---|---|---|
| 2 | 13/11 | 161 | മൂന്ന് മാസത്തെ സമയപരിധി നിശ്ചയിച്ച് സമയബന്ധിതമായി യൂണിവേഴ്സിറ്റികളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമന ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും ഇനിയും പി.എസ്.സി.ക്ക് വിടാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?<br><br>ഉറപ്പ്:-അക്കാര്യത്തിൽ പ്രത്യേകമായ നിർദ്ദേശം കൊടുക്കും. എത്രയും വേഗം ചട്ടങ്ങളുണ്ടാക്കണമെന്ന് വീണ്ടും നിർദ്ദേശം നൽകുന്നതാണ്. പി.എസ്.സി.ക്ക് വിട്ടിട്ടില്ലാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തും. | നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുള്ളതും എന്നാൽ ഇതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും നിയമനം പി.എസ്.സി. വഴി നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ എത്രയും വേഗം രൂപീകരിക്കേണ്ടതാണെന്നും പ്രസ്തുത ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിക്കുന്നുവെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ അടിയന്തര തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണെന്നും 14-7-2014 -ലെ 14079/ ഉപ.സി1/2014/ഉഭപവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും ടി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള |

| | | | | |
|---|---|---|---|---|
| | | | | സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരമാണോ നിയമനങ്ങൾ നടത്തി വരുന്നത് എന്ന വസ്തുത പരിശോധിക്കേണ്ടതും, ടി സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടില്ലെങ്കിൽ ആയതിലെ നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്ന് 14-6-2016 -ലെ 14079/ഉപസി1/2014/ഉഭപവ നമ്പർ പരിപത്രം പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട് |
| 3 | 13/16 | 30 | മലയാള ഭാഷ ഔദ്യോഗിക ഭാഷയാക്കാൻ തീരുമാനിച്ചതിനുശേഷം ഇതുവരെയുണ്ടായിട്ടുള്ള പുരോഗതി പരിശോധിക്കുന്നതിനുവേണ്ടി എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും തലവൻമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇതുവരെ എന്തൊക്കെ കാര്യങ്ങൾ ഈ വിഷയത്തിൽ ചെയ്തിട്ടുണ്ടെന്നും ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്നും പരിശോധിച്ച് എല്ലാ വർഷവും ഒരു വിലയിരുത്തൽ | കേരള ഔദ്യോഗികഭാഷകൾ ആക്റ്റ്" ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഔദ്യോഗികഭാഷാ ഉന്നതതല സമിതി ആറു മാസത്തിലൊരിക്കൽ യോഗം ചേർന്ന് സംസ്ഥാനത്തെ ഭരണഭാഷാ- മാറ്റപുരോഗതി അവലോകനം നടത്തിവരുന്നു. ഉന്നതതലസമിതി അവസാനമായി യോഗം ചേർന്നത് 2-11-2017-ലാണ്. ഔദ്യോഗികഭാഷാമാറ്റവുമായി ബന്ധപ്പെട്ട് ഇതുവരെയുണ്ടായിട്ടുള്ള പുരോഗതി പരിശോധിക്ക |

| | | | | |
|---|---|---|---|---|
| | | | നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കുമോ?<br>ഉറപ്പ്:-ഈ സഭയുടെ പതിനഞ്ചാം സമ്മേളനത്തിലാണ് ഔദ്യോഗിക ഭാഷാ ബിൽ പാസാക്കിയത്. ബഹു. മെമ്പർ ചൂണ്ടിക്കാണിച്ച വ്യവസ്ഥകൾ നടപ്പിലാക്കാൻ വേണ്ടി ഉദ്യോഗസ്ഥ തലത്തിൽ ആവശ്യമായ റിവ്യൂ നടത്തുന്നതാണ്. നിയമം സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. | ന്നതിനുവേണ്ടി വകുപ്പുതലവൻമാർ അംഗങ്ങളായും ചീഫ് സെക്രട്ടറി അധ്യക്ഷനായുമുള്ള സംസ്ഥാനതലസമിതി നാല് മാസത്തിലൊരിക്കൽ യോഗം ചേർന്ന് ഭാഷാമാറ്റം അവലോകനം നടത്തുകയും തുടർപ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനതല ഔദ്യോഗിക ഭാഷാസമിതി അവസാനമായി യോഗം ചേർന്നത് 1-8-2017-ലാണ്. ജില്ലാതലത്തിലുള്ള ഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനായി ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഏകോപനസമിതികൾ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരുന്നുണ്ട്. ഈ സമിതിയിൽ ഓരോ വകുപ്പിന്റെയും ജില്ലാമേധാവി പങ്കെടുത്ത് ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തന ങ്ങളുടെ പുരോഗതി അവലോകനം ചെയ്യുകയും ഭാഷാമാറ്റപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

## XXX. കോസ്റ്റൽ ഷിപ്പിംഗ് ഇൻലാന്റ് നാവിഗേഷൻ

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/08 | 45 | കായംകുളം കായലിന്റെ ആഴം വർദ്ധിപ്പിച്ച് ദേശീയ ജലപാതയിൽ നിന്നു ഡി.റ്റി.പി.സി. യുടെ അമിനിറ്റി സെന്ററിലേക്കുള്ള ഉപജലപാത നബാർഡ് സഹായത്തോടെ ഗതാഗത യോഗ്യമാക്കുന്നതിനിനായി സമർപ്പിച്ച പ്രൊപ്പോസലിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?<br>ഉറപ്പ്:-ഈ പദ്ധതി NABARD-RIDF-XIX-ൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതി രൂപരേഖ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു | കായംകുളം കായലിന്റെ ആഴം വർദ്ധിപ്പിക്കുകയും ഡി.റ്റി.പി.സി. ബോട്ട് ജെട്ടിയിലേക്കുള്ള ജലപാതയുടെ ആഴം വർദ്ധിപ്പിക്കുന്നതുമായ പദ്ധതി നബാർഡ് ആർ.ഐ.ഡി.എഫ്.-19 -ൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതി രൂപരേഖ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും ടി പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല. |
| 2 | 13/14 | 110 | കനോലി കനാലിന്റെ ഇരുകരകളിലുമുള്ള കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്ന | കേരളത്തിന്റെ പശ്ചിമതീരത്തിന് സമാന്തരമായി കടന്നുപോകുന്ന പ്രധാന ഉൾനാടൻ ജലപാതയായ വെസ്റ്റ് |

| | | | | |
|---|---|---|---|---|
| | | | തിനും സർവ്വേ നടത്തി കനാലിന്റെ വീതിയും സർക്കാർ ഭൂമിയും പുഴയോരവും സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:-കനോലി കനാൽ പുനരുദ്ധരിക്കണമെന്നും കയേറ്റങ്ങൾ ഒഴിവാക്കണമെന്നുള്ളത് നിരന്തരമായിട്ടുള്ളൊരു ആവശ്യമാണ്. അതിനാവശ്യമായ സർവ്വേ നടത്തി നടപടി സ്വീകരിക്കുന്നതാണ്. | കോസ്റ്റ് കനാലിന്റെ തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ഭാഗങ്ങൾ ആയ കനോലി കനാലിന്റെ അതിർത്തി നിശ്ചയിക്കുന്നതിനുള്ള സർവ്വേ താലൂക്ക് സർവ്വേയർമാർ വഴി നടന്നുവരുന്നു. സർവ്വേ പൂർത്തിയായ ഭാഗങ്ങൾ റവന്യൂ വകുപ്പിലെ തഹസിൽദാർമാർ, ഡെപ്യൂട്ടി തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ തുടങ്ങിയവർ ജോയിന്റ് വേരിഫിക്കേഷൻ നടത്തി അതിർത്തി സംബന്ധിച്ച പരാതികൾ പരിഹരിച്ച് അതിർത്തികല്ല് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | 13/15 | 22 | ഉൾനാടൻ ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ടുകൊണ്ടും വിവിധപോർട്ടുകളെ ബന്ധപ്പെടുത്തിക്കൊണ്ടുമുള്ള ചരക്ക് ഗതാഗതത്തിന് ഗവൺമെന്റ് സബ്സിഡി കൊടുക്കുമെന്ന് പറയുകയുണ്ടായി. അത്തരത്തിലുള്ള ചരക്ക് ഗതാഗതം നടപ്പിലാക്കുന്ന തിനുവേണ്ടി എന്ത് നടപടിയുണ്ടായി? | ജലപാതകളിലൂടെയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ സബ്സിഡി നൽകുന്നുണ്ട്. വിവിധ പോർട്ടുകളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചരക്കു ഗതാഗതത്തിനും നിലവിൽ സബ്സിഡി നൽകുന്നുണ്ട്. ജലപാതകളിലൂടെയുള്ള ചരക്കുനീക്കം പ്രോത്സാഹിപ്പിക്കുന്നതിനായി ജലപാതകളുടെ നവീകരണത്തിനും ആഴം കൂട്ടലിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഊർജ്ജിതശ്രമങ്ങൾ ഉൾനാടൻ ജലഗതാഗതവകുപ്പിനു കീഴിൽ നടന്നുവരുന്നു. 2020 -ഓടുകൂടി ജലപാതകൾ പൂർണ്ണമായും യാത്രാസജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ക്വിൽ എന്ന |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:-ഇപ്പോൾ ഗുജറാത്തിൽ നിന്ന് കൊല്ലത്തേയ്ക്ക് കപ്പൽ വരുന്നുണ്ട്. പക്ഷേ, തിരിച്ച് പോകുമ്പോൾ ഈ കപ്പലുകൾ ചരക്കില്ലാതെ പോകേണ്ടി വരുന്നു. അതാണ് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ആ പ്രശ്നം കൂടി ഞങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഉടൻ തന്നെ ഒരു കപ്പൽ വാടകയ്ക്കെടുത്ത് ഓടിക്കാൻ നടപടി സ്വീകരിച്ചു വരികയാണ്. | പബ്ലിക്ക് ലിമിറ്റഡ് കമ്പനിയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എസ്.പി.വി. ആയി നിയോഗിച്ചിട്ടുണ്ട്. 2013 -14 കാലഘട്ടത്തിൽ കപ്പൽ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തിയിരുന്നുവെങ്കിലും ആ ഉദ്യമം ലാഭകരമല്ലാതിരുന്നതിനാൽ തുടരുകയുണ്ടായില്ല. |

## XXXI. വിവര പൊതുജനസമ്പർക്ക വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/10 | 07 | (ബി) പ്രാദേശിക പത്രപ്രവർത്തകർക്ക് നിലവിൽ പെൻഷൻ ക്ഷേമനിധി | (ബി) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 15-12-2015 -ലെ |

| | | | | |
|---|---|---|---|---|
| | | | ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ;<br>(സി) ഇല്ലെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ അവർക്ക് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?<br>ഉറപ്പ്:- പരിഗണിച്ചുവരുന്നു. | സ.ഉ. (സാധാ) നം. 686/12/ഐ. & പി. ആർ. പ്രകാരം പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിലവിലുള്ള ചട്ടങ്ങളുടെയും നിർവ്വചനത്തിന്റെയും പ്രവർത്തന രീതിയുടെയും അടിസ്ഥാനത്തിൽ പ്രാദേശിക പത്രപ്രവർത്തകരെ/ലേഖകരെ 1993 -ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിലും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളിയുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമായി തൊഴിൽ വകുപ്പ് സ.ഉ.(സാധാ) 24/2016/തൊഴിൽ തീയതി 2-2-2016 പ്രകാരം രൂപീകരിച്ച 2015 -ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗമായി ചേരുന്നതിനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് നിലവിലുള്ള സാഹചര്യത്തിലും പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിന് ഭരണാനുമതി നല്കിയ ഉത്തരവ് |

| | | | | |
|---|---|---|---|---|
| | | | | 25-10-2016 -ലെ സ.ഉ. (സാധാ) നം.411/2016/ഐ. & പി. ആർ. പ്രകാരം പിൻവലിക്കുകയുണ്ടായി. |
| 2 | 13/12 | 43 | (എ) പ്രാദേശിക പത്രപ്രവർത്തകർക്ക് വേണ്ടിയുള്ള ക്ഷേമനിധി എന്നത്തേയ്ക്ക് പ്രാബല്യത്തിൽ വരും; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br>(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(സി) സമയബന്ധിതമായി ഈ ക്ഷേമനിധി പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:- പ്രാദേശിക പത്ര പ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും നടപടികൾ നടന്നുവരികയുമാണ്. നിലവിലെ വർക്കിംഗ് ജേർണലിസ്റ്റ് ആക്റ്റ് പ്രകാരം പത്ര പ്രവർത്തകരുടെ സംജ്ഞയിൽ ഉൾപ്പെടുന്നവരല്ല പ്രാദേശിക പത്ര പ്രവർത്തകർ എന്നതിനാൽ പ്രാദേശിക പത്രപ്രവർത്ത | 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 15-12-2015 -ലെ സ.ഉ. (സാധാ) നം. 686/12/ഐ. & പി. ആർ. പ്രകാരം പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിലവിലുള്ള ചട്ടങ്ങളുടെയും നിർവ്വചനത്തിന്റെയും പ്രവർത്തന രീതിയുടെയും അടിസ്ഥാനത്തിൽ പ്രാദേശിക പത്രപ്രവർത്തകരെ / ലേഖകരെ 1993 -ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിലും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളിയുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി തൊഴിൽ വകുപ്പ് സ.ഉ.(സാധാ) 24/2016/തൊഴിൽ തീയതി 2-2-2016 പ്രകാരം രൂപീകരിച്ച 2015 -ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗമായി ചേരുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | കർക്ക് ക്ഷേമനിധി എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് ചില സാങ്കേതിക തടസ്സങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. എങ്കിലും ഇത് പരിഹരിക്കുന്നതിനായി മാനേജ്മെന്റിന്റെ പ്രതിനിധികളുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തിയിരുന്നെങ്കിലും മാനേജ്മെന്റുകളുടെ വിഹിതം നിശ്ചയിക്കുന്നത് സംബന്ധിച്ച തീരുമാനമുണ്ടായില്ല. തുടർന്ന് പി.ആർ.ഡി. ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ KUWJ പ്രതിനിധികളുമായും ചർച്ച നടത്തുകയും അവർ ഇതു സംബന്ധിച്ച് ഹാജരാക്കിയ അഭിപ്രായത്തിലും പ്രാദേശിക പത്ര പ്രവർത്തകർ പത്രപ്രവർത്തകർ എന്ന സംജ്ഞയിൽ ഉൾപ്പെടുന്നില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. സർക്കാരിന്റെ മാത്രം സാമ്പത്തിക പങ്കാളിത്തത്തോടെ ക്ഷേമ നിധി നടപ്പിലാക്കുക എന്നത് പ്രായോഗികമായി പ്രയാസമുള്ളകാര്യമാണെങ്കിലും ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. | അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് നിലവിലുള്ള സാഹചര്യത്തിലും പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിന് ഭരണാനുമതി നല്കിയ ഉത്തരവ് 25-10-2016 -ലെ സ.ഉ. (സാധാ) നം. 411/ 2016/ ഐ. & പി. ആർ. പ്രകാരം പിൻവലിക്കുകയുണ്ടായി. |

## XXXII. പൊതുഭരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 211 | (ബി) കോർപ്പറേഷന്റെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്, വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) ഇതിനു വേണ്ടി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?<br>ഉറപ്പ്:- (ബി),(സി)<br>സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ തുടങ്ങിയവ സർക്കാർ പരിശോധിച്ചുവരുന്നു. | ബി) ന്യൂനപക്ഷ സമുദായങ്ങളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കോർപ്പറേഷൻ കുറഞ്ഞ പലിശ നിരക്കിൽ വിവിധതരം വായ്പകൾ ന്യൂനപക്ഷങ്ങളിലെ ദുർബ്ബല വിഭാഗങ്ങൾക്ക് നല്കുന്നു.<br>സി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ മെമ്മോറാണ്ടം ഓഫ് ആസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ അംഗീകരിച്ചുകൊണ്ട് സ.ഉ. (കൈ) 202/2012/പൊ.ഭ.വ. തീയതി 6-8-2012 പ്രകാരവും പിന്നീട് ഭേദഗതികൾ ചേർത്തുകൊണ്ട് സ.ഉ. (കൈ) 37/2013/പൊ.ഭ.വ. തീയതി 14-2-2013-നം പുറപ്പെടുവിച്ചിട്ടുണ്ട്. |
| | 13/15 | 27 | സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന കണ്ണൂരിലെ തെങ്ങിൽ ചന്ത്രോത്ത് കൃഷ്ണൻ | 2-5-2012-ലെ 92/2012/ജി.എ.ഡി. സർക്കാർ |

| | | | | |
|---|---|---|---|---|
| | | | നമ്പ്യാരുടെ വിധവ കുറ്റിയാട്ട് നാരായണി അമ്മയ്ക്ക് അനുവദിച്ച നൽകിയ പെൻഷൻ (കേരള ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ സ്കീം) 31-10-2013-ന് അവർ മരണമടഞ്ഞതിനെത്തുടർന്ന് മകളും, ആശ്രിതയും ഏക അനന്തരാവകാശിയുമായ തനിയ്ക്ക് അനുവദിച്ച നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി പത്മാവതി നൽകിയ അപേക്ഷയിന്മേൽ കൈക്കൊണ്ട നടപടി വിശദീകരിക്കുമോ?<br><br>ഉറപ്പ്:- പരേതനായ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷണർ തെങ്ങിൽ ചന്ദ്രോത്ത് കൃഷ്ണൻ നമ്പ്യാരുടെ മകൾ ശ്രീമതി റ്റി.കെ. പത്മാവതിയ്ക്ക് തുടർ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിനായി നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. | ഉത്തരവു പ്രകാരം പരേതരായ കേരള സ്വാതന്ത്ര്യ സമര സേനാനികളുടെ വിധവകളായ മക്കൾക്ക് അവരെ ഏറ്റവും അർഹതയുള്ള അപേക്ഷകരായി (most deserving case) കണക്കാക്കി തുടർ പെൻഷൻ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം തുടർ പെൻഷൻ അനുവദിക്കുന്നതിനായിട്ടാണ് സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന കണ്ണൂരിലെ തെങ്ങിൽ ചന്ദ്രോത്ത് കൃഷ്ണൻ നമ്പ്യാരുടെ വിധവ കുറ്റിയാട്ട് നാരായണിഅമ്മയ്ക്ക് അനുവദിച്ച നൽകിയ പെൻഷൻ അവർ മരണമടഞ്ഞതിനെ തുടർന്ന് മകളും, ആശ്രിതയും ഏക അനന്തരാവകാശിയുമായ ശ്രീമതി പത്മാവതി അപേക്ഷ സമർപ്പിച്ചിരുന്നത്. 2-5-2012 -ലെ മേൽ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ വിധവ/വിവാഹമോചിത ആയ പെൺമക്കൾ അവരുടെ ഭർത്താവിന്റെ മരണശേഷം സ്വാതന്ത്ര്യ സമര സേനാനി പെൻഷണറുടെ ആശ്രിതത്വത്തിലായിരിക്കുകയും |

| | | | | |
|---|---|---|---|---|
| | | | | സംരക്ഷണം നൽകാൻ മക്കളോ മറ്റാരെങ്കിലോ ഇല്ലാതിരിക്കുകയും തൊഴിൽ ചെയ്ത് ഉപജീവനം നടത്തുവാൻ പ്രായം/ആരോഗ്യം അനുവദിക്കാതിരിക്കുകയും ആണെങ്കിൽ ഏറ്റവും അർഹതപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതാണ്. ശ്രീമതി റ്റി.കെ. പത്മാവതിക്ക് തുടർ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച് കണ്ണൂർ ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ അപേക്ഷകയ്ക്ക് വിവാഹിതരായ മൂന്ന് പെൺമക്കൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നതിനാൽ സംരക്ഷിക്കുവാൻ ആരുമില്ലായെന്ന് കണക്കാക്കി ഏറ്റവും അർഹതയുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തി കേരള സ്വാതന്ത്ര്യ സമര സേനാനി തുടർ പെൻഷൻ അനുവദിക്കുവാൻ മേൽ ചട്ട പ്രകാരം കഴിയില്ല. മേൽ സാഹചര്യത്തിൽ ശ്രീമതി റ്റി.കെ. പത്മാവതി സ്വാതന്ത്ര്യ സമര സേനാനി തുടർ പെൻഷന് അർഹയല്ലെന്ന നിഗമനത്തിൽ എത്തുകയും ശ്രീമതി പത്മാവതിയുടെ |

| | | | | |
|---|---|---|---|---|
| | | | | അപേക്ഷ നിരസിക്കുകയും ആ വിവരം കണ്ണൂർ ജില്ലാ കളക്ടറെയും ശ്രീമതി റ്റി. കെ. പത്മാവതിയെയും 28-1-2016-ലെ എഫ്.എഫ്.പി. ബി2/45/15/ ജി.എ.ഡി. കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

## XXXIII. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 24 | എ) 2003 മുതൽ വിവിധ ബാങ്കുകളിൽ നിന്നെടുത്ത വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി;<br>ബി) വിദ്യാഭ്യാസ വായ്പയെടുത്ത് ദുരിതത്തിലായ കുടുംബങ്ങൾക്ക് ആശ്വാസമേകുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ? | കേന്ദ്ര സർക്കാരിന്റെ സി.എസ്.ഐ.എസ്. (സെൻട്രൽ സെക്ഷൻ ഇന്ററസ്റ്റ് സബ്സിഡി സ്കീം) പ്രാരംഭത്തിൽ 2009 ഏപ്രിൽ 1 മുതലുള്ള വിദ്യാഭ്യാസ വായ്പകൾക്കാണ് ലഭിച്ചിരുന്നത്. എന്നാൽ പിന്നീട് 2003 ഏപ്രിൽ 1 മുതൽ 2009 മാർച്ച് 31 വരെയുള്ള വിദ്യാഭ്യാസ വായ്പകളെയും പദ്ധതിയുടെ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തിയെന്നും ഈ പ്രത്യേക പാക്കേജ് 21-3-2015 -ൽ ക്ലോസ് ചെയ്തുവെന്നും |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:- എ) 2004 മുതൽ 2009 വരെ വിവിധ ബാങ്കുകളിൽ നിന്നെടുത്ത വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതിത്ത ള്ളുന്നതിനുവേണ്ടി അതിന്റെ കണക്ക വിവരങ്ങൾ സംസ്ഥാനതല ബാങ്കിംഗ് സമിതി ശേഖരിച്ചു വരുന്നു.<br><br>ബി) വായ്പ കുടിശ്ശിക സംബന്ധിച്ച് കൃത്യമായ വിവരശേഖരണം നടത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | അന്നേ വരെ ലഭിച്ച എല്ലാ അർഹതയുള്ള ക്ലെയിമുകളും സെറ്റിൽ ചെയ്തിട്ടുണ്ടെന്നും സംസ്ഥാനതല ബാങ്കിങ് സമിതി കൺവീനർ അറിയിച്ചിട്ടുണ്ട്. |
| 2 | 13/07 | 12 | കേരള ഇന്നൊവേഷൻ മിഷൻ രൂപികരിച്ചിട്ടുണ്ടോ; ഇതിന്റെ ആസ്ഥാനം എവിടെയാണ്; എന്തെല്ലാം പ്രവർത്തനങ്ങ ളാണ് ഇപ്പോൾ നടന്നുവരുന്നത്; ഈയിനത്തിൽഎത്ര തുക ചെലവഴിച്ചിട്ടുണ്ട് ?<br><br>ഉറപ്പ്:-ഇന്നൊവേഷൻ മിഷൻ രൂപികരിച്ചി ട്ടില്ല. എന്നാൽ 'നാഷണൽ ഇന്നൊവേഷൻ കൗൺസിലി'ന്റെ മാതൃകയിൽ 'സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ' രൂപികരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ് | 8-7-2013-ലെ ജി.ഒ.(ആർ.ടി.)നം. 272/13/പ്ലാനിംഗ് ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇന്നൊവേഷൻ കൗൺസിൽ നിലവിൽവന്നു. 14-8-2014 ജി.ഒ.(എം.എസ്)നം. 37/2014/പ്ലാനിംഗ് പ്രകാരം 19 അംഗങ്ങളെ ഉൾപ്പെടുത്തി കൗൺസിൽ രൂപീകരിക്കുകയുണ്ടായി |

## XXXIV. വിജിലൻസ് വകുപ്പ്

| ക്രമ നമ്പർ | നിയമസ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 174 | വിജിലൻസ് ഡിപ്പാർട്ട്മെന്റിനെയും ആന്റികറപ്ഷൻ ബ്യൂറോയെയും പ്രത്യേകം ഡിപ്പാർട്ടുമെന്റാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- വിജിലൻസ് വകുപ്പിനുള്ളിലെ ചില പരിഷ്കരണങ്ങളെക്കുറിച്ച് ഇന്റേണലായി ആലോചിക്കുന്നുണ്ട്. അത് അനൗൺസ്മെന്റ് നടത്താൻ പറ്റിയ രൂപത്തിലാകുന്ന മുറയ്ക്ക് സഭയെ അറിയിക്കാം. | പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 'Arising Kerala', 'Whistle Now' എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി 12-5-1992 തീയതിയിലെ ജി .ഒ (പി) നം .65/92/ വിജി - യിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തി 29-3-2017 തീയതിയിൽ ജി. ഒ. (പി) നം . 9/2017/ വിജി നമ്പർ ഉത്തരവും, 4-12-2012 തീയതിയിലെ ജി. ഒ. ( പി ) നം .55/12/ വിജി - യിൽ പരിഷ്കാരങ്ങൾ വരുത്തി 29-3-2017 തീയതിയിൽ ജി . ഒ. (പി) 8/2017/ വിജി . നമ്പർ സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ വിജിലൻസ് വകുപ്പിനെയും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയെയും പ്രത്യേകം വകുപ്പുകളാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | | |
|---|---|---|---|---|
| 2 | 13/12 | 47 | (എ) സർക്കാർ സേവനം താമസം കൂടാതെയും അഴിമതി രഹിതമായും ജനങ്ങളിലെത്തുന്നതിന് ജില്ലാ-സംസ്ഥാന തലങ്ങളിൽ എല്ലാ വകുപ്പുകളിലും സർപ്രൈസ് വിസിറ്റിംഗ് സ്വാഡിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?<br><br>ഉറപ്പ്:- (എ) സർക്കാർ സേവനം കാര്യക്ഷമമായും അഴിമതി രഹിതമായും ജനങ്ങളിലെത്തിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും അഴിമതി തടയുന്ന തിനായി രൂപീകരിച്ചിട്ടുള്ള വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗരപരിധി പ്രവർത്തന മേഖലയാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത സംവിധാനം മറ്റു പ്രധാന നഗരങ്ങളിലേയ്ക്കും കൂടി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. | തിരുവനന്തപുരം നഗരത്തിൽ പ്രത്യേക വാഹനത്തിൽ പ്രവർത്തിച്ചിരുന്ന ഫ്ലയിംഗ് സ്ക്വാഡിന്റെ പ്രവർത്തനം 27-6-2016 -ൽ അവലോകനം ചെയ്തപ്പോൾ സ്ക്വാഡിന്റെ പ്രവർത്തനം ഫലപ്രദമല്ല എന്ന് മനസ്സിലായതിനെ തുടർന്ന് സ്ക്വാഡ് ഉപയോഗിച്ചിരുന്ന വാഹനം അഴിമതി നിരോധന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഫലപ്രദമായ പദ്ധതിയിൽ ഉപയോഗിച്ച നടപടി സാധൂകരിക്കണമെന്ന് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യം പരിശോധിച്ച് ഫ്ലയിംഗ് സ്ക്വാഡ് രൂപീകരിച്ച 15-12-2012 തീയതിയിലെ സ.ഉ. (എം. എസ്) 57/12/വിജി പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും ആയതിന്റെ ആവശ്യത്തിലേക്കായി ഉപയോഗിച്ചു വരുന്ന വാഹനം അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം യൂണിറ്റിൽ ഉപയോഗിച്ച വിജിലൻസ് ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ടും 16-10-2017 -ലെ സ.ഉ (കൈ)നം.30/17/വിജി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

## XXXV. ശാസ്ത്ര സാങ്കേതിക വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/11 | 97 | (ബി) എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;<br>(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാ ക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?<br>ഉറപ്പ്:- കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണത്തിനായി സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി എന്ന പേരിൽ ഒരു സ്ഥാപനം ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ | ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണത്തിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിൽ സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ് എന്നൊരു സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് ഫറൂഖ് കോളേജിൽ കാഴ്ചവൈകല്യമുള്ളവരുടെ ശാക്തീകരണത്തിനായി ഒരു ട്രെയിനിങ് സെന്റർ ആരംഭിച്ച് കരിയർ സെൻട്രിക് കമ്പ്യൂട്ടർ ട്രെയിനിങ്, ബേസിക് കമ്പ്യൂട്ടർ ട്രെയിനിങ് എന്നിങ്ങനെ രണ്ട് കോഴ്സുകളിൽ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്.<br>ഭിന്നശേഷിയുള്ളവരുടെ സാങ്കേതിക ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ് ഒരു ദേശീയ ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ഒരു കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുകയും 'Knowledge Partner'-നെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ശാസ്ത്ര ഭവനിൽ ഇതിനായി ഒരു ഓഫീസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സെന്റർ സാങ്കേതികരംഗത്തുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ദേശീയ ഉപദേശക സമിതി രൂപീകരിക്കുകയും അന്ധർക്കായി വിവര വിനിമയ സാങ്കേതിക പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. കമ്പ്യൂട്ടറിലും അസിസ്റ്റീവ് ടെക്നോളജിയിലും അന്ധർക്ക് പരിശീലനം നൽകുന്നതിനായി സെന്ററുകൾ തുടങ്ങാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടം 2014 ജൂലൈയിൽ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. | |
| 2 | 13/15 | 21 | സംസ്ഥാനത്തിന്റെ തീരദേശ മേഖലയിലുണ്ടാകുന്ന എല്ലാത്തരം വ്യതിയാനങ്ങളും നിരീക്ഷിക്കാനും അവ തീരപ്രദേശ സുരക്ഷയ്ക്കും മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വത്തിനും ഉപയുക്തമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ജലവിഭവ വികസന വിനിയോഗ കേന്ദ്രം(CWRDM) :<br>1) നിലവിലെ സ്ഥിതി അനുസരിച്ച് CWRDM ഇപ്പോഴുള്ള പഠന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തീരദേശ വിനിയോഗ പദ്ധതിയിൽ (Integrated Coastal Zone Management Plan) സമർപ്പിച്ച |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:-കെ.എഫ്.ആർ.ഐ, സി.ഡബ്ല്യൂ.ആർ.ഡി.എം. എന്നീ സ്ഥാപനങ്ങളിൽ ഇപ്പോഴുള്ള പഠന സംവിധാനങ്ങൾ ശക്തിപ്പെടുത്തുവാൻ നടപടികൾ എടുക്കുന്നുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തീരമേഖലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ നിരീക്ഷിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ട്.<br><br>പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. | പ്രോഗ്രാമുകൾ ചുവടെ ചേർക്കുന്നു.<br><br>i) റിജുവനേഷൻ ഓഫ് സാൻഡ് ഡ്യൂൺസ് ത്രൂ ഡ്യൂൺ ഫെൻസിങ് ആൻഡ് വെജിറ്റേഷൻ-പ്രാരംഭ പ്രോജെക്ട്<br><br>ii) റിമോട്ട് സെൻസിങ്ങും GIS -ഉം മുഖേന മലബാർ തീരത്തെ സമുദ്ര നിരപ്പ് ഉയരുന്നതും തീരത്തിനുള്ള അപകട സാധ്യതയും നിർണ്ണയിക്കുന്നു.<br><br>കേരള വനഗവേഷണ കേന്ദ്രം(KFRI):<br><br>2)തീരദേശ വ്യതിയാനങ്ങൾ നിരീക്ഷിക്കുന്നതിന് KFRI താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>i) തീരരേഖകളെ കാറ്റിൽ നിന്നും തിരകളിൽ നിന്നും സംരക്ഷിക്കുന്ന പ്രാഥമിക സംരക്ഷണ ഭിത്തി കണ്ടൽകാടുകളാണ്. കണ്ടൽക്കാടുകൾ ഉള്ള സ്ഥലത്തെ മണ്ണിന്റെ ഗുണവിശേഷങ്ങൾ ഉൾപ്പടെയുള്ള കണ്ടൽക്കാടുകളുടെ രേഖാചിത്രം KFRI തയ്യാറാക്കി വരുന്നു. കണ്ടൽക്കാടുകളുടെ വ്യാപന സാധ്യത കണക്കാക്കുകയും ആയതിലേക്കായി ഭൂമി തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡവും കണ്ടൽ |

| | | | | |
|---|---|---|---|---|
| | | | | നടന്നതിനായുള്ള പ്രോട്ടോക്കോളും തയ്യാറാക്കി വരുന്നു.<br>ii) തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിലെ ഓഖി ബാധ്യത പ്രദേശങ്ങളിലെ തുറന്ന കിണറുകളിലുള്ള കുടിവെള്ളത്തിന്റെ ഗുണനിലവാരം കണക്കാക്കുകയും, റിപ്പോർട്ട് തയ്യാറാക്കി വരികയും ചെയ്യുന്നു .<br><br>iii) Heat burst പോലുള്ള പ്രതിഭാസങ്ങൾ കേരള തീരത്തെ ബാധിച്ചപ്പോൾ KFRI-യിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക പരിഷ്കൃത യന്ത്രസാമഗ്രികൾ പ്രതിഭാസങ്ങളുടെ കാരണങ്ങൾ കണ്ടെത്തുവാനും സഹായകമായിട്ടുണ്ട്.<br><br>വെള്ളത്തിന്റെ ഗുണനിലവാരം അളക്കുന്നതിനായി പ്രത്യേകമായി വെള്ളത്തിന്റെ ഗുണനിലവാരം അളക്കുന്ന സൗകര്യം ഏർപ്പെടുത്തി വരുന്നു.<br><br>മത്സ്യബന്ധന തുറമുഖ വകുപ്പ്:<br><br>3)തീരദേശ വ്യതിയാനങ്ങൾ നിരീക്ഷിക്കുന്നതിന് മത്സ്യബന്ധന തുറമുഖ വകുപ്പ് താഴെ പറയുന്ന |

966/2024.

| | | | | |
|---|---|---|---|---|
| | | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ തീരദേശ മേഖലയിലുണ്ടാകുന്ന എല്ലാത്തരം വ്യതിയാനങ്ങളും നിരീക്ഷിക്കാനും അവ തീരദേശ സുരക്ഷയ്ക്കും മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വത്തിനും ഉപയുക്തമാക്കാനും ആവശ്യമായ വിവിധ നടപടികൾ ഫിഷറീസ് വകുപ്പ് സ്വീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>കാറ്റിന്റെ വേഗത, തിരമാലയുടെ ഉയരം, കടലിന്റെ ഒഴുക്കിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ന്യൂനമർദ്ദ സാധ്യത, ചുഴലിക്കാറ്റ് മുന്നറിയിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ IMD, SDMA, INCOIS തുടങ്ങിയ ഏജൻസികൾ പുറപ്പെടുവിക്കുന്ന കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യ തൊഴിലാളികൾക്ക് എത്തിച്ച് കൊടുക്കുന്നതിനും, ചുഴലിക്കാറ്റ്, സുനാമി മുന്നറിയിപ്പുകൾ ഉണ്ടാകുമ്പോൾ കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യബന്ധനയാനങ്ങളെയെല്ലാം കോസ്റ്റ് ഗാർഡ്, |

| | | | | |
|---|---|---|---|---|
| | | | | ഇന്ത്യൻ നേവി എന്നിവയുടെ കൂടി സഹായത്തോടെ അറിയിപ്പുകൾ നൽകി അവയെ ഏറ്റവും അടുത്തുള്ള സുരക്ഷിത ഹാർബറുകളിലേയ്ക്ക് എത്തിക്കുന്നതിനും, ഇത്തരം പ്രവൃത്തികൾക്കായി ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, മറ്റ് ദുരന്ത നിവാരണ ഏജൻസികൾ എന്നിവയെ ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>അത്യാധുനിക VHF സംവിധാനം, സാറ്റലൈറ്റ് ഫോൺ, സർവൈലൻസ് ക്യാമറകൾ വഴി ഹാർബറുകൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം, Tracking facility/AIS ഘടിപ്പിച്ചിട്ടുള്ള ബോട്ടുകളുടെ നിരീക്ഷണം എന്നിവയും കൺട്രോൾ |

| | | | | |
|---|---|---|---|---|
| | | | | റൂമുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ക്ഷോഭങ്ങൾ എന്നിവ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ ഫിഷറീസ് സ്റ്റേഷനുകൾ, മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മൈക്ക് അനൗൺസ്മെന്റുകൾ വഴി മത്സ്യത്തൊഴിലാളിക ളിൽ എത്തിക്കുന്നുണ്ട്.<br><br>കാലാവസ്ഥാ മുന്നറിയിപ്പുകളും മറ്റും യഥാസമയം മത്സ്യത്തൊഴിലാളികളിൽ എത്തിക്കുന്നതിന് നാവിക് (941 എണ്ണം), സാറ്റലൈറ്റ് ഫോൺ(168 എണ്ണം), ഡാറ്റ് (64 എണ്ണം) എന്നീ കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ മത്സ്യത്തൊഴി ലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 836 മറൈൻ VHF Radio വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 1000 VHF Radio യും 1000 ജി.പി.എസും, 200 VMS(Vessel Monitoring System) യൂണിറ്റും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |

| | | | | |
|---|---|---|---|---|
| | | | | വരുന്നു. ഇതു കൂടാതെ കടലിൽ രക്ഷാപ്രവർത്തനം വേഗത്തിലാക്കുന്നതി നായി വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് സർക്കാർ വക 3 മറൈൻ ആംബുലൻസുകളും, മറ്റു മറൈൻ ജില്ലകളിൽ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്ന ബോട്ടുകളും സജ്ജീകരിച്ചിട്ടുണ്ട്. |

## XXXVI. പിന്നാക്ക സമുദായ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/14 | 02 | (എ) ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ ?<br><br>ഉറപ്പ്:- (എ) നിലിവിൽ അനുവദിച്ചുവരുന്ന സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. | ദളിത് ക്രൈസ്തവർ അടങ്ങുന്ന ഒ.ഇ.സി. വിഭാഗത്തിന് 25-6-2016-ലെ സ.ഉ. (എം.എസ്) നം.43/ 2016/ പജപ വവിവ നമ്പർ ഉത്തരവ് പ്രകാരം ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ 25%വർദ്ധിപ്പിക്കുകയും23-7-2016 -ലെ സ.ഉ.(പി) നം. 04/2016/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്ക് അതിന്റെ അടുത്ത പത്തിലേക്ക് ക്രമപ്പെടുത്തി ഉത്തരവാകുകയും ഇപ്പോൾ പുതുക്കിയ നിരക്കിൽ ആനുകൂല്യങ്ങൾ നൽകി വരികയുമാണ് |

## XXXVII. നിയമ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/14 | 45 | റദ്ദാക്കിയ കാലഹരണപ്പെട്ട നിയമങ്ങൾക്ക് പകരം പുതിയ നിയമങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?<br>ഉറപ്പ്:- പരിഗണനയിലുണ്ട്. | ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കാലഹരണപ്പെട്ടതായി കണ്ടെത്തിയ 107 ആക്റ്റുകളിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾ റദ്ദാക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ട ആക്റ്റുകൾ ഒഴിവാക്കി 102 ആക്റ്റുകൾ റദ്ദാക്കുന്നതിനായുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട് എന്നും The Kerala Repealing and Saving Bill-ന്റെ കരട് തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ് എന്നും, ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി 30-7-2015-ന് മറുപടി നല്കേണ്ട 'കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | | നടപടികൾ സംബന്ധിച്ച്' 647-ാം നമ്പർ നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യത്തിന് ബഹു. മന്ത്രിയുടെ അംഗീകാരത്തോടെ മറുപടി തയ്യാറാക്കി നല്കിയിരുന്നു.<br><br>'2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ' 3-2-2016 തീയതിയിൽ ചേർന്ന മന്ത്രിസഭാ യോഗത്തിന്റെ 8209-ാം ഇനമായി അംഗീകരിക്കുകയും ബിൽ 13-ാം കേരള നിയമസഭയുടെ 391-ാം നമ്പർ ബില്ലായി ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>റദ്ദാക്കിയ കാലഹരണപ്പെട്ട നിയമങ്ങൾക്ക് പകരം പുതിയ നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഭരണവകുപ്പുകളിൽ നിന്നും ലഭിക്കുന്ന പക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

# സമിതി അംഗീകരിച്ച അധികവിവര റിപ്പോർട്ടുകളുടെ പട്ടിക

| ക്രമ നം. | വകുപ്പ് | അധികവിവര റിപ്പോർട്ടുകൾ |
|---|---|---|
| 1. | കൃഷി വകുപ്പ് | 10 |
| 2. | തൊഴിലും നൈപുണ്യവും വകുപ്പ് | 6 |
| 3. | ഊർജ്ജ വകുപ്പ് | 4 |
| 4. | തദ്ദേശസ്വയംഭരണ വകുപ്പ് | 3 |
| 5. | ഭക്ഷ്യ-പൊതുവിതരണ വകുപ്പ് | 3 |
| 6. | വനം-വന്യജീവി വകുപ്പ് | 2 |
| 7. | ഭവനനിർമ്മാണ വകുപ്പ് | 2 |
| 8. | പൊതുവിദ്യാഭ്യാസ വകുപ്പ് | 2 |
| 9. | പരിസ്ഥിതി വകുപ്പ് | 1 |

| | | |
|---|---|---|
| 10. | ആരോഗ്യകുടുംബക്ഷേമ വകുപ്പ് | 1 |
| 11. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 1 |
| 12. | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് | 1 |
| 13. | വിവര സാങ്കേതികവിദ്യ വകുപ്പ് | 1 |
| 14. | കായിക വകുപ്പ് | 1 |
| 15. | റവന്യൂ വകുപ്പ് | 1 |
| 16. | ധനകാര്യ വകുപ്പ് | 1 |
| 17. | മത്സ്യബന്ധന-തുറമുഖ വകുപ്പ് | 1 |
| 18. | ആഭ്യന്തര വകുപ്പ് | 1 |
| 19. | പ്രവാസികേരളീയകാര്യ വകുപ്പ് | 1 |
| 20. | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 1 |

**അനുബന്ധം - III**

**സമിതി അംഗീകരിച്ച അധികവിവര റിപ്പോർട്ടുകളുടെ വിശദാംശം**

**I. കൃഷി വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ അധിക വിവര റിപ്പോർട്ട് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/02 | 167 | (ബി) തരിശ്ശായി കിടക്കുന്ന ഭൂമിയിൽ നവരനെൽകൃഷി ചെയ്യാൻ നടപടി എടുക്കുമോ?<br>ഉറപ്പ്:- നടപടികൾ സ്വീകരിക്കുന്നതാണ്. | 2011-12 മുതൽ 2013-14 വരെയുള്ള കാലയളവിൽ പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയനുസരിച്ച് നവര നെല്കൃഷി നടപ്പിലാക്കിയിട്ടുണ്ട്. 2012-13 വർഷം പാലക്കാട് ജില്ലയിൽ 20 ഹെക്ടറും വയനാട് ജില്ലയിൽ 1 ഹെക്ടറും 2013-14 വർഷം പാലക്കാട് ജില്ലയിൽ 14 ഹെക്ടറും വയനാട് ജില്ലയിൽ 14.2 ഹെക്ടറും നടപ്പിലാക്കിയിട്ടുണ്ട്. 2012-13, 2013-14 വർഷങ്ങളിൽ നവര നെല്ലിന്റെ ആകെ ഉത്പാദനം 91.8 മെട്രിക് ടൺ ആണ്. |

| | | | | |
|---|---|---|---|---|
| | | | <u>അധിക വിവരം</u><br><br>ഔഷധഗുണമുള്ള പരമ്പരാഗത നെൽ വിത്തിനങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതൊക്കെയാണെന്നും ഏതെല്ലാം ജില്ലകളിലാണ് ഈ കൃഷി രീതി അവലംബിച്ചിട്ടുള്ളതെന്നും മറ്റ് ജില്ലകളിൽ കൂടി ഇത്തരം കൃഷി രീതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. | ഞവര, ചെനെല്ല്, കുഞ്ഞിനെല്ല്, എരുമക്കരി, കറുത്ത ചെമ്പാവ് എന്നീ പരമ്പരാഗത ഔഷധഗുണമുള്ള നെല്ലിനങ്ങളിൽ ഞവരയാണ് ഏറ്റവും പ്രചാരമേറിയത്. 2014-15 മുതൽ 2015-16 വരെയുള്ള കാലയളവിൽ പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയനുസരിച്ച് ഞവര നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. 2014-15, 2015-16 കാലയളവിൽ തൃശ്ശൂർ ജില്ലയിൽ 11.8 ഹെക്ടറും, പാലക്കാട് ജില്ലയിൽ 41 ഹെക്ടറും, വയനാട് ജില്ലയിൽ 8.06 ഹെക്ടറും കണ്ണൂർ ജില്ലയിൽ 28 ഹെക്ടറും കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഔഷധഗുണമുള്ള പരമ്പരാഗത നെൽവിത്തിനങ്ങളായി ഞവര, രക്തശാലി എന്നിവയെ പരിഗണിക്കുന്നുണ്ട്. 2016-17 വർഷം പാലക്കാട്, തൃശ്ശൂർ, വയനാട്, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിലായി 36.04 ഹെക്ടർ ഞവര കൃഷി പ്രത്യേക നെല്ല് വികസന പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു. കൂടാതെ 2017-18-ൽ രക്തശാലി എന്ന ഔഷധഗുണമുള്ള നെൽവിത്ത് പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക നെല്ല് വികസന പദ്ധതിയിലുൾപ്പെടുത്തി നെൽകൃഷി നടപ്പിലാക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 2 | 13/02 | 198 | ബി) ജന്തു രോഗങ്ങളുടെ നിർണ്ണയം നടത്തുന്ന നിലവിലുള്ള ലാബുകളെ ജി.എൽ.പി നിലവാരത്തിനനുസരിച്ച് ആധുനികവൽക്കരിക്കാനും ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുമോ ?<br><br>ഉറപ്പ്:- സ്വീകരിക്കുന്നതാണ്. | (ബി) സ്വീകരിച്ച നടപടി<br><br>മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പാലോട് ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസിൽ പ്രവർത്തിക്കുന്ന ബി.എസ്.എസ്. ലാബ് തിരുവല്ലയിൽ പ്രവർത്തിക്കുന്ന എവിയൻ ഡീസീസ് ഡയഗ്നോസ്റ്റിക് ലാബ്, കോഴിക്കോട് പ്രവർത്തിക്കുന്ന പി3 ലാബ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽ, പാലോട് പ്രവർത്തിക്കുന്ന e-GMP/GLP ലാബ് എന്നിവയെ ജി.എൽ.പി. നിലവാരത്തിനനുസരിച്ച് ആധുനികവൽക്കരിക്കുവാനും ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്:**<br><br>PCR ലാബ് നവീകരിച്ചിട്ടുണ്ട്. ആധുനിക ബി.എസ്.എൽ.കെ. ലാബിന്റെ നിർമ്മാണ പ്രവർത്തികൾ സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | **തിരുവല്ല ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബ്:**<br><br>തിരുവല്ല ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിനവീകരിച്ചു. ലാബിന്റെ ട്രെയിനേജ് സിസ്റ്റം നവീകരിക്കുകയും പോസ്റ്റുമാർട്ടം വേസ്റ്റ് ഇടുന്നതിനുള്ള കുഴി നിർമ്മിക്കുകയും ട്രെയിനിംഗ് ഹാളിനോടനുബന്ധിച്ച് രണ്ട് ബാത്ത് റൂമുകൾ നിർമ്മിക്കുകയും ചെയ്തു. വിവിധ ലാബുകളിലെ കാലപ്പഴക്കം ചെന്ന ഇലക്ട്രിക് ഫിറ്റിംഗ്സ് മാറ്റി വെച്ച് ഇലക്ട്രിക് വർക്കുകളും ചെയ്തിട്ടുണ്ട്.<br><br>**ജില്ലാ വെറ്ററിനറി കേന്ദ്രം കോഴിക്കോട്:**<br><br>കോഴിക്കോട് ജില്ലാ ക്ലിനിക്കൽ ലാബ് പി3 നിലവാരത്തിലേയ്ക്കുയർത്തുന്നതിന് ആവശ്യമായ കെട്ടിടം സജ്ജമാക്കുകയും വൈദ്യുതീകരണം നടത്തുകയും ചെയ്തു.<br><br>**പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽ ലാബ്:**<br><br>നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിലെ |

| | | | | |
|---|---|---|---|---|
| | | | | ഉപദേശകനായ ഡോ. വി. എ. ശ്രീനിവാസൻ, ജനറൽ മാനേജർ ഡോ. ജി. കെ. വർമ്മ എന്നിവരടങ്ങിയ വിദഗ്ധസംഘം 2013 ജൂലൈ 8-ാം തീയതി സ്ഥാപനം സന്ദർശിക്കുകയും ഈ സ്ഥാപനം ജി. എം. പി. നിലവാരത്തിലേയ്ക്കുയർത്തുന്നതിനെ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും ചെയ്തു. ഏകദേശം 100 കോടി രൂപ ചെലവിൽ ഒരു പുതിയ ഉല്പാദനശാല നിർമ്മിക്കുകയും നിലവിലുള്ള ഉല്പാദനശാല നിലനിർത്തുന്നതുമാണ് അഭികാമ്യം എന്നാണ് അറിയിച്ചിട്ടുള്ളത്. പുതുതായി പണിയുന്ന ഉല്പാദന ശാലയ്ക്ക് പ്രതിവർഷം 10 കോടി രൂപയുടെ ആവർത്തനച്ചെലവുകൾ കൂടി വഹിച്ചാൽ ഈ സ്ഥാപനത്തിലെ ലബോറട്ടറികളെ ജി.എം.പി. നിലവാരത്തിലേയ്ക്കുയർത്താൻ കഴിയും.<br><br>(സി) സ്വീകരിച്ച നടപടി<br><br>രോഗ നിരീക്ഷണം നടത്തുന്നതു സംബന്ധിച്ചും ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ രോഗബാധയെക്കുറിച്ച് കൃത്യസമയത്ത് തന്നെ റിപ്പോർട്ട് ചെയ്യുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി പ്രധാനപ്പെട്ട |

| | | | | |
|---|---|---|---|---|
| | | | | രോഗങ്ങളെ സംബന്ധിച്ച ശില്പശാലകൾ, സെമിനാറുകൾ, എന്നിവ നടത്തുകയും പത്രക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ASCAD -75% കേന്ദ്രാവിഷ്കൃത പദ്ധതി വഴി പൊതുജനങ്ങൾക്കും, Strengthening & Re-organisation of Veterinary Services- എന്ന പദ്ധതി വഴി വകുപ്പിലെ ഉദ്യോഗസ്ഥർക്കും രോഗനിരീക്ഷണം, നിയന്ത്രണം, രോഗങ്ങൾ മുൻകൂട്ടി അറിയാനുള്ള സംവിധാനം എന്നിവ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിന്റെ ആവശ്യകത സംബന്ധിച്ച് വ്യക്തമായ അവബോധം കർഷകരിലും വകുപ്പ് ഉദ്യോഗസ്ഥർക്കും ഉണ്ടാക്കുന്നതിനായി FAQ മോഡലിൽ 2 ബുക്ക് ലെറ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>**പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്:**<br><br>പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ |

| | | | | |
|---|---|---|---|---|
| | | | | ഓഫീസ് ബി.എസ്.എൽ. II ലാബായി ആധുനിക വൽക്കരിക്കുന്നതിന് ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പു വയ്ക്കുകയും, 2012-13 സാമ്പത്തിക വർഷ ബഡ്ജറ്റിൽ ലഭ്യമായ 50 ലക്ഷം രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. ബി.എസ്.എൽ.II നിലവാരത്തിലേക്ക് നവീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി പ്രകാരം ലഭ്യമായിട്ടുള്ള 22 ലക്ഷം രൂപയ്ക്ക് സിവിൽ വർക്കിനായി കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനെ ചുമതലപ്പെടുത്തിയെങ്കിലും ടി ബോർഡ് ജോലി ഏറ്റെടുത്ത് നടത്താൻ കഴിയില്ലായെന്ന് അറിയിച്ച സാഹചര്യത്തിൽ ഹിന്ദുസ്ഥാൻ ലെയർ ലിമിറ്റഡിനെ കൊണ്ട് ജോലി ഏറ്റെടുപ്പിക്കുവാനുള്ള നടപടികളെടുത്തുവരുന്നു. കോഴിക്കോട് പി. ലാബ് നിർമ്മാണത്തിനായി 33 ലക്ഷം രൂപ അനുവദിക്കുകയും സിവിൽ വർക്കുകൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പ്രസ്തുത ലാബ് പി നിലവാരത്തിലേക്കുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി |

| | | | | |
|---|---|---|---|---|
| | | | | ബയോളജിക്കൽ ലാബ് c GMP/GLP നിലവാരത്തിലേക്കയർത്തുന്നതിനായി ആകെ 469 ലക്ഷം രൂപ അനുവദിച്ചു. പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽ ലാബ് c GMP/GLP നിലവാരത്തിലേക്കയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | | **അധികവിവരം**<br>തൃശ്ശൂർ മതിലകത്ത് ജന്തുരോഗ നിവാരണത്തിന് സ്ഥാപിച്ചിട്ടുള്ള ലബോറട്ടറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആരായുവാൻ തീരുമാനിച്ചു. | തൃശ്ശൂർ ജില്ലയിലെ മതിലകം ക്ലിനിക്കൽ ലാബ ആവശ്യത്തിന് ജീവനക്കാരും മതിയായ സജ്ജീകരണങ്ങളോടും കൂടി നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു. സമീപ പഞ്ചായത്തുകളിലെ മൃഗാശുപത്രികളിൽ നിന്നും ലഭിക്കുന്ന സാംപിളുകൾ കൃത്യമായി പരിശോധിച്ച് റിപ്പോർട്ട് നല്കിവരുന്നു. നിലവിൽ മൈക്രോസ്കോപ്, ഫ്രിഡ്ജ്, യൂറിൻ അനലൈസർ മെഷീൻ, സെമി ആട്ടോ അനലൈസർ സെൻട്രിഫ്യൂജ്, ഹോട്ട് എയർ ഓവൻ, വാട്ടർ ബാത്ത്, ഡീപ്പ് ഫ്രീസർ, സെൽ കൗണ്ടർ തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിച്ചു വരുന്നു .<br><br>താഴെപ്പറയുന്ന ടെസ്റ്റുകൾ ലാബിൽ നടത്തി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 1.മൈക്രോസ്കോപ്പിക് ടെസ്റ്റുകൾ :-ഫിസിക്കൽ എക്സാമിനേഷൻ, യൂറിൻ സെഡിമെന്റ് , വൈറ്റ് ഫിലിം, ബ്ലഡ് പാരസൈറ്റ് എക്സാമിനേഷൻ,സ്മിയർ ടോട്ടൽ കൗണ്ട് , ഡിഫറൻഷ്യൽ കൗണ്ട് , ഇംപ്രഷൻ സ്മിയർ, വലെറ്റ് എക്സാമിനേഷൻ സ്മിയർ, സ്കിൻ സ്ക്രാപിൽസ് മുതലായവ<br>2. ബയോകെമിക്കൽ ടെസ്റ്റുകൾ:-എല്ലാവിധ പാരാമീടേഴ്സും<br>3. യൂറിൻ അനലിസ്റ്റ് ടെസ്റ്റുകൾ<br>4. ആന്റിജൻ ടെസ്റ്റുകൾ :-ബ്രൂസെല്ലാ ഡയഗ്നോസിസ്, സാൽമൊണല്ലാ ഡയഗ്നോസിസ് ടെസ്റ്റുകൾ<br>5. മില്ക്ക് കൾച്ചർ :-കിറ്റുകൾ ഉപയോഗിച്ച് ഇതിനു പുറമേ മൃഗസംരക്ഷണ വകുപ്പിൽ നിന്നും പഞ്ചായത്തുകൾ വഴി വരുന്ന സാംപിളുകളും പരിശോധിച്ച് വരുന്നു.<br>2016 ജൂൺ മുതൽ ആഗസ്റ്റ് 2017 വരെ ആകെ 2680 ടെസ്റ്റുകൾ ചെയ്തിട്ടുണ്ട്. |
| 3 | 13/05 | 102 | ബി) ഖരമാലിന്യം വലിയ ഒരു പ്രശ്നമായി മാറിയിരിക്കുന്ന ഈ അവസരത്തിൽ ഖരമാലിന്യങ്ങളെ ജൈവ വളമായി മാറ്റാൻ | കർഷകന്റെ കൃഷിയിടങ്ങളിൽ തന്നെ ഖരമാലിന്യങ്ങളെ സംസ്കരിച്ച് ജൈവവളമാക്കി കൃഷിക്കുപയോഗിക്കുന്ന തരത്തിൽ ലഭ്യമാക്കുവാൻ കൃഷി വകുപ്പ് |

| | | | | |
|---|---|---|---|---|
| | | | ഒരു പ്രോജക്ട് തയ്യാറാക്കി മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സർക്കാർ തയ്യാറാകുമോ?<br><br>ഉറപ്പ്:- പരിഗണിക്കാവുന്നതാണ് | വഴി നടപ്പിലാക്കുന്ന Organic Farming പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി കാസറഗോഡ് ജില്ലയിൽ 2014-15 വർഷം 300 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 150 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലും Organic Farming പദ്ധതി RKVY-യുടെ കീഴിൽ 2014-15 വർഷം ആരംഭിക്കുവാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതി വഴിയും ഖരമാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളമാക്കുന്നതിനുള്ള കമ്പോസ്റ്റ് നിർമ്മാണം ലക്ഷ്യമിടുന്നു.<br><br>ഖരമാലിന്യ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുന്നതിന് അതതു പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഖരമാലിന്യങ്ങളെ ജൈവവളമായി മാറ്റാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റൊരു പദ്ധതിയാണ് ദേശീയ ബയോഗ്യാസ് വികസന പദ്ധതി. ടി പദ്ധതി പ്രകാരം ഈ വർഷം സംസ്ഥാനത്തെ 14 ജില്ലകളിലായി 2100 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരം പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ സ്കൂളുകളിൽ പോർട്ടബിൾ |

| | | | | |
|---|---|---|---|---|
| | | | | പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമായി അനുമതി ലഭിച്ചിട്ടുണ്ട്. ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 3825 സ്കൂളുകളിൽ 3825 ബയോഗ്യാസ് പോർട്ടബിൾ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നടപടികളും ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞു. |
| | | | <u>അധികവിവരം</u><br>ദേശീയ ബയോഗ്യാസ് വികസന പദ്ധതി പ്രകാരം സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാൻ കൃഷി വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു | ദേശീയ ബയോഗ്യാസ് വികസന പദ്ധതി പ്രകാരം സംസ്ഥാനത്ത് 2012-13 മുതൽ 2017-18 വരെ പൂർത്തീകരിച്ച ബയോഗ്യാസ് പ്ലാന്റുകൾ<br>2012-13 — 1997<br>2013-14 —1716<br>2014-15 — 1584<br>2015-16 —1422<br>2016-17 — 1136<br>2017-18 — 125 |
| 4 | 13/06 | 11 | തെങ്ങിൽ നിന്നും നീര ഉൽപാദിപ്പിച്ച് ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ? എങ്കിൽ വിശദമാക്കുമോ ?<br>ഉറപ്പ്:- ഉണ്ട്. 2012-2013 വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കോക്കനട്ട് | കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാത്തോട്ടത്തിലെ 25 ഏക്കർ സ്ഥലം കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുക്കുകയും 28-2-2014-ന് കേര ബയോപാർക്ക് ഓഫീസ് & ഇൻഫർമേഷൻ സെന്ററിന്റെ |

| | | | | |
|---|---|---|---|---|
| | | | ബയോ പാർക്കുകളിൽ നീര ഉൽപാദനവും വിപണനവും സംബന്ധിച്ചുള്ള സാധ്യത പരിഗണിക്കുന്നതാണ് | ശിലാസ്ഥാപന കർമ്മം ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കേര ബയോപാർക്കിനായി 2013-14 ലെയും 2014-15 ലെയും ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലുള്ള വേളം പഞ്ചായത്തിൽ 115 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കോക്കനട്ട് ബയോപാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുന്നതോടെ നാളികേരത്തിന്റെ മറ്റ് മൂല്യ വർദ്ധിത ഉൽപന്നങ്ങളോടൊപ്പം നീര ഉൽപാദനവും വിതരണവും സുഗമമാകുന്നതാണ്. |
| | | | <u>അധികവിവരം</u><br>നീര ഉൽപാദനവുമായി ബന്ധപ്പെട്ട സംരംഭകർക്ക് സർക്കാർ വാഗ്ദാനം ചെയ്ത ധനസായം നൽകിയിട്ടുണ്ടോയെന്നും എത്ര തുക എന്നും സംസ്ഥാനത്ത് എത്ര സ്ഥലത്ത് കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ആരായുന്നതിന് സമിതി തീരുമാനിച്ചു. | സ.ഉ. (ആർ.റ്റി) നം.1773/2015/എ.ഡി. തീയതി 14-10-2015 പ്രകാരം കൈപ്പുഴ നാളികേര ഉൽപാദക കമ്പനിക്കും സ.ഉ.(ആർ.റ്റി)നം.50/2016/എ.ഡി. തീയതി 20-1-2016 പ്രകാരം കുറ്റിയാടി കോക്കനട്ട് ഫാർമേഴ്സ് കമ്പനിക്കും സ.ഉ (ആർ.റ്റി) നം.109/2016/ എ.ഡി. തീയതി 11-2-2016 പ്രകാരം കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും നീര ഉൽപാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം |

| | | | | |
|---|---|---|---|---|
| | | | | ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾക്കുവേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനായി പ്രത്യേക നിക്ഷേപ നിധിയിൽ നിന്നും 500 കോടി രൂപ നീക്കിവയ്ക്കുന്നതിനായി 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതു പ്രകാരം തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിലേയ്ക്കായി NABCONs- നെ പ്രീ-ഫീസിബിലിറ്റി പഠനം നടത്തുവാൻ ചുമതലപ്പെടുത്തുകയും പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിൽ നാളിതുവരെ അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനായി ആനയറ മാർക്കറ്റ് പരിഗണിച്ചെങ്കിലും NABCONs നൽകിയ പ്രീ-ഫീസിബിലിറ്റി പഠനത്തിൽ അവിടെയുള്ള സ്ഥലപരിമിതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആയതിനാൽ തിരുവനന്തപുരം ജില്ലയ്ക്ക് പകരം കാസർഗോഡ് ജില്ലയിൽ നാളികേര അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തി വരുന്നു. |

| | | | | |
|---|---|---|---|---|
| 5 | 13/07 | 29 | സി. ക്ഷീരകകർഷക പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? വ്യക്തമാക്കുമോ?<br>ഉറപ്പ്:- നിലവിൽ ക്ഷീരകകർഷക ക്ഷേമനിധി ബോർഡ് മുഖേന 300 രൂപയാണ് പെൻഷൻ നൽകിവരുന്നത്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയി ലാണ്. | 20-7-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 238/13/എഡി. പ്രകാരം ക്ഷീരകർഷക പെൻഷൻ 300 രൂപയിൽ നിന്നും 500 രൂപയായി 1-4-2013 മുതൽ പ്രാബല്യം നൽകി വർദ്ധിപ്പിച്ച നൽകിയിട്ടുണ്ട്. |
| | | | **അധികവിവരം**<br>ക്ഷീര കർഷകർക്കുള്ള പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കൃഷി വകുപ്പിനോട് നിർദ്ദേശിക്കുന്നു. | ക്ഷീര കർഷക ക്ഷേമനിധി പെൻഷൻ 1000 രൂപ നിരക്കിൽ 2017 ജനവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ വർദ്ധിപ്പിച്ച് 21-7-2017 -ലെ സ.ഉ (കൈ) നം.7/2017/ഡിഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 23-3-2017- ലെ ജി.ഒ(എം.എസ്) നം.204/2017/ഫിൻ. പ്രകാരം സാമൂഹ്യക്ഷേമ പെൻഷനുകൾ 1100 രൂപയായി വർദ്ധിപ്പിക്കുകയും കൃഷി (ക്ഷീരവികസന) വകുപ്പിന്റെ 30-8-2017-ലെ സ.ഉ(കൈ)നം.9/2017/ഡിഡി. പ്രകാരം ക്ഷീരകർഷക ക്ഷേമനിധി ബോർഡിനു കീഴിൽ വരുന്ന മുഴുവൻ പെൻഷൻകാർക്കും 2017 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ പ്രതിമാസം 1100 രൂപ നിരക്കിൽ പെൻഷൻ നല്കുന്നതിനായി 32,89,17,000 രൂപ വകയിരുത്തുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുമുണ്ട് |

| | | | | |
|---|---|---|---|---|
| 6 | 13/07 | 41 | എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ കാർഷിക കർമ സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? വിശദമാക്കുമോ?<br>ഉറപ്പ്:- ഉണ്ട്. കർഷകർ നേരിടുന്ന രൂക്ഷമായ പ്രതിസന്ധിയാണ് കർഷക തൊഴിലാളികളുടെ ദൗർലഭ്യം. ഇതുമൂലം കൃഷിയിടങ്ങളിൽ ചെയ്യേണ്ട പ്രവൃത്തികൾ യഥാസമയം നിർവഹിക്കാൻ കർഷകർക്ക് കഴിയാതെ വരുന്നു. കൃഷിപ്പണിക്ക് തൊഴിലാളികളെ കിട്ടാത്തത് ഉൽപ്പാദനത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ സ്ഥിതിക്ക് ഒരു സമൂലമാറ്റം ആവശ്യമാണ്. ആയതിനു വേണ്ടി കൃഷിഭവൻ മുഖേന കർമസേന രൂപൂകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. | 200 പഞ്ചായത്തുകളിൽ കൃഷിഭവൻ മുഖേന കാർഷിക കർമ്മസേനകൾ രൂപീകരിച്ച് രജിസ്ട്രേഷൻ കഴിഞ്ഞിട്ടുണ്ട്. 100 പഞ്ചായത്തുകളിൽ ആർ.കെ.വി. വൈ. പദ്ധതി വഴി 10 കോടി രൂപ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനായി അനുവാദം നൽകിയിട്ടുണ്ട്. 35 കാർഷിക കർമ്മസേനകൾക്ക് പരിശീലനം നൽകിക്കഴിഞ്ഞു. മാസ്റ്റർ ട്രെയിനർ മാർക്കുള്ള പരിശീലനവും പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർമാർക്കുള്ള പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 165 കാർഷിക കർമ്മസേനകൾക്കുള്ള പരിശീലനം ഈ വർഷം പൂർത്തിയാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട് |
| | | | അധികവിവരം<br>ഇനിയും കാർഷിക കർമസേനകൾ രൂപീകരിച്ചിട്ടില്ലാത്ത പഞ്ചായത്തുകളിൽ അവ രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുക | 2014-15- ൽ രൂപീകരിച്ച 200 കർമ്മസേനകളിൽ, യന്ത്രങ്ങൾ ലഭ്യമാക്കാത്ത 100 കാർഷിക കർമ്മസേനകൾക്കായി ഈ വർഷം (2018-19) യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതി വഴി ലഭ്യമാകുന്ന ഫണ്ട് വിനിയോഗിച്ച് യന്ത്രങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>സ.ഉ.(സാധാ)നം.1053/2018/അഗ്രി. തീയതി 23-10-2018 നമ്പർ ഉത്തരവ് പ്രകാരം 2018-19 വർഷം 100 കർമ്മസേനകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 100 പഞ്ചായത്തുകളിൽ കൂടി കർമ്മസേനകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിലും 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മസേന ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| 7 | 13/07 | 72 | കാലാവസ്ഥ വ്യതിയാനം മൂലം വന്നിട്ടുള്ള കൃഷി നാശം നേരിടാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ആനുകൂല്യങ്ങൾ നല്കാൻ പദ്ധതിയുണ്ടോ?<br>ഉറപ്പ്:- ഇതിനായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ കണക്കുകൾ ശേഖരിച്ചുകൊണ്ട് ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതാണ്. | attachment |

966/2024.

<u>അധികവിവരം</u>

കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കൃഷി നാശം നേരിടാൻ നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുവാൻ കൃഷിവകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കൃഷി നാശം നേരിടാൻ നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| **ജില്ല** | **തുക** | **കർഷകരുടെ എണ്ണം** |
|---|---|---|
| തിരുവനന്തപുരം | 6,45,31,191 | 15019 |
| കൊല്ലം | 5,64,86,611 | 122 |
| പത്തനംതിട്ട | 13,77,088 | 230 |
| ആലപ്പുഴ | 3,87,92,123 | 51968 |
| കോട്ടയം | 82,61,881 | 1202 |
| ഇടുക്കി | 4,10,32,613 | 16670 |
| എറണാകുളം | 2,46,17,899 | 7785 |
| തൃശ്ശൂർ | 4,10,06,228 | 6041 |
| പാലക്കാട് | 12,51,97,651 | 7545 |

| | | |
|---|---|---|
| മലപ്പുറം | 3,47,42,000 | 5604 |
| കോഴിക്കോട് | 8,43,06,143 | 23630 |
| കണ്ണൂർ | 2,06,85,882 | 7293 |
| വയനാട് | 29,03,90,538 | 16496 |
| കാസർഗോഡ് | 25,00,000 | 299 |
| **ആകെ** | **83,39,27,848** | **159904** |

| | | | | |
|---|---|---|---|---|
| 8 | 13/08 | 21 | ഓരോ കൃഷി സ്ഥലത്തും വെള്ളം സംഭരിക്കാൻ കഴിയുന്ന കുളങ്ങൾ പോലെയുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുമോ?<br><br>ഉറപ്പ്:- സഹസ്ര സരോവർ പദ്ധതിയിലൂടെ ഇപ്പോഴുള്ള ആയിരം കുളങ്ങളെ സംരക്ഷിച്ച് ജലസ്രോതസ്സുകളാക്കി നിലനിർത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. | സഹസ്രസരോവർ പദ്ധതിക്കായി നബാർഡിന്റെ RIDF XIX സ്കീമിൽ ഉൾപ്പെടുത്തി 41 പദ്ധതികൾക്കായി 31.99 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 37 പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നു. RIDF XX സ്കീമിൽ ഉൾപ്പെടുത്തി 22 പദ്ധതികൾക്കായി 16.63 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതേ സ്കീമിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, തേനക്കര, തച്ചനാട്ടുകര എന്നീ പഞ്ചായത്തുകളിൽപ്പെടുന്ന 11 പദ്ധതികൾക്കായി 4.02 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | <u>അധികവിവരം</u><br><br>പ്രസ്തുത പദ്ധതിയോടൊപ്പം തന്നെ ഓരോ പഞ്ചായത്തിലേയും ബാക്കി കുളങ്ങൾ കൂടി സംരക്ഷിക്കാൻ സ്വീകരിച്ച നടപടി. | ആർ.ഐ.ഡി.എഫ്. XIX സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 41 പദ്ധതികളിൽ 29 എണ്ണവും ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെട്ട 33 പദ്ധതികളിൽ 28 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. XIX, XX-ൽ ബാക്കി വരുന്ന 12 പ്രവൃത്തികൾ പുരോഗതിയിലാണ്.<br><br>ഇതുകൂടാതെ ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുന്ന 19 പദ്ധതികൾക്കായി 19.78 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 2 കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കി 5 എണ്ണം പുരോഗതിയിലും ആണ്. 8 എണ്ണം എഗ്രിമെന്റ് വച്ചു. 4 എണ്ണം എഗ്രിമെന്റ് വയ്ക്കാനുണ്ട്. ആർ.ഐ.ഡി.എഫ്. XXII-ൽ ഉൾപ്പെടുത്തി 11 പ്രവൃത്തികൾ (കുളങ്ങൾ) 9.07 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ആർ.കെ.വി.വൈ. (2015-16) സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ച 12 പദ്ധതികളിൽ 4 കുളങ്ങൾക്കായി 1.536 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 2 എണ്ണം പൂർത്തിയാക്കുകയും 2 എണ്ണം ഇ-ടെണ്ടർ നടപടികളിലുമാണ്. ആർ.കെ.വി.വൈ. |

| | | | | |
|---|---|---|---|---|
| | | | | 2017-18 സ്കീമിൽ ഉൾപ്പെടുത്തി 3 കുളങ്ങൾക്കും അനുബന്ധ പ്രവൃത്തികൾക്കുമായി 4.349 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യേണ്ടതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| 9 | 13/09 | 51 | (എ) കർഷക രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?<br>ഉറപ്പ്:- ഉണ്ട്. സംസ്ഥാനത്ത് കർഷകരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഓൺലൈൻ ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. | 18.7 ലക്ഷം കർഷകരെ ചേർത്തുകൊണ്ട് ഓൺലൈൻ കർഷക ഡേറ്റാബേസ് www.kisan.gov.in എന്ന വെബ് പോർട്ടലിൽ തയ്യാറാക്കിയിട്ടുണ്ട്. ഈ ഡേറ്റാ ബേസിൽ ആധാർ നമ്പർ, കർഷകരുടെ ഫോട്ടോ ചേർക്കൽ, ഡേറ്റാ ബേസിലെ വിവരങ്ങൾ പുതുക്കൽ എന്നീ നടപടികൾ നടന്നുവരുന്നു. |
| | | | <u>അധികവിവരം</u><br>പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുക | കർഷക രജിസ്ട്രേഷനുവേണ്ടി കർഷകർ കൃഷി ഭവനുകളിൽ നൽകുന്ന പൂരിപ്പിച്ച അപേക്ഷകളിലെ വിവരങ്ങൾ ഓൺലൈനായി കർഷക ഡേറ്റാബേസിൽ രേഖപ്പെടുത്തുന്നു. ഇതിനകം ഇങ്ങനെ 19,69,574 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കർഷകരുടെ ആധാർ നമ്പർ, ഫോട്ടോ ചേർക്കൽ, ഡേറ്റാബേസിലെ വിവരങ്ങൾ പുതുക്കൽ മുതലായ നടപടികൾ തുടർന്ന് വരുന്നു. ഇതുവരെ 6,19,828 കർഷകരുടെ ആധാർ നമ്പർ ചേർത്തു |

| | | | | |
|---|---|---|---|---|
| | | | | കഴിഞ്ഞു. പുതിയ കർഷകരെ കൂടി കർഷക രജിസ്ട്രേഷൻ ഡേറ്റാബേസിൽ ചേർക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കർഷകർക്ക് ഫാർമർ രജിസ്ട്രേഷൻ ഓൺലൈനിൽ നടത്തുന്നതിനും സാധിക്കുന്നതാണ്. |
| 10 | 13/11 | 39 | (ബി) കുടുംബശ്രീയെയും സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ താറാവ് കൃഷി വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കുമോ ?<br>ഉറപ്പ്:- പരിഗണനയിലാണ് | കുട്ടനാട് മേഖലയിലെ താറാവ് വളർത്തൽ പുനരുജ്ജീവിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ തെരെഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ യൂണിറ്റുകളെ /സ്വാശ്രയസംഘങ്ങളെ ഡക്ക് മാർക്കറ്റിംഗ് പദ്ധതിയുടെ നടത്തിപ്പുകാരായി തെരെഞ്ഞെടുക്കുകയും ഇതിനായി 35 ലക്ഷം രൂപ അനുവദിച്ചുനല്കുകയും ചെയ്തിട്ടുണ്ട്. ചെന്നിത്തല പഞ്ചായത്തിലെ ഐശ്വര്യ കുടുംബശ്രീ, പള്ളിപ്പാട് പഞ്ചായത്തിലെ കസ്തൂർബാ കുടുംബശ്രീ, അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ പാരിജാതം കുടുംബശ്രീ, മുഹമ്മ പഞ്ചായത്തിലെ യാനം യുവ കർഷക സ്വാശ്രയ സംഘം, കൈനകരി പഞ്ചായത്തിലെ ഹരിത യുവകർഷക സ്വാശ്രയ സംഘം എന്നിവയാണ് തെരെഞ്ഞെടുക്കപ്പെട്ട ടി യൂണിറ്റുകൾ/ സംഘങ്ങൾ. ഈ പദ്ധതിയുടെ ഉത്ഘാടനം 26-9-2015 ന് ബഹു. ആഭ്യന്തരവകുപ്പ് മന്ത്രി പള്ളിപ്പാട് വച്ച് നിർവ്വഹിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | <u>അധികവിവരം</u><br><br>വർഷം തോറും ചില സീസണിൽ താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നത് ഒഴിവാക്കുന്നതിന് ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണം. | 1. വർദ്ധിച്ച നിരക്കിൽ താറാവുകൾ മരണപ്പെടുന്നത് പകർച്ച വ്യാധി രോഗങ്ങളായ താറാവ് വസന്ത, താറാവ് കോളറ (ഡക്ക് പാസ്ചറില്ലോസിസ്) എന്നിവ മുഖേനയാണ് ഈ രോഗങ്ങളെ പ്രതിരോധിക്കുവാൻ ആവശ്യമായ മരുന്നുകൾ മൃഗസംരക്ഷണ വകുപ്പിന്റെ പാലോട്ടുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്പാദിപ്പിച്ച് ജില്ലകളിലെ വിവിധ മൃഗസംരക്ഷണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി കർഷകരുടെ താറാവുകളെ പ്രതിരോധ കുത്തിവയ്പ്പിനു വിധേയമാക്കി കൂട്ടത്തോടെയുള്ള മരണം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>2. വർദ്ധിച്ച നിരക്കിൽ താറാവുകൾ മരണപ്പെടുന്ന മറ്റൊരു രോഗമായ പക്ഷിപ്പനി തടയുന്നതിന് മുൻകരുതലെന്ന നിലയിൽ താറാവ്, ദേശാടനപ്പക്ഷികൾ എന്നിവയെ തുടർച്ചയായി നിരീക്ഷിച്ച കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം സാമ്പിളുകൾ നിശ്ചിത സമയത്തു ശേഖരിച്ചു രോഗാണു സാന്നിധ്യ പരിശോധന നടത്തി രോഗമില്ലെന്നു ഉറപ്പു വരുത്തിവരുന്നു.<br><br>3. തീറ്റയിൽ നിന്നു വരാവുന്ന പൂപ്പൽ വിഷബാധ ഒഴിവാക്കുന്നതിനായി തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 4. ശാസ്ത്രീയമായ താറാവു വളർത്തലിൽ കർഷകർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി വകുപ്പിന്റെ വിജ്ഞാനവ്യാപന കേന്ദ്രങ്ങൾ വഴിയും, പരിശീലന പരിപാടികൾ വഴിയും കർഷകരെ ബോധവാന്മാരാക്കി വരുന്നു. |

## II. തൊഴിലും നൈപുണ്യവും വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 113 | (എ) അസംഘടിത മേഖലയിലെ മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?<br>ഉറപ്പ്:- 2011-ലെ കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ 61 തൊഴിൽ മേഖലകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ തൊഴിൽ മേഖലകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. | അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ 2011-ൽ കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിച്ചിരുന്നു. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി 2008-ലെ കേന്ദ്ര ആക്ടായ ദി അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട് നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ആക്ടിൻ കീഴിലായിരിക്കണം അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ രൂപീകരിക്കേണ്ടത്. എന്നാൽ 2011-ലെ കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി പദ്ധതി കേന്ദ്ര ആക്ടിലെ വ്യവസ്ഥകൾ പ്രകാരമല്ല രൂപീകരിച്ചത്. ആയതിനാൽ ഇതിന് കേന്ദ്ര ആക്ടിന്റെ സംരക്ഷണം ലഭിക്കുകയില്ല. പ്രസ്തുത സാഹചര്യത്തിൽ 21-12-2011-ലെ മന്ത്രിസഭാ യോഗ തീരുമാനം (ഇനം നമ്പർ 893) |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം 2011-ലെ കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി പദ്ധതി റദ്ദു ചെയ്യുവാനും 2008-ലെ കേന്ദ്ര ആക്റ്റായ ദി അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയ പദ്ധതി രൂപീകരിക്കുവാനും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 29-12-2011-ലെ ജി.ഒ.(എം.എസ്.)1 95/2011/തൊഴിൽ നമ്പർ വിജ്ഞാപനം പ്രകാരം പ്രസ്തുത പദ്ധതി റദ്ദു ചെയ്തു. കേന്ദ്ര ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | | <u>അധികവിവരം</u><br>കേന്ദ്ര ആക്റ്റിലെ വ്യവസ്ഥകൾ വിരുദ്ധമായി സംസ്ഥാനത്ത് ഒരു ക്ഷേമനിധി പദ്ധതി തയ്യാറാക്കാനിടയായതിനുള്ള കാരണമെന്തെന്നും പ്രസ്തുത പദ്ധതി റദ്ദ് ചെയ്തതിന് പകരം അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു. | 2008-ൽ കേന്ദ്ര സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം പാസാക്കിയിരുന്നു. എന്നാൽ 2011-ൽ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി ക്ഷേമപദ്ധതി രൂപീകരിച്ചപ്പോൾ അത് കേന്ദ്രനിയമത്തിന്റെ സംരക്ഷണം ലഭിക്കുന്ന വിധത്തിലായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ കേരള അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതി റദ്ദ് ചെയ്യുകയും, 2008-ലെ |

| | | | | |
|---|---|---|---|---|
| | | | | അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്ടിലെ 3-ാം വകുപ്പ്, 4-ാം ഉപവകുപ്പും 2010-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ചട്ടങ്ങളിലെ 4-ാം ചട്ടം, 1-ാം ഉപചട്ടം പ്രകാരവും കേരള സർക്കാർ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യസുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന 6 പദ്ധതികളെ ഉൾപ്പെടുത്തിക്കൊണ്ട് 2-2-2016 -ൽ ജി. ഒ. (പി) നമ്പർ 24/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി, 2015 രൂപീകരിച്ചിട്ടുണ്ട്.<br><br>(i) 20-3-1991-ലെ ജി.ഒ(പി)21/91/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള "1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി<br><br>(ii) 20-1-2011-ലെ സ.ഉ.(സാധാ) 8/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം " 2011-ലെ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി പദ്ധതി"<br><br>(iii) 27-1-2011-ലെ സ.ഉ(സാധാ) 9/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള "2011-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി" |

| | | | | |
|---|---|---|---|---|
| | | | | (iv) 3-1-2004-ലെ സ.ഉ(അച്ചടി) 1/04/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള "2004-ലെ കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി"<br>(v) 3-1-2004-ലെ സ.ഉ(അച്ചടി)2/04/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള "2004-ലെ കേരള ബാർബർ തൊഴിലാളി ക്ഷേമ പദ്ധതി"<br>(vi) 1-3-2011-ലെ സ.ഉ(കൈ)45/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള "2011-ലെ കേരള ക്ഷേത്രജീവനക്കാരുടെ ക്ഷേമനിധി പദ്ധതി" |
| 2 | 13/04 | 28 | എ) സ്വകാര്യ നഴ്സിംഗ് മേഖലയിൽ മിനിമം വേതനം ഉറപ്പാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?<br>ഉറപ്പ്:- 16-12-09 -ലെ ജി.ഒ. (എം.എസ്.) 174/2009/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം സ്വകാര്യ നഴ്സിംഗ് മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. മിനിമം വേതനം നടപ്പിലാക്കാത്ത സ്ഥാപനങ്ങൾ പരിശോധിച്ച് പരിശോധനാ ഉത്തരവുകൾ നൽകി വരുന്നു. ടി ഉത്തരവുകളിൻമേൽ നടപടി സ്വീകരിക്കാത്ത കേസുകളിൽ ക്ലെയിം | സ്വകാര്യ മേഖലയിലെ ആശുപത്രി ജീവനക്കാർക്ക് 5-11-2013-ലെ ജി.ഒ. (എം.എസ്) 135/2013/ തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള മിനിമം വേതനം ലഭിക്കുന്നുണ്ടോ എന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾ നടത്തി ഉറപ്പുവരുത്താറുണ്ട്. കൂടാതെ ബാങ്ക് മുഖേന ശമ്പളം നൽകുന്നതിനും, ആയത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഓൺലൈൻ മുഖേന നിരീക്ഷിക്കുന്നതിനും വേജ് പ്രൊട്ടക്ഷൻ സിസ്റ്റം തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് |

| | | | | |
|---|---|---|---|---|
| | | | പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. | അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പ് വരുത്താനും, ആയത് സ്ഥാപനത്തിൽ പോകാതെ പരിശോധിക്കുന്നതിനും, വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് ഇൻസ്പെക്ടർമാർക്ക് നിയമനടപടികൾ സ്വീകരിക്കാനും ഇതിലൂടെ കഴിയുന്നുണ്ട്. |
| | | | <u>അധികവിവരം</u><br>സ്വകാര്യ നഴ്സിംഗ് മേഖലയിൽ മിനിമം വേതനം ഉറപ്പാക്കുന്നത് സംബന്ധിച്ച ഉറപ്പിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി വകുപ്പിനോട് ആരായാൻ തീരുമാനിച്ചു | സ്വകാര്യ ആശുപത്രികളിൽ സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. സംസ്ഥാന തൊഴിൽ വകുപ്പിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ മുഖേന നടത്തിയ അന്വേഷണത്തിൽ മിനിമം വേതനം നൽകാത്ത ആശുപ്രതികൾക്കെതിരെ നിയമ പ്രകാരമുള്ള പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യാറുണ്ടെന്നും 23-4-2018 തീയതിയിലെ ജി.ഒ. (പി)നമ്പർ 33/2018/തൊഴിൽ ഉത്തരവ് പ്രകാരം മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ ഉള്ളതിനാൽ കഴിയുന്നില്ലായെന്നും സ്റ്റേ നീങ്ങിയാലുടനെ മിനിമം വേതനം നൽകാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ലേബർ |

| | | | | |
|---|---|---|---|---|
| | | | | കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വകാര്യ ആശുപത്രി മേഖലയിലെ മിനിമം വേതന ഉത്തരവിന് എതിരെ ഉള്ള സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 3 | 13/06 | 53 | ഏതെല്ലാം ക്ഷേമ പദ്ധതിയിലെ തൊഴിലാളികൾക്കാണ് കേന്ദ്ര നിയമം വഴി അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ് മുഖാന്തരം പ്രയോജന മുണ്ടാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?<br><br>ഉറപ്പ്:- താഴെപ്പറയുന്ന എട്ട് ക്ഷേമനിധി പദ്ധതികളെയാണ് ആദ്യപടിയായി ഉൾപ്പെടു ത്തുവാൻ ഉദ്ദേശിക്കുന്നത്.<br><br>1) 1986-ലെ കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി.<br><br>2) 2004-ലെ കേരള ബാർബേഴ്സ് ആൻഡ് ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി.<br><br>3) 2004-ലെ കേരള അലക്കുതൊഴിലാളി ക്ഷേമനിധി.<br><br>4) 2011-ലെ കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി. | താഴെപ്പറയുന്ന 6 പദ്ധതികളെ ഉൾപ്പെടുത്തി 2-2-2016-ലെ സ.ഉ(അച്ചടി)നം.24/2016/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.<br><br>(i) 20-3-1991-ലെ ജി.ഒ(പി)21/91/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള " 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി"<br><br>(ii) 20-1-2011-ലെ സ.ഉ.(സാധാ) 8/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള "2011-ലെ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി പദ്ധതി"<br><br>(iii) 27-1-2011-ലെ സ.ഉ(സാധാ)9/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള "2011-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി" |

| | | | | |
|---|---|---|---|---|
| | | | 5) 2011-ലെ കേരള ക്ഷേത്ര തൊഴിലാളി ക്ഷേമപദ്ധതി.<br>6) 2011-ലെ കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി.<br>7) 1980-ലെ കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി.<br>8) കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി. ഇതോടൊപ്പം ക്ഷേമപദ്ധതികളില്ലാത്ത വിഭാഗങ്ങളെയും ഉദ്ദേശിക്കുന്നുണ്ട്. | (iv) 3-1-2004-ലെ സ.ഉ.(അച്ചടി) 1/04/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള "2004-ലെ കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി"<br>(vi) 1-3-2011-ലെ സ.ഉ(കൈ) 45/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള "2011-ലെ കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി "<br>1980-ലെ കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള മരംകയറ്റ തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി എന്നീ പദ്ധതികളെ 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| | | | <u>അധികവിവരം</u><br>2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ 1980 -ലെ കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി, കേരള മരംകയറ്റ തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി എന്നിവ ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കുക. | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് തയ്യാറാക്കിയതും 11-2-2013 -ൽ കൂടിയ ബോർഡ് യോഗം അംഗീകാരം നൽകിയതുമായ 2013 -ലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ കരട് വിജ്ഞാപനം സർക്കാരിന്റെ അംഗീകാരത്തിനായി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയത് 21-12-2013- ലാണ്. ബോർഡ് തയ്യാറാക്കി ലഭ്യമാക്കിയ പ്രസ്തുത കരടിൽ നിലവിലുണ്ടായിരുന്ന 1991-ലെ കേരള കൈത്തൊ |

| | | | | |
|---|---|---|---|---|
| | | | | ഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി. 2004- ലെ കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി. 2004 ലെ കേരള ബാർബർ-ബ്യൂട്ടീഷൻ തൊഴിലാളി ക്ഷേമ പദ്ധതി, 2011-ലെ കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി, 2011-ലെ കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി, 2011-ലെ കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി എന്നീ 6 ക്ഷേമപദ്ധതികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1980 -ലെ കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി കേരള മരംകയറ്റ തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി എന്നിവ പ്രസ്തുത കരടിൽ ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ കേരള അസംഘടിത തൊളിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിക്കുന്നതിനായി തുടർ നടപടി സ്വീകരിക്കുന്ന കാലയളവിലും പ്രസ്തുത രണ്ട് പദ്ധതികളെ കൂടി ഉൾക്കൊളിക്കണമെന്ന നിർദ്ദേശം ഉണ്ടാകുകയോ ആയത് പരിശോധിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിലാണ് കേരള മരംകയറ്റ തൊളിലാളി ക്ഷേമ പദ്ധതി, കേരള മരം കയറ്റ തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി എന്നിവ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്താത്തത്. |

| | | | | |
|---|---|---|---|---|
| 4 | 13/09 | 40 | (എ) തൊഴിൽ വൈദഗ്ധ്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;<br>(സി) എവിടെയൊക്കെയാണ് ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നത്; വിശദമാക്കുമോ?<br>ഉറപ്പ്:- (എ) ഉണ്ട്. കേരളാ അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ കീഴിൽ തൊഴിൽ വൈദഗ്ധ്യ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. Construction, Gems & Jewelers, Automobile, Nursing, Security Service എന്നീ മേഖലകളിലാണ് തൊഴിൽ വൈദഗ്ധ്യ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.<br>(സി) കൺസ്ട്രക്ഷൻ അക്കാഡമി കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിക്കുന്നതാണ്. സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് മറ്റു സ്ഥലങ്ങളിൽ കൂടി തൊഴിൽ വൈദഗ്ധ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. | കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ നടത്തി വരുന്ന വിവിധ തൊഴിൽ വൈദഗ്ധ്യ കേന്ദ്രങ്ങൾ താഴെ പറയുന്നവയാണ്.<br>1. <u>നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)</u><br>നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NIC (Nursing Institute for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 2-7-2015 മുതൽ പ്രവർത്തിച്ചുവരുന്നു. യു.എ.ഇ. ആസ്ഥാനമായുള്ള NMC Health care ന കീഴിലുള്ള Trivandrum Specialists Hospital മായി സഹകരിച്ചാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം ആശയവിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര, ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണം ചെയ്യാൻ |

| | | | | |
|---|---|---|---|---|
| | | | | സഹായിക്കുക എന്നിവയാണ് NICE-ന്റെ ലക്ഷ്യങ്ങൾ. വിദേശ രാജ്യങ്ങളുടെ അംഗീകാരമുള്ള പരിശീലന പദ്ധതിയാണ് നൈസ് തയ്യാറാക്കുന്നത്. ബേസിക് ലൈഫ് സപ്പോർട്ട്, അഡ്വാൻസ്ഡ് കാർഡിയാക്ക് ലൈഫ് സപ്പോർട്ട്, ക്വാളിറ്റി ആൻഡ് പേഷ്യന്റ് സേഫ്റ്റി, ഇൻഫെക്ഷൻ പ്രിവിൻഷ്യൻ ആൻഡ് കൺട്രോൾ, എമർജൻസി ആൻഡ് ക്രിട്ടിക്കൽ കെയർ നഴ്സിംഗ് ആൻഡ് വർക്ക് എത്തിക്സ് തുടങ്ങിയ വിഷയങ്ങളിൽ അന്താരാഷ്ട്ര അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ നൈസ് നൽകും. മിനിസ്ട്രി ഓഫ് ഹെൽത്ത്, ഹെൽത്ത് അതോറിറ്റി, ഖത്തർ മിനിസ്ട്രി ഓഫ് ഹെൽത്ത് തുടങ്ങിയവയുടെ യോഗ്യതാ പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനവും പാഠ്യപദ്ധതിയുടെ ഭാഗമാണ്. തിരഞ്ഞെടുക്കുന്ന പ്രത്യേക വിഭാഗങ്ങൾക്ക് പുറമേ ഇംഗ്ലീഷ്, അറബിക് തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യം കൈവരിക്കാനും പരിശീലന പരിപാടിയിലൂടെ അവസരമൊരുങ്ങും. NICE -ന്റെ ആദ്യ ബാച്ചിലൂടെ 118 പേർക്ക് പരിശീലനം നൽകുകയും തൊഴിൽ ലഭ്യത ഉറപ്പു വരുത്തുകയും ചെയ്തു. രണ്ടാം ബാച്ചിന്റെ പരിശീലനം പൂർത്തിയായി വരുന്നു. |

966/2024.

| | | | | |
|---|---|---|---|---|
| | | | | <u>2. സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS)</u><br><br>സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 29-9-2015 മുതൽ പ്രവർത്തിച്ചുവരുന്നു. Diploma in Security Management, Unarmed Security Guard എന്നീ കോഴ്സുകളിലാണ് പരിശീലനം ലഭ്യമാക്കുന്നത്. CATS ന്റെ ആദ്യ ബാച്ചിലൂടെ 24 പേർ പരിശീലനം പൂർത്തിയാക്കി.<br><br><u>3. എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR)</u><br><br>ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Program for Oil & Rig (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു. Pipe Fabricator, Rigger, Structural Erector, Sand Blaster, Plant Inspector എന്നീ കോഴ്സുകളിലാണ് പരിശീലനം ലഭ്യമാക്കുന്നത്. ESPOIR- ന്റെ ആദ്യ |

| | | | | |
|---|---|---|---|---|
| | | | | ബാച്ചിലൂടെ 85 പേർക്ക് പരിശീലനം നൽകുകയും തൊഴിൽ ലഭ്യത ഉറപ്പു വരുത്തുകയും ചെയ്തു. രണ്ടാം ബാച്ചിലെ 100 പേർ പരിശീലനം നടത്തിവരുന്നു.<br><br><u>4. സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രെണർ ഡെവലപ്മെൻറ് (CEED)</u><br><br>തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്ക് വേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രെണർ ഡെവലപ്മെന്റ് (CEED) എന്ന മികവിന്റെ കേന്ദ്രം അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ ഉദ്ഘാടനം ചെയ്തു. CEED -ന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.<br><br><u>5. CRETT (Centre for Research in Education and Teacher Training)</u><br><br>ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (Centre for Research in Education and Teacher Training) കോഴിക്കോട് ജില്ലയിലെ വെള്ളി പറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 2-2-2016 -ന് ഉദ്ഘാടനം ചെയ്തു. |

| | | | | |
|---|---|---|---|---|
| | | | | **6. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)**<br><br>കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ തൊഴിൽ പ്രൊഫഷനലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC)- ന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. IIIC -ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കും. ഐ.ടി.ഐ സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ IIIC-യിലൂടെ സാധിക്കും. Building Construction Academy of Singapore, National Construction College of United Kingdom തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് IIIC-ൽ ഒരുക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | | സ്പെഷ്യലൈസ്ഡ് കോഴ്സുകൾ രൂപകല്പന ചെയ്തു നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൺസ്ട്രക്ഷൻ മാനേജ്മെന്റ് ആൻഡ് റിസർച്ച് (NICMAR, Pune) -നെ Knowledge Partner ആയി തിരഞ്ഞെടുക്കുകയും അവരുമായി ധാരണാപത്രം ഒപ്പ് വയ്ക്കുകയും ചെയ്തു.<br>Gems & Jewellers, Automobile മേഖലകളിൽ തൊഴിൽ വൈദഗ്ധ്യകേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| 6 | 13/13 | 14 | (ഡി) കേരള കൺസ്ട്രക്ഷൻ അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുന്നതിനുള്ള പൊതുജനരോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രയും പെട്ടെന്ന് പ്രസ്തുത സ്ഥാപനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:- ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥലത്ത് സാങ്കേതിക നിപുണതയും, വിദഗ്ധ പരിശീലനവും നൽകത്തക്ക | സർക്കാർ ഉത്തരവ് പ്രകാരം 9.025 ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തൊഴിലും നൈപുണ്യവും വകുപ്പിനും കൈവശാവകാശം KASE -ന് നൽകുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത്, 1,94,020 ചതുരശ്രയടി വിസ്തീർണമുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷന്റെ നിർമ്മാണം 2016 ഡിസംബർ മാസത്തോടെ പൂർത്തിയാകുന്നതാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെന്റ് കോഴ്സുകളും |

| | | | | |
|---|---|---|---|---|
| | | | വിധത്തിലുള്ള തൊഴിൽ വൈദഗ്ധ്യ കേന്ദ്രം ആരംഭിക്കുന്നതിന് സംബന്ധിച്ച വിഷയം സജീവ പരിഗണനയിലാണ്. | മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ വിത്ത് CAD എക്സ്പെർട്ടൈസ്, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളുമാണ് ഇവിടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്. അനുയോജ്യമായ പങ്കാളിയെ കണ്ടെത്തി ജനുവരി 2017 -ഓടെ അക്കാദമിയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| | | | <u>അധികവിവരം</u><br>പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് ആരായാൻ തീരുമാനിച്ചു. | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ (IIIC) പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി പൊതു സ്വകാര്യ വ്യവസായ പങ്കാളികളിൽ നിന്നും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ക്ഷണിച്ചുകൊണ്ട് ഒരു വിജ്ഞാപനം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് സ്കില്ലിംങ് പാർട്ണറെ കണ്ടെത്തി IIIC പ്രവർത്തന സജ്ജമാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത് |

| | | | | |
|---|---|---|---|---|
| | | | **അധികവിവരത്തിന്മേൽ അധികവിവരം**<br>16-9-2015-ലെ സ.ഉ. (പി) നം. 134/2015/ തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം വ്യവസ്ഥചെയ്തിട്ടുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താത്ത എത്ര തൊഴിൽ ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ആരായുകയും ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. | 16-9-2015-ലെ സ.ഉ. (പി) നം. 134/2015/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം വ്യവസ്ഥചെയ്തിട്ടുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താത്ത തൊഴിൽ ഉടമകൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

## III. ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 60 | (എഫ്) കൂടംകുളത്ത് നിന്നുള്ള വൈദ്യുതി ലൈനിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ? | കൂടംകുളം ആണവോർജ്ജ നിലയത്തിൽ നിന്ന് സംസ്ഥാനത്തിന് അനുവദിക്കപ്പെടുന്ന വൈദ്യുതി വിഹിതം കൊണ്ടുവരുന്നതിനായുള്ള തിരുനൽവേലി-മാടക്കത്തറ 400 കെ.വി. പ്രസരണ ലൈനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:- (എഫ്) ലൈൻ നിർമ്മാണം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് 18-7-2011 -ൽ മുഖ്യമന്ത്രിയുടെ ആഭിമുഖ്യത്തിൽ ഒരു ഉന്നതതല യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിനു ശേഷം ഗവൺമെന്റ് ന്യായമായ നടപടികൾ കൈക്കൊള്ളുന്നതാണ്. | പൊതുമേഖലാ സ്ഥാപനമായ പവർഗ്രിഡ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും റൈറ്റ് ഓഫ്-വേ പ്രശ്നങ്ങളും ഭൂവുടമകളുടേയും കർഷകരുടെയും പ്രതിഷേധവും മൂലം ഇടമൺ-കൊച്ചി മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതിനെ തുടർന്ന് ആയത് നിർത്തിവയ്ക്കേണ്ടിവന്നു. പ്രശ്ന പരിഹാരത്തിനായി സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ യോഗങ്ങൾ സംഘടിപ്പിച്ചതിന്റെയും ഫലമായി ലൈനുകൾ വലിക്കുന്നതുമൂലമുള്ള നാശനഷ്ടങ്ങൾ കണക്കാക്കി ഭൂവുടമകൾക്ക് പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിച്ചുകൊണ്ട് 19-8-2014-ൽ സർക്കാർ ഉത്തരവ് (എം.എസ്.) 27/2014/ഊ.വ. പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണ പ്രവർത്തനം ധൃതഗതിയിൽ നടപ്പാക്കാനാവശ്യമായ സഹായവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവൻ ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവരുൾപ്പെട്ട ജില്ലാതല കമ്മിറ്റി രൂപീകരിച്ച് പരാതികൾ പരിഹരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. |
| | | | <u>അധികവിവരം</u><br>കൂടംകുളത്ത് നിന്നും വൈദ്യുതി ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു. | മന്ത്രി തലത്തിലെയും ഉദ്യോഗസ്ഥ തലത്തിലെയും വിവിധ ചർച്ചകളുടെ ഫലമായി 31-8-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 19/2016/ഊർജ്ജം പ്രകാരം പ്രത്യേക നഷ്ടപരിഹാര പാക്കേജിൽ ചില ഭേദഗതികൾ വരുത്തുകയുണ്ടായി. തുടർന്ന് 5-12-2016-ൽ സ.ഉ. (എം.എസ്.) നമ്പർ 25/2016/ഊർജ്ജം പ്രകാരം ഫെയർ വാല്യൂ വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവും നടപ്പിലാക്കി.<br>പുതുക്കിയ നഷ്ടപരിഹാര പാക്കേജ് നൽകുന്നതിനു വേണ്ടിയുള്ള പ്രോപ്പർട്ടി സർവ്വെ പൂർത്തിയാക്കുകയും 292 ടവർ ഫൗണ്ടേഷനിൽ ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും 272 എണ്ണത്തിന് കളക്ടർമാരുടെ അനുമതി ലഭ്യമാക്കുകയും ചെയ്തു. ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് അനുമതിയായ 1578.80 ലക്ഷം രൂപയിൽ 672.217 ലക്ഷം രൂപ നഷ്ടപരിഹാരമായി ഭൂവുടമകൾക്ക് നൽകുകയും ചെയ്തു. |

| | | | | |
|---|---|---|---|---|
| | | | | 9-3-2017-ന് പി.ജി.സി.ഐ.എൽ. (പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്) ലൈനിന്റെ പണി പുനരാരംഭിച്ചു. നിലവിൽ, ആകെയുള്ള 445 ടവറുകളിൽ 212 ടവർ ഫൗണ്ടേഷനുകൾ പൂർത്തിയാക്കുകയും 129 ടവർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ആകെയുള്ള 148 കിലോമീറ്റർ ലൈനിൽ 13.64 കിലോമീറ്റർ ലൈൻ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ലൈനിന്റെ നിർമ്മാണം 2018 ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| 2 | 13/01 | 89 | എ) സംസ്ഥാനത്ത് ജൈവദ്രവ്യ ഊർജ്ജ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br>(ബി) എങ്കിൽ എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;<br>സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും വിശദമാക്കുമോ?<br>ഉറപ്പ്:- (എ) പരിഗണനയിലുണ്ട്.<br>(ബി) ജില്ലാ പഞ്ചായത്തുകളുമായി | സംസ്ഥാനത്ത് ജൈവദ്രവ്യ ഊർജ്ജ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുമായി ചേർന്ന് 20.63 മേഗാവാട്ട് ഊർജ്ജ ഉത്പാദനത്തിനുള്ള പദ്ധതികളാണ് പ്രാഥമിക പഠനം നടത്തി വിഭാവനം ചെയ്തിട്ടുണ്ടായിരുന്നത്. ജൈവാവശിഷ്ടങ്ങൾ ലഭ്യമായ സ്ഥലങ്ങളിൽ ദക്ഷത കൂടിയ വിധം താപം ഉൽപ്പാദിപ്പിച്ചുള്ള വൈദ്യുതി ഉൽപ്പാദനവും ഗ്യാസിഫിക്കേഷൻ വഴിയുള്ള വൈദ്യുതി |

| | | | | |
|---|---|---|---|---|
| | | | ചേർന്ന് 20.63 MW ഊർജ്ജ ഉൽപ്പാദനത്തിനുള്ള പദ്ധതികളാണ് പ്രാഥമിക പഠനം നടത്തി വിഭാവനം ചെയ്തിട്ടുള്ളത്. കൊല്ലം ജില്ലയിലെ ഓയിൽ പാം ഇന്ത്യയിലെ ജൈവാവശിഷ്ടങ്ങളുപയോഗപ്പെടുത്തി 2 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും (ബ്രഹ്മപുരം മുനിസിപ്പൽ ഖര മാലിന്യം ഉപയോഗപ്പെടുത്തി 2 MW വൈദ്യുതി ഉൽപ്പാദനത്തിനുമുള്ള പദ്ധതിയ്ക്ക് വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നവീന ബയോഗ്യാസ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദനം സാദ്ധ്യമാകുമോ എന്ന് പരിശോധിച്ചു വരുന്നു.<br><br>(സി) ജൈവാവശിഷ്ടങ്ങൾ ലഭ്യമായ സ്ഥലങ്ങളിൽ ദക്ഷത കൂടിയ വിധം താപം ഉൽപ്പാദിപ്പിച്ച് വൈദ്യുതി ഉൽപ്പാദനവും ഗ്യാസിഫിക്കേഷൻ വഴിയുള്ള വൈദ്യുതി ഉൽപ്പാദനവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനു പുറമെ മാലിന്യങ്ങളെ ഉറവിടങ്ങളിൽ തന്നെ | ഉൽപ്പാദനവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനു പുറമെ മാലിന്യങ്ങളെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കാൻ പ്രോത്സാഹനം നൽകാനും വികേന്ദ്രീകൃതമായി മാലിന്യ സംസ്കരണം ഉറപ്പാക്കി ഊർജ്ജം വീണ്ടെടുക്കുന്ന പ്രവർത്തനവും അനെർട്ട് വഴി നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | സംസ്കരിക്കാൻ പ്രോത്സാഹനം നൽകാനും വികേന്ദ്രീകൃതമായി മാലിന്യ സംസ്കരണം ഉറപ്പാക്കി ഊർജ്ജം വീണ്ടെടുക്കുന്ന പ്രവർത്തനത്തിനും ലക്ഷ്യമിട്ടിട്ടുണ്ട്. | |
| | | | <u>അധിക വിവരം</u><br>സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ ജൈവ ദ്രവ്യ ഊർജ്ജ ഉല്പാദന യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അതുവഴി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ടെന്നും ആരായാൻ തീരുമാനിച്ചു. | അനെർട്ട് വഴി ജൈവദ്രവ്യ പദ്ധതി പ്രകാരം വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ജൈവ മാലിന്യത്തിൽ നിന്നും ബയോഗ്യാസ് ഉല്പാദിപ്പിച്ച് താപോർജ്ജം ഉപയോഗപ്പെടുത്തുന്ന പദ്ധതി വീടുകളിലും സ്ഥാപനങ്ങളിലുമായി നിരവധി എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. |
| 3 | 13/02 | 126 | ഡി) എനർജി ആഡിറ്റ് നടത്താത്ത സ്ഥാപനങ്ങളിൽ ഇതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?<br>ഉറപ്പ്:- ഡി) എനർജി ആഡിറ്റ് നടത്തി ഊർജ്ജം നഷ്ടപ്പെടുന്ന വഴികൾ കണ്ടെത്തി ഊർജ്ജലാഭം നേടുക എന്നതാണ് എനർജി ആഡിറ്റ്. ഇതുമൂലം വ്യവസായ സംരംഭകർക്ക് കൂടുതൽ ലാഭം ഉണ്ടാക്കാൻ സാധിക്കും. ഇത്തരം case studies പറഞ്ഞു മനസ്സിലാക്കി എല്ലാ വ്യവസായ സംരംഭകരെയും മൂന്ന് | വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിക്കൊണ്ടുള്ള 1- 1- 2011 -ലെ G.O.(Rt.) No. 2/2011/PD സർക്കാർ ഉത്തരവിന്റെ അടിസ്ഥാന ത്തിൽ എല്ലാ വ്യവസായങ്ങളും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർക്ക് അയക്കേണ്ടതാണെന്ന നിർദ്ദേശം നല്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇന്നുവരെ 72 വ്യവസായങ്ങൾ ഓഡിറ്റ് നടത്തി റിപ്പോർട്ടുകൾ നല്കിയിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ വിലയിരുത്തി നിർദ്ദേശങ്ങൾ |

| | | | | |
|---|---|---|---|---|
| | | | വർഷത്തിലൊരിക്കൽ ഊർജ്ജ ആഡിറ്റ് നടപ്പിലാക്കാനാ ണ് ഉദ്ദേശിക്കുന്നത്. | നല്കുന്നതിനായി ഒരു വിദഗ്ധസമിതിയും രൂപികരിച്ചിട്ടുണ്ട്. വ്യവസായങ്ങളുടെ പ്രതിനിധികൾ, ഊർജ്ജ ഓഡിറ്റ് നടത്തിയ വ്യക്തി/ കമ്പനിയുടെ പ്രതിനിധി എന്നിവരുടെ മുമ്പാകെ വിദഗ്ധസമിതി റിപ്പോർട്ടുകൾ വിലയിരുത്തി നിർദ്ദേശങ്ങൾ നല്കി വരുന്നു.<br><br>കൂടാതെ എനർജി ഓഡിറ്റ് നടത്തുന്നവരുടെ ലഭ്യത ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടുകൂടി ഇ.എം.സി. നടപ്പിലാക്കിയ ഇ.എം.സി. അക്രഡിറ്റഡ് എനർജി ഓഡിറ്റർ പരിപാടിയുടെ ഭാഗമായി 27 പേർക്ക് അക്രഡിറ്റേഷൻ നല്കിയിട്ടുണ്ട്. |
| | | | <u>അധികവിവരം</u><br><br>എനർജി ഓഡിറ്റ് നടത്തി റിപ്പോർട്ട് നല്കിയിട്ടുള്ള 72 വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഇവയുടെ ആകെ കുടിശ്ശിക എത്ര രൂപയാണെന്നും ഊർജ്ജ വകുപ്പിനോട് ആരായുവാൻ സമിതി തീരുമാനിച്ചു. | ഊർജ്ജ ആഡിറ്റ് നടത്തി ഇ.എം,സി. -ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള 72 സ്ഥാപനങ്ങളുടെ വിശദ വിവരങ്ങൾ ഉള്ളടക്കം ചെയ്യുന്നു.<br><br>ഊർജ്ജം പാഴാകുന്ന വഴികൾ കണ്ടെത്തുക, വിവിധതരം ഊർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വിവിധതരം ഉപകരണങ്ങളുടെ കാര്യക്ഷമത പരിശോധിക്കുക, ഊർജ്ജകാര്യക്ഷമത കൂടിയ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക, യന്ത്രങ്ങളുടെ കാര്യക്ഷമമായ ഉപയോഗവും പരിപാലനവും സംബന്ധിച്ച് മാർഗ്ഗ |

| | | | | |
|---|---|---|---|---|
| | | | | നിർദ്ദേശങ്ങൾ നല്കുക എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുക എന്നതാണ് ഊർജ്ജ ഓഡിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ റിപ്പോർട്ടിൽ മുൻ വർഷങ്ങളിൽ ഉപയോഗിച്ച വിവിധ തരം ഊർജ്ജത്തിന്റെ (വൈദ്യുതി, ഡീസൽ, ഫർണസ് ഓയിൽ, എൽ.പി.ജി., കൽക്കരി തുടങ്ങിയവ) അളവും ചെലവും ഉൾപ്പെടുത്താറുണ്ട്.<br>പ്രസ്തുത 72 സ്ഥാപനങ്ങളുടെ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിനോട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണ്. |
| 4 | 13/01 | 89 | സംസ്ഥാനത്ത് ജൈവ ദ്രവ്യ ഊർജ്ജ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എങ്കിൽ എവിടെയൊക്കെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും വിശദമാക്കുമോ? | സംസ്ഥാനത്ത് ജൈവദ്രവ്യ ഊർജ്ജ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 20.63 മെഗാവാട്ട് ഊർജ്ജ ഉത്പാദനത്തിനുള്ള പദ്ധതികളാണ് പ്രാഥമികപഠനം നടത്തി വിഭാവനം ചെയ്തിട്ടുണ്ടായിരുന്നത്. ജൈവാശിഷ്ടങ്ങൾ ലഭ്യമായ സ്ഥലങ്ങളിൽ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:- (എ) പരിഗണനയിലുണ്ട്.<br><br>(ബി) ജില്ലാ പഞ്ചായത്തുകളുമായി ചേർന്ന് 20.63 MW ഊർജ്ജ ഉൽപ്പാദനത്തിനുള്ള പദ്ധതികളാണ് പ്രാഥമിക പഠനം നടത്തി വിഭാവനം ചെയ്തിട്ടുള്ളത്. കൊല്ലം ജില്ലയിലെ ഓയിൽ പാം ഇന്ത്യയിലെ ജൈവാവശിഷ്ടങ്ങളുപയോഗപ്പെടുത്തി 2 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ബ്രഹ്മപുരം മുനിസിപ്പൽ ഖര മാലിന്യം ഉപയോഗപ്പെടുത്തി 2 MW വൈദ്യുതി ഉൽപ്പാദനത്തിനുമുള്ള പദ്ധതിയ്ക്ക് വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നവീന ബയോഗ്യാസ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദനം സാദ്ധ്യമാകുമോ എന്ന് പരിശോധിച്ചു വരുന്നു.<br><br>(സി) ജൈവാവശിഷ്ടങ്ങൾ ലഭ്യമായ സ്ഥല | ദക്ഷത കൂടിയ വിധം താപം ഉൽപ്പാദിപ്പിച്ചുള്ള വൈദ്യുതി ഉൽപ്പാദനവും ഗ്യാസിഫിക്കേഷൻ വഴിയുള്ള വൈദ്യുതി ഉൽപ്പാദന വുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനുപുറമെ മാലിന്യങ്ങളെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കാൻ പ്രോത്സാഹനം നൽകാനും വികേന്ദ്രീകൃതമായി മാലിന്യ സംസ്കരണം ഉറപ്പാക്കി ഊർജ്ജം വീണ്ടെടുക്കുന്ന പ്രവർത്തനവും അനെർട്ട് വഴി നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | ങ്ങളിൽ ദക്ഷത കൂടിയ വിധം താപം ഉൽപ്പാദിപ്പിച്ച് വൈദ്യുതി ഉൽപ്പാദനവും ഗ്യാസിഫിക്കേഷൻ വഴിയുള്ള വൈദ്യുതി ഉൽപ്പാദനവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനു പുറമെ മാലിന്യങ്ങളെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കാൻ പ്രോത്സാഹനം നൽകാനും വികേന്ദ്രീകൃതമായി മാലിന്യ സംസ്കരണം ഉറപ്പാക്കി ഊർജ്ജം വീണ്ടെടുക്കുന്ന പ്രവർത്തനത്തിനും ലക്ഷ്യമിട്ടിട്ടുണ്ട്. | |
| | | | <u>അധിക വിവരം</u><br>സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ ജൈവ ദ്രവ്യ ഊർജ്ജ ഉല്പാദന യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അതുവഴി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്നും ആരായാൻ തീരുമാനിച്ചു. | അനെർട്ട് വഴി ജൈവ ദ്രവ്യ പദ്ധതി പ്രകാരം വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ജൈവ മാലിന്യത്തിൽ നിന്നും ബയോഗ്യാസ് ഉല്പാദിപ്പിച്ച് താപോർജ്ജം ഉപയോഗപ്പെടുത്തുന്ന പദ്ധതി വീടുകളിലും സ്ഥാപനങ്ങളിലുമായി നിരവധി എണ്ണം നടപ്പിലാക്കിയിട്ടുണ്ട് |

## IV. തദ്ദേശ സ്വയംഭരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/04 | 78 | എ) ഫ്ളാറ്റ് മേഖലയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനും വീട്ടുടമസ്ഥരുടെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്<br><br>ബി) ഇതിനായി ഹൗസിംഗ് റഗുലേറ്ററി സംവിധാനം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ<br><br>സി) എങ്കിൽ ഇതിന്റെ രൂപീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?<br><br>ഉറപ്പ്:- (എ)(ബി)(സി) ഭവന നിർമ്മാണ മേഖലയിൽ പ്രത്യേകിച്ചും ഫ്ളാറ്റ് നിർമ്മാണ മേഖലയിൽ ഉയർന്നു വരുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും കെട്ടിട നിർമ്മാതാക്കളും ഉപഭോക്താക്കളും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്ന | ഹൗസിംഗ് റഗുലേറ്ററി സംവിധാനവുമായി ബന്ധപ്പെട്ട ഈ വിഷയം നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിലാണ് കൈകാര്യം ചെയ്യുന്നത്. ക്വാസി ജുഡീഷ്യൽ അധികാരത്തോടു കൂടിയുള്ളതും കക്ഷികളും കെട്ടിട നിർമ്മാതാക്കളും തമ്മിലുള്ള തർക്കങ്ങൾക്ക് തീർപ്പു കല്പിക്കാൻ പര്യാപ്തവുമായ അതോറിറ്റി രൂപീകരിക്കുന്നതിനും മറ്റും കേരള റിയൽ എസ്റ്റേറ്റ് (ഡെവലപ്മെന്റ് ആൻഡ് റഗുലേഷൻ) എന്ന പേരിൽ ഒരു ബിൽ തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കി നിയമ വകുപ്പിന് അയച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | തിനായി ക്വാസി ജുഡീഷ്യൽ അധികാരത്തോടു കൂടിയ അപ്പാർട്ട്മെൻറ് റഗുലേറ്ററി അതോറിറ്റി രൂപീകരണത്തിനായി തയ്യാറാക്കിയ കരട് ബിൽ സർക്കാർ പരിശോധിച്ച് വരുന്നു | |
| | | | <u>അധികവിവരം</u><br>ഫ്ളാറ്റ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഹൗസിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് ഭവന നിർമ്മാണ വകുപ്പിനോട് ആരായുവാൻ സമിതി തീരുമാനിച്ചു. | അനധികൃത ഫ്ലാറ്റ് കമ്പനികളെ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള റിയൽ എസ്റ്റേറ്റ് മേഖലയുടെ നിയന്ത്രണത്തിനു വേണ്ടി ഒരു റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനും, പ്ലോട്ടിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ കാര്യക്ഷമവും സുതാര്യവുമായ രീതിയിലുള്ള വിൽപ്പന ഉറപ്പു വരുത്തുന്നതിനും റിയൽ എസ്റ്റേറ്റ് മേഖലയിലെ ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് (2016-ലെ 16-ാം നമ്പർ ആക്ട്) നിലവിലുണ്ട്. 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് കേന്ദ്ര ആക്ട് നിലവിൽ വന്നതിനെത്തുടർന്ന് 2017 ജൂലൈ 15-ലെ ഓർഡിനൻസ് മുഖേന റദ്ദാക്കപ്പെട്ടു. 2016-ലെ കേന്ദ്ര ആക്ടിനെ അടിസ്ഥാനമാക്കി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ, 2018 രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര ആക്ട് പ്രകാരമുള്ള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | | | | |
|---|---|---|---|---|
| 2 | 13/04 | 102 | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ ലൈസൻസുകൾ നൽകുന്നത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;<br><br>ബി) ആയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>സി) കൂടുതൽ വയലേഷൻ നടന്നിട്ടുള്ള നഗരങ്ങളിൽ അന്വേഷണം നടത്താൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ വിശദമാക്കുമോ<br><br>ഉറപ്പ്:- എ) ഉണ്ട്<br><br>ബി) കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള ആക്ഷേപങ്ങൾ നിയമാനുസൃതം പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സി) ഏതെങ്കിലും നഗരത്തിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് | സംസ്ഥാനത്തെ അനധികൃതനിർമ്മാണങ്ങൾ കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിനായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ നേതൃത്വത്തിൽ ഒരു ടീം 27-7-2013-ലെ ജി.ഒ(എം.എസ്)268/13/തസ്വഭവ. ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു |

| | | | | |
|---|---|---|---|---|
| | | | <u>അധികവിവരം</u><br>കെട്ടിട നിർമ്മാണ ലൈസൻസുകൾ എന്ന വിഷയത്തിന്മേലുള്ള വകുപ്പിന്റെ മറുപടി സമിതി പരിഗണിക്കുകയും chief towm planner-ടെ നേതൃത്വത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു | 27-7-2013-ലെ ജി.ഒ.(എം.എസ്)268/13/തസ്വഭവ. ഉത്തരവ് പ്രകാരം ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ വിജിലൻസ് വിംഗ് രൂപീകരിച്ചതിനു ശേഷം നടത്തിയിട്ടുള്ള പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള ചട്ടലംഘനങ്ങളോടെയുള്ള നിർമ്മാണങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം :<br>1. ആലപ്പുഴ - 67<br>2. എറണാകുളം - 258<br>3. ഇടുക്കി - 20<br>4. കണ്ണൂർ - 102<br>5. കാസർഗോഡ് - 44<br>6. കൊല്ലം - 70<br>7. കോട്ടയം - 82<br>8. കോഴിക്കോട് - 112<br>9. മലപ്പുറം - 137<br>10. പാലക്കാട് - 29<br>11. പത്തനംതിട്ട - 19<br>12. തൃശ്ശൂർ - 149<br>13. തിരുവനന്തപുരം - 416<br>14. വയനാട് - 21 |

| | | | | |
|---|---|---|---|---|
| 3 | 13/05 | 106 | മാലിന്യ നിർമ്മാർജ്ജനത്തിന് സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും ആധുനിക രീതിയിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?<br>ഉറപ്പ്:- ഉദ്ദേശിക്കുന്നുണ്ട്. | നഗരങ്ങളിലെ പരിമിതമായ സ്ഥലസൗകര്യങ്ങളുടെ പശ്ചാത്തലത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ കേന്ദ്രങ്ങൾ 'നിക്ഷേപ പദ്ധതികൾ' എന്ന നിലയിൽ സംസ്ഥാനത്തെ നഗരങ്ങളിൽ നടപ്പിലാക്കുന്നതിനായി 'അർബൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനീഷ്യേറ്റിവ് (USWMI) എന്ന ഒരു സംരംഭത്തിന് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇത്തരത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്ന നിക്ഷേപ പദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സംസ്ഥാനതല ഉപദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| | | | <u>അധികവിവരം</u><br>അർബൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനിഷ്യേറ്റീവ് എന്ന സംരംഭം സംസ്ഥാനത്തെ ഏതെങ്കിലും നഗരത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വകുപ്പിനോട് ആരായുവാനും ഇതുമായി ബന്ധപ്പെട്ട് ഇത് നടപ്പാക്കിയ ഏതെങ്കിലുമൊരു നഗരസഭ സന്ദർശി ക്കുവാനും തീരുമാനിച്ചു. | അർബൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനീഷ്യേറ്റിവ് (USWMI)-ന്റെ ഭാഗമായി 11-6-2018 -ലെ സ.ഉ.(കൈ)നം. 82/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന ഏഴ് സ്ഥലങ്ങളിൽ അത്യാധുനിക സാങ്കേതിക വിദ്യാലയധിഷ്ഠിതമായി പ്രവർത്തിക്കുന്നതും 5 മെഗാവാട്ട് വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതുമായ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണപ്ലാന്റുകൾ **(Waste-to-Energy Plants)** സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. |

| ക്രമ നം. | സ്ഥലം | ജില്ല | സ്ഥലത്തിന്റെ വിസ്തൃതി |
|---|---|---|---|
| 1 | പെരിങ്ങമ്മല | തിരുവനന്തപുരം | 6.07 ഹെക്ടർ (15 ഏക്കർ ) |
| 2 | ലാലൂർ | തൃശ്ശൂർ | 6.07 ഹെക്ടർ (15 ഏക്കർ ) |
| 3 | കഞ്ചിക്കോട് | പാലക്കാട് | 6.07 ഹെക്ടർ (15 ഏക്കർ) |
| 4 | ഞെളിയംപറമ്പ് | കോഴിക്കോട് | 5.12 ഹെക്ടർ (12.67 ഏക്കർ ) |
| 5 | ചെലോറ | കണ്ണൂർ | 3.93 ഹെക്ടർ (9.7 ഏക്കർ ) |
| 6 | കുരീപ്പുഴ | കൊല്ലം | 2.85 ഹെക്ടർ (7.05 ഏക്കർ ) |
| 7 | പാണക്കാട് | മലപ്പുറം | 4.04 ഹെക്ടർ (10 ഏക്കർ ) |

| | | | | |
|---|---|---|---|---|
| | | | | പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥിതിയിൽ **Design, Build, Finance, Operate and Transfer (DBFOT)** മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഓരോ ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപകല്പന, നിർമ്മാണം, ആവശ്യമായ സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് തുടങ്ങിയവ പൂർണ്ണമായും സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്വമാണ്. രണ്ട് വർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്.<br><br>പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്കുവേണ്ടിയുള്ള ടെൻഡർ പ്രസിദ്ധപ്പെടുത്തുകയും നിർവ്വഹണ ഏജൻസിയായി ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s.സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടി കമ്പനി പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സബ്സിഡിയറി കമ്പനിയായ മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡും തദ്ദേശ സ്വയംഭരണ വകുപ്പും, കോഴിക്കോട് ക്ലസ്റ്ററിൽ ഉൾപ്പെടുന്ന മറ്റ് ബന്ധപ്പെട്ട |

| | | | | |
|---|---|---|---|---|
| | | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, പദ്ധതിയുടെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി- യും തമ്മിൽ പദ്ധതി നടത്തിപ്പിനുള്ള എഗ്രിമെന്റ് ഒപ്പു വച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന് നിയമപരമായി ആവശ്യമുള്ള അനുമതികളും ക്ലിയറൻസുകളും ലഭിച്ച ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.<br><br>രണ്ടാം ഘട്ടത്തിൽ കണ്ണൂർ, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിലേയ്ക്കായുള്ള ടെൻഡർ 2019 ജനുവരി മാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ മൂന്ന് പദ്ധതികൾക്കും ഒരു ബിഡ് പോലും ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി റീ- ടെൻഡർ ചെയ്തിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ടെൻഡർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിൽ അർബൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനീഷ്യേറ്റിവിനു കീഴിൽ വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകൾ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br><br>കേന്ദ്ര/സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ മാനദണ്ഡങ്ങൾക്കനുസൃതമായുള്ള പ്രവർത്തനം ഉറപ്പാക്കിക്കൊണ്ട് പരിസ്ഥിതി സൗഹാർദപരമായി തിരുവനന്തപുരം ജില്ലയിലെ |

| | | | | |
|---|---|---|---|---|
| | | | | പെരിങ്ങമലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതിക്കെതിരെ പ്രാരംഭഘട്ടത്തിൽ തന്നെ ഉണ്ടായ പ്രാദേശികമായ എതിർപ്പ് കണക്കിലെടുത്ത് പെരിങ്ങമലയ്ക്ക് പകരം അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുവാനും തീരുമാനിച്ചിട്ടുണ്ട്. |

## V. ഭക്ഷ്യ പൊതുവിതരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/04 | 41 | ഡി) മോണിറ്ററിംഗ് സമിതിയുടെ ഇടപെടൽ കാര്യക്ഷമമാക്കുന്നതിന് ഇനിയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?<br><br>ഉറപ്പ്:- ഡി) ഗ്യാസ് ഏജൻസി തലത്തിൽ എൽ. പി. ജി. സോഷ്യൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ ഗ്യാസ് ഏജൻസികളിൽ കൂടുതൽ പരിശോധന നടത്തുവാനും കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ഓപ്പൺ ഫോറങ്ങൾ ചേർന്നുകൊണ്ട് എൽ. പി. ജി. വിതരണം കാര്യക്ഷമമാക്കുവാനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. | ഗ്യാസ് ഏജൻസി സ്ഥിതിചെയ്യുന്ന പഞ്ചായത്തിലെ പ്രസിഡന്റ് ചെയർമാനായി ഗ്യാസ് ഏജൻസി തലത്തിൽ ഒരു സോഷ്യൽ മോണിട്ടറിംഗ് സമിതി രൂപീകരിച്ചുകൊണ്ട് 2-5-2012-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 9/12/ഭ. സി. സ. വ. പ്രകാരം ഉത്തരവായിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | | | <u>അധികവിവരം</u><br><br>എൽ. പി. ജി. സോഷ്യൽ മോണിറ്ററിംഗ് കമ്മറ്റിയുടെ പ്രവർത്തനം ആരംഭിച്ചതും ആരംഭിക്കാത്തതുമായ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് ആരായാൻ തീരുമാനിച്ചു | എൽ.പി.ജി. സോഷ്യൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിച്ച പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം ജില്ല - നെടുമങ്ങാട് താലൂക്കിലെ 4 പഞ്ചായത്തുകളിലും വർക്കല താലൂക്കിലെ 3 പഞ്ചായത്തുകളിലും സമിതി രൂപീകരിക്കുകയും കൂടുകയും ചെയ്തിട്ടുണ്ട് മറ്റ് പഞ്ചായത്തുകളിൽ റേഷൻ കാർഡ് സംബന്ധമായ പ്രവർത്തനം മൂലം സമിതികൾ കൂടാൻ സാധിച്ചിട്ടില്ല.<br><br>2. കൊല്ലം ജില്ല - കരുനാഗപ്പള്ളി താലൂക്കിൽ മാത്രമേ സമിതികൾ രൂപീകരിച്ചിട്ടുള്ളൂ. ആയതിനാൽ പഞ്ചായത്ത്തല മോണിറ്ററിംഗ് സമിതികൾ അടിയന്തരമായി രൂപീകരിച്ച് യോഗം വിളിച്ചു കൂട്ടുന്നതിന് എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>3. പത്തനംതിട്ട ജില്ല - ഗ്യാസ് ഏജൻസി നിലവിലുള്ള എല്ലാ പഞ്ചായത്തുകളിലും സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>4. ആലപ്പുഴ ജില്ല - കുട്ടനാട് താലൂക്കിൽ ഇടത്വ പഞ്ചായത്തിലും ചമ്പക്കുളം പഞ്ചായത്തിലും ചെങ്ങന്നൂർ താലൂക്കിൽ മാന്നാർ പഞ്ചായത്തിലും |

| | | | | |
|---|---|---|---|---|
| | | | | ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്, ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകളിലും ചേർത്ത മുനിസിപ്പാലിറ്റിയിലും കാർത്തികപ്പള്ളി താലൂക്കിൽ ഗ്യാസ് ഏജൻസികളുള്ള 4 പഞ്ചായത്തുകളിലും സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>5. ഇടുക്കി ജില്ല - റേഷൻ കാർഡ് പുതുക്കൽ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ 2015-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനു ശേഷം സമിതികൾ പുനഃസംഘടിപ്പിച്ചിട്ടില്ല<br><br>6. കോട്ടയം ജില്ല - എല്ലാ പഞ്ചായത്തുകളിലും സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>7. എറണാകുളം ജില്ല - കോതമംഗലം വോറ്റുപുഴ എന്നീ താലൂക്കുകളിലെ എല്ലാ പഞ്ചായത്തുകളിലും സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ആലുവ താലൂക്കിൽ 2 പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലും സമിതി രൂപീകരിച്ചിട്ടുണ്ട്. കൊച്ചി താലൂക്കിലെ എല്ലാ പഞ്ചായത്തുകളിലും സമിതി രൂപീകരിച്ചിട്ടുണ്ട്. റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ സോഷ്യൽ മോണിറ്ററിംഗ് സമിതികളുടെ പുനഃസംഘടനയ്ക്ക് കൂടുതൽ സമയം ആവശ്യമാണ്. |

| | | | | |
|---|---|---|---|---|
| | | | | 8. തൃശ്ശൂർ ജില്ല -തൃശ്ശൂർ താലൂക്കിൽ ചേർപ്പ്, പുത്തൂർ, നടത്തറ, പാണം ചേരി, മാടക്കത്തറ എന്നീ പഞ്ചായത്തുകളിലും ചാവക്കാട് താലൂക്കിലെ ഗുരുവായൂർ മുനിസിപ്പാലിറ്റി, ചാവക്കാട് മുനിസിപ്പാലിറ്റി, തളിക്കളം, വാടാനപ്പള്ളി പഞ്ചായത്തുകളിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>(7) പാലക്കാട് ജില്ല - ഒറ്റപ്പാലം താലൂക്കിൽ 10 ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്നതിൽ ഷൊർണ്ണൂർ ചേർപ്ലശ്ശേരി മുനിസിപ്പാലിറ്റികളിലും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിലും സമിതി കൂടിയിട്ടുണ്ട്. മണ്ണാർക്കാട് താലൂക്കിലെ എല്ലാ പഞ്ചായത്തുകളിലും സമിതികൾ കൂടിയിട്ടുണ്ട്. ചിറ്റൂർ താലൂക്കിൽ ചിറ്റൂർ, തത്തമംഗലം മുനിസിപ്പാലിറ്റി യിലും നല്ലേപ്പുള്ളി, കൊല്ലങ്കോട് പഞ്ചായത്തുകളിലും സമിതികൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് താലൂക്കിൽ പാലക്കാട് മുനിസിപ്പാലിറ്റിയിൽ സമിതി കൂടിയിട്ടുണ്ട്. ആലത്തറ താലൂക്കിൽ ആലത്തുർ, വടക്കാഞ്ചേരി പഞ്ചായത്തുകളിലും സമിതി രൂപീകരിച്ചിട്ടുണ്ട്. പട്ടാമ്പി താലൂക്ക് സപ്ലൈ ഓഫീസ് 22-8-2015 -ൽ മാത്രമാണ് പ്രവർത്തനം ആരംഭിച്ചത് ആയതിനാൽ ഗ്യാസ് ഏജൻസികൾ ഉള്ള പഞ്ചായത്തുകളിൽ സമിതികൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 10. വയനാട് ജില്ല - പഞ്ചായത്തുതല സോഷ്യൽ മോണിറ്ററിംഗ് സമിതികൾ എജൻസി തലത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>11. മലപ്പുറം ജില്ല - സോഷ്യൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിരുന്നുവെങ്കിലും റേഷൻ കാർഡുകൾ പുതുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം നടക്കുന്നതിനാൽ ഇപ്പോൾ സമിതികൾ പ്രവർത്തിക്കുന്നില്ല. എല്ലാ പഞ്ചായത്തുകളിലും സമിതികൾ പുനഃസംഘടിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നല്കിയിട്ടുണ്ട്.<br><br>12. കോഴിക്കോട് ജില്ല - താമരശ്ശേരി താലൂക്കിലെ നിലവിലുള്ള 12 പഞ്ചായത്തുകളിൽ ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്ന തിരുവമ്പാടി, ഉണ്ണികുളം, താമരശ്ശേരി പഞ്ചായത്തുകളിലും കൊടുവള്ളി മുനിസിപ്പാലിറ്റിയിലും സോഷ്യൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. വടകര താലൂക്കിൽ തിരുവള്ളൂരിലെ ഗ്യാസ് ഏജൻസി ഒഴികെ എല്ലാ ഗ്യാസ് ഏജൻസികളിലും സമിതി രൂപീകരിച്ചിട്ടുണ്ട്. കൊയിലാണ്ടി, കോഴിക്കോട് താലൂക്കിലും നോർത്തിലും സൗത്തിലുമുള്ള സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിലും സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 13. കണ്ണൂർ ജില്ല - സോഷ്യൽ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല. സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്<br><br>14. കാസർഗോഡ് ജില്ല - കാസർഗോഡ് താലൂക്കിലെ കാസർഗോഡ് നഗരസഭ, ഹോസ്ദുർഗ് താലൂക്കിലെ കാഞ്ഞങ്ങാട് നഗരസഭ, നീലേശ്വരം നഗരസഭ, ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്, വെള്ളരിക്കുണ്ട് താലൂക്കിലെ പനത്തടി ഗ്രാമ പഞ്ചായത്ത്, കള്ളാർ ഗ്രാമ പഞ്ചായത്ത്, കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്, ബളാൽ ഗ്രാമ പഞ്ചായത്ത്, കിനാനൂർ ഗ്രാമ പഞ്ചായത്ത് വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇനിയും സോഷ്യൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കാത്ത സ്ഥലങ്ങളിൽ ആയത് രൂപീകരിച്ച് യോഗം ചേരുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | 13/05 | 77 | എ) പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി പൊതുവിതരണ സമ്പ്രദായം ആധുനികവൽക്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ,<br><br>ബി) ഇതിനായി 2012-13 വർഷത്തെ ബഡ്ജറ്റിൽ എന്ത് തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് പ്രസ്തുത തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ അല്ലെങ്കിൽ തുക വർദ്ധിപ്പിക്കുമോ ?<br><br>ഉറപ്പ്:- എ) ബോധ്യപ്പെട്ടിട്ടുണ്ട്. റേഷൻ വിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള ഗൈഡ് ലൈൻസ് പ്രകാരം എഫ്. സി. ഐ മുതൽ എ. ആർ. ഡി. വരെയുള്ള പൊതുവിതരണശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. | പൊതുവിതരണ ശൃംഖലയുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള ഗൈഡ് ലൈൻസ് പ്രകാരം എഫ്.സി.ഐ.മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് 31-5-2014-ലെ സ.ഉ(കൈ)നം.18/14/ഭ,സി.സ.വ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, കൂടാതെ ഘട്ടം -1 ന് കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുള്ള പദ്ധതി ചെലവിന്റെ 50% തുക കേന്ദ്രസർക്കാർ അനുവദിക്കുകയും ആയതിന്റെ 60% തുക (7.3 കോടി) അഡ്വാൻസായി നൽകിയിട്ടുണ്ട്, പദ്ധതി നടത്തിപ്പുമായി ബന്ധപ്പട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് അപെക്സ് കമ്മിറ്റി, ഭക്ഷ്യവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് പ്രോജക്ട് ഇ-മിഷൻ ടീം, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. നാളിതുവരെയായി അപെക്സ് കമ്മിറ്റിയുടെ |

| | | | | |
|---|---|---|---|---|
| | | | ബി) 2012-13 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ 253.60 കോടി രൂപ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ് | 3 യോഗങ്ങൾ സ്റ്റേറ്റ് പ്രോജക്ട് ഇ-മിഷൻ ടീം-ന്റെ 8 യോഗങ്ങൾ ടെക്നിക്കൽ കമ്മിറ്റിയുടെ 19 യോഗങ്ങൾ കൂടിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ആഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ നടപ്പിലാക്കാൻ ചുവടെ പറയുന്ന നാല് ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ്.<br>1) റേഷൻ ഉപഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക.<br>2) എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.കളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.<br>3) എ.ആർ.ഡി.കളുടെ നവീകരണത്തിലൂടെ ഉപഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻകടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുക.<br>4) ഉപഭോക്താക്കൾക്കായി സുതാര്യതാ പോർട്ടലും സുതാര്യമായ പരാതി പരിഹാര സംവിധാനവും ഒരുക്കുക. |

| | | | | |
|---|---|---|---|---|
| | | | | ഈ പദ്ധതിയുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട് റേഷൻ ഉപഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിതരണ ശൃംഖലയുടെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് നടപടികൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരികയാണ്. പൊതുവിതരണ സമ്പ്രദായം ആധുനിക വത്കരിക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്നും, നിലവിലെ പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് ഡിജിറ്റൈസ് ചെയ്തുകൊണ്ടാണോ എന്നും BPL/APL സംബന്ധിച്ച പരാതി പരിഹാരം ഏതു ഘട്ടത്തിലാണെന്നും ഇതു സംബന്ധിച്ച പരാതികൾ നൽകേണ്ടത് എവിടെയാണെന്നും വ്യക്തമാക്കുക. |
| | | | <u>അധികവിവരം</u><br>പൊതുവിതരണ സമ്പ്രദായം ആധുനിക വത്കരിക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്നും നിലവിൽ പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നത് ഡിജിറ്റൈസ് ചെയ്തുകൊണ്ടാണോ എന്നും BPL/APL സംബന്ധിച്ച പരാതി പരിഹാരം എതു | പൊതുവിതരണ സമ്പ്രദായം ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി പരാതി പരിഹാര സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ നടത്തിവരുന്ന ഗവൺമെന്റ് കോൺടാക്ട് സെന്ററിന്റെ (കാൾ സെന്റർ) ഉപകേന്ദ്രം സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| | | | ഘട്ടത്തിലാണെന്നും ഇതു സംബന്ധിച്ച പരാതികൾ നൽകേണ്ടത് എവിടെയാണെന്നും വ്യക്തമാക്കുക. | നിലവിൽ റേഷൻ ഉപഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തുകൊണ്ടാണ് പുതിയ റേഷൻ കാർഡ് വിതരണം ചെയ്തുവരുന്നത്.<br>18-9-2017-ലെ സ.ഉ(സാ.ധാ)നം. 320/2017/ ഭ.പൊ.വി.വ. പ്രകാരം മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്ത് 15480040 അംഗങ്ങൾ മുൻഗണനാ പരിധിയിൽ ഉൾപ്പെട്ടുവരുന്നതാണ്. ഇപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തവരുടെ അപേക്ഷ പരിഗണിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളതും ഇതിന്മേൽ ലഭിച്ച പരാതികളിൽ അദാലത്ത് നടത്തി അനർഹരെ ഒഴിവാക്കി പുതിയ പട്ടിക പ്രസിദ്ധീകരിച്ച് അർഹരായവർക്ക് പട്ടികയിലെ ക്രമമനുസരിച്ച് ഒഴിവുണ്ടായ മുറയ്ക്ക് ആദ്യഘട്ടത്തിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.<br>പി.ഡി.എസ്.കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികകളുടെ |

| | | | | |
|---|---|---|---|---|
| | | | | ശുദ്ധീകരണം തുടർ പ്രക്രിയയായതിനാൽ തദ്ദേശ സ്വയംഭരണം/ മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റായുമായി ആർ.സി.എം.എസ്. വഴി ഡാറ്റാ മാപ്പിംഗ് നടത്തി എല്ലാ താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസുകളിലും നൽകിയിട്ടുള്ളതും ആയതുപ്രകാരം ഫീൽഡ്തല പരിശോധന നടത്തി അനർഹരെ കണ്ടെത്തിയിട്ടുള്ളതും നിലവിലുള്ള മുൻഗണനാ പട്ടികയിൽ നിന്നും ടി ഒഴിവിലേയ്ക്ക് സീനിയോറിറ്റി ക്രമമനുസരിച്ച് അർഹരെ ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ വകുപ്പിൽ തുടർന്ന് വരുന്നു. നാളിതുവരെ ഇത്തരത്തിൽ 316960 കുടുംബങ്ങളെ (കാർഡുകൾ) അർഹരാണെന്നു കണ്ടെത്തി മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. മേൽ പവൃത്തി ഒരു തുടർ പ്രക്രിയയായതിനാൽ ഓരോ ദിവസവും അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കുന്ന പ്രക്രിയയും ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും വകുപ്പിൽ സ്വീകരിച്ചുവരുന്നു. നിലവിലെ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 3 | 13/05 | 18 | സി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില ഏകീകരിക്കാൻ നിയമ നിർമ്മാണം നടത്തുമോ?<br>ഉറപ്പ്:- സി) പരിഗണനയിലാണ്. | ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നൽകിയ "2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" ബിൽ നമ്പർ 382 ആയി പ്രസദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭ കാലയളവിൽ നിയമനിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരിക്കുന്നു. ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്ന തിനായി സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട് |
| | | | <u>അധികവിവരം</u><br>ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില ഏകീകരിക്കുവാൻ നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് ആരായാൻ തീരുമാനിച്ചു. | ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്ന തിനായി 10-8-2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. നിയമം മൂലമുള്ള ഭക്ഷണവില ഏകീകരണത്തിനു സാധുത ഇല്ലെന്നും ആയതു അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബില്ലിന് പ്രസക്തി ഇല്ല. ആയതിനാൽ ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കാൻ നിയമനിർമാണം നടത്തുന്നതി നുള്ള തുടർ നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല |

## VI. വനം-വന്യജീവി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 53 | സംസ്ഥാനത്തെ വനമേഖലയിൽ പ്രവർത്തിക്കുന്ന വന സംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് സൊസൈറ്റികളുടെയും പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനും ആയത് കൃത്യസമയത്ത് ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- ഇത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ട കാര്യമാണ്. കിട്ടാനുള്ള പണം കൃത്യമായി എത്തിക്കാനുള്ള നടപടി കർശനമായി സ്വീകരിക്കും. വനം വകുപ്പിൽ ഇത്തരം കാര്യങ്ങളിലുള്ള കാലതാമസം അവസാനിപ്പിക്കാനുള്ള നടപടികൾ ഔദ്യോഗിക തലത്തിൽ ആരംഭിക്കുന്നതാണ്. | വനസംരക്ഷണത്തിനായി സംസ്ഥാന വിഹിതമായി വനം സംരക്ഷണ സമിതികൾക്ക് ലഭിക്കുന്ന ഫണ്ട് തുലോം കുറവാണ്. ദേശീയ വനവൽക്കരണ പരിപാടി, ദേശീയ ഔഷധ സസ്യ ബോർഡ്, ദേശീയ ബാംബു മിഷൻ, കേരള സംസ്ഥാന പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് എന്നിവയുടെ വിവിധ പദ്ധതികളിൻമേൽ അനുവദിക്കുന്ന ഫണ്ടുകൾ പങ്കാളിത്ത വന പരിപാലന പരിപാടിയിൻ കീഴിൽ വനം സംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നൂതന വനവൽക്കരണ പദ്ധതിയായ ഗ്രീൻ ഇന്ത്യ മിഷൻ പങ്കാളിത്ത വനപരിപാലന പരിപാടി വഴി നടപ്പിലാക്കുന്നുണ്ട്. ഇതുവഴി സംസ്ഥാനത്തെ വനമേഖലയിൽ പ്രവർത്തിക്കുന്ന വനം സംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾക്ക് കൂടുതൽ ധനസഹായം ലഭിക്കുന്നതാണ്.<br><br>വന സംരക്ഷണത്തിനും വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കലും ലക്ഷ്യമിട്ട് രൂപീകരിച്ചിട്ടുള്ള വന സംരക്ഷണ സമിതികൾ/ ഇക്കോ ഡെവലപ്മെന്റ് |

| | | | | |
|---|---|---|---|---|
| | | | | കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ ഏജൻസികളിൽ നിന്നുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ വനവൽക്കരണ പരിപാടിയിൻ കീഴിൽ വനം സംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെ കൂട്ടായ്മയായ വനവികസന ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സംസ്ഥാന വനവികസന ഏജൻസി രൂപീകരിച്ചിട്ടുണ്ട്. ഈ പരിപാടിയിൻ കീഴിൽ കൂടുതൽ പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി വന സംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്ക് ഫണ്ട് അനുവദിക്കുന്നതാണ് |
| | | | <u>അധികവിവരം</u><br><br>വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് സൊസൈറ്റികളുടെയും ധനസഹായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സമീപ വർഷങ്ങളിലെ ഫണ്ട് അലോട്ട്മെന്റ് സംബന്ധിച്ച വിശദവിവരം ആരായാൻ തീരുമാനിക്കുകയും ചെയ്തു | കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ വനവൽക്കരണ പരിപാടിയിൻ കീഴിൽ വനസംരക്ഷണ സമിതികളുടെയും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും കൂട്ടായ വന വികാസ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സംസ്ഥാന വനവികാസ ഏജൻസി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായി വനം സംരക്ഷണത്തിനായി 2011-12 മുതൽ 2013-14 വരെയുള്ള കാലയളവിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച ഫണ്ടിന്റെ വിശാദംശങ്ങൾ |

ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി | | | |
|---|---|---|---|---|
| | നാഷണൽ മെഡിസിനൽ പ്ളാന്റ്സ് ബോർഡ് സ്കീം | നാഷണൽ ബാംബൂ മിഷൻ സ്കീം | നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം | ഗ്രീൻ ഇൻഡ്യാ മിഷൻ സ്കീം |
| 2010-11 | -- | 40.34 (33.65+6.69) | 753.53 | -- |
| 2011-12 | 53.35 | -- | 203.75 | 194.6 |
| 2012-13 | -- | -- | 1130.37 | -- |
| 2013-14 | -- | 43.73 | 698.55 | -- |
| ആകെ | 53.35 | 84.07 | 2786.2 | 194.6 |

| | | | | |
|---|---|---|---|---|
| | | | <u>അധികവിവരത്തിന്മേൽ</u><br><u>അധികവിവരം</u><br><br>ഏതെല്ലാം ഡിവിഷനുകളിലാണ് ഇക്കോ ഡെവലപ്മെന്റ് സൊസൈറ്റികൾ നടപ്പിലാക്കിയതെന്നും എത്ര രൂപയാണ് ചെലവാക്കിയതെന്നും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക. | സംസ്ഥാന വന വികസന ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്നതും ചാരിറ്റബിൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്തിട്ടുള്ള വനം ഡിവിഷൻ തലത്തിൽ പ്രവർത്തിക്കുന്നതായ 36 വന വികാസ ഏജൻസികളുടെ കീഴിൽ വരുന്നവയാണ് വന സംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും. ഇങ്ങനെ നിലവിൽ 400 വന സംരക്ഷണ സമിതികളും, 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും സംസ്ഥാനത്ത് രൂപീകൃതമായിട്ടുണ്ട്. ടെറിട്ടോറിയൽ വനം ഡിവിഷനുകളിൽ VSS കളും വന്യജീവി സങ്കേതങ്ങളിൽ EDC കളുമാണ് രൂപീകരിച്ചിട്ടുള്ളത്. ഓരോ കമ്മിറ്റികളിലും പ്രാദേശിക വനാശ്രിത കുടുംബങ്ങളാണ് അംഗങ്ങളായിട്ടുള്ളത്. വന മേഖലയിലെ വനവൽക്കരണ, സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തമാണ് പ്രധാനമായും ടി കമ്മിറ്റികളിലെ അംഗങ്ങളുടെ ജീവനോപാധിയായിട്ടുള്ളത്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നേരിട്ടും, ഏജൻസികളും വഴി ലഭിക്കുന്ന ഫണ്ടുപയോഗിച്ചുള്ള വിവിധ വന വൽക്കരണ പരിപാടികൾ പങ്കാളിത്ത വന പരിപാലന അടിസ്ഥാനത്തിൽ ടി കമ്മിറ്റികൾവഴി വനവികാസ ഏജൻസികളുടെ ഉത്തരവാദിത്തത്തിൽ നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ |

അഫോറസ്റ്റേഷൻ പ്രോഗ്രാം, ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി, ദേശീയ ബാംബൂ മിഷന്റേയും, ദേശീയ മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റേയും പദ്ധതികൾ തുടങ്ങിയവയാണ് ടി കമ്മിറ്റികൾ വഴി പ്രധാനമായും നടപ്പാക്കി വരുന്നത് . ഈ പദ്ധതികൾക്കായി വന വികാസ ഏജൻസികൾക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തൽ) | ചെലവ് (ലക്ഷത്തിൽ) | നടപ്പാക്കിയ വന വികാസ ഏജൻസികളുടെ എണ്ണം |
|---|---|---|---|
| നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ് പദ്ധതികൾ | 2010-11 - Nil<br>2011-12 - 60.00<br>2012-13 - 53.349<br>2013-14 -Nil | 2010-11 -Nil<br>2011-12 -56.001<br>2012-13 -58.028<br>2013-14 -Nil | 2011-12 - 10<br>2012-13 - 9 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | നാഷണൽ ബാംബൂ മിഷന്റെ പദ്ധതികൾ | 2010-11 - 122.24<br>2011-12 - Nil<br>2012-13 - Nil<br>2013-14 -43.73 | 2010-11 - 72.96<br>2011-12 - Nil<br>2012-13 - Nil<br>2013-14 -29.36 | 2010-11 - 7<br>2013-14 - 8 |
| | | | | നാഷണൽ അഫോറ സ്റ്റേഷൻ പ്രോഗ്രാം | 2010-11 - 753.53<br>2011-12 - 203.75<br>2012-13 - 1130.37<br>2013-14 - 698.55 | 2010-11 - 601.610<br>2011-12 - 804.28<br>2012-13 - 849.39<br>2013-14 -821.18<br>2010-11 - 27<br>2011-12 - 27<br>2012-13 - 28 | 2010-11 - 27<br>2011-12 - 27<br>2012-13 - 28<br>2013-14 -28 |

| | | | | |
|---|---|---|---|---|
| | | | | ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി \| 2010-11 - Nil 2011-12 - 194.60 2012-13 - Nil 2013-14 -Nil \| 2010-11 - Nil 2011-12 - 194.60 2012-13 - Nil 2013-14 -Nil \| 2011-12 - 7 |
| 2 | 13/05 | 159 | (ബി) സാമൂഹിക വനവൽക്കരണവും വനസംരക്ഷണ പ്രവർത്തനവും കാര്യക്ഷമമാക്കുവാനായി ഓരോ പഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ താലൂക്കോ കേന്ദ്രീകരിച്ച് ഉപയോഗ ശൂന്യമായി കിടക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ഭൂമി ഏറ്റെടുത്ത് അവിടെ പ്രകൃതിദത്തമായ ആവാസ വ്യവസ്ഥകളോടുകൂടിയ നിബഡ വനം നിർമ്മിക്കുന്ന കാര്യം ആലോചിക്കുമോ?<br>ഉറപ്പ്:- (ബ) സ്ഥലത്തിന്റേയും | അഞ്ചോ അതിലധികമോ ഏക്കർ ഉപയോഗശൂന്യമായ സ്ഥലം ആവാസവ്യവസ്ഥയോടുകൂടിയ നിബിഡവനം നിർമ്മിക്കാൻ ലഭ്യമല്ലാത്തതാണ്. എന്നാലും സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൻ കീഴിൽ ലഭ്യമായ സ്ഥലങ്ങളിലെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടുകൂടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ആര്യാട് പഞ്ചായത്തിൽ കോമളപുരം സ്പിന്നിംഗ് മില്ലിന് ചുറ്റുമുള്ള ലഭ്യമായ 5 ഏക്കറോളം സ്ഥലത്ത് വിവിധ ഇനത്തിൽപ്പെട്ട 7000 വൃക്ഷത്തൈകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നട്ടുപിടിപ്പിച്ചിട്ടുണ്ട്. കോട്ടയം |

| | | | | |
|---|---|---|---|---|
| | | | ഫണ്ടിന്റെയും ലഭ്യതയനുസരിച്ച് പരിഗണി ക്കുന്നതാണ് | ജില്ലയിൽ ചാന്നനിക്കാട് സി.എം.എസ്.എൽ.പി സ്കൂൾ കോമ്പൗണ്ടിൽ 100 വൃക്ഷത്തൈകളും, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ 150 വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. |
| | | | <u>അധികവിവരം</u><br>വച്ച് പിടിപ്പിച്ച വൃക്ഷത്തൈകൾ പരിപാലിക്കുന്നത് സംബന്ധിച്ച് വനം വന്യജീവി വകുപ്പ് സെക്രട്ടറി, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവരിൽ നിന്ന് തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു. | 2015-16 കാലയളവിൽ ആലപ്പുഴ ജില്ലയിലെ കേരളാ സ്പിന്നിംഗ് മില്ലിന് ചുറ്റുമുള്ള 5 ഏക്കറോളം സ്ഥലത്ത് നട്ടുപിടിപ്പിച്ചിരുന്ന 7000 വൃക്ഷത്തൈകളുടെ ഇപ്പോഴത്തെ അവസ്ഥ പരിശോധിക്കുകയുണ്ടായി. ടി കമ്പനി ലോക്കൗട്ട് ആയതിനാൽ വൃക്ഷത്തൈകളുടെ പരിചരണ പ്രവൃത്തികൾക്ക് ജീവനക്കാരില്ലാത്തതിനാൽ തുടർ പരിചരണം നടത്തുന്നതിന് കഴിഞ്ഞിട്ടില്ല, കമ്പനി കോമ്പൗണ്ട് പൂട്ടിയതിനാൽ വനം വകുപ്പ് ജീവനക്കാർക്കും തുടർ പരിശോധന നടത്താൻ കഴിഞ്ഞിരുന്നില്ല. ടി സ്ഥലം പരിശോധിച്ചതിൽ നട്ടുപിടിപ്പിച്ചിരുന്ന ഭൂരിഭാഗം തൈകളും അതിജീവിച്ചിട്ടുള്ളതല്ലായെന്ന് വ്യക്തമാകുന്നു. അതോടൊപ്പം കോട്ടയം ജില്ലയിൽ ചാന്നനിക്കാട് CMSLP സ്കൂൾ കോമ്പൗണ്ട്, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് എന്നിവിടങ്ങളിൽ നട്ടുപിടി പ്പിച്ചിരുന്ന വൃക്ഷത്തൈകൾ ഇപ്പോൾ വളർന്ന് വലുതായി നിൽക്കുന്നതായും ഇതിൽ ഏറ്റവും മികച്ചത് മിഠായിക്കുന്ന് കേന്ദ്രീകരിച്ച് നട്ടുപിടിപ്പിച്ച തൈകളാണെന്നും പരിശോധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. |

## VII. ഭവന നിർമ്മാണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 02 | എ) പുതിയ പാർപ്പിടനയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>ബി) എങ്കിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് മുൻഗണന നൽകുന്നതെന്ന് അറിയിക്കാമോ;<br>ഡി) സംസ്ഥാനത്തെ ഭവനരഹിതരായ 4.9 ലക്ഷം പേർക്ക് വീട് നിർമ്മിച്ച് നൽകുവാൻ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;<br>ഇ) കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട വീടുകൾ നിർമ്മിച്ചുനൽകുന്ന ഏതെല്ലാം നൂതന സാങ്കേതിക വിദ്യകളാണ് ഈ ആവശ്യത്തിലേക്കായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?<br>ഉറപ്പ്:- എ) ഉണ്ട്.<br>ബി) 'സുരക്ഷിത ഭവനം ' പൗരന്റെ അവകാശം എന്ന സമീപനത്തിൽ | പതിമൂന്നാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ ഉറപ്പ് നമ്പർ 2 പുതിയ പാർപ്പിട നയം സംബന്ധിച്ച വിഷയത്തിനുള്ള മറുപടി സമിതിയ്ക്ക് നൽകിയിരുന്നു. ഉറപ്പുകൾ സംബന്ധിച്ച സമിതി ആയത് പരിശോധിയ്ക്കുകയും ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് മറുപടി നൽകുന്നതിനാവശ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു. സുരക്ഷിതവും ഭദ്രവുമായ പാർപ്പിടം എന്നത് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് എന്ന അവകാശാ ടിസ്ഥാനത്തിൽ, എല്ലാവർക്കും ഭൂമി എല്ലാവർക്കും പാർപ്പിടം എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന സർക്കാർ 2011-ൽ സംസ്ഥാനത്തിന്റേതായി ഒരു പാർപ്പിട നയത്തിന്റെ കരട് രൂപം തയ്യാറാക്കിയത് പൊതുജനങ്ങളുടെയും ബന്ധപ്പെട്ടവരുടെയും അറിവി ലേയ്ക്കായി സംസ്ഥാന സർക്കാരിന്റെയും ഭവനനിർമ്മാണ വകുപ്പിന്റെ സാങ്കേതിക വിഭാഗത്തിന്റെയും ഭവനനിർമ്മാണ ബോർഡിന്റെയും |

| | | | | |
|---|---|---|---|---|
| | | | അധിഷ്ഠിതമായാണ് പുതിയ പാർപ്പിടനയം തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ വാസസ്ഥലങ്ങളുടെ സുസ്ഥിരമായ വികസനത്തിനും പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും സാമൂഹ്യ അവസരങ്ങൾ ഇല്ലാത്തവരുമായ ആളുകളുടെ പാർപ്പിട ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാ വിഭാഗം വരുമാനക്കാർക്കും താങ്ങാനാവുന്ന വിലയിൽ വസ്തു, കിടപ്പാടം, സേവനങ്ങൾ എന്നിവയുടെ നീതിപൂർവ്വകമായ വിതരണം ഉറപ്പാക്കുന്നതിനും പാർപ്പിടനയം മുൻഗണന നൽകുന്നു. ഭൂരഹിതർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, പാവപ്പെട്ടവരിൽ പാവപ്പെട്ടവർ എന്നിവർക്ക് 'സുരക്ഷിത ഭവനം' എന്നത് ഈ പാർപ്പിട നയത്തിൻറെ മുഖ്യലക്ഷ്യമാണ്. പൊതുതാല്പര്യം ഉറപ്പുവരുത്തുന്നതിനുള്ള രക്ഷാവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനത്തെ ഭവനനിർമ്മാണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന കാര്യങ്ങളിൽ പൊതു-സ്വകാര്യ-പങ്കാളിത്ത | വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കുകയും ചെയ്തിരുന്നു. വിവിധ വകുപ്പുകളുമായും ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളും തല്പരകക്ഷികളുമായി സമഗ്രമായ ചർച്ചകൾക്കുവേണ്ടി 2011-ലെ ഹാബിറ്റാറ്റ് ദിനാഘോഷങ്ങളോടനുബന്ധിച്ച് ശില്പശാല നടത്തുകയും അഭിപ്രായങ്ങൾ ആരായുകയും ചെയ്യുകയുണ്ടായി. വിവിധ തലങ്ങളിൽ നിന്നും സ്വീകരിച്ച വിവിധ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമഗ്രമായി പരിശോധിച്ച് പാർപ്പിട നയത്തിന് അന്തിമ രൂപം നൽകുകയും തുടർന്ന് സ.ഉ. (എം.എസ്.) നം 35/2011/ഭവനം, തീയതി 18-11-2011 ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിരുന്നു. ഈ സർക്കാർ അടുത്ത അഞ്ച് വർഷത്തിനുളളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും/ഭൂരഹിത-ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) നടപ്പിലാക്കുന്നതിനുള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവർക്കും, വിധവകൾക്കും അഗതികൾ ഉൾപ്പെടെയുള്ളവർക്കും മുൻഗണന നൽകുന്നതാണ്. സ്വന്തമായി വീടും സ്ഥലവും |

| | | | | |
|---|---|---|---|---|
| | | | (പബ്ലിക്- പ്രൈവറ്റ്- പാർട്ണർഷിപ്പ്), പൊതു സ്വകാര്യ-പഞ്ചായത്ത്-പങ്കാളിത്ത (പബ്ലിക്-പ്രൈവറ്റ്- പഞ്ചായത്ത്- പാർട്ണർഷിപ്പ്) വികസന സാമ്പത്തിക മാതൃകകൾ രൂപപ്പെടുത്തുന്നതിനും പാർപ്പിടനയം മുൻഗണന നൽകുന്നു. കൂടാതെ, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ, ഹൗസിംഗ് സെക്ടർ റഗുലേറ്ററി അതോറിറ്റി എന്നിവ സ്ഥാപിക്കുന്നതിനും ഷെൽട്ടർ ഫണ്ട്, ഹൗസിംഗ് റിസ്ക് ഫണ്ട്, ടെക്നോളജി ഇന്നവേഷൻ ഫണ്ട് എന്നിവ രൂപീകരിക്കുന്നതിനും കേരള ബിൽഡിംഗ്സ് (ലീസ് ആൻഡ് റെന്റ് കൺട്രോൾ) ആക്ട് അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്റ്റ് എന്നിവ അടിയന്തരമായി പരിഷ്കരിക്കുന്നതിനും പ്രവാസി ഇന്ത്യക്കാരുടേയും പ്രവാസി കേരളീയരുടേയും പാർപ്പിട ആവശ്യങ്ങൾ നേരിടുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം നൽകുന്നതിനും പാർപ്പിട നയം മുൻഗണന നൽകുന്നു. | ഇല്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കി ഓരോ പ്രദേശങ്ങൾക്കനുയോജ്യമായ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നു. പട്ടികവർഗ്ഗ മേഖലകളിൽ അട്ടപ്പാടി മോഡലിൽ വിശ്വാസ്യതയുള്ള ഏജൻസികൾ മുഖാന്തരം ഗുണഭോക്തൃ പങ്കാളിത്തത്തോടെ ഭവന നിർമ്മാണം നടത്തുന്നതിനും തീരുമാനമായി. ഭവന രഹിത മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന യൂണിറ്റ് കോസ്റ്റ് 10 ലക്ഷം രൂപയിൽ കവിയാതെ സ്ഥലം ലഭ്യമാക്കി വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തീരുമാനമായി. പണി പൂർത്തിയാക്കാതെ കിടക്കുന്ന ഭവനങ്ങൾക്ക് പണി പൂർത്തിയാക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. വിവിധ വകുപ്പുകളിലായി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വ്യത്യസ്ത ഭവന പദ്ധതികൾ സംയോജിപ്പിച്ച് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിലൂടെ ഏകോപിപ്പിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. File No. HSG-B2/4/2018-HSG |

| | | | | |
|---|---|---|---|---|
| | | | ഡി) ഇപ്പോൾ നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾക്ക് പുറമേ സാമ്പത്തികമായി ദുർബലരായ ജനവിഭാഗങ്ങൾക്ക് വേണ്ടി ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ 'സാഫല്യം' എന്ന നൂതന ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>ഇ) ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ സാങ്കേതിക വിദ്യ, പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത ഹരിത സാങ്കേതിക വിദ്യ(ഗ്രീൻ ടെക്നോളജി) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. | |
| | | | <u>അധികവിവരം</u><br><br>ഗ്രീൻബിൽഡിംഗ് ടെക്നോളജി എവിടെയെല്ലാമാണ് നടപ്പിലാക്കുന്നതെന്നും ഇതിനുള്ള പ്രോത്സാഹനം എന്ന നിലയിൽ ആർക്കെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുക | കിഫ്ബി ഫണ്ട് ഉപയോഗിച്ച് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന കുരുവേലിപ്പടി, വൈക്കം, കുറവിലങ്ങാട് എന്നീ ആശുപത്രി വികസന പദ്ധതികളിൽ ഗ്രീൻ ബിൽഡിംഗ് ടെക്നോളജി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇനി മുതൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും ഗ്രീൻ ബിൽഡിംഗ് ടെക്നോളജി |

| | | | | |
|---|---|---|---|---|
| | | | | ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന താണ്. സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ഇതിന്റെ പ്രോത്സാഹനം എന്ന നിലയിൽ ആർക്കും ധനസഹായം നല്കിയിട്ടില്ല. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പൂർണ്ണമായും ഗ്രീൻ ബിൽഡിംഗ് ടെക്നോളജി ഉപയോഗിച്ച് കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടില്ല. എന്നാൽ ഗ്രീൻ ബിൽഡിംഗ് ടെക്നോളജിയെപ്പറ്റി അവബോധം നടത്തുന്നതിന്റെ ഭാഗമായി പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആർക്കും ധനസഹായം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും നല്കിയിട്ടില്ല. |
| 2 | 13/10 | 81 | (ഡി) നിർമ്മിതി കേന്ദ്ര പുനരുദ്ധാരണ ത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?<br><br>ഉറപ്പ്:- (ഡി) സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ നൽകുന്നതിനായി നിലവിൽ 9 കേന്ദ്രങ്ങളിൽ കലവറയുടെ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 8 സ്ഥലങ്ങളിലും കൂടി കലവറകളുടെ പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. | i) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകിവരുന്നു.<br><br>ii) സിമന്റ്, കമ്പി എന്നിവ സൗജന്യനിരക്കിൽ നൽകുന്നതിനായി നിലവിൽ 11 കേന്ദ്രങ്ങളിൽ കലവറയുടെ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 6 സ്ഥലങ്ങളിലും കൂടി കലവറയുടെ യൂണിറ്റുകൾ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | iii) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദന ശാലകൾ 10 കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു.<br>iv) നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 5 കേന്ദ്രങ്ങളിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നു.<br>v) 13 റീജിയണൽ കേന്ദ്രങ്ങൾ വഴിയും പി.ടി.പി.യിലെ ഹെഡ് ആഫീസ് വഴിയും യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകിവരുന്നു. |
| | | | <u>അധികവിവരം</u><br>നിർമ്മിതി കേന്ദ്രം ജനകീയമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടു. | നിർമ്മിതി കേന്ദ്രങ്ങളെ ഘടനാപരമായി രണ്ടായി തിരിക്കാം. ജില്ലാ നിർമ്മിതി കേന്ദ്രങ്ങളും, സംസ്ഥാന നിർമ്മിതി കേന്ദ്രവും. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ (ഡി.എൻ.കെ.) ജില്ലാ കളക്ടർ ചെയർമാനായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര (കെസ്നിക്ക്) ബഹു. ഭവന നിർമ്മാണ വകുപ്പുമന്ത്രി ചെയർമാനായി പ്രവർത്തിക്കുന്ന സ്ഥാപനവുമാണ്. എല്ലാ നിർമ്മിതി കേന്ദ്രങ്ങളും ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് |

| | | | | |
|---|---|---|---|---|
| | | | | ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളാണ്.<br><br>1987-ൽ കൊല്ലം ജില്ലയിലാണ് ആദ്യത്തെ നിർമ്മിതി കേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. അതിനെ തുടർന്ന് എല്ലാ ജില്ലകളിലും കളക്ടറുടെ കീഴിൽ നിർമ്മിതി കേന്ദ്രങ്ങൾ ആരംഭിച്ചു. 14 നിർമ്മിതികളും 14 സൊസൈറ്റികളായിട്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ട്രെയിനിംഗ്, കലവറകൾ, ടെക്നിക്കൽ അഡ്വൈസ് എന്നിവ ആവശ്യപ്പെടുന്ന മുറയ്ക്ക് കെസ്നിക്കിൽ നിന്നും ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് നൽകി വരുന്നുണ്ട്.<br><br>ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ (ഡി.എൻ.കെ.) കൂടാതെ അതിനു സമാനമായി 11 ജില്ലകളിലായി (മലപ്പുറം, കണ്ണൂർ, കാസർഗോഡ് ഒഴികെ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ 14 റീജിയണൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തി പദ്ധതി വിഹിതത്തിൽ മാത്രം തുക ലഭിക്കുകയും പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. അതിൽ |

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെട്ട കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറയിൽ നിന്നും തുക നൽകിയാണ് ജില്ലാ നിർമ്മിതി കേന്ദ്ര (ഡി.എൻ.കെ.)ത്തിൽ കലവറകൾ പ്രവർത്തനം ആരംഭിച്ചത്. 2016-17 വർഷത്തിൽ രണ്ട് ഹെഡ് ഓഫ് അക്കൗണ്ടുകളിലായി 377 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്ക്), ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ (ഡി.എൻ.കെ.) ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കണം എന്ന ആവശ്യം പരിഗണിച്ചുവെങ്കിലും, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ (ഡി.എൻ.കെ.) പ്രത്യേകം പ്രത്യേകം രൂപീകരിച്ച 14 സൊസൈറ്റികളാണെന്നതും, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 14 ജില്ലകളിലും വ്യത്യസ്തം ആണെന്നതും ഏകീകരണത്തിന് തടസ്സം നിൽക്കുന്നു. എന്നാൽ കെസ്നിക്കും അതിന്റെ റീജിയണൽ നിർമ്മിതി കേന്ദ്രങ്ങളും അഡ്മിനിസ്ട്രേഷൻ മാനുവൽ, ടെക്നിക്കൽ |

| | | | | |
|---|---|---|---|---|
| | | | | മാന്വൽ, ഫിനാൻസ് മാന്വൽ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിലവിൽ ദുരന്ത നിവാരണ വകുപ്പിലാണ് കൈകാര്യം ചെയ്തുവരുന്നത്.<br><br>പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ നടന്നു വരുന്നത്:<br><br>1. കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/ സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.<br><br>2. പ്രൊഡക്ഷൻ സെന്ററുകളിൽ ഗുണമേന്മയുള്ള നിർമ്മാണ സാമഗ്രികൾ ഉത്പാദിപ്പിച്ചു വിതരണം ചെയ്യുക.<br><br>3. ന്യായവില വിപണന കേന്ദ്രമായ കലവറകളിലൂടെ സിമന്റ്, കമ്പി, എന്നിവ വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ നൽകുക. |

| | | | | |
|---|---|---|---|---|
| | | | | 4. ടെസ്റ്റിംഗ് ലാബുകളിൽ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ഗുണനിലവാര പരിശോധനകൾ നടത്തുക.<br><br>5. ട്രെയിനിംഗ് സെന്ററുകളിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ ട്രേഡുകളിൽ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുക.<br><br>കെസ്നിക്കിന്റെ കീഴിൽ പത്മശ്രീ ലാറി ബേക്കറുടെ സ്മരണാർത്ഥം ആരംഭിച്ച ലാബിഷാസ് എന്ന അക്കാഡമിക് ഇൻസ്റ്റിറ്റ്യൂഷൻ പ്രവർത്തിച്ചുവരുന്നു. ഇതിനായി തിരുവല്ലം വില്ലേജിൽ വാഴമുട്ടം എന്ന സ്ഥലത്ത് 6.90 ഏക്കർ സ്ഥലം സർക്കാരിൽ നിന്നും കെസ്നിക്കിന് നൽകിയിട്ടുണ്ട്. നിലവിൽ അവിടെ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിവരുന്നു.<br><br>കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ (കെസ്നിക്കിന്റെ) ഹെഡ് ആഫീസ് സ്ഥിതി ചെയ്യുന്നത് പി.റ്റി.പി. നഗറിലെ 3.6 ഏക്കർ സ്ഥലത്താണ്. സ്ഥിരം ജീവനക്കാർക്ക് സ്കെയിൽ ഓഫ് പേ |

| | | | | |
|---|---|---|---|---|
| | | | | അനുസരിച്ചാണ് ശമ്പളം നൽകുന്നത്. 2006-ൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും സർക്കാർ അനുമതി ഇല്ലാതെ 2015-ൽ ലാസ്റ്റ് പേ റിവിഷൻ നടപ്പിൽ വരുത്തുകയും ചെയ്തു. നിലവിൽ കെസ്റ്റിക്കിൽ സാങ്കേതിക വിഭാഗത്തിൽ 43 സ്ഥിരം ജീവനക്കാരും 41 കോൺട്രാക്ട് ജീവനക്കാരും മിനിസ്റ്റീരിയൽ വിഭാഗത്തിൽ 62 സ്ഥിരം ജീവനക്കാരും 22 കോൺട്രാക്ട് ജീവനക്കാരും പ്രവർത്തിച്ചുവരുന്നു.<br><br>സർക്കാരിൽ നിന്ന് പദ്ധതി വിഹിതത്തിൽ തുക ലഭ്യമാകുന്നുണ്ടെങ്കിലും നോൺ പ്ലാൻ ഇനത്തിൽ യാതൊരു സാമ്പത്തിക സഹായവും ലഭിക്കുന്നില്ല. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ എല്ലാ ചെലവുകളും വിവിധ പ്രവർത്തനങ്ങൾ വഴി ലഭിക്കുന്ന വരുമാനത്തിൽനിന്നുമാണ് കണ്ടെത്തുന്നത്.<br><br>നൂതന കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും കെസ്റ്റിക്ക് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | <u>അധികവിവരത്തിന്മേൽ അധികവിവരം</u><br><br>നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും ജനോപകാര പ്രദമാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ കൂടുതൽ വ്യക്തതയോടെ ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു. | കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക, പ്രൊഡക്ഷൻ സെന്ററുകളിൽ ഗുണമേന്മയുള്ള നിർമ്മാണ സാമഗ്രികൾ ഉത്പാദിപ്പിച്ചു വിതരണം ചെയ്യുക, ന്യായവില വിപണന കേന്ദ്രമായ കലവറകളിലൂടെ സിമന്റ്, കമ്പി എന്നിവ വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ നൽകുക, ടെസ്റ്റിംഗ് ലാബുകളിൽ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ഗുണനിലവാര പരിശോധനകൾ നടത്തുക, ട്രെയിനിംഗ് സെന്ററുകളിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ ട്രേഡുകളിൽ യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുക, നൂതന കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക മുതലായവയാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം(കെസ്നിക്) ഏറ്റെടുത്ത് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ .<br><br>കൂടാതെ ഭവന നിർമ്മാണ മേഖലയിലെ |

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തനങ്ങളിൽ ഗവേഷണം നടത്തുന്നതിനായി പത്മശ്രീ ലാറി ബേക്കറുടെ സ്മരണാർത്ഥം പ്രവർത്തിച്ചുവരുന്ന ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഫോർ ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) എന്ന അക്കാഡമിക് ഇൻസ്റ്റിറ്റ്യൂഷന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി, തിരുവനന്തപുരം ജില്ലയിലെ തിരുവല്ലം വില്ലേജിൽ വാഴമുട്ടത്ത് 6.90 ഏക്കർ സ്ഥലം 21-12-2010- ലെ സ.ഉ.(എം.എസ്.) നം.519/2010/റവന്യൂ ഉത്തരവ് പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ റസിഡൻഷ്യൽ ഏരിയയിലുള്ള പ്രസ്തുത സ്ഥലത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ സാധിക്കുകയില്ല എന്ന കാരണത്താൽ തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിച്ചിട്ടില്ല. ഈ വിഷയത്തിൽ zonal exemption ലഭിക്കുന്നതിനും കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ലഭിക്കുന്നതിനുമുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. ഇപ്പോൾ ലാബിഷാസ് മുഖേന, ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല എങ്കിലും ഹരിത സാങ്കേതിക വിദ്യയെപ്പറ്റിയുള്ള അവബോധന പരിശീലന പരിപാടികൾ സംസ്ഥാനത്തെ വിവിധ |

| | | | | |
|---|---|---|---|---|
| | | | | സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തി വരുന്നുണ്ട്. കൂടാതെ, കെസ്റ്റിക്കിന്റെ വിവിധ റീജിയണൽ കേന്ദ്രങ്ങൾ വഴി മാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണ പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്.<br><br>ഇവ കൂടാതെ നിർമ്മിതി കേന്ദ്രങ്ങളെ കൂടുതൽ ജനപ്രിയ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി ചുവടെ ചേർക്കുന്ന ഏതാനും പദ്ധതികൾ കൂടി നടപ്പിലാക്കുന്ന കാര്യം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പരിഗണനയിലുണ്ട്.<br><br>(എ) തദ്ദേശ സ്ഥാപനങ്ങളിലെ ഭവനപദ്ധതികൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ നിർമ്മാണ വസ്തുക്കൾ നിർമ്മിതിയുടെ കലവറകൾ, ഉത്പാദന കേന്ദ്രങ്ങൾ എന്നിവയിൽ നിന്നു സബ്സിഡൈസ്ഡ് നിരക്കിൽ വാങ്ങുന്നതിന് സാധിക്കുന്നതാണ്. അത് കൂടുതൽ വ്യാപകമാക്കുന്നതിനായി ബ്ലോക്ക് തലത്തിൽ നിർമ്മിതിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.<br><br>(ബി) നിലവിലുള്ള കെട്ടിട നിർമ്മാണ ഉത്പ്പാദന കേന്ദ്രങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് (എം.ജി.ആർ.ഇ.ജി.എസ്.) പദ്ധതിയുമായി |

| | | | | |
|---|---|---|---|---|
| | | | | ബന്ധപ്പെടുത്തി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ ളാലം ബ്ളോക്ക് പഞ്ചായത്ത്, കൊല്ലം ജില്ലയിലെ കല്ലുവാതിക്കൽ പഞ്ചായത്ത് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഉത്പാദന കേന്ദ്രങ്ങൾ മുഖേന ഉപഭോക്താക്കൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ നിർമ്മാണ സാമഗ്രികൾ നൽകുവാൻ സാധിക്കും.<br><br>(സി) കെട്ടിട നിർമ്മാണ മേഖലയിലെ നൂതന സാങ്കേതിക വിദ്യയായ പ്രീഫാബ് ഉപയോഗിച്ചുള്ള നിർമ്മാണം പ്രചരിപ്പിക്കുന്നതിനും അതിന്റെ ഉപയോഗം സാധാരണക്കാർക്കും പ്രയോജനപ്പെടുത്തുന്നതിനുമായി ആവശ്യമായ ബിൽഡിംഗ് കമ്പോണന്റ്സ് ഉത്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2018-19 വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് ഷൊർണ്ണൂരിൽ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |

## VIII. പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 29 | വിദ്യാലയങ്ങളിൽ മലയാളം പ്രാഥമ ഭാഷയാക്കുവാൻ കേരള വിദ്യാഭ്യാസ നിയമത്തിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ?<br><br>ഉറപ്പ്:- (ബി) സർക്കാരിന്റെ 27-6-2011 -ലെ സ.ഉ (എം.എസ്.)നം. 148/11/പൊ. വി. പ്രകാരം മലയാള ഭാഷ ഹൈസ്കൂൾ തലം വരെ ഒന്നാം ഭാഷയാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിയമത്തിൽ ഭേദഗതി വരുത്തുന്നത് ആവശ്യമായിവന്നാൽ നടപടി സ്വീകരിക്കുന്നതാണ്. | മലയാളം വിദ്യാലയങ്ങളിൽ ഒന്നാം ഭാഷയാക്കി ക്കൊണ്ട് പുറപ്പെടുവിച്ച 27-6-11-ലെ ജി.ഒ. (എം.എസ്.)നം.148/11/ പൊ.വി. ഉത്തരവ് ഭേദഗതി ചെയ്തു 1-9-11-ലെ ജി.ഒ. (പി) നം. 183/11/പൊ.വി. പ്രകാരം മലയാളം നിർബന്ധ ഭാഷയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| | | | <u>അധികവിവരം</u><br><br>ഹൈസ്കൂൾതലം വരെ ഒന്നാം ഭാഷയാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നുണ്ടോയെന്നും കെ. ഇ. ആർ.ൽ. ഇത് സംബന്ധിച്ച് ഭേദഗതി | ഹൈസ്കൂൾ തലം വരെ മലയാളം ഒന്നാം ഭാഷയാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് (പി.) നം. 183/11/പൊ.വി.വ. തീയതി 1-9-2011 പ്രകാരം മലയാള ഭാഷാ പഠനം പാലിക്കപ്പെടുന്നില്ല എന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടതു പ്രകാരം സംസ്ഥാനത്തെ |

| | | | | |
|---|---|---|---|---|
| | | | വരുത്തേണ്ടകാര്യമുണ്ടോയെന്നും ഭേദഗതി വരുത്തിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു. | എല്ലാ വിദ്യാലയങ്ങളിലും മലയാളം പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചെയ്തുകൊണ്ട് മലയാള ഭാഷാ പഠന ആക്ട് 2017 ഏപ്രിൽ പത്താം തീയതി നിയമസഭ പാസാക്കിയിട്ടുണ്ട്. മലയാള ഭാഷാ ചട്ടങ്ങൾ രൂപീകരിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. ചട്ടങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധിതമാവുന്നതാണ്.<br><br>നിയമസഭ പാസാക്കിയ ബില്ലിന്മേലുള്ള ചട്ടങ്ങളായതിനാൽ അവ നിലവിൽ വന്നുകഴിഞ്ഞാൽ ഈ ചട്ടങ്ങളെ സംബന്ധിച്ച് കെ.ഇ.ആർ. ഭേദഗതി വരുത്തേണ്ടതില്ല. ഭേദഗതി കൂടാതെ തന്നെ മലയാള ഭാഷാ പഠനം നിർബന്ധിതമാകുന്നതാണ്. |
| 2 | 13/02 | 191 | ഡി) വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിൽ കാലഘട്ടത്തിനനുസൃതമായ പുതിയ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | തൊഴിലതിഷ്ഠിത ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിൽ കലഘട്ടത്തിനനുസൃതമായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനു ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. (ഫയൽ നമ്പർ. 15348/എസ്.സി. 3/2012/പോ.വി.വ.) ആവശ്യമുള്ള |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:- ഡി) പരിശോധിക്കുന്നതാണ്. | വിവിധ തൊഴിൽ നൈപുണികളുടെ കണ്ടെത്തലും വികസിപ്പിക്കുന്നതിനാവശ്യമായ പാഠ്യപദ്ധതിയും പഠന പ്രവർത്തനങ്ങളും വിവിധ മൊഡ്യൂകളിലായി ക്രോഡീകരിക്കുകയും പടിതാവിൽ രൂപപ്പെട്ട തൊഴിൽ നൈപുണികളുടെ വിലയിരുത്തലിനുള്ള മാർഗ്ഗരേഖകളുടെ വികസനവും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. |
| | | | <u>അധികവിവരം</u><br>പുതിയ ഏതെല്ലാം വൊക്കേഷണൽ കോഴ്സുകളാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ള തെന്ന് ആരായാൻ തീരുമാനിച്ചു. | 2015-16 അക്കാഡമിക് വർഷം മുതൽ വൊക്കേഷണൽ ഹയർസെക്കൻഡറി മേഖലയിൽ ആധുനീകവൽക്കരിച്ച 35 കോഴ്സുകളിൽ അധ്യയനം നടന്നുവരുന്നു. ലിസ്റ്റ് അപ് ലോഡ് ചെയ്തിട്ടുണ്ട് |



## IX . പരിസ്ഥിതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/11 | 165 | (സി) ആശുപത്രികളിൽ നിന്ന് പുറന്തള്ളപ്പെടുന്ന ബയോ മെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ | സംസ്ഥാനത്ത് കൂടുതൽ പൊതു ബയോ മെഡിക്കൽ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് തൽപ്പരകക്ഷികളിൽ നിന്നും എക്സ്പ്രഷൻ ഓഫ് |

| | | | | |
|---|---|---|---|---|
| | | | ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?<br><br>ഉറപ്പ്:- (സി) ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിനായി ബയോ മെഡിക്കൽ ഇൻസിനറേറ്റർ, ഓട്ടോക്ലേവുകൾ, ഷ്രെഡർ എന്നിവ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. | ഇന്ററസ്റ്റ് (EOI) ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, എറണാകുളം, മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്നീ സ്ഥാപനങ്ങൾക്ക് ബോർഡ് അനുമതി നൽകുകയും ചെയ്തു. മേൽ പ്രോജക്ടുകൾക്ക് ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവു പ്രകാരം പാരിസ്ഥിതിക അനുമതി നേടേണ്ടതുണ്ട്. മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ് പാരിസ്ഥിതിക അനുമതിക്കായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയെ സമീപിച്ചിട്ടുണ്ട്.<br><br>നിലവിൽ സംസ്ഥാനത്ത് ഒരു പൊതു ബയോ മെഡിക്കൽ മാലിന്യ ശേഖരണ സംസ്കരണ സംവിധാനം മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ 'ഇമേജ്' എന്ന പേരിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തിക്കുന്ന സംവിധാനത്തിൽ നിലവിൽ താഴെപ്പറയുന്ന സംവിധാനങ്ങളാണ് മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനുമായി ഉള്ളത്. വായു മലിനീകരണ നിയന്ത്രണ ഉപാധികളോടു കൂടിയ 5 ഇൻസിനറേറ്ററുകൾ (total |

| | | | | |
|---|---|---|---|---|
| | | | | capacity 1450 kg/hr, 5 autoclaves (total capacity 900 litre/cycle), 3 shredders (total capacity -900 kg/hr). പരിഗണനയിലുള്ള മലബാർ എൻവിറോ വിഷന്റെ പ്രോജക്ടിൽ മാലിന്യ സംസ്കരണത്തിനായി icinerator 100kg/hr, Autoclave-1000 litre, Shredder-100kg/hr എന്നിവയും, KEIL-ന്റെ പ്രോജക്ടിൽ 2 incinerator, 2 autoclave, ഒരു shredder എന്നിവയാണ് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ അനുമതിയിൽ നിർദ്ദേശിച്ചിരിക്കുന്നത്. |
| | | | <u>അധികവിവരം</u><br>പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുക. കൂടാതെ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് പ്രവർത്തിക്കുന്ന ഐ.എം.എ.യുടെ 'ഇമേജ് എന്ന സ്ഥാപനം സന്ദർശിക്കുവാൻ തീരുമാനിച്ചു. | സംസ്ഥാനത്ത് ബയോമെഡിക്കൽ മാലിന്യ നിക്ഷേപം ക്രമാതീതമായി വർദ്ധിച്ചുവരുന്നതും ഇതിനെ തുടർന്നുള്ള മാലിന്യ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുള്ളതും ആയത് കാര്യക്ഷമമായി നേരിടാൻ വേണ്ട സത്വര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മെഡിക്കൽ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതിയും ലൈസൻസും നൽകുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള Authorization നിർബന്ധമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994, കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994, എന്നിവ പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ |

| | | | | |
|---|---|---|---|---|
| | | | | ആശുപത്രികൾ/മെഡിക്കൽ സ്ഥാപനങ്ങളുടെ കാര്യത്തിൽ പാലിക്കുവാനും ശ്രദ്ധിക്കുന്നുണ്ട്. നിലവിൽ കേരളത്തിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് 37 t/d ശേഷിയുള്ള പൊതു സംവിധാനം ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ നേതൃത്വത്തിൽ IMAGE എന്ന പേരിൽ പാലക്കാട് പ്രവർത്തിച്ചുവരുന്നു. ഇതിന് 30-6-2018 വരെ സാധുതയുള്ള അനുമതിയുണ്ട്. ഇത് കൂടാതെ കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സെക്ടർ സ്കീം മുഖേന ഫണ്ടിംഗ് ലഭിക്കുന്നതിന് താല്പര്യമുള്ള സംരംഭകരിൽ നിന്നു Expression of Interest ക്ഷണിക്കുകയും കേരള ഇൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL)ഉം മലബാർ ഇൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാനപങ്ങൾ അപേക്ഷിക്കുകയും അതിനുള്ള സ്ഥല ലഭ്യത അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. കൊച്ചി അമ്പലമേടിൽ കേരള ഇൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL) ആശുപത്രി മാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്ലാന്റിൽ 14-16 t/d ബയോമെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാകേണ്ടതുണ്ട്. കോഴിക്കോട് |

| | | | | |
|---|---|---|---|---|
| | | | | കിനാലൂരിൽ മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡിന്റെ 100kg/hr ശേഷിയുള്ള ഇൻസിനറേറ്റർ, ഷ്രെഡർ, ഓട്ടോക്ലേവ് മുഖേന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനത്തിന് 26-2-2021 വരെ കാലാവധിയുള്ള പരിസ്ഥിതി ക്ലിയറൻസ് 27-2-2016-ൽ ലഭ്യമായിട്ടുണ്ട്. കോഴിക്കോടുള്ള മേൽ പദ്ധതി Centrally Sponsored Scheme-ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചുവരുന്നു.<br><br>ഇത് കൂടാതെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പാലോട് തുടങ്ങാനുദ്ദേശിക്കുന്ന ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ളാന്റിന് ദിവസേന 7 ടൺ ബയോമെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുവാൻ കഴിയും. പ്രസ്തുത പദ്ധതി യിലേക്കുള്ള വഴി വനമേഖലയിൽ ഉൾപ്പെട്ടതിനാൽ പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാക്കേണ്ടതുണ്ട്. ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിനായി നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമായ തിനാൽ, തെക്കൻ ജില്ലകളിലെ ആശുപത്രികളിൽ നിന്നുള്ള ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിന് ടി പദ്ധതി ഒരു ശാശ്വത പരിഹാരമാകുമെന്ന് കണ്ട് മേൽ പദ്ധതിയെ സ്പെഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി (മലിനീകരണ |

| | | | | |
|---|---|---|---|---|
| | | | | സൂചിക ഓറഞ്ച്) അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സാദ്ധ്യതകൾ പരിശോധിക്കാൻ 4-10-2017-ൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേരുകയും ടി യോഗത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ക്ലിയറൻസ് ആവശ്യമായതിനാൽ നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് , മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം അനുസരിച്ചുള്ള ഭേദഗതികൾ വരുത്തി പുതുക്കിയ പ്രൊപ്പോസൽ അനുമതിക്കായി സമർപ്പിക്കാൻ ഐ.എം.എ.-ക്ക് നിർദ്ദേശം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. |

## X. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 70 | (എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്ന് വിഭാഗത്തിൽ ഏതൊക്കെ മരുന്നുകളാണ് സൗജന്യമായി വിതരണം ചെയ്യുന്നത്?<br>ഉറപ്പ്:- (എ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന | സ.ഉ (കൈ) നം. 170/2012/ആകുവ. തീയതി 7-6-2012, സ.ഉ.(കൈ) നം. 200/2012/ആകുവ. തീയതി 30-6-2012 എന്നിവ പ്രകാരം സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി സമീപിക്കുന്ന ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ |

| | | | | |
|---|---|---|---|---|
| | | | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കാൻസർ രോഗത്തിനുള്ള 105 ഇനം മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. | വിഭാഗം രോഗികൾക്കും ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. ഈ സംരംഭത്തിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) മൂന്ന് ജനറൽ ആശുപത്രികളിലും (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) ആർ.ഡി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട മരുന്നുകളുടെ സൗജന്യ വിതരണം 2012 നവംബർ 1 മുതൽ ആരംഭിക്കുകയുണ്ടായി.<br><br>അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ട 518 ഇനം മരുന്നുകൾക്ക് പുറമെ 314 ഇനം റാഷണൽ ഡ്രഗ്ഗ്സും, 107 ഇനം ആന്റി കാൻസർ മരുന്നുകളും ഉൾപ്പെടെ 939 ഇനം മരുന്നുകളാണ് സർക്കാരിന്റെ പുതിയ നയപ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെണ്ടർ ചെയ്തിരുന്നത്. മേൽ ലിസ്റ്റുകളിൽ ഉൾപ്പെട്ട ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, ഒരു ലിസ്റ്റിൽ |

| | | | | |
|---|---|---|---|---|
| | | | | വരുന്ന മരുന്നുകൾ പല സ്റ്റ്രെംങ്ത്തിൽ മറ്റു ലിസ്റ്റുകളിലും ലഭ്യമാണ് മുതലായ കാരണങ്ങളാൽ ചില മരുന്നുകൾ വ്യാപകമായി ഉപയോഗിച്ചിരുന്നില്ല. ആയതിനാൽ കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ലിസ്റ്റ് പരിഷ്കരിക്കുവാൻ തീരുമാനിക്കുകയും ആരോഗ്യ വകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ഡോക്ടർമാരുടെ വകുപ്പുതല-വിദഗ്ധ സമിതി കൂടുകയും വിശദമായ പരിശോധനയ്ക്കുശേഷം 697 മരുന്നുകളുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. കാൻസർ രോഗ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ഹൈഡ്രോക്സി യൂറിയ എന്ന മരുന്ന്, സിക്കിൾ സെൽ അനീമിയ എന്ന രോഗത്തിനും വ്യാപകമായി ഉപയോഗിക്കുന്നതിനാൽ പാലക്കാട്, മലപ്പുറം, വയനാട് തുടങ്ങിയ ജില്ലകളിൽ വ്യാപകമായി ആവശ്യപ്പെടാറുണ്ട്. ആയതിനാൽ ഹൈഡ്രോക്സി യൂറിയ ടാബ്ലറ്റ് 500 മി.ഗ്രാം കാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നു പട്ടികയിൽ നിന്നും വേർപെടുത്തി അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെടുത്തുകയുണ്ടായി. |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാനത്തെ കാൻസർ രോഗചികിത്സാ വിഭാഗത്തിലെ ഡോക്ടർമാരുടെ യോഗം കാൻസർരോഗ ചികിത്സയ്ക്കുള്ള 107 ഇനം മരുന്ന പട്ടികയിൽ, ഹൈഡ്രോക്സി യൂറിയ ടാബ്ലറ്റ് 500 മി.ഗ്രാം ഒഴികെ 73 എണ്ണം മാത്രം ഉൾപ്പെടുത്തി സൗജന്യമായി വിതരണം ചെയ്യേണ്ട ആവശ്യമേ നിലവിലുള്ളൂ എന്നും കാൻസർ രോഗ ചികിത്സയ്ക്കുള്ള ചില വിലകൂടിയ ഇനം മരുന്നുകൾ കാരുണ്യാ ബെനവലന്റ് ഫണ്ട് മുതലായ പദ്ധതികളിലൂടെ സൗജന്യമായിത്തന്നെ രോഗികൾക്ക് നൽകാനാകും എന്നും വിലയിരുത്തുകയുണ്ടായി. തുടർന്ന് വിശദമായ ചർച്ച നടത്തുകയും അതനുസരിച്ച് നിലവിൽ 69 ഇനം കാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ സാമഗ്രികളുമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം നടത്തിവരുന്നത്. |
| | | | <u>അധികവിവരം</u> | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്നുകളും അനുബന്ധ സാമഗ്രികളും |

<table>
<tr>
<td></td>
<td></td>
<td></td>
<td>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്നുകളും അനുബന്ധ സാമഗ്രികളും ഏതൊക്കെ ആശുപത്രികൾക്കാണ് നൽകുന്നതെന്നും താലൂക്ക് ആശുപത്രികൾ, പി.എച്ച്.സി./ സി.എച്ച്.സി. തുടങ്ങിയ പ്രാഥമികതലങ്ങളിൽ ഈ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടോയെന്നതിന്റെ വിശദാംശങ്ങൾ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയുംചെയ്തു.</td>
<td>താഴെക്കൊടുത്തിരിക്കുന്ന ആരോഗ്യ സ്ഥാപനങ്ങൾക്കാണ് ലഭ്യമാക്കുന്നത്:
<table>
<tr><th>ക്രമ നം.</th><th>ആരോഗ്യ സ്ഥാപനങ്ങൾ</th></tr>
<tr><td>1</td><td>പ്രാഥമികാരോഗ്യകേന്ദ്രം /കുടുംബാരോഗ്യകേന്ദ്രം</td></tr>
<tr><td>2</td><td>24x7 പ്രാഥമികാരോഗ്യകേന്ദ്രം/സാമൂഹ്യാരോഗ്യകേന്ദ്രം</td></tr>
<tr><td>3</td><td>താലൂക്ക് ആസ്ഥാന കാര്യാലയം ആശുപത്രി/ ജനറൽ ആശുപത്രി</td></tr>
<tr><td>4</td><td>അർബുദരോഗ ചികിത്സാ സൗകര്യമുള്ള താലൂക്ക് ആസ്ഥാന കാര്യാലയം ആശുപത്രി/ ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി</td></tr>
<tr><td>5</td><td>മെഡിക്കൽ കോളേജ് ആശുപത്രി</td></tr>
</table>
</td>
</tr>
</table>

## XI. ഉന്നത വിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 148 | (എ) കേരള യൂണിവേഴ്സിറ്റിയിൽ നടന്ന അസിസ്റ്റൻറ് പരീക്ഷയിൽ വ്യാപകമായ ക്രമക്കേട് നടന്നുവെന്ന ലോകായുക്തയുടെയും മറ്റും കണ്ടെത്തലിന്റെയും ഉത്തരവിന്റെയും അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;<br>(ബി) പ്രസ്തുത പരീക്ഷ റദ്ദാക്കുവാനും അന്ന് പരീക്ഷയെഴുതിയവരെ മാത്രം ഉൾപ്പെടുത്തി പുതിയ പരീക്ഷ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br>(സി) പ്രസ്തുത വിഷയത്തിൽ സർക്കാരും യൂണിവേഴ്സിറ്റിയും എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?<br>ഉറപ്പ്:-വിവരം ശേഖരിച്ച നൽകുന്നതാണ്. | 18-12-2010-ലെ സ.ഉ.(എം.എസ്.) 399/10/ഉ.വി.വ. പ്രകാരം സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സർവകലാശാല തുടർനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

| | | | | |
|---|---|---|---|---|
| | | | <u>അധികവിവരം</u><br>പ്രസ്തുത വിവാദ നിയമനവുമായി ബന്ധപ്പെട്ട പരീക്ഷയിലെ വ്യാപകമായ ക്രമക്കേട് സംബന്ധിച്ച കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു. | കേരള സർവ്വകലാശാലയിൽ നടന്ന അസിസ്റ്റന്റ് നിയമന പരീക്ഷയിൽ ക്രമക്കേട് നടന്നുവെന്ന ലോകായുക്ത ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 491/12-ലും അനുബന്ധ കേസുകളിലുമായി പുറപ്പെടുവിച്ച 21-2-2017-ലെ ഉത്തരവിൽ 154(i) ആയി ഉപലോകായുക്തയുടെ വിധി അനാവശ്യമാണെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. ഇതിനെതിരായ റിട്ട് അപ്പീലുകളിൽ ഇതുവരെ തീർപ്പുകൽപ്പിച്ചിട്ടില്ല. |

## XII. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 72 | (എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br>(ബി) ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റിനും പുറമേ മറ്റ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | എ) സ.ഉ.(കൈ) നം. 6/2012/പജപവവി. തിയതി 11-1-2012 പ്രകാരം, ലംപ്സം ഗ്രാന്റ് സ്റ്റൈപ്പന്റ് എന്നിവ വർദ്ധിപ്പിച്ച് 1-6-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ചിട്ടുണ്ട്.<br>ബി) ലംപ്സം ഗ്രാന്റിനും സ്റ്റൈപ്പന്റിനും പുറമേ പോക്കറ്റ് മണി കൂടി, സ.ഉ.(കൈ) നം.6/2012/പജപവവിവ. തിയതി 11-1-2012 പ്രകാരം 1-6-2012 മുതൽ |

| | | | | |
|---|---|---|---|---|
| | | | ഉറപ്പ്:- (എ) നടപടി സ്വീകരിക്കും<br>(ബി) ലംപ്സം ഗ്രാന്റിനും സ്റ്റൈപ്പന്റിനും പുറമേ പോക്കറ്റ്മണി കൂടി വർദ്ധിപ്പിക്കുന്ന കാര്യവും പരിശോധിച്ച് വരുന്നു. ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ് എന്നിവ സ്ഥാപനം ആവശ്യപ്പെടുന്ന തുകയാണ് നൽകി വരുന്നത്. | പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട് . |
| | | | അധികവിവരം<br>പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും കൊടുക്കുന്ന കാര്യത്തിൽ ധാരാളം പരാതികൾ നിലനില്ക്കുന്നുണ്ടെന്നും അത്തരം പരാതികൾക്ക് കൃത്യമായ മറുപടി ലഭിക്കുന്നില്ലായെന്നും Private College-കളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇവ ലഭിക്കാത്ത സാഹചര്യമാണ് നിലനില്ക്കുന്ന തെന്നും സമിതിക്കു ബോധ്യപ്പെട്ടതിനാൽ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ തീരുമാനിച്ചു.<br>പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റും വർദ്ധിപ്പിച്ചിട്ട് എത്ര കാലമായെന്നും | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് കൃത്യ സമയത്ത് തന്നെ ലഭ്യമാക്കുന്നുണ്ട്. ഇ-ഗ്രാന്റ്സ് ആനുകൂല്യം ലഭ്യമാകാത്ത സ്വകാര്യ സ്ഥാപനത്തിൽ പഠിക്കുന്ന 2.5 ലക്ഷത്തിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള എസ്.സി. വിദ്യാർത്ഥികൾക്ക് GOI സ്കോളർഷിപ്പ് അനുവദിച്ച് വരുന്നുണ്ട്. നിലവിൽ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും അവസാനമായി വർദ്ധിപ്പിച്ച് നൽകിയത് 23-7-2016 ലെ സ .ഉ. (പി) നം.4/2016/പജപവവിവ. തീയതി 23-7-2016 ഉത്തരവ് പ്രകാരമാണ്. |

| | | | | |
|---|---|---|---|---|
| | | | ലപ്സം ഗ്രാന്റ് കൊടുക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയത് എന്ത് കൊണ്ടാണെന്നും അധ്യയന വർഷാരംഭത്തിൽ തന്നെ ഇവ കൊടുക്കുവാൻ സാധിക്കുമോയെന്നും ആരായാനും ഒരു മാസത്തിൽ തന്നെ സ്റ്റൈപ്പന്റ് ലഭിക്കത്തക്ക രീതിയിലുള്ള നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു. | |

## XIII. വിവര സാങ്കേതിക വിദ്യാവകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 90 | ബി) കേരളത്തിലെ ചെറുനഗരങ്ങളിൽ കൂടി ഐ. റ്റി. നിക്ഷേപത്തിനുള്ള സാധ്യത വർദ്ധിപ്പിക്കാൻ നടപടി എടുക്കുമോ?<br><br>ഉറപ്പ്:- ബി) നടപടികൾ സ്വീകരിക്കുന്നതാണ്. | കേരളത്തിൽ കുണ്ടറ, അമ്പലപ്പുഴ, ചേർത്തല, കൊരട്ടി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. അതിൽ കൊരട്ടി, ചേർത്തല എന്നീ സ്ഥലങ്ങളിൽ ഐ.ടി പാർക്കുകൾ പ്രവർത്തിച്ചുതുടങ്ങി. മറ്റിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | <u>അധികവിവരം</u><br>ചെറുനഗരങ്ങളിൽ ഐ. ടി. പാർക്കുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച ഉറപ്പിന്റെ ഇപ്പോഴത്തെ അവസ്ഥ ആരായാൻ തീരുമാനിച്ചു. | **കൊല്ലം ടെക്നോപാർക്ക്**<br>കുണ്ടറയിൽ സ്ഥാപിക്കുന്ന കൊല്ലം ടെക്നോ പാർക്കിനായി 44.46 ഏക്കർ സ്ഥലം ലഭിച്ചിട്ടുണ്ട്. ഇവിടെ 5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയമാണ് വികസിപ്പിച്ചുവരുന്നത്. ആദ്യഘട്ടമായി 1 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഗ്രീൻ സർട്ടിഫിക്കേഷനോടുകൂടി ഐ.ടി. കെട്ടിടത്തിന്റെ 7500 ചതുരശ്രയടി സ്ഥലത്തിലെ ഇന്റീരിയർ ഫർണിഷിംഗ് പണി പൂർത്തിയായിക്കഴിഞ്ഞു. ഇവിടുത്തെ ആദ്യത്തെ കമ്പനിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കും. പ്രസ്തുത ഐ.ടി. പാർക്ക് പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ 3 മാസത്തെ സമയം കൂടി വേണം.<br>**ഇൻഫോപാർക്ക് അമ്പലപ്പുഴ**<br>ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് വില്ലേജിൽ ഗാന്ധിസ്മൃതി വനത്തിൽപ്പെട്ട 100 ഏക്കർ സ്ഥലത്ത് ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് 2008 -ലെ സർക്കാർ ഉത്തരവനുസരിച്ച് അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ട നടപടികളും സ്വീകരിച്ചിരുന്നു. എന്നാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഗണിച്ച് 2010-ൽ ഗവൺമെന്റ് പ്രസ്തുത സ്ഥലത്ത് നിന്ന് ഐ.ടി. പാർക്ക് സമീപ |

| | | | | |
|---|---|---|---|---|
| | | | | പ്രദേശമായ തോട്ടപ്പള്ളിയിൽ ഹൈവേയോട്ട ചേർന്ന് കിടക്കുന്ന 50 ഏക്കർ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ ഈ സ്ഥലത്ത് ഐ.ടി. മന്ദിരം നിർമ്മിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ചെലവ് വരുമെന്നും അത് വിവിധ ഐ.ടി. കമ്പനികളെ ആകർഷിക്കുവാൻ പര്യാപ്തമല്ലെന്നും കണ്ടെത്തി. ഈ പ്രദേശത്ത് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതനുസരിച്ച് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>**മലപ്പുറം ഐ.ടി. പാർക്ക്**<br><br>മലപ്പുറം ജില്ലയിൽ അരീക്കോട് സൈബർപാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടി ഏറനാട് താലൂക്കിലെ അരീക്കോട്, കാവനൂർ വില്ലേജുകളിലായി 53.72 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>**കണ്ണൂർ ഐ.ടി. പാർക്ക്**<br><br>പ്രസ്തുത ഐ.ടി. പാർക്കിൽ ഭൂമി നികത്തൽ ജോലികൾ, ചുറ്റുമതിൽ നിർമ്മാണം എന്നിവയുടെ പണി പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | **കാസർഗോഡ് ഐ.ടി. പാർക്ക്**<br>പ്രസ്തുത ഐ.ടി. പാർക്കിൽ ഭൂമി നികത്തൽ ജോലികൾ, ചുറ്റുമതിൽ നിർമ്മാണം എന്നിവയുടെ പണി പുരോഗമിക്കുന്നു. |

## XIV. കായിക യുവജന വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/04 | 66 | ബി) സംസ്ഥാനതലത്തിൽ യുവജന കേന്ദ്രം തുടങ്ങുന്ന കാര്യം ആലോചിക്കുമോ (സി & ഡി) ജില്ലാതലത്തിൽ യുവജനഹോസ്റ്റലുകളും തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ ?<br>ഉറപ്പ്:- ബി) നടപടി സ്വീകരിച്ച് വരുന്നു<br>(സി & ഡി) 5 ജില്ലകളിൽ യുവജന ഹോസ്റ്റലുകളും തൊഴിലധിഷ്ഠിത പരിശീലനത്തിനായി ഒരു യുവജന പരിശീലന കേന്ദ്രവും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. | 12-12-12-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.3/12/കാ.യു.വ. പ്രകാരം സംസ്ഥാന യുവജനനയം അംഗീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് 24-12-12-ലെ മൃഗസംരക്ഷണ (ജി) വകുപ്പിന്റെ സ.ഉ (കൈയെഴുത്ത്) 289/12/കൃഷി വകുപ്പ് പ്രകാരം തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്ന് വില്ലേജിൽ 50 സെന്റ് സ്ഥലം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് ലഭ്യമാവുകയും ആസ്ഥാനമന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് എം./എസ്. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. നിർമ്മാണച്ചെലവിന്റെ ആദ്യ ഗഡു |

| | | | | |
|---|---|---|---|---|
| | | | | എച്ച്.എൽ.എൽ. ന് കൈമാറിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു.<br><br>31-3-2012 -ലെ 102/12/കാ.യു.വ. സർക്കാർ ഉത്തരവ് പ്രകാരം 5 ജില്ലകളിൽ (ആലപ്പുഴ, ഇടുക്കി, പാലക്കാട്, കാസർഗോഡ്, വയനാട്) യൂത്ത്ഭവൻ നിർമ്മിക്കുന്നതിന് ഓരോ ജില്ലകൾക്കും 50 ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി. ആലപ്പുഴ, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ യൂത്ത്ഭവൻ നിർമ്മിക്കുന്നതിനായി സർക്കാർ ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. വയനാട് ജില്ലയിൽ ഭൂമി ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് യൂത്ത്ഭവൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നിലവിൽ യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 5 ജില്ലകളിൽ പുതുതായി യുവജനഹോസ്റ്റലുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. തൊഴിലധിഷ്ഠിത പരിശീലനത്തിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | ധനലഭ്യതയ്ക്കനുസരിച്ച് പ്രൊപ്പോസൽ തയ്യാറാക്കാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | <u>അധികവിവരം</u><br>യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലകളിൽ യുവജനക്ഷേമ മന്ദിരങ്ങളുടെ നിർമ്മാണപ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വകുപ്പിനോട് ആരായുവാൻ സമിതി തീരുമാനിച്ചു. | യുവജനക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, ഇടുക്കി, പാലക്കാട് കാസർഗോഡ് എന്നീ ജില്ലകളിൽ യൂത്ത് ഭവൻ നിർമ്മിക്കുന്നതിന് 31-3-2012-ലെ സ.ഉ.(സാധാ)നം.102/12/കായുവ. ഉത്തരവ് പ്രകാരം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവായെങ്കിലും യൂത്ത്ഭവൻ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമായി കിട്ടാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. വയനാട് ജില്ലയിലെ പനമരം യൂത്ത് ഭവന്റെ നിർമ്മാണത്തിനായി സിഡ്കോയ്ക്ക് അനുവദിച്ച 1.25 കോടി രൂപ ടി നിർമ്മാണ പ്രവർത്തനം ഉഭയകക്ഷി കരാർ ഉടമ്പടി പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാത്ത സാഹചര്യത്തിൽ, തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. |

## XV. റവന്യൂ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/11 | 144 | എ) വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമൂലം പൊതു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധ യിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ?<br>ഉറപ്പ്:- (ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിൽ, ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിൽ, ഉത്തരവാദിത്വത്തോടെ ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ആഫീസുകൾ. ഇവയിൽ പൊതുജനങ്ങൾക്ക് മഴയും വെയിലും ഏൽക്കാതെ വിശ്രമിക്കുന്നതിന് കുടിവെള്ള സൗകര്യമുള്ള വിശ്രമമുറിയും പാർക്കിംഗ് | സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം/നിർമ്മാണം നടത്തിയിട്ടുള്ള വില്ലേജ് ഓഫീസുകളിൽ പൊതുജനങ്ങൾക്കുള്ള കാത്തിരുപ്പ് മുറിയും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ സ്ഥല സൗകര്യമുള്ളയിടങ്ങളിൽ വാഹന പാർക്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ സ്പോൺസർഷിപ്പ് മുഖേനയാണ് ചായ/കാപ്പി എന്നിവ മിതമായ നിരക്കിൽ ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| | | | സൗകര്യവും ചായ/കോഫി എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.. | |
| | | | <u>അധികവിവരം</u><br><br>സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ വില്ലേജ് ഓഫീസുകൾ, പദ്ധതിയിലുൾപ്പെടുത്താനുദ്ദേശിക്കുന്ന വില്ലേജ് ഓഫീസുകൾ എന്നിവയുടെ വിശദവിവരം ലഭ്യമാക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. | 2013-14 വർഷംമുതൽ ആരംഭിച്ച ഒന്നാംഘട്ടത്തിൽ 14 ജില്ലകളിലെ ഓരോ വില്ലേജാഫീസുകളും, രണ്ടാം ഘട്ടത്തിൽ 8 ജില്ലകളിലായി 11 വില്ലേജാഫീസുകളും, മൂന്നാം ഘട്ടത്തിൽ 5 ജില്ലകളിലായി 9 വില്ലേജാഫീസുകളും നാലാം ഘട്ടത്തിൽ 7 ജില്ലകളിലായി 7 വില്ലേജ് ഓഫീസുകളും സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് നടപടിയെടുത്തു. അപ്രകാരം 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഒന്ന്, രണ്ട്, മൂന്ന്, നാല് ഘട്ടങ്ങളിൽ ലക്ഷ്യമിട്ടിരുന്ന 41 വില്ലേജുകളിൽ 26 വില്ലേജുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി 15 വില്ലേജുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.<br><br>13-ാം പഞ്ചവത്സര പദ്ധതിയിൽ (2017-2022) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ വില്ലേജാഫീസുകൾക്കും, പുതുക്കിപ്പണിയേണ്ട വില്ലേജാ |

| | | | | |
|---|---|---|---|---|
| | | | | ഫീസുകൾക്കും സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി കെട്ടിടം നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ആയതിലെ ഒന്നാംഘട്ടത്തിൽ (2017-18) ടി പദ്ധതിക്ക് 15 കോടി രൂപ വകയിരുത്തിയിട്ടുള്ളതും പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകി 39 വില്ലേജാഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഓരോ ഘട്ടത്തിലുമുള്ള വില്ലേജാഫീസുകളും അവയുടെ നിർമ്മാണ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. |

## XVI. ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 36 | (സി) കുന്ദമംഗലത്ത് സബ്ട്രഷറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?<br>ഉറപ്പ്:- (സി) ഇതു സംബന്ധിച്ച ശിപാർശ പരിശോധിച്ചുവരികയാണ്. | 2012-2013 സാമ്പത്തിക വർഷം കുന്ദമംഗലത്ത് ഒരു പുതിയ സബ് ട്രഷറി തുടങ്ങുന്ന കാര്യം പരിഗണിക്കാം എന്നു തീരുമാനിച്ചിരുന്നു. എന്നാൽ ട്രഷറി കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ട്രഷറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സംവിധാനം, കോർ ബാങ്കിംഗ് ഇവ നടപ്പിലാകുന്നതോടെ ട്രഷറികളിലെ ജോലിഭാരം കുറയുമെന്നതിനാലും സർക്കാരിന്റെ |

| | | | | |
|---|---|---|---|---|
| | | | | നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന തരത്തിൽ അധികമായി പുതിയ ട്രഷറികൾ തുടങ്ങുന്നതിൽ നിന്നും പിൻമാറിയതിന്റെ അടിസ്ഥാനത്തിൽ 85271/എസ്റ്റാ-സി3/2011/ഫിൻ നമ്പർ ഫയലിലെ തീരുമാനം ഇതുവരേയും നടപ്പിലാക്കിയിട്ടില്ല |
| | | | അധികവിവരം<br>Core Banking സിസ്റ്റം കാര്യക്ഷമമാക്കി എല്ലാ ട്രഷറികളിലും ATM യൂണിറ്റ് സ്ഥാപിച്ച സർക്കാർ ജീവനക്കാരുടെ ശമ്പളം ATM വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപെട്ടു. കുന്ദമംഗലത്ത് സബ്‌ട്രഷറി സ്ഥാപിക്കാൻ എന്താണ് കാലതാമസം സംഭവിക്കുന്നതെന്നും സമിതി ആരാഞ്ഞു | 13-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1716 (3-10-2011 -ൽ മറുപടി നൽകിയത്) 36-ാം നമ്പർ ഉറപ്പിൻമേൽ കുന്ദമംഗലത്ത് സബ് ട്രഷറി സ്ഥാപിക്കാനുള്ള നടപടി സംബന്ധിച്ച് ഇതുമായി ബന്ധപ്പെട്ട് ശിപാർശ പരിശോധിച്ച് വരികയാണ് എന്നാണ് ബഹു. ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകിയിരുന്നത്. ഇതിന്റെ തുടർനടപടിയായി സർക്കാർ ഉത്തരവ് (സാധാ) നം. 83/2019/ധന തീയതി 5-1-2019 പ്രകാരം കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി പുതുതായി സബ് ട്രഷറിയുടെ പ്രവർത്തനം തുടങ്ങുന്നതിലേക്ക് തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും പാർട്ട് ടൈം സ്വീപ്പർ തസ്തിക കുടുംബശ്രീ വഴി ഔട്ട്സോഴ്സ് ആയി ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് |

| | | | | |
|---|---|---|---|---|
| | | | | പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയതായി സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു:<br>സബ്ട്രഷറി ഓഫീസർ (36600-79200) -1<br>ജൂനിയർ സൂപ്രണ്ട് (30700-65400) -1<br>സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് (27800-59400) -1<br>ജൂനിയർ അക്കൗണ്ടന്റ്(19000-43600) -2<br>ഓഫീസ് അറ്റൻഡന്റ് (16500-35700) -1<br>ഇതിൻമേലുള്ള തുടർനടപടിയായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷം ട്രഷറിക്ക് ആവശ്യമായ ഇംപ്രസ്റ്റ് തുക, ട്രഷറി ഓഫീസറെ ഡി.ഡി.ഒ. ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കുന്ദമംഗലം സബ് ട്രഷറി പ്രവർത്തിക്കുന്നതിനായി കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന്റെ താഴത്തെ നിലയിൽ ട്രഷറിയ്ക്കായി അനുവദിച്ച സ്ഥലത്ത് നെറ്റ് വർക്കിംഗ് കേബിളിംഗ് ജോലികളും പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറിക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയും അനുവദിക്കുന്നതാണ്. അതിനുശേഷം കുന്ദമംഗലം സബ് ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | <u>കോർ ബാങ്കിംങ് സിസ്റ്റം കാര്യക്ഷമമാക്കി എല്ലാ ട്രഷറികളിലും എ.റ്റി.എം. യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്.</u><br><br>എല്ലാ ട്രഷറികളിലും കോർ ബാങ്കിംങ് സംവിധാനം ഇതിനോടകം ഏർപ്പെടുത്തി കഴിഞ്ഞു. ഏത് ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിനും പണം ഒടുക്കുന്നതിനുമുള്ള സംവിധാനം അക്കൗണ്ട് ഉടമകൾക്ക് നിലവിൽ ട്രഷറികളിൽ ലഭ്യമാണ്. എന്നാൽ ട്രഷറികളിൽ എ.റ്റി.എം. യൂണിറ്റുകൾ സ്ഥാപിച്ച് ശമ്പളം എ.റ്റി.എം. വഴി വിതരണം ചെയ്യുന്ന പദ്ധതി പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ഇപ്പോൾ പരിഗണനയിൽ ഇല്ല. ഈ സാഹചര്യത്തിൽ ബാങ്കുകളുടെ Co-branded Card-കൾ ഇഷ്യൂ ചെയ്യുന്നതിനുള്ള സാധ്യതയാണ് വകുപ്പ് പരിശോധിക്കുന്നത്. ഇത് സാധ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ഫെഡറൽ ബാങ്ക് സ്വമേധയാ സർക്കാരിന് സമർപ്പിച്ചിരിക്കുന്നു. ഇത് പരിഗണിച്ച് ഫെഡറൽ ബാങ്കുമായി ചർച്ച ചെയ്യുകയും ഫെഡറൽ ബാങ്ക് ട്രഷറി ഇടപാടുകാർക്ക് അവരുടെ Co-branded Card ഇഷ്യൂ ചെയ്യാമെന്ന് സമ്മതിക്കുകയും ആ നിർദ്ദേശം സർക്കാർ തത്വത്തിൽ അംഗീകരിച്ച് ട്രഷറി വകുപ്പും ഫെഡറൽ ബാങ്കും ഒരു |

| | | | | |
|---|---|---|---|---|
| | | | | memorandum of Understanding ഒപ്പ് വച്ച് അത് റിസർവ് ബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. ഈ പ്രൊപ്പോസലിന് റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ട്രഷറി ഇടപാടുകാർക്ക് ഫെഡറൽ ബാങ്കിന്റെ Co-branded Card -കൾ ഇഷ്യൂ ചെയ്യാൻ സാധിക്കുന്നതാണ്. |

## XVII. മത്സ്യബന്ധന തുറമുഖ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/01 | 47 | കാഞ്ഞങ്ങാട് ഗവൺമെന്റ് റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- എച്ച്. എം. ഇല്ല എന്നുള്ള (പശ്നവും കെട്ടിടം ചോർന്നൊലിക്കുന്നു എന്നുള്ള പ്രശ്നവും ഹോസ്റ്റലും സ്കൂളും ഒരുമിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് മൂന്ന് ക്ലാസ് മുറികളുള്ള കെട്ടിടം നിർമ്മിക്കണമെന്നുള്ള പ്രശ്നവും ഗൗരവമായി പരിശോധിക്കുന്ന താണ്. | 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് 139 ലക്ഷം രൂപ ചെലവിൽ കാഞ്ഞങ്ങാട് ഗവണ്മെന്റ് ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. സ്കൂളിന്റെ നിർമ്മാണത്തിനുള്ള വിശദമായ പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന ജോലി പൂർത്തിയായികൊണ്ടിരിക്കുന്നു. ടോയ്‌ലറ്റ്, സ്റ്റാഫ് റൂം, ലാബുകൾ, 3 ക്ലാസ്സ് മുറികൾ, ലൈബ്രറി മുതലായ സൗകര്യങ്ങൾ 2 നിലയിലുള്ള സ്കൂൾ ബിൽഡിംഗിൽ ഉണ്ടായിരിക്കും. എത്രയും വേഗം വർക്ക് ടെന്റർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ് |

| | | | | |
|---|---|---|---|---|
| | | | | എന്നുള്ള വിവരം അറിയിക്കുന്നു. |
| | | | <u>അധികവിവരം</u><br><br>കാഞ്ഞങ്ങാട് ഗവൺമെന്റ് റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ യെന്ന് ആരായാൻ തീരുമാനിച്ചു | 2013-14 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് ഫിഷറീസ് സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി 2516.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 139 ലക്ഷം രൂപ അനുവദിച്ചിരുന്നു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 8 ക്ലാസ് റൂമുകൾ അടങ്ങുന്ന ഒരു ഇരുനില അക്കാദമിക് ബ്ലോക്ക്, ഒരു ടോയിലറ്റ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും 1-10-2015-ന് സ്കൂൾ അധികൃതർക്ക് കൈമാറുകയും ചെയ്തിരുന്നു. കൂടാതെ Solid Waste Plant, ഹൈമാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുകയും സ്കൂളിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ, അടുക്കള ഉപകരണങ്ങൾ എന്നിവ വിതരണവും ചെയ്തിട്ടുണ്ട്.<br><br>കാഞ്ഞങ്ങാട് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള |

അദ്ധ്യാപകരിൽ പി.ഇ.ടി.കം -വാർഡൻ തസ്തികയിൽ സ്ഥിരം നിയമനം നടക്കാത്തതിനാൽ ദിവസ വേതനത്തിൽ ആളെ നിയമിച്ചിട്ടുണ്ട്. മെക്കാനിക്കൽ ഇൻസ്ട്രക്ടർ തസ്തിക ഒഴിവായി കിടക്കുന്നു. ബാക്കി എല്ലാ തസ്തികകളിലും അദ്ധ്യാപകരുണ്ടെന്നറിയിക്കുന്നു. വിശദ പട്ടിക താഴെ ചേർക്കുന്നു:

| ക്രമ നം. | തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിലുള്ളത് |
|---|---|---|---|
| 1 | ഹെഡ് മാസ്റ്റർ | 1 | 1 |
| 2 | എച്ച്. എസ്.എ. കണക്ക് | 1 | 1 |
| 3 | എച്ച്. എസ്.എ. ഫിസിക്കൽ സയൻസ് | 1 | 1 |
| 4 | എച്ച്. എസ്. എ. | 1 | 1 |

| | | | |
|---|---|---|---|
| | സോഷ്യൽ സയൻസ് | | |
| 5 | എച്ച്. എസ്.എ. മലയാളം | 1 | 1 |
| 6 | എച്ച്. എസ്. എ. ഹിന്ദി | 1 | 1 |
| 7 | പി.ഇ.ടി.- കം-വാർഡൻ | 1 | ദിവസ വേതനം |
| 8 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 | 1 |
| 9 | മെക്കാനിക്കൽ ഇൻസ്ട്രക്ടർ | 1 | ഒഴിവ് |

മേൽ ടീച്ചിംഗ് സ്റ്റാഫിനെ കൂടാതെ ഹോസ്റ്റൽ ആവശ്യാർത്ഥം താഴെ സൂചിപ്പിക്കുന്ന തസ്തികകൾ കൂടി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിലുള്ളത് |
|---|---|---|---|
| 1 | ക്ലർക്ക് - ടൈപ്പിസ്റ്റ് | 1 | 1 |
| 2 | ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 3 | വാച്ച്മാൻ | 1 | 1 |
| 4 | കുക്ക് | 1 | ദിവസ വേതനം |
| 5 | കുക്ക് (ദിവസ വേതനം) | 1 | നിയമന നടപടി സ്വീകരിച്ചിട്ടുണ്ട്. |

## XVIII. ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 137 | (ബി) തീവ്രവാദി ആക്രമണ സാദ്ധ്യതയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ വരുന്ന സാഹചര്യത്തിൽ ഗുരുവായൂരിലെ സുരക്ഷാ സംവിധാനം കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br><br>ഉറപ്പ്:- ബി) ഗുരുവായൂർ ക്ഷേത്രത്തിന് മാത്രമായി ഒരു പോലീസ് സ്റ്റേഷൻ തുറക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. | ഗുരുവായൂർ ക്ഷേത്രത്തിന്റെയും പരിസര പ്രദേശങ്ങളുടെയും സുരക്ഷയ്ക്കായി ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ എന്ന പേരിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ അനുവദിച്ച് 21-6-2014-ലെ ജി.ഒ.(എം.എസ്.)നമ്പർ 126/2014/ ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. |
| | | | <u>അധികവിവരം</u><br><br>ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷനിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചിട്ടുള്ള | ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷനിൽ സ്റ്റാഫ് പാറ്റേൺ (ട്രാഫിക് യൂണിറ്റുകൾ ഉൾപ്പെടെ) താഴെപ്പറയും പ്രകാരമാണ്. |

<table>
<tr><td></td><td></td><td></td><td>പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ യെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ആരായാൻ തീരുമാനിച്ചു</td><td><table>
<tr><th>CI</th><th>SI</th><th>ASI</th><th>SCPO</th><th>CPO</th><th>WSCPO</th><th>WCPO</th><th>DVR CPO</th><th>Total</th></tr>
<tr><td>1</td><td>4</td><td>1</td><td>12</td><td>22</td><td>1</td><td>11</td><td>1</td><td>53</td></tr>
</table>
SCPO = Senior Civil Police Officer<br>
WSCPO = Women Senior Civil Police Officer<br>
DVR CPO = Driver Civil Police Officer</td></tr>
</table>

## XIX. പ്രവാസി കേരളീയകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/04 | 71 | (ബി, സി, ഡി & ഇ) തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളെ പുനരധിവസിക്കുന്നതിനും സ്വയം പഞ്ചവത്സരപദ്ധതിയിൽ തൊഴിൽ കണ്ടെത്തുന്നതിനുമുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? പുനരധിവാസത്തിന് പ്രത്യേക ഫണ്ട് | തിരികെ എത്തിയ പ്രവാസി മലയാളികൾ ആരംഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധനചെലവ് |

| | | | | |
|---|---|---|---|---|
| | | | വകയിരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?<br>ഉറപ്പ്:- ബി, സി, ഡി & ഇ) പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി പ്രവാസികളുടെ പുനരധി വാസത്തിനായി ഒരു സമഗ്ര പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്. | പ്രതീക്ഷിക്കുന്ന പദ്ധതികൾക്ക് 10% മൂലധന സബ്സിഡി അനുവദിക്കുതാണ് പദ്ധതി. ഇത് കൂടാതെ നിതാഖത്ത്മൂലം ഗൾഫിൽ നിന്നും നാട്ടിലെത്തിയ മലയാളികളുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പുനരധിവാസ പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്. തിരികെ എത്തിയ പ്രവാസികളിൽ വീണ്ടും വിദേശത്ത് ജോലി ചെയ്യാൻ താല്പര്യമുള്ളവർക്ക് അതിനായി സഹായം നല്കുക, തിരികെ എത്തിയ പ്രവാസികളുടെ ആഭ്യന്തര തൊഴിൽ മേഖലയിലെ പുനരേകീകരണം, സ്വയം സംരംഭക സഹായ പദ്ധതി, പ്രവാസി സഹകരണ സംഘങ്ങൾ ആരംഭിക്കുക, സ്വയം തൊഴിൽ/ നിക്ഷേപ സംരംഭങ്ങൾ ആരംഭിക്കുക എന്നീ പാക്കേജുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവാസി പുനരധിവാസ പദ്ധതിയ്ക്കായി 2012 - 13 വർഷം 2 കോടി രൂപയും 2013-14 വർഷം 2 കോടി 97 ലക്ഷം രൂപയും പദ്ധതിയിനത്തിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2014-15 വര്ഷം സമഗ്ര പുനരധിവാസ പദ്ധതിയുടെ കൂടി നിർവ്വഹണത്തിനായി സംസ്ഥാന ബഡ്ജറ്റിൽ 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | <u>അധികവിവരം</u><br><br>തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ പ്രവാസി പുനരധിവാസ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്നും ആയതിനുള്ള മാനദണ്ഡം എന്താണെന്നും ഇതിൽ ഏതൊക്കെ സ്കീമുകളാണുള്ളതെന്നും പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുകയിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക ചെലവഴിക്കുന്നതിന്റെ വിശദാംശവും ആരായാൻ തീരുമാനിച്ചു. | തിരികെയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതി പ്രകാരം 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 550 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.<br><br>ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും, അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി മുപ്പത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | കാർഷിക-വ്യവസായം, കച്ചവടം, സേവനങ്ങൾ, ഉത്പാദനം, ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങിയവയാണ് തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് വായ്പ നൽകിവരുന്ന സ്കീമുകൾ. കാർഷിക വ്യവാസായത്തിൽ കോഴി വളർത്തൽ, മത്സ്യകൃഷി, ക്ഷീരോല്പാദനം, ഭക്ഷ്യസംസ്കരണം, സംയോജിത കൃഷി, ഫാം ടൂറിസം, ആട് വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവയും. സേവനമേഖലയിൽ റിപ്പയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവയും, ഉത്പാദനം-ചെറുകിട ഇടത്തരം സംരംഭങ്ങളിൽ പൊടിമില്ലുകൾ, ബേക്കറി ഉത്പന്നങ്ങൾ ഫർണിച്ചറും തടി വ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവയും ഉൾപ്പെടുന്നു. ഗുണഭോക്താക്കളുടെ വായ്പാ വിവരങ്ങൾ ബാങ്കിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) 3% |

| | | | | |
|---|---|---|---|---|
| | | | | പലിശ സബ്സിഡിയും നൽകി വരുന്നുണ്ട്. ടി പദ്ധതിക്കായി 2012-13, 2013-14, 2014-15, 2015-16, 2016-17 സാമ്പത്തികവർഷങ്ങളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക, ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക, ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. |

## XX. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 215 | എ) എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ അടിസ്ഥാന വിവര ശേഖരണം ശക്തിപ്പെടുത്തുവാൻ ഒരു പഞ്ചായത്ത് ഒരു ഇൻവെസ്റ്റിഗേഷൻ സോൺ എന്നത് നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ?<br>ഉറപ്പ്:- എ) ഇങ്ങനെ ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. | കാർഷിക സ്ഥിതി വിവരകണക്ക് ശേഖരണവുമായ് ബന്ധപ്പെട്ട് സംസ്ഥാനത്ത് 811 ഇൻവെസ്റ്റിഗേറ്റർ സോൺ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ ഡേറ്റ വകുപ്പ് നേരിട്ട് ശേഖരിച്ച് കേന്ദ്ര സർക്കാരിന് അയയ്ക്കുകയും ചെയ്യുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | <u>അധികവിവരം</u><br><br>കാർഷിക സ്ഥിതിവിവരകണക്ക് ശേഖരണവുമായി ബന്ധപ്പെട്ട് എല്ലാ പഞ്ചായത്തുകളിലും ഇൻവെസ്റ്റിഗേഷൻ സോൺ നടപ്പാക്കുന്നതിന് സ്വീകരിച്ച് നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുക. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിന്റെയും പ്രാധാന്യം മനസ്സിലാക്കി സർക്കാർ 27-3-2017-ലെ സ.ഉ(സാധാ) നം.172/2017/പ്ലാനിംഗ് പ്രകാരം സാമ്പത്തിക സ്ഥിതി വിവരകണക്കുവകുപ്പിനെ ചുമതല ഏൽപിച്ചിട്ടുണ്ട്. വകുപ്പിലെ ഇ.എ.ആർ.എ. എസ്. ജോലി ചെയ്യുന്ന ഇൻവെസ്റ്റിഗേറ്റർമാരെ തന്നെയാണ്. അതത് ഗ്രാമ പഞ്ചായത്തിലേക്ക് ചുമതലപ്പെടുത്തി യിട്ടുള്ളത്. അത് പ്രകാരം ഇൻവെസ്റ്റിഗേറ്റർമാർ അവർ ജോലി ചെയ്യുന്ന സോണിലെ പഞ്ചായത്തുകളിൽ നടത്തുന്ന വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുകയും പ്രതിമാസ പദ്ധതി പുരോഗതി റിപ്പോർട്ട് ശേഖരിക്കുകയും ചെയ്യുന്നുണ്ടെന്ന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

## മറുപടി ലഭ്യമാകാത്ത ഉറപ്പുകളുടെ പട്ടിക

| ക്രമ നം. | വകുപ്പ് | മറുപടി ലഭ്യമാകാത്ത ഉറപ്പുകൾ |
|---|---|---|
| 1 | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് | 63 |
| 2 | കൃഷി വകുപ്പ് | 62 |
| 3 | പൊതുവിദ്യാഭ്യാസ വകുപ്പ് | 57 |
| 4 | ജലവിഭവ വകുപ്പ് | 47 |
| 5 | മത്സ്യബന്ധന-തുറമുഖ വകുപ്പ് | 43 |
| 6 | വ്യവസായ വകുപ്പ് | 41 |
| 7 | ഗതാഗത വകുപ്പ് | 36 |
| 8 | വിനോദസഞ്ചാര വകുപ്പ് | 34 |
| 9 | തദ്ദേശസ്വയംഭരണ വകുപ്പ് | 34 |
| 10 | സഹകരണ വകുപ്പ് | 30 |
| 11 | ആഭ്യന്തര വകുപ്പ് | 29 |

| | | |
|---|---|---|
| 12 | റവന്യൂ വകുപ്പ് | 28 |
| 13 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 27 |
| 14 | ഊർജ്ജ വകുപ്പ് | 27 |
| 15 | സാമൂഹ്യനീതി വകുപ്പ് | 27 |
| 16 | ഭക്ഷ്യ-പൊതുവിതരണ വകുപ്പ് | 25 |
| 17 | വനം-വന്യജീവി വകുപ്പ് | 24 |
| 18 | കായികയുവജനകാര്യ വകുപ്പ് | 23 |
| 19 | പൊതുമരാമത്ത് വകുപ്പ് | 20 |
| 20 | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | 16 |
| 21 | വിവരസാങ്കേതിക വിദ്യാ വകുപ്പ് | 14 |
| 22 | പ്രവാസി കേരളീയകാര്യ വകുപ്പ് | 14 |
| 23 | നികുതി വകുപ്പ് | 13 |
| 24 | സാംസ്കാരികകാര്യ വകുപ്പ് | 13 |
| 25 | തൊഴിലും നൈപുണ്യവും വകുപ്പ് | 11 |

| | | |
|---|---|---|
| 26 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് | 9 |
| 27 | പൊതുഭരണ വകുപ്പ് | 8 |
| 28 | ധനകാര്യ വകുപ്പ് | 8 |
| 29 | വനിതാ ശിശുവികസന വകുപ്പ് | 6 |
| 30 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 5 |
| 31 | ഭവന നിർമ്മാണ വകുപ്പ് | 4 |
| 32 | പിന്നോക്ക സമുദായ വികസന വകുപ്പ് | 4 |
| 33 | പരിസ്ഥിതി വകുപ്പ് | 4 |
| 34 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ | 3 |
| 35 | വിവര പൊതുജന സമ്പർക്ക വകുപ്പ് | 2 |
| 36 | ശാസ്ത്ര സാങ്കേതിക വകുപ്പ് | 2 |
| 37 | മൈനോറിറ്റി വകുപ്പ് | 1 |
| 38 | വിജിലൻസ് വകുപ്പ് | 1 |
| 39 | നിയമ വകുപ്പ് | 1 |

## അനുബന്ധം - IV

### മറുപടി ലഭിക്കാനുള്ള ഉറപ്പുകളുടെ വിശദാംശം

### I. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 2 | 145 | ആദിവാസികളുടെ കൈവശഭൂമിക്ക് രേഖകൾ | 855/ക്യൂ.എൻ.എ 1/12/ലെജി. |
| 2 | 13 | 14 | 115 | പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കലാപരമായ കഴിവുകൾക്ക് പ്രോത്സാഹനം | 515/ക്യൂ.എൻ.എ 1/16/ലെജി. |
| 3 | 13 | 14 | 7 | വനഭൂമി ആദിവാസികൾക്ക് തിരിച്ചു നൽകാൻ നടപടി. | 407/ക്യൂ.എൻ.എ 1/16/ലെജി. |
| 4 | 14 | 1 | 68 | പട്ടികജാതി ക്ഷേമവകുപ്പിൻ കീഴിലുള്ള തൊഴിലധിഷ്ഠിത കേന്ദ്രങ്ങളെ ഉദ്ധരിക്കുന്നതിന് നടപടി | 108/ക്യൂ.എൻ.എ 1/18/ലെജി. |
| 5 | 14 | 1 | 74 | ഗോത്രവിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക തൊഴിൽ ദാന പദ്ധതി | 114/ക്യൂ.എൻ.എ 1/18/ലെജി. |

| | | | | | |
|---|---|---|---|---|---|
| 6 | 14 | 1 | 62 | ഗോത്രവർഗ്ഗ ക്ഷേമം. | 102/ക്യൂ.എൻ.എ 1/18/ലെജി. |
| 7 | 14 | 7 | 8 | പട്ടികജാതി പട്ടികവർഗ്ഗ ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം | 1873/ക്യൂ.എൻ.എ 1/20/ലെജി. |
| 8 | 14 | 22 | 15 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകാൻ നടപടി | 10215/ക്യൂ. എൻ.എ 1/2022/ലെജി. |
| 9 | 15 | 1 | 9 | പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം. | 13969/ക്യൂ. എൻ.എ 1/2022/ലെജി |
| 10 | 15 | 2 | 78 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് വൈദ്യുതി | 18983/ക്യൂ. എൻ.എ 1/2022/ലെ ജി. |
| 11 | 15 | 5 | 77 | ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനസൗകര്യം ലഭ്യമാക്കുന്നുണ്ടെന്നുറപ്പുവരുത്താൻ നടപടി | 12271/ക്യൂ. എൻ.എ 1/2023/ ലെജി. |
| 12 | 13 | 2 | 21 | കരിമ്പ, തച്ചമ്പാറ ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ കോളനികൾ | 721/ക്യൂ.എൻ.എ 2/2012/ലെജി. |
| 13 | 13 | 7 | 15 | പട്ടികവർഗ്ഗക്കോളനികൾ വൈദ്യുതികരിക്കൽ | 1924/ക്യൂ.എൻ.എ 2/14/ലെജി. |

| | | | | | |
|---|---|---|---|---|---|
| 14 | 13 | 9 | 15 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുവാൻ നടപടി | 4097/ക്യൂ.എൻ. എ 2/2014/നി.സെ. |
| 15 | 13 | 9 | 105 | അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ കെ.റ്റി.ഡി.പി.-ക്ക് ഓഫീസ് | 4187/ക്യൂ.എൻ.എ 2/2014/ നി.സെ. |
| 16 | 14 | 4 | 60 | വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആദിവാസി വിഭാഗക്കാർക്ക് ഭൂമി വിതരണം | 3615/ക്യൂ.എൻ.എ 2/2019/ലെജി. |
| 17 | 14 | 5 | 28 | പ്രീമെട്രിക് ഹോസ്റ്റലുകളുടെ നവീകരണം | 4508/ക്യൂ.എൻ.ബി2/2019/ ലെജി. |
| 18 | 14 | 5 | 57 | കിർത്താഡ്സിന്റെ പദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി | 5443/ക്യൂ.എൻ.ബി2/2019/ ലെജി. |
| 19 | 14 | 5 | 58 | പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതിക്കാർക്ക് നിയമനം | 5444/ക്യൂ.എൻ.എ 2/2019/ ലെജി. |
| 20 | 14 | 7 | 10 | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പെന്റ് | 1875/ക്യൂ.എൻ.എ 2/2020/ ലെജി. |
| 21 | 14 | 14 | 89 | ഗോത്ര വർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ പഠനം | 641/ക്യൂ.എൻ.എ 2/2022/ലെജി. |
| 22 | 14 | 18 | 9 | അംബേദ്കർ ഗ്രാമവികസന പദ്ധതി | 3600/ക്യൂ.എൻ.ഏ 2/2022/ ലെജി. |

| | | | | | |
|---|---|---|---|---|---|
| 23 | 15 | 2 | 86 | പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് തടയാൻ നടപടി | 18991/ക്യൂ.എൻ.എ 2/2022/ ലെജി. |
| 24 | 15 | 3 | 30 | പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് | 23036/ക്യൂ.എൻ. എ 2/2022/ ലെജി. |
| 25 | 15 | 3 | 32 | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക കോടതി | 8054/ക്യൂ.എൻ.എ 2/2023/ നി.സെ. |
| 26 | 13 | 5 | 89 | വിജ്ഞാൻ ഭാരതി പദ്ധതി | 3558/ക്യൂ.എൻ.എ 3/2013/ നി.സെ. |
| 27 | 13 | 5 | 131 | നെല്ലിയാമ്പതിയിലെ ആദിവാസികൾക്ക് സ്വന്തമായി സ്ഥലവും വീടും | 3600/ക്യൂ.എൻ.എ 3/2013/ നി.സെ. |
| 28 | 13 | 11 | 89 | പട്ടികവർഗ്ഗ മേഖലകളിൽ മൊബൈൽ ഹോമിയോപ്പതി യൂണീറ്റുകൾ. | 1980/ക്യൂ.എൻ.എ 3/2015/ നി.സെ. |
| 29 | 14 | 1 | 12 | പ്രാക്തന – ഗോത്രവർഗ്ഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഭാഷയും സംസ്കാരവും സംരക്ഷിക്കാൻ നടപടി | 5840/ക്യൂ.എൻ.എ 3/2017/ നി.സെ. |
| 30 | 14 | 5 | 54 | പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികൾ | 5440/ക്യൂ.എൻ.എ 3/2019/ നി.സെ. |
| 31 | 14 | 10 | 111 | ആദിവാസികൾക്ക് ഭൂമി | 20853/ക്യൂ.എൻ.എ 3/2021/ നി.സെ. |
| 32 | 14 | 11 | 11 | കിടത്തി ചികിത്സാ കേന്ദ്രം | 269/ക്യൂ.എൻ.എ 3/2022/ നി.സെ. |

966/2024.

| | | | | | |
|---|---|---|---|---|---|
| 33 | 14 | 13 | 47 | മോഡൽ റസിഡൻഷ്യൽ കോളേജ് ആരംഭിക്കാൻ നടപടി | 610/ക്യു.എൻ.എ 3/2022/ നി.സെ. |
| 34 | 14 | 15 | 85 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മെന്റർ ടീച്ചർമാരുടെ നിയമനം | 663/ക്യു.എൻ.എ 3/2022/നി.സെ. |
| 35 | 14 | 15 | 100 | പട്ടികവിഭാഗക്കാരുടെ സാമൂഹ്യ ഉന്നമനത്തിന് നടപടികൾ | 650/ക്യു.എൻ.എ 3/2022/നി.സെ. |
| 36 | 15 | 2 | 59 | ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ നടപടി | 17886/ക്യു.എൻ.എ 3/2022/നി.സെ |
| 37 | 15 | 4 | 21 | പട്ടികജാതി വികസന വകുപ്പിന് കീഴിലെ ഐ.ടി.ഐ. | 8689/ക്യു.എൻ.എ 3/2023/നി.സെ. |
| 38 | 13 | 14 | 57 | ആദിവാസി ഊരുകളിൽ പോഷകാഹാരങ്ങൾ എത്തിക്കുവാൻ നടപടി | 446/ക്യു.എൻ.ബി2 /2016/ ലെജി. |
| 39 | 14 | 1 | 45 | പട്ടിക ജാതി-പട്ടികവർഗ്ഗ കോളനികളുടെ ശോചനീയാവസ്ഥ | 85/ക്യു.എൻ.ബി2 /2018/ ലെജി. |
| 40 | 14 | 2 | 20 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാ ചെലവ് | 1230/ക്യു.എൻ.ബി2/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 41 | 14 | 5 | 57 | കിർത്താഡ്സിന്റെ പദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി | 5443/ക്യൂ.എൻ.ബി2/2019/ലെജി. |
| 42 | 14 | 10 | 112 | ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നത് സംബന്ധിച്ച് | 20852/ക്യൂ.എൻ .ബി 2/2021/ലെജി. |
| 43 | 15 | 2 | 34 | പട്ടികവർഗ്ഗ വനിതകൾക്കായുള്ള വിവാഹ ധനസഹായത്തിന്റെ അധിക നിബന്ധനകൾ ഒഴിവാക്കൽ | 16803/ക്യൂ.എൻ.ബി2/2022/നി.സെ. |
| 44 | 15 | 2 | 58 | പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ സഹായം | 17885/ക്യൂ.എൻ.ബി2/2022/നി.സെ. |
| 45 | 15 | 2 | 87 | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന പരിപാടികൾ | 18992/ക്യൂ.എൻ.ബി2/2022/ലെജി. |
| 46 | 13 | 11 | 102 | കോർപ്പസ് ഫണ്ട് ജില്ലാ വർക്കിംഗ് ഗ്രൂപ്പുകൾ വഴി അനുവദിക്കൽ | 1993/ക്യൂ.എൻ .ബി3/15/ലെജി. |
| 47 | 13 | 16 | 2 | ട്രൈബൽ യൂണിവേഴ്സിറ്റി | 5757/ക്യൂ.എൻ .ബി3/2016/ലെജി. |
| 48 | 14 | 5 | 29 | പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങളൊരുക്കാൻ പദ്ധതി | 4509/ക്യൂ.എൻ.ബി3/2019/ലെജി. |
| 49 | 14 | 7 | 23 | ആദിവാസി വിദ്യാർത്ഥികളുടെ ഉന്നമനം | 1888/ക്യൂ.എൻ.ബി3/2020/ലെജി. |

| | | | | | |
|---|---|---|---|---|---|
| 50 | 14 | 15 | 99 | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപടികൾ | 651/ക്യൂ.എൻ.ബി3/2022/ലെജി. |
| 51 | 14 | 22 | 14 | വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖ വിതരണം ചെയ്യാൻ നടപടി | 10214/ക്യൂ.എൻ.ബി3/2022/ലെജി. |
| 52 | 14 | 22 | 8 | വെർച്ചൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരണം | 10207/ക്യൂ.എൻ.ബി3/2022/ലെജി. |
| 53 | 15 | 3 | 9 | പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടി | 20536/ QN B3/2022/ലെജി. |
| 54 | 15 | 4 | 22 | പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് സൗകര്യം | 8690/ക്യൂ.എൻ.ബി3/2023/ലെജി. |
| 55 | 15 | 5 | 70 | വയനാട് ജില്ലയിലെ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം | 12263/ക്യൂ.എൻ.ബി3/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 56 | 15 | 5 | 76 | വിദേശപഠനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ധനസഹായം | 12270/ക്യു.എൻ.ബി3/2023/ലെജി. |
| 57 | 13 | 6 | 50 | പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന നടപടി | 912/ക്യു.എൻ .ബി1/2014/നി.സെ. |
| 58 | 13 | 12 | 8 | എസ്.ടി. പ്രൊമോട്ടർമാർക്ക് കൂടുതൽ ആനുകൂല്യം | 4456/ക്യു.എൻ .ബി1/2015/നി.സെ. |
| 59 | 14 | 2 | 49 | ധനസഹായതുക ഏകീകരിക്കാൻ നടപടി | 1352/ക്യു.എൻ.ബി1/2019/ലെജി. |
| 60 | 14 | 14 | 90 | പട്ടികജാതി പട്ടികവർഗ്ഗ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായുള്ള റെമെഡിയൽ കോഴ്സുകൾ | 639/ക്യു.എൻ.ബി1/2022/ലെജി. |
| 61 | 15 | 1 | 10 | പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ധനസഹായം ഓൺലൈൻ വഴിയാക്കുന്നതിന് നടപടി. | 13970/ക്യു.എൻ.ബി1/2022/ലെജി |
| 62 | 15 | 3 | 17 | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങളിൽ തൊഴിൽ സംരംഭങ്ങൾ | 23022/ക്യു.എൻ. ബി1/2022/ലെജി. |
| 63 | 15 | 4 | 34 | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ | 8940/ക്യു.എൻ.ബി1/2023/ലെജി. |

## II. കൃഷി വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 8 | 55 | 'വരുമാന ഭദ്രത' പദ്ധതി | 2153/ക്യൂ.എൻ.എ 1/2014/ലെജി. |
| 2 | 14 | 1 | 92 | കർഷക കൂട്ടായ്മയ്ക്ക് സഹായങ്ങൾ | 2280/ക്യൂ.എൻ.എ 1/18/ലെജി. |
| 3 | 14 | 2 | 64 | വിഷരഹിത പച്ചക്കറി | 1368/ക്യൂ.എൻ.എ 1/19/ലെജി. |
| 4 | 14 | 5 | 44 | കാലാവസ്ഥ വ്യതിയാനം കാർഷികമേഖലയിൽ ഉണ്ടാക്കുന്ന ആഘാതം | 4524/ക്യൂ.എൻ.എ 1/2019/ലെജി. |
| 5 | 14 | 7 | 20 | വയനാട് പാക്കേജ് പദ്ധതി | 1885/ക്യൂ.എൻ.ഏ 1/2020/ലെജി. |
| 6 | 14 | 10 | 115 | കാർഷിക മേഖലയിലെ സംരംഭകർക്ക് പരിശീലനം | 20848/ക്യൂ.എൻ.എ 1/2021/ലെജി. |
| 7 | 14 | 11 | 15 | കോക്കനട്ട് മിഷൻ | 265/ക്യൂ.എൻ.എ 1/2022/ലെജി. |
| 8 | 15 | 2 | 43 | കാർഷിക മേഖലയിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം | 17868/ക്യൂ.എൻ.എ 1/2022/നി.സെ . |

| | | | | | |
|---|---|---|---|---|---|
| 9 | 15 | 2 | 84 | കേരഗ്രാമം പദ്ധതി | 18989/ക്യൂ.എൻ.എ 1/2022/ലെജി. |
| 10 | 15 | 5 | 81 | പാൽ സംഭരണത്തിന് ആധുനിക സൗകര്യങ്ങൾ | 17415/ക്യൂ.എൻ.എ 1/2023/ലെജി. |
| 11 | 15 | 6 | 1 | പഴം, പച്ചക്കറികൾക്ക് ഏകീകൃത വില ഉറപ്പ് വരുത്തുന്നതിന് നടപടി | 17430/ക്യൂ.എൻ.എ 1/2023/ലെജി. |
| 12 | 15 | 6 | 19 | കൃഷിയിടാധിഷ്ഠിത വികസന പദ്ധതികൾ | 17499/QNA1/2023/ലെജി. |
| 13 | 15 | 6 | 7 | കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം | 17436/ക്യൂ.എൻ.എ 1/2023/ലെജി. |
| 14 | 13 | 9 | 75 | കാർഷിക മേഖലയുടെ തകർച്ചയ്ക്ക് പരിഹാരം | 4157/ക്യൂ.എൻ. എ 2/2014/നി.സെ |
| 15 | 14 | 13 | 25 | ഫാം ടൂറിസം പദ്ധതി | 601/ക്യൂ.എൻ.എ 2/2022/ലെജി. |
| 16 | 14 | 16 | 4 | കന്നുകാലികൾക്ക് ഇൻഷ്യൂറൻസ് പരിരക്ഷ | 3402/ക്യൂ.എൻ.എ 2/2022/ലെജി. |
| 17 | 15 | 2 | 92 | കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ നടപടി | 18997/ക്യൂ.എൻ.എ 2 /2022 /ലെജി. |
| 18 | 15 | 4 | 1 | കന്നുകാലി പ്രജനന നയം 2022 നിയമമാക്കുന്നത് | 8242/ക്യൂ.എൻ.എ 2/2023/ലെജി. |
| 19 | 15 | 5 | 55 | നാളികേര സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി | 9834/ക്യൂ.എൻ.എ 2/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 20 | 15 | 5 | 83 | വിഷരഹിത കാർഷികോല്പന്നങ്ങൾക്ക് ബ്രാൻഡിംഗ് സംവിധാനം | 17418/കൃ.എൻ.എ 2/2023/ലെജി. |
| 21 | 13 | 14 | 113 | കാർഷിക വായ്പാ ഇളവ് | 513/കൃ.എൻ.എ 3/2016/നി.സെ. |
| 22 | 14 | 4 | 37 | ക്ഷീരകർഷക കടാശ്വാസം | 3592/കൃ.എൻ.എ 3/2019/നി.സെ. |
| 23 | 14 | 5 | 91 | കർഷകർക്ക് പ്രോവിഡന്റ് ഫണ്ട് | 4528/കൃ.എൻ.എ 3/2019/നി.സെ. |
| 24 | 14 | 22 | 20 | കർഷക ആത്മഹത്യ തടയുന്നതിനുള്ള പദ്ധതികൾ | 10219/കൃ.എൻ.എ 3/2022/നി.സെ. |
| 25 | 15 | 2 | 41 | മൃഗസംരക്ഷണത്തിനായി ടെലിമെഡിസിൻ സംവിധാനം | 17866/കൃ.എൻ.എ 3/2022/നി.സ |
| 26 | 15 | 3 | 40 | കാർഷികവിളകളുടെ നഷ്ടങ്ങൾക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം | 8063/കൃ.എൻ.എ 3/2023/നി.സ |
| 27 | 15 | 6 | 5 | കൃഷി ആവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി | 17434/കൃ.എൻ.എ 3/2023/നി.സെ. |
| 28 | 13 | 5 | 4 | സഞ്ചരിക്കുന്ന പച്ചക്കറി ശാലകൾ | 3473/കൃ.എൻ.ബി2/2013/ലെജി. |
| 29 | 13 | 10 | 10 | കർഷകർക്ക് ക്ഷേമനിധി | 701/കൃ.എൻ.ബി2/2015/ലെജി. |

| | | | | | |
|---|---|---|---|---|---|
| 30 | 13 | 12 | 40 | പോളി ഹൗസ് ഫാർമിംഗ് | 4488/ക്യൂ.എൻ.ബി2/2015/ലെജി. |
| 31 | 13 | 14 | 64 | ഇറച്ചിക്കോഴികൾക്കും മറ്റും നൽകുന്ന ആന്റി ബയോട്ടിക്കുകൾ | 467/ക്യൂ.എൻ.ബി2/2016/ലെജി. |
| 32 | 14 | 5 | 39 | ക്ലസ്റ്റർ സംവിധാനത്തിൽ പച്ചക്കറി കൃഷി | 4519/ക്യൂ.എൻ.ബി2/2019/ലെജി. |
| 33 | 14 | 22 | 12 | പുതിയ വെറ്ററിനറി കോളേജ് ആരംഭിക്കാൻ നടപടി | 10211/ക്യൂ.എൻ.ബി2/2022/ലെജി. |
| 34 | 15 | 3 | 19 | കേരളത്തിൽ പുതുതായി ഒരു സീഡ് ഗാർഡൻ കൂടി അനുവദിക്കാൻ അനുമതി | 23024/ക്യൂ.എൻ.ബി2/ 2022/ലെജി. |
| 35 | 15 | 4 | 2 | ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി | 8243/ക്യൂ.എൻ.ബി2/2023/ലെജി. |
| 36 | 15 | 5 | 56 | കാർഷികോത്പന്നങ്ങൾക്ക് ബ്രാൻഡ് | 9835/ക്യൂ.എൻ.ബി2/2023/ലെജി. |
| 37 | 15 | 6 | 10 | കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി | 17439/ക്യൂ.എൻ.ബി2/2023/ലെജി. |
| 38 | 15 | 6 | 4 | കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം | 17433/ക്യൂ.എൻ.ബി2/2023/ലെജി. |
| 39 | 13 | 5 | 156 | ക്ഷീരോല്പാദന കേന്ദ്രങ്ങൾക്ക് ധനകാര്യ സ്ഥാപനം | 3625/ക്യൂ.എൻ.ബി3/13/ലെജി. |
| 40 | 14 | 4 | 34 | പച്ചക്കറിയിലെ കീടനാശിനി സാന്നിദ്ധ്യം | 3589/ക്യൂ.എൻ .ബി3/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 41 | 14 | 5 | 47 | ചെറിയ അരിമില്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ | 4527/കൃ.എൻ.ബി3/2019/ലെജി. |
| 42 | 14 | 7 | 5 | വയനാട് പാക്കേജ് പദ്ധതി | 1870/കൃ.എൻ .ബി3/2020/ലെജി. |
| 43 | 14 | 10 | 104 | രണ്ടാം ഘട്ട കുട്ടനാട് പാക്കേജ് | 20860/കൃ.എൻ .ബി3/2021/ലെജി. |
| 44 | 14 | 11 | 123 | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം | 21431/കൃ.എൻ.ബി3/2021/ലെജി. |
| 45 | 14 | 16 | 1 | ക്ഷീര കർഷകർക്ക് വായ്പ | 3399/കൃ.എൻ .ബി3/2022/ലെജി. |
| 46 | 15 | 4 | 4 | കാർബൺ മുക്ത കൃഷിയിടങ്ങൾ | 8245/കൃ.എൻ.ബി3/2023/ലെജി. |
| 47 | 15 | 5 | 46 | സ്മാർട്ട് കൃഷിഭവനുകൾ | 9822/കൃ.എൻ.ബി3/2023/ലെജി. |
| 48 | 15 | 5 | 52 | ' ഞങ്ങളും കൃഷിയിലേയ്ക്ക് ' പദ്ധതി | 9831/കൃ.എൻ.ബി3/2023/ലെജി. |
| 49 | 13 | 9 | 32 | കാർഷികോത്പാദക സംഘങ്ങൾ | 4114/കൃ.എൻ.ബി1/2014/ലെജി. |
| 50 | 13 | 14 | 104 | എൻഡോസൾഫാൻ ദുരിതബാധിതർക്കായി പുനരധിവാസ വില്ലേജ് | 504/കൃ.എൻ.ബി1/2016/ലെജി. |
| 51 | 14 | 1 | 1 | റൈസ് ബയോ പാർക്ക് | 5829/കൃ.എൻ.ബി1/2017/ലെജി. |

| | | | | | |
|---|---|---|---|---|---|
| 52 | 14 | 10 | 114 | കർഷക മിത്രം പദ്ധതി | 20849/ക്യൂ.എൻ.ബി1/2021/ലെജി. |
| 53 | 14 | 10 | 156 | ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന | 19928/ക്യൂ.എൻ.ബി1/2021/ലെജി. |
| 54 | 14 | 15 | 101 | ആത്മ പ്ലസ് പദ്ധതി | 2091/ക്യൂ.എൻ.ബി1/2022/ലെജി. |
| 55 | 14 | 7 | 25 | വയനാട് പാക്കേജ് പദ്ധതി | 1890/ക്യൂ.എൻ.ബി1/2020/ലെജി. |
| 56 | 15 | 2 | 85 | ഗുണനിലവാര പരിശോധന സംവിധാനം | 18990/ക്യൂ.എൻ.ബി1/2022/ലെജി. |
| 57 | 15 | 2 | 32 | നാളികേര കർഷകർക്ക് സഹായം | 16801/ക്യൂ.എൻ.ബി1/2022/നി.സെ |
| 58 | 15 | 3 | 18 | ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കാൻ നടപടി | 23023/ക്യൂ.എൻ. ബി1/2022/ലെജി. |
| 59 | 15 | 3 | 11 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വഴി കർഷകർക്ക് കാർഷിക യന്ത്രങ്ങൾ | 20538/ QN ബി1/2022/ലെജി. |
| 60 | 15 | 3 | 43 | ബസ് സ്റ്റേഷനുകളിൽ മീറ്റ് ഷോപ്പ്- കം-റസ്റ്റോറന്റുകൾ ആരംഭിക്കൽ | 8066/ക്യൂ.എൻ.ബി1/2023/നി.സെ |
| 61 | 15 | 3 | 45 | സ്മാർട്ട് കൃഷിഭവൻ പദ്ധതി | 7911/ക്യൂ.എൻ.ബി1 /2023/ലെജി. |
| 62 | 15 | 5 | 82 | സ്മാർട്ട് കൃഷിഭവൻ പദ്ധതി | 17417/ക്യൂ.എൻ .ബി1/2023/ലെജി. |

## III. പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 2 | 139 | ഹെൽത്ത് കാർഡ് | 849/ക്യൂ.എൻ.എ 1/2012/ലെജി. |
| 2 | 13 | 5 | 157 | സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ | 3626/ക്യൂ.എൻ.എ 1/13/ലെജി. |
| 3 | 14 | 1 | 20 | ഹയർ സെക്കൻഡറി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള വേതനം എയ്ഡഡ് | 5848/ക്യൂ.എൻ.എ 1/2017/ലെജി. |
| 4 | 14 | 2 | 4 | മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുവാൻ പദ്ധതി | 1214/ക്യൂ.എൻ.എ 1/2019/ലെജി. |
| 5 | 14 | 2 | 52 | സ്കൂളുകൾ സുരക്ഷിതമാക്കുക എന്ന ലക്ഷ്യം | 1356/ക്യൂ.എൻ.എ 1/2019/ലെജി. |
| 6 | 14 | 5 | 6 | സ്കൂൾ പാചകത്തൊഴിലാളികളെ സ്കൂൾ ജീവനക്കാരായി അംഗീകരിക്കൽ | 4486/ക്യൂ.എൻ.എ 1/2019/ലെജി. |
| 7 | 14 | 7 | 26 | ശാസ്ത്രപോഷിണി ലാബുകൾ | 1891/ക്യൂ.എൻ.ഏ 1/2020/ലെജി. |
| 8 | 14 | 10 | 151 | സ്കൂൾകുട്ടികൾക്കുള്ള അപകടമരണ ആനുകൂല്യം | 19934/ക്യൂ.എൻ.എ 1/2021/ലെജി. |

| | | | | | |
|---|---|---|---|---|---|
| 9 | 14 | 10 | 64 | എയ്ഡഡ് പദവി നൽകിയ സ്പെഷ്യൽ സ്കൂളുകൾ | 20872/ക്യൂ.എൻ .എ 1/2021/ലെജി. |
| 10 | 15 | 5 | 53 | പൊതുവിദ്യഭ്യാസ മേഖലയുടെ സംരക്ഷണം | 9832/ക്യൂ.എൻ.എ 1/2023/ലെജി. |
| 11 | 13 | 4 | 45 | എഡ്യൂക്കേഷൻ വോളന്റിയർമാരുടെ ജോലി സ്ഥിരത | 3955/ക്യൂ.എൻ.എ 2/2012/ലെജി. |
| 12 | 13 | 10 | 69 | വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ് | 760/ക്യൂ. എൻ. എ 2/2015/നി.സെ. |
| 13 | 14 | 5 | 34 | എൽ.എസ്.എസ്/ യു.എസ്.എസ്. സ്കോളർഷിപ്പ് തുക | 4514/ക്യൂ.എൻ.എ 2/2019/ലെജി. |
| 14 | 14 | 5 | 48 | ശ്രദ്ധ പദ്ധതി | 4526/ക്യൂ.എൻ.എ 2/2019/ലെജി. |
| 15 | 14 | 10 | 61 | സ്കൂളുകളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ | 20875/ക്യൂ.എൻ.എ 2/2021/ലെജി. |
| 16 | 14 | 10 | 113 | സർക്കാർ സ്കൂളുകൾക്കായുള്ള ഹാർഡ്‌വെയർ ക്ലിനിക്കുകൾ. | 20851/ക്യൂ.എൻ.എ 2/2021/ലെജി. |
| 17 | 14 | 11 | 132 | വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ | 21420/ക്യൂ.എൻ.എ 2/2021/ലെജി. |
| 18 | 14 | 13 | 43 | ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളുടെ അച്ചടി മലയാളത്തിലാക്കാൻ നടപടി | 615/ക്യൂ.എൻ.എ 2/2022/ലെജി. |
| 19 | 14 | 15 | 88 | സ്കൂൾ തലത്തിൽ നീന്തൽ പരിശീലനത്തിനായി നീന്തൽ കുളം | 661/ക്യൂ.എൻ.എ 2/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 20 | 13 | 1 | 29 | മലയാളം പ്രഥമ ഭാഷ. | 5940/ക്യൂ.എൻ.എ 3/2011/നി.സെ |
| 21 | 13 | 2 | 155 | ബദൽ സ്കൂളുകളുടെ അപ്ഗ്രഡേഷൻ | 865/ക്യൂ.എൻ.എ 3/2012/നി.സെ |
| 22 | 13 | 7 | 5 | സ്കൂൾ പാചകത്തൊഴിലാളികൾക്ക് പെൻഷൻ | 1914/ക്യൂ.എൻ .എ 3/2014/നി.സെ |
| 23 | 13 | 7 | 35 | സ്കൂൾ വിദ്യാർത്ഥികൾക്ക് തിരിച്ചറിയൽ കാർഡ് | 1944/ക്യൂ.എൻ.എ 3/2014/നി.സെ. |
| 24 | 13 | 12 | 11 | സ്കൗട്ട്സ് & ഗൈഡ്സ് വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഭക്ഷണക്രമം | 4459/ക്യൂ.എൻ.എ 3/2015/നി.സെ |
| 25 | 13 | 14 | 47 | ആദിവാസി സ്കൂളുകളിലെ അദ്ധ്യാപക നിയമനം | 447/ക്യൂ.എൻ.എ 3/2016/നി.സെ |
| 26 | 14 | 1 | 78 | അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ | 118/ക്യൂ.എൻ.എ 3/2018/നി.സെ. |
| 27 | 14 | 4 | 61 | മിനിമം വേതനം | 3616/ക്യൂ.എൻ.എ 3/2019/നി.സെ. |
| 28 | 14 | 5 | 8 | അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ തൊഴിൽ ചൂഷണം | 4488/ക്യൂ.എൻ.എ 3/2019/നി.സെ. |
| 29 | 14 | 7 | 6 | സ്കൂളുകളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി | 1871/ക്യൂ.എൻ.എ 3/2020/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 30 | 14 | 13 | 20 | ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു ഓട്ടിസം പാർക്ക് | 604/ക്യൂ.എൻ.എ 3/2022/നി.സെ. |
| 31 | 14 | 19 | 5 | സ്കൂളുകൾക്ക് സുരക്ഷിത കെട്ടിടം | 6332/ക്യൂ.എൻ.3 /2022 /നി.സെ. |
| 32 | 15 | 3 | 48 | ശ്രദ്ധ പദ്ധതി | 7914/ക്യൂ.എൻ .എ 3/2023/നി.സെ. |
| 33 | 15 | 5 | 51 | ബദൽ സ്കൂളുകളുടെ പ്രവർത്തനം | 9830/ക്യൂ.എൻ.എ 3/2023/നി.സെ. |
| 34 | 15 | 5 | 27 | പരീക്ഷാ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയമാക്കാനുള്ള പ്രവർത്തനങ്ങൾ | 9307/ക്യൂ.എൻ എ 3/ 2023 /നി.സെ. |
| 35 | 13 | 11 | 10 | വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾ | 1901/ക്യൂ.എൻ.ബി2/2015/നി.സെ. |
| 36 | 13 | 12 | 4 | e-Mail സംവിധാനം വഴി PSC-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് | 4452/ക്യൂ.എൻ.ബി2/15/ലെജി. |
| 37 | 13 | 13 | 28 | സൗജന്യ യൂണിഫോം വിതരണം | 5629/ക്യൂ.എൻ.ബി2/15/ലെജി. |
| 38 | 14 | 10 | 148 | ഹൈസ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികൾ | 19952/ക്യൂ.എൻ.ബി2/2021/ലെജി. |
| 39 | 14 | 13 | 42 | സ്വകാര്യമേഖലയിലെ അധ്യാപകർക്ക് ന്യായവേതനം | 616/ക്യൂ.എൻ.ബി2/2022/ലെജി. |
| 40 | 14 | 15 | 109 | ഭരണഘടനാ വിദ്യാഭ്യാസം | 2099/ക്യൂ.എൻ.ബി2/2022/ലെജി. |
| 41 | 14 | 19 | 4 | വിദ്യാഭ്യാസചട്ടങ്ങളിൽ പുതിയ ഭേദഗതികൾ | 6331/ക്യൂ.എൻ.ബി2/2022 /ലെജി. |

| | | | | | |
|---|---|---|---|---|---|
| 42 | 15 | 2 | 67 | ഭിന്നശേഷിക്കാർക്ക് സംവരണം | 18319/ക്യൂ.എൻ.ബി3 /2022/ലെജി. |
| 43 | 14 | 2 | 21 | സ്കൂളുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ | 1264/ക്യൂഎൻബി3/2019/ലെജി. |
| 44 | 15 | 5 | 5 | സ്കൂൾ സിലബസിൽ മാറ്റങ്ങൾക്കുള്ള നടപടി | 9010/ക്യൂ.എൻ.ബി3/2023/ലെജി. |
| 45 | 15 | 5 | 16 | മാതൃഭാഷ പഠനം | 9296/ക്യൂ.എൻ. ബി3 /2023/ലെജി. |
| 46 | 15 | 5 | 86 | കാളംതിരുത്തി MGLC സ്കൂളിന്റെ പ്രവർത്തനം | 17423/ക്യൂ.എൻ.ബി3/2023/ലെജി. |
| 47 | 13 | 2 | 104 | സർക്കാർ സ്കൂളുകൾക്ക് ഭൂമി | 814/ക്യൂ.എൻ. ബി1/2012/നി.സെ. |
| 48 | 13 | 9 | 38 | കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാള പഠനം | 4120/ക്യൂ.എൻ. ബി1/2014/നി.സെ. |
| 49 | 13 | 9 | 62 | പ്രഭാത ഭക്ഷണം നൽകാൻ നടപടി | 4144/ക്യൂ.എൻ. ബി1/2014/നി.സെ. |
| 50 | 14 | 4 | 32 | സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതി | 3587/ക്യൂ.എൻ.ബി1/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 51 | 14 | 10 | 150 | അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് അർഹമായ വേതനം | 19935/ക്യൂ.എൻ.ബി1/2021/ലെജി. |
| 52 | 14 | 11 | 7 | ബധിരവിദ്യാലയങ്ങൾക്ക് മാസ്റ്റർ പ്ലാൻ | 272/ക്യൂ.എൻ.ബി1/2022/ലെജി. |
| 53 | 14 | 11 | 14 | പ്രീ-പ്രൈമറി അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥ | 266/ക്യൂ.എൻ.ബി1/2022/ലെജി. |
| 54 | 14 | 13 | 38 | സ്കൂളുകളിൽ നീന്തൽ പഠനം | 620/ക്യൂ.എൻ.ബി1/2022/ലെജി. |
| 55 | 14 | 18 | 14 | വിദ്യാഭ്യാസ സമിതികൾക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങാനുള്ള അനുമതി സംബന്ധിച്ച് | 3605/ക്യൂ.എൻ.ബി1/2022/ലെജി. |
| 56 | 15 | 5 | 18 | വിദ്യാർത്ഥികളുടെ സർഗ്ഗ വാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് നടപടി | 9298/ക്യൂ.എൻ. ബി3/ 2023 /ലെജി. |
| 57 | 15 | 6 | 14 | പൊതുവിദ്യാഭ്യാസ മുന്നേറ്റം കാത്തുസൂക്ഷിക്കാൻ നടപടി | 17494/ QN B1/2023/ലെജി. |

## IV. ജലവിഭവ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 5 | 121 | ജലാശയങ്ങളെ മാലിന്യ മുക്തമാക്കൽ | 3590/ക്യൂ.എൻ.എ 1/2019/ലെജി. |
| 2 | 13 | 14 | 103 | പൊതുസ്ഥലങ്ങളിൽ അക്വ വാട്ടറിന്റെ വെൻഡിംഗ് മെഷീനുകൾ | 503/ക്യൂ.എൻ.എ 1/2016/ലെജി. |
| 3 | 13 | 14 | 109 | ജലസ്രോതസ്സുകളിലെ മലിനീകരണം | 509/ക്യൂ.എൻ.എ 1/2016/ലെജി. |
| 4 | 14 | 5 | 12 | ഭൂതത്താൻകെട്ട് റിസർവോയറും കുട്ടമ്പുഴയാറും സംരക്ഷിക്കുന്നതിന് നടപടി | 4492/ക്യൂ.എൻ.എ 1/2019/ലെജി. |
| 5 | 14 | 5 | 50 | കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗിക്കാൻ പദ്ധതി | 4530/ക്യൂ.എൻ.എ 1/2019/ലെജി. |
| 6 | 14 | 18 | 1 | ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് നടപടി | 3592/ക്യൂ.എൻ.ഏ 1/2022/ലെജി. |
| 7 | 14 | 22 | 9 | നദികളുടെ നീരൊഴുക്ക് നിലനിർത്തി ജലശുദ്ധി ഉറപ്പാക്കുന്നതിനുള്ള തുടർപദ്ധതികൾ | 10208/ക്യൂ.എൻ.എ 1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 8 | 15 | 2 | 62 | അതിതീവ്ര കടലാക്രമണം തടയാൻ നടപടി | 18315/ക്യൂ.എൻ.എ 1/2022/ലെജി. |
| 9 | 15 | 3 | 16 | സ്കാനിംഗ് മെഷീൻ സ്വായത്തമാക്കുന്നതിനുള്ള നടപടി | 23021/QN A1/ലെജി. |
| 10 | 13 | 1 | 93 | കൈനൂർചിറ റെഗുലേറ്റർ- കം- ബിഡ്ജ് പുനർനിർമ്മാണം | 6004/ക്യൂ.എൻ.എ 2./2011/ലെജി. |
| 11 | 13 | 10 | 27 | കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി | 718/ക്യൂ.എൻ.എ 2/2015/നി.സെ. |
| 12 | 14 | 1 | 64 | ശുദ്ധജല വിതരണമേഖല വിപുലീകരിയ്ക്കാൻ നടപടി. | 104/ക്യൂ.എൻ.എ 2/18/ലെജി. |
| 13 | 14 | 4 | 36 | പറമ്പിക്കുളം - ആളിയാർ കരാർ ലംഘനം | 3591/ക്യൂ.എൻ.എ 2/2019/ലെജി. |
| 14 | 14 | 5 | 4 | പുഴകളിൽ റഗുലേറ്റർ -കം- ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി. | 4484/ക്യൂ.എൻ.എ 2/2019/ലെജി. |
| 15 | 14 | 15 | 114 | ലാന്റ് റിക്ലമേഷൻ സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ. | 2104/ക്യൂ.എൻ.എ 2/2022/ലെജി. |
| 16 | 15 | 2 | 74 | തീരസംരക്ഷണ പ്രവർത്തനങ്ങൾ | 18327/ക്യൂ.എൻ.എ 2/2022/ലെജി. |
| 17 | 15 | 2 | 57 | ജലസേചന പദ്ധതികളുടെ പൂർത്തീകരണം | 17884/ക്യൂ.എൻ.എ 2/2022/നി.സെ. |
| 18 | 15 | 3 | 38 | നദികളുടെ വാഹകശേഷി പുനഃസ്ഥാപിക്കാൻ നടപടി | 8061/ക്യൂ.എൻ.എ 2/2023/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 19 | 14 | 11 | 17 | ജലനയ പരിഷ്കരണവും ജലസേചന വകുപ്പിന്റെ പുനഃസംഘടനവും | 263/ക്യൂ.എൻ.എ 3/2022/നി.സെ. |
| 20 | 14 | 15 | 94 | റൂം ഫോർ റിവർ | 657/ക്യൂ.എൻ.എ 3/2022/നി.സെ. |
| 21 | 15 | 5 | 3 | ഗാർഹിക കിണറുകളുടെ സംരക്ഷണം | 9009/ക്യൂ.എൻ.എ 3/2023/നി.സെ. |
| 22 | 14 | 4 | 9 | ക്ഷേമനിധി പെൻഷൻ | 3564/ക്യൂ.എൻ.ബി2/2019/ലെജി. |
| 23 | 14 | 22 | 6 | റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി രൂപീകരണം | 10205/ക്യൂ.എൻ.ബി2/2022/ലെജി. |
| 24 | 15 | 2 | 75 | കെ. എം. മാണി മൈക്രോ ഇറിഗേഷൻ പദ്ധതി | 18328/ക്യൂ.എൻ.ബി2/2022/ലെജി. |
| 25 | 15 | 3 | 7 | ചെറുകിട ജലസേചന പദ്ധതികൾ | 20534/ QN B2/2022/ലെജി. |
| 26 | 15 | 3 | 1 | കായലുകളുടെയും കുളങ്ങളുടെയും ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി | 20524/ക്യൂ.എൻ.ബി2/ലെജി. |
| 27 | 15 | 3 | 33 | നഗരപ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി | 8055/ക്യൂ.എൻ.ബി 2/2023/നി.സെ |

| | | | | | |
|---|---|---|---|---|---|
| 28 | 15 | 5 | 2 | പ്രളയഭീഷണി നേരിടുന്നതിന് മാസ്റ്റർ പ്ലാൻ | 9008/ക്യൂ.എൻ.ബി2/2023/ലെജി. |
| 29 | 14 | 1 | 77 | കുടിവെള്ള കുപ്പി നിർമ്മാതാക്കൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ | 117/ക്യൂ.എൻ.ബി3/18/ലെജി. |
| 30 | 14 | 22 | 2 | ഭൂജല സംരക്ഷണവും സംപോഷണവും എന്ന പ്ലാൻ പദ്ധതി (ബോർവെൽ റീചാർജ്ജ് പദ്ധതി) | 10200/ക്യൂ.എൻ.ബി3/2022/ലെജി. |
| 31 | 15 | 1 | 8 | ജലസംരക്ഷണ പദ്ധതികൾ | 13968/ക്യൂ.എൻ.ബി3/2022/ലെജി. |
| 32 | 15 | 2 | 60 | ഭാരതപ്പുഴയുടെ സംരക്ഷണം | 17887/ക്യൂ.എൻ.ബി3/2022/നി.സെ. |
| 33 | 15 | 3 | 15 | ഡ്രെയിനേജുകൾക്ക് സമീപത്ത് നിന്നും കുടിവെള്ള വിതരണ പൈപ്പ് മാറ്റുന്നതിന് നടപടി | 20543/ QN B3/2022/ലെജി. |
| 34 | 13 | 1 | 20 | മൂലത്തറ ഡാം | 5931/ക്യൂ.എൻ./ബി1/2011/നി.സെ. |
| 35 | 13 | 5 | 44 | ഡാമുകളിലെ മണൽ വിപണനം ചെയ്യാൻ പദ്ധതി | 3513/ക്യൂ.എൻ./ബി1/2013/നി.സെ. |
| 36 | 13 | 8 | 62 | ദേശീയപാതയോരങ്ങളിലുള്ള ഭൂമി ഉപയുക്തമാക്കുന്നതിന് നടപടി | 2160/ക്യൂ.എൻ./ബി1/2014/നി.സെ. |
| 37 | 13 | 9 | 56 | ഭൂഗർഭജലചൂഷണം തടയുന്നതിനുള്ള നിയമനിർമ്മാണം | 4138/ക്യൂ.എൻ./ബി1/2014/നി.സെ. |
| 38 | 13 | 8 | 74 | ഭൂഗർഭജല സംരക്ഷണം | 2172/ക്യൂ.എൻ./ബി1/2014/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 39 | 13 | 8 | 50 | വരൾച്ച നേരിടാൻ നടപടി | 2148/ക്യൂ.എൻ.ബി1/2014/നി.സെ |
| 40 | 14 | 5 | 37 | നഗരങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് എ.ഡി.ബി. സഹായത്തോടെ പദ്ധതി | 4517/ക്യൂ.എൻ.ബി1/2019/ലെജി. |
| 41 | 14 | 16 | 9 | റൂം ഫോർ റിവർ പദ്ധതി | 3407/ക്യൂ.എൻ.ബി1/2022/ലെജി. |
| 42 | 14 | 1 | 73 | അന്തർ സംസ്ഥാന നദീജല കരാർ | 113/ക്യൂ.എൻ .ബി1/18/ലെജി. |
| 43 | 14 | 5 | 11 | പ്രധാന നദികളുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ | 4491/ക്യൂ.എൻ.ബി1/2019/ലെജി. |
| 44 | 14 | 22 | 10 | ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ രൂപീകരണം | 10209/ക്യൂ.എൻ.ബി1/2022/ലെജി. |
| 45 | 15 | 2 | 20 | കടൽ ജലം ശുദ്ധീകരിച്ച് വേർതിരിക്കാൻ നടപടി | 16789/ക്യൂ.എൻ.ബി1/2022/നി.സെ |
| 46 | 15 | 3 | 37 | നദീതട പരിപാലന അതോറിറ്റി രൂപീകരണം | 8060/ക്യൂ.എൻ.ബി1/2023/നി.സെ |
| 47 | 13 | 9 | 92 | ഫിലിം സിറ്റി | 4174/ക്യൂ.എൻ.ബി1/14/ലെജി. |

V. മത്സ്യബന്ധന തുറമുഖ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 1 | 14 | മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്. | 5842/ക്യൂ.എൻ.എ 1/2017/ലെജി. |
| 2 | 14 | 10 | 105 | പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള നടപടികൾ | 20859/ക്യൂ.എൻ.എ 1/2021/ലെജി. |
| 3 | 15 | 2 | 31 | മത്സ്യവിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത. | 16800/ക്യൂ.എൻ.എ 1/2022/നി.സെ |
| 4 | 15 | 4 | 13 | തുറമുഖ വികസന പ്രവർത്തനങ്ങൾ | 8321/Qn. എ 1/2023/Leg |
| 5 | 15 | 5 | 29 | മത്സ്യഫെഡ് ഔട്ട്‌ലെറ്റുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ നടപടി | 9309/ക്യൂ.എൻ എ 1/ 2023 /ലെജി |
| 6 | 13 | 10 | 99 | കോൾഡ് ചെയിൻ പദ്ധതി | 790/ക്യൂ.എൻ.എ 2/2015/ലെജി. |
| 7 | 14 | 5 | 16 | ചെറിയ തുറമുഖങ്ങൾ - നവീകരണം | 4496/ക്യൂ.എൻ.എ 2/2019/ലെജി. |
| 8 | 14 | 7 | 4 | അതിവേഗ യാത്രാ കപ്പൽ സർവ്വീസ് | 1869/ക്യൂ.എൻ.എ 2/2020/ലെജി. |
| 9 | 14 | 19 | 3 | കടൽ തീരത്തുനിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കംചെയ്യുന്നതിന് നടപടി | 6330/ക്യൂ.എൻ.എ 2/2022 /ലെജി. |

| | | | | | |
|---|---|---|---|---|---|
| 10 | 15 | 2 | 9 | മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് സഹായം | 16660/ക്യൂ.എൻ.എ 2/2022/നി.സെ. |
| 11 | 14 | 1 | 84 | തീരദേശ വികസന കോർപ്പറേഷൻ | 2272/ക്യൂ.എൻ.എ 3/2018/നി.സെ. |
| 12 | 14 | 4 | 25 | തീരദേശ കപ്പൽ ഗതാഗത പദ്ധതി | 3580/ക്യൂ.എൻ.എ 3/2019/നി.സെ. |
| 13 | 15 | 1 | 2 | തുറമുഖങ്ങളുടെ വികസനം | 13960/ക്യൂ.എൻ.എ 3/2022/നി.സെ. |
| 14 | 15 | 2 | 88 | നൂതന മത്സ്യകൃഷി രീതികൾ | 18993/ക്യൂ.എൻ.എ 3/2022/നി.സെ. |
| 15 | 15 | 2 | 11 | മത്സ്യബന്ധന നയം പരിഷ്കരിക്കാൻ നടപടി | 16776/ക്യൂ.എൻ.എ 3/2022/നി.സെ. |
| 17 | 14 | 5 | 3 | ആഴക്കടൽ മത്സ്യബന്ധനത്തിന് തൊഴിലാളികൾക്ക് പരിശീലനം | 4483/ക്യൂ.എൻ.ബി2/2019/ലെജി. |
| 18 | 14 | 5 | 21 | മത്സ്യം ഹാർബറിൽ നിന്ന് മാർക്കറ്റുകളിൽ എത്തിക്കാനുള്ള നടപടി | 4501/ക്യൂ.എൻ.ബി2/2019/ലെജി. |
| 19 | 14 | 7 | 21 | പൊതുമേഖലാ കമ്പനി രൂപീകരണം | 1886/ക്യൂ.എൻ.ബി2/2020/ലെജി. |
| 20 | 14 | 11 | 131 | തീരദേശ മേഖലയുടെ സമഗ്ര വികസനം | 21421/ക്യൂ.എൻ.ബി2/2021/ലെജി. |

| | | | | | |
|---|---|---|---|---|---|
| 21 | 14 | 15 | 95 | അഴീക്കൽ തുറമുഖ വികസനം | 655/ക്യൂ.എൻ.ബി2/2022/ലെജി. |
| 22 | 14 | 22 | 25 | വൻകിടേതര തുറമുഖങ്ങളുടെ വികസനത്തിനുള്ള നടപടികൾ | 10410/ക്യൂ.എൻ.ബി2/2022/ലെജി. |
| 23 | 15 | 2 | 10 | മത്സ്യബന്ധന യാനങ്ങളുടെ നിർമ്മാണം. | 16661/ക്യൂ.എൻ.ബി2/2022/നി.സെ. |
| 24 | 15 | 4 | 26 | ഫിഷ് മാർട്ടുകൾ | 8694/ക്യൂ.എൻ .ബി2/2023/ലെജി. |
| 26 | 15 | 5 | 32 | മത്സ്യവിഭവ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ | 9476/ക്യൂ.എൻ.ബി2/2023/ലെജി. |
| 27 | 15 | 5 | 20 | മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കാൻ നടപടി | 9300/ക്യൂ.എൻ B2/ 2023 /ലെജി. |
| 28 | 14 | 9 | 9 | തുറമുഖങ്ങളെ ഉൾനാടൻ ജലപാതയുമായി ബന്ധിപ്പിക്കൽ | 1900/ക്യൂ.എൻ.ബി3/2020/ലെജി. |
| 29 | 14 | 13 | 19 | മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി റസ്ക്യൂ സ്ക്വാഡ് | 605/ക്യൂ.എൻ.ബി3/2022/ലെജി. |
| 30 | 15 | 3 | 34 | മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതി. | 8057/ക്യൂ.എൻ.ബി3/2023/നി.സെ. |
| 31 | 13 | 10 | 14 | മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള നഷ്ടപരിഹാരം | 705/ക്യൂഎൻബി1/2015/ലെജി. |
| 32 | 14 | 1 | 85 | കടൽ സുരക്ഷാ പദ്ധതി | 2273/ക്യൂ.എൻ.ബി1 /2018 /ലെജി. |
| 33 | 14 | 2 | 25 | വെറ്റിനറി സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ | 1268/ക്യൂഎൻബി1/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 34 | 14 | 22 | 4 | മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ | 10203/ക്യൂഎൻബി1/2022/ലെജി. |
| 35 | 14 | 2 | 37 | മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ഭവന പദ്ധതി | 1280/ക്യൂഎൻബി1/2019/ലെജി. |
| 36 | 14 | 19 | 2 | ജലയാനങ്ങളുടെ രജിസ്ട്രേഷൻ | 6329/ക്യൂ.എൻ.ബി1 /2022 /ലെജി. |
| 37 | 15 | 2 | 63 | ഫിഷറീസ് ടൂറിസം സാധ്യതകൾ | 18317/ക്യൂ.എൻ .B1/2022/ലെജി. |
| 38 | 15 | 2 | 79 | മത്സ്യമേഖലയിലെ വനിതകളുടെ ക്ഷേമത്തിനുള്ള പദ്ധതികൾ | 18984/ക്യൂ.എൻ.ബി1/2022/ലെജി. |
| 39 | 15 | 2 | 56 | മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ക്ഷേമം | 17882/ക്യൂ.എൻ.ബി1/2022/നി.സെ |
| 40 | 15 | 5 | 30 | ജനകീയ മത്സ്യകൃഷി | 9310/ക്യൂ.എൻ B1/ 2023 /ലെജി |
| 41 | 15 | 5 | 72 | മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി | 12265/ക്യൂ.എൻ.ബി1/2023/ലെജി. |
| 42 | 15 | 5 | 6 | പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി | 9012/ക്യൂ.എൻ.ബി1/2023/ലെജി. |
| 43 | 15 | 5 | 36 | തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവികസനം | 9481/ക്യൂ.എൻ.ബി1/2023/ലെജി. |

VI. വ്യവസായ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 2 | 79 | പ്രകൃതി വാതക പൈപ്പ് ലൈൻ | 789/ക്യു.എൻ.ഏ 1/2012/ലെജി. |
| 2 | 14 | 1 | 8 | ട്രാവൻകൂർ ടൈറ്റാനിയം | 5836/ക്യു.എൻ.ഏ 1/2017/ലെജി. |
| 3 | 14 | 4 | 53 | ടെക് സ്റ്റൈൽ മേഖലയെ ശക്തിപ്പെടുത്താൻ നടപടി | 3608/ക്യു.എൻ.ഏ 1/2019/ലെജി. |
| 4 | 14 | 9 | 6 | അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളുടെ ഭൂമിയുടെ ഉപയോഗവും പുനരുദ്ധാരണവും | 1897/ക്യു.എൻ.ഏ 1/2020/ലെജി. |
| 5 | 15 | 2 | 37 | മെയ്ഡ് ഇൻ കേരള ബ്രാൻഡ്. | 16807/ക്യു.എൻ.എ 1/2022/നി.സെ. |
| 6 | 15 | 2 | 49 | വ്യവസായ പുനരുജ്ജീവന പാക്കേജ് | 17876/ക്യു.എൻ.എ 1/2022/നി.സെ. |
| 7 | 15 | 2 | 19 | പാലക്കാട് റൈസ് പാർക്ക്. | 16788/ക്യു.എൻ.എ 1/നി.സെ. |
| 8 | 15 | 3 | 22 | പരമ്പരാഗത നെയ്ത്തുകാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ | 23027/ക്യു.എൻ. എ 1/2022/ലെജി. |
| 9 | 15 | 3 | 4 | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി | 20530/ ക്യൂ.എൻ. എ 1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 10 | 15 | 5 | 23 | കരിമണൽ ഖനനം പൊതുമേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ നടപടി | 9303/ക്യൂ.എൻ. എ 1/ 2023 /ലെജി. |
| 11 | 13 | 2 | 39 | ബാംബൂ കോർപ്പറേഷൻ പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റുകളിലെ തൊഴിലാളികളുടെ വേതനം | 749/ക്യൂ.എൻ.എ 2/2012/ലെജി. |
| 12 | 13 | 5 | 15 | കയർ ജിയോ ടെക്സ്റ്റൈൽ | 3484/ക്യൂ.എൻ.എ 2/2013/ലെജി. |
| 13 | 13 | 2 | 45 | പ്രവർത്തന രഹിതമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതി | 3514/ക്യൂ.എൻ.എ 2/2013/ലെജി. |
| 14 | 14 | 10 | 161 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ പനമ്പ് നെയ്ത്തുകാർ | 19922/ക്യൂ.എൻ.എ 2/2021/ലെജി. |
| 15 | 14 | 15 | 120 | റൈസ് മില്ലുകൾ ആവിഷ്കരിക്കുവാൻ പദ്ധതി | 2110/ക്യൂ.എൻ.എ 2/2022/ലെജി. |
| 16 | 14 | 22 | 17 | തലസ്ഥാനത്തെ സിറ്റി ഗ്യാസ് പദ്ധതി | 10217/ക്യൂ.എൻ.എ 2/2022/ലെജി. |
| 17 | 15 | 1 | 17 | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി | 16558/ക്യൂ.എൻ.എ 2/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 18 | 15 | 2 | 3 | വ്യവസായ സൗഹൃദ നടപടികളിലൂടെ നിക്ഷേപം ആകർഷിക്കാൻ നടപടി | 16653/ക്യൂ.എൻ.എ 2/2022/ലെജി. |
| 19 | 15 | 2 | 33 | കെൽട്രോൺ മുഖേനയുള്ള ശ്രവണസഹായികളുടെ നിർമ്മാണം | 16802/ക്യൂ.എൻ.എ 2/2022/നി.സെ |
| 20 | 15 | 4 | 29 | സ്വകാര്യ വ്യവസായ എസ്റ്റേറ്റ് രൂപീകരിക്കാൻ പുതിയ നയം | 8935/ക്യൂ.എൻ.എ 2/2023/ലെജി. |
| 21 | 15 | 5 | 73 | കയർ മേഖലയിലെ പ്രതിസന്ധി പഠിക്കാൻ വിദഗ്ധ സമിതി രൂപീകരണം. | 12266/ക്യൂ.എൻ.എ 2/2023/ലെജി. |
| 22 | 15 | 5 | 79 | റബ്ബർ ലിമിറ്റഡ് കമ്പനി പ്രവർത്തനം ആരംഭിക്കാൻ നടപടി | 12273/ക്യൂ.എൻ.എ 2 2023/ലെജി. |
| 23 | 15 | 6 | 49 | പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം | 17673/ക്യൂ.എൻ.എ 2/2023/ലെജി. |
| 24 | 13 | 16 | 7 | കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി അധിക സ്ഥലം | 5762/ക്യൂ.എൻ.എ 3/2016/നി.സെ |
| 25 | 15 | 1 | 7 | കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ | 13967/ക്യൂ.എൻ.എ 3/2022/നി.സെ |

| | | | | | |
|---|---|---|---|---|---|
| 26 | 15 | 2 | 53 | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ | 17879/ക്യൂ.എൻ.എ 3/2022/നി.സെ |
| 27 | 15 | 3 | 14 | സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ | 20542/ ക്യൂ.എൻ.എ 3/2022/ നി.സെ |
| 28 | 15 | 4 | 31 | ഖാദി-കൈത്തറി ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം പ്രാവർത്തികമാക്കാൻ നടപടി | 8937/ക്യൂ.എൻ.എ 3/2023/നി.സെ. |
| 29 | 15 | 5 | 9 | സൂക്ഷ്മ ചെറുകിടസംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതി | 9015/ക്യൂ.എൻ.എ 3/2023/നി.സെ. |
| 30 | 13 | 8 | 40 | വ്യവസായ സ്ഥാപനങ്ങളിലെ മാലിന്യ നിർമാർജ്ജനം | 2138/ക്യൂ.എൻ.ബി2/2014/ലെജി |
| 31 | 15 | 2 | 36 | ബഹുനില വ്യവസായ പാർക്കുകൾ | 16806/ക്യൂ.എൻ.ബി2/ 2022/ നി.സെ. |
| 32 | 15 | 2 | 52 | പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം | 17878/ക്യൂ.എൻ.ബി2/2022/നി.സെ |
| 33 | 15 | 3 | 39 | വയനാട് ജില്ലയിലെ വ്യവസായ പാർക്ക് | 8062/ക്യൂ.എൻ.ബി2/2023/നി.സെ |
| 34 | 15 | 4 | 30 | ഓൺലൈൻ ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി | 8936/ക്യൂ.എൻ.ബി2/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 35 | 15 | 5 | 74 | സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ | 12268/ക്യു.എൻ.ബി2/2023/ലെജി. |
| 36 | 15 | 6 | 50 | ചെറുകിട ഉൽപന്ന വിപണനം | 17674/ക്യു.എൻ.ബി2/2023/ലെജി. |
| 37 | 14 | 1 | 19 | കാപെക്സിനെ ആധുനികവത്കരിക്കാൻ നടപടി | 5847/ക്യു.എൻ .B1/2017/ലെജി. |
| 38 | 15 | 3 | 23 | ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ | 23028/ക്യു.എൻ. B1/2022/ലെജി. |
| 39 | 15 | 4 | 28 | മലബാർ സിമന്റ്സിന്റെ ഉൽപാദനവും വിപണനവും ഉയർത്താനുള്ള പദ്ധതികൾ | 8934/ക്യു.എൻ.ബി1/2023/ലെജി. |
| 40 | 15 | 5 | 78 | വ്യവസായ പാർക്കുകളിൽ സൗരോർജ്ജ ഉൽപാദനം പ്രോത്സാഹിപ്പിക്കാൻ നടപടി | 12272/ക്യു.എൻ.ബി1/2023/ലെജി. |
| 41 | 15 | 6 | 42 | കാസർഗോഡ് കെ.എസ്.ഐ.ഡി.സി. | 17666/ക്യു.എൻ.ബി1/2023/ലെജി. |

**VII. ഗതാഗത വകുപ്പ്**

| ക്രമ നമ്പർ | നിയമ സഭ | സമ്മേള നം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 11 | 43 | ഷെയർ ടാക്സി-ഓട്ടോ സംവിധാനം | 1934/ക്യു.എൻ.എ 1/2015/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 2 | 13 | 16 | 15 | ഓട്ടോറിക്ഷകളിൽ ബില്ലിംഗ് സൗകര്യത്തോടുള്ള മീറ്റർ | 5770/ക്യൂ.എൻ.എ 1/2016/ലെജി. |
| 3 | 14 | 1 | 80 | റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി | 120/ക്യൂ.എൻ.എ 1/18/ലെജി. |
| 4 | 14 | 10 | 157 | റോഡപകടങ്ങളുടെ തോത് കുറയ്ക്കുന്നതിന് നടപടി | 19927/ക്യൂ.എൻ.എ 1/2021/ലെജി. |
| 5 | 15 | 3 | 44 | സമുദ്ര ബസ് സർവ്വീസിന്റെ വിപുലീകരണം | 7910/ക്യൂ.എൻ.എ 1/2023/ലെജി. |
| 6 | 15 | 5 | 4 | സി.എൻ.ജി. ബസ്സുകൾ | 9011/ക്യൂ.എൻ.എ 1/2023/ലെജി |
| 7 | 13 | 2 | 57 | ഗതാഗത വകുപ്പിന്റെ നിയമപരിപാലന സംവിധാനം | 767/ക്യൂ.എൻ.എ 2/2012/ലെജി. |
| 8 | 13 | 6 | 39 | തിരൂരിലെ സബ് ആർ.ടി.ഓഫീസ് അപ്ഗ്രഡേഷൻ | 901/ക്യൂ.എൻ.എ 2/2014/ലെജി. |
| 9 | 13 | 14 | 69 | ആംബുലൻസുകളുടെ യാത്രാപ്രശ്നം | 469/ക്യൂ.എൻ.എ 2/16/ലെജി. |
| 10 | 14 | 1 | 82 | ആർ. ടി. ഒ. ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് റെയ്ഡ് | 122/ക്യൂ.എൻ.എ 2/18/ലെജി. |

| | | | | | |
|---|---|---|---|---|---|
| 11 | 14 | 13 | 23 | റോഡുസുരക്ഷ ഉറപ്പാക്കുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ | 608/ക്യു.എൻ.എ 2/2022/ലെജി. |
| 12 | 15 | 6 | 3 | പരിഷ്കരണപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നടപടി | 17432/ക്യു.എൻ.എ 2/2023/ലെജി. |
| 13 | 13 | 9 | 17 | റോഡ് സേഫ്റ്റി ക്യാമറകൾ | 4099/ക്യു.എൻ. എ 3/2014/നി.സെ |
| 14 | 13 | 10 | 119 | ടാങ്കർ ലോറി ദുരന്തങ്ങൾ | 810/ക്യു.എൻ .എ 3/2015/ നി.സെ |
| 15 | 13 | 12 | 59 | ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നത് | 4507/ക്യു.എൻ .എ 3/2015/നി.സെ. |
| 16 | 13 | 15 | 17 | റോഡ് അപകടങ്ങൾ | 5744/ക്യു.എൻ .എ 3/2016/നി.സെ. |
| 17 | 14 | 10 | 147 | ഗതാഗത നിയമ അവബോധം | 19953/ക്യു.എൻ.എ 3/2021/നി.സെ. |
| 18 | 14 | 10 | 159 | ആംബുലൻസ് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മാനദണ്ഡം | 19925/ക്യു.എൻ.എ 3/2021/നി.സെ. |
| 19 | 14 | 13 | 57 | ഇലക്ട്രിക് വാഹനങ്ങൾക്ക് അനുമതി | 597/ക്യു.എൻ.എ 3/2022/നി.സെ. |
| 20 | 15 | 5 | 57 | ജലപാത വികസിപ്പിക്കുന്നതിന് നടപടി | 9836/ക്യു.എൻ.എ 3/2023/നി.സെ. |
| 21 | 13 | 9 | 16 | കെ.എസ്.ആർ.ടി.സി.യിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം | 4098/ക്യു.എൻ.ബി2/2014/ലെജി. |

| | | | | | |
|---|---|---|---|---|---|
| 22 | 13 | 15 | 16 | റോഡ് അപകടങ്ങൾ | 5743/ക്യൂ.എൻ.ബി2/2016/ലെജി. |
| 23 | 14 | 1 | 81 | കെ. എസ്. ആർ. ടി. സി. യിൽ ജി. പി. എസ്. സംവിധാനം | 121/ക്യൂ.എൻ.ബി2/18/ലെജി. |
| 24 | 14 | 4 | 45 | സ്വകാര്യ ബസുകളിലെ ജി. പി.എസ്. സംവിധാനം | 3600/ക്യൂ.എൻ.ബി2/2019/ലെജി. |
| 25 | 14 | 15 | 103 | കോൺട്രാക്ട് ക്യാരേജുകൾക്ക് നിരക്ക് നിശ്ചയിക്കുന്ന നടപടി | 2093/ക്യൂ.എൻ.ബി2/2022/ലെജി. |
| 26 | 14 | 22 | 19 | കെ.എസ്.ആർ.ടി. സി.യുടെ കൈവശമുള്ള പട്ടയം ലഭിക്കാത്ത ഭൂമിയ്ക്ക് പട്ടയം നേടുന്നതിനുള്ള നടപടി | 10218/ക്യൂ.എൻ.ബി2/2022/ലെജി. |
| 27 | 15 | 5 | 50 | സമഗ്ര ഗതാഗത നയം. | 9827/ക്യൂ.എൻ.ബി2/2023/ലെജി. |
| 28 | 13 | 12 | 72 | സ്വകാര്യ ബസ്സുകളുടെ സൂപ്പർ ക്ലാസ് പദവി | 4520/ക്യൂ.എൻ.ബി3/15/ലെജി. |
| 29 | 14 | 1 | 83 | ഡീസൽ എഞ്ചിൻ ഘടിപ്പിച്ച വാഹനങ്ങൾക്ക് വിലക്ക് | 2271/ക്യൂ.എൻ.ബി3/18/ലെജി. |
| 30 | 14 | 4 | 46 | വാട്ടർ ടാക്സി, ക്രൂയിസ് വെസ്സൽ സർവ്വീസുകൾ | 3601/ക്യൂ.എൻ.ബി3/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 31 | 14 | 9 | 3 | റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി | 1894/ക്യൂ.എൻ.ബി3/2020/ലെജി. |
| 32 | 14 | 10 | 146 | പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്താൻ നടപടി | 20835/ക്യൂഎൻ.ബി 3//ലെജി. |
| 33 | 15 | 3 | 31 | കെ റയിൽ പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ ഉണ്ടാകുന്ന ആശങ്ക പരിഹരിക്കാൻ നടപടി | 23026/ക്യൂ.എൻ. ബി3/2022/ലെജി. |
| 34 | 15 | 5 | 40 | മോട്ടോർ തൊഴിലാളികളുടെ വേതനം പുതുക്കുന്നതിന് നടപടി | 9485/ക്യൂ.എൻ.ബി3/2023/ലെജി. |
| 35 | 14 | 5 | 31 | ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം | 4511/ക്യൂ.എൻ.ബി1/2019/ലെജി. |
| 36 | 15 | 6 | 20 | പ്രധാന റൂട്ടുകളിലെ ഷെഡ്യൂളുകൾ പുനർനിർണയിക്കുന്നതിന് നടപടി | 17500/QN B1/2023/ലെജി. |

**VIII. വിനോദസഞ്ചാര വകുപ്പ്**

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 14 | 16 | 8 | മൂന്നാറിൽ ട്രെയിൻ സംവിധാനം പുനരാവിഷ്കാരണതിനുള്ള പദ്ധതി | 3406/ക്യൂ.എൻ.എ 1/2022/ലെജി |

| | | | | | |
|---|---|---|---|---|---|
| 2 | 15 | 1 | 4 | ടൂറിസം മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് | 13963/ക്യു.എൻ.എ 1/2022/ലെജി. |
| 3 | 15 | 2 | 90 | പ്രാദേശിക ടൂറിസം വികസനം | 18995/ക്യു.എൻ.എ 1/2022/ലെജി. |
| 4 | 15 | 4 | 7 | ഹെലിടൂറിസം | 8312/ക്യു.എൻ .എ 1/2023/ലെജി. |
| 5 | 15 | 5 | 47 | ആംഫിബിയൻ വാഹനസൗകര്യം. | 9824/ക്യു.എൻ.എ 1/2023/ലെജി. |
| 6 | 13 | 2 | 165 | മൂന്നാർ ടൂറിസം മാസ്റ്റർ പ്ലാൻ | 875/ക്യു.എൻ.എ 2/2012/ലെജി. |
| 7 | 13 | 5 | 171 | തുമ്പൂർമൂഴി ഏഴാറ്റുമുഖം റോപ് വേ | 3640/ക്യു.എൻ.എ 2/13/ലെജി. |
| 8 | 13 | 14 | 3 | ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനം | 403/ക്യു.എൻ.എ 2/16/ലെജി. |
| 9 | 14 | 1 | 94 | ഉത്തരവാദ ടൂറിസം പദ്ധതി. | 2282/ക്യു.എൻ.എ 2/18/ലെജി. |
| 10 | 14 | 4 | 18 | അതിരപ്പിള്ളി ടൂറിസം പദ്ധതി | 3773/ക്യു.എൻ.എ 2/2019/ലെജി. |
| 11 | 14 | 11 | 6 | ടൂറിസം സംരംഭകത്വ ഫണ്ട് | 273/ക്യു.എൻ.എ 2/2022/ലെജി. |
| 12 | 15 | 2 | 80 | വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി പദ്ധതികൾ | 18985/ക്യു.എൻ.എ 2/2022/ലെജി. |
| 13 | 15 | 3 | 46 | തീർത്ഥാടക ടൂറിസം പദ്ധതിയിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം. | 7912/ക്യു.എൻ.എ 2/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 14 | 15 | 5 | 13 | സഹകരണ മേഖലയിൽ ടൂറിസം പദ്ധതി | 9019/ക്യൂ.എൻ.എ 2/2023/ലെജി. |
| 15 | 15 | 5 | 43 | ഗ്രാമീണ ടൂറിസം | 9489/ക്യൂ.എൻ.എ 2/2023/ലെജി |
| 16 | 14 | 2 | 12 | ടൂറിസം സർക്യൂട്ട് | 1222/ക്യൂ.എൻ.എ 3/2019 നി.സെ. |
| 17 | 14 | 4 | 7 | മലബാറിലെ വിനോദസഞ്ചാരം | 3562/ക്യൂ.എൻ.എ 3/2019/നി.സെ. |
| 18 | 14 | 15 | 122 | കെ.ടി.ഡി.സി.യെ നവീകരിക്കാൻ നടപടി | 2113/ക്യൂ.എൻ.എ 3/2022/നി.സെ. |
| 19 | 13 | 9 | 118 | ബോട്ടപകടങ്ങൾ മൂലം ടൂറിസം മേഖലയിലെ പ്രതിസന്ധി | 4200/ക്യൂ.എൻ. ബി2/2014/നി.സെ |
| 20 | 14 | 15 | 121 | ടൂറിസം റഗുലേറ്ററി അതോറിറ്റി | 2112/ക്യൂ.എൻ.ബി2/2022/ലെജി. |
| 21 | 15 | 5 | 14 | സ്വാതന്ത്ര്യ സമര കേന്ദ്രങ്ങളേയും നവോത്ഥാന കേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി ടൂറിസം | 9020/ക്യൂ.എൻ.ബി2/2023/ലെജി. |
| 22 | 15 | 5 | 26 | ടൂറിസം മേഖലയിൽ പുതിയ പദ്ധതികൾ | 9306/ക്യൂ.എൻ ബി2/ 2023 /ലെജി. |
| 25 | 13 | 16 | 14 | ടൂറിസം മേഖലകളിൽ ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണനം | 5769/ക്യൂ.എൻ.ബി2 /2016/ലെജി. |

| | | | | | |
|---|---|---|---|---|---|
| 26 | 15 | 2 | 89 | ടൂറിസം രംഗത്ത് പുതിയ പദ്ധതികൾ | 18994/ക്യൂ.എൻ.ബി3/2022/ലെജി. |
| 27 | 15 | 2 | 83 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | 18988/ക്യൂ.എൻ.ബി3/2022/ലെജി. |
| 28 | 15 | 6 | 18 | ട്രാവൽ മാർട്ടുകൾ | 17498/QN B3/2023/ലെജി. |
| 29 | 13 | 7 | 14 | ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പ്രത്യേക പാക്കേജ് | 1923/ക്യൂ.എൻ.ബി1/14/ലെജി. |
| 30 | 14 | 2 | 8 | തുമ്പൂർമൂഴി ടൂറിസ്റ്റ് കേന്ദ്രം | 1223/ക്യൂ.എൻ.ബി1/2019/ലെജി |
| 31 | 14 | 19 | 8 | ഉരുയാത്രാ ടൂറിസം പദ്ധതി | 6335/ക്യൂ.എൻ.ബി1/2022/ലെജി. |
| 32 | 15 | 5 | 54 | ഗോത്രവർഗ്ഗ ജനതയ്ക്ക് സ്ഥിര വരുമാനം | 9833/ക്യൂ.എൻ.ബി1/2023/ലെജി. |
| 33 | 15 | 5 | 12 | വനാന്തരങ്ങളിലെ കാഴ്ചകൾ കാണുന്നതിനായി ട്രക്കിംഗ് സൗകര്യം ഏർപ്പെടുത്താൻ നടപടി | 9018/ക്യൂ.എൻ.ബി1/2023/ലെജി. |
| 34 | 15 | 5 | 42 | വിനോദസഞ്ചാര മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് നടപടി | 9487/ക്യൂ.എൻ.ബി1/2023/ലെജി. |

IX. തദ്ദേശസ്വയംഭരണ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭാ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 15 | 19 | ട്രേഡ് ലൈസൻസ് | 5746/ക്യൂ.എൻ.എ 1 /2016/ലെജി. |
| 2 | 14 | 10 | 138 | നായ്ക്കളെ വളർത്തുന്നത് സംബന്ധിച്ച നിയമനിർമ്മാണം | 20842 /ക്യൂ.എൻ.എ 1 /2021/ലെജി. |
| 3 | 14 | 11 | 122 | നഗരങ്ങളിലെ പാർക്കിംഗ് സംവിധാനം | 21432/ക്യൂ.എൻ.എ 1/2021/ലെജി. |
| 4 | 14 | 13 | 18 | കില ആവിഷ്കരിച്ച കർമ്മ പദ്ധതികൾ | 606/ക്യൂ.എൻ.എ 1/2022/ലെജി. |
| 5 | 15 | 6 | 33 | ഖരമാലിന്യ നിർമ്മാർജ്ജനം | 17588/ക്യൂ.എൻ.എ 1/2023/ലെജി. |
| 6 | 13 | 1 | 87 | മുനിസിപ്പലിറ്റികളിൽ ആധുനിക സ്ളോട്ടർ ഹൗസുകൾ | 5998/ക്യൂ.എൻ.എ 2/11/ലെജി. |
| 7 | 13 | 4 | 27 | തിരുവനന്തപുരം നഗരവികസനത്തെ ബാധിക്കുന്ന കൈയേറ്റങ്ങൾ | 3937/ക്യൂ.എൻ.എ 2/12/ലെജി. |
| 8 | 13 | 5 | 141 | തമ്പാനൂരിൽ നടപ്പാത നിർമ്മാണം | 3610/ക്യൂ.എൻ.എ 2/13/ലെജി. |

| | | | | | |
|---|---|---|---|---|---|
| 9 | 13 | 14 | 81 | തെരുവുനായ ശല്യം | 481/ക്യു.എൻ.എ 2/16/ലെജി. |
| 10 | 14 | 15 | 108 | ഫ്ലക്സ് ബോർഡുകളുടെ നിയന്ത്രണം. | 2098/ക്യു.എൻ.എ 2/2022/ലെജി. |
| 11 | 14 | 16 | 16 | പ്രധാന നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ | 3414/ക്യു.എൻ.എ 2/2022/ലെജി. |
| 12 | 15 | 1 | 23 | സംസ്ഥാനത്തെ അതിദാരിദ്ര്യ ലഘൂകരണ പദ്ധതി | 16564/ക്യു.എൻ.എ 2/2022/ലെജി. |
| 13 | 14 | 7 | 24 | മാലിന്യ സംസ്കരണ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ | 1889/ക്യു.എൻ.ഏ 3/2020/നി.സെ. |
| 14 | 14 | 15 | 108 | ഫ്ലക്സ് ബോർഡുകളുടെ നിയന്ത്രണം | 2098/ക്യു.എൻ.എ 3/2022/നി.സെ |
| 15 | 15 | 6 | 29 | ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | 17536/ക്യു.എൻ.എ 3/2023/നി.സെ. |
| 16 | 15 | 6 | 45 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 17669/ക്യു.എൻ.എ 3/2023/ നി.സെ. |
| 17 | 13 | 1 | 52 | അറവുശാലകൾ നവീകരിക്കുന്നതിനു നടപടി | 5963/ക്യു.എൻ.ബി2/2011/ലെജി. |
| 18 | 14 | 2 | 56 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിലെ അഴിമതി | 1360/ക്യു.എൻ.ബി2/2019/ലെജി. |
| 19 | 15 | 4 | 20 | തദ്ദേശ സ്വയംഭരണ വകുപ്പിലെ ഫയൽ നീക്കത്തിന് വെബ്അധിഷ്ഠിത സംവിധാനം | 8330/Qn. B2/2023/Leg |

| | | | | | |
|---|---|---|---|---|---|
| 20 | 15 | 6 | 34 | കെട്ടിടാവശിഷ്ട നിർമ്മാർജ്ജനത്തിന് പ്രത്യേകം സംസ്കരണ കേന്ദ്രങ്ങൾ | 17589/ക്യൂ.എൻ.ബി2/2023/ലെജി. |
| 21 | 13 | 11 | 78 | ഗ്രാമപഞ്ചായത്തുകളിലെ ഡ്രൈവർ നിയമനം | 1969/ക്യൂ.എൻ.ബി3/2015/നി.സെ. |
| 22 | 14 | 10 | 158 | തെരുവ് നായ ശല്യം പരിഹരിക്കാൻ നടപടി | 19926/ക്യൂ.എൻ.ബി3/2021/ലെജി. |
| 23 | 14 | 11 | 16 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക ശ്മശാനങ്ങൾക്ക് അനുമതി നൽകുന്നതിലെ നടപടിക്രമം | 264/ക്യൂ.എൻ.ബി3/2022/ലെജി. |
| 24 | 14 | 16 | 19 | കുടുംബശ്രീ വഴിയുള്ള മാർക്കറ്റിംഗ് സംവിധാനം | 3417/ക്യൂ.എൻ.ബി3/2022/ലെജി. |
| 25 | 15 | 5 | 58 | കെട്ടിടനിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യ | 9837/ക്യൂ.എൻ.ബി3/2023/ലെജി. |
| 26 | 15 | 6 | 30 | തെരുവ് നായശല്യം അവസാനിപ്പിക്കാൻ നടപടി | 17537/ക്യൂ.എൻ.ബി3/2023/ലെജി. |
| 27 | 15 | 6 | 36 | പൊതുയിടങ്ങളിലെ ശുചിത്വം ഉറപ്പാക്കാൻ നടപടി | 17591/ക്യൂ.എൻ.ബി3/2023/ലെജി. |
| 28 | 13 | 1 | 50 | കുടുംബശ്രീ പ്രവർത്തകർക്ക് ആരോഗ്യ പരിരക്ഷ | 5961/ക്യൂ.എൻ.ബി1/2011/ലെജി. |
| 29 | 13 | 10 | 92 | പഴക്കംചെന്ന ബഹുനിലകെട്ടിടങ്ങളുടെ സുരക്ഷ | 783/ക്യൂ.എൻ.ബി1/2015/ലെജി. |
| 30 | 14 | 14 | 54 | വയോജനങ്ങൾക്കായുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ | 633/ക്യൂ.എൻ.ബി1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 31 | 14 | 10 | 144 | തൃതല പഞ്ചായത്തുകളിലെ ഡ്രൈവർമാരുടെ നിയമനം | 20837 /ക്യൂ.എൻ.ബി 1/ലെജി. |
| 32 | 14 | 13 | 21 | പ്രളയാനന്തര പുനർ നിർമ്മാണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് | 607/ക്യൂ.എൻ.ബി1/2022/ലെജി. |
| 33 | 14 | 13 | 49 | കുടുംബശ്രീ സംരംഭങ്ങൾ | 600/ക്യൂ.എൻ.ബി1/2022/ലെജി. |
| 34 | 14 | 15 | 107 | അനധികൃത കെട്ടിട സമുച്ചയങ്ങൾക്കെതിരെ നടപടി | 2097/ക്യൂ.എൻ.ബി1/2022/ലെജി. |

## X. സഹകരണ വകുപ്പ്

| **ക്രമ നമ്പർ** | **നിയമ സഭ** | **സമ്മേ ളനം** | **ഉറപ്പ് നമ്പർ** | **വിഷയം** | **ലെജി ഫയൽ നമ്പർ** |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 14 | 4 | 65 | നിയമനങ്ങൾ PSC -ക്ക് വിട്ടുകൊടുത്ത് സഹകരണ സ്ഥാപനങ്ങളിൽ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കൽ | 3620/ക്യൂ.എൻ.എ 1/2019/ലെജി. |
| 2 | 14 | 10 | 163 | സഹകരണ സംരംഭകത്വ പദ്ധതി | 19918/ക്യൂ.എൻ.എ 1/2021/ലെജി. |
| 3 | 15 | 2 | 7 | സഹകരണ ബാങ്കുകളുടെ ഓഹരി വില്പന വ്യവസ്ഥ | 16658/ക്യൂ.എൻ.എ 1/2022/നി.സെ. |
| 4 | 15 | 4 | 27 | സഹകരണ സംഘങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ തടയാൻ നടപടി | 8933/ക്യൂ.എൻ.എ 1/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 5 | 15 | 6 | 47 | സഹകരണ മേഖലയെ സംരക്ഷിക്കുന്നതിന് നടപടി | 17671/ക്യൂ.എൻ.എ 1/2023/ലെജി. |
| 6 | 15 | 2 | 27 | ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ | 16796/ക്യൂ.എൻ.എ 2/2022/നി.സെ. |
| 7 | 15 | 6 | 39 | സഹകരണ ബാങ്കുകളിലെ നിക്ഷേപം | 17594/ക്യൂ.എൻ.എ 2/2023/ലെജി. |
| 8 | 15 | 1 | 19 | തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്ന പുതിയ പദ്ധതികൾ | 16560/ക്യൂ.എൻ.എ 3/2022/നി.സെ. |
| 9 | 15 | 3 | 2 | പുനർജ്ജനി പദ്ധതി | 20527/ക്യൂ.എൻ.എ 3/2002/ നി.സെ. |
| 10 | 15 | 5 | 75 | സഹകരണ സംഘങ്ങളിലൂടെ നാളികേരം സംഭരിക്കാനാവശ്യമായ നടപടി | 12270/ക്യൂ.എൻ.എ 3/2023/ നി.സെ. |
| 11 | 13 | 2 | 202 | നീതി മെഡിക്കൽ സ്റ്റോർ | 912/ക്യൂ.എൻ.ബി2/2012/ലെജി. |
| 12 | 14 | 11 | 125 | സഹകരണ സ്ഥാപനങ്ങളുടെ സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി | 21428/ക്യൂ.എൻ.ബി2/2021/ലെജി. |
| 13 | 15 | 1 | 18 | സഹകരണ ബാങ്കുകളിലെ കോർ ബാങ്കിംഗ് | 16559/ക്യൂ.എൻ.ബി2/2022/ലെജി. |
| 14 | 15 | 2 | 40 | സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമ ഭേദഗതി | 16810/ക്യൂ.എൻ.ബി2/2022/നി.സെ. |
| 15 | 15 | 3 | 25 | സഹകരണ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി | 23031/ക്യൂ.എൻ. ബി2/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 16 | 14 | 15 | 93 | റിസ്ക് ഫണ്ട് സഹായം | 658/ക്യൂ.എൻ.ബി3/2022/ലെജി. |
| 17 | 15 | 1 | 20 | സഹകരണ മേഖലയിലെ ആശുപത്രികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി. | 16561/ക്യൂ.എൻ.ബി3/2022/ലെജി |
| 18 | 15 | 2 | 48 | രജിസ്ട്രേഷൻ നടപടികൾക്ക് സോഫ്റ്റ്‌വെയർ | 17874/ക്യൂ.എൻ.ബി3/2022/നി.സെ |
| 19 | 15 | 2 | 55 | വായ്പയെടുക്കുന്ന സഹകാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ | 17880/ക്യൂ.എൻ.ബി3/2022/നി.സെ |
| 20 | 15 | 4 | 32 | സഹകരണ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി | 8938/ക്യൂ.എൻ.ബി3/2023/ലെജി. |
| 21 | 15 | 5 | 34 | സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ പദ്ധതി | 9478/ക്യൂ.എൻ.ബി3/2023/ലെജി. |
| 22 | 15 | 5 | 10 | സഹകരണ മേഖലയിലെ പദ്ധതികളും കോപ് മാർട്ടും | 9016/ക്യൂ.എൻ.ബി3/2023/ലെജി. |
| 23 | 15 | 5 | 28 | സഹകരണ സംഘങ്ങളുടെ നവീകരണം | 9308/ക്യൂ.എൻ ബി3/ 2023 /ലെജി |
| 24 | 15 | 6 | 46 | സഹകരണ മേഖലയുടെ വിപണി ഇടപെടൽ | 17670/ക്യൂ.എൻ.ബി3/2023/ലെജി. |
| 25 | 14 | 13 | 31 | നെല്ല് സംഭരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന പദ്ധതി | 626/ക്യൂ.എൻ.ബി1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 26 | 14 | 11 | 58 | സഹകരണ സ്ഥാപനം ആരംഭിക്കേണ്ടതിന്റെ ആവശ്യകത | 260/ക്യു.എൻ.ബി1/2022/ലെജി. |
| 27 | 15 | 2 | 26 | യുവാക്കളുടെ സ്റ്റാർട്ട് അപ്പ് സഹകരണ സംഘം | 16795/ക്യു.എൻ.ബി1/2022/നി.സെ |
| 28 | 15 | 2 | 14 | യുവാക്കൾക്കായും കലാകാരൻമാർക്കായും സഹകരണസംഘങ്ങൾ ആരംഭിക്കാൻ നടപടി | 16782/ക്യു.എൻ.ബി1/2022/നി.സെ |
| 29 | 15 | 6 | 38 | സഹകരണസംഘ സംരക്ഷണ നിധി | 17593/ക്യു.എൻ.ബി1/2023/ലെജി |
| 30 | 15 | 6 | 48 | സഹകരണ വകുപ്പിലെ പെൻഷൻ പദ്ധതി | 17672/ക്യു.എൻ.ബി1/2023/ലെജി. |
| 25 | 14 | 13 | 31 | നെല്ല് സംഭരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന പദ്ധതി | 626/ക്യു.എൻ.ബി1/2022/ലെജി. |
| 26 | 14 | 11 | 58 | സഹകരണ സ്ഥാപനം ആരംഭിക്കേണ്ടതിന്റെ ആവശ്യകത | 260/ക്യു.എൻ.ബി1/2022/ലെജി. |
| 27 | 15 | 2 | 26 | യുവാക്കളുടെ സ്റ്റാർട്ട് അപ്പ് സഹകരണ സംഘം | 16795/ക്യു.എൻ.ബി1/2022/നി.സെ |
| 28 | 15 | 2 | 14 | യുവാക്കൾക്കായും കലാകാരൻമാർക്കായും സഹകരണസംഘങ്ങൾ ആരംഭിക്കാൻ നടപടി | 16782/ക്യു.എൻ.ബി1/2022/നി.സെ |

| | | | | | |
|---|---|---|---|---|---|
| 29 | 15 | 6 | 38 | സഹകരണസംഘ സംരക്ഷണ നിധി | 17593/ക്യു.എൻ.ബി1/2023/ലെജി. |
| 30 | 15 | 6 | 48 | സഹകരണ വകുപ്പിലെ പെൻഷൻ പദ്ധതി | 17672/ക്യു.എൻ.ബി1/2023/ലെജി. |

## XI. ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 5 | 133 | സി.ബി.ഐ. മാതൃകയിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ | 3602/ക്യു.എൻ.എ 1/19/ലെജി. |
| 2 | 15 | 6 | 25 | ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ | 17532/ക്യു.എൻ.എ 1/2023/ലെജി. |
| 3 | 13 | 11 | 99 | സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ രൂപീകരണം | 1990/ക്യു.എൻ .എ 2/2015/നി.സെ. |
| 4 | 14 | 22 | 30 | പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനുള്ള നടപടി | 10415/ക്യു.എൻ.എ 2/2022/ലെജി. |
| 5 | 13 | 6 | 17 | പ്രകൃതി ദുരന്തങ്ങൾ | 879/ക്യു.എൻ .എ 3/2014/നി.സെ. |
| 6 | 13 | 12 | 71 | ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ | 4519/ക്യു.എൻ.എ 3/2015/നി.സെ. |
| 7 | 14 | 10 | 65 | അഡീഷണൽ ലീഗൽ അഡ്വൈസർ നിയമനം | 20871/ക്യു.എൻ.എ 3/2021/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 8 | 15 | 4 | 17 | അതിവേഗ പോക്സോ കോടതികൾ ആരംഭിക്കാൻ നടപടി | 8326/ക്യൂ.എൻ.എ 3/2023/നി.സെ. |
| 9 | 13 | 11 | 148 | സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പി.എസ്.സി. പരീക്ഷകളിൽ വെയിറ്റേജ് | 2039/ക്യൂ.എൻ.ബി2/2015/നി.സെ. |
| 10 | 14 | 2 | 38 | കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ | 1281/ക്യൂ.എൻ.ബി2/2019/നി.സെ. |
| 11 | 14 | 13 | 24 | ജയിലുകളുടെ നവീകരണം | 602/ക്യൂ.എൻ.ബി2/2022/ലെജി. |
| 12 | 14 | 15 | 115 | അഗ്നിശമന സേനാ പ്രവർത്തന ശാക്തികരണം | 2105/ക്യൂ.എൻ.ബി2/2022/ലെജി. |
| 13 | 14 | 18 | 4 | സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി | 3595/ക്യൂ.എൻ.ബി2/2022/ലെജി. |
| 14 | 14 | 22 | 31 | സംസ്ഥാന പോലീസ് സേനയെ നവീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി | 10417/ക്യൂ.എൻ.ബി2/2022/ലെജി. |
| 15 | 15 | 2 | 22 | പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ അനുവദിക്കാൻ നടപടി | 16791/ക്യൂ.എൻ.ബി2/2022/നി.സെ. |
| 16 | 13 | 7 | 54 | കേരള സിവിൽപോലീസ് കേഡർ | 1963/ക്യൂ.എൻ ബി3/2014/നി.സെ. |
| 17 | 13 | 9 | 96 | പോലീസ് സേനയിലെ സംഖ്യാബലം | 4178/ക്യൂ. എൻ. ബി3/2014/നി.സെ |

| | | | | | |
|---|---|---|---|---|---|
| 18 | 14 | 10 | 116 | പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് | 20847/ക്യൂ.എൻ.ബി3/2021/ലെജി. |
| 19 | 14 | 13 | 56 | കേരള പോലീസിൽ വനിതാ പ്രാതിനിധ്യം | 598/ക്യൂ.എൻ.ബി3/2022/ലെജി. |
| 20 | 14 | 10 | 71 | ടെക്സ്റ്റൈൽ മേഖലയുടെ നവീകരണം | 20866/ക്യൂ.എൻ.ബി3/2021/ലെജി. |
| 21 | 14 | 13 | 27 | പൊതുമേഖലയിൽ കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി | 630/ക്യൂ.എൻ.ബി3/2022/ലെജി. |
| 22 | 14 | 15 | 84 | പുതിയ വ്യവസായ പാർക്കുകളുടെ രൂപീകരണം | 664/ക്യൂ.എൻ.ബി3/2022/ലെജി. |
| 23 | 15 | 1 | 14 | കേരള റബ്ബർ ലിമിറ്റഡ് കമ്പനി | 13975/ക്യൂ.എൻ.ബി3/2022/ലെജി. |
| 24 | 15 | 3 | 3 | എല്ലാ നിയോജകമണ്ഡലത്തിലും വ്യവസായ പാർക്കുകൾ ആരംഭിക്കാൻ നടപടി | 20528/ QN B3/2022/ലെജി. |
| 25 | 13 | 5 | 218 | ഗാർഹികപീഢനനിരോധനനിയമം, പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് നടപടി | 3687/ക്യൂ.എൻ.ബി1/13/ലെജി. |
| 26 | 13 | 10 | 68 | വനിതാ പോലീസ് സേനയുടെ ശാക്തീകരണം | 759/ക്യൂ.എൻ.ബി1/15/ലെജി. |
| 27 | 13 | 5 | 128 | റാഗിംഗ് നിരോധന നിയമം | 3597/ക്യൂ.എൻ.ബി1/13/ലെജി. |

| | | | | | |
|---|---|---|---|---|---|
| 28 | 14 | 1 | 67 | ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ട് | 107/ക്യൂ.എൻ ..ബി1/18/ലെജി. |
| 29 | 15 | 6 | 26 | സ്ത്രീ സുരക്ഷയ്ക്കായി ടാസ്ക് ആക്ഷൻ ഫോഴ്സ് പദ്ധതി | 17533/ക്യൂ.എൻ.ബി1/2023/ലെജി. |

## XII. റവന്യൂ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 10 | 49 | ദേവസ്വം ഭൂമിയിലെ കൈയേറ്റങ്ങൾ | 740/ക്യൂ.എൻ.എ 1/2022/ലെജി. |
| 2 | 15 | 5 | 35 | സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള വ്യവസ്ഥകൾ | 9480/ക്യൂ.എൻ.എ 1/2023/ലെജി. |
| 3 | 13 | 4 | 51 | റീ -സർവ്വേ രേഖകളുടെ ഡിജിറ്റൈസേഷൻ | 3961/ക്യൂ.എൻ എ 2/2012/നി.സെ. |
| 4 | 13 | 8 | 57 | കൃഷിഭൂമിയുടെ കൈമാറ്റം കൃഷിക്കാർക്ക് | 2155/ക്യൂ.എൻ എ 2/2014/നി.സെ. |
| 5 | 13 | 10 | 9 | സമഗ്രദുരന്ത  നിവാരണ ഇൻഷ്വറൻസ് പദ്ധതി | 700/ക്യൂ.എൻ എ 2/2015/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 6 | 14 | 15 | 102 | സർക്കാർ ഭൂമി, കയ്യേറിയ ഭൂമി എന്നിവ സംബന്ധിച്ച രജിസ്റ്റർ. | 2092/ക്യു.എൻ.എ 2/2022/ലെജി. |
| 7 | 15 | 1 | 11 | എ. പി. ജെ. അബ്ദുൽ കലാം സർവ്വകലാശാലയ്ക്കായി ഭൂമി ഏറ്റെടുക്കൽ | 13972/ക്യു.എൻ.എ 2/2022/ലെജി |
| 8 | 15 | 5 | 37 | മിച്ചഭൂമി പതിച്ചുകൊടുക്കുന്നതിന് നടപടി | 9482/ക്യു.എൻ.എ 2/2023/ലെജി. |
| 9 | 14 | 5 | 14 | ചാലക്കുടിപ്പുഴ സംരക്ഷിക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ട് | 4494/ക്യു.എൻ.എ 3/2019/നി.സെ |
| 10 | 13 | 8 | 82 | ഭൂവിനിയോഗ നയം | 2180/ക്യു.എൻ .ബി2/2014/നി.സെ. |
| 11 | 13 | 12 | 28 | സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി | 4476/ക്യു.എൻ .ബി2/2015/ലെജി. |
| 12 | 15 | 1 | 6 | റീസർവ്വേ നടപടികൾ | 13966/ക്യു.എൻ.ബി2/2022/ലെജി |
| 13 | 15 | 2 | 28 | സ്വകാര്യ ക്ഷേത്ര ജീവനക്കാർക്ക് ക്ഷേമനിധി ബോർഡ് രൂപീകരണം | 16797/ക്യു.എൻ.ബി2/2022/നി.സെ |
| 14 | 15 | 6 | 16 | ഭൂരഹിതരുടെ വിവരം | 17496/. QN B2/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 15 | 13 | 14 | 84 | തീര സംരക്ഷണ സേനയുടെ രൂപീകരണം | 484/ക്യൂ.എൻ.ബി3/2016/നി.സെ |
| 16 | 14 | 4 | 16 | കേരള ഭൂമി പതിവ് നിയമവും ചട്ടവും പ്രകാരം പതിച്ച് നൽകിയിട്ടുള്ള പുറമ്പോക്ക് ഭൂമിക്ക് പട്ടയപ്രകാരം പോക്കുവരവ്. | 3571/ക്യൂ.എൻ.ബി3/2019/ലെജി. |
| 17 | 14 | 10 | 152 | പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി. | 19933/ക്യൂ.എൻ.ബി3/2021/ലെജി. |
| 18 | 15 | 3 | 27 | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ | 23033/ക്യൂ.എൻ. ബി3/2022/ലെജി. |
| 19 | 13 | 10 | 26 | ശബരിമല മാലിന്യ സംസ്കരണ സംവിധാനം | 717/ക്യൂ.എൻ.ബി1/2015/നി.സെ. |
| 20 | 13 | 16 | 28 | നദീതിര സംരക്ഷണ സേന | 5783/ക്യൂ.എൻ.ബി1/2016/ലെജി. |
| 21 | 14 | 1 | 61 | കൊച്ചി താലൂക്കിലെ ഭൂരഹിതർ | 101/ക്യൂ.എൻ.ബി1/2018/ലെജി. |
| 22 | 14 | 10 | 74 | കാൻസർ രോഗികൾക്ക് പെൻഷൻ | 20862/ക്യൂ.എൻ.ബി1/2021/ലെജി. |
| 23 | 14 | 1 | 79 | ഭൂനികുതി | 119/ക്യൂ.എൻ .B1/18/ലെജി. |
| 24 | 14 | 2 | 67 | സീറോ ലാന്റ് പദ്ധതി | 1371/ക്യൂ.എൻ.ബി1/2019/ലെജി. |
| 25 | 15 | 1 | 1 | സ്മാർട്ട് വില്ലേജ് ഓഫീസുകൾ | 13964/ക്യൂ.എൻ.ബി1/2022/ലെജി. |
| 26 | 15 | 3 | 21 | ഭൂപതിവ് ചട്ടങ്ങളുടെ പരിഷ്കരണം | 7918/ക്യൂ.എൻ.ബി1/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 27 | 15 | 4 | 12 | പാട്ടക്കാലാവധി കഴിഞ്ഞ വസ്തു വകകൾ വിണ്ടെടുക്കുന്നതിന് നടപടി. | 8320/Qn. B1/2023/Leg |
| 28 | 15 | 5 | 24 | ഭൂപതിവ് ചട്ടങ്ങളിലെ ഭേദഗതി | 9304/ക്യൂ.എൻ. B1/ 2023 /ലെജി. |

**XIII. ഉന്നതവിദ്യാഭ്യാസ വകുപ്പ്**

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 15 | 3 | 42 | ഉന്നതവിദ്യാഭ്യാസ മേഖലയിൽ അധികം ബാച്ചുകൾ | 8065 ക്യൂ.എൻ.എ 1/2023/നി.സെ. |
| 2 | 15 | 4 | 5 | സ്വകാര്യ സർവ്വകലാശാലകൾ. | 8246/ക്യൂ.എൻ.എ 1/2023/ലെജി. |
| 3 | 14 | 2 | 17 | ഓപ്പൺ സർവ്വകലാശാല | 1227/ക്യൂ.എൻ.എ 2/2019/ലെജി. |
| 4 | 14 | 14 | 53 | എഞ്ചിനീയറിംഗ് പരീക്ഷകളുടെ സമഗ്ര പരിഷ്കരണം | 634/ക്യൂ.എൻ.എ 2/2022/ലെജി. |
| 5 | 15 | 2 | 72 | നിയമ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരണം | 18325/ക്യൂ.എൻ.എ 2/2022/ലെജി. |
| 6 | 15 | 5 | 33 | വിദൂര വിദ്യാഭ്യാസ-പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകളിലേക്കുള്ള പ്രവേശനം | 9477/ക്യൂ.എൻ.എ 2/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 7 | 15 | 5 | 48 | സർക്കാർ കോളേജുകളിൽ പുതിയ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുന്നതിന് നടപടി | 9825/ക്യൂ.എൻ.ബി1/2023/ലെജി. |
| 8 | 15 | 5 | 49 | സ്വകാര്യ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിന് നടപടി. | 9826/ക്യൂ.എൻ.എ 2/2023/ലെജി. |
| 9 | 15 | 5 | 68 | ഉക്രൈനിൽ നിന്നും മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം | 12260/ക്യൂ.എൻ.എ 2/2023/ലെജി. |
| 10 | 15 | 6 | 9 | പാഠ്യപദ്ധതി പരിഷ്കരണം | 17438/ക്യൂ.എൻ.എ 2/2023/ലെജി. |
| 11 | 15 | 6 | 21 | സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി | 17528/ക്യൂ.എൻ.എ 2/2023/ലെജി. |
| 12 | 15 | 4 | 3 | സർവ്വകലാശാലകളിൽ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കാൻ നടപടി | 8244/ക്യൂ.എൻ.എ 3/2023/നി.സെ. |
| 13 | 15 | 5 | 45 | ഒരേ സമയം രണ്ട് ബിരുദവിഷയം പഠിക്കുന്നതിനുള്ള പദ്ധതി | 9491/ക്യൂ.എൻ.എ 3/2023/നി.സ |
| 14 | 14 | 5 | 35 | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം | 4515/ക്യൂ.എൻ.ബി2/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 15 | 14 | 13 | 58 | എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗം നേരിടുന്ന നിലവാരത്തകർച്ച | 596/ക്യൂ.എൻ.ബി2/2022/ലെജി. |
| 16 | 14 | 14 | 52 | എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികൾ | 635/ക്യൂ.എൻ.ബി2/2022/ലെജി. |
| 17 | 14 | 10 | 110 | സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നിയമനിർമ്മാണം | 20854/ക്യൂ.എൻ .ബി3/2021/ലെജി. |
| 18 | 14 | 15 | 105 | ഐ.ഐ.റ്റി. സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ പൂർത്തീകരണം | 2095/ക്യൂ.എൻ.ബി3/2022/ലെജി. |
| 19 | 14 | 15 | 111 | കെ-മാറ്റ് പ്രവേശന പരീക്ഷ | 2101/ക്യൂ.എൻ.ബി3/2022/ലെജി. |
| 20 | 15 | 2 | 71 | സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ | 18324/ക്യൂ.എൻ .ബി3/2022/ലെജി. |
| 21 | 15 | 2 | 42 | വിദൂര വിദ്യാഭ്യാസ പദ്ധതി | 17867/ക്യൂ.എൻ.ബി3/2022/ലെജി. |
| 22 | 15 | 3 | 41 | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആക്റ്റിന്റെ ഭേദഗതി | 8064/ക്യൂ.എൻ.ബി3/2023/നി.സെ. |
| 23 | 15 | 6 | 6 | ഉന്നതവിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്താൻ നടപടി | 17435/ക്യൂ.എൻ.ബി3/2023/ലെജി. |
| 24 | 14 | 18 | 8 | വിദ്യാർത്ഥികളുടെ കായിക ക്ഷമതയ്ക്കായുള്ള യു.ജി.സി. നിർദ്ദേശങ്ങൾ | 3599/ക്യൂ.എൻ.ബി1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 25 | 15 | 5 | 48 | സർക്കാർ കോളേജുകളിൽ പുതിയ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുന്നതിന് നടപടി | 9825/ക്യു.എൻ.ബി1/2023/ലെജി. |
| 26 | 15 | 6 | 8 | കെ-സ്കിൽ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി | 17437/ക്യു.എൻ.ബി1/2023/ലെജി. |
| 27 | 15 | 6 | 2 | സർവകലാശാലകളിലെ പരീക്ഷാ പരിഷ്കരണം | 17431 /ക്യു.എൻ.ബി1/2023/ലെജി. |

## XIV. ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 12 | 73 | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളിൽ നിന്നും ജനറേറ്റർ ഉപയോഗിച്ചുള്ള വൈദ്യുതി | 4521/ക്യു.എൻ.എ 1/15/ലെജി. |
| 2 | 14 | 2 | 10 | ചെറു വൈദ്യുതി ഉല്പാദന യൂണിറ്റുകൾ | 1220/ക്യു.എൻ.എ 1/2019/ലെജി. |
| 3 | 14 | 13 | 55 | ബ്രഹ്മപുരം പദ്ധതി | 599/ക്യു.എൻ.എ 1/2022/ലെജി. |
| 4 | 15 | 2 | 1 | ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം | 16651/ക്യു.എൻ.എ 1/2022/ലെജി. |
| 5 | 15 | 2 | 25 | വൈദ്യുതി ഉല്പാദനം | 16794/ക്യു.എൻ.എ 1/2022/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 6 | 15 | 3 | 28 | പുരപ്പുറ സൗരോർജ്ജ പദ്ധതി | 23034/ക്യു.എൻ. എ 1/2022/ലെജി. |
| 7 | 15 | 6 | 41 | കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട് | 17665/ക്യു.എൻ.എ 1/2023/ലെജി. |
| 8 | 13 | 1 | 57 | ചീമേനി താപവൈദ്യുത പദ്ധതി | 5968/ക്യു.എൻ.എ 2/2011/നി.സെ. |
| 9 | 13 | 2 | 183 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ | 893/ക്യു.എൻ.എ 2/2012/നി.സെ. |
| 10 | 15 | 2 | 39 | വൈദ്യുത വാഹന ചാർജിംഗ് സൗകര്യങ്ങൾ | 16809/ക്യു.എൻ.എ 2/2022/നി.സെ. |
| 11 | 14 | 9 | 10 | ഹൈഡൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ടൂറിസം കോറിഡോർ | 1901/ക്യു.എൻ.ഏ 3/2020/നി.സെ. |
| 12 | 14 | 11 | 118 | പാരമ്പര്യേതര ഊർജ്ജോത്പാദനം | 256/ക്യു.എൻ.എ 3/2022/നി.സെ. |
| 13 | 15 | 2 | 23 | ജലവൈദ്യുത പദ്ധതികളും ഹൈഡ്രോ കൈനറ്റിക് പദ്ധതികളും | 16792/ക്യു.എൻ.എ 3/2022/നി.സെ |
| 14 | 15 | 2 | 5 | ആദിവാസി ഊരുകളിൽ വൈദ്യുതിഎത്തിക്കുന്നതിന് നടപടി | 16656/ക്യു.എൻ.എ 3/2022/നി.സെ |
| 15 | 15 | 2 | 47 | പാരമ്പര്യേതര ഊർജ്ജ ഉൽപാദനത്തിന് സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ | 17873/ക്യു.എൻ.എ 3/2022/നി.സെ |

| | | | | | |
|---|---|---|---|---|---|
| 16 | 15 | 2 | 54 | ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാൻ നടപടി | 17879/ക്യു.എൻ.എ 3/2022/നി.സെ |
| 17 | 15 | 5 | 8 | കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതി | 9014/ക്യു.എൻ.ബി2/2023/ലെജി. |
| 18 | 15 | 6 | 40 | ചെറുകിട ജലവൈദ്യുത നയം | 17595/ക്യു.എൻ.ബി2/2023/ലെജി |
| 19 | 14 | 1 | 5 | ഊർജ്ജ വികസന പ്രവർത്തനങ്ങൾ | 5833/ക്യു.എൻ .ബി3/2017/ലെജി. |
| 20 | 14 | 5 | 53 | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണം | 5439/ക്യു.എൻ.ബി3/2019/ലെജി. |
| 21 | 15 | 2 | 6 | വേസ്റ്റ് ടു എനർജി പ്ലാന്റ് | 16657/ക്യു.എൻ.ബി3/2022/നി.സെ |
| 22 | 15 | 2 | 24 | കെ.എസ്.ഇ.ബി-യുടെ ഉല്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളുടെ കാര്യക്ഷമത ഉയർത്താൻ നടപടി | 16793/ക്യു.എൻ.ബി3/2022/നി.സെ |
| 23 | 13 | 9 | 110 | ആദിവാസി ഊരുകളിൽ വൈദ്യുതി | 4192/ക്യു.എൻ.ബി1/2014/ലെജി. |
| 24 | 15 | 2 | 2 | ചെറുകിട ജലവൈദ്യുത പദ്ധതികൾ | 16652/ക്യു.എൻ.ബി1/2022/ലെജി |
| 25 | 15 | 2 | 38 | ഊർജ്ജ ഭദ്രത ഉറപ്പുവരുത്താൻ നടപടി | 16808/ക്യു.എൻ.ബി1/2022/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 26 | 15 | 2 | 50 | വൈദ്യുതി മേഖലയിലെ സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്ന പദ്ധതി | 17876/ക്യൂ.എൻ.ബി1/2022/നി.സെ |
| 27 | 15 | 3 | 29 | കർഷകരുടെ തരിശ്ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതോൽപ്പാദനം | 23035/ക്യൂ.എൻ. ബി1/2022/ലെജി. |

## XV. സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 4 | 19 | ഗാർഹിക പീഡന നിയമം | 3929/QN A1/2012/ലെജി. |
| 2 | 14 | 2 | 42 | വൈകല്യ സർട്ടിഫിക്കറ്റ് വിതരണം | 1285/ക്യൂഎൻ.എ 1/2019/ലെജി. |
| 3 | 14 | 2 | 30 | പോക്സോ ആക്റ്റ് | 1273/ക്യൂഎൻഎ 1/2019/ലെജി. |
| 4 | 14 | 5 | 24 | മാനസിക - ശാരീരിക ഭിന്നശേഷിക്കാർക്കായി വിവിധ പദ്ധതികൾ | 4504/ക്യൂ.എൻ.എ 1/2019/ലെജി. |
| 5 | 13 | 11 | 45 | മാനസിക രോഗികൾക്ക് പെൻഷൻ | 1936/ക്യൂ.എൻ.എ 2/2015/നി.സെ. |
| 6 | 13 | 14 | 93 | എൻഡോസൾഫാൻ ദുരിതബാധിതരുടെ വായ്പകൾ | 493/ക്യൂ.എൻ.എ 2/2016/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 7 | 14 | 1 | 70 | നിർഭയ ഹോമിലുള്ളവരുടെ പുനരധിവാസം | 110/ക്യൂ.എൻ.A2/18/ലെജി. |
| 8 | 14 | 5 | 22 | ഭിന്നശേഷിക്കാരുടെ അവകാശം | 4502/ക്യൂ.എൻ.എ 2/2019/ലെജി. |
| 9 | 14 | 9 | 14 | ഷീ ലോഡ്ജ് | 1905/ക്യൂ.എൻ.ഏ 2/2020/ലെജി. |
| 10 | 14 | 10 | 73 | ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ വിൽക്കുന്ന ഷോറൂമുകൾ | 20863/ക്യൂ.എൻ.എ 2/2021/ലെജി. |
| 11 | 13 | 7 | 71 | Corrective/Protective സ്ഥാപനങ്ങളും Rescue Home-കളും | 1980/ക്യൂ.എൻ. എ 3/2014/നി.സെ. |
| 12 | 15 | 6 | 23 | ധർമ്മസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പെൻഷൻ നൽകുന്നതിന് നടപടി | 17530/ക്യൂ.എൻ.എ 3/2023/നി.സെ. |
| 13 | 13 | 4 | 4 | വികലാംഗർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് | 3914/ക്യൂ.എൻ.ബി2/2012/ലെജി. |
| 14 | 13 | 7 | 64 | തന്റേടം ജെന്റർ പദ്ധതി | 1973/ക്യൂ.എൻ.ബി2/2014/ലെജി. |
| 15 | 13 | 8 | 10 | സൈക്കോ സോഷ്യൽ സർവ്വീസ് പ്രോഗ്രാം | 2108/ക്യൂ.എൻ ബി2/2014/നി.സെ. |
| 16 | 14 | 11 | 50 | അഗതി പുനരധിവാസ കേന്ദ്രങ്ങൾ | 262/ക്യൂ.എൻ.ബി2/2022/ലെജി. |
| 17 | 14 | 16 | 17 | ഗോത്രമേഖലയിൽ പുതിയ അംഗൻവാടികൾ | 3415/ക്യൂ.എൻ.ബി2/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 18 | 15 | 1 | 24 | എന്റോസൾഫാൻ ദുരിത ബാധിതർക്കായി റീഹാബിലിറ്റേഷൻ വില്ലേജ് | 16565/ക്യൂ.എൻ.ബി2/2022/ലെജി. |
| 19 | 15 | 2 | 16 | സ്ത്രീധന നിരോധന നിയമത്തിലും ചട്ടങ്ങളിലും ഭേദഗതി | 16785/ക്യൂ.എൻ.ബി2/2022/നി.സെ |
| 20 | 13 | 4 | 96 | മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ | 4006/QN.B3/2012/ലെജി. |
| 21 | 13 | 10 | 2 | വൃദ്ധജനങ്ങളുടെ സംരക്ഷണം | 693/ക്യൂ.എൻ.ബി1/15/ലെജി. |
| 22 | 13 | 11 | 92 | വിദ്യാലയങ്ങളിലെ സൈക്കോസോഷ്യൽ കൗൺസലിംഗ് | 1983/ക്യൂ.എൻ.ബി1/15/ലെജി. |
| 23 | 14 | 1 | 97 | ശ്രുതി തരംഗം പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി | 2285/ക്യൂ.എൻ.ബി1/18/ലെജി. |
| 24 | 14 | 5 | 5 | അംഗൻവാടികളോട് ചേർന്ന് ക്രഷുകൾ | 4485/ക്യൂ.എൻ.ബി1/2019/ലെജി. |
| 25 | 14 | 5 | 17 | സാമൂഹികനീതി വകുപ്പിന്റെ കീഴിൽ ക്രഷുകൾ | 4497/ക്യൂ.എൻ.ബി1/2019/ലെജി. |
| 26 | 14 | 13 | 44 | ട്രാൻസ്ജെൻഡർ സമൂഹത്തിന് വിദ്യാഭ്യാസ-തൊഴിൽ | 613/ക്യൂ.എൻ.ബി1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| | | | | മേഖലകളിൽ സംവരണം | |
| 27 | 14 | 15 | 113 | ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള പദ്ധതികൾ | 2103/ക്യൂ.എൻ.ബി1/2022/ലെജി. |

**XVI. ഭക്ഷ്യപൊതുവിതരണ വകുപ്പ്**

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 14 | 10 | 145 | ആശ്രുപത്രികൾ അടക്കമുള്ള അഗതി മന്ദിരങ്ങൾക്ക് റേഷൻ നൽകുന്നതിന് നടപടി | 20836/ക്യൂ.എൻ.എ 1/2021/ലെജി. |
| 2 | 14 | 11 | 8 | റേഷൻ സാധനങ്ങളുടെ ളക്കക്കുറവ് | 271/ക്യൂ.എൻ.എ 1/2002/ലെജി. |
| 3 | 15 | 2 | 13 | റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ | 16781/ക്യൂ.എൻ.എ 1/2022/നി.സെ. |
| 4 | 15 | 3 | 10 | എല്ലാ താലൂക്കുകളിലും NFSA ഗോഡൗണുകളുടെ നിർമ്മാണം | 20537/ QN A1/2022/ലെജി. |
| 5 | 15 | 4 | 19 | സപ്ലൈകോ ഉത്പന്നങ്ങളുടെ വില | 8329/ക്യൂ.എൻ.എ 1/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 6 | 14 | 11 | 51 | ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻ കട | 261/ക്യൂ.എൻ .എ 2/2022/ലെജി. |
| 7 | 15 | 2 | 45 | പൊതുവിതരണ രംഗത്ത് സോഷ്യൽ ഓഡിറ്റിങ്ങ് | 17870/ക്യൂ.എൻ.എ 2/2022/നി.സെ. |
| 8 | 15 | 4 | 15 | നെല്ലിന്റെ സംഭരണവില നൽകുന്നത് വേഗത്തിലാക്കാൻ നടപടി | 8324/ക്യൂ.എൻ.എ 2/2023/ലെജി. |
| 9 | 14 | 5 | 26 | ന്യായവില ഹോട്ടലുകൾ | 4506/ക്യൂ.എൻ.എ 3/2019/നി.സെ |
| 10 | 14 | 16 | 18 | പൊതുവിതരണ സമ്പ്രദായത്തിൽ സോഷ്യൽ ആഡിറ്റിംഗ് | 3416/ക്യൂ.എൻ .എ 3/2022/നി.സെ |
| 11 | 14 | 18 | 5 | ഉപഭോക്തൃനയം | 3596/ക്യൂ.എൻ.ഏ 3/2022/നി.സെ |
| 12 | 15 | 1 | 25 | ആദിവാസി മേഖലയിൽ 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി | 16566/ക്യൂ.എൻ.എ 3/2022/നി.സെ |
| 13 | 15 | 3 | 35 | ഭക്ഷ്യയോഗ്യമായ നാണ്യവിളകൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്ന നടപടി | 8056/ക്യൂ.എൻ.എ 3/2023/നി.സെ |
| 14 | 15 | 3 | 8 | സിവിൽ സപ്ലൈസ് ഷോപ്പുകൾ വഴി കാർഷിക | 20535/ ക്യൂ.എൻ.എ 3/2022/നി.സെ |
| 15 | 14 | 1 | 21 | വിശപ്പ് രഹിത സംസ്ഥാനം | 5849/ക്യൂ.എൻ.ബി2/2017/ലെജി. |
| 16 | 14 | 10 | 66 | റേഷൻ കടകളെ വൈവിദ്ധ്യവൽക്കരിക്കാൻ നടപടി | 20870/ക്യൂ.എൻ.ബി2/2021/ലെജി.. |

| | | | | | |
|---|---|---|---|---|---|
| 17 | 14 | 10 | 72 | ആദിവാസികൾക്കുള്ള ഭക്ഷണ സാധനങ്ങൾ | 20864/ക്യൂ.എൻ.ബി2/2021/ലെജി. |
| 18 | 15 | 4 | 14 | ഇ-പോസ് മെഷിൻവഴി ബാർകോഡ് സ്കാനിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി | 8323/Qn. B2/2023/Leg |
| 19 | 15 | 2 | 18 | നെല്ല് സംഭരണ കേന്ദ്രങ്ങൾ | 16787/ക്യൂ.എൻ.ബി3/2022/നി.സെ |
| 20 | 15 | 2 | 12 | ഭക്ഷ്യ-പൊതുവിതരണ മേഖലയിലെ പുതിയ പദ്ധതികൾ | 16777/ക്യൂ.എൻ.ബി3/2022/നി.സെ |
| 21 | 13 | 7 | 8 | ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിന് ഗോഡൗൺ | 1917/ക്യൂ.എൻ.ബി1/2014/ലെജി. |
| 22 | 13 | 8 | 80 | റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ | 2178/ക്യൂ.എൻ.ബി1/2014/ലെജി. |
| 23 | 14 | 16 | 3 | ഉപഭോക്തൃ ഡയറക്ടേറ്റ് രൂപീകരണം | 3401/ക്യൂ.എൻ.ബി1/2022/ലെജി. |
| 24 | 14 | 11 | 121 | സിവിൽ സപ്ലൈസിന്റെ ഔട്ട്ലെറ്റുകളിൽ ഇ-പോസ് | 21433/ക്യൂ.എൻ.ബി1/2021/ലെജി. |
| 25 | 14 | 22 | 29 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നത് | 10414/ക്യൂ.എൻ.ബി1/2022/ലെജി. |

## XVII. വനം-വന്യജീവി വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 2 | 49 | വനം മേഖലയുമായി ബന്ധപ്പെട്ട് ടൂറിസം വികസനം | 759/ക്യൂഎൻ.എ 1/2012/ലെജി. |
| 2 | 13 | 5 | 175 | കൈതപ്പാറ, മായത്തടം പ്രദേശ വാസികളെ പുനരധിവസിപ്പിക്കാൻ നടപടി | 3644/ക്യൂഎൻ.എ 1/2012/ലെജി. |
| 3 | 13 | 9 | 91 | വനം വകുപ്പ് ഏറ്റെടുക്കാതെ ശേഷിക്കുന്ന സ്ഥലങ്ങൾ | 4173/ക്യൂഎൻ.എ 1/2014/ലെജി |
| 4 | 15 | 4 | 23 | വനപ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം | 8691/ക്യൂ.എൻ.എ 1/2023/ലെജി. |
| 5 | 13 | 7 | 27 | സൈലന്റ് വാലിയിലെ സ്വകാര്യ മിനറൽ വാട്ടർ പ്ളാന്റ് നിരോധിക്കാൻ നടപടി | 1936/ക്യൂ.എൻ. എ 2/2014/നി.സെ |
| 6 | 14 | 7 | 22 | വന്യമൃഗങ്ങളുടെ ആക്രമണം | 1887/ക്യൂ.എൻ.ഏ 2/2020/ലെജി. |
| 7 | 14 | 13 | 36 | വനാന്തരഭാഗത്തുള്ള ആൾക്കാരുടെ പുനരധിവാസം | 621/ക്യൂ.എൻ.എ 2/2022/ലെജി. |
| 8 | 14 | 19 | 15 | കാട്ടുതീ അണയ്ക്കുന്നതിനുള്ള നൂതന സംവിധാനങ്ങൾ | 6343/ക്യൂ.എൻ.എ 2/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 9 | 15 | 3 | 6 | വനം വകുപ്പിന്റെ ആധുനികവത്കരണം | 20533/ QN A2/2022/ലെജി. |
| 10 | 15 | 4 | 25 | സ്വാഭാവിക വനം പുനസ്ഥാപനം | 8693/ക്യൂ.എൻ.എ 2/2023/ലെജി. |
| 11 | 15 | 5 | 1 | ബഫർ സോൺ | 9007/ക്യൂ.എൻ.എ 2/2023/ലെജി. |
| 12 | 13 | 8 | 29 | ആദിവാസികളുടെ പുനരധിവാസവും മൗലികാവകാശ സംരക്ഷണവും | 2127/ക്യൂ.എൻ.എ 3/2014/നി.സെ. |
| 13 | 13 | 11 | 47 | പെരിയാർ പറമ്പിക്കുളം ടൈഗർ പരിപാലനം | 1938/ക്യൂ.എൻ.എ 3/2015/നി.സെ. |
| 14 | 14 | 22 | 7 | ആശ്വാസ ധനസഹായം നൽകുവാൻ നടപടി | 10206/ക്യൂ.എൻ.3/2022/ നി.സെ. |
| 15 | 15 | 2 | 76 | വനമേഖലയിലെ കുടുംബങ്ങൾക്ക് തൊഴിൽ അവസരങ്ങൾ | 18981/ക്യൂ.എൻ.എ 3/2022/നി.സെ. |
| 16 | 13 | 1 | 16 | മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വന്യജീവി ആക്രമണം | 5127/ക്യൂ.എൻ.ബി2/2011/നി.സെ. |
| 17 | 13 | 8 | 28 | ആദിവാസി പാരമ്പര്യ വൈദ്യശാസ്ത്രശാഖയുടെ സംരക്ഷണവും പരിപാലനവും | 2126/ക്യൂ.എൻ.ബി2/2014/നി.സെ. |
| 18 | 14 | 2 | 32 | വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് കടന്ന കയറുന്നത് തടയുന്നതിന് നടപടി | 1275/ക്യൂഎൻബി2/2019/ലെജി. |

| | | | | | |
|---|---|---|---|---|---|
| 19 | 14 | 4 | 57 | അതിരപ്പിള്ളി പഞ്ചായത്തിലെ സോളാർ ഫെൻസിംഗ് | 3612/ക്യൂ.എൻ .ബി2/2019/ലെജി. |
| 20 | 15 | 5 | 80 | വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ | 12274 /ക്യൂ.എൻ.ബി2 2023/ലെജി |
| 21 | 13 | 7 | 36 | കാട്ടാനകളുടെ ആക്രമണം തടയാൻ നടപടി | 1945/ക്യൂ.എൻ. ബി3/2014/നി.സെ. |
| 22 | 13 | 7 | 26 | വന്യമൃഗങ്ങൾക്കുള്ള കുടിവെള്ളത്തിനായി ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ നടപടി | 1935/ക്യൂ.എൻ ബി1/2014/നി.സെ |
| 23 | 14 | 19 | 14 | സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ | 6342/ക്യൂ.എൻ.ബി1/2022/ലെജി. |
| 24 | 15 | 2 | 8 | കായലോരങ്ങളിൽ കണ്ടൽക്കാടുകൾ | 16659/ക്യൂ.എൻ.ബി1/2022/നി.സെ |

## XVIII. കായിക യുവജനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 14 | 14 | 101 | കായികരംഗത്ത് പുതിയ ദിശാബോധം നൽകുന്ന രൂപരേഖ | 638/ക്യൂ.എൻ.എ 1/2022/ലെജി. |
| 2 | 14 | 19 | 7 | കായികപരിശീലനത്തിനായി പുതിയ അക്കാദമികൾ | 6334/ക്യൂ.എൻ.എ 1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 3 | 13 | 2 | 51 | കായികതാരങ്ങൾക്കുള്ള ക്യാഷ് അവാർഡ് വിതരണം | 761/ക്യൂ.എൻ.എ 2/2012/ലെജി. |
| 4 | 14 | 1 | 22 | കായിക രംഗത്തെ വികസനം | 5850/ക്യൂ.എൻ.എ 2/2017/ലെജി. |
| 5 | 14 | 7 | 16 | സ്പോർട്സ് അക്കാഡമി | 1881/ക്യൂ.എൻ.ഏ 2/2020/ലെജി. |
| 6 | 14 | 11 | 126 | പി.എസ്.സി. നിയമനങ്ങളിൽ കായിക താരങ്ങൾക്ക് സംവരണം | 21427/ക്യൂ.എൻ.എ 2/2021/ലെജി. |
| 7 | 14 | 13 | 30 | കൂടുതൽ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കാൻ നടപടി | 627/ക്യൂ.എൻ.എ 2/2022/ലെജി. |
| 8 | 14 | 22 | 11 | അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾക്കുള്ള സൗകര്യങ്ങൾ | 10210/ക്യൂ.എൻ.എ 2/2022/ലെജി. |
| 9 | 14 | 4 | 49 | സ്പോർട്സ് ക്വോട്ടയിൽ സമയബന്ധിതമായി നിയമനം നടത്താൻ നടപടി | 3604/ക്യൂ.എൻ.എ 3/2019/നി.സെ. |
| 10 | 14 | 7 | 12 | കായികതാരങ്ങൾക്ക് ഇൻഷ്വറൻസ് | 1877/ക്യൂ.എൻ.ഏ 3/2020/നി.സെ. |
| 11 | 14 | 11 | 124 | സ്പോർട്സ് യൂണിവേഴ്സിറ്റി സെന്റർ | 21429/ക്യൂ.എൻ.എ 3/2021/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 12 | 14 | 19 | 11 | ചെസ്സ് കളിയുടെ വികസനത്തിനായുള്ള പദ്ധതികൾ | 6338/ക്യൂ.എൻ.എ 3 /2022/നി.സെ. |
| 13 | 14 | 2 | 2 | ഒളിമ്പിക്സ് മെഡൽ നേടുന്നതിന് താരങ്ങളെ പ്രാപ്തരാക്കുന്നതിന് പദ്ധതി | 1212/ക്യൂ.എൻ .ബി2/2019/ലെജി. |
| 14 | 14 | 4 | 27 | ജി.വി. രാജാ സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാലയമാക്കി മാറ്റുന്നതിന് നടപടി | 3582/ക്യൂ.എൻ .ബി2/2019/ലെജി. |
| 15 | 14 | 9 | 13 | കായികക്ഷമതാമിഷൻ രൂപീകരണം | 1904/ക്യൂ.എൻ.ബി2/2020/ലെജി. |
| 16 | 14 | 4 | 64 | കായിക ക്ഷമത മിഷൻ രൂപീകരണം | 3619/ക്യൂ.എൻ.ബി3/2019/ലെജി. |
| 17 | 13 | 2 | 50 | ആലപ്പുഴ സ്വിമ്മിംഗ് പൂൾ പുനരുദ്ധാരണം | 760/ക്യൂ.എൻ.ബി1/2012/ലെജി. |
| 18 | 14 | 5 | 43 | സ്പോർട്സ്- യുവജനകാര്യ വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതികൾ | 4523/ക്യൂ.എൻ.ബി1/2019/ലെജി. |
| 19 | 14 | 5 | 23 | കായിക ക്ഷമതാ മിഷൻ | 4503/ക്യൂ.എൻ.ബി1/2019/ലെജി. |
| 20 | 14 | 15 | 97 | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി | 653/ക്യൂ.എൻ.ബി1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 21 | 14 | 16 | 15 | സ്പോർട്സ് ഡിവിഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ | 3413/ക്യു.എൻ .ബി1/2022/ലെജി. |
| 22 | 15 | 2 | 73 | സംസ്ഥാനത്ത് പുതിയ കായിക നയം | 18326/ക്യു.എൻ .ബി1/2022/ലെജി. |
| 23 | 15 | 4 | 6 | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി | 8311/ക്യു.എൻ.ബി1/2023/ലെജി. |

## XIX. പൊതുമരാമത്ത് വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 12 | 25 | അപകടസ്ഥിതിയിലുള്ള പൈപ്പുകളും പോസ്റ്റുകളും റോഡിൽ നിന്ന് മാറ്റാൻ നടപടി | 4473/ക്യു.എൻ.എ 1/2023/ലെജി. |
| 2 | 15 | 5 | 41 | ഗെയിൽ വാതക പൈപ്പ് ലൈൻ | 9486/ക്യു.എൻ.എ 1/2023/ലെജി. |
| 3 | 15 | 5 | 17 | റബ്ബർ കർഷകരെ സഹായിക്കുന്നതിന് നടപടി | 9297/ക്യു.എൻ.എ 1/2023/ലെജി. |
| 4 | 15 | 6 | 13 | ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണം | 17493/ക്യു.എൻ. എ 1/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 5 | 13 | 5 | 21 | പുറമ്പോക്ക് ഭൂമിയിൽ കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി | 3491/ക്യൂ.എൻ.ഏ 2/13/ലെജി. |
| 6 | 14 | 4 | 24 | കൊയിലാണ്ടി റയിൽവേ മേൽപ്പാലം. | 3579/ക്യൂ.എൻ.എ 2/2019/ലെജി. |
| 7 | 15 | 2 | 66 | ലെവൽ ക്രോസ്സുകൾക്ക് പകരം മേൽപ്പാലം | 18318/ക്യൂ.എൻ.എ 2/2022/ലെജി. |
| 8 | 15 | 6 | 15 | ബീച്ച് ടൂറിസം പദ്ധതികൾ | 17495/ QN A2/2023/ലെജി. |
| 9 | 13 | 11 | 5 | സ്പീഡ് കേരള പദ്ധതി | 1896/ക്യൂ.എൻ.എ 3/2015/നി.സെ. |
| 10 | 13 | 14 | 23 | ലൈറ്റ് മെട്രോ പദ്ധതി | 423/ക്യൂ.എൻ.എ 3/2016/നി.സെ. |
| 11 | 14 | 1 | 18 | കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ | 5846/ക്യൂ.എൻ.എ 3/2017/നി.സെ. |
| 12 | 15 | 5 | 21 | റസ്റ്റ് ഹൗസുകളുടെ പരിപാലനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം | 9301/ക്യൂ.എൻ. എ 3/ 2023 /നി.സെ. |
| 13 | 15 | 4 | 8 | കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് കോംപോസിറ്റ് ടെൻഡർ | 8315/ക്യൂ.എൻ.ബി2/2023/ലെജി. |

| | | | | | |
|---|---|---|---|---|---|
| 14 | 14 | 5 | 59 | തവന്നൂർ, തൃത്താല, പട്ടാമ്പി മണ്ഡലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ | 5445/ക്യു.എൻ.ബി3/2019/ലെജി. |
| 15 | 14 | 10 | 139 | പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി | 20841/ക്യു.എൻ.ബി3/2021/ ലെജി. |
| 16 | 14 | 11 | 129 | തീരദേശ/മലയോര ഹൈവേകളുടെ പ്രവൃർത്തികൾ ആരംഭിക്കാൻ നടപടി | 21423/ക്യു.എൻ.ബി3/2021/ലെജി. |
| 17 | 14 | 16 | 7 | വയനാട് ചുരത്തിലെ ബുദ്ധിമുട്ട് ഒഴിവാക്കൽ നടപടി | 3405/ക്യു.എൻ.ബി3/2022/ലെജി. |
| 18 | 15 | 1 | 3 | വയനാട് തുരങ്കപാത | 13962/ക്യു.എൻ.ബി3/2022/ലെജി |
| 19 | 15 | 6 | 12 | കാലാവസ്ഥ സെൽ രൂപീകരണം | 17492/ക്യു.എൻ.ബി3/2023/ലെജി. |
| 20 | 14 | 10 | 62 | പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പുനർ വിന്യാസം | 20874/ക്യു.എൻ.ബി1/21/ലെജി. |

## XX. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 5 | 93 | കേന്ദ്ര ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് ഉപദേശസമിതികൾ രൂപീകരിക്കാൻ നടപടി | 3562/ക്യൂ.എൻ.എ 2/2013/ലെജി. |
| 2 | 13 | 14 | 27 | കൊച്ചി ക്യാൻസർ സെന്റർ | 427/ക്യൂ.എൻ.എ 2/2016/ലെജി. |
| 3 | 14 | 2 | 71 | മെഡിക്കൽ കോളേജിൽ പുതിയ റേഡിയേഷൻ മെഷീനുകൾ സ്ഥാപിക്കുവാൻ നടപടി | 1375/ക്യൂ.എൻ.എ 2/2019/ലെജി. |
| 4 | 13 | 10 | 113 | മാനസികാരോഗ്യം | 804/ക്യൂ.എൻ.എ 3/2015/നി.സെ. |
| 5 | 14 | 1 | 54 | 24 മണിക്കൂർ പോസ്റ്റ്മാർട്ടം | 94/ക്യൂ.എൻ.എ 3/2018/നി.സെ. |
| 6 | 13 | 7 | 82 | സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ മോണിറ്ററിംഗ് കമ്മിറ്റി | 1991/ക്യൂ.എൻ.ബി2/2014/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 7 | 14 | 1 | 51 | ശ്രുതിതരംഗം പദ്ധതി | 91/ക്യൂ.എൻ.ബി2/2018/ലെജി. |
| 8 | 14 | 11 | 117 | ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം | 257/ക്യൂ.എൻ.ബി3/2022/ലെജി. |
| 9 | 13 | 2 | 92 | ഹാർട്ട് ഫൗണ്ടേഷന് ആധുനിക ചികിത്സാ സാമഗ്രികൾ | 802/ക്യൂ.എൻ ബി1/2012/നി.സെ. |
| 10 | 13 | 9 | 8 | കാൻസർ രോഗ ചികിൽസ മെച്ചപ്പെടുത്താൻ നടപടി | 4090/ക്യൂ.എൻ ബി1/2014/നി.സെ. |
| 11 | 13 | 9 | 14 | വന്യജീവി ആക്രമണം തടയുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീം | 4096/ക്യൂ.എൻ ബി1/2014/നി.സെ. |
| 12 | 13 | 12 | 74 | രാത്രികാല പോസ്റ്റ്മോർട്ടം | 4522/ക്യൂ.എൻ.ബി1/2015/നി.സെ. |
| 13 | 14 | 1 | 97 | ശ്രുതിതരംഗം പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി | 2285/ക്യൂ.എൻ.ബി1/2018/നി.സെ. |
| 14 | 14 | 7 | 25 | വയനാട് പാക്കേജ് പദ്ധതി | 1890/ക്യൂ.എൻ.ബി1/2020/നി.സെ. |
| 15 | 13 | 10 | 50 | സൗജന്യ ഡയാലിസിസ് സൗകര്യങ്ങൾ | 741/ക്യൂ.എൻ.ബി1/2015/നി.സെ. |
| 16 | 14 | 10 | 68 | രോഗികളുടെ കൂട്ടിരിപ്പുകാർക്ക് അടിസ്ഥാന സൗകര്യം | 20868/ക്യൂ.എൻ .ബി1/2021/ലെജി. |

## XXI. വിവരസാങ്കേതിക വിദ്യാ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 5 | 7 | ഏകീകൃത മലയാളം ലിപി | 3476/ക്യൂ.എൻ.എ 1/2013/ലെജി. |
| 2 | 14 | 19 | 1 | ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം | 6327/ക്യൂ.എൻ.എ 1/2022/ലെജി. |
| 3 | 13 | 14 | 33 | സി.ഡിറ്റ് ജീവനക്കാർക്ക് പെൻഷൻ പദ്ധതി. | 433/ക്യൂ.എൻ .എ 2/16/ലെജി. |
| 4 | 14 | 4 | 66 | കെ. ഫോൺ പദ്ധതി | 3621/ക്യൂ.എൻ.എ 2/2019/ലെജി. |
| 5 | 14 | 11 | 120 | ഇലക്ട്രോണിക്, ഹാർഡ് വെയർ നിർമ്മാണ ഹബ് | 21434/ക്യൂ.എൻ.എ 2/2021/ലെജി. |
| 6 | 14 | 22 | 24 | കെ-ഫോൺ പദ്ധതി | 10409/ക്യൂ.എൻ.എ 2/2022/ലെജി. |
| 7 | 15 | 3 | 12 | നോളജ് ഇക്കോണമി മിഷൻ | 20539/ QN A2/2022/ലെജി. |
| 8 | 13 | 9 | 22 | സമ്പൂർണ്ണ മലയാളം ഇ-പോർട്ടൽ | 4104/ക്യൂ.എൻ. ബി2/2014/നി.സെ. |

| | | | | | |
|---|---|---|---|---|---|
| 9 | 14 | 2 | 14 | ഐ.ടി. നയം | 1224/ക്യൂ.എൻ.ബി2/2019/ലെജി |
| 10 | 15 | 2 | 46 | വിവിധ സർക്കാർ വകുപ്പുകൾ നൽകിവരുന്ന സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകീകൃത പോർട്ടൽ നിർമ്മിക്കാൻ നടപടി | 17872/ക്യൂ.എൻ.ബി2/2022/നി.സെ |
| 11 | 14 | 7 | 17 | ഐ.ടി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഇളവുകൾ | 1882/ക്യൂ.എൻ.ബി3/2020/ലെജി. |
| 12 | 15 | 4 | 16 | കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി | 8325/ക്യൂ.എൻ.ബി3/2023/ലെജി. |
| 13 | 15 | 6 | 24 | ഐ.ടി. മേഖലയിലെ വികസനം | 17531/ക്യൂ.എൻ.ബി3/2023/ലെജി. |
| 14 | 15 | 4 | 18 | ടെക്നോപാർക്കിന്റെ നാലാംഘട്ട വികസനം | 8328/ക്യൂ.എൻ.ബി1/2023/ലെജി. |

## XXII. പ്രവാസി കേരളീയകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 7 | 67 | ഗൾഫ് മലയാളികൾക്ക് നിയമസഹായം | 1976/ക്യൂ.എൻ .എ 1/2014/നി.സെ. |
| 2 | 14 | 15 | 106 | ജി. സി.സി രാജ്യങ്ങളിൽ ലീഗൽ ലെയ്സൺ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ | 2096/ക്യൂ.എൻ.എ 1/2022/ലെജി. |
| 3 | 13 | 4 | 57 | പ്രവാസി സർവ്വകലാശാല | 3967/ക്യൂ.എൻ.എ 2/2012 ലെജി. |
| 4 | 13 | 4 | 69 | പ്രവാസി ലീഗൽ എയ്ഡ് സെൽ | 3979/ക്യൂ.എൻ.എ 2/2012/ലെജി. |
| 5 | 13 | 11 | 134 | ഇറാഖിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയവരുടെ പുനരധിവാസം | 2025/ക്യൂ.എൻ.ബി1/2015/നി.സെ |
| 6 | 14 | 2 | 39 | പ്രവാസി പെൻഷൻ | 1282/ക്യൂഎൻ.ബി3/2019/ലെജി |
| 7 | 14 | 10 | 149 | സൗദി അറേബ്യയിലെ സ്വദേശിവൽക്കരണത്തിന്റെ ഫലമായി മടങ്ങിയെത്തുന്നവർ | 19936/ക്യൂ.എൻ.എ 2/2021/ലെജി. |

| | | | | | |
|---|---|---|---|---|---|
| 8 | 14 | 15 | 116 | ലോക കേരളസഭയെ ഫലപ്രദമാക്കാൻ നടപടി | 2106/ക്യൂ.എൻ.എ 3/2022/നി.സെ. |
| 9 | 13 | 10 | 90 | മൃതദേഹം കൊണ്ടുവരുന്നത് സംബന്ധിച്ച എയർ ഇന്ത്യാ തീരുമാനം | 781/ക്യൂ.എൻ .ബി3/15/ലെജി. |
| 10 | 14 | 2 | 39 | പ്രവാസി പെൻഷൻ | 1282/ക്യൂഎൻബി3/2019/ലെജി. |
| 11 | 13 | 9 | 98 | മറ്റ് സംസ്ഥാനങ്ങളിലെയും വിദേശ രാജ്യങ്ങളിലെയും ജയിലുകളിൽ കഴിയുന്ന മലയാളികളുടെ നിയമ പരിരക്ഷ | 4180/ക്യൂ. എൻ. ബി1/2014/നി.സെ. |
| 12 | 13 | 11 | 134 | ഇറാഖിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയവരുടെ പുനരധിവാസം | 2025/ക്യൂ.എൻ .ബി1/2015/നി.സെ. |
| 13 | 15 | 5 | 60 | മൂന്നാം ലോക കേരള സഭ | 9840/ക്യൂ.എൻ.ബി1/2023/ലെജി. |
| 14 | 15 | 6 | 32 | ഓപ്പറേഷൻ ശുഭയാത്ര പദ്ധതിയുമായി ബന്ധപ്പെട്ട കർമ്മ സമിതി | 17587/ക്യൂ.എൻ.ബി1/2023/ലെജി. |

## XXIII. നികുതി വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 2 | 117 | പ്രമാണങ്ങളുടെ ശാസ്ത്രീയ സംരക്ഷണം | 827/ക്യൂ.എൻ.എ 2/2012/ലെജി. |
| 2 | 13 | 11 | 33 | ആധാരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കാൻ നടപടി | 1924/ക്യൂ.എൻ.എ 2/2015/ലെജി. |
| 3 | 13 | 12 | 51 | സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം | 4499/ക്യൂ.എൻ.എ 2/2015/ലെജി. |
| 4 | 14 | 5 | 10 | രജിസ്ട്രേഷൻ ഓഫീസുകളുടെ ഡിജിറ്റൈസേഷൻ | 4490/ക്യൂ.എൻ.എ 2/2019/ലെജി. |
| 5 | 15 | 1 | 13 | നികുതി ചോർച്ച ഒഴിവാക്കാൻ നടപടി | 13974/ക്യൂ.എൻ.എ 3/2022/ നി.സെ. |
| 6 | 15 | 3 | 20 | വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിൽ നിന്നും കുട്ടികളെ രക്ഷിക്കാൻ പദ്ധതികൾ | 23025/ക്യൂ.എൻ.എ 3 /2022/ നി.സെ. |
| 7 | 14 | 5 | 51 | എം.എൽ.എ. ഫണ്ടുപയോഗിച്ച് കുളങ്ങളുടെ നവീകരണം | 5437/ക്യൂ.എൻ.ബി2/2019/ലെജി. |
| 8 | 14 | 13 | 48 | ടോഡി ബോർഡ് രൂപീകരണം | 609/ക്യൂ.എൻ.ബി2/2022/ലെജി. |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 9 | 14 | 4 | 28 | ഇ-സ്റ്റാമ്പിംഗ് | 3583/ക്യൂ.എൻ.ബി3/2019/ലെജി. |
| 10 | 14 | 4 | 40 | വിമുക്തി പദ്ധതിയുടെ ഭാഗമായി ലഹരി മോചനകേന്ദ്രങ്ങൾ | 3595/ക്യൂ.എൻ.ബി3/2019/ലെജി. |
| 11 | 14 | 13 | 33 | സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള ലഹരി വില്പന | 624/ക്യൂ.എൻ.ബി3/2022/ലെജി. |
| 12 | 14 | 19 | 6 | രജിസ്ട്രേഷൻ വകുപ്പിലെ നവീകരണ പ്രവൃത്തികൾ | 6333/ക്യൂ.എൻ.ബി3/2022/ലെജി. |
| 13 | 13 | 5 | 74 | എക്സൈസിൽ ക്രൈം ബ്രാഞ്ച് വിഭാഗം | 3543/ക്യൂ.എൻ.ബി1/13/ലെജി. |

## XXIV. സാംസ്കാരികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 2 | 205 | കേരള സംഗീത നാടക അക്കാഡമിയുടെ പ്രവർത്തനം | 915/ക്യൂ.എൻ.എ 1/2012/ലെജി. |
| 2 | 13 | 14 | 73 | കണ്ണപുരം കലാഗ്രാമം | 473/ക്യൂ.എൻ .എ 1/16/ലെജി. |
| 3 | 14 | 11 | 116 | കുട്ടിക്കാനത്തെ അമ്മച്ചിക്കൊട്ടാരം | 259/ക്യൂ.എൻ എ 1/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 4 | 13 | 5 | 105 | കലാകാരൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ | 3574/ക്യൂ.എൻ.എ 2/13/ലെജി. |
| 5 | 13 | 9 | 93 | സംസ്ഥാനത്തെ തിയേറ്ററുകളിലെ ടിക്കറ്റ് നിരക്ക് നിർണ്ണയിക്കൽ | 4175/ക്യൂ. എൻ. എ 2/2014/നി.സെ. |
| 6 | 14 | 10 | 155 | പ്രാദേശിക നാടകങ്ങൾക്ക് ധനസഹായം | 19929/ക്യൂ.എൻ.എ 2/2021/ലെജി. |
| 7 | 15 | 5 | 7 | മ്യൂസിയങ്ങളുടെ നിർമ്മാണവും ആധുനികീകരണവും | 9013/ക്യൂ.എൻ.എ 2/2023/ലെജി. |
| 8 | 13 | 11 | 59 | ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ നടപടി | 1950/ക്യൂ.എൻ.എ 3/2015/നി.സെ. |
| 9 | 13 | 11 | 131 | നൂറിനാടിനെ നന്ദികേശ ശില്പ ഗ്രാമമായി പ്രഖ്യാപിക്കൽ | 2022/ക്യൂ.എൻ.എ 3/2015/നി.സെ. |
| 10 | 13 | 11 | 149 | ചലചിത്ര അവാർഡ് നിർണ്ണയം | 2040/ക്യൂ.എൻ.എ 3/2015/നി.സെ. |
| 11 | 14 | 10 | 160 | കലാപ്രവർത്തനങ്ങൾക്കും സാംസ്കാരിക സംഘടനകൾക്കും സാമ്പത്തിക സഹായം | 19924/ക്യൂ.എൻ.ബി2/2021/ലെജി. |
| 12 | 14 | 11 | 9 | സിനിമ റഗുലേറ്ററി അതോറിറ്റി രൂപീകരണം | 270/ക്യൂ.എൻ .ബി3/2002/ലെജി. |
| 13 | 15 | 2 | 77 | സിനിമ/ടെലിവിഷൻ/സീരിയൽ മേഖലയിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണം തടയാൻ നടപടി | 18982/ക്യൂ.എൻ.ബി3/2022/ലെജി. |

**XXV. തൊഴിലും നൈപുണ്യവും വകുപ്പ്**

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 14 | 10 | 4 | സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി | 20879/ക്യൂ.എൻ .എ 1/2021/ലെജി. |
| 2 | 14 | 13 | 39 | ഒഡെപെക് ഏകജാലക സംവിധാനം | 619/ക്യൂ.എൻ.എ 1/2022/ലെജി. |
| 3 | 15 | 3 | 36 | ക്ഷേമനിധി ബോർഡുകളിൽ പരാതി പരിഹാര ഹെൽപ്പ് ലൈൻ | 8059/ക്യൂ.എൻ.എ 1/2023/നി.സെ. |
| 4 | 13 | 16 | 25 | മിനിമം വേതനം പുതുക്കുന്നതിന് കാലാവധി | 5780/ക്യൂ.എൻ.എ 3/2016/നി.സെ. |
| 5 | 15 | 2 | 69 | ഐ.റ്റി.ഐ. കളുടെ നവീകരണം | 18323/ക്യൂ.എൻ.എ 3/2022/ നി.സെ. |
| 6 | 14 | 4 | 9 | ക്ഷേമനിധി പെൻഷൻ | 3564/ക്യൂ.എൻ.ബി2/2019/ലെജി. |
| 7 | 14 | 10 | 108 | തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി | 20856/ക്യൂ.എൻ.ബി2/2021/ലെജി. |

| | | | | | |
|---|---|---|---|---|---|
| 8 | 14 | 13 | 35 | തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യം | 622/ക്യൂ.എൻ.ബി2/2022/ലെജി. |
| 9 | 15 | 2 | 91 | കോവിഡ് മൂലം പ്രതിസന്ധിയിലായ തൊഴിലാളികൾക്ക് പ്രത്യേക ധനസഹായം | 18996/ക്യൂ.എൻ.ബി2/2022 /ലെജി. |
| 10 | 15 | 4 | 10 | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ഇൻഷുറൻസ് പദ്ധതി | 8318/ക്യൂ.എൻ.ബി3/2023/ലെജി. |
| 11 | 15 | 5 | 22 | തൊഴിൽ കോഡുകൾ സംബന്ധിച്ച സംസ്ഥാന ചട്ടങ്ങൾ | 9302/ക്യൂ.എൻ ബി3/ 2023 /ലെജി |

## XXVI. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 13 | 45 | പി.എസ്.സി. പരീക്ഷകൾ മലയാളത്തിൽ | 612/ക്യൂ.എൻ.എ 1/2022/ലെജി. |
| 2 | 13 | 8 | 63 | 'റൈറ്റ് റ്റു ഹിയർ' നിയമം പാസാക്കാൻ നടപടി | 2161/ക്യൂ.എൻ. എ 2/2014/നി.സെ |
| 3 | 14 | 4 | 12 | അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം | 3567/ക്യൂ.എൻ.എ 2/2019/ലെജി. |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 4 | 14 | 10 | 136 | സ്പെഷ്യൽ റൂളുകളുടെ പരിഷ്ക്കരണം | 20844 /ക്യൂ.എൻ.എ 2/2021/ലെജി. |
| 5 | 13 | 11 | 161 | നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് നിയമ നിർമ്മാണം | 2052/ക്യൂ.എൻ.എ 3/2015/നി.സെ |
| 6 | 14 | 4 | 55 | നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ ആയതിനായി ചട്ടം രൂപീകരിക്കാൻ നടപടി | 3610/ക്യൂ.എൻ.എ 3/2019/നി.സെ. |
| 7 | 15 | 3 | 26 | പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കുള്ള സ്പെഷ്യൽ റൂൾ | 23032/ക്യൂ.എൻ.3/2022/ നി.സെ. |
| 8 | 15 | 6 | 28 | സിവിൽ സർവീസ് മെച്ചപ്പെടുത്താൻ നടപടി | 17535/ക്യൂ.എൻ.ബി2/2023/ലെജി. |
| 9 | 14 | 2 | 9 | സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി | 1219/ക്യൂ.എൻ.ബി3/2019/ലെജി |

## XXVII. പൊതുഭരണ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 15 | 1 | 21 | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ആസൂത്രണവും വകുപ്പുകളുടെ ഏകോപനവും സംബന്ധിച്ച് | 16562/ക്യു.എൻ.എ 1/2022/ലെജി. |
| 2 | 15 | 5 | 65 | സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കുന്നതിന് നടപടി | 10518/ക്യു.എൻഎ 1/2023/ലെജി. |
| 3 | 15 | 5 | 59 | വിദേശ രാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർപഠനം | 9838/ക്യു.എൻ.എ 1/2023/ലെജി. |
| 4 | 13 | 2 | 3 | 100 ദിന കർമ്മപരിപാടി | 713/ക്യു.എൻ.എ 2/2012 /ലെജി. |
| 5 | 14 | 10 | 142 | ലോകകേരള സഭയുടെ പ്രധാന നിർദ്ദേശങ്ങളും ആശയങ്ങളും | 20838/ക്യു.എൻ.എ 3/2021/നി.സെ. |
| 6 | 15 | 5 | 69 | വയനാട് പാക്കേജ് | 12262/ക്യു.എൻ.3/2023/നി.സെ. |
| 7 | 15 | 5 | 63 | മൈനോരിറ്റി കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി | 10516/ക്യു.എൻ.എ 3/2023/നി.സെ. |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 8 | 15 | 5 | 66 | സിംഗിൾ സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നടപടി | 10519/ക്യു.എൻ ബി1/2023/ലെജി. |

## XXVIII. ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 15 | 1 | 15 | കുറഞ്ഞ പലിശയ്ക്ക് കൂടുതൽ വായ്പ | 16556/ക്യു.എൻ.എ 1/2022/ലെജി |
| 2 | 15 | 5 | 11 | ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടന | 9017/ക്യു.എൻ.എ 1/2023/ലെജി. |
| 3 | 14 | 16 | 10 | പ്രളയ സഹായം | 3408/ക്യു.എൻ.എ 2/2022/ലെജി. |
| 4 | 15 | 2 | 51 | എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം | 17877/ക്യു.എൻ.എ 2/2022/നി.സെ. |
| 5 | 15 | 3 | 24 | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കാൻ പദ്ധതി | 23030/ക്യു.എൻ.എ 2/2022/ലെജി. |

| | | | | | |
|---|---|---|---|---|---|
| 6 | 15 | 6 | 43 | മെഡിസെപ്പ് പദ്ധതി | 17667/ക്യൂ.എൻ.എ 2/2023/ലെജി. |
| 7 | 15 | 6 | 44 | കിഫ്ബി ധനസഹായം | 17668/ക്യൂ.എൻ.ബി2/2023/ലെജി. |
| 8 | 15 | 6 | 22 | സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി | 17529/ക്യൂ.എൻ.ബി2/2023/ലെജി. |

## XXIX. വനിതാ ശിശുവികസന വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 15 | 118 | ഡേ കെയറുകളുടെ പ്രവർത്തനം സംബന്ധിച്ച് സമഗ്ര നിയമ നിർമ്മാണം | 2108/ക്യൂ.എൻ.എ 1/2022/ലെജി. |
| 2 | 15 | 5 | 61 | അംഗൻവാടികൾ അനുവദിക്കുന്നതിന് നടപടി | 10514/ക്യൂ.എൻ.എ 2/2023/ലെജി. |
| 3 | 15 | 2 | 17 | വീട്ടിൽ തനിച്ചാകുന്ന കുട്ടികളുടെ സുരക്ഷ | 16786/ക്യൂ.എൻ.എ 3/2022/നി.സെ. |
| 4 | 14 | 16 | 17 | ഗോത്രമേഖലയിൽ പുതിയ അംഗൻവാടികൾ | 3415/ക്യൂ.എൻ.ബി2/2022/ലെജി. |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 5 | 15 | 2 | 30 | വനിതകളുടെ സുരക്ഷിതത്വം | 16799/ക്യൂ.എൻ.ബി3/2022/നി.സെ. |
| 6 | 15 | 3 | 49 | സ്മാർട്ട് കിച്ചൺ പദ്ധതി | 7915/ക്യൂ.എൻ .ബി3/2023/ലെജി. |

## XXX. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 11 | 147 | നവരത്ന പദ്ധതികൾ | 2038/ക്യൂ.എൻ.2/2015/നി.സെ |
| 2 | 15 | 2 | 21 | ഇടുക്കി പാക്കേജ് | 16790/ക്യൂ.എൻ.2/2022/നി.സെ |
| 3 | 14 | 5 | 51 | എം.എൽ.എ. ഫണ്ടുപയോഗിച്ച് കുളങ്ങളുടെ നവീകരണം | 5437/ക്യൂ.എൻ.ബി2/2019/ലെജി. |
| 4 | 13 | 5 | 180 | സംസ്ഥാനങ്ങളുടെ വികസന പദ്ധതികളുടെ രൂപരേഖ | 3649/ക്യൂഎൻ.ബി3/2012/ലെജി. |
| 5 | 13 | 11 | 132 | വികസന മേഖലയിൽ സ്വകാര്യ പങ്കാളിത്തം | 2023/ക്യൂ.എൻ.ബി3/2015/ നി.സെ |

**XXXI. ഭവന നിർമ്മാണ വകുപ്പ്**

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 14 | 15 | 98 | ഭവന നിർമ്മാണത്തിലെ ബദൽ മാർഗ്ഗങ്ങൾ | 652/ക്യൂ.എൻ.എ 1/2022/ലെജി. |
| 2 | 14 | 18 | 11 | ഭവന നിർമ്മാണബോർഡിന്റെ നൂതന പദ്ധതികൾ | 3602/ക്യൂ.എൻ.ഏ 3/2022/നി.സെ. |
| 3 | 15 | 5 | 15 | ഭവനനിർമ്മാണ ബോർഡിന് കൂടുതൽ പദ്ധതികൾ | 9021/ക്യൂ.എൻ.എ 3/2023/നി.സെ. |
| 4 | 13 | 4 | 14 | സിവിൽ സപ്ലൈസിന്റെ ഔട്ട്ലെറ്റുകളിൽ ഇ-പോസ് | 3924/ക്യൂ.എൻ.ബി1/12/ലെജി. |

**XXXII. പിന്നാക്ക സമുദായ വികസന വകുപ്പ്**

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 13 | 1 | 73 | പിന്നാക്ക വിഭാഗ കമ്മീഷൻ ചട്ടങ്ങൾ | 5984/ക്യൂ.എൻ.എ.1/2011/ലെജി. |
| 2 | 13 | 13 | 11 | പിന്നാക്ക സമുദായത്തിലെ കുട്ടികൾക്ക് കോച്ചിംഗ് സെന്ററുകൾ | 5612/ക്യൂ.എൻ.എ 3/2015/നി.സെ. |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 3 | 14 | 4 | 1 | ജാതിയും മതവും അറിയാതെ അനാഥാലയങ്ങളിൽ വളർന്നവരെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ നടപടി | 3556/ക്യു.എൻ.എ 3/2019/നി.സെ. |
| 4 | 15 | 3 | 5 | ഒ.ഇ.സി. പട്ടിക പരിഷ്കരിക്കുന്നതിന് നടപടി | 20531/ QN B1/2022/ലെജി. |

## XXXIII. പരിസ്ഥിതി വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 18 | 3 | തീരദേശ മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ | 3594/ക്യു.എൻ.ഏ 2/2022/ലെജി. |
| 2 | 15 | 5 | 67 | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ നിയമനം | 12261/ക്യു.എൻ.ബി2/2023/ ലെജി. |
| 3 | 13 | 2 | 32 | പ്ളാസ്റ്റിക് നിരോധനം | 742/ക്യു.എൻ.ബി1/2012/ലെജി. |
| 4 | 14 | 14 | 78 | തീരപരിപാലന നിയമത്തിൽ ഇളവുകൾ | 646/ക്യു.എൻ.ബി1/2022/ലെജി. |

## XXXIV. കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 2 | 85 | കനോലി കനാലിന്റെ വികസനം | 795 ക്യൂ.എൻ.ഏ 1/2020/ലെജി |
| 2 | 14 | 5 | 38 | തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ബോട്ട് സർവ്വീസ് | 4518/ക്യൂ.എൻ.എ 1/2019/ലെജി. |
| 3 | 13 | 1 | 23 | തെക്ക് വടക്ക് ജലപാത | 5934/ക്യൂ.എൻ.എ 3/2011/നി.സെ |

## XXXV. വിവര പൊതുജനസമ്പർക്ക വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 13 | 12 | 42 | സർക്കാർ പരസ്യങ്ങൾ | 4490/ക്യൂ.എൻ.ബി3/15/ ലെജി. |
| 2 | 13 | 10 | 44 | മീഡിയാസിറ്റി | 735/ക്യൂ.എൻ.ബി1/15/ലെജി. |

## XXXVI. ശാസ്ത്ര സാങ്കേതിക വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 7 | 14 | തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക് | 1879/ക്യൂ.എൻ.ഏ 1/2020/ലെജി. |
| 2 | 15 | 2 | 44 | തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് | 17869/ക്യൂ.എൻ.ബി1/2022/ നി.സെ |



## XXXVII. മൈനോരിറ്റി വെൽഫെയർ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 15 | 4 | 24 | പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനം | 8692/ക്യൂ.എൻ.ബി1/2023/ലെജി. |

## XXXVIII. വിജിലൻസ് വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 15 | 5 | 62 | അഴിമതി രഹിത സദ്ഭരണം ഉറപ്പുവരുത്തുന്നതിന് നടപടി | 10515/ക്യൂ.എൻ. ബി2/2023/ലെജി. |

## XXXIX. നിയമ വകുപ്പ്

| ക്രമ നമ്പർ | നിയമ സഭ | സമ്മേ ളനം | ഉറപ്പ് നമ്പർ | വിഷയം | ലെജി. ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 14 | 19 | 13 | നിയമസഹായകേന്ദ്രങ്ങൾ വിപുലപ്പെടുത്താനുള്ള നടപടികൾ | 6341/ക്യൂ.എൻ.എ 1/2022/ലെജി. |